# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

2018 ജൂൺ 25, തിങ്കൾ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 172 - നമ്പർ 12

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

2018 ജൂൺ 25, തിങ്കൾ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

777/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....35
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....91

**II അറിയിപ്പ്**

മികച്ച ക്ഷീരോല്പാദക സംസ്ഥാനം

— മി.സ്പീക്കർ ...458

**III ചരമോപചാരം**

— എ. എം. പരമന്റെ നിര്യാണം ...458

**IV അടിയന്തരപ്രമേയം**

കെട്ടിടനിർമ്മാണത്തിന് എൻ.ഒ.സി.

(അവതരണാനുമതി നിഷേധിച്ചു. ...458

**V ശ്രദ്ധ ക്ഷണിക്കൽ**

(1) ഗുരുവായൂർ വികസന അതോറിറ്റി

— ശ്രീ. കെ. വി. അബ്ദുൾ ഖാദർ ...481

(2) കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം

— ശ്രീ. അബ്ദുൽ ഹമീദ് .പി. ...483

**VI സബ്മിഷൻ**

(1) ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനം

— ശ്രീ. മുല്ലക്കര രത്നാകരൻ ...488

(2) കടലാക്രമണം

— പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...489

(3) ഐ.സി.ഡി.എസ്. ഉദ്യോഗസ്ഥയുടെ പരാതി

— ശ്രീ. എ. എൻ. ഷംസീർ ...492

*പേജ്*

(4) കൊച്ചി മെട്രോ

— ശ്രീ. റോജി. എം. ജോൺ ...493

(5) രാഷ്ട്രീയ സംഘർഷങ്ങൾ

— ഡോ. എൻ. ജയരാജ് ...484

(6) സാമ്പത്തിക തട്ടിപ്പ്

— ശ്രീ. ഐ. സി. ബാലകൃഷ്ണൻ ...495

(7) വില്ലേജ് ഓഫീസിലെ കാലതാമസം

— ശ്രീ. അനൂപ് ജേക്കബ് ...496

(8) തകർന്ന വീട് വാസയോഗ്യമാക്കൽ

— ശ്രീമതി സി. കെ. ആശ ...498

(9) നഷ്ടപരിഹാരവും പുനരുദ്ധാരണ പ്രവർത്തനങ്ങളും

— ശ്രീ. കെ. എൻ. എ. ഖാദർ ...500

(10) കുടിവെള്ള പദ്ധതികൾ

— ശ്രീ. സജി ചെറിയാൻ ...501

(11) കിള്ളിയാർ മിഷൻ പദ്ധതി

— ശ്രീ. ഡി. കെ. മുരളി ...504

(12) ഡയാലിസിസ് യൂണിറ്റ്

— ശ്രീമതി പി. അയിഷാ പോറ്റി ...506

(13) റോഡ് നവീകരണവും ഫ്ളൈ ഓവർ നിർമ്മാണവും

— ശ്രീ. വി. എസ്. ശിവകുമാർ ...507

(14) ദക്ഷിണ റെയിൽവേയുടെ സമയക്രമീകരണം

— ശ്രീ. എം. നൗഷാദ് ...509

(15) ദേശീയപാതാ വികസനത്തിലെ അലൈൻമെന്റ്

— ശ്രീ. കെ. എം. ഷാജി ...512

പേജ്

(16) റോഡ് നവീകരണം

– ശ്രീ. പി. ടി. തോമസ് ... 513

(17) പാലം നിർമ്മാണം

– ശ്രീ. ജി. എസ്. ജയലാൽ ... 515

(18) കെട്ടിടനിർമ്മാണത്തിലെ കാലതാമസം

– ശ്രീ. സി. കെ. നാണു ...517

(19) റോഡുകൾ ഏറ്റെടുക്കൽ

– ശ്രീ. വി. ടി. ബൽറാം ...520

(20) പരമ്പരാഗത വ്യവസായത്തിൽ ഉൾപ്പെടുത്തൽ

– ശ്രീ. അൻവർ സാദത്ത് ...522

(21) തസ്തിക സൃഷ്ടിക്കൽ

– ശ്രീ. ആർ. രാജേഷ് ...524

(22) സേവന വേതന വ്യവസ്ഥകൾ

– ശ്രീ. കോവൂർ കുഞ്ഞുമോൻ ...525

(23) വീടുകൾ നിർമ്മിച്ചുനൽകൽ

– ശ്രീ. ഹൈബി ഈഡൻ ...527

(24) കെട്ടിടങ്ങൾ പുതുക്കി പണിയൽ

– ശ്രീ. ജോൺ ഫെർണാണ്ടസ് ...528

(25) ത്രിതല പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷൻ

– ശ്രീ. എൻ. വിജയൻ പിള്ള ...529

(26) സെക്ഷൻ ഓഫീസ് സ്ഥാപിക്കൽ

– ശ്രീ. റ്റി. വി. രാജേഷ് ...531

**VII മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് 1,2 (ചട്ടം 47(2)
പ്രകാരമുള്ള അനുസരിച്ചുള്ളത്) കടലാസ്സുകൾ ...532

പേജ്

**VIII റിപ്പോർട്ട് സമർപ്പണം**

1. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും ...537

2. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അറുപത്തിയെട്ട് മുതൽ എഴുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ ...537

**IX റൂളിംഗ്**

സ്പീക്കറുടെയും നിയമസഭാ സെക്രട്ടേറിയറ്റിന്റെയും സ്വതന്ത്ര്യാധികാരം കവർന്നെടുക്കൽ ...538

**X ക്രമപ്രശ്നം**

ഓർഡിനൻസുകൾ നിയമമാക്കുന്നതിലെ കാലതാമസം

– ശ്രീ. എൻ. എ. നെല്ലിക്കുന്ന് ...541

**റൂളിംഗ്** ...544

**XI നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2018-ലെ അബ്കാരി (ഭേദഗതി) ബിൽ ...545

(ii) 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ ...566

**XII ക്രമപ്രശ്നം**

(1) ഓർഡിനൻസിന്റെ ഭരണഘടനാ വിരുദ്ധത സംബന്ധിച്ച്

– ശ്രീ. വി. ടി. ബൽറാം ...566

(2) ബില്ലിന്റെ നിയമസാധുത സംബന്ധിച്ച്

– ശ്രീ. വി.ഡി. സതീശൻ ...568

പേജ്

**റൂളിംഗ്** ...577

**XIII അവകാശലംഘന പ്രശ്നങ്ങൾ** ... 808

**XIV പ്രമേയം**

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

– മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) ...813

**XV അവലോകനം** ...813

**XVI അറിയിപ്പ്**

ഫെസ്റ്റിവൽ ഓൺ ഡെമോക്രസി

– മി. സ്പീക്കർ ...816

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

*2018 ജൂൺ 25, തിങ്കൾ*

വാല്യം 172] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 12

നിയമസഭ 2018 ജനുവരി മാസം 25-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ... ഓർഡർ...

നക്ഷത്രചിഹ്നമിട്ട 331-ാം നമ്പർ ചോദ്യവുമായി നക്ഷത്രചിഹ്നമിട്ട 335-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സുരേഷ് കുറുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുകയാണ്. രണ്ട് ചോദ്യങ്ങൾക്കും ഒരുമിച്ച് മറുപടി പറയാവുന്നതാണ്.

### ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി

1 (* 331) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും അവയുടെ വിനിയോഗം, പരിപാലനം, സംരക്ഷണം എന്നിവയിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും ആവിഷ്കരിച്ച പദ്ധതി വിജയപ്രദമാണോ; വിശദീകരിക്കുമോ;

(ബി) പുനരുദ്ധരിച്ച ജലസ്രോതസ്സുകൾ പരിപാലനമില്ലാതെ വീണ്ടും മലിന മാകുന്നതും നശിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവയുടെ സുസ്ഥിര പരിപാലനത്തിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഹരിത കേരളം മിഷന്റെ ഉപദൗത്യമായ ജലസമൃദ്ധിയുടെ ഭാഗമായി സമഗ്ര നീർത്തട മാസ്റ്റർ പ്ലാനുകൾ രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മഴവെള്ളം പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും ജലക്ഷാമം പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ മാത്യു. ടി. തോമസ്): സർ, (എ) ജലസ്രോതസ്സുകൾ സംരക്ഷിച്ച് നിലനിർത്തുന്നതിനും അവയുടെ ഫലപ്രദമായ വിനിയോഗം, പരിപാലനം എന്നിവ ഉറപ്പുവരുത്തുന്നതിനുമായി ആവിഷ്കരിച്ച് ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഹരിത കേരളം മിഷന്റെ ഉപദൗത്യമായ "ജലസമൃദ്ധി/ ജലസംരക്ഷണം" പദ്ധതി വിജയപ്രദമാണ്. കേരളത്തിലെ എല്ലാ ജില്ലകളിലും ജനപങ്കാളിത്തത്തോടെ ജലസ്രോത സ്സുകളുടെ സംരക്ഷണം, ശുചീകരണം എന്നിവ നിർവ്വഹിക്കാൻ സാധിച്ചിട്ടുണ്ട്. ജലസേചന വകുപ്പിന്റെ ഫണ്ട് ഉപയോഗപ്പെടുത്തി 536 കുളങ്ങൾ ശുചീകരിക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ജനപങ്കാളിത്തത്തോടു കൂടി കാനാമ്പുഴ, പൂന്തുർപ്പുഴ, വരട്ടാർ, കോലറയാർ, കിള്ളിയാർ (മുകൾഭാഗം), കൊടൂരാർ-മീനന്തലയാർ-മീനച്ചിലാർ, പള്ളിക്കലാർ, കുട്ടംപേരൂരാർ എന്നിവ ജനപങ്കാളിത്തത്തോടെ പുനരുദ്ധരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

ഹരിത കേരളം മിഷന്റെ ഭാഗമായി തോടുകളും പുഴകളും ശുചിയാക്കി സംരക്ഷിച്ച് പരിപാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കിയും ജനപങ്കാളിത്ത ത്തോടെയുമാണ് ഈ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുള്ളത്. ഹരിത കേരളം മുന്നോട്ടുവച്ച ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പ്രാദേശിക സമൂഹവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളും സന്നദ്ധ സംഘടനകളും മുൻകയ്യെടുത്താണ് ഈ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളത്.

ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും അവയുടെ വിനിയോഗം, പരിപാലനം, സംരക്ഷണം എന്നിവയിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും ആവിഷ്കരിച്ച ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായം ഭൂജല വകുപ്പിലെ ഉദ്യോഗസ്ഥർ നൽകിവരുന്നു.

(ബി) പുനരുദ്ധരിച്ച ജലസ്രോതസ്സുകൾ പരിപാലനമില്ലാതെ വീണ്ടും മലിനമാകുന്നതും നശിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജലസ്രോതസ്സുകൾ മുൻകാലങ്ങളിലേതു പോലെ കാർഷിക-കാർഷികേതര പ്രവൃത്തികൾക്ക് ദൈനംദിനം ഉപയോഗിക്കപ്പെടുന്നില്ലെന്നതാണ് ഇത്തരം ഒരു സ്ഥിതി സംജാതമാകുന്നതിന് കാരണം. ജനപങ്കാളിത്തം ഉറപ്പാക്കി, ഓരോ ജലസ്രോതസ്സിനും പ്രാദേശിക ഗുണഭോക്താക്കൾ അടങ്ങുന്ന സംരക്ഷണ സമിതികൾ രൂപീകരിക്കാൻ സാധിച്ചാൽ ഈ പ്രശ്നം ഒരു പരിധിവരെ ഒഴിവാക്കാൻ സാധിക്കും. കാട്ടാക്കട നിയോജകമണ്ഡലത്തിൽ നടന്നു വരുന്ന 'ജലസമൃദ്ധി'യിലൂടെ പുനരുദ്ധരിച്ച കുളങ്ങളിൽ തുടർസംരക്ഷണം പ്രാദേശിക കർഷകർ ഏറ്റെടുത്തിട്ടുള്ളത് ഒരു മാതൃകയാണ്.

ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ശുചിയാക്കപ്പെട്ട ജലസ്രോതസ്സുകൾ ഇത്തരത്തിൽ വീണ്ടും മലിനമാകുന്നതും നശിക്കുന്നതും ഒഴിവാക്കുന്നതിനായി പുനരുദ്ധാരണ പ്രവൃത്തികൾ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കിയാണ് നടപ്പിലാക്കിയിട്ടുള്ളത്. അതോടൊപ്പം ഇത്തരത്തിൽ പുനരുദ്ധരിക്കപ്പെട്ട ജലസ്രോതസ്സുകളുടെ പരിപാലനം വിവിധ ജനകീയ സംഘങ്ങളെ ചുമതലപ്പെടുത്തി നിർവ്വഹിക്കുന്നതിന് സംസ്ഥാനത്ത് പല സ്ഥലത്തും സാധ്യമായിട്ടുണ്ട്.

(സി) ഹരിത കേരളം മിഷന്റെ ഉപദൗത്യമായ ജലസമൃദ്ധിയുടെ പ്രധാന ലക്ഷ്യം "ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജലലഭ്യതയും ഉല്പാദനക്ഷമതയും വർദ്ധപ്പിക്കുക" എന്നതാണ്. ഇത് സാധ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുതല നീർത്തട പ്ലാനും, ബ്ലോക്ക് പഞ്ചായത്തുതല നീർത്തട മാസ്റ്റർ പ്ലാനും രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് തലത്തിൽ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതിയാണ് ഇതിന് നേതൃത്വം കൊടുക്കുന്നത്. ഇതിന്റെ ഭാഗമായി പ്രാഥമിക വിവരശേഖരണം നടത്തുന്നതിനുള്ള നീർത്തട നടത്തം ഗ്രാമപഞ്ചായത്ത് തലത്തിൽ നടന്നുവരുന്നു.

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും എല്ലാ മേഖലയിലുംപെട്ട സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി സാങ്കേതിക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപന തലത്തിലും ബ്ലോക്ക്-പഞ്ചായത്ത്-ജില്ലാ തലത്തിലും രൂപീകരിക്കപ്പെട്ടിട്ടുള്ള പ്രസ്തുത സമിതികളുടെ കൺവീനർമാർ ജലസേചന വകുപ്പ് എഞ്ചിനീയർമാരാണ്. ഈ സമിതികളുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും ഏകോപനം സാധ്യമാക്കിക്കൊണ്ടും വിശദമായ നീർത്തട നടത്തം സംഘടിപ്പിച്ചുകൊണ്ടും ജനപ്രതിനിധികളിൽനിന്നും വിവരശേഖരണം നടത്തിയും തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ഘടക സ്ഥാപനങ്ങളിലും ലഭ്യമായ വിവരങ്ങൾ ശേഖരിച്ച് അപഗ്രഥിച്ചുകൊണ്ടും വിശദമായ നീർത്തട പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പൂർത്തിയായിവരുന്നു.

(ഡി) മഴയെ ആശ്രയിച്ചാണ് കേരളത്തിലെ പൊതു ജലലഭ്യത നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ മഴവെള്ള സംരക്ഷണം വളരെ പ്രധാന്യമർഹിക്കുന്ന ഒന്നാണ്. ഹരിത കേരളം മിഷന്റെ ഭാഗമായി മഴവെള്ളം സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കിയിട്ടുണ്ട്. മഴവെള്ളം ഉപയോഗിച്ചുള്ള കിണർ സംപോഷണം, മഴക്കുഴികൾ, കുളങ്ങൾ വൃത്തിയാക്കി സംഭരണശേഷി കൂട്ടി ജലം സംഭരിക്കുക, തടയണകൾ, വെന്റഡ് ക്രോസ് ബാറുകൾ, റെഗുലേറ്ററുകൾ തുടങ്ങിയ മാർഗ്ഗങ്ങൾ വഴി മഴവെള്ളം സംഭരിക്കുന്ന പ്രവർത്തനങ്ങൾ നിലവിൽ നിർവ്വഹിക്കുന്നുണ്ട്. നീർത്തടാടിസ്ഥാനത്തിൽ ഇത് കൂടുതൽ സമഗ്രമായി നിർവ്വഹിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

സംസ്ഥാനത്ത് പെയ്തുവീഴുന്ന മഴവെള്ളം പരമാവധി മണ്ണിലേയ്ക്ക് താഴ്ത്തുന്നതിനും കിണറുകളിലേയ്ക്ക് റീചാർജ്ജ് ചെയ്യുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നുണ്ട്. വൃഷ്ടിപ്രദേശപരിപാലനത്തിനായി വിവിധ പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് പരമാവധി ജലം മണ്ണിലേയ്ക്ക് താഴ്ത്തുന്നതിനുള്ള ശ്രമം നടന്നിട്ടുണ്ട്. മഴവെള്ള സംഭരണത്തിനായി 6694 കുളങ്ങൾ പുതിയതായി നിർമ്മിച്ചു. 7631 കുളങ്ങൾ നവീകരിച്ചു. 37762 കിണറുകളിൽ റീചാർജ്ജിംഗ് നടപ്പിലാക്കി. 15106 കിണറുകൾ പുതിയതായി നിർമ്മിച്ചു. കേരളത്തിന്റെ മഴക്കാലവും ഭൗമ ശാസ്ത്രപരമായ പ്രത്യേകതകളും കണക്കിലെടുത്താൽ തുലാവർഷത്തിൽ ലഭിക്കുന്ന മഴ ഉപരിതല ജലശേഖരണത്തിനു പരമാവധി പ്രയോജനപ്പെടുന്നതായി കാണാം. ഇത് ഉപയോഗിക്കുന്നതിനുള്ള പദ്ധതികളും ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.

കേരള ജല അതോറിറ്റിയുമായി ബന്ധപ്പെട്ട് മഴക്കാലത്ത് നദികളിൽ ലഭ്യമാകുന്ന ജലം പരമാവധി ശേഖരിച്ച് നിർത്തുന്നതിനും അതുവഴി ഭൂഗർഭജല വിതാനം ഉയർത്തുന്നതിനും ലക്ഷ്യമിട്ട് സാങ്കേതികമായി സാധ്യതയുള്ള സ്ഥലങ്ങളിൽ ചെക്ക് ഡാമുകളും റെഗുലേറ്റർ കം-ബ്രിഡ്ജുകളും നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കുടിവെള്ള പദ്ധതികളുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുമ്പോൾ ഉൾപ്പെടുത്താറുണ്ട്.

ഭൂജലവകുപ്പ് "ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണം ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കി വരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ സാങ്കേതിക സഹായവും നൽകിവരുന്നു.

ജലനിധിയുടെ കീഴിൽ സംസ്ഥാന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി KRWSA-യിലെ മഴകേന്ദ്രം വഴി നടപ്പിലാക്കുന്ന 'മഴവെള്ള സംഭരണം ഭൂജല പരിപോഷണം' പദ്ധതി മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിനും ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കുന്നതിനും ഉപയുക്തമാക്കുന്നുണ്ട്.

സംസ്ഥാന പ്ലാൻ സ്കീമിലെ 'മഴവെള്ള സംഭരണം; ഭൂജല പരിപോഷണം' പദ്ധതി വഴി വ്യക്തിഗത കുടുംബങ്ങൾക്കും സ്കൂളുകൾക്കും മഴവെള്ളം ഫിൽട്ടർ ചെയ്ത് ഉപയോഗിക്കുന്നതിനായി 10000 ലിറ്ററിന്റെ മഴവെള്ള സംഭരണി നിർമ്മിച്ച് നൽകിവരുന്നു. ഇതിൽ അധികമായി സംഭരിക്കുന്ന മഴവെള്ളം തുറന്ന കിണറിലേയ്ക്കോ റീചാർജ് പിറ്റിലേയ്ക്കോ തിരിച്ചുവിടുന്നതുവഴി ഭൂഗർഭ ജലവർദ്ധനവിന് സഹായ കരമാകുന്നു. മഴവെള്ളം ഫിൽറ്റർ ചെയ്ത് തുറന്ന കിണറുകൾ റീചാർജ് ചെയ്യുന്ന പ്രവർത്തനം തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് ടി പദ്ധതിയിലൂടെ നടപ്പിലാക്കിനൽകുന്നു.

ജലനിധി പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ ജലസ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് മഴവെള്ളം ഉപയോഗപ്പെടുത്തി ഭൂജല പരിപോഷണത്തിനാ വശ്യമായ പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്. മഴവെള്ളം ഉപയോഗപ്പെടുത്തുവാനായി ജലനിധി കിണറുകളിൽ പോയിന്റ് റീചാർജ് (കിണറുകളുടെ സമീപത്തുള്ള കെട്ടിടത്തിൽനിന്നും കിണറിലേയ്ക്ക് വെള്ളം ഫിൽറ്റർ ചെയ്ത് റീചാർജ്ജ് ചെയ്യുന്ന പദ്ധതി) നടപ്പിലാക്കിവരുന്നു. റൂഫ് വാട്ടർ ഹാർവെസ്റ്റിംഗ്, ചെറുകിട തടയണകൾ, (small check dams) ഗാബിയൻ സ്ട്രക്ചർ (Gabion Structure) റേഡിയൽ ആം (Radial Arm) നീർക്കുഴികൾ, ഓട (ഓവ്ചാൽ നിർമ്മാണം) ഭൂഗർഭ തടയണകൾ (Sub-surface dyke) വെന്റഡ് ക്രോസ് ബാർ (Vented Cross Bar) മണ്ണുസംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് ഭൂജല പരിപോഷണത്തിനായി നടപ്പിലാക്കിവരുന്നു. മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളിൽ ഉപയോഗിക്കുന്നു.

**ജലസമൃദ്ധി പദ്ധതിയുടെ പുരോഗതി**

2 (*335) ശ്രീ. ആർ. രാജേഷ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. മുകേഷ് :
ശ്രീ. കെ. സുരേഷ് കുറുപ്പ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിത കേരളം മിഷന്റെ ഉപപദ്ധതിയായ ജലസമൃദ്ധിയുടെ പുരോഗതി അറിയിക്കാമോ;

(ബി) ഭൂജല സംരക്ഷണത്തിനും സംപോഷണത്തിനുമായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) ജലമലിനീകരണം തടയുന്നതിനും നീർച്ചാലുകളുടെ പുനരുദ്ധാരണത്തിനുമായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) കുട്ടനാട് പാക്കേജിന്റെ ഭാഗമായി ജലവിഭവ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, (എ) ഹരിത കേരളം മിഷന്റെ ഉപദൗത്യമായ ജലസംരക്ഷണ/ജലസമൃദ്ധിയുടെ പ്രധാന ലക്ഷ്യം ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജലലഭ്യതയും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നതാണ്. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിര പരിപാലനവും ഉറപ്പാക്കുകയെന്നത് മറ്റൊരു ലക്ഷ്യമാണ്. ഇതിനുള്ള പ്രവർത്തന പരിപാടിയുടെ ആദ്യഘട്ടത്തിൽ കുളങ്ങൾ, തോടുകൾ, കനാലുകൾ എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക എന്നതാണ്. ഇതനുസരിച്ചുള്ള നിർവ്വഹണമാണ് ജലസേചന വകുപ്പ് മുഖേന നടക്കുന്നത്. ഇതിനായി 2017-18 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച തുക ഉപയോഗപ്പെടുത്തി 536 കുളങ്ങൾ ശുചിയാക്കി സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും നിർവ്വഹണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം തോടുകളിലെയും കനാലുകളിലെയും മാലിന്യം നീക്കംചെയ്ത് ഉപയോഗയോഗ്യമാക്കുന്ന പ്രവർത്തനവും നിർവ്വഹിച്ചിട്ടുണ്ട്.

ഹരിത കേരളം മിഷന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനവും പ്രാദേശിക സമൂഹത്തിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും തൊഴിലുറപ്പ് പദ്ധതിയുടെയും ഏകോപനവും സാധ്യമാക്കിക്കൊണ്ട് തോടുകളും നീർച്ചാലുകളും കുളങ്ങളും മാലിന്യവിമുക്തമാക്കി ജൈവ രീതികൾക്ക് പ്രാമുഖ്യം നൽകി അവയുടെ പാർശ്വ സംരക്ഷണം ഉറപ്പാക്കുകയും ആവശ്യമായ ആവാഹ പ്രദേശ ഇടപെടലുകൾ നടത്തുകയുമാണ് ആദ്യഘട്ട പ്രവർത്തനമായി ഏറ്റെടുത്തിട്ടുള്ളത്. ഇതോടൊപ്പം സ്ഥായിയായ നീരൊഴുക്ക് ഉറപ്പാക്കുന്നതിനുവേണ്ടി ആവശ്യമായ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി പെയ്തുവീഴുന്ന മഴ വെള്ളത്തെ പരമാവധി മണ്ണിലേയ്ക്ക് താഴ്ത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. ഗ്രാമപഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തലത്തിൽ കിണറുകളുടെയും കുളങ്ങളുടെയും ശുദ്ധീകരണവും റീച്ചാർജ്ജിംഗും കുളങ്ങളുടെ നിർമ്മാണം, തോടുകളുടെയും നീർച്ചാലുകളുടെയും പുനരുജ്ജീവനവും പുതിയവയുടെ നിർമ്മാണവുമാണ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്. ഹരിതകേരളം മുന്നോട്ടുവച്ച പൊതുവായ ലക്ഷ്യങ്ങളിൽ തൽപ്പരരായി കേരളത്തിൽ പലയിടങ്ങളിലും പ്രാദേശിക ജനവിഭാഗങ്ങളുടെയും ജനപ്രതിനിധികളുടെയും

നേതൃത്വത്തിൽ പുഴകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ പിന്തുണയോടെ നടപ്പാക്കിയിട്ടുണ്ട്. മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കൃത്യതയോടെയും ശാസ്ത്രീയവുമായി നടപ്പാക്കുന്നതിനുവേണ്ടി നീർത്തടാധിഷ്ഠിത ആസൂത്രണവും ഇടപെടലുകളും അടുത്ത ഘട്ടമായി നടപ്പിലാക്കേണ്ടതായിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ജലഉപദൗത്യത്തിന്റെ മാർഗ്ഗരേഖ പ്രകാരം ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് ഗ്രാമപഞ്ചായത്തുതലം മുതൽ ജില്ലാതലം വരെ സാങ്കേതിക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. നീർത്തട നടത്തത്തിൽനിന്നും ജനപ്രതിനിധികളിൽനിന്നും ശേഖരിക്കുന്ന വിവരങ്ങളുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ലഭ്യമായ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ നീർത്തട പ്ലാനുകൾ ഈ സാങ്കേതിക സമിതിയുടെ നേതൃത്വത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കിവരുന്നു. ഇതോടൊപ്പം ഗ്രാമപഞ്ചായത്ത് തലത്തിലും മുനിസിപ്പൽ/കോർപ്പറേഷൻ തലങ്ങളിലും തയ്യാറാക്കുന്ന ഈ നീർത്തട പ്ലാനുകൾ ബ്ലോക്ക് തലത്തിൽ ക്രോഡീകരിച്ച് ബ്ലോക്ക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പണിയും പുരോഗമിക്കുന്നു.

ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി ജലനിധിയിൽ കമ്മ്യൂണിക്കേഷൻ ആൻഡ് കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ് (CCDU) ജലഗുണനിലവാരം സംബന്ധിച്ച് പരിശീലന പരിപാടികൾ പഞ്ചായത്തുതലത്തിലും ബ്ലോക്കുതലത്തിലും നടത്തി ഫീൽഡ് ടെസ്റ്റ് കിറ്റുകൾ ഉപയോഗിച്ച് 7100 കുടിവെള്ള സ്രോതസ്സുകൾ പരിശോധിച്ചു.

കൂടാതെ കേരളത്തിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും നടപ്പിലാക്കിവരുന്ന ഹരിതകേരളം പദ്ധതിയുമായി ചേർന്ന് ഭൂജല വകുപ്പും പ്രവർത്തിച്ചുവരുന്നു.

(ബി) ഭൂജല സംരക്ഷണത്തിനും സംപോഷണത്തിനുമായി ജലസേചന വകുപ്പ് വിവിധ പ്രവർത്തനങ്ങൾ നിർവ്വഹിച്ചിട്ടുണ്ട്. പരമ്പരാഗത കുളങ്ങൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ ശുചിയാക്കി സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനമാണ് പ്രധാനമായും ഏറ്റെടുത്തത്. ഇതോടൊപ്പം തടയണകൾ, വെന്റഡ് ക്രോസ് ബാറുകൾ എന്നിവയും നിർമ്മിച്ചിട്ടുണ്ട്. റെഗുലേറ്ററുകളുടെ നിർമ്മാണവും ഏറ്റെടുത്തിട്ടുണ്ട്. എൻ.ആർ.ഇ.ജി.എസ്., ഭൂജല വകുപ്പ് തുടങ്ങിയവ മുഖേനയും ഭൂജലസംപോഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം സ്ഥായിയായ നീരൊഴുക്ക് ഉറപ്പാക്കുന്നതിനുവേണ്ടി ആവശ്യമായ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി, പെയ്തുവീഴുന്ന മഴ വെള്ളത്തെ പരമാവധി മണ്ണിലേയ്ക്ക് താഴ്ന്നുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. ഗ്രാമപഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തലത്തിൽ കിണറുകളുടെയും

കുളങ്ങളുടെയും ശുദ്ധീകരണവും റീച്ചാർജ്ജിംഗും കുളങ്ങളുടെ നിർമ്മാണവും തോടുകളുടെയും നീർച്ചാലുകളുടെയും പുനരുജ്ജീവനവും പുതിയവയുടെ നിർമ്മാണവുമാണ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്.

ഭൂജലവകുപ്പ് "ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" പദ്ധതിയിൻ കീഴയിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണം ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ സാങ്കേതിക സഹായവും നൽകി വരുന്നു.

ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ജലക്ഷാമം പരിഹരിക്കുന്നതിനായി ജലനിധിയുടെ കുടിവെള്ള പദ്ധതി സ്രോതസ്സുകൾക്ക് അനുയോജ്യമായ ഭൂഗർഭ ജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ജലശേഷി പരിശോധന (യീൽഡ് ടെസ്റ്റ്) മുഖേന സ്രോതസ്സിന്റെ (കിണറുകൾ, കുഴൽക്കിണറുകൾ എന്നിവയുടെ) സുസ്ഥിരത ഉറപ്പുവരുത്താൻ പമ്പിംഗ് സമയം ക്രമീകരിക്കുന്നു. കുറഞ്ഞ അളവിൽ (40 lpcd -70 lpcd) ജലവിതരണം പരിമിതപ്പെടുത്താനായും നിർദ്ദേശങ്ങൾ നൽകിവരുന്നു. ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ പോയിന്റ് റീചാർജ് (കിണറുകളുടെ സമീപത്തുള്ള കെട്ടിടത്തിൽനിന്നും കിണറിലേയ്ക്ക് വെള്ളം ഫിൽറ്റർ ചെയ്ത് കിണർ റീചാർജ് ചെയ്യുന്ന പദ്ധതി) നടപ്പിലാക്കിവരുന്നു. റൂഫ് വാട്ടർ ഹാർവെസ്റ്റിംഗ്, ചെറുകിട തടയണകൾ (small check dams) ഗാബിയൻ സ്ട്രക്ചർ (Gabion structure), റേഡിയൽ ആം (Radial Arm), നീർക്കുഴികൾ, ഓട (ഓവ്ചാൽ നിർമ്മാണം), ഭൂഗർഭ തടയണകൾ (Sub surface Dyke), വെന്റഡ് ക്രോസ് ബാർ (Vented Cross Bar), മണ്ണുസംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് ഭൂജല പരിപോഷണത്തിനായി നടപ്പിലാക്കിവരുന്നു. പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിച്ചുവരികയാണ്.

ജലനിധിയുടെ മഴകേന്ദ്രം മുഖേന സംസ്ഥാന പ്ലാൻ സ്കീമിലെ 'മഴവെള്ള സംഭരണം-ഭൂജല പരിപോഷണം' പദ്ധതി വഴി വ്യക്തിഗത കുടുംബങ്ങൾക്കും സ്കൂളുകൾക്കും മഴവെള്ളം ഫിൽറ്റർ ചെയ്ത് ഉപയോഗിക്കുന്നതിനായി 10000 ലിറ്ററിന്റെ മഴവെള്ള സംഭരണി നിർമ്മിച്ചുനൽകിവരുന്നു. ഇതിൽ അധികമായി സംഭരിക്കുന്ന മഴവെള്ളം തുറന്ന കിണറിലേയ്ക്കോ, റീചാർജ്ജ് പിറ്റിലേയ്ക്കോ തിരിച്ചുവിടുന്നു. മഴവെള്ളം ഫിൽറ്റർ ചെയ്ത് തുറന്ന കിണറുകൾ റീചാർജ് ചെയ്യുന്ന പ്രവർത്തനം തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് ടി പദ്ധതിയിലൂടെ നടപ്പിലാക്കിനൽകുന്നു. ഈ പ്രവർത്തനങ്ങൾ ഭൂജല സംരക്ഷണത്തിനും സംപോഷ ണത്തിനും സഹായിക്കുന്നു.

(സി) ജലമലിനീകരണം ഇല്ലാതാക്കി ജലസ്രോതസ്സുകൾ ശുചിയായി സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ഉൾക്കൊണ്ട് 2017-18 വർഷത്തിൽ 536 കുളങ്ങൾ ശുചിയാക്കി. സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഭരണാനുമതി നൽകി, തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം നിയമനടപടികൾ കർശനമാക്കുന്നതിന്റെ ഭാഗമായി ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെയുള്ള ശിക്ഷാനടപടികൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ബിൽ 14-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനത്തിൽ പാസ്സാക്കിയിട്ടുണ്ട്.

ഹരിത കേരളം പദ്ധതിയുടെ ഭാഗമായി വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും സന്നദ്ധ പ്രവർത്തകരുടെയും നേതൃത്വത്തിൽ അനവധി പുഴകളും തോടുകളും നീർച്ചാലുകളും പ്രധാനമായും തൊഴിലുറപ്പ് പദ്ധതി മുഖേന ശുചിയാക്കി മാലിന്യവിമുക്തമാക്കുന്ന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ 10 കിലോമീറ്റർ നീളമുള്ള കാനാമ്പുഴ ജനകീയമായി മാലിന്യമുക്തമാക്കി. കോഴിക്കോട് ജില്ലയിലെ പൂനൂർപുഴയുടെ 24 കിലോമീറ്ററും തൃശ്ശൂർ പെരുംതോട് 15 കിലോമീറ്ററും എറണാകുളത്തെ കടമ്പ്രയാർ 16 കിലോമീറ്ററും ഇടുക്കി ജില്ലയിലെ വടക്കേപ്പുഴ, മീനച്ചിലാർ-മീനന്തലയാർ കൊടൂരാർ പുനഃസംയോജനവുമായി ബന്ധപ്പെട്ട് വിവിധ തോടുകളും ശുചീകരിച്ച് മാലിന്യമുക്തമാക്കി, പത്തനംതിട്ട ജില്ലയിലെ കോലറയാർ, പള്ളിക്കലാർ എന്നിവയും ശുചീകരിച്ചു. വരട്ടാർ, ആദിപമ്പ എന്നീ നദികൾ ശുചീകരണം ഉറപ്പാക്കിയാണ് പുനരുജ്ജീവിപ്പിച്ചത്. തിരുവനന്തപുരം ജില്ലയിലെ കിള്ളിയാർ ഉത്ഭവം മുതൽ വഴയില വരെയുള്ള 22 കിലോമീറ്റർ നീളത്തിൽ ജനകീയമായി ശുചീകരിച്ചു. ഇതുകൂടാതെ 10731 കിലോമീറ്റർ തോടുകളും ശുചീകരിച്ചു. ഈ നദികളിലും തോടുകളിലും ഖര-ദ്രവ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെയുള്ള പ്രചാരണ പ്രവർത്തനങ്ങളും നിയമ നടപടികൾ സ്വീകരിക്കലും ഹരിത കേരളം മിഷന്റെ ഭാഗമായി നടന്നുവരുന്നു.

ജല അതോറിറ്റിയുടെ സ്രോതസ്സുകളിൽ ഏതെങ്കിലും തരത്തിൽ മാലിന്യം കലരുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട വകുപ്പുകളെ അറിയിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കുള്ള ശിക്ഷാനടപടികൾ കർശനമാക്കുന്നതിനായി 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമത്തിൽ ഭേദഗതി ഓർഡിനൻസും പുറപ്പെടുവിച്ചിട്ടുണ്ട്.

ജലനിധി പദ്ധതിയിലെ കുടിവെള്ള സ്രോതസ്സുകളിൽ മലിനജലം എത്തിപ്പെടാതിരിക്കുന്നതിനുള്ള പദ്ധതികൾ 15 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു.

ജലമലിനീകരണം തടയുന്നതിന്റെ ഭാഗമായി ഭൂജല വകുപ്പ് ബോധവത്കരണ ക്ലാസ്സുകൾ പൊതുജനങ്ങൾക്കായി സംസ്ഥാനത്ത് സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും നടപ്പിലാക്കി വരുന്ന ഹരിത കേരളം മിഷനുമായി ചേർന്ന് ഭൂജല വകുപ്പും പ്രവർത്തിച്ചുവരുന്നു.

(ഡി) 13-ാം ധനകാര്യ കമ്മീഷന്റെ ഭാഗമായി കുട്ടനാട് ജലവിതരണ പദ്ധതിയുടെ വിപുലീകരണത്തിനായി കേരള ജല അതോറിറ്റി 70 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിലവിലുള്ള നീരേറ്റുപുറം ജലശുദ്ധീകരണശാലയിൽ (14 എം.എൽ.ഡി. ശേഷി) നിന്നും കുട്ടനാട് പ്രദേശത്തെ തകഴി, വീയപുരം, എടത്വ, തലവടി, മുട്ടാർ, വെളിയനാട്, നീലംപേരൂർ, രാമങ്കരി, ചമ്പക്കുളം, പുളിങ്കുന്ന്, കാവാലം, നെടുമുടി, കൈനകരി എന്നീ 13 പഞ്ചായത്തുകളിലെ ശുദ്ധജലവിതരണം ലക്ഷ്യമിട്ട് 70 കോടി രൂപയുടെ ഒരു പദ്ധതിയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ജലം എത്തിക്കുന്നതിനുള്ള പ്രവൃത്തികളാണ് പ്രധാനമായും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിവിധ പഞ്ചായത്തുകളിലെ ജലസംഭരണികളിൽ എത്തിക്കുന്നതിനുള്ള പ്രധാന പൈപ്പ് ലൈനുകളും ജലസംഭരണികളില്ലാത്ത തകഴി, കാവാലം പഞ്ചായത്തുകളിലെ ഉന്നതതല സംഭരണികളും വിവിധ പഞ്ചായത്തുകളിലെ വിതരണ ശൃംഖലയിലെ പ്രധാന പൈപ്പ് ലൈനുകളും പ്രധാന ഘടകങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ ട്രാൻസ്മിഷൻ പൈപ്പുകളുടെ കൂടെ നിലവിലുള്ള ഗുണ നിലവാരമുള്ള പൈപ്പുകളും കൂടി ഉപയോഗപ്പെടുത്തിയാണ് ടാങ്കിൽ ജലമെത്തിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. വിതരണശൃംഖലയുടെ ഭാഗമായി പുതുതായി സ്ഥാപിക്കുന്ന പൈപ്പുകൾ നിലവിലുള്ള വിതരണശൃംഖലയുടെ പൈപ്പുകളുമായി കണക്ട് ചെയ്ത് ആ പൈപ്പുകളും കൂടി ഉപയോഗപ്പെടുത്തി ജലവിതരണം നടത്തുവാൻ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു. ഈ ഘടകങ്ങൾ മൂന്ന് പാക്കേജുകളിലായി നിർമ്മാണം പുരോഗമിച്ചുവരുന്നു. പദ്ധതിക്ക് നാളിതുവരെ 5058.12 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

കുട്ടനാട് മേഖലയിൽ ജലസേചന വകുപ്പ് മുഖേന നടത്തിയ പ്രവർത്തനങ്ങൾ ചുവടെ പറയുന്നു.

1. കെ.ഇ.എൽ.-1:

   എഫ്.എം.പി.(Flood Management Programme)-കുട്ടനാട് മേഖലയിലെ ഗ്രൂപ്പ് 1-ൽപ്പെട്ട 14 പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ

2. കെ.ഇ.എൽ.-2:

   എഫ്.എം.പി.-കുട്ടനാട് മേഖലയിലെ കായൽ ഭാഗത്തെ 4 പാടശേഖരങ്ങളുടെയും ഗ്രൂപ്പ് 9-ൽപ്പെട്ട 5 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ

3. കെ.ഇ.എൽ.-3:

   എഫ്.എം.പി.- കുട്ടനാട് മേഖലയിലെ ഫേസ്-1-ൽപ്പെട്ട ഗ്രൂപ്പ് (2-5, 7, 8, 10-19) 231 പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ

4. കെ.ഇ.എൽ.-4:

   ഓണാട്ടുകര മേഖലയിലെ 12 നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ

5. തണ്ണീർമുക്കം ബണ്ടിന്റെ നവീകരണ പ്രവൃത്തികൾ

6. ആലപ്പുഴ ജില്ലയിലെ കുട്ടനാട് നിയോജകമണ്ഡലത്തിൽപ്പെടുന്ന കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളുടെയും വീയപുരം പഞ്ചായത്തിലെ 14 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ.

7. തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യശേഷി വർദ്ധിപ്പിക്കൽ

8. 13-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികൾ

   a. തലയാഴം പഞ്ചായത്തിലെ കരിയാർ നദിക്ക് കുറുകെ ബ്രിഡ്ജ്-കം റെഗുലേറ്ററിന്റെ നിർമ്മാണം

   b. ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് പ്രദേശത്തെ നാശോന്മുഖമായ റെഗുലേറ്ററിന്റെ പുനരുദ്ധാരണം.

   c. മനയ്ക്കൽചിറ മുതൽ ഒന്നാംകര വരെയുള്ള എ.സി. കനാലുമായി ബന്ധപ്പെട്ട പ്രവൃത്തികൾ.

ശ്രീ. ഷാഫി പറമ്പിലിനുവേണ്ടി (ശ്രീ. ഹൈബി ഈഡൻ): സർ, ഭാരതപ്പുഴയുടെ ഏറ്റവും വലിയ ജലസ്രോതസ്സാണ് ആളിയാർ പ്രദേശം. അവിടെനിന്നും ചിറ്റൂർ പുഴ, ഭാരതപ്പുഴ, ചാലക്കുടി പുഴ എന്നിവയിൽ നിന്നും ഒഴുകിവരുന്ന അൺകൺട്രോൾഡ് ഫ്ലഡ് വാട്ടർ തടഞ്ഞ് 3 ചെക്ക് ഡാം നിർമ്മിച്ച് തമിഴ്നാട്ടിലേയ്ക്ക് വെള്ളം കൊണ്ടു പോകുന്ന ഒരു സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ വേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; ജലവിതരണവും അതുപോലെ ഡിസ്ട്രിബ്യൂഷനുമെല്ലാം ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിന്റെ തീരുമാനപ്രകാരം നടത്തണമെന്ന് നിയമം നിലവിലുള്ള സന്ദർഭത്തിൽ ഏകപക്ഷീയമായി തമിഴ്നാട് വെള്ളം കൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനുവേണ്ടി നടപടികൾ സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, അനധികൃത നിർമ്മാണം നടന്ന കാലഘട്ടം ഏതാണെന്നത് പ്രസക്തമല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇത് ശ്രദ്ധയിൽപ്പെട്ട സമയത്തു തന്നെ അന്നത്തെ വകുപ്പുദ്യോഗസ്ഥർ കേന്ദ്ര സർക്കാരിനും തമിഴ്നാട് സർക്കാരിനും കത്തയച്ചതായി രേഖയിൽ കാണുന്നുണ്ട്. കത്തയച്ചതുകൊണ്ട് പ്രശ്നങ്ങൾ

അവസാനിക്കുന്നില്ല. നിലവിൽ സുപ്രീം കോടതിയിലുള്ള കേസിൽ അത് പൊളിച്ചു മാറ്റുന്നതടക്കമുള്ള കാര്യങ്ങൾ പുതിയതായി എഴുതി ചേർക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. ഹൈബി ഈഡൻ: സർ, ഗവൺമെന്റ് ഏതാണെന്ന് പറഞ്ഞില്ല. ഞാൻ വളരെ പ്രസക്തമായ ഒരു കാര്യമാണ് പറഞ്ഞത്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ഉണ്ടായിരുന്ന ഉദ്യോഗസ്ഥൻ/പ്രിൻസിപ്പൽ സെക്രട്ടറി തന്നെയാണ് ഇപ്പോൾ അഡ്വൈസറി കൗൺസിലിലുള്ളത്. അതുകൊണ്ട് അതിന് പ്രസക്തിയുണ്ടെന്ന് തോന്നുന്നില്ല. അതുപോലെതന്നെ ഭൂഗർഭ ജലമാണെങ്കിലും ഉപരിതല ജലമാണെങ്കിലും ഇന്ന് മലീമസമായി കോളിഫോം ബാക്ടീരിയയുടെ അളവ് ക്രമാതീതമായി വർദ്ധിച്ചു വരുന്നത് പല ജലജന്യരോഗങ്ങൾക്കും കാരണമായി വരുന്നുണ്ട്. കോളിഫോം ബാക്ടീരിയയുടെ അളവ് വർദ്ധിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, പല പഠനറിപ്പോർട്ടുകളിലും അത്തരത്തിലുള്ള അപകടകരമായ സൂചനകൾ കിട്ടുന്നുണ്ട്. അത് തടയാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം മെച്ചപ്പെട്ട രൂപത്തിലുള്ള മാലിന്യസംസ്കരണ പ്ലാന്റുകൾ ഉണ്ടാവുക എന്നതാണ്. ജലത്തിലേയ്ക്ക് മാലിന്യങ്ങൾ ഒഴുക്കിവിടാനുള്ള പ്രവണത കുറച്ചുകൊണ്ടുവരുന്നതിന് ശാസ്ത്രീയമായ സംവിധാനങ്ങളുണ്ടാകണം. കഴിഞ്ഞ ദിവസം പാസ്സാക്കിയ നിയമത്തിലൂടെ ജലസ്രോതസ്സുകൾ മലിനമാക്കുന്നവരെ ശിക്ഷിക്കാൻ വ്യവസ്ഥ ചെയ്യുന്ന ഒരു നിയമം പാസ്സാക്കി. അതോടൊപ്പംതന്നെ മാലിന്യ സംസ്കരണത്തിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേതൃത്വം കൊടുത്ത് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് അത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കാനുള്ള പരിശ്രമം നടക്കുകയാണ്.

ശ്രീ. കെ. മുരളീധരൻ: സർ, കേരളത്തിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് ആവിഷ്കരിച്ച പ്രധാനപ്പെട്ട പദ്ധതിയാണ് പമ്പ ആക്ഷൻ പ്ലാൻ. അതിന് കേന്ദ്ര ഗവൺമെന്റ് ഏതാണ്ട് 11 കോടി രൂപ സാംങ്ഷൻ ചെയ്തിരുന്നുവെങ്കിലും അത് ഉപയോഗിക്കാതെ വകമാറ്റി ചെലവഴിക്കുകയാണുണ്ടായത്. തീർത്ഥാടന കാലത്തൊക്കെ ധാരാളം മാലിന്യങ്ങൾ പമ്പയിൽ അടിഞ്ഞുകൂടുകയാണ്. പമ്പ ശുദ്ധീകരിക്കണമെന്ന് കേന്ദ്ര പരിസ്ഥിതി വകുപ്പുതന്നെ പലപ്പോഴും ആവശ്യപ്പെട്ടിരുന്നതാണ്. പമ്പ ആക്ഷൻ പ്ലാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കാൻ സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. മാത്യു. ടി. തോമസ്: സർ, പമ്പ ആക്ഷൻ പ്ലാനിന് അനുവദിച്ച പണം നഷ്ടപ്പെടുത്തിയെന്നുള്ള ധാരണ എനിക്കില്ല. കാരണം ജലവിഭവവുമായി ബന്ധപ്പെട്ട പ്രവൃത്തികളെല്ലാം ആ സമയത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയെന്നുള്ള വിവരമാണ് ലഭിച്ചത്. ദേവസ്വം ബോർഡിന്റെ ചില പ്രവൃത്തികൾ നടപ്പാക്കേണ്ടതുണ്ട്. പ്രധാനമായും അവിടെ സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളാണ് ആവശ്യം. അതിൽ ചില സാങ്കേതികവും പ്രായോഗികവുമായ വൈഷമ്യങ്ങളുണ്ടായി. എന്നാൽ വളരെ ഗൗരവത്തിൽതന്നെ അത് നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര ഗവൺമെന്റിന്റെ ഒരു പ്രതിനിധി ഇവിടെ വന്ന് പമ്പ പുനരുദ്ധരിക്കുന്നത് സംബന്ധിച്ച് സമഗ്രമായി പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രത്യേക പദ്ധതിയായി ഏറ്റെടുക്കാമെന്ന് കേന്ദ്രമന്ത്രി ശ്രീമതി ഉമാ ഭാരതി ഉറപ്പുനൽകിയിരുന്നതുമാണ്. ആ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നുണ്ട്. അത് സി.ഡബ്ല്യൂ.സി. (Central Water Commission) തന്നെ തയ്യാറാക്കിയ പദ്ധതി അടിസ്ഥാനപ്പെടുത്തിയാണ്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് (CWRDM) നടത്തിയ ഒരു പഠനത്തിൽ കേരളത്തിലെ 83 ശതമാനം കിണറുകളും പുഴകളും വലിയതോതിൽ മാലിന്യം നിറഞ്ഞതാണെന്ന് കണ്ടെത്തിയിരുന്നതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പമ്പ, പെരിയാർ, മീനച്ചിലാർ തുടങ്ങിയ നദികളുടെ ഡൗൺസ്ട്രീമിൽ വലിയ തോതിലുള്ള ബാക്ടീരിയ കണ്ടാമിനേഷൻ ഉള്ളതായും CWRDM നടത്തിയ പഠനത്തിൽ കണ്ടെത്തി. മാലിന്യങ്ങൾ കൃത്യമായി സംസ്കരിക്കാത്തതുകൊണ്ട് മാലിന്യങ്ങൾ ജലത്തിലേയ്ക്ക് വരുന്നതാണ് പ്രശ്നമെന്ന് അങ്ങിവിടെ പറഞ്ഞു. എന്റെ നിയോജക മണ്ഡലത്തിലാണ് ബ്രഹ്മപുരം മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിച്ചിരിക്കുന്നത്. അതിനോട് ചേർന്നാണ് കടമ്പ്രയാർ പുഴ സ്ഥിതി ചെയ്യുന്നത്. ഒട്ടനവധി ആളുകൾ കുടിവെള്ളത്തിനായി ആശ്രയിക്കുന്ന ശുദ്ധജല സ്രോതസ്സാണ് കടമ്പ്രയാർ. മഴ പെയ്യുമ്പോൾ മാലിന്യങ്ങളെല്ലാം ഈ പുഴയിലേയ്ക്കാണ് ഒഴുകിയെത്തുന്നത്. ഇതുപോലുള്ള സംഭവങ്ങൾ പല സ്ഥലത്തും നടക്കുന്നുണ്ട്. കടമ്പ്രയാർ ഉൾപ്പെടെയുള്ള പുഴകളെ മാലിന്യ വിമുക്തമാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. മാത്യു. ടി. തോമസ്: സർ, ശാസ്ത്രീയമായി പഠനങ്ങൾ നടത്തിയതിൽ ആപത്കരമായ ചില സൂചനകൾ നൽകുന്നുണ്ടെന്ന് ഞാൻ ആദ്യമേതന്നെ സൂചിപ്പിച്ചു. അതിനാവശ്യമായ നടപടികൾ എല്ലാ തലത്തിലും ഏറ്റെടുക്കണം. പ്രധാനമായും തദ്ദേശഭരണ സ്ഥാപനങ്ങളിൽ, ഒപ്പം ജനപങ്കാളിത്തത്തോടുകൂടിയുള്ള ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യണം. എന്നാൽ അതുകൊണ്ടുമാത്രം അവസാനിക്കുന്നില്ല. കേന്ദ്രീകൃതമായ ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനെക്കുറിച്ചാണ് ഗവൺമെന്റ് ഇപ്പോൾ ആലോചിച്ചുകൊണ്ടിരിക്കുന്നത്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. രണ്ടാഴ്ച മഴ പെയ്തുകഴിഞ്ഞാൽ ഉരുൾപൊട്ടലും വെള്ളപ്പൊക്കവും ഉണ്ടാവുകയും രണ്ടാഴ്ച മഴ പെയ്യാതിരുന്നാൽ വരൾച്ച ഉണ്ടാകുകയും ചെയ്യുന്നവെന്നതാണ് കേരളത്തിന്റെ ഒരു പ്രത്യേകത. പല ജലസ്രോതസ്സുകളിലെയും ജലത്തിന്റെ ലഭ്യത വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് നിൽക്കുന്നതാണ്. ജലസേചന പദ്ധതികളിൽ ഒക്ടോബർ, നവംബർ മാസങ്ങളിൽ വെള്ളം തുറന്നുവിടേണ്ട ഒരു സാഹചര്യമുണ്ടാകും. മുൻകാലങ്ങളിൽ ഈ കനാലുകളൊക്കെ വൃത്തിയാക്കുന്നത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടായിരുന്നു. പക്ഷേ കഴിഞ്ഞ ഒരു വർഷമായി, തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇത് ചെയ്യാൻ സാധിക്കില്ലെന്ന് അറിയിച്ചിരിക്കുകയാണ്. അതുകൊണ്ട് ജലസേചന വകുപ്പുതന്നെ മുൻകയ്യെടുത്തുകൊണ്ട് വളരെ നേരത്തെതന്നെ അതിനുവേണ്ട ആക്ഷൻ പ്ലാൻ തയ്യാറാക്കി തുക അനുവദിച്ച് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചെങ്കിൽ മാത്രമേ ഒക്ടോബർ, നവംബർ മാസമാകുമ്പോഴേയ്ക്കും ജലസേചനം ആരംഭിക്കാൻ കഴിയുകയുള്ളൂ. പക്ഷേ കഴിഞ്ഞ വർഷം ജലസേചന വകുപ്പിന്റെ ഭാഗത്തുനിന്നും കാര്യമായ ഡിലേ ഉണ്ടായതിനാൽ ഡിസംബർ, ജനുവരി മാസങ്ങളായിട്ടുപോലും ജലസേചനം ആരംഭിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. അത് മുൻകൂട്ടി കണ്ടുകൊണ്ട് ഈ വർഷമെങ്കിലും വളരെ നേരത്തെ പദ്ധതികൾ ആവിഷ്കരിച്ച് കനാലുകൾ വൃത്തിയാക്കുന്നതിനും ഒക്ടോബർ, നവംബർ മാസങ്ങളിൽത്തന്നെ ജലസേചനം ആരംഭിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊള്ളുവാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. മാത്യു. ടി. തോമസ്</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ മുൻകാലങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി കനാലുകൾ വൃത്തിയാക്കാനുള്ള പ്രവൃത്തികൾ ഏറ്റെടുത്തിരുന്നു. എന്നാൽ അസറ്റ് ഡെവലപ്മെന്റിനായുള്ള പ്രവൃത്തികൾ മാത്രമേ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടുള്ളൂവെന്ന കേന്ദ്ര ഗവൺമെന്റിന്റെ നിഷ്കർഷമൂലമാണ് അത്തരം പദ്ധതികൾ ഏറ്റെടുക്കാൻ കഴിയാത്തത്. അതിനെ സംബന്ധിച്ച് ചില ക്ലാരിഫിക്കേഷൻ വരുത്തേണ്ടതുണ്ടായിരുന്നു. ഇപ്പോൾ നമ്മൾ കണ്ടെത്തിയിരിക്കുന്നത്, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയെത്തുടർന്ന് വൺ ടൈം പ്രോഗ്രാം എന്നുള്ള നിലയിൽ ഒരിക്കൽകൂടി തൊഴിലുറപ്പ് പദ്ധതിയായി ഏറ്റെടുക്കുകയും തുടർന്ന് ജലസേചന വകുപ്പുതന്നെ നടപ്പിലാക്കുകയും ചെയ്യണമെന്നാണ് കണ്ടെത്തിയിരിക്കുന്നത്. കഴിഞ്ഞ വർഷം ഇത്തരമൊരു ആശയക്കുഴപ്പമുണ്ടായതുകൊണ്ട് കാലതാമസമുണ്ടായി എന്നുള്ളത് ശരിയാണ്. പക്ഷെ ഈ വർഷം നേരത്തെതന്നെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

ശ്രീ. ആർ. രാജേഷ്: സർ, മഴ പെയ്യുമ്പോൾ വെള്ളം വീട്ടുമുറ്റത്ത് വീഴുന്നത് വലിയ ബുദ്ധിമുട്ടാകുന്നതുകൊണ്ട് അത് റോഡിലേയ്ക്കും തോട്ടിലേയ്ക്കും ആറിലേയ്ക്കും ഒഴുക്കുകയും പിന്നീട് കടലിലേയ്ക്ക് ഒഴുക്കിക്കളയുകയും ചെയ്യുക എന്നതാണ് കേരളത്തിലെ പുതിയ രീതി. എന്നാൽ വേനൽക്കാലമാകുമ്പോൾ ഈ വെള്ളം തിരികെ ടാങ്കറിലാക്കി വീട്ടുമുറ്റത്ത് കൊണ്ടുവരികയെന്നുള്ള ജോലിയാണ് ജനങ്ങൾ സർക്കാരിനെ ഏൽപ്പിച്ചിരിക്കുന്നത്. വെള്ളം വീട്ടിൽ തന്നെ സംഭരിക്കാനാവശ്യമായ പ്രവൃത്തികൾക്കാണ് നേതൃത്വം കൊടുക്കേണ്ടത്. എന്റെ നിയോജകമണ്ഡലത്തിൽ 11,000 കിണറുകൾ റീചാർജ്ജ് ചെയ്യാനാവശ്യമായ പദ്ധതി തയ്യാറാക്കിയിരുന്നു. അത് വളരെ നല്ല രീതിയിൽ ആരംഭിക്കാനായി. 2500-ഓളം കിണറുകൾ റീചാർജ്ജ് ചെയ്യാനുമായി. പക്ഷെ MGNREGS-ൽ ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കാൻ കഴിയില്ലെന്നുള്ള നിബന്ധനയുടെ ഭാഗമായി ആ പ്രവൃത്തി നിലയ്ക്കുന്ന രീതിയാണ്. അത്തരം കിണറുകൾ റീചാർജ്ജ് ചെയ്താൽ ഓണാട്ടുകര മേഖലയിൽ വലിയ രീതിയിൽ ജലം സംഭരിക്കാനാകും. ഇതിലെ തടസ്സങ്ങൾ നീക്കാനാവശ്യമായ ഇടപെടൽ ഗവൺമെന്റ് നടത്തുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ മണ്ഡലത്തിലെ കിണർ റീചാർജ്ജിംഗുമായി ബന്ധപ്പെട്ട പരിപാടിയിൽ ഞാൻ പങ്കെടുത്തിരുന്നു. ഒരു സ്ഥലത്ത് ഒരു കിണർ റീ-ചാർജ്ജിംഗിന്റെ പ്രവൃത്തി നടപ്പിലാക്കിയാൽ സമീപ കിണറുകളെയുംകൂടി ഉൾപ്പെടുത്തുമ്പോഴാണ് കൂടുതൽ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്നത്. ഒരു പ്രദേശമാകെ കിണർ റീചാർജ്ജിംഗിനുള്ള നടപടിയുണ്ടായാൽ സ്വാഭാവികമായും ഭൂജലനിരപ്പ് ഉയരുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്. അവിടെ ഏതാണ്ട് 11000 കിണറുകൾ റീ-ചാർജ്ജ് ചെയ്യാൻ വേണ്ടിയാണ് പദ്ധതി ആരംഭിച്ചത്. എന്നാൽ അത് മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്തത് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ചില ആശങ്കകൾ നിലനിൽക്കുന്നതിനാലാണ്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് ഈ പ്രശ്നം എങ്ങനെ പരിഹരിക്കാനാകുമെന്ന് പരിശോധിക്കാം.

ശ്രീ. എ. എം. ആരിഫ്: സർ, നേരത്തെ ഒരിക്കൽ ചോദിച്ച ചോദ്യം തന്നെയാണ്. അങ്ങ് പറഞ്ഞ മറുപടിക്കനുസരിച്ചുള്ള ഇടപെടൽ കുറച്ചുകൂടി കാര്യക്ഷമമായി വേണ്ടിവരുമെന്നുള്ളതുകൊണ്ടാണ് വീണ്ടും ചോദിക്കുന്നത്. ചെറിയ സ്വകാര്യ ജലസ്രോതസ്സുകൾ ചേറും ചെളിയും നിറഞ്ഞ് അസുഖങ്ങളുടെ പ്രഭവകേന്ദ്രങ്ങളായി മാറുകയാണ്. സ്വകാര്യ ഉടമസ്ഥതയിലുള്ള, നെൽകൃഷിക്ക് അനുയോജ്യമായവയും അല്ലാത്തവയുമായ ഇത്തരം ജലസ്രോതസ്സുകൾ പ്രയോജനപ്പെടുത്തിയാൽ നമുക്ക് മത്സ്യ വിഭവ ലഭ്യതയ്ക്ക് അനുകൂല സാഹചര്യമുണ്ടാക്കാൻ കഴിയും. ഇന്ത്യയിൽ ഏറ്റവും കൂടുതൽ മത്സ്യ വിഭവങ്ങൾ കയറ്റുമതി ചെയ്യുന്ന മേഖലയാണ് അരൂർ.

ഇന്നലെയും ഇന്നുമായി പത്ര-ദൃശ്യ മാധ്യമങ്ങളിൽ 'ആന്ധ്രാപ്രദേശിൽനിന്നും ഫോർമാലിൻ ചേർത്തുകൊണ്ടുവന്ന 4 ടൺ ചെമ്മീൻ പിടിച്ചെടുത്തതായുള്ള' വാർത്തകൾ വന്നിട്ടുണ്ട്. അവിടെയുള്ള എല്ലാ ജലസ്രോതസ്സുകളെയും മത്സ്യകൃഷിക്ക് അനുയോജ്യമായ രീതിയിൽ ഉപയോഗിക്കുകയാണ്. അരൂർ മണ്ഡലത്തിൽ രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിൽ നിന്നും വിദേശങ്ങളിൽനിന്നും മറ്റും മത്സ്യങ്ങൾ കൊണ്ടുവന്ന് സംസ്കരിച്ചാണ് കയറ്റുമതി ചെയ്യുന്നത്. ചെറിയ ചെറിയ ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്താൻ കഴിയണമെങ്കിൽ മൈനർ ഇറിഗേഷൻ വകുപ്പാണ് ഇൻഫ്രാസ്ട്രക്ചർ സപ്പോർട്ട് ചെയ്യേണ്ടത്. എന്നാൽ സാമ്പത്തിക പരാധീനതകളുള്ളതിനാൽ അവർക്കത് ചെയ്യാൻ കഴിയുന്നില്ല. അതുകൊണ്ടുതന്നെ ത്രിതല പഞ്ചായത്തുകളുമായും ഫിഷറീസ് വകുപ്പുമായും ആലോചിച്ച് സ്വകാര്യ സ്ഥലമുടമകളെക്കൂടി ഉൾപ്പെടുത്തി സ്വകാര്യ ജലാശയങ്ങളെ മാലിന്യവിമുക്തമാക്കി പ്രയോജനപ്പെടുത്തിയാൽ വമ്പിച്ച തോതിലുള്ള തൊഴില വസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. മറ്റ് സംസ്ഥാനങ്ങളിൽ ഈ രീതിയുണ്ട്. നല്ല രീതിയിൽ നമ്മുടെ നികുതി വരുമാനം വർദ്ധിപ്പിക്കാനും കഴിയും. ഇത്തരത്തിലുള്ള സമഗ്രമായ പദ്ധതിക്ക് ജലവിഭവ വകുപ്പ് നേതൃത്വം നൽകുമോ?

ശ്രീ. മാത്യു. ടി. തോമസ്: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷയം പ്രധാനമായും മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ടതാണ്. അതേസമയം സ്വകാര്യ ജലസ്രോതസ്സുകൾ വൃത്തിയാക്കുന്ന ഒരു ഘടകംകൂടി ആ ചോദ്യത്തിൽ ഉൾപ്പെട്ടുവരുന്നുണ്ട്. ജലസേചന വകുപ്പിന്റെ പൊതുഫണ്ട് സ്വകാര്യ കുളങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നതിന് ചില പരിമിതികളുണ്ട്. അതേ സമയം ഹരിത കേരളം മിഷനിൽ ഉൾപ്പെടുത്തിക്കൊണ്ട് സ്വകാര്യവും പൊതുവായ എല്ലാ ജലസ്രോതസ്സുകളും വൃത്തി യാക്കുന്നതിനുള്ള ജനപങ്കാളിത്തമുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് യാതൊരു തടസ്സവുമില്ല. ജലം നാട്ടിലുണ്ടാകേണ്ടത് അവശ്യമാണ്. സ്വകാര്യ കുളത്തിലാണോ പൊതുകുളത്തിലാണോ വെള്ളമുള്ളത് എന്നത് പ്രശ്നമല്ല. ഏതെല്ലാം രീതിയിൽ ജലാശയങ്ങളെ സംരക്ഷിച്ച് മാലിന്യവിമുക്തമാക്കാമെന്ന പരിശോധന നടത്താം. മത്സ്യക്കൃഷിക്ക് ജലസേചന വകുപ്പ് നൽകേണ്ട എല്ലാ പിന്തുണയും നൽകാൻ തയ്യാറാണ്. ബന്ധപ്പെട്ട വകുപ്പ് തയ്യാറാക്കുന്ന പദ്ധതിക്ക് ജലവിഭവ വകുപ്പിന്റെ ഏതെല്ലാം പിന്തുണ ആവശ്യമുണ്ടോ അതെല്ലാം നൽകാൻ തയ്യാറാണ്.

ശ്രീ. എം. മുകേഷ്: സർ, വേമ്പനാട് കായൽ കഴിഞ്ഞാൽ വലിപ്പത്തിൽ രണ്ടാം സ്ഥാനമാണ് അഷ്ടമുടിക്കായലിനുള്ളത്. ഈ കായലിന്റെ കൊല്ലം നഗര ഭാഗത്തുള്ള ആശ്രാമംമുടി ഗുരുതരമായ മലിനീകരണ ഭീഷണി നേരിട്ടുവരികയാണ്. ഹോട്ടലുകൾ, ആശുപത്രികൾ, ഹൗസ് ബോട്ടുകൾ എന്നിവിടങ്ങളിൽനിന്നും വലിയ തോതിൽ മാലിന്യനിക്ഷേപം നടക്കുന്നുണ്ട്. ജലസംരക്ഷണ നിയമം കർശനമായി നടപ്പാക്കുന്നതോടൊപ്പം അഷ്ടമുടിക്കായലിന്റെ, പ്രത്യേകിച്ചും ആശ്രാമംമുടിയുടെ നവീകരണത്തിനായി ഹരിത കേരളം മിഷന്റെ ഭാഗമായി ഒരു പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ഹരിത കേരളം പദ്ധതിയുടെ ആശയം തന്നെ അതാത് സ്ഥലത്ത് പ്രാദേശികമായി ജനപങ്കാളിത്തത്തോടെ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയെന്നുള്ളതാണ്. അഷ്ടമുടിക്കായലിനെ സംബന്ധിച്ച് ഒരു ആലോചന നേരത്തെ നടന്നിട്ടുണ്ട്. കൊല്ലത്ത് ഇതുമായി ബന്ധപ്പെട്ട ഒരു സെമിനാർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഉദ്ഘാടനം ചെയ്തിരുന്നു. കേരള വെറ്റ്ലാൻഡ് അതോറിറ്റി അക്കാര്യങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, കേരളത്തിന്റെ ഏറ്റവും വലിയ നദിയായ ഭാരതപ്പുഴയുടെ സംരക്ഷണത്തിനുകൂടിയാണ് ചമ്രവട്ടം റഗുലേറ്റർ നിർമ്മിച്ചത്. എന്നാൽ അതിന്റെ ഷട്ടറുകളുടെ നിർമ്മാണത്തിലെ അപാകതമൂലം പ്രയോജനം പൂർണ്ണമായും ലഭിച്ചിട്ടില്ല. ഈ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പമ്പാ ആക്ഷൻ പ്ലാൻ പോലെ ഭാരതപ്പുഴ സംരക്ഷിക്കുന്നതിന് ഒരു ആക്ഷൻ പ്ലാൻ രൂപീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, രണ്ട് ചോദ്യങ്ങളാണുള്ളത്. അതിൽ ഒന്നാമത്തെ ചോദ്യം ബഹുമാനപ്പെട്ട ചെയറിനുംകൂടി താൽപ്പര്യമുള്ളതാണെന്നറിയാം. അവിടത്തെ പ്രധാനപ്പെട്ട വിഷയം നിർമ്മാണത്തിലെ പാകപ്പിഴയാണോ ഡിസൈനിന്റെ പാകപ്പിഴയാണോ എന്നുള്ളത് പരിശോധിക്കുകയാണ്. അവിടെ നടന്നിട്ടുള്ള പ്രവൃത്തികൾ ഫലപ്രദമായിട്ടില്ലെന്ന് അങ്ങേയ്ക്കുമറിയാം. ഷട്ടറുകളുടെ ലീക്കേജ് പരിഹരിക്കുന്ന തിനുവേണ്ടിയുള്ള വിശദമായ റിപ്പോർട്ട് ഐ.ഐ.ടി. തയ്യാറാക്കിത്തന്നിട്ടുണ്ട്. അതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതേസമയം നേരത്തെ നടന്ന നിർമ്മാണ പ്രവൃത്തികൾ ഡിസൈനിൽനിന്ന് വ്യതിചലിച്ച് നടപ്പിലാക്കിയതാണോ, ഡിസൈൻ പരാജയപ്പെട്ടതാണോ എന്നത് സംബന്ധിച്ച പരിശോധന ആവശ്യമാണ്. അതിന്റെ റീ-എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസവും അങ്ങയുടെ നിർദ്ദേശപ്രകാരം ഒരു യോഗം ചേരുകയുണ്ടായി. അതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോവുകയാണ്. പ്രധാനമായും ഭാരതപ്പുഴ, പെരിയാർ, പമ്പ എന്നീ മൂന്ന് നദികളെയാണ് ആദ്യപരിഗണനയിൽ പുനരുദ്ധരിക്കാൻ ലക്ഷ്യമിടുന്നത്. ഈ മൂന്ന് നദികളെയും സംബന്ധിച്ച് വിശദമായ പഠനം നടത്താനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് നടന്നുവരികയാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് ഒന്നാംഘട്ടത്തിൽ കുളങ്ങളുടെ നവീകരണമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അങ്ങയുടെ മറുപടിയിൽ, എണ്ണം കൃത്യമായി പറയാൻ കഴിയാത്തവിധം നിരവധി കുളങ്ങളുടെ നവീകരണം നടത്തിയിട്ടുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. അതെവിടെയാണെന്നത് സംബന്ധിച്ച് യാതൊരു അറിവുമില്ല. എന്റെ നിയോജകമണ്ഡലത്തിൽ അങ്ങനെ

ഒരു കാര്യം നടന്നതായി ഒരറിവുമില്ല. എന്റെ മണ്ഡലത്തിൽക്കൂടി കടന്നുപോകുന്നതാണ് കെ.ഐ.പി. കനാൽ. കലഞ്ഞൂർ, കോന്നി എന്നീ ഭാഗങ്ങളിലൂടെയും അടൂർ നിയോജക മണ്ഡലത്തിന്റെ ഒരു ഭാഗത്തുകൂടിയും കടന്നുപോകുന്ന കെ.ഐ.പി. കനാലിന്റെ നിരവധി ഭാഗങ്ങളിൽ ഗുരുതരമായ രീതിയിലുള്ള ചോർച്ചയാണുള്ളത്. അടുത്തകാലത്ത് മങ്ങാടുള്ള ഒരു പള്ളിയിലെ അച്ചൻ എന്നെ വിളിക്കുകയും കനാലിൽ വെള്ളം തുറന്നുവിട്ടുകഴിഞ്ഞാൽ പള്ളിയിൽ ഇരിക്കാൻ പറ്റാത്ത വിധത്തിൽ വെള്ളപ്പൊക്കമാണെന്നും അത് പരിഹരിക്കുന്നതിന് സഹായിക്കണമെന്നും പറയുകയുണ്ടായി. കെ.ഐ.പി. കനാലുകളുടെ ചോർച്ച പരിഹരിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ഒന്നാമത്തെ ചോദ്യം കുളങ്ങൾ സംബന്ധിച്ചാണ്. ഇതിനോടകം 5104 കുളങ്ങൾ പുതിയതായി നിർമ്മിക്കുകയും 11000-ത്തിലധികം കുളങ്ങൾ നവീകരിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. അടൂർ പ്രകാശ് ഒന്നും അറിഞ്ഞിട്ടില്ലെന്ന് പറയുന്നത് ശരിയല്ല. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഒരു കുളം നിർമ്മാണത്തിന് അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ, വലിയ ജനപങ്കാളിത്തത്തോടുകൂടിയ യോഗത്തിൽ ഞാനും പങ്കെടുത്തിരുന്നു.

മി. സ്പീക്കർ: തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി കുളങ്ങൾ ചെയ്യുന്നുണ്ട്.

ശ്രീ. മാത്യു ടി. തോമസ്: സർ, അതിന്റെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് എന്നെക്കാളും ശ്രദ്ധ അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. കെ.ഐ.പി. കനാലിൽ ചോർച്ച ഉണ്ടെന്നുള്ളത് വസ്തുതയാണ്. അത് പരിഹരിക്കുന്നതിനുള്ള നടപടികൾ കഴിഞ്ഞ വർഷം ഏറ്റെടുത്തിരുന്നു; കൂടുതൽ പ്രവൃത്തികൾ അടുത്ത വർഷം ഏറ്റെടുക്കുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, ഹരിത കേരളം മിഷനിലെ പ്രധാനപ്പെട്ട ഇനമാണ് ജലസംരക്ഷണം. ഇപ്പോൾ പെയ്യുന്ന മഴയുടെ നല്ലൊരു ഭാഗം വെള്ളവും കടലിലേയ്ക്ക് ഒഴുകിപ്പോവുകയാണ്. തൃശ്ശൂർ, പൊന്നാനി കോൾ നിലങ്ങളുമായി ബന്ധപ്പെട്ട് 75 കിലോമീറ്ററിലധികം ദൂരം വരുന്ന ചാലുകളാണുള്ളത്. ഈ ചാലിൽ സിൽറ്റ് മൂടി അടിഭാഗം ഉയർന്നിരിക്കുകയാണ്. മണൽ ലഭിക്കാൻ സാധ്യതയുള്ള സിൽറ്റ് മാറ്റി ജലം സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ഡാമുകളിൽ ഉൾപ്പെടെ മണ്ണെടുപ്പുമായി ബന്ധപ്പെട്ട പരമാവധി കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്യുന്നുണ്ട്. അതിന് ചില നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതായുണ്ട്. ചില സ്ഥലങ്ങളിൽ മണ്ണ് എടുക്കാൻ ശ്രമിക്കുമ്പോൾ പാരിസ്ഥിതികാഘാത പഠനം ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്തണമെന്ന് പറയുന്നുണ്ട്. ഇക്കാര്യം പ്രത്യേകമായി പരിശോധിക്കുന്നതാണ്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായുള്ള കനാലുകൾ കാലങ്ങളായി ഒരു മെയിന്റനൻസും നടക്കാതെ കിടക്കുകയാണ്. കഴിഞ്ഞ 10 ദിവസം മുമ്പ് പെയ്ത മഴയിൽ ആ കനാലിന്റെ ഒരു ഭാഗം പൊട്ടിത്തകരുകയും കക്കയം, പെരുവണ്ണാമൂഴി ഡാമുകൾ തുറന്നുവിടുകയും ചെയ്തപ്പോൾ, മെയിന്റനൻസ് ചെയ്യാൻവേണ്ടി നാട്ടുകാർ മുറവിളികൂട്ടിയ സ്ഥലത്തെ ജനവാസ കേന്ദ്രത്തിലൂടെ മലവെള്ളം ഒഴുകുകയും 20-ഓളം വീട്ടുകാരെ അവിടെനിന്നും മാറ്റിത്താമസിപ്പിക്കേണ്ടി വരികയും ചെയ്തു. അക്വഡെക്റ്റുകളൊക്കെ യാതൊരു മെയിന്റനൻസും നടക്കാതെ കിടക്കുകയാണ്. ഇനിയും ഒരു മഴ ശക്തമായി പെയ്താൽ ആ കനാലുകൾ പൊട്ടി വലിയ ദുരന്തമുണ്ടാകും. അക്കാര്യത്തിൽ അങ്ങയുടെ ഭാഗത്തുനിന്നും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, കുറ്റ്യാടി കനാലിൽ മെയിന്റനൻസ് നടപടികൾ നടന്നുവരുന്നുണ്ട്. 2017-ലെ വരൾച്ചക്കാലത്ത് കുറ്റ്യാടിയിലെ വെള്ളം കനാലുകൾ വഴി അയയ്ക്കാൻ കഴിഞ്ഞതുകൊണ്ടാണ് വടകര ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം പരിഹരിക്കാനും ഉപ്പുവെള്ളത്തിന്റെ കടന്നുകയറ്റം പ്രതിരോധിക്കാനും കഴിഞ്ഞത്. എന്നാൽ ഇത്തവണത്തെ മഴയിൽ കുറച്ചുഭാഗം പൊട്ടിയത് പരിഹരിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നത് സംബന്ധിച്ചാണ് എന്റെ ചോദ്യം. അതിൽ പ്രധാനപ്പെട്ടത്, നമ്മൾ വേണ്ടത്ര ശ്രദ്ധിക്കാത്തതുകൊണ്ട് കേരളത്തിന് വലിയ നഷ്ടം സംഭവിച്ചുവെന്നുള്ളതാണ്. കാവേരി ബേസിനിൽ 147 ടി.എം.സി. വെള്ളം നമുക്ക് യീൽഡുണ്ട്. അതിൽ 30 ടി.എം.സി. വെള്ളം മാത്രമാണ് ട്രിബ്യൂണൽ അനുവദിച്ചത്. കേസ് നടത്തിപ്പിന്റെയും പദ്ധതി ഇല്ലാത്തതുകൊണ്ടും ആ 30 ടി.എം.സി. വെള്ളംപോലും നമുക്ക് ഉപയോഗിക്കാൻ പറ്റാത്ത സ്ഥിതിയാണുള്ളത്. പറമ്പിക്കുളത്ത് 30 ടി.എം.സി.യോളം വെള്ളം ഭാരതപ്പുഴയിൽ സാധാരണ ഒഴുകിവരുന്നത് 10 ടി.എം.സി.യിൽ താഴെയായി. 150-ഓളം കുടിവെള്ള സ്രോതസ്സുകളുള്ള ഭാരതപ്പുഴ വനംപോലെ ആയിക്കഴിഞ്ഞു. അക്കാര്യത്തിൽ നമുക്ക് വേണ്ടരീതിയിലുള്ള ഇടപെടൽ നടത്താൻ സാധിച്ചിട്ടില്ല. ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കാത്തതു കൊണ്ടും അതിനുവേണ്ട അധികാരങ്ങൾ കൊടുക്കാത്തതുകൊണ്ടുമാണ് അങ്ങനെ സംഭവിച്ചത്. മുല്ലപ്പെരിയാറിൽ ജലനിരപ്പ് 142 അടിയിൽനിന്നും 152 അടി ആയി ഉയർത്താൻ തമിഴ്നാട് നടപടി സ്വീകരിച്ചുകഴിഞ്ഞു. അതുകൂടിയായാൽ ഇടുക്കി ജില്ലയ്ക്കാവശ്യമായ ഒരു തുള്ളിവെള്ളംപോലും പെരിയാറിലേയ്ക്ക് വരാത്ത അവസ്ഥയുണ്ടാകും. അതുകൊണ്ട് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു കർമ്മസമിതി രൂപീകരിക്കുകയും ഗവൺമെന്റിന് അപ്പപ്പോൾ ഉപദേശം നൽകാനുമുള്ള സംവിധാനമുണ്ടാക്കുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, കാവേരി ബേസിനെ സംബന്ധിച്ച് നമുക്ക് അവാർഡ് ചെയ്ത ജലം പൂർണ്ണമായും ഉപയോഗിക്കാനുള്ള പദ്ധതികൾ നിലവിലില്ല. അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട് അനുസരിച്ച് പദ്ധതി തയ്യാറാക്കാനുള്ള പാരിസ്ഥിതികാഘാത പഠനം നടത്താൻ ടേംസ് ഓഫ് റഫറൻസ് ആദ്യം നൽകിയത് പിന്നീട് പിൻവലിക്കുകയുണ്ടായി. അത് തിരികെ ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഹൈദരാബാദിൽ വച്ച് നടന്ന ദക്ഷിണേന്ത്യൻ ജലവിഭവ വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ തമിഴ്നാട് മുന്നോട്ടുവച്ച നിബന്ധന, ഡി.പി.ആർ. അവർക്ക് ലഭ്യമാക്കിക്കൊടുക്കണമെന്നാണ്. അത് ഞങ്ങൾ അംഗീകരിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചതനുസരിച്ച് ഡി.പി.ആർ. തമിഴ്നാടിന് ലഭ്യമാക്കുകയും എ.വി.ഐ.പി.(അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട്)- യുടെ പാരിസ്ഥിതികാഘാത പഠനത്തിനുള്ള ടേംസ് ഓഫ് റഫറൻസ് കിട്ടാനുള്ള ശ്രമം നടക്കുകയുമാണ്. കടമാന്തോടിൽ ഒരു പദ്ധതിക്കുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അവിടെ സർവ്വേ നടത്താൻ ചെന്ന ഇറിഗേഷൻ ഉദ്യോഗസ്ഥരോട് പ്രദേശവാസികൾ നിസ്സഹകരിക്കുകയാണ് ഉണ്ടായത്. അതുകൊണ്ട് ജില്ലാ കളക്ടർ, എം.എൽ.എ.മാരെയും മറ്റ് ജനപ്രതിനിധികളെയും വിളിച്ചുകൂട്ടി പദ്ധതികളുമായി മുന്നോട്ടുപോവുകയാണ്. അത്തരത്തിൽ, കാവേരി ട്രിബ്യൂണലിലൂടെ ലഭിച്ച വെള്ളം പരമാവധി ഉപയോഗപ്പെടുത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡിന്റെ യോഗം കഴിഞ്ഞ ആഴ്ചയും ഉണ്ടായിരുന്നു. അതിൽ പറമ്പിക്കുളത്തിന്റെ വെള്ളം ഈ ആഴ്ചയും അടുത്ത ആഴ്ചയുമായി വിട്ടു നൽകാനുള്ള ധാരണയായിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ നടക്കുകയാണ്. മുല്ലപ്പെരിയാർ പ്രശ്നം കുറച്ച് സങ്കീർണ്ണമാണ്. അവിടെയുള്ള ജലനിരപ്പ് ഉയർത്താൻ, രാജ്യത്തിന്റെ പരമോന്നത നീതിപീഠമായ സുപ്രീംകോടതിയുടെ അനുവാദം കിട്ടിയെന്നുള്ളതുകൊണ്ടാണ് അതിനെ പ്രതിരോധിക്കാൻ കഴിയാത്ത അവസ്ഥയുണ്ടായത്. അതുസംബന്ധിച്ച് ഏതെല്ലാം പ്രവർത്തനം നടത്താമെന്ന് പരിശോധിക്കാം. കർമ്മ സമിതി രൂപീകരിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

## ഇ.എസ്.ഐ. ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ

3 (*332) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളെയും ഡിസ്പെൻസറികളെയും കാലഘട്ടത്തിനനുസൃതമായി മാറ്റുന്നതിനും തൊഴിലാളികൾക്ക് മികവുറ്റ സേവനം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രികളിൽ നേരിടുന്ന പരാധീനതകൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി 2016-ൽ നിയോഗിച്ച കമ്മിറ്റിയുടെ ശിപാർശയിന്മേൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഫറോക്ക്, പേരൂർക്കട ഇ. എസ്. ഐ. ആശുപത്രികളിൽ അനുവദിച്ച കീമോതെറാപ്പി യൂണിറ്റ് പ്രവർത്തനസജ്ജമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഡി) ഇ.എസ്.ഐ. ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നടപ്പിലാക്കുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(ഇ) ഇ. എസ്. ഐ. ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, (എ) ഉണ്ട്.

(ബി) 14-12-2016-ലെ സ.ഉ.(സാധാ)നമ്പർ 1539/2016/തൊഴിൽ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി മൂന്നംഗ കമ്മിറ്റി രൂപീകരിച്ചിരുന്നു. ടി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കമ്മിറ്റി ശിപാർശകളും സ്വീകരിച്ച നടപടികളും സംബന്ധിക്കുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ഫറോക്ക്, പേരൂർക്കട എന്നീ ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 49,99,964 രൂപ അനുവദിച്ചിട്ടുണ്ട്. ആയത് മൂന്ന് മാസത്തിനകം പ്രവർത്തനസജ്ജമാക്കാൻ കഴിയുന്നതാണ്.

(ഡി) ഇ.എസ്.ഐ. ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഒ.പി. അനുവദിക്കുന്നതിന് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ 2017-18 വർഷത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തി സർക്കാർ ഭരണാനുമതി

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നൽകിയിട്ടുണ്ട്. തോട്ടട ഇ.എസ്.ഐ. ആശുപത്രിയിൽ ഓങ്കോളജി, കാർഡിയോളജി, നെഫ്രോളജി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്ന വിഷയവും മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്ന വിഷയവും പരിശോധിച്ചുവരുന്നു. പേരൂർക്കട, ഫറോക്ക് ഇ.എസ്.ഐ. ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

(ഇ) സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ഇ.എസ്.ഐ. കോർപ്പറേഷന്റെ പരിധിയിലാണ്. ഇ.എസ്.ഐ. ആശുപത്രികളിൽ ലഭ്യമല്ലാത്ത സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകൾ കാഷ്‌ലെസ്സ് സേവനമായി നൽകുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷൻ നേരിട്ട് 50 സ്വകാര്യ/പൊതുമേഖലാ ആശുപത്രികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പണം നൽകാതെ ക്യാൻസർ ചികിത്സ ലഭ്യമാക്കാനായി മലബാർ ക്യാൻസർ സെന്റർ, റീജിയണൽ ക്യാൻസർ സെന്റർ എന്നീ ആശുപത്രികളുമായും ഇ.എസ്.ഐ. കോർപ്പറേഷൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, സംസ്ഥാനത്തെ സാധാരണക്കാരായ തൊഴിലാളികളുടെ ഏറ്റവും വലിയ അഭയകേന്ദ്രമാണ് ഇ.എസ്.ഐ. ആശുപത്രികൾ. ഇ.എസ്.ഐ. ആശുപത്രികളുടെ സ്ഥിതിയെക്കുറിച്ച് പഠിക്കാൻ 2016-ൽ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിൽ വളരെ ഗൗരവതരമായ ചില പ്രശ്നങ്ങളാണ് ഉയർത്തിക്കാട്ടിയിരിക്കുന്നത്. സംസ്ഥാനത്തെ പല ഇ.എസ്.ഐ. ആശുപത്രികളും പരിതാപകരമായ നിലയിലാണ്. പലതും പൊട്ടിപ്പൊളിഞ്ഞ് ചോർന്നൊലിക്കുന്നതും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതുമായ ആശുപത്രികളാണ്. ഇതിൽ കുറേ കാര്യങ്ങൾ ചെയ്യേണ്ടത് സംസ്ഥാന ഗവൺമെന്റും കുറേ കാര്യങ്ങൾ ചെയ്യേണ്ടത് ഇ.എസ്.ഐ. കോർപ്പറേഷനുമാണ്. അതുകൊണ്ട് ഈ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും തൊഴിലാളികൾക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വേണ്ടിയുള്ള സമഗ്രമായൊരു പാക്കേജ് തയ്യാറാക്കി കേന്ദ്ര സർക്കാരിൽ സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ മുൻകയ്യെടുക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. കമ്മീഷന്റെ റിപ്പോർട്ടിൽ, ഈ ആശുപത്രികൾ സ്ഥാപിച്ചപ്പോഴുണ്ടായിരുന്ന അടിസ്ഥാന സൗകര്യങ്ങളിൽ വളരെ കാര്യമായ മാറ്റങ്ങൾ കെട്ടിടങ്ങളിൽ ഉൾപ്പെടെ വരുത്തുന്നതിന് സാധിച്ചില്ലെന്ന് പറയുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വളരെ സജീവമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. അതാണ് ഞാൻ സൂചിപ്പിച്ചത്. നിശ്ചയമായും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സഹായത്തോടുകൂടി ഇ.എസ്.ഐ. ആശുപത്രികൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, രണ്ട് പ്രധാനപ്പെട്ട പ്രശ്നങ്ങളുണ്ട്. ഒന്ന്, ആശുപത്രികളിലൊന്നും സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളില്ല. ഗുരുതരമായ രോഗം ബാധിച്ചുവരുന്ന രോഗികളെയെല്ലാം സ്വകാര്യ ആശുപത്രികളിൽ പ്രവേശിപ്പിക്കേണ്ട സാഹചര്യമാണുണ്ടാകുന്നത്. അതിനുവേണ്ടി 50 സ്വകാര്യ/പൊതുമേഖലാ ആശുപത്രികളുമായാണ് ധാരണയുണ്ടാക്കിയിരിക്കുന്നത്. സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ മുഴുവൻ ഇ.എസ്.ഐ. കോർപ്പറേഷനാണ് വഹിക്കുന്നത്. ഈ 50 ആശുപത്രികളിലേയ്ക്കായി പണം പോകുകയാണ്. ആ പണം ഇവിടെ ഇൻവെസ്റ്റ് ചെയ്തുകഴിഞ്ഞാൽ ഇ.എസ്.ഐ. ആശുപത്രിയിൽത്തന്നെ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്താനും തൊഴിലാളികളായ രോഗികൾക്ക് അവിടെത്തന്നെ ചികിത്സ ലഭിക്കുന്നതിനുമുള്ള സൗകര്യമുണ്ടാകും. അതുപോലെ മെഡിക്ലെയിം വളരെ വൈകിയാണ് ലഭ്യമാകുന്നത്. പണം റീ-ഇംബേഴ്സ് ചെയ്തുകിട്ടുന്നതും മറ്റ് കാര്യങ്ങളുമെല്ലാം വളരെ വൈകുന്നുണ്ട്. ഈ രണ്ട് കാര്യങ്ങൾക്കും പ്രഥമ പരിഗണന നൽകി വളരെ പെട്ടെന്ന് അതിന് പരിഹാരമുണ്ടാക്കാനുള്ള ശ്രമം ഗവൺമെന്റ് നടത്തുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾക്കുണ്ടാകേണ്ട സൗകര്യം നിസ്സാരമായതല്ല. അത് വലിയ മുതൽമുടക്ക് വേണ്ടിവരുന്ന കാര്യമാണ്. ഇന്ന് സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളുള്ള ആശുപത്രികളിൽ ഇ.എസ്.ഐ. ആശുപത്രികളുടെ സേവനം കഴിഞ്ഞാൽ ബാക്കിയുള്ള കാര്യങ്ങളിൽ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് ചില സന്ദർഭങ്ങളിലെടുക്കുന്ന നിലപാടുകൾ, ചികിത്സാ ബില്ലുകൾ പിടിച്ചുവയ്ക്കുക തുടങ്ങിയ കാര്യങ്ങൾ കുറച്ച് പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. പക്ഷെ, ഗവൺമെന്റ് അക്കാര്യത്തിൽ ഫലപ്രദമായി ഇടപെടുന്നതിന്റെ ഭാഗമായി സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് വിധേയരായവരുടെ ചികിത്സാ ബില്ലുകളെല്ലാംതന്നെ കൃത്യസമയത്ത് അടയ്ക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. തൽക്കാലം നമുക്ക് ആ വഴിയിലൂടെ സഞ്ചരിക്കാനേ സാധിക്കുകയുള്ളൂ.

ശ്രീ. സണ്ണി ജോസഫ്: സർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ പതിനായിരക്കണക്കിന് തൊഴിലാളികളുടെ ഏക ആശ്രയമായ തോട്ടട ഇ.എസ്.ഐ. ആശുപത്രി നവീകരിക്കണമെന്ന് പലപ്പോഴും തൊഴിലാളികൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ലഭ്യമായ ഉത്തരത്തിൽ പറഞ്ഞിരിക്കുന്നത് തോട്ടട ഇ.എസ്.ഐ. ആശുപത്രിയിൽ ഓങ്കോളജി, കാർഡിയോളജി, നെഫ്രോളജി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നുവെന്നാണ്. ഇത് തീർത്തും നിരാശ ജനിപ്പിക്കുന്ന ഒരു ഉത്തരമായിപ്പോയി എന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് തോട്ടട ആശുപത്രിയുടെ വികസനത്തിനുവേണ്ടി കേന്ദ്ര സഹായംകൂടി ലഭ്യമാക്കുന്ന പദ്ധതികളാവിഷ്കരിക്കണമെന്ന് അവിടത്തെ തൊഴിലാളികൾ

ആവശ്യപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; അതുപോലെ തന്നെ തലശ്ശേരി ക്യാൻസർ സെന്ററിലേയ്ക്ക് റഫർ ചെയ്യുന്നതുമായി ബന്ധപ്പെട്ട്, മുമ്പൊരിക്കൽ റഫർ ചെയ്തുകഴിഞ്ഞാൽ അവർക്ക് ആറുമാസത്തേയ്ക്ക് ചികിത്സാ സൗകര്യമുണ്ടായിരുന്നു. ഇപ്പോൾ അത് 7 ദിവസത്തേയ്ക്കായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. ആ വ്യവസ്ഥ മാറ്റി തൊഴിലാളികൾക്ക് അനുകൂലമായ തരത്തിലുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, തോട്ടട ഇ.എസ്.ഐ. ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. കൂടുതൽ സജീവമായി അത് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ എടുക്കുന്നതാണ്.

ശ്രീ. അൻവർ സാദത്ത്: സർ, ഇ.എസ്.ഐ. ആശുപത്രികളെ ആശ്രയിക്കുന്നത് വളരെ പാവപ്പെട്ട തൊഴിലാളികളാണ്. പലപ്പോഴും ഗുരുതരമായ അസുഖങ്ങൾ, ആക്സിഡന്റ്, പെട്ടെന്നുണ്ടാകുന്ന ഹൃദയസംബന്ധമായ അസുഖങ്ങൾ എന്നിവകാരണം മറ്റ് ആശുപത്രികളിലേയ്ക്ക് പെട്ടെന്ന് കൊണ്ടുപോകേണ്ട സാഹചര്യമുണ്ടാകുന്നു. ഇ.എസ്.ഐ. ആശുപത്രികളിൽ കാണിച്ച് റഫർ ചെയ്യണം എന്നൊരു നിയമമുണ്ട്. ആ നിയമത്തിന്റെ പേരിൽ പലപ്പോഴും പല രോഗികളും വലിയ പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. ആ ആശുപത്രികളിൽനിന്ന് കൊണ്ടുപോകാൻ സാധിക്കാത്തതരത്തിൽ അത്രയും സീരിയസായ, നേരെ വെന്റിലേറ്ററിലേയ്ക്ക് പ്രവേശിപ്പിക്കേണ്ടിവരുന്ന രോഗികളുണ്ട്. ഇവിടെ കൊണ്ടുപോയി അഡ്മിറ്റ് ചെയ്ത് രേഖയിൽപ്പെടുത്തി തിരിച്ചുകൊണ്ടുവരുന്നത് പ്രായോഗികമായി നടക്കില്ല. അങ്ങനെയുള്ള കാര്യങ്ങളിൽ ഇടപെട്ട് നിയമത്തിൽ മാറ്റം വരുത്തിയാൽ ഇവിടത്തെ പാവപ്പെട്ട തൊഴിലാളികളെ സംരക്ഷിക്കാൻ സാധിക്കും. ഗുരുതര ഹൃദയസംബന്ധമായ അസുഖങ്ങളുള്ള രോഗികൾക്കും രണ്ടുവർഷം ഇ.എസ്.ഐ.യിൽ അംഗമായാൽ മാത്രമാണ് ആ ചികിത്സ ലഭ്യമാകുന്നത്. അത് ഒരുവർഷമാക്കി കുറയ്ക്കുവാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യം തന്നെയാണ്. ഗുരുതരമായ അപകടത്തിൽപ്പെട്ടുവരുന്ന ആളുകളെ ഇ.എസ്.ഐ. ആശുപത്രിയിൽ കൊണ്ടുപോയി അഡ്മിറ്റ് ചെയ്ത് അവിടെ ചികിത്സ കഴിഞ്ഞിട്ട് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലേയ്ക്കോ മെഡിക്കൽ കോളേജിലേയ്ക്കോ കൊണ്ടുപോകുക എന്നത് പ്രയാസകരമായ കാര്യമായിരിക്കും. അക്കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്നുള്ള കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, കൊല്ലം ജില്ലയിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിൽ കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ ഭരണകാലത്തുതന്നെ തൊഴിലാളികൾക്കുവേണ്ടി ഓങ്കോളജി ഡിപ്പാർട്ട്മെന്റ് തുടങ്ങിയിരുന്നു. എറണാകുളത്തുള്ള സൈറ്റോടെക്നോള ജിസ്റ്റിനെ ഉൾപ്പെടെ ഇവിടെ കൊണ്ടുവന്നാണ് ഓങ്കോളജി വിഭാഗം ആരംഭിച്ചത്. എന്നാൽ ഇ.എസ്.ഐ. ആശുപത്രി കോർപ്പറേഷൻ ഏറ്റെടുത്തുകഴിഞ്ഞപ്പോൾ ഈ വിഭാഗം അവിടെ നിർത്തലാക്കി. അത് വലിയ പ്രയാസമുളവാക്കുന്ന കാര്യമാണ്. ധാരാളം കശുവണ്ടിത്തൊഴിലാളികൾക്ക് ഈ രോഗം ഉള്ളതായി കണ്ടുപിടിക്കാനും കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ട്രിബ്യൂണലിന്റെ വിധി വന്നിട്ടും ഓങ്കോളജി വിഭാഗം പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് പുന:സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കൊല്ലം എഴുകോണിൽ ഇ.എസ്.ഐ. ആശുപത്രി നിർത്തലാക്കിയിട്ടില്ല. ആ ആശുപത്രി സംസ്ഥാന ഗവൺമെന്റിൽ നിന്നും ഇ.എസ്.ഐ. കോർപ്പറേഷൻ ഏറ്റെടുക്കുകയാണുണ്ടായത്. ഇപ്പോൾ അത് ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചുവരികയാണ്. അവിടെ നിർത്തലാക്കിയത് ആയുർവ്വേദ യൂണിറ്റിന്റെ പ്രവർത്തനമാണ്. അത് പുനരാരംഭി ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്. ഓങ്കോളജി വിഭാഗത്തിന്റെ പ്രവർത്തനവും അവർ നിർത്തലാക്കി. അതും പുനരാരംഭിക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുകയാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യം പല ഇ.എസ്.ഐ. ആശുപത്രികളിലും ലഭിക്കാത്തതിനാൽ അവിടെനിന്ന് റഫർ ചെയ്യുന്ന കേസുകൾ സ്വകാര്യ ആശുപത്രികളിലാണ് ചികിത്സിക്കുന്നത്. എന്നാൽ ഇപ്പോൾ സ്വകാര്യ ആശുപത്രികളിൽ ഇതിനാവശ്യമായ ചികിത്സാച്ചെലവ് ലഭ്യമാകുന്നില്ല എന്ന കാരണത്താൽ സ്വകാര്യ ആശുപത്രികൾ തൊഴിലാളികൾക്ക് ഈ സൗകര്യം നിഷേധിക്കുകയാണ്. തൊഴിലാളികൾക്ക് ലഭ്യമാകേണ്ട സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാസൗകര്യം ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ ഒരുക്കാൻ സാധ്യമാകാത്ത സാഹചര്യത്തിൽ സ്വകാര്യ ആശുപത്രികളിൽനിന്ന് ലഭിച്ചിരുന്ന ആനുകൂല്യംപോലും ഇല്ലാതാകുകയാണ്. സ്വകാര്യ ആശുപത്രികൾക്ക് ഇതിന്റെ ചെലവ് കൃത്യമായി നൽകി ഇപ്പോൾ ലഭ്യമാകുന്ന ചികിത്സാസൗകര്യം പുനഃസ്ഥാപിക്കാൻ എന്തൊക്കെ നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നത്?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വളരെ ഗൗരവമുള്ള ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. അടിയന്തര ഘട്ടങ്ങളിൽ ഇ.എസ്.ഐ.-യിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് വിധേയ

രാകുന്നവരുടെ ചികിത്സാ ബില്ലുകൾ ഇ.എസ്.ഐ. കോർപ്പറേഷൻ തിരിച്ചയച്ച അവസ്ഥയുണ്ടായിട്ടുണ്ട്. ആ സന്ദർഭത്തിൽ ഗവൺമെന്റ് വളരെ ഫലപ്രദമായി ഇടപെടുകയുണ്ടായി. തൊഴിലും എക്സൈസും വകുപ്പുമന്ത്രി 2017 ഡിസംബറിൽ ബഹുമാനപ്പെട്ട കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിയെ സന്ദർശിച്ച് ഈ വിഷയം ചർച്ച ചെയ്യുകയും നിവേദനം സമർപ്പിക്കുകയും ചെയ്തു. കൂടാതെ സർക്കാരുമായി ആലോചിക്കാതെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ തിരിച്ചയച്ച നടപടിയിൽ സർക്കാരിന്റെ അതൃപ്തി സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറെ തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അർദ്ധ ഔദ്യോഗിക കത്ത് മുഖേന അറിയിക്കുകയും തീരുമാനം പുന:പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. 22-1-2018-ൽ ചേർന്ന ഇ.എസ്.ഐ. കോർപ്പറേഷൻ റീജിയണൽ ബോർഡ് യോഗത്തിലും ഈ വിഷയം ചർച്ച ചെയ്യുകയും സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറോട് അനുകൂല നിലപാട് സ്വീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. തുടർന്ന് സൂപ്പർ സ്പെഷ്യാലിറ്റി ബില്ലുകളും എമർജൻസി സൂപ്പർ സ്പെഷ്യാലിറ്റി ബില്ലുകളും സ്വീകരിക്കുന്നതിന് സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർക്ക് നിർദ്ദേശം നൽകണമെന്നഭ്യർത്ഥിച്ച് ഇ.എസ്.ഐ. കോർപ്പറേഷൻ ഡയറക്ടർ ജനറലിന് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്തും അയച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ സമ്മർദ്ദത്തെത്തുടർന്ന് ഇ.എസ്.ഐ. കോർപ്പറേഷൻ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷകൾ തിരികെ വാങ്ങുകയും തൊഴിലാളികൾക്ക് തുക അനുവദിക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ തൊഴിലാളികൾ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ ഗ്രീവൻസസ് സെല്ലിൽ പരാതി നൽകിയിട്ടുണ്ടായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ തൊഴിലാളികൾക്ക് റീ-ഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുള്ളത്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, പീരുമേട് നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ഇ.എസ്.ഐ. ആശുപത്രികൾ ആരംഭിക്കുന്നതിന് വകുപ്പ് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; എത്ര കാലത്തിനുള്ളിൽ ഈ ആശുപത്രികൾ പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്ന് പറയാമോ?

<u>മി. സ്പീക്കർ</u>: പ്രാദേശികമായ അത്തരം ചോദ്യം പെട്ടെന്ന് ചോദിച്ചാൽ പറയാൻ കഴിയുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, സംസ്ഥാനത്ത് 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പീരുമേട് നിയോജക മണ്ഡലത്തിലും കുമിളിയിലും രണ്ട് ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള തീരുമാനം സർക്കാർ എടുത്തിട്ടുണ്ടായിരുന്നു. 18 ആശുപത്രികൾ

പുതുതായി ആരംഭിക്കാൻ തീരുമാനിച്ചെങ്കിലും ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് ഇ.എസ്.ഐ. കോർപ്പറേഷനാണ്. നമ്മൾ 18 സ്ഥലങ്ങളിലും ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കാൻ അഭ്യർത്ഥിച്ചെങ്കിലും നാളിതുവരെ ഇടുക്കി ജില്ലയിലെ കട്ടപ്പന, കോഴിക്കോട് ജില്ലയിലെ മുക്കം എന്നീ സ്ഥലങ്ങളിൽ രണ്ട് ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ പ്രവർത്തനം തുടങ്ങുന്നതിനുള്ള അനുമതി മാത്രമെ ഇ.എസ്.ഐ. കോർപ്പറേഷൻ നൽകിയിട്ടുള്ളൂ. പല കാരണങ്ങളാൽ ബാക്കി 16 എണ്ണവും കോർപ്പറേഷൻ മാറ്റിവച്ചിരിക്കുകയാണ്. ഗവൺമെന്റ് ആ 16 എണ്ണം കൂടി ആരംഭിക്കുന്നതിനുള്ള സമ്മർദ്ദം ചെലുത്തുന്നുണ്ട്. അതിനാവശ്യമായ മറ്റ് കാര്യങ്ങളെല്ലാം സർക്കാർ ചെയ്തിട്ടുണ്ടായിരുന്നു. പുതിയ തസ്തികകളുടെ ക്രിയേഷൻ ഗവൺമെന്റ് ചെയ്തുകഴിഞ്ഞതാണ്. പക്ഷേ ദൗർഭാഗ്യ വശാൽ ഇപ്പോൾ രണ്ടെണ്ണം മാത്രമേ അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്നുള്ള നിലപാട് കോർപ്പറേഷൻ സ്വീകരിച്ചിരിക്കുകയാണ്. ബാക്കിയുള്ളതും കൂടി അനുവദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയാണ്. ആ സന്ദർഭത്തിൽ കുമിളിയിലും പീരുമേടിലും ആശുപത്രികൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടി ഉണ്ടാകും.

മി. സ്പീക്കർ: അടുത്ത ചോദ്യം വളരെ പ്രധാനപ്പെട്ടതാണ്. ചോദ്യം നമ്പർ *333. 333-ാം നമ്പർ ചോദ്യം 352-ാം നമ്പർ ചോദ്യവുമായി ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. പി. ഉബൈദുള്ള നോട്ടീസ് നൽകിയിരുന്നു. അതിന്റെ ചോദ്യവും ഉത്തരവും വളരെ വ്യത്യസ്തമാണ്. അതുകൊണ്ട് ക്ലബ്ബിംഗ് അനുവദിക്കുന്നില്ല.

## പട്ടികവിഭാഗങ്ങളിൽപ്പെട്ടവർക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം

4 (*333) ശ്രീ. സി. എഫ്. തോമസ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർല മെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ ഉന്നത വിദ്യാഭ്യാസം ചെയ്യുന്നതിന് ധനസഹായം നൽകുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കുമോ;

(സി) ഏതൊക്കെ കോഴ്സുകൾക്കാണ് ധനസഹായം നൽകുന്നതെന്ന് വെളിപ്പെടുത്തുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, (എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

(ബി&സി) 2-7-2009-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 50/2009/ പ.ജ.പ.വ.വി.വ. പ്രകാരം താഴെ പറയുന്ന രീതിയിലാണ് വരുമാന പരിധിയില്ലാതെ സംസ്ഥാന സർക്കാർ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്.

1. കേരളത്തിനുപുറത്ത് താൽക്കാലികമായി ഔദ്യോഗിക ആവശ്യങ്ങൾക്ക് താമസിക്കേണ്ടി വരുന്ന പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് അവിടത്തെ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് കേരളത്തിലെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന അതേ രീതിയിൽ എല്ലാ കോഴ്സുകൾക്കും ധനസഹായം ലഭിക്കും.

2. കേരളത്തിൽ സ്ഥിരതാമസക്കാരായ വിദ്യാർത്ഥികൾക്ക് കേരളത്തിൽ ലഭ്യമല്ലാത്ത കോഴ്സുകൾക്ക് അന്യ സംസ്ഥാനങ്ങളിൽ പഠിക്കുന്നതിന് സംസ്ഥാനത്തെ സമാന കോഴ്സുകൾക്ക് അനുവദിക്കുന്ന എല്ലാ ആനുകൂല്യങ്ങളും നൽകുന്നു.

3. കേന്ദ്ര സർക്കാർ/കേന്ദ്ര യൂണിവേഴ്സിറ്റികൾ/മറ്റു കേന്ദ്ര ഏജൻസികൾ എന്നിവ നടത്തുന്ന മത്സരപ്പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെട്ട് അന്യ സംസ്ഥാനങ്ങളിൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും ലഭിക്കും.

4. കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള ഡീംഡ് യൂണിവേഴ്സിറ്റികളിലും സർക്കാർ കോളേജുകളിലും പ്രൊഫഷണൽ കോഴ്സുകൾക്ക് മെരിറ്റിലും റിസർവേഷനിലും പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ആനുകൂല്യം ലഭ്യമാണ്.

മേൽപ്പറഞ്ഞ കോഴ്സുകൾ, സ്ഥാപനങ്ങൾ എന്നിവയിൽ ഉൾപ്പെടാത്തതും കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കുറഞ്ഞതുമായ വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് ലഭിക്കുന്നതാണ്. ഇത് സ്വകാര്യ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ലഭിക്കും.

ശ്രീ. സി. എഫ്. തോമസ്: സർ, കേരളത്തിൽ സ്ഥിരതാമസക്കാരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഇവിടെ ലഭ്യമല്ലാത്ത കോഴ്സുകൾക്ക് മാത്രമെ മറ്റ് സംസ്ഥാനങ്ങളിൽ സഹായം കൊടുക്കുകയുള്ളൂവെന്ന് പറയുന്നു. അങ്ങേയ്ക്കറിയാം, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യമുന്നേറ്റത്തിന് ഏറ്റവും പ്രധാനപ്പെട്ട ഘടകം എന്നുപറയുന്നത് അവരുടെ വിദ്യാഭ്യാസപരമായ ഉയർച്ചയാണ്. ഈ കുട്ടികൾക്ക്, ഇവിടെയുള്ള കോഴ്സുകൾക്ക് പലപ്പോഴും പല കാരണങ്ങൾകൊണ്ടും നമ്മുടെ കോളേജുകളിൽ അഡ്മിഷൻ കിട്ടാതെ വരുന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. പക്ഷെ ഇവിടെ സ്ഥിരതാമസക്കാരായ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇവിടെ ലഭ്യമാകുന്ന കോഴ്സുകൾക്കും മറ്റ് സംസ്ഥാനങ്ങളിൽ ചെന്ന് പഠിക്കാനുള്ള സഹായം നൽകുമോ?

ശ്രീ. എ. കെ. ബാലൻ: സർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾക്ക് ഇവിടെ പഠിക്കുന്നതിന് ഒരു ബുദ്ധിമുട്ടും ഇപ്പോഴില്ല. ഇവിടെ ആവശ്യമുള്ള കോഴ്സുകളുണ്ട്. ഇവിടെയുള്ള കോഴ്സുകൾക്കപ്പുറമുള്ള കോഴ്സുകൾ ഇന്ത്യയിലെ ഏത് സംസ്ഥാനത്ത് പോയി പഠിക്കുന്നതിനും ആനുകൂല്യം നൽകും. ഇവിടെയുള്ള കോഴ്സുകൾ പുറത്തുപോയി പഠിക്കുന്നതിന് ആനുകൂല്യം കൊടുക്കേണ്ടതില്ല. അത് തെറ്റായ പ്രവണതയാണ്. ഇവിടെ ഏതെങ്കിലും പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കാത്ത സ്ഥിതിയുണ്ടെങ്കിൽ ഇവിടെത്തന്നെ സീറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

ശ്രീ. സി. എഫ്. തോമസ്: സർ, ഇത് സംബന്ധിച്ച് ഒരു കണക്കൊക്കെ എടുക്കുന്നത് നന്നായിരിക്കും. പലപ്പോഴും ഈ കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കാതെ പോകുന്നുണ്ട്. അതിന്റെ കാരണങ്ങളും എല്ലാവർക്കുമറിയാം. അതുകൊണ്ട് അങ്ങ് പറയുന്നത് ഒന്നുകൂടി പരിശോധിക്കണം. ഇവിടെ ധാരാളം കുട്ടികൾക്ക് അവസരം നിഷേധിക്കപ്പെടുന്നുണ്ട്. രണ്ടാമത്തെ ചോദ്യം, മറ്റ് സംസ്ഥാനങ്ങൾ എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. മറ്റ് രാജ്യങ്ങളിൽ പോയി പുതിയ കോഴ്സുകൾക്ക് ചേരാനുള്ള സഹായം ഗവൺമെന്റ് കൊടുക്കുന്നുണ്ടോ; ഇല്ലെങ്കിൽ അത് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇവിടെ സീറ്റ് ലഭ്യമാകാത്തതിന്റെ ഭാഗമായി ഏതെങ്കിലും കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നിർത്തലാക്കേണ്ട സ്ഥിതിയുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട മെമ്പറുടെ ഈ പരാമർശത്തിന്റെ ഭാഗമായി അത് ഗൗരവമായി പരിശോധിക്കും. വിദേശ പഠനത്തിന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു മാനദണ്ഡമുണ്ടാക്കിയിട്ടുണ്ട്. അതായത്

ലോക റാങ്കിംഗിൽ 500 വരെയുള്ള സ്ഥാപനങ്ങൾക്കാണ് നമ്മൾ വിദേശത്ത് പഠിക്കുന്നതിന് ആനുകൂല്യം നൽകുന്നത്. അതിൽ 12 ലക്ഷം വരെ വാർഷിക വരുമാനമുള്ള രക്ഷിതാക്കളുടെ കുട്ടികൾക്ക് ഒരു ബുദ്ധിമുട്ടുമില്ല. നമ്മൾ വരുമാനം നോക്കാതെ തന്നെ കൊടുക്കുന്നുണ്ട്. 12 ലക്ഷം മുതൽ 20 ലക്ഷം വരെ വാർഷിക വരുമാനമുള്ള പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങളിലെ കുട്ടികൾ പഠിക്കുമ്പോൾ അവരുടെ ട്യൂഷൻ ഫീസ് പൂർണ്ണമായും ബോർഡിംഗ് ആൻഡ് ലോഡ്ജിംഗിന്റെ പകുതിയും ഗവൺമെന്റ് നൽകും. വരുമാനം 20 ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങൾ സാമ്പത്തികമായി അത്ര മോശമായിരിക്കില്ല. എന്നാലും നമ്മൾ ട്യൂഷൻ ഫീസ് പരിപൂർണ്ണമായും കൊടുക്കും. ബോർഡിംഗ് ആൻഡ് ലോഡ്ജിംഗ് ആ കുട്ടികൾ തന്നെ എടുക്കണം. ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഒരിക്കൽ ഈ രൂപത്തിലുള്ള ഒരു മാനദണ്ഡം നിങ്ങൾ വയ്ക്കണമെന്ന് എന്നോട് വിളിച്ചുപറഞ്ഞു. വച്ചില്ലെങ്കിൽ പുറത്തുപോയി പഠിക്കുന്ന കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ടാകും, ഒരു അവ്യക്തതയുണ്ട്. അതുകൊണ്ട് ഈ കാര്യങ്ങൾ പരിശോധി ക്കണമെന്ന് പറഞ്ഞിരുന്നു. അതിന്റെ ഭാഗമായി കുട്ടികൾക്ക് വിദേശത്തുപോയി പഠിക്കുന്നതിന് ഇപ്പോൾ ഒരു ബുദ്ധിമുട്ടുമില്ല. ക്ലാരിറ്റിയോടുകൂടിയുള്ള ഗവൺമെന്റിന്റെ ഉത്തരവുള്ളതുകൊണ്ട് പുറത്തുപോയി പഠിക്കുമ്പോൾ ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ല. അതിന്റെ ഭാഗമായി 12 കുട്ടികൾ ഇപ്പോൾ വിദേശത്ത് പഠിക്കുകയാണ്. നല്ല നിലവാരമുള്ള യൂണിവേഴ്സിറ്റികളിലാണ് പഠിക്കുന്നത്. ഇതേപോലെതന്നെ ഒരു നിലവാരവുമില്ലാത്ത ചില യൂണിവേഴ്സിറ്റികൾ ഉണ്ട്. അവിടെപോയിട്ട് ഞങ്ങൾക്ക് ആനുകൂല്യം ലഭിക്കണമെന്ന് ഇവിടെ പറയും. അതിന്റെ ഭാഗമായിട്ടാണ് ഗവൺമെന്റ് 500 സ്ഥാപനങ്ങളെ ലിസ്റ്റിൽപ്പെടുത്തിയിരിക്കുന്നത്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി ആരംഭിച്ച പാലക്കാട് മെഡിക്കൽ കോളേജിൽ ഇപ്പോൾ അഞ്ചാമത്തെ ബാച്ചിൽ അഡ്മിഷൻ നടത്താൻ കഴിഞ്ഞിട്ടില്ല. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അത് ഒബ്ജക്ട് ചെയ്തിരിക്കുകയാണ്. ഗവൺമെന്റ് നല്ല നിലയിൽ ഇടപെടുന്നുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസിന് പോയതും വകുപ്പുമന്ത്രി കേന്ദ്രമന്ത്രിയുമായി സംസാരിച്ചതുമെല്ലാം നല്ല നിലയിൽത്തന്നെ കാണുന്നു. നമ്മുടെ സംസ്ഥാനത്ത് ഇത്തരം സാഹചര്യങ്ങൾ വരുമ്പോൾ, പ്രത്യേകിച്ചും ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങൾക്ക് നിദാനമാകാവുന്ന ഇത്തരം മെഡിക്കൽ കോളേജുകളുടെ പ്രവർത്തനങ്ങളിൽ ശക്തമായ ഇടപെടലുണ്ടായില്ലെങ്കിൽ വരും വർഷങ്ങളിലും ഇതേ അവസ്ഥതന്നെ ഉണ്ടാകുമെന്ന ആശങ്ക ജനങ്ങൾക്കുണ്ടാകും. ഇവിടത്തെ പ്രധാന വിഷയം ഇത് ആരോഗ്യ വകുപ്പിന് കീഴിലല്ല എന്നതാണ്.

നിയമനം മുതലുള്ള എല്ലാ നടപടികളും വ്യത്യസ്തമാണ്. അതുകൊണ്ടുതന്നെ ഇതിനെ സംബന്ധിച്ച് ജനങ്ങളിൽ ആശങ്കകൾ ഉണ്ടാകാനുള്ള സാധ്യതകളും വർദ്ധിച്ചു വരുന്നു. അതുകൊണ്ട് വരുംവർഷങ്ങളിൽ ഈ വിഷയം ഉണ്ടാകാതിരിക്കാനും പോസിറ്റീവായ സമീപനത്തോടുകൂടി ഈ വിഷയം പരിഹരിച്ച് ഭാവിയിൽ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സുരക്ഷ ഉറപ്പുവരുത്തി അഡ്മിഷൻ ലഭ്യമാകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് എന്തെല്ലാം കാര്യങ്ങളാണ് ഇതുവരെ ചെയ്തിട്ടുള്ളത്?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇക്കാര്യത്തിൽ ഫലപ്രദമായിട്ടുള്ള നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. മുൻഗവൺമെന്റ് നല്ല വിശ്വാസത്തിൽ തുടങ്ങിയ ഒരു സ്ഥാപനമാണിത്. സാങ്കേതികമായും നിയമപരമായുമുള്ള ഒട്ടേറെ കടമ്പകൾ ഇതിന്റെ ഭാഗമായി ഉണ്ടാകുമെന്ന് ഞാൻ അപ്പോൾതന്നെ മുന്നറിയിപ്പ് നൽകിയതാണ്. അതിപ്പോൾ നമ്മൾ അനുഭവിക്കുകയാണ്. ഇതെല്ലാമുണ്ടെങ്കിൽപ്പോലും 100 കുട്ടികളിൽ 76 പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് എം.ബി.ബി. എസ്.-ന് പ്രവേശനം ലഭിക്കുന്ന ഇന്ത്യയിലെ ഒരേയൊരു സ്ഥാപനമാണ് ഈ മെഡിക്കൽ കോളേജ്. ഇതിന്റെ ഭാഗമായി ഏതാണ്ട് 85 ശതമാനം നമ്മൾ കംപ്ലൈ ചെയ്തു. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ ഇൻസ്പെക്ഷൻ വിംഗ് രണ്ട് പ്രാവശ്യം ഇവിടെ വന്നപ്പോൾ അവരെ നമ്മളിത് ബോധ്യപ്പെടുത്തിയതാണ്. സ്വാഭാവികമായും ഒരു പ്രശ്നവുമുണ്ടാകില്ലെന്നാണ് നമ്മൾ ധരിച്ചത്. മാത്രമല്ല, റെസിഡന്റ് കമ്മീഷണറും പ്രിൻസിപ്പൽ സെക്രട്ടറി ഡോ. വി. വേണുവും അവിടെ പോയി ജോയിന്റ് സെക്രട്ടറി അടക്കമുള്ളവരെ കണ്ടപ്പോൾ ഒരു പ്രശ്നവുമില്ലെന്ന് പറഞ്ഞതാണ്. പക്ഷെ മന്ത്രിയുടെ അടുത്തേയ്ക്ക് ഇത് വന്നപ്പോൾ എങ്ങനെയോ അഞ്ചാം ബാച്ചിന്റെ പ്രവേശനം നിഷേധിച്ചിരിക്കുകയാണ്. അതിനുശേഷം നേരത്തേ സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ കണ്ടു, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മുമ്പ് കത്തയച്ചിരുന്നു. അദ്ദേഹത്തെ ഇത് ബോധ്യപ്പെടുത്തിയപ്പോൾ അദ്ദേഹം കൺവിൻസ്ഡായി. അപ്പോൾ അദ്ദേഹം പറഞ്ഞത്, എന്റെ ലെവലിൽ ഇനി പ്രത്യേകിച്ചൊന്നും ചെയ്യാൻ കഴിയില്ല, ഹൈക്കോടതിയിൽ റിട്ട് കൊടുക്കുകയാണെങ്കിൽ അനുകൂലമായ നിലപാട് സ്വീകരിക്കാമെന്നാണ്. ഇപ്പോൾ നമുക്ക് പ്രശ്നമില്ലെങ്കിൽപ്പോലും ഇനിയും പ്രശ്നങ്ങൾ വരുമെന്നത് നമ്മൾ കാണണം. കാരണം നിങ്ങളോടും നമ്മളോടും അനുകൂലമായ സമീപനമല്ല കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇത് ആദ്യമേ എനിക്ക് അറിയാവുന്നതുകൊണ്ടാണ് കുറച്ച് ബുദ്ധിമുട്ട് നമ്മൾ പിന്നീട് സഹിക്കേണ്ടിവരുമെന്ന് ഞാൻ നേരത്തേ പറഞ്ഞത്. ഇപ്രാവശ്യം കുട്ടികളുടെ അഡ്മിഷന് യാതൊരു ബുദ്ധിമുട്ടുമുണ്ടാകില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 321 കോടി രൂപ കെട്ടിട നിർമ്മാണത്തിനുവേണ്ടി

നൽകി. മുന്നൂറ്റി ചില്വാനം തസ്തികകൾ സൃഷ്ടിച്ചു. അപ്പോൾ പ്രശ്നമുണ്ടാക്കിയിട്ടുള്ളത് രണ്ട് വകുപ്പുകളായിരുന്നു. ആദ്യം പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിൽ നിന്നും പ്രശ്നമുണ്ടായി, പിന്നീട് ധനകാര്യ വകുപ്പിൽ നിന്നും പ്രശ്നമുണ്ടായി. അതെല്ലാം ഇപ്പോൾ പരിഹരിച്ച് ക്യാബിനറ്റ് ചേർന്ന് ആദ്യം 281-ഉം ഒരു മാസം മുമ്പ് ചേർന്ന ക്യാബിനറ്റിൽ 24-ഉം തസ്തികകൾ സൃഷ്ടിച്ചു. കെട്ടിടത്തിന്റെ പണി മുന്നോട്ട് പോകുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്ത്യക്ക് ഇതൊരു മാതൃകയാണ്. ആരുടെ കാലഘട്ടത്തിൽ തുടങ്ങി എന്നുള്ളതൊന്നും നോക്കിയുള്ള പരിപാടി ഇതിനില്ല. ആ മെഡിക്കൽ കോളേജിനെ സംരക്ഷിക്കുന്നതിനുള്ള ശക്തമായ നിലപാട് തന്നെയായിരിക്കും ഗവൺമെന്റ് സ്വീകരിക്കുന്നത്.

ഡോ. എൻ. ജയരാജ്: സർ, പട്ടികവിഭാഗത്തിൽപ്പെട്ടവർക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതോടൊപ്പം അവരെ മത്സരപ്പരീക്ഷകൾക്ക് തയ്യാറാക്കാൻവേണ്ടിയുള്ള പ്രവർത്തനങ്ങളും വളരെ പ്രധാനപ്പെട്ടതാണ്. സെന്റർ ഫോർ റിസർച്ച് & എഡ്യൂക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻ (സി.ആർ.ഇ.എസ്.ടി.), പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ മത്സരശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള, പ്രത്യേകിച്ച് ദേശീയപ്രാധാന്യമുള്ള സർവ്വകലാ ശാലകളിലും കോർപ്പറേറ്റ് മേഖലയിലുമുൾപ്പെടെ കോഴ്സ് പഠിക്കാൻ അവരെ പ്രാപ്തരാക്കുന്ന ഒരു സംവിധാനമാണ്. ആ സ്ഥാപനത്തിന്റെ പ്രവർത്തനം ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് എത്രമാത്രം പ്രയോജനപ്രദമായിട്ടുണ്ട്, എത്രയാളുകൾക്ക് തൊഴിൽ ലഭിക്കാനുള്ള സാഹചര്യം സംജാതമാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്; അതോടൊപ്പം സിവിൽ സർവ്വീസ് പരീക്ഷകൾക്ക് അവരെ പ്രാപ്തരാക്കാൻ കഴിയുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ എന്ന സ്ഥാപനത്തെ കുറച്ചുകൂടി ഊർജ്ജസ്വലമാക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ കഴിയുമോ; അവിടെ അപേക്ഷകൾ സ്വീകരിക്കുന്നത് മാർച്ച് മാസത്തിലാണ്. റിസൾട്ട് വരുന്നത് പലപ്പോഴും മാർച്ച് മാസം കഴിഞ്ഞാണ്. അപേക്ഷയും റിസൾട്ടുമായിട്ടുള്ള ബന്ധം ഒരു പ്രശ്നമായി നിൽക്കുന്നുണ്ട്. അതുകൂടി പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ മത്സരപ്പരീക്ഷയ്ക്ക് പ്രാപ്തരാക്കുന്ന ഒട്ടേറെ സ്ഥാപനങ്ങൾ കേരളത്തിലുണ്ട്. അതിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് സിവിൽ സർവ്വീസുമായി ബന്ധപ്പെട്ടുകൊണ്ട് മണ്ണന്തലയിലുള്ള ICSETS. ഇത് 1989-ൽ തുടങ്ങിയ ഒരു സ്ഥാപനമാണ്. 870 പേർക്ക് അവിടെ ട്രെയിനിംഗ് കൊടുത്തു. നിർഭാഗ്യവശാൽ ഇന്നേവരെ ആ സ്ഥാപനത്തിൽ പഠിച്ച ഒരു കുട്ടിക്കും ഐ.എ.എസ്. കിട്ടിയില്ല. ബോർഡിംഗ് ആൻഡ് ലോഡ്ജിംഗ് ഉൾപ്പെടെ അവർക്കാവശ്യമായ എല്ലാ സഹായങ്ങളും നമ്മൾ

ചെയ്തുകൊടുക്കുന്നതാണ്. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലന കേന്ദ്രത്തിൽ (സിവിൽ സർവ്വീസ് അക്കാദമി) പഠിക്കുന്ന കുട്ടികൾക്കാണ് കുറച്ചുകൂടി എക്സ്പോഷർ ഉള്ളത്. നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള മണ്ണന്തലയിലെ സ്ഥാപനത്തെ ഉപയോഗപ്പെടുത്തി 45 കുട്ടികൾക്കാണ് ഒരു വർഷം ട്രെയിനിംഗ് നൽകുന്നതെങ്കിൽ ഇവിടെ 200 കുട്ടികളെ ഐ.എ.എസ്.-ന് സജ്ജമാക്കാൻ കഴിയും. സിവിൽ സർവ്വീസ് അക്കാദമിയുമായി ബന്ധപ്പെട്ടുകൊണ്ട് 200 കുട്ടികളുടെ ഫീസും അവർക്കാവശ്യമായ മറ്റ് സഹായങ്ങളുമെല്ലാം നമ്മൾ നൽകും. വിവിധ കേന്ദ്രങ്ങളിൽ 200 കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് അവരുമായി നമ്മൾ കരാർ വച്ചിട്ടുണ്ട്. സ്വാഭാവികമായും പഴയ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ട സ്ഥിതി ഇവിടെ നിന്നുണ്ടാകു മെന്നാണ് കരുതുന്നത്. മറ്റ് ട്രെയിനിംഗ് കേന്ദ്രങ്ങളുടെയെല്ലാം പ്രവർത്തനം അതേ രൂപത്തിൽതന്നെ മുന്നോട്ട് പോകുകയും ചെയ്യും. മണ്ണന്തലയിലുള്ള ICSETS മുഖാന്തരം ഐ.എ.എസ്. ഒഴികെ ബാക്കിയുള്ള കോഴ്സുകൾക്കുള്ള ട്രെയിനിംഗ് നൽകുകയും ചെയ്യും.

<u>ശ്രീ. ബി. സത്യൻ</u>: സർ, മണ്ണന്തലയിൽ പ്രവർത്തിക്കുന്ന ഡോ. ബി. ആർ. അംബേദ്ക്കറുടെ നാമധേയത്തിലുള്ള സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നടത്തിപ്പ് സംബന്ധിച്ച് പുനരവലോകനം നടത്തണം. ഇപ്പോൾ അവിടെ പ്രിൻസിപ്പാൾ ഇല്ല. ലൈബ്രറി ഉൾപ്പെടെയുള്ള സൗകര്യങ്ങളുടെ കുറവുണ്ട്. മാത്രമല്ല, അവിടെനിന്നും ആ കോഴ്സ് പൂർണ്ണമായും മാറ്റപ്പെടുമ്പോൾ വല്ലാത്തൊരു ആശങ്കയുണ്ടാകും. അതുകൊണ്ട് ആ സ്ഥാപനത്തെ നിലനിർത്തിക്കൊണ്ടുള്ള ഒരു പദ്ധതി ആലോചി ക്കണമെന്ന ഒരഭ്യർത്ഥനയുണ്ട്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, മണ്ണന്തലയിലുള്ള സ്ഥാപനത്തെ ഒരു രൂപത്തിലും ഇല്ലാതാക്കുന്നില്ല. നിലവിൽ അവിടെ 45 കുട്ടികൾക്കാണ് ഐ.എ.എസ്. ട്രെയിനിംഗ് കൊടുക്കുന്നത്. അതിന് പകരം സിവിൽ സർവ്വീസ് അക്കാദമി മുഖേന 200 കുട്ടികൾക്ക് ട്രെയിനിംഗ് കൊടുക്കാനാണ് ഉദ്ദേശിക്കുന്നത്. മറ്റ് കോഴ്സുകളെല്ലാം അവിടെത്തന്നെയുണ്ടാകും. കുറേക്കൂടി ഡൈവേഴ്സിറ്റി ഉറപ്പുവരുത്തുന്നതിനും മെച്ചപ്പെട്ട ട്രെയിനിംഗ് നൽകുന്നതിനുമുള്ള സംവിധാനത്തെപ്പറ്റി ആലോചിക്കാം. ഈ പരിപാടി അവിടെ പറ്റില്ല. അതുകൊണ്ടാണ് ഈ രൂപത്തിലുള്ള തീരുമാനമെടുത്തത്. ആ സ്ഥാപനം ഇല്ലാതാകുമെന്ന ആശങ്ക വേണ്ട. അതിനെ ഇതിന്റെ ഭാഗമായി ശക്തിപ്പെടുത്തും.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, പട്ടികവിഭാഗക്കാരായ കുട്ടികൾ ഇപ്പോൾ വിദേശ രാജ്യങ്ങളിലും കേരളത്തിന് പുറത്തുംപോയി വിദ്യാഭ്യാസം ചെയ്യുന്നുണ്ട്. അവർക്ക് എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നതെന്ന് അറിയില്ല. ഇത് സംബന്ധിച്ച് വ്യക്തമായ ഗൈഡ്‌ലൈൻ പുറത്തിറക്കാൻ ഗവൺമെന്റ്

തയ്യാറാകണം. വിദേശത്ത് പഠിക്കുന്ന തൃശ്ശൂർകാരിയായ ഒരു കുട്ടിയുടെ കാര്യം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. മന്ത്രി ഇടപെട്ട് അവർക്ക് സഹായം നൽകുകയും ചെയ്തു.

മി. സ്പീക്കർ: എൻലിസ്റ്റ് ചെയ്യപ്പെട്ട 500 സർവ്വകലാശാലകളെക്കുറിച്ച് അദ്ദേഹം പറഞ്ഞു.

ശ്രീ. രമേശ് ചെന്നിത്തല: സർ, പുറത്തുപോയി പഠിച്ചശേഷം നമ്മളോട് പറയുകയാണ്, ഒരു സഹായവുമില്ല, ആരും അറിയാതെ പോകുന്നു എന്ന്. ഇത് സംബന്ധിച്ച് വിദേശത്ത് മാത്രമല്ല, കേരളത്തിന് പുറത്തും പോയി പഠിക്കുന്ന കുട്ടികൾക്ക് ഇന്നയിന്ന സഹായങ്ങളുണ്ടാകും എന്നൊരു ഗൈഡ്‌ലൈൻ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് പുറപ്പെടുവിക്കാൻ തയ്യാറാകുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇത് മനസ്സിലാക്കിയാണ് ഗവൺമെന്റ് ഈ രൂപത്തിലുള്ള തീരുമാനത്തിലേയ്ക്ക് എത്തിയത്. അതിന്റെ ഭാഗമായാണ് നമ്മൾ മാനദണ്ഡം നിർണ്ണയിച്ച് കൃത്യമായ ഉത്തരവ് കൊടുത്തത്. ഇപ്പോൾ ആ പ്രശ്നമില്ല. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് ഏതെല്ലാം സ്ഥലങ്ങളിൽ, ഏതെല്ലാം രംഗങ്ങളിൽ തൊഴിൽ സാധ്യതകളുണ്ട്, എത്ര പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകാൻ സാധിക്കും എന്നതിനെ സംബന്ധിച്ച വ്യക്തമായ ധാരണ ഗവൺമെന്റ് ഉണ്ടാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി രണ്ട് കൊല്ലത്തിനിടയിൽ 600 പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികളെ നമ്മൾ വിദേശത്തേയ്ക്ക് അയച്ചു. അവർക്കെല്ലാം അവിടെയിപ്പോൾ പ്ലേസ്മെന്റുമായി. ഏതാണ്ട് 23,600 പേർക്ക് നമ്മൾ വിവിധ മേഖലകളിൽ തൊഴിൽ കൊടുത്തിട്ടുണ്ട്. സ്വകാര്യ ഏജൻസികൾ, സംസ്ഥാന ഏജൻസി, കേന്ദ്ര ഏജൻസി എന്നിവ മുഖേനയാണ് നമ്മൾ ഇവർക്ക് ട്രെയിനിംഗ് കൊടുക്കുന്നത്. നേരത്തേ സൂചിപ്പിച്ചതുപോലെ ഇതുമായി ബന്ധപ്പെട്ടുള്ള ബോധവൽക്കരണം ആവശ്യമാണ്. എന്തെല്ലാം തൊഴിൽ സാധ്യതകളാണ് ഓരോരോ മേഖലകളിലുള്ളത്, അവിടെ തൊഴിൽ ലഭിക്കാൻ സാധ്യതയുള്ള കുട്ടികൾക്ക് ഇവിടെ ഏതെല്ലാം സ്ഥാപനങ്ങൾ വഴിയാണ് നമ്മൾ ട്രെയിനിംഗ് കൊടുക്കുന്നത് എന്നതെല്ലാം സംബന്ധിച്ചുള്ള ബോധവൽക്കരണം ആവശ്യമാണ്. ആ തലത്തിൽ പ്രത്യേകമായിട്ടുള്ള സംവിധാനം ഏർപ്പെടുത്തുന്നതായിരിക്കും.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ജലസമൃദ്ധി പദ്ധതിയുടെ പുരോഗതി

5 (*334) ശ്രീ. ആർ. രാജേഷ് :

ശ്രീ. എ. എം. ആരിഫ് :

ശ്രീ. എം. മുകേഷ് :

ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം മിഷന്റെ ഉപപദ്ധതിയായ ജലസമൃദ്ധിയുടെ പുരോഗതി അറിയിക്കാമോ;

(ബി) ഭൂജല സംരക്ഷണത്തിനും സംപോഷണത്തിനുമായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) ജലമലിനീകരണം തടയുന്നതിനും നീർച്ചാലുകളുടെ പുനരുദ്ധാരണ ത്തിനുമായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) കുട്ടനാട് പാക്കേജിന്റെ ഭാഗമായി ജലവിഭവ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): (എ) ഹരിത കേരളം മിഷന്റെ ഉപദൗത്യമായ ജലസംരക്ഷണ/ജലസമൃദ്ധിയുടെ പ്രധാന ലക്ഷ്യം ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവ്വഹണവും സംയോജിത നീർത്തടാടിസ്ഥാനത്തിൽ നടത്തി ജലലഭ്യതയും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നതാണ്. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിര പരിപാലനവും ഉറപ്പാക്കുക എന്നത് മറ്റൊരു ലക്ഷ്യമാണ്. ഇതിനുള്ള പ്രവർത്തന പരിപാടിയുടെ ആദ്യഘട്ടത്തിൽ കുളങ്ങൾ, തോടുകൾ, കനാലുകൾ, എന്നിവ പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങൽ ഏറ്റെടുക്കുക എന്നതാണ്. ഇതനുസരിച്ചുള്ള നിർവ്വഹണമാണ് ജലസേചന വകുപ്പ് മുഖേന നടക്കുന്നത്. ഇതിനായി 2017-18 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച തുക ഉപയോഗപ്പെടുത്തി 536 കുളങ്ങൾ ശുചിയാക്കി സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും നിർവ്വഹണ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം തോടുകളിലെയും കനാലുകളിലെയും

മാലിന്യം നീക്കംചെയ്ത് ഉപയോഗയോഗ്യമാക്കുന്ന പ്രവർത്തനവും നിർവ്വഹിച്ചിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനവും പ്രാദേശിക സമൂഹത്തിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും തൊഴിലുറപ്പ് പദ്ധതിയുടെയും ഏകോപനവും സാധ്യമാക്കിക്കൊണ്ട് തോടുകളും നീർച്ചാലുകളും കുളങ്ങളും മാലിന്യമുക്തമാക്കി ജൈവ രീതികൾക്ക് പ്രാമുഖ്യം നൽകി അവയുടെ പാർശ്വ സംരക്ഷണം ഉറപ്പാക്കുകയും ആവശ്യമായ ആവാഹ പ്രദേശ ഇടപെടലുകൾ നടത്തുകയുമാണ് ആദ്യഘട്ട പ്രവർത്തനമായി ഏറ്റെടുത്തിട്ടുള്ളത്. ഇതോടൊപ്പം സ്ഥായിയായ നീരൊഴുക്ക് ഉറപ്പാക്കുന്നതിനുവേണ്ടി ആവശ്യമായ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി പെയ്തുവീഴുന്ന മഴവെള്ളത്തെ പരമാവധി മണ്ണിലേക്ക് താഴ്ത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. ഗ്രാമ പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തലത്തിൽ കിണറുകളുടെയും കുളങ്ങളുടെയും ശുദ്ധീകരണവും റീച്ചാർജ്ജിംഗും, കുളങ്ങളുടെ നിർമ്മാണം, തോടുകളുടെയും നീർച്ചാലുകളുടെയും പുനരുജ്ജീവനവും പുതിയവയുടെ നിർമ്മാണവുമാണ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്. ഹരിതകേരളം മുന്നോട്ടുവച്ച പൊതുവായ ലക്ഷ്യങ്ങളിൽ തൽപരരായി കേരളത്തിൽ പലയിടങ്ങളിലും പ്രാദേശിക ജനവിഭാഗങ്ങളുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ പുഴകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ പിന്തുണയോടെ നടപ്പാക്കിയിട്ടുണ്ട്. മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കൃത്യതയോടെയും ശാസ്ത്രീയവുമായി നടപ്പാക്കുന്നതിനുവേണ്ടി നീർത്തടാധിഷ്ഠിത ആസൂത്രണവും ഇടപെടലുകളും അടുത്ത ഘട്ടമായി നടപ്പിലാക്കേണ്ടതായിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ജലഉപദൗത്യത്തിന്റെ മാർഗ്ഗരേഖ പ്രകാരം ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് ഗ്രാമപഞ്ചായത്തുതലം മുതൽ ജില്ലാ തലം വരെ സാങ്കേതിക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. നീർത്തട നടത്തത്തിൽനിന്നും ജനപ്രതിനിധികളിൽനിന്നും ശേഖരിക്കുന്ന വിവരങ്ങളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളിൽ ലഭ്യമായ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ നീർത്തട പ്ലാനുകൾ ഈ സാങ്കേതിക സമിതിയുടെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കി വരുന്നു. ഇതോടൊപ്പം ഗ്രാമപഞ്ചായത്തുതലത്തിലും മുനിസിപ്പൽ/കോർപ്പറേഷൻ തലങ്ങളിലും തയ്യാറാക്കുന്ന ഈ നീർത്തട പ്ലാനുകൾ ബ്ലോക്കുതലത്തിൽ ക്രോഡീകരിച്ച് ബ്ലോക്ക് മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്ന പണിയും പുരോഗമിക്കുന്നു.

ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി ജലനിധിയിൽ കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ് (CCDU) ജലഗുണനിലവാരം സംബന്ധിച്ച് പരിശീലന പരിപാടികൾ പഞ്ചായത്തുതലത്തിലും ബ്ലോക്ക് തലത്തിലും നടത്തി.

ഫീൽഡ് ടെസ്റ്റ് കിറ്റുകൾ ഉപയോഗിച്ച് 7100 കുടിവെള്ള സ്രോതസ്സുകൾ പരിശോധിച്ചു. കൂടാതെ കേരളത്തിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും നടപ്പിലാക്കിവരുന്ന ഹരിത കേരളം പദ്ധതിയുമായി ചേർന്ന് ഭൂജലവകുപ്പും പ്രവർത്തിച്ചുവരുന്നു.

(ബി) ഭൂജലസംരക്ഷണത്തിനും സംപോഷണത്തിനുമായി ജലസേചന വകുപ്പ് വിവിധ പ്രവർത്തനങ്ങൾ നിർവ്വഹിച്ചിട്ടുണ്ട്. പരമ്പരാഗത കുളങ്ങൾ, മറ്റ് ജലസ്ത്രോതസ്സുകൾ എന്നിവ ശുചിയാക്കി സംഭരണശേഷി വർദ്ധിപ്പിക്കുന്ന പ്രവർത്തനമാണ് പ്രധാനമായും ഏറ്റെടുത്ത്, ഇതോടൊപ്പം തടയണകൾ, വെന്റഡ് ക്രോസ് ബാറുകൾ എന്നിവയും നിർമ്മിച്ചിട്ടുണ്ട്. റെഗുലേറ്ററുകളുടെ നിർമ്മാണവും ഏറ്റെടുത്തിട്ടുണ്ട്. എൻ.ആർ.ഇ.ജി.എസ്. ഭൂജലവകുപ്പ് തുടങ്ങിയവ മുഖേനയും ഭൂജലസംപോഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം സ്ഥായിയായ നീരൊഴുക്ക് ഉറപ്പാക്കുന്നതിനുവേണ്ടി ആവശ്യമായ മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി, പെയ്തുവീഴുന്ന മഴവെള്ളത്തെ പരമാവധി മണ്ണിലേക്ക് താഴ്ത്തുന്നതിനുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. ഗ്രാമ പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തലത്തിൽ കിണറുകളുടെയും കുളങ്ങളുടെയും ശുദ്ധീകരണവും, റീച്ചാർജ്ജിംഗും കുളങ്ങളുടെയും നിർമ്മാണം, തോടുകളുടെയും നീർച്ചാലുകളുടെയും പുനരുജ്ജീവനവും പുതിയവയുടെ നിർമ്മാണവുമാണ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്. ഭൂജലവകുപ്പ് "ഭൂജലസംര ക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണം, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കി വരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ സാങ്കേതിക സഹായവും നൽകിവരുന്നു.

ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ജലക്ഷാമം പരിഹരിക്കുന്നതിനായി ജലനിധിയുടെ കുടിവെള്ള പദ്ധതി സ്രോതസ്സുകൾക്ക് അനുയോജ്യമായ ഭൂഗർഭ ജലപരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ജലശേഷി പരിശോധന (യിൽഡ് ടെസ്റ്റ്) മുഖേന സ്രോതസ്സിന്റെ (കിണറുകൾ, കുഴൽ കിണറുകൾ) എന്നിവയുടെ സുസ്ഥിരത ഉറപ്പുവരുത്തുവാൻ പമ്പിംഗ് സമയം ക്രമീകരിക്കുന്നു. കുറഞ്ഞ അളവിൽ (40 lpcd-70 lpcd) ജലവിതരണം പരിമിത പ്പെടുത്താനായും നിർദ്ദേശങ്ങൾ നൽകിവരുന്നു. ജലസംരക്ഷമത്തിനായി ജലനിധി കിണറുകളിൽ പോയിന്റ് റീചാർജ് (കിണറുകളുടെ സമീപത്തുള്ള കെട്ടിടത്തിൽ നിന്നും കിണറിലേക്ക് വെള്ളം ഫിൽറ്റർ ചെയ്ത് കിണർ റീചാർജ് ചെയ്യുന്ന പദ്ധതി) നടപ്പിലാക്കി വരുന്നു. റൂഫ് വാട്ടർ ഹാർവെസ്റ്റിംഗ്, ചെറുകിട തടയണകൾ (small checkdams) ഗാബിയൻ സ്ട്രക്ചർ (Gabion structure), റേഡിയൽ ആം (Radial Arm), നീർക്കുഴികൾ, ഓട (ഓവ്ചാൽ നിർമ്മാണം), ഭൂഗർഭ തടയണകൾ (Sub surface Dyke,) വെന്റഡ് ക്രോസ് ബാർ (Vented cross Bar), മണ്ണുസംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നീ രീതികൾ ഭൂമിയുടെ

കിടപ്പനുസരിച്ച് ഭൂജല പരിപോഷണത്തിനായി നടപ്പിലാക്കിവരുന്നു. പാഴായി പ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിച്ച് വരികയാണ്. ജലനിധികളുടെ മഴകേന്ദ്രം മുഖേന സംസ്ഥാന പ്ലാൻ സ്കീമിലെ 'മഴവെള്ള സംഭരണം-ഭൂജലപരിപോഷണം' പദ്ധതി വഴി വ്യക്തിഗത കുടുംബങ്ങൾക്കും, സ്കൂളുകൾക്കും മഴവെള്ളം ഫിൽറ്റർ ചെയ്ത് ഉപയോഗിക്കുന്നതിനായി 10000 ലിറ്ററിന്റെ മഴവെള്ള സംഭരണി നിർമ്മിച്ച് നൽകിവരുന്നു. ഇതിൽ അധികമായി സംഭരിക്കുന്ന മഴവെള്ളം തുറന്ന കിണറിലേക്കോ, റീചാർജ് പിറ്റിലേക്കോ തിരിച്ചുവിടുന്നു. മഴവെള്ളം ഫിൽറ്റർ ചെയ്ത് തുറന്ന കിണറുകൾ റീചാർജ് ചെയ്യുന്ന പ്രവർത്തനം തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്ത് കളിലെ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് ടി പദ്ധതിയിലൂടെ നടപ്പിലാക്കി നൽകുന്നു. ഈ പ്രവർത്തനങ്ങൾ ഭൂജല സംരക്ഷണത്തിനും സംപോഷണത്തിനും സഹായിക്കുന്നു.

(സി) ജലമലിനീകരണം ഇല്ലാതാക്കി ജലസ്രോതസ്സുകൾ ശുചിയായി സൂക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ഉൾക്കൊണ്ട് 2017-18 വർഷത്തിൽ 536 കുളങ്ങൾ ശുചിയാക്കി. സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഭരണാനുമതി നൽകി, തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം നിയമനടപടികൾ കർശനമാക്കു ന്നതിന്റെ ഭാഗമായി ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെയുള്ള ശിക്ഷാ നടപടികൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച ബിൽ 14-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനത്തിൽ പാസ്സാക്കിയിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും സന്നദ്ധ പ്രവർത്തകരുടെയും നേതൃത്വത്തിൽ അനവധി പുഴകളും തോടുകളും നീർച്ചാലുകളും പ്രധാനമായും തൊഴിലുറപ്പ്പദ്ധതി മുഖേന ശുചിയാക്കി മാലിന്യ മുക്തമാക്കുന്ന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ 10 കിലോമീറ്റർ നീളമുള്ള കാനാമ്പുഴ ജനകീയമായി മാലിന്യമുക്തമാക്കി. കോഴിക്കോട് ജില്ലയിലെ പൂനൂർപ്പുഴയുടെ 24 കിലോമീറ്ററും തൃശ്ശൂർ പെരുംതോട് 15 കിലോമീറ്ററും എറണാകുളത്തെ കടമ്പ്രയാർ 16 കിലോമീറ്ററും ഇടുക്കി ജില്ലയിലെ വടക്കേപ്പുഴ, മീനച്ചിലാർ-മീനന്തലയാർ കൊടൂരാർ പുനഃസംയോജനവുമായി ബന്ധപ്പെട്ട് വിവിധ തോടുകളും ശുചീകരിച്ച് മാലിന്യമുക്തമാക്കി, പത്തനംതിട്ട ജില്ലയിലെ കോലയറയാർ, പള്ളിക്കലാർ എന്നിവയും ശുചീകരിച്ചു. വരട്ടാർ, ആദിപമ്പ എന്നീ നദികൾ ശുചീകരണം ഉറപ്പാക്കിയാണ് പുനരുജ്ജീവിപ്പിച്ചത്. തിരുവനന്തപുരം ജില്ലയിലെ കിള്ളിയാർ ഉത്ഭവം മുതൽ വഴയില വരെയുള്ള 22 കിലോമീറ്റർ നീളത്തിൽ ജനകീയമായി ശുചീകരിച്ചു. ഇതുകൂടാതെ 10731 കിലോമീറ്റർ തോടുകളും ശുചീകരിച്ചു. ഈ നദികളിലും തോടുകളിലും ഖര-ദ്രവ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെരെയുള്ള പ്രചാരണ പ്രവർത്തനങ്ങളും നിയമ നടപടികൾ സ്വീകരിക്കലും ഹരിത കേരളം മിഷന്റെ ഭാഗമായി നടന്നുവരുന്നു.

ജല അതോറിറ്റിയുടെ സ്രോതസ്സുകൾ ഏതെങ്കിലും തരത്തിൽ മാലിന്യം കലരുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട വകുപ്പുകളെ അറിയിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ജലസ്രോതസ്സുകൾ മലിനപ്പെടുത്തുന്നവർക്കുള്ള ശിക്ഷാനടപടികൾ കർശനമാക്കുന്നതിനായി 2003-ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമത്തിൽ ഭേദഗതി ഓർഡിനൻസും പുറപ്പെടുവിച്ചിട്ടുണ്ട്. ജലനിധി പദ്ധതിയിലെ കുടിവെള്ള സ്രോതസ്സുകളിൽ മലിനജലം എത്തിപ്പെടാതിരിക്കുന്നതിനുള്ള പദ്ധതികൾ 15 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു. ജലമലിനീകരണം തടയുന്നതിന്റെ ഭാഗമായി ഭൂജല വകുപ്പ് ബോധവത്കരണ ക്ലാസ്സുകൾ പൊതുജനങ്ങൾക്കായി സംസ്ഥാനത്ത് സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും നടപ്പിലാക്കി വരുന്ന ഹരിത കേരളം മിഷനുമായി ചേർന്ന് ഭൂജലവകുപ്പും പ്രവർത്തിച്ചുവരുന്നു.

(ഡി) 13-ാം ധനകാര്യ കമ്മീഷന്റെ ഭാഗമായി കുട്ടനാട് ജലവിതരണ പദ്ധതിയുടെ വിപുലീകരണത്തിനായി കേരള ജല അതോറിറ്റി 70 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. നിലവിലുള്ള നീരേറ്റുപുറം ജലശുദ്ധീകരണശാലയിൽ (14 എം.എൽ.ഡി. ശേഷി) നിന്നും കുട്ടനാട് പ്രദേശത്തെ തകഴി, വീയപുരം, എടത്വ, തലവടി, മുട്ടാർ, വെളിയനാട്, നീലംപേരൂർ, രാമങ്കരി, ചമ്പക്കുളം, പുളിങ്കുന്ന്, കാവാലം, നെടുമുടി, കൈനകരി എന്നീ 13 പഞ്ചായത്തുകളിലെ ശുദ്ധജലവിതരണം ലക്ഷ്യമിട്ട് 70 കോടി രൂപയുടെ ഒരു പദ്ധതിയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ജലം എത്തിക്കുന്നതിനുള്ള പ്രവൃത്തികളാണ് പ്രധാനമായും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിവിധ പഞ്ചായത്തുകളിലെ ജലസംഭരണികളിൽ എത്തിക്കുന്നതിനുള്ള പ്രധാന പൈപ്പ്ലൈനുകളും ജലസംഭരണികളില്ലാത്ത തകഴി, കാവാലം പഞ്ചായത്തുകളിലെ ഉന്നതതല സംഭരണികളും, വിവിധ പഞ്ചായത്തുകളിലെ വിതരണ ശൃംഖലയിലെ പ്രധാന പൈപ്പ് ലൈനുകളും പ്രധാന ഘടകങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ ട്രാൻസ്മിഷൻ പൈപ്പുകളുടെകൂടെ നിലവിലുള്ള ഗുണനിലവാരമുള്ള പൈപ്പുകളുംകൂടി ഉപയോഗപ്പെടുത്തിയാണ് ടാങ്കിൽ ജലമെത്തിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. വിതരണശൃംഖലയുടെ ഭാഗമായി പുതുതായി സ്ഥാപിക്കുന്ന പൈപ്പുകൾ നിലവിലുള്ള വിതരണശൃംഖലയുടെ പൈപ്പുകളുമായി കണക്ട് ചെയ്ത് ആ പൈപ്പുകളും കൂടി ഉപയോഗപ്പെടുത്തി ജലവിതരണം നടത്തുവാൻ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു. ഈ ഘടകങ്ങൾ 3 പാക്കേജുകളിലായി നിർമ്മാണം പുരോഗമിച്ചു വരുന്നു. പദ്ധതിയ്ക്ക് നാളിതുവരെ 5058.12 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കുട്ടനാട് മേഖലയിൽ ജലസേചന വകുപ്പ് മുഖേന നടത്തിയ പ്രവർത്തനങ്ങൾ ചുവടെ പറയുന്നു :

1. കെ.ഇ.എൽ-1 (Flood Management Programme)

   എഫ്.എം.പി.- കുട്ടനാട് മേഖലയിലെ ഗ്രൂപ്പ്-1ൽപ്പെട്ട 14 പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ,

2. കെ.ഇ.എൽ-2

   എഫ്.എം.പി.-കുട്ടനാട് മേഖലയിലെ കായൽ ഭാഗത്തെ 4 പാടശേഖരങ്ങളുടെയും ഗ്രൂപ്പ് 9-ൽപ്പെട്ട 5 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ

3. കെ.ഇ.എൽ-3

   എഫ്.എം.പി.-കുട്ടനാട് മേഖലയിലെ ഫേസ് 1-ൽപ്പെട്ട ഗ്രൂപ്പ് (2-5,7,8,10-19) 231 പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ

4. കെ.ഇ.എൽ-4

   ഓണാട്ടുകര മേഖലയിലെ 12 നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ

5. തണ്ണീർമുക്കം ബണ്ടിന്റെ നവീകരണ പ്രവൃത്തികൾ

6. ആലപ്പുഴ ജില്ലയിലെ കുട്ടനാട് നിയോജക മണ്ഡലത്തിൽപ്പെടുന്ന കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളുടെയും വീയപുരം പഞ്ചായത്തിലെ 14 പാടശേഖരങ്ങളുടെയും വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികൾ

7. തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യശേഷി വർദ്ധിപ്പിക്കൽ

8. 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികൾ

   (a) തലയാഴം പഞ്ചായത്തിലെ കരിയാർ നദിയ്ക്ക് കുറകെ ബ്രിഡ്ജ്-കം-റെഗുലേറ്ററിന്റെ നിർമ്മാണം

   (b) ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് പ്രദേശത്തെ നാശോന്മുഖമായ റെഗുലേറ്ററിന്റെ പുനരുദ്ധാരണം

   (c) മനയ്ക്കൽചിറ മുതൽ ഒന്നാം കര വരെയുള്ള എ.സി. കനാലുമായി ബന്ധപ്പെട്ട പ്രവൃത്തികൾ

## ശുദ്ധജലലഭ്യത

6 (*336) ശ്രീ. വി. ജോയി :

ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. എ. എൻ. ഷംസീർ :

ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാവർക്കും ശുദ്ധജല ലഭ്യത ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ജലവിഭവ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; ഈ സർക്കാരിന്റെ കാലത്ത് പുതുതായി എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ കഴിഞ്ഞുവെന്ന് അറിയിക്കാമോ; നിലവിലുള്ള ജലവിതരണ പദ്ധതികളിൽ പൈപ്പ് ചോർച്ച ഒഴിവാക്കാനും പഴയവ മാറ്റി സ്ഥാപിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദാംശം നൽകാമോ;

(ബി) കിഫ്ബി വഴി നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനും പുതിയ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിനുമുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(സി) കേന്ദ്ര സഹായത്തോടെ നടത്തി വരുന്ന ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്ക് ലഭിച്ചുവന്നിരുന്ന കേന്ദ്ര സഹായത്തിൽ കുറവു വന്നിട്ടുണ്ടോ; എങ്കിൽ ഇത് ഗ്രാമ പ്രദേശങ്ങൾക്കായുള്ള കുടിവെള്ള പദ്ധതികളെ പ്രതികൂലമായി ബാധിക്കാതിരിക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): (എ) കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ (ഗ്രീൻ ബുക്ക്), കേന്ദ്ര സർക്കാരിന്റെ സഹായത്തോടെയുള്ള ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതികൾ, നബാർഡ് ധനസഹായത്തോടെയുള്ള കുടിവെള്ള പദ്ധതികൾ, ഡിപ്പോസിറ്റ് വർക്കുകൾ എന്നിവയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ കേരള വാട്ടർ അതോറിറ്റി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കുടിവെള്ളക്ഷാമം നേരിടുന്ന പഞ്ചായത്ത് കളിൽ ജലലഭ്യത ഉറപ്പാക്കുന്നതിന് ലോകബാങ്ക് ധനസഹായത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ജലനിധി രണ്ടാം ഘട്ടപദ്ധതി KRWSA മുഖേന 115 ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു. കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്ന പദ്ധതികളിലൂടെ പുതുതായി 3,59,628 കുടുംബങ്ങൾക്ക് കണക്ഷൻ നൽകി പുതിയ കുടിവെള്ള പദ്ധതികളിലൂടെ 25 ലക്ഷം ഉപഭോക്താക്കൾക്ക് 230 എം.എൽ.ഡി. ശുദ്ധജലവും ലഭ്യമാക്കി

ജലനിധി രണ്ടാംഘട്ട പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി 704 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് 98741 കുടുംബങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

- നിലവിലുള്ള കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 433.33 കോടി രൂപയ്ക്ക് അംഗീകാരം നൽകി. ഇതിൽ 5 ജില്ലകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, മലപ്പുറം) 49 പ്രൊപ്പോസലുകൾക്ക് 231.32 കോടി രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. ബാക്കിയുള്ളവ കിഫ്ബിയുടെ പരിഗണനയിലാണ്.
- അമൃതിൽ ഉൾപ്പെടുത്തി 143.45 കോടി രൂപയുടെ പ്രവൃത്തികൾ വിഭാവനം ചെയ്തിട്ടുണ്ട്.
- സംസ്ഥാന ഗവൺമെന്റിന്റെ സ്റ്റേറ്റ് പ്ലാനിൽ (2017-18) ഉൾപ്പെടുത്തി 101 പ്രവൃത്തികൾക്ക് 5957.12 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.
- സ്റ്റേറ്റ് പ്ലാൻ 2018-19-ൽ ഉൾപ്പെടുത്തി പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള വിവിധ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിനായി 2018-19 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ 100 കോടി രൂപ സംസ്ഥാന വിഹിതവും 100 കോടി രൂപ അധിക ധനസഹായവുമുൾപ്പെടെ ആകെ 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ കേന്ദ്ര വിഹിതമായി 2018-19 സാമ്പത്തിക വർഷം 87.49 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിലൂടെ നിലവിലെ കുടിശ്ശിക തീർത്ത് പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തിയതും എന്നാൽ ധനലഭ്യതയിലുണ്ടായ കുറവും കാരണം നിർവ്വഹണം തടസ്സപ്പെട്ടതുമായ പദ്ധതികൾ അനുയോജ്യമായ മറ്റ് ശീർഷകങ്ങളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനുള്ള നടപടികളും കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പുതിയ തൊഴിൽനയം

7(*337) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. നൗഷാദ് :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ നയത്തിന്റെ ഫലമായി തൊഴിൽ മേഖലയാകെ അരക്ഷിതാവസ്ഥയിലായിക്കൊണ്ടിരിക്കുന്ന അവസ്ഥയിൽ സംസ്ഥാന സർക്കാർ പുതുതായി കൊണ്ടുവന്ന തൊഴിൽനയം ഏതുവിധത്തിൽ തൊഴിലാളികളുടെ ജീവിത സുരക്ഷ ഉറപ്പാക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) സർക്കാർ ധനസഹായത്തോടെയും അല്ലാതെയും പ്രവർത്തിക്കുന്ന വിവിധ ക്ഷേമനിധി ബോർഡുകൾ നടത്തിയ പ്രവർത്തനം വിശദമാക്കാമോ; അസംഘടിത മേഖലയിലെ തൊഴിലാളികളെയെല്ലാം ക്ഷേമപദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുവാൻ സാധ്യമായിട്ടുണ്ടോ ;

(സി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം മിനിമം വേതനം പുതുക്കി നിശ്ചയിക്കാനും അത് തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ): (എ) ഉൽപ്പാദനക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിച്ച് ലിംഗ സമത്വം ഉറപ്പുവരുത്തുക, തൊഴിലാളികൾക്ക് ന്യായമായ വേതനവും ആരോഗ്യ സുരക്ഷയും ഉറപ്പാക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പുവരുത്തി മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷ നടപ്പാക്കിയും സേവന കാലയളവിലും അതിനുശേഷവും സാമ്പത്തികഭദ്രതയും ആരോഗ്യസംരക്ഷണവും ഉറപ്പുവരുത്തിയും തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ സംരക്ഷിച്ചും തൊഴിൽ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിന് തൊഴിൽ വകുപ്പിനെ സജ്ജമാക്കുക. സമസ്ത മേഖലയിലും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്തുക എന്നിവയിലൂടെ തൊഴിലാളികളുടെ ജീവിതസുരക്ഷ ഉറപ്പാക്കാനാണ് തൊഴിൽ നയത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

(ബി) തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട്. 75 ലക്ഷത്തോളം തൊഴിലാളികൾ നിലവിൽ ടി ബോർഡുകളിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി ക്ഷേമനിധി ബോർഡുകൾ വഴി പെൻഷൻ, വിവാഹ ധനസഹായം, പ്രസവ ധനസഹായം, മരണാനന്തര ധനസഹായം, അപകട ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിങ്ങനെ നിരവധി ആനുകൂല്യങ്ങൾ അംഗങ്ങളായ തൊഴിലാളികൾക്ക് നൽകി വരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷേമനിധി ബോർഡുകൾ സർക്കാർ ധനസഹായത്തോടെയാണ് പെൻഷൻ നൽകിവരുന്നത്. ഈ ബോർഡുകളുടെ പ്രവർത്തനങ്ങൾ തൊഴിൽ വകുപ്പ് മുഖേന ഏകോപിപ്പിക്കുകയും സർക്കാർ തലത്തിൽ കാലാകാലങ്ങളിൽ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികളെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 23 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ മിനിമം വേതനം പുതുക്കി നിശ്ചയിക്കേണ്ട 27 മേഖലകളിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സബ് കമ്മിറ്റികൾ രൂപീകരിച്ച് മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് 1948-ലെ മിനിമം വേതന നിയമം, 1958-ലെ മിനിമം വേതന ചട്ടങ്ങൾ എന്നിവ നിലവിലുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം സ്ഥാപന പരിശോ ധനകൾ, സ്ക്വാഡ് പരിശോധനകൾ എന്നിവ നടത്തുമ്പോൾ തൊഴിലാളിക ൾക്ക് സർക്കാർ നിശ്ചയിച്ച മിനിമം വേതന നിയമപ്രകാരമുള്ള മറ്റ് ആനുകൂല്യങ്ങൾ ലഭ്യമാകുന്നുവെന്നും ഉറപ്പുവരുത്താറുണ്ട്. കൂടാതെ അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതനവിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## ചെക്ക് ഡാമുകളും റെഗുലേറ്ററുകളും നിർമ്മിക്കാനുള്ള പദ്ധതി

8 (*338) <u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> :
<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയുടെ ലഭ്യതക്കുറവുകൊണ്ടും പരിസ്ഥിതി പ്രശ്നം കൊണ്ടും വലിയ അണക്കെട്ടുകൾ നിർമ്മിച്ച് ജലം സംഭരിക്കുകയെന്നത് അത്ര പ്രായോഗിക മല്ലാത്തതിനാൽ നദികളെത്തന്നെ ജലസംഭരണിയാക്കുകയെന്ന ലക്ഷ്യത്തോടെ ചെക്ക് ഡാമുകളും റെഗുലേറ്ററുകളും വ്യാപകമായി നിർമ്മിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) നിലവിലുള്ള ജലസംഭരണികളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും ചെളിയും നീക്കംചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കാനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) കേരള വാട്ടർ അതോറിറ്റി നേരിടുന്ന സാമ്പത്തിക പ്രശ്നങ്ങൾ, ജലവിതരണവും പദ്ധതി നിർവഹണവും കാര്യക്ഷമമായി നിർവഹിക്കുന്നതിന് പ്രതിബന്ധമാകാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) ജലചോർച്ച ഒഴിവാക്കാനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): (എ) 30-ഓളം റെഗുലേറ്ററുകളുടെ നിർമ്മാണ പ്രവൃത്തികൾ കിഫ്ബിയുടെ ധനസഹായത്തോടു കൂടിയാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഇതിൽ 8 പ്രവൃത്തികൾക്ക് തത്വത്തിൽ അംഗീകാരം നൽകുകയും 7 എണ്ണത്തിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ സാങ്കേതിക വിലയിരുത്തൽ വിഭാഗം പരിശോധന നടത്തി വരുകയും ചെയ്യുന്നു. കരുവന്നൂർ പുഴയ്ക്ക് കുറുകെ മുനയത്ത് റെഗുലേറ്റർ നിർമ്മാണത്തിന് ഭരണാനുമതി നൽകി തുടർനടപടിയെടുത്തുവരുന്നു. തൃശ്ശൂർ ജില്ലയിലെ തോട്ടപ്പാൻ മോട്ടോർ ഷെഡിനുസമീപം പേരാമംഗലം തോടിനുകുറുകെ ചെക്ക് ഡാം, ഏനാമാക്കൽ റെഗുലേറ്ററിനു സമീപം മണലൂർ താഴത്ത് റെഗുലേറ്റർ നിർമ്മാണം എന്നിവയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നത് പരിശോധിച്ച് നടപടിയെടുത്തു വരുന്നു. വാരിയം കോൾ പടവിൽ പുത്തൻതോട് ബണ്ടിനു കിഴക്ക് റഗുലേറ്റർ നിർമ്മാണ പ്രവൃത്തി ഏറ്റെടുക്കാൻ ആരും തയ്യാറായിട്ടില്ല. കുറുമാലി പുഴയിൽ കാനത്തോട്ടിൽ റെഗുലേറ്ററിനു പകരം ഒരു ചെക്ക് ഡാം കം ബ്രിഡ്ജിന്റെ നിർമ്മാണത്തിന് ഡിസൈൻ തയ്യാറാക്കിവരുന്നു. കുറുമാലിപ്പുഴയിൽ കുന്നാറ്റു പാടത്ത് ചെക്ക് ഡാം-കം-ബ്രിഡ്ജ്, തോട്ടുമുഖത്ത് ചെക്ക് ഡാം-കം-ബ്രിഡ്ജ്, കാരുകുളത്ത് ചെക്ക് ഡാം-കം-ബ്രിഡ്ജ് എന്നിവയുടെ നിർമ്മാണത്തിന് പ്രൊപ്പോസലുകൾ തയ്യാറാക്കി വരുന്നു.

പാലാ മുനിസിപ്പാലിറ്റിയിൽ അരുണാപുരത്ത് പാലത്തോടുകൂടിയ റഗുലേറ്റർ കം മിനി ഡാം നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് നടപടിയെടുത്തു വരുന്നു. മുന്നിലവ്-തലപ്പാലം പഞ്ചായത്തുകളിൽ ചില്ലച്ചി ചെക്ക്ഡാമിന്റെയും പാലത്തിന്റെയും നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നഗരസഭയ്ക്കും വാണിയംകുളം പഞ്ചായത്തുകൾക്കായുമുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കായി ഭാരതപ്പുഴയിൽ കൊച്ചിൻ പാലത്തിന് താഴെയായി തടയണ നിർമ്മിക്കുന്നതിന് 15 കോടി രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

കല്ലുവാതുക്കൽ, പാരിപ്പള്ളി, വെളിനല്ലൂർ വില്ലേജുകൾക്കായി കുടിവെള്ള പദ്ധതിക്ക് 2 കോടി രൂപയ്ക്ക് ഇത്തിക്കരയാറ്റിൽ മണ്ണയം എന്ന സ്ഥലത്ത് ഒരു തടയണയുടെ നിർമ്മാണത്തിനും 50 ലക്ഷം രൂപയ്ക്ക് കല്ലുവാതുക്കൽ പദ്ധതിക്കായി അടുതലയിലെ തടയണയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും ബലപ്പെടുത്തുന്നതിനും പ്രവൃത്തിയുടെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൊല്ലം നഗരസഭാ പ്രദേശത്തിനായി പുതിയ ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി 15 കോടി രൂപ ഞാങ്കടവിൽ ഒരു തടയണ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി തുടർനടപടിയെടുത്തുവരുന്നു. ചൂണ്ടിയിലെ 42 എം.എൽ.ഡി. ശുദ്ധീകരണശാലയിലേയ്ക്ക് ആവശ്യമായ ജലത്തിനായി മൂവാറ്റുപുഴ ആറിൽ രാമമംഗലത്ത് സ്ഥിരം തടയണ നിർമ്മിക്കുന്നതിന് 1110 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള അനുമതി നൽകി പ്രവൃത്തി 25% പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന ചെളിയും എക്കലും മണലും നീക്കംചെയ്ത് ഡാമുകളുടെ സംഭരണശേഷി പൂർവ്വ രൂപത്തിലാക്കുന്നതിനും ലഭിക്കുന്ന മണൽ, കളിമണ്ണ് എന്നിവ പ്രയോജനപ്പെടുത്തുവാനും ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയറിന് (SOP) അംഗീകാരം നൽകിയിട്ടുണ്ട്. SOP പ്രകാരം സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്തുവാനും അംഗീകാരം നൽകിയിട്ടുണ്ട്. അതനുസരിച്ച് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ റിസർവോയറുകളിൽ നിന്നും ഡീസിൽറ്റേഷൻ നടത്തുമ്പോൾ ഉണ്ടായേക്കാവുന്ന തടസ്സങ്ങളും മറ്റ് പഠനവിവരങ്ങളും വിലയിരുത്തി SOP-നിന്നും ആവശ്യമായ ഭേദഗതികൾ വരുത്തി പുതുക്കിയ SOP പ്രകാരം ബാക്കി ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്തുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കൂടാതെ ഡ്രോട്ട് മിറ്റിഗേഷൻ മെഷേഴ്സിന്റെ ഭാഗമായി അരുവിക്കര റിസർവോയറിന്റെ സംഭരണശേഷി കൂട്ടുന്നതിനായി ഒരു പൈലറ്റ് പ്രോജക്ട് നടപ്പാക്കുന്നതിലേയ്ക്കായി പഠനങ്ങൾ നടത്തിവരുന്നു.

(സി) 2016-17 സംസ്ഥാന ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ വാട്ടർ അതോറിറ്റിയെ ലാഭകരമായ സ്ഥാപനമാക്കുമെന്ന് നിയമസഭയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനായി താഴെ പരാമർശിക്കുന്ന കർമ്മപദ്ധതികൾ തയ്യാറാക്കി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമായി മാറ്റുകയും ചെയ്തു.

2. വാട്ടർ അതോറിറ്റിയുടെ ജലവിതരണശൃംഖലയിലെ ജലചോർച്ച തടയുന്നതിന് പഴക്കം ചെന്ന പൈപ്പുകളും പമ്പുകളും ഘട്ടം ഘട്ടമായി മാറ്റിസ്ഥാപിക്കുന്നതിന് നടപടികൾ.

3. ചെറിയ തുക ചെലവഴിച്ച് പൂർണ്ണമായും വിനിയോഗസജ്ജമാക്കാൻ കഴിയുന്ന പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിന് നടപടികൾ.

4. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ.

(ഡി) വാർഷിക അറ്റകുറ്റപ്പണികൾക്കായി വകയിരുത്തുന്ന തുക ഉപയോഗിച്ച് കനാലുകൾ നവീകരിക്കുന്ന പ്രവൃത്തികൾ നടത്തുകയും അതുവഴി കനാലുകളിലൂടെയുള്ള ജലചോർച്ച പരമാവധി തടയാനും സാധിക്കുന്നുണ്ട്. കൂടാതെ ഡാമുകളുടെ അറ്റകുറ്റപ്പണിയും നടത്തിവരുന്നു. കാലപ്പഴക്കം ചെന്ന ജലവിതരണ പൈപ്പുകൾ മാറ്റിസ്ഥാപിക്കുവാൻ സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, അമൃത് തുടങ്ങിയവയിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പദ്ധതികൾ തയ്യാറാക്കി സമയബന്ധിതമായി പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നുണ്ട്. പൈപ്പുകളിലെ ചോർച്ചമൂലമുള്ള ശുദ്ധജല നഷ്ടം തടയാൻ പ്രത്യേക ശ്രദ്ധ ചെലുത്തി യഥാസമയം ലീക്കുകൾ പരിഹരിക്കാറുണ്ട്. ബ്ലൂ ബ്രിഗേഡ് പോലെയുള്ള സംവിധാനത്തിലൂടെ അടിയന്തര ഘട്ടങ്ങളിൽ ശുദ്ധജലം നഷ്ടപ്പെടാതിരിക്കാൻ അറ്റകുറ്റപ്പണികൾ നടത്താനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ 24X7 ജലവിതരണ സംവിധാനം നടപ്പിലാക്കുന്നതിന് ആവിഷ്കരിച്ച് വരുന്ന എ.ഡി.ബി. ധനസഹായത്തോടെയുള്ള പദ്ധതിയിൽ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കലും പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകളുടെ പുനരുദ്ധാരണവും ഉൾപ്പെടുന്നു.

## ഭൂവസ്ത്രക്കുഴൽ സ്ഥാപിക്കുന്ന പദ്ധതി

9 (*339) ഡോ. എം. കെ. മുനീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തീരദേശ ശോഷണം കുറയ്ക്കുന്നതിനും കടൽത്തീരം സംരക്ഷിക്കുന്നതിനുമായി ഭൂവസ്ത്രക്കുഴൽ (ജിയോ ട്യൂബ്) സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ പദ്ധതി സംസ്ഥാനത്ത് എവിടെയെല്ലാം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): (എ) ഉണ്ട്.

(ബി) അടിയന്തരമായി പൊന്നാനി, പരപ്പനങ്ങാടി, അമ്പലപ്പുഴ, ആറാട്ടുപുഴ, പുന്നപ്ര, മാരാരിക്കുളം, ചെല്ലാനം എന്നീ സ്ഥലങ്ങളിൽ ജിയോ ട്യൂബ് ഉപയോഗിച്ചുള്ള തീരസംരക്ഷണ പ്രവൃത്തികൾ ചെയ്യുവാൻ നടപടിയെടുത്തുവരുന്നു.

(സി) പാറയുടെ ലഭ്യത കുറയുകയും ലൈസൻസുള്ള ക്വാറികളിൽ വെള്ളം കെട്ടിനിൽക്കുന്നതിനാൽ പാറപൊട്ടിക്കൽ അസാധ്യമാകുകയും ചെയ്യുന്ന സന്ദർഭത്തിലാണ് ജിയോ സിന്തറ്റിക് ട്യൂബുകളുടെ ആവശ്യകത ഉടലെടുക്കുന്നത്. ഈ തീരസംരക്ഷണ രൂപകല്പന തികച്ചും നൂതനവും ചെലവ് കുറഞ്ഞതും എന്നാൽ വേഗത്തിൽ നടപ്പിലാക്കാവുന്നതുമാണ്. പ്രകൃതിയോട് ഇണങ്ങിച്ചേരുന്നതിനാൽ ഇപ്പോഴത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മറ്റ് പല നിർമ്മാണ രീതികൾക്കും പകരംവയ്ക്കാവുന്ന ഒന്നായി ഇതിനെ കണക്കാക്കാവുന്നതാണ്. ഇതൊരു താൽക്കാലിക നിർമ്മാണ രീതിയാണെങ്കിലും തക്കതായ സംരക്ഷണവും മേൽനോട്ടവുമുണ്ടെങ്കിൽ 20 വർഷം വരെ നിലനിൽക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാർ സ്ഥാപനമായ സെന്റർ ഫോർ വാട്ടർ ആന്റ് പവർ റിസർച്ച് സ്റ്റേഷൻ, പൂനെയുടെ രൂപകൽപ്പനയാണ് ഉപയോഗിച്ചിട്ടുള്ളത്. രണ്ടു ജിയോ സിന്തറ്റിക് ട്യൂബുകൾ താഴെയും ഒരെണ്ണം മുകൾഭാഗത്തുമായി സ്ഥാപിക്കുന്നതാണ് നിർമ്മാണ രീതി. ഇതിനുവേണ്ടിവരുന്ന ചെലവ് ഒരു മീറ്ററിന് 57,490 രൂപയാണ്. കടൽഭിത്തി നിർമ്മാണം/പുനർനിർമ്മാണം എന്നിവയെക്കാൾ ലാഭകരമാണ് ജിയോ സിന്തറ്റിക് ട്യൂബുകൾകൊണ്ടുള്ള നിർമ്മാണ രീതി. പൊതുമേഖലാ സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC) മുഖേനയാണ് ജിയോട്യൂബ്സ് വാങ്ങി സംരക്ഷണ പണികൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

## കുപ്പിവെള്ളത്തിന്റെ സ്രോതസ്സിനെക്കുറിച്ച് അന്വേഷണം

10 (*340) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ കമ്പനികൾ വിതരണം ചെയ്യുന്ന കുപ്പി വെള്ളത്തിന്റെ സ്രോതസ്സിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കുപ്പിവെള്ളം വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ജലവിഭവ വകുപ്പിന്റെ അനുമതി ആവശ്യമാണോ; വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ വിതരണം ചെയ്യുന്ന കുപ്പിവെള്ളം ഗുണനിലവാരമില്ലാത്ത താണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്ന തിനായി ജലവിഭവ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): (എ) സംസ്ഥാനത്ത് സ്വകാര്യ കമ്പനികൾ വിതരണം ചെയ്യുന്ന കുപ്പി വെള്ളത്തിന്റെ സ്രോതസ്സിനെക്കുറിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ് അന്വേഷണം നടത്തി യിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പ് സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് ഇത്തരം കുപ്പിവെള്ള നിർമ്മാണ യൂണിറ്റിലെ കുപ്പിവെള്ള നിർമ്മാണത്തിനുവേണ്ടി ഉപയോ ഗിക്കുന്ന ജലസ്രോതസ്സുകളായ കിണറുകൾ, കുഴൽക്കിണറുകൾ, മഴവെള്ള സംഭരണികൾ തുടങ്ങിയവയിൽനിന്നും വെള്ളത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളും അനുശാസിക്കും പ്രകാരം കുറ്റക്കാരാണെന്ന് കണ്ടെത്തിയ കമ്പനികൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അല്ല.

(സി) ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം വിപണികളിൽ ലഭ്യമായ കുടിവെള്ളം ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ് ലബോറട്ടറി പരിശോധനയ്ക്ക് വിധേയമാക്കിയതിൽ പല കമ്പനികളുടെയും ഉൽപ്പന്നങ്ങൾ നിശ്ചിത ഗുണ നിലവാരമില്ലാത്തവയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സ്വകാര്യ കമ്പനികൾ വിൽക്കുന്ന കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി ജലവിഭവ വകുപ്പ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (KIIDC) കുപ്പിവെള്ളം "ഹില്ലി അക്വാ" ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് സർട്ടിഫിക്കറ്റ്, ഫുഡ് ആന്റ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ഓഫ് ഇന്ത്യയുടെ സർട്ടിഫിക്കറ്റ് മുതലായവ നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണനിലവാരവും ഉറപ്പുവരുത്തി വിതരണം ചെയ്തുവരുന്നു.

## ഗോത്രവർഗ്ഗക്കാർക്ക് വനാവകാശ നിയമപ്രകാരം ഭൂമി ലഭ്യമാക്കാൻ നടപടി

11 (*341) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഭൂഉടമസ്ഥത മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെയും ഇഷ്ടമുള്ള ഭൂമി വാങ്ങാൻ ധനസഹായം നൽകുന്ന പദ്ധതിയുടെയും പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) പട്ടികഗോത്ര വർഗ്ഗക്കാർക്ക് അവരുടെ ഭൂമിയിലുള്ള അവകാശം സംരക്ഷിക്കാനും വനാവകാശ നിയമപ്രകാരം ഭൂമി ലഭ്യമാക്കാനും സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) പട്ടികജാതി പട്ടികഗോത്ര വർഗ്ഗ ആവാസ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ഡി) പട്ടികജാതി പട്ടികഗോത്രവർഗ്ഗ പ്രത്യേക പദ്ധതികളുടെ സാമൂഹിക പരിശോധന (സോഷ്യൽ ഓഡിറ്റ്) ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, (എ) പട്ടികജാതി വികസന വകുപ്പ്

ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി ഗ്രാമപ്രദേശത്ത് 5 സെന്റും നഗരപ്രദേശത്ത് 3 സെന്റും ഭൂമി ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങുന്നതിന് ധനസഹായം നൽകിവരുന്നുണ്ട്. ഈ സർക്കാർ വന്നശേഷം രണ്ടുവർഷംകൊണ്ട് 9065 കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചു.

പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികവർഗ്ഗക്കാരുടെ ഭൂഉടമസ്ഥത മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ഭൂമി വാങ്ങി നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു. ഈ പദ്ധതി പ്രകാരം ആകെ 865 പേർക്ക് 351.62 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിലെ പോരായ്മകൾ നികത്തി അർഹതയുള്ള എല്ലാ പേർക്കും ഭൂമി ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ ഭൂമി വാങ്ങി നൽകുന്നതിനായിട്ടുള്ള പുതിയ പദ്ധതി 3-3-2018-ലെ സ.ഉ.(എംഎസ്.) നമ്പർ 21/2018/പജപവവിവ. പ്രകാരം നിലവിൽ വന്നു. ടി ഉത്തരവിലെ മാനദണ്ഡങ്ങളും നടപടികളും അനുസരിച്ചാണ് 2018-19 മുതൽ ഭൂമി അനുവദിക്കുന്നത്. ആദിവാസി മേഖലകളോട് ചേർന്നുള്ള വാസ-കൃഷി യോഗ്യമായ സ്ഥലം പർച്ചേസ് കമ്മിറ്റി നിശ്ചയിക്കുന്ന വിലയ്ക്ക് ഭൂഉടമകളിൽനിന്ന് ജില്ലാ മിഷൻ ഭൂമി വാങ്ങി ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തി അർഹരായവർക്ക് മാനദണ്ഡങ്ങൾ പ്രകാരം വിതരണം ചെയ്യുന്നു. വിവിധ ജില്ലകളിലായി 507 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. രണ്ട് പദ്ധതികളുടെയും പുരോഗതി വകുപ്പുതലത്തിൽ വിലയിരുത്തുകയും പദ്ധതി നിർവ്വഹണത്തിന്റെ സമ്പൂർണ്ണ വിജയത്തിനായി ആവശ്യമായ തുടർനിർദ്ദേശങ്ങളും നൽകാറുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ്

വനാവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെ 598 വനാവകാശ കമ്മിറ്റികൾ മുഖേന നാളിതുവരെയായി 25327 അപേക്ഷകർക്ക് 34029.88 ഏക്കർ ഭൂമിയുടെ കൈവശാവകാശരേഖ വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 9903 അപേക്ഷകളിന്മേൽ കൈവശരേഖ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) പട്ടികജാതി വികസന വകുപ്പ്

പട്ടികജാതി ആവാസ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു സങ്കേതത്തിൽ ഒരു കോടി രൂപയുടെ വികസന പദ്ധതികൾ ഏറ്റെടുത്ത് സ്വയംപര്യാപ്ത ഗ്രാമം പദ്ധതി, അംബേദ്കർ ഗ്രാമവികസന പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. കോർപ്പസ് ഫണ്ട് ഉപയോഗിച്ചും അത്യാവശ്യമായ അടിസ്ഥാന സൗകര്യ വികസന പരിപാടികൾ നടത്തുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനത്തിനായി ഒരു സങ്കേതത്തിന് ഒരു കോടി രൂപ എന്ന ക്രമത്തിൽ 2017-18-ൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2017-18 വർഷം തെരഞ്ഞെടുത്തിട്ടുള്ള 101 സങ്കേതങ്ങളിൽ ഡി.പി.ആർ. ലഭ്യമായ 76-ൽ 34 സങ്കേതങ്ങൾക്ക് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ഇതിനകം നൽകിയിട്ടുണ്ട്.

(ഡി) ഇക്കാര്യം നിലവിൽ പരിഗണനയിലില്ല.

**കടൽത്തീര സംരക്ഷണം**

12 (*342) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷാരംഭത്തിനുമുമ്പ് സംസ്ഥാനത്തിന്റെ പലഭാഗത്തായി ഉണ്ടായ രൂക്ഷമായ കടലാക്രമണത്തിൽ സംഭവിച്ച നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇപ്രകാരം ഉണ്ടായ കടൽക്ഷോഭത്തിന്റെ കാരണങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) തീരത്തിന്റെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): (എ) വിശദവിവരങ്ങൾ വിലയിരുത്തിവരുന്നു. 2018 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലുണ്ടായ കടൽക്ഷോഭത്തിൽ 250-ഓളം മത്സ്യത്തൊഴിലാളി ഭവനങ്ങൾ ഉൾപ്പെടെ നിരവധി വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. 6 പേരുടെ മത്സ്യ ബന്ധനോപകരണങ്ങൾ പൂർണ്ണമായും 5 പേരുടെ മത്സ്യബന്ധനോപകരണങ്ങൾ ഭാഗികമായും നഷ്ടപ്പെട്ടിട്ടുണ്ട്. വിവിധ ജില്ലകളിൽ കടൽക്ഷോഭത്തിന്റെ ഫലമായി കടൽഭിത്തിയും തീരദേശ റോഡുകൾക്കും ചിലയിടങ്ങളിൽ കൃഷി വിളകൾക്കും നാശം സംഭവിച്ചിട്ടുണ്ട്.

(ബി) കോസ്റ്റൽ ഇറോഷൻ സ്റ്റഡീസ് നിശ്ചിത ഇടവേളകളിൽ സ്ഥിതി വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. ഇപ്രാവശ്യം ഉണ്ടായ കടൽക്ഷോഭത്തിന്റെ കാരണങ്ങൾ പ്രസ്തുത ഡാറ്റായെ അടിസ്ഥാനമാക്കി പരിശോധിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) രൂക്ഷമായ കടലാക്രമണം തടയുന്നതിന് കരിങ്കല്ല് ഉപയോഗിച്ചുള്ള Rubble mount seawall നിർമ്മാണം അടിയന്തര പ്രവൃത്തിയായി നടപ്പിലാക്കി വരുന്നുണ്ട്. കരിങ്കൽ ക്ഷാമം അനുഭവപ്പെടുന്നതിനാൽ ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോബാഗുകളിൽ മണൽ നിറച്ച് അടിയന്തരമായി കടൽത്തീരത്തെ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കടലാക്രമണം ഏറ്റവും രൂക്ഷമായ പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധത്തിന് ആവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി, ടി പ്രദേശങ്ങളുടെ ഫോട്ടോ സഹിതം അനുമതിക്കായി യുദ്ധകാലാടിസ്ഥാനത്തിൽ നൽകുന്നതിന് ജില്ലാ ഓഫീസർമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ സംരക്ഷണഭിത്തികളില്ലാത്ത സ്ഥലങ്ങളിൽ സി.ഡബ്ല്യു.പി.ആർ.എസ്./ ഐ.ഐ.റ്റി.-യിൽ നിന്നും ഡിസൈൻ ലഭ്യമാക്കി അനുയോജ്യമായ സ്ഥലങ്ങളിൽ കടൽഭിത്തിയും ഗ്രോയിനുകളും നിർമ്മിക്കുന്ന പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കി വരുന്നു. രൂക്ഷമായ കടലാക്രമണം നേരിടുന്ന ആലപ്പുഴ, അമ്പലപ്പുഴ ഭാഗങ്ങളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് പുലിമുട്ടുകൾ നിർമ്മിക്കുന്നതിന് കെ.ഐ.ഐ.ഡി.സി. മുഖാന്തരം നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ Gabion Box ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണം, ജിയോ ട്യൂബ്സ് ഉപയോഗിച്ചുള്ള തീരസംരക്ഷണം എന്നിവയ്ക്ക് നടപടി സ്വീകരിച്ചുവരുന്നു.

ഓഖി ദുരന്തത്തെത്തുടർന്ന് കേരളത്തിന്റെ തീരപ്രദേശങ്ങളിൽ തകർന്ന കടൽ ഭിത്തികളുടെ പുനർനിർമ്മാണത്തിനും അടിയന്തര പ്രവൃത്തികൾക്കുമായി ജനുവരി 2018 മുതൽ മാർച്ച് 2018 വരെ 8 കോടി രൂപയുടെ 37 പ്രവൃത്തികൾക്ക് അനുവാദം നൽകി നടപ്പിലാക്കിവരുന്നു. കൂടാതെ എറണാകുളം ജില്ലയിൽ വൈപ്പിൻ എടവനക്കാട് മേഖലയിൽ 4 പുലിമുട്ടുകൾക്ക് 3.77 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ആരംഭഘട്ടത്തിലാണ്. ചെല്ലാനം മേഖലയിൽ ജിയോ ട്യൂബ് ഉപയോഗിച്ചുള്ള കടൽഭിത്തികൾക്ക് 8 കോടി രൂപയുടെ 5 പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ ആരംഭഘട്ടത്തിലാണ്. കോഴിക്കോട് മേഖലയിൽ Gabion Box ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം വിവിധ ഭാഗങ്ങളിലുണ്ടായ കടലാക്രമണം നേരിടുന്നതിന് 3 കോടി രൂപയുടെ അടിയന്തര പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിലായി കടലാക്രമണം രൂക്ഷമായതായി തിരിച്ചറിഞ്ഞിട്ടുള്ള പ്രദേശങ്ങളിൽ കരിങ്കല്ല്/

ജിയോ ട്യൂബ് ഉപയോഗിച്ചുള്ള അടിയന്തര തീരസംരക്ഷണത്തിന് പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. ജിയോ ട്യൂബ് ഉപയോഗിച്ച് സംരക്ഷണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി കടൽക്ഷോഭം രൂക്ഷമായ പ്രദേശങ്ങളിലെ 12 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സർക്കാർ പരിഗണനയിലാണ്. കരിങ്കൽക്ഷാമം രൂക്ഷമായതിനാൽ, എം.വി.ഐ.പി. പദ്ധതി പ്രദേശത്ത് ലഭ്യമായ കരിങ്കല്ല് ആലപ്പുഴ, എറണാകുളം ജില്ലകളിലെ കടൽക്ഷോഭ നിവാരണപ്രവൃത്തികൾക്ക് ഉപയോഗിക്കാനുള്ള സാധ്യതകളും സർക്കാർ പരിഗണനയിലാണ്.

## സാംസ്കാരികച്യുതി പരിഹരിക്കാനായി ജാതി-മതേതര പൊതുഇടങ്ങൾ

13 (*343) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അയ്യങ്കാളി വില്ലുവണ്ടി യാത്ര നടത്തിയതിന്റെ 125-ാം വാർഷികം ആഘോഷിക്കുന്ന ഇക്കാലമായിട്ടും മത-ജാതിയടിസ്ഥാനമാക്കിയുള്ള ഉച്ചനീചത്വ ത്തിന്റെയും മിഥ്യാഭിമാനത്തിന്റെയും ബഹിർസ്ഫുരണമായ ദുരഭിമാനഹത്യ നടക്കുന്ന സാംസ്കാരികച്യുതി പരിഹരിക്കാനായി സാംസ്കാരിക വകുപ്പിന് എത്തരത്തിൽ ഇടപെടാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) സാമൂഹ്യ ഉദ്ഗ്രഥനത്തിന് പ്രചോദനമാകുന്നതിന് ജാതി-മതാതീത വിവാഹിതർക്ക് സാമൂഹിക-സാമ്പത്തിക സംരക്ഷണം ഒരുക്കാൻ പരിപാടിയുണ്ടോ;

(സി) പിന്തിരിപ്പൻ പുനരുത്ഥാന ശക്തികൾ സമൂഹത്തിൽ പിടിമുറുക്കുന്നതിനെ ചെറുക്കാനായി നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ഡി) ജാതി-മതേതര പൊതുയിടങ്ങൾ ചുരുങ്ങിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അതിനെ മറികടക്കാനായി കലാസാംസ്കാരിക പരിപാടികൾ വ്യാപകമായി സംഘടിപ്പിക്കാൻ സാധിക്കുമോ;

(ഇ) ഇതുമായി ബന്ധപ്പെട്ട് വായനശാലകളെയും ക്ലബ്ബുകളെയും പ്രോത്സാഹി പ്പിക്കാൻ പദ്ധതിയുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): (എ) ജാതി-ജന്മി-നാടുവാഴി വ്യവസ്ഥ നിർമ്മിച്ച മൂല്യബോധത്തിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ ജാതീയവും സാമൂഹികവുമായ വിവേചനങ്ങൾ ഉണ്ടായത്. ജന്മിത്വത്തിന്റെ സാമ്പത്തിക അടിത്തറ തകർന്നാലും അത് ഉത്പാദിപ്പിച്ച ജാതി വിവേചനത്തിന്റെ ബോധങ്ങൾ തകരാതെ ദീർഘകാലം നിലനിൽക്കും. അവയെ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ബോധപൂർവ്വമായ ഇടപെടലാണ് സാമൂഹിക പരിഷ്കരണ പ്രസ്ഥാന നായകന്മാർ നടത്തിയത്. എങ്കിലും ജാതീയവും സാമൂഹികവുമായ വിവേചനം ഇപ്പോഴും വച്ചുപുലർത്തുന്നവരുണ്ട്. പൊതു ജീവിതത്തിൽ പുരോഗമനപരമായ ആശയങ്ങളും ഇടപെടലുകളും നടത്തുന്നവർ ഈ വിഷയത്തിൽ തുടർജാഗ്രത പുലർത്തേണ്ടതുണ്ട്. വൈകുണ്ഠസ്വാമിയും ശ്രീനാരായണഗുരുവും മുതൽ അയ്യങ്കാളി വരെയുള്ള സാമൂഹിക പരിഷ്കർത്താക്കൾ മുന്നോട്ടുവച്ച മൂല്യങ്ങളെ അതിശക്തമായി നിലനിർത്തുകയും പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ടുമാത്രമേ നവോത്ഥാന മൂല്യങ്ങളെ നിലനിർത്താൻ സാധിക്കുകയുള്ളൂ. അത്തരം നവോത്ഥാന മൂല്യങ്ങളെ പ്രചരിപ്പിക്കുന്നതിന് സാംസ്കാരിക വകുപ്പും അതിന്റെ കീഴിലുള്ള സ്ഥാപനങ്ങളും പ്രാധാന്യം നൽകുന്നു. നവോത്ഥാന നായകരുടെ പേരിൽ ജില്ലകളിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിച്ച് പൊതുയിടങ്ങൾ രൂപപ്പെടുത്തി കേരളത്തിന്റെ സമ്പന്നവും വൈവിധ്യവുമായ സാംസ്കാരിക പൈതൃകത്തെ രക്ഷിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിലേയ്ക്കായി വിവരസാങ്കേതികവിദ്യയും ദൃശ്യ-ശ്രവ്യ അക്ഷരമാധ്യമങ്ങളെയും ഫലപ്രദമായി ഉപയോഗിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ബാലികാ ബാലന്മാരിൽ തുടങ്ങി യുവാക്കളിലും മുതിർന്നവരിലും വരെ നവോത്ഥാന മൂല്യങ്ങൾ സന്നിവേശിപ്പിക്കുന്നതിനുള്ള മാധ്യമമെന്ന നിലയ്ക്ക് സാഹിത്യം, നാടകം, ചലച്ചിത്രം, പരമ്പരാഗത കലകൾ എന്നിവയെ ഉപയോഗപ്പെടുത്തുന്നതാണ്. നാട്ടിൻപുറങ്ങളിൽ സ്വതന്ത്രമായ ആവിഷ്കാരങ്ങൾ സാധ്യമാക്കുന്നതിന് 'നാട്ടരങ്ങ്' എന്ന പേരിൽ പൊതുയിടങ്ങൾ സ്ഥാപിക്കുന്നതാണ്.

(ബി) സാംസ്കാരിക വകുപ്പ് ഇത്തരം സഹായങ്ങൾ നൽകിവരുന്നില്ല.

(സി) നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും 50 കോടി രൂപ വീതം ചെലവാക്കി നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതികൾക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനായി ഏജൻസിയെ ടെണ്ടർ നടപടി മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. ടി പദ്ധതിക്കായി ഓരോ ജില്ലയിലും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. പത്തനംതിട്ട, കോട്ടയം, തിരുവനന്തപുരം

എന്നിവ ഒഴികെയുള്ള ജില്ലകളിൽ സ്ഥലലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. ഡി.പി.ആർ. പൂർത്തിയാക്കി ടെണ്ടർ നടപടികൾ പാലിച്ച് ലഭ്യമായ സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. കിഫ്ബിയിൽനിന്നും ഒരു ജില്ലയിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് ശരാശരി 50 കോടി രൂപ എന്ന നിരക്കിൽ 14 ജില്ലകൾക്ക് ആകെ 700 കോടി രൂപ അടങ്കൽ ആണ് നിശ്ചയിച്ചിട്ടുള്ളത്. ടെണ്ടർ ചെയ്യുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതും പദ്ധതിക്കാവശ്യമായ തുക കിഫ്ബിയിൽനിന്നും ലഭ്യമാവുന്നതുമാണ്.

(ഡി) സാംസ്കാരിക വകുപ്പ് ഗ്രാമീണ മേഖലയിലും ചെറുപട്ടണങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദിയൊരുക്കുന്നതിന് 'നാട്ടരങ്ങ്' എന്ന പേരിൽ ഒരു നൂതന പദ്ധതി നടപ്പാക്കുന്നമുറയ്ക്ക് സാംസ്കാരിക കൂട്ടായ്മകളുടെ പ്രവർത്തനവേദിയായും കലാപ്രകടനങ്ങളുടെ രംഗവേദിയായും ഉപയോഗിക്കത്തക്ക പൊതുയിടങ്ങൾ വിഭാവനം ചെയ്യുന്നുണ്ട്. സാംസ്കാരിക പ്രവർത്തനങ്ങൾക്കായി മതിയായ പൊതുയിടങ്ങൾ ലഭ്യമല്ലാത്ത ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും സൗകര്യപ്രദങ്ങളായ പാതയോരങ്ങൾ കണ്ടെത്തി തിരുവനന്തപുരത്തെ മാനവീയം വീഥിയുടെ മാതൃകയിൽ ആവിഷ്കാരത്തിനായി വികസിപ്പിച്ചെടുക്കുകയാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം.

(ഇ) വായനശാലകൾക്കും ക്ലബ്ബുകൾക്കുമായി പ്രത്യേകം പദ്ധതി നിലവിലില്ല.

## സംയോജിത കോഴി വളർത്തൽ പദ്ധതി

14 (*344) ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. മഞ്ഞളാംകുഴി അലി :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെപ്കോയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും സംയോജിത കോഴി വളർത്തൽ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള കോഴിയിറച്ചി ന്യായമായ വിലയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): (എ) സംസ്ഥാനത്തിനാവശ്യമായ കോഴിയിറച്ചിയുടെയും കോഴിമുട്ടയുടെയും ഉല്പാദനത്തിൽ സ്വയംപര്യാപ്തത ആർജ്ജിക്കുന്നതിന് കെപ്കോ സംയോജിത മുട്ടക്കോഴി വളർത്തൽ പദ്ധതിയും സംയോജിത ഇറച്ചിക്കോഴി വളർത്തൽ പദ്ധതിയും നടപ്പിലാക്കിയിരുന്നു. എന്നാൽ സംയോജിത ഇറച്ചിക്കോഴി വളർത്തൽ പദ്ധതിമൂലം കമ്പനിക്ക് നഷ്ടം നേരിട്ടതിനാൽ ടി പദ്ധതി ഉപേക്ഷിച്ചു. സംയോജിത ഇറച്ചിക്കോഴി പദ്ധതി പ്രകാരം കോൺട്രാക്ട് ഫാമിംഗ്, കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ചുകൊണ്ടുള്ള ഇറച്ചിക്കോഴി വളർത്തൽ പദ്ധതി എന്നിവയാണ് ഇപ്പോൾ നടപ്പാക്കുന്നത്. സംയോജിത മുട്ടക്കോഴി വളർത്തൽ പദ്ധതി നിലവിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിലാണ് നടപ്പാക്കുന്നത്. ഈ പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക് ക്രമേണ വ്യാപിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി&സി) സംയോജിത മുട്ടക്കോഴി വളർത്തൽ പദ്ധതിക്കാവശ്യമായ മുട്ടക്കോഴികളെ ഉല്പാദിപ്പിക്കുന്നത് കെപ്കോയുടെ കീഴിൽ കൊല്ലം ജില്ലയിലെ കൊട്ടിയത്തും തൃശ്ശൂർ ജില്ലയിലെ മാളയിലും പ്രവർത്തിക്കുന്ന മുട്ടക്കോഴി വളർത്തൽ കേന്ദ്രങ്ങളിലാണ്. ഈ രണ്ട് കേന്ദ്രങ്ങളിലെയും ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഗ്രാമശ്രീ, ഗ്രാമപ്രിയ എന്നീ രണ്ട് ഇനങ്ങൾക്ക് പുറമെ ഉല്പാദന ശേഷി കൂടുതലുള്ള ബി.വി. 380 ഇനത്തിൽപ്പെട്ട കോഴികളെ മാളയിൽ വളർത്തുന്നു. ഇറച്ചിക്കോഴികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നിലവിലുള്ള ഹാച്ചറികൾ നവീകരിക്കുന്നതിനും പുതിയ ഇറച്ചിക്കോഴി ഫാമുകൾ ആരംഭിക്കുന്നതിനും കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് സംസ്ഥാനവ്യാപകമായി ഇറച്ചിക്കോഴി വളർത്തൽ പദ്ധതി ആരംഭിക്കുന്നതിനും ആവശ്യമായ നടപടികളെടുത്തിട്ടുണ്ട്. പുറമേ മറ്റ് ജില്ലകളിൽ കെപ്കോ ഉല്പന്നങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി കൂടുതൽ കെപ്കോ ഏജൻസികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആദ്യപടിയായി കൊല്ലം ജില്ലയിൽ കെപ്കോ ഏജൻസികൾ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു.

## കാട്ടുതീയിൽ നിന്നും സംരക്ഷണം

15 (*345) ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും വനങ്ങളെ കാട്ടുതീയിൽ നിന്നും സംരക്ഷിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ബി) കഴിഞ്ഞ വർഷം സംസ്ഥാനത്തെ വനങ്ങളിൽ ഉണ്ടായ കാട്ടുതീയുടെ പശ്ചാത്തലത്തിൽ കാട്ടുതീ തടയാൻ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ പ്രാവർത്തികമാക്കിയിട്ടുണ്ടോ;ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) വനം കയ്യേറ്റം പൂർണ്ണമായും തടയുന്നതിന് കഴിഞ്ഞിട്ടുണ്ടോ;ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരം കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ജില്ലയിലാണ് കൂടുതൽ കയ്യേറ്റങ്ങൾ ഉണ്ടായത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) കാർബൺ ന്യൂട്രൽ വയനാട് പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിക്കായി നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്; അത് വിജയപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു :

- ജൈവവൈവിധ്യ സംരക്ഷണത്തിനും വനസംരക്ഷണത്തിനും വനപരിപാലനത്തിനുമായി വനാതിർത്തി സർവ്വേ, ജണ്ട നിർമ്മാണം, ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കൽ, റിസർവല്ലാത്ത വനഭൂമികളും അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമികളും റിസർവ് വനമായി പ്രഖ്യാപിക്കൽ, പുതുതായുള്ള കയ്യേറ്റം ഉടൻ ഒഴിപ്പിക്കൽ, ബീറ്റ് ഫോറസ്റ്റർമാരുടെ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരുടെ സർവ്വേ ട്രെയിനിംഗ് തുടങ്ങിയ നടപടികൾ നടപ്പിലാക്കിവരുന്നു.

- നാഷണൽ പാർക്കുകളും വന്യജീവി സങ്കേതങ്ങളും ഉൾപ്പെടുന്ന സംരക്ഷിതമേഖലയും ആയവയിലെ ജൈവവൈവിധ്യ സംരക്ഷണത്തിനുമായി പ്രത്യേക സംരക്ഷണ, പരിപാലന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

- സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി ജൈവവൈവിധ്യ സംരക്ഷണത്തിന് ഹരിത കേരളം പദ്ധതിയിലൂടെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് വൃക്ഷത്തൈകൾ സൗജന്യമായും പൊതുജനങ്ങൾ, വിവിധ മത-രാഷ്ട്രീയ സംഘടനകൾ, പത്ര സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവയ്ക്ക് ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സൗജന്യമായി വൃക്ഷത്തൈകൾ വിതരണം ചെയ്തുവരുന്നു.

- ജൈവവൈവിദ്ധ്യ പ്രോത്സാഹനത്തിന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതസ്ഥാപനങ്ങൾ, തുടങ്ങിയ സ്ഥലങ്ങളിൽ നക്ഷത്രവനം, ഔഷധത്തോട്ടം, ചിത്രശലഭ പാർക്ക് എന്നിവ നിർമ്മിച്ച് പരിപാലിക്കുന്നതിന് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിവരുന്നു.

- ജൈവ വൈവിധ്യ സംരക്ഷണം കാര്യക്ഷമമായി നടപ്പിലാക്കുന്ന വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് വർഷംതോറും വനമിത്രപുരസ്കാരം നൽകി വരുന്നു.

- കടലാമ സംരക്ഷണം, പക്ഷി സംരക്ഷണം എന്നീ പ്രവർത്ത നങ്ങളും ജൈവവൈവിദ്ധ്യ സംരക്ഷണത്തിന്റെ ഭാഗമായി നടപ്പാക്കിവരുന്നു.

- നദീതീരങ്ങളിൽ മുള നട്ടുവളർത്തുന്ന പദ്ധതി, വഴിയോര തണൽ പദ്ധതി, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, സ്വകാര്യ ഭൂമിയിൽ പത്തിനം തൈകൾ വച്ചുപിടിപ്പിക്കുന്നതിന് ധനസഹായം, കണ്ടലുകൾ, കാവുകൾ എന്നിവയ്ക്ക് ധനസഹായം, വനമിത്ര അവാർഡ്, സ്കൂൾ/കോളേജ് കേന്ദ്രീകരിച്ച് ഫോറസ്ട്രി ക്ലബ്ബുകൾ, പരിസ്ഥിതി ബോധവത്കരണ ക്ലാസുകൾ, പരിസ്ഥിതി ദിനാഘോഷം, വന്യജീവി വാരാഘോഷം എന്നിങ്ങനെ പ്രകൃതിയെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള ബഹുമുഖ പ്രവർത്തനങ്ങളും നടത്തിവരുന്നു.

- വനാശ്രിത സമൂഹങ്ങളുടെ വനാശ്രിതത്വം കുറച്ചുകൊണ്ടുവരുന്ന തിനും അതുവഴിയുള്ള ജൈവവൈവിധ്യ ശോഷണം തടയുന്ന തിനുമായി ജനപങ്കാളിത്തത്തോടെ വനസംരക്ഷണവും വന പരിപാലനവും നടപ്പാക്കുന്നുണ്ട്.

- കാലാവസ്ഥ വ്യതിയാനം കൊണ്ടുള്ള ദോഷഫലങ്ങൾ പരിമിത പ്പെടുത്തുവാൻ വനങ്ങളെ സജ്ജമാക്കാനായി കേന്ദ്ര സഹായ ത്തോടെ ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി നടപ്പാക്കുന്നു.

- അട്ടപ്പാടിയിലെ ചന്ദന സ്വാഭാവിക പുനരുജ്ജീവന പ്രദേശത്തിന് മറയൂർ ചന്ദന റിസർവ്വിന് നൽകുന്ന രീതിയിൽ സംരക്ഷണം നൽകുന്നതിന് 2018-19 വർഷത്തേയ്ക്ക് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

വനങ്ങളെ കാട്ടുതീയിൽനിന്നും സംരക്ഷിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു :

- വനങ്ങളെ കാട്ടുതീയിൽനിന്ന് സംരക്ഷിക്കുന്നതിനായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് ഡെറാഡൂണിലെ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ ഫയർ അലർട്ട് സിസ്റ്റം നടപ്പിലാക്കി.

അതോടൊപ്പം കാട്ടുതീ സാദ്ധ്യത മുൻകൂട്ടി അറിയാൻ ഫയർ വാണിംഗ് സിസ്റ്റവും നടപ്പിലാക്കിയിട്ടുണ്ട്. ഇവ വഴി കാട്ടുതീ അപ്പപ്പോൾ കൃത്യ സ്ഥലമടക്കം കണ്ടെത്തി അണയ്ക്കുന്നതിന് നടപടി എടുക്കാനും കാട്ടുതീ സാദ്ധ്യത പ്രദേശങ്ങളിൽ ജാഗ്രത പാലിച്ച് നാശനഷ്ടങ്ങൾ ഒഴിവാക്കാനും സാധിച്ചിട്ടുണ്ട്.

- 2018-19-ൽ അരിപ്പ ഫയർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ശാക്തീകരണം നടത്തി ഒരു മാതൃകാ കാട്ടുതീ പ്രതിരോധ പരിശീലന കേന്ദ്രമാക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) കഴിഞ്ഞ വർഷം സംസ്ഥാനത്തെ വനങ്ങളിലുണ്ടായ കാട്ടുതീയുടെ പശ്ചാത്തലത്തിൽ കാട്ടുതീ തടയാൻ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ പ്രവൃത്തികമാക്കിയിട്ടുണ്ട്. 2018 ഫയർ സീസണിൽ 1076.36 ഹെക്ടറിലാണ് കാട്ടുതീ ഉണ്ടായിട്ടുള്ളത്. ആയത് മുൻവർഷങ്ങളിലെ കാട്ടുതീയുടെ വ്യാപ്തിയെക്കാളും വളരെ കുറവാണ്. 2017 ഫയർ സീസണിൽ 2994.18 ഹെക്ടറിലും 2016 ഫയർ സീസണിൽ 1894.7 ഹെക്ടറിലും കാട്ടുതീ ഉണ്ടായിട്ടുണ്ട്.

(സി) വനം കയ്യേറ്റം പൂർണ്ണമായും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ഇടങ്ങളിലായി വനം കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുള്ളതും 67 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. പാലക്കാട് ജില്ലയിലാണ് കൂടുതൽ വനം കയ്യേറ്റങ്ങൾ ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളത്.

(ഡി) കാർബൺ ന്യൂട്രൽ വയനാട് പദ്ധതി വനം വകുപ്പിന്റെ ഒരു പദ്ധതിയല്ല. പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പാണ്. ഇതിലേയ്ക്കാവശ്യമായ 10528 വൃക്ഷത്തൈകൾ 2017-18 വർഷത്തിൽ മീനങ്ങാടി ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. കാർബൺ ന്യൂട്രൽ പദ്ധതിയിൽ വിവിധ മേഖലകളിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടവയാണ് വിഭാവന ചെയ്തിട്ടുള്ളത്. മാലിന്യസംസ്കരണം, ഇന്ധന ഉപഭോഗം, കാർഷിക പ്രവർത്തനങ്ങൾ, വനസംരക്ഷണ പ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ പ്രവർത്തനങ്ങളിലൂടെ 2020 ആകുമ്പോഴേക്കും കാർബൺ തുലിതമാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. തൊഴിലുറപ്പ് പദ്ധതി പ്രകാരം സജ്ജീകരിച്ച് നഴ്സറിയിൽ ഉല്പാദിപ്പിച്ച 2 ലക്ഷത്തോളം വൃക്ഷതൈകൾ നടപ്പ് സാമ്പത്തിക വർഷം നട്ടുപരിപാലിക്കുന്നതാണ്. അതോടൊപ്പം കാവുകളും സംരക്ഷണവും സാമൂഹ്യ വനവൽക്കരണവും ജനകീയ കൂട്ടായ്മയിലൂടെ നടപ്പിലാക്കി വരുന്നു. സമഗ്ര മാലിന്യ പരിപാലന പരിപാടിയുടെ ഭാഗമായി തുമ്പൂർമുഴി മോഡൽ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ഇതിലൂടെ ലഭ്യമാകുന്ന കമ്പോസ്റ്റ്

ജൈവകൃഷിക്കായി ഉപയോഗപ്പെടുത്തുന്നു. പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന്റെ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. മാലിന്യ പരിപാലന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ഹരിത കർമ്മസേന രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിനായി എൽ.ഇ.ഡി. ബൾബ് നിർമ്മാണത്തിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് പരിശീലനം നൽകി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു.

ജൈവവൈവിധ്യ പരിപാലന സമിതിയുടെ നേതൃത്വത്തിൽ വ്യത്യസ്തങ്ങളായ ജൈവവൈവിദ്ധ്യ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടപ്പാക്കി വരുന്നു. സുസ്ഥിര വികസന പദ്ധതി എന്ന നിലയിൽ ഈ പദ്ധതിയുടെ നേട്ടം 2020-ഓടുകൂടി യാഥാർത്ഥമാവുകയും അങ്ങനെ കാർബൺ തുലിത പഞ്ചായത്തായി മാറുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

**ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ട്**

16 (*346) ശ്രീമതി സി. കെ. ആശ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) തോട്ടം മേഖലയിലുള്ള ഭവനരഹിതരായ തൊഴിലാളികൾക്ക് വീടുകൾ ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ മക്കൾക്ക് മെച്ചപ്പെട്ട പഠന സൗകര്യങ്ങളും തൊഴിൽ സാഹചര്യങ്ങളും ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ): (എ) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ജസ്റ്റിസ് കൃഷ്ണൻനായർ കമ്മിഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി തോട്ടം മേഖലയിലെ തൊഴിലാളി യൂണിയൻ പ്രതിനിധികളുടെയും തോട്ടം ഉടമാ പ്രതിനിധികളുടെയും ഒരു യോഗം 6-2-2017-ൽ ബഹു. തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും ടി നിർദ്ദേശങ്ങൾ സംബന്ധിച്ച് യൂണിയനുകളുടെയും തൊഴിലുടമാ പ്രതിനിധികളുടെയും അഭിപ്രായം എഴുതി സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇതിൻ പ്രകാരം ബന്ധപ്പെട്ടവർ നൽകിയ അഭിപ്രായങ്ങളുടെ ക്രോഡീകരിച്ച റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും ഇതേ തുടർന്ന് തോട്ടം മേഖലയിലെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രി 9-5-2017-ൽ വിളിച്ചുചേർത്ത യോഗത്തിൽ ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായുള്ള ശിപാർശ സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ 14 ശിപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രസ്തുത ശിപാർശകളിൽ ക്രമനമ്പർ 1 ,2 ,3, 4, 7, 9, 10, 11, 13, 14 ശിപാർശകൾ അംഗീകരിക്കുകയും 8-ാം നമ്പർ ശിപാർശ തള്ളിക്കളയുകയും 5, 6, 12 ശിപാർശകൾ ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

(സി) തോട്ടം മേഖലയിലെ ഭവനരഹിതരായ തൊഴിലാളികൾക്ക് വീട് വച്ച് നൽകുന്നതിനായി സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയിൽ തോട്ടം മേഖലയെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം പരമാവധി 4 ലക്ഷം രൂപ ചെലവിൽ വ്യക്തിഗത വീടുകൾ നിർമ്മിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2018-19 ബഡ്ജറ്റിൽ 2230-01-103-15 (പി) എന്ന ശീർഷകത്തിൽ 11 കോടി രൂപ ഭവനം-പദ്ധതി സ്വന്തം വീട് സ്കീമിനായി അനുവദിക്കുകയും ഇതിൽ 4.08 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ഡി) തോട്ടം മേഖലയിലെ തൊഴിലാളികളുടെ മക്കൾക്ക് മെച്ചപ്പെട്ട പഠന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. എന്നിരുന്നാലും കേരളത്തിലെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സമാശ്വാസം നൽകുന്നതിനായി സംസ്ഥാനത്ത് തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ പ്രവർത്തിച്ചുവരുന്ന പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖേന തിരുവനന്തപുരം, ഇടുക്കി ജില്ലകളിൽ പൂട്ടിക്കിടക്കുന്ന തൊഴിലാളികളുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസ ധനസഹായം നൽകിവരുന്നു. ഇടുക്കി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി 2016-17 സാമ്പത്തിക

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വർഷം 5,42,495 രൂപയും 2017-18-ൽ 4,36,557 രൂപയും വിദ്യാഭ്യാസ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ 2016-17 വർഷത്തിൽ 1,02,000 രൂപ ഉന്നതവിദ്യാഭ്യാസ ധനസഹായമായും (16 പേർക്ക്) പഠനോപകരണങ്ങൾ വാങ്ങുന്നതിന് 36,000 രൂപയും 2017-18 വർഷത്തിൽ 33,000 രൂപയും ധനസഹായമായി അനുവദിച്ചിട്ടുണ്ട്. തൊഴിലാളികളുടെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിന് പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരമുള്ള നടപടി സ്വീകരിച്ചുപോരുന്നു.

## ലിഡാ ജേക്കബ് കമ്മീഷൻ റിപ്പോർട്ട്

17 (*347) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയോഗിച്ച ലിഡാ ജേക്കബ് കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) മിൽമ ഉടച്ചുവാർക്കണമെന്ന നിർദ്ദേശം ഈ റിപ്പോർട്ടിൽ ഉണ്ടോ; ക്ഷീരമേഖലയിലെ പ്രശ്നങ്ങൾക്ക് എന്തെല്ലാം പരിഹാരമാണ് കമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്നത്;

(സി) മേഖലാ യൂണിയനുകളിലെ തെരഞ്ഞെടുപ്പും ഭരണവും ഏത് രീതിയിലായിരിക്കും എന്നറിയിക്കാമോ; യഥാർത്ഥ കർഷകർക്ക് ഭരണത്തിൽ പങ്കാളിത്തം ലഭിക്കുമോ;

(ഡി) തീറ്റപ്പുല്ലിനും കാലിത്തീറ്റയ്ക്കും കൃത്രിമ ബീജദാനത്തിനും ക്ഷീര സംഘങ്ങളിലൂടെ സംവിധാനമൊരുക്കുമോയെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): (എ) ത്രിതല ക്ഷീരസഹകരണ മേഖലയെക്കുറിച്ച് പഠിക്കുന്നതിനായി നിയോഗിച്ച ശ്രീമതി ലിഡാ ജേക്കബ് അദ്ധ്യക്ഷയായുള്ള സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. റിപ്പോർട്ടിലെ പ്രധാന ശിപാർശകളുടെ മലയാള തർജ്ജിമ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ത്രിതല ക്ഷീരസഹകരണ മേഖലയെക്കുറിച്ച് പഠിക്കുന്നതിനായി നിയോഗിച്ച ശ്രീമതി ലിഡാ ജേക്കബ് അദ്ധ്യക്ഷയായുള്ള വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിൽ കേരളത്തിൽ നിലവിലുള്ള ത്രിതല ക്ഷീരസഹകരണ സംവിധാനം നിലനിർത്തിക്കൊണ്ട് മേഖലാ യൂണിയനുകളുടെ എണ്ണം 3 ൽ നിന്നും 2 ആക്കി കുറയ്ക്കുന്നതിനും എറണാകുളം, തിരുവനന്തപുരം മേഖലാ യൂണിയനുകളെ സംയോജിപ്പിച്ചു കൊണ്ട് പുനഃസംഘടന നടത്തുന്നതിനും ശിപാർശ ചെയ്തിരിക്കുന്നു. ക്ഷീരമേഖല കൂടുതൽ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന ശിപാർശകളുടെ മലയാള തർജ്ജിമ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(സി) മേഖലാ യൂണിയനുകളിലെയും ഫെഡറേഷനിലെയും ഭരണസമിതി അംഗങ്ങളുടെ തെരഞ്ഞെടുപ്പ് കൂടുതൽ ജനാധിപത്യപരവും എല്ലാ മേഖലകളിലെയും കർഷകരുടെ പ്രാതിനിധ്യം ഉറപ്പാക്കുകയും ചെയ്യുന്ന തരത്തിൽ അതത് ജില്ലകളിലെ അംഗങ്ങൾ ചേർന്ന് ബന്ധപ്പെട്ട ജില്ലകളിലെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്ന വിധം നിയമാവലിയിലും നിയമങ്ങളിലും ഭേദഗതി വരുത്തുന്നതിന് വിദഗ്ദ്ധസമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഭരണസമിതിയിൽ ഊർജ്ജ്വസ്വലതയുള്ള പുതുമുഖങ്ങൾ കടന്നുവരുന്നത് ഉറപ്പാക്കുന്നതിന് ഭരണസമിതി അംഗങ്ങൾക്ക് പരമാവധി 3 തവണ (3 term) മാത്രമേ തുടരാനാവൂ എന്ന വ്യവസ്ഥ നടപ്പിലാക്കുന്നതിനും വിദഗ്ധ സമിതി ശിപാർശ ചെയ്തിട്ടുണ്ട്. യഥാർത്ഥ ക്ഷീരകർഷകർക്ക് പങ്കാളിത്തം ഉറപ്പുവരുത്തുന്ന ഭരണസംവിധാനമാണ് വിഭാവനം ചെയ്യുന്നത്.

(ഡി) തീറ്റപ്പുല്ല്, കാലിത്തീറ്റ എന്നിവ ക്ഷീരസംഘങ്ങളിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃത്രിമബീജധാനം നിലവിൽ മൃഗസംരക്ഷണ വകുപ്പ് മുഖേനയാണ് നടപ്പിലാക്കിവരുന്നത്. കൃത്രിമ ബീജാധാനത്തിനുള്ള സൗകര്യങ്ങൾ വീട്ടുപടിക്കൽ (Doorstep) ലഭ്യമാക്കുന്നതിനും ഇതിനായി അർഹതയുള്ള ക്ഷീര സഹകരണസംഘം ജീവനക്കാർക്ക് പരിശീലനം നൽകി ക്ഷീരസഹകരണ സംഘങ്ങളിലൂടെ കൃത്രിമ ബീജാധാനത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും വിദഗ്ദ്ധ സമിതി ശിപാർശ ചെയ്തിട്ടുണ്ട്.

**ജലചൂഷണം തടയാൻ നടപടി**

18 (*348) ശ്രീ. സി. കെ.നാണു :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിതരണത്തിനിടയിലുള്ള ജലനഷ്ടം കുറയ്ക്കുന്നതിനും ജലചൂഷണം ഇല്ലാതാക്കുന്നതിനും നിർമ്മിതബുദ്ധിയുടെ സഹായത്തോടെ ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ജല അതോറിറ്റിയുടെയും ജലവിഭവ വകുപ്പിന്റെയും റിസർച്ച് ആന്റ് ഡെവലപ്‌മെന്റ് വിഭാഗത്തിന്റെ പ്രവർത്തനപുരോഗതി വിശദീകരിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): (എ) ജലനഷ്ടം കുറയ്ക്കുന്നതിനും ജലചൂഷണം ഇല്ലാതാക്കുന്നതിനും പദ്ധതികൾ ഇതുവരെ വിഭാവന ചെയ്തിട്ടുള്ളത് നിർമ്മിതബുദ്ധിയുടെ സഹായത്താലല്ല.

(ബി) ജലഅതോറിറ്റിയുടെ കീഴിൽ റിസർച്ച് ആന്റ് ഡെവലപ്‌മെന്റ് എന്നൊരു വിഭാഗം പ്രവർത്തിക്കുന്നില്ല. ജലവിതരണവും സ്വീവറേജ് സംവിധാനവും ആധുനിക വത്കരിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിൽ ജല അതോറിറ്റി നേരിടുന്ന പ്രശ്നങ്ങൾക്ക് ഇവിടത്തെ സാഹചര്യത്തിന് അനുയോജ്യമായ പരിഹാരങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനുമായി യുവജനങ്ങളുടെ സർഗ്ഗാത്മകമായ നൂതന ആശയങ്ങൾ ജല അതോറിറ്റിയുടെ മേൽനോട്ടത്തിൽ ഉപയോഗപ്പെടുത്തുന്നത് നന്നായിരിക്കുമെന്ന ഉദ്ദേശ്യലക്ഷ്യത്തോടെ കേരള വാട്ടർ അതോറിറ്റി ഇന്നവേഷൻ സോൺ (KWIZ) എന്ന പേരിൽ ഒരു സംരംഭം ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ സംരംഭകത്വ വികസനത്തിനും ഇൻക്യുബേഷൻ പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിക്കുന്ന കേരള സർക്കാരിന്റെ നോഡൽ ഏജൻസിയായ കേരള സ്റ്റാർട്ട്അപ് മിഷനുമായി സഹകരിച്ചാണ് പ്രസ്തുത സംരംഭം ആരംഭിച്ചിട്ടുള്ളത്. 2017-ൽ രണ്ട് പ്രോജക്ടുകൾ പ്രസ്തുത സംരംഭത്തിനുകീഴിൽ പരിഗണനയ്ക്ക് വരികയും അതിൽ ഒരു പ്രോജക്ട് അംഗീകരിക്കുകയും ചെയ്തു. മാൻഹോളുകൾ വൃത്തിയാക്കുന്നതിനായി ബാൻഡിക്കൂട്ട് എന്ന പേരിൽ ഒരു റോബോട്ട് സംവിധാനം ജെന്റോബോട്ടിക്സ് എന്ന സ്റ്റാർട്ട് അപ് സ്ഥാപനം കേരള ജല അതോറിറ്റിയുടെ സഹകരണത്തോടെ അംഗീകരിച്ച പ്രോജക്ടിന്റെ കീഴിൽ വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത റോബോട്ടിന്റെ പ്രാരംഭ മാതൃക നിർമ്മിക്കുകയും അതിന്റെ പരീക്ഷണ ഘട്ടപ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

ജലസേചന വകുപ്പിൽ ചീഫ് എഞ്ചിനീയർമാർ, ഐ.ഡി.ആർ.ബി.-യുടെ കീഴിൽ റിസർച്ച് ആന്റ് ഡെവലപ്‌മെന്റ് വർക്കുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (K.E.R.I.) എന്നൊരു സ്ഥാപനം തൃശ്ശൂർ പീച്ചി കേന്ദ്രമായി പ്രവർത്തിക്കുന്നു. സൂപ്രണ്ടിംഗ് എഞ്ചിനീയർ റാങ്കിലുള്ള ഡയറക്ടറുടെ കീഴിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ റാങ്കിലുള്ള 3 ജോയിന്റ് ഡയറക്ടർമാർ ഉള്ള കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**നിർമ്മാണമേഖലയിലെ സുരക്ഷാമാനദണ്ഡങ്ങൾ**

19 (*349) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) നിയമത്തിലും ചട്ടത്തിലും അനുശാസിക്കുന്ന പ്രകാരമുള്ള സുരക്ഷ നിബന്ധന വൻകിട കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ പാലിക്കാത്തത് കാരണം സംസ്ഥാനത്ത് അപകടങ്ങൾ വർദ്ധിക്കുന്നതും അതിൽ അതിഥി തൊഴിലാളികൾ മരണമടയുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജോലി സ്ഥലത്ത് വച്ചുണ്ടാകുന്ന അപകടംമൂലം മരണം സംഭവിക്കുന്ന ഇത്തരം തൊഴിലാളികൾക്ക് നൽകുന്ന സഹായം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗങ്ങളല്ലാത്തവർക്കും ഈ ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) നിർമ്മാണമേഖലയിൽ സുരക്ഷ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും അതിഥി തൊഴിലാളികളുടെ സംരക്ഷണത്തിനും നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ): സർ, (എ) ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) സംസ്ഥാനത്ത് മരണപ്പെടുന്ന ഇതരസംസ്ഥാന തൊഴിലാളികൾ 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗങ്ങളാണെങ്കിലും അല്ലെങ്കിലും ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് ധനസഹായം നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് ഓരോ സംസ്ഥാനത്തിനുമുള്ള ധനസഹായ വിഹിതം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കേന്ദ്രസർക്കാരിന്റെ കരട് വനനയം

20 (*350) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. ഉണ്ണി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ 2018-ൽ പുറത്തിറക്കിയിട്ടുള്ള കരട് വനനയം പരിശോധിച്ചിട്ടുണ്ടോ; വനസമ്പത്ത് വിവേകപൂർവ്വം ഉപയോഗപ്പെടുത്തി അവയുമായി ബന്ധപ്പെട്ടുനിൽക്കുന്ന ജനവിഭാഗത്തിന്റെ, പ്രത്യേകിച്ച് പട്ടികഗോത്ര വർഗ്ഗക്കാരുടെ ജീവിത പുരോഗതിക്കായിക്കൂടി വിനിയോഗിക്കുന്ന സംസ്ഥാന സർക്കാർ ഉദ്ദേശ്യത്തിന് പ്രതികൂലമാണ് നിർദ്ദിഷ്ട നയത്തിലെ പല വ്യവസ്ഥകളും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വാഭാവിക വനത്തിന്റെ വ്യാപനവും സംരക്ഷണവും എന്നതിന് പകരം സ്വകാര്യ പങ്കാളിത്തത്തോടെ വ്യവസായ താല്പര്യം സംരക്ഷിക്കുന്ന പദ്ധതികൾ കരട് വനം നയത്തിൽ നിർദ്ദേശിച്ചിരിക്കുന്നത് വനം സ്വകാര്യവൽക്കരിക്കാൻ വഴിവയ്ക്കാനിടയുണ്ടെന്ന ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിക്കുമോ;

(സി) നിലവിലുള്ള കേന്ദ്ര വനാവകാശ നിയമം യുക്തിസഹമായി ഭേദഗതി ചെയ്യണമെന്ന പട്ടികഗോത്ര വർഗ്ഗക്കാരുടെ ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ നടപടിയെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): (എ) കേന്ദ്ര സർക്കാരിന്റെ 2018-ലെ ദേശീയ വനനയത്തിന്റെ കരട് ലഭിച്ചത് വിശദമായ ചർച്ചകൾക്കുശേഷം വനം വകുപ്പിന്റെ അഭിപ്രായങ്ങൾ ചേർത്ത് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കരട് വനനയത്തിൽ പ്രക്ഷീണ വനങ്ങളുടെ പുനരുജ്ജീവനത്തിനും വനവികസന കോർപ്പറേഷനുകളുടെ കീഴിലുള്ള വനഭൂമിയിലെ വനവത്കരണത്തിനും പൊതുസ്വകാര്യ പങ്കാളിത്ത മോഡലുകൾ നടപ്പാക്കുമെന്ന് പറയുന്നുണ്ട്. ഇത് വളരെ സുതാര്യമായി നടപ്പാക്കേണ്ടതാണെന്നും ഇതിന്റെ മറവിൽ വിലപിടിപ്പുള്ള വനപ്രദേശങ്ങൾ സ്വകാര്യ വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ കൈവശം ചേരാതിരിക്കുന്നതിനുള്ള മുൻകരുതൽ ആവശ്യമാണെന്നും. 1988-ലെ കേന്ദ്ര സർക്കാരിന്റെ വനനയത്തിൽ ആദിവാസി വികസനം പ്രധാന ഇനമായിരുന്നു. എന്നാൽ ഇപ്പോൾ ആയതിന് വേണ്ടത്ര പ്രാധാന്യം കരട് വനനയത്തിൽ ഉള്ളതായി കാണുന്നില്ല. ആയതിനാൽ അതുകൂടി ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രക്ഷീണ വനങ്ങളുടെ പുനരുജ്ജീവനത്തിനും വനവികസന കോർപ്പറേഷനുകളുടെ കീഴിലുള്ള ഭൂമിയിലെ വനവൽക്കരണത്തിനും പൊതു സ്വകാര്യ പങ്കാളിത്ത മോഡലുകളാണ് പോളിസി വിഭാവനം ചെയ്യുന്നത്. ഇതിന്റെ മറവിൽ വിലപിടിപ്പുള്ള വനപ്രദേശങ്ങൾ സ്വകാര്യവ്യക്തികൾക്ക് ലഭിക്കാതിരിക്കുവാൻ വേണ്ട സുതാര്യത ഉറപ്പാക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) 1988-ലെ കേന്ദ്ര സർക്കാരിന്റെ വനനയത്തിൽ ആദിവാസി വികസനം പ്രധാന ഇനമായിരുന്നു. എന്നാൽ ഇപ്പോൾ ആയതിന് വേണ്ടത്ര പ്രാധാന്യം കരട് വനനയത്തിൽ ഉള്ളതായി കാണുന്നില്ല. വന്യജീവി-മനുഷ്യ സംഘർഷം ഒഴിവാക്കുന്നതിനായി എൻ.പി.വി. (Net Present Value) നൽകാതെ വനപ്രദേശത്ത് താമസിക്കുന്ന ആദിവാസികളെ സൗകര്യപ്രദമായി മറ്റിടങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കൽ, വനാവകാശനിയമം നടപ്പാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള ചിന്തകൾ, ആദിവാസി വിഭാഗങ്ങളുടെ പാരമ്പര്യ അറിവുകൾ സംരക്ഷിക്കുന്നതിനും അവ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള കാര്യങ്ങൾ, ആദിവാസി വികസനം എന്നിവകൂടി വനനയത്തിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

## സാംസ്കാരിക പ്രവർത്തനങ്ങൾ കാലോചിതമാക്കുന്നതിന് സാംസ്കാരിക നയം

21 (*351) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. കെ. ശശി :
ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക വകുപ്പ് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഈ കാലയളവിൽ കേരള കലാമണ്ഡലം, കേരള സാഹിത്യ അക്കാദമി തുടങ്ങിയവ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ലോകോത്തര നാടകോത്സവങ്ങളുടെ പട്ടികയിൽ സ്ഥാനംപിടിക്കത്തക്കവിധം കേരള സംഗീത നാടക അക്കാദമി സംഘടിപ്പിച്ച ഇന്റർനാഷണൽ തിയേറ്റർ ഫെസ്റ്റിവലിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കാലോചിതമാക്കുന്നതിനും ഉതകുന്ന തരത്തിൽ സാംസ്കാരിക നയത്തിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): (എ) സാംസ്കാരിക വകുപ്പിന് കീഴിലെ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് ആറ് മാസത്തിലൊരിക്കൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കി അവലോകനം ചെയ്യുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയവും പുരോഗമനപരവും ആയി മാറിയിട്ടുണ്ട്. ഇന്ത്യയുടെ മറ്റ് പ്രദേശങ്ങളിൽ ജാതി/മതപരമായ വിഭാഗീയ വിധ്വംസകശക്തികൾ പിടിമുറുക്കുമ്പോൾ കേരളം നവോത്ഥാന മുന്നേറ്റങ്ങൾ സംരക്ഷിക്കുന്നതിന്റെ ശ്രമങ്ങളിലാണ് ഏർപ്പെട്ടുകൊണ്ടിരിക്കുന്നത്. മതേതര മൂല്യങ്ങൾക്കും നവോത്ഥാന തുടർച്ചയ്ക്കുംവേണ്ടി നിലകൊള്ളുന്ന നമ്മുടെ സംസ്ഥാനത്തെ അതേ രീതിയിൽത്തന്നെ നിലനിർത്തണമെന്ന തിരിച്ചറിവോടു കൂടിയാണ് സർക്കാർ, സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എല്ലാ വിഭാഗം ജനവിഭാഗങ്ങളിലേയ്ക്കും കല, സാഹിത്യം, ദർശനങ്ങൾ, നവോത്ഥാനമൂല്യങ്ങൾ എന്നിവയുടെ വീണ്ടെടുപ്പിനും, സമാധാനപരമായ സർഗ്ഗാത്മക ജീവിതം സാധ്യമാക്കുന്നതിനുമുള്ള ശ്രമങ്ങളിലാണ് കേരള സാഹിത്യ അക്കാദമി പോലുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. ഈ ലക്ഷ്യം മുൻനിർത്തിയുള്ള പരിപാടികളാണ് കേരള സാഹിത്യ അക്കാദമി നടത്തിപ്പോരുന്നത്. കലാമണ്ഡലം, പരമ്പരാഗത ക്ലാസിക്കൽ നൃത്തകലയുടെയും കഥകളിയുടെയും പരിപോഷണത്തിനുള്ള നിരവധി പ്രവർത്തനങ്ങൾ നടത്തുന്നു. ഈ കാലയളവിൽ കേരള കലാമണ്ഡലം, കേരള സാഹിത്യ അക്കാദമി തുടങ്ങിയവ നടത്തിയിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കേരള സംഗീത നാടക അക്കാദമിയുടെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര നാടകോത്സവം 2008-ലാണ് ആരംഭിക്കുന്നത്. ലോകനാടകത്തിന്റെ ഏറ്റവും നവീനമായ പ്രവണതകളും സങ്കേതങ്ങളും കേരളത്തിലെ നാടക പ്രവർത്തകർക്കും പ്രേക്ഷകർക്കും അറിയാനും മനസ്സിലാക്കാനുമുള്ള അവസരം സൃഷ്ടിക്കുക എന്നതായിരുന്നു ഇത്തരമൊരു നാടകോത്സവം സംഘടിപ്പിക്കുന്നതിന് പിന്നിലെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രധാന ഉദ്ദേശ്യം. ഈ നാടകോത്സവം പിന്നീട് ഇന്റർനാഷണൽ തീയേറ്റർ ഫെസ്റ്റിവൽ ഓഫ് കേരള അഥവാ ഇറ്റ്ഫോക് എന്ന പേരിൽ ലോകശ്രദ്ധ പിടിച്ചുപറ്റി. ഏഷ്യൻ ഫെസ്റ്റിവൽ എന്ന രൂപത്തിലാണ് ഇറ്റ്ഫോകിന്റെ ആദ്യവർഷം വിഭാവനം ചെയ്തത്. പിന്നീടുള്ള വർഷങ്ങളിൽ ആഫ്രിക്ക, ലാറ്റിൻ അമേരിക്ക, യൂറോപ്പ്, ആസ്ട്രേലിയ തുടങ്ങിയ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നാടക സംഘങ്ങളും കലാകാരന്മാരും അക്കാദമിക് രംഗത്തെ പ്രശസ്തരും ഈ നാടകോത്സവത്തിൽ പങ്കെടുക്കാനായി എത്തിച്ചേർന്നു. കൂടാതെ മലയാളമടക്കം ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിൽ നിന്നുമുള്ള നാടകങ്ങളും മറ്റ് കലാരൂപങ്ങളും ഈ മേളയുടെ ഭാഗമായി അരങ്ങേറി. നാടകാവതരണങ്ങൾക്കുപുറമെ വിവിധ വിഷയങ്ങളെ സംബന്ധിച്ചുള്ള സെമിനാറുകളും ശില്പശാലകളും ഫോട്ടോ പ്രദർശനങ്ങളും എല്ലാ വർഷവും അനുബന്ധ പരിപാടികളായി സംഘടിപ്പിച്ചു വരുന്നു. ഈ നാടകോത്സവത്തിൽ ഇതിനകം വിദേശ രാജ്യങ്ങളിൽനിന്നും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമായി ഏകദേശം 5000 കലാകാരന്മാർ പങ്കെടുത്തു. ഓരോ വർഷവും പതിനായിരത്തിൽപ്പരം പ്രേക്ഷകർക്ക് നാടകങ്ങൾ കാണാനും നാടകചർച്ചകളിൽ ഏർപ്പെടാനും നാടകോത്സവം അവസരമൊരുക്കുന്നു. അന്താരാഷ്ട്ര നാടകോത്സവത്തിന്റെ ഭാഗമായി 2010-ൽ ഇന്ത്യയിലെ മികച്ച നാടക പ്രതിഭയെ ആദരിക്കുന്നതിനുവേണ്ടി 'അമ്മന്നൂർ പുരസ്കാരം' എന്ന പേരിൽ ഒരു അവാർഡ് ഏർപ്പെടുത്തിയിരുന്നു. പ്രശസ്ത നാടകാ ചാര്യൻ ശ്രീ. ബാദൽ സർക്കാരാണ് പ്രഥമ പുരസ്കാരത്തിനർഹനായത്. 2018-ൽ ഇന്ത്യൻ സിനിമയിലെയും നാടകത്തിലെയും അതുല്യ സാന്നിദ്ധ്യമായ ഗിരീഷ് കർണ്ണാടിനും അമ്മന്നൂർ പുരസ്കാരം നൽകി ആദരിച്ചിട്ടുണ്ട്. പതിനൊന്നാമത് അന്താരാഷ്ട്ര നാടകോത്സവം 2019 ജനുവരിയിലാണ് സംഘടിപ്പിക്കപ്പെടുന്നത്.

(ഡി) തികച്ചും മതേതര സ്വഭാവത്തോടുകൂടിയ ഒരു സമൂഹം കെട്ടിപ്പടുക്കു ന്നതിന് വ്യത്യസ്ത സാംസ്കാരിക ഏജൻസികളുടെ ഏകോപിതമായ പരിശ്രമം നടന്നുവരുന്നു. ജാതി, മത, ഭാഷ, പ്രാദേശിക സങ്കുചിതത്വങ്ങൾക്കതീതമായ ദേശീയമായ ഒരു സാംസ്കാരിക ഐക്യദാർഢ്യം വളർത്തിയെടുക്കുന്നതിന് കലകളെയും സാഹിത്യത്തെയും മറ്റ് സാംസ്കാരിക ഘടകങ്ങളെയും പ്രയോജനപ്പെടുത്തണം. ഇന്ത്യൻ സംസ്കാരത്തിന്റെ അടിസ്ഥാനശിലയായ ബഹുസ്വരത നിലനിർത്താനും വികസിപ്പിക്കാനും കഴിയുന്ന തരത്തിലുള്ള ഇടപെടലുകളാണ് സാംസ്കാരിക വകുപ്പ് സ്വീകരിച്ചുവരുന്നത്. സാംസ്കാരിക ബഹുസ്വരതയിൽ ഓരോ ഉപ സംസ്കൃതികൾക്കും അതിന്റേതായ പ്രസക്തിയും പ്രാധാന്യവുമുണ്ട്. എഴുത്തുകാർക്കിടയിലും ജനങ്ങൾ ക്കിടയിലും ആശയപരമായ സഹകരണം വർദ്ധിപ്പാക്കാനുതകുംവിധം ചർച്ചകൾ, സംവാദങ്ങൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിച്ചുവരുന്നു. ഇവയിൽ ജനപ്രതിനിധികളെയും പ്രാദേശിക സാംസ്കാരിക സംഘടനകളെയും ഉൾപ്പെടുത്തുന്നുണ്ട്. മാനവികത, മതേതരത്വം, സാഹോദര്യം തുടങ്ങിയ മൂല്യങ്ങളിൽ ഉറച്ചുനിൽക്കുന്ന

ഒരു സമൂഹസൃഷ്ടിക്കായി സംസ്ഥാന സാംസ്കാരിക വകുപ്പ് ബഹുമുഖങ്ങളായ ഇടപെടലുകൾ നടത്തിവരികയാണ്. നമുക്ക് ജാതിയില്ലാ വിളംബരത്തിന്റെ നൂറാം വാർഷികാഘോഷം, വിവേകാനന്ദസ്പർശം, രക്തസാക്ഷ്യം 2018 എന്നിവ ഈ ദൗത്യത്തിന്റെ ഭാഗമായി സാംസ്കാരിക വകുപ്പ് ഏറ്റെടുത്തിട്ടുള്ള ചില പരിപാടികളാണ്.

സർക്കാരിന്റെ നേതൃത്വത്തിൽ ജാതീയ ഉച്ചനീചത്വങ്ങളെ ഇല്ലാതാക്കുവാനും സമൂഹത്തിൽ സമത്വവും സാഹോദര്യവും നിലനിർത്തുവാനും പരിപാടികൾ ആവിഷ്കരിക്കുന്നുണ്ട്. സഹോദരൻ അയപ്പൻ ആരംഭിച്ച പന്തിഭോജനത്തിന്റെ 100-ാം വാർഷികം എല്ലാ ജില്ലകളിലും ആഘോഷിക്കുകയുണ്ടായി. സാംസ്കാരിക സ്ഥാപനങ്ങളുടെ ഏകോപനവും സമന്വയവും സാധ്യമാക്കുവാനും അവയ്ക്കുള്ള ധനസഹായം നിശ്ചയിക്കുന്നതിൽ ഉപദേശിക്കുവാനും കലാ സാംസ്കാരിക മേഖലയിൽ നവീന സർഗ്ഗാത്മക സംരംഭങ്ങൾക്ക് ആശയാവിഷ്കാരം നടത്തുന്നതിനും സാംസ്കാരിക നയരൂപീകരണത്തിന് ഉപദേശം നൽകുവാനുമായി സാംസ്കാരിക വകുപ്പുമന്ത്രി അദ്ധ്യക്ഷനായും സാംസ്കാരിക വകുപ്പുസെക്രട്ടറി ഉപാദ്ധ്യക്ഷനായും കലാസംസ്കാരിക രംഗത്തുനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രമുഖ വ്യക്തി സെക്രട്ടറിയായും ധനകാര്യ വകുപ്പ് സെക്രട്ടറി, സാംസ്കാരിക വകുപ്പ് ഡയറക്ടർ തുടങ്ങിയവർ അംഗങ്ങളായും സാംസ്കാരിക ഉന്നത സമിതി രൂപീകരിച്ചിട്ടുണ്ട്.

## ഉന്നതവിദ്യാഭ്യാസ രംഗത്ത് പട്ടികവിഭാഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

22 (*352) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടിയ ശേഷം കൊഴിഞ്ഞു പോകുന്ന പട്ടികവിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് ചേർന്ന ശേഷം കൊഴിഞ്ഞുപോകുന്നവരുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ;

(സി) ഇവർക്ക് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതിന് പ്രത്യേക സഹായം നൽകാനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): (എ) ഉന്നതവിദ്യാഭ്യാസത്തിന് പ്രവേശനം നേടിയശേഷം പഠനം പൂർത്തി യാക്കാത്ത പട്ടികവിഭാഗം വിദ്യാർത്ഥികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) GIFT (ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ) എന്ന സ്ഥാപനം 'സമുന്നതി' എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് എഞ്ചിനീയറിംഗ് മേഖലയിലെ കൊഴിഞ്ഞുപോയ പട്ടികജാതി വിദ്യാർത്ഥികളുടെ കണക്ക് എടുത്തിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ 2013 ലെ സോഷ്യോ ഇക്കണോമിക് സർവ്വേ പ്രകാരം എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് പഠനം നടത്തിയതിൽ 1240 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോയതായി കണ്ടെത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ വിവിധ സർക്കാർ അംഗീകൃത കോളേജുകളിൽ ബി.ടെക്. കോഴ്സിന് പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളിൽ കണ്ടു വരുന്ന കൊഴിഞ്ഞുപോക്ക് തടയുന്നതിനും തോറ്റപേപ്പറുകൾ വീണ്ടും എഴുതി വിജയിപ്പിക്കുന്നതിനുമായി പട്ടികജാതി വികസന വകുപ്പിന്റെ മേൽനോട്ടത്തിൽ ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള 'മോഡൽ ഫിനിഷിംഗ് സ്കൂൾ' എന്ന സ്ഥാപനം വഴി റെമെഡിയൽ കോച്ചിംഗ് നൽകുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ച് 2017-18-ൽ നടപ്പിലാക്കിയിട്ടുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്ക് ചേർന്ന് പഠിക്കുകയും എന്നാൽ പരീക്ഷ വിജയിക്കാതെ പഠനം നിർത്തിയ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പ്രത്യേകം പരിശീലിപ്പിച്ച് പരീക്ഷയ്ക്ക് പ്രാപ്തരാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തരവും ആവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. അതിലേയ്ക്കായി വിദ്യാർത്ഥികളുടെ വിശദവിവരങ്ങൾ വകുപ്പുതലത്തിൽ ശേഖരിച്ചുവരികയാണ്.

## കരിയർ ഡെവലപ്‌മെന്റ് സെന്ററുകളുടെ പ്രവർത്തനം

23 (*353) ശ്രീ. റോജി എം. ജോൺ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനിൽ അക്കര :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ അന്വേഷകർക്കായി ആരംഭിച്ച കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തൊഴിലന്വേഷകരായ ഉദ്യോഗാർത്ഥികൾക്ക് ഇത്തരം സെന്ററുകളിൽ നിന്നും ലഭിക്കുന്ന സഹായങ്ങൾ എന്തൊക്കെയാണ്; എംപ്ലോയബിലിറ്റി സെന്ററുകൾ സംഘടിപ്പിക്കുന്ന ജോബ് ഫെസ്റ്റിൽ പങ്കെടുക്കുന്നതിനുള്ള അവസരം ഉദ്യോഗാർത്ഥികൾക്ക് ഇതിലൂടെ ലഭിക്കുന്നുണ്ടോ;

(സി) സമർത്ഥരായ ഉദ്യോഗാർത്ഥികൾക്ക് ഈ സെന്ററിൽ സിവിൽ സർവ്വീസ് പരീക്ഷാപരിശീലനത്തിന് അവസരം ഒരുക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഇത്തരം സെന്ററുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വെളിപ്പെടുത്താമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ): (എ) ഉണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം കരിയർ ഡെവലപ്മെന്റ് സെന്ററുകളിൽ ഉദ്യോഗാർത്ഥികൾക്കായി കരിയർ കൗൺസിലിംഗ്, ഗ്രൂപ്പ് കൗൺസിലിംഗ്, കരിയർ ഗൈഡൻസ് ക്ലാസുകൾ, മോട്ടിവേഷൻ പ്രോഗ്രാമുകൾ, സ്വയം തൊഴിൽ സെമിനാറുകൾ, വിവിധ യൂണിവേഴ്സിറ്റികളിൽ പ്രവേശനം ലഭിക്കുന്നതിനായുള്ള ക്ലാസുകൾ, വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലന ക്ലാസുകൾ, നൈപുണ്യ വികസന പരിപാടികൾ, സംരംഭക താല്പര്യമുള്ള ഉദ്യോഗാർത്ഥികൾക്കായുള്ള പ്രത്യേക പരിപാടികൾ തുടങ്ങിയവ നടത്തിയിട്ടുണ്ട്. വിവിധ പരിശീലന പരിപാടികളിൽ പങ്കെടുത്ത തൊഴിലന്വേഷകരായ ഉദ്യോഗാർത്ഥികൾ മികച്ച വിജയം കൈവരിച്ചിട്ടുണ്ട്.

(ബി) ഇത്തരം സെന്ററുകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ ബയോഡാറ്റ സോഫ്റ്റ്‌വെയറിൽ സൂക്ഷിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കൗൺസിലറുടെ സഹായത്തോടെ ഓരോരുത്തർക്കും അനുയോജ്യമായ കോഴ്സുകൾ, തൊഴിൽ മേഖലകൾ, പരിശീലന സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങൾ കൃത്യമായി നൽകിവരികയും ചെയ്യുന്നു. കോഴ്സുകൾ പൂർത്തീകരിച്ച ശേഷം തൊഴിൽ ലഭിക്കാതിരിക്കുന്നുവെങ്കിൽ ആവശ്യമായ പരിശീലനവും പ്രചോദനവും സെന്ററിൽനിന്ന് നൽകിവരുന്നു. റെസ്യൂം പ്രിപ്പറേഷൻ, പ്രീ-ഇന്റർവ്യൂ പരിശീലനം, മൃദു നൈപുണ്യ പരിശീലനങ്ങൾ, വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലനങ്ങൾ, കരിയർ കൗൺസിലിംഗ്, മോട്ടിവേഷൻ പ്രോഗ്രാമുകൾ, സംരംഭകത്വ പരിപാടികൾ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള പരിശീലന പരിപാടികൾ തുടങ്ങി ഉദ്യോഗാർത്ഥികളുടെ പ്രൊഫഷണൽമികവ് ഉയർത്താനാവശ്യമായ എല്ലാ സേവനങ്ങളും കരിയർ ഡെവലപ്മെന്റ് സെന്ററുകളിൽ നിന്നും ലഭിക്കുന്നതാണ്. എംപ്ലോയബിലിറ്റി സെന്ററുകൾ സംഘടിപ്പിക്കുന്ന ജോബ് ഫെസ്റ്റിൽ ഉദ്യോഗാർത്ഥികൾക്ക് പങ്കെടുക്കാൻ അവസരമുണ്ട്.

(സി) സമർത്ഥരായ ഉദ്യോഗാർത്ഥികൾക്ക് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ മുഖേന സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നടത്തുന്നത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആലോചിക്കുന്നതാണ്.

(ഡി) വരുംവർഷങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഒരെണ്ണം വീതം ആരംഭിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**ആരോഗ്യ പരിരക്ഷ പദ്ധതി**

24 (*354) ശ്രീ. പി. കെ. ശശി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ദാസൻ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസംഘടിത മേഖലയിലുള്ള തൊഴിലാളി കുടുംബങ്ങൾക്കായി ചിയാക് (CHIAK ) മുഖേന കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പാക്കിവരുന്ന ആരോഗ്യ പരിരക്ഷാ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ;

(ബി) ഇതിനുപുറമേ സംസ്ഥാന സർക്കാർ സ്വന്തം നിലയിൽ നടപ്പാക്കുന്ന ചിസ് പ്ലസ്, മുതിർന്ന പൗരന്മാർക്കായുള്ള എസ്ചിസ് (SCHIS) എന്നീ പദ്ധതികളുടെ വിശദാംശം നൽകുമോ;

(സി) ഇത്തരം ഹെൽത്ത് കാർഡുള്ള മുഴുവൻ പേർക്കും കാൻസർ, ഹൃദ്രോഗം, പക്ഷാഘാതം, കരൾ-വൃക്ക രോഗങ്ങൾ,തലച്ചോറിലെ ട്യൂമർ തുടങ്ങിയ മാരക രോഗങ്ങൾക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്താനായുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ഡി) കേന്ദ്ര സർക്കാർ പുതുതായി പ്രഖ്യാപിച്ച ദേശീയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം ലഭ്യമാണോ; ജനസംഖ്യയുടെ പതിമൂന്ന് ശതമാനം പേർക്ക് മാത്രമായി പരിമിതപ്പെടുത്താനുദ്ദേശിച്ചുള്ള ഈ പദ്ധതി പ്രാബല്യത്തിലാകുന്നതോടെ നിലവിൽ കേന്ദ്ര സഹായത്തോടെയുള്ള ആർ.എസ്.ബി.വൈ.സ്കീമിൽ ഉൾപ്പെട്ടവർ പുറത്താകാനിടയുണ്ടോ; വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ): സർ, (എ&ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഉണ്ട്. 2011 വർഷം മുതൽ ചിസ് പ്ലസ് എന്ന സംസ്ഥാന സർക്കാരിന്റെ മാത്രമായ പദ്ധതി പ്രകാരം ആർ.എസ്.ബി.വൈ./ചിസ് കാർഡ് ഉള്ളവർക്ക് കാൻസർ, ഹൃദ്രോഗം, വൃക്ക സംബന്ധമായ അസുഖങ്ങൾ, കരൾ, തലച്ചോർ എന്നിവയെ ബാധിക്കുന്ന രോഗങ്ങൾ, അപകടംമൂലമുള്ള ട്രോമാകെയർ എന്നിവയ്ക്ക് 70,000 രൂപയുടെ അധിക ചികിത്സാ സഹായം സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികൾ, റീജിയണൽ ക്യാൻസർ സെന്റർ തിരുവനന്തപുരം (RCC), മലബാർ ക്യാൻസർ സെന്റർ തലശ്ശേരി (MCC), ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജി തിരുവനന്തപുരം (SCT) മുതലായ ഗവേഷണ സ്ഥാപനങ്ങൾ എന്നിവ മുഖേന നൽകിവരുന്നുണ്ട്. ഇതിന്റെ മുഴുവൻ ചെലവും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

(ഡി) വിശദാംശം ലഭ്യമായിട്ടില്ല. എന്നാലും നിലവിലെ കേന്ദ്ര സർക്കാർ അറിയിപ്പ് അനുസരിച്ച് കേരളത്തിലെ ആർ.എസ്.ബി.വൈ. പദ്ധതിയിലുള്ള മുഴുവൻ കുടുംബങ്ങളും പുതിയ പദ്ധതിയിൽ അംഗമാവുന്നതിന് അർഹരാണ്.

## ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ പദ്ധതി

25 (*355) ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. എം. ഉമ്മർ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഐ.ടി.ഐ.-കളിൽ പുതിയ സിലബസ്സും പുതിയ സാങ്കേതിക വിദ്യയും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്ത് പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ): (എ) ഉണ്ട്. ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐ.-കളെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെ ധനസഹായ ത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.-കളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനുപുറമെ തിരുവനന്തപുരം ജില്ലയിലെ ഗവ. ഐ.ടി.ഐ. ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ. ഐ.ടി.ഐ. കോഴിക്കോട് എന്നീ ഐ.ടി.ഐ.-കളെയും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഐ.ടി.ഐ.-കളിൽ ട്രേഡുകളുടെ സിലബസുകൾ തയ്യാറാക്കുന്നതും കാലോചിതമായി പരിഷ്കരിക്കുന്നതും കേന്ദ്ര മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) ആണ്. പുതിയ ട്രേഡുകളുടെ സിലബസ് NCVT തയ്യാറാക്കുന്ന അവസരങ്ങളിൽ വകുപ്പിന്റെ അഭിപ്രായം സമയാസമയങ്ങളിൽ അറിയിക്കാറുമുണ്ട്.

(സി) താഴെപ്പറയുന്ന സ്ഥലങ്ങളിൽ പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

1. പന്ന്യന്നൂർ (കണ്ണൂർ)
2. പീലിക്കോട് (കാസർഗോഡ്)
3. വെള്ളമുണ്ട (വയനാട്)
4. അങ്കമാലി (എറണാകുളം)
5. മയ്യനാട് (കൊല്ലം)
6. വർക്കല (തിരുവനന്തപുരം)
7. കുറ്റിക്കോൽ (കാസർഗോഡ്).

### സാമൂഹിക സുരക്ഷാ പദ്ധതികൾക്കായി ഏകീകൃത ബോർഡ്

26 (*356) ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എഫ്., ഇ.എസ്.ഐ., ഗ്രാറ്റുവിറ്റി തുടങ്ങിയ എല്ലാ സാമൂഹിക സുരക്ഷാ പദ്ധതികളും ലയിപ്പിച്ച് ഏകീകൃത ബോർഡിന്റെ കീഴിൽ ആക്കാനുള്ള കേന്ദ്ര ബില്ലിന്റെ കരട് സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിലുള്ള പുതിയ നിയമ ഭേദഗതി കേരളത്തിലെ തൊഴിൽ മേഖലകളെയും തൊഴിലാളി സുരക്ഷയെയും എങ്ങനെ ബാധിക്കുമെന്നാണ് കരുതുന്നത്;

(സി) ഈ വിഷയം സംസ്ഥാന സർക്കാർ പഠനവിധേയമാക്കുകയും ആശങ്കകൾ കേന്ദ്രത്തെ അറിയിക്കുകയും ചെയ്യുകയുണ്ടായോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. ടി. പി. രാമകൃഷ്ണൻ): (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതിയ നിയമഭേദഗതി കേരളത്തിലെ തൊഴിൽ മേഖലകളെയും തൊഴിലാളി സുരക്ഷയെയും ബാധിക്കുന്നത് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇതുസംബന്ധിച്ച ആശങ്കകൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

## പട്ടികവിഭാഗക്കാർക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

27 (*357) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാർവത്രികവും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസത്തിലൂടെ പട്ടികജാതിക്കാരെയും പട്ടികഗോത്ര വർഗ്ഗക്കാരെയും മുഖ്യധാരയിലേക്കെത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) പ്രീമെട്രിക്, പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; കോളേജുകൾ ഉൾപ്പെടെയുള്ള സ്വകാര്യവിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം ലഭ്യമാണോ;

(സി) ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിലും വിദേശസർവ്വകലാശാലകൾ ഉൾപ്പെടെയുള്ള രാജ്യാന്തര സ്ഥാപനങ്ങളിലും പഠിക്കുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): (എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഇതരവിഭാഗത്തിനൊപ്പമെത്തിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ നടപ്പാക്കുന്ന പ്രധാന വിദ്യാഭ്യാസ പദ്ധതികൾ ചുവടെ ചേർക്കുന്നു :

പട്ടികജാതി വികസന വകുപ്പ്

1. പ്രീ-മെട്രിക് തലത്തിൽ ലംപ്സംഗ്രാന്റ്
2. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസത്തിന് ഫീസ്, ഹോസ്റ്റൽ ചെലവ്, സ്റ്റൈപ്പന്റ്.
3. 1 മുതൽ 8 വരെയുള്ളവർക്ക് 2,000 രൂപ വീതം പ്രൈമറി എഡ്യൂക്കേഷണൽ എയ്ഡ്
4. റസിഡൻഷ്യൽ സ്കൂളുകളിൽ താമസിച്ചുപഠിക്കുന്നതിനുള്ള അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്.
5. 9, 10 ക്ലാസുകളിൽ പ്രീ-മെട്രിക് സ്കോളർഷിപ്പ് (കേന്ദ്ര പദ്ധതി)
6. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കുള്ള ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ്.
7. പ്രൊഫഷണൽ കോഴ്സുകളടക്കം ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന ഫീസുൾപ്പെടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ.
8. ലാപ്ടോപ് ധനസഹായം, മെഡിക്കൽ വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങൽ ധനസഹായം.
9. പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക്)
10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ആനുകൂല്യം.
11. അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്.
12. മെഡിക്കൽ എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി.

13. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം.
14. ഉന്നതവിജയം നേടുന്നവർക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം.
15. ബുക്ക് ബാങ്ക് സ്കീം.
16. മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ/എം.ആർ.എസ്.
17. പ്രീ-മെട്രിക് ഹോസ്റ്റൽ.
18. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ.
19. ഐ.ടി.ഐ.-കൾ
20. പി.ഇ.റ്റി.സി.
21. ക്രെസ്റ്റ് വഴി നൽകുന്ന മികവ് നേടുന്നതിനുള്ള പരിശീലനം.
22. നഴ്സറി സ്കൂളുകൾ
23. ICSETS വഴി നൽകുന്ന സിവിൽ സർവ്വീസ് പരിശീലന സഹായം.
24. പാരലൽ കോളേജ് വിദ്യാഭ്യാസ ധനസഹായം.
25. മെഡിക്കൽ കോളേജ്, പാലക്കാട്
26. പഠനമുറി പദ്ധതി.
27. വിദേശപഠനധനസഹായം.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള നഴ്സറി സ്കൂളുകളിലെ കുട്ടികൾക്ക് ലംപ്സംഗ്രാന്റ് നൽകുന്നു. പെരിപ്പെതെറ്റിക്, ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ കുട്ടികൾക്കും സർക്കാർ സ്കൂളുകളിലെ പ്രീമെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്കും ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകിവരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീ മെട്രിക് തലത്തിൽ 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കും സ്കോളർഷിപ്പും പഠനസാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റും നൽകുന്നു. പത്താം ക്ലാസിന് മുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സ്കീം എന്ന പദ്ധതി മുഖേന വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്തുവരുന്നു. കൂടാതെ മെഡിക്കൽ

എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചെലവിനത്തിൽ ധനസഹായം നൽകുന്നു. സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് സ്കോളർഷിപ്പ് നൽകുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ

പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി വികാസ് വാടികൾ, കിന്റർഗാർട്ടൻ, ബാലവാടികൾ, നഴ്സറി സ്കൂളുകൾ, ബാലവിജ്ഞാന കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിക്കുന്നു. വിദൂര കോളനികളിലെ കുട്ടികൾക്ക് 1 മുതൽ 4-ാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസത്തിനായി പെരിപ്പെതെറ്റിക് സെന്ററുകളും ഏകാദ്ധ്യാപക വിദ്യാലയങ്ങളും പ്രവർത്തിക്കുന്നു. വകുപ്പിനുകീഴിൽ 2 ഐ.ടി.ഐ.-കളും ഒരു ഉല്പാദന പരിശീലന കേന്ദ്രവും, സാങ്കേതിക തൊഴിലുകൾ പരിശീലനം നൽകുന്നതിന് 10 മാതൃകാ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. വകുപ്പിന് കീഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.

വിദ്യാഭ്യാസ ഉന്നമനത്തിനായുള്ള പ്രത്യേക പരിപാടികൾ

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷാ പരിശീലനം നൽകിവരുന്നു. പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ ട്യൂഷൻ നൽകുന്നതിലേയ്ക്കായി സാമൂഹ്യ പഠനമുറി പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ വകുപ്പ് നടപ്പിലാക്കുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പട്ടിക വർഗ്ഗത്തിൽ തന്നെയുള്ള റ്റി.റ്റി.സി., ബി.എഡ്. പാസ്സായ യുവതി യുവാക്കളെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന 'ഗോത്രബന്ധു' പദ്ധതി ആദ്യഘട്ടമായി വയനാട് ജില്ലയിൽ നടപ്പിലാക്കി. വിദൂരവും വനപ്രദേശങ്ങളിലുമുള്ള കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിന് വാഹനസൗകര്യം ഏർപ്പെടുത്തുന്ന 'ഗോത്രസാരഥി പദ്ധതി'യും വകുപ്പ് നടപ്പിലാക്കിവരുന്നു. അട്ടപ്പാടിയിൽ നിന്നുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2016-17 വർഷം മുതൽ സൈനിക സ്കൂൾ, നവോദയ വിദ്യാലയം, എം.ആർ.എസ്. കൾ, കേന്ദ്രീയ വിദ്യാലയം എന്നീവിടങ്ങളിൽ പ്രവേശത്തിനായി പരീക്ഷാ പരിശീലനം 'CARSEL' എന്ന സ്ഥാപനം മുഖേന നടപ്പിലാക്കിവരുന്നു.

(ബി) പ്രീമെട്രിക്, പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങളുടെ നിരക്ക് 23-7-2016-ലെ സ.ഉ.(എംഎസ്.) നമ്പർ 04/2016/പജപവവിവ. പ്രകാരം സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുൾപ്പെടെ ഈ ആനുകൂല്യങ്ങൾ നൽകിവരുന്നു.

(സി) വിദേശ സർവ്വകലാശാലകളിൽ ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ.ഉ.(കൈ) 81/2017/പജപവവിവ തീയതി 4-10-2017 സർക്കാർ ഉത്തരവ് പ്രകാരം ആനുകൂല്യങ്ങൾ നൽകിവരുന്നു.

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി

28 (*358) ശ്രീ. കെ. വി. വിജയദാസ്:

ശ്രീ. കെ. ആൻസലൻ :

ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ഇവർക്കായുള്ള പോസ്റ്റ് മെട്രിക്, പ്രീമെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സ്കൂളുകളിലെത്തിച്ചേരാൻ ബുദ്ധിമുട്ടനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഏർപ്പെടുത്തുന്നതിനായി ആവിഷ്ക്കരിച്ച ഗോത്ര സാരഥി പദ്ധതി കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): (എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്കോളർഷിപ്പുകൾ, ഗ്രാന്റുകൾ എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പ് നൽകി വരുന്നു. വകുപ്പിനുകീഴിൽ പ്രീമെട്രിക്-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഐ.ടി.ഐ.-കൾ, തൊഴിൽ പരിശീലന

കേന്ദ്രങ്ങൾ, പ്രീപ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയും പ്രവർത്തിക്കുന്നു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ വ്യക്തിത്വ വികസനത്തിനായും വിദ്യാഭ്യാസ ഉന്നമനത്തിനായും പ്രത്യേക പദ്ധതികളും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

<u>സ്കോളർഷിപ്പുകൾ, ഗ്രാന്റുകൾ</u>

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള നഴ്സറി സ്കൂളുകളിലെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് നൽകുന്നു. പെരിപ്പറ്ററ്റിക്, ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ കുട്ടികൾക്കും സർക്കാർ സ്കൂളുകളിലെ പ്രീമെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പെന്റ് എന്നിവ നൽകിവരുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും പഠനസാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റും നൽകുന്നു. പത്താം ക്ലാസിന് മുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് "പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സ്കീം" എന്ന പദ്ധതി മുഖേന വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്തുവരുന്നു. ആയതിൽ സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ളവർക്ക് സംസ്ഥാന സർക്കാരിന്റെ നിബന്ധനകൾ പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യവും കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹതയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ടി സ്കീമിന്റെ കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള അർഹമായ വിദ്യാഭ്യാസാനുകൂല്യവും നൽകിവരുന്നു. സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അർഹതയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ സംസ്ഥാനത്തിനകത്ത് മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് വരുമാന പരിധിയില്ലാതെ മുഴുവൻ ഫീസും, വാർഷിക ലംപ്സം ഗ്രാന്റും പ്രതിമാസ സ്റ്റൈപ്പെന്റും നൽകിവരുന്നു. സർക്കാർ/സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും എല്ലാ കോഴ്സുകൾക്കും പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നു. ടി തുക ഇ-ഗ്രാന്റ്സ് പദ്ധതി മുഖേനയാണ് നൽകി വരുന്നത്. കോളേജ് ഹോസ്റ്റലുകളിലും മറ്റ് അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ചുപഠിക്കുന്നവർക്ക് പ്രതിമാസ സ്റ്റൈപ്പന്റിന് പകരം യഥാർത്ഥ താമസ ഭക്ഷണ ചെലവും പോക്കറ്റ് മണിയും നൽകുന്നു. സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസിനത്തിൽ

പരമാവധി 3,500 രൂപ അനുവദിച്ചുവരുന്നു. സ്ഥാപനത്തിനോടൊപ്പം ഹോസ്റ്റൽ സൗകര്യമില്ലാത്തതും രണ്ടരലക്ഷം രൂപയ്ക്ക് താഴെ കുടുംബ വാർഷിക വരുമാനമുള്ള വിദ്യാർത്ഥികൾക്ക് സ്വകാര്യ ഹോസ്റ്റലുകളിൽ താമസിച്ചുപഠിക്കുന്നതിന് പ്രതിമാസം 3,000 രൂപ അനുവദിച്ചുനൽകുന്നുണ്ട്.

സംസ്ഥാനത്തിന് പുറത്തുള്ള പഠനം

സംസ്ഥാനത്തിന് പുറത്തുള്ള വിവിധ സർക്കാർ അംഗീകൃത പോസ്റ്റ് മെട്രിക് സ്ഥാപനങ്ങളിൽ അംഗീകൃത കോഴ്സുകൾക്ക് പഠിച്ചുവരുന്നതും കുടുംബ വാർഷിക വരുമാനം രണ്ടരലക്ഷം രൂപയിൽ താഴെയുള്ളതുമായ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസാനുകൂല്യം അനുവദിച്ച് വരുന്നുണ്ട്. കൂടാതെ ദേശീയതലത്തിലുള്ള എൻട്രൻസ് ടെസ്റ്റ് വഴി സംസ്ഥാനത്തിന് പുറത്ത് വിവിധ മികച്ച സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസാനുകൂല്യം അനുവദിച്ചുവരുന്നുണ്ട്.

വിദേശ പഠനം

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്നുണ്ട്. അഞ്ചാം ക്ലാസ് മുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ നടത്തി ആനുകൂല്യം നൽകുന്ന അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി, കുട്ടികൾക്ക് ട്യൂഷൻ പഠിക്കുന്നതിന് ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി, ട്രൈബൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വസ്ത്ര വിതരണ പദ്ധതി, വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ബോർഡിംഗ് ഗ്രാന്റ്, സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം, സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠനയാത്രയായ ഭാരത ദർശൻ, പ്രൈമറി സ്കൂളുകളിൽ പഠിക്കുന്ന മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ് എന്നീ പദ്ധതികളും നടത്തിവരുന്നു. കൂടാതെ മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചെലവിനത്തിൽ ധനസഹായം നൽകുന്നു.

<u>വിദ്യാഭ്യാസ സ്ഥാപനങ്ങൾ</u>

പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി വികാസ് വാടികൾ, കിന്റർഗാർട്ടൻ, ബാലവാടികൾ, നഴ്സറി സ്കൂളുകൾ, ബാലവിജ്ഞാന കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിക്കുന്നു. വിദൂര കോളനികളിലെ കുട്ടികൾക്ക് 1 മുതൽ 4-ാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസത്തിനായി പെരിപ്പറ്റെറ്റിക് സെന്ററുകളും ഏകാധ്യാപക വിദ്യാലയങ്ങളും പ്രവർത്തിക്കുന്നു. വകുപ്പിനുകീഴിൽ 2 ഐ.ടി.ഐ.-കളും ഒരു ഉല്പാദന പരിശീലന കേന്ദ്രവും സാങ്കേതിക തൊഴിലുകളിൽ പരിശീലനം നൽകുന്നതിന് 10 മാതൃകാ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. വകുപ്പിനുകീഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 2018-19 അദ്ധ്യയന വർഷം തിരുവനന്തപുരം, മറയൂർ, കാസർഗോഡ് എന്നീവിടങ്ങളിൽ വാടക കെട്ടിടങ്ങളിൽ പെൺകുട്ടികൾക്കുവേണ്ടിയുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലും പാലക്കാട് വകുപ്പിന്റെ അധീനതയിലുള്ള കെട്ടിടത്തിൽ ആൺകുട്ടികൾക്കുവേണ്ടിയുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ടി എം.ആർ.എസ്.-കളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ് പഠന പദ്ധതി, സ്പെഷ്യൽ ട്യൂഷൻ പദ്ധതി, എസ്.പി.സി., എൻ.എസ്.എസ്., എൻ.സി.സി., ശാസ്ത്ര ബോധിനി എന്നീ പദ്ധതികളും സർഗോത്സവം എന്ന പേരിൽ സംസ്ഥാനതല കലാമേളയും കളിക്കളം എന്ന പേരിൽ സംസ്ഥാനതല കായികമേളയും നടത്തുന്നു. ഭൗതിക സൗകര്യങ്ങൾ വികസനത്തിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബെഞ്ച്, ഡസ്ക്, പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും വ്യക്തിത്വ വികസനത്തിന് സഹായമാകുന്ന ലൈബ്രറി സൗകര്യം, കമ്പ്യൂട്ടർ ലാബുകൾ, കായിക പരിശീലനത്തിനുള്ള ഉപകരണങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

<u>വിദ്യാഭ്യാസ ഉന്നമനത്തിനായുള്ള പ്രത്യേക പരിപാടികൾ</u>

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷാ പരിശീലനം നൽകിവരുന്നു. കൂടാതെ സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലനവും വകുപ്പ് മുഖേന നൽകി വരുന്നു. സാങ്കേതിക കോഴ്സ് പരിശീലനവും എം.ബി.ബി.എസ്., എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പൊതുപ്രവേശന പരീക്ഷാ പരിശീലനവും വർഷംതോറും നൽകിവരുന്നു. തെരഞ്ഞെടുക്കപ്പെട്ട പ്രൊഫഷണൽ

കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നു. പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ ട്യൂഷൻ നൽകുന്നതിലേയ്ക്കായി സാമൂഹ്യ പഠനമുറി പദ്ധതി ഈ സാമ്പത്തിക വർഷം വകുപ്പ് നടപ്പിലാക്കുന്നു. 100 സാമൂഹ്യ പഠന മുറികൾ പദ്ധതിയുടെ ഭാഗമായി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പട്ടികവർഗ്ഗത്തിൽ തന്നെയുള്ള റ്റി.റ്റി.സി., ബി.എഡ്., പാസ്സായ യുവതീയുവാക്കളെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി ആദ്യഘട്ടമായി വയനാട് ജില്ലയിൽ നടപ്പിലാക്കി. ഇതിൻ പ്രകാരം ജില്ലയിലെ 241 സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഓരോ മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്.

വിദൂരവും വനപ്രദേശങ്ങളിലുമുള്ള കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിന് വാഹനം സൗകര്യം ഏർപ്പെടുത്തുന്ന ഗോത്രസാരഥി പദ്ധതിയും വകുപ്പ് നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യചൂഷണങ്ങളിൽനിന്നും മോചിതരാക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സഹായത്തോടെ സാക്ഷരതാ മിഷൻ മുഖേന പട്ടികവർഗ്ഗ കോളനികളിൽ 'സമഗ്ര' ആദിവാസി സാക്ഷരതാ പദ്ധതി നടപ്പിലാക്കിവരുന്നു. അട്ടപ്പാടിയിൽ നിന്നുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 2016-17 വർഷം മുതൽ സൈനിക സ്കൂൾ, നവോദയ വിദ്യാലയം, എം.ആർ.എസ്.-കൾ, കേന്ദ്രീയ വിദ്യാലയം എന്നിവിടങ്ങളിൽ പ്രവേശനത്തിനായി പരീക്ഷാ പരിശീലനം 'CARSEL' എന്ന സ്ഥാപനം മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകളും 4 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും നിലവിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ നെടുമങ്ങാട്, കാസർഗോഡ് എന്നീ സ്ഥലങ്ങളിൽ വാടകക്കെട്ടിടത്തിലും പാലക്കാട് വകുപ്പിന്റെ കീഴിലുള്ള കെട്ടിടത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രീമെട്രിക് തലത്തിൽ നിലവിൽ പെൺകുട്ടികളുടെ 45 ഹോസ്റ്റലുകളും ആൺകുട്ടികളുടെ 59 ഹോസ്റ്റലുകളും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പൊതുവായി രണ്ട് ഹോസ്റ്റലുകളും പ്രവർത്തിക്കുന്നു. ടി ഹോസ്റ്റലുകളിൽ ആകെ 6878 കുട്ടികൾ താമസിച്ച് പഠനം നടത്തുന്നു. 4 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ 198 കുട്ടികൾ താമസിച്ച് പഠിക്കുന്നു. കിഫ്ബി മുഖേന 5 പ്രീമെട്രിക് ഹോസ്റ്റലുകളും 2 പോസ്റ്റ്

മെട്രിക് ഹോസ്റ്റലും ഒരു യൂത്ത് ഹോസ്റ്റലും നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ 4 പ്രീമെട്രിക് ഹോസ്റ്റലുകളും ഒരു യൂത്ത് ഹോസ്റ്റലും നിർമ്മിക്കുന്നതിന് അന്തിമ അനുമതിയും ഫണ്ടും അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രീമെട്രിക് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ച് നിലവാരം ഉയർത്തുന്ന തിലേയ്ക്കായി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിന് യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പി ക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 2016-17 വർഷത്തിൽ 3,35,15,000 (മൂന്ന് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) രൂപയും 2017-18 വർഷത്തിൽ 9,12,83,042 (ഒമ്പത് കോടി പന്ത്രണ്ട് ലക്ഷത്തി എൺപത്തി മൂവായിരത്തി നാൽപ്പത്തി രണ്ട് രൂപ മാത്രം) രൂപയുടെ പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 23-7-2016-ലെ സ.ഉ. (എം.എസ്.) നമ്പർ 04/2016/പജപവവിവ. പ്രകാരം വിദ്യാർത്ഥികളുടെ വിദ്യാഭ്യാ സാനുകൂല്യം 25% വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) ദുർഘട വനപ്രദേശത്തോ മതിയായ വാഹനസൗകര്യമില്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങളിലോ സ്ഥിതിചെയ്യുന്ന പട്ടികവർഗ്ഗ ഊരുകളിൽ വാഹന സൗകര്യമില്ലായ്മയും വന്യമൃഗങ്ങളുടെ ഭീഷണിയും കാരണം സ്കൂളിൽ എത്തിച്ചേരാൻ ബുദ്ധിമുട്ടനുഭവിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഗോത്രസാരഥി പദ്ധതി പ്രകാരം വാഹന സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഗദ്ദിക വിജയിപ്പിക്കുന്നതിന് സഹായകരമായ ഘടകങ്ങൾ**

29 (*359) ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ ഗദ്ദിക പരിപാടി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പരിപാടി വിജയിപ്പിക്കുന്നതിന് സഹായകരമായ ഘടകങ്ങളും അതിനുള്ള ശ്രമങ്ങളും വിശദമാക്കുമോ;

(സി) പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പരമ്പരാഗത ഉല്പന്നങ്ങളും വനവിഭവങ്ങളും വിപണനം ചെയ്യുന്നതിന് മറ്റെന്തൊക്കെ മാർഗ്ഗങ്ങളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): (എ) ഗോത്രവർഗ്ഗ പൈതൃകവും തനതുകലകളും സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഗോത്ര വിഭാഗങ്ങൾക്ക് പൈതൃകമായി പകർന്നുകിട്ടിയ വൈദ്യചികിത്സാ രീതികളും പരമ്പരാഗത തൊഴിൽ ഉല്പന്നങ്ങളും പൊതുസമൂഹത്തിനു മുന്നിൽ പ്രദർശിപ്പി ക്കുന്നതിനും വിപണനം നടത്തുന്നതിനുമാണ് ഗദ്ദിക ലക്ഷ്യമിടുന്നത്. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അവരുടെ പരമ്പരാഗതമായ അറിവുകളിലൂടെത്തന്നെ വരുമാനം കണ്ടെത്തുവാനും കഴിയുന്നു. സ്വയംതൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി വ്യക്തിഗതമായോ കൂട്ടസംരംഭങ്ങളായോ കുടുംബശ്രീ അയൽക്കൂട്ടങ്ങളായോ സൊസൈറ്റികളായോ തുടങ്ങിയിട്ടുള്ള സ്ഥാപനങ്ങളിലെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാനും വിറ്റഴിക്കുവാനും ഗദ്ദിക ഉപകരിക്കുന്നു.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളും കിർത്താഡ്സും സംയുക്തമായിട്ടാണ് ഗദ്ദിക സംഘടിപ്പിക്കുന്നത്. ഗദ്ദിക സംഘടിപ്പിക്കുന്ന സ്ഥലത്തെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട സ്ഥലം എം.എൽ.എ.-യുടെയും സഹകരണവും പൊതുജനങ്ങളുടെ പങ്കാളിത്തവും മറ്റ് വകുപ്പുകളുടെ സഹകരണവും പവലിയനുകളുടെ പ്രദർശനവും മെഗാഷോകളുടെ അവതരണവും ഗദ്ദിക പരിപാടിയുടെ വിജയത്തിന് സഹായിക്കുന്നുണ്ട്. പരമ്പരാഗത കലകളുടെയും കൈത്തൊഴിൽ ഉല്പന്നങ്ങളുടെയും ഉന്നതനിലവാരവും ഗദ്ദികയുടെ വിജയത്തിൽ പങ്കുവഹിക്കുന്നുണ്ട്.

(സി) ഗദ്ദികയിൽ വിറ്റഴിക്കപ്പെടുന്ന ഉല്പന്നങ്ങൾ ഓൺലൈൻ മാർക്കറ്റിംഗിലൂടെ വിറ്റഴിക്കുന്നതിനുള്ള പുതിയ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം മറ്റ് സർക്കാർ വകുപ്പുകളും കുടുംബശ്രീ പോലുള്ള സംവിധാനങ്ങൾ നടത്തുന്ന ട്രേഡ് ഫെയറുകളിലും ഗദ്ദിക ഉല്പന്നങ്ങൾ വിറ്റഴിക്കു ന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ദേശീയതലത്തിൽ നടത്തപ്പെടുന്ന ട്രേഡ് ഫെയറുകളിൽ ഗദ്ദിക ഉല്പന്നങ്ങൾകൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണി ക്കുന്നതാണ്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പരമ്പരാഗത ഉൽപ്പന്നങ്ങളും വനവിഭവങ്ങളും സൊസൈറ്റികൾ വഴിയും പട്ടികജാതി/പട്ടികവർഗ്ഗ ഫെഡറേഷൻ വഴിയും ശേഖരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ന്യൂഡൽഹിയിൽ

വച്ച് നടക്കുന്ന ഭാരത അന്താരാഷ്ട്ര മേളയിൽ അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റിയിൽനിന്നും ശേഖരിക്കുന്ന ഉല്പന്നങ്ങൾ വകുപ്പ് ന്യൂഡൽഹിയിലെത്തിച്ച് വിപണനം നടത്തുന്നുണ്ട്. പട്ടികവർഗ്ഗക്കാർ ശേഖരിക്കുന്ന വനവിഭവങ്ങൾ വനം വകുപ്പ് വനശ്രീ മുഖേന ശേഖരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നുണ്ട്.

## ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ

30 (*360) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വനം വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) വനേതര പ്രദേശങ്ങളിൽ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനായി വനത്തിന് പുറത്തുള്ള കാടുകളുടെ സംരക്ഷണം ഏറ്റെടുത്തിട്ടുണ്ടോ; ഇപ്രകാരം ഏറ്റെടുക്കുന്ന കാടുകൾ സംരക്ഷിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കുമോ;

(സി) സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി നട്ട്പിടിപ്പിച്ച മരങ്ങൾ പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കുന്നതാണെന്ന പരിസ്ഥിതി ധവളപത്രത്തിലെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷലതാദികളുടെ സംരക്ഷണത്തിനായി എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കുന്നുണ്ടോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): (എ) സംസ്ഥാനത്തിന്റെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വനം വകുപ്പ് ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

1. വളർന്നുവരുന്ന തലമുറയിൽ ജൈവവൈവിധ്യ സംരക്ഷണത്തിന് ആഭിമുഖ്യം വളർത്തിയെടുക്കുവാൻ സ്കൂളുകളിലും കോളേജുകളിലും ഫോറസ്ട്രി ക്ലബ്ബുകളും നേചർ ക്ലബ്ബുകളും രൂപീകരിച്ചിട്ടുണ്ട്.

2. പരിസ്ഥിതി വ്യവസ്ഥയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിനായി വനത്തിലും വനേതര പ്രദേശങ്ങളിലും വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നുണ്ട്.

3. ജന്തുജാലങ്ങളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സംസ്ഥാന സഹായത്തോടെ പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

4. വംശനാശം നേരിടുന്ന ജീവിവർഗ്ഗമായ വരയാടിനേയും അതിന്റെ ആവാസവ്യവസ്ഥയുടെയും സംരക്ഷണാർത്ഥം ഇരവികുളം ദേശീയോദ്യാനവും ദേശീയ പക്ഷിയായ മയിലിന്റെ സംരക്ഷണാർത്ഥം ചൂലന്നൂർ മയിൽ സങ്കേതവും സ്ഥാപിച്ചിട്ടുണ്ട്.

5. ദേശാടനപക്ഷികളുടെ സംരക്ഷണത്തിനായി എറണാകുളം നഗരത്തിന്റെ ഹൃദയഭാഗത്ത് മംഗളവനം പക്ഷിസങ്കേതം കൂടാതെ തട്ടേക്കാട്, കുമരകം എന്നീവിടങ്ങളിലും പക്ഷിസങ്കേതങ്ങൾ രൂപീകരിച്ച് പരിപാലിച്ചുവരുന്നു.

6. പ്രാധാന്യം ഏറെ അർഹിക്കുന്ന കടുവകളുടെ സംരക്ഷണത്തിനായി ദേശീയ കടുവാ സംരക്ഷണ പദ്ധതിയുടെ ധനസഹായത്തോടെ പെരിയാർ ടൈഗർ റിസർവ്, പറമ്പികുളം ടൈഗർ റിസർവ് എന്നിവ രൂപീകരിച്ചിട്ടുണ്ട്.

7. കാട്ടാനകളുടെ സംരക്ഷണാർത്ഥം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പ്രോജക്ട് എലിഫന്റ് പദ്ധതിയുടെ ധനസഹായത്തോടെ സംസ്ഥാനത്ത് വയനാട്, നിലമ്പൂർ, ആനമുടി, പെരിയാർ എന്നിങ്ങനെ 4 എലിഫന്റ് റിസർവുകളും രൂപീകരിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

8. കണ്ടൽക്കാടുകൾ, കാവുകൾ, തീരവനങ്ങൾ, ചതുപ്പുനിലങ്ങൾ, സ്വകാര്യ ഉടമസ്ഥതയിലുള്ള തോട്ടങ്ങൾ, വീട്ടുപുരയിടങ്ങൾ എന്നിങ്ങനെയുള്ള വനാതിർത്തിക്കുപുറത്തുള്ള പ്രദേശങ്ങളിൽ ജൈവവൈവിധ്യ പരിപാലനം പ്രോത്സാഹിപ്പിക്കുന്നു.

9. ആദിവാസി ഗോത്ര വിഭാഗങ്ങളുടെയും പരമ്പരാഗത വനവാസികളുടെയും ജീവിതനിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

10. വനത്തിന്റെ ജലഗ്രാഹകശേഷി മെച്ചപ്പെടുത്തുന്നതിനും ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനും പ്രകൃതിദത്ത വനങ്ങളെ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നു.

11. വനമേഖലയിലെ ജൈവവൈവിധ്യ സംരക്ഷണത്തിന് ഉതകുന്ന ഗവേഷണങ്ങൾ നടത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

12. ജൈവവൈവിധ്യ സംരക്ഷണത്തിനായി തദ്ദേശവാസികളുടെ സഹകരണം ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ/വനസംരക്ഷണ സമിതികൾ മുഖേന നടപ്പിലാക്കുന്നു.

13. വനമേഖലയിലെ ജൈവവൈവിധ്യത്തിന്റെ ഏറ്റവും വലിയ ഭീഷണിയായ കാട്ടുതീ തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

14. കടലാമയുടെ സംരക്ഷണത്തിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വനേതര പ്രദേശങ്ങളിൽ ജൈവവൈവിധ്യ സംരക്ഷണാർത്ഥം തെരഞ്ഞെടുത്ത കാവുകൾക്കും കണ്ടൽക്കാട് സംരക്ഷണത്തിനും പ്രതിവർഷം സാമ്പത്തികസഹായം നൽകുന്നുണ്ട്.

(സി) സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി നട്ടുപിടിപ്പിച്ച മരങ്ങൾ പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷലതാദികളുടെ സംരക്ഷണത്തിന്റെ ഭാഗമായി സ്വകാര്യ ഭൂമിയിലെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് വ്യക്തികൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ ഗ്രീൻ ഇൻഡ്യാ മിഷൻ, വെറ്റ് ലാന്റ് കൺസർവേഷൻ എന്നീ പരിപാടികളിലൂടെ കൂടുതൽ സ്ഥലങ്ങളിൽ കണ്ടൽ വച്ചുപിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് വേമ്പനാട്, കണ്ണൂർ മേഖലകളിൽ തണ്ണീർത്തട സംരക്ഷണത്തിനായി പദ്ധതികൾ തയ്യാറാക്കി ആയതിന് കേന്ദ്രാനുമതി ലഭ്യമാക്കുകയും ഈ കേന്ദ്ര ഫണ്ട് കണ്ടൽക്കാട് സംരക്ഷണത്തിനായി ഉപയോഗിക്കുകയും ചെയ്യുന്നു. കണ്ടൽ സംരക്ഷണത്തിന്റെ പ്രാധാന്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ ബോധവത്കരണ ക്ലാസുകൾ നടത്തുക തുടങ്ങിയവ ചെയ്തുവരുന്നു. സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് വനമാതൃക സൃഷ്ടിക്കുന്ന കുട്ടിവനം എന്ന പദ്ധതിയും സാമൂഹ്യവനവൽക്കരണ വിഭാഗം നടത്തിവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### എസ്.സി/എസ്.ടി. പിന്നോക്ക വിഭാഗ വികസന വകുപ്പുകൾ നടപ്പാക്കിയ പദ്ധതികൾ

1 (3969) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്, പിന്നോക്ക വിഭാഗ വികസന വകുപ്പ് എന്നിവവഴി നടപ്പാക്കിയ വിവിധ പദ്ധതികൾ വിശദീകരിക്കാമോ;

(ബി) ഈ പദ്ധതികൾക്കായി മൊത്തം എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വകുപ്പുകൾ വഴി എന്തെല്ലാം പദ്ധതികളാണ് ഈ സാമ്പത്തിക വർഷം പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ?

ഉത്തരം

(എ) മലപ്പുറം നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പ് സംസ്ഥാന പദ്ധതികൾ മുഖേന താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതി | എണ്ണം |
|---|---|---|
| 1 | ഭവന നിർമ്മാണ ധനസഹായം | 167 |
| 2. | ഭൂരഹിത പുനരധിവാസ ധനസഹായം | 30 |
| 3. | വിവാഹം | 84 |
| 4 | ചികിത്സാ ധനസഹായം | 231 |
| 5 | മിശ്ര വിവാഹ ധനസഹായം | 2 |

കൂടാതെ വിവിധ വിദ്യാഭ്യാസാനുകൂല്യങ്ങളായ വിഷൻ-22 പേർക്ക്, അയ്യൻകാളി സ്കോളർഷിപ്പ്-73 പേർക്ക്, പ്രീ മെട്രിക് ലംപ്സം ഗ്രാന്റ് തുടങ്ങിയവ അനുവദിച്ചിട്ടുണ്ട്. മലപ്പുറം നിയോജകമണ്ഡലത്തിൽ 4 പട്ടികവർഗ്ഗ കുടുംബങ്ങൾ മാത്രമാണുള്ളത്. ആയതിനാൽ ഇവിടെ അവർക്കുവേണ്ടി മാത്രമായി പ്രത്യേക പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പിന്നോക്ക വിഭാഗ വികസന വകുപ്പ് മുഖേന മലപ്പുറം മണ്ഡലത്തിലേയ്ക്ക് മാത്രമായി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. സംസ്ഥാനാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. ബാർബർ ഷോപ്പുകൾ നവീകരിക്കുന്നതിനുള്ള ധനസഹായം
2. പിന്നോക്ക വിഭാഗങ്ങൾക്കുള്ള പരമ്പരാഗത കരകൗശല പണിക്കാർക്കുള്ള ടൂൾ കിറ്റിനുള്ള ധനസഹായം
3. പരമ്പരാഗത മൺപാത്ര തൊഴിലാളികൾക്കുള്ള ധനസഹായം
4. ഒ.ബി.സി.ക്കുള്ള അഡ്വക്കേറ്റ് ഗ്രാന്റ്

(ബി) മേൽ പദ്ധതികൾക്കായി നാളിതുവരെ പട്ടികജാതി വികസന വകുപ്പ് മുഖേന 6,21,27,444 രൂപ ചെലവഴിച്ചിട്ടുണ്ട്. പിന്നോക്ക വിഭാഗ വികസന വകുപ്പ് മുഖേന മലപ്പുറം മണ്ഡലത്തിൽ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു:

1. <u>ബാർബർഷോപ്പ്</u>

   2016-17---30,000 രൂപ

   2017-18---20,000 രൂപ

2. <u>ടൂൾക്കിറ്റ്</u>

   2016-17---6,80,000 രൂപ

   2017-18-7,--90,000 രൂപ

   2018-19----5,40,000 രൂപ

3. <u>മൺപാത്ര നിർമ്മാണം</u>

   2016-17-1,50,000 രൂപ

   2017-18– ഇല്ല

4. <u>അഡ്വക്കേറ്റ് ഗ്രാന്റ്</u>

   2017-18-19,500 രൂപ.

(സി) കോളനികളുടെ വികസനത്തിനായുള്ള ഡോ. അംബേദ്കർ ഗ്രാമ വികസന പദ്ധതി, ഹെൽത്ത് കെയർ സ്കീം എന്നീ പദ്ധതികളാണ് പട്ടികജാതി വികസന വകുപ്പുവഴി 2018-19 സാമ്പത്തിക വർഷം പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സംസ്ഥാന പദ്ധതികൾ മലപ്പുറം നിയോജകമണ്ഡലത്തിൽ മൊറയൂർ ഗ്രാമപഞ്ചായത്തിൽ ഒരു പട്ടികവർഗ്ഗ കുടുംബവും ആനക്കയം പഞ്ചായത്തിൽ 3 പട്ടികവർഗ്ഗ കുടുംബവും മാത്രമേ താമസിക്കുന്നുള്ളൂ. ഇവർക്കുവേണ്ടി ഉചിതമായ പദ്ധതികളിൽപ്പെടുത്തി വകുപ്പിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതാണ്. പിന്നോക്ക വിഭാഗ വികസന വകുപ്പ് സംസ്ഥാനടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന മേൽ പദ്ധതികൾ ഈ വർഷവും നടപ്പിലാക്കുന്നുണ്ട്. മലപ്പുറം മണ്ഡലത്തിനായി വകുപ്പ് 2018-19-ൽ പുതിയ പദ്ധതികളൊന്നും നടപ്പാക്കുന്നില്ല.

## മിശ്രവിവാഹിതർക്ക് നൽകുന്ന ധനസഹായം

2(3970) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വകുപ്പ് മുഖേന മിശ്രവിവാഹിതർക്ക് നൽകുന്ന ധനസഹായം ലഭിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ, നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ബി) ധനസഹായം നൽകുന്ന തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) മിശ്രവിവാഹിതരായ ദമ്പതികളിൽ ഒരാൾ പട്ടികജാതിയിലും പങ്കാളി ഇതര സമുദായത്തിൽപ്പെട്ടതുമായിരിക്കണം. വിവാഹത്തെത്തുടർന്ന് ഉണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായാണ് ധനസഹായം നൽകിവരുന്നത്. വിവാഹശേഷം ഒരു വർഷം കഴിഞ്ഞ് 3 വർഷത്തിനകം അപേക്ഷിക്കണം. ഭാര്യാഭർത്താക്കന്മാരുടെ ജാതി സർട്ടിഫിക്കറ്റുകൾ, കുടുംബ വാർഷിക വരുമാനം, സഹവാസ സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കണം. രണ്ടുപേരുടേയുംകൂടി പ്രതിവർഷ വരുമാനം 1,00,000 രൂപയിൽ കവിയാൻ പാടില്ല.

(ബി) മിശ്രവിവാഹിതർക്ക് 75,000 രൂപയാണ് ധനസഹായം നൽകുന്നത്.

## ദളിത് ക്രൈസ്തവർക്കുവേണ്ടി നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ

3 (3971) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ ദളിത് ക്രൈസ്തവർക്കുവേണ്ടി നടപ്പിലാക്കി വരുന്ന ക്ഷേമ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദളിത് ക്രൈസ്തവർക്ക് വേണ്ടി എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ദളിത് ക്രൈസ്തവർക്കുവേണ്ടി കേന്ദ്രസർക്കാർ എന്തെങ്കിലും പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ ദളിത് ക്രൈസ്തവർക്ക് എതിരെ എത്ര ആക്രമണ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പ്രസ്തുത വിഷയത്തിൽ എന്ത് നടപടികൾ എടുത്തിട്ടുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗങ്ങൾക്ക് സാധാരണഗതിയിൽ അനുവദിക്കുന്ന എല്ലാ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും മറ്റർഹ വിഭാഗമെന്ന പരിഗണനയിൽ പരിവർത്തിത ക്രൈസ്തവർക്കും അനുവദിക്കുന്നുണ്ട്. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ മുഖാന്തരം ഈ വിഭാഗത്തിനുവേണ്ടി കുറഞ്ഞ പലിശ നിരക്കിൽ വിവിധ വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

(ബി) പുതിയ പദ്ധതികൾ ആരംഭിച്ചിട്ടില്ല.

(സി) പരിവർത്തിത ക്രൈസ്തവർക്കായി കേന്ദ്ര സർക്കാർ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

(ഡി) സംസ്ഥാനത്ത് 2016-നുശേഷം പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവർക്കെതിരായ ആക്രമണ സംഭവങ്ങളുമായി ബന്ധപ്പെട്ട് 5 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (തിരുവനന്തപുരം റൂറൽ-1, കോട്ടയം-2, എറണാകുളം റൂറൽ-2). ടി കേസുകളിൽ നിയമനടപടികൾ പൂർത്തീകരിച്ചുവരികയാണ്. കേസ് സംബന്ധിച്ച വിശദ വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പട്ടികജാതി വിഭാഗങ്ങളിൽ നിന്നുള്ളവരുടെ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് സഹായം

4 (3972) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പിന്നാക്കവിഭാഗങ്ങളിൽ നിന്നുള്ളവരുടെ സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് ആവശ്യമായ സഹായം നൽകുന്നതിന് പട്ടികജാതി ക്ഷേമ വകുപ്പ് സ്റ്റാർട്ടപ് മിഷനുമായി ചേർന്ന് ആവിഷ്കരിച്ച പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്റ്റാർട്ടപ് കമ്പനികളിൽ എന്തൊക്കെ ഉല്പന്നങ്ങളാണ് നിർമ്മിക്കുന്നത്; സ്റ്റാർട്ടപ്പുകൾക്ക് തുടക്കത്തിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ച് അവ വിജയകരമായി കൊണ്ടുപോകുന്നതിനുള്ള സഹായസഹകരണങ്ങൾ വകുപ്പിന്റെ ഭാഗത്തുനിന്നും നൽകുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട സംരംഭകരെ ബിസ്സിനസിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി പട്ടികജാതി വികസന വകുപ്പ് കേരള സ്റ്റാർട്ട്അപ് ഡ്രീംസ് എന്ന പേരിൽ ഒരു പദ്ധതി തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിന് കീഴിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ട് അപ്പുകൾക്ക് ഫണ്ട് സപ്പോർട്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മണ്ണന്തലയിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന 9 സ്റ്റാർട്ട്അപ് കമ്പനികളും അവരുടെ ഉൽപ്പന്നങ്ങളും അനുബന്ധമായി ചേർക്കുന്നു.* സ്റ്റാർട്ട് അപ്പുകളെ പ്രോൽസാഹിപ്പിക്കുന്ന സമീപനമാണ് വകുപ്പ് സ്വീകരിച്ചുവരുന്നത്. വകുപ്പു പദ്ധതികളിലും പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേനയും സ്റ്റാർട്ട്അപ് സംരംഭങ്ങൾക്ക് വായ്പയും സബ്സിഡിയും ലഭിക്കുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ ക്ഷേമപദ്ധതികൾക്ക് നീക്കിവച്ച തുക

5 (3973) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-2018-ലെ സംസ്ഥാന ബഡ്ജറ്റിൽ വിവിധ പട്ടികജാതി-പട്ടികവർഗ ക്ഷേമപ്രവർത്തന പദ്ധതികൾക്കായി നീക്കിവച്ചിരുന്ന തുകകളുടെ വിശദാംശങ്ങൾ നൽകുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതിൽ ഓരോ ഇനത്തിലും നാളിതുവരെ ചെലവഴിച്ച തുകയെത്ര;

(സി) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ പതിനായിരം കോടി രൂപയിലധികം തുക ചെലവഴിച്ചിട്ടും ഈ വിഭാഗങ്ങളുടെ ജീവിതസാഹചര്യത്തിൽ വലിയ മാറ്റമൊന്നുമുണ്ടായിട്ടില്ലെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; എങ്കിൽ വിശദമാക്കുമോ;

(ഡി) ഇപ്രകാരം അനുവദിക്കപ്പെടുന്ന തുക ഗുണഭോക്താക്കളിൽ എത്തിച്ചേരുന്നുവെന്ന് ഉറപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ഇ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി അനുവദിക്കപ്പെടുന്ന തുക പൂർണ്ണമായും ഗുണഭോക്താക്കളിൽ എത്തിച്ചേരുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി കുറ്റമറ്റ സംവിധാനങ്ങൾ ഒരുക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 -ലെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെട്ട പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പട്ടികജാതി ക്ഷേമ പദ്ധതികൾക്കായി നീക്കിവച്ചിരുന്ന തുകകളുടെ വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു.* പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ വകുപ്പുകൾ മുഖേന പദ്ധതി നടപ്പിലാക്കുന്നതിനായി അനുവദിച്ചതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| പട്ടിക വർഗ്ഗ വികസന വകുപ്പ് | 58363.49 ലക്ഷം | 51798.25 ലക്ഷം |
| പൊതുമരാമത്ത് വകുപ്പ് | 4799.76 ലക്ഷം | 1388.25 ലക്ഷം |
| ഗ്രാമവികസന വകുപ്പ് | 8236.20 ലക്ഷം | 1720.5 ലക്ഷം |
| കിർത്താഡ്സ് | 290 ലക്ഷം | 188.4 ലക്ഷം |
| തദ്ദേശസ്വയം ഭരണ വകുപ്പ് | 17602.11 ലക്ഷം | 13595.62 ലക്ഷം |
| ആകെ | 89291.56 ലക്ഷം | 68691.02 ലക്ഷം |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ചെലവഴിച്ച തുകകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) പട്ടികജാതി വകുപ്പുമുഖേന നടത്തുന്ന പദ്ധതികളിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും ഡയറക്ടറേറ്റ് തലത്തിലും പരിശോധന നടത്തിയാണ്. തികച്ചും ഫീസിബിൾ ആയ പദ്ധതികളും അർഹരായ ഗുണഭോക്താക്കളേയും മാത്രമെ പരിഗണിക്കുന്നുള്ളൂ. അർഹരായ ഗുണഭോക്താക്കളുടെ ആനുകൂല്യം നേരിട്ട് അവരുടെ അക്കൗണ്ടിലേയ്ക്കാണ് കൈമാറുന്നത്. പട്ടികവർഗ്ഗ ഉപപദ്ധതിയിലുൾപ്പെടുത്തി വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, നൈപുണ്യവികസനം, കുടിവെള്ളം, വൈദ്യുതി മറ്റ് അടിസ്ഥാന സൗകര്യ വികസനം എന്നിവ ഉറപ്പുവരുത്തുന്നതിലൂടെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗക്കാരിൽ ചില സമുദായങ്ങളുടെ ജീവിത നിലവാരം പൊതുസമൂഹ നിലവാരത്തോളം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ചുരുക്കം ചില സമുദായങ്ങൾ വികസന സൂചികയുടെ പിന്നിൽ നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവിത ശൈലി, തൊഴിലില്ലായ്മ, ദുർഘട പ്രദേശങ്ങളിലെ താമസം, വിദ്യാഭ്യാസ പിന്നോക്കാവസ്ഥ, പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, എന്നിവ വികസന പ്രവർത്തനങ്ങളിൽ ഇപ്പോഴും വിഘാതം സൃഷ്ടിക്കുന്നുണ്ട്. ഇവ തരണംചെയ്യുന്നതിനുള്ള പദ്ധതികൾ വകുപ്പ് അതീവ ജാഗ്രതയോടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. എന്നാൽ മറ്റു വകുപ്പുകളും ഫലപ്രദമായി ഇടപെട്ടു കൊണ്ടു മാത്രമേ വികസനം സാധ്യമാവുകയുള്ളൂ. വിദ്യാഭ്യാസത്തിലൂന്നിയ വികസന സമീപനത്തിലൂടെ മാത്രമേ മുഖ്യധാരയിലേയ്ക്ക് അവരെ ഉയർത്തിക്കൊണ്ടുവരാൻ കഴിയൂ. ആയതിനാൽ വിദ്യാഭ്യാസ പരിപാടികൾക്കാണ് വകുപ്പ് കൂടുതൽ ഊന്നൽ നൽകുന്നത്. പട്ടികവർഗ്ഗക്കാർക്കായി ആവിഷ്കരിച്ച പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് താഴെ പറയുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

- യഥാർത്ഥ പട്ടികവർഗ്ഗ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും പട്ടികവർഗ്ഗ അധിവാസ പ്രദേശത്തെ വികസനാവശ്യങ്ങൾ ചർച്ച ചെയ്ത് വികസന പദ്ധതികൾ നിർദ്ദേശിക്കുന്നതിനും ഊരുകൂട്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കുന്നത്.

- സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾ അർഹതപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ പട്ടികവർഗ്ഗ മേഖലയിൽ ഏറ്റവും താഴെത്തട്ടിൽ പ്രവർത്തിച്ചുവരുന്ന പ്രൊമോട്ടർമാർ മുതൽ ജില്ലാ ഓഫീസർമാർവരെ പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

- പട്ടികവർഗ്ഗക്കാർക്കുള്ള നിലവിലുള്ള എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് നൽകിവരുന്നത്.

- പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുതന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി സ്ഥലം എം.എൽ.എ.-മാർ ഉൾപ്പെടുന്ന കമ്മിറ്റിയും ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ഇതിനുപുറമെ സംസ്ഥാനതലത്തിൽ ബഹു.മന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തിവരുന്നു.

പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും, ജോയിന്റ് ഡയറക്ടർ കൺവീനറും, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായി രൂപീകരിച്ച കമ്മിറ്റി സംസ്ഥാന തലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക, ഭൗതിക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു.

(ഇ) പട്ടികജാതി വികസന വകുപ്പുമുഖേന നടത്തുന്ന പദ്ധതികളിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും ഡയറക്ടറേറ്റ് തലത്തിലും പരിശോധന നടത്തി ഫീസിബിളായ പദ്ധതികളും തികച്ചും അർഹരായ ഗുണഭോക്താക്കളേയും മാത്രമേ പരിഗണിക്കുന്നുള്ളൂ. അർഹരായ ഗുണഭോക്താക്കളുടെ ആനുകൂല്യം നേരിട്ട് അവരുടെ അക്കൗണ്ടിലേയ്ക്കാണ് കൈമാറുന്നത്. പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കായി അനുവദിക്കുന്ന തുക പൂർണ്ണമായും പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ എത്തിചേരുന്നുവെന്ന് ഉറപ്പുവരുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ. പ്രസ്തുത പദ്ധതിപ്രകാരം ബാങ്കിൽനിന്നും തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നേരിട്ട് എത്തിചേരുന്നതാണ്. ഇതുവഴി എല്ലാ ആനുകൂല്യങ്ങളും ഗുണഭോക്താക്കളിൽ എത്തിച്ചേരുന്നുവെന്ന് ഉറപ്പാക്കാൻ സാധിക്കുന്നു.

## പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ പദ്ധതി വിഹിതം വിനിയോഗിക്കുന്നതിന് നടപടി

6 (3974) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ ജനസംഖ്യക്ക് ആനുപാതികമായി പദ്ധതി വിഹിതം വകയിരുത്തുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇപ്രകാരം വകയിരുത്തുന്ന വിഹിതം ഉപയോഗിച്ച് തയ്യാറാക്കുന്ന പദ്ധതികൾ പ്രസ്തുത വിഭാഗത്തിന് എത്രമാത്രം പ്രയോജനപ്രദമാണെന്ന് വിലയിരുത്തുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(സി) അട്ടപ്പാടി പോലുള്ള സ്ഥലങ്ങളിൽ കോടിക്കണക്കിന് രൂപ വിവിധ പദ്ധതികളിൽ ചെലവഴിച്ചുവെങ്കിലും അവിടുത്തെ ആദിവാസികളുടെ സ്ഥിതി വളരെ ദയനീയമാണെന്ന സ്ഥിതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) പട്ടികജാതി,പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വകയിരുത്തുന്ന ഫണ്ട് പൂർണ്ണതോതിലും ഫലപ്രദമായും പ്രസ്തുത വിഭാഗത്തിന്റെ ഉന്നമനത്തിനായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും അതിൽ എന്തെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ പട്ടികജാതി വിഭാഗത്തിന് ജനസംഖ്യയ്ക്ക് ആനുപാതികമായി പദ്ധതി വിഹിതം വകയിരുത്തുന്നതിന് സാധിച്ചിട്ടുണ്ട്. 2011 സെൻസസ് പ്രകാരം കേരളത്തിൽ മൊത്തം ജനസംഖ്യയുടെ 9.1% പട്ടികജാതി വിഭാഗക്കാരാണുള്ളത്. 2017-18-ലും 2018-19-ലും 9.81% പദ്ധതി വിഹിതം സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ മൊത്തം വാർഷിക പദ്ധതി വിഹിതമായ 26500 കോടി രൂപയിൽ പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി 2599.55 കോടി രൂപ വകയിരുത്തി. 2018-19 സാമ്പത്തിക വർഷത്തിൽ മൊത്തം വാർഷിക പദ്ധതി വിഹിതമായി 29150 കോടി രൂപയിൽ പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി 2859.62 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേരളത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിന് ജനസംഖ്യയ്ക്ക് ആനുപാതികമായി പദ്ധതി വിഹിതം വകയിരുത്തുന്നതിന് സാധിച്ചിട്ടുണ്ട്. 1.45% വരുന്ന പട്ടികവർഗ്ഗക്കാർക്കായി 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതി അടങ്കലിന്റെ 2.83% ആയ 826 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിനുകീഴിൽ ഒരു സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിന് വകയിരുത്തിയിരുന്ന വിഹിതം ഉപയോഗിച്ച് തയ്യാറാക്കുന്ന ക്ഷേമ പദ്ധതികൾ പ്രസ്തുത വിഭാഗത്തിന് പ്രയോജനപ്രദമാക്കുന്നതിന് ഡയറക്ടറുടെ തലത്തിൽ ജില്ലാ ഓഫീസർമാരുടെ മീറ്റിംഗിലും ജില്ലാ തലത്തിൽ SCDO-മാരുടെ യോഗങ്ങളിലും എല്ലാ മാസവും അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ വകുപ്പു സെക്രട്ടറിയും വകുപ്പുമന്ത്രിയും പദ്ധതികളുടെ റിവ്യൂ മീറ്റിംഗ് പ്രതിവാരം നടത്തി പദ്ധതി പൂർത്തീകരണത്തിനായി നിർദ്ദേശങ്ങൾ നൽകിവരുന്നു. പ്രധാനപ്പെട്ട വ്യക്തിഗത പദ്ധതികളെല്ലാം വെബ് അധിഷ്ഠിതമാക്കിയിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിൽ പട്ടികജാതി വികസനത്തിനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾ ബന്ധപ്പെട്ട വിഭാഗത്തിന് എത്രമാത്രം പ്രയോജനകരമായിരുന്നുവെന്നുള്ള പഠനം GIFT എന്ന ഏജൻസി നടത്തി വരുന്നു. പട്ടികവർഗ്ഗ ഉപപദ്ധതി യിലുൾപ്പെടുത്തി വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, നൈപുണ്യ വികസനം, കുടിവെള്ളം, വൈദ്യുതി, മറ്റ് അടിസ്ഥാന സൗകര്യ വികസനം എന്നിവ ഉറപ്പുവരുത്തുന്നതിലൂടെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെട്ടു ത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. എന്നാൽ പട്ടികവർഗ്ഗക്കാരിൽ ചില വിഭാഗങ്ങളുടെ ജീവിത നിലവാരം പൊതുസമൂഹത്തിന്റെ നിലവാരത്തോളം എത്തിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവിത ശൈലി, തൊഴിലില്ലായ്മ, ദുർഘട പ്രദേശങ്ങളിലെ താമസം, അജ്ഞത, പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ എന്നിവ വികസനപ്രവർത്തനങ്ങളിൽ ഇപ്പോഴും വിഘാതം സൃഷ്ടിക്കുന്നുണ്ട്. ഇവ തരണം ചെയ്യുന്നതിനുള്ള പദ്ധതികൾ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് അതീവ ജാഗ്രതയോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. എന്നാൽ മറ്റു വകുപ്പുകളെ കൂടി ഫലപ്രദമായി ഇടപെടുത്തിക്കൊണ്ടുമാത്രമേ വികസനം സാധ്യമാവുകയുള്ളൂ. വിദ്യാഭ്യാസത്തിലൂന്നിയ വികസന സമീപനത്തിലൂടെ മാത്രമേ മുഖ്യധാരയിലേയ്ക്ക് ഇവരെ ഉയർത്തിക്കൊണ്ടുവരാൻ കഴിയൂ. ആയതിനാൽ വിദ്യാഭ്യാസ പരിപാടികൾക്കാണ് വകുപ്പ് കൂടുതൽ ഊന്നൽനൽകുന്നത്. പട്ടികവർഗ്ഗ ക്കാർക്കായി ആവിഷ്കരിച്ച പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് താഴെ പറയുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

- യഥാർത്ഥ പട്ടികവർഗ്ഗ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും പട്ടികവർഗ്ഗ അധിവാസ പ്രദേശത്തെ വികസനാവശ്യങ്ങൾ ചർച്ച ചെയ്ത് വികസന പദ്ധതികൾ നിർദ്ദേശിക്കുന്നതിനും ഊരുകൂട്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കുന്നത്.

- സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾ അർഹതപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ പട്ടികവർഗ്ഗ വകുപ്പിൽ ഏറ്റവും താഴെതട്ടിൽ പ്രവർത്തിച്ചു വരുന്ന പ്രൊമോട്ടർമാർ മുതൽ ജില്ലാ ഓഫീസർമാർ വരെ പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി പ്രവർത്തിച്ചുവരുന്നു. കൂടാതെ ഭരണ വകുപ്പ് ഇക്കാര്യത്തിൽ മേൽനോട്ടം വഹിക്കുന്നുമുണ്ട്.

- പട്ടികവർഗ്ഗക്കാർക്കുള്ള നിലവിലുള്ള എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് നൽകിവരുന്നത്.

- പട്ടിക വർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുതന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് ജില്ലാകളക്ടർ അദ്ധ്യക്ഷനായി സ്ഥലം എം.എൽ.എ.-മാർ ഉൾപ്പെടുന്ന കമ്മിറ്റിയും ഡിസ്ട്രിക്റ്റ് ഡെവലപ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ഇതിനുപുറമേ സംസ്ഥാനതലത്തിൽ മന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തിവരുന്നു.

- പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

- പട്ടികവർഗ വികസന വകുപ്പ് സമഗ്രമായ സർവ്വേ നടത്തി ഊരധിഷ്ഠിത മൈക്രോപ്ലാൻ രൂപീകരിക്കുന്നതിലൂടെ പട്ടികവർഗ വിഭാഗത്തിന്റെ ആവശ്യകതയനുസരിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ട്ർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായി രൂപീകരിച്ച കമ്മിറ്റി സംസ്ഥാന തലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു.

(സി) പട്ടിക വർഗ്ഗ വികസന വകുപ്പ് ധാരാളം പദ്ധതികൾ അട്ടപ്പാടി മേഖലയിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, ഭവനം, നൈപുണ്യവികസനം, എന്നീ

മേഖലകളിൽ പദ്ധതികൾ നടപ്പിലാക്കുന്നതുവഴി അട്ടപ്പാടിയിലെ മാതൃ-ശിശു മരണ നിരക്കുകൾ കുറയ്ക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ഉന്നമനത്തിനായി മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും നിലവിലുണ്ട്. എല്ലാവർക്കും ഭവനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അട്ടപ്പാടിയിലെ ജനങ്ങളെ സാമൂഹികമായി ബോധവൽക്കരിക്കുന്നതിന് നടപടികൾക്ക് മറ്റ് വകുപ്പുകളുടെ ഇടപെടൽ ആവശ്യമാണ്. മറ്റ് വകുപ്പുകളുടെ ഏകോപനത്തോടെ സാമൂഹിക സാമ്പത്തിക ചൂഷണത്തിൽനിന്നും ഈ വിഭാഗത്തെ മോചിപ്പിച്ച് ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പട്ടികജാതി/പട്ടികവിഭാഗങ്ങൾക്ക് വകയിരുത്തുന്ന ഫണ്ട് വിനിയോഗിക്കുന്നതിൽ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാറുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള സഹായം

7 (3975) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനം, തൊഴിൽ നൈപുണ്യം എന്നിവ ലക്ഷ്യമിട്ട് സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളായ സൈബശ്രീ പ്രോജക്ട്, സൗജന്യ ലാപ്ടോപ്പ് നൽകൽ, വിദേശ പഠന സഹായം നൽകൽ ഉൾപ്പെടെ ഈ സർക്കാർ 2016-17, 2017-18 വർഷങ്ങളിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളും അവയുടെ പ്രവർത്തന പുരോഗതിയും എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ആയതുവഴി ഓരോ വർഷങ്ങളിലും എത്ര വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് സഹായം ലഭ്യമാക്കിയെന്നും ഇതിനായി ചെലവഴിച്ച തുക എന്തെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സഹായ സൗകര്യങ്ങൾ തുടർന്നും നൽകുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ്

2016-17, 2017-18 വർഷങ്ങളിൽ സൈബർശ്രീയ്ക്ക് തൊഴിൽ അധിഷ്ഠിത കമ്പ്യൂട്ടർ കോഴ്സുകൾ നടത്തുന്നതിന് ധനസഹായം അനുവദിക്കുകയും ആയത് തുടർന്നുവരികയും ചെയ്യുന്നു. വകുപ്പിന്റെ കീഴിൽ മണ്ണന്തലയിൽ നിലവിലുള്ള കെട്ടിടത്തിന്റെ തീയറി ക്ലാസ്സ് റൂം സെറ്റ് ചെയ്യുന്നതിന് 2016-17 സാമ്പത്തിക വർഷം 20.00 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷം 3.00 ലക്ഷം രൂപയും അനുവദിച്ചിരുന്നു. അവിടെവച്ച് തിയറി ക്ലാസ്സുകൾ നടന്നുവരുന്നു. ലാപ്ടോപ് ധനസഹായ പദ്ധതി പ്രകാരം 2015-16 വർഷം വരെ എം.ടെക്, ബി.ടെക്, എം.സി.എ കോഴ്സുകൾക്കായിരുന്നു ധനസഹായം അനുവദിച്ചിരുന്നത്. ആയത് 2016-17 വർഷം മുതൽ മേൽ പറഞ്ഞ കോഴ്സുകൾക്കുപുറമെ B.Sc (Computer Science), M.Sc (Computer Science), Poly Technic (Computer Science), MBBS, BAMS, BHMS, BVSc (Animal Husbandry), MBA എന്നീ കോഴ്സുകളെ കൂടി ടി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കി. 2017-18-ൽ ടി പദ്ധതിയിലേയ്ക്ക് B.Arch, M.Phil, P.hD, M.Sc Electronics തുടങ്ങിയ കോഴ്സുകളെ കൂടി ഉൾപ്പെടുത്തുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. വിദേശത്ത് ബിരുദാനന്തര പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ്

സൈബർശ്രീ പ്രോജക്ട് പട്ടിക വർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നില്ല. സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്നുണ്ട്.

ലാപ് ടോപ് പദ്ധതി

എം.ബി.എ, എം.ബി.ബി.എസ്., ബി.എസ്.സി., കമ്പ്യൂട്ടർ സയൻസ്, എം.സി.എ, ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി.വി.എസ്.സി, ബി.ടെക്/ബി.ആർക്, എം.ടെക്, പി.എച്ച്.ഡി എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം ചെയ്തുവരുന്ന പദ്ധതി നിലവിലുണ്ട്.

(ബി) <u>പട്ടികജാതി വികസന വകുപ്പ്</u>

2016-17 വർഷത്തിൽ സൈബർശ്രീയ്ക്ക് ധനസഹായം നൽകിയ തുകയും കുട്ടികളുടെ എണ്ണവും ചുവടെ ചേർക്കുന്നു :

<table>
<tr><th>കോഴ്സിന്റെ പേര്</th><th>കുട്ടികളുടെ എണ്ണം</th><th>അനുവദിച്ച തുക</th></tr>
<tr><td>Training in Digital Print & Web Designing</td><td>45</td><td rowspan="3">3323570</td></tr>
<tr><td>Training in 2D & 3D Game Development</td><td>20</td></tr>
<tr><td>Computerised Finance Management</td><td>30</td></tr>
<tr><td>Training on Advanced Software Development</td><td>40</td><td rowspan="2">8036200</td></tr>
<tr><td>Training on MATLAB</td><td>60</td></tr>
<tr><td>IT Oriented Business and Finance Management</td><td>20</td><td rowspan="2">4254000</td></tr>
<tr><td>Post Production Technology in Audio Visual Media</td><td>20</td></tr>
<tr><td>Imparting Special Support and Mentoring Programme</td><td>60</td><td>1065000</td></tr>
</table>

2017-18 സാമ്പത്തിക വർഷം സൈബർശ്രീയ്ക്ക് ട്രെയിനിംഗ് പ്രോഗ്രാമിന് ധനസഹായം അനുവദിച്ചിട്ടില്ല. സൗജന്യ ലാപ്ടോപ് ധനസഹായ പദ്ധതി പ്രകാരം 2016-17 വർഷം 2322 വിദ്യാർത്ഥികൾക്കായി 5,80,36,950 രൂപയും 2017-18

വർഷം 2357 വിദ്യാർത്ഥികൾക്കായി 5,89,23,900 രൂപയും അനുവദിച്ചു. വിദേശ പഠന സഹായമായി 2016-17-ൽ 2 വിദ്യാർത്ഥികൾക്കായി 15,59,714 രൂപയും 2017-18-ൽ 10 വിദ്യാർത്ഥികൾക്കായി 1,07,16,961 രൂപയും അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ്

2016-17 സാമ്പത്തിക വർഷം 194 കുട്ടികൾക്ക് ലാപ്ടോപ് വിതരണം നടത്തിയിട്ടുണ്ട്. ഇതിനായി 73.66 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം 225 കുട്ടികൾക്ക് ലാപ്ടോപ് വിതരണം നടത്തിയിട്ടുണ്ട്. ഇതിനായി 1 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 1.64 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം 1,50,000 രൂപ ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ ഉപരിപഠനം നടത്തുന്നതിന് ഒരു വിദ്യാർത്ഥിയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം കാനഡയിൽ ഇൻഡസ്ട്രിയൽ ഓട്ടോമേഷനിൽ ഉപരിപഠനം നടത്തുന്നതിന് ഒരു വിദ്യാർത്ഥിയ്ക്ക് 19,34,615 രൂപ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൽ മുഴുവൻ തുകയും ടി വിദ്യാർത്ഥിക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം അയർലാന്റിലെ ട്രിനിറ്റി കോളേജ് ഡബ്ലിനിൽ എം.ഫിൽ. ഇൻ-റേസ് എത്ത്നിസിറ്റി കോൺഫ്ലിക്ട്സ് എന്ന കോഴ്സിന് പഠനം നടത്തുന്നതിനായി ഒരു വിദ്യാർത്ഥിയ്ക്ക് 29,92,061 രൂപ അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത സഹായ സൗകര്യങ്ങൾ ഈ സാമ്പത്തിക വർഷവും കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു.

## പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ഭൂമി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

8 (3976) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ സമയ ബന്ധിതമായി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത വിഭാഗത്തിന്റെ വൈദ്യുതി, വെള്ളക്കുടിശ്ശിക എന്നിവ അടയ്ക്കുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) റവന്യൂ ഭൂമി വിതരണത്തിന് ലഭിക്കാത്ത സാഹചര്യത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി വാങ്ങി നൽകുന്ന ഒരു പദ്ധതിയാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ ഈ പദ്ധതി പ്രകാരം സ്വന്തമായി ഭൂമി കണ്ടെത്താൻ കഴിയാത്ത പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭിക്കാത്ത സാഹചര്യം ഉണ്ടെന്ന് ബോധ്യപ്പെട്ട സർക്കാർ ടി പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പുതുക്കി സ.ഉ (എംഎസ്)നമ്പർ 21/2018/ പജ.പവ.വിവ തീയതി 3-3-2018 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ എണ്ണത്തിനുസരിച്ച് ഭൂമി വിൽക്കാൻ തയ്യാറുള്ളവരിൽനിന്നും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ടെത്തുന്ന കൃഷി യോഗ്യവും വാസയോഗ്യവുമായ ഒരേക്കർ വരെ ഭൂമി ജില്ലാമിഷൻ ചെയർമാൻമാരായ ജില്ലാ കളക്ടർമാർ മുഖേന വാങ്ങി വിതരണം ചെയ്യുന്നതാണ് പുതിയ ഭൂമി വാങ്ങി നൽകൽ പദ്ധതി. ഭൂരഹിതരായി കണ്ടെത്തിയിട്ടുള്ള 12000-ത്തോളം പേരിൽ ആദ്യഘട്ടത്തിൽ 3000 പേർക്ക് ഭൂമിവാങ്ങി നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതി പ്രകാരം നോട്ടിഫിക്കേൻ പുറപ്പെടുവിച്ച് ഭൂമി വാങ്ങാൻ ജില്ലാ കളക്ടർമാർ പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം വിവിധ ജില്ലകളിൽ 31-5-2018 വരെ ലഭിച്ച അപേക്ഷകൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* ഭൂമി പരിശോധന നടത്തി വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്നതിലൂടെ 6000 പേർക്ക് ഭൂമി നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. അവശേഷിക്കുന്നവർക്ക് ഭൂമി വാങ്ങി നൽകി ഭൂമി പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. വനാവകാശ നിയമ പ്രകാരം അർഹരായ എല്ലാപേർക്കും കൈവശരേഖ നൽകുവാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനവും നടത്തിവരികയാണ്.

(ബി) പട്ടികവർഗ്ഗക്കാരിൽ വൈദ്യുതി, കുടിവെള്ള കുടിശ്ശിക ഉള്ളവരുടെ വിവരങ്ങൾ ലഭിക്കുന്നമുറയ്ക്ക് തുക കോർപ്പസ് ഫണ്ടിൽ നിന്നും അനുവദിച്ചു വരുന്നു. വിച്ഛേദിക്കപ്പെട്ട വൈദ്യുതി, കുടിവെള്ള കണക്ഷനുകൾ എന്നിവയ്ക്കും ഇപ്രകാരം തുക അനുവദിച്ചുവരുന്നു.

**മണ്ണാർക്കാട് മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പദ്ധതികൾ**

9 (3977) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 സാമ്പത്തികവർഷം പട്ടികവർഗ്ഗവികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്; ഇതിന്റെ വിശദവിവരം നൽകുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ പ്രവൃത്തികൾ ഓരോന്നും നിലവിൽ ഏത് ഘട്ടത്തിലാണ് ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2017-18 സാമ്പത്തിക വർഷം മണ്ണാർക്കാട് നിയോജക മണ്ഡലത്തിലേയ്ക്ക് കോർപ്പസ് ഫണ്ടിൽനിന്നും തുകയൊന്നും അനുവദിച്ചിട്ടില്ല.

## വാമനപുരം മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് പ്രകാരമുള്ള പ്രവൃത്തികൾ

10 (3978) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17 സാമ്പത്തിക വർഷത്തിൽ എസ്.സി.എസ്.റ്റി കോർപ്പസ് ഫണ്ട് പ്രകാരം വാമനപുരം നിയോജകമണ്ഡല പരിധിയിൽ അനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) 2016-17 സാമ്പത്തിക വർഷത്തിൽ എസ്.സി/എസ്.റ്റി. കോർപ്പസ് ഫണ്ട് പ്രകാരം വാമനപുരം നിയോജകമണ്ഡല പരിധിയിൽ അനുമതി നൽകിയ പ്രവൃത്തികളും അവയുടെ പുരോഗതി സംബന്ധിച്ച വിവരവും അനുബന്ധം (എസ്.സി. കോർപ്പസ് ഫണ്ട് പ്രകാരം എസ്.റ്റി. കോർപ്പസ് ഫണ്ട് പ്രകാരവും) ആയി ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കോവളം മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമ പദ്ധതി

11 (3979) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവളം നിയോജകമണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്തഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തിയ കോട്ടുകാൽ പഞ്ചായത്തിലെ ചിന്നൻവിള കോളനിയുടെയും കല്ലിയൂർ പഞ്ചായത്തിലെ ശിവപുരം കോളനിയുടെയും നിർമ്മാണ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയുടെയും പുരോഗതി പ്രത്യേകം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ചെയ്യുവാൻ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെയും പണി ഏറ്റെടുത്ത ഏജൻസിക്കെതിരെയും സർക്കാർ നിയമ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) രണ്ട് കോളനികളുടേയും എസ്റ്റിമേറ്റിന് യഥാക്രം 4-12-2017, 11-1-2018 തീയതികളിൽ അംഗീകാരം നൽകുകയും പ്രവർത്തനോദ്ഘാടനം കഴിഞ്ഞിട്ടുമുണ്ട്.

(ബി) ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## നായാടി, വേടൻ, ചക്ലിയൻ, കള്ളാടി വിഭാഗങ്ങളിൽപ്പെട്ടവരുടെ സാമൂഹ്യ പിന്നാക്കാവസ്ഥ

12(3980) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതിയിലെ ദുർബലവിഭാഗങ്ങളായ നായാടി, വേടൻ, ചക്ലിയൻ, കള്ളാടി വിഭാഗങ്ങളിൽപ്പെട്ടവരുടെ സാമൂഹ്യ പിന്നോക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവർക്കായി ആവിഷ്കരിച്ച പ്രത്യേക പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികളുടെ പഠനനിലവാരം, സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് എന്നിവ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അവരുടെ പഠന നിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ വിഭാഗങ്ങളിൽപ്പെടുന്നവരിൽ ഭൂവുടമകൾ തുലോം കുറവാണെന്നതിനാൽ അവർക്ക് ഭൂമി നൽകുന്നതിനും വാസയോഗ്യമായ ഭവനം നൽകുന്നതിനും വകുപ്പ് പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ;

(ഡി) പട്ടികജാതിയിലെ ഇത്തരം ദുർബ്ബല വിഭാഗങ്ങൾക്ക്, പട്ടികവർഗ്ഗക്കാർക്ക് നൽകുന്ന ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതിയിലെ ദുർബലവിഭാഗങ്ങളായ നായാടി, വേടൻ, ചക്ലിയൻ, കള്ളാടി വിഭാഗങ്ങളിൽപ്പെട്ടവരുടെ സാമൂഹ്യ പിന്നോക്കാവസ്ഥ മാറ്റുന്നതിനാണ് ദുർബല വിഭാഗ പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നത്. 'സാമൂഹിക പഠനമുറി', ട്യൂഷൻ പദ്ധതി, തൊഴിൽ പരിശീലനവും തൊഴിലും, കോളനികളിൽ അടിസ്ഥാന സൗകര്യ വികസനം, സ്പിൽഓവർ വീടുകളുടെ പൂർത്തീകരണം എന്നിവ ലക്ഷ്യമിട്ട് നടപ്പുസാമ്പത്തിക വർഷം 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 6000 പേർക്ക് തൊഴിൽ പരിശീലനവും തൊഴിലും നൽകുന്നതിനുള്ള സ്പെഷ്യൽ പാക്കേജ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് വകുപ്പ് പ്രത്യേക പരിശോധന നടത്തിയിട്ടില്ല. പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 'പഠനമുറി' പദ്ധതി നടപ്പിലാക്കി വരുന്നു. കോളനികളിൽ ' സാമൂഹ്യ പഠനമുറി' നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) ഈ വർഷം ഈ വിഭാഗത്തിൽപ്പെട്ടവരുടെ സാമ്പത്തിക പിന്നോക്കാവസ്ഥ കണക്കിലെടുത്ത് 50 കോടി രൂപ ഭൂമിക്കും ഭവനത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമായി നീക്കിവച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്ന തരത്തിൽ ഭൂമി, ഭവനം എന്നീ ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിശോധിച്ച് വരുന്നു.

(ഡി) പ്രസ്തുത കാര്യം പരിഗണിച്ചു വരുന്നു.

## പഠനമുറി ഒരുക്കുന്ന പദ്ധതിയിലെ ഗുണഭോക്താക്കൾ

13 (3981) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് പഠനമുറി ഒരുക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയിൽനിന്ന് സഹായം ലഭിക്കാൻ കൊയിലാണ്ടി മണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്രപേർക്ക് പദ്ധതിയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്?

### ഉത്തരം

(എ) പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിലെ കമ്മ്യൂണിറ്റി ഹാളുകളിലോ സമാന ഇടങ്ങളിലോ ആണ് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള സാമൂഹ്യ പഠനമുറി സ്ഥാപിക്കുന്നത്. കുറഞ്ഞത് 30 വിദ്യാർത്ഥികളുള്ള സെറ്റിൽമെന്റുകളിലാണ് ഇവ സ്ഥാപിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 600 sq.ft. സൗകര്യമുള്ള വൈദ്യുതീകരിച്ച ഹാളുകളാണ് പഠനമുറികൾക്കായി തെരഞ്ഞെടുക്കുന്നത്. കോളനിയിൽ ഒന്നാം ക്ലാസ് മുതൽ ട്യൂഷൻ ആവശ്യമായ എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും സാമൂഹ്യ പഠനമുറിയിൽ പ്രവേശനം നൽകുന്നതാണ്. സംസ്ഥാനത്തെ ഗവ./എയ്ഡഡ് സ്കൂളുകളിൽ 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ നിലവിലുള്ള 800 sq.ft. വരെ വലിപ്പമുള്ള വീടുനോട് ചേർന്ന് 120 sq.ft വലിപ്പത്തിൽ പഠനമുറി നിർമ്മിക്കുന്നതിനാണ് പദ്ധതി പ്രകാരം രണ്ട് ലക്ഷം രൂപ ധനസഹായം നൽകുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാകാത്തയിടങ്ങളിൽ പത്രപരസ്യത്തിലൂടെ നേരിട്ട് അപേക്ഷ ക്ഷണിച്ചും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. മുൻപ് ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ലാത്തവർക്കാണ് പദ്ധതി പ്രകാരം ധനസഹായം നൽകുന്നത്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന സാമൂഹ്യ പഠനമുറി വിദ്യാർത്ഥികളുടെ അപേക്ഷയുടെ അടിസ്ഥാനത്തിലല്ല നടപ്പിലാക്കുന്നത്. പട്ടികവർഗ്ഗ ഊരുകൾ കേന്ദ്രീകരിച്ചാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ 133 അപേക്ഷകൾ ലഭിച്ചു. ഇതിൽ 2017-18 വർഷം 36 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

## പഠനമുറി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

14 (3982) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പഠനമുറികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികജാതി ക്ഷേമ വകുപ്പ് മുഖേന ഒല്ലൂർ നിയോജക മണ്ഡലത്തിൽ പഠനമുറികൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ/എയിഡഡ് സ്കൂളുകളിൽ 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വീടിനോട് ചേർന്ന് 120 sq.ft വലിപ്പമുള്ള റൂം നിർമ്മിക്കുന്നതിനും മേൽക്കൂര കോൺക്രീറ്റ് ചെയ്യുന്നതിനും ചുവർ പ്ലാസ്റ്റർ ചെയ്യുന്നതിനും വാതിൽ, ജനൽ എന്നിവ സ്ഥാപിക്കുന്നതിനും തറ ടൈൽ പാകുന്നതിനും ഇലക്ട്രിഫിക്കേഷൻ ചെയ്ത് ഫാൻ, ലൈറ്റ് എന്നിവ സ്ഥാപിക്കുന്നതിനും പഠനമുറി പദ്ധതി പ്രകാരം രണ്ട് ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നുണ്ട്. ടി തുക 15%, 30%, 40%, 15% എന്ന നിരക്കിൽ 4 ഗഡുക്കളായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. വരുമാന പരിധി 1,00,000 രൂപയാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതും മറ്റ് ഏജൻസികളിൽ നിന്ന് ഇതേ ആവശ്യത്തിന് മുൻപ് ധനസഹായം ലഭിച്ചിട്ടില്ലാത്തതുമായ കുടുംബങ്ങൾക്കാണ് പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നത്. നിലവിലുള്ള വീടിന്റെ വലിപ്പം 800 sq.ft വരെയുള്ളവർക്കാണ് ധനസഹായത്തിന് അർഹതയുള്ളത്. പത്താം ക്ലാസ്സിൽ പഠിക്കുന്നവർ ഉള്ള കുടുംബം, ഒരു കിടപ്പുമുറി മാത്രമുള്ള വീടുള്ളവർ, വിധവ/വിഭാര്യർ നയിക്കുന്ന കുടുംബങ്ങൾ, താഴ്ന്ന വരുമാനക്കാർ എന്നിവർക്ക് മുൻഗണന നിശ്ചയിച്ചിട്ടുണ്ട്. ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗക്കാരായ 8-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണന നൽകുന്നതിനും പദ്ധതി വ്യവസ്ഥ ചെയ്യുന്നു.

(ബി) വകുപ്പ് നടപ്പിലാക്കിവരുന്ന പഠനമുറി പദ്ധതി പ്രകാരം ഒല്ലൂർ നിയോജകമണ്ഡലത്തിൽ 33 ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ 6 പേർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മിച്ചമുള്ള 26 പേരിൽ 19 പേർ രണ്ടാം ഗഡുവിലും 7 പേർ മൂന്നാം ഗഡുവിലും ധനസഹായത്തുക കൈപ്പറ്റി നിർമ്മാണം നടത്തുന്നു.

## ശുഭയാത്ര പദ്ധതി

15 (3983) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന ശുഭയാത്ര പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇതുവരെ ഏതെല്ലാം ജില്ലകളിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള എണ്ണം നൽകാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്രപേർക്കുകൂടി ആനുകൂല്യം നൽകുന്നതിന് ലക്ഷ്യമിടുന്നു എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ പ്ലാൻ ഫണ്ട്, തദ്ദേശസ്ഥാപനങ്ങൾ, മറ്റിതര സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമ നിധി ബോർഡുകൾ എന്നിവയുടെ സി.എസ്.ആർ. ഫണ്ടുകൾ എന്നിവ ഉപയോഗിച്ച് ചലനവൈകല്യമുള്ള ഭിന്നശേഷിക്കാർക്ക് യാത്രാസൗകര്യം മെച്ചപ്പെടുത്തുന്ന പദ്ധതിയാണ് "ശുഭയാത്ര". ടി പദ്ധതി പ്രകാരം ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ, ഇലക്ട്രോണിക് വീൽചെയർ എന്നിവ സൗജന്യമായി വിതരണം നടത്തി വരുന്നു. 280 പട്ടികജാതിക്കാരായ ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ സൗജന്യമായി വിതരണം നടത്തുന്നതിനായി ഭരണച്ചെലവ് ഉൾപ്പെടെ 2 കോടി രൂപ പട്ടികജാതി വികസന വകുപ്പിൽനിന്നും കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് നൽകിയിട്ടുണ്ട്.

(ബി) ശുഭയാത്ര പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്തി എസ്.സി. വിഭാഗത്തിൽപ്പെട്ട 183 ഗുണഭോക്താക്കൾക്ക് ജില്ലാടിസ്ഥാനത്തിൽ മുച്ചക്ര വാഹനം വിതരണം നടത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കുറിക്കുന്നു :

| ജില്ല | എണ്ണം |
|---|---|
| (1) | (2) |
| മലപ്പുറം | 13 |

| (1) | (2) |
|---|---|
| തിരുവനന്തപുരം | 85 |
| പത്തനംതിട്ട | 9 |
| കൊല്ലം | 18 |
| ആലപ്പുഴ | 6 |
| പാലക്കാട് | 18 |
| തൃശ്ശൂർ | 16 |
| കോഴിക്കോട് | 16 |
| എറണാകുളം | 1 |
| ഇടുക്കി | 1 |
| ആകെ | 183 |

(സി) പട്ടികജാതി വകുപ്പിൽനിന്നും പട്ടികജാതി വിഭാഗക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച 280 സ്കൂട്ടറാണ് വിതരണത്തിനായി അനുവദിച്ചിരുന്നത്. ഇതിൽ 183 സ്കൂട്ടർ വിതരണം നടത്തുകയും ജൂലായ് 2-ന് കണ്ണൂർ, വയനാട്, കാസർഗോഡ് ജില്ലകളിലെ 5 പേർക്കും ജൂലായ് 5-ന് മലപ്പുറം, കോഴിക്കോട് ജില്ലകളിലെ 10 പേർക്കും കൂടി വിതരണം നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. 82 പേർക്കുകൂടി ഇതിന്റെ ആനുകൂല്യം നൽകാനായി അപേക്ഷ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷഫോറം (www.hpwc.kerala.gov.in) എന്ന വിലാസത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

**കണ്ണൂർ ജില്ലയിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി**

16 (3984) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിയിലേക്ക് കണ്ണൂർ ജില്ലയിലെ ഏതെല്ലാം പട്ടികജാതി ആവാസ കേന്ദ്രങ്ങളാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ പട്ടികജാതി ആവാസ കേന്ദ്രത്തിലും എത്ര തുകയുടെ വികസന പ്രവർത്തനങ്ങൾക്കാണ് ഭരണാനുമതി നൽകുന്നത് ;

(സി) കണ്ണൂർ ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട എല്ലാ കേന്ദ്രങ്ങളിലും അംഗീകരിക്കപ്പെട്ട വികസന പദ്ധതികൾക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കേന്ദ്രങ്ങളിലെ വികസന പദ്ധതികളെ സംബന്ധിച്ചും അവയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ചും വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലേക്ക് കണ്ണൂർ ജില്ലയിൽനിന്ന് 16 കോളനികൾ തെരഞ്ഞെടുത്തിരുന്നു. അതിൽ താഴെപ്പറയുന്ന കോളനികളിലെ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. പുഞ്ചവയൽ കോളനി
2. മുണ്ടയാട് സെറ്റിൽമെന്റ്
3. അത്താഴക്കുന്ന് പുല്ലൂപ്പി കോളനി
4. അവേര കോളനി
5. വലിയന്നൂർ പള്ളിപ്രം കോളനി
6. ധർമ്മടം അംബേദ്കർ കോളനി
7. മാടക്കാംപൊയിൽ കോളനി
8. കാരന്താട് കോളനി
9. വെടിയപ്പൻചാൽ കോളനി.

താഴെപറയുന്ന കോളനികൾ ഫീസിബിൾ അല്ലാത്തതിനാൽ ഒഴിവാക്കി :

10. കുട്ടിമാക്കൂൽ സാംബവ കോളനി
11. മുണ്ടയോട് സെറ്റിൽമെന്റ് കോളനി
12. കല്ലറയ്ക്കൽ മണ്ടയംകാവ് കോളനി
13. മുയ്യേരി കോളനി
14. പൂവത്തൂർ കോളനി
15. മുണ്ടാന്നൂർ കോളനി.

കോളറായി തുരുത്തി കോളനിയ്ക്കുള്ള ഭരണാനുമതി ലഭിച്ചിട്ടില്ല.

(ബി) ഓരോ പട്ടികജാതി ആവാസ കേന്ദ്രത്തിലും പരമാവധി ഓരോ കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കാണ് ഭരണാനുമതി നൽകുന്നത്.

(സി) 9 കോളനികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മുയ്യേരി, പൂവത്തൂർ എന്നീ കോളനികളിൽ 40 കുടുംബങ്ങൾ ഇല്ലാത്തതിനാൽ ടി കോളനികളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## വാമനപുരം മണ്ഡലത്തിലെ തെരഞ്ഞെടുത്ത കോളനികൾ

17 (3985) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വാമനപുരം നിയോജക മണ്ഡലത്തിലെ ഏതെല്ലാം എസ്.സി., എസ്.ടി. കോളനികളാണ് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് തെരഞ്ഞെടുത്ത് പദ്ധതികൾ ആരംഭിച്ചിരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ഉത്തരം

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഹാംലെറ്റ് വികസന പദ്ധതി പ്രകാരം പെരിങ്ങമ്മല ഗ്രാമ പഞ്ചായത്തിലെ കാട്ടിലക്കുഴി-കല്ലണ, കല്ലണ-ഇയ്യക്കോട്, ഇയ്യക്കോട്-ചെന്നെല്ലിമൂട്-മുത്തിപ്പാറ, ഇയ്യക്കോട്-മഞ്ഞണത്തിൻ കടവ് എന്നീ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ റോഡ് നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്തിരുന്നു. ടി റോഡ് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വാമനപുരം നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് തെരഞ്ഞെടുത്ത പദ്ധതികൾ അവയുടെ നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## വർക്കല മണ്ഡലത്തിൽ മുച്ചക്ര സ്കൂട്ടർ നൽകുന്നതിന് നടപടി

18 (3986) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര അംഗ പരിമിതർ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ അസ്ഥി സംബന്ധമായ അംഗപരിമിതർക്ക് സഞ്ചരിക്കുന്നതിന് മുച്ചക്ര സ്കൂട്ടർ നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) വർക്കല മണ്ഡലത്തിലെ പട്ടികജാതിക്കാരായ അംഗപരിമിതരുടെ കൃത്യമായ എണ്ണം ഈ വകുപ്പിൽ ലഭ്യമല്ല.

(ബി) പട്ടികജാതിക്കാരായ അംഗപരിമിതർക്ക് സഞ്ചരിക്കുന്നതിന് മുച്ചക്ര സ്കൂട്ടർ നൽകുന്നതിനായി കേരള സംസ്ഥാന വികലാംഗ കോർപ്പറേഷന് വകുപ്പ് 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽനിന്നും 183 പേർക്ക് മുച്ചക്ര സ്കൂട്ടർ അനുവദിച്ചതിൽ വർക്കല മണ്ഡലത്തിലെ 7 പേർ ഉൾപ്പെടുന്നു.

**തോപ്പിൽ കോളനിയിലെ പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ തടസ്സം**

19 (3987) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി സങ്കേതങ്ങളുടെ സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ആരംഭിച്ച തോപ്പിൽ കോളനിയിലെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിലെ തടസ്സം എന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തോപ്പിൽ കോളനിയിലെ പ്രവൃത്തികളുടെ പുരോഗതി ഇപ്രകാരമാണ്.

1. റോഡ് വർക്കുകൾ ഭാഗികമായി പൂർത്തീകരിച്ചു. കോൺക്രീറ്റിംഗ് അനുബന്ധ ജോലികൾ അവശേഷിക്കുന്നു.
2. ഭവന പുനരുദ്ധാരണം 10-ൽ 7 എണ്ണം പൂർത്തീകരിച്ചു.
3. കുടിവെള്ള പദ്ധതി-3 കുഴൽ കിണർ കുഴിച്ചിട്ടുണ്ട്. 2 മോട്ടോറുകൾ സ്ഥാപിച്ചിട്ടുള്ളതുമാണ്.
4. ഗാർഹിക കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി പൈപ്പുകൾ സ്ഥാപിച്ചു. ജലവിതരണം ആരംഭിച്ചിട്ടില്ല.
5. ഹൈമാസ് ലൈറ്റും സ്ട്രീറ്റ് ലൈറ്റും സ്ഥാപിച്ചു.

(ബി) നിർവ്വഹണ ഏജൻസിയുടെ ഭാഗത്തുനിന്നുള്ള കാലതാമസമാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസ്സമാകുന്നത്.

## പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകൾ നടപ്പിലാക്കിയ പദ്ധതികൾ

20 (3988) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുകൾ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാ മാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതികൾക്ക് ആകെ ചെലവായ തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) ദേവികുളം മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കിയ പദ്ധതികൾ, ചെലവായ തുക, പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ എന്നിവ അനുബന്ധമായി ചേർക്കുന്നു.*

## ഭവനരഹിതരായ എല്ലാ പട്ടികജാതി പട്ടികഗോത്ര വർഗ്ഗക്കാർക്കും വീട്

21(3989) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. പി. വി. അൻവർ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായ എല്ലാ പട്ടികജാതി പട്ടികഗോത്ര വർഗ്ഗക്കാർക്കും ലൈഫ് മിഷൻ പ്രകാരം വീട് അനുവദിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പട്ടികഗോത്രവർഗ്ഗക്കാർക്ക് പുതുതായി എത്ര വീടുകൾ അനുവദിച്ചെന്നും മുൻ സർക്കാരിന്റെ കാലത്ത് പൂർത്തിയാകാതെ കിടന്നവയുൾപ്പെടെ എത്ര വീടുകൾ പൂർത്തീകരിക്കാൻ സാധിച്ചെന്നും അറിയിക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം എത്ര പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് ഹാംലെറ്റ് വികസന പദ്ധതി പ്രകാരവും സ്വയം പര്യാപ്ത ഗ്രാമ പദ്ധതി പ്രകാരവും എത്ര സങ്കേതങ്ങളുടെ നവീകരണ പ്രവർത്തനം പൂർത്തിയാക്കിയിരുന്നു; ഈ സർക്കാർ അവയിൽ എത്രയെണ്ണത്തിന്റെ പ്രവർത്തനം പൂർത്തിയാക്കിയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ലൈഫ് മിഷൻ മാനദണ്ഡമനുസരിച്ച് തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ട ഭവനരഹിതരായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും വീട് അനുവദിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഭവനരഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 2018-19-ൽ വീട് അനുവദിക്കുന്നതിനായി 6082 പട്ടികവർഗ്ഗക്കാരായ ഗുണഭോക്താക്കളുടെ വിവരങ്ങൾ ലൈഫ് മിഷൻ MIS-ൽ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പ്

ഈ സർക്കാർ അധികാരമേറ്റശേഷം ഭവനനിർമ്മാണവുമായി ബന്ധപ്പെട്ടുള്ള പുരോഗതി ഇപ്രകാരമാണ്.

| വർഷം | അനുവദിച്ചത് | പൂർത്തീകരിച്ചത് |
|---|---|---|
| 2016-17 | 14906 | 8522 |
| 2017-18 | 8895 | 1006 |
| മുൻസർക്കാരിന്റെ കാലയളവിൽ അനുവദിച്ചതും ഈ സർക്കാർ വന്നശേഷം പൂർത്തീകരിച്ചതുമായ വീടുകൾ | | 8610 |
| ഈ സർക്കാർ ആകെ പൂർത്തീകരിച്ച വീടുകൾ | | 18138 |

പട്ടികവർഗ്ഗ വികസന വകുപ്പ്

| | |
|---|---|
| 2016-2017 സാമ്പത്തിക വർഷം പൂർത്തീകരിച്ച വീടുകൾ | 6709 |
| മുൻസർക്കാരിന്റെ കാലയളവിൽ അനുവദിച്ചതും എന്നാൽ ഇപ്പോൾ പൂർത്തീകരിച്ചതുമായ വീടുകൾ | 14953 |

(സി) പട്ടികജാതി വിഭാഗത്തിൽ തെരഞ്ഞെടുത്ത 280 സങ്കേതങ്ങളിൽ 75 സങ്കേതങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ തെരഞ്ഞെടുത്ത 101 സങ്കേതങ്ങളിൽ ഡി.പി.ആർ. ലഭ്യമായ 76-ൽ 34 സങ്കേതങ്ങൾക്ക് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി നൽകിയിട്ടുണ്ട്.

(ഡി) പട്ടികജാതി വികസന വകുപ്പ്:

മുൻസർക്കാരിന്റെ കാലത്ത് സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ 216 സങ്കേതങ്ങളിൽ 31 സങ്കേതങ്ങളുടെ നവീകരണ പ്രവർത്തനം ആരംഭിച്ചിരുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം രണ്ടുവർഷംകൊണ്ട് 74 സങ്കേതങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ്:

ഹാംലെറ്റ് വികസന പദ്ധതിയിൽ തെരഞ്ഞെടുത്ത 46 കോളനികളിൽ മുൻ സർക്കാരിന്റെ കാലത്ത് 12 സങ്കേതങ്ങളും ഈ സർക്കാർ അധികാരമേറ്റശേഷം 12 സങ്കേതങ്ങളും ഉൾപ്പെടെ ആകെ 24 സങ്കേതങ്ങളുടെ നവീകരണ പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്.

## പട്ടികജാതി വകുപ്പ് വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കുമായി നടപ്പാക്കുന്ന പദ്ധതികൾ

22(3990) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വകുപ്പിന്റെ കീഴിൽ എന്തെല്ലാം പദ്ധതികളാണ് വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കുമായി നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് പട്ടികജാതി ക്ഷേമ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ;

(സി) തൊഴിലധിഷ്ഠിത പരിശീലന പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ വ്യക്തമാക്കുമോ; സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് വകുപ്പിൽ നിന്നും നല്കി വരുന്നത്;

(ഡി) പ്രൊഫഷണൽ കോഴ്സുകൾ കഴിഞ്ഞ കുട്ടികൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കാൻ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കുമായി വകുപ്പിന് കീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) പട്ടികജാതി ക്ഷേമ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക സ്കോളർഷിപ്പ്
2. പ്രത്യേക ഘടക പദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം
3. പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ
4. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ജഗജീവൻ റാം ഛത്രവാസ് യോജന 100% കേന്ദ്രാവിഷ്കൃത പദ്ധതി.
5. ശുചീകരണത്തിലും അനാരോഗ്യകരമായ സാഹചര്യങ്ങളിലും തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ
6. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്-എസ്.സി.പി. (49% കേന്ദ്ര വിഹിതം)
7. 9-ഉം 10-ഉം ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥി കൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്ര വിഹിതം)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

8. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50% കേന്ദ്ര വിഹിതം)

9. പൗരാവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50% കേന്ദ്ര വിഹിതം)

10. പ്രധാനമന്ത്രി ആവാസ് യോജന (PMAY) (60% കേന്ദ്ര വിഹിതം)

11. ദീൻ ദയാൽ അന്ത്യോദയ യോജന (NRLM) (60% കേന്ദ്ര വിഹിതം)

(സി) തൊഴിലധിഷ്ഠിത പരിശീലന പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.* പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ അഭ്യസ്ത വിദ്യരായ യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിലേയ്ക്ക് 3 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് ഒരു ലക്ഷം രൂപവരെ സബ്സിഡിയായി നൽകുന്ന പദ്ധതി, ഗ്രൂപ്പുകൾക്ക് 10.00 ലക്ഷം രൂപവരെയുള്ള വായ്പാധിഷ്ഠിത പദ്ധതിക്ക് 3.00 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്ന പദ്ധതി എന്നിവ നിലവിലുണ്ട്. ഏഴാം ക്ലാസ്സ് പാസ്സായവരും 18 നും 40 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള പട്ടികജാതി യുവതി യുവാക്കൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്. പട്ടികജാതിക്കാർ അംഗങ്ങളായിട്ടുള്ള സ്വയംസഹായ സംഘങ്ങൾക്ക് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് തുകയുടെ 75% തുക സ്വയംതൊഴിൽ ധനസഹായമായി അനുവദിച്ചുവരുന്നു.

(ഡി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട സംരംഭകരെ ബിസിനസ്സിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനായി പട്ടികജാതി വികസന വകുപ്പും കേരള സ്റ്റാർട്ട് അപ് മിഷനുമായി സഹകരിച്ച് സ്റ്റാർട്ട് അപ് ഡ്രീംസ് എന്ന പേരിൽ ഒരു സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ പ്രവർത്തിച്ചുവരുന്നു.

**കുന്ദമംഗലം മണ്ഡലത്തിലെ കോളനികൾ**

23(3991) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സങ്കേതങ്ങളുടെ വികസനത്തിന് നടപ്പിലാക്കിവരുന്ന അംബേദ്കർ ഗ്രാമം പദ്ധതിയിൽ പട്ടികജാതിക്കാർ കൂടുതലായി താമസിച്ചുവരുന്ന പുതിയ കോളനികളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ നാൽപ്പതിലധികം പട്ടികജാതി കുടുംബങ്ങൾ താമസിച്ചുവരുന്ന എത്ര കോളനികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നതും നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും ഫീസിബിളുമായ 2 കോളനികളെവീതം ഒരു നിയോജകമണ്ഡലത്തിൽ നിന്നും എം.എൽ.എ.-യുടെ ശിപാർശ പ്രകാരം തെരഞ്ഞെടുത്താണ് നിലവിൽ അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്. പുതിയ കോളനികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) 9 കോളനികൾ നിലവിലുണ്ട്.

**പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം**

24 (3992) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ധനരായ പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ധനസഹായത്തിനുള്ള അപേക്ഷകൾ യഥാസമയം പാസ്സാക്കി തുക അനുവദിക്കാത്തതുമൂലം ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ധനസഹായം ലഭിക്കുന്നതിനുള്ള വരുമാനപരിധി നിലവിലെത്രയാണ്; അത് ഉയർത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) അർഹരായവർക്ക് ധനസഹായം യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികളുടെ മാതാപിതാക്കൾക്കാണ് വിവാഹ ധനസഹായം 75,000 രൂപ നൽകിവരുന്നത്. ടി ധനസഹായം ലഭിക്കുന്നതിനായി ഗുണഭോക്താവിന്റെ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത്, വിവാഹം നിശ്ചയിച്ച എന്നതിന്റെ സമുദായ സംഘടനയുടെ/ ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം സഹിതം ബ്ലോക്ക്/ മുനിസിപ്പൽ/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വരുമാനപരിധി നിലവിൽ 1,00,000 രൂപയാണ്. തുക ഉയർത്തുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

(ഡി) അനുവദിക്കപ്പെടുന്ന ധനസഹായം കാലതാമസം കൂടാതെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കി വരുന്നുണ്ട്. അർഹരായവരെ ധനസഹായവിവരം അറിയിക്കുവാൻ എസ്. സി. പ്രൊമോട്ടർമാർ മുഖേന നടപടി സ്വീകരിച്ചു വരുന്നു.

**പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം**

25 (3993) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതിപ്രകാരം എത്ര കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട് ;

(ബി) എത്ര പേർക്കാണ് ഇത്രയും തുക അനുവദിച്ചത് ;

(സി) നിലവിൽ ഒരാൾക്ക് എത്ര രൂപയാണ് ധനസഹായമായി അനുവദിക്കുന്നത് ;

(ഡി) ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം 123,04,90,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) 20727 പേർക്കാണ് തുക അനുവദിച്ചത്.

(സി) 75,000 രൂപയാണ് ഒരാൾക്ക് നൽകിവരുന്നത്.

(ഡി) നിർദ്ധനരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾക്കാണ് വിവാഹ ധനസഹായം നൽകിവരുന്നത്. ഗുണഭോക്താവിന്റെ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വിവാഹ ക്ഷണക്കത്ത്, വിവാഹം നിശ്ചയിച്ചു എന്നതിന്റെ സമുദായ സംഘടനയുടെ/ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ സഹിതം ബ്ലോക്ക്/ മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## വാത്സല്യനിധി പദ്ധതി

26(3994) ശ്രീ. ബി. സത്യൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി വാത്സല്യനിധി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) പദ്ധതിയിൽ അംഗമാകുന്ന പെൺകുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം എന്നിവയ്ക്കായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ പറയുന്നു :

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളായിരിക്കണം.
2. മാതാപിതാക്കളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുത്.
3. 1-4-2017 മുതൽ ജനിക്കുന്ന പെൺകുട്ടികൾക്കാണ് ടി പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു ലക്ഷം രൂപവരെ വരുമാന പരിധിയുള്ള മാതാപിതാക്കളുടെ 1-4-2017 മുതൽ ജനിക്കുന്ന പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. ടി പദ്ധതിയിൽ ആദ്യ ഗഡു 39,000 രൂപ നിക്ഷേപിക്കുന്നത് പെൺകുട്ടി ജനിച്ച് 9 മാസത്തിൽ അധികരിക്കാത്ത കാലയളവിലാണ്. ഒന്നാം ഗഡു നിക്ഷേപിക്കുന്നതിന് നിർബന്ധിത പ്രതിരോധ വാക്സിനേഷനുകൾ എടുത്തിരിക്കണം. ഇതിലൂടെ കുട്ടിയുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നു. തുടർന്ന് രണ്ടാം ഗഡു 36,000 രൂപ 5 വയസ്സ് പൂർത്തിയായതും പ്രൈമറി സ്കൂളിൽ പ്രവേശനം

നേടിയതുമായ കുട്ടികൾക്ക്, മൂന്നാംഗഡു 33,000 രൂപ 10 വയസ്സ പൂർത്തിയായതും 5-ാം തരം പ്രവേശനം നേടിയതുമായ കുട്ടികൾക്ക്, നാലാംഗഡു 30,000 രൂപ 15 വയസ്സ് പൂർത്തിയായതും 10-ാം തരം പാസ്സായതുമായ കുട്ടികളുടെ പേരിൽ L.I.C യിൽ നിക്ഷേപിക്കുന്നു. ഇതിലൂടെ പെൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി ഉറപ്പുവരുത്തുന്നു. പെൺകുട്ടികൾക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000 രൂപ നൽകുന്നു.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

27(3995) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം സമഗ്രവികസനത്തിനായി തെരെഞ്ഞെടുത്ത തൃപ്പൂണിത്തുറ മണ്ഡലത്തിലെ എസ്.എം.പി. കോളനി, കുമ്പളത്തെ യോഗപ്പറമ്പ് കോളനി എന്നിവയുടെ വികസന പ്രവർത്തനങ്ങൾക്ക് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്ന് അറിയിക്കുമോ;

(ബി) ഈ വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

(സി) ഈ വികസന പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുമെന്നും എത്ര നാൾകൊണ്ട് പൂർത്തീകരിക്കുമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) KEL എന്ന ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ബി) എസ്.എം.പി. കോളനിയുടെ കർമ്മപദ്ധതിക്ക് ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. യോഗപ്പറമ്പ് കോളനിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളുടെ പ്രൈസ് സോഫ്റ്റ്വെയറിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്.

(സി) എസ്.എം.പി. കോളനിയുടെ പ്രവൃത്തികൾ സത്വരം ആരംഭിക്കുന്നതാണ്. യോഗപ്പറമ്പ് കോളനിയുടെ എസ്റ്റിമേറ്റ് ഏജൻസി ലഭ്യമാക്കിയാലുടൻ അംഗീകാരം നൽകി ജില്ലാ പട്ടികജാതി വികസന ഓഫീസറുമായി ധാരണാപത്രം (MOU) ഒപ്പുവച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്. MOU ഒപ്പുവച്ച് ആറ് മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതാണ്.

## വിദ്യാർത്ഥികൾക്ക് പഠന മുറികൾ ലഭിക്കുന്നതിനുള്ള അപേക്ഷ

28 (3996) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് പഠന മുറികൾ അനുവദിച്ച് നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ആയതിലേക്ക് എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്നും കൊടുക്കുവാനുള്ളവരുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വർക്കല മണ്ഡലത്തിൽ 77 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറികൾ അനുവദിച്ചു നൽകിയിട്ടുണ്ട്.

(ബി) ആകെ ലഭ്യമായ 143 അപേക്ഷകളിൽ 66 പേർക്ക് ഇനിയും ധനസഹായം അനുവദിക്കാൻ ബാക്കിയുണ്ട്.

## മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി

29 (3997) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ വിവിധ കാരണങ്ങളാൽ പഠനം ഇടയ്ക്ക്വച്ച് നിർത്തിപ്പോകുന്നത് ഈ വിഭാഗക്കാരുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ നിലവാരത്തെ സാരമായി ബാധിക്കുന്നു എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിദ്യാർത്ഥികളുടെ ഇപ്രകാരമുള്ള കൊഴിഞ്ഞുപോക്ക് പരിഹരിക്കുന്നതിനായി നടപ്പാക്കി വരുന്ന ഗോത്ര ബന്ധു പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ വിവിധ കാരണങ്ങളാൽ പഠനം ഇടയ്ക്ക്വച്ച് നിർത്തിപ്പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് പരിഹരിക്കുന്നതിനായി വയനാട്ടും അട്ടപ്പാടിയിലും 'ഗോത്രബന്ധു' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ കൊഴിഞ്ഞുപോക്ക് കുറച്ച് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) സ്കൂളുകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിന് പട്ടികവർഗ്ഗത്തിൽ തന്നെയുള്ള ടി.ടി.സി./ബി.എഡ്/ഡി.എഡ്. പാസായവരെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന പദ്ധതിയാണ് ഗോത്രബന്ധു പദ്ധതി. 2017-18 അദ്ധ്യയന വർഷം വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻ ബത്തേരി താലൂക്കുകളിലായി 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഈ പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 26 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഈ പദ്ധതി പ്രകാരം 2018-19 അദ്ധ്യയന വർഷം മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മറ്റ് ജില്ലകളിലെ പ്രൈമറി ക്ലാസ്സുകളുള്ള സർക്കാർ/എയിഡഡ് സ്കൂളുകളിലെ 1 മുതൽ 4-ാം ക്ലാസ്സ് വരെയുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിവരങ്ങൾ പട്ടികവർഗ്ഗ വിഭാഗത്തിൽ ടി.ടി.സി/ബി.എഡ്/ഡി.എഡ്. യോഗ്യതയുള്ളവരുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## ആദിവാസി ഊരുകളിൽ റേഷൻ സാധനങ്ങൾ എത്തിക്കുന്നതിന് പദ്ധതി

30 (3998) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മുഴുവൻ ആദിവാസി ഊരുകളിലും റേഷൻ സാധനങ്ങൾ വീട്ടിലെത്തിക്കാൻ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമായി ചേർന്ന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ എവിടെയെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ആദിവാസി വിഭാഗങ്ങളുടെ തനത് ഭക്ഷ്യധാന്യങ്ങൾ ശേഖരിച്ച് മറ്റ് ആദിവാസികൾക്ക് എത്തിക്കുന്ന എന്തെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ ലഭിക്കാൻ ബുദ്ധിമുട്ടുള്ള പട്ടികവർഗ്ഗ ഊരുകളിൽ റേഷൻ സാധനങ്ങൾ നേരിട്ട് ഊരുകളിൽ എത്തിക്കുന്നതുമായി ബന്ധപ്പെട്ട് 19-6-2016-ാം തീയതി ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഗതാഗത സൗകര്യം തീരെ ലഭ്യമല്ലാത്ത സങ്കേതങ്ങളിൽ റേഷൻ സാധനങ്ങൾ എത്തിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ്, ഭക്ഷ്യ പൊതുവിതരണ വകുപ്പ്, വനം വകുപ്പ് എന്നീ വകുപ്പുകളുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഓരോ ജില്ലയിലേയും സാഹചര്യ ങ്ങൾക്കനുസരിച്ച് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിൽ പാണഞ്ചേരി ഗ്രാമ പഞ്ചായത്തിലെ ഒളകര, മണിയൻ കിണർ, താമര വെള്ളച്ചാൽ എന്നീ കോളനികളിലും ആതിരപ്പിള്ളി ഗ്രാമ പഞ്ചായത്തിലെ വാഴച്ചാൽ, ചൊകലപ്പാറ, പെരിങ്ങൽക്കുത്ത്, ആനക്കയം, ഷോളയാർ, വാച്ചുമരം, തവളക്കുടി എന്നീ കോളനികളിൽ മൊബൈൽ റേഷൻ കട എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ എറണാകുളം ജില്ലയിലെ പൊങ്ങിൻചുവട് കോളനിയിൽ പട്ടികവർഗ്ഗ സൊസൈറ്റി നടത്തുന്ന റേഷൻ കടയിലേയ്ക്ക് സാധനങ്ങൾ എത്തിക്കുന്ന വാഹന കൂലിയും ഇടുക്കി ജില്ലയിലെ ഇടമലക്കുടി പട്ടികവർഗ്ഗ കോളനിയിൽ റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ചുമട്ട് കൂലി ഇനത്തിലുള്ള തുകയും ഭക്ഷ്യസഹായ പദ്ധതിയിൽനിന്ന് അനുവദിച്ച് വരുന്നു.

(സി) പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ ഫുഡ് സപ്പോർട്ട് പദ്ധതി പ്രകാരം നൽകുന്ന ഭക്ഷ്യധാന്യത്തിന് പുറമേ റാഗി, ചാമ എന്നിവകൂടി ഉൾപ്പെടുത്തി വിതരണം ചെയ്യുന്നതിന് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.

## ആദിവാസി ഭവനനിർമ്മാണ പദ്ധതികളിലെ ക്രമക്കേടുകൾ

31 (3999) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ആദിവാസി മേഖലകളിലെ ഭവനനിർമ്മാണ പദ്ധതികളിലെ വ്യാപകമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കണ്ണൂർ ജില്ലയിലെ ഊരുകളിൽ ഹാംലെറ്റ് വികസന പദ്ധതി

32 (4000) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ഹാംലെറ്റ് വികസന പദ്ധതിയുടെ കീഴിൽ കണ്ണൂർ ജില്ലയിലെ ഏതെല്ലാം ഊരുകൾ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഊരുകളിലെ ഊരുകൂട്ടം കൂടി അംഗീകരിച്ച പദ്ധതികൾക്കെല്ലാം ഭരണാനുമതി നൽകുകയുണ്ടായോ ;

(സി) ഹാംലെറ്റ് വികസനപദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ എല്ലാ ഊരുകളിലും ഭരണാനുമതി ലഭിച്ച പദ്ധതികളുടെ പ്രവർത്തനപുരോഗതി ലഭ്യമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ ക്ഷേമവകുപ്പ് നടപ്പിലാക്കുന്ന ഹാംലെറ്റ് വികസന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ താഴെ പറയുന്ന കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

2013-14

1. വാതിൽമട കോളനി

2. കണ്ണവം കോളനി

2014-15

1. കോട്ടയം തട്ട് കോളനി

2.വളയഞ്ചാൽ കോളനി

3. ചെക്യേരി കോളനി

(ബി) ഊരുകൂട്ടം അംഗീകരിച്ച എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടില്ല.

(സി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

33(4001) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായത്തിന്റെ ക്ഷേമത്തിനുവേണ്ടി എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പാക്കി യിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ പദ്ധതികൾ ഏതെല്ലാമാണെന്നും പ്രസ്തുത പദ്ധതികൾ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെ യാണെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് പൊതുവെ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും ഈ ആനുകൂല്യങ്ങൾ ലഭ്യമാകാനുള്ള നടപടിക്രമങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ;

(ഡി) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിനായും വിദേശ രാജ്യങ്ങളിൽ പഠനം നടത്തുന്നതിനായും എന്തെല്ലാം സഹായങ്ങളാണ് നല്കി വരുന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) ഈ ഇനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ സംസ്ഥാനത്തുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

പട്ടികജാതി വിഭാഗങ്ങൾക്കായി പുതുതായി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 7000-ത്തോളം ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ പഠനസൗകര്യങ്ങളോടുംകൂടിയ ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള പഠനമുറി എന്ന പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു.

2. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്ര വികസനത്തിനുമായിട്ടുള്ള ഇൻഷ്വറൻസ് ലിങ്ക്ഡ് പദ്ധതിയായ വാത്സല്യനിധി പദ്ധതി നടപ്പിലാക്കിവരുന്നു.
3. M.Sc. Electronics, B.Arch, M.Phil, Ph.D എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കൂടി ലാപ് ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.
4. പട്ടികജാതി വകുപ്പിന് കീഴിലുള്ള 44 ഐ.റ്റി.ഐ.കളിലെ വിദ്യാർത്ഥികൾക്ക് പോഷകാഹാരം നൽകുന്നതിന്റെ ഭാഗമായി രാവിലെ ഒരു മുട്ടയും ഒരു ഗ്ലാസ്സ് പാലും നൽകുന്നതിനുള്ള പദ്ധതിയും ഉച്ചഭക്ഷണം നൽകുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു.
5. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
6. സാങ്കേതിക വൈദഗ്ദ്ധ്യം നേടിയവർക്കായി ജോബ് ഫെയർ ആരംഭിച്ചു.
7. 40 ഓ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കോളനികളുടെ വികസനത്തിന് അംബേദ്കർ ഗ്രാമ പദ്ധതി ആരംഭിച്ചു.

സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി തുടർപദ്ധതികൾക്ക് പുറമെ നടപ്പിലാക്കി വരുന്ന പുതിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. <u>സാമൂഹിക പഠനമുറി-( 2017-18) 6.21 കോടി രൂപ</u>

പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ സാമൂഹിക പഠനമുറി പ്രവർത്തിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ/പെണ്ണോ) തെരഞ്ഞെടുത്ത് മാസം തോറും 15,000 രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിച്ചുവരുന്നു. ഇതിനായി 100 സാമൂഹ്യ പഠനമുറികൾ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ ജില്ലതിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| | |
|---|---|
| കാസർഗോഡ് | 5 |
| കണ്ണൂർ | 5 |

| | |
|---|---|
| വയനാട് | 25 |
| കോഴിക്കോട് | 3 |
| മലപ്പുറം | 7 |
| തൃശ്ശൂർ | 2 |
| പാലക്കാട് | 25 |
| എറണാകുളം | 3 |
| ഇടുക്കി | 15 |
| പത്തനംതിട്ട | 3 |
| കൊല്ലം | 2 |
| തിരുവനന്തപുരം | 5 |
| ആകെ | 100 |

78 പഠനമുറികളുടെ എല്ലാ സജ്ജീകരണങ്ങളും പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമായിട്ടുണ്ട്. മറ്റുള്ളവ പൂർത്തീകരണ ഘട്ടത്തിലാണ്. ഈ സ്ഥാപനങ്ങളിൽ പശ്ചാത്തല സംവിധാനം ഒരുക്കുന്നതിന് 6.21 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 100 പഠന മുറികൾക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ട്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്.

2. ഗോത്രബന്ധു- (2017-18-4.00 കോടി രൂപ), (2018-19-4.40 കോടി രൂപ)

സംസ്ഥാനത്തെ പ്രൈമറി ക്ലാസ്സുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ എന്നിവ ലക്ഷ്യംവച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി/ബി.എഡ്/ഡി.എഡ്. പാസ്സായ അഭ്യസ്തവിദ്യരിൽ നിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് "ഗോത്രബന്ധു പദ്ധതി"

വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻ ബത്തേരി താലൂക്കുകളിലായി 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ടി.ടി.സി/ ബി.എഡ്/ഡി.എഡ് പാസ്സായ പട്ടികവർഗ്ഗക്കാരിൽനിന്നും അഭിമുഖത്തിലൂടെ തെരഞ്ഞെടുക്കപ്പെട്ടവരെ മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 26 സർക്കാർ/എയിഡഡ് സ്കൂളുകളിൽ 2018-19 അദ്ധ്യയന വർഷം മുതൽ ഗോത്രബന്ധു പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

3. <u>അംബേദ്കർ സെറ്റിൽമെന്റ് ഡവലപ്മെന്റ് സ്കീം</u>

(എ) <u>അടിസ്ഥാന സൗകര്യങ്ങൾ</u>

സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി അടിസ്ഥാന സൗകര്യങ്ങളിൽ പിന്നോക്ക അവസ്ഥയിലുള്ള കോളനികളുടെ വിവരങ്ങൾ ജില്ലാതലത്തിൽനിന്നും ശേഖരിച്ചതിനെ തുടർന്ന് അടിസ്ഥാന സൗകര്യങ്ങളിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന 101 സങ്കേതങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്ത ഏജൻസികൾ മുഖേന ഡി.പി.ആർ. തയ്യാറാക്കിവരുന്നു. ഇപ്രകാരം തയ്യാറാക്കിയ 76 കോളനികളിലെ ഡി.പി.ആർ ലഭിച്ചു. ഇതിൽ 34 കോളനികൾക്കുള്ള മൊബിലൈസേഷൻ തുക അനുവദിച്ച് നൽകിയിട്ടുണ്ട്. 7 കോളനികളിലെ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) <u>എം.ജി.എൻ.ആർ.ഇ.ജി.എസ്.-തൊഴിലിനുള്ള വേതനം എം.ജി.എൻ.ആർ.ഇ.ജി.എസ്. കേരള ട്രൈബൽ പ്ലസ്</u> :

എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രകാരം ഉറപ്പുവരുത്തിയിട്ടുള്ള 100 ദിവസം കൂടാതെ കേരളത്തിലെ എല്ലാ പട്ടിക വർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾകൂടി ലഭ്യമാക്കുന്ന പദ്ധതി സർക്കാർ നടപ്പിലാക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ് എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുക. ഇതിനായി എം.ജി.എൻ.ആർ.ഇ.ജി.എസ്. സംസ്ഥാന മിഷന് 12.40 കോടി രൂപ സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ്.ദിവസവും വേതനം നൽകുന്നതിനുള്ള വകുപ്പിന്റെ കോർപ്പസ് ഫണ്ട് തൊഴിലുറപ്പ് പദ്ധതി പ്രകാരം

തൊഴിലെടുത്ത് വരുന്ന പട്ടികവർഗ്ഗക്കാർക്ക് കാലവിളംബം കൂടാതെ വേതനം ലഭ്യമാക്കുന്നതിന് 11.13 കോടി രൂപ റിവോൾവിംഗ് ഫണ്ടായി എം.ജി.എൻ.ആർ.ഇ.ജി.എസ്. സംസ്ഥാന മിഷന് സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്.

(സി) പി.കെ. കാളൻ കുടുംബസഹായ പദ്ധതി 2017-18-(5.06 കോടി):

പി.കെ. കാളൻ കുടുംബസഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ചിന്നിച്ചിതറി താമസിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവര ശേഖരണം നടത്തിയിട്ടുണ്ട്. കുടുംബാധിഷ്ഠിത മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിന് കുടുംബശ്രീ മിഷനെയാണ് ഇതിനായി സർക്കാർ നിയോഗിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ആലപ്പുഴ നിയോജക മണ്ഡലത്തിലെ ഉള്ളാട സമുദായങ്ങൾക്കായി രൂപീകരിച്ച 5.06 കോടി രൂപയുടെ മൈക്രോ പ്ലാനുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതുപ്രകാരം ടി തുക കുടുംബശ്രീ സംസ്ഥാന മിഷന് അനുവദിച്ച് നൽകി പദ്ധതി നടപ്പിലാക്കി വരുന്നു. പാലക്കാട് ജില്ലയിലെ മലമ്പുഴ പഞ്ചായത്തിലെ ചിന്നിച്ചിതറി താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കായുള്ള കുടുംബാധിഷ്ഠിത മൈക്രോ പ്ലാനുകൾ പൂർത്തീകരിച്ചു. എല്ലാ ജില്ലകളിലും മൈക്രോ പ്ലാനുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുന്നു.

4. ഗോത്രവാത്സല്യനിധി

പട്ടികവർഗ്ഗവിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിയായ എൽ.ഐ.സി.യുമായി സഹകരിച്ച് ഗോത്ര വാത്സല്യനിധി എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒന്നാംഘട്ടത്തിൽ 2017 ഏപ്രിൽ 1-നുശേഷം ജനിച്ച 800 പെൺകുട്ടികളെ തെരഞ്ഞെടുത്ത് 2.00 കോടി രൂപ എൽ.ഐ.സി. ഓഫ് ഇന്ത്യ എന്ന സ്ഥാപനത്തിന് അനുവദിച്ചു നൽകിയിട്ടുണ്ട്.

5. പാലക്കാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ തൊഴിലില്ലാത്ത സ്ത്രീകളെ കണ്ടെത്തി വസ്ത്ര നിർമ്മാണത്തിൽ പരിശീലനം നൽകി സ്വയം തൊഴിൽ നൽകുന്ന അപ്പാരൽ പാർക്ക് എന്ന സംരംഭം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി 250 പട്ടികവർഗ്ഗ

യുവതികളെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഈ സംരംഭത്തിലൂടെ സ്വയം തൊഴിലിന് വരുമാനത്തോടൊപ്പം സ്ത്രീശാക്തീകരണവും ലക്ഷ്യമിടുന്നു.

6. പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് ഐ.റ്റി. മേഖലയിൽ പരിശീലനം നൽകി അവർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

7. വയനാട് ഗോത്ര ഭാഷാ പഠന കേന്ദ്രം-പദ്ധതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

8. ആരോഗ്യ വിദ്യാഭ്യാസ പരിപാടി തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നു.

9. പോഷകാഹാരക്കുറവ്, ശിശുമരണ മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി ന്യൂട്രീഷൻ റീ-ഹാബിലിറ്റേഷൻ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്.

10. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എല്ലാ പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങളും വൈദ്യുതീകരിച്ചുവരുന്നു.

11. KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് വിവിധ ജില്ലകളിൽ എം.ആർ.എസ്./ഹോസ്റ്റലുകളുടെ നിർമ്മാണം നടത്തുന്നതിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ 10 പ്രവൃത്തികൾക്കായി 56.46 കോടി രൂപ കിഫ്ബി അനുവദിച്ചു നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

12. <u>ജില്ലകളിൽ പുതിയ 14 മൊബൈൽ മെഡിക്കൽ ക്ലിനിക് :</u>

ആധുനിക വൈദ്യസൗകര്യം എല്ലാ പട്ടികവർഗ്ഗക്കാർക്കും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ഡോക്ടറുടേയും പാരാമെഡിക്കൽ സേവനം ഉൾപ്പെടെ സംസ്ഥാനമൊട്ടാകെ എല്ലാ ആധുനിക സൗകര്യങ്ങളോടുകൂടി 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചു.

13. ഗോത്ര ജീവിക :

ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ക്രമക്കേട് ഒഴിവാക്കുന്നതിനും ചൂഷണം തടയുന്നതിനും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനുമായി ഗോത്രജീവിക പദ്ധതി നടപ്പിലാക്കിവരുന്നു. ആയതിൻ പ്രകാരം പട്ടികവർഗ്ഗ ഭവന നിർമ്മാണരംഗത്ത് പട്ടികവർഗ്ഗക്കാരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിൽ ഇടനിലക്കാരുടെ ചൂഷണം ഫലപ്രദമായി തടയുന്നതിനുമായി ടി പദ്ധതി പ്രകാരം നിർമ്മാണ മേഖലയ്ക്ക് പ്രാമുഖ്യം നൽകുന്ന പരിശീലനങ്ങളാണ് നടപ്പിലാക്കുന്നത്.

ടി പദ്ധതി പ്രകാരം പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് കെട്ടിടപ്പണി, മരപ്പണി, കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം, വയറിംഗ്, പ്ലംബിംഗ് എന്നീ മേഖലയിൽ പരിശീലനം നൽകി ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിച്ച് നിർമ്മാണ പ്രവൃത്തികൾ ഏൽപ്പിക്കുന്നതു വഴി ആദിവാസികളുടെ വീട് നിർമ്മാണത്തിൽ പുറത്തുനിന്നുള്ളവരുടെ ചൂഷണം തടയാൻ കഴിയുന്നതാണ്. ഇത്തരത്തിൽ വയനാട്, പാലക്കാട് ജില്ലയിലെ അട്ടപ്പാടി എന്നിവിടങ്ങളിൽനിന്നും 1170 പേർക്ക് പരിശീലനം നൽകുകയും വയനാട് ജില്ലയിൽ 6 ഗ്രൂപ്പുകളും പാലക്കാട് ജില്ലയിൽ 3 ഗ്രൂപ്പുകളും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്.

14. സമഗ്ര

പട്ടികവർഗ്ഗക്കാർക്കിടയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്ത് സാമൂഹ്യ ചൂഷണങ്ങളിൽനിന്നും മോചിതരാക്കുന്നതിനും പട്ടികവർഗ്ഗ വിദ്യാർത്ഥികളിലെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും സാക്ഷരതാ മിഷൻ സമഗ്ര എന്ന പേരിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സമഗ്ര ആദിവാസി സാക്ഷരത-തുല്യതാ പരിപാടി നടത്തുന്നതിനുവേണ്ടി വിവിധ ജില്ലകളിൽ നിന്നും 100 പട്ടിക വർഗ്ഗ കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഓരോ തുടർ വിദ്യാകേന്ദ്രത്തിലും സാക്ഷരതാ ക്ലാസ്സിന് 20 പഠിതാക്കൾക്ക് ഓരോ ഇൻസ്ട്രക്ടർമാരേയും 15 പേരടങ്ങുന്ന ഓരോ നാലാംതരം തുല്യതാ ക്ലാസിന് രണ്ട് വീതം ഇൻസ്ട്രക്ടർമാരേയും പത്ത് പേരടങ്ങുന്ന ഓരോ ഏഴാംതരം തുല്യതാ ക്ലാസ്സിനും മൂന്ന് വീതം ഇൻസ്ട്രക്ടർമാരേയും നിയമിക്കുന്നതാണ്. ഇൻസ്ട്രക്ടർമാരെ തെരഞ്ഞെടുക്കുമ്പോൾ നിശ്ചിത യോഗ്യതയുള്ള ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

15. <u>ഗോത്ര രശ്മി :</u>

ഇടുക്കി ജില്ലയിലെ ആദിവാസി ഗോത്ര വിഭാഗങ്ങൾക്ക് ജീവിത നൈപുണ്യ വിദ്യാഭ്യാസ പദ്ധതിയിലൂടെ സമൂഹത്തിൽ അഭിമാനത്തോടും ആത്മവിശ്വാസത്തോടും ഭയരഹിതമായും ആരോഗ്യമുള്ളവരായും ജീവിക്കുന്നതിന് പ്രാപ്തിയുണ്ടാക്കുകയെന്ന ലക്ഷ്യംവച്ച് അവരുടെ ആചാരനുഷ്ഠാനങ്ങൾ, ഉത്സവങ്ങൾ, സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഇവയുടെ മതനിരപേക്ഷമായ ദർശനം ബോധ്യപ്പെടുത്തി ചൂഷണ രഹിതമായ ഊരുകൾ സൃഷ്ടിക്കുന്നതിനായി 50 പട്ടികവർഗ്ഗ യുവതീ യുവാക്കളെ തെരഞ്ഞെടുത്ത് പരിശീലന നേതൃത്വരംഗത്തേയ്ക്ക് കടന്നുവരുന്നതിന് നേതൃത്വപരമായ പാടവം സൃഷ്ടിക്കുകയാണ് ഇതിലൂടെ ലക്ഷ്യംവയ്ക്കുന്നത്. ഇപ്രകാരം തദ്ദേശ ഭരണസ്ഥാപനങ്ങളിലും തീരുമാനമെടുക്കൽ പ്രക്രിയകളിലേയ്ക്കും വിവിധ ആദിവാസി ഗോത്ര വിഭാഗങ്ങളിലെ യുവതീയുവാക്കളെ പങ്കാളികളാക്കാൻ സാധിക്കും. കൂടാതെ ഇടുക്കി ജില്ലയിലെ ആദിവാസി ഗോത്രവിഭാഗങ്ങളെക്കുറിച്ചുള്ള അന്വേഷണം, പഠനം, വിവരശേഖരണം, പരിശീലനം എന്നിവയിലൂടെ ഗോത്രസംസ്കൃതിയുടെ ജൈവമണ്ഡലങ്ങളെക്കുറിച്ചുള്ള ദാർശനികമായ ഉൾക്കാഴ്ച നേടുന്നതിനും പൊതുസമൂഹത്തിന്റെ നിലനിൽപിന് ആദിവാസി ഗോത്രവിഭാഗങ്ങൾ വഹിക്കുന്ന ജൈവപരമായ പങ്ക് അവർതന്നെ ഗവേഷണത്തിന് വിധേയമായി ഒരു പഠനരേഖ പ്രസിദ്ധീകരിക്കുന്നതിനും ആദിവാസി മേഖലകളെ സ്ത്രീ സൗഹൃദ ഊരുകളാക്കുന്നതിനും സ്വയംതൊഴിൽ പരിശീലനത്തിലൂടെ അനുബന്ധ വരുമാന മാർഗ്ഗമുണ്ടാക്കുന്നതിനും ഗോത്ര രശ്മി പദ്ധതി ഉതകുന്നതാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിന്നോക്ക സമുദായ ക്ഷേമത്തിനായി പുതിയ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും നടപടിക്രമങ്ങളും അനുബന്ധം-I ആയി ചേർക്കുന്നു.* പട്ടികവർഗ്ഗക്കാർക്കായുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം അനുബന്ധം II-ൽ ചേർക്കുന്നു.*

(ഡി) 1. വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവയിൽ മെറിറ്റിലോ റിസർവേഷനിലോ അഡ്മിഷൻ നേടുന്നവർക്ക് സർക്കാർ അംഗീകരിച്ച നിരക്കിൽ ഫീസ് ആനുകൂല്യം നൽകുന്നതോടൊപ്പം ലംപ്സംഗ്രാന്റ്, സ്റ്റൈപ്പെൻഡ് എന്നിവയും നൽകുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശനം ലഭിച്ചവർക്ക് പ്രാഥമിക ചെലവുകൾക്ക് യഥാക്രമം 10,000, 5,000 രൂപ എന്നിങ്ങനെ തുക അനുവദിച്ചുവരുന്നു.

3. വകുപ്പിൽനിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്ന വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നു.

4. ഒന്നാം വർഷ MBBS, BAMS, BHMS വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്റ്റെതസ്കോപ്പ് നൽകിവരുന്നു.

5. ബിരുദ/ബിരുദാനന്തര/ബിരുദകലാ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന/പരിശീലന ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം നൽകിവരുന്നു.

6. പോസ്റ്റ് മെട്രിക് തലത്തിൽ കേരളത്തിനകത്തും പുറത്തും അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന ഇ-ഗ്രാന്റ്സിന് അർഹതയില്ലാത്തവർക്ക് കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് അനുവദിച്ച് വരുന്നു.

7. സർക്കാർ, സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ ഈവനിംഗ് കോഴ്സ്, യൂണിവേഴ്സിറ്റികളുടെ കറസ്പോണ്ടൻസ് കോഴ്സ് എന്നിവയിൽ പഠനം നടത്തുന്നവർക്ക് കോഴ്സ് ഫീസ് അനുവദിക്കുന്നു.

8. കേരളത്തിൽ ഇല്ലാത്ത കോഴ്സുകൾക്ക് സംസ്ഥാനത്തിനുപുറത്ത് പഠനം നടത്തുന്നവർക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നു.

9. വിദേശത്ത് പഠനം നടത്തുന്നതിന് നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി അർഹത പരിശോധിച്ച് ആനുകൂല്യം അനുവദിച്ചുവരുന്നു.

(ഇ) വിദേശ രാജ്യങ്ങളിൽ ഉന്നത പഠനം നടത്തുന്ന 2 പട്ടികവർഗ്ഗ വിദ്യാർത്ഥികളുണ്ട്. വയനാട് ജില്ല-1 കാസർഗോഡ് ജില്ല-1 പട്ടികജാതി വിഭാഗത്തിൽപ്പെട്ട 12 പേർ ഇപ്പോൾ സർക്കാർ സഹായത്തോടെ വിദേശ പഠനം നടത്തിവരികയാണ്.

## അട്ടപ്പാടിയിൽ അന്നപ്രദായിനി കമ്മ്യൂണിറ്റി കിച്ചൻ

34 (4002) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി യുവാവായ മധുവിന്റെ കൊലപാതകത്തെ തുടർന്ന് ആദിവാസി ഊരുകളിലെ പട്ടിണി മാറ്റുവാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) അട്ടപ്പാടി മേഖലയിൽ അന്നപ്രദായിനി കമ്മ്യൂണിറ്റി കിച്ചൻ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം കമ്മ്യൂണിറ്റി കിച്ചനുകളിൽ ആദിവാസി ഭക്ഷണരീതിയാണോ നടപ്പിലാക്കുന്നത്;

(സി) ഈ പദ്ധതിക്കായി ഇതിനകം എന്ത് തുക ചെലവഴിച്ചിട്ടുണ്ട്;

(ഡി) ആദിവാസി ഊരുകളിൽ മുമ്പ് നടപ്പിലാക്കിയ പദ്ധതികൾ പരാജയപ്പെടുവാനുണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ മുൻകാലങ്ങളിലുണ്ടായ പാകപ്പിഴകൾ പരിഹരിച്ച് ഈ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പ്, പട്ടികവർഗ്ഗ ഊരുകളിൽ പോഷകാഹാര കുറവ്, ശിശുമരണം, പട്ടിണി എന്നിവ പരിഹരിക്കുന്നതിനായി പ്രത്യേക പരിഗണന നൽകി ചുവടെ പറയും പ്രകാരം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

- കമ്മ്യൂണിറ്റി കിച്ചൻ : അട്ടപ്പാടിയിലെ പുതൂർ, അഗളി, ഷോളയൂർ എന്നീ ഗ്രാമ പഞ്ചായത്തുകളിലെ 192 ഊരുകളിലും വയനാട് ജില്ലയിൽ കണിയാംപാറ്റ, നൂൽപ്പുഴ, തിരുനെല്ലി എന്നീ ഗ്രാമ പഞ്ചായത്തുകളിലും കുടുംബശ്രീ മുഖേന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കി വരുന്നു.
- അർഹരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ബി.പി.എൽ. കാർഡ് ലഭിച്ചിട്ടുള്ളതിനാൽ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും പട്ടിണി മാറ്റുന്നതിനും സാധിച്ചിട്ടുണ്ട്.
- മൺസൂൺ കാലത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഭക്ഷ്യ സഹായ പദ്ധതിയിലൂടെ ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നു.
- ഓണക്കാലത്ത് ഭക്ഷ്യധാന്യങ്ങളടങ്ങിയ ഓണക്കിറ്റ് വിതരണം ചെയ്യുന്നു.

മില്ലറ്റ് വില്ലേജ്

അട്ടപ്പാടിയിൽ പട്ടികവർഗ്ഗ മേഖലയിൽ ഭക്ഷ്യ സുരക്ഷയും ജീവനോപാധിയും ഉറപ്പ് വരുത്തുന്നതിനായി 2017-18 സാമ്പത്തിക വർഷം ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന മില്ലറ്റ് വില്ലേജ് എന്ന പദ്ധതി 6.87 കോടി രൂപയ്ക്ക് അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു.

(ബി) അട്ടപ്പാടി മേഖലയിൽ പട്ടികവർഗ്ഗക്കാർക്ക് അനുയോജ്യമായ ഭക്ഷണരീതിയിലുള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

പ്രഭാത ഭക്ഷണത്തിനായി

ഇഡ്ഢലി, പുട്ട്, ഉപ്പുമാവ്, അവൽ, കഞ്ഞി തുടങ്ങിയവും.

ഉച്ചയ്ക്ക്

ചോറ്, അട്ടപ്പാടിയിൽ ലഭ്യമാകുന്ന ഇലക്കറികൾ, പച്ചക്കറികൾ, തനത് പയർവർഗ്ഗങ്ങൾ ഉൾപ്പെട്ട കറികളും.

വൈകുന്നേരം

ചോറ്, ചെറുധാന്യങ്ങൾ, ഇലക്കറികൾ, പച്ചക്കറികൾ, തനത് ധാന്യങ്ങൾ ഉൾപ്പെട്ട കറികൾ, തനതു ഭക്ഷണങ്ങൾ (റാഗി, ചാമ, തിന, ചോളം, തുവര ഉൾപ്പെടെയുള്ളവ) നൽകുന്നു.

(സി) പട്ടികവർഗ്ഗ വികസന വകുപ്പ് അട്ടപ്പാടിയിൽ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ 12.71 കോടി രൂപയും വയനാട് ജില്ലയിൽ ടി പദ്ധതി നടപ്പിലാക്കുന്നതിനായി 5.67 കോടി രൂപയും ഉൾപ്പെടെ ആകെ 18.38 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) കമ്മ്യൂണിറ്റി കിച്ചൻ നടപ്പിലാക്കുന്നത് പട്ടികവർഗ്ഗ വനിതകൾ തന്നെയാണ്. വിറകും പച്ചക്കറികളും അട്ടപ്പാടിയിൽനിന്ന് ലഭ്യമാക്കുന്നതിനാൽ ഈ വിഭാഗത്തിലുള്ളവർക്ക് തൊഴിലും വരുമാനവും ഉറപ്പാക്കാൻ കഴിയുന്നു. കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി സുഗമമായും കാര്യക്ഷമമായും പട്ടികവർഗ്ഗ ഊരുകളിൽ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഇതിലൂടെ ഗർഭിണികളുടേയും നവജാത ശിശുക്കളുടേയും ആരോഗ്യം സംരക്ഷിക്കുന്നതിനും പട്ടിണിയില്ലാതാക്കുന്നതിനും സ്ത്രീശാക്തീകരണത്തിനും ആരോഗ്യ ബോധവൽക്കരണത്തിനും എത്തിക്കുന്നതിന് സഹായിച്ചിട്ടുണ്ട്. പച്ചക്കറികളും ധാന്യങ്ങളും കമ്മ്യൂണിറ്റി കിച്ചനുകളിലേയ്ക്ക് ലഭ്യമാക്കുന്നതിനായി കൃഷിയുടെ പ്രോത്സാഹനവും ഉണ്ടായിട്ടുണ്ട്.

## ആദിവാസി വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി സ്വീകരിച്ച നടപടി

35 (4003) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ആദിവാസി വിഭാഗങ്ങളുടെയും പ്രാക്തന ഗോത്രവർഗ്ഗങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വിഭാഗക്കാരുടെ ഉന്നമനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും ആദിവാസി വിഭാഗങ്ങളിൽ ഗുരുതരമായ രോഗങ്ങൾ പടരുന്നതായും ശിശുമരണം ഉണ്ടാകുന്നതായുമുള്ള റിപ്പോർട്ടുകൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് കാര്യക്ഷമമായ നടപടികൾ കൈക്കൊള്ളുമോ?-

ഉത്തരം

(എ) സംസ്ഥാനത്ത് ആദിവാസി, പ്രത്യേക ദുർബല ഗോത്രവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ഐ.ടി.ഡി പ്രോജക്ട് ഓഫീസർമാർ/പട്ടികവർഗ്ഗ വികസന ഓഫീസർമാർ മുഖേനയും വകുപ്പുഅദ്ധ്യക്ഷൻ മുഖേനയും ചികിത്സാ ധനസഹായം നൽകുന്നു. കൂടാതെ ബഹു. വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വിവിധ രോഗങ്ങൾക്ക് ധനസഹായം അനുവദിച്ചു വരുന്നു.

- പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു.

ഇടുക്കി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നിവിടങ്ങളിൽ ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ വകുപ്പിന് കീഴിൽ HLL (Hindustan Lifecare Limited) മുഖേന KMSCL(Kerala Medical Services Corporation Limited) മുഖേന വിവിധ ജില്ലകളിലായി 14 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

- അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവുമൂലമുള്ള അസുഖങ്ങളുടെ ചികിത്സക്കായി 3 NRC(Nutrition Rehabilitation Centre)-കൾ പ്രവർത്തിക്കുന്നു.

- സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്ന്, മറ്റ് ജീവനോപാധികൾ എന്നിവ വാങ്ങുന്നതിലേയ്ക്കായി പ്രതിമാസം 2,500 രൂപ വീതം സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 1,000 രൂപ വീതം 18 മാസത്തേക്ക് നൽകുന്ന ജനനി ജന്മരക്ഷാ പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

- പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യ സഹായ പദ്ധതി, അട്ടപ്പാടി മേഖലയിൽ പാകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു.

- സാമൂഹ്യ നീതി വകുപ്പിൻ കീഴിൽ അങ്കണവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകി വരുന്നു. പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയും വിതരണം ചെയ്യുന്നു. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കായി സബല കിറ്റുകൾ വിതരണം നടത്തുന്നു. പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം നടപ്പിലാക്കി വരുന്നു. കുട്ടികൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തുന്നു. ആരോഗ്യ വകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം നടത്തുകയും ചെയ്യുന്നു.

- അട്ടപ്പാടിയിലെ പരമ്പരാഗത കൃഷിരീതികളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പുമായി സഹകരിച്ച് "മില്ലറ്റ് വില്ലേജ്" എന്ന പദ്ധതി നടപ്പിലാക്കുന്നു.

(ബി&സി) അമ്മമാരുടെ പോഷകാഹാരക്കുറവുമൂലം തൂക്കക്കുറവോടുകൂടി ജനിക്കുന്ന കുഞ്ഞുങ്ങളാണ് പ്രധാനമായും മരണപ്പെട്ടിരുന്നത്. ഇത്തരം കുഞ്ഞുങ്ങൾക്ക് ജന്മനാലോ പിന്നീടോ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടായിരുന്നതായി ആരോഗ്യ വകുപ്പ് മരണം സംബന്ധിച്ച റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. വീടുകളിൽ നടന്നിരുന്ന പ്രസവം, കുടുംബത്തിൽനിന്നും പ്രസവ പരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, വാഹന സൗകര്യത്തിന്റെ അഭാവം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം തുടങ്ങിയവയായിരുന്നു പ്രധാന കാരണങ്ങൾ. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തി മരണ നിരക്ക് കുറച്ചുകൊണ്ടു വരാൻ കഴിഞ്ഞിട്ടുണ്ട്.

- ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കിവരുന്നത്. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.
- അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി
- വനിതാ ശിശുവികസന വകുപ്പിനുകീഴിൽ കുട്ടികൾക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം.
- പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലറ്റ് വില്ലേജ് പദ്ധതി.
- സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി.
- അലോപ്പതി ഒ.പി ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷൻ റിഹാബിലിറ്റേഷൻ സെന്ററുകൾ.
- ഗർഭിണികളുടേയും മുലയൂട്ടുന്ന അമ്മമാരുടേയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി.
- സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി.

- വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.
- അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി-ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു. സംവിധാനവുമുണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയേറ്റർ, രക്തബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയുമുണ്ട്.

പ്രതിമാസ കുത്തിവയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ-അരിവാൾ രോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.

## ആദിവാസി കുട്ടികൾക്കിടയിലെ പോഷകാഹാരക്കുറവ്

36 (4004) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിഭാഗങ്ങൾക്കിടയിലെ കുട്ടികൾക്ക് പോഷകാഹാര ക്കുറവുണ്ടെന്ന് ലോകാരോഗ്യ സംഘടന കണ്ടെത്തിയിട്ടുണ്ടോ;

(ബി) പരമ്പരാഗത ഭക്ഷണം ഉപേക്ഷിച്ചതിനാലാണ് ആദിവാസികൾക്കിടയിൽ പോഷകാഹാരക്കുറവ് കാണപ്പെടുന്നത് എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; ആദിവാസികൾക്ക് കായ്കനികളും കിഴങ്ങുവർഗ്ഗങ്ങളും കൃഷി ചെയ്ത് ജീവിക്കുവാനുള്ള എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സർക്കാർ നടപ്പിലാക്കിയ സമൂഹ അടുക്കള പദ്ധതി പരാജയപ്പെട്ടതായി വിലയിരുത്തുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ഡി) ചാമ, ചോളം, കുവരക്, തിന, പയറു വർഗ്ഗങ്ങൾ എന്നിവ റേഷൻ കടകൾ വഴി വിതരണം ചെയ്യുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് കഴിയാതെ വന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) പരമ്പരാഗത ഭക്ഷണം ഉപേക്ഷിച്ചതിനാലാണ് പട്ടികവർഗ്ഗക്കാർക്കിടയിൽ പോഷകാഹാരക്കുറവ് ഉണ്ടാകുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടികവർഗ്ഗക്കാരുടെ തനത് കൃഷി രീതി പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ പട്ടികവർഗ്ഗ വികസന വകുപ്പ് കൃഷി വകുപ്പുമായി ചേർന്ന് മില്ലറ്റ് വില്ലേജ് എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. അട്ടപ്പാടിയിലെ അഗളി, ഷോളയൂർ, പുതൂർ എന്നീ 3 പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പാരമ്പര്യ ചെറുധാന്യങ്ങളുടെ കൃഷി വികസനം, പയർ വർഗ്ഗ കൃഷി വികസനം, എണ്ണക്കുരുക്കളുടെ കൃഷി വികസനം, പച്ചക്കറി കൃഷി വികസനം, തേനീച്ചകൃഷി, ധാന്യ സംഭരണം, വിപണനം, സംസ്കരണ യൂണിറ്റ്, റിവോൾവിംഗ് ഫണ്ട്, മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ ഉത്പാദനവും വിപണനവും, നിർവ്വഹണ ചെലവ് എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ. മൂന്നു വർഷങ്ങളിലായാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ടി പദ്ധതിയുടെ ആകെ ചെലവ് 687 ലക്ഷം രൂപയാണ്.

(സി) സമൂഹ അടുക്കള പദ്ധതി പരാജയപ്പെട്ടതായി വിലയിരുത്തിയിട്ടില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## ചികിത്സാ ധനസഹായ മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്നതിന് നടപടി

37 (4005) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ആശുപത്രിയിൽ ചികിത്സിച്ചു എന്ന കാരണത്താൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വകുപ്പിൽനിന്നും അനുവദിച്ചുവന്നിരുന്ന ചികിത്സാ ധനസഹായം നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ചികിത്സ ധനസഹായം അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡ പ്രകാരം തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) വളരെ പിന്നോക്ക മേഖലയിൽ അധിവസിക്കുന്ന പട്ടികവർഗ്ഗക്കാർ ഗുരുതരമായ അപകടങ്ങൾക്കും രോഗങ്ങൾക്കും അടിയന്തര ചികിത്സ തേടുന്നത് സ്വകാര്യ ആശുപത്രികളിലായതിനാൽ ഇവർക്ക് ചികിത്സ ധനസഹായം ഉറപ്പു വരുത്താൻ നിലവിലുള്ള മാനദണ്ഡങ്ങളിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട സഹകരണ ആശുപത്രികളിലും പൂർണ്ണമായ സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതിയിൽ സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തിയിട്ടില്ല. അംഗീകരിച്ച ആശുപത്രികളിൽ യഥാസമയം എത്തിച്ചേരാൻ കഴിയാതിരിക്കുകയോ അപകടങ്ങൾക്കും രോഗങ്ങൾക്കും സമീപത്തുള്ള സർക്കാർ ആശുപത്രികളിൽ ചികിത്സ ലഭ്യമാകാതിരിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ സ്വകാര്യ ആശുപത്രികളിൽ ചികിത്സ നടത്തിയ കേസുകളിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്.

## ചികിത്സാ ധനസഹായം ഓൺലൈനായി വിതരണം ചെയ്യുന്നതിൽ കാലതാമസം

38(4006) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പു മുഖേന ചികിത്സാധനസഹായം ഓൺലൈനായി വിതരണം ചെയ്യുന്നതുമൂലം ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഈ പദ്ധതിയിൽ അപേക്ഷകർ അക്ഷയകേന്ദ്രങ്ങൾ മുഖേന ഓൺലൈനായി നൽകുന്ന അപേക്ഷയുടെ ഹാർഡ്കോപ്പി പിന്നീട് ബ്ലോക്ക് ഓഫീസിലും നൽകണമെന്ന നിബന്ധന ഒഴിവാക്കുന്നതിന് നടപടിയെടുക്കുമോ;

(സി) ഏറനാട് നിയോജകമണ്ഡലത്തിൽനിന്നും 2017 ജനുവരി മുതൽ 2018 മേയ് വരെ ഇത്തരത്തിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ആയതിൽ എത്രയെണ്ണത്തിന് സഹായവിതരണം നൽകിയെന്നും ഇനി എത്ര ആളുകൾക്ക് സഹായവിതരണം ചെയ്യാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) ഏറനാട് എം.എൽ.എ.-യുടെ ശിപാർശ പ്രകാരം നൽകിയ പട്ടികജാതി പട്ടികവർഗ്ഗ ചികിത്സാസഹായ അപേക്ഷകളിൽ എത്ര എണ്ണം പെൻഡിംഗ് ആയിട്ടുണ്ടെന്ന് അറിയിക്കാമോ; ഇവരുടെ പേരും വിലാസവും ലഭ്യമാക്കാമോ; ഇവർക്ക് ധനസഹായം നൽകുന്നതിനു ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തൽക്കാലം പരിഗണനയിലില്ല.

(സി) 2017 ജനുവരി മുതൽ 2018 മേയ് വരെ t-grantz സൈറ്റ് മുഖേന 54 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 39 എണ്ണത്തിന് ധനസഹായം നൽകി. ഇതിൽ 15 ആളുകൾക്ക് തുക വിതരണം ചെയ്യാനുണ്ട്.

(ഡി) പട്ടികജാതി വിഭാഗത്തിൽ എം.എൽ.എ.യുടെ ശിപാർശ സഹിതം വന്ന 2 അപേക്ഷയിൽ തുക വിതരണം ചെയ്യാനുണ്ട്. ആയത് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.

1. വേലായുധൻ, മേലാപറമ്പിൽ വീട്, കുനിയിൽ, കീഴ്പറമ്പ്
2. കാളി പേങ്ങാടൻ, പെയിലായി, എരിഞ്ഞിമങ്ങാട്.

പട്ടികവർഗ്ഗ വിഭാഗത്തിൽ അപേക്ഷകളൊന്നും തന്നെ പെൻഡിംഗിലില്ല.

**ചികിത്സാ ധനസഹായത്തിന് ഓൺലൈൻ അപേക്ഷ**

39(4007) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗക്കാരുടെ ചികിത്സാ ധനസഹായ അപേക്ഷകൾ ഓൺലൈൻ രീതിയിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ സംവിധാനം എന്നത്തേക്ക് നിലവിൽ കൊണ്ടുവരാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അടിയന്തര ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിന് വേണ്ടി ഓൺലൈൻ അപേക്ഷ രീതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. ബഹു.പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കാലതാമസം കൂടാതെ ധനസഹായം ലഭ്യമാക്കുന്നതിനായുള്ള T-Grantz എന്ന ഓൺലൈൻ സംവിധാനം ആവശ്യമായ ഭേദഗതികൾ വരുത്തി 2018-19 സാമ്പത്തിക വർഷം തന്നെ പട്ടികവർഗ്ഗ വികസന വകുപ്പിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## പട്ടികജാതി പെൺകുട്ടികൾക്ക് ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിന് പദ്ധതി

40(4008) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പെൺകുട്ടികൾക്ക് ആരോഗ്യസുരക്ഷയും ഉന്നത വിദ്യാഭ്യാസവും ഇൻഷ്വറൻസും ഉറപ്പാക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ കീഴിൽവരുന്ന ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനുള്ള ധനസമാഹരണം എങ്ങനെയാണ് നടത്തുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽ വാർഷിക കുടുംബവരുമാനം ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത മാതാപിതാക്കളുടെ 1-4-2017-നുശേഷം ജനിച്ച പെൺകുട്ടികൾക്ക് 'വാത്സല്യനിധി' എന്ന ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. ടി പദ്ധതിയിൽ ആദ്യഗഡു 39,000 രൂപ നിക്ഷേപിക്കുന്നത് പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിലാണ്. ഇതിനുള്ളിൽ നിർബന്ധിത പ്രതിരോധ വാക്സിനേഷനുകൾ എടുത്തിരിക്കണം. ഇതിലൂടെ കുട്ടിയുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നു. തുടർന്ന് രണ്ടാംഗഡു (36,000 രൂപ)5 വയസ്സ് പൂർത്തിയായി പ്രൈമറി സ്കൂളിൽ പ്രവേശനം നേടുമ്പോഴും മൂന്നാം ഗഡു (33,000 രൂപ) 10 വയസ്സ് പൂർത്തിയായി 5-ാം തരം പ്രവേശനം നേടുമ്പോഴും നാലാം ഗഡു (30,000 രൂപ) 15 വയസ്സ് പൂർത്തിയായി 10-ാം തരം പാസാകുമ്പോഴും കുട്ടികളുടെ പേരിൽ LIC യിൽ നിക്ഷേപിക്കും. ഇതിലൂടെ പെൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി ഉറപ്പു വരുത്തുന്നു. പെൺകുട്ടികൾക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ 3,00,000 രൂപ നൽകുന്നു.

(ബി) ഉണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 1-4-2017-നുശേഷം ജനിച്ച പെൺകുട്ടികളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 2017-18 വർഷം 2555 പെൺകുട്ടികളെ ടി പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) നടപ്പു സാമ്പത്തിക വർഷം ടി പദ്ധതിക്കായി 2225-01-102-91 (പി) ശീർഷകത്തിൽ 11 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 2225-01-102-91(പി) എന്ന ശീർഷകത്തിൽ 10 കോടി വകയിരുത്തിയിട്ടുണ്ടായിരുന്നു.

## കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ എസ്.സി/എസ്.ടി. ചികിത്സാ ധനസഹായം

41(4009) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ എസ്.സി /എസ്.ടി. ചികിത്സാ ധനസഹായ വിതരണവുമായി ബന്ധപ്പെട്ട് കടുത്തുരുത്തി, ഉഴവൂർ ബ്ലോക്ക് ഓഫീസുകളിൽ എത്ര അപേക്ഷകൾ തീർപ്പാകാതെ കിടക്കുന്നു എന്നറിയിക്കാമോ; ആയത് എത്രയും വേഗം പരിശോധിച്ച് തീരുമാനമെടുത്ത് ബന്ധപ്പെട്ട രോഗികൾക്ക് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ എത്ര ചികിത്സാ ധനസഹായ അപേക്ഷകൾ വകുപ്പുമന്ത്രിയുടെ ഓഫീസിലും എസ്.സി./എസ്.ടി. വകുപ്പിലും തീരുമാനമാകാതെ കിടക്കുന്നു എന്നറിയിക്കാമോ; പാസ്സാക്കിയ അപേക്ഷകളെക്കുറിച്ച് ഗുണഭോക്താക്കൾക്ക് വിവരം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ചികിത്സാ ധനസഹായ അപേക്ഷകളിൽ തുക ഡോക്ടർ എഴുതണമെന്നും, ഐ.പി. നമ്പർ വേണമെന്നുമുള്ള വ്യവസ്ഥ പാവപ്പെട്ട രോഗികളെ ഏറെ ബുദ്ധിമുട്ടിക്കുന്നതായുമുള്ള പരാതിക്ക് പരിഹാരം കാണുമോ; പി.എച്ച്.സി. കളിൽ ചികിത്സയിൽ കഴിയുന്നവർക്ക് ഇക്കാര്യത്തിൽ അനുഭവിക്കുന്ന ദുരിതത്തിന് അറുതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കടുത്തുരുത്തി, ഉഴവൂർ ബ്ലോക്ക് ഓഫീസുകളിൽ പട്ടികജാതിക്കാരുടെ ന്യൂനതയുള്ള 9 അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്നു. പ്രസ്തുത അപേക്ഷയിലുള്ള ന്യൂനതകൾ പരിഹരിച്ച് ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽ പെന്റിംഗ് അപേക്ഷകളില്ല.

(ബി) ബഹു.പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ഓഫീസിലും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിലുമായി കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ 8 അപേക്ഷകൾ തീർപ്പാകാതെയുണ്ട്. പാസ്സാക്കിയ അപേക്ഷകളെ കുറിച്ച് ഗുണഭോക്താക്കൾക്ക് വിവരം നൽകി തുക അടിയന്തിരമായിത്തന്നെ

ഗുണഭോക്താക്കൾക്ക് അനുവദിച്ച നൽകുന്നുണ്ട്. കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നിന്നും ചികിത്സാ ധനസഹായത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭിച്ച എല്ലാ അപേക്ഷകളിലും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ടി വിവരം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ മുഖേനയും പട്ടികവർഗ്ഗ പ്രൊമോട്ടർമാർ മുഖേനയും അപേക്ഷകരെ അറിയിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ചികിത്സാ ധനസഹായം അനുവദിക്കുന്നതിലേക്ക് രോഗം, ചികിത്സാ ചെലവ് എന്നിവ രേഖപ്പെടുത്തിയ മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. എന്നാൽ ചികിത്സാ ധനസഹായ അപേക്ഷകളിൽ തുക ഡോക്ടർ എഴുതണമെന്നും ഐ.പി. നമ്പർ വേണമെന്നുമുള്ള വ്യവസ്ഥ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ചികിത്സയ്ക്ക് ചെലവായ തുക രേഖപ്പെടുത്തുന്ന സർട്ടിഫിക്കറ്റ് ഉള്ളപക്ഷം അപേക്ഷകന് കൃത്യമായി സഹായം അനുവദിക്കാൻ കഴിയുന്നതാണ്.

## തിരുവനന്തപുരം ജില്ലയിൽ ലഭിച്ച ചികിത്സാ ധനസഹായം

42 (4010) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായമായി നാളിതുവരെ എത്ര രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഈ ചികിത്സാ ധനസഹായം ലഭിച്ചവരുടെ എണ്ണം, തുക, നിയോജക മണ്ഡലം, എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പട്ടികജാതി വിഭാഗങ്ങൾക്ക് ചികിത്സാ ധനസഹായമായി 106,72,17,689 രൂപയും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 7,81,06,543 രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ വിവിധ നിയോജകമണ്ഡലങ്ങളിൽ ചികിത്സാധന സഹായം ലഭിച്ചവരുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നെന്മിനി പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം

43(4011) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പെരിന്തൽമണ്ണ ബ്ലോക്കിലെ നെന്മിനി പ്രീ-മെട്രിക് ഹോസ്റ്റലിന്റെ കെട്ടിട നിർമ്മാണത്തിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രവൃത്തി ആരംഭിക്കുന്നതിനുവേണ്ടി പട്ടികജാതി വികസന വകുപ്പ് ഏറ്റവും ഒടുവിലായി പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടത് എന്നാണ്; ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിൽനിന്നും മറുപടി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) നെന്മിനി ബോയിസ് പ്രീ-മെട്രിക് ഹോസ്റ്റലിന്റെ കെട്ടിട നിർമ്മാണത്തിനായി 115 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി ഹോസ്റ്റൽ കെട്ടിട നിർമ്മാണത്തിനായി തുക അനുവദിച്ച് 24-3-2015-ൽ പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർക്ക് ഉത്തരവ് നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലാ പട്ടികജാതി വികസന ആഫീസ് മുഖേന 16-1-2018, 6-4-2018 തീയതികളിലും പെരിന്തൽമണ്ണ പട്ടികജാതി വികസന ആഫീസ് മുഖേന 6-4-2018-ലും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർ മലപ്പുറം പൊതുമരാമത്ത് വകുപ്പിൽ നിന്നും 11-4-2018-ൽ മറുപടി ലഭ്യമായിട്ടുണ്ട്. പരിശോധനയ്ക്കായി ചീഫ് എഞ്ചിനീയർ 11-4-2018-ന് സ്ഥലം സന്ദർശിക്കുകയും ഡിസൈൻ പ്രവർത്തനങ്ങൾ കഴിയുന്നതും വേഗം തീർപ്പാക്കാൻ നടപടികൾ കൈക്കൊള്ളുന്നുണ്ടെന്ന് ഉറപ്പുലഭിച്ചിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, മലപ്പുറം അറിയിച്ചിട്ടുണ്ട്.

## പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റൽ കുട്ടികളുടെ എണ്ണം

44(4012) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റൽ സൗകര്യം എത്ര പേർക്ക് ലഭിക്കുന്നുണ്ട്;

(ബി) ഇതിൽ പ്രീ-മെട്രിക്ക്, പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ സൗകര്യം ലഭിക്കുന്ന കുട്ടികളുടെ എണ്ണം പ്രത്യേകം വ്യക്തമാക്കുമോ;

(സി) നിലവിൽ പ്രീ-മെട്രിക്ക്, പോസ്റ്റ് മെട്രിക്ക് ഹോസ്റ്റൽ കുട്ടികളുടെ മെസ്സ് അലവൻസ് പ്രതി മാസം എത്ര രൂപയാണ്; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലായി 3152 വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ നിലവിൽ 7037 വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നുണ്ട്. അതിൽ 6868 വിദ്യാർത്ഥികൾ പ്രീ-മെട്രിക് ഹോസ്റ്റലിലും 169 വിദ്യാർത്ഥികൾ പോസ്റ്റ് -മെട്രിക് ഹോസ്റ്റലിലുമാണ്. അതിൽ പ്രീ-മെട്രിക് ഹോസ്റ്റലിൽ 6793 പട്ടികവർഗ്ഗ വിദ്യാർത്ഥികളും 58 പട്ടികജാതി വിദ്യാർത്ഥികളും 17 ജനറൽ വിഭാഗത്തിലെ വിദ്യാർത്ഥികളുമുണ്ട്. പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളിൽ 166 പട്ടികവർഗ്ഗ വിദ്യാർത്ഥികളും 3 പട്ടികജാതി വിദ്യാർത്ഥികളുമുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ 2853 സീറ്റുകളിൽ 2022 വിദ്യാർത്ഥികളും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ 1400 സീറ്റുകളിൽ 1130 വിദ്യാർത്ഥികളും പ്രവേശനം നേടിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ 6868 കുട്ടികൾക്ക് പ്രവേശനം നൽകിയിട്ടുണ്ട്. അതിൽ 6793 പട്ടികവർഗ്ഗ വിദ്യാർത്ഥികളും 58 പട്ടികജാതി വിഭാഗത്തിലെ കുട്ടികളും 17 ജനറൽ വിഭാഗത്തിലെ കുട്ടികളുമാണുള്ളത്. പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളിൽ 169 വിദ്യാർത്ഥികൾ താമസിച്ചു വരുന്നു. അതിൽ 166 പട്ടികവർഗ്ഗ വിദ്യാർത്ഥികളും 3 പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുമാണ്.

(സി) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള പ്രീ-മെട്രിക്ക് ഹോസ്റ്റലുകളിൽ പ്രതിമാസം ഒരു അന്തേവാസിക്ക് 2,500 രൂപയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ പ്രതിമാസം 2,875 രൂപയും മെസ് ചാർജ്ജിനത്തിൽ അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ എസ്.എസ്.എൽ.സി വരെയുള്ള വിദ്യാർത്ഥികൾക്ക് 3,000 രൂപയും പ്രീ-മെട്രിക് ഹോസ്റ്റലിൽ +2 വിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 3450 രൂപയും പോസ്റ്റ്-മെട്രിക് ഹോസ്റ്റലിലെ വിദ്യാർത്ഥികൾക്ക് 3,450 രൂപയും അനുവദിച്ചിട്ടുണ്ട്.

**പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ കടം എഴുതിത്തള്ളുന്ന പദ്ധതി**

45(4013) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടിക വിഭാഗത്തിൽപ്പെട്ടവരുടെ കടം എഴുതിത്തള്ളുന്ന പദ്ധതി മുഖേന എത്ര പട്ടികജാതിക്കാരുടെ കടം എഴുതിത്തള്ളിയെന്നും എത്ര തുക ഇതിനായി 2016-17, 2017-18 എന്നീ കാലയളവിൽ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര പട്ടികവർഗവിഭാഗക്കാരുടെ കടം എഴുതിത്തള്ളിയെന്നും എത്ര തുക ഇതിനായി 2016-17, 2017-18 കാലയളവിൽ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപെട്ടവരുടെ ഏതെല്ലാം ഇനത്തിലുള്ള കടങ്ങളാണ് ഇക്കാലയളവിൽ എഴുതിത്തള്ളിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിഭാഗക്കാരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്ന പദ്ധതി പ്രകാരം കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നുള്ള 2317 പേരുടേയും സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള 48766 പേരുടേയും വായ്പാ കുടിശ്ശിക എഴുതിത്തള്ളിയിട്ടുണ്ട്. തുകയുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| സ്ഥാപനം | 2016-17 വർഷം ചെലവഴിച്ച തുക | 2017-18 വർഷം ചെലവഴിച്ച തുക | ആകെ |
|---|---|---|---|
| കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ | 137,83,000 | 3,85,92,000 | 5,23,75,000 |
| സഹകരണ സ്ഥാപനങ്ങൾ | 46,09,04,790 | 39,32,97,653 | 85,42,02,443 |

(ബി) പട്ടികവർഗ്ഗ വിഭാഗക്കാരുടെ കടം എഴുതിത്തള്ളുന്ന പദ്ധതിയിലുൾപ്പെടുത്തി പട്ടികവർഗ്ഗക്കാരായ 3,216 പേരുടെ 9,11,72,009 രൂപ എഴുതിത്തള്ളിയിട്ടുണ്ട്. ആയതിൽ 2016-17 വർഷം 1353 ഗുണഭോക്താക്കൾക്ക് 3,45,75,612 രൂപയും 2017-18 സാമ്പത്തിക വർഷം 1029 ഗുണഭോക്താക്കൾക്ക് 2,68,52,630 രൂപയും എഴുതിത്തള്ളുന്നതിന് ചെലവഴിച്ചിട്ടുണ്ട്.

(സി) പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ള വായ്പകളിൽ 31-3-2010-ന് തിരിച്ചടവ് പൂർത്തിയായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപവരെ എഴുതിത്തള്ളുന്നതിനാണ് നിലവിൽ വ്യവസ്ഥയുള്ളത്. പദ്ധതിയുടെ വാർഷിക വരുമാന പരിധി ഒന്നര ലക്ഷമാണ്. പട്ടികവർഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കുടുംബശ്രീ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ള പിഴപലിശ ഉൾപ്പെടെയുള്ള 1 ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, സ്വയം തൊഴിൽ വായ്പ, വിവാഹ ആവശ്യത്തിനുള്ള വായ്പ, സ്വർണപ്പണയത്തിന്മേലുള്ള വായ്പ എന്നീ വായ്പാ കുടിശ്ശികകൾ എഴുതിത്തള്ളുന്നു.

**പട്ടിക വിഭാഗങ്ങളിലുള്ള ഭൂരഹിതരായ കുടുംബങ്ങൾ**

46(4014) ശ്രീ. പി. ടി. തോമസ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗക്കാരുടെ ഭൂഉടമസ്ഥത മെച്ചപ്പെടുത്തുവാൻ എല്ലാ നടപടികളും കൈക്കൊള്ളുമെന്നും ഇതിനായി ഓരോ പ്രദേശത്തും ലഭ്യമായ പുറമ്പോക്കുഭൂമി, മിച്ചഭൂമി എന്നിവ ഭൂരഹിത കുടുംബങ്ങൾക്ക് വിതരണം ചെയ്യുമെന്നുമുള്ള പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് എത്രമാത്രം സാദ്ധ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ലൈഫ് മിഷന്റെ സർവ്വേയിൽ നിലവിൽ ഭൂരഹിതരായ എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ഓരോ സ്ഥലത്തെയും ലഭ്യമായ പുറമ്പോക്കുഭൂമി, മിച്ചഭൂമി എന്നിവ ഈ വിഭാഗത്തിന് വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(ഡി) പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾക്ക് തങ്ങൾക്ക് ഇഷ്ടമുള്ള പ്രദേശത്ത് ഭൂമി കണ്ടുപിടിക്കുവാൻ സ്വാതന്ത്ര്യം നൽകുമെന്നും പ്രസ്തുത സ്ഥലത്തെ ഭൂമിയുടെ വിപണി വില അവർക്ക് ഭൂമി വാങ്ങുന്നതിന് സഹായധനമായി നൽകുമെന്നുമുള്ള പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുറമ്പോക്കുഭൂമി, മിച്ചഭൂമി എന്നിവ ഭൂരഹിത കുടുംബങ്ങൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ വിതരണം ചെയ്യുവാൻ കഴിയുകയുള്ളൂ. ഭൂരഹിത പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ കുടുംബങ്ങൾക്ക് ഭൂമിയും വീടും നൽകാൻ ഭൂമി വാങ്ങി നൽകൽ, വനാവകാശ പ്രകാരം ഉള്ള ഭൂമി, സുപ്രീംകോടതി വിധിമൂലം ലഭ്യമായ ഭൂമി, എന്നിവയിലൂടെ ഭൂമി നൽകുന്നുണ്ട്.

(ബി) 47671.

(സി) വാസയോഗ്യമായ ഗൃഹനിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി വിതരണം ചെയ്യുന്നതിന് ഓരോ പ്രദേശത്തും പുറമ്പോക്കുഭൂമി, മിച്ചഭൂമി എന്നിവ ലഭ്യമല്ലെന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ഡി) പട്ടികജാതി വികസന വകുപ്പ്

ഭൂരഹിതരായ പട്ടികജാതി വിഭാഗങ്ങളെ ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്താവ് സ്വമേധയാ തെരഞ്ഞെടുക്കുന്ന ഭൂമി തന്നെയാണ് മാർക്കറ്റ് വാല്യൂവിന്റെ അടിസ്ഥാനത്തിലുള്ള വില ധനസഹായമായി നൽകി ഗുണഭോക്താവിന് ഭൂമി ലഭ്യമാക്കുന്നത്.

പട്ടികവർഗ്ഗ വികസന വകുപ്പ്

2013-14-ൽ ആരംഭിച്ച "ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം പദ്ധതി" പ്രകാരം ഗുണഭോക്താവ് സ്വമേധയാ കണ്ടെത്തുന്ന ഭൂമി വാങ്ങി നൽകുന്ന പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് വ്യാപകമായ പരാതികൾ വന്ന സാഹചര്യത്തിൽ ഈ പദ്ധതിയിലെ പോരായ്മകൾ പരിഹരിച്ച് അർഹതയുള്ള എല്ലാപേർക്കും ഭൂമി ലഭിക്കുന്നതിനായി ഭൂമി വകുപ്പ് നേരിട്ട് വാങ്ങി ഭൂരഹിതർക്ക് നൽകുന്നതിനായുള്ള പുതിയ പദ്ധതി 3-3-2018-ലെ സ.ഉ(എംഎസ്) നമ്പർ 21/2018/പജപവവിവ പ്രകാരം പരിഷ്കരിച്ച വിജ്ഞാപനം പുറപ്പെടുവിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വീടുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതി

47(4015) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്ത പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീടുകൾ നിർമ്മിച്ചു നൽകുന്ന ഏതെങ്കിലും പദ്ധതി സർക്കാരിന്റെ കീഴിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതി ഏതാണെന്നും അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്.

പട്ടികജാതി വികസന വകുപ്പ്

ലൈഫ് മിഷൻ മുഖേന സ്വന്തമായി ഭൂമിയുള്ള എന്നാൽ വാസയോഗ്യമായ വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് 4 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നു. ധനസഹായം 4 ഗഡുക്കളായി (15%, 30%, 40%, 15% എന്ന നിരക്കിൽ) നിർമ്മാണ പുരോഗതിക്കനുസരിച്ച് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യുന്നു. തദ്ദേശ ഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിൽനിന്നും മുൻഗണനാ ക്രമത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. സംസ്ഥാനത്ത് വിവിധ വകുപ്പുകൾ നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏകോപിപ്പിച്ച് ലൈഫ് മിഷൻ എന്ന പേരിൽ നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2018-19 മുതൽ വകുപ്പിന്റെ തനത് പദ്ധതിയിൽ ലൈഫ് മിഷന്റെ ഗുണഭോക്തൃ ലിസ്റ്റിൽനിന്നും തെരഞ്ഞെടുക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ്

സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷന്റെ മാനദണ്ഡങ്ങൾ പ്രകാരമാണ് ഭവനരഹിതരായ പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം അനുവദിക്കുന്നത്. ഇതിൻപ്രകാരം, പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് പുറത്ത് താമസിക്കുന്ന പട്ടികവർഗ്ഗ ഗുണഭോക്താവിന് 4 ലക്ഷം രൂപയും പട്ടികവർഗ്ഗ സങ്കേതങ്ങളിലുള്ള ഗുണഭോക്താവിന് 6 ലക്ഷം രൂപയും അതീവ ദുർഘട പ്രദേശങ്ങളിൽ നിർമ്മിക്കുന്ന സങ്കേതങ്ങളിലെ

പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് (നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശിപാർശ പ്രകാരം) 20% തുക അധികം അനുവദിക്കുന്നുണ്ട്. 400 ചതുരശ്രയടി തറ വിസ്തീർണ്ണമുള്ള ഭവനമാണ് ഈ പദ്ധതി പ്രകാരം നിർമ്മിക്കുന്നത്. ഭവന നിർമ്മാണ ധനസഹായം 5 ഗഡുക്കളായി (15%, 20%, 35%, 20%, 10%) വിതരണം ചെയ്യുകയും ഒന്നാംഗഡു വിതരണം ചെയ്ത തീയതി മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തിയാക്കേണ്ടതുമാണ്. വനപരിധിയിൽ താമസിക്കുന്ന ഗുണഭോക്താക്കൾ 2006-ലെ വനാവകാശ നിയമപ്രകാരമാണ് ഭവനം നിർമ്മിക്കേണ്ടത്. ഈ വർഷം മുതൽ LIFE പദ്ധതിയിൽ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്നതാണ്.

### ഭവനരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗക്കാർ

48 (4016) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എത്ര ഭവനരഹിതരായ പട്ടികജാതി/ പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട്; വിശദാംശം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) ഭവനരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഇല്ലാത്ത മണ്ഡലമായി ഒറ്റപ്പാലത്തെ മാറ്റുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഭവനരഹിതരായ 348 പട്ടികജാതി വിഭാഗക്കാരുടെ പഞ്ചായത്തടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ഇപ്രകാരമാണ്.

| | | | |
|---|---|---|---|
| 1. | ലക്കിടി | - | 70 |
| 2. | അമ്പലപ്പാറ | - | 72 |
| 3. | കടമ്പഴിപ്പുറം | - | 7 |
| 4. | പൂക്കോട്ടുകാവ് | - | 14 |
| 5. | കരിമ്പുഴ | - | 52 |
| 6. | ശ്രീകൃഷ്ണപുരം | - | 25 |

| | | | |
|---|---|---|---|
| 7. | തച്ചനാട്ടുകര | - | 12 |
| 8. | ഒറ്റപ്പാലം മുനിസിപ്പാലിറ്റി | - | 96 |
| | ആകെ | | 348 |

പട്ടികവർഗ്ഗ വിഭാഗത്തിൽ കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ പൂവ്വക്കാട് കോളനിയിൽ മാത്രമാണ് ഭവനരഹിതരായ 4 പട്ടികവർഗ്ഗ കുടുംബങ്ങളുള്ളത്.

(ബി) പട്ടികജാതി വികസന വകുപ്പ്:

ഭവനരഹിതരായ എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും ലൈഫ് മിഷൻ മുഖേന വീട് അനുവദിക്കുന്നുണ്ട്. ലൈഫ് മിഷൻ മാനദണ്ഡപ്രകാരം ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി 2018-19-ൽ വീട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാത്രവുമല്ല, ഭൂമിയില്ലാത്തവർക്ക് ഭവനസമുച്ചയം നിർമ്മിക്കുന്നതിനും ലൈഫ് മിഷൻ ലക്ഷ്യമിടുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ്

പൂവ്വക്കാട് കോളനിയിലെ 4 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 2016-17-ൽ ഹഡ്കോ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിക്കുന്നതിന് ധാരണാപത്രം ഒപ്പിട്ടു. എന്നാൽ പ്രസ്തുത സ്ഥലത്തേയ്ക്ക് പൊതുവഴിയില്ലാത്തത് ഗൃഹനിർമ്മാണത്തിന് വിഘാതമാകുമെന്നതിനാൽ പൊതുവഴി സാദ്ധ്യമായതിനുശേഷം ഭവന നിർമ്മാണ ധനസഹായം അനുവദിച്ചാൽ മതിയെന്ന് ഗുണഭോക്താക്കൾ അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് മുഖേന പ്രശ്നപരിഹാരത്തിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## ആദിവാസികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം

49(4017) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ മേഖലയിൽ ആദിവാസികൾക്ക് ഭവനനിർമ്മാണത്തിനായി ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശം നൽകുമോ;

(ബി) ആദിവാസികളിൽ ചിലരുടെ മാത്രം വീടുപണിയ്ക്കിടെ പ്രാഥമിക സൗകര്യങ്ങളും വാതിലും ശൗചാലയവും പൂർത്തിയായപ്പോൾ ഭവനനിർമ്മാണം പൂർണ്ണമായി എന്ന നിഗമനത്തിൽ ഭവനനിർമ്മാണത്തിനായി അനുവദിച്ച തുകയിൽ അവസാന ഗഡുവും നൽകി ധനസഹായം അവസാനിപ്പിച്ച സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഇത് സംബന്ധിച്ച വിശദവിവരം നൽകാമോ;

(സി) ആദിവാസി മേഖലയിലെ ഭവനനിർമ്മാണത്തിനായി ഫണ്ട് അനുവദിച്ച 2016 മാർച്ച് 31-ന് മുമ്പേ പണി തുടങ്ങിയ അഞ്ഞൂറോളം വീടുകളെ അവയുടെ പൂർത്തീകരണത്തിനായി തിരുവനന്തപുരം ജില്ലയിലെ ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ മുൻകൂർ ഫണ്ട് കൈപ്പറ്റി വിവിധ കാരണങ്ങളാൽ വീടുപണി പൂർത്തിയാകാത്ത ഗുണഭോക്താക്കൾക്ക് ഏതെല്ലാം അധികസഹായമാണ് ലൈഫ് പദ്ധതി വഴി അനുവദിക്കുന്നത്;

(ഡി) ആദിവാസി വിഭാഗത്തിലെ കുറച്ചുപേർക്ക് വീടുപണി പൂർത്തിയായി എന്ന നിഗമനത്തിൽ ധനസഹായം അവസാനിപ്പിച്ചതും മറ്റുചിലർക്ക് വീട് പൂർത്തീകരിക്കുന്നതിനായി ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീണ്ടും ധനസഹായം അനുവദിക്കുന്നതിലെയും വിവേചനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപൂർണ്ണാവസ്ഥയിൽ ധനസഹായം അവസാനിപ്പിച്ചതുകാരണം വീടുപണി പൂർത്തീകരിക്കാൻ സാധിക്കാത്ത ആദിവാസികളെക്കൂടി ലൈഫ് പദ്ധതിയിലുൾപ്പെടുത്തി സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) അരുവിക്കര നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഇത്തരത്തിലുള്ള എത്ര ഗുണഭോക്താക്കളാണുള്ളതെന്ന് വ്യക്തമാക്കാമോ; ഇവരുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ മേഖലയിൽ ആദിവാസികൾക്ക് ഈ വർഷം മുതൽ ലൈഫ് മിഷൻ പദ്ധതി വഴിയാണ് ഭവന നിർമ്മാണം ഏറ്റെടുക്കുന്നത്.

(ബി) അത്തരത്തിലുള്ള സാഹചര്യം ഉണ്ടായിട്ടില്ല. 11-10-2017-ലെ സ.ഉ. (എംഎസ്) നമ്പർ 196/2017/ത.സ്വ.ഭ.വ പ്രകാരം ഉറപ്പുള്ള ഭിത്തിയിൽ സ്ഥിരമായ മേൽക്കൂരയുള്ളതും അടച്ചുറപ്പുള്ള വാതിലുകളുമുള്ള വീടാണെങ്കിൽ വാസയോഗ്യമായ ഭവനമായി ലൈഫ് മിഷന്റെ മാനദണ്ഡപ്രകാരം കണക്കാക്കുന്നു. എന്നാൽ പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങളുടെ പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗ്, വയറിംഗ്, ടോയ്‌ലെറ്റ്, വൈറ്റ് വാഷ് തുടങ്ങിയ പ്രവൃത്തികൾ ചെയ്തിട്ടില്ലാത്ത ഭവനങ്ങളെ പൂർത്തീകരിക്കാത്ത ഭവനങ്ങളായി കണക്കാക്കി ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നു. അത്തരത്തിൽ വാസയോഗ്യമായ രീതിയിൽ പൂർത്തീകരിക്കുന്ന വീടുകളെ അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യ നിർണ്ണയ പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് അവസാന ഗഡു അനുവദിച്ചുനൽകുന്നത്.

(സി) 2016 മാർച്ച് 31-ന് മുൻപ് വിവിധ ഭവനനിർമ്മാണ ധനസഹായത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള തുക കൈപ്പറ്റുകയും ടി പ്രവൃത്തി പൂർത്തീകരിക്കാതെ വരികയും ചെയ്ത 472 ഗുണഭോക്താക്കളെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീടു പണി പുരോഗമിച്ചുവരുന്നു.

(ഡി&ഇ) ഇത്തരത്തിലുള്ള പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ചെമ്പ്ര പദ്ധതി തുടങ്ങാൻ വൈകിച്ച ഏജൻസിക്കെതിരെ നടപടി**

50(4018) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് ഡയറക്ടറുടെ ബി2/13241/2013 നമ്പർ ഉത്തരവ് പ്രകാരം നിലമ്പൂർ മണ്ഡലത്തിലെ പോത്തുകല്ല് പഞ്ചായത്തിലെ ചെമ്പ്ര കോളനിയിലേക്ക് അനുവദിച്ച 118.33 ലക്ഷം രൂപയുടെ പ്രവൃത്തി കിറ്റ്കോ തുടങ്ങിയിട്ടുണ്ടോ, ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) ഈ ഉത്തരവ് പ്രകാരം എത്ര രൂപയാണ് കിറ്റ്കോയ്ക്ക് കൈമാറിയത്; ഈ പ്രവൃത്തി ചെമ്പ്ര കോളനിയിൽ എന്ന് തുടങ്ങാനാകും എന്ന് അറിയിക്കുമോ;

(സി) പദ്ധതി തുടങ്ങാൻ ഇത്രയധികം വൈകിച്ച ഏജൻസിക്കെതിരെ ഏത് തരത്തിലുള്ള നടപടിയാണ് കൈകൊള്ളുക; വിശദമാക്കാമോ?

ഉത്തരം

(എ) ആരംഭിച്ചിട്ടില്ല. നിർവ്വഹണ ഏജൻസിയായ കിറ്റ്കോയ്ക്ക് കർശന നിർദ്ദേശം നൽകിയിട്ടും പദ്ധതി തുടങ്ങിയിട്ടില്ലാത്തതിനാൽ നബാർഡ് ധനസഹായത്തോടെ നിർമ്മിച്ചുവരുന്ന റോഡുകൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് 8-6-2018-ന് ഏജൻസികളുടെ യോഗം നിലമ്പൂർ ഐ.ടി.ഡി.പി.യിൽ ചേർന്നിരുന്നു. 2018 ജൂൺ മാസം അവസാനത്തോടെ പദ്ധതി ആരംഭിക്കുന്നതാണെന്ന് യോഗത്തിൽ ഏജൻസി അറിയിച്ചിട്ടുണ്ട്.

(ബി) ടി റോഡിന്റെ നിർമ്മാണം സംബന്ധിച്ച് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ 18.93 ലക്ഷം രൂപ നാളിതുവരെ നിർവ്വഹണ ഏജൻസിയായ കിറ്റ്കോയ്ക്ക് കൈമാറിയിട്ടുണ്ട്. 2018 ജൂൺ മാസം അവസാനത്തോടെ പദ്ധതി പ്രവൃത്തികൾ തുടങ്ങുമെന്നാണ് കിറ്റ്കോ അറിയിച്ചിട്ടുള്ളത്.

(സി) 2018 ജൂൺ മാസം അവസാനത്തോടെ ടി റോഡിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുമെന്ന് കിറ്റ്കോ അറിയിച്ചിട്ടുണ്ട്.

## റാന്നി മണ്ഡലത്തിലെ പട്ടികജാതി കോളനിയിൽ നടക്കുന്ന പ്രവൃത്തികൾ

51(4019) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംബേദ്കർ സ്വയംപര്യാപ്ത പട്ടികജാതി കോളനിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റാന്നി നിയോജക മണ്ഡലത്തിലെ കോളനികൾ ഏതൊക്കെ; എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് ഇതു വഴി ഓരോ കോളനിയിലും നടത്തുകയെന്ന് അറിയിക്കാമോ;

(ബി) ഏതൊക്കെ കോളനികളിലെ നിർമ്മാണ പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളത്; ഓരോ കോളനിയിലും എന്തൊക്കെ പ്രവൃത്തികൾ പൂർത്തിയാക്കി എന്നും അവശേഷിക്കുന്ന പ്രവർത്തികൾ ഏതൊക്കെയാണെന്നും വിശദമാക്കുമോ;

(സി) പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവും എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) അംബേദ്കർ സ്വയംപര്യാപ്ത പട്ടികജാതി കോളനിയിൽ ഉൾപ്പെടുത്തി റാന്നി നിയോജകമണ്ഡലത്തിൽ നിന്നും ചന്തോലിൽ കോളനി, മോതിരവയൽ 52 ഏക്കർ കോളനി, നരിക്കുഴി പുലിപ്പാറ കോളനി എന്നിവയെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ചന്തോലിൽ കോളനിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. സാംസ്കാരിക നിലയം
2. കുടുംബക്ഷേമ കേന്ദ്രം പുനരുദ്ധാരണം
3. സംരക്ഷണ ഭിത്തി
4. റോഡ്
5. ടെയ്‌ലറിംഗ് യൂണിറ്റ്
6. സോളാർ യൂണിറ്റ്
7. മൈക്ക് സെറ്റ് വിത്ത് ആംപ്ലിഫെയർ
8. കമ്പ്യൂട്ടർ വിത്ത് പ്രിന്റർ
9. ഓട്ടോറിക്ഷ -2 പേർക്ക്
10. ടോയ്‌ലെറ്റ് -2 പേർക്ക്

മോതിരവയൽ 52 ഏക്കർ കോളനിയിലും നരിക്കുഴി പുലിപ്പാറ കോളനിയിലും നടപ്പിലാക്കേണ്ട നിർമ്മാണ പ്രവൃത്തികൾ തീരുമാനിച്ചിട്ടില്ല.

(സി) ഉദ്ഘാടനം കഴിഞ്ഞിട്ടുള്ള ചന്തോലിൽ കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ പദ്ധതി ആരംഭിച്ച് 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്. മോതിരവയൽ 52 ഏക്കർ കോളനി, നരിക്കുഴി പുലിപ്പാറ കോളനി എന്നീ കോളനികളിലെ എസ്റ്റിമേറ്റ് ഏജൻസി ലഭ്യമാക്കുന്നതനുസരിച്ച് അംഗീകാരം നൽകി പ്രവൃത്തി ആരംഭിക്കുന്നതും സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമാണ്.

## റാന്നി നിയോജകമണ്ഡലത്തിലെ ഹാംലെറ്റ് പദ്ധതി

52(4020) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാംലെറ്റ് പദ്ധതി പ്രകാരം റാന്നി നിയോജകമണ്ഡലത്തിലെ ഏതൊക്കെ പട്ടികവർഗ്ഗ കോളനികളെയാണ് വികസന പ്രവർത്തനങ്ങൾ നടത്താനായി തെരഞ്ഞെടുത്തിട്ടുള്ളത്; ഏതൊക്കെ കോളനികളിൽ നിർമ്മാണം പൂർത്തീകരിച്ചു എന്നും ഏതൊക്കെ കോളനികളിൽ നിർമ്മാണം നടക്കുന്നുണ്ട് എന്നും പറയാമോ; ഇവ തിരഞ്ഞെടുത്ത വർഷവും ലഭ്യമാക്കാമോ;

(ബി) എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് ഒരോ കോളനികളിലും നടപ്പാക്കിയിട്ടുള്ളത്; ഓരോ കോളനികളിലും ഇവയിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയായി; അവശേഷിക്കുന്നവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവും; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഏതെങ്കിലും നിർമ്മാണ പ്രവൃത്തികൾക്ക് തടസ്സം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതിനൊക്കെ; തടസ്സം പരിഹരിക്കാനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) റാന്നി നിയോജകമണ്ഡലത്തിലെ കുരുമ്പൻമൂഴി, മണക്കയം എന്നീ പട്ടികവർഗ്ഗ സങ്കേതങ്ങളെ 2013-14 സാമ്പത്തിക വർഷം ഹാംലെറ്റ് വികസന പദ്ധതിക്കായി തെരഞ്ഞെടുത്തിരുന്നു. ടി കോളനിയിലെ റോഡ് നിർമ്മാണം ഒഴികെയുള്ള എല്ലാ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ടി കോളനികളിൽ നടന്ന നിർമ്മാണ പ്രവൃത്തികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| കുരുമ്പൻമൂഴി മണക്കയം | കുരുമ്പൻമൂഴി കമ്മ്യൂണിറ്റി ഹാൾ | പൂർത്തീകരിച്ചു |
| | ജീവനോപാധി വിതരണം | പൂർത്തീകരിച്ചു |
| | ടോയ്‌ലെറ്റ് നിർമ്മാണം | പൂർത്തീകരിച്ചു |
| | റബ്ബർ റോളർ | പൂർത്തീകരിച്ചു |
| | ഹെൽത്ത് സെന്റർ | ഡ്രോപ്പ് ചെയ്തു |
| | റോഡ് നിർമ്മാണം | പൂർത്തീകരിച്ചിട്ടില്ല |
| | ഇലക്ട്രിഫിക്കേഷൻ | പൂർത്തീകരിച്ചു. |
| | അഗ്രികൾച്ചർ | പൂർത്തീകരിച്ചു. |
| | മണക്കയത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | പൂർത്തീകരിച്ചു. |
| | മണക്കയം സങ്കേതത്തിൽ അങ്കണവാടി അടുക്കള നിർമ്മാണം | അടുക്കള നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം വിട്ടുനൽകാൻ സങ്കേതത്തിലെ ആളുകളാരും തയ്യാറാകാത്തതിനാൽ ടി പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞില്ല. |

(സി) 2013-14 സാമ്പത്തിക വർഷം ഹാംലൈറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കുരുമ്പൻമൂഴി, മണക്കയം, പട്ടികവർഗ്ഗ കോളനിയിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കിയ റോഡ് നിർമ്മാണ പ്രവൃത്തിയിൽ

പൊളിഞ്ഞുപോയ ഭാഗത്ത് റോഡ് കോൺക്രീറ്റ് ടി ഏജൻസിയുടെ ഉത്തരവാദിത്വത്തിൽ ടി ഏജൻസിതന്നെ നിർവ്വഹിക്കണമെന്ന് 28-8-2017-ൽ കൂടിയ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ റോഡിന്റെ പൊളിഞ്ഞുപോയ ഭാഗം ഇതുവരെ റിപ്പയർ ചെയ്തിട്ടില്ല. ടി കോളനിയിലെ ഹാംലെറ്റ് സ്പിൽഓവർ പ്രവർത്തികളുടെ പൂർത്തീകരണത്തിന് 8,65,900 രൂപ അനുവദിച്ചിട്ടുണ്ട്.

**പന്തപ്ര ആദിവാസി കോളനിയ്ക്ക് പ്രത്യേക പാക്കേജ്**

53(4021) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കോതമംഗലം മണ്ഡലത്തിൽ എത്ര ആദിവാസി കുടുംബങ്ങൾക്ക് വനാവകാശരേഖ കൈമാറി എന്ന് വ്യക്തമാക്കുമോ;

(ബി) പന്തപ്ര ആദിവാസി കോളനിയിൽ താമസിക്കുന്നവർക്ക് പുനരധിവാസവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ പ്രത്യേക പാക്കേജ് സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പന്തപ്ര കോളനിയിൽ നടപ്പിലാക്കുന്ന പുതിയ പാക്കേജിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കോതമംഗലം മണ്ഡലത്തിൽ 94 ആദിവാസി കുടുംബങ്ങൾക്ക് വനാവകാശരേഖ നൽകിയിട്ടുണ്ട്.

(ബി) ആദിവാസി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി പന്തപ്രയിലെ 67 കുടുംബങ്ങൾക്കായി ഭവന നിർമ്മാണം, സങ്കേതത്തിനുള്ളിലെ റോഡ് നിർമ്മാണം, വൈദ്യുതീകരണ-കുടിവെള്ള പദ്ധതികൾ, സോളാർ ഫെൻസിംഗ് എന്നിവ നടപ്പിലാക്കുന്നതാണ് പ്രത്യേക പാക്കേജ്.

(സി) പന്തപ്ര കോളനിയിൽ നടപ്പിലാക്കുന്ന പുതിയ പാക്കേജിന്റെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതികൾ | അനുവദിച്ച തുക | നിലവിലെ സ്ഥിതി | നിർവഹണ ഏജൻസി |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | ഭവന നിർമ്മാണം | 2,34,50,000 | കൈവശരേഖ അനുവദിച്ചുവെങ്കിലും ടി ഭൂമിയിൽ നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിന് വനം വകുപ്പ് അനുമതി നൽകാത്തതിനാൽ ഭവന നിർമ്മാണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. വനം വകുപ്പിനെ ഭവന നിർമ്മാണ ഏജൻസിയായി തെരഞ്ഞെടുത്ത് 2,34,50,000 രൂപ അനുവദിച്ചിട്ടും മരം മുറിച്ച് മാറ്റുന്നത് സംബന്ധിച്ച് വനം വകുപ്പ് തീരുമാനമെടുക്കാത്തതിനാൽ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. | വനം വകുപ്പ് |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2. | സങ്കേതത്തിനുള്ളിലെ റോഡ് നിർമ്മാണം | 37,50,000 | സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്. ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ട്. | തദ്ദേശസ്വയംഭരണ വകുപ്പ്, കുട്ടമ്പുഴ |
| 3. | വൈദ്യുതീകരണ പദ്ധതി | 42,68,500 | ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. വർക്ക് ഓർഡർ ആയിട്ടുണ്ട്. | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് |
| 4. | കുടിവെള്ള പദ്ധതി | 48,00,000 | വ്യക്തിഗത കണക്ഷൻ നൽകുന്നതൊഴികെയുള്ള പ്രവർത്തികളെല്ലാം പൂർത്തിയായിട്ടുണ്ട്. | കേരളാ വാട്ടർ അതോറിറ്റി |
| 5 | സോളാർ ഫെൻസിംഗ് | 8,05,000 | പ്രവൃത്തി പുരോഗമിച്ചു വരുന്നു. | വനം വകുപ്പ് |

## ഒറ്റപ്പാലം മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വികസനം

54(4022) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വികസനത്തിനും ഉന്നമനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ അവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വിശദീകരിക്കുമോ;

(ബി) ഓരോ കോളനിയിലും നടപ്പിലാക്കിയ പ്രവർത്തനങ്ങൾക്ക് എത്ര തുക വീതം ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(സി) 2015-16, 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ എത്ര തുകയാണ് വകുപ്പിന് ലഭിച്ചത്; അതിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്ര; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ അമ്പലപ്പാറ പഞ്ചായത്തിലെ അമരമംഗലം കോളനിയുടെ വികസനത്തിനും ഉന്നമനത്തിനുമായി അംബേദ്കർ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പദ്ധതിയുടെ പ്രാരംഭനടപടിയായി കോളനിയിൽ നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കുന്നതിനായി എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ആലോചനായോഗം കഴിഞ്ഞിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(സി) വിശദാംശങ്ങൾ ഇപ്രകാരമാണ്.

| വർഷം | അനുവദിച്ചത് (ലക്ഷത്തിൽ) | ചെലവഴിച്ചത് (ലക്ഷത്തിൽ) |
|---|---|---|
| 2015-16 | 81112.87 | 108002 |
| 2016-17 | 117584.8 | 144256.8 |
| 2017-18 | 138017 | 155920.44 |

## അംബേദ്കർ കോളനി നവീകരണ പദ്ധതി

55(4023) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റെ അംബേദ്കർ കോളനി നവീകരണ പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് ഇതുവരെ എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അരുവിക്കര നിയോജകമണ്ഡലത്തിൽ വിതുര പഞ്ചായത്തിലെ ആലുംമൂട്, പള്ളിപ്പുരക്കരിക്കകം, പട്ടൻകുളിച്ചപ്പാറ എന്നീ പട്ടികവർഗ്ഗ സങ്കേതങ്ങളെയാണ് അംബേദ്കർ ഡെവലപ്മെന്റ് പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. ടി സങ്കേതങ്ങളിൽ വിവിധ തീയതികളിൽ ബഹു. എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ പ്രത്യേക ഊരുകൂട്ടം ചേർന്ന് വിവിധ നിർമ്മാണ/അറ്റകുറ്റപ്പണികൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്നു. ടി പ്രവൃത്തികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച അവലോകന യോഗം 9-5-2018-ൽ ബഹു.എം.എൽ.എ.യുടെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. നിർവ്വഹണ ഏജൻസികൾ ലഭ്യമാക്കുന്ന ഡി.പി.ആർ. സമർപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## അതിരപ്പിള്ളി പഞ്ചായത്തിലെ ട്രൈബൽ കോളനികൾ

56(4024) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ 9-ാം വാർഡ് വെട്ടുവിട്ടകാട് ട്രൈബൽ കോളനിയിൽ 17 കുടുംബങ്ങൾക്ക് യു.ജി. കേബിൾ വലിച്ച് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) അരയ്ക്കാപ്പ് കോളനിയിൽ വാഹന ഗതാഗതത്തിനായി റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ചാലക്കുടിയിൽനിന്നും ആനമല റോഡിലൂടെ 85 കിലോമീറ്റർ സഞ്ചരിച്ച് മലക്കപ്പാറ അതിർത്തിയിൽനിന്നും തമിഴ്നാട്ടിലെത്തിയതിനുശേഷം രണ്ടര കിലോ മീറ്റർ വനത്തിനുള്ളിലൂടെ സഞ്ചരിച്ചാലേ വെട്ടിവിട്ടകാട് കോളനിയിൽ എത്താൻ സാധിക്കുകയുള്ളൂ. ഇവിടെ മുതുവാൻ സമുദായത്തിലുൾപ്പെട്ട 11 കുടുംബങ്ങളാണുള്ളത്. അരേക്കാപ്പ് കോളനി വൈദ്യുതീകരണം നടപ്പിലാക്കുന്ന സമയത്ത് ഈ കോളനിയിലേയ്ക്ക് സോളാർ പദ്ധതി നടപ്പിലാക്കാനുള്ള അനുമതി ഉണ്ടായിരുന്നുവെങ്കിലും സോളാർ പദ്ധതിയോട് ഈ കോളനി നിവാസികൾ എതിർപ്പ് കാട്ടിയതുമൂലം പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല. കേരളത്തിൽനിന്നും ഇവർക്ക് വൈദ്യുതി എത്തിക്കാനുള്ള സാങ്കേതിക തടസ്സമുള്ളതിനാലാണ് സോളാർ പദ്ധതി ആവിഷ്കരിച്ചത്. കോളനിയിലേയ്ക്ക് യു. ജി. കേബിൾ വലിച്ച് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

(ബി) മലക്കപ്പാറയിൽനിന്നും അരേക്കാപ്പ് സങ്കേതത്തിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിനുവേണ്ടി പ്രൊപ്പോസൽ തയ്യാറാക്കാനായി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകുന്നതിന് ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ക്രൈം റെക്കോർഡ്സ് ബ്യൂറോ റിപ്പോർട്ട്

57(4025) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങൾക്കെതിരെ അതിക്രമങ്ങൾ കൂടിവരുന്നതായി നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ റിപ്പോർട്ട് ചെയ്തത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്രൈം ഇൻ ഇന്ത്യയുടെ കഴിഞ്ഞ 4 വർഷത്തെ കണക്കുകൾ ചുവടെ ചേർക്കുന്നു :

| 2014 | 2015 | 2016 | 2017(Provisional) |
|---|---|---|---|
| 832 | 860 | 992 | 1267 |

ജനമൈത്രി പോലീസിന്റേയും പട്ടികജാതി പട്ടികവർഗ്ഗ മോണിറ്ററിംഗ് കമ്മിറ്റികളുടേയും കാര്യക്ഷമമായ പ്രവർത്തനങ്ങളുടെ ഭാഗമായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നേരെയുള്ള വളരെ ചെറിയതോതിലുള്ള അതിക്രമങ്ങൾപോലും പോലീസിന്റെ ശ്രദ്ധയിൽപ്പെടുകയും യഥാസമയം കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതുകൊണ്ടാവാം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമ കേസ്സുകളുടെ എണ്ണം മുൻകാലങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചുവരുന്നതായി കാണുന്നതിനുള്ള കാരണമായി അനുമാനിക്കുന്നത്.

## ആക്ടിനെ നിർവീര്യമാക്കിയ സുപ്രീം കോടതി വിധി

58(4026) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഷെഡ്യൂൾഡ് കാസ്റ്റ് / ഷെഡ്യൂൾഡ് ട്രൈബ് (പ്രിവെൻഷൻ ഓഫ് അട്രോസിറ്റീസ് ) ആക്ടിനെ നിർവീര്യമാക്കിയുള്ള സുപ്രീം കോടതി വിധിക്കെതിരെ കേരള സർക്കാർ ഏതെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത സുപ്രീം കോടതി വിധിക്കെതിരായി സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ റിവ്യൂ സമർപ്പിച്ചിട്ടുണ്ട്. ടി വിധിക്കെതിരെ സാധ്യമായ എല്ലാ നിയമ നടപടികളും സ്വീകരിക്കണമെന്നും ആവശ്യമായ നിയമ നിർമ്മാണം നടത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ട് 4-4-2018-ൽ കേരള നിയമസഭ പ്രമേയം പാസ്സാക്കിയിരുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം

59(4027) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം ദുർബലപ്പെടുത്തുന്ന 2018 മാർച്ച് 20-ാം തീയതിയിലെ സുപ്രീം കോടതി വിധി സംസ്ഥാനത്തെ അത്തരം കേസുകളെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത വിധി, പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നതിനുള്ള സാഹചര്യം സംജാതമാക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം എത്ര പേർക്കെതിരെ കേസെടുത്തു; അതിൽ എത്ര പ്രതികൾ ശിക്ഷിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ;

(ഡി) സുപ്രീം കോടതി ഉത്തരവ് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ സമർപ്പിച്ച ഹർജിയിൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മുൻകൂർ ജാമ്യം അനുവദിക്കുന്നതിന് അനുകൂലമായുള്ള വിധി രാജ്യത്താകെ ഈ നിയമത്തിന്റെ പ്രയോഗത്തെ ദുർബ്ബലപ്പെടുത്തുമെന്ന് സർക്കാരിന് ആശങ്കയുണ്ട്. എന്നാൽ നിലവിലുള്ള കേസുകളുടെ അന്വേഷണത്തെ ഈ വിധി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 4807 പേർക്കെതിരെ കേസെടുത്തിട്ടുണ്ട്. അതിൽ 4 പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാർ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷനിൽ തീരുമാനമൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

## പട്ടികജാതി പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ

60(4028) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2015,2016,2017 വർഷങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ പ്രകാരമുള്ള എത്ര കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ; ഇതിൽ എത്ര കേസ്സുകളിൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ തടയാനുള്ള എന്തൊക്കെ നടപടികളാണ് പിന്നോക്ക ക്ഷേമ വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ക്രമാതീതമായി വർധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായ അതിക്രമങ്ങൾ സംബന്ധിച്ച് 2015, 2016, 2017 എന്നീ വർഷങ്ങളിൽ രജിസ്റ്റർ ചെയ്ത കേസ്സുകളുടെയും കുറ്റപത്രം സമർപ്പിച്ച കേസ്സുകളുടെയും എണ്ണം ചുവടെ ചേർക്കുന്നു :

| | 2015 | 2016 | 2017 |
|---|---|---|---|
| രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം | 832 | 992 | 1267 |
| കുറ്റപത്രം സമർപ്പിച്ച കേസ്സുകളുടെ എണ്ണം | 472 | 577 | 609 |

പിന്നോക്ക വിഭാഗങ്ങളുടെ കണക്കുകൾ തരംതിരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) പട്ടികജാതി പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം (1989) ഫലപ്രദമായി നടപ്പിലാക്കിവരുന്നുണ്ട്. അതിക്രമങ്ങൾ അമർച്ച ചെയ്യാൻ കർശന നിയമ നടപടികൾ സ്വീകരിക്കുക. അതിക്രമങ്ങൾക്ക് വിധേയമാകുന്നവരെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് സൗജന്യ നിയമ സഹായം, അർഹമായ ധനസഹായം തുടങ്ങിയ പരിരക്ഷകളും ഈ നിയമ പ്രകാരം ഉറപ്പുവരുത്തുന്നുണ്ട്. ടി നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകൾ മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ ചേരുന്നുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗുകൾ വർഷത്തിൽ രണ്ട് പ്രാവശ്യം ചേർന്ന് നടപടികൾ മോണിറ്ററിംഗ് നടത്തിവരുന്നുണ്ട്. ഇത്തരം കേസ്സുകളുടെ പുരോഗതി വിലയിരുത്തുന്നതിനായി ജില്ലകളിൽ കളക്ടർമാരും സംസ്ഥാന തലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും നോഡൽ ഓഫീസറായി പ്രവർത്തിച്ചുവരുന്നു. അതിക്രമത്തിന് ഇരയായിട്ടുള്ളവർക്ക് അർഹമായ നഷ്ടപരിഹാരം ജില്ലാ കളക്ടർ നൽകിവരുന്നുണ്ട്. കൂടാതെ വിചാരണ സമയത്ത് എത്തിച്ചേരുന്ന കക്ഷികൾക്കും അവരെ അനുഗമിക്കുന്നവർക്കും വിചാരണ ദിവസം യാത്രാ ചെലവ്, ഉപജീവന ചെലവ്, ഭക്ഷണ ചെലവ് എന്നിവ നൽകിവരുന്നുണ്ട്. കേസ്സുകളുടെ അന്വേഷണം, കേസ്സുകളുടെ നടത്തിപ്പ് എന്നിവ

സുഗമമാക്കുന്നതിനായി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിലായി സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും മലപ്പുറം ജില്ലയിലെ മഞ്ചേരിയിലും വയനാട് ജില്ലയിലെ മാനന്തവാടിയിലും കൊല്ലം ജില്ലയിലെ കൊട്ടാരക്കരയിലും പാലക്കാട് ജില്ലയിലെ മണ്ണാർക്കാട്ടും സ്പെഷ്യൽ കോടതികൾ പ്രവർത്തിച്ചുവരുന്നു.

അതിക്രമങ്ങളും ചൂഷണവും തടയുന്നതിന് ബോധവത്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്കിടയിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ച് ശക്തിപ്പെടുത്തി കൂട്ടായ പ്രവർത്തനത്തിലൂടെ ശാക്തീകരിക്കുന്നതിനും നൈപുണ്യ വികസനത്തിലൂടെ പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തി വരുമാന വർദ്ധനവിലൂടെ സ്വാശ്രയത്വത്തിലേയ്ക്ക് നയിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. നിർമ്മാണ മേഖലകളിൽ പരിശീലനം നൽകുന്ന ഗോത്ര ജീവികപോലുള്ള പദ്ധതിയിലൂടെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് അവരെ ചൂഷണത്തിൽനിന്നും തടയുകയെന്നതാണ് ലക്ഷ്യം. പിന്നോക്ക വിഭാഗ വകുപ്പിൽ പ്രത്യേക നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## വനാവകാശ നിയമത്തിന്റെ സാധുത ചോദ്യം ചെയ്യുന്ന കേസ്

61(4029) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വനവാസികൾക്കും മറ്റും വനത്തിലുള്ള അവകാശം സംബന്ധിച്ച 2006-ലെ നിയമത്തിന്റെ ഭരണഘടനാ സാധുത ചോദ്യം ചെയ്ത കേസ്സിൽ മറുപടി ഫയൽ ചെയ്യാത്തതിന് സംസ്ഥാനത്തിന് സുപ്രീം കോടതി പിഴ ചുമത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആദിവാസികളുടെ അവകാശങ്ങളുമായി ബന്ധപ്പെട്ട വിഷയമായിട്ടുകൂടി ഈ വിഷയം വേണ്ടത്ര ശ്രദ്ധ കൂടാതെ കൈകാര്യം ചെയ്യാനിടയായ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വനാവകാശ നിയമവുമായി ബന്ധപ്പെട്ട് വിവിധ സംസ്ഥാനങ്ങളെ എതിർകക്ഷികളാക്കി Wild Life Trust of India എന്ന സംഘടന സുപ്രീം കോടതിയിൽ ഫയൽ ചെയ്ത കേസ് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടതാകയാൽ വിവരം ശേഖരിച്ചു നൽകുന്നതാണ്.

## പട്ടികവർഗ്ഗക്കാരുടേയും ആദിവാസികളുടേയും അവകാശ സംരക്ഷണം

62(4030) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗക്കാർക്കും പരമ്പരാഗത വനവാസികൾക്കും വനത്തിലുള്ള അവകാശം സംബന്ധിച്ച വിഷയത്തിൽ സുപ്രീം കോടതി ഏതെങ്കിലും തരത്തിലുള്ള അഭിപ്രായം സംസ്ഥാന സർക്കാരിനോട് ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ ഇത് യഥാസമയം അറിയിക്കാത്തതിനാൽ കോടതി സർക്കാരിന് പിഴ ചുമത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ആദിവാസികളുടെ അവകാശവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽപ്പോലും യഥാസമയം അഭിപ്രായം അറിയിക്കാത്തത് ഗൗരവമുള്ള വീഴ്ചയാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് കോടതി ഏത് തരത്തിലുള്ള നിരീക്ഷണമാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ആദിവാസികളുടെ അവകാശസംരക്ഷണം സംബന്ധിച്ച വിഷയങ്ങളിൽ ഉണ്ടാകുന്ന ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) വനാവകാശ നിയമവുമായി ബന്ധപ്പെട്ട് വിവിധ സംസ്ഥാനങ്ങളെ എതിർകക്ഷികളാക്കി ബഹു. സുപ്രീം കോടതിയിൽ Wild Life Trust of India എന്ന സംഘടന ഫയൽ ചെയ്ത കേസ് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടതാകയാൽ വിവരം ശേഖരിച്ചു നൽകുന്നതാണ്.

## പ്രീ-മെട്രിക് ഹോസ്റ്റലുകളിൽനിന്ന് എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ കുട്ടികൾ

64(4031) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികജാതി വികസന വകുപ്പ് നടത്തുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ നിന്നും 2018-ൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ മൊത്തം കുട്ടികൾ എത്രയാണെന്ന് വിശദമാക്കുമോ;

(ബി) അതിൽ എത്ര കുട്ടികൾ ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടി എന്നറിയിക്കുമോ;

(സി) പാലക്കാട് ജില്ലയിലെ പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ നിന്നും എത്രപേർ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയെന്നും അതിൽ എത്ര പേർ ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടി എന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിൽനിന്നും 397 വിദ്യാർത്ഥികൾ മാർച്ച് 2018-ൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയിരുന്നു.

(ബി) ഇതിൽ 388 വിദ്യാർത്ഥികൾ ഉന്നത പഠനത്തിന് യോഗ്യത നേടിയിട്ടുണ്ട്.

(സി) പാലക്കാട് ജില്ലയിലെ പ്രീ-മെട്രിക് ഹോസ്റ്റലുകളിൽനിന്ന് 91 പേർ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയതിൽ 88 പേർ ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടിയിട്ടുണ്ട്. മണ്ഡലം തിരിച്ച് എണ്ണം ചുവടെ ചേർക്കുന്നു :

| മണ്ഡലത്തിന്റെ പേര് | പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെ എണ്ണം | ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടിയവരുടെ എണ്ണം |
|---|---|---|
| ഷൊർണ്ണൂർ | 7 | 7 |
| തരൂർ | 11 | 10 |
| മലമ്പുഴ | 6 | 6 |
| കോങ്ങാട് | 26 | 25 |
| മണ്ണാർക്കാട് | 10 | 10 |
| നെന്മാറ | 10 | 9 |
| ചിറ്റൂർ | 8 | 8 |
| ആലത്തൂർ | 7 | 7 |
| തൃത്താല | 6 | 6 |
| ആകെ | 91 | 88 |

## വിദേശ പഠനത്തിന് സഹായം ലഭിച്ച പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾ

64(4032) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് വിദേശത്ത് ബിരുദാനന്തര പഠനം നടത്തുന്നതിന് ധനസഹായം അനുവദിച്ച നൽകിയിട്ടുണ്ട്; ഇതിനായി അനുവദിച്ച ആകെ തുക എത്രയാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ വന്നശേഷം സ്കോളർഷിപ്പ് അനുവദിച്ച 9 പേരുൾപ്പെടെ 2011 മുതൽ ഇതുവരെയായി ആകെ 17 പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ആകെ അനുവദിച്ച തുക : 1,51,02,820 രൂപ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 3 വിദ്യാർത്ഥികൾക്ക് വിദേശത്ത് ബിരുദാനന്തര പഠനം നടത്തുന്നതിന് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വിദ്യാർത്ഥിയുടെ പേര് | രാജ്യത്തിന്റെ പേര് | തുക അനുവദിച്ച വർഷം | അനുവദിച്ച തുക |
|---|---|---|---|
| രഞ്ജിത്ത് ബാലാജി | ഫ്രാൻസ് | 2013-14 | 20,00,000 |
| ബിനേഷ്. ബി | യു.കെ. | 2015-16 | 32,000 |
| | | 2016-17 | 1,50,000 |
| | | 2018-19 | 29,92,061 |
| സന്ദീപ് കെ.ആർ. | ന്യൂസിലാന്റ് | 2017-18 | 19,34,615 |

## പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

65(4033) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വീടുകളിൽ പഠിക്കാൻ സൗകര്യമില്ലാത്ത വിദ്യാത്ഥികൾക്ക് വീടിനോട് ചേർന്ന് പഠന മുറികൾ നിർമ്മിക്കുന്നതിന് പട്ടിക ജാതി വികസന വകുപ്പ് എന്തൊക്കെ സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ നിലവിലുള്ള വീടിനോട് ചേർന്ന് പഠനമുറി നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ ധനസഹായം നൽകുന്ന പദ്ധതി 2017-18 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ള വീടുകളെയാണ് പരിഗണിക്കുന്നത്. കുടുംബ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയാണ്. 120 sq. feet വലിപ്പത്തിലുള്ള പഠനമുറി നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ധനസഹായ തുക 15%, 30%, 40%, 15% എന്ന നിരക്കിൽ നാല് ഗഡുക്കളായി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടുവഴി വിതരണം ചെയ്യുന്നു. 2017-18 വർഷം 6615 ഗുണഭോക്താക്കൾക്ക് പഠനമുറി പദ്ധതി പ്രകാരം ധനസഹായത്തിനായി തെരഞ്ഞെടുക്കുകയും 48 പേർ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

## പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന സഹായ പദ്ധതി

66(4034) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്ന സമർത്ഥരായ വിദ്യാർത്ഥികളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അവരെ സമൂഹത്തിന്റെ ഉന്നതതലത്തിലെത്തിക്കുന്നതിന് എന്തെങ്കിലും പദ്ധതി വിഭാവന ചെയ്തിട്ടുണ്ടോ;

(ബി) പഠനത്തിൽ എന്തെല്ലാം തരത്തിലുള്ള സഹായമാണ് ഇത്തരം കുട്ടികൾക്ക് നൽകുന്നത്;

(സി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്ന വിദ്യാർത്ഥികളിൽ നല്ലൊരു വിഭാഗത്തിന് പ്രൊഫഷണൽ കോളേജ് വിദ്യാഭ്യാസം വിജയകരമായി പൂർത്തിയാക്കുവാൻ സാധിക്കാത്ത സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം വിദ്യാർത്ഥികളെ സഹായിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിദേശപഠനത്തിന് സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; 2017-ൽ എത്ര പേർക്ക് ഈ പദ്ധതി പ്രകാരം ധനസഹായം നൽകി?

## ഉത്തരം

(എ&ബി) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ ചെറുപ്രായത്തിൽത്തന്നെ കണ്ടെത്തി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ മികച്ച വിദ്യാഭ്യാസ സൗകര്യമൊരുക്കിയും വിവിധയിനം സ്കോളർഷിപ്പുകളും ഗ്രാന്റുകളും വിദ്യാർത്ഥികൾക്ക് നൽകിയും സമൂഹത്തിന്റെ ഉന്നതതലത്തിലെത്തിക്കുന്നതിന് വിവിധ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് താഴെപ്പറയുന്ന പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

1. 4-ാം ക്ലാസ് വിദ്യാർത്ഥികളെ സംസ്ഥാനതലത്തിൽ നടത്തുന്ന മത്സര പരീക്ഷയിലെ മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത്, അവർക്ക് 5-ാം ക്ലാസ് മുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നതിനായി പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രവേശനം നൽകിവരുന്നു.
2. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കീം പ്രകാരം 4, 7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് 10-ാം ക്ലാസ് വരെ പ്രതിവർഷം 4,500 രൂപ വീതം സ്കോളർഷിപ്പ് അനുവദിക്കുന്നു. ഇവർക്ക് പഠനമികവ് നിലനിർത്തുന്നതിന് സ്പെഷ്യൽ ട്യൂഷൻ ഉൾപ്പെടെയുള്ള സഹായങ്ങളും നൽകിവരുന്നു.
3. പഠനമുറി-പട്ടികജാതി വിദ്യാർത്ഥികൾക്ക് വീട്ടിലെ പഠന സൗകര്യം വർദ്ധിപ്പിക്കുവാൻ 'പഠനമുറി' പണിയുവാനുള്ള ധനസഹായം 2 ലക്ഷം രൂപ വീതം നൽകിവരുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കുന്നു :

1. മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ അയ്യങ്കാളി സ്കോളർഷിപ്പ് പദ്ധതി
2. ട്രൈബൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'വസ്ത്ര വിതരണ പദ്ധതി'
3. വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'ബോർഡിംഗ് ഗ്രാന്റ് '
4. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേകം പ്രോത്സാഹനം
5. സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠന യാത്രയായ ഭാരത ദർശൻ
6. പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ്

<u>വിദേശപഠനം</u>

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽപോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്നുണ്ട്.

(സി) സംസ്ഥാനത്തെ വിവിധ അംഗീകൃത കോളേജുകളിൽ ബി.ടെക്. കോഴ്സിന് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളിൽ കണ്ടുവരുന്ന കൊഴിഞ്ഞുപോക്ക് തടയുന്നതിനും തോറ്റ പേപ്പറുകൾ എഴുതി വിജയിക്കുന്നതിനും ആവശ്യമായ കോച്ചിംഗ് നൽകുന്നതിനായി പട്ടികജാതി വികസന വകുപ്പിന്റെ മേൽനോട്ടത്തിൽ ഐ.എച്ച്.ആർ.ഡി.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മോഡൽ ഫിനിഷിംഗ് സ്കൂൾ എന്ന സ്ഥാപനം മുഖേന റെമഡിയൽ കോച്ചിംഗ് നൽകുന്ന പദ്ധതി 2017-18-ൽ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി കോച്ചിംഗ് ക്ലാസ്സുകൾ 2018-19 അദ്ധ്യയന വർഷവും തുടരുന്നതാണ്. കൂടാതെ എഞ്ചിനീയറിംഗിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് റെമഡിയൽ ടീച്ചിംഗ് നൽകി അതുവഴി പഠനഭാരം ലഘൂകരിക്കുന്നതിനായി കോച്ചിംഗ് ക്ലാസ്സുകൾ നൽകുന്ന പ്രത്യേക പദ്ധതി വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. ടി പദ്ധതി പ്രകാരം 2017-18-ൽ 11 വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. 2016-17, 2017-18 വർഷങ്ങളിലായി പട്ടികവർഗ്ഗ വിദ്യാർത്ഥികളായ 2 പേർക്ക് വിദേശപഠന ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

## പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദേശപഠനം

67(4035) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് അനുവദിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പ്രസ്തുത പദ്ധതി പ്രകാരം എത്രപേർക്ക് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനായി ധനസഹായം നൽകിവരുന്നുണ്ട്. ഇത് സംബന്ധിച്ച വിശദവിവരങ്ങൾ സ.ഉ.(കൈ)81/2017/പജപവവിവ. തീയതി 4-10-2017 എന്ന സർക്കാർ ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

(ബി) പട്ടികജാതിയിൽപ്പെട്ട 11 പേർക്കും പട്ടികവർഗ്ഗത്തിൽപ്പെട്ട 3 പേർക്കും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

**കുറ്റിച്ചൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ**

68(4036) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ കുറ്റിച്ചൽ പഞ്ചായത്തിൽ ആരംഭിച്ച എം.ആർ.എസ്.-ൽ നിലവിൽ എത്ര വിദ്യാർത്ഥികളാണ് പഠനം നടത്തുന്നത്; ഇവർക്ക് പഠനത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ കാര്യക്ഷമമായി ഒരുക്കിയിട്ടുണ്ടോ;വിശദാംശം വ്യക്തമാക്കാമോ;

(ബി) കുറ്റിച്ചൽ പഞ്ചായത്തിൽ എം.ആർ.എസ്. നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് പൂർത്തിയായിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ;

(സി) ഓരോ വർഷവും കുട്ടികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ എം.ആർ.എസ്. ന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 74 വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. 2018-19 അദ്ധ്യയന വർഷം ഒന്നാം ക്ലാസ്സിൽ 22 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതാണ്. നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കുറ്റിച്ചൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട താമസസൗകര്യവും ഭക്ഷണവും ഒരുക്കിയിട്ടുണ്ട്. കുടിവെള്ളത്തിനായി വാട്ടർ ഫിൽറ്റർ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. സ്കൂളിൽ പ്ലേ ഗ്രൗണ്ടില്ലാത്തതിനാൽ കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ പഞ്ചായത്ത് സ്റ്റേഡിയത്തിൽ വെള്ളി, ശനി ദിവസങ്ങളിൽ വിദ്യാർത്ഥികളെ കൊണ്ടുപോയി കായിക പരിശീലനം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നൽകുന്നുണ്ട്. ഇൻഡോർ ഗെയിംസിനായി സ്കൂളിൽത്തന്നെ സൗകര്യമൊരുക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ആരോഗ്യ കാര്യങ്ങൾ, മൊബൈൽ മെഡിക്കൽ യൂണിറ്റ് മാസം തോറും സ്കൂളിലെത്തി പരിശോധിക്കുന്നുണ്ട്.

(ബി) മോഡൽ റെസിഡൻഷ്യൽ സ്കൂൾ നിർമ്മിക്കുന്നതിനായി കോട്ടൂർ വാലിപ്പാറ സെറ്റിൽമെന്റിൽ ലഭ്യമായ ഒരു ഹെക്ടർ സ്ഥലത്ത് മരം മുറിക്കൽ, മണ്ണ് പരിശോധന തുടങ്ങിയ പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്. ടി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കിഫ്ബി മുഖേന നടത്തുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

**വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠിക്കാൻ സാമ്പത്തിക സഹായം**

69(4037) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് സർക്കാരിന്റെ കീഴിൽ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ സാമ്പത്തിക സഹായം അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര പേർക്ക് ഈ ആനുകൂല്യം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശത്ത് ബിരുദാനന്തര പഠനം നടത്തുന്നതിന് ധനസഹായം നൽകുന്നതിന് പദ്ധതി നിലവിലുണ്ട്. സ.ഉ.(കൈ)81/2017/പജപവവിവ. തീയതി 4-10-2017) ഉത്തരവിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.)*

(സി) പട്ടികജാതിയിൽപ്പെട്ട 10 പേർക്കും പട്ടികവർഗ്ഗത്തിൽപ്പെട്ട 2 പേർക്കും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വെറ്റിലപ്പാറ പ്രീമെട്രിക് ഗേൾസ് ഹോസ്റ്റൽ

70(4038) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെറ്റിലപ്പാറ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിനോട് ചേർന്ന് എക്സ് സർവ്വീസ് മെൻ കോളനിവക 50 സെന്റ് ഭൂമി പ്രീമെട്രിക് ഗേൾസ് ഹോസ്റ്റൽ (പട്ടികവർഗ്ഗവിദ്യാർത്ഥിനികൾക്കായി) നിർമ്മാണത്തിനായി വിട്ടുനൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് പ്രീമെട്രിക് ഗേൾസ് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന് സമീപത്തായി എക്സ്-സർവ്വീസ് മെൻസ് സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലം, ടി ഹോസ്റ്റൽ നിർമ്മിക്കുന്നതിന് വിട്ടുനൽകാമെന്ന് അറിയിച്ചിട്ടുണ്ട്.

(ബി) ടി സ്ഥലം അളന്നുതിരിച്ച് വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമായാൽ ഉടൻതന്നെ ഹോസ്റ്റൽ നിർമ്മാണത്തിനാവശ്യമായ ഡി.പി.ആർ. തയ്യാറാക്കി കെട്ടിട നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ജാതി സർട്ടിഫിക്കറ്റ് നിഷേധിക്കുന്നതിനെതിരെ നടപടി

71(4039) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈസൂർ മലയിലെ 'മുതുവാൻ' സമുദായക്കാർക്ക് കോഴിക്കോട് തഹസിൽദാർ ജാതി സർട്ടിഫിക്കറ്റ് നിഷേധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കുമോ;

(ബി) കിർത്താഡ്സ് പ്രസ്തുത വിഷയത്തിൽ പുനഃപരിശോധന നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ;നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ;

(സി) ജാതി സർട്ടിഫിക്കറ്റ് നിഷേധിക്കുന്ന വിഷയം സ്ഥിരമായി പരിഹരിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) 16-11-2000-ലെ 3159/ജി1/99/പജാ.പവ.വി.വ. നമ്പർ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ മൈസൂർ മലയിലെ മുതുവാൻ സമുദായക്കാർക്ക് കോഴിക്കോട് തഹസീൽദാർ ജാതി സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകുന്നുണ്ട്.

## പാലക്കാട് ജില്ലയിലെ കോർപ്പസ് ഫണ്ട്

72(4040) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 സാമ്പത്തിക വർഷത്തിൽ കോർപ്പസ് ഫണ്ട് പ്രകാരം പാലക്കാട് ജില്ലയിൽ നാളിതുവരെ എത്ര പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ആലത്തൂർ നിയോജക മണ്ഡലത്തിൽപ്പെടുന്ന ഏതെല്ലാം പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2017-18 സാമ്പത്തിക വർഷത്തിൽ പാലക്കാട് ജില്ലയിൽ കോർപ്പസ് ഫണ്ട് പ്രകാരമുള്ള പുതിയ പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടില്ല.

## കരുനാഗപ്പള്ളി മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗം

73(4041) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽനിന്നും എത്ര തുക കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ചെലവഴിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫണ്ടിൽനിന്നും നടപ്പ് സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ജില്ലയ്ക്ക് അനുവദിക്കുന്ന 1/3rd കോർപ്പസ് ഫണ്ടിൽനിന്ന് 2016-17 വർഷത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ 1,66,286 രൂപ അനുവദിച്ചതിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം കൊല്ലം ജില്ലയ്ക്ക് പുതിയ പദ്ധതികൾക്ക് തുക അനുവദിച്ചിരുന്നില്ല.

(ബി) 2016-17 വർഷത്തിൽ അനുവദിച്ച സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ജില്ലാതല സമിതി കൂടി ഈ സാമ്പത്തിക വർഷം നടപ്പിലാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ആദിവാസി ഊരുകളിലെ ശൗചാലയങ്ങളുടെ അഭാവം

74(4042) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ ഭൂരിഭാഗം ആദിവാസി ഊരുകളിലെ വീടുകളിലും ശൗചാലയങ്ങളുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കൊല്ലപ്പെട്ട ആദിവാസി കുട്ടിയുടെ കുടുംബാംഗത്തിന് സർക്കാർ ജോലി

75(4043) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറ്റൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ സി ആർ 461/14 യു/എസ് 174 തീയതി 19-5-2014 പ്രകാരം ചിറ്റൂർ നിയോജക മണ്ഡലത്തിൽ മാനഭംഗത്തിനിരയായി കൊലചെയ്യപ്പെട്ട മണിമേഖല എന്ന ആദിവാസി കുട്ടിയുടെ കുടുംബത്തിലെ ഒരംഗത്തിന് ജോലി നൽകാമെന്ന സർക്കാർ വാഗ്ദാനത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ പട്ടിക വർഗ്ഗ വകുപ്പ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഇതുസംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ വിഷയത്തിൽ സർക്കാർ അനുകൂല നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ചിറ്റൂർ താലൂക്കിലെ മീനാക്ഷിപുരം പുതുരിൽ കൊലചെയ്യപ്പെട്ട മണിമേഖലയുടെ സഹോദരൻ എസ്. കാർത്തിക്കിന് ജോലി നൽകുന്നതിന് പാലക്കാട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ മുഖേന ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും പാലക്കാട് ജില്ലാ കളക്ടർ, ടിയാന് ജോലി നൽകുന്നതിനുള്ള ശിപാർശ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയം പരിശോധനയിലാണ്.

## അട്ടപ്പാടിയിൽ ഗർഭിണിയെ മുളങ്കമ്പിൽ കെട്ടി ആശുപത്രിയിലെത്തിച്ച സംഭവം

76(4044) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ഗർഭിണിയായ ആദിവാസി സ്ത്രീയെ പ്രസവത്തിനായി ആശുപത്രിയിൽ എത്തിക്കുവാൻ മുളകൊണ്ട് കെട്ടിയ മഞ്ചലിൽ കിടത്തി കിലോമീറ്ററുകളോളം സഞ്ചരിക്കേണ്ടിവന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.എം.ജി.എസ്.വൈ.പദ്ധതിയനുസരിച്ച് 9.87 കോടി രൂപ റോഡ് നിർമ്മാണത്തിനായി അനുവദിച്ചിട്ടും ഇന്റഗ്രേറ്റഡ് ട്രൈബൽ ഡെവലപ്മെന്റ് പ്രോജക്ടിന്റെ ക്ലിയറൻസ് ലഭിക്കാത്തതുമൂലം റോഡിന്റെ പണി ആരംഭിക്കാത്തതാണ് ഈ ദുസ്ഥിതിക്ക് കാരണമെന്നത് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇത്തരം സംഭവങ്ങൾ നമ്മുടെ സംസ്ഥാനത്തും ഉണ്ടാകുവാനിടയായ സാഹചര്യം പരിശോധിച്ച് അടിയന്തരമായ പരിഹാര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പുതുർ പഞ്ചായത്തിലെ വനമേഖലയ്ക്കകത്ത് ഇടവാണി ഊരിലുള്ള യുവതിയെ പ്രസവാവശ്യത്തിന് കൊണ്ടുവരാൻ വാഹനം അയച്ചെങ്കിലും ശക്തിയായ മഴയിൽ പുഴയിൽ വെള്ളം കയറി വഴി ദുർഘടമായതിനെത്തുടർന്ന് ജീപ്പ് എത്തിയ ഭൂതിയാർവരെ ഇവരെ മഞ്ചലിൽ എത്തിക്കുകയും തുടർന്ന് ജീപ്പിൽ ആശുപത്രിയിൽ എത്തിക്കുകയും ചെയ്തിരുന്നു.

(ബി) പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി പൂളർ അരളിക്കോണത്തു നിന്നും എടവാണി ഊരിലേയ്ക്ക് 7.221 കി.മീറ്റർ റോഡ് നിർമ്മിക്കുന്നതിനായി 759,51,589 രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുകയും പ്രവൃത്തി ടെൻഡർ ചെയ്ത് അവാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പിന്റെ അനുമതി ആവശ്യമായ തിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. അനുമതി ലഭ്യമാക്കുന്നതിനായി ഊരുകൂട്ട യോഗങ്ങളുടെ മിനിട്സ്, എസ്റ്റിമേറ്റ് മുതലായ രേഖകളും നിർദ്ദിഷ്ട അപേക്ഷാ ഫാറത്തിൽ സമർപ്പിക്കുന്നതിനുവേണ്ടി ഗ്രാമവികസന വകുപ്പിന്റെ പ്രോഗ്രാം ഇംപ്ലിമെന്റിംഗ് യൂണിറ്റിൽ ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ ഏൽപ്പിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ അനുമതി ലഭിച്ചാലുടൻ പ്രവൃത്തി ആരംഭിക്കുമെന്നാണ് ഗ്രാമ വികസന വകുപ്പിന്റെ പ്രോഗ്രാം ഇംപ്ലിമെന്റിംഗ് യൂണിറ്റ് അറിയിച്ചിട്ടുള്ളത്.

(സി) പരിഹാര നടപടികൾ സ്വീകരിച്ചുവരികയാണ്. എന്നാൽ വനമേഖലകളിൽ നാട്ടിൻപുറങ്ങളിലെപോലെ ഗതാഗത സൗകര്യമില്ലെന്നുള്ള പരിമിതിയുണ്ട്.

## വകുപ്പുകൾ ചെലവഴിച്ച ബഡ്ജറ്റ് വിഹിതം

77 (4045) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്കക്ഷേമ, നിയമ, സാംസ്കാരിക എന്നീ വകുപ്പുകളിൽ 2017-18 വർഷത്തിൽ എത്ര രൂപവീതം ഓരോ വകുപ്പിനും ബഡ്ജറ്റിൽ തുക വകയിരുത്തി; ഇതിൽ ഓരോ വകുപ്പും എത്ര രൂപ ചെലവഴിച്ചു; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ അഡീഷണൽ ഓതറൈസേഷൻ വഴി ഓരോ വകുപ്പും എത്ര രൂപയുടെ പ്രൊപ്പോസൽ നൽകി; എന്നാണ് നൽകിയത്; എത്ര രൂപ ലഭിച്ചു; ഇതിൽ എത്ര രൂപ ചെലവഴിച്ചു;

(സി) സപ്ലിമെന്ററി ഗ്രാന്റിന് വേണ്ടി പ്രസ്തുത വകുപ്പുകൾ എത്ര രൂപയുടെ പ്രൊപ്പോസൽ നൽകി; എത്ര രൂപ ലഭിച്ചു; എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പട്ടികജാതി വികസ നത്തിനായി വകുപ്പ് മുഖേനയുള്ള സംസ്ഥാന പദ്ധതികളുടെ നടത്തിപ്പിനായി 1427.60 (ആയിരത്തി നാനൂറ്റി ഇരുപത്തിയേഴ് കോടി 60 ലക്ഷം രൂപ) കോടി രൂപയും തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള എസ്.സി.പി. പദ്ധതികളുടെ

നടത്തിപ്പിനായി 1172.00 കോടി രൂപയുൾപ്പെടെ 2599.60 (രണ്ടായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി ഒൻപത് കോടി അറുപത് ലക്ഷം രൂപ) കോടി രൂപയും വകയിരുത്തി യിരുന്നു. ആയതിൽ വകുപ്പ് മുഖേന 1281.71 കോടി രൂപയും തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന 929.85 കോടി രൂപയും ചെലവഴിക്കുകയുണ്ടായി. പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ബഡ്ജറ്റ് വിഹിതമായി 461.50 കോടി രൂപ വകയിരുത്തിയിരുന്നു. ആയതിൽ 287.84 കോടി രൂപ ചെലവഴിക്കുകയുണ്ടായി. പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ വകുപ്പുകൾ മുഖേന പദ്ധതി നടപ്പിലാക്കുന്നതിനായി അനുവദിച്ചതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

| | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| പട്ടികവർഗ്ഗ വികസന വകുപ്പ് | 58363.49 | 51798.25 |
| പൊതുമരാമത്ത് വകുപ്പ് | 4799.76 | 1388.25 |
| ഗ്രാമ വികസന വകുപ്പ് | 8236.2 | 1720.5 |
| കിർത്താഡ്സ് | 290 | 188.4 |
| തദ്ദേശസ്വയംഭരണ വകുപ്പ് | 17602.11 | 13595.62 |
| ആകെ | 89291.56 | 68691.02 |

പിന്നാക്ക വിഭാഗ വികസന വകുപ്പിന് 2017-18 പദ്ധതിയിനത്തിൽ 183.2 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 149.81 കോടി രൂപയും വകയിരുത്തിയിരുന്നു. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റ് പദ്ധതിയിനത്തിൽ 207.94 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 196.05 കോടി രൂപയും ചെലവഴിച്ചു. നിയമവകുപ്പുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ വകയിരുത്തിയത് 99,80,10,000 രൂപയും ചെലവായ തുക 90,13,03,960 രൂപയുമാണ്. സാംസ്കാരിക വകുപ്പ് 2017-18 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പട്ടികജാതി വികസന വകുപ്പ് 2017-18 സാമ്പത്തിക വർഷത്തിൽ അഡീഷണൽ ഓതറൈസേഷൻ മുഖേന വിവിധ ശീർഷകങ്ങളിൽ 1,62,37,000 രൂപ ആവശ്യപ്പെട്ടിരുന്നതിൽ 1,55,47,000 രൂപ അനുവദിക്കുകയും 50,50,909 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തേയ്ക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് 5615.90 ലക്ഷം രൂപയുടെ അഡീഷണൽ ഓതറൈസേഷൻ പ്രൊപ്പോസൽ സമർപ്പിക്കുകയും 5153.67 ലക്ഷം രൂപ അനുവദിക്കുകയും 1770.47 ലക്ഷം രൂപ ചെലവഴിക്കുകയും 2200.83 ലക്ഷം രൂപ E.L.A.-യിൽ പോസ്റ്റ് ചെയ്യുകയും 393.53 ലക്ഷം രൂപ മാർച്ച് മാസാവസാനം ട്രഷറി ക്യൂവിലേയ്ക്ക് മാറ്റുകയും ചെയ്തു. ടി തുക നടപ്പ് സാമ്പത്തിക വർഷം ചെലവഴിച്ചു. ഒ.ഇ.സി. പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അഡീഷണൽ ഓതറൈസേഷനുമായി പിന്നാക്ക വിഭാഗ വികസന വകുപ്പ് 200 കോടി രൂപയുടെ പ്രൊപ്പോസൽ നൽകുകയും ഇതിൽ 50 കോടി രൂപ അനുവദിക്കുകയും ചെയ്തു. ടി തുക പൂർണ്ണമായും ചെലവഴിച്ചു. ടെലിഫോൺ ചാർജ്ജ്, ഇലക്ട്രിസിറ്റി, ദിവസ വേതനം ഈ ഇനങ്ങളിൽ അഡീഷണൽ ഓതറൈസേഷൻ അനുവദിക്കുന്നതിന് 50,000, 1,20,000, 5,00,000 എന്നീ തുകകൾക്ക് പ്രൊപ്പോസൽ നൽകുകയും ഈ ഇനങ്ങളിൽ ആവശ്യപ്പെട്ട മുഴുവൻ തുകയും അനുവദിക്കുകയും ചെയ്തു. ആയതിൽ ടെലിഫോൺ ചാർജ്ജ് ഇനത്തിൽ 23,550 രൂപ ഒഴികെയുള്ള തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. നിയമ വകുപ്പുമായി ബന്ധപ്പെട്ട് 13,65,60,100 രൂപയുടെ പ്രൊപ്പോസൽ സമർപ്പിക്കുകയും 11,93,31,000 രൂപ അനുവദിക്കുകയും 6,20,44,013 രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്. സാംസ്കാരിക വകുപ്പ് 6,11,90,000 രൂപയുള്ള പ്രൊപ്പോസൽ നൽകുകയും 5,47,92,000 രൂപ അനുവദിക്കുകയും 5,41,15,000 രൂപ ചെലവഴിക്കുകയും ചെയ്തു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പട്ടികജാതി വികസന വകുപ്പ് സപ്ലിമെന്ററി ഡിമാൻഡ് ഫോർ ഗ്രാന്റ്സ് മുഖേന 1,09,16,25,000 രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസലിൽ തുക അനുവദിച്ചിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പ് സപ്ലിമെന്ററി ഗ്രാന്റിനുവേണ്ടി 6256 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ആയതിൽ 5000.03 ലക്ഷം രൂപ അനുവദിച്ചു. അതിൽ 5000 ലക്ഷം രൂപ ഹഡ്കോ വായ്പ ക്രമീകരിക്കുന്നതിനുവേണ്ടി ചെലവഴിച്ചു. 3,000 രൂപ മൂന്ന് ശീർഷകങ്ങൾക്ക് അനുവദിച്ച ടോക്കൺ തുകയാണ്. പിന്നോക്ക വിഭാഗ വികസന വകുപ്പ് ഫൈനൽ ബാച്ച് എസ്.ഡി.ജി.-യിൽ 150 കോടി രൂപയ്ക്കുകൂടി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. ഇതിൽ 100 കോടി രൂപ പ്ലാനിൽ അനുവദിച്ചു. (ഒ.ഇ.സി. പോസ്റ്റ് മെട്രിക് ഇനത്തിലാണ് 100 കോടി രൂപ അനുവദിച്ചത്. അത് പൂർണ്ണമായും ചെലവഴിച്ചു.) നിയമ വകുപ്പുമായി ബന്ധപ്പെട്ട് 3,43,85,379 രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതും ആയതിൽ 20,00,000 രൂപ അനുവദിക്കുകയും ചെയ്തിരുന്നു. 17,29,000 രൂപ ചെലവാകുകയും ചെയ്തിട്ടുണ്ട്. സപ്ലിമെന്ററി ഗ്രാന്റായി സാംസ്കാരിക വകുപ്പ് 40,00,000 രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അനുവദിച്ചില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാവേലിക്കര മണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗക്കാർ

78 (4046) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ നിലവിലുണ്ട് എന്ന കണക്ക് ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ ഗ്രാമപഞ്ചായത്തിലെയും മുനിസിപ്പാലിറ്റിയിലെയും കണക്കുകൾ പ്രത്യേകം പ്രത്യേകം വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ നിലവിലുണ്ടെന്നും ഏതെല്ലാമെന്നും എത്ര കുടുംബങ്ങൾ ഓരോ കോളനിയിലുമുണ്ടെന്നും ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റികൾ തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികൾ ഏതൊക്കെയെന്നും പദ്ധതി അനുസരിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

### ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിലെ പട്ടികജാതി കുടുംബങ്ങളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു :

| ക്രമ നമ്പർ | പഞ്ചായത്ത് | പട്ടികജാതി കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | തഴക്കര | 1203 |
| 2 | മാവേലിക്കര തെക്കേക്കര | 1232 |
| 3 | വള്ളികുന്നം | 1092 |
| 4 | താമരക്കുളം | 1024 |
| 5 | നൂറനാട് | 1234 |
| 6 | ചുനക്കര | 910 |
| 7 | പാലമേൽ | 2372 |
| 8 | മാവേലിക്കര മുനിസിപ്പാലിറ്റി | 453 |
| | ആകെ | 9520 |

മണ്ഡലത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | പഞ്ചായത്ത് | പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | പാലമേൽ | 4 |
| 2 | നൂറനാട് | 10 |
| 3 | വള്ളികുന്ന് | 16 |
| 4 | താമരക്കുളം | 21 |
| 5 | മാവേലിക്കര തെക്കേക്കര | 1 |
| | ആകെ | 52 |

(ബി) പട്ടികജാതി കോളനികളുടെ എണ്ണം അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.* മണ്ഡലത്തിൽ ഒറ്റപ്പെട്ട് താമസിക്കുന്ന 52 പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളത്. കോളനികളില്ല.

(സി) പട്ടികജാതി വികസന വകുപ്പ്

ക്ലാത്തറ കോളനിയാണ് സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം 18 വീടുകളുടെ പ്ലാസ്റ്ററിംഗ്, 21 വീടുകളുടെ വൈറ്റ് വാഷിംഗ്, 3 സ്ലാബ് കോൺക്രീറ്റിംഗ്, 660 മീറ്റർ റോഡ് കോൺക്രീറ്റിംഗ്, 150 മീറ്റർ സംരക്ഷണ ഭിത്തി, 8 സോളാർ ലൈറ്റുകൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം ആയിക്കമത്തവിള കോളനിയും ഐ.കെ.എസ്. കോളനിയും നവീകരണ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. മണ്ഡലത്തിൽ പട്ടികവർഗ്ഗ കോളനികളില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതികൾ

79 (4047) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ 2018-19 സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതികളുടെ ആനുകൂല്യങ്ങൾ/സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നീ ദേശീയ ഏജൻസികളുടെ ചാലക ഏജൻസി എന്ന നിലയിൽ പ്രസ്തുത ഏജൻസികളുടെ ഫണ്ടും കോർപ്പറേഷന്റെ തനത് ഫണ്ടും ഉപയോഗിച്ച് സ്വയംതൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, വിവാഹ വായ്പ, പ്രവർത്തന മൂലധന വായ്പ, വാഹന വായ്പ, ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ, ഗൃഹ പുനരുദ്ധാരണ വായ്പ തുടങ്ങിയ വായ്പാ പദ്ധതികളും 2017-18 സാമ്പത്തിക വർഷം പുതുതായി ആരംഭിച്ച പ്രവാസികൾക്കുള്ള സ്വയം തൊഴിൽ പദ്ധതിയായ "റീ-ടേൺ" , പ്രൊഫഷണലുകൾക്കുള്ള സ്വയം തൊഴിൽ വായ്പാ പദ്ധതിയായ "സ്റ്റാർട്ട് അപ്", ഭവന നിർമ്മാണ വായ്പാ പദ്ധതിയായ "എന്റെ വീട് " എന്നിവയും കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നടപ്പിലാക്കിയ പദ്ധതികളാണ്.

(ബി) നിലവിലുള്ള പദ്ധതികൾ ഉൾപ്പെടെ 2018-19 സാമ്പത്തിക വർഷം 450 കോടി രൂപയുടെ വായ്പാ പദ്ധതികൾ നടപ്പിലാക്കുവാൻ കോർപ്പറേഷൻ ലക്ഷ്യമിടുന്നു. പ്രസ്തുത പദ്ധതികളും അവയുടെ മാനദണ്ഡങ്ങളും അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ദളിത് കോളനികൾ ഒഴിപ്പിക്കാനുള്ള തീരുമാനം പുനഃപരിശോധിക്കാൻ നടപടി

80 (4048) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ പാപ്പിനിശ്ശേരിയിൽ ഹൈവേ നിർമ്മാണത്തിന്റെ ഭാഗമായി ദളിത് കോളനികൾ ഒഴിപ്പിക്കാനുള്ള തീരുമാനത്തിനെതിരെ പിന്നോക്കസമുദായ ക്ഷേമ വകുപ്പ് നിലപാട് എടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്തെ ദളിത് പിന്നോക്കവിഭാഗങ്ങളെ ഒഴിപ്പിക്കാനുള്ള തീരുമാനം പുനഃപരിശോധിക്കാൻ സർക്കാർതലത്തിൽ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പിന്നോക്ക വിഭാഗ വികസന വകുപ്പ് നിലപാടുകളൊന്നും എടുത്തിട്ടില്ല. ദേശീയപാത വികസനത്തിനുള്ള അലൈൻമെന്റ് നിശ്ചയിക്കുന്നത് ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യയാണ്.

## ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിന്മേൽ തുടർനടപടി

81 (T* 4049) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

18-12-201-ൽ പ്രവർത്തനമാരംഭിച്ച ശങ്കരൻ കമ്മീഷൻ 31-12-2014-ൽ സമർപ്പിച്ച റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

ഉത്തരം

ഡോ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞിരിക്കയാണ്. അത് ലഭിച്ചശേഷം റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

---

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ നവീന വായ്പാ പദ്ധതി

82 (4050) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വഴി എത്ര പേർക്ക് എത്ര തുകയുടെ വായ്പ അനുവദിച്ചുനൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

(ബി) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ നവീന വായ്പ പദ്ധതികൾ ഏതൊക്കെയാണ്; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 87700 ഗുണഭോക്താക്കൾക്കായി 790.21 കോടി രൂപയുടെ വായ്പ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന നവീന വായ്പാ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി

83(4051) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലം സർക്കാരിന്റെ ഏതെങ്കിലും വകുപ്പിന് കെട്ടിടം നിർമ്മിക്കാൻ കൈമാറുന്നതിന് സാധ്യമാണോ; ഇതിന് നിലവിലുള്ള എന്തെങ്കിലും നിയമം തടസ്സമാകുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഏതെങ്കിലും നിയമം തടസ്സമായി നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പരിശോധിച്ച് കാലോചിതമായി പരിഷ്കരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 169-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിന് പഞ്ചായത്തിൽ നിക്ഷിപ്തമായ പൊതുവഴി, അഴുക്കുചാൽ, ഓട, ഡ്രെയിനേജ് പണി മുതലായവ അവയോട് ചേർന്ന് കിടക്കുന്ന

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഭൂമി സഹിതം പ്രസ്തുത ആക്ടിന്റെ പരിധിയിൽനിന്നും ഒഴിവാക്കി സർക്കാരിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കാവുന്നതാണ്. 218-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായ പൊതുജല സ്രോതസ്സിന്റെയും അതിനോട് ചേർന്നുള്ളതുമായ പൊതുഭൂമിയുടെയും ഭരണം സർക്കാരിന് ഏറ്റെടുക്കാവുന്നതും 279-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്കിനെ ഈ ആക്ടിന്റെ പരിധിയിൽനിന്നും ഒഴിവാക്കാവുന്നതുമാണ്. മേൽപ്പറഞ്ഞ വ്യവസ്ഥകൾ പ്രകാരം 169-ാം വകുപ്പ് (3)-ാം ഉപവകുപ്പിലും 279-ാം വകുപ്പ് (2)-ാം ഉപവകുപ്പിലും പരാമർശിച്ച പ്രകാരമുള്ള ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കിയതിനുശേഷം അത് വകുപ്പുകൾക്ക് കൈമാറുന്നതിന് സാധ്യമാകുന്നതാണ്. 218-ാം വകുപ്പ് (3)-ാം ഉപവകുപ്പിൽ പരാമർശിച്ച പ്രകാരമുള്ള പൊതുജലസ്രോതസ്സിനോട് ചേർന്ന് കിടക്കുന്ന പൊതുഭൂമിയുടെ ഭരണം സർക്കാരിന് ഏറ്റെടുക്കാവുന്നതും അപ്രകാരം ഭരണം ഏറ്റെടുത്ത ഭൂമി, Jagpal Singh Vs. State of Punjab എന്ന കേസ്സിലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പൊതുആവശ്യത്തിനായി സർക്കാർ വകുപ്പുകൾക്ക് കൈമാറാവുന്നതുമാണ്. കൂടാതെ 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം ഒരു പഞ്ചായത്തിന് വാങ്ങൽമൂലമോ അല്ലാതെയോ ആർജ്ജിച്ചിട്ടുള്ള ഭൂമി സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി കയ്യൊഴിക്കാവുന്നതാണ്. അതിനാൽ മേൽപ്പറഞ്ഞ ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്തിന് വാങ്ങൽമൂലമോ അല്ലാതെയോ ആർജ്ജിച്ച ഭൂമി സർക്കാർ വകുപ്പുകൾക്ക് കൈമാറാവുന്നതാണ്.

(ബി) ബാധകമല്ല.

**ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപ്പെൻഡ്**

84(4053) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഭിഭാഷകരുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ;

(ബി) ജൂനിയർ അഭിഭാഷകർക്ക് 5,000 രൂപ പ്രതിമാസ സ്റ്റൈപ്പെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപ്പെൻഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. അഭിഭാഷക ക്ഷേമനിധിയിൽ 15 വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കി പ്രാക്ടീസ് നിർത്തുന്ന ഒരംഗത്തിന് യഥാർത്ഥ പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും 14,285 രൂപ എന്ന നിരക്കിൽ പരമാവധി 5 ലക്ഷം രൂപ നിധിയിൽനിന്നും അനുവദിച്ചു വന്നിരുന്നത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രാക്ടീസ് പൂർത്തിയാക്കുന്ന ഓരോ വർഷത്തിനും 25,000 രൂപ എന്ന നിരക്കിൽ പരമാവധി ആനുകൂല്യം 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതാണ്.

2. യഥാർത്ഥ പ്രാക്ടീസ് തുടരുന്ന സമയത്ത് മരണപ്പെടുന്ന ഒരംഗത്തിന്റെ നാമനിർദ്ദേശം ചെയ്യുന്ന ആളിനോ അല്ലെങ്കിൽ നിയമാനുസൃത അവകാശിക്കോ അനുവദിക്കുന്ന പരമാവധി ആനുകൂല്യം 5 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതാണ്.

3. ഫണ്ടിലെ അംഗങ്ങൾക്ക് മേജർ ശസ്ത്രക്രിയ ഉൾപ്പെടുന്ന ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്ന സംഗതിയിലോ ക്യാൻസർ ചികിത്സയ്ക്കും മറ്റ് ഗുരുതര രോഗങ്ങൾക്കും വേണ്ടിയോ 3 വർഷക്കാലയളവിലേയ്ക്ക് ഒരു ലക്ഷം രൂപ നൽകുന്നതിന് വ്യവസ്ഥ ചെയ്തു.

4. 30 വയസ്സ് പൂർത്തിയാക്കാത്തതും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും ബാറിലെ സേവനകാലം മൂന്ന് വർഷത്തിൽ അധികരിക്കാത്തതുമായ ഒരു അഭിഭാഷകന് ട്രസ്റ്റി കമ്മിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതും സർക്കാർ അംഗീകരിക്കുന്നതുമായ നിരക്കിൽ സ്റ്റൈപ്പെന്റ് നൽകുന്നതിന് വ്യവസ്ഥ ചെയ്തു. അതിൻപ്രകാരം കേരള അഭിഭാഷക ക്ഷേമനിധിയിൽനിന്നും പ്രതിമാസം 5,000 രൂപ (അയ്യായിരം രൂപ മാത്രം) നിരക്കിൽ സ്റ്റൈപ്പെൻഡ് അനുവദിക്കുന്നതിന് 9-3-2018-ലെ സ.ഉ. (എംഎസ്.) നമ്പർ 36/2018/നിയമം പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതുമാണ്.

(ബി) 30 വയസ്സ് പൂർത്തിയാക്കാത്തതും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും ബാറിലെ സേവനകാലം മൂന്ന് വർഷത്തിൽ അധികരിക്കാത്തതുമായ ഒരു അഭിഭാഷകന് ട്രസ്റ്റി കമ്മിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതും സർക്കാർ അംഗീകരിക്കുന്നതുമായ നിരക്കിൽ സ്റ്റൈപ്പെൻഡ് നൽകുന്നതിന് വ്യവസ്ഥ ചെയ്തതിൻ പ്രകാരം കേരള അഭിഭാഷക ക്ഷേമനിധിയിൽനിന്നും പ്രതിമാസം 5,000 രൂപ (അയ്യായിരം രൂപ മാത്രം) നിരക്കിൽ സ്റ്റൈപ്പെന്റ് അനുവദിക്കുന്നതിന് 9-3-2018-ലെ സ.ഉ. (എംഎസ്.) നമ്പർ 36/2018/നിയമം പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപ്പൻഡ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1. 30 വയസ്സ് പൂർത്തിയാക്കാത്തവരും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും ബാറിലെ സേവനകാലം മൂന്ന് വർഷത്തിൽ അധികരിക്കാത്തവരുമായ അഭിഭാഷകർക്ക് മാത്രമേ സ്റ്റൈപ്പെൻഡ് ലഭിക്കുവാൻ അർഹതയുള്ളൂ.

2. കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റിയുടെ നിശ്ചിത മാതൃകയിലുള്ള അപേക്ഷാ ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അഭിഭാഷകൻ അംഗമായിട്ടുള്ള ബാർ അസോസിയേഷൻ മുഖാന്തരവും ബന്ധപ്പെട്ട ബാർ അസോസിയേഷന്റെ ശിപാർശ സഹിതവുമാണ് ട്രസ്റ്റി കമ്മിറ്റിക്ക് അപേക്ഷ സമർപ്പിക്കേണ്ടത്.

3. അപേക്ഷകയുടെ/അപേക്ഷകന്റെ വയസ്സ് തെളിയിക്കുന്നതിനായി ഒരു ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ജനന സർട്ടിഫിക്കറ്റിന്റെ / മറ്റ് ആധികാരിക രേഖയുടെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. വാർഷിക വരുമാനം തെളിയിക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ അധികാരിയിൽനിന്നുള്ള വരുമാന സർട്ടിഫിക്കറ്റും, ബാറിലെ സേവനകാലവും നിലവിൽ സേവനം ചെയ്തുവരുന്നതുമായ വിവരങ്ങൾ തെളിയിക്കുന്നതിന് ബന്ധപ്പെട്ട ബാർ അസോസിയേഷൻ പ്രസിഡന്റ്/സെക്രട്ടറി നൽകുന്ന സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം സമർപ്പിച്ചിരി ക്കേണ്ടതാണ്.

4. ജൂനിയർ അഭിഭാഷകൻ സജീവ പ്രാക്ടീസിലാണെന്ന് സാക്ഷ്യ പ്പെടുത്തിക്കൊണ്ട് അദ്ദേഹത്തിന്റെ സീനിയർ അഭിഭാഷകൻ (പതിനഞ്ച് വർഷത്തിൽ കുറയാത്ത പ്രാക്ടീസുള്ള) അഥവാ ബന്ധപ്പെട്ട ബാർ അസോസിയേഷൻ നൽകിയ സാക്ഷ്യപത്രം മൂന്ന് മാസത്തിലൊരിക്കൽ ട്രസ്റ്റി കമ്മിറ്റി മുമ്പാകെ നൽകേണ്ടതാണ്.

5. തെറ്റായ വിവരങ്ങൾ നൽകിയോ വ്യാജരേഖ ചമച്ചോ സ്റ്റൈപ്പെൻഡ് കൈപ്പറ്റുന്ന അഭിഭാഷകൻ അപ്രകാരം കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരിച്ചടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. ഇതിന് പുറമേ ഇവർക്കെതിരെ ക്രിമിനൽ നടപടികളും സ്വീകരിക്കാവുന്ന താണ്. അനർഹരായവർക്ക് സ്റ്റൈപ്പെൻഡ് ലഭ്യമാക്കുന്നതിന് തെറ്റായ സർട്ടിഫിക്കറ്റുകൾ നൽകുന്ന ബാർ അസോസിയേഷൻ സെക്രട്ടറി/പ്രസിഡന്റ്/സീനിയർഅഭിഭാഷകനെതിരെയും അച്ചടക്ക

നടപടിയും നിയമനടപടികളും സ്വീകരിക്കാവുന്നതാണ്. മേൽ കാണിച്ച നിബന്ധനകൾ പാലിക്കുന്നതിന് മുദ്രപ്പത്രത്തിൽ ഒരു ബോണ്ട് നൽകേണ്ടതാണ്.

6. സ്റ്റൈപ്പെൻഡ് ലഭിക്കുവാനുള്ള അർഹത ട്രസ്റ്റി കമ്മിറ്റി കാലാകാലങ്ങളിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി നിശ്ചയിക്കുന്ന മറ്റ് വ്യസ്ഥകൾക്കുംകൂടി വിധേയമായിരിക്കും.

**അന്ധവിശ്വാസവും അനാചാരങ്ങളും നിയന്ത്രിക്കുന്ന നിയമം**

85 (4054) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്ധവിശ്വാസവും അനാചാരങ്ങളും നിയന്ത്രിക്കുന്ന എന്തെങ്കിലും നിയമം കേരളത്തിൽ നിലവിൽ പ്രാബല്യത്തിലുണ്ടോ;

(ബി) ഇല്ലെങ്കിൽ, ആയത് പ്രാബല്യത്തിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്ധവിശ്വാസവും അനാചാരങ്ങളും നിയന്ത്രിക്കുന്ന നിയമം കേരളത്തിൽ നിലവിലില്ല.

(ബി) ആഭ്യന്തര വകുപ്പിൽനിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ഇത്തരമൊരു നിയമനിർമ്മാണം സർക്കാരിന്റെ പരിശോധനയിലാണ്.

**കൊയിലാണ്ടിയിൽ എം.എ.സി.ടി. കോടതി**

86 (4055) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി സബ് കോടതിയിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ എം.എ.സി.ടി. കോടതി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും നടപടികൾ നിയമ വകുപ്പിൽ നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ;

ഉത്തരം

ആഭ്യന്തര വകുപ്പിൽനിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം 17-4-2012-ലെ സ.ഉ. (സാധാ.) നമ്പർ 1159/2012/ആഭ്യന്തരം നമ്പർ ഉത്തരവുപ്രകാരം പുറപ്പെടുവിച്ച മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലിന്റെ മുൻഗണനാ ലിസ്റ്റിൽ കോഴിക്കോട് മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണൽ 13-ാം നമ്പരായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## റോഡപകടങ്ങളുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തിനുള്ള കേസ്സുകൾ

87(4056) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലം റോഡപകടങ്ങളുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരത്തിനുള്ള എത്ര കേസ്സുകൾ കോടതികളിൽ തീർപ്പാക്കിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇത്തരം കേസ്സുകൾ കൈകാര്യം ചെയ്യുന്ന എം.എ.സി.ടി. (മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രിബ്യൂണൽ) എല്ലാ ജില്ലകളിലും ഉണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എം.എ.സി.ടി. ഇല്ലാത്ത ജില്ലകളിൽ ഇത്തരം കേസ്സുകൾ കൈകാര്യം ചെയ്യുന്നതെങ്ങനെയെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെങ്കിലും ജില്ലകളിൽ ഒന്നിൽ കൂടുതൽ എം.എ.സി.ടി. പ്രവർത്തിക്കുന്നുണ്ടോ എന്നും ഇല്ലാത്ത ജില്ലകളിൽ എന്തുകൊണ്ടാണ് എം.എ.സി.ടി. ഇത് വരെ സ്ഥാപിക്കാത്തതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## നവോത്ഥാന ആശയങ്ങൾ പ്രചരിപ്പിക്കുവാൻ പദ്ധതി

88 (4057) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എം. മുകേഷ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പ്രബുദ്ധമായ സാംസ്കാരിക സാമൂഹ്യ പുരോഗതിക്ക് ആധാരമായ നവോത്ഥാനമൂല്യങ്ങൾ തകർക്കുന്നതിന് ചിലർ ബോധപൂർവ്വം നടത്തുന്ന പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നവോത്ഥാന ആശയങ്ങൾ പ്രചരിപ്പിക്കുന്ന സാംസ്കാരിക കേന്ദ്രങ്ങളും നവോത്ഥാന സ്മാരകങ്ങളും സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലകൾതോറും നവോത്ഥാന, സാംസ്കാരിക കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; പ്രസ്തുത പദ്ധതികൾക്ക് ആവശ്യമായ തുക എവിടെനിന്നും കണ്ടെത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സമൂഹത്തിൽ ജാതി-മതശക്തികൾ മേൽക്കോയ്മയ്ക്ക് ശ്രമിക്കുന്ന പ്രവണത ഇന്ത്യൻ സംസ്ഥാനങ്ങളിൽ വ്യാപകമാണ്. ഈ പ്രവണത ചെറിയ തോതിൽ നമ്മുടെ സംസ്ഥാനത്തുമുണ്ട്.

(ബി) മതേതര സംസ്കാരം അനുവർത്തിച്ചുപോരുന്ന നമ്മുടെ സമൂഹത്തെ അതിന്റെ അർത്ഥവ്യാപ്തി മുഴുവൻ ഉൾക്കൊള്ളുന്ന രീതിയിലും വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കുന്നതിനും സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങളെ മുന്നോട്ട് കൊണ്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സാംസ്കാരിക മേഖലയെ വർഗ്ഗീയവൽക്കരിക്കുന്നത് തടയുന്നതിനും മാനവികതയ്ക്കും നവോത്ഥാന മൂല്യങ്ങൾക്കുമെതിരെ പ്രതിലോമ ശക്തികൾ നടത്തുന്ന കടന്നാക്രമണം പ്രതിരോധിക്കാൻ സാംസ്കാരിക സ്ഥാപനങ്ങൾവഴി മുൻകയ്യെടുത്ത് പ്രവർത്തിക്കുന്നുണ്ട്. അതിന്റെ ഭാഗമായി നമുക്ക് ജാതിയോ മതമോ ഇല്ലെന്ന ശ്രീനാരായണഗുരുവിന്റെ വിളംബരത്തിന്റെ 100-ാം വാർഷികം വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആഘോഷിക്കാൻ സർക്കാർ മുൻകയ്യെടുത്തു. ഈ പരിപാടി സംസ്ഥാനമൊട്ടാകെ 6000-ത്തോളം സ്ഥലങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഇതേ മാതൃകയിൽ സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികത്തിൽ "വിവേകാനന്ദ സ്വർഗ്ഗം" എന്ന പരിപാടിയും മതതീവ്രവാദികൾ വധിച്ച മഹാത്മാ ഗാന്ധിയുടെ 70-ാം രക്തസാക്ഷി വാർഷികം "രക്ത സാക്ഷ്യം" എന്ന പേരിലും വിപുലമായി സംഘടിപ്പിക്കുകയാണ്.

(സി) ഉണ്ട്. നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും 50 കോടി രൂപ വീതം ചെലവാക്കി നിർമ്മിക്കുന്ന ഏതാണ്ട് അഞ്ചേക്കർ സ്ഥലത്ത് നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതികൾക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനായി ഏജൻസിയെ ടെൻഡർ നടപടി മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. ടി പദ്ധതിക്കായി ഓരോ ജില്ലയിലും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ധ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. പത്തനംതിട്ട, കോട്ടയം, തിരുവനന്തപുരം എന്നിവ ഒഴികെയുള്ള ജില്ലകളിൽ സ്ഥലലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. ഡി.പി.ആർ. പൂർത്തിയാക്കി ടെൻഡർ നടപടികൾ പാലിച്ച് ലഭ്യമായ സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. കിഫ്ബിയിൽ

(KIIFB)നിന്നും ഒരു ജില്ലയിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് ശരാശരി 50 കോടി രൂപ എന്ന നിരക്കിൽ 14 ജില്ലകൾക്ക് ആകെ 700 കോടി രൂപ അടങ്കലാണ് നിശ്ചയിച്ചിട്ടുള്ളത്. ടെൻഡർ ചെയ്യുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതും പദ്ധതിക്കാവശ്യമായ തുക കിഫ്ബിയിൽനിന്നും ലഭ്യമാവുന്നതുമാണ്.

## സാംസ്കാരിക വകുപ്പിന്റെ കീഴിൽ നടപ്പാക്കിയ പരിപാടികൾ

89 (4058) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക വകുപ്പിന്റെ കീഴിൽ എന്തൊക്കെ പരിപാടികളാണ് നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) ഓരോ പരിപാടിയുടെയും വിശദാംശവും അതിനായി ചെലവഴിച്ച തുകയും ജില്ലതിരിച്ച് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക വകുപ്പിന്റെ കീഴിൽ വിവിധ സ്ഥാപനങ്ങൾ നടപ്പാക്കിയ പ്രധാന പരിപാടികളുടെ വിശദാംശവും അതിനായി ചെലവഴിച്ച തുകയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു :

സാംസ്കാരിക ഡയറക്ടറേറ്റ്

| പരിപാടി | | തുക |
|---|---|---|
| പൈതൃകോത്സവം-തെലുങ്കാന, | | |
| ഹൈദരാബാദ് | - | 9,11,500 രൂപ |
| പൈതൃകോത്സവം-ഡൽഹി | - | 15,00,000 രൂപ |
| വിവേകാനന്ദ സ്പർശം | - | 39,03,515 രൂപ. |

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ബോർഡ് കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, പത്തനംതിട്ട എന്നീ ജില്ലകളിൽ സാംസ്കാരിക സംഗമം സംഘടിപ്പിക്കുകയും കലാകാരന്മാരെ അംഗങ്ങളാക്കുകയും ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| കാസർഗോഡ്, വയനാട് | - | 45,620 രൂപ |
| കോഴിക്കോട്, കണ്ണൂർ, മലപ്പുറം | - | 74,914 രൂപ |
| പാലക്കാട് | - | 37,500 രൂപ |
| പത്തനംതിട്ട | - | 934 രൂപ |

പൈതൃക പഠനകേന്ദ്രം

അന്തർദ്ദേശീയ പുരാരേഖാ ദിനം, ലോക പരിസ്ഥിതി ദിനം തുടങ്ങിയ നിരവധി ദിനാചരണങ്ങൾ, സർദാർ കെ.എം. പണിക്കർ, സർ. സി. ശങ്കരൻ നായർ, പ്രൊഫ. ഇ. ശ്രീധരമേനോൻ, ഇ.എം.എസ്. നമ്പൂതിരിപ്പാട്, പരീക്ഷിത്ത് തമ്പുരാൻ എന്നിവരുടെ സ്മരണാർത്ഥമുള്ള പുരസ്കാരദാനം, പുസ്തക പ്രദർശനം, ചുമർചിത്ര പ്രദർശനം തുടങ്ങിയ പരിപാടികൾക്കായി 5,02,223 രൂപ ചെലവ് ചെയ്തിട്ടുണ്ട്.

ഗുരുഗോപിനാഥ് നടനഗ്രാമം

| | | |
|---|---|---|
| നൃത്ത-സംഗീത-വാദ്യകലകളിൽ 11 വിഷയങ്ങളിൽ കുട്ടികൾക്കും യുവാക്കൾക്കും മുതിർന്നവർക്കും മികച്ച പരിശീലനം | - | 34,75,684 രൂപ |
| അന്തർദ്ദേശീയ മ്യൂസിയം ശിൽപ്പശാല | - | 34,41,947 രൂപ |
| പൊലി-പ്രതിമാസ കലാമേള | - | 3,19,992 രൂപ |
| 2017-ൽ ദേശീയ നൃത്തോത്സവം | - | 10,00,00 രൂപ |
| ഗുരുഗോപിനാഥ് നാട്യ പുരസ്കാരം | - | 9,98,587 രൂപ |
| ഗുരുഗോപിനാഥ് നാട്യ സംഘം രൂപീകരണം | - | 2,00,000 രൂപ |
| ശ്രേഷ്ഠ ഭാഷാ വാരാചരണം | - | 1,00,000 രൂപ |

കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്

| | | |
|---|---|---|
| പുസ്തക മേളകൾ | - | 18,28,432 രൂപ |

ചലച്ചിത്ര അക്കാദമി

അന്താരാഷ്ട്ര ചലച്ചിത്ര മേള 2016, 2017, സ്കൂൾ കുട്ടികൾക്ക് ചലച്ചിത്ര ക്യാമ്പുകൾ, സിനിമാ ടി.വി. അവാർഡ്, ടൂറിംഗ് ടാക്കീസ് പരിപാടികൾ 2016, 2017 എന്നിവയ്ക്കായി 17,55,68,110 രൂപ ചെലവഴിച്ചു.

ഫോക് ലോർ അക്കാദമി

താന്നൂർ ദേശീയോത്സവം - 24,56,906 രൂപ

കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ

ഇന്ത്യൻ നേവിയിൽനിന്നും ലഭിച്ച യുദ്ധസ്മാരകമായ സീഹോക്ക് യുദ്ധവിമാനത്തിന് മേൽക്കൂര നിർമ്മിച്ചു. യുദ്ധസ്മാരകം പൊതുജനങ്ങൾക്ക് സന്ദർശനത്തിനായി തുറന്നുകൊടുത്തു. ഇതിലേയ്ക്ക് 23,73,440 രൂപ ചെലവഴിച്ചു.

കേരള സാഹിത്യ അക്കാദമി

നടപ്പാക്കിയ പ്രധാന പരിപാടികളുടെ വിശദാംശവും അതിനായി ചെലവഴിച്ച തുകയുടെ വിവരങ്ങളും അനുബന്ധം 1 ആയും*

ഭാരത് ഭവൻ

നടപ്പാക്കിയവ അനുബന്ധം 2 ആയും*

ലളിതകലാ അക്കാദമിയുടെ പരിപാടികൾ അനുബന്ധം 3 ആയും*

കേരള സംഗീത നാടക അക്കാദമിയുടെ പരിപാടികൾ അനുബന്ധം 4 ആയും ചേർക്കുന്നു.*

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

| | | |
|---|---|---|
| കുട്ടികളുടെ പുസ്തകങ്ങളുടെ പ്രസിദ്ധീകരണം | - | 90,00,000 രൂപ |
| തളിര് മാസിക പ്രസിദ്ധീകരണം | - | 52,00,000 രൂപ |
| ബാലസാഹിത്യ പുരസ്കാരം | - | 7,26,837 രൂപ |
| ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങളുടെ പബ്ലിസിറ്റി | - | 1,84,191 രൂപ |
| വർക്ക് ഷോപ്പുകളും സെമിനാറുകളും | - | 20,00,000 രൂപ |
| എക്സിബിഷൻ, അക്ഷരയാത്ര | - | 14,00,000 രൂപ |

വാസ്തുവിദ്യാ ഗുരുകുലം

ലോക കേരള സഭയുടെ പ്രഥമ
സമ്മേളനത്തിന്റെ ഭാഗമായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | | |
|---|---|---|
| കേരള-ഡൽഹി സാംസ്കാരിക പൈതൃകോത്സവത്തിൽ ചുമർചിത്രത്തിന്റെ പ്രവർത്തനം | - | 1,38,239 രൂപ |
| പത്തനംതിട്ട ജില്ലയിൽ വിവേകാനന്ദ സ്പർശം പരിപാടി | - | 3,09,090 രൂപ |
| <u>കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ</u> | | |
| നോർത്ത് പറവൂർ, ചിറ്റൂർ ചിത്രാഞ്ജലി തീയേറ്റർ ആധുനികവൽക്കരണം | - | 7,90,686 രൂപ |
| തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കിഫ്ബിയുടെ ധനസഹായത്തോടെ തീയേറ്റർ സമുച്ചയങ്ങൾ സ്ഥാപിക്കൽ | - | 5,25,012 രൂപ |
| ആലപ്പുഴ ജില്ലയിലെ വിവേകാനന്ദ സ്പർശം | - | 1,02,608 രൂപ |
| ചിത്രാഞ്ജലി സ്റ്റുഡിയോയിൽ പുതിയ ഡബ്ബിംഗ് സ്റ്റുഡിയോയും പ്രിവ്യൂ തീയേറ്ററും നിർമ്മാണം | - | 3,71,865 രൂപ |
| <u>കേരള സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്</u> | | |
| മലയാളം ശ്രേഷ്ഠ ഭാഷാ ദിനാചരണം | - | 5,312 രൂപ |
| ഇടുക്കി ജില്ലയിൽ വിവേകാനന്ദ സ്പർശം | - | 1,74,011 രൂപ |
| മഹാത്മാഗാന്ധിയുടെ 70-ാം രക്തസാക്ഷി ദിനാചരണത്തിന്റെ ഉദ്ഘാടനം | - | 2,01,833 രൂപ |
| <u>ശ്രീനാരായണ അന്തർദ്ദേശീയ പഠനകേന്ദ്രം</u> | | |
| പന്തിഭോജന സ്മൃതി സംഗമം, തിരുവനന്തപുരം | - | 1,84,689 രൂപ |
| കണ്ണൂർ | - | 92,799 രൂപ |
| കോട്ടയം | - | 83,918 രൂപ |
| എറണാകുളം | - | 10,600 രൂപ |

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

| | | |
|---|---|---|
| വിവേകാനന്ദ സ്പർശം | - | 3,14,224 രൂപ |
| മഹാത്മാഗാന്ധിയുടെ രക്തസാക്ഷ്യം-2018 | - | 17,987 രൂപ |
| ഭരണ ശബ്ദാവലിയുടെ മൊബൈൽ ആപ്ലിക്കേഷൻ | - | 3,52,950 രൂപ. |

## സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് പദ്ധതി

90(4059) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ സമ്പന്നവും വൈവിധ്യവുമായ സംസ്കാരത്തെ പരിപോഷിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സാംസ്കാരിക പൈതൃകത്തിന്റെ പ്രോത്സാഹനത്തിനും പ്രചരണത്തിനുമായി സംസ്ഥാനത്ത് ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി നൂതന സാങ്കേതികവിദ്യകളുടെയും ദൃശ്യമാധ്യമങ്ങളുടെയും സാധ്യതകൾ എപ്രകാരമാണ് പ്രയോജനപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പദ്ധതി നിർവ്വഹണം വിലയിരുത്തുന്നതിനുമായി ഒരു ഉന്നത സമിതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഇ) വിദ്യാർത്ഥികൾക്കും യുവാക്കൾക്കുമിടയിൽ സാംസ്കാരികാവബോധം വളർത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മൺമറഞ്ഞുപോയ സാഹിത്യകാരൻമാരുടെ സ്മരണകൾ സ്ഥാപിക്കലും അവയുടെ നിലനിർത്തലും കാലഹരണപ്പെട്ട് പോയേക്കാവുന്ന ക്ലാസിക് സാഹിത്യ രചനകളുടെ ഡിജിറ്റൈസേഷനും സംരക്ഷണവും സംസ്കാരത്തനിമ ആവിഷ്കരിക്കുന്ന

രീതിയിലുള്ള പഠനഗ്രന്ഥങ്ങളുടെ പ്രകാശനവും വിൽപ്പനയും തുടങ്ങിയവ കേരള സാഹിത്യ അക്കാദമി നിർവ്വഹിക്കുന്നുണ്ട്. സാംസ്കാരിക വകുപ്പിൻ കീഴിലെ ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനമായ മാർഗ്ഗി കേരളത്തിന്റെ സാംസ്കാരിക പൈതൃകവും തനത് ക്ലാസിക്കൽ കലകളുമായ കഥകളി, കൂടിയാട്ടം, കൂത്ത് എന്നിവ അഭ്യസിപ്പിക്കുകയും രംഗത്ത് അവതരിപ്പിക്കുകയും പരിപോഷിപ്പിക്കുകയും ആട്ടക്കഥകളും പ്രബന്ധങ്ങളും ചൊല്ലിയാടി കലാകാരൻമാർക്ക് ഉപരിപരിശീലനം നൽകുകയും ചെയ്യുന്നു. സാംസ്കാരിക വകുപ്പ് നേരിട്ട് ശ്രീനാരായണ ഗുരുവിന്റെ ജാതിയില്ലാ വിളംബരത്തിന്റെ 100-ാം വാർഷികം, സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികം, മഹാത്മാഗാന്ധി രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികം എന്നിവ വിപുലമായ പരിപാടികളോടെ ആചരിക്കുന്നു. കുട്ടികളിൽ വായനാശീലവും മാതൃഭാഷാ സ്നേഹവും വളർത്തുക എന്ന ലക്ഷ്യത്തോടെയുള്ള അക്ഷര യാത്ര പദ്ധതി, സാംസ്കാരിക സാമുദായിക പ്രവർത്തകരെ ആദരിക്കുന്ന ഗുരുപൂജ, സാഹിത്യമത്സരങ്ങൾ, പുസ്തക പ്രദർശനം, സർഗ്ഗ വസന്തം എന്ന പേരിൽ അവധിക്കാല ക്യാമ്പുകൾ എന്നിവ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ചിട്ടുണ്ട്.

കേരളത്തിന്റെ സമ്പന്നവും വൈവിധ്യവുമായ സംസ്കാരത്തെ പരിപോഷിപ്പിക്കുന്നതിനും പ്രവാസി വിദ്യാർത്ഥികൾക്കും യുവാക്കൾക്കുമിടയിൽ സാംസ്കാരികാവബോധം വളർത്തുന്നതിനുമായി മലയാളം മിഷൻ ഇന്ത്യയ്ക്കകത്തും പുറത്തും മലയാള ഭാഷാ പഠന കേന്ദ്രങ്ങൾ ആരംഭിക്കുകയും വിവിധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. കേരളത്തിന്റെ പരമ്പരാഗത വാസ്തു ശില്പശൈലികൾ, സമ്പന്നമായ ചുവർചിത്ര പാരമ്പര്യം, സാംസ്കാരിക പൈതൃകങ്ങൾ എന്നിവ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ വാസ്തുവിദ്യാ ഗുരുകുലം നടത്തി വരുന്നു. കേരളത്തിന്റെ സാംസ്കാരിക പൈതൃകവുമായി ബന്ധപ്പെട്ട വിവിധ മേഖലകളുടെ പരിപോഷണത്തിനും വ്യാപനത്തിനുമായി പൈതൃക പഠനകേന്ദ്രം പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. സമ്പന്നവും വൈവിധ്യവുമായ നൃത്ത-സംഗീത-വാദ്യകലാ രംഗത്തെ പരിപോഷിപ്പിക്കുന്നതിനായി ശില്പശാല, സെമിനാർ, സാംസ്കാരികോത്സവം, കലാപരിശീലനം തുടങ്ങിയ ഒട്ടേറെ പരിപാടികൾ ഗുരുഗോപിനാഥ് നടനഗ്രാമം സംഘടിപ്പിക്കുന്നുണ്ട്.

വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന കേരള സംഗീത നാടക അക്കാദമി നൃത്തം, നാടകം, സംഗീതം, മാജിക്, നാടൻ കലകൾ എന്നിവയെ പരിപോഷിപ്പിക്കുകയും കലാകാരൻമാർ, കലാസ്ഥാപനങ്ങൾ, കലാസംഘടനകൾ എന്നിവരെ സഹകരിപ്പിച്ചും ഏകോപിപ്പിച്ചും വിവിധ കലാവിഭാഗങ്ങളിൽ കലോത്സവങ്ങൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുകയും ഭാരതത്തിലെ മറ്റ് സംസ്ഥാനങ്ങളുമായി സാംസ്കാരിക

വിനിമയ പരിപാടികൾ സംഘടിപ്പിക്കുകയും കലാസംബന്ധിയായ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. വിവിധ കലാമേഖലകളിൽ വിശിഷ്ട സംഭാവനകൾ നൽകിയ കലാകാരൻമാർക്ക് വർഷംതോറും ഫെലോഷിപ്പ്, അവാർഡ്, ഗുരുപൂജ പുരസ്കാരങ്ങൾ നൽകുന്നു. അന്തർദ്ദേശീയ നാടകോത്സവം ITFOK നടത്തിവരുന്നു. നൃത്തം, നാടകം, സംഗീതം എന്നീ മേഖലകളിൽ കേന്ദ്ര സംഗീത നാടക അക്കാദമിയുമായി സഹകരിച്ച് കലോത്സവങ്ങൾ സംഘടിപ്പിച്ചും അക്കാദമി തങ്ങളുടെ പ്രവർത്തനം ശ്രദ്ധേയമാക്കിയിട്ടുണ്ട്. കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവൻ കഴിഞ്ഞ രണ്ട് വർഷങ്ങളിലായി കേരളത്തിന്റെ സംസ്കാരത്തെയും കലകളെയും പ്രോത്സാഹിപ്പിക്കുന്നതിന് ഒട്ടനവധി സാംസ്കാരിക വിനിമയ അവതരണങ്ങൾ വിവിധ സംസ്ഥാനങ്ങളിൽ സംഘടിപ്പിക്കുകയുണ്ടായി.

(ബി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സംസ്ഥാന സർവ്വ വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്, മലയാളം മിഷൻ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, കേരള കലാമണ്ഡലം കൽപ്പിത സർവ്വകലാശാല, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സാഹിത്യ അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള ഫോക്‌ലോർ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ, ഡിപ്പാർട്ട്മെന്റ് ഓഫ് സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ്, ശ്രീനാരായണ ഇന്റർനാഷണൽ സ്റ്റഡി സെന്റർ, വാസ്തുവിദ്യാ ഗുരുകുലം, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, ഗുരു ഗോപിനാഥ് നടനഗ്രാമം, കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്, മാർഗ്ഗി, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി, മൂലൂർ സ്മാരകം, ഭാരത് ഭവൻ, കൊങ്കിണി സാഹിത്യ അക്കാദമി, കുഞ്ചൻ നമ്പ്യാർ സ്മാരകം, ഉണ്ണായി വാര്യർ സ്മാരകം തുടങ്ങി നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

(സി) മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയിൽ ടി.എ. റസാഖിന്റെ പേരിൽ ഓഡിയോ വിഷ്വൽ തിയേറ്റർ സ്ഥാപിച്ചിട്ടുണ്ട്. അതോടൊപ്പം നൂതന സാങ്കേതികവിദ്യയിൽ റിക്കാർഡിംഗ് സ്റ്റുഡിയോ നിർമ്മാണ ഘട്ടത്തിലാണ്. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ അധീനതയിൽ നൂതന സാങ്കേതികവിദ്യകൾ ഉൾക്കൊള്ളിച്ച് പുതിയ രീതിയിലുള്ള 16 സിനിമാ തിയേറ്ററുകൾ എട്ട് സെന്ററുകളിലായി പ്രവർത്തിക്കുന്നു. കലാവിഷ്കാരങ്ങളിൽ കേരള സംഗീത നാടക അക്കാദമി നൂതന സാങ്കേതികവിദ്യകൾ പരമാവധി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കുന്നുണ്ട്. അക്കാദമിയുടെ പ്രവർത്തനങ്ങൾക്കും പ്രചരണങ്ങൾക്കും സോഷ്യൽ മീഡിയയും നൂതന സാങ്കേതികവിദ്യയും പരമാവധി ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഇ-ബുക്കുകൾ പുറത്തിറക്കുന്നു. ലിപി സംബന്ധമായും ഭാഷാ സംബന്ധമായും ഇൻസ്റ്റിറ്റ്യൂട്ട് നിരവധി പഠന പരിപാടികൾ നടത്തുന്നുണ്ട്.

(ഡി) സാംസ്കാരിക സ്ഥാപനങ്ങളുടെ ഏകോപനവും സമന്വയവും സാധ്യമാക്കുവാനും അവയ്ക്കുള്ള ധനസഹായം നിശ്ചയിക്കുന്നതിൽ ഉപദേശിക്കുവാനും കലാ സാംസ്കാരിക മേഖലയിൽ നവീന സർഗ്ഗാത്മക സംരംഭങ്ങൾക്ക് ആശയാവിഷ്കാരം നടത്തുന്നതിനും സാംസ്കാരിക നയ രൂപീകരണത്തിന് ഉപദേശം നൽകുവാനുമായി ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രി അദ്ധ്യക്ഷനായും സാംസ്കാരിക വകുപ്പ് സെക്രട്ടറി ഉപാദ്ധ്യക്ഷനായും സാംസ്കാരിക ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്.

(ഇ) വിദ്യാർത്ഥികൾക്കും യുവാക്കൾക്കുമിടയിൽ സാംസ്കാരിക അവബോധം വളർത്തുന്നതിനായി കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് പുസ്തകമേളകളും വിദ്യാർത്ഥികളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിനായി യു. പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലത്തിൽ വായനാ മത്സരങ്ങളും സംഘടിപ്പിക്കുകയുണ്ടായി. വിദ്യാർത്ഥികളെയും യുവജനങ്ങളെയും ലക്ഷ്യമിട്ട് കലാപരിശീലനം, അവബോധന ക്യാമ്പുകൾ എന്നിവ കൂടാതെ പുതിയ തലമുറയിൽ സർഗ്ഗശേഷി വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ മാസവും 'പൊലി' രംഗാവതരണ പരിപാടി ഗുരു ഗോപിനാഥ് നടനഗ്രാമം സംഘടിപ്പിക്കുന്നുണ്ട്. കേരള സംഗീത നാടക അക്കാഡമി സെമിനാറുകളും സിമ്പോസിയങ്ങളും അതാത് കലാരൂപങ്ങളിലെ ആധികാരികമായ അറിവ് നൽകുന്നതിനുള്ള ശില്പശാലകൾ, പുതിയ തലമുറകളുടെ കലാവിഷ്കാരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി കലോത്സവങ്ങൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാന ചലച്ചിത്ര അക്കാഡമി വിദ്യാർത്ഥികൾക്കായി ഫെലോഷിപ്പുകളും സ്കോളർഷിപ്പുകളും അനുവദിക്കുന്നുണ്ട്. കേരളത്തിലെ സമ്പന്നവും വൈവിധ്യവുമായ സംസ്കാരത്തെ പരിപോഷിപ്പിക്കുന്നതിനും പ്രവാസി വിദ്യാർത്ഥികൾക്കും യുവാക്കൾക്കുമിടയിൽ സാംസ്കാരികാവബോധം വളർത്തുന്നതിനുമായി ഇൻഡ്യയ്ക്കകത്തും പുറത്തും മലയാള പഠന കേന്ദ്രങ്ങൾ ആരംഭിക്കുകയും മാസ്സീവ് ഓപ്പൺ ലൈൻ കോഴ്സുകൾ, കവിത, ഉപന്യാസ മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കേരളത്തിന്റെ പരമ്പരാഗത വാസ്തു ശില്പശൈലികൾ, ചുമർചിത്രകല തുടങ്ങിയവയുടെ പരിപോഷണത്തിന് വിവിധ കോഴ്സുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കായി 'കളരി' എന്ന പേരിൽ, സംസ്ഥാനത്തെ നിരവധി കലാ സാംസ്കാരിക സംഘടനകളുമായി ചേർന്ന് കലാപരിശീലന-ആസ്വാദന ക്ലാസ്സുകൾ കേരള ലളിതകലാ അക്കാഡമി നടത്തുന്നുണ്ട്.

## താനൂരിൽ നടന്ന ദേശീയ സാംസ്കാരികോത്സവം

91 (4060) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫോക്‌ലോർ അക്കാഡമിയുടെ ആഭിമുഖ്യത്തിൽ താനൂരിൽ നടന്ന ദേശീയ സാംസ്കാരികോത്സവ (മിലൻ)ത്തിന് ആകെ എത്ര തുകയാണ് ഫണ്ട് അനുവദിച്ചിരുന്നത്; ഓരോ വിഭാഗത്തിനുമായി അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫണ്ടിൽനിന്നും എത്ര തുകയാണ് വിനിയോഗിച്ചത്; ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) താനൂരിൽ നടന്ന ദേശീയോത്സവവുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും ബാധ്യതകൾ കേരള ഫോക്‌ലോർ അക്കാഡമി കൊടുത്തു തീർക്കാനുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) കേരള ഫോക്‌ലോർ അക്കാഡമിയുടെ ആഭിമുഖ്യത്തിൽ താനൂരിൽ നടന്ന ദേശീയ സാംസ്കാരികോത്സവത്തിന് അക്കാഡമിയുടെ പദ്ധതി വിഹിതത്തിൽ നിന്ന് 24,56,906 രൂപ (ഇരുപത്തിനാല് ലക്ഷത്തി അൻപത്താറായിരത്തി തൊള്ളായിരത്തി ആറ് രൂപ മാത്രം) കേരള ഫോക്‌ലോർ അക്കാഡമി അനുവദിച്ച് നൽകിയിരുന്നു. ഇനം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) ബഹുമാനപ്പെട്ട എം.എൽ.എ. വി. അബ്ദുറഹിമാൻ ചെയർമാനായ സ്വാഗത സംഘംവഴി ലഭിച്ച പ്രാദേശിക പരിപാടിയുടെ ചെലവ് ഇനത്തിൽ 4,73,000 രൂപയും ക്ലീനിംഗ് ചെലവ് ഇനത്തിൽ 1,21,250 രൂപയും ചേർത്ത് ആകെ 5,94,250 (അഞ്ച് ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി ഇരുന്നൂറ്റി അമ്പത്) രൂപയുടെ ബിൽ അക്കാഡമി സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു.

**അക്കാമ്മ ചെറിയാൻ സാംസ്കാരിക നിലയം**

92 (4061) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് അനുവദിച്ച അക്കാമ്മ ചെറിയാൻ സാംസ്കാരിക നിലയം ആരംഭിക്കുന്നതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സാംസ്കാരിക നിലയം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ അക്കാമ്മ ചെറിയാന്റെ പേരിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് ഭൂമി കണ്ടെത്തു ന്നതിന്റെ ഭാഗമായി 5-3-2018-ലെ സ.ഉ. (കൈ) നമ്പർ 81/2018/റവ. എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ പീരുമേട് വില്ലേജിൽ സർവ്വേ നമ്പർ 176/185 pt, 186 pt, 197 pt, 200 pt, 201 pt എന്നിവയിൽപ്പെട്ട 2.0841 ഹെക്ടർ വസ്തുവിൽ 4.31 ഏക്കർ സർക്കാർ പുറമ്പോക്ക് ഭൂമിയുടെ ഉടമസ്ഥത റവന്യൂ വകുപ്പിൽത്തന്നെ നിലനിർത്തിക്കൊണ്ട് സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകിക്കൊണ്ട് സർക്കാരിലെ റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ മന്നാം കണ്ടം വില്ലേജിൽപ്പെടുന്ന 1061/1, 1061/3, 1066/1 എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെടുന്ന 5 ഏക്കർ സ്വകാര്യ ഭൂമി സൗജന്യമായി സർക്കാരിന് വിട്ടുതരാമെന്ന് പ്രസ്തുത സ്ഥലം ഉടമ അറിയിച്ചതായുള്ള സാംസ്കാരിക വകുപ്പദ്ധ്യക്ഷന്റെ കത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ച് സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ ഇടുക്കി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ടി സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനുള്ള സ്ഥലം തീർച്ചപ്പെടുത്തി ഏറ്റെടുത്തതിനുശേഷം സാംസ്കാരിക സമുച്ചയ പദ്ധതിക്കായിട്ടുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കി ടെൻഡർ നടപടി പാലിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## വേളിയിൽ രാജ്യാന്തര സംഗീത നൃത്ത വിദ്യാലയം ആരംഭിക്കുന്നതിന് നടപടി

93 (T* 4062) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ വേളിയിൽ രാജ്യാന്തര സംഗീത നൃത്ത വിദ്യാലയം ആരംഭിക്കുന്നതിനുള്ള ഭൂമി സർക്കാർ കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഭൂമി കൈമാറുന്നതിന് തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) തടസ്സങ്ങൾ പരിഹരിച്ച് വിദ്യാലയം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

*'T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ&ബി) വേളി ടൂറിസ്റ്റ് വില്ലേജ് എന്ന പദ്ധതിക്കായി ടൂറിസം വകുപ്പിന്റെ പക്കലുണ്ടായിരുന്ന 25 ഏക്കർ സ്ഥലത്തുനിന്നും രണ്ടേക്കർ സ്ഥലം ഉസ്താദ് അംജത് അലി ഖാന് അന്താരാഷ്ട്ര നിലവാരമുള്ള സംഗീത അക്കാഡമി ആരംഭിക്കാനായി കൈമാറുന്നതിന് തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ട് റവന്യൂ വകുപ്പ് 18-2-2016-ലെ G.O.(Ms.)No.127/2016/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സാംസ്കാരിക വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയല്ല.

**കോട്ടൂരിൽ എൻ.എൻ. കക്കാട് സ്മാരക മന്ദിരം**

94 (4063) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കോട്ടൂരിൽ നിർമ്മിക്കുന്ന എൻ.എൻ. കക്കാട് സ്മാരക മന്ദിരത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൻ.എൻ.കക്കാട് സ്മാരക മന്ദിരം നിർമ്മിക്കുന്നതിനായുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരള സാഹിത്യ അക്കാദമി ലഭ്യമാക്കിയ 75 ലക്ഷം രൂപയുടെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ എൻ.എൻ. കക്കാടിന് ജന്മനാട്ടിൽ സ്മാരകം നിർമ്മിക്കുന്നതിന് 19-3-2018-ൽ 75 ലക്ഷം രൂപ സാഹിത്യ അക്കാഡമിക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**ജില്ലകളിൽ നവോത്ഥാന നായകൻമാർക്ക് സ്മാരകം**

95 (4064) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നവോത്ഥാന നായകൻമാരുടെ സ്മാരകമായി ഓരോ ജില്ലയിലും ഓരോ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനുള്ള പദ്ധതിയിൽ ഏതെല്ലാം ജില്ലകളിൽ പദ്ധതിക്കായുള്ള സ്ഥലം സാംസ്കാരിക വകുപ്പിന് കൈമാറിക്കിട്ടിയെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിലെ പദ്ധതിക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിച്ച് ഭരണാനുമതിയും ഫണ്ട് ലഭ്യതയും ഉറപ്പാക്കിയെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ജില്ലകളിലെ പദ്ധതി പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കേരളത്തിന്റെ നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഇടുക്കി, കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സ്ഥലം ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, പത്തനംതിട്ട, വയനാട് ഒഴികെയുള്ള ജില്ലകളിൽ സ്ഥലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി&സി) ഓരോ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം തീർച്ചപ്പെടുത്തി ഏറ്റെടുത്തതിനുശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് കൺസൾട്ടിംഗ് ഏജൻസി തയ്യാറാക്കി നൽകുന്നമുറയ്ക്ക് പദ്ധതിയുടെ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്.

**അക്കാദമികളിൽ ദേശീയ പെൻഷൻ പദ്ധതി**

96 (4065) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാംസ്കാരിക വകുപ്പിന്റെ കീഴിൽ എത്ര അക്കാദമികളുണ്ട്; പ്രസ്തുത അക്കാദമികളിൽ എല്ലാം സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ബി) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള അക്കാദമികളിൽ നിലവിൽ ഏത് തരത്തിലുള്ള പെൻഷൻ പദ്ധതിയാണ് നടപ്പിലാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അക്കാദമികളിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) സാംസ്കാരികകാര്യ വകുപ്പിന് കീഴിൽ 9 അക്കാഡമികൾ പ്രവർത്തിക്കുന്നുണ്ട്. സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള അക്കാഡമികളിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടില്ല. എന്നാൽ കേരള സാഹിത്യ അക്കാഡമി, കേരള ലളിതകലാ

അക്കാഡമി, കേരള സംഗീത നാടക അക്കാഡമി, കേരള ഫോക്‌ലോർ അക്കാഡമി എന്നീ സ്ഥാപനങ്ങളിൽ സർവ്വീസ് ചട്ടം നിലവിലുണ്ട്. ടി അക്കാഡമികളുടെ നിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടില്ലാത്തതിനാൽ സ്പെഷ്യൽ റൂൾ രൂപീകരിച്ചിട്ടില്ല.

(ബി&സി) സാംസ്കാരിക സ്ഥാപനങ്ങളിൽനിന്നും വിരമിച്ച ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതിയാണ് അക്കാദമികളിൽ നടപ്പിലാക്കിയിരിക്കുന്നത്. സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം മുഖേനയാണ് പെൻഷൻ നൽകിവരുന്നത്. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽനിന്ന് വിരമിച്ചിട്ടുള്ള ജീവനക്കാർ പ്രസ്തുത പദ്ധതിക്ക് കീഴിൽ വരുന്നു.

1. കേരള സാഹിത്യ അക്കാദമി
2. കേരള സംഗീത നാടക അക്കാദമി
3. കേരള ലളിതകലാ അക്കാദമി
4. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി.

പ്രസ്തുത അക്കാദമികളിൽ 2013 ഏപ്രിൽ മുതൽ ജോലിയിൽ പ്രവേശിച്ചവർക്ക് ദേശീയ പെൻഷൻ പദ്ധതിയാണ് നടപ്പിലാക്കിയിട്ടുള്ളത്.

**കലാകാരൻമാർക്കുള്ള പ്രതിമാസ പെൻഷൻ**

97 (4066) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കലാകാരൻമാർക്കുള്ള പ്രതിമാസ പെൻഷൻ എത്ര രൂപയാണ് ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര പേർക്ക് കലാകാര പെൻഷൻ നൽകി വരുന്നുണ്ട് വ്യക്തമാക്കുമോ ;

(സി) കലാകാര പെൻഷനിൽ കുടുംബപെൻഷന് വ്യവസ്ഥയുണ്ടോ;

(ഡി) ഇല്ലെങ്കിൽ കുടുംബപെൻഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രതിമാസ പെൻഷൻ തുക 1,500 രൂപയാണ്.

(ബി) 2943 പേർക്ക് കലാകാര പെൻഷൻ നൽകിവരുന്നുണ്ട്.

(സി) കുടുംബപെൻഷന് വ്യവസ്ഥയില്ല.

(ഡി&ഇ) കുടുംബ പെൻഷൻ ലഭ്യമാക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

### ഒറ്റപ്പാലം ശ്രീകൃഷ്ണപുരത്ത് തിയേറ്റർ സമുച്ചയം

98 (4067) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ശ്രീകൃഷ്ണപുരത്ത് കെ.എസ്.എഫ്.ഡി.സി.-യുടെ നേതൃത്വത്തിൽ തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) തിയേറ്റർ നിർമ്മിക്കുന്നതിനായി എന്നാണ് ഭരണാനുമതി നല്കിയത്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഒറ്റപ്പാലം, ശ്രീകൃഷ്ണപുരത്തെ തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീകൃഷ്ണപുരത്ത് കെ.എസ്.എഫ്.ഡി.സി.-യുടെ നേതൃത്വത്തിൽ തിയേറ്റർ സമുച്ചയം നിർമ്മിക്കുന്നതിന് നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(ബി&സി) ബാധകമല്ല.

### വനം വകുപ്പ് നടപ്പാക്കുന്ന ഇക്കോ ടൂറിസം പദ്ധതികൾ

99 (4068) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി സി. കെ. ആശ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വനം വകുപ്പ് നടപ്പാക്കുന്ന ഇക്കോടൂറിസം പദ്ധതികൾ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത ഇക്കോടൂറിസം പദ്ധതി പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ;

(സി) ഇക്കോടൂറിസം കേന്ദ്രങ്ങളുടെ ഭരണപരമായ നടത്തിപ്പിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) വനമേഖല കേന്ദ്രീകരിച്ച് ഇക്കോടൂറിസം സർക്യൂട്ട് ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) ഇക്കോടൂറിസം കേന്ദ്രങ്ങളിൽ സന്ദർശക സുരക്ഷ, താമസസൗകര്യം എന്നിവ സംബന്ധിച്ച ക്രമീകരണങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുജനങ്ങൾക്ക് വനത്തിന്റെ അപൂർവ്വതകൾ അടുത്തറിയുവാനും വനാശ്രിത ജനതയുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാനും ലക്ഷ്യമിട്ട് പങ്കാളിത്ത വനപരിപാലനത്തിന്റെ ഭാഗമായി വനം വകുപ്പ് നടപ്പാക്കുന്നതാണ് പങ്കാളിത്ത ഇക്കോടൂറിസം പരിപാടികൾ (Participatory eco-tourism programmes). വനസംരക്ഷണം, പ്രകൃതി പഠനം, വനാശ്രിതരുടെ ജീവനോപാധി വർദ്ധനവ്, ജൈവ വൈവിധ്യ സംരക്ഷണം എന്നിവയാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. പൊതുജനങ്ങൾ കാലാകാലങ്ങളായി സന്ദർശിച്ചുവരുന്നതും പ്രകൃതിരമണീയമായതുമായ പുഴകൾ, പുൽമേടുകൾ, വെള്ളച്ചാട്ടങ്ങൾ എന്നിങ്ങനെയുള്ള പ്രദേശങ്ങളാണ് പ്രധാനമായും ഇക്കോടൂറിസത്തിനായി തെരഞ്ഞെടുക്കുന്നത്. പദ്ധതി പ്രദേശങ്ങളിലെ ആളുകൾ അംഗങ്ങളായ നിലവിലുള്ള പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വന സംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (VSS/EDC) എന്നിവയുടെ ആഭിമുഖ്യത്തിൽ പരിപാടി നടപ്പാക്കുന്ന പ്രദേശത്തെ സംബന്ധിച്ച് പങ്കാളിത്ത പഠനം നടത്തി മൈക്രോ പ്ലാൻ തയ്യാറാക്കി അംഗീകരിച്ച് അതിൻപ്രകാരമാണ് പരിപാടികൾ നടപ്പിലാക്കുന്നത്. ടി VSS/EDC-യിലെ അംഗങ്ങളെ ടി പദ്ധതി പ്രദേശത്ത് സന്ദർശകസഹായത്തിനായുള്ള ഗൈഡുകളായി നിയോഗിക്കുന്നു. ഇക്കോടൂറിസം പ്രദേശങ്ങളിലെ സന്ദർശകരിൽനിന്നും പിരിച്ചെടുക്കുന്ന പ്രവേശന ഫീസ് ടി ഇക്കോടൂറിസം പ്രദേശത്തിന്റെ പരിപാലനം, സംരക്ഷണം, ഗൈഡുകളുടെ പ്രതിഫലം എന്നിവയ്ക്കായി ഉപയോഗപ്പെടുത്തുന്നു. കേരളത്തിൽ നിലവിൽ 29 വനവികാസ ഏജൻസികളുടെ മേൽനോട്ടത്തിൽ 60 ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) പൊതുജനങ്ങൾ കാലാകാലങ്ങളായി സന്ദർശിച്ചുവരുന്നതും പ്രകൃതിരമണീയമായതുമായ പ്രദേശങ്ങളാണ് ഇക്കോടൂറിസം നടത്തിപ്പിനായി തെരഞ്ഞെടുക്കുന്നത്. ഇങ്ങനെ പുഴകൾ, പുൽമേടുകൾ, വെള്ളച്ചാട്ടങ്ങൾ തുടങ്ങിയ പ്രദേശങ്ങളാണ് പ്രധാനമായും ഇക്കോ ടൂറിസം പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) ഇക്കോ ടൂറിസം നടപ്പാക്കുന്ന പ്രദേശത്തെ ആളുകൾ അംഗങ്ങളായ പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വന സംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (VSS/EDC)എന്നിവയുടെ ആഭിമുഖ്യത്തിൽ പരിപാടികൾ നടപ്പാക്കുന്ന പ്രദേശത്തെ സംബന്ധിച്ച് പങ്കാളിത്ത പഠനം നടത്തി മൈക്രോ പ്ലാൻ തയ്യാറാക്കി അംഗീകരിച്ച് അതിൻ പ്രകാരമാണ് പരിപാടികൾ നടപ്പിലാക്കുന്നത്. VSS/EDC-കൾക്ക് അംഗത്വമുള്ള വനവികാസ ഏജൻസി പദ്ധതി പ്രവർത്തനങ്ങളുടെ മേൽനോട്ടം, അവലോകനം എന്നിവ നടത്തുന്നു. വനം വകുപ്പിന്റെ പ്ലാൻ ഫണ്ടുപയോഗിച്ചും ഇക്കോ ടൂറിസം ഡിപ്പാർട്ടുമെന്റിന്റെ ധനസഹായം ഉപയോഗിച്ചും ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നു.

(ഡി) വനമേഖല കേന്ദ്രീകരിച്ച് ഇക്കോ ടൂറിസം സർക്യൂട്ട് ആവിഷ്കരിക്കുന്നത് ഇപ്പോൾ വനം വകുപ്പിന്റെ പരിഗണനയിലില്ല.

(ഇ) എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും കൈവരികൾ, ബാരിക്കേഡുകൾ, സുരക്ഷാ ഗൈഡുകളെ നിയോഗിക്കൽ തുടങ്ങി ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സാധാരണയായി സഞ്ചാരികൾക്ക് താമസ സൗകര്യങ്ങൾ ഒരുക്കാറില്ല. താമസത്തിനായി വനത്തിന് പുറത്ത് നിലവിലുള്ള സംവിധാനങ്ങളുണ്ടെങ്കിൽ ടി ആവശ്യത്തിനായി പ്രയോജനപ്പെടുത്താറുണ്ട്. താമസ സൗകര്യങ്ങൾ ഒരുക്കുന്നതിനും അതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള അവസരങ്ങൾ പ്രാദേശിക ജനവിഭാഗങ്ങൾക്ക് ചെയ്യാവുന്നതാണ്.

## തടിയിതര വനവിഭവങ്ങളുടെ വിപണനം

100 (4069) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തടിയിതര വനവിഭവങ്ങളുടെ വിപണനം ലക്ഷ്യമാക്കി സംസ്ഥാന വനം വകുപ്പിന്റെ കീഴിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഉണ്ട്. വനം വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വന വികസന ഏജൻസികളുടെ മേൽനോട്ടത്തിൽ വനശ്രീ ഇക്കോ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ആദിവാസികൾ ശേഖരിക്കുന്ന വനവിഭവങ്ങൾ മൂല്യവർദ്ധന നടത്തി വനശ്രീ ഇക്കോ ഷോപ്പുകൾവഴി വിപണനം നടത്തുന്നു. നിലവിൽ സംസ്ഥാനത്ത് രണ്ട് മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 37 വനശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

## 2016-17, 2017-18 ബഡ്ജറ്റിൽ വനം വകുപ്പ് വിഹിതം

101(4070) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 എന്നീ വർഷങ്ങളിലെ ബഡ്ജറ്റുകളിൽ വനം വകുപ്പിനായി വകയിരുത്തിയിരുന്നതിൽ എത്ര തുക ചെലവഴിച്ചു; എത്ര തുക ചെലവഴിക്കാനുണ്ട്;

(ബി) പ്രസ്തുത വർഷങ്ങളിൽ അഡീഷണൽ ഓതറൈസേഷൻ വഴി എത്ര തുക ആവശ്യപ്പെട്ടിട്ടുണ്ട്; എത്ര തുക ലഭിച്ചു; എത്ര തുക ചെലവഴിച്ചു;

(സി) പ്രസ്തുത വർഷങ്ങളിൽ സപ്ലിമെന്ററി ഗ്രാന്റിനുള്ള എത്ര രൂപയുടെ പ്രൊപ്പോസൽ നൽകി; എത്ര തുക ലഭിച്ചു; എത്ര തുക ചെലവാക്കി; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17, 2017-18 എന്നീ വർഷങ്ങളിലെ ബഡ്ജറ്റുകളിൽ വനം വകുപ്പിനായി വകയിരുത്തിയ തുക, ചെലവഴിച്ച തുക, ബാക്കി തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെ പറയുംപ്രകാരമാണ്.

(തുക ലക്ഷത്തിൽ)

| ബഡ്ജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|
| 2016-17 | 34031.48 | 1306.43 |
| നോൺ പ്ലാൻ -35337.91 | | |
| പ്ലാൻ - 28367.02 | 24322.64 | 4044.38 |
| 2017-18 | 38943.281 | 4506.62 |
| നോൺ പ്ലാൻ - 43449.90 | | |
| പ്ലാൻ - 30500.00 | 18779.584 | 11720.42 |

(ബി) 2016-17, 2017-18 വർഷങ്ങളിൽ അഡീഷണൽ ഓതറൈസേഷൻവഴി ആവശ്യപ്പെട്ട തുക, ലഭിച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) 2016-17 സാമ്പത്തിക വർഷത്തിൽ 1979.00 ലക്ഷം രൂപയ്ക്ക് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. ഇതിൽ 345.42 ലക്ഷം രൂപ ലഭിച്ചു. 2406-02-110-52-IDWH, 2406-01-001-99-05-02 ഇലക്ട്രിസിറ്റി ചാർജ്ജസ് എന്നീ ബഡ്ജറ്റ് ഹെഡ്ഡുകളിൽ വകയിരുത്തിയ തുകയടക്കം ലഭിച്ച 363.02 ലക്ഷം രൂപയിൽ 317.587 ലക്ഷം രൂപ ചെലവഴിച്ചു. 4406-01-101-97-LAC എന്ന ഹെഡ്ഡിൽ ലഭിച്ച 83.41 ലക്ഷം രൂപയിൽ 76.446 ലക്ഷം രൂപ ചെലവഴിച്ചു.

## കൊച്ചി-ധനുഷ്ക്കോടി ദേശീയപാത നിർമ്മാണം സംബന്ധിച്ച വനം വകുപ്പ് നിലപാട്

102(4071) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി-ധനുഷ്ക്കോടി ദേശീയപാത 49 കടന്നുപോകുന്നത് വനഭൂമിയിലൂടെയല്ല എന്നുള്ള നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാർ സുപ്രീം കോടതിയിൽ സത്യവാങ്മൂലം കൊടുത്തിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) വനംവകുപ്പിന്റെ എതിർപ്പ് കാരണം പ്രസ്തുത റോഡുപണി നിലച്ചിരിക്കുന്ന സാഹചര്യത്തിൽ കാർഡമം ഹിൽ റിസർവ് ഭൂമി വനഭൂമിയല്ല എന്ന സർക്കാർ നിലപാട് സംബന്ധിച്ച് വ്യക്തത വരുത്തുമോ;

(സി) ഈ ഭൂമി വനഭൂമിയാണെന്ന് ചൂണ്ടിക്കാണിച്ച് റോഡ് പണി തടസ്സപ്പെടുത്തുന്ന വകുപ്പിന്റെ നിലപാട് തിരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) നാട്ടുകാരുടെയും സഞ്ചാരികളുടെയും താത്പര്യം പരിഗണിച്ച്, ഈ റോഡ് കടന്നുപോകുന്ന കാർഡമം ഹിൽ റിസർവ് ഭൂമിയിലെ മരം വെട്ടിമാറ്റി റോഡ്പണി തടസ്സംകൂടാതെ നടത്തുന്നതിന് തടസ്സവാദങ്ങൾ ഒഴിവാക്കുവാൻ വനം വകുപ്പ് പ്രത്യേക ശ്രദ്ധചെലുത്തുമോ?

### ഉത്തരം

(എ) റോഡ് കടന്നുപോകുന്നത് വനഭൂമിയിലൂടെയല്ല എന്ന നിലപാട് സ്വീകരിച്ചിട്ടുണ്ട്. കൊച്ചി-ധനുഷ്ക്കോടി ദേശീയപാത 49 റോഡ് പുറമ്പോക്കാണെന്ന് 10-4-2018 തീയതിയിലെ സ.ഉ. (സാധാ.) നമ്പർ 674/2018/PWD സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി&സി) 10-4-2018 തീയതിയിലെ സ.ഉ. (സാധാ.) നമ്പർ 674/2018/ PWD സർക്കാർ ഉത്തരവിനെത്തുടർന്ന് പുറമ്പോക്കിലൂടെയുള്ള റോഡ് പണിക്ക് തടസ്സമില്ല.

(ഡി) പ്രസ്തുത റോഡ് കടന്നുപോകുന്ന ചിന്നക്കനാൽ പൂപ്പാറ വില്ലേജുകൾ കേരള പ്രിസർവ്വേഷൻ ഓഫ് ട്രീസ് ആക്ട് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാകയാൽ പ്രസ്തുത മേഖലയിലെ മരങ്ങൾ വനം വകുപ്പിന്റെ അനുമതിയോടെ മുറിച്ചുമാറ്റുന്നതിന് തടസ്സമില്ല.

**വനങ്ങളിലെ ജലലഭ്യത**

103 (4072) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേനൽക്കാലത്ത് ജലലഭ്യതയ്ക്കുവേണ്ടി വനത്തിനുള്ളിൽ താല്ക്കാലിക കുളങ്ങൾ നിർമ്മിച്ച് വനേതരപ്രദേശങ്ങളിൽനിന്നും പ്രസ്തുത കുളങ്ങളിലേക്ക് ജലം എത്തിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വനത്തിനുള്ളിൽ നിർജ്ജലീകരണം സംഭവിക്കുന്നതിന്റെ കാരണങ്ങൾ ശാസ്ത്രീയമായി പഠിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) വനത്തിനുള്ളിലെ നിർജ്ജലീകരണം പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) കേരളത്തിലെ വനങ്ങളുടെ ജലസംഭരണശേഷി ശാസ്ത്രീയമായി പഠിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കഴിഞ്ഞ വേനലിൽ ഇത്തരമൊരു സാഹചര്യം ഉണ്ടായിട്ടില്ല.

(ബി) ഇത്തരത്തിലുള്ള പഠനങ്ങൾ വനം വകുപ്പ് നടത്തിയിട്ടില്ല.

(സി) വിശദമായ ശാസ്ത്രീയ പരിശോധനകൾ/പഠനങ്ങൾ നടത്തിയിട്ടില്ല.

(ഡി) കേരളത്തിലെ വനങ്ങളുടെ ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## വനം വകുപ്പ് പിടിച്ചെടുത്ത ഭൂമി തിരികെ നൽകാൻ നടപടി

104 (T*4073) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 ഒക്ടോബർ 11-ാം തീയതിയിലെ മന്ത്രിസഭാ തീരുമാനപ്രകാരം വയനാട് ജില്ലയിലെ തൊണ്ടർനാട് പഞ്ചായത്തിലെ കാഞ്ഞിരത്തിനാൽ ജോർജ്ജിന്റെ കുടുംബത്തിന്റെ, വനം വകുപ്പ് പിടിച്ചെടുത്ത ഭൂമി തിരികെ നൽകാനുള്ള നടപടി പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) മന്ത്രിസഭാ തീരുമാനം നടപ്പിലാക്കാൻ സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; തുടർന്ന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; അറിയിക്കുമോ;

(സി) ജോർജ്ജ് നിയമാനുസൃതം വാങ്ങിയ ഭൂമി ടിയാന് ലഭിക്കാതിരിക്കാൻ കേന്ദ്രസർക്കാരിന്റെ കൈവശമുള്ള ഭൂമിയുടെ സർവ്വേ നമ്പർ മന്ത്രിസഭാ പരിഗണനയ്ക്ക് നൽകി, തെറ്റായ തീരുമാനം എടുപ്പിക്കാൻ ശ്രമിച്ച ഉദ്യോഗസ്ഥരുടെ നടപടിയ്ക്കെതിരെ സർക്കാർ ഇതുവരെ സ്വീകരിച്ച ശിക്ഷാനടപടികൾ എന്തെല്ലാം; ഈ കേസിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) വനം വകുപ്പ് പിടിച്ചെടുത്ത 12 ഏക്കർ ഭൂമി തിരികെ നൽകാനുള്ള മന്ത്രിസഭാ തീരുമാനം എന്നത്തേക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) പഴയ തൊണ്ടർനാട് വില്ലേജിൽപ്പെട്ടതും ഇപ്പോൾ കാഞ്ഞിരങ്ങാട് വില്ലേജിന്റെ ഭാഗമായിട്ടുള്ളതുമായ റി.സ.നമ്പർ 238-ൽ ആകെയുള്ള ഭൂമിയുടെ വിസ്തൃതി റവന്യൂ റെക്കോർഡുകൾ പരിശോധിച്ചതിൽ 880.60 ഏക്കറാണ്. റി.സ.നമ്പർ 238/1-ന്റെ ഭാഗമാണ് കാഞ്ഞിരത്തിനാൽ ജോർജ് തർക്കം ഉന്നയിച്ചിട്ടുള്ള ഭൂമി. ഫോറസ്റ്റ് മിനി സർവ്വേ റെക്കോർഡുകൾ പ്രകാരം ടി ഭൂമി (238/1-ൽപ്പെട്ട 159.1341 ഹെക്ടർ) 6 സബ്ഡിവിഷനുകളിലായി വിഭജിക്കപ്പെട്ടിട്ടുണ്ട്. ടി സബ്ഡിവിഷനുകളിൽപ്പെട്ട 238/5, 238/6, 238/8, 238/9 എന്നീ ബിറ്റുകൾ എം.പി.പി.എഫ്. ആക്ടിന്റെ പരിധിയിൽ ഉള്ളതായിരുന്നതിനാൽ 1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് & അസസ്മെന്റ്) ആക്ട് പ്രകാരം സർക്കാരിലേയ്ക്ക് സ്വമേധയാ നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ള വനഭൂമികളാണ്. ആയതുകൊണ്ട് മേൽപ്പറഞ്ഞ ഭൂമികളുടെ

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

സർവ്വേ ഡിമാർക്കേഷൻ 1976-ൽ നടത്തപ്പെട്ടു. ആയതിൽ 238/5, 238/6 എന്നീ സബ്ഡിവിഷനുകളിൽപ്പെട്ട ഭൂമികൾക്ക് (0.5570+14.8601=15.41 ഹെക്ടർ) 8-7-1977-ൽ 4713/77 ബി നമ്പരായി പാലക്കാട് നിക്ഷിപ്ത വനകസ്റ്റോഡിയൻ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നു. 11.1757 ഹെക്ടർ വിസ്തൃതി വരുന്ന റി.സ. നമ്പർ 238/9-ന്റെ ഭാഗമായിട്ടുള്ള 12 ഏക്കർ ഭൂമിക്ക് അവകാശമുന്നയിച്ചുകൊണ്ട് ശ്രീ. കാഞ്ഞിരത്തിനാൽ ജോസ് എന്നയാൾ ബഹു. ഫോറസ്റ്റ് ട്രിബ്യൂണലിൽ ഒ.എ. 356/76-ാം നമ്പരായി ഹർജി ഫയൽ ചെയ്തതിനാൽ ടി ഭൂമിക്ക് അന്ന് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ കഴിഞ്ഞില്ല. ടി ഹർജി പരിഗണിച്ച കോടതി തർക്കഭൂമി കക്ഷികൾക്ക് അനുവദിച്ചുകൊണ്ട് 6-11-1978-ൽ വിധി പുറപ്പെടുവിച്ചു. ടി വിധിക്കെതിരെ സ്റ്റേറ്റ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 92/79 എം.എഫ്.എ, കക്ഷികൾ നികുതി അടച്ചത് മാത്രം പരിഗണിച്ചാണ് ഒ. എ. 356/76-ൽ വിധി പുറപ്പെടുവിച്ചിട്ടുള്ളതെന്ന് നിരീക്ഷിച്ചുകൊണ്ടും ഒ.എ. പുനഃപരിശോധിക്കുന്നതിന് ഫോറസ്റ്റ് ട്രിബ്യൂണലിനോട് നിർദ്ദേശിച്ചുകൊണ്ടും തീർപ്പാക്കപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ ഒ.എ. പുന:പരിശോധിച്ച ബഹു. ട്രൈബ്യൂണൽ ശ്രീ. കാഞ്ഞിരത്തിനാൽ ജോർജിന് 75 സെന്റ് സ്ഥലം മാത്രം അനുവദിച്ചുകൊണ്ടും ബാക്കി ഭൂമി നിക്ഷിപ്ത വനമാണെന്ന് പ്രസ്താവിച്ചുകൊണ്ടും 18-2-1985-ൽ വിധി പുറപ്പെടുവിക്കുകയുണ്ടായി. ബഹു. ട്രിബ്യൂണൽ 2-11-1983-നും 5-1-1985-നും ടി സ്ഥലം ലോക്കൽ ഇൻസ്പെക്ഷൻ നടത്തി ബോധ്യപ്പെട്ടതിനുശേഷമാണ് 18-2-1985-ലെ മേൽപ്പറഞ്ഞ വിധി പുറപ്പെടുവിച്ചിട്ടുള്ളത്. ടിയാൻ ഫയൽ ചെയ്ത എം.എഫ്.എ. 492/85, WA 1843/97, ഒ.പി. 2439/95 എന്നിവയിൽ അപേക്ഷകന് പ്രതികൂലമായിട്ടാണ് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുള്ളത്. ആകയാൽ ടി ഭൂമി വെസ്റ്റഡ് ഫോറസ്റ്റും അതുവഴി റിസർവ് ഫോറസ്റ്റിന്റെ സ്റ്റാറ്റസിലുള്ളതുമാണ്. ടി കാരണങ്ങൾകൊണ്ടാണ് 2006 ഒക്ടോബർ 11-ാം തീയതിയിലെ മന്ത്രിസഭാ തീരുമാനപ്രകാരം വയനാട് ജില്ലയിലെ തൊണ്ടർനാട് പഞ്ചായത്തിലെ കാഞ്ഞിരത്തിനാൽ ജോർജിന്റെ കുടുംബത്തിന് ടി ഭൂമി തിരികെ നൽകാനുള്ള നടപടി പൂർത്തിയാകാത്തത്.

(സി) ഇപ്രകാരം സർവ്വേ നമ്പർ തെറ്റിച്ച് മന്ത്രിസഭയുടെ പരിഗണനയ്ക്ക് നൽകിയതായി വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 11.1757 ഹെക്ടർ വിസ്തൃതി വരുന്ന നിക്ഷിപ്ത വനഭൂമിയിൽ ഉൾപ്പെട്ട 12 ഏക്കർ സ്ഥലത്തിനാണ് കാഞ്ഞിരത്തിനാൽ ജോർജ് അവകാശവാദം ഉന്നയിച്ചിട്ടുള്ളത്. പ്രസ്തുത ഭൂമി 1971-ലെ നിക്ഷിപ്ത വന നിയമപ്രകാരം നിക്ഷിപ്ത വനം എന്ന് അന്തിമമായി കോടതികളാൽ പ്രഖ്യാപിക്കപ്പെട്ടിരിക്കുകയാൽ അത് സർക്കാരിൽ നിലനിർത്തി സംരക്ഷിക്കേണ്ടതുണ്ട്.

## വനം വച്ചുപിടിപ്പിക്കൽ പദ്ധതി

105 (4074) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നശിച്ചുപോയ വനത്തിന് പകരം വനം വച്ചുപിടിപ്പിക്കാൻ എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(ബി) ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) നശിച്ചുപോയ വനത്തിന് പകരം വനം വച്ചുപിടിപ്പിക്കാൻ 2406-01-101-94 Regeneration of Denuded Forest എന്ന ബഡ്ജറ്റ് ശീർഷകത്തിലും 2406-01-102-86 National Afforestation Programme- National Mission for Green India എന്ന ബഡ്ജറ്റ് ശീർഷകത്തിലൂടെയും തുക വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ടി പദ്ധതികളുടെ പൂർത്തീകരണത്തിന് വിവിധ തലങ്ങളിലായി പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിവരുന്നുണ്ട്. ഫീൽഡ് തലത്തിൽ ഇംപ്ലിമെന്റിംഗ് ഓഫീസർമാരായ എ.എസി.എഫ്./ഡി.എഫ്.ഒ./വൈൽഡ് ലൈഫ് വാർഡൻമാരും സർക്കിൾ തലത്തിൽ സി.എഫ്/സി.സി.എഫ്.-മാരും തുടർച്ചയായി പദ്ധതികളുടെ പ്രവർത്തനം നിരീക്ഷിച്ചുവരുന്നു. കൂടാതെ വനം വകുപ്പ് ആസ്ഥാനത്ത് ഉന്നത വന ഉദ്യോഗസ്ഥരുടെ മാസ അവലോകന മീറ്റിംഗിലും സർക്കാർ തലത്തിലും പദ്ധതികളുടെ പ്രവർത്തനം വിലയിരുത്താറുണ്ട്.

## കാവുകളുടെ സംരക്ഷണം

106 (4075) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര കാവുകൾ ഉണ്ടെന്നും അവ സംരക്ഷിക്കുന്നതിന് വനം വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(ബി) വർക്കല നിയോജക മണ്ഡലത്തിൽ എത്ര കാവുകൾ സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ എത്ര കാവുകളുണ്ടെന്ന് കൃത്യമായി കണക്കാക്കപ്പെട്ടിട്ടില്ല. എന്നാൽ കാവ് സംരക്ഷണത്തിന്റെ ഭാഗമായി സർക്കാർ ഉത്തരവ് ജി.ഒ. (ആർ.റ്റി) നമ്പർ 402/2010/വനം വന്യജീവി, തീയതി 14-9-2010 പ്രകാരം കാവുകൾക്ക് ധനസഹായം നൽകുന്നതിനായി എല്ലാ വർഷവും സാമൂഹ്യവനവൽക്കരണ വിഭാഗം അപേക്ഷ ക്ഷണിക്കാറുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകൾക്ക് പ്രോത്സാഹന ധനസഹായം നൽകിവരുന്നു. കാവിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ജൈവവേലി നിർമ്മിക്കുന്നതിനും കുളങ്ങൾ വൃത്തിയാക്കുന്നതിനും മറ്റുമാണ് ധനസഹായം നൽകുന്നത്. കാവുകൾക്ക് ദീർഘകാല അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം നൽകുന്ന പദ്ധതികൾ നിലവിലുണ്ട്. ലഭിച്ച അപേക്ഷയിന്മേൽ ആവശ്യമായ പരിശോധനകൾ നടത്തി അതിന്റെ അടിസ്ഥാനത്തിൽ ഇതിനായി സംസ്ഥാന തലത്തിൽ കെ.എഫ്.ആർ.ഐ. ശാസ്ത്രജ്ഞൻ അടക്കമുള്ള കമ്മിറ്റിയുടെ അംഗീകാരത്തോടെ കാവുകളെ തെരഞ്ഞെടുക്കുന്നു. തുടർന്ന് കാവ് ഉടമസ്ഥൻ സമർപ്പിക്കുന്ന അഞ്ചുവർഷത്തേയ്ക്കുള്ള സൂക്ഷ്മാസൂത്രണരേഖ വനം വകുപ്പ് അംഗീകരിച്ചതിനുശേഷം കേരളാ വനം വകുപ്പുമായി കാവ് ഉടമസ്ഥൻ ധാരാണാപത്രം ഒപ്പിടുന്നമുറയ്ക്ക് ആകെ അനുവദിക്കുന്ന തുകയുടെ പത്ത് ശതമാനമോ 25,000 രൂപയോ ഏതാണോ കുറവ് എന്ന ക്രമത്തിൽ വിവിധ ഗഡുക്കളായി ടി തുക വിതരണം ചെയ്യുകയും പദ്ധതി പ്രവർത്തനം വകുപ്പ് വിലയിരുത്തുകയും ചെയ്തുവരുന്നു.

(ബി) തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ പരിധിയിൽ വരുന്ന വർക്കല നിയോജകമണ്ഡലത്തിലെ കാവുകൾ സംരക്ഷിക്കപ്പെടുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക വിലയിരുത്തൽ നടത്തിയിട്ടില്ല.

(സി) കാവുകളുടെ മൊത്തത്തിലുള്ള വിലയിരുത്തലുകൾ സാമൂഹിക വനവൽക്കരണ വിഭാഗം നടത്തുന്നില്ല. എങ്കിലും സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് കാവുകളുടെ വിലയിരുത്തൽ നടത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സാമ്പത്തിക സഹായം നൽകിവരുന്നു.

**സ്വകാര്യ കമ്പനികൾക്ക് നൽകിയ വനഭൂമി**

107 (4076) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ്(കൺസർവേഷൻ)ആക്ട്, 1980-ന്റെ പരിധിയിൽ വരുന്ന ഏതെങ്കിലും സ്ഥലം വൈദ്യുതി പദ്ധതികൾക്കോ മറ്റാവശ്യങ്ങൾക്കോവേണ്ടി സ്വകാര്യകമ്പനികൾക്ക് ഈ സർക്കാർ ഇനംമാറ്റി നൽകി ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ ആകെ എത്ര ഹെക്ടർ സ്ഥലം അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏത് സാഹചര്യത്തിലാണ് ഇത്തരത്തിൽ അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 0.442 ഹെക്ടർ.

1. 0.25 ഹെക്ടർ വനഭൂമി ആനക്കാമ്പോയിൽ പവർ പ്രൈ. ലിമി. 8 MW ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിന്.

2. 0.172 ഹെക്ടർ വനഭൂമി ശ്രീ. ജോസഫ് കുര്യന് പമ്പ് ഹൗസ് നിർമ്മാണം.

3. 0.02 ഹെക്ടർ വനഭൂമി റിലയൻസ് ജിയോ ഇൻഫോകോം ലിമി. ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന്.

(ബി) പ്രസ്തുത വ്യക്തിയുടെ/സ്ഥാപനങ്ങളുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര വന (സംരക്ഷണ) നിയമം 1980 പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി ഉത്തരം (എ)-യിലെ ക്രമനമ്പർ 1-നും 2-നും കേന്ദ്ര സർക്കാരിന്റെ ബാംഗ്ലൂർ റീജിയണൽ ഓഫീസും ക്രമനമ്പർ 3-ന് സംസ്ഥാന സർക്കാരിന്റെ അധികാരപരിധിയിൽ വരുന്നതിനാൽ കേരള സർക്കാരുമാണ് അനുമതി നൽകിയിട്ടുള്ളത്. ടി അനുമതികൾ 1980-ലെ കേന്ദ്ര വന (സംരക്ഷണ) നിയമത്തിന് കീഴിലുള്ള അനുമതികളാണ്.

**കണ്ടൽക്കാടുകളുടെ സംരക്ഷണം**

108 (4077) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ക്ലാപ്പന, ആലപ്പാട് പഞ്ചായത്തുകളിലെ കണ്ടൽകാടുകൾ സംരക്ഷിക്കുന്നതിന് ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ഈ പ്രദേശങ്ങളിലെ ചതുപ്പ് നിലങ്ങൾ മണ്ണിട്ട് നികത്തുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ;

(സി) സർക്കാർ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ അളന്ന് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ പ്രദേശത്തെ കണ്ടലുകൾ സംരക്ഷിക്കുന്നതിന് സർക്കാർ 2016 ഏപ്രിൽ 1-ന ശേഷം ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ക്ലാപ്പന, ആലപ്പാട് പഞ്ചായത്തുകളിലെ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് സാമൂഹ്യ വനവൽക്കരണ വിഭാഗത്തിൽ പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല.

(ബി) ബാധകമല്ല.

(സി) വനം വകുപ്പിന്റെ ഉടമസ്ഥതയിൽ ഈ പ്രദേശത്ത് കണ്ടൽക്കാടുകൾ ഇല്ല.

(ഡി) ഈ പ്രദേശത്തെ കണ്ടൽ സംരക്ഷിക്കുന്നതിനായി വനം വകുപ്പ് തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**അശാസ്ത്രീയമായ സാമൂഹിക വനവൽക്കരണം**

109 (4078) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അശാസ്ത്രീയമായ സാമൂഹിക വനവൽക്കരണം പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കിയതായി പരിസ്ഥിതി ധവളപത്രത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടോ;

(ബി) പരിസ്ഥിതിക്ക് ദോഷംവരുത്തുന്ന അക്കേഷ്യ, മാഞ്ചിയം, ഗ്രാന്റീസ് തുടങ്ങിയ വൃക്ഷങ്ങൾ സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി വച്ചുപിടിപ്പിക്കാതെ നമ്മുടെ നാട്ടിന് അനുയോജ്യമായ ഫലവൃക്ഷങ്ങൾ വച്ച്പിടിപ്പിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) അശാസ്ത്രീയമായ സാമൂഹിക വനവൽക്കരണം പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സാമൂഹിക വനവൽക്കരണ പദ്ധതി പ്രകാരം നിലവിൽ അക്കേഷ്യ, മാഞ്ചിയം, ഗ്രാന്റീസ് തുടങ്ങിയ വൃക്ഷത്തൈകൾ ഇപ്പോൾ വച്ചുപിടിപ്പിക്കുന്നില്ല. ഹരിത കേരളം, നമ്മുടെ മരം, എന്റെ മരം എന്നീ പദ്ധതിപ്രകാരം ഫലവൃക്ഷങ്ങളായ പ്ലാവ്, മാവ്, നെല്ലി, പേര, മാതളം, മുള്ളാത്ത, അരിനെല്ലി, ബദാം, ചെറുനാരകം, കുടംപുളി, മുരിങ്ങ, ഞാവൽ, പുളി, റംപൂട്ടാൻ, സപ്പോട്ട, സീതപ്പഴം, ജാതി, ചാമ്പ തുടങ്ങിയ ഫലവൃക്ഷത്തൈകളും ലക്ഷ്മിതരു, വേപ്പ്, രക്തചന്ദനം, അശോകം തുടങ്ങിയ ഔഷധ സസ്യത്തൈകളും പൂമര വൃക്ഷങ്ങളായ കണിക്കൊന്ന, മന്ദാരം, രാജമല്ലി, ഗുൽമോഹർ, ചമത, ചമ്പകം, ജക്രാന്ത, ടെക്കോമ എന്നിവയുടെ തൈകൾ കൂടാതെ തേക്ക്, ഈട്ടി, ചന്ദനം, മഹാഗണി, ഇലഞ്ഞി, ആഞ്ഞിലി, പൂവരശ്, താന്നി, ഉങ്ങ്, വേങ്ങ, വെള്ളകിൽ തുടങ്ങിയ വൃക്ഷത്തൈകളും ഉൽപ്പാദിപ്പിച്ച് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, യുവജന സംഘടനകൾ എന്നിവർക്ക് വച്ചുപിടിപ്പിക്കാനായി വിതരണം ചെയ്തുവരുന്നു.

## ശബരി കുപ്പിവെള്ള പദ്ധതി

110(4079) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി കുപ്പിവെള്ള പദ്ധതിക്കുവേണ്ടി വനം വകുപ്പിന്റെ എത്ര സെന്റ് സ്ഥലമാണ് വിട്ടുനല്കിയതെന്നും കെട്ടിടം നിർമ്മിക്കുവാനും പ്ലാന്റ് സ്ഥാപിക്കുവാനും വേണ്ടി എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിലവിൽ ഉൽപ്പാദിപ്പിച്ച കുപ്പിവെള്ളം സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചപ്പോൾ തെക്കൻ ജില്ലകളിൽ 10 രൂപയ്ക്ക് കുപ്പിവെള്ളം നൽകുമെന്ന് പ്രഖ്യാപിച്ചശേഷം പ്ലാന്റ് പ്രഖ്യാപനം അനിശ്ചിതത്വ ത്തിലാക്കിയതും നിർമ്മാണം ആരംഭിക്കാത്തതും വൻകിട കുപ്പിവെള്ള കമ്പനികളെ സഹായിക്കാനാണെന്ന ആക്ഷേപം പരിശോധിക്കുമോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) പത്തനാപുരം താലൂക്കിലെ പുന്നല എന്ന സ്ഥലത്ത് കേരളാ വന വികസന കോർപ്പറേഷന് ലീസിന് നൽകിയിട്ടുള്ളതിനാൽ 0.20 ഹെക്ടർ സ്ഥലമാണ് ശബരി കുപ്പിവെള്ള പദ്ധതിക്കായി കേരളാ വന വികസന കോർപ്പറേഷൻ ഉപയോഗപ്പെടുത്തിയത്. പദ്ധതിയുടെ നടത്തിപ്പിനായി അനുവദിച്ച ഒരു കോടി രൂപയിൽ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ 57,53,898 രൂപ ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി കെട്ടിടവും കിണറും നിർമ്മിച്ചിട്ടുണ്ട്. എന്നാൽ പ്ലാന്റ് സ്ഥാപിച്ചിട്ടില്ല.

(ബി) പദ്ധതിയുടെ നിർമ്മാണ ജോലികൾ പുരോഗമിച്ചുവരവെ, വനഭൂമിയിൽ കുപ്പിവെള്ള നിർമ്മാണം നടത്തുന്ന പദ്ധതി ഫോറസ്റ്റ് കൺസർവേഷൻ ആക്ട് സെക്ഷൻ 2-ൽ ഉൾപ്പെട്ട വനേതര പ്രവൃത്തിയാണെന്നും ആയതിനാൽ ഇത് നിയമ വിരുദ്ധമാണെന്നും ടി പദ്ധതി പ്രവർത്തനം അടിയന്തരമായി നിർത്തിവയ്ക്കണമെന്നും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ പ്രവർത്തനം നിർത്തിവച്ചിട്ടുള്ളതാണ്.

(സി) വനസംരക്ഷണ നിയമപ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പദ്ധതി നിർത്തിവയ്ക്കണമെന്ന് നിർദ്ദേശിച്ചതുകൊണ്ട് മാത്രമാണ് അപ്രകാരം പ്രവർത്തനം അനിശ്ചിതത്വത്തിലായത്.

(ഡി) ഇക്കാര്യത്തിലെ തീരുമാനം പുനഃപരിശോധിക്കുന്നതിന് കേന്ദ്ര സർക്കാരിനെ സമീപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ബോട്ടിംഗ് നടത്തുന്നതിന് വനം വകുപ്പ് അനുമതി**

111 (4080) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പെരിങ്ങൽക്കുത്ത് ഡാമിനോട് ചേർന്നുള്ള ജലാശയത്തിൽ കാൽ കൊണ്ടുതുഴയുന്ന ബോട്ടിംഗ് നടത്തുന്നതിനായി അനുമതി ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) നിർത്തിവച്ച ബോട്ടിംഗ് പുനരാരംഭിക്കുന്നതിന് അടിയന്തര അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യത്തിൽ വനസംരക്ഷണ നിയമം, 1980 പ്രകാരം കേന്ദ്രാനുമതി ലഭിച്ചാൽ മാത്രമെ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. ഇത് സംബന്ധമായ നടപടികളൊന്നും തന്നെ കെ.എസ്.ഇ.ബി. അധികൃതർ സ്വീകരിച്ചിട്ടില്ല.

**നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഇക്കോ ടൂറിസം പദ്ധതി**

112 (4081) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജക മണ്ഡലത്തിലെ വുഡ് ഇൻഡസ്ട്രീസ് പ്രവർത്തിച്ചിരുന്ന സ്ഥലത്ത് ഇക്കോ ടൂറിസം പദ്ധതിക്കായി എം.എൽ.എ.-യും ഡി.എഫ്.ഒ. നോർത്തും സമർപ്പിച്ച പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ; വിശദമാക്കാമോ;

(ബി) മേൽസൂചിപ്പിച്ച സ്ഥലത്തെ കെട്ടിടങ്ങൾ നവീകരിച്ച് വനം വകുപ്പിന് വരുമാനം ലഭിക്കത്തക്ക രൂപത്തിൽ ഇക്കോടൂറിസം പദ്ധതി സ്ഥാപിക്കുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ കേരള സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് പ്രവർത്തിച്ചിരുന്ന സ്ഥലത്ത് ഇക്കോടൂറിസം പദ്ധതിക്കായി ശ്രീ. അൻവർ, ബഹു. നിലമ്പൂർ നോർത്ത് എം.എൽ.എ. സമർപ്പിച്ച പ്രൊപ്പോസൽ നിലവിലെ നിയമങ്ങളുടെ വെളിച്ചത്തിൽ പദ്ധതി നടപ്പാക്കുന്നതിന്റെ സാധ്യത സംബന്ധിച്ച റിപ്പോർട്ടിനായി നിലമ്പൂർ നോർത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക്

നൽകുകയുണ്ടായി. പ്രൊപ്പോസലിന്റെ അംഗീകാരത്തിന്റെ ഭാഗമായി 7-5-2018-ൽ ചേർന്ന സീനിയർ ഫോറസ്റ്റ് ഓഫീസർമാരുടെ മീറ്റിംഗിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ), പാലക്കാട് അവതരിപ്പിക്കുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ നിലവിൽ സമീപത്തുതന്നെ കനോളി പ്ലോട്ട് കേന്ദ്രീകരിച്ച് ഇക്കോടൂറിസം നടപ്പാക്കിയിട്ടുള്ളതിനാൽ രണ്ട് വ്യത്യസ്ത പ്രോജക്ടിന്റെ ആവശ്യകതയില്ലായെന്ന് കണ്ടതിനാൽ രണ്ട് പ്രോജക്ടുകളുംകൂടി സംയോജിപ്പിച്ച് ഒറ്റ പ്രോജക്ടാക്കി അംഗീകാരത്തിന് ആവശ്യമായിട്ടുള്ള കാരീയിംഗ് കപ്പാസിറ്റി പഠനം നടത്തിയ റിപ്പോർട്ട്, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് എന്നിവകൂടി ഉൾപ്പെടുത്തി പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) മേൽ ടൂറിസം പദ്ധതി നടപ്പിലാകുന്നമുറയ്ക്ക് ആവശ്യമെങ്കിൽ ഈ നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

## മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിലെ ഇക്കോ ടൂറിസം സാധ്യതകൾ

113 (4082) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിലെ ഇടമലയാർ, കുട്ടമ്പുഴ തുണ്ടം റെയിഞ്ചുകളിലെയും മൂന്നാർ ഡിവിഷനിലെ നേര്യമംഗലം റെയിഞ്ചിലെയും പ്രദേശങ്ങൾ ഇക്കോ ടൂറിസം മേഖലയായി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) വിദേശി-സ്വദേശി ടൂറിസ്റ്റുകൾക്ക് ഏറെ ആകർഷകമായ പ്രകൃതി സൗന്ദര്യം ആസ്വദിക്കുവാൻ കഴിയുന്ന പ്രസ്തുത പ്രദേശങ്ങളിൽ പ്രവേശിക്കുന്നതിന് നിലവിലുള്ള നിയന്ത്രണങ്ങൾ ഒഴിവാക്കുമോ;

(ഡി) പ്രസ്തുത പ്രദേശങ്ങളിൽ ഇക്കോ ടൂറിസം പദ്ധതിയുടെ സാധ്യത പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിലെ കുട്ടമ്പുഴ തുണ്ടം റെയ്ഞ്ചുകളിലെ ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മലയാറ്റൂരിന് ലഭിച്ചിട്ടുണ്ട്. എന്നാൽ മൂന്നാർ

ഡിവിഷനിലെ നേര്യമംഗലം റെയിഞ്ചിന്റെ പരിധിയിൽവരുന്ന പ്രദേശങ്ങൾ ഇക്കോ ടൂറിസം മേഖലയായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങളൊന്നും ലഭിച്ചിട്ടില്ല.

(ബി) തുണ്ടത്തിൽ റെയിഞ്ചിന്റെ ഭൂതത്താൻകെട്ട് പ്രദേശത്ത് നിലവിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കുട്ടമ്പുഴ റെയ്ഞ്ചിൽപ്പെട്ട പൂയംകുട്ടി, പിണ്ടിമേട്, കുമ്പൻപാറ, ആനകുളം തുടങ്ങിയ പ്രദേശങ്ങൾ ഉൾപ്പെടുത്തി കാൽനടയായുള്ള വനസന്ദർശന പരിപാടി (ട്രെക്കിംഗ്) നടപ്പാക്കുന്നതിനുള്ള പദ്ധതിയുടെ സാധ്യത പരിശോധിച്ച് പ്രൊപ്പോസൽ തയ്യാറാക്കുന്ന നടപടി മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ പുരോഗമിച്ചുവരുന്നുണ്ട്.

(സി) പശ്ചിമഘട്ട വനമേഖലയിൽ അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള മേഖലയിൽ ഉൾപ്പെടുന്ന പ്രസ്തുത പ്രദേശങ്ങളിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നുണ്ട്. എന്നാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയവുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങളും നിബന്ധനകളുംകൂടി ഇക്കാര്യത്തിൽ പരിശോധിക്കേണ്ടതായിട്ടുണ്ട്. ടി പ്രൊപ്പോസലിന് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് വനം വകുപ്പിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രം സന്ദർശകർക്ക് സന്ദർശനാനുമതി നൽകാവുന്നതാണ്.

(ഡി) പ്രസ്തുത പ്രദേശങ്ങളിലെ VSS/EDC-കളിൽനിന്നും ആവശ്യം ഉന്നയിച്ച് ഇക്കോ ടൂറിസം പദ്ധതിയുടെ സാധ്യത സംബന്ധിച്ച് നിവേദനം ലഭിക്കുന്നമുറയ്ക്ക് പരിഗണിക്കുന്നതാണ്.

## വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ ജോലിഭാരം ലഘൂകരിക്കാൻ നടപടി

114(4083) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന സംരക്ഷണ വിഭാഗം ജീവനക്കാരുടെ ജോലിഭാരം ലഘൂകരിച്ച് എട്ട് മണിക്കൂർ ഡ്യൂട്ടി സമ്പ്രദായം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) വനം വന്യജീവി വകുപ്പിൽ 24 മണിക്കൂർ തുടർച്ചയായി ജോലി ചെയ്യുന്ന വന സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഇതര യൂണിഫോം വിഭാഗം ജീവനക്കാർക്ക് നൽകുന്നത് പോലെ ഡ്യൂട്ടി ഓഫ് നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) അവധി ദിവസങ്ങളിൽ ജോലി നോക്കുന്ന സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഓഫ് ഡേ അലവൻസ്/ഡ്യൂട്ടി ഓഫ് അനുവദിക്കുന്നുണ്ട്.

## വനം, മൃഗസംരക്ഷണം, മൃഗശാല വകുപ്പുകളിലെ പി.എസ്.സി. നിയമനം

115(4084) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനം, മൃഗസംരക്ഷണം, മൃഗശാല എന്നീ വകുപ്പുകളിൽ പി. എസ്. സി. മുഖേന നടത്തിയ നിയമനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ മേല്പറഞ്ഞ വകുപ്പുകളിൽ സൃഷ്ടിച്ച തസ്തികകളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തിയ നിയമനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

വനം വന്യജീവി വകുപ്പ്

1. റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ - 5
2. ക്ലാർക്ക് - 77
3. ടൈപ്പിസ്റ്റ് - 13
4. സെക്ഷൻ ഫോറസ്റ്റ് ഓഫീസർ - 21
5. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - 10
6. ബീറ്റ് ഫോറസ്റ്റ് ഓഫീസർ - 792
7. ഓഫീസ് അറ്റൻഡന്റ് - 66
8. ഡ്രൈവർ - 44
9. നൈറ്റ് വാച്ചർ - 22

10. ട്രൈബൽ വാച്ചർ - 6

11. ടെന്റിലാസ്കർ - 1

12. ബസ് ക്ലീനർ - 1

13. റിസർവ് വാച്ചർ - 1

മൃഗസംരക്ഷണ വകുപ്പ്

1. വെറ്ററിനറി സർജൻ - 136

2. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ - 300

3. പ്ലംബർ/പമ്പ് ഓപ്പറേറ്റർ - 1

4. നൈറ്റ് വാച്ചർ - 47

5. ട്രാക്ടർ ഡ്രൈവർ - 1

6. ഡ്രൈവർ - 11

7. ടൈപ്പിസ്റ്റ് - 2

8. ക്ലാർക്ക് ടൈപ്പിസ്റ്റ് - 16

9. ക്ലാർക്ക് - 20

10. ലാബ് ടെക്നീഷ്യൻ - 6

11. ഓഫീസ് അറ്റൻഡന്റ് - 4

മ്യൂസിയം മൃഗശാലാ വകുപ്പ്

1. ഗാർഡ് - 4

2. മേസൺ - 1

3. വാൻ ക്ലീനർ - 1

(ബി) പുതുതായി സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വനം വന്യജീവിവകുപ്പ്

1. ചീഫ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ - 1

2. അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ - 12

3. ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ - 14

4. സെക്ഷൻ ഫോറസ്റ്റ് ഓഫീസർ - 56
5. ബീറ്റ് ഫോറസ്റ്റ് ഓഫീസർ - 35
6. ഡ്രൈവർ - 14
7. പാർട്ട് ടൈം സ്വീപ്പർ - 17
8. സീനിയർ സൂപ്രണ്ട് - 2
9. ക്ലാർക്ക് - 2
10. വാച്ചർ - 13

<u>മൃഗസംരക്ഷണ വകുപ്പ്</u>

1. ഡെപ്യൂട്ടി ഡയറക്ടർ - 1
2. അസിസ്റ്റന്റ് ഡയറക്ടർ - 4
3. വെറ്ററിനറി സർജൻ - 7
4. അസിസ്റ്റന്റ് എഞ്ചിനീയർ - 2
5. ക്ലാർക്ക് - 5
6. എക്സ്റേ ടെക്നീഷ്യൻ - 1
7. ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ - 12
8. ഫീൽഡ് ഓഫീസർ - 3

മ്യൂസിയം മൃഗശാലാ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

**വനപാലകരുടെ ജോലിസമയം കുറയ്ക്കുന്നതിന് നടപടി**

116(4085) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപാലകരുടെ ജോലിസമയം കുറയ്ക്കുന്നതിന് ഉദ്ദേശ്യമുണ്ടോ;

(ബി) വനാന്തരങ്ങളിലെ കഠിനമായ ജോലി നിർവ്വഹിക്കുവാൻ സുരക്ഷാ സംവിധാനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലെ ജോലിസമയം കുറയ്ക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ബി) സുരക്ഷാ സംവിധാനങ്ങൾ ആവശ്യമാകുന്ന മുറയ്ക്ക് സ്വീകരിച്ചുവരുന്നുണ്ട്.

## തസ്തികമാറ്റം വഴി റേഞ്ച് ഫോറസ്റ്റ് ഓഫീസർ നിയമനം

117(4086) ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ തസ്തികമാറ്റം വഴി റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനുള്ള പി.എസ്.സി. പരീക്ഷയുടെ ഒന്നാംഘട്ടത്തിന്റെ ഫലം 2-11-2017-ൽ പ്രസിദ്ധീകരിച്ചിട്ടും ഇതിന്റെ രണ്ടും മൂന്നംഘട്ട പരീക്ഷാ നടപടികൾ ഇതുവരെയും ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ രണ്ടും മൂന്നം ഘട്ട പരീക്ഷാ നടപടികൾ അടിയന്തരമായി പൂർത്തിയാക്കി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ പി.എസ്.സി.-യോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ&ബി) വനം വകുപ്പിൽ തസ്തികമാറ്റംവഴി റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനുള്ള തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കുന്നതിനായി Walking Test, Descriptive Test എന്നിവ നടത്തുന്നതിനുള്ള നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചുവരുന്നു.

## വയനാട് വന്യജീവി സങ്കേതത്തിലെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി

118(4087) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് വന്യജീവി സങ്കേതത്തിലെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) ഈ ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ പ്രധാന പുനരധിവാസ പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) വന്യജീവി സങ്കേതം, ദേശീയോദ്യാനം, കടുവാ സങ്കേതം എന്നിവിടങ്ങളിൽ വന്യജീവികൾക്ക് സ്വൈരസഞ്ചാരം നടത്തുന്നതിന് ഉപകരിക്കുന്നതിനായി ആളുകളെ മാറ്റിപ്പാർപ്പിക്കുവാനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുള്ളതാണ് വയനാട്ടിലെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി. വന്യജീവി സങ്കേതത്തിന്റെ പരിധിക്കുള്ളിൽ വസിക്കുന്നവരെ വനത്തിന് പുറത്ത് മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മാറ്റി പാർപ്പിക്കുന്ന ഓരോ കുടുംബത്തിനും പുനരധിവാസത്തിനായി 10 ലക്ഷം രൂപ വീതം നൽകുന്നു. പദ്ധതിയുടെ ആദ്യഘട്ടമായി വയനാട് വന്യജീവി സങ്കേതത്തിൽനിന്ന് 800 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്.

(ബി) പദ്ധതിക്ക് നാളിതുവരെ 31.588 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്.

(സി) ഈ ഫണ്ടുപയോഗിച്ച് വയനാട് വന്യജീവി സങ്കേതത്തിലെ ഗോളൂർ സെറ്റിൽമെന്റിൽനിന്ന് 29 കുടുംബങ്ങളെയും അമ്മവയൽ സെറ്റിൽമെന്റിൽനിന്ന് 20 കുടുംബങ്ങളെയും കൊട്ടങ്കരയിൽനിന്ന് 64 കുടുംബങ്ങളെയും കുറിച്യാട് സെറ്റിൽ മെന്റിൽനിന്ന് 105 കുടുംബങ്ങളെയും അരകുഞ്ചിയിൽനിന്ന് 3 കുടുംബങ്ങളെയും വെള്ളക്കോട്നിന്ന് 2 കുടുംബങ്ങളെയും പുത്തൂരിൽനിന്ന് ഒരു കുടുംബത്തെയും നരിമാന്തിക്കൊല്ലി സെറ്റിൽമെന്റിൽനിന്ന് 6 കുടുംബങ്ങളെയും ഇതിനോടകം പുനരധിവസിപ്പിച്ചു. കൊട്ടങ്കര, കുറിച്യാട്, അരകുഞ്ചി, വെള്ളക്കോട് എന്നീ സെറ്റിൽമെന്റുകളിൽ 11 കുടുംബങ്ങൾക്ക് ആദ്യഗഡുവായി 6 ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്.

## ശീതകാല പച്ചക്കറി കൃഷി തൊഴിലാളികളെ ഒഴിവാക്കാൻ വനം വകുപ്പ് ശ്രമം

119(4088) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ ദേവികുളം താലൂക്ക് സർവ്വേ നമ്പർ 28/01-ൽ കഴിഞ്ഞ 25 വർഷകാലമായി ശീതകാല പച്ചക്കറി കൃഷികൾ ചെയ്തു ജീവിച്ചുവരുന്ന തോട്ടം തൊഴിലാളികളെ പ്രസ്തുത ഭൂമിയിൽനിന്നും ഒഴിവാക്കാൻ വനം വകുപ്പ് ശ്രമം നടത്തിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് സംബന്ധിച്ച് സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ തോട്ടം തൊഴിലാളികളെ സഹായിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ദേവികുളം താലൂക്കിൽ കെ.ഡി.എച്ച്. വില്ലേജിൽപ്പെട്ട സർവ്വേ നമ്പർ 28-ൽപ്പെട്ട ഭൂമി 18-4-1980-ലെ 379/80/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വനം വകുപ്പിന് കൈമാറിയിട്ടുള്ള 17922 ഏക്കർ ഭൂമിയിൽപ്പെട്ടതാണ്. പ്രസ്തുത ഭൂമി 8-10-2010-ലെ G.O.(P) No. 67/2010/F&WLD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രൊപ്പോസ്ഡ് റിസർവ് വനമായി വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. സമീപകാലത്ത് പ്രസ്തുത സ്ഥലം കയ്യേറി കൃഷി ചെയ്യാനുള്ള ശ്രമം വനം വകുപ്പ് തടഞ്ഞിട്ടുള്ളതാണ്.

(ബി) മേൽഉത്തരവിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(സി) പ്രൊപ്പോസ്ഡ് റിസർവ് വനമായി വിജ്ഞാപനം ചെയ്തിട്ടുള്ള ഭൂമിയിൽ പുതിയ ദേഹണ്ഡങ്ങൾ ഒന്നുംതന്നെ അനുവദനീയമല്ല.

**നെയ്യാർ വൈൽഡ് ലൈഫ് പാർക്ക്**

120 (4089) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന് കീഴിലുള്ള നെയ്യാർ വൈൽഡ് ലൈഫ് പാർക്കിൽ കഴിഞ്ഞ 2 വർഷത്തിനുള്ളിൽ എന്തൊക്കെ പുതിയ പദ്ധതികൾ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ;

(ബി) നെയ്യാർ സഫാരി പാർക്ക് തുടങ്ങിയ കാലത്ത് എത്ര സിംഹങ്ങൾ ഉണ്ടായിരുന്നു; ഇപ്പോൾ എത്ര സിംഹങ്ങൾ ഉണ്ട്; പുതിയതായി സിംഹങ്ങളെ പാർക്കിൽ കൊണ്ടുവരുന്നതിന് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത പാർക്കിൽ ടൂറിസം വകുപ്പുമായി ചേർന്ന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നെയ്യാർ വൈൽഡ് ലൈഫ് പാർക്കിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പുതിയ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

(ബി) നെയ്യാർ ലയൺ സഫാരി പാർക്ക് 1984-ൽ തുടങ്ങിയപ്പോൾ 4 സിംഹങ്ങൾ ഉണ്ടായിരുന്നു (3 പെൺസിംഹവും ഒരു ആൺ സിംഹവും). ഇപ്പോൾ 2 പെൺസിംഹങ്ങൾ മാത്രമാണുള്ളത്. പുതിയതായി 2 സിംഹങ്ങളെ പാർക്കിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെങ്കിലും ആവശ്യമായ അനുമതി സെൻട്രൽ സൂ അതോറിറ്റിയിൽനിന്നും ലഭിച്ചിട്ടില്ല.

(സി) ടൂറിസം വകുപ്പുമായി ചേർന്ന് പദ്ധതികളൊന്നും ഇപ്പോൾ നടപ്പിലാക്കുന്നില്ല.

## നെയ്യാർ വന്യജീവി സങ്കേതത്തിലെ ഔഷധത്തോട്ടം

121 (4090) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാർ വന്യജീവി സങ്കേതത്തിൽപ്പെടുന്ന കാപ്പുകാട്ടിൽ 1996-ൽ ആരംഭിച്ച ഔഷധത്തോട്ടം പദ്ധതി നാശോന്മുഖമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപൂർവ്വവും വംശനാശം നേരിടുന്നതുമായ സസ്യങ്ങൾ സംരക്ഷിക്കുന്നതിനും നട്ടുവളർത്തുന്നതിനും പഠനഗവേഷണങ്ങൾക്കുമായി ആരംഭിച്ച പദ്ധതി, ഫണ്ട് അനുവദിക്കാത്തതുമൂലമാണ് പരാജയമായത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഔഷധത്തോട്ടത്തിന്റെ വിസ്തൃതി എത്രയാണെന്നും ആരുടെ സംരക്ഷണയിലാണ് പ്രസ്തുത സ്ഥലമെന്നും വെളിപ്പെടുത്തുമോ;

(ഡി) ഔഷധച്ചെടികൾ വച്ച്പിടിപ്പിച്ച് സ്ഥിരമായി ഈ തോട്ടത്തെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരുത്തിപ്പള്ളി റെയിഞ്ചിന്റെ ഭാഗമായിരുന്ന 1986 അക്കേഷ്യ തോട്ടം അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റെയിഞ്ച് 1-ന്റെ കീഴിൽ 1995-ൽ അന്തിമവെട്ട് നടത്തിയശേഷം പ്രസ്തുത സ്ഥലത്ത് മെഡിസിനൽ പ്രൊപ്പഗേഷൻ സെന്റർ, കാപ്പുകാട് എന്ന പേരിൽ ആരംഭിച്ച ഔഷധസസ്യ തോട്ടത്തിൽ ആവശ്യമായത്ര സ്റ്റോക്ക് നിലവിലില്ല.

(ബി) ഇല്ല.

(സി) പ്രസ്തുത ഔഷധ തോട്ടത്തിന് 2 ഹെക്ടർ വിസ്തൃതിയുണ്ട്. ആയത് അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റെയിഞ്ച്, കോട്ടൂരിന്റെ സംരക്ഷണയിലാണ്.

(ഡി) ഔഷധസസ്യ തോട്ടമായിരുന്ന പ്രസ്തുത സ്ഥലം ഇപ്പോൾ കാട്ടുമരങ്ങളും അക്കേഷ്യ മരങ്ങളും വളർന്ന് സ്വാഭാവിക വനത്തിന്റെ ഭാഗമായി തീർന്നിട്ടുണ്ട്.

**നിലമ്പൂർ സൗത്ത് ഡിവിഷനിൽ ഏറ്റെടുത്ത ഭൂമി**

122 (4091) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ സൗത്ത് ഡിവിഷനിൽ കാളികാവ് റേഞ്ചിൽ കരുവാരക്കുണ്ട് കള്ളൽ മുക്കത്തി ഭാഗത്തുള്ള തൊമ്മച്ചൻ കൊക്കപ്പുഴ (ജോസഫ് തോമസ്)യുടെയും ബന്ധുക്കളുടെയും പേരിലുള്ള 20 ഏക്കർ ഭൂമി ഏറ്റെടുത്തതിനെതിരെയുള്ള മഞ്ചേരി ഫോറസ്റ്റ് ട്രിബ്യൂണലിന്റെ (OA 47, OA 48) നമ്പർ കേസിൽ തൊമ്മച്ചന് അനുകൂലമായ വിധിയിൻമേൽ സർക്കാർ ബഹു:ഹൈക്കോടതിയിലും (എം.എഫ്.എ 665/2003) ബഹു:സുപ്രീം കോടതിയിലും (CA 10028 of 2010) സമർപ്പിച്ച അപ്പീൽ പ്രസ്തുത കോടതികൾ തള്ളിയിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത 20 ഏക്കർ സ്ഥലം തൊമ്മച്ചനും ബന്ധുക്കൾക്കും എൻ.ഒ.സി. അടക്കമുള്ള സകല രേഖകളും ഉൾപ്പെടെ വിട്ടുനല്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് വനം വകുപ്പിൽ നിലവിലുള്ള ഇ 3/2/2018 നമ്പർ ഫയലിന്മേൽ കൈക്കൊണ്ട തീരുമാനം അറിയിക്കുമോ?

ഉത്തരം

(എ) മേൽ 20 ഏക്കർ ഭൂമി ഏറ്റെടുത്തതിനെതിരെ മഞ്ചേരി ഫോറസ്റ്റ് ട്രിബ്യൂണലിൽ OA-47, OA-48/2002 നമ്പർ കേസ്സിൽ തൊമ്മച്ചന് അനുകൂലമായ വിധിയിൻമേൽ സർക്കാർ ബഹു. ഹൈക്കോടതിയിൽ MFA-665/2003 ഫയൽ ചെയ്ത കേസ്സിലും ബഹു. സുപ്രീം കോടതിയിൽ CA-10028/2010 സമർപ്പിച്ച അപ്പീൽ കേസ്സിലും മേൽക്കോടതിയിൽ അപേക്ഷകന് അനുകൂലമായി വിധിയായിട്ടുണ്ട്.

(ബി&സി) OA-47, OA-48/2002 നമ്പർ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമി മുമ്പ് നടന്നിരുന്ന ഒ.എ. 195/90, 196/90 നമ്പർ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള അതേ ഭൂമി തന്നെയാണ്. ഒ.എ. 195/90, ഒ.എ. 196/90 കേസ്സുകളിൽ സർക്കാരിന് അനുകൂലമായ വിധി വന്നതിനുശേഷം അപേക്ഷകൻ MFA-832/91 ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഒ.എ. 47, ഒ.എ. 48/2002 കേസ്സുകൾ പുതിയ

ഒ.എ.-കളായി റീനമ്പർ ചെയ്തിട്ടുള്ളത്. മേൽനമ്പർ കേസ്സുകളിൽ അപേക്ഷകന് അനുകൂലമായ വിധിയാണ് ഉണ്ടായിട്ടുള്ളത്. നിലവിൽ ഇ.എഫ്.എൽ. ആയി സർക്കാർ ഏറ്റെടുത്തിട്ടുള്ള ഭൂമിക്കുള്ളിലായാണ് മേൽ ഭൂമി സ്ഥിതിചെയ്യുന്നത്. ടി ഭൂമിയും ഇ.എഫ്.എൽ. ഭൂമിയും ഒറ്റ ബ്ലോക്കായാണ് സ്ഥിതിചെയ്യുന്നത്. ആയത് അതീവ ജൈവപ്രാധാന്യമുള്ള നിത്യഹരിതമായാണ് ഈ സ്ഥലം കിടക്കുന്നത്. ആകയാൽ സുപ്രീം കോടതി വിധിയിന്മേലുള്ള നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചുവരുന്നു.

## മുത്തപ്പൻ പുഴയിലെ വനം വകുപ്പ് നടപടികൾ

123(4092) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ആനക്കാംപൊയിൽ-മുത്തപ്പൻപുഴ മേഖലയിൽ കർഷകരുടെയും കൈവശക്കാരുടെയും ഭൂമിയിൽ വനം വകുപ്പ് ജണ്ട കെട്ടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംയുക്ത പരിശോധനയ്ക്കുശേഷമേ സർവ്വേ പ്രവർത്തനങ്ങൾ പുനരാരംഭിക്കുകയുള്ളൂ എന്നതിൽ നിന്നും വനം വകുപ്പ് പിന്മാറാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൻെറ ശാശ്വതപരിഹാരത്തിനായി സംയുക്ത പരിശോധന നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിലെ ആനക്കാംപൊയിൽ-മുത്തപ്പൻപുഴ മേഖലയിൽ കൃഷി ഭൂമിയിൽ വനം വകുപ്പ് ജണ്ട കെട്ടുന്നു എന്ന വിവിധ രാഷ്ട്രീയ കക്ഷികളുടെയും കർഷക സംഘടനകളുടെയും ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ടി ആക്ഷേപം സത്യവിരുദ്ധമാണ്. 1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ് (വെസ്റ്റിംഗ് ആന്റ് അസൈൻമെന്റ്) ആക്ട് പ്രകാരം 10-5-1971-ൽ സർക്കാരിൽ നിക്ഷിപ്തമായതും 1974-77 കാലഘട്ടത്തിൽ ഡീമാർക്കേഷൻ പൂർത്തീകരിച്ച് വിജ്ഞാപനം ചെയ്തതുമായ വനഭൂമിയുടെ സർവ്വേ സ്കെച്ച് അനുസരിച്ച് വനാതിർത്തി പുനർനിർണ്ണയം നടത്തി വനാതിർത്തിയിലെ സർവ്വേ പോയിന്റുകളിൽ മാത്രമാണ് വനം വകുപ്പ് ജണ്ട നിർമ്മിക്കുന്നത്.

(ബി) കോഴിക്കോട് ജില്ലയിലെ താമരശ്ശേരി റെയ്ഞ്ച് പരിധിയിൽ വനാതിർത്തിയിലെ ജണ്ട നിർമ്മാണം പൂർത്തീകരിക്കാൻ ഇനി 1022 ജണ്ടകൾകൂടി കെട്ടുവാനുണ്ട്. അതിൽ ഭൂരിഭാഗം ജണ്ടകളും നിർമ്മിക്കേണ്ടത് മുത്തപ്പൻപുഴ,

മറിപ്പുഴ, കുണ്ടംതോട് പ്രദേശങ്ങളിലാണ്. 2017 വർഷത്തിൽ ഇവിടെ വനാതിർത്തിയിലെ സർവ്വേ പോയിന്റുകൾ കണ്ടെത്താൻ സർവ്വേ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ജണ്ട നിർമ്മാണം നടത്തിവരികയും ചെയ്തിരുന്നു. ഈ സമയത്ത് തന്നെ വനാതിർത്തിയിൽ വനത്തിനകത്ത് ഒട്ടേറെപേർ കയ്യേറി കൃഷി ചെയ്തു വരുന്നത് കണ്ടെത്തിയിരുന്നു. എന്നാൽ ജണ്ട നിർമ്മാണത്തിന് തടസ്സമുണ്ടായിരുന്നില്ല. സർവ്വേ സംബന്ധിച്ച ആക്ഷേപങ്ങൾ ഉണ്ടായപ്പോൾ 4-8-2017 തീയതിയിൽ ബഹു. തിരുവമ്പാടി നിയോജകമണ്ഡലം എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തി യോഗം ചേരുകയും സർവ്വേ പ്രവർത്തനങ്ങൾ തുടരാനും തർക്കമില്ലാത്തിടങ്ങളിൽ ജണ്ട നിർമ്മാണം നടത്തുന്നതിനും തീരുമാനിച്ചിരുന്നു. പിന്നീട് വിവിധ രാഷ്ട്രീയ കക്ഷികളുടെയും കർഷക സംഘടനകളുടെയും നേതൃത്വത്തിൽ പ്രതിഷേധം കൂടുതലായപ്പോൾ 9-2-2018-ന് ബഹു. തിരുവമ്പാടി നിയോജകമണ്ഡലം എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ കോഴിക്കോട് ജില്ലാ കളക്ടറുടെ ചേമ്പറിൽവെച്ച് യോഗം ചേർന്നിരുന്നു. മേൽയോഗത്തിൽ 2018 ഫെബ്രുവരി മാസാവസാനംവരെ സർവ്വേ പ്രവർത്തനങ്ങളും ജണ്ട നിർമ്മാണവും നിർത്തിവയ്ക്കാൻ ബഹു. എം.എൽ.എ. ആവശ്യപ്പെട്ടിതെത്തുടർന്ന് ജണ്ട നിർമ്മാണവും സർവ്വേ പ്രവർത്തനങ്ങളും നിർത്തിവയ്ക്കുകയുണ്ടായി. സി.പി.ഐ. തിരുവമ്പാടി നിയോജകമണ്ഡലം കമ്മിറ്റി ബഹു. വനം വകുപ്പുമന്ത്രി മുമ്പാകെ സമർപ്പിച്ച നിവേദനത്തെത്തുടർന്ന് പ്രസ്തുത മേഖലയിൽ സംയുക്ത പരിശോധന നടത്തിയശേഷം മാത്രം തുടർനടപടികൾ സ്വീകരിക്കാനും നിർദ്ദേശിച്ചിരുന്നു. ഇതിന് ശേഷം ഈ മേഖലയിൽ ജണ്ട നിർമ്മാണം നടത്തിയിട്ടില്ല.

ജി.ഒ.(എം.എസ്.) നമ്പർ 655/89/ആർ.ഡി. തീയതി 31-8-1989 ജി.ഒ. (എംഎസ്) നമ്പർ 172/92/ആർ.ഡി. തീയതി 3-3-1992 എന്നിവയിലാണ് സംയുക്ത പരിശോധന സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുള്ളത്. മേൽഉത്തരവ് പ്രകാരം കയ്യേറിയ വനഭൂമി 1-1-1977-ന് മുമ്പാണോ ശേഷമാണോ കയ്യേറിയതെന്ന് തിട്ടപ്പെടുത്തുന്നതിനുവേണ്ടിയാണ് സംയുക്ത പരിശോധന നടത്തുന്നത്. 1989-ലെ ജി.ഒ. (എംഎസ്) നമ്പർ 655/89/ആർ.ഡി. തീയതി 31-8-1989 സർക്കാർ ഉത്തരവ് പ്രകാരമുള്ള സംസ്ഥാനത്തിലെ സംയുക്ത പരിശോധന പൂർത്തിയായിട്ടുള്ളതാണ് എന്നാണ് വിവിധ കോടതി മുമ്പാകെ എടുത്തിട്ടുള്ള നിലപാട്. നിലവിൽ നടന്നു വരുന്ന സർവ്വേ പ്രവർത്തനങ്ങൾ പ്രകാരം കൃഷിക്കാർ തർക്കമുന്നയിക്കുന്ന ഭൂമി ഏതൊക്കെയാണെന്നും അറിയാൻ കഴിയുന്നുണ്ട്. സർവ്വെ പൂർത്തീകരിക്കുന്നതോടെ തർക്കഭൂമിയുടെ കൃത്യമായ വിവരം ലഭ്യമാകുന്നതാണ്. 2018 ജനുവരി, ഫെബ്രുവരി മാസത്തിൽ നടന്ന സർവ്വെയിൽ തിരുവമ്പാടി വില്ലേജിൽ സർവ്വെ നമ്പർ 163/11-ൽ വനഭൂമി വ്യാപകമായി കയ്യേറിയതായി പ്രാഥമിക വിവരം ലഭിച്ചിരുന്നു. 2018

ഏപ്രിൽ മാസത്തിൽ ഈ ഭാഗത്ത് വനാതിർത്തിയിലെ സർവ്വേ പുനരാരംഭിക്കുകയും ഈ ഭാഗത്തെ വനം കയ്യേറ്റം സ്ഥിരീകരിക്കുകയും വനത്തിനകത്ത് നിർമ്മിച്ച റിസോർട്ട് കെട്ടിടമടക്കം വനം വകുപ്പ് കസ്റ്റഡിയിലെടുക്കുകയും ചെയ്തിരുന്നു. ഇതേത്തുടർന്ന് വനഭൂമിക്ക് അവകാശമുന്നയിച്ചുകൊണ്ട് വിവിധ ആൾക്കാർ WP(C) Nos. 14442/18, 14887/18, 14679/18, 14554/18, 14557/18, 14929/18, 14741/18, 14634/18, 14701/18, 14541/18, 14556/18, 14722/18, 14878/18, 14866/18, 14867/18, 14987/18, 14986/18, 14877/18, 14879/18, 14985/18, 15014/18, 15061/18, 16945/18 എന്നിങ്ങനെ 23 റിട്ട് പെറ്റീഷനുകൾ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യുകയുണ്ടായി. ഈ പ്രദേശത്തിലെ വനം കയ്യേറ്റത്തിന്റെ ഗൗരവം കണക്കിലെടുത്ത് വനാതിർത്തിയിലെ സർവ്വെ തടസ്സപ്പെടുത്താൻ പാടില്ലെന്ന് നിർദ്ദേശിച്ചുകൊണ്ട് ബഹു. ഹൈക്കോടതി ഉത്തരവിട്ടിട്ടുണ്ട്. മേൽ സാഹചര്യങ്ങളിലാണ് മേൽപ്രദേശത്ത് ഇപ്പോൾ വനാതിർത്തിയിലെ സർവ്വെ തുടരുന്നത്.

(സി) ഇപ്പോൾ വനം വകുപ്പിന്റെ സർവ്വേയാണ് നടക്കുന്നത്. സംയുക്ത സർവ്വേ നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ആന വളർത്തൽ കേന്ദ്രങ്ങൾ**

124 (4093) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ആന വളർത്തൽ കേന്ദ്രങ്ങളുണ്ട്; പ്രസ്തുത കേന്ദ്രങ്ങളിൽ എത്ര ആനകൾ വീതം ഉണ്ട്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര കുങ്കി ആനകൾ ഉണ്ട്; ഇല്ലെങ്കിൽ കുങ്കി ആനയ്ക്കാവശ്യമായ പരിശീലനം മറ്റ് ആനകൾക്ക് നൽകുവാൻ വനം വകുപ്പ് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ, എങ്കിൽ വ്യക്തമാക്കുമോ;

(സി) എറണാകുളം ജില്ലയിലെ കോടനാട് ആന വളർത്തൽ കേന്ദ്രത്തിൽനിന്ന് നീലകണ്ഠൻ എന്ന ആനയെ എന്ത് ആവശ്യത്തിനായിട്ടാണ് അന്യസംസ്ഥാനത്തേയ്ക്ക് അയക്കുന്നത്; ഇതിന് മുമ്പ് എത്ര ആനകളെ ഇവിടെനിന്ന് അന്യസംസ്ഥാനത്തേയ്ക്ക് അയച്ചിട്ടുണ്ട്, പ്രസ്തുത ആനകൾ സംസ്ഥാനത്ത് തിരിച്ച് എത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ നിലവിൽ താഴെപ്പറയുന്ന 4 ആന പരിപാലന കേന്ദ്രങ്ങളുണ്ട്.

1. മുത്തങ്ങ ആന പരിപാലന കേന്ദ്രം (7 ആനകൾ)

2. കോന്നി ആന പുനരധിവാസ കേന്ദ്രം (6 ആനകൾ)

3. കാപ്രിക്കാട് ആന പരിപാലന കേന്ദ്രം (8 ആനകൾ)

4. കാപ്പുകാട് ആന വളർത്തൽ കേന്ദ്രം (16 ആനകൾ)

(ബി) സംസ്ഥാനത്ത് നിലവിൽ വിഗദ്ധ പരിശീലനം സിദ്ധിച്ച കുങ്കി ആനകൾ ഇല്ല. പരിശീലനം നൽകി കുങ്കി ആനകളാക്കാനായി കേരളത്തിൽനിന്നും 3 ആനകളെ തമിഴ്നാട്ടിലെ മുതുമല ആന ക്യാമ്പിൽ 3 മാസത്തെ പരിശീലനത്തിനായി അയച്ചിട്ടുണ്ട്.

(സി) കോടനാട് ആനവളർത്തൽ കേന്ദ്രം ഇപ്പോൾ നിലവിലില്ല. 15-1-2016-ൽ അവസാനത്തെ ആനയേയും ഇവിടെനിന്ന് കാപ്രിക്കാട് ആന സംരക്ഷണ കേന്ദ്രത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. അത്തരത്തിൽ മാറ്റപ്പെട്ട നീലകണ്ഠൻ എന്ന ആനയെ 15-6-2018 മുതൽ 12-9-2018 വരെ കുങ്കി പരിശീലനം നൽകുന്നതിന് തമിഴ്നാട് മുതുമലൈ ടൈഗർ റിസർവ്വിലെ തെപ്പെക്കാട് എന്ന ക്യാമ്പിൽ അയച്ചിട്ടുണ്ട്. ഇതിനുമുമ്പ് കോടനാട് ആന വളർത്തൽ കേന്ദ്രത്തിൽനിന്നും ആനകളെ അന്യസംസ്ഥാനത്തിലേയ്ക്ക് അയച്ചിട്ടില്ല.

**വന്യമൃഗ ആക്രമണം**

125 (4094) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തി പങ്കിടുന്ന ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ ഇറങ്ങിയതുമൂലം കഴിഞ്ഞ 2 വർഷങ്ങളിലായി എത്ര തുകയുടെ കൃഷിനാശമുണ്ടായിയെന്നും എത്ര പേർക്ക് പരിക്കുകൾ പറ്റിയെന്നും, എത്ര പേർക്ക് ജീവഹാനി സംഭവിച്ചുവെന്നും, എത്ര വീടുകൾ ആക്രമിച്ചുവെന്നും, എത്ര വളർത്തു മൃഗങ്ങളെ കൊന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ഇക്കാലയളവിൽ വന്യമൃഗ ആക്രമണത്തിന് വിധേയരായവർ/ മരണപ്പെട്ടവർ എന്നുള്ളവർക്ക് എന്തെല്ലാം സഹായം നൽകിയെന്നും എത്ര പേർക്ക് നൽകിയെന്നും ആയതിന് ചെലവഴിച്ച തുക എത്രയെന്നും ഇനിയും തുക ലഭ്യമാക്കാത്തവർ എത്രയെന്നും വിശദാംശം നൽകുമോ;

(സി) ഇക്കാലയളവിൽ പ്രസ്തുത ആക്രമണത്തിൽ വീട് നശിച്ചതും കൃഷിനാശം സംഭവിച്ചതുമായി എത്ര പേരുടെ പരാതി ലഭിച്ചു; ആയത് പ്രകാരം എത്ര പേർക്ക് സഹായം നൽകി; പരാതി ലഭ്യമായതിൽ ഇനി എത്ര പേർക്ക് സഹായം നൽകാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇക്കാലയളവിൽ വളർത്തുമൃഗങ്ങളെ കൊന്നതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചു; എത്ര പരാതിയിന്മേൽ നടപടി സ്വീകരിച്ചു; ആയതിന് ചെലവഴിച്ച തുക എത്ര; അവശേഷിക്കുന്ന പരാതികളിന്മേൽ എപ്പോൾ നടപടി സ്വീകരിക്കും; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വനാതിർത്തി പങ്കിടുന്ന ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ ഇറങ്ങിയതുമൂലം കഴിഞ്ഞ രണ്ടുവർഷങ്ങളിലായി 8,42,46,468 രൂപയുടെ കൃഷി നാശമുണ്ടായി. 1704 പേർക്ക് പരിക്കുകൾ പറ്റി, 247 പേർക്ക് ജീവഹാനി സംഭവിച്ചു, 508 വീടുകൾ ആക്രമിച്ചു, 877 വളർത്തുമൃഗങ്ങളെ കൊന്നു.

(ബി) ഇക്കാലയളവിൽ വന്യമൃഗ ആക്രമണത്തിനുവിധേയരായി പരിക്ക് പറ്റിയവർക്ക് 3,96,30,091 രൂപയും മരണപ്പെട്ടവരുടെ ആശ്രിതർക്ക് 3,85,31,250 രൂപയും ധനസഹായമായി ആകെ 1730 പേർക്ക് നൽകി. ഇനി 282 പേർക്ക് നൽകുവാനുണ്ട്.

(സി) ഇക്കാലയളവിൽ പ്രസ്തുത ആക്രമണത്തിൽ വീട് നശിച്ചതും കൃഷിനാശം സംഭവിച്ചതുമായ 14637 പേരുടെ പരാതി ലഭിച്ചു. ആയത് പ്രകാരം 13436 പേർക്ക് സഹായം നൽകി. പരാതി ലഭ്യമായതിൽ ഇനി 1201 പേർക്ക് സഹായം നൽകാനുണ്ട്.

(ഡി) ഇക്കാലയളവിൽ വളർത്തുമൃഗങ്ങളെ കൊന്നതുമായി ബന്ധപ്പെട്ട് 836 പരാതികൾ ലഭിച്ചു. ആയതിൽ 816 പരാതിയിന്മേൽ നടപടി സ്വീകരിച്ചു. ആയതിന് 1,55,20,599 രൂപ ചെലവഴിച്ചു. അവശേഷിക്കുന്ന പരാതികളിന്മേൽ നടപടി പൂർത്തിയാക്കാനുള്ള തീവ്രശ്രമത്തിലാണ്.

**വന്യമൃഗ ആക്രമണത്തിൽ ജീവഹാനി സംഭവിച്ചത്**

126 (4095) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് വന്യജീവികൾ കുടിവെള്ളവും ഭക്ഷണവും തേടി നാട്ടിൽ എത്താതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര പേർക്ക് വന്യജീവി ആക്രമണത്തിൽ ജീവഹാനി സംഭവിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വനത്തിനുള്ളിലെ ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ കഴിഞ്ഞ വർഷങ്ങളിൽ എന്നപോലെ ഈ വർഷവും സ്വീകരിച്ചു. കേരളത്തിലെ വനമേഖലകളിലാകെ ഏകദേശം 3000-ത്തോളം ജലസ്രോതസ്സുകൾ (Waterhole, Vayals, Waterspread) നവീകരിച്ചിട്ടുണ്ട്. 67 ചതുപ്പപ്രദേശങ്ങളിൽ (Vayals) മൺബണ്ടുകൾ നിർമ്മിക്കുകയും 30 എണ്ണത്തിൽ ചെടികൾ നട്ട് ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനത്തിനുള്ളിൽ 141 ചെക്ക് ഡാമുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും 91 താൽക്കാലിക തടയണകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. വനത്തിനുള്ളിലെ വനവൽക്കരണത്തിന് പുല്ല്, ഈറ്റ എന്നിവ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ വന്യജീവികളുടെ ആക്രമണത്തിന് ഇരയായി മരണപ്പെട്ടിട്ടുള്ളവരുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

| ജില്ല | മരണമടഞ്ഞവർ (എണ്ണം) | |
|---|---|---|
| | വന്യജീവി ആക്രമണം | പാമ്പുകടി |
| (1) | (2) | (3) |
| തിരുവനന്തപുരം | 5 | 9 |
| കൊല്ലം | 1 | 11 |
| പത്തനംതിട്ട | 1 | 29 |
| ആലപ്പുഴ | 0 | 0 |
| കോട്ടയം | 0 | 9 |
| ഇടുക്കി | 1 | 2 |
| എറണാകുളം | 13 | 8 |
| തൃശ്ശൂർ | 1 | 28 |

| (1) | (2) | (3) |
|---|---|---|
| പാലക്കാട് | 15 | 51 |
| മലപ്പുറം | 5 | 17 |
| കോഴിക്കോട് | 0 | 3 |
| വയനാട് | 14 | 2 |
| കണ്ണൂർ | 4 | 15 |
| കാസർഗോഡ് | 0 | 3 |
| ആകെ | 60 | 187 |

**വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം**

127(4096) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യജീവികളുടെ ആക്രമണംമൂലം ജീവഹാനി സംഭവിച്ച വ്യക്തികളുടെ അവകാശികൾക്കും പരിക്കേറ്റവർക്കും കൃഷിനാശം സംഭവിച്ചവർക്കുമുള്ള ധനസഹായം വർദ്ധിപ്പിച്ച് ഉത്തരവായതിൻ പ്രകാരമുള്ള തുക ഏത് തീയതി മുതലാണ് വിതരണം ചെയ്യാൻ കഴിയുന്നത്;

(ബി) വന്യമൃഗങ്ങൾമൂലം വീടുകൾക്കും കുടിലുകൾക്കുമുള്ള നാശനഷ്ടങ്ങൾക്ക് പരമാവധി എത്ര തുക വരെയാണ് നഷ്ടപരിഹാരമനുവദിക്കുന്നത്;

(സി) നാശനഷ്ടത്തിന്റെ യഥാർത്ഥ തോത് തിട്ടപ്പെടുത്തി തുക അനുവദിക്കാത്തതുമൂലം പൊതുജനങ്ങൾക്ക് ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വീടുകൾക്കും കുടിലുകൾക്കുമുണ്ടാകുന്ന യഥാർത്ഥ നഷ്ടം തിട്ടപ്പെടുത്തി നഷ്ടപരിഹാരം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 5-4-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 17/2018/വനം പ്രകാരം വർദ്ധിപ്പിച്ച നിരക്കിന് ഉത്തരവ് തീയതി മുതൽ പ്രാബല്യമുണ്ട്.

(ബി) വന്യമൃഗങ്ങൾമൂലം വീടുകൾക്കും കുടിലുകൾക്കുമുള്ള നാശനഷ്ടങ്ങൾക്ക് നഷ്ടത്തിന്റെ 100% (പരമാവധി ഒരു ലക്ഷം രൂപ) ആണ് നഷ്ടപരിഹാരമായി നൽകുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വട്ടച്ചിറ-മരുതിലാവ് വൈദ്യുതവേലി നിർമ്മാണം**

128(4097) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യമൃഗങ്ങളുടെയും കാട്ടാനകളുടെയും ശല്യത്തിൽനിന്ന് ജീവനും കാർഷിക വിളകളും സംരക്ഷിക്കുന്നതിന് മരുതിലാവ് മുതൽ വട്ടച്ചിറ വരെ വൈദ്യുത വേലി നിർമ്മിക്കണമെന്ന വനസംരക്ഷണ സമിതിയുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആവശ്യം പരിഗണിച്ച് വൈദ്യുതവേലി നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മരുതിലാവ് മുതൽ വട്ടച്ചിറവരെ വൈദ്യുതവേലി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**കാട്ടുമൃഗങ്ങളുടെ ആക്രമണം**

129(4098) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടുമൃഗങ്ങളുടെ ആക്രമണത്തിൽ ആളുകൾ മരിക്കുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുത്തങ്ങയ്ക്ക് സമീപം പൊൻകുഴി കാട്ടുനായ്ക്ക കോളനിയിൽ മഹേഷ് എന്ന കുട്ടി കാട്ടാനയുടെ ആക്രമണത്തിൽ മരണമടഞ്ഞ സംഭവത്തിൽ കുടുംബത്തിന് നഷ്ടപരിഹാരം അനുവദിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അടിയന്തര ധനസഹായമായി 50,000 രൂപ ഉടൻതന്നെ അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക നിയതമാർഗ്ഗേന അപേക്ഷ ലഭിക്കുന്നമുറയ്ക്ക് ലഭ്യമാക്കുന്നതാണ്.

## ആനകളുടെ പരിശീലനത്തിനുള്ള നടപടി

130 (4099) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോടനാട്, കോന്നി എന്നീ ആനക്കൂട്ടുകളിലെ നീലകണ്ഠൻ, സുരേന്ദ്രൻ എന്നീ കുട്ടിയാനകളെ താപ്പാന പരിശീലനത്തിനായി തമിഴ്നാട് മുതുമല ആന ക്യാമ്പിലേക്ക് കൊണ്ടുപോകുന്നതിനുവേണ്ടിയുള്ള പേപ്പർ ജോലികൾ നടക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ കാട്ടാനകളെ ഓടിക്കുന്ന താപ്പാന പരിശീലനത്തിന് തൊഴിൽ അറിയാവുന്ന പാപ്പാൻമാരും കാട്ടാനകളെ തുരത്തേണ്ട സാഹചര്യമുള്ള കോട്ടപ്പാറ, പ്ലാമുടി, കുട്ടമ്പുഴ, വടാട്ടുപാറ അടക്കമുള്ള നിരവധി പ്രദേശങ്ങളും ഇവിടെയുള്ളപ്പോൾ ഇവിടെയുള്ള ആനകളെ ഇവിടെത്തന്നെ പരിശീലിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽനിന്നും മൂന്ന് ആനകളെ തമിഴ്നാട്ടിലെ മുതുമല ആനക്യാമ്പിൽ എത്തിച്ച് മൂന്നുമാസത്തെ കുങ്കി പരിശീലനം നൽകി കേരള വനംവകുപ്പിൽ കുങ്കി ആനയാക്കി മാറ്റുവാൻ തീരുമാനിച്ചതുപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കുങ്കി ആന പരിശീലനത്തിനുള്ള ഭൗതിക സാഹചര്യം കേരളത്തിൽ നിലവിലില്ല. കൂടാതെ പരിശീലനം നൽകുന്നതിനുള്ള സാങ്കേതിക പരിജ്ഞാനവും കേരള വനം വകുപ്പിൽ നിലവിലില്ലാത്തതിനാലാണ് മേൽപ്പറഞ്ഞ മൂന്ന് ആനകളെ തമിഴ്നാട് വനം വകുപ്പിന്റെ സഹായത്തോടെ കുങ്കി പരിശീലനം നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്.

## കന്നുകാലി പ്രജനന പ്രവർത്തനങ്ങൾ

131 (4100) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനിക്കുന്ന മുഴുവൻ കന്നുകുട്ടികളുടേയും ശാസ്ത്രീയ പരിചരണത്തിനും പരിപാലനത്തിനും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കന്നുകാലി പ്രജനനമേഖല ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെട്ടയിനം പശുക്കളെ സംസ്ഥാനത്ത് കൂടുതലായി ഉല്പാദിപ്പിക്കുന്നതിനും നടപ്പാക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ;

(സി) വിദേശത്തുനിന്ന് ഉയർന്ന ജനിതകമൂല്യമുള്ള വിത്തുകാളകൾ, ഗാഢ ശീതികരിച്ച ബീജം, ഭ്രൂണം, ലിംഗനിർണ്ണയം നടത്തിയ ബീജ തന്മാത്രകൾ എന്നിവ ഇറക്കുമതി ചെയ്യുന്നുണ്ടോ;

(ഡി) സംസ്ഥാനത്തെ പ്രധാന ക്ഷീരോല്പാദക മേഖലകളിൽ ലിംഗ നിർണ്ണയം നടത്തിയ ബീജ തന്മാത്രകൾ വിതരണം ചെയ്യുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) കന്നുകാലി പ്രജനനപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാകുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ഉല്പാദനക്ഷമതയുള്ള പശുക്കളായി മാറ്റാൻ ലക്ഷ്യമിടുന്ന കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി, സ്പെഷ്യൽ ഗോവർദ്ധിനി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിനായി 2017-18 വർഷത്തിൽ ആകെ 53.8 കോടി രൂപ വകയിരുത്തിയിരുന്നു. സബ്സിഡി നിരക്കിൽ പശുക്കുട്ടികൾക്ക് തീറ്റ നൽകുന്ന ആദ്യ രണ്ട് പദ്ധതികളിലുമായി 2016-17-ൽ എൻറോൾ ചെയ്ത 73538 കന്നുകുട്ടികൾക്ക് രണ്ടാം വർഷ സഹായം നൽകിയ തോടൊപ്പം 2017-18-ൽ പുതിയതായി 35070 കന്നുകുട്ടികളെക്കൂടി പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നു. ആർ.കെ.വി.വൈ ധനസഹായം ഉപയോഗിച്ച് സ്പെഷ്യൽ ഗോവർദ്ധിനി എന്ന പേരിൽ 10000 കന്നുകുട്ടികളെക്കൂടി 2017-18 ൽ എൻറോൾ ചെയ്തിരുന്നു. ആയതിന് 6,10,50,000 (ആറ് കോടി പത്ത് ലക്ഷത്തി അമ്പതിനായിരം രൂപ) ചെലവാക്കി. മേൽപ്പറഞ്ഞ പദ്ധതികളിലൂടെ 2017-18-ൽ ആകെ 1,18,608 (ഒരു ലക്ഷത്തി പതിനെട്ടായിരത്തി അറുന്നൂറ്റിയെട്ട്) എണ്ണം കന്നുകുട്ടികൾക്ക് പദ്ധതി സഹായം നൽകി. 2018-19-ൽ ഗോവർദ്ധിനി പദ്ധതിപ്രകാരം 57552 കന്നുകുട്ടികളെയും കാഫ് അഡോപ്ഷൻ പ്രോഗ്രാം പ്രകാരം 26002 കന്നുകുട്ടികളെയും ചേർത്ത് ആകെ 83554 കന്നുകുട്ടികൾക്കും സഹായം നൽകും. 2017-18-ൽ എൻറോൾ ചെയ്ത 45070 കുട്ടികൾ ഉൾപ്പെടെ 128624 കന്നുകുട്ടികളെ 2018-19-ൽ ടി പദ്ധതിയിൽ ഉൾപ്പെടുത്തി തീറ്റ നൽകും. 2018-19 വർഷത്തിൽ കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി പദ്ധതികൾക്കുള്ള പ്ലാൻ ഫണ്ട് 53.8 കോടിയിൽനിന്നും 60 കോടി രൂപയായി വർദ്ധിപ്പിച്ചു. മൃഗാശുപത്രികൾക്കുള്ള മരുന്നുവാങ്ങുന്നതിനുള്ള ബഡ്ജറ്റ് വിഹിതം 2017-18 വർഷത്തിൽ 15 കോടി രൂപയും 2018-19

വർഷത്തിൽ 15.93 കോടി രൂപയായും വർദ്ധിപ്പിച്ചു. 2017-18 വർഷത്തിൽ വിരമരുന്ന് വാങ്ങുന്നതിന് ഒരു കോടി രൂപയും ധാതുലവണ മിശ്രിതം വിതരണം നടത്തുന്നതിന് രണ്ട് കോടി രൂപയും ചെലവഴിച്ചു. കൂടാതെ 2018-19 വർഷത്തിലും ഇതേപ്രകാരംതന്നെ തുക വകയിരുത്തിയിട്ടുണ്ട്. കേരളാ ഫീഡ്സിൽനിന്നും മിനറൽ മിക്സ്ചർ വാങ്ങി വിവിധ ജില്ലകളിലെ മൃഗാശുപത്രികൾ വഴി സൗജന്യമായി ക്ഷീരകർഷകരിലേയ്ക്ക് എത്തിക്കുന്നതിനുള്ള പദ്ധതി 2016-17, 2017-18-ൽ നടപ്പിലാക്കി. 2018-19-ൽ ഈ ഇനത്തിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

മൃഗാശുപത്രികളിൽ കന്നുകുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിനായി മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള മൃഗാശുപത്രികൾ വഴി ചികിത്സ, രോഗനിർണ്ണയം, രോഗപ്രതിരോധം, രോഗനിരീക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളും നടത്തുന്നു. മൃഗാരോഗ്യ സംരക്ഷണം, കൃത്യമായ രോഗപ്രതിരോധ മാർഗ്ഗങ്ങൾ എന്നിവ അവലംബിക്കുന്നതുമൂലം കുളമ്പുരോഗം, മറ്റ് സാംക്രമിക രോഗബാധകൾ എന്നിവ നിയന്ത്രിക്കുവാനും അതുമൂലം രോഗങ്ങൾ, മരണനിരക്ക് എന്നിവ കുറയ്ക്കുവാനും സാധിച്ചിട്ടുണ്ട്. 2017-18-ൽ രാത്രികാല അടിയന്തര വെറ്ററിനറി സേവനത്തിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 5.41 കോടിരൂപയിൽ നിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു. ഇതോടെ രാത്രികാല അടിയന്തര വെറ്ററിനറി സേവനം ലഭ്യമാവുന്ന ബ്ലോക്കുകളുടെ എണ്ണം 65-ൽ നിന്നും 85 ആയി വർദ്ധിപ്പിച്ചു. 2018-19- ൽ 20 ബ്ലോക്കുകളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അങ്ങനെ മൊത്തം 105 ബ്ലോക്കുകളിൽ പദ്ധതി നടപ്പിലാക്കും.

(ബി) സംസ്ഥാനത്തെ കന്നുകാലി പ്രജനന നയത്തിനനുസൃതമായി ജനിതക മേന്മയുള്ള വിത്തുകാളകളുടെ ബീജം ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്തെ എല്ലാ കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലും കൃത്യസമയത്ത് കെ.എൽ.ഡി.ബോർഡ് എത്തിക്കുന്നു. കന്നുകാലി പ്രജനന നയം നിഷ്കർഷിക്കുന്ന രീതിയിൽ ജനിതക മേന്മയുള്ള വിത്തുകാളകളെ കേന്ദ്ര കൃഷി മന്ത്രാലയം അംഗീകരിച്ചിട്ടുള്ള സംസ്ഥാനത്തിന് പുറത്തുള്ള ഏജൻസികളിൽനിന്നും വാങ്ങി അവയുടെ ബീജവും ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു. 2008-ലെ കന്നുകാലി പ്രജനന നയം സമൂലമായി പുനരവലോകനം ചെയ്യുകയും പുതിയ കന്നുകാലി പ്രജനന നയം പ്രഖ്യാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. പശുക്കുട്ടികളെ മാത്രം ഉൽപ്പാദിപ്പിക്കുന്ന ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനത്തിനായി കാനഡയിൽനിന്നും ലിംഗനിർണ്ണയം നടത്തിയ 16000 ബീജമാത്രകൾ ഇറക്കുമതി ചെയ്ത് കർഷകർക്ക് വിതരണം ചെയ്യുന്നു. കേരളത്തിലങ്ങോളമിങ്ങോളം ഏകദേശം 301 കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലെ വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. വളരെ ഉയർന്ന ജനിതക ശേഷിയുള്ള അഞ്ച് ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തു കാളകളെ

ജർമ്മനിയിൽനിന്നും നാല് വിത്തുകാളകളെ ഡെൻമാർക്കിൽനിന്നും മാട്ടുപ്പെട്ടി ഫാമിലേയ്ക്ക് ഇറക്കുമതി ചെയ്ത് അവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു. കാനഡയിൽനിന്നും ഉയർന്ന ജനിതകമേന്മയുള്ള വിത്തുകാളകളുടെ 40000 ഗാഢശീതീകരിച്ച ബീജമാത്രകൾ ഇറക്കുമതി ചെയ്ത് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു. പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നല്ലയിനം പച്ചപ്പുല്ല് പശുക്കൾക്ക് നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. നല്ലയിനം തീറ്റപ്പുൽ ഉൽപ്പാദിപ്പിക്കുന്നതിന് കർഷകർക്ക് പ്രോൽസാഹനം നൽകുന്നതിനായി വിവിധ പദ്ധതികൾ കെ.എൽ.ഡി. ബോർഡ് നടപ്പിലാക്കിവരുന്നു.

കുടുംബശ്രീ യൂണിറ്റുകൾ മുഖേന തീറ്റപ്പുൽ കൃഷി ചെയ്യുന്ന കർഷകർക്ക് ഏക്കറൊന്നിന് പതിനാറായിരം (16,000) രൂപവരെ ധനസഹായം നൽകുന്നു. കൂടാതെ കർഷകർക്ക് പരിശീലനവും നടീൽ വസ്തുക്കളും ഈ പദ്ധതിയിലൂടെ സൗജന്യമായി നൽകുന്നു. സംസ്ഥാനത്തിന് അനുയോജ്യമായ തീറ്റപ്പുൽ ഇനങ്ങളുടെ വിത്തുകൾ വാങ്ങി ഗുണപരിശോധനകൾ നടത്തി ക്ഷീരവികസന വകുപ്പ്, പാൽ സൊസൈറ്റികൾ, മൃഗസംരക്ഷണ വകുപ്പ് എന്നിവ മുഖേന കർഷകർക്ക് സൗജന്യമായ വിതരണം ചെയ്തുവരുന്നു. കർഷകരുടെയും വിവിധ ഏജൻസികളുടെയും കൈവശമുള്ള കൃഷിയിടങ്ങൾ തെരഞ്ഞെടുത്ത് ഒരേക്കർ വീതമുള്ള പുൽകൃഷി തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 75,000 രൂപ വരെ യൂണിറ്റൊന്നിന് ധനസഹായം നൽകി വരുന്നു.

(സി) വളരെ ഉയർന്ന ജനിതകശേഷിയുള്ള അഞ്ച് ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തുകാളകളെ ജർമ്മനിയിൽനിന്നും നാല് വിത്തുകാളകളെ ഡെൻമാർക്കിൽ നിന്നും മാട്ടുപ്പെട്ടി ഫാമിലേയ്ക്ക് ഇറക്കുമതി ചെയ്ത് അവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു. കാനഡയിൽനിന്നും ഉയർന്ന ജനിതക മേന്മയുള്ള വിത്തുകാളകളുടെ 40000 ഗാഢശീതീകരിച്ച ബീജമാത്രകൾ ഇറക്കുമതി ചെയ്ത് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു. പശുക്കുട്ടികളെ മാത്രം ഉൽപ്പാദിപ്പിക്കുന്ന ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിച്ചു ള്ള കൃത്രിമ ബീജാധാനത്തിനായി കാനഡയിൽനിന്നും ലിംഗനിർണ്ണയം നടത്തിയ 16000 ബീജമാത്രകൾ ഇറക്കുമതി ചെയ്ത് കർഷകർക്ക് വിതരണം ചെയ്യുന്നു. കേരളത്തിലങ്ങോളമിങ്ങോളം ഏകദേശം 301 കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലെ വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കാനഡയിൽനിന്നും ഗാഢശീതീകരിച്ച 150 ജഴ്സി ഭ്രൂണവും 350 ഹോൾസ്റ്റീൻ ഭ്രൂണവും ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. 20000 ഡോസ് ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾകൂടി ഇറക്കുമതി ചെയ്യുന്നതിനുള്ള ആഗോള ടെൻഡർ വിളിച്ചുകഴിഞ്ഞു.

(ഡി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മൃഗസംരക്ഷണ വകുപ്പ് തെരഞ്ഞെടുത്ത ബീജാധാന കേന്ദ്രങ്ങൾ (ആകെ 301 കേന്ദ്രങ്ങൾ) വഴി ലിംഗനിർണ്ണയം നടത്തിയ ഹോൾസ്റ്റീൻ ജനസ്സിന്റെ ബീജമാത്രകൾ വിതരണം ചെയ്യുന്നു.

(ഇ) ഇതിനായി ലഭ്യമാകുന്ന കേന്ദ്രസഹായം ഇപ്രകാരമാണ്. കന്നുകാലി പ്രജനനത്തിനുള്ള ദേശീയ പദ്ധതി (National Programme for Bovine Breeding - 100% CSS രാഷ്ട്രീയ ഗോകുൽ മിഷൻ (Rashtriya Gokul Mission)-100% CSS ദേശീയ ക്ഷീര പദ്ധതി (Natioanal Dairy Plan) - 100% CSS കന്നുകാലികളുടെ ഉൽപ്പാദനക്ഷമതയ്ക്കായുള്ള ദേശീയ മിഷൻ (National Mission on Bovine Productively( (60:40).

**വളർത്തുമൃഗങ്ങൾ മുഖേന അണുബാധ പടരുന്നതായുള്ള പ്രചരണം**

132 (4101) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസ് പോലുള്ള അണുബാധകൾ വളർത്തുമൃഗങ്ങൾ മുഖേന പടരുന്നതായി പ്രചരിപ്പിക്കപ്പെടുന്ന റിപ്പോർട്ടുകളുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ;

(ബി) വളർത്തു മൃഗങ്ങൾ മുഖേന മനുഷ്യരിലേക്ക് പകരുന്ന അണുബാധകൾ സംബന്ധിച്ച് ശാസ്ത്രീയ പഠനങ്ങളെന്തെങ്കിലും മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുകയുണ്ടായോ;

(സി) എങ്കിൽ ഏതെല്ലാം രോഗങ്ങൾ ഏതൊക്കെ വളർത്തുമൃഗങ്ങൾ മുഖേന പകരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഉപജീവനത്തിനായും അല്ലാതെയും വളർത്തുമൃഗങ്ങളെ പരിപാലിക്കു ന്നവർക്കിടയിലുണ്ടായിരിക്കുന്ന ആശങ്കകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കോഴിക്കോട് ജില്ലയിലെ നിപാ വൈറസ് ബാധയുണ്ടായ പ്രദേശ ങ്ങളിലെ വവ്വാൽ, വളർത്തുമൃഗങ്ങളായ പശു, ആട്, പന്നി, മുയൽ എന്നിവയിൽ നിന്ന് സാമ്പിളുകൾ ശേഖരിച്ച് ഭോപ്പാലിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹൈ സെക്യൂരിറ്റി അനിമൽ ഡിസീസ് ലബോറട്ടറിയിൽ അയയ്ക്കുകയുണ്ടായി. ആയതിന്റെ പരിശോധനാഫലം പ്രകാരം എല്ലാ സാമ്പിളുകളിലും നിപാ വൈറസ് നെഗറ്റീവാണ്.

(ബി) മൃഗങ്ങളിൽനിന്നും മനുഷ്യരിലേയ്ക്ക് പകരാവുന്ന രോഗങ്ങളായ ക്ഷയം ബ്രൂസെല്ലോസിസ്, പേവിഷബാധ, എലിപ്പനി തുടങ്ങിയ രോഗങ്ങളുടെ മൃഗങ്ങളിലെ സാന്നിധ്യം സ്ഥിരമായി നിരീക്ഷിക്കുന്നതിന് വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഡിസീസ് പാലോട്, പ്രാദേശിക രോഗ നിർണ്ണയ ലാബുകൾ എന്നിവിടങ്ങളിലെ സൗകര്യം ഫലപ്രദമായി പ്രയോജനപ്പെടുത്തിവരുന്നു. മൃഗങ്ങളിലെ രോഗസാന്നിധ്യം സംബന്ധിച്ച് അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ടിൽനിന്ന് പഠന റിപ്പോർട്ടും പ്രസിദ്ധീകരിക്കുന്നുണ്ട്.

(സി) പ്രധാനപ്പെട്ട രോഗങ്ങൾ

| | | |
|---|---|---|
| പശു | - | ആന്ത്രാക്സ്, ബ്രൂസെല്ല രോഗം, ക്ഷയരോഗം, എലിപ്പനി |
| പന്നി | - | ആന്ത്രാക്സ്, ബ്രൂസെല്ല രോഗം, പരാദരോഗം |
| ആട് | - | അന്ത്രാക്സ്, ബ്രൂസെല്ല രോഗം, |
| പട്ടി | - | റാബീസ്, എലിപ്പനി. |

(ഡി) മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങൾ മുഖേന രോഗചികിത്സാ പ്രതിരോധ കുത്തിവെയ്പ്, ബോധവത്ക്കരണം എന്നിവ നടത്തിവരുന്നു.

## മൃഗങ്ങളിലെ വൈറസ് രോഗബാധ

133(4102) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗങ്ങളിലെ വൈറസ് രോഗബാധ കേരളത്തിന്റെ മൃഗ സമ്പത്തിന്റെ വളർച്ചയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ എന്തൊക്കെ തരം വൈറൽ രോഗങ്ങളാണ് പൊതുവെ മൃഗങ്ങളിൽ കണ്ടുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മൃഗങ്ങളിലുള്ള വൈറൽ രോഗബാധകളെ പ്രതിരോധിക്കുന്നതിന് നിലവിൽ സംവിധാനങ്ങളുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) മൃഗങ്ങൾക്കുണ്ടാകുന്ന വൈറൽ രോഗങ്ങൾ മനുഷ്യരിലേക്ക് പടരാതിരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) മൃഗങ്ങളിലെ പ്രധാനപ്പെട്ട വൈറൽ രോഗങ്ങളായ കുളമ്പുരോഗം, പന്നിപ്പനി, ആടുവസന്ത, കോഴിവസന്ത, താറാവുവസന്ത തുടങ്ങിയവ കേരളത്തിന്റെ മൃഗസമ്പത്തിന്റെ വളർച്ചയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | കുളമ്പുരോഗം | - | പശു, ആട്, പന്നി. |
| | ആടുവസന്ത | - | ആടുകളിൽ |
| | പന്നിപ്പനി | - | പന്നികളിൽ |
| | കോഴിവസന്ത,<br>ഗംബറോ രോഗം,<br>(ഐ.ബി.ഡി),<br>ലൂക്കോസിസ് രോഗം | - | കോഴികളിൽ |
| | താറാവുവസന്ത | - | താറാവുകളിൽ. |

(സി) മൃഗങ്ങളിലെ പ്രധാന വൈറൽ രോഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള കുത്തിവെയ്പുകൾ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്നു.

(ഡി) രോഗപ്രതിരോധ കുത്തിവെയ്പുകളും ബോധവൽക്കരണ പരിപാടികളും രോഗബാധയുള്ള മൃഗങ്ങളിൽ ചികിത്സയും മൃഗസംരക്ഷണ വകുപ്പ് നടത്തിവരുന്നു.

## മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ

134(4103) ശ്രീ. ജെയിംസ് മാത്യു :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ പുതുതായി ആവിഷ്കരിച്ചിട്ടുള്ള ആനിമൽ റിസോഴ്സ് ഡെവലപ്മെന്റ് (എ.ആർ.ഡി.) പദ്ധതിയുടെ ലക്ഷ്യവും വിശദാംശവും നൽകാമോ;

(ബി) സംസ്ഥാനത്തെ എല്ലാ കന്നുകാലികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന സമഗ്ര പദ്ധതിയായ ഗോസമൃദ്ധിയുടെ പുരോഗതി അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം മൃഗസംരക്ഷണ മേഖലയിലും ക്ഷീര വികസന മേഖലയിലും നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ ;

(ഡി) അയൽ സംസ്ഥാനത്തെ ഇടനിലക്കാരുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഇറച്ചിക്കോഴി വിപണി ഇപ്പോൾ അന്താരാഷ്ട്രതലത്തിൽ നിന്നുകൂടി ഭീഷണി നേരിടുന്ന സാഹചര്യത്തിൽ ബദൽ സംവിധാനം ഏർപ്പെടുത്തി ഈ രംഗത്തെ കർഷകർക്ക് സംരക്ഷണം നൽകാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) പാൽ, മുട്ട, മാംസം എന്നിവയിൽ സ്വയംപര്യാപ്തത എന്ന സർക്കാർ ലക്ഷ്യം മുൻനിർത്തി പുതുതായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിക്കായി 6.25 കോടി രൂപയാണ് 2018-19 -ൽ വകയിരുത്തിയിട്ടുള്ളത്.

പ്രസ്തുത പദ്ധതിയുടെ കീഴിൽ താഴെപ്പറയുന്ന വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

1. ആട് വളർത്തൽ യൂണിറ്റുകൾ (1.5 കോടി)

   വ്യവസായിക അടിസ്ഥാനത്തിൽ 20 ആടുകൾ അടങ്ങുന്ന (19 പെണ്ണാടും ഒരു മുട്ടനാടും) യൂണിറ്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഒരു യൂണിറ്റിൽ ഒരു ലക്ഷം രൂപയുടെ ധനസഹായം ലഭിക്കും. ഇത്തരത്തിൽ സംസ്ഥാന മൊട്ടാകെ 150 യൂണിറ്റുകൾ സ്ഥാപിക്കും.

2. മാംസാവശ്യത്തിനായി പോത്തുകുട്ടി വളർത്തൽ പദ്ധതി (1.25 കോടി രൂപ)

   പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഒരു യൂണിറ്റിന് 10,000 രൂപ ധനസഹായം ലഭിക്കും.

3. മൃഗസംരക്ഷണ ആവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്കുള്ള സബ്സിഡി പദ്ധതി (3 കോടി രൂപ)

   മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുക്കുന്ന ലോണുകൾക്ക് പലിശ ഇനത്തിൽ 5,000 രൂപ പരിധി നിശ്ചയിച്ച് സബ്സിഡി നൽകുന്ന പദ്ധതിയാണിത്. സംസ്ഥാനമൊട്ടാകെ ചുരുങ്ങിയത് 6000 പേർക്കെങ്കിലും പദ്ധതികൊണ്ട് ആശ്വാസം ലഭിക്കും.

4. മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സഹായം (0.25 കോടി)

   പ്രസ്തുത ഘടകം പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. മൃഗസംരക്ഷണ ഉല്പന്നങ്ങൾ കൂടുതലായി ഉല്പാദിപ്പിക്കപ്പെടുന്ന മേഖലകൾ കേന്ദ്രീകരിച്ച് മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. യൂണിറ്റൊന്നിന് 5 ലക്ഷം രൂപവീതം നൽകി 5 യൂണിറ്റുകൾ ഇത്തരത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

5. ഇറച്ചിക്കോഴി വളർത്തൽ പദ്ധതി (0.25 കോടി)

   ഇറച്ചിക്കോഴി മേഖലയിൽ ഇടപെടുന്നതിനായുള്ള സർക്കാർ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നു.

(ബി) കന്നുകാലികളുടെ മരണമോ വൈകല്യമോ കാരണം ഉല്പാദനത്തിലുള്ള കുറവുമൂലം ഉണ്ടാകുന്ന അനിശ്ചിതത്വവും നഷ്ടവും നികത്തുന്നതിനുള്ള സംരക്ഷണ വലയങ്ങൾ ലഭ്യമാക്കുകയാണ് ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതിയുടെ ലക്ഷ്യം. 2017-18 ൽ ആരംഭിച്ച ഈ പദ്ധതിയിൽ 500 ലക്ഷം രൂപ ലഭ്യമാക്കി 60000-ത്തോളം കന്നുകാലികളെ പദ്ധതിയുടെ കീഴിൽ കൊണ്ടുവരാനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2018-19 ബഡ്ജറ്റിലും 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ക്ഷീരവികസന വകുപ്പ് മുഖേന ക്ഷീരകർഷകരെയും അവരുടെ ഉരുക്കളെയും ഇൻഷ്വർ ചെയ്യുന്നതിനുള്ള ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) കന്നുകുട്ടികൾക്ക് ശാസ്ത്രീയ പരിപാലനം ലഭ്യമാക്കുന്നതിനായി അവയെ ദത്തെടുത്ത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന ഗോവർദ്ധിനി പദ്ധതിയുടെ കീഴിൽ എൻറോൾ ചെയ്ത ഒരു പശുക്കുട്ടിക്ക് 12,500 രൂപ സബ്സിഡി ലഭിക്കും. 2 പദ്ധതികളിലുമായി 2017-18-ൽ 35070 കന്നുകുട്ടികളെ പദ്ധതിയിൽ എൻറോൾ ചെയ്തു. കഴിഞ്ഞ വർഷം എൻറോൾ ചെയ്ത 73538 കന്നുകുട്ടികൾക്ക് രണ്ടാം വർഷം സഹായം ലഭിക്കുന്നു. ക്ഷീര കർഷകർ അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നമായ കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് മുഖേന കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി കൊണ്ടുവന്നു. ഒരു ഗുണഭോക്താവിന് 25,000 രൂപ ധനസഹായം നൽകുന്നു. 2017-18-ൽ സംസ്ഥാനത്തെ 184 കർഷകർക്ക് വകുപ്പിന്റെ ആനുകൂല്യം ലഭിച്ചു. പേവിഷ പ്രതിരോധ വാക്സിൻ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ പാലോട് പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിൽ സ്വീകരിച്ചുവരുന്നു. സംസ്ഥാന സർക്കാർ മുൻകയ്യെടുത്ത് കുടുംബശ്രീയും മൃഗസംരക്ഷണ വകുപ്പും KSPDC-യും സംയുക്തമായി കേരള ചിക്കൻ പദ്ധതിക്ക് തുടക്കം കുറിച്ചു. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 5 മുതൽ 9-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് 5 കോഴിക്കുഞ്ഞുങ്ങൾവീതവും തീറ്റയും നൽകുന്ന പദ്ധതി നടപ്പിലാക്കി. 2017-18 സാമ്പത്തിക വർഷം പുതുതായി സംസ്ഥാന സർക്കാരിന്റെ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി) നടപ്പിലാക്കാൻ 5 കോടി രൂപ വകയിരുത്തി. കൂടാതെ പ്രകൃതിദുരന്തം, വന്യമൃഗങ്ങളുടെ ആക്രമണം, ലിസ്റ്റ് ചെയ്ത രോഗങ്ങൾ എന്നിവമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ സർക്കാർ സഹായം ലഭ്യമാക്കി.

മൃഗസംരക്ഷണ മേഖലയിലുള്ള പദ്ധതികൾ നടപ്പിലാക്കി മാതൃകാ മൃഗസംരക്ഷണ ഗ്രാമമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് "മാതൃകാ മൃഗസംരക്ഷണ ഗ്രാമ" പദ്ധതി. കൊല്ലം ജില്ലയിലെ ആയൂർ-തോട്ടത്തറയിൽ നവീന ഹാച്ചറി നിർമ്മിക്കുന്ന പദ്ധതിക്ക് തുടക്കംകുറിച്ചു. പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ പ്രസ്തുത ഹാച്ചറിയിൽനിന്നും ആഴ്ചയിൽ 30000 കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യാൻ സാധിക്കും. തിരുവനന്തപുരം ജില്ലയിലെ പാലോടുള്ള ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസിൽ " വൈൽഡ് ലൈവ് സ്റ്റഡി സെന്ററും ഓങ്കോളജി സെന്ററും "പുതുതായി ആരംഭിക്കാൻ നടപടി സ്വീകരിച്ചു. ബ്ലോക്കടിസ്ഥാനത്തിൽ രാത്രികാല അടിയന്തര മൃഗചികിത്സ സേവനം നിലവിൽ 105 ബ്ലോക്കുകളിൽ ലഭ്യമാക്കി. കൊല്ലം ജില്ലയിലെ പിറവന്തൂർ ഗ്രാമപഞ്ചായത്തിലെ കുര്യോട്ടുമലയിൽ മിൽക്കിംഗ് പാർലർ, ബൾക്ക് മിൽക്ക് കൂളർ പോലുള്ള ആധുനിക സൗകര്യങ്ങളുള്ള ഹൈടെക് ഡയറി ഫാമിന്റെ പ്രവർത്തനം ആരംഭിച്ചു. സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ മേഖലയിലും ക്ഷീരവികസന മേഖലയിലും പ്രകടമായ വികസന മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രി, കൊല്ലം ജില്ലയിലെ ആയൂർ ഹാച്ചറി കോംപ്ലക്സ്, കൊല്ലം ജില്ലയിൽതന്നെയുള്ള കുര്യോട്ടുമല ഹൈടെക് ഡയറി ഫാം, ഡക്ക് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് & ഹാച്ചറി-പത്തനംതിട്ട, ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകൾ-വാഗമണ്ണം, സുൽത്താൻ ബത്തേരിയും തുടങ്ങി വിവിധ നൂതന സ്ഥാപനങ്ങൾ പ്രവർത്തന ക്ഷമമാക്കുന്നതിനും മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനുംവേണ്ടി വിവിധ കാറ്റഗറികളിലായി 35 പുതിയ തസ്തികകൾ സൃഷ്ടിച്ചു.

സംസ്ഥാനത്തെ കന്നുകാലി പ്രജനന നയത്തിനനുസൃതമായി ജനിതക മേന്മയുള്ള വിത്തുകാളകളുടെ ബീജം ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്തെ എല്ലാ കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലും കൃത്യസമയത്ത് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് എത്തിക്കുന്നു. കന്നുകാലി പ്രജനന നയം നിഷ്കർഷിക്കുന്ന രീതിയിൽ ജനിതകമേന്മയുള്ള വിത്തുകാളകളെ കേന്ദ്ര കൃഷി മന്ത്രാലയം അംഗീകരിച്ചിട്ടുള്ള സംസ്ഥാനത്തിന് പുറത്തുള്ള ഏജൻസികളിൽനിന്നും വാങ്ങി, അവയുടെ ബീജവും ഗാഢശീതീകരിച്ച് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു. 2008-ലെ കന്നുകാലി പ്രജനന നയം സമൂലമായി പുനരവലോകനം ചെയ്യുകയും പുതിയ കന്നുകാലി പ്രജനന നയം പ്രഖ്യാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പശുക്കുട്ടികളെ മാത്രം ഉല്പാദിപ്പിക്കുന്ന ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനത്തിനായി കാനഡയിൽനിന്നും ലിംഗനിർണ്ണയം

നടത്തിയ 16000 ബീജമാത്രകൾ ഇറക്കുമതി ചെയ്ത് കർഷകർക്ക് വിതരണം ചെയ്യുന്നു. കേരളത്തിലങ്ങോളമിങ്ങോളം ഏകദേശം 301 കൃത്രിമ ബീജാധാന കേന്ദ്രങ്ങളിലെ വെറ്ററിനറി ഡോക്ടർമാരുടെ മേൽനോട്ടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. വളരെ ഉയർന്ന ജനിതകശേഷിയുള്ള അഞ്ച് ഹോൾസ്റ്റീൻ ഫ്രീഷ്യൻ വിത്തുകാളകളെ ജർമ്മനിയിൽനിന്നും നാല് വിത്തുകാളകളെ ഡെൻമാർക്കിൽ നിന്നും മാട്ടുപ്പെട്ടി ഫാമിലേയ്ക്ക് ഇറക്കുമതി ചെയ്ത് അവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു. കാനഡയിൽനിന്നും ഉയർന്ന ജനിതക മേന്മയുള്ള വിത്തുകാളകളുടെ 40000 ഗാഢശീതീകരിച്ച ബീജമാത്രകൾ ഇറക്കുമതി ചെയ്ത് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു. പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നല്ലയിനം പച്ചപ്പുല്ല് പശുക്കൾക്ക് നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. നല്ലയിനം തീറ്റപ്പുൽ ഉൽപ്പാദിപ്പിക്കുന്നതിന് കർഷകർക്ക് പ്രോൽസാഹനം നൽകുന്നതിനായി വിവിധ പദ്ധതികൾ കെ.എൽ.ഡി.ബോർഡ് നടപ്പിലാക്കിവരുന്നു. കുടുംബശ്രീ യൂണിറ്റുകൾ മുഖേന തീറ്റപ്പുൽ കൃഷി ചെയ്യുന്ന കർഷകർക്ക് ഏക്കറൊന്നിന് പതിനാറായിരം (16000) രൂപവരെ ധനസഹായം നൽകുന്നു. കൂടാതെ കർഷകർക്ക് പരിശീലനവും നടീൽ വസ്തുക്കളും ഈ പദ്ധതിയിലൂടെ സൗജന്യമായി നൽകുന്നു.

സംസ്ഥാനത്തിന് അനുയോജ്യമായ തീറ്റപ്പുൽ ഇനങ്ങളുടെ വിത്തുകൾ വാങ്ങി, ഗുണപരിശോധനകൾ നടത്തി ക്ഷീരവികസന വകുപ്പ്, പാൽ സൊസൈറ്റികൾ, മൃഗസംരക്ഷണ വകുപ്പ് എന്നിവ മുഖേന കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. കർഷകരുടെയും വിവിധ ഏജൻസികളുടെയും കൈവശമുള്ള കൃഷിയിടങ്ങൾ തെരഞ്ഞെടുത്ത് ഒരേക്കർ വീതമുള്ള പുൽകൃഷി തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 75,000 രൂപ വരെ യൂണിറ്റൊന്നിന് ധനസഹായം നൽകിവരുന്നു. 2016-17, 2017-18 വർഷങ്ങളിൽ യഥാക്രമം 102 കോടി, 105 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. 2018-19 ൽ 107.5 കോടി രൂപയുടെ പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ക്ഷീരോല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയുടെ ഭാഗമായി ഡെയറി സോൺ, ക്ഷീരഗ്രാമം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് ആദ്യമായി ക്ഷീരകർഷർക്ക് 5 കോടി രൂപയുടെ കടാശ്വാസപദ്ധതി 2016-17 വർഷം നടപ്പിലാക്കുകയും ഇതിന്റെ പ്രയോജനം 2285 കർഷകർക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്. വേനൽക്കാല സംരക്ഷണത്തിനായി വരൾച്ച ദുരിതാശ്വാസ പദ്ധതികളും തരിശുസ്ഥലങ്ങളിൽ വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി പദ്ധതി വ്യാപിപ്പിക്കുയും ചെയ്തിട്ടുണ്ട്. ക്ഷീരകർഷകർക്ക് വർദ്ധിച്ച തീറ്റച്ചെലവിൽനിന്നും

ആശ്വാസം ലഭിക്കുന്നതിനായി ക്ഷീരവികസന വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയിലൂടെ ഒരു ലിറ്റർ പാലിന് 4 രൂപവരെ കാറ്റിൽ ഫീഡിംഗ് സബ്സിഡി കർഷകർക്ക് അനുവദിക്കുകയും ഇതിനുള്ള വരുമാന പരിധി ഒരു ലക്ഷം രൂപയിൽനിന്നും 5 ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ 600 രൂപയിൽനിന്നും 1,100 രൂപയായി വർദ്ധിപ്പിക്കുകയും പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കോഴിയിറച്ചിയുടെ ആഭ്യന്തര ഉത്പാദനത്തിലും വിപണനത്തിലും വില നിയന്ത്രണത്തിലും ഗുണമേന്മയിലും ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ്, കുടുംബശ്രീ, കെപ്കോ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി ഇറച്ചിക്കോഴി വളർത്തൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കുടുംബശ്രീ യൂണിറ്റുകൾ വഴി വളർത്തുന്ന കോഴികൾ വിപണന പ്രായമെത്തുമ്പോൾ കിലോഗ്രാം ശരീരത്തൂക്കത്തിന് 85 രൂപ നിരക്കിൽ കെപ്കോ മുഖേന വാങ്ങി വിപണനം നടത്തുവാനാണ് ധാരണയായിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ പൈലറ്റ് പ്രോജക്ട് ആയി (10 വീതം ആകെ 20 യൂണിറ്റ്) നടപ്പിലാക്കിവരുന്ന ഈ പദ്ധതി ഘട്ടംഘട്ടമായി മറ്റ് ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ച് സംസ്ഥാനമൊട്ടാകെ മൊത്തം 5000 യൂണിറ്റുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## മൃഗങ്ങളിലൂടെ നിപ വൈറസ് ബാധ

135(4104) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസുകൾ ഏതെല്ലാം മൃഗങ്ങളിലൂടെ പടർന്നുപിടിക്കുന്നതായാണ് മൃഗസംരക്ഷണ വകുപ്പ് വിലയിരുത്തിയിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) ഏതെല്ലാം മാർഗ്ഗങ്ങളാണ് ഇതിനെ പ്രതിരോധിക്കുവാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;

(സി) ഏതെല്ലാം സാഹചര്യങ്ങളിലാണ് വവ്വാലുകൾ, പന്നികൾ തുടങ്ങിയവ ഈ വൈറസിന്റെ വാഹകരായി മാറുന്നത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കോഴിക്കോട് നിപ വൈറസ് ബാധയുണ്ടായ പ്രദേശങ്ങളിലെ വളർത്തുമൃഗങ്ങളായ പശു, ആട്, പന്നി, മുയൽ എന്നിവയിൽനിന്ന് ശേഖരിച്ച സാമ്പിളുകളിൽ നിപ വൈറസ് ബാധ കണ്ടെത്തിയിട്ടില്ല.

(ബി) വളർത്തുമൃഗങ്ങളിൽനിന്നും പഴംതീനി വവ്വാലുകളിൽനിന്നുമുള്ള സാമ്പിളുകൾ വൈറസിന്റെ സാന്നിധ്യം തിരിച്ചറിയുന്നതിനായി ഭോപ്പാൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈസെക്യൂരിറ്റി അനിമൽ ഡിസീസ് ലാബിലേയ്ക്ക് അയച്ചിരുന്നു. എന്നാൽ നാളിതുവരെ അയച്ച സാമ്പിളുകളിൽ വൈറസ്ബാധ കണ്ടെത്താൻ സാധിച്ചിട്ടില്ല. വളർത്തുമൃഗങ്ങളിൽ രോഗനിരീക്ഷണം കാര്യക്ഷമമായി നടത്തിവരികയും ചെയ്യുന്നുണ്ട്.

(സി) പഴംതീനി വവ്വാലുകൾ വൈറസ് വാഹകരാണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വവ്വാലുകളിൽ നിന്നാണ് പന്നികളിലേയ്ക്ക് വൈറസ് എത്തിപ്പെടുന്നത്. എന്നാൽ നാളിതുവരെ കേരളത്തിൽനിന്നും അയച്ച സാമ്പിളുകളിൽ വവ്വാലുകളിൽ നിപ വൈറസ് ബാധ കണ്ടെത്താൻ സാധിച്ചിട്ടില്ല.

## മൃഗസംരക്ഷണ വകുപ്പിനും ക്ഷീര വികസന വകുപ്പിനും ലഭിച്ച കേന്ദ്ര-സംസ്ഥാന വിഹിതം

136(4105) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി മൃഗ സംരക്ഷണ വകുപ്പിനും ക്ഷീര വികസന വകുപ്പിനും കഴിഞ്ഞ മൂന്ന് വർഷം ലഭിച്ച കേന്ദ്ര-സംസ്ഥാന വിഹിതം സംബന്ധിച്ച വിവരങ്ങൾ പദ്ധതിയും വർഷവും തിരിച്ച് നൽകാമോ;

(ബി) ഓരോ പദ്ധതിക്കും എത്ര ഗഡു വീതം ലഭിച്ചിട്ടുണ്ടെന്നും ഓരോ വർഷവും എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. *

## ക്ഷീരമേഖലയിലെ പ്രവർത്തനങ്ങൾ

137(4106) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിടാരി പാർക്ക് പദ്ധതിയിലൂടെ ഹൈബ്രിഡ് ഇനത്തിൽപ്പെട്ട എത്ര പശുക്കുട്ടികളെ കർഷകർക്ക് നല്കിയെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷീര കർഷകർക്കും കറവമാടുകൾക്കും ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സംസ്ഥാനത്ത് ഒരു ദിവസം എത്ര മെട്രിക് ടൺ പാൽ സംഭരിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഡയറി സോൺ ,ക്ഷീരഗ്രാമ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ ഒരു ദിവസം അധികമായി എത്ര മെട്രിക് ടൺ പാൽ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യത വർദ്ധിപ്പിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) കിടാരി പാർക്ക് പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. 2018-19 വർഷത്തെ വാർഷിക പദ്ധതിയിലാണ് കിടാരി പാർക്ക് പദ്ധതി ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനായി 77.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ക്ഷീരകർഷകർക്കും കറവമാടുകൾക്കുമുള്ള ഇൻഷ്വറൻസ് പദ്ധതി 'ഗോസമൃദ്ധി പ്ലസ് ' നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് ക്ഷീരസഹകരണ സംഘങ്ങൾ മുഖേന പ്രതിദിനം 18.19 ലക്ഷം ലിറ്റർ പാൽ സംഭരിക്കുന്നു.

(ഡി) 2016-17 വർഷത്തിൽ ക്ഷീരസഹകരണ സംഘങ്ങൾ മുഖേന പ്രതിദിനം 16.27 ലക്ഷം ലിറ്റർ പാൽ സംഭരിച്ചിരുന്നത് ഡെയറി സോൺ, ക്ഷീരഗ്രാമം പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തെ പാൽ സംഭരണം പ്രതിദിനം 18.19 ലക്ഷം ലിറ്ററായി വർദ്ധിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് കാലിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ഉല്പാദനവും ലക്ഷ്യമാക്കി പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സും സഹകരണ മേഖലയിൽ മിൽമ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ കാലിത്തീറ്റ ഫാക്ടറികളും പ്രവർത്തിക്കുന്നുണ്ട്. കേരള ഫീഡ്സിന് കോഴിക്കോട് തിരുവങ്ങൂരിലും തൃശ്ശൂർ കല്ലേറ്റുംകരയിലും കൊല്ലം കരുനാഗപ്പള്ളിയിലും യഥാക്രമം 300, 650, 300 മെട്രിക് ടൺ പ്രതിദിനം ഉല്പാദനശേഷിയുള്ള ഫാക്ടറികളുണ്ട്. എല്ലാ ജില്ലകളിലും പഞ്ചായത്തുതോറും ക്ഷീരസഹകരണ സംഘങ്ങൾക്ക് ഡീലർഷിപ്പ് നൽകി കേരള ഫീഡ്സ് കാലിത്തീറ്റ ലഭ്യത ഉറപ്പാക്കുന്നുണ്ട്. മാർക്കറ്റിൽ ലഭ്യമായ കാലിത്തീറ്റയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ക്ഷീര വികസന വകുപ്പ് ആസ്ഥാനത്ത് NABL അക്രഡിറ്റേഷനോടുകൂടിയ ഒരു ലാബ് പ്രവർത്തിക്കുന്നുണ്ട്.

## മൃഗങ്ങളെ വളർത്തി ഉപജീവനം നടത്തുന്ന കർഷകർ

138 (4107) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൃഗങ്ങളെ വളർത്തി ഉപജീവനം നടത്തുന്ന കർഷകർക്ക് എന്തൊക്കെ ധനസഹായപദ്ധതികളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) അപകടങ്ങളിൽപ്പെട്ടും അല്ലാതെയും കാലികൾ മരണമടഞ്ഞ് നഷ്ടം നേരിടുന്ന കർഷകർക്ക് സർക്കാരിൽനിന്നും ലഭ്യമാകുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(സി) മൃഗസംരക്ഷണമേഖല പരമാവധി പ്രയോജനപ്പെടുത്തി ദാരിദ്ര്യ നിർമ്മാർജ്ജനവും സ്വയം തൊഴിലും പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കന്നുകുട്ടികൾക്ക് ശാസ്ത്രീയ പരിചരണം ലഭ്യമാക്കുന്നതിനായി പശുക്കുട്ടികളെ ദത്തെടുത്ത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതികളാണ് കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി എന്നിവ. ടി പദ്ധതികളുടെ കീഴിൽ എൻറോൾ ചെയ്ത കന്നുകുട്ടിയുടെ വളർച്ച അടിസ്ഥാനപ്പെടുത്തി ശാസ്ത്രീയമായ തീറ്റയുടെ ആവശ്യകത കണക്കാക്കി ആ തീറ്റ സബ്സിഡി നിരക്കിൽ നൽകിയും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കിയും ശാസ്ത്രീയ പരിരക്ഷ ഉറപ്പാക്കുന്നു. ഒരു പശുക്കുട്ടിക്ക് 12,500 രൂപ സബ്സിഡി ലഭിക്കും. രണ്ട് പദ്ധതികളിലുമായി ഈ വർഷം ആകെ 35070 കന്നുകുട്ടികളെ എൻറോൾ ചെയ്തു. കൂടാതെ കഴിഞ്ഞ വർഷം എൻറോൾ ചെയ്ത 73538 കന്നുകുട്ടികൾക്ക് രണ്ടാം വർഷം സഹായം ലഭിക്കുന്നു. കൂടാതെ ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിലൂടെ 60000 പശുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. പ്രകൃതി ദുരന്തം, വന്യമൃഗങ്ങളുടെ ആക്രമണം ലിസ്റ്റ് ചെയ്ത രോഗങ്ങൾ എന്നിവമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ സർക്കാർ സഹായം നൽകുന്നു. മറ്റ് സ്രോതസ്സുകളിൽനിന്നും നഷ്ടപരിഹാരം ലഭിക്കാത്ത കർഷകർ, ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്ത കർഷകർ തുടങ്ങിയവർക്കാണ് ആനുകൂല്യം ലഭിക്കുക. കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പുമുഖേന കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ചാണകക്കുഴി നിർമ്മിക്കുന്നതിന് സഹായം, മിനറൽ മിക്സ്ച്ചർ, വിരമരുന്ന് എന്നിവയുടെ വിതരണം തുടങ്ങിയ സഹായങ്ങളും മൃഗസംരക്ഷണ വകുപ്പ് കർഷകർക്ക് ലഭ്യമാക്കുന്നു. നാടൻ പശുക്കൾക്ക് 10000 രൂപ ധനസഹായം, വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളെ പരിപാലിക്കുന്ന 300-ഓളം കർഷകർക്ക് ഒരു വർഷം ഒറ്റത്തവണ ധനസഹായമായി പതിനായിരം രൂപ വിവിധ പദ്ധതികളായി കെ.എൽ.ഡി. ബോർഡ് നൽകിവരുന്നു.

കുടംബശ്രീ - തീറ്റപ്പുൽ കൃഷി

പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നല്ലയിനം പച്ചപ്പുല്ല് പശുക്കൾക്ക് നൽകേണ്ടത് അത്യാന്താപേക്ഷിതമാണ്. നല്ലയിനം തീറ്റപ്പുൽ ഉല്പാദിപ്പിക്കുന്നതിന് കർഷകർക്ക് പ്രോൽസാഹനം നൽകുന്നതിനായി വിവിധ പദ്ധതികൾ കെ.എൽ.ഡി.ബോർഡ് നടപ്പിലാക്കിവരുന്നു.

കുടുബശ്രീ യൂണിറ്റുകൾ മുഖേന തീറ്റപ്പുൽ കൃഷി ചെയ്യുന്ന കർഷകർക്ക് ഏക്കറൊന്നിന് പതിനാറായിരും (16000) രൂപവരെ ധനസഹായം നൽകുന്നു. കൂടാതെ കർഷകർക്ക് പരിശീലനവും നടീൽ വസ്തുക്കളും ഈ പദ്ധതിയിലൂടെ സൗജന്യമായി നൽകുന്നു. സംസ്ഥാനത്തിന് അനുയോജ്യമായ തീറ്റപ്പുൽ ഇനങ്ങളുടെ വിത്തുകൾ വാങ്ങി, ഗുണപരിശോധനകൾ നടത്തി ക്ഷീരവികസന വകുപ്പ്, പാൽ സൊസൈറ്റികൾ, മൃഗസംരക്ഷണ വകുപ്പ് എന്നിവ മുഖേന കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. കർഷകരുടെയും വിവിധ ഏജൻസികളുടെയും കൈവശമുള്ള കൃഷിയിടങ്ങൾ തെരഞ്ഞെടുത്ത് ഒരേക്കർ വീതമുള്ള പുൽകൃഷി തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 75,000 രൂപ വരെ യൂണിറ്റൊന്നിന് ധനസഹായം നൽകിവരുന്നു. ക്ഷീരവികസന വകുപ്പ് ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 2018-19 വർഷത്തിൽ 107.53 കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു :

- ക്ഷീരകർഷക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ
- ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായം
- പാൽ ഗുണനിയന്ത്രണ പ്രവർത്തനങ്ങൾ
- മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി
- ഡെയറി സോൺ
- ക്ഷീരഗ്രാമം
- കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി
- തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ
- കിടാരി പാർക്ക്
- കാറ്റിൽഫീഡിംഗ് സബ്സിഡി.

(ബി) മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യപ്പെട്ട ഉരുക്കൾ അപകടത്തിൽപ്പെട്ടും അല്ലാതെയും മരണമടഞ്ഞാൽ ഇൻഷ്വറൻസ് ധനസഹായം നൽകിവരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ ദുരന്ത നിവാരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള കണ്ടിൻജൻസി ഫണ്ടിൽ നിന്നും കന്നുകാലികളിൽ പ്രകൃതിക്ഷോഭം, വന്യമൃഗങ്ങളുടെ ആക്രമണം, സൂര്യാഘാതം, പേവിഷബാധ, ആന്ത്രാക്സ്, പക്ഷിപ്പനി, ആടുവസന്ത എന്നിവ മൂലമുണ്ടാകുന്ന മരണങ്ങൾക്കും ധനസഹായം നൽകിവരുന്നു. 2017-18 വർഷത്തിൽ 160 ലക്ഷം രൂപ ഈ ഇനത്തിൽ കർഷകർക്ക് വിതരണം ചെയ്തു. 2018-19-ൽ 140 ലക്ഷം രൂപ ഈയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. ക്ഷീരവികസന വകുപ്പിൽ നിന്നും അപകട ങ്ങളിൽപ്പെട്ടും അല്ലാതെയും കാലികൾ മരണമടഞ്ഞ് നഷ്ടം നേരിടുന്ന കർഷകർക്ക് കണ്ടിജൻസി ഫണ്ടായി 10000 രൂപ നൽകുന്നുണ്ട്.

(സി) മൃഗസംരക്ഷണ മേഖലയിലെ സംരംഭകർക്ക് മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള എട്ട് പരിശീലന കേന്ദ്രങ്ങൾവഴിയും ഫീൽഡ് തല സ്ഥാപനങ്ങൾ വഴിയും സംരംഭകത്വ വികസന പരിശീലനം നൽകിവരുന്നു. ദാരിദ്ര്യനിർമ്മാർജ്ജനവും സ്വയംതൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിനുമായി ക്ഷീരവികസന വകുപ്പ് പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

1. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി
2. ഡെയറി സോൺ
3. ക്ഷീരഗ്രാമം
4. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി
5. തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ
6. കിടാരി പാർക്ക്
7. കാറ്റിൽഫീഡിംഗ് സബ്സിഡി.

## വളർത്തുമൃഗ സമ്പത്തിന്റെ വിവരശേഖരണം

139 (4108) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വളർത്തുമൃഗ സമ്പത്തിന്റെ വിവരശേഖരണം നടത്തി യിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

(ബി) വളർത്തുമൃഗങ്ങൾക്ക് ജിയോ ടാഗിംഗ് നടത്തുന്ന പദ്ധതിയുടെ പുരോഗതിയെന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വളർത്തുമൃഗ സമ്പത്തിന്റെ വിവരശേഖരണം നടത്തുന്നതിനുള്ള കന്നുകാലി സെൻസസ് (19-ാമത് കന്നുകാലി സെൻസസ്) 2012-ലാണ് അവസാനമായി നടത്തിയിട്ടുള്ളത്. അഞ്ച് വർഷം കൂടുമ്പോൾ നടത്തുന്ന കന്നുകാലി സെൻസസ് കേന്ദ്രസർക്കാരാണ് നടത്തുന്നത്. 2017-ലാണ് 20-ാമത് കന്നുകാലി സെൻസസ് നടത്തേണ്ടിയിരുന്നത്. എന്നാൽ സോഫ്റ്റ്‌വെയർ മുഖേന വിവരശേഖരണം നടത്തുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കന്നുകാലി സെൻസസ് നീട്ടിവയ്ക്കുകയാണുണ്ടായത്. വിവരശേഖരണത്തിനുള്ള ടാബ്‌ലെറ്റുകൾ പല സംസ്ഥാനങ്ങളും വാങ്ങിയിട്ടില്ലാത്ത സാഹചര്യത്തിൽ കന്നുകാലി സെൻസസിന്റെ തീയതി കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടില്ല. കേരളത്തിൽ ടി വിവരശേഖരണത്തിനും വകുപ്പിലെ അനുബന്ധ വിവരശേഖരണം, ജിയോ ടാഗിംഗ് എന്നിവയ്ക്കുംവേണ്ടി ടാബ്‌ലെറ്റുകൾ വാങ്ങിയിട്ടുണ്ട്. 20-ാം മത് കന്നുകാലി സെൻസസ് ഈ വർഷംതന്നെ നടക്കുമെന്ന് പ്രതീക്ഷിക്കുന്നു. 2012-ലെ കന്നുകാലികളുടെ സെൻസസിന്റെ അടിസ്ഥാനത്തിലുള്ള വളർത്തുമൃഗസമ്പത്തിന്റെ വിശദമായ കണക്കുകൾ വകുപ്പിൽ ലഭ്യമാണ്. 2003, 2007, 2012 വർഷങ്ങളിലെ കന്നുകാലി സെൻസസിന്റെ ഡേറ്റാ സംക്ഷിപ്തം അനുബന്ധമായി ചേർക്കുന്നു. *

(ബി) കർഷക രജിസ്ട്രേഷൻ പദ്ധതിയുടെ ഭാഗമായാണ് ജിയോ ടാഗിംഗ് നടപ്പിലാക്കുന്നത്. നിലവിൽ 122077-ൽ കൂടുതൽ കർഷക ഭവനങ്ങളുടെ ജിയോ ടാഗിംഗ് പൂർത്തിയായിട്ടുണ്ട്. മൃഗസംരക്ഷണ മേഖലയിലെ മുഴുവൻ കർഷകരുടെയും വീടുകൾ ജിയോ ടാഗിംഗ് ചെയ്യുന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

**നാടൻ കോഴിമുട്ടകളുടെ സംഭരണം**

140 (4109) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉത്പാദിപ്പിക്കപ്പെടുന്ന നാടൻ കോഴിമുട്ടകളുടെ സംഭരണത്തിനും വിതരണത്തിനുമായി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കാട കൃഷി പ്രോത്സാഹനത്തിനും കാട കർഷകരെ സഹായിക്കുന്നതിനുമായി ഏതെങ്കിലും പദ്ധതികൾ വകുപ്പ് തലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) സംസ്ഥാനത്ത് വയനാട് ജില്ലയിലാണ് നാടൻ കോഴിമുട്ടകളുടെ സംഭരണം നിലവിൽ നടപ്പിലാക്കുന്നത്. വയനാട് ജില്ലയിൽ മോഡൽ പഞ്ചായത്ത് 2016-17 പദ്ധതി പ്രകാരം പൂതാടി പഞ്ചായത്തിൽ എഗ്ഗ് കെസ് എന്ന സഹകരണ സംഘം കുടുംബശ്രീയുടെ സഹായത്തോടെ തുടങ്ങുകയും അതുവഴി നിലവിൽ ഏകദേശം 2000 നാടൻ കോഴിമുട്ടകൾ പ്രതിമാസം സംഭരിക്കുകയും എറണാകുളം ജില്ലയിലെ ഓർഗാനിക് കടകളിൽ വിപണനം ചെയ്യുന്നുമുണ്ട്. കഴിഞ്ഞ വർഷംവരെ പൂതാടി പഞ്ചായത്തിലെ സ്കൂൾ പോഷകാഹാര പദ്ധതിയിലേയ്ക്ക് മുട്ടകൾ നൽകിയിരുന്നു. കൂടാതെ പടിഞ്ഞാറത്തറ പഞ്ചായത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ സാങ്കേതിക സഹായത്തോടുകൂടി ബാപ്കോസ് എന്ന കുടുംബശ്രീ സഹകരണ സംഘം മുഖേന നാടൻ കോഴിമുട്ടകൾ സംഭരിക്കുകയും ബാംഗ്ലൂരിലേയ്ക്ക് മുട്ടകൾ കയറ്റി അയയ്ക്കുകയും ചെയ്യുന്നുണ്ട്. അതോടൊപ്പം ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി പ്രദേശത്ത് കുടുംബശ്രീ യൂണിറ്റുകൾ വളർത്തിയെടുക്കുന്ന നാടൻ മുട്ടകൾ ഗുണനിലവാരം നോക്കി കെപ്കോ വിലകൊടുത്ത് സംഭരിച്ച് വിപണനം ചെയ്തുവരുന്നു.

(ബി) നിലവിൽ വകുപ്പുതലത്തിൽ കാടകൃഷി പ്രോത്സാഹനത്തിനും കാടകർഷകരെ സഹായിക്കുന്നതിനുമുള്ള പദ്ധതികൾ ഒന്നും നടപ്പിലാക്കുന്നില്ല. എന്നാൽ ക്രിസ്തുമസ്, റംസാൻ, ഓണം തുടങ്ങിയ വിശേഷ സന്ദർഭങ്ങളിൽ കർഷകരിൽനിന്നും കാടകളെ വാങ്ങി പ്രോസസ് ചെയ്ത് കെപ്കോ വിപണനം ചെയ്യുന്നുണ്ട്.

## പൗൾട്രി വികസന കോർപ്പറേഷൻ ഇന്റർവ്യൂ

141 (4110) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ വിവിധ തസ്തികകളിലേക്ക് മേയ് മാസം ഇന്റർവ്യൂ നടത്തുവാൻ തീരുമാനിച്ചിരുന്നോ;

(ബി) ഏതൊക്കെ തസ്തികകളുടെ ഇന്റർവ്യൂ ആണ് നടത്തുവാൻ നിശ്ചയിച്ചിരുന്നത്;

(സി) ഏതെങ്കിലും യുവജന സംഘടന ഇന്റർവ്യൂ അലങ്കോലപ്പെടുത്തിയതിനെ തുടർന്ന് ആയത് മാറ്റിവയ്ക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത യുവജന സംഘടന എന്ത് കാരണത്താലാണ് മാനേജിംഗ് ഡയറക്ടർ ഉൾപ്പെടെയുള്ളവരെ തടഞ്ഞുവച്ചത്; ഇത് സംബന്ധിച്ച് പരാതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) തീരുമാനിച്ചിരുന്നു.

(ബി) ഓഫീസ് അസിസ്റ്റന്റ്, കമ്പ്യൂട്ടർ ഓപ്പറേറ്റർ, പ്രോഗ്രാം കോ-ഓർഡിനേറ്റർ, അക്കൗണ്ട്സ് അസിസ്റ്റന്റ്-കം-കാഷ്യർ, കമ്പനി സെക്രട്ടറി, ഫീഡ് മിൽ സൂപ്പർവൈസർ, ഫാർമസിസ്റ്റ്/സിവിൽ എൻജിനീയർ, ഫാം സൂപ്പർവൈസർ/പൗൾട്രി അസിസ്റ്റന്റ്, മാർക്കറ്റിംഗ് സൂപ്പർവൈസർ, വെറ്ററിനറി സർജൻ, ഓഫീസ് പ്യൂൺ എന്നീ തസ്തികകളിലാണ് ഇന്റർവ്യൂ നടത്തുവാൻ നിശ്ചയിച്ചിരുന്നത്.

(സി) ഉണ്ട്. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം ഈ സ്ഥാപനത്തിൽ കരാർ അവസാനിച്ച തസ്തികകളിലേയ്ക്ക് കരാർ നിയമനം നൽകുന്നതിന് വിവിധ മാധ്യമങ്ങളിൽ പരസ്യം നൽകി വിജ്ഞാപനം നടത്തി അപേക്ഷകൾ ക്ഷണിക്കുകയും ലഭിച്ച അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തി യോഗ്യരായവരെ തെരഞ്ഞെടുത്ത് പട്ടിക തയ്യാറാക്കിയാണ് മേയ് മാസം 22 മുതൽ ഇന്റർവ്യൂ നടത്താൻ തീരുമാനിച്ചിരുന്നത്. വിവിധ സ്ഥലങ്ങളിൽനിന്ന് ഉദ്യോഗാർത്ഥികൾ ഇന്റർവ്യൂ നടക്കുന്ന സ്ഥലമായ കോർപ്പറേഷന്റെ പേട്ടയിലെ ആസ്ഥാന മന്ദിരത്തിൽ എത്തിച്ചേർന്നിരുന്നു. ഡി.വൈ.എഫ്.ഐ.-ക്കാർ എന്ന് അവകാശപ്പെടുന്ന ആറ് സംഘം യുവാക്കൾ ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ നടക്കുന്ന സ്ഥലത്തുനിന്ന് ബലം പ്രയോഗിച്ച് പുറത്താക്കുകയും മാനേജിംഗ് ഡയറക്ടറെയും ചെയർപേഴ്സനെയും തടഞ്ഞുവയ്ക്കുകയും അസഭ്യം പറയുകയും ചെയ്തു. ഇന്റർവ്യൂ നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ ഇന്റർവ്യൂ മാറ്റിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തു.

(ഡി) ഇന്റർവ്യൂ നടത്താൻ സാധ്യമല്ലെന്ന് പറഞ്ഞുകൊണ്ടാണ് മാനേജിംഗ് ഡയറക്ടറെയും മറ്റും തടഞ്ഞുവച്ചത്. പരാതി നൽകിയിട്ടുണ്ട്.

## ഇറച്ചിക്കോഴി ഉത്പാദനം

142 (4111) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തികവർഷം കേരള പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കുടുംബശ്രീ, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഇറച്ചിക്കോഴി ഉത്പാദനം സ്വയംപര്യാപ്തമാക്കുന്നതിന് വേണ്ടി ലക്ഷ്യമിട്ട 1000 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ ജില്ലയിലും ആരംഭിച്ചിട്ടുള്ള യൂണിറ്റുകളുടെ എണ്ണം എത്രയാണെന്നതിന്റെ വിശദാംശം നൽകുമോ?

ഉത്തരം

(എ) കുടുംബശ്രീ-മൃഗസംരക്ഷണ വകുപ്പ് കെപ്കോ എന്നിവ സംയുക്തമായി സംസ്ഥാനമൊട്ടാകെ 5000 യൂണിറ്റുകളാണ് രൂപംനൽകാൻ ഉദ്ദേശിക്കുന്നത്. പ്രാരംഭഘട്ടത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ 1000 കോഴികൾ വീതമുള്ള 41 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം - 17

കൊല്ലം - 9

പത്തനംതിട്ട - 15.

## മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ പുതിയ പ്ലാന്റ്

143 (4112) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ മൂല്യവർദ്ധിത മാംസ ഉൽപ്പാദനത്തിനായി പുതിയ പ്ലാന്റ് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര കോടി രൂപയാണ് പ്രസ്തുത പ്ലാന്റ് നിർമ്മാണത്തിന് നീക്കി വച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ ഏരൂരിൽ (അഞ്ചൽ ) പുതിയ മാംസ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 13.5 കോടി രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന ടി പദ്ധതിയുടെ സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) താഴെപ്പറയുന്ന ചെലവിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

| | | |
|---|---|---|
| കേരള സർക്കാർ വിഹിതം | - | 150 ലക്ഷം രൂപ |
| ആർ.ഐ.ഡി.എഫ്. | - | 1150 ലക്ഷം രൂപ |
| എം.പി.ഐ.വിഹിതം | - | 50 ലക്ഷം രൂപ |
| 2018-19- ലെ സംസ്ഥാന സർക്കാർ ബജറ്റിൽ | - | 150 ലക്ഷം രൂപയും ആർ.ഐ.ഡി.എഫിൽ- 950 ലക്ഷം രൂപയും ഈ പദ്ധതിക്കായി നീക്കിവെച്ചിട്ടുണ്ട്. |

## കെപ്‌കോ ഔട്ട്‌ലെറ്റുകൾക്ക് അനുമതി നൽകൽ

144(4113) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെപ്‌കോ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) 2018-2019 സാമ്പത്തിക വർഷത്തിൽ എവിടെയൊക്കെയാണ് ഔട്ട് ലെറ്റുകൾക്ക് അനുമതി നൽകിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിൽ എവിടെയൊക്കെയാണ് ഫ്രാഞ്ചൈസികൾ ആരംഭിക്കുന്നത്; ആർക്കൊക്കെയാണ് അനുവദിച്ചത്; വ്യക്തമാക്കുമോ;

(ഡി) മറ്റ് ജില്ലകളിൽഎവിടെയൊക്കെയാണ് ഫ്രാഞ്ചൈസികൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ ?

ഉത്തരം

(എ) കോഴിയിറച്ചിയുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും വിൽപ്പന സാധ്യതയാണ് ഔട്ട്‌ലെറ്റുകൾ അനുവദിക്കുന്നതിനുള്ള മുഖ്യമാനദണ്ഡം. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഏജൻസികൾ ആരംഭിക്കുന്നതിന് ഡയറക്ടർ ബോർഡിന്റെ അനുമതി ലഭിച്ചു കഴിഞ്ഞാൽ പത്രപരസ്യത്തിലൂടെ അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകരുടെ ഒരു കൂടിക്കാഴ്ച നടത്തി അതിൽനിന്നും ഒരു റാങ്ക് പട്ടിക തയ്യാറാക്കുന്നു. പട്ടികയിൽ ഉൾപ്പെട്ടവരുടെ റാങ്ക് അനുസരിച്ച് അവർക്ക് ബങ്ക് അനുവദിച്ചു കൊണ്ടുള്ള അറിയിപ്പ് നൽകുന്നു. ബങ്ക് ലഭിക്കുന്നവർക്ക് സ്വന്തമായോ/വാടകയ്ക്കോ ഒരു കടമുറിയും ഫ്രീസർ ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങളും ഉണ്ടായിരിക്കണം. കൂടാതെ 20,000 രൂപയുടെ കരുതൽ ധനവും ഉൽപ്പന്നം എടുക്കുന്നതിനുള്ള തുക മുൻകൂറായി അടയ്ക്കുകയും വേണം.

(ബി)

| കൊല്ലം | തിരുവനന്തപുരം |
|---|---|
| 1. കടപ്പാക്കട | 1. നന്ദൻകോട് |
| 2. അഞ്ചാലുംമൂട് | 2. പോങ്ങുംമൂട് |
| 3. തേവള്ളി | 3. കല്ലറ |

| കൊല്ലം | തിരുവനന്തപുരം |
|---|---|
| 4. പുനലൂർ | 4. കരുംകുളം |
| 5. കൊല്ലം ടൗൺ | 5. കുടപ്പനക്കുന്ന് |
| 6. പുത്തൂർ | 6. വർക്കല |
| 7. കൊട്ടിയം | 7. പി.ടി.പി. നഗർ |
| 8. ചാത്തന്നൂർ | |
| 9. അഞ്ചൽ | |
| 10. കുണ്ടറ | |

(സി) തിരുവനന്തപുരം ജില്ലയിൽ ഇതുവരെയുള്ള കെപ്കോ ഔട്ട്ലെറ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1. | ആറ്റിങ്ങൽ | ശ്രീ. എൻ. പ്രകാശ് |
| 2. | കഴക്കൂട്ടം | ശ്രീ. അനിൽകുമാർ |
| 3. | മെഡിക്കൽ കോളേജ് | ശ്രീ. ഉദയകുമാർ |
| 4. | നാലാഞ്ചിറ | ശ്രീ. രാജശേഖരൻ നായർ |
| 5. | പട്ടം | ശ്രീമതി വത്സലകുമാരി അമ്മ |
| 6. | പേരൂർക്കട | ശ്രീ. ഷീജു. എസ് |
| 7. | ശ്രീകാര്യം | ശ്രീ. ബിജു മാത്യൂ സാമുവൽ |
| 8. | വട്ടിയൂർക്കാവ് | ശ്രീ. വിജയകുമാർ |
| 9. | വർക്കല | ശ്രീ. ജെ. വിജയൻ |
| 10. | കാഞ്ഞിരംപാറ | ശ്രീ. കെ. മോഹൻ കുമാർ |
| 11. | വാളിക്കോട് | ശ്രീ. ഷാജൻ എസ്.എൽ |
| 12. | കുമാരപുരം | ശ്രീ. എം.എസ്.ഷാജഹാൻ |
| 13. | നെയ്യാറ്റിൻകര | ശ്രീ. ആർ. രഞ്ജിത്ത് കുമാർ |
| 14. | ചിറയിൻകീഴ് | ശ്രീമതി സത്യഭാമ |
| 15. | മണ്ണന്തല | ശ്രീമതി എസ്. സുധ |

| | |
|---|---|
| 16. പേയാട് | ശ്രീ. ദിലീപ് കുമാർ |
| 17. ഏണിക്കര | ശ്രീമതി ഒ. പി. ശ്രീകുമാരി |
| 18. മലയിൻകീഴ് | ശ്രീ. എം. എസ്. പ്രസാദ് |
| 19. പാനൻവിള | ശ്രീ. വരുൺ നാഥ് |
| 20. പനവിള | ശ്രീമതി മേരി ജോബ് |
| 21. വഴുതക്കാട് | ശ്രീ. എം. അനു |
| 22. മൺവിള | ശ്രീ. ജയചന്ദ്രൻ |
| 23. ഉള്ളൂർ | ശ്രീ. സന്തോഷ്കുമാർ |
| 24. വി.എഫ്.പി.സി.കെ. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (vegetable and Fruit (തളിർ) Promotion Council of Kerala) | |
| 25. വക്കം | ശ്രീ. ശാന്തകുമാർ. എസ്. |
| 26. കുളത്തൂർ | ശ്രീ. സലീം മുഹമ്മദാലി |
| 27. പ്രശാന്ത് നഗർ | ശ്രീ. മോഹനൻ |
| 28. നന്ദൻകോട് | ശ്രീമതി അംബിക. എസ്. |
| 29. പോങ്ങുംമൂട് | ശ്രീമതി സജിന. എസ്. |
| 30. കല്ലറ | ശ്രീമതി ദീപ. എസ്. |
| 31. കരുംകുളം | ശ്രീ. യേശുരാജൻ. എ |
| 32. കുടപ്പനക്കുന്ന് | ശ്രീ. ബിജു. പി.കെ. |
| 33. വർക്കല | ശ്രീ. അനൂപ് ശശിധരൻ |
| 34. പി.ടി.പി. നഗർ | ശ്രീ. എസ്. കൃഷ്ണകുമാർ |

(ഡി) കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ വിൽപ്പന സാധ്യതയുള്ള എല്ലാ കേന്ദ്രങ്ങളിലും ഉൽപ്പന്നതിന്റെ ലഭ്യതയനുസരിച്ച് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നു.

## ഇടുക്കി നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

145 (4114) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൃഗസംരക്ഷണ വകുപ്പിന്റെ ചുമതലയിൽ 2017-18 സാമ്പത്തിക വർഷത്തിൽ ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഇടുക്കി നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ഇടുക്കി ബ്ലോക്ക് പരിധിയിൽ തീറ്റപ്പുൽ കൃഷിക്ക് സബ്സിഡി ലഭിച്ച ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമാക്കുമോ?

ഉത്തരം

(എ) 1. രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം

ഡോർസ്റ്റെപ്പ് & ഡൊമിസിലിയറി വെറ്ററിനറി സർവീസിന്റെ ഭാഗമായി ഇടുക്കി ബ്ലോക്കിൽ വാത്തിക്കുടി വെറ്ററിനറി ഡിസ്പെൻസറി മുഖേന പദ്ധതി നടപ്പിലാക്കി. കർഷകർക്ക് രാത്രികാലങ്ങളിൽ അടിയന്തര മൃഗചികിത്സാ സേവനം ലഭ്യമാക്കുന്നതിന് പദ്ധതി പ്രയോജനപ്പെട്ടു.

2. ആനിമൽ വെൽഫെയർ ക്ലബ്ബ് ഇൻ സ്കൂൾസ്

വിദ്യാർത്ഥികളിൽ പക്ഷിമൃഗാദിളോടുള്ള കരുണയും സമ്പാദ്യശീലവും വർദ്ധിപ്പിക്കുന്നത് ലക്ഷ്യമാക്കുന്ന ഈ പദ്ധതി അറക്കുളം പഞ്ചായത്തിലെ മൂലമറ്റം ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ നടപ്പിലാക്കി. 50,000 രൂപ പദ്ധതിക്കായി അനുവദിച്ചു. 70 വിദ്യാർത്ഥികൾക്ക് 5 കോഴിക്കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്തു. ക്വിസ് മത്സരം സംഘടിപ്പിച്ചു. ശാസ്ത്രീയ കോഴിവളർത്തലിനെക്കുറിച്ച് ക്ലാസ്സെടുത്തു.

3. ബാക്ക് യാർഡ് പൗൾട്രി ഡെവലപ്പ്മെന്റ് പ്രോഗ്രാം ത്രൂ സ്കൂൾസ്

ഓരോ സ്കൂളിലെയും 50 കുട്ടികൾക്ക് 5 കോഴിക്കുഞ്ഞുങ്ങൾ, തീറ്റ എന്നിവ നൽകുന്ന പദ്ധതി മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കി. 36,250 രൂപ വീതം ഓരോ സ്കൂളിനും പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചു.

4. <u>പിഗ് ഫാറ്റനിംഗ് യൂണിറ്റ്</u>

നിലവിലുള്ളതും പുതുതായി തുടങ്ങുന്നതുമായ പന്നിഫാമുകൾക്ക് 10 പന്നിക്കുഞ്ഞുങ്ങളെ വാങ്ങുന്നതിനും കൂട് മറ്റ് സൗകര്യങ്ങൾ ഇവ വർദ്ധിപ്പിക്കുന്നതിനുമായി 50,000 രൂപ വീതം ധനസഹായം നൽകുന്ന ഈ പദ്ധതി അറക്കുളം, കഞ്ഞിക്കുഴി പഞ്ചായത്തുകളിൽ നടപ്പിലാക്കി.

5. <u>ഡങ്ങ്പിറ്റ് നിർമ്മാണം</u>

കന്നുകാലി ജൈവമാലിന്യം വളമാക്കി മാറ്റുന്നതിന് ഡങ്ങ്പിറ്റ് നിർമ്മിക്കുന്നതിനുള്ള ആകെ ചെലവ് 25,000 രൂപയിൽ 12,500 രൂപ ധനസഹായം അനുവദിച്ചു. പദ്ധതി കഞ്ഞിക്കുഴി, കുടയത്തൂർ, മരിയാപുരം, വാത്തിക്കുടി എന്നീ പഞ്ചായത്തുകളിലാണ് നടപ്പിലാക്കിയത്.

6. <u>ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് പ്രോഗ്രാം</u>

പശുക്കളിലെ വന്ധ്യതാ പരിശോധനയും മരുന്നുവിതരണവും നടത്തുകയും ചെയ്യുന്ന പദ്ധതി വാഴത്തോപ്പ് പഞ്ചായത്തിൽ നടപ്പിലാക്കി.

7. <u>മിൽക്കിംഗ് മെഷീൻ വാങ്ങുന്നതിനുള്ള ധനസഹായം</u>

അഞ്ചോ അതിൽ കൂടുതലോ കറവപ്പശുക്കളുള്ള കർഷകർക്ക് മിൽക്കിംഗ് മെഷീൻ വാങ്ങുന്നതിന് 25,000 രൂപ ധനസഹായം നൽകുന്ന പദ്ധതി കടയത്തൂർ പഞ്ചായത്തിൽ 2 യൂണിറ്റ് നടപ്പിലാക്കി.

8. <u>മെയിന്റനൻസ് ഓഫ് ഡിസ്ഇൻഫെക്ഷൻ & സാനിട്ടേഷൻ മെക്കാനിസം</u>

വെറ്ററിനറി ഹോസ്പിറ്റൽ, വെറ്ററിനറി ഡിസ്പെൻസറികളുടെ അകവും പരിസരവും ശുചീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്ന തിനായുള്ള പദ്ധതിയുടെ ഭാഗമായി കട്ടപ്പന വെറ്ററിനറി പോളിക്ലിനി ക്കിന് 10,000 രൂപയും വാത്തിക്കുടി, കാമാക്ഷി പഞ്ചായത്തുകളിലെ വെറ്ററിനറി ഡിസ്പെൻസറികൾക്ക് 5,000 രൂപ വീതവും അനുവദിച്ചു.

9. <u>ബ്ലോക്ക് ലെവൽ ആനിമൽ ഹസ്ബൻഡറി എക്സ്റ്റൻഷൻ പ്രോഗ്രാം</u>

ബ്ലോക്ക്തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട പരിശീലനകേന്ദ്രങ്ങളിൽ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള 2 ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചു. പദ്ധതി കാമാക്ഷി പഞ്ചായത്തിൽ തങ്കമണി വെറ്ററിനറി ഡിസ്പെൻസറി മുഖേന നടത്തിയ പ്രോഗ്രാമിൽ കർഷകർക്ക് പ്രയോജനകരമായ രീതിയിൽ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

(ബി) ഇടുക്കി നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ഗുണഭോക്തൃ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) ക്ഷീരവികസന വകുപ്പിൽനിന്നും തീറ്റപ്പുൽ കൃഷിക്ക് സബ്സിഡി നൽകിയിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

**ക്ഷീരകർഷകരുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്ന പദ്ധതികൾ**

146 (4115) <u>ശ്രീ. ഡി. കെ. മുരളി</u> :
<u>ശ്രീ. ജെയിംസ് മാത്യൂ</u> :
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരകർഷകരുടെ ക്ഷേമത്തിനായി നടപ്പാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വായ്പാ കുടിശിക വരുത്തിയതിന്റെ ഭാഗമായി ജപ്തി നടപടികൾ നേരിടുന്ന ക്ഷീരകർഷകരെ സഹായിക്കുന്നതിനായി നടപ്പാക്കിയ പുതിയ പദ്ധതി പ്രകാരം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കർഷകർ നേരിടുന്ന പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനും അവയ്ക്ക് പരിഹാരം കാണുന്നതിനും ക്ഷീരകർഷക സംഗമങ്ങൾ സംഘടിപ്പിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ക്ഷീരകർഷകരുടെ ക്ഷേമത്തിനായി മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം, കാറ്റിൽ ഫീഡ് സബ്സിഡി, തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, ഹീഫർ പാർക്ക്, ഡെയറി സോൺ, ക്ഷീരഗ്രാമം, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ നൽകുന്നുണ്ട്. ക്ഷീരകർഷകർക്കും ഉരുക്കൾക്കുമുള്ള ഇൻഷ്വറൻസും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2017-18 വർഷത്തെ ജപ്തി നടപടികൾ നേരിടുന്ന ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 5 കോടി രൂപ വിനിയോഗിക്കുകയും ഇതിന്റെ പ്രയോജനം 2285 കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഉണ്ട്. ക്ഷീരവികസന വകുപ്പിന്റെ വിജ്ഞാനവ്യാപന പ്രവർത്തനത്തിന്റെ ഭാഗമായി ബ്ലോക്ക്, ജില്ലാ സംസ്ഥാനതലത്തിൽ ക്ഷീരകർഷക സംഗമങ്ങൾ സംഘടിപ്പിച്ച് ക്ഷീരകർഷകരുടെയും സഹകാരികളുടെയും ഈ മേഖലയിലെ വിദഗ്ധരുടെയും അഭിപ്രായം സ്വരൂപിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

**ക്ഷീര വികസന പദ്ധതികൾ**

147 (4116) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇപ്പോഴത്തെ പ്രതിദിന ക്ഷീരോത്പാദനം എത്രയാണ്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) പാൽ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും, ക്ഷീര കർഷകരുടെ ക്ഷേമത്തിനുമായി ഈ സർക്കാർ പുതുതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ;

(സി) ക്ഷീര വിപണന സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 2017-18 വർഷത്തെ പ്രതിദിന പാലുല്പാദനം 18.20 ലക്ഷം ലിറ്ററാണ്. 2017-18-ലെ ജില്ല തിരിച്ചുള്ള പാലുല്പാദന കണക്ക് ഇതോടൊപ്പം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. *

(ബി) ക്ഷീരകർഷകരുടെ ക്ഷേമത്തിനായി മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം, കാറ്റിൽ ഫീഡ് സബ്സിഡി, തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, ഹീഫർ പാർക്ക്, ഡെയറി സോൺ, ക്ഷീരഗ്രാമം, കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ നൽകുന്നുണ്ട്. ക്ഷീരകർഷകർക്കും ഉരുക്കൾക്കുമുള്ള ഇൻഷ്വറൻസും നടപ്പിലാക്കിയിട്ടുണ്ട്.

(സി) ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് 2018-19 വർഷം 2,844 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത സഹായം
2. പുതിയ ക്ഷീര സംഘങ്ങളുടെ രൂപീകരണം
3. ക്ഷീര സംഘങ്ങളുടെ പുനരുദ്ധാരണം
4. ട്രാൻസ്പോർട്ടേഷൻ ഓഫ് മിൽക്ക്
5. ഫാർമർ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന് ക്ഷീരസംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സഹായം.
6. പാൽസംഭരണി, ഗോഡൗൺ എന്നിവ നിർമ്മിക്കുന്നതിനുള്ള സഹായം, മികച്ച ക്ഷീരസംഘങ്ങൾക്കുള്ള ഡോ. വർഗ്ഗീസ് കുര്യൻ അവാർഡ്.
7. ക്ഷീര സംഘങ്ങളുടെ ആട്ടോമേഷൻ
8. ക്ഷീരസംഘങ്ങൾക്ക് പാൽ സംഭരണ സംസ്കരണം, ചില്ലിംഗ്, പുനർനിർമ്മാണം, ശീതീകരണ മുറി, കാറ്റിൽഫീഡ് പ്ലാന്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ധനസഹായം.
9. ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് (AMC) സ്ഥാപിക്കുന്നതിനുള്ള സഹായം.
10. ഇൻഫർമേഷൻ കിയോസ്ക് സ്ഥാപിക്കുന്നതിനുള്ള സഹായം.
11. സമഗ്ര സഹകരണ പ്രചരണ പരിപാടി
12. കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനുള്ള സഹായം.
13. ക്ഷീരസംഘങ്ങൾക്ക് മാലിന്യ നിർമ്മാർജന (ETP) സൗരോർജം വിനിയോഗം, മഴവെള്ള സംഭരണി എന്നിവ സ്ഥാപിക്കുന്നതിനുള്ള സഹായം.

## ക്ഷീരമേഖലയിലെ പദ്ധതികൾ

148 (4117) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പശുക്കളുടെ ഉല്പാദനക്ഷമത നിലനിർത്തുന്നതിനും അവയുടെ ആരോഗ്യ സംരക്ഷണത്തിനുമായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പാലിന്റെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമാക്കി അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശം നൽകുമോ;

(സി) ക്ഷീരസംഘങ്ങളുടെ ആധുനീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ഡി) ക്ഷീരസംഘങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന് പ്രാഥമിക ക്ഷീരസഹകരണസംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിന് പദ്ധതിയുണ്ടോ;

(ഇ) പരിചയസമ്പന്നരായ കറവക്കാരുടെ ദൗർലഭ്യം ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നമായതിനാൽ ചെലവ് കുറഞ്ഞതും പ്രവർത്തിപ്പിക്കുവാൻ എളുപ്പമുള്ളതുമായ കറവ യന്ത്രങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ

<u>ഉത്തരം</u>

(എ) പശുക്കുട്ടികളെ ഉല്പാദനക്ഷമതയുള്ള പശുക്കളായി മാറ്റാൻ ലക്ഷ്യമിടുന്ന കന്നുകുട്ടിപരിപാലന പദ്ധതി, ഗോവർദ്ധിനി, സ്പെഷ്യൽ ഗോവർദ്ധിനി, കാഫ് അഡോപ്ഷൻ പ്രോഗ്രാം എന്നീ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. രാത്രികാല അടിയന്തര വെറ്ററിനറി സേവനം 105 ബ്ലോക്കുകളിലേയ്ക്ക് വ്യാപിപ്പിച്ചു. കേരള ഫീഡ്സിൽനിന്നും മിനറൽ മിക്സ്ചർ വാങ്ങി വിവിധ ജില്ലകളിലെ മൃഗാശുപത്രികൾ വഴി സൗജന്യമായി ക്ഷീരകർഷകരിലേയ്ക്ക് എത്തിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. അകിടുവീക്കരോഗ നിയന്ത്രണ പരിപാടി പ്രകാരം അകിടുരോഗ നിയന്ത്രണ കിറ്റുകൾ സൗജന്യനിരക്കിൽ നൽകിവരുന്നു. മൃഗാശുപത്രികളിൽ കന്നുകാലികൾക്ക് ബീജധാന സൗകര്യം സൗജന്യമായി നൽകുന്നുണ്ട്. ഇതുകൂടാതെ പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായി മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള മൃഗാശുപത്രികൾ വഴി ചികിത്സ, രോഗനിർണ്ണയം, രോഗപ്രതിരോധം, രോഗനിരീക്ഷണം തുടങ്ങിയ പ്രവർത്തനങ്ങളും നടത്തുന്നു. സംസ്ഥാനത്തുടനീളം മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള 2516 മൃഗ സംരക്ഷണ കേന്ദ്രങ്ങളിലൂടെ പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനുള്ള സേവനം ലഭ്യമാക്കുന്നു.

(ബി) ഉണ്ട്. പാൽ, മുട്ട, മാംസം എന്നിവയിൽ സ്വയംപര്യാപ്തത എന്ന സർക്കാർ ലക്ഷ്യം മുൻനിർത്തി പുതുതായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണിത്. മൃഗസംരക്ഷണ മേഖലയിലെ കർഷകർ എടുത്തിട്ടുള്ള ലോണുകളുടെ പലിശ ഇനത്തിൽ സബ്സിഡി നൽകുന്നതിലൂടെ ഈ മേഖലയിൽ കൂടുതൽ കർഷകർ മുതൽ മുടക്കുന്നതിനും അതുവഴി ഉൽപാദന വർദ്ധനവിനും പദ്ധതി ലക്ഷ്യമിടുന്നു. ഒരു കർഷകന് പരമാവധി 5000 രൂപവരെ ധനസഹായം ലഭിക്കുന്നതാണ്.

(സി) ക്ഷീരവിപണന സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് 2018-19 വർഷം 2,844 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

1. ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത സഹായം
2. പുതിയ ക്ഷീര സംഘങ്ങളുടെ രൂപീകരണം
3. ക്ഷീര സംഘങ്ങളുടെ പുനരുദ്ധാരണം
4. ട്രാൻസ്പോർട്ടേഷൻ ഓഫ് മിൽക്ക്
5. ഫാർമർ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന് ക്ഷീരസംഘം ജീവനക്കാർക്കുള്ള മാനേജീരിയൽ സഹായം.
6. പാൽസംഭരണി, ഗോഡൗൺ എന്നിവ നിർമ്മിക്കുന്നതിനുള്ള സഹായം, മികച്ച ക്ഷീരസംഘങ്ങൾക്കുള്ള ഡോ.വർഗ്ഗീസ് കുര്യൻ അവാർഡ്.
7. ക്ഷീര സംഘങ്ങളുടെ ആട്ടോമേഷൻ
8. ക്ഷീരസംഘങ്ങൾക്ക് പാൽ സംഭരണ സംസ്കരണം, ചില്ലിംഗ്, പുനർനിർമ്മാണം, ശീതീകരണ മുറി, കാറ്റിൽഫീഡ് പ്ലാന്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ധനസഹായം.
9. ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സഹായം.
10. ഇൻഫർമേഷൻ കിയോസ്ക് സ്ഥാപിക്കുന്നതിനുള്ള സഹായം.
11. സമഗ്ര സഹകരണ പ്രചരണ പരിപാടി
12. കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനുള്ള സഹായം.
13. ക്ഷീരസംഘങ്ങൾക്ക് മാലിന്യ നിർമ്മാർജന, സൗരോർജ വിനിയോഗം, മഴവെള്ള സംഭരണി സ്ഥാപിക്കൽ എന്നിവയ്ക്കുള്ള സഹായം.

(ഡി) പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‍വെയർ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഇ) കറവക്കാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കൂടുതൽ കറവ യന്ത്രങ്ങൾ കർഷകർക്ക് നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കറവ യന്ത്രത്തിന്റെ വിലയുടെ 50 ശതമാനം പരമാവധി 25,000 രൂപവരെയാണ് ധനസഹായമായി അനുവദിക്കുന്നത്.

## ഗുണനിലവാരമുള്ള പാൽ ലഭ്യത ഉറപ്പാക്കുന്നതിന് നടപടി

149 (4118) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമില്ലാത്തതും അപകടകരമായ രാസവസ്തുക്കൾ ചേർത്തതുമായ പാൽ സംസ്ഥാനത്ത് വിപണനം ചെയ്യപ്പെടുന്നതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഗുണനിലവാരമുള്ള പാൽ ലഭ്യത ഉറപ്പാക്കുന്നതിനായി അതിർത്തി ചെക്ക്പോസ്റ്റുകളിൽ പരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) ആഭ്യന്തര പാലുൽപാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരകർഷകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങളെയും സേവനങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) മീനാക്ഷിപുരം ആര്യങ്കാവ് എന്നീ അതിർത്തി ചെക്ക് പോസ്റ്റുകളിൽ ഗുണനിലവാരമുള്ള പാലിന്റെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള പരിശോധന നടത്തി വരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിൽ ഗുണനിലവാര പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടുതൽ അതിർത്തി ചെക്ക് പോസ്റ്റുകളിൽ പാൽ ഗുണനിലവാര പരിശോധന സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിശോധിച്ചുവരികയാണ്. നിലവിൽ ചെക്ക് പോസ്റ്റുകളിൽ മൊബൈൽ ലബോറട്ടറികളുടെ സഹായത്തോടുകൂടി ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന നടത്തിവരുന്നുണ്ട്.

(സി) ആഭ്യന്തര പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരകർഷകർക്ക് സഹായം നൽകുന്നതിനായി മിൽക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, കാറ്റിൽ ഫീഡിങ്ങ് സബ്സിഡി, തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, ഹീഫർ പാർക്ക്, ഡയറി സോൺ, ക്ഷീരഗ്രാമം, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, ക്ഷീരകർഷകർക്കുള്ള ബോധവൽക്കരണ പരിപാടി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം. മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ നൽകുന്നു. ക്ഷീര കർഷകർക്കും ഉരുക്കൾക്കുമുള്ള ഇൻഷ്വറൻസും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## പാലിന്റെ ഗുണമേന്മ പരിശോധിക്കുവാനുള്ള സംവിധാനം

150 (4119) ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുവാൻ മതിയായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എല്ലാ ചെക്പോസ്റ്റുകളിലും പരിശോധനക്കാവശ്യമായ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) പാലുൽപാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം, കൊല്ലം ജില്ലയിലെ ആര്യങ്കാവ് അതിർത്തി ചെക്ക് പോസ്റ്റുകളിൽ പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിൽ ഗുണനിലവാര പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ ചെക്ക്പോസ്റ്റുകളിൽ മൊബൈൽ ലബോറട്ടറികളുടെ സഹായത്തോടുകൂടി ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന നടത്തിവരുന്നു.

(സി) ആഭ്യന്തര പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരകർഷകർക്ക് സഹായം നൽകുന്നതിനായി മിൽക് ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം, കാറ്റിൽ ഫീഡിങ്ങ് സബ്സിഡി, തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, ഹീഫർ പാർക്ക്, ഡെയറി സോൺ, ക്ഷീരഗ്രാമം, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, ക്ഷീരകർഷകർക്കുള്ള ബോധവൽക്കരണ പരിപാടി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവ നൽകുന്നു. ക്ഷീര കർഷകർക്കും ഉരുക്കകൾക്കുമുള്ള ഇൻഷ്വറൻസും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പാലിന്റെ ഗുണനിലവാരം

151(4120) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇതരസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം സംബന്ധിച്ച് വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിർത്തി പ്രദേശങ്ങളിൽ പാൽ പരിശോധന ലാബുകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; പ്രസ്തുത ലാബുകളിലെ പരിശോധനയിൽ ഇതരസംസ്ഥാനത്ത് നിന്നും വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ പാലിന്റെ ഗുണനിലവാരം എപ്രകാരമാണ് പരിശോധിക്കുന്നത്; സഞ്ചരിക്കുന്ന ലബോറട്ടറി ഇക്കാര്യത്തിനായി നടപ്പിലാക്കുമോ;

(ഡി) മിൽമയെ കൂടാതെ മാതൃകാ ക്ഷീര സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പ്രൊഡ്യൂസർ കമ്പനികൾ ആരംഭിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രാവർത്തികമാക്കിയിട്ടുണ്ട്. മീനാക്ഷിപുരം ആര്യങ്കാവ് എന്നീ അതിർത്തി ചെക്ക് പോസ്റ്റുകളിൽ ലാബുകൾ സ്ഥാപിച്ച് ഇതരസംസ്ഥാനങ്ങളിൽനിന്നും വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിൽ ഗുണനിലവാര പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഭക്ഷ്യസുരക്ഷാ നിയമം (എഫ്.എസ്.എസ്.എ.) അനുസരിച്ചുള്ള നിശ്ചിത ഗുണനിലവാരം ഉറപ്പാക്കുന്നതിനായി പാലിൽ അടങ്ങിയിരിക്കുന്ന കൊഴുപ്പ്, കൊഴുപ്പിതര ഖരപദാർത്ഥങ്ങൾ എന്നിവ പരിശോധിക്കുന്നതിനുപുറമേ പാലിൽ മായം കലർത്തിയിട്ടുണ്ടോയെന്നും സൂക്ഷിപ്പ് കാലാവധി വർദ്ധിപ്പിക്കുന്നതിനായി പ്രിസർവേറ്റീവ്സ് ചേർത്തിട്ടുണ്ടോ എന്നുമാണ് പരിശോധിക്കുന്നത്. പാലിന്റെ ഗുണനിലവാര പരിശോധനയ്ക്കായി മൊബൈൽ ലബോറട്ടറി വ്യാപകമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) നിലവിൽ പ്രൊഡ്യൂസർ കമ്പനികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

## അതിർത്തിയിൽ പാൽ പരിശോധനാ ലബോറട്ടറികളുടെ കുറവ്

152(4121) ശ്രീ. എം. ഉമ്മർ :

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന അതിർത്തിയിൽ ക്ഷീരവികസനവകുപ്പിന് പാൽ പരിശോധനാ ലബോറട്ടറികളുടെ കുറവ് സൃഷ്ടിക്കുന്ന പ്രതിസന്ധി സംബന്ധിച്ച് സർക്കാർ തലത്തിൽ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം ചെക്ക്പോസ്റ്റിന്റെ മാതൃകയിൽ അതിർത്തിയിൽ കൂടുതൽ ലാബുകൾ സജ്ജമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) അന്യസംസ്ഥാനത്ത് നിന്നുള്ള പാലിന്റെ ഇറക്കുമതി കുറയ്ക്കുന്നതിന് ഉതകുന്ന എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മീനാക്ഷിപുരം, ആര്യങ്കാവ് എന്നീ അതിർത്തി ചെക്ക് പോസ്റ്റുകളിൽ ലാബ് സ്ഥാപിച്ച് ഗുണനിലവാരമുള്ള പാലിന്റെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള പരിശോധന നടത്തിവരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിൽ ഗുണനിലവാര പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബിന്റെ സേവനം ചെക്ക്പോസ്റ്റുകളിൽ പരിശോധനയ്ക്കായി ഉപയോഗിക്കുന്നുണ്ട്. കൂടുതൽ അതിർത്തി ചെക്ക്പോസ്റ്റുകളിൽ പാൽ ഗുണനിലവാര പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരികയാണ്.

(ബി) പരിശോധിക്കുന്നതാണ്.

(സി) ആഭ്യന്തര പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരകർഷകർക്ക് സഹായം നൽകുന്നതിനായി മിൽക് ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം, കാറ്റിൽ ഫീഡിങ്ങ് സബ്സിഡി, തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, ഹീഫർ പാർക്ക്, ഡയറി സോൺ, ക്ഷീരഗ്രാമം, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, ക്ഷീരകർഷകർക്കുള്ള ബോധവൽക്കരണ പരിപാടി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇവ നടപ്പിലാക്കുന്നതിലൂടെ പാലുൽപാദനം വർദ്ധിപ്പിക്കാനും അന്യസംസ്ഥാനത്ത് നിന്നുള്ള പാലിന്റെ ഇറക്കുമതി കുറയ്ക്കാനും ലക്ഷ്യമിടുന്നു.

**മിൽമ പാൽ പായ്ക്കിംഗിന് പ്ലാസ്റ്റിക് കവർ ഒഴിവാക്കാൻ നടപടി**

153(4122) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിൽമ നിലവിൽ പ്രതിദിനം എത്ര ലിറ്റർ പാൽ ആണ് വിറ്റഴിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ എത്ര ലിറ്റർ പാൽ ആണ് അയൽ സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങി വിതരണം ചെയ്യുന്നതെന്ന് വിശദമാക്കാമോ;

(സി) നിലവിൽ ഉപയോഗിച്ചുവരുന്ന പ്ലാസ്റ്റിക് കവർ പായ്ക്കിംഗ് ഒഴിവാക്കി പരിസ്ഥിതി സൗഹൃദ പായ്ക്കിംഗിലേക്ക് മാറുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മിൽമ പ്രതിദിനം ഏകദേശം 13 ലക്ഷം ലിറ്റർ പാൽ വിപണിയിലെത്തിക്കുന്നുണ്ട്. ഇതിനുപുറമെ വിവിധ മൂല്യവർദ്ധിത പാലുല്പന്നങ്ങളും ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നുണ്ട്.

(ബി) ഇപ്പോൾ കേരളത്തിൽനിന്നുള്ള പാൽ സംഭരണം മിൽമയുടെ ആവശ്യത്തിന് തികയുന്നതാണ്. എന്നാൽ ഉത്സവദിവസങ്ങളിലും പ്രധാനപ്പെട്ട വിശേഷ ദിവസങ്ങളിലും ആഭ്യന്തര സംഭരണം തികയാതെ വരുമ്പോൾ അയൽ സംസ്ഥാനങ്ങളിൽനിന്നും ആവശ്യത്തിന് പാൽ എടുക്കുന്നതാണ്. ഇത് ശരാശരി 30,000 ലിറ്റർ പ്രതിദിനം ആണ്.

(സി) കേരളമുൾപ്പെടെ ഇന്ത്യയിലെ സംസ്ഥാനങ്ങളിലെല്ലാംതന്നെ ഡയറികളിലൂടെ പാൽ വിതരണം ചെയ്യുന്നതിന്റെ ഭൂരിഭാഗം പ്ലാസ്റ്റിക് (എൽ.ഡി.പി.ഇ) പാക്കറ്റുകളിലാണ്. ഇതിന് പകരമായി ഒരു വിപുലമായ രീതിയിലുള്ള പാക്കിംഗ് സംവിധാനം ഇതുവരെയും നിലവിൽവന്നിട്ടില്ല. ഫുഡ് സേഫ്റ്റി നിയമം അനുശാസിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചുള്ള പാക്കിംഗ് ഫിലിം ഉപയോഗിച്ചാണ് മിൽമ പാൽ പാക്ക് ചെയ്ത് വിതരണം ചെയ്യുന്നത്.

**മിൽമയുടെ പുനഃസംഘടന സംബന്ധിച്ച റിപ്പോർട്ട്**

154 (4123) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമയുടെ പുനഃസംഘടന സംബന്ധിച്ച് ലിഡാ ജേക്കബ് ചെയർമാനായ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെയാണ്; അറിയിക്കുമോ;

(ബി) മേഖലാ യൂണിയനുകളുടെ എണ്ണം മൂന്നിൽനിന്നും രണ്ടാക്കുന്നതിനുള്ള ആലോചനയുണ്ടോ; എങ്കിൽ അതിനാധാരമായ വസ്തുതകൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(സി) മേഖലാ യൂണിയനുകളിലെയും ഫെഡറേഷനിലെയും നിയമനം പി.എസ്.സി.-ക്ക് വിടുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ഉത്തരം

(എ&ബി) ത്രിതല ക്ഷീരസഹകരണ മേഖലയെക്കുറിച്ച് പഠിക്കുന്നതിനായി നിയോഗിച്ച ശ്രീമതി ലിഡ ജേക്കബ് അദ്ധ്യക്ഷയായുള്ള വിദഗ്ദ്ധസമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. പ്രധാന ശിപാർശകളുടെ മലയാളം തർജ്ജമ അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. *

(സി) പരിശോധിച്ചുവരികയാണ്.

**ക്ഷീരകർഷക പെൻഷൻ**

155(4124) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര തുകയാണ് ക്ഷീരകർഷക പെൻഷനായി ഇപ്പോൾ നൽകുന്നത്; മറ്റ് ക്ഷേമപെൻഷനുകളുടെ തുകയോടൊപ്പം ക്ഷീരകർഷക പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ക്ഷീരകർഷകന് ഒരു ലിറ്റർ പാലിന് എത്ര രൂപയാണ് സബ്സിഡി നൽകുന്നത്; സബ്സിഡി ലഭിക്കുവാൻ വരുമാനപരിധിയുണ്ടോ; വരുമാനപരിധി ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ നിലവിൽ 1,100 രൂപയാണ്. ഇപ്പോൾ പരിഗണനയിലില്ല.

(ബി) ക്ഷീരകർഷകന് നിലവിൽ ഒരു ലിറ്റർ പാലിന് പരമാവധി 4 രൂപ വരെയാണ് സബ്സിഡി നൽകുന്നത്. നിലവിൽ സബ്സിഡി ലഭിക്കുന്നതിനുള്ള വരുമാനപരിധി 5 ലക്ഷം രൂപയാണ്. വരുമാനപരിധി ഒഴിവാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ക്ഷീര വികസന പദ്ധതികൾ

156 (4125) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയുടെ മിക്ക അസംസ്കൃത വസ്തുക്കളും കേരളത്തിൽ ലഭ്യമാകാത്ത സ്ഥിതിക്ക് പരമ്പരാഗത കാർഷിക ഉല്പന്നങ്ങളിൽനിന്ന് കാലിത്തീറ്റയ്ക്ക് സമാനമായ ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിന് ക്ഷീര വികസന വകുപ്പും ക്ഷീര സഹകരണ പ്രസ്ഥാനങ്ങളും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ക്ഷീര വികസന വകുപ്പ് ജൈവവള ഉല്പാദനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷീര വികസന വകുപ്പ് മുഖാന്തരം കന്നുകാലികളുടെ ആരോഗ്യ സംരക്ഷണത്തിനായി ധാതുലവണ മിശ്രിതം നല്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ക്ഷീരോല്പാദന സാധ്യതയുള്ള പ്രദേശങ്ങളിലെ ഗ്രാമപഞ്ചായത്തുകളിൽ സംയോജിത ക്ഷീര വികസന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) പാലുല്പാദനത്തിന്റെ വർദ്ധിച്ച തീറ്റചെലവ്, പാലുല്പാദനക്ഷമത കൈവരിക്കൽ, പശുക്കളുടെ ആരോഗ്യം മെച്ചപ്പെടുത്തൽ തുടങ്ങിയ ലക്ഷ്യങ്ങൾ പരിഗണിച്ച് ക്ഷീരവികസന വകുപ്പ് ക്ഷീര സഹകരണ സംഘങ്ങൾ മുഖേന പാരമ്പര്യേതര തീറ്റ വസ്തുക്കളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതോടൊപ്പംതന്നെ പ്രാദേശികമായി ലഭ്യമായ കാർഷിക ഉല്പന്നങ്ങൾ, തീറ്റ വസ്തുക്കൾ, വ്യാവസായിക ഉപോല്പന്നങ്ങൾ എന്നിവ ക്ഷീര സംഘങ്ങൾ, കർഷക ഗ്രൂപ്പുകൾ മുഖേന ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് ക്ഷീരവികസന വകുപ്പ് പ്രത്യേക ശ്രദ്ധ നൽകിവരുന്നു.

(ബി) ക്ഷീരകർഷകർക്ക് പശു വളർത്തലിന്റെ അനുബന്ധ വരുമാന സാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി ചാണകത്തിന്റെ സംസ്കരണം, ജൈവവള നിർമ്മാണം, ചാണകം, ഗോമൂത്രം എന്നിവയിൽനിന്നുള്ള മൂല്യവർദ്ധിത

ഉൽപ്പന്ന നിർമ്മാണത്തിന് പ്രോത്സാഹനം, തുടങ്ങിയ പ്രവർത്തനങ്ങൾ ഫാം തലത്തിലും ക്ഷീര സംഘം തലത്തിലും നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) ധാതുലവണ മിശ്രിതം നൽകുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. 2018-19 വർഷത്തിൽ ഒരു കോടി രൂപയുടെ ധാതുലവണ മിശ്രിതം ക്ഷീര സംഘങ്ങൾ മുഖേന ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

(ഡി) ഗ്രാമപഞ്ചായത്തുകളിൽ സംയോജിത ക്ഷീര വികസന പദ്ധതികൾ നടപ്പിലാക്കുന്നു. 2018-19 വർഷത്തിൽ 10 ഗ്രാമപഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. പഞ്ചായത്തുകൾ ചുവടെ ചേർക്കുന്നു. ഓരോ ഗ്രാമ പഞ്ചായത്തിലും അൻപത് ലക്ഷം രൂപയുടെ പദ്ധതി പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്.

| ക്രമ നമ്പർ | പഞ്ചായത്ത് | ജില്ല |
|---|---|---|
| 1 | വെമ്പായം | തിരുവനന്തപുരം |
| 2 | മേലില | കൊല്ലം |
| 3 | തൊടിയൂർ | കൊല്ലം |
| 4 | വയലാർ | ആലപ്പുഴ |
| 5 | കോലഴി | തൃശ്ശൂർ |
| 6 | കണ്ണമംഗലം | മലപ്പുറം |
| 7 | വട്ടൻകുളം | മലപ്പുറം |
| 8 | ചെറുവാന്നൂർ | കോഴിക്കോട് |
| 9 | തില്ലങ്കേരി | കണ്ണൂർ |
| 10 | പനത്തടി | കാസർഗോഡ് |

**കന്നുകാലി സംരക്ഷണം**

157 (4126) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലി സംരക്ഷണവും അവയുടെ വർദ്ധനവും ലക്ഷ്യമാക്കി കിടാരി പാർക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ;

(ബി) പശുക്കളെയും, കർഷകരെയും ചേർത്തുള്ള ഇൻഷ്വറൻസ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കിടാരി പാർക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ കിടാരി പാർക്കുകൾ സ്ഥാപിക്കുന്നതിനായി 77.500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പശുക്കളെ ഇൻഷ്വർ ചെയ്യുന്ന പദ്ധതിയായ ഗോസമൃദ്ധി നിലവിലുണ്ട്. കർഷകരേയും പശുക്കളേയും ഇൻഷ്വർ ചെയ്യുന്ന ഗോസമൃദ്ധി പ്ലസ് 2018-19-ൽ നടപ്പിൽവരും. പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളിൽനിന്നും താൽപ്പര്യപത്രം ക്ഷണിക്കുകയും പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിവരികയുമാണ്.

**മൃഗശാലകൾ ആധുനികവത്കരിക്കുന്നതിന് പദ്ധതികൾ**

158 (4127) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗശാലകൾ ആധുനികവത്കരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ മൃഗശാലകളിലാണ് നവീകരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗശാലകളുടെ നവീകരണത്തിനായി എത്ര തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തിരുവനന്തപുരം മൃഗശാലയുടെ നവീകരണത്തിനായി കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർപ്ലാൻ പ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ജലപക്ഷികൾക്കുവേണ്ടിയുള്ള വാസസ്ഥലത്തിന്റെ നിർമ്മാണം,

സ്ത്രീസൗഹാർദ്ദപരവും വിശ്രമ മുറിയും ചേർന്ന ടോയ്‌ലെറ്റ്, മദേഴ്സ് ഫീഡിംഗ് സെന്റർ, അക്വേറിയത്തിന്റെ നവീകരണം, ഇൻഡ്യൻ കാട്ടുപോത്തുകൾക്കുവേണ്ടിയുള്ള പരിബന്ധനത്തിന്റെ നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. സന്ദർശകർക്കുവേണ്ടി ഇന്റർപ്രെട്ടേഷൻ സെന്ററിന്റെ നിർമ്മാണം ആരംഭിക്കുകയും ചിത്രശലഭങ്ങൾക്കുവേണ്ടിയുള്ള പാർക്കിന്റെ നിർമ്മാണം, മൃഗശാലാ സ്റ്റോറിന്റെയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. തൃശ്ശൂർ മൃഗശാലയിൽ അനാക്കോണ്ട പാമ്പുകൾക്കുവേണ്ടിയുള്ള പരിബന്ധനത്തിന്റെ നിർമ്മാണം, ഉരഗങ്ങളുടെ പരിബന്ധനത്തിന്റെ നവീകരണം എന്നിവ നിർവ്വഹിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. തൃശ്ശൂർ മൃഗശാലയിൽ ആധുനിക രീതിയിലുള്ള അക്വേറിയം നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കി നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി തൃശ്ശൂർ മൃഗശാലയിലെ സിംഹം, കടുവ, പുള്ളിപ്പുലി എന്നിവയുടെ കൂടുകളുടേയും മാൻ, ഒട്ടകപക്ഷി, എമു, മയിൽ എന്നിവയുടെ കൂടുകളുടെയും അറ്റകുറ്റപ്പണികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം മൃഗശാലയിലേയ്ക്ക് ജിറാഫ്, സീബ്ര, വെള്ള സിംഹം, ജാഗ്വർ എന്നീ വിദേശയിനം മൃഗങ്ങളെ കൊണ്ടുവരുന്നതിന് കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം വാങ്ങുകയും ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്.

(ബി) കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ച മാസ്റ്റർപ്ലാൻ പ്രകാരം തിരുവനന്തപുരം മൃഗശാലയിലാണ് നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ 6,83,14,854 രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 7,61,86,064 രൂപയും മൃഗശാലകളുടെ നവീകരണത്തിനായി ചെലവഴിച്ചു.

## തിരുവനന്തപുരം മൃഗശാലയിലെ പ്രവേശന ഫീസ്

159 (4128) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മൃഗശാലയിലെ പ്രവേശന ഫീസ് വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഫീസ് വർദ്ധനവിലൂടെ ലഭിക്കുന്ന വരുമാനം മൃഗശാലയുടെ നവീകരണത്തിനായി ഉപയോഗപ്പെടുത്താറുണ്ടോ; എങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷം എന്ത് തുക ഇക്കാര്യത്തിനായി വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) മൃഗശാലയിലെ മാനുകളുടെ വംശവർദ്ധനവുമൂലം കൂട്ടുകളിൽ ഉൾക്കൊള്ളാനാവാത്ത സ്ഥിതിയിൽ അവയ്ക്ക് പകർച്ചവ്യാധി ഭീഷണി നേരിടുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം മൃഗശാലയുടെ പ്രവേശന ഫീസ് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 20/18/സാം.കാ.വ. തീയതി 18-1-2018 പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) മൃഗശാലയുടെ വരുമാനം സർക്കാരിന്റെ റവന്യൂ ശീർഷകത്തിലാണ് ഒടുക്കുന്നത്. വരുമാനത്തിൽനിന്നും തുക വിനിയോഗിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാനുകളുടെ വംശവർദ്ധനവ് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മഴവെള്ള സംഭരണം**

160 (4129) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴക്കാലത്ത് വിവിധ തോടുകൾ, നദികൾ, ചാലുകൾ, കായലുകൾ തുടങ്ങിയവ വഴി കടലിലേയ്ക്ക് ഒഴുകി നഷ്ടപ്പെടുന്ന മഴവെള്ളം സംഭരിച്ച് മണ്ണിൽത്തന്നെ നിലനിർത്തി ഭൂമിയ്ക്കും, പ്രത്യേകിച്ച് ജീവജാലങ്ങൾക്കും വരൾച്ചാ കാലാവസ്ഥയിൽ പ്രയോജനപ്പെടുത്തുന്നതിന് യാതൊരുവിധ നടപടിയും കൈക്കൊള്ളുന്നില്ലെന്ന റിപ്പോർട്ട് ഗൗരവമായി കാണുന്നുണ്ടോ;

(ബി) അല്ലെങ്കിൽ എന്തെങ്കിലും ഫലപ്രദമായ നടപടികൾ കൈക്കൊള്ളാത്തതുകൊണ്ട് ഉണ്ടാകുന്ന വിപത്ത് മനസ്സിലാക്കുന്നുണ്ടോ;

(സി) അമൂല്യമായ ജലം കടലിലേക്ക് ഒഴുകി ചെന്നെത്തി നഷ്ടപ്പെടാതെ അതിന് മുമ്പ് സംഭരിച്ച് ഉപയുക്തമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്.

- ഹരിത കേരളം മിഷന്റെ ഭാഗമായി മഴവെള്ളം സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കിയിട്ടുണ്ട്. മഴവെള്ളം ഉപയോഗിച്ചുള്ള കിണർ സംപോഷണം, മഴക്കുഴികൾ, കുളങ്ങൾ വൃത്തിയാക്കി സംഭരണശേഷികൂട്ടി ജലം സംഭരിക്കുക,

തടയണകൾ, വെന്റഡ് ക്രോസ് ബാറുകൾ, റെഗുലേറ്ററുകൾ തുടങ്ങിയ മാർഗ്ഗങ്ങൾ വഴി മഴവെള്ളം സംഭരിക്കുന്ന പ്രവർത്തനങ്ങൾ നിലവിൽ നിർവ്വഹിക്കുന്നുണ്ട്. നീർത്തടാടിസ്ഥാനത്തിൽ ഇത് കൂടുതൽ സമഗ്രമായി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ ഹരിത കേരള മിഷൻ സ്വീകരിച്ചിട്ടുണ്ട്. വൃഷ്ടിപ്രദേശ പരിപാലനത്തിനായി വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിച്ചുകൊണ്ട് പരമാവധി ജലം മണ്ണിലേയ്ക്ക് താഴ്ന്നുന്നതിനുള്ള ശ്രമം നടത്തുന്നുണ്ട്. മഴവെള്ള സംഭരണത്തിനായി 6694 കുളങ്ങൾ പുതിയതായി നിർമ്മിച്ചു. 7631 കുളങ്ങൾ നവീകരിച്ചു. 37762 കിണറുകളിൽ റീച്ചാർജ്ജിംഗ് നടപ്പിലാക്കി. 15106 കിണറുകൾ പുതിയതായി നിർമ്മിച്ചു.

- കേരള ജല അതോറിറ്റിയുമായി ബന്ധപ്പെട്ട് മഴക്കാലത്ത് നദികളിൽ ലഭ്യമാകുന്ന ജലം പരമാവധി ശേഖരിച്ച് നിർത്തുന്നതിനും അതുവഴി ഭൂഗർഭജലവിതാനം ഉയർത്തുന്നതിനും ലക്ഷ്യമിട്ട് സാങ്കേതികമായി സാധ്യതയുള്ള സ്ഥലങ്ങളിൽ ചെക്ക് ഡാമുകളും റെഗുലേറ്റർ-കം ബ്രിഡ്ജുകളും നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കുടിവെള്ള പദ്ധതികളുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിൽ ഉൾപ്പെടുത്തിവരുന്നു.

- ഭൂജലവകുപ്പ് 'ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണ വും' പദ്ധതിയിൻകീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണം, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ സാങ്കേതിക സഹായവും നൽകിവരുന്നു.

- ജലനിധിയുടെ കീഴിൽ മഴകേന്ദ്രം മുഖേന സംസ്ഥാന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി KRWSA-യിലെ മഴകേന്ദ്രം വഴി നടപ്പിലാക്കുന്ന 'മഴവെള്ള സംഭരണം ഭൂജല പരിപോഷണം' പദ്ധതി മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിനും ജലക്ഷാമം ഒരുപരിധിവരെ പരിഹരിക്കുന്നതിനും ഉപയുക്തമാക്കുന്നുണ്ട്. സംസ്ഥാന പ്ലാൻ സ്കീമിലെ മഴവെള്ള സംഭരണം 'ഭൂജല പരിപോഷണം' പദ്ധതി വഴി വ്യക്തിഗത കുടുംബങ്ങൾക്കും സ്കൂളുകൾക്കും മഴവെള്ളം ഫിൽട്ടർ ചെയ്ത് ഉപയോഗിക്കുന്നതിനായി 100000 ലിറ്ററിന്റെ മഴവെള്ള സംഭരണി നിർമ്മിച്ചു നൽകിവരുന്നു. ജലനിധി പദ്ധതിയുടെ

ഭാഗമായി പദ്ധതിയുടെ ജലസ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പു വരുത്തുന്നതിന് മഴവെള്ളം ഉപയോഗപ്പെടുത്തി ഭൂജല പരിപോഷ ണത്തിനാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്. മഴവെള്ളം ഉപയോഗപ്പെടുത്തുവാനായി ജലനിധി കിണറുകളിൽ പോയിന്റ് റീചാർജ്ജ് (കിണറുകളുടെ സമീപത്തുള്ള കെട്ടിടത്തിൽനിന്നും കിണറിലേയ്ക്ക് വെള്ളം ഫിൽറ്റർ ചെയ്ത് റീചാർജ്ജ് ചെയ്യുന്ന പദ്ധതി) നടപ്പിലാക്കിവരുന്നു. റൂഫ് വാട്ടർ ഹാർവെസ്റ്റിംഗ്, ചെറുകിട തടയണകൾ (small check dams), ഗാബിയൻ സ്ട്രക്ചർ (Gabion structure), റേഡിയൽ ആം (Radial Arm), നീർക്കുഴികൾ, ഓട (ഓവ്ചാൽ നിർമ്മാണം), ഭൂഗർഭ തടയണകൾ (Sub-surface dyke), വെന്റഡ് ക്രോസ് ബാർ (Vented Cross Bar), മണ്ണുസംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നീ രീതിയിൽ ഭൂമിയുടെ കിടപ്പനുസരിച്ച് ഭൂജല പരിപോഷണത്തിനായി നടപ്പിലാക്കുകയും മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളിൽ ഉപയോഗിക്കുകയും ചെയ്തുവരുന്നു.

## കേരള ജല അതോറിറ്റി നേരിടുന്ന പ്രശ്നങ്ങൾ

161 (4130) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമെന്നും അവ പരിഹരിച്ച് ജല അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ കാലയളവിൽ ഗ്രാമീണ കുടിവെള്ള പദ്ധതി നടത്തിപ്പിനായി ലഭ്യമാകുന്ന കേന്ദ്രവിഹിതത്തിൽ എത്ര കുറവുണ്ടായി എന്നും പദ്ധതി നിർമ്മാണ ത്തിനുള്ള ഭൂമി നിശ്ചിത സമയത്ത് ലഭിക്കാതെ മുടങ്ങിക്കിടക്കുന്ന പ്രശ്നങ്ങൾ, പി.ഡബ്ല്യു.ഡി./ദേശീയപാത/റെയിൽവേ തുടങ്ങിയ വകുപ്പുകളിൽനിന്നും കട്ടിംഗ്/ ക്രോസിംഗ് അനുമതികൾക്ക് വരുന്ന കാലതാമസം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത്തരം പ്രശ്നങ്ങളാൽ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിച്ച് മുടങ്ങിക്കിടക്കുന്ന കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനായി ഈ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ;

(ഇ) മുൻസർക്കാർ അധികാരം ഒഴിയുമ്പോൾ വൈദ്യുതി ബോർഡ്/ കരാറുകാർ ഉൾപ്പെടെ വിവിധയിനങ്ങളിലായി കേരള വാട്ടർ അതോറിറ്റി നല്കുവാനുള്ള കുടിശ്ശിക തുക എത്രയായിരുന്നുവെന്നും ആയത് നിലവിൽ എത്രയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേരള ജല അതോറിറ്റി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു :

1. വർഷാവർഷം വർദ്ധിച്ചുവരുന്ന റവന്യൂ കമ്മിയും അതുമൂലമുണ്ടാകുന്ന വമ്പിച്ച സഞ്ചിതനഷ്ടവും
2. ജലസ്രോതസ്സിന്റെ കുറവ് പ്രത്യേകിച്ചും വേനൽക്കാലങ്ങളിലുണ്ടാകുന്ന ജലക്ഷാമം
3. വർദ്ധിച്ചുവരുന്ന പ്രവർത്തനച്ചെലവ്-ശമ്പളം, പെൻഷൻ, വൈദ്യുത ചാർജ്ജ്, അറ്റകുറ്റപ്പണികൾ തുടങ്ങിയ ഇനങ്ങളിലുള്ള ചെലവ്
4. ഉയർന്നതോതിലുള്ള വരുമാനരഹിത ജലത്തിന്റെ അളവും കാലാനുസൃതമായി വെള്ളക്കരം നിശ്ചയിക്കാൻ കഴിയാത്തതും
5. പദ്ധതി നിർവ്വഹണത്തിൽ നേരിടുന്ന കാലതാമസം -
    - സ്ഥലം ഏറ്റെടുത്ത് ലഭ്യമാക്കുന്നതിനും റോഡുകൾ മുറിക്കുന്നതിനുള്ള അനുമതി ലഭിക്കുവാനുള്ള കാലതാമസവും ഭീമമായ റോഡ് റെസ്റ്റോറേഷൻ നിരക്കുകളും
    - ബൃഹത് കുടിവെള്ള പദ്ധതികൾക്കുവേണ്ടി വമ്പിച്ച മൂലധനച്ചെലവും ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ പൈപ്പ് നെറ്റ്‌വർക്ക് സ്ഥാപിക്കാനുള്ള പ്രതികൂല കാലാവസ്ഥയും.
6. വിഭവശേഷിയും നിർമ്മാണപരിചയവുമുള്ള കരാറുകാരുടേയും ജോലി ഭാരത്തിനനുസരിച്ചുള്ള ജീവനക്കാരുടെയും അഭാവവും മറ്റ് പ്രാദേശിക പ്രശ്നങ്ങളും.
7. ദേശീയ ഗ്രാമീണ ശുദ്ധജലപദ്ധതികളുടെ കേന്ദ്രവിഹിതത്തിൽ ഉണ്ടായ കുറവും പദ്ധതി ചെലവുകൾക്ക് യഥാസമയം പണം ലഭിക്കാത്തതും.

മേൽപ്രശ്നങ്ങൾ പരിഹരിച്ച് അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ താഴെപ്പറയുന്ന നടപടികൾ കേരള വാട്ടർ അതേറിറ്റി സ്വീകരിച്ചുവരുന്നു.

1. വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമാക്കി മാറ്റുകയും ചെയ്തു.

2. ചെറിയതുക ചെലവഴിച്ച് പൂർണ്ണമായും വിനിയോഗസജ്ജമാക്കാൻ കഴിയുന്ന പദ്ധതികൾ മുൻഗണനാക്രമത്തിൽ പൂർത്തിയാക്കുകയും ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന് വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

3. 2018-19-ലെ ബജറ്റിൽ NRDWP-യിലെ മുടങ്ങിക്കിടക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനായി 100 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

4. കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ ശുദ്ധജലലഭ്യത ഉറപ്പു വരുത്തുന്നതിനായി അനുയോജ്യമായ ഫണ്ടിങ് ഏജൻസികളിൽ നിന്നും ഫണ്ട് ലഭ്യമാക്കി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് മുൻഗണന നൽകിവരുന്നു.

5. കുടിവെള്ള വിതരണത്തിനായി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ കേടുപാടുകൾ പരിഹരിക്കുന്നതിലേയ്ക്കുമായി NH, PWD, Forest, Railway, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള റോഡുകൾ എന്നിവിടങ്ങളിൽ പൈപ്പുകൾ സ്ഥാപിക്കുന്ന തിനായി ബന്ധപ്പെട്ട വകുപ്പ് മേധാവികളുമായും ബഹുമാനപ്പെട്ട മന്ത്രിമാരുടെ തലത്തിലും മറ്റ് ഉദ്യോഗസ്ഥതലത്തിലും ചർച്ചകൾ, യോഗങ്ങൾ നടത്തി പ്രശ്നപരിഹാരം കാണുന്നു. അടിയന്തര സാഹചര്യങ്ങളിൽ അനുമതി ലഭിക്കാൻ വൈകിയാൽ ജില്ലാ ഭരണകൂടത്തിന്റെ ഇടപെടലിലൂടെ അനുമതി ലഭ്യമാക്കാറുണ്ട്. കൂടാതെ അതത് ജനപ്രതിനിധികൾ, ബന്ധപ്പെട്ട ഏജൻസികൾ എന്നിവരുമായി ജില്ലാ കളക്ടർതലത്തിലും സർക്കാർ തലത്തിലും അവലോകന യോഗങ്ങൾ നടത്തി വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

6. വരുമാനരഹിത ജലത്തിന്റെ അളവ് ഗണ്യമായി കുറയ്ക്കുകയും കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുകയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിനുവേണ്ടി "ബ്ലൂ ബ്രിഗേഡ്" പോലുള്ള സംവിധാനം വിനിയോഗിക്കുകയും ചെയ്തുവരുന്നു.

7. ചെക്ക് ഡാമുകളും റെഗുലേറ്ററുകളും നിർമ്മിച്ച് ജലസ്രോതസ്സിന്റെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടികളും കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

8. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്ക് 2013-14 മുതൽ 2017-18 വരെ ലഭിച്ച കേന്ദ്ര വിഹിതത്തിന്റെ കണക്ക് അനുബന്ധം 1 ആയി ചേർക്കുന്നു.* പദ്ധതി വിഹിതത്തിലുണ്ടായ കുറവ്, 25 ശതമാനത്തിൽ താഴെ പുരോഗതി കൈവരിച്ച പദ്ധതികൾക്ക് കേന്ദ്രസഹായം ലഭ്യമല്ലായെന്ന തീരുമാനം, സ്ഥലലഭ്യതയും മറ്റുവകുപ്പുകളിൽ നിന്നുള്ള അനുമതി ലഭ്യമാകുന്നതിനുള്ള തടസ്സങ്ങളും കാരണം 55 പദ്ധതികളുടെ നിർവ്വഹണം നിർത്തിവയ്ക്കുകയുണ്ടായി.

(സി) വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) ഫണ്ടിന്റെ അപര്യാപ്തതമൂലം നിർവ്വഹണം നിർത്തിവച്ച പദ്ധതികൾ NABARD, KIIFB, STATE PLAN തുടങ്ങി അനുയോജ്യമായ മറ്റ് ശീർഷക ങ്ങളിൽപ്പെടുത്തി ഏറ്റെടുത്ത് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ഫണ്ടിന്റെ കുറവുമൂലം നിർവ്വഹണം മന്ദഗതിയിലായ പദ്ധതികൾ പൂർത്തി യാക്കുന്നതിലേയ്ക്കായി സംസ്ഥാന സർക്കാർ 2018-19 വർഷത്തെ ബജറ്റിൽ 100 കോടി രൂപ അധിക സാമ്പത്തികസഹായം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ അധിക ധനസഹായം ഉൾപ്പെടെ 2018-19 സാമ്പത്തികവർഷം സംസ്ഥാനവിഹിതമായി 200 കോടി രൂപയും കേന്ദ്രവിഹിതമായി 87.49 കോടി രൂപയുമാണ് പ്രതീക്ഷിക്കുന്നത്. ഇതുവഴി ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ച പ്രവൃത്തികൾക്ക് നൽകുവാനുള്ള കുടിശ്ശിക തുക ഉൾപ്പെടെ തീർപ്പാക്കി നിർവ്വഹണം സുഗമമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) മുൻസർക്കാർ അധികാരം ഒഴിയുമ്പോൾ വൈദ്യുതി ബോർഡിന് നൽകുവാനുണ്ടായിരുന്നത് 443.23 കോടി രൂപ, കരാറുകാർക്ക് നൽകുവാനുണ്ടാ യിരുന്ന കുടിശ്ശിക 416. 71 കോടി രൂപ. ആയത് നിലവിൽ വൈദ്യുതി ബോർഡിന് നൽകുവാനുള്ളത് 926.11 കോടി രൂപ, കരാറുകാർക്ക് നൽകുവാനുള്ളത് 333.93 കോടി രൂപ.

## കിഫ്ബി വഴി അംഗീകാരം നൽകിയിട്ടുള്ള പദ്ധതി

162 (4131) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന് കീഴിൽ കിഫ്ബി വഴി അംഗീകാരം നൽകിയിട്ടുള്ള എല്ലാ പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ഈ വർഷംതന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇക്കാര്യത്തിൽ പാലക്കാട് ജില്ലയിലുൾപ്പെടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനും മറ്റും ആവശ്യമുള്ള ജീവനക്കാർ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) ജീവനക്കാരുടെ കുറവ് അടക്കമുള്ള പരിമിതികൾ ഉണ്ടെങ്കിലും പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**കടലാക്രമണ ഫലമായി ഉണ്ടായ നാശനഷ്ടങ്ങൾ**

163 (4132) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ ഉണ്ടാകുന്ന രൂക്ഷമായ കടലാക്രമണത്തിൽ തീരദേശവാസികൾ ആശങ്കയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടുത്തകാലത്തുണ്ടായ കടലാക്രമണത്തിന്റെ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ;

(സി) തീരദേശ സംരക്ഷണത്തിനായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്ന ആവശ്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു; വിശദീകരിക്കുമോ;

(ഡി) കാലവർഷത്തിനുമുമ്പായി എന്തെല്ലാം തീരദേശസംരക്ഷണ നടപടികൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2018 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലുണ്ടായ കടൽക്ഷോഭത്തിൽ 250-ഓളം മത്സ്യത്തൊഴിലാളി ഭവനങ്ങൾ ഉൾപ്പെടെ നിരവധി വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ആറുപേരുടെ മത്സ്യബന്ധനോപകരണങ്ങൾ പൂർണ്ണമായും

അഞ്ചുപേരുടെ മത്സ്യബന്ധനോപകരണങ്ങൾ ഭാഗികമായും നഷ്ടപ്പെട്ടിട്ടുണ്ട്. വിവിധ ജില്ലകളിൽ കടൽക്ഷോഭത്തിന്റെ ഫലമായി കടൽഭിത്തിക്കും തീരദേശ റോഡുകൾക്കും ചിലയിടങ്ങളിൽ കൃഷി വിളകൾക്കും നാശം സംഭവിച്ചിട്ടുണ്ട്.

(സി&ഡി) തീരത്തിന്റെ സുരക്ഷ ഉറപ്പാക്കുന്നതിന് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് വിവിധ രീതിയിലുള്ള തീരസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. രൂക്ഷമായ കടലാക്രമണം തടയുന്നതിന് കരിങ്കല്ല് ഉപയോഗിച്ചുള്ള നിർമ്മാണമാണ് അടിയന്തര പ്രവൃത്തിയായി നടപ്പിലാക്കിവരുന്നത്. കിരങ്കൽക്ഷാമം അനുഭവപ്പെടുന്നതിനാൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോബാഗുകളിൽ മണൽ നിറച്ച് അടിയന്തരമായി കടൽതീരത്തെ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കരിങ്കൽക്ഷാമം പരിഗണിച്ച് ജിയോ സിന്തെറ്റിക് ട്യൂബ് ഉപയോഗിച്ചുള്ള കടൽഭിത്തിനിർമ്മാണം പരിഗണനയിലാണ്. കടലാക്രമണം ഏറ്റവും രൂക്ഷമായ പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധത്തിന് ആവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി, ടി പ്രദേശങ്ങളുടെ ഫോട്ടോ സഹിതം യുദ്ധകാലാടിസ്ഥാനത്തിൽ അനുമതി നൽകുന്നതിന് ജില്ലാ ഓഫീസർമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. രൂക്ഷമായ കടലാക്രമണം നേരിടുന്ന ആലപ്പുഴ, അമ്പലപ്പുഴ ഭാഗങ്ങളിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് പുലിമുട്ടുകൾ നിർമ്മിക്കുന്നതിനായി എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി മുഖാന്തരം നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആലപ്പുഴ, എറണാകുളം ജില്ലകളിൽ കടൽതീര സംരക്ഷണ പ്രവൃത്തികൾക്ക് നിലവിലുള്ള കരിങ്കല്ലിന്റെ ദൗർലഭ്യം പരിഗണിച്ച് എം.വി.ഐ.പി. ഇടയാർ കനാൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ലഭിച്ച കരിങ്കല്ല് ഉപയോഗിക്കുന്നതിനുള്ള അടിയന്തര നടപടികളും സ്വീകരിച്ചുവരുന്നു.

## കുട്ടനാട് പാക്കേജ്

164 (4133) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട് പാക്കേജ് വിലയിരുത്തിയിട്ടുണ്ടോ; പാക്കേജിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാക്കേജിലെ വിവിധ സ്കീമുകൾ സംബന്ധിച്ച വിവരങ്ങളും ഓരോ സ്കീമിന്റെയും നിലവിലെ അവസ്ഥയും ലഭ്യമാക്കുമോ;

(സി) കുട്ടനാട് താലൂക്കിലെ പാടശേഖരങ്ങളിൽ നടക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങളും പുരോഗതിയും ലഭ്യമാക്കുമോ;

(ഡി) തോട്ടപ്പള്ളി സ്പിൽവേയിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ഇ) ഓണാട്ടുകരയിൽപ്പെട്ട നീർത്തടങ്ങളിലെ വെള്ളപ്പൊക്ക നിവാരണത്തിന് നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) കുട്ടനാട് താലൂക്കിലെ 397 പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക ലഘൂകരണം എന്ന പദ്ധതിക്ക് 758.39 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. 397 വർക്കുകൾ ടെൻഡർ ചെയ്തതിൽ 83 വർക്കുകൾക്കുമാത്രമേ പ്രതികരണം ലഭിച്ചിട്ടുള്ളൂ. ഇതിൽ 57 വർക്കുകൾക്ക് എഗ്രിമെന്റ് വയ്ക്കുകയും 54 വർക്കുകൾ ഇതിനോടകം നടപ്പിലാക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തികൾക്കായി നാളിതുവരെ 126.25 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ സ്കീമിൽ ഉൾപ്പെട്ട പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണവും (177.64 കിലോമീറ്റർ), മോട്ടോർ തറ/ഷെഡ് (166 എണ്ണം), പൊതുമട (29 എണ്ണം), ബോക്സ്/പൈപ്പ് കൾവേർട്ട് (24 എണ്ണം), ലുമ്പുകൾ (587 എണ്ണം) എന്നിവയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തീകരിച്ചതിലൂടെ 3871.75 ഹെക്ടർ പാടശേഖരങ്ങൾ സംരക്ഷിക്കുവാൻ സാധിച്ചിട്ടുണ്ട്.

(ഡി) മഴക്കാലങ്ങളിൽ കുട്ടനാട്ടിലെ പ്രളയജലം കടലിലേയ്ക്ക് ഒഴുക്കിവിടുന്നതിനാണ് തോട്ടപ്പള്ളി സ്പിൽവേ രൂപകൽപ്പന ചെയ്തിരിക്കുന്നത്. എന്നാൽ അഴിമുഖം മണലടിഞ്ഞ് സ്പിൽവേയുടെ പ്രവർത്തനക്ഷമത കുറയുകയും ഓരോ വർഷവും മഴക്കാലം തുടങ്ങുമ്പോൾ മണ്ണ് നീക്കംചെയ്ത് സ്പിൽവേയുടെ പ്രവർത്തനക്ഷമത ഉറപ്പാക്കുകയുമാണ് ചെയ്തു പോരുന്നത്. തോട്ടപ്പള്ളി സ്പിൽവേയുടെയും ലീഡിംഗ് ചാനലിന്റെയും കാര്യക്ഷമത വർദ്ധിപ്പിക്കുകയെന്ന പദ്ധതിക്ക് 13.49 കോടി രൂപയുടെ ഭരണാനുമതി നൽകി. തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി പഴയ എം.എസ്. ഷട്ടറുകൾ മാറ്റി പുതിയ 40 സ്റ്റെയിൻലെസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിക്കുകയും നാളിതുവരെ 8.25 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) നീർച്ചാലുകളുടെ ആഴം കൂട്ടിയും സംരക്ഷണഭിത്തികൾ നിർമ്മിച്ചും വെള്ളപ്പൊക്ക കാലത്തുണ്ടാകുന്ന അധികജലം കായംകുളം കായലിലേയ്ക്ക് ഒഴുക്കിവിട്ട് പ്രസ്തുത മേഖലയിലെ വെള്ളക്കെട്ടിന് ശാശ്വത പരിഹാരം ഉണ്ടാക്കുക എന്നതാണ് ഈ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. അതിലൂടെ ഓണാട്ടുകരയിലെ കൃഷിസ്ഥലങ്ങൾ കൃഷിയോഗ്യമാക്കിയെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി 5 നീർത്തടങ്ങളിലായി ഈ പദ്ധതിയിൽ 21 പ്രവൃത്തികൾക്ക് എഗ്രിമെന്റ് വയ്ക്കുകയും അതിൽ 9 പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 12 പ്രവൃത്തികൾ പുരോഗമിക്കുന്നു.

## ചങ്ങനാശ്ശേരി പെരുമ്പുഴകടവ് പാലം

165 (4134) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ പെരുമ്പുഴകടവ് പാലം തകർന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പാലം പരിശോധിക്കാനായി ഏതൊക്കെ വകുപ്പുകളുടെ പ്രതിനിധികൾ സ്ഥലം സന്ദർശിക്കുകയുണ്ടായി;

(സി) ഡിപ്പാർട്ട്മെന്റ്/ഏജൻസികൾ പാലത്തിന്റെ ഡിസൈൻ സംബന്ധിച്ച് നൽകുന്ന പ്രധാന ശിപാർശകൾ എന്തൊക്കെയാണ്;

(ഡി) ഈ ശിപാർശയുടെ അടിസ്ഥാനത്തിൽ നിർമ്മാണം വേഗത്തിൽ ആരംഭിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) പാലത്തിന്റെ പുനർനിർമ്മാണം എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് ഏകദേശമായി കണക്കാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പാലത്തിന്റെ അപ്രോച്ച് റോഡ് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അപ്രോച്ച് റോഡ് പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് LBS Centre, IDRB യിലെ ഉദ്യോഗസ്ഥർ, ധനവകുപ്പിലെ ചീഫ് ടെക്നിക്കൽ എക്സാമിനർ, ഉൾനാടൻ ജലഗതാഗതകാര്യാലയത്തിലെ ഉദ്യോഗസ്ഥർ എന്നിവർ സ്ഥലം സന്ദർശിച്ചിട്ടുണ്ട്.

(സി&ഡി) IDRB ഡിസൈൻ പ്രകാരം ഭാഗികമായി അപ്രോച്ച് റോഡിന് ലാൻഡ് സ്പാനും തുടർന്ന് മണ്ണിട്ട് ഉയർത്തി അപ്രോച്ച് റോഡും പണിയുവാനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ പരിശോധനയ്ക്കുശേഷം പൂർണ്ണമായും ലാൻഡ് സ്പാൻ ആക്കുന്നതിനുള്ള സാധ്യത പഠിക്കുന്നതിനായി ചീഫ് ടെക്നിക്കൽ എക്സാമിനർ നിർദ്ദേശിച്ചിട്ടുണ്ട്. IDRB യിൽ ഇത് നടന്നുവരുന്നു.

(ഇ) പാലം പുനർനിർമ്മിക്കേണ്ട ആവശ്യമില്ല.

## ജലനിധി പദ്ധതി

166 (4135) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ ജലനിധി പദ്ധതിയുടെ സഹായ സംഘടനയായി പ്രവർത്തിക്കുന്ന കോഴിക്കോട് രൂപതയുടെ കീഴിലുള്ള സോഷ്യൽ സർവ്വീസ് സൊസൈറ്റിയായ 'ജീവന'യ്ക്ക് പദ്ധതി പൂർത്തീകരണത്തിൽ അധിക തുക ബാധ്യത വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്ത് തുകയാണ് അധിക ബാധ്യതയായി പ്രസ്തുത സൊസൈറ്റിക്ക് ഉണ്ടായിട്ടുള്ളത്; ഈ തുക നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത സൊസൈറ്റി കത്ത് നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) അധിക ബാധ്യത വന്നതായി അറിയിച്ചുകൊണ്ട് ജീവനയുടെ ഡയറക്ടർ സർക്കാരിനും ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടർക്കും നിവേദനങ്ങൾ നൽകിയിട്ടുണ്ട്. സഹായ സംഘടനയും ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ടിരിക്കുന്ന കരാറനുസരിച്ച് പൂർത്തീകരിച്ച് സേവനങ്ങളുടെ അടിസ്ഥാനത്തിലാണ് സഹായ സംഘടനകൾക്ക് പ്രതിഫലം നൽകിവരുന്നത്. അതിനാൽ സഹായ സംഘടനയും ഗ്രാമപഞ്ചായത്തുമായുള്ള കരാർ പ്രകാരം ജീവനയുടെ ആവശ്യം അംഗീകരിക്കുന്നതിന് നിർവ്വാഹമില്ലെന്ന് ടി സംഘടനയുടെ ഡയറക്ടറെ KRWSA-യുടെ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## കേരളത്തിലെ ജലസേചന പദ്ധതികൾ

167 (4136) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ജലസേചന പദ്ധതികൾക്ക് പി. എം. കെ. എസ് പദ്ധതി പ്രകാരം കേന്ദ്രസർക്കാർ അനുവദിച്ചുവന്നിരുന്ന ഫണ്ട് നിർത്തലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കുപുറമേ നബാർഡ്, സി.ഡബ്ല്യൂ. സി.എ,എൻ.ഡബ്ല്യൂ.സി.എ എന്നിവയെ ഉൾപ്പെടുത്തിയിട്ടുള്ള പഞ്ചകക്ഷി കരാറിൽ ഒപ്പു വെയ്ക്കാൻ നിർദ്ദേശം ലഭിച്ചുവോ; ഇതിലെടുത്ത തീരുമാനം അറിയിക്കുമോ;

(സി) കേന്ദ്രഫണ്ട് മുടങ്ങുന്നതുമൂലം സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികളുടെ പൂർത്തീകരണത്തിന് എന്ത് വഴിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ ജലസേചന പദ്ധതികൾക്ക് പി.എം.കെ.എസ്. പദ്ധതി പ്രകാരം കേന്ദ്രസർക്കാർ അനുവദിച്ചുവന്നിരുന്ന ഫണ്ട് നിർത്തലാക്കിയിട്ടില്ല.

(ബി) നിർദ്ദേശം ലഭിച്ചിട്ടില്ല.

(സി) സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

**ആറ്റിങ്ങൽ മണ്ഡലത്തിലെ ശുദ്ധജല പദ്ധതി**

168(4137) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ ആവിഷ്കരിച്ച പുളിമാത്ത്, നഗരൂർ, കരവാരം ശുദ്ധജല പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പ്രസ്തുത പദ്ധതിക്ക് 83 കോടി രൂപയുടെ ഭരണാനുമതി നൽകി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**പാറയിൽ വി.സി.ബി-യുടെ നിർമ്മാണം**

169(4138) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പാറയിൽ വി.സി.ബി- യുടെ നിർമ്മാണ നടപടി ഏതുവരെയായി; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി നാളിതുവരെ ആരംഭിക്കാതെ നീണ്ടുപോകുന്നത് എന്തെങ്കിലും നടപടി ക്രമങ്ങൾ പൂർത്തീകരിക്കാൻ ബാക്കിയുള്ളതുകൊണ്ടാണോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പാറയിൽ വി.സി.ബി.യുടെ രൂപകല്പന ഐ.ഡി.ആർ.ബി.യിൽ തയ്യാറാക്കി വരുന്നു. ഡിസൈൻ പൂർത്തിയായശേഷം എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

## നദീജല സംരക്ഷണത്തിനായി വിവരശേഖരണം

170 (4139) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലാശയങ്ങൾ മാലിന്യ നിക്ഷേപത്താൽ അന്യാധീനപ്പെട്ടുപോകുന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജലാശയങ്ങളെ സംബന്ധിച്ച വിവരശേഖരണം 1974-നുശേഷം പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ജലാശയങ്ങളെ സംബന്ധിച്ച സമഗ്രമായ വിവരശേഖരണത്തിന് വിവിധ വകുപ്പുകളുമായി ചേർന്ന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇല്ലെങ്കിൽ നദീജല സംരക്ഷണം ഏത് രീതിയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ നദികൾ, കുളങ്ങൾ, തടാകങ്ങൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ വിവിധ തരത്തിലുള്ള മാലിന്യം കലർന്നതാണെന്ന പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ പ്രധാനം കോഴിക്കോട് ആസ്ഥാനമായിട്ടുള്ള കേന്ദ്ര ജലവിഭവ വിനിയോഗ പഠന കേന്ദ്രം, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ പഠന റിപ്പോർട്ടുകളാണ്.

(ബി) 1974-ൽ പ്രസിദ്ധീകരിച്ച 'വാട്ടർ റിസോഴ്സസ് ഓഫ് കേരള' (Water Resources of Kerala) എന്ന റിപ്പോർട്ടിനുശേഷം കേരളത്തിലെ ജലസമ്പത്തിനെ സംബന്ധിച്ച് സമഗ്ര റിപ്പോർട്ടുകളൊന്നും ജലവിഭവ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല.

(സി&ഡി) കേരളത്തിലെ പൊതുജലാശയങ്ങളായ (സ്വകാര്യ ഉടമസ്ഥതയിലുള്ളതുൾപ്പെടെ) കുളങ്ങൾ, തടാകങ്ങൾ, തോടുകൾ, നീർച്ചാലുകൾ, നീറുറവകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളുടെ നിലവിലെ സ്ഥിതി മനസ്സിലാക്കി രേഖപ്പെടുത്തുന്നതിനുള്ള പ്രവർത്തനം ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധി/ജലസംരക്ഷണത്തിന്റെ ഭാഗമായി നടന്നുവരുന്നു. ഇതിനുള്ള പ്രവർത്തനങ്ങൾ ഹരിത കേരളം മിഷന്റെ ഉപദൗത്യമായ ജലസമൃദ്ധിയുടെ ഭാഗമായി നിർവ്വഹിച്ച് വരുന്നു. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുതലത്തിൽ രൂപീകരിച്ചിട്ടുള്ള സാങ്കേതിക സമിതികളാണ് ഇതിന് നേതൃത്വം നൽകുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ ഏകോപനത്തോടെയും ജനപങ്കാളിത്തത്തോടെയും സാങ്കേതിക സമിതികൾ നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## തോട്ടുകളുടെയും പുഴകളുടെയും തീരംകെട്ടി സംരക്ഷിക്കണമെന്ന ആവശ്യം

171 (4140) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം കുട്ടമ്പുഴ പഞ്ചായത്തിലെ കുട്ടമ്പുഴ, പൂയംകുട്ടി, മാമലക്കണ്ടം എന്നീ പ്രദേശങ്ങളിലൂടെ ഒഴുകുന്ന തോട്ടുകളുടെയും പുഴകളുടെയും തീരംകെട്ടി സംരക്ഷിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) നദീതീര സംരക്ഷണത്തിനായി കോതമംഗലം നിയോജക മണ്ഡലത്തിൽ 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ വിവരം എസ്റ്റിമേറ്റ് തുക ഉൾപ്പെടെ വ്യക്തമാക്കാമോ;

(ഡി) ഇത്തരം ജോലികൾ ഏറ്റെടുക്കുന്നതിന്റെ മുൻഗണനാ മാനദണ്ഡം വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുട്ടമ്പുഴ പഞ്ചായത്തിലെ ചെക്ക് ഡാമിന്റെ മേൽഭാഗത്തായി മാമലക്കണ്ടം തോടിന്റെ സംരക്ഷണവേലകൾ, കുവപ്പാറ തോടിന്റെ അങ്കണവാടിക്ക് സമീപമുള്ള പാർശ്വ സംരക്ഷണവേലകൾ എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു. *

(ഡി) ജനപ്രതിനിധികളുടെ അഭിപ്രായം കണക്കിലെടുത്ത് തയ്യാറാക്കുന്ന മുൻഗണനാ പട്ടിക അനുസരിച്ചാണ് പ്രവൃത്തികൾ ഏറ്റെടുക്കുന്നത്.

## മലയം ചൂഴാറ്റുകോട്ട തോട്

172 (4141) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ പഞ്ചായത്തിൽ മലയം ചൂഴാറ്റുകോട്ട തോടിന്റെ ഭരണാനുമതി (ജി.ഒ(ആർ.ടി) നമ്പർ 156/2016/ ഡബ്ല്യൂ.ആർ.ഡി തീയതി 18.2.16) ലഭ്യമായ പ്രവൃത്തിയുടെ തുടർനടപടികൾ എന്തായെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) പ്രസ്തുത പ്രവൃത്തിക്ക് നബാർഡ് സ്കീമിൽ ഉൾപ്പെടുത്തിയാണ് അംഗീകാരം നൽകിയത്. എന്നാൽ സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചപ്പോൾ പ്രവൃത്തിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ മാറിയതായി വിലയിരുത്തപ്പെട്ടതിനാൽ അനുമതി നൽകിയിട്ടില്ല.

**കോൾനിലങ്ങളിലുള്ള കനാലുകളിലെ ചണ്ടിയും കുളവാഴയും നീക്കംചെയ്യുന്നതിനുള്ള നടപടി**

173 (4142) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലെ കനാലുകളിൽ നീരൊഴുക്ക് തടസ്സപ്പെടുത്തും വിധത്തിൽ ചണ്ടിയും കുളവാഴയും അടിഞ്ഞുകൂടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കനാലുകളിലെ ചണ്ടിയും കുളവാഴയും നീക്കംചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(സി) 2016-17 -ൽ ചണ്ടിയും കുളവാഴയും നീക്കംചെയ്യുന്ന പ്രവൃത്തിക്ക് തൃശ്ശൂർ ജില്ലയിൽ ആകെ എത്ര രൂപ ചെലവഴിച്ചു;

(ഡി) 2018-19-ലെ ബജറ്റിൽ ഇതിലേയ്ക്കായി എത്ര രൂപ വകയിരുത്തി യിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ വർഷവും M&R (Maintenance & Repairs) ഹെഡിൽ (H/A 2701-80-800-97-00-00-v) തുക വകയിരുത്തി മെയിൻ കോൾ ചാലുകളിലെ ചണ്ടി നീക്കംചെയ്യാറുണ്ട്.

(സി) ₹ 1,30,50,494 ചെലവഴിച്ചിട്ടുണ്ട്.

(ഡി) 2018-19-ലെ ബജറ്റിൽ 2701-80-800-97 എന്ന ഹെഡിൽ ഇതിലേയ്ക്കായി 2.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## വലിയതോട് നവീകരണ നടപടികൾ

174 (4143) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം നഗരസഭയിലെ വലിയതോട് നവീകരണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) ഈ വർഷത്തെ ബജറ്റിൽ ഇതിനായി എന്തു തുക നീക്കിവച്ചിട്ടുണ്ട് ;

(സി) നഗരസഭയിലെ പ്രധാന ജലസ്രോതസ്സായ വലിയ തോടിന്റെ നവീകരണത്തിനായി ഫണ്ട് അനുവദിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഹരിത കേരളത്തിന്റെ ഭാഗമായി മലപ്പുറം മുനിസിപ്പാലിറ്റിയുടെ നീർത്തട പ്ലാനിൽ വലിയതോടിന്റെ നവീകരണം ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത മുനിസിപ്പാലിറ്റിയുടെ സാങ്കേതിക സമിതിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഈ വർഷത്തെ ബജറ്റിൽ പ്രസ്തുത പ്രവൃത്തിക്കായി പ്രത്യേകം തുക നീക്കിവച്ചിട്ടില്ല.

## തൃശ്ശൂർ ജില്ലയിൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള പത്തായങ്ങൾ

175 (4144) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഇറിഗേഷൻ വകുപ്പിന്റെ കനാലുകളിൽ മീൻ പിടുത്തത്തിനായി അനധികൃതമായി നിർമ്മിച്ചിട്ടുള്ള പത്തായങ്ങൾ സുഗമമായ ജലമൊഴുക്കിന് തടസ്സം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള പത്തായങ്ങൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷിക്ക് വെള്ളം ആവശ്യമുള്ളപ്പോൾ ജലവിതരണം നടത്തുന്ന സമയത്ത് പോലീസിന്റെയും കൃഷിക്കാരുടെയും സഹായത്തോടെ മീൻ പത്തായങ്ങൾ നീക്കം ചെയ്യാറുണ്ട്.

## മാവേലിക്കര നഗരസഭയിലെ കോട്ടത്തോടിന്റെ സംരക്ഷണം

176 (4145) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നഗരസഭയിലെ കോട്ടത്തോടിന്റെ സംരക്ഷണത്തിനായി ഈ സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫണ്ടുകൾ വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) മാവേലിക്കര മണ്ഡലത്തിലെ മാവേലിക്കര മുനിസിപ്പാലിറ്റി വാർഡ് നമ്പർ 4-ൽ മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റിന് മുൻവശത്ത് കോട്ടത്തോടിന്റെ നവീകരണം 2017-18 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു. സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. കൂടാതെ ജലസേചന വകുപ്പിന്റെ ഫണ്ടുപയോഗിച്ച് 2015-16-ൽ 110 മീറ്റർ നീളത്തിൽ തോടിന്റെ നവീകരണം നടപ്പാക്കിയിട്ടുണ്ട്.

## തൃക്കാക്കര മണ്ഡലത്തിലെ ഇടപ്പള്ളി കനാൽ

177 (4146) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിൽ പെരിയാർവാലി കനാലിന്റെ ഭാഗമായ ഇടപ്പള്ളി കനാൽ എത്ര കിലോമീറ്റർ നീളത്തിൽ ഉണ്ടെന്നും ഉപകനാലുകൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) ഈ കനാലിന്റെ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുത്തത് എന്നാണെന്നും ഇതിന്റെ പണി പൂർത്തിയാക്കിയതെന്നാണെന്നും വ്യക്തമാക്കാമോ;

(സി) ഇപ്പോൾ കനാലിൽ എവിടെവരെയാണ് ജലം ലഭ്യമാക്കുന്നതെന്നും മുഴുവൻ കനാൽ മേഖലയിലും വെള്ളം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ;

(ഡി) ഈ ഭാഗത്ത് കനാലുകളുടെ അറ്റകുറ്റപ്പണികൾ നടത്താനുള്ളത് എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഇ) കനാലിന്റെ ഈ ഭാഗങ്ങളിൽ എവിടെയെങ്കിലും കയ്യേറ്റം നടന്നിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്നും ആരെല്ലാമാണ് കയ്യേറിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇടപ്പള്ളി ബ്രാഞ്ച് കനാലിന്റെ നീളം ചെയ്നേജ് 21.25 കിലോമീറ്റർ.

ഉപകനാലുകൾ

| | | |
|---|---|---|
| അമ്പുനാട് എം ഡി | - | 1.784 കി. മീ |
| ഭൂതങ്കൽ എം ഡി | - | 0.93 കി. മീ |
| പഴങ്ങനാട് എം ഡി | - | 2.970 കി. മീ |
| കാക്കനാട് എം ഡി | - | 2.880 കി. മീ |
| മാളിയേക്കപ്പടി എം ഡി | - | 0.990 കി. മീ |
| കഴവേലിപ്പടി എം ഡി | - | 0.978 കി. മീ |
| തേവയ്ക്കൽ എം ഡി | - | 1.100 കി. മീ |
| തെങ്ങോട് എം ഡി | - | 3.690 കി. മീ |
| പൊൻവേലിപ്പാടം | - | 1.650 കി. മീ |
| കുഴിക്കാല എം ഡി | - | 1.450 കി. മീ |
| യൂണിവേഴ്സിറ്റി എം ഡി | - | 1.450 കി. മീ |

(ബി) 1965, 1975 കാലഘട്ടങ്ങളിലായാണ് ഭൂമി ഏറ്റെടുക്കൽ നടന്നിരിക്കുന്നത്. 1980-ൽ പൂർത്തിയാക്കി.

(സി) ഇടപ്പള്ളി ബ്രാഞ്ച് 15.50 കി.മീ. വരെ ജലവിതരണം നടത്തുന്നു. വിവിധ ഭാഗങ്ങളിൽ സൈഫൺ പൈപ്പിന് കേടുപാട് സംഭവിച്ചിതിനാൽ ജലവിതരണം തടസ്സപ്പെട്ടിരിക്കുന്നു. സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് പൈപ്പ് സൈഫണുകൾ മാറ്റി പുനഃസ്ഥാപിക്കുമ്പോൾ മാത്രമേ മുഴുവൻ കനാൽ മേഖലയിലും വെള്ളം ലഭ്യമാകുകയുള്ളൂ.

(ഡി) ഇടപ്പള്ളി ബ്രാഞ്ച് കനാൽ കൊച്ചുകുഴി പൈപ്പ് സൈഫണിന്റെ രണ്ട് പൈപ്പുകളിൽ ഒരെണ്ണം മാറ്റിസ്ഥാപിക്കേണ്ടതുണ്ട്. യൂണിവേഴ്സിറ്റി എം ഡി-യുടെ തുടക്കത്തിൽത്തന്നെയുള്ള സൈഫൺ പൈപ്പ് മാറ്റിസ്ഥാപിക്കേണ്ടതുണ്ട്. തെങ്ങോട് എംഡി.-യുടെ 1.750 കി. മീറ്ററിൽ ഉള്ള സൈഫൺ പൈപ്പും മാറ്റി സ്ഥാപിക്കേണ്ടതുണ്ട്.

(ഇ) ഉണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കുളങ്ങളും തോടുകളും**

178 (4147) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ ഏതൊക്കെ കുളങ്ങളെയും തോടുകളെയുമാണ് നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നത്; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദവിവരം അറിയിക്കുമോ?

ഉത്തരം

തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ കെ.ഐ.ഐ.ഡി.സി. മുഖേന കണ്ടൂർതോട് നവീകരണ പദ്ധതിയാണ് നടപ്പാക്കുന്നത്. ടി പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പൂർണ്ണരൂപത്തിലുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ജലസേചന വകുപ്പിൽനിന്നും ലഭ്യമാകുന്നമുറയ്ക്ക് എസ്.പി.വി. ആയ KIIDC കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്. ഹരിതകേരള മിഷന്റെ ഭാഗമായി തയ്യാറാക്കിയ നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ തിരൂരങ്ങാടി മണ്ഡലത്തിലെ മറ്റ് തോടുകളുടെയും കുളങ്ങളുടെയും നവീകരണത്തിനായുള്ള പ്രൊപ്പോസലിന് പ്രസ്തുത പഞ്ചായത്ത്/മുനിസിപ്പാലിറ്റിയുടെ സാങ്കേതിക സമിതിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ജലമലിനീകരണം തടയാൻ ബോധവൽക്കരണം**

179 (4148) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നാട്ടിൻപുറങ്ങളിലെ തോടുകളും നീർച്ചാലുകളും മാലിന്യം നിറഞ്ഞ് ഉപയോഗശൂന്യമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജലമലിനീകരണവുമായി ബന്ധപ്പെട്ട നിയമ പ്രകാരമുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ഇതിനെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾ വകുപ്പ് ഏറ്റെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജലമലിനീകരണം/ജലസ്രോതസ്സ് മലിനമാക്കൽ നിയന്ത്രിക്കുന്നതിന് പ്രധാനമായും മൂന്ന് നിയമങ്ങളാണുള്ളത്. (1) കേരള ജലസേചനവും ജലസംരക്ഷണവും നിയമം, 2003. (2) കേരള പഞ്ചായത്തീരാജ് നിയമം, 1994/നഗരപാലികാനിയമം, 1994.

(3) ജലം (മലിനീകരണവും നിയന്ത്രണവും) നിയമം, 1974 (ഇത് കേന്ദ്ര നിയമമാണ്). ഈ നിയമങ്ങൾ അനുസരിച്ച് ഗാർഹിക, വ്യാവസായിക മാലിന്യങ്ങൾ ജലസ്രോതസ്സുകളിൽ നിക്ഷേപിക്കാൻ പാടില്ലയെന്ന് വ്യവസ്ഥ ചെയ്യുന്നു. കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് 2003-ന്റെ സെക്ഷൻ 37-ൽ ഉപവകുപ്പ് (4) കൂട്ടിച്ചേർക്കുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിക്കുകയും പ്രസ്തുത ഭേദഗതി നിയമമാക്കുന്നതിനുള്ള ബിൽ നിയമസഭ പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം ചപ്പുചവറുകൾ, മനുഷ്യവിസർജ്യം ഉൾപ്പെടെയുള്ളവ നിക്ഷേപിക്കുന്നവർക്കെതിരെയുള്ള നടപടികൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്. ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജലമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1974 (ജല നിയമം, 1974) പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. ജല നിയമത്തിന്റെ സെക്ഷൻ 25 പ്രകാരം ഏതെങ്കിലും വ്യവസായമോ, പ്രോസസ്സോ, പ്രവർത്തനമോ കാരണം ഉണ്ടാകുന്ന വ്യാവസായിക മലിന ജലം (effluent), സീവേജ് എന്നിവ പുറന്തള്ളുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണ്. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഉത്തുംഗ കെട്ടിടങ്ങൾ (ഫ്ലാറ്റ്) (2000 സ്ക്വയർ മീറ്ററിനു മുകളിൽ), വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ, ഹൗസ് ബോട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകും. ബോർഡ് നൽകുന്ന അനുമതികളിൽ മലിനജലം ശുദ്ധീകരിച്ചുമാത്രം പുറന്തള്ളുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ഈ സ്ഥാപനങ്ങളിലെ ജല നിയമപ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ പരിശോധന നടത്തിയും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു.

(സി) അന്തർദ്ദേശീയ ജലദിനം (മാർച്ച് 22) പരിസ്ഥിതിദിനം (ജൂൺ 5) തണ്ണീർത്തടദിനം (ഫെബ്രുവരി 2) തുടങ്ങിയ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തുന്ന യോഗങ്ങൾ /സെമിനാറുകൾ, മറ്റ് പരിപാടികൾ വഴി മലിനീകരണത്തിനെതിരായ സന്ദേശങ്ങളും പ്രചരിപ്പിക്കാറുണ്ട്. ഹരിത കേരള മിഷന്റെ ഉപദൗത്യമായ ജലസമൃദ്ധിയുടെ ഭാഗമായുള്ള വിവിധ പ്രവർത്തനങ്ങൾ വഴി മലിനീകരണത്തിനെതിരായ ബോധവൽക്കരണം നടത്തുന്നുണ്ട്.

## ജലസംഭരണികളിലെ ചെളിയും എക്കലും മണലും മാറ്റുന്നതിന് നടപടി

180 (4149) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ ജലസംഭരണികളിൽ അടിഞ്ഞുകിടക്കുന്ന ചെളിയും, എക്കലും, മണലും കാരണം ജല സംഭരണ ശേഷി പൂർണ്ണമായി ഉപയോഗിക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ ?

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ ഡാമുകളിലും റിസർവോയറുകളിലും കെട്ടിക്കിടക്കുന്ന ചെളിയും എക്കലും മണലും നീക്കംചെയ്ത് ഡാമുകളുടെ സംഭരണശേഷി പൂർവ്വരൂപത്തിലാക്കുന്നതിനും ലഭിക്കുന്ന മണൽ, കളിമണ്ണ് എന്നിവ പ്രയോജന പ്പെടുത്തുവാനും ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡിയർ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. എസ്.ഒ.പി.യിൽ പറഞ്ഞിരിക്കുന്ന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പൈലറ്റ് പദ്ധതികളായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡിസിൽറ്റിംഗ് നടത്തുവാനും തീരുമാനിച്ചിരുന്നു. ഈ ഡാമുകളിലെ റിസർവോയറുകളിൽ അടിഞ്ഞു കൂടിയിരിക്കുന്ന എക്കലിൽ അടങ്ങിയിരിക്കുന്ന വിവിധ ഘടകങ്ങളുടെ അളവ് വിലയിരുത്തുന്നതിനായി സാമ്പിളുകൾ ശേഖരിക്കുന്ന പ്രവൃത്തി നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS)-നെയും വിവിധ ഘടകങ്ങളുടെ അളവ് കണ്ടെത്തുന്നതിനായി കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെയും (KERI) ഏൽപിക്കുകയും സാമ്പിൾ ശേഖരണവും അനാലിസിസും മംഗലം, ചുള്ളിയാർ എന്നീ അണക്കെട്ടുകളിൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ രണ്ട് റിസർവോയറുകളിലും ഗ്ലോബൽ ടെണ്ടർ വഴി ഡീസിൽറ്റിംഗ് പ്രവൃത്തി നടത്തു വാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഫലമപഗ്രഥിച്ച് ഇതര ഡാമുകളിൽകൂടി ഡിസിൽറ്റേഷൻ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

**ചെമ്പ്രംതോട് മാലിന്യം**

181 (4150) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ മുനിസിപ്പാലിറ്റി XI-ാം വാർഡിലെ ചെമ്പ്രംതോട് മാലിന്യം നിറഞ്ഞ് നീരൊഴുക്ക് തടസ്സപ്പെട്ട് ഉപയോഗശൂന്യമായി മാറിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ തോടിനെ മാലിന്യമുക്തമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ചെമ്പ്രം തോടിനെ മാലിന്യമുക്തമാക്കുന്നതിനും കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് സംരക്ഷിക്കുന്നതിനുമുള്ള പ്രോജക്ട് (ഗുരുവായൂർ മുനിസിപ്പാലിറ്റി) ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നീർത്തട മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാങ്കേതിക സമിതിയുടെ അംഗീകാരം ലഭിക്കുന്നതനുസരിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കുളങ്ങളുടെ പുനരുദ്ധാരണം

182 (4151) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17-ൽ പ്രഖ്യാപിച്ച കുളങ്ങളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ എത്ര കുളങ്ങൾ നവീകരിക്കുവാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

2016-17-ൽ പ്രഖ്യാപിച്ച ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ താഴെപ്പറയുന്ന കുളങ്ങൾക്ക് നവീകരണ ത്തിനായി 2017-18 വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്.

1. മണ്ണാർക്കാട് മുനിസിപ്പാലിറ്റിയിൽ പൂണ്ടിക്കടു കുളത്തിന്റെ പുനരുദ്ധാരണം
2. അലനല്ലൂർ പഞ്ചായത്തിൽ ഞരളംകുളത്തിലെ പുനരുദ്ധാരണം
3. കോട്ടോപ്പാടം പഞ്ചായത്തിൽ കൊട്ടാക്കുളം പുനരുദ്ധാരണം
4. കുമരംപുത്തൂർ അയ്യപ്പൻകാവ് പുനരുദ്ധാരണം
5. തെങ്കര പഞ്ചായത്തിൽ ചേരുംകുളം പുനരുദ്ധാരണം.

## ജലസേചന സൗകര്യം ഏർപ്പെടുത്താൻ നടപടി

183 (4152) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ മണ്ഡലത്തിലെ വിവിധ ക്രോസ് ബാറുകളുടെ ആയകെട്ട് പരിധി എത്രയാണെന്ന് വിശദമാക്കാമോ;

(ബി) ആയകെട്ട് പരിധി കുറവായതിനാൽ ക്രോസ് ബാറുകൾ നിർമ്മിക്കാത്തതിനാലും നിലവിലുള്ളത് അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലവും പയ്യന്നൂർ മണ്ഡലത്തിൽ എത്ര ഹെക്ടർ കൃഷിഭൂമി തരിശായി കിടക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) ആയകെട്ട് പരിധി കുറച്ച് അത്യാവശ്യമായി വേണ്ട സ്ഥലങ്ങളിൽ പുതിയ ക്രോസ് ബാറുകൾ നിർമ്മിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പയ്യന്നൂർ മണ്ഡലത്തിലെ പരിധിയിലുള്ള ക്ലാസ് 1 പ്രവൃത്തികളുടെ പേരും ആയകെട്ടും ചുവടെ ചേർക്കുന്നു :

1. കണ്ണൂർ ജില്ലയിലെ ചെറുപുഴ പഞ്ചായത്തിൽ മുളപ്ര തോടിന് കുറുകെയുള്ള വിയർ-കം-ബ്രിഡ്ജ് - 69.98 ഹെക്ടർ
2. കണ്ണൂർ ജില്ലയിലെ ചെറുപുഴ പഞ്ചായത്തിലെ പാണ്ടിക്കടവ് ബി.സി.ആർ. 151.29 ഹെക്ടർ
3. പയ്യന്നൂർ മുനിസിപ്പാലിറ്റിയിലെ മുപ്പോട് തോടിന് കുറുകെയുള്ള ഉപ്പ് വെള്ള പ്രതിരോധ ബണ്ട് - 65.72 ഹെക്ടർ
4. കണ്ണൂർ ജില്ലയിലെ ചെറുപുഴ പഞ്ചായത്തിൽ കാര്യങ്കോട് പുഴയ്ക്ക് കുറുകെയുള്ള വെസ്റ്റഡ് ചെക്ക് ഡാം കം ട്രാക്ടർ വേ - 1038 ഹെക്ടർ.

(ബി&സി) നിലവിലുള്ള ക്രോസ്ബാറുകളുടെ അറ്റകുറ്റപ്പണികൾ പ്രവൃത്തിയുടെ പ്രാധാന്യമനുസരിച്ചും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും നടത്തിവരുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിൽ വി.സി.ബി.കളുടെ അറ്റകുറ്റപ്പണികൾക്കായി 133.00 ലക്ഷം രൂപയുടെ പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്. ക്രോസ് ബാറുകളുടെ അഭാവംമൂലം തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കൃഷി ചെയ്യുന്നതിനായി സാധ്യതാപഠനം നടത്തി അനുയോജ്യമായ സ്ഥലങ്ങളിൽ പുതിയ ക്രോസ് ബാർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. 2017-18 പയ്യന്നൂർ നിയോജകമണ്ഡലത്തിൽ കണിയൻ പടിഞ്ഞാറെ തോടിന് കുറുകെ എസ്.ഡബ്ല്യൂ.ഇ.സി.ബി. നിർമ്മിക്കുന്നതിനായി 62.30 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൃഷി വകുപ്പിൽനിന്നും ലഭിച്ച കണക്കുകൾ പ്രകാരം പയ്യന്നൂർ മണ്ഡലത്തിൽ ആകെ ഏകദേശം 132.30 ഹെക്ടർ തരിശ്ശായി കിടക്കുന്നുണ്ട്.

## കല്ലടയിലെ ഒരു സ്ഥിരം തടയണ നിർമ്മാണം

184 (4153) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ മേലാറ്റൂർ ഗ്രാമപഞ്ചായത്തിൽ മണിയാണിരിക്കടവ് പാലത്തിന് താഴെ കല്ലടയിൽ ഒരു സ്ഥിരം തടയണ നിർമ്മിയ്ക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലത്തെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ ;

(ബി) ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ പദ്ധതിക്കായി ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ലെങ്കിൽ എന്തുകൊണ്ടാണ് നാളിതുവരെ ഇതിനായി നടപടി സ്വീകരിക്കാത്തതെന്ന് അറിയിക്കുമോ ;

(ഡി) പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് സർക്കാരും ചീഫ് എഞ്ചിനീയറും (ജലസേചനവും ഭരണവും) എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പ്രസ്തുത പ്രവൃത്തിക്കായി 136 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അനുയോജ്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി തുടർനടപടി സ്വീകരിച്ചുവരുന്നു.

(സി) ബാധകമല്ല.

(ഡി) ടി പ്രവൃത്തിയുടെ സാങ്കേതിക വിശദാംശങ്ങൾ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ (ഐ & എ) നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഒറ്റപ്പാലം മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ**

185(4154) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം പുഴകളിൽ/തോടുകളിലാണ് മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന സ്ഥിരം തടയണകൾ നിർമ്മിക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത് എന്ന് വിശദീകരിക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടേയും തൽസ്ഥിതി വ്യക്തമാക്കാമോ;

(സി) ഏതെല്ലാം തടയണകൾ നിർമ്മിക്കുന്നതിനാണ് ഭരണാനുമതി നല്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ തൂതപ്പുഴയിൽ മണ്ണാത്തിക്കടവ് തടയണയുടെയും കരിമ്പുഴയിൽ പൂശാലിക്കടവ് തടയണയുടെയും നിർമ്മാണത്തിനുള്ള പര്യവേക്ഷണ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

(ബി&സി) പൂശാലിക്കടവ് തടയണയ്ക്ക് നബാർഡ് RIDF XXIII-ൽ ഉൾപ്പെടുത്തി 445 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തടയണയുടെ രൂപകല്പനയ്ക്കായി പര്യവേഷണ റിപ്പോർട്ട് ഐ.ഡി.ആർ.ബി.യിൽ സമർപ്പിച്ചിട്ടുണ്ട്. രൂപകല്പന ലഭ്യമാക്കി പ്രവൃത്തി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതുകൂടാതെ മണ്ണാത്തിക്കടവ് തടയണയുടെയും ഐ.ഡി.ആർ.ബി. ഡിസൈൻ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

## കടലുണ്ടിപ്പുഴയിലെ നമ്പ്രാണി ചെക്ക് ഡാം

186 (4155) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം നഗരസഭാ പരിധിയിലെ കടലുണ്ടിപ്പുഴയിലെ നമ്പ്രാണി ചെക്ക് ഡാം പുതുക്കിപ്പണിയുന്നതിന് സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ചോർച്ച പരിഹരിക്കുന്നതിന് 160 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ എന്തെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) മലപ്പുറം നഗരസഭയിലേയും പരിസര പ്രദേശങ്ങളിലേയും പ്രധാന കുടിവെള്ള സ്രോതസ്സായ നമ്പ്രാണിയിൽ പുതിയ ചെക്ക് ഡാം നിർമ്മിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) നമ്പ്രാണി ചെക്ക് ഡാം പുതുക്കിപണിയുന്നതിന് നിലവിൽ പദ്ധതികൾ ഇല്ല.

(ബി&സി) ചോർച്ച പരിഹരിക്കുന്നതിന് പകരം ഒരു പുതിയ ചെക്ക് ഡാം പണിയുന്നതിനാണ് ജില്ലാഭരണകൂടം തീരുമാനിച്ചിട്ടുള്ളത്. കടലുണ്ടി പുഴയിൽ ജലസേചന വകുപ്പ് മുഖാന്തരം നടന്നുകൊണ്ടിരിക്കുന്ന ഫ്ലഡ് പ്രോൺ ഏരിയ മാപ്പിംഗ്/ കോണ്ടൂർ സർവ്വെ പൂർത്തിയാകുന്നമുറയ്ക്ക് ചാമക്കയം തടയണയുടെയും നമ്പ്രാണി തടയണയുടെയും ഇടയിൽ ഒരു ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

## താനൂർ ഒട്ടുംപുറം പുഴയോരത്തെ കോളനി

187 (4156) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ ഒട്ടുംപുറം പുഴയോരത്തെ കോളനി നിവാസികളുടെ വീടുകളുടെ സംരക്ഷണപ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് സ്വീകരി ച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പ്രശ്നപരിഹാരത്തിനായി നിലവിൽ എന്തെങ്കിലും പദ്ധതി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ അടിയന്തരമായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

ഉത്തരം

(എ-സി) താനൂർ മുനിസിപ്പാലിറ്റിയിലെ വാർഡ്-1-ലെ ഓട്ടുംപുറത്ത് എസ്.സി. കോളനി സ്ഥിതിചെയ്യുന്ന പുഴയോരം അഴിമുഖത്തിനോട് ചേർന്നു നിൽക്കുന്നതിനാൽ പുഴയോരം ഇടിയുന്നത് പതിവാണ്. പ്രസ്തുത കോളനിയിൽ നിന്നും 500 മീറ്റർ മാറി കിഫ്ബിയുടെ ധനസഹായത്തോടെ ഒരു റെഗുലേറ്ററിന്റെ നിർമ്മാണത്തിന് പര്യവേഷണം നടന്നുകൊണ്ടിരിക്കുകയാണ്. മേൽറെഗുലേറ്ററിന്റെ മേൽഭാഗത്തും താഴ്ഭാഗത്തും നിർമ്മിക്കേണ്ട പാർശ്വഭിത്തി SC കോളനിയെ സംരക്ഷിക്കാനുതകുന്നതായിരിക്കും.

## ശംഖുമുഖം ബീച്ച്

188 (4157) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ ശംഖുമുഖം ബീച്ച് ശക്തമായ കടലാക്രമണത്തിൽ തകർന്നടിയുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ശംഖുമുഖത്തെ ശക്തമായ തിരമാലകൾ ചെറുക്കുന്നതിനും ബീച്ച് സംരക്ഷിക്കുന്നതിനും എന്ത് സംവിധാനം ഏർപ്പെടുത്തുവാനാണ് ജലവിഭവ വകുപ്പ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഇതിന് എത്ര കോടി രൂപ ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ; ബീച്ച് സംരക്ഷണത്തിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി&സി) തിരുവനന്തപുരം നഗരത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ ശംഖുമുഖം ബീച്ച് ശക്തമായ കടലാക്രമണത്തിൽ കേരള റോഡ് ഫണ്ട് ബോർഡ് നിർമ്മിച്ചിരുന്ന സംരക്ഷണ ഭിത്തിയും എയർപോർട്ട് ശംഖുമുഖം റോഡും തകരുകയും 5 മീറ്ററോളം താഴ്ചയിൽ കടൽ മണ്ണ് ഒഴുകിപോകുകയും ചെയ്തു. ഗാബിയോൺ

ബോക്സ് ഉപയോഗിച്ചുള്ള സംരക്ഷണഭിത്തിയാണ് മുമ്പുണ്ടായിരുന്നത്. തുടർച്ചയായ കടലാക്രമണത്തിൽ 400 മീറ്ററോളം തകർന്നുപോയിട്ടുണ്ട്. ഇത് പുനർനിർമ്മിക്കു ന്നതിനുള്ള രൂപരേഖ IDRB തയ്യാറാക്കുന്നതാണ്. ആയതിനെ അടിസ്ഥാനപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## എറണാകുളം ജില്ലയിലെ ചെല്ലാനം പഞ്ചായത്തിൽ തകർന്ന കടൽഭിത്തിയുടെ പുനരുദ്ധാരണം

189 (4158) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ചെല്ലാനം പഞ്ചായത്തിൽ ഓഖി ദുരന്തത്തി നിരയായി തകർന്ന കടൽഭിത്തി പുനരുദ്ധരിക്കുന്നതിനായി അഞ്ച് പ്രവൃത്തികൾക്ക് 16-1-2018-ലെ സർക്കാർ ഉത്തരവ് നമ്പർ 29/2018/ജ.വി.വ. പ്രകാരം 8 കോടി രൂപയ്ക്ക് ഭരണാനുമതി നല്കിയിട്ടും പ്രസ്തുത പ്രവൃത്തി കാലവർഷം തുടങ്ങുന്നതിന് മുൻപ് ആരംഭിക്കാൻ സാധിക്കാഞ്ഞതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) എങ്കിൽ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ-സി) ജിയോ ടെക്സ്റ്റയിൽസ് ട്യൂബ് ഉപയോഗിച്ചുള്ള ഈ സംരക്ഷണ പ്രവൃത്തികൾക്ക് അംഗീകരിച്ച രൂപകല്പന ലഭ്യമല്ലാത്തതിനാൽ ടി പ്രവൃത്തികളുടെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ഒരു പ്രവൃത്തിക്ക് സി.ഡബ്ല്യൂ.പി. ആർ.എസ്. വിദഗ്ധരുടെ അഭിപ്രായംകൂടി പരിഗണിച്ച് പരീക്ഷണാടിസ്ഥാനത്തിൽ സാങ്കേതികാനുമതി നൽകുകയും ടെണ്ടർ ചെയ്ത കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ശേഷിച്ച നാല് പ്രവൃത്തികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ ശിപാർശ പ്രകാരം ടി പ്രവൃത്തികൾക്ക് പരീക്ഷണാടിസ്ഥാനത്തിൽ സാങ്കേതികാനുമതി നൽകുകയും ചെയ്തു. ടി പ്രവൃത്തികൾ ടെണ്ടർ ചെയ്തപ്പോൾ കരാറുകാരൻ ക്വാട്ട് ചെയ്ത തുക അംഗീകരിക്കാൻ സാധിക്കില്ലായിരുന്നു. എങ്കിലും സ്ഥലത്തെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത ടെണ്ടറുകൾ അംഗീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**കടലാക്രമണം**

190 (4159) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തിനുശേഷം ഭാവിയിൽ കടലാക്രമണം തടയുന്നതിന് താനൂർ തീരപ്രദേശവുമായി ബന്ധപ്പെട്ട് എന്തൊക്കെ നിർദ്ദേശങ്ങളാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) മേജർ ഇറിഗേഷൻ മുഖേന താനൂർ തീരദേശത്തെ കടലാക്രമണം തടയുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പ്രായോഗികമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇപ്രകാരം ലഭിച്ച നിർദ്ദേശങ്ങൾ പഠനവിധേയമാക്കി അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഓഖി ദുന്തത്തിനുശേഷം താനൂർ മുനിസിപ്പാലിറ്റിയിലെ തീരപ്രദേശങ്ങളിലെ കടൽഭിത്തി തകരുകയും കടൽഭിത്തിയില്ലാത്ത സ്ഥലങ്ങളിലൂടെ കടലാക്രമണം രൂക്ഷമാകുമ്പോൾ തിര ഇരച്ചുകയറി കേടുപാടുകൾ വരികയും ചെയ്തിട്ടുണ്ട്. തകരാറുകൾ പരിഹരിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ സമർപ്പിക്കാൻ നിർദ്ദശം നൽകിയിട്ടുണ്ട്.

(ബി&സി) താനൂർ തീരദേശത്തെ കടലാക്രമണം തടയുന്നതിനായി താനൂർ മുനിസിപ്പാലിറ്റിയിൽ അൽബസാറിൽ സി.ഇ.എസ്.സി.പി. 1667-ന് 69 മീറ്റർ വടക്കുനിന്ന് 200 മീറ്റർ നീളത്തിൽ വടക്കോട്ട് കടൽഭിത്തിയുടെ പുനരുദ്ധാരണം (121 ലക്ഷം രൂപ) എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നോൺപ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ കടൽഭിത്തിയുടെ അറ്റകുറ്റപ്പണികളുടെ എസ്റ്റിമേറ്റുകൾ ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ പ്രാധാന്യവും കണക്കിലെടുത്ത് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ പുതിയ കടൽഭിത്തി നിർമ്മാണത്തിന് 2018-19-ൽ താഴെപ്പറയുന്ന പ്രവൃത്തികൾ 100 രൂപ ടോക്കൺ പ്രൊവിഷനോടെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നടപടികളെടുത്തുവരുന്നു.

1. താനൂർ മുനിസിപ്പാലിറ്റിയിലെ എടക്കപ്പുറത്ത് സി.ഇ.എസ്.സി.പി. 1653-ന് 65 മീറ്റർ തെക്കുനിന്ന് 195 മീറ്റർ നീളത്തിൽ വടക്കോട്ട് കടൽഭിത്തി നിർമ്മാണം

2. താനൂർ മുനിസിപ്പാലിറ്റിയിലെ എടക്കടപ്പുറത്ത് സി.ഇ.എസ്.സി.പി. 1655-ന് 30 മീറ്റർ തെക്കുനിന്ന് 120 മീറ്റർ നീളത്തിൽ വടക്കോട്ട് കടൽഭിത്തി നിർമ്മാണം

3. താനൂർ മുനിസിപ്പാലിറ്റിയിൽ എളാരം കടപ്പുറത്ത് സി.ഇ.എസ്. സി.പി 1658-ന് 30 മീറ്റർ തെക്കുനിന്ന് 120 മീറ്റർ നീളത്തിൽ വടക്കോട്ട് കടൽഭിത്തി നിർമ്മാണം.

## എസ്റ്റിമേറ്റ് ആവശ്യപ്പെട്ട പ്രവൃത്തികൾ

191 (4160) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിൽനിന്നും എസ്റ്റിമേറ്റ് ആവശ്യപ്പെട്ട പ്രവൃത്തികളെക്കുറിച്ച് വിശദമായ വിവരം ലഭ്യമാക്കുമോ; ഇതിൽ എത്ര പ്രവൃത്തികൾക്ക് ഡി.പി.ആർ. നൽകിയിട്ടുണ്ട് ; വ്യക്തമാക്കുമോ;

(ബി) 2017-2018 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാം; എസ്റ്റിമേറ്റ് ലഭിക്കാത്ത പ്രവൃത്തികളുടെ ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് ഇറിഗേഷൻ ചീഫ് എഞ്ചിനീയർ ഓഫീസിലും സെക്രട്ടേറിയറ്റിലും നിലവിലുള്ള ഫയലുകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ-സി) ജലസേചന വകുപ്പ്

കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന നാല് പ്രവൃത്തികൾ 100 രൂപ ടോക്കൺ പ്രൊവിഷനോടെ 2018-19 ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

1. കുറ്റിപ്പുറം പഞ്ചായത്ത് മണ്ണാത്തിപ്പാറയ്ക്ക് സമീപം ചെങ്ങന ക്കടവിൽ ഭാരതപ്പുഴയുടെ സൈഡ്‌വാൾ കെട്ടൽ
2. കൈതക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്
3. ഇരുമ്പിളിയം പഞ്ചായത്തിലെ ഇരുമ്പിളിയം ലിഫ്റ്റ് ഇറിഗേഷൻ സ്കീം പദ്ധതിയുടെ പ്രധാന കനാൽ ദീർഘിപ്പിച്ച് നിർമ്മിക്കുന്ന പ്രവൃത്തികളും അനുബന്ധ പ്രവൃത്തികളും
4. ഇരുമ്പിളിയം പഞ്ചായത്തിലെ മങ്കേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രധാന കനാൽ അഭിവൃദ്ധിപ്പെടുത്തലും അനുബന്ധം പ്രവൃത്തികളും

കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിവരം താഴെ ചേർക്കുന്നു :

1. കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ കാങ്ക കടവിൽ ഭാരതപ്പുഴയ്ക്ക് കുറുകെ ആർ.സി.ബി. കിഫ്ബി ധനസഹായത്തോടെ എസ്.പി.വി. ആയ കെ.ഐ.ഡി.സി. മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

2. ഇരുമ്പിളിയം പഞ്ചായത്തിലെ മങ്കേരി എൽ.ഐ.സ്കീമിന്റെ മെയിൻ കനാൽ ചെയിനേജ് 1/300 മുതൽ 1/600 മീറ്റർ വരെ അഭിവൃദ്ധിപ്പെടുത്തൽ (25 ലക്ഷം) എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

3. കുറ്റിപ്പുറം പഞ്ചായത്തിലെ മണ്ണാത്തിപ്പാറയ്ക്ക് സമീപം ചങ്ങണക്കടവിന് മുകൾഭാഗത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം (25 ലക്ഷം) എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

4. കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയിൽ കാവാതികുളം എന്ന സ്ഥലത്തെ കുളത്തിന്റെ നിർമ്മാണത്തിൽ ഒരു കോടി രൂപയുടെ ആസ്തി വികസന ഫണ്ടിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

<u>ആർ.എം.എഫിൽ ഉൾപ്പെടുത്താൻ സമർപ്പിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :</u>

1. ഇരിമ്പിളിയം പഞ്ചായത്തിൽ കൊടുമുടി വിഷ്ണുക്ഷേത്രംം മുതൽ കൊടുമുടിക്കാവ് ഭഗവതി ക്ഷേത്രംവരെയുള്ള ത്തപ്പുഴയുടെ വലതുകര സംരക്ഷണം(50 ലക്ഷം) എഫ്.ഡി വർക്കിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആർ.എം.എഫ്.-ൽ ഉൾപ്പെടുത്താൻ ജില്ലാ കളക്ടർക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

2. കുറ്റിപ്പുറം പഞ്ചായത്തിൽ രാങ്ങാട്ടൂർ എരുമപ്പാറ പ്രദേശത്ത് ഭാരതപ്പുഴയുടെ വലതുകര സംരക്ഷണം (50 ലക്ഷം) ആർ.എം.എഫ്-ൽ ഉൾപ്പെടുത്താൻ ജില്ലാ കളക്ടർക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

3. കുറ്റിപ്പുറം പഞ്ചായത്തിലെ പേരശ്ശന്നൂർ പിഷാരക്കൽ ദുർഗ്ഗാഭഗവതി ക്ഷേത്രത്തിനു സമീപം ഭാരതപ്പുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തികൾക്കായി 90 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആർ.എം.എഫ്. അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ ജില്ലാ വിദഗ്ധ സമിതി 50.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും സംസ്ഥാനതല വികസന സമിതി സ്ഥലം പരിശോധിച്ച് അംഗീകാരത്തിനായി ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

കേരള ജല അതോറിറ്റി

2017-18 സാമ്പത്തിക വർഷം കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽനിന്നും വളാഞ്ചേരി മുനിസിപ്പാലിറ്റിക്കും എടയൂർ, ഇരിമ്പിളിയം എന്നീ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് 75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ പരിശോധന കിഫ്ബിയിൽ നടന്നുവരുന്നു. ഇതുസംബന്ധിച്ച് ചില വിശദീകരണങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇവയ്ക്കുള്ള മറുപടി തയ്യാറാക്കിവരുന്നു. മേൽ പരിശോധനകൾക്കുശേഷം കിഫ്ബിയിൽനിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി തുടങ്ങാനാണ് ലക്ഷ്യമിടുന്നത്.

## മേജർ ഇറിഗേഷൻ വകുപ്പിന് കീഴിലെ പ്രവൃത്തികൾ

192 (4161) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് മേജർ ഇറിഗേഷൻ വകുപ്പിന് കീഴിൽ എന്തെല്ലാം പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്;

(ബി) ഓരോന്നിനും അനുവദിച്ച തുക എത്രയാണ്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ;

(ഡി) പുതുതായി എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

ഉത്തരം

(എ- സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്ലാൻ ഹെഡ്ഡിൽ മേജർ ഇറിഗേഷൻ വകുപ്പിന് അനുവദിച്ച പ്രവൃത്തികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* നോൺ പ്ലാൻ ഹെഡ്ഡായ 2711-01-103-99-FC യിൽ 23.25 കോടി രൂപയും 2711-01-103-98-FD യിൽ 20.68 കോടി രൂപയും 2711-01-103-99-ASE-യിൽ 24.29 കോടി രൂപയും അനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ DPR സമർപ്പിക്കുന്നതിന് നടപടിയെടുത്തുവരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വരാപ്പുഴ കടമക്കുടി റോഡിലെ സ്ലൂയിസ് -കം-ബ്രിഡ്ജ്

193 (4162) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018-19 ബഡ്ജറ്റ് വാല്യം രണ്ടിൽ ഉൾപ്പെട്ടിരുന്ന പ്രവൃത്തികളായ വരാപ്പുഴ കടമക്കുടി റോഡിലെ സ്ലൂയിസ്-കം-ബ്രിഡ്ജ്,എളങ്കുന്നപ്പുഴ ആർ.എം.പി കനാൽ, വേലൻ തോട് എന്നിവയിലെ എക്കൽ നീക്കം ചെയ്യൽ,സംരക്ഷണ ഭിത്തി കെട്ടൽ തുടങ്ങിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കണമെന്ന് ആവശ്യപ്പെട്ട് 6-2-2018-ന് എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ഇ-മെയിലായി നൽകിയ കത്തിൻമേൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ?

ഉത്തരം

(എ&ബി) വരാപ്പുഴ കടമക്കുടി റോഡിലെ സ്ലൂയിസ്-കം-ബ്രിഡ്ജ് എളങ്കുന്നപ്പുഴ ആർ.എം.പി. കനാൽ, വേലൻ തോട് എന്നിവയിലെ എക്കൽ നീക്കംചെയ്യൽ, സംരക്ഷണഭിത്തി കെട്ടൽ തുടങ്ങിയ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കീഴിൽ തയ്യാറാക്കിവരുന്നു. സർക്കാരിൽ ലഭ്യമായിട്ടില്ല.

## കണ്ണൂർ ജില്ലയിലെ നട്ടിക്കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ്

194 (4163) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ നട്ടിക്കടവിൽ പെരുമ്പ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് ജലസേചന വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ നട്ടിക്കടവ് കോട്ടയിൽ (മൂലക്കടവ്) പെരുമ്പ പുഴയ്ക്ക് കുറുകെ റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പര്യവേഷണ പ്രവൃത്തി പൂർത്തീകരിച്ച് IDRB-ൽ സമർപ്പിച്ചിട്ടുണ്ട്. ഐ.ഡി.ആർ.ബി.യിൽ നിന്നും ഡിസൈൻ ലഭ്യമാവേണ്ടതുണ്ട്.

## ചാലിയാർ പുഴയിൽ റഗുലേറ്ററുകളും /തടയണകളും/റഗുലേറ്റർ കം-ബ്രിഡ്ജുകളും

195 (4164) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ കളത്തിൻ കടവിൽ ചാലിയാർ പുഴയിൽ റഗുലേറ്റർ സ്ഥാപിക്കുന്ന പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; ഈ പദ്ധതി എന്ന് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ജലവിഭവ വകുപ്പ് നിലവിൽ ചാലിയാർ പുഴയിൽ എത്ര തടയണകളും റഗുലേറ്ററുകളും നിർമ്മിച്ചിട്ടുണ്ട്; ഏതൊക്കെ സ്ഥലങ്ങളിലാണ് നിർമ്മിച്ചത്;

(സി) ചാലിയാർ പുഴയിൽ ഏതെല്ലാം കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ തടയണയും റഗുലേറ്ററുകളും സ്ഥാപിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) പുതുതായി എവിടെയൊക്കെയാണ് റഗുലേറ്ററുകളും/തടയണകളും/ റഗുലേറ്റർ-കം-ബ്രിഡ്ജുകളും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ കുളത്തിൻ കടവിൽ ചാലിയാർ പുഴയിൽ ഒരു റഗുലേറ്റർ കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പര്യവേഷണ പ്രവൃത്തികൾ പൂർത്തിയാക്കി രൂപകൽപ്പനയ്ക്കായി നടപടിയെടുത്തുവരുന്നു. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മറ്റു നടപടിക്രമങ്ങൾ പൂർത്തിയാക്കി പദ്ധതി തുടങ്ങുന്നതാണ്.

(ബി) ചാലിയാർ പുഴയിൽ മൂന്ന് റഗുലേറ്റർ കം ബ്രിഡ്ജുകൾ ജലസേചന വകുപ്പ് നിർമ്മിച്ചിട്ടുണ്ട്.

1. വാഴക്കാട് പഞ്ചായത്തിലെ ഊർക്കടവിൽ കവണക്കല്ല് റെഗുലേറ്റർ കം-ബ്രിഡ്ജ്
2. മമ്പാട് പഞ്ചായത്തിലെ ഓടയിക്കലിൽ ഓടായിക്കൽ റെഗുലേറ്റർ കം-ബ്രിഡ്ജ്
3. ചുങ്കത്തറ പഞ്ചായത്തിലെ പൂക്കോട്ടുമണ്ണിൽ പൂക്കോട്ടുമണ്ണ റെഗുലേറ്റർ-കം-ബ്രിഡ്ജ്

(സി) ചാലിയാർ പുഴ സ്രോതസ്സായുള്ള കുടിവെള്ള പദ്ധതികൾക്കുമാത്രമായി റെഗുലേറ്ററുകളും തടയണകളും നിലവിലില്ല. എന്നാൽ ചാലിയാർ പുഴ സ്രോതസ്സായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള (1) ചീക്കോട് കുടിവെള്ള പദ്ധതി,

(2) വാഴക്കാട് കുടിവെള്ള പദ്ധതി, (3) കീഴുപറമ്പ് കുടിവെള്ള പദ്ധതി, (4) കാവനൂർ കുടിവെള്ള പദ്ധതി, (5) അരീക്കോട് കുടിവെള്ള പദ്ധതി, (6) മഞ്ചേരി കുടിവെള്ള പദ്ധതി, (7) കോഴിക്കോട് കുടിവെള്ള പദ്ധതി എന്നിവയ്ക്ക് ജലസേചന വകുപ്പ് നിർമ്മിച്ചിട്ടുള്ള കവണക്കല്ല് റഗുലേറ്ററിന്റെയും (8) വണ്ടൂർ കുടിവെള്ള പദ്ധതിക്ക് ഓടായിക്കൽ റെഗുലേറ്ററിന്റെയും പ്രയോജനം ലഭിക്കുന്നുണ്ട്. ഇതിനുപുറമെ നിലമ്പൂരിലെ കളത്തിൽക്കടവിൽ നിലമ്പൂര്, അമരമ്പലം കുടിവെള്ള പദ്ധതികൾക്കു വേണ്ടി കേരള വാട്ടർ അതോറിറ്റി വരൾച്ചസമയത്ത് ഒരു താൽക്കാലിക തടയണ നിർമ്മിക്കാറുണ്ട്.

(ഡി) കളത്തിൻ കടവ് റഗുലേറ്റർ കൂടാതെ കിഫ്ബിയുടെ ധനസഹായത്തോടെ ചാലിയാർപ്പുഴയിൽ എടവണ്ണ പഞ്ചായത്തിൽ പന്നിപ്പാറ-പള്ളിമുക്കിൽ ചാലിയാർ പുഴയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മിക്കാനും തീരുമാനിച്ചിട്ടുണ്ട്.

### എസ്.എൽ.ആർ. ജീവനക്കാരുടെ ആനുകൂല്യങ്ങൾ

196 (4165) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിൽ 16-1-2013-ലെ GO (Ms.)06/2013/ WRD ഉത്തരവ് പ്രകാരം എസ്.എൽ.ആർ.തസ്തികയിൽ എത്ര ജീവനക്കാരെയാണ് നിയമിച്ചത്; നിലവിൽ ഇവർക്ക് നൽകിവരുന്ന ശമ്പളവും ആനുകൂല്യങ്ങളും എന്തൊക്കെയാണ്; കെ.എസ്.ആർ.-ന്റെ പരിധിയിൽ വരുന്ന ജീവനക്കാരുടേതിന് തുല്യമായ സേവന വേതന വ്യവസ്ഥകൾ ഇവർക്ക് നൽകാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എസ്.എൽ.ആർ.തസ്തികയിൽ നിയമനം ലഭിച്ചവർക്ക് വർക്കർ ഗ്രേഡ് -II ആയി പ്രൊമോഷൻ നൽകാൻ കഴിയുകയില്ലേ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ;

(സി) എസ്.എൽ.ആർ. ജീവനക്കാരുടെ പെൻഷൻ പ്രായം ഇപ്പോൾ എത്രയാണ്; പാർട്ട്ടൈം സ്വീപ്പർ തസ്തികയുടെ പെൻഷൻ പ്രായം ഈ സർക്കാർ ഉയർത്തിയതു പോലെ എസ്.എൽ.ആർ. ജീവനക്കാരുടെ പെൻഷൻ പ്രായവും ഉയർത്താൻ സാധിക്കുകയില്ലേ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ജലസേചന വകുപ്പിൽ 30-35 വർഷമെങ്കിലും, ആദ്യം താൽക്കാലികമായും പിന്നീട് സ്ഥിരമായും ജോലി ചെയ്ത് മറ്റ് സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന യാതൊരു ആനുകൂല്യങ്ങളും ലഭിക്കാതെ സർവ്വീസിൽനിന്നും പിരിയേണ്ടിവരുന്ന എസ്.എൽ.ആർ. ജീവനക്കാർക്ക് അർഹമായ പരിഗണന നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 834 പേർ, അൺസ്കിൽഡ് വർക്കർമാർക്ക് 8,270-12,220 രൂപ നിരക്കിലും സ്കിൽഡ് വർക്കർമാർക്ക് 8,500-13,210 രൂപ നിരക്കിലുമാണ് ശമ്പളം നൽകുന്നത്. സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന നിരക്കിൽ ഡി.എ. എസ്.എൽ.ആർ. ജീവനക്കാർക്കും അനുവദിച്ചിട്ടുണ്ട്. എസ്.എൽ.ആർ. ജീവനക്കാർ സ്ഥിരം സർക്കാർ ജീവനക്കാരല്ല. ഇവർ കെ.എസ്.ആർ.-ന്റെ പരിധിയിൽ വരുന്നില്ല. അതിനാൽ കെ.എസ്.ആർ-ന്റെ പരിധിയിൽ വരുന്ന ജീവനക്കാരുടേതിന് തുല്യമായ സേവന വേതന വ്യവസ്ഥകൾ ഇവർക്ക് അനുവദിച്ച് നൽകുവാൻ കഴിയുന്നില്ല.

(ബി) 9-6-2014 -ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 45/14/ ജവി.വ പ്രകാരമുള്ള താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന എസ്.എൽ.ആർ ജീവനക്കാരെ മാത്രമേ നിലവിൽ സർക്കാർ ഗ്രേഡ് II ആയി സ്ഥിരപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

1. 1-1-2011 -ന് മുൻപ് 10 വർഷം സർവ്വീസ് പൂർത്തിയാക്കിയിരിക്കണം.
2. 55 വയസ്സ് പൂർത്തിയാകാത്തവരും അഥവാ പെൻഷൻ തീയതി ഏകീകരണം വഴി 31-3-2011 വരെ റെഗുലറൈസ് ചെയ്യുമ്പോൾ സർവ്വീസിൽ തുടരാൻ അർഹതയുള്ളവരായിരിക്കണം.
3. 500 ദിവസം പൂർത്തിയാക്കിയിരിക്കണം.
4. 4-7-1983-നോ അതിനുശേഷമോ സർവ്വീസിൽ ഉള്ളവരായിരിക്കണം.

(സി) 58 വയസ്സ്; പെൻഷൻ പ്രായം ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

**ജലവിഭവ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രൊമോഷൻ**

197 (4166) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രൊമോഷൻ ആനുപാതികമായി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രൊമോഷൻ അപാകത പരിഹരിക്കു ന്നതിന് വകുപ്പിൽ അനോമലി സെൽ രൂപീകരിച്ചിട്ടുണ്ടോ ; പ്രസ്തുത അനോമലി സെൽ ഏതെങ്കിലും തരത്തിലുള്ള റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് എന്ന് ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ;

(സി) റിപ്പോർട്ടിൻമേൽ നടപടി സ്വീകരിച്ച് മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രൊമോഷൻ നടപ്പിൽവരുത്താൻ വേണ്ട നടപടികൾ വകുപ്പ് കൈക്കൊള്ളുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) തസ്തികകളിൽ ഒഴിവ് വരുന്നമുറയ്ക്ക് നടത്തിവരുന്നു.

(ബി&സി) ജലസേചന വകുപ്പിൽ അനോമലി സെൽ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ സർവ്വീസിലുള്ളവരും റിട്ടയർ ചെയ്തവരും മരണമടഞ്ഞവരുമായ മുഴുവൻ ജീവനക്കാരുടെയും സേവന പുസ്തകങ്ങളും (ഏകദേശം 5000-ത്തോളം) അസൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് സർട്ടിഫിക്കറ്റുകളും സെൽ പരിശോധിച്ച് പൂർത്തിയായാൽ മാത്രമേ റിപ്പോർട്ട് സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. കേരള ജല അതോറിറ്റിയിലും ഭൂജലവകുപ്പിലും അനോമലി സെൽ രൂപീകരിച്ചിട്ടില്ല.

## വാട്ടർ അതോറിറ്റിയിലെ പെൻഷൻ പരിഷ്കരണ കുടിശ്ശിക

198 (4167) ശ്രീ. വി. ടി.ബൽറാം :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ 1-7-2014 മുതലുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശിക വിതരണം ചെയ്തിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് എത്രയും വേഗം വിതരണം ചെയ്യുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) വാട്ടർ അതോറിറ്റിയിൽ പെൻഷൻ കമ്മ്യൂട്ടേഷൻ ഇനത്തിൽ കുടിശ്ശിക നൽകാനുണ്ടോയെന്നും ഉണ്ടെങ്കിൽ ഇത് എന്നത്തേക്ക് വിതരണം ചെയ്യുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ പെൻഷൻകാരുടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് വിതരണം ചെയ്യാൻ കുടിശ്ശികയായുള്ളതെന്ന് തുകയടക്കം ഇനം തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം പെൻഷൻ പരിഷ്കരണ കുടിശ്ശിക ഗഡുക്കളായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം 2016 മുതൽ 2017 ഏപ്രിൽ വരെയുള്ള കമ്മ്യൂട്ടേഷൻ കുടിശ്ശിക ഗഡുക്കളായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

(സി) (തുക കോടിയിൽ)

| ഇനം | കുടിശ്ശിക തുക |
|---|---|
| 2016 ജൂലൈ മുതലുള്ള കമ്യൂട്ടേഷൻ | 83.82 |
| 2018 ഫെബ്രുവരി മുതലുള്ള ഗ്രാറ്റുവിറ്റി | 3.48 |
| 2018 മാർച്ച് മുതലുള്ള ടെർമിനൽ സറണ്ടർ | 2.66 |
| പെൻഷൻ പരിഷ്കരണം നടപ്പിലാക്കുന്നതിന് ആവശ്യമായ തുക | 147.27 |

**എറണാകുളം ജില്ലയിലെ പ്രവൃത്തികൾക്ക് ഭരണാനുമതി**

199(4168) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ എറണാകുളം ജില്ലയിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയതെന്നും, പ്രസ്തുത പ്രവൃത്തികൾക്ക് എത്ര കോടി രൂപ വീതം അനുവദിച്ചുവെന്നും മണ്ഡലം തിരിച്ചുള്ള വിശദാംശം നൽകുമോ?

<u>ഉത്തരം</u>

ജലസേചന, കേരള ജല അതോറിറ്റി, ഭൂജല, പ്രോജക്ട്-II എന്നീ വകുപ്പുകളുടെ കീഴിൽ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ യഥാക്രമം അനുബന്ധമായി*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ചേർത്തിരിക്കുന്നു.* 2017-18 സാമ്പത്തികവർഷത്തെ സംസ്ഥാന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ മണ്ഡലത്തിൽ ഉൾപ്പെടുന്ന മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിനെ ജലനിധിയുടെ ഭാഗമായ മഴകേന്ദ്രം പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് 44 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 400 കുടുംബങ്ങളിലെ തുറന്ന കിണർ മഴവെള്ളം ശുദ്ധീകരിച്ച് റീചാർജ് ചെയ്യുന്നതിനാണുദ്ദേശിക്കുന്നത്.

## തൃക്കാക്കര മുനിസിപ്പൽ അതിർത്തിയിൽ ജലസ്രോതസ്സുകളുടെ കയ്യേറ്റം

200 (4169) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മുനിസിപ്പാലിറ്റി അതിർത്തിക്കുള്ളിൽ എത്ര തോടുകളും കായലുകളും ഉണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) ഈ ജലസ്രോതസുകളിൽ എവിടെയെങ്കിലും കയ്യേറ്റം നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്നും ആരെല്ലാമാണ് കയ്യേറിയതെന്നും ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) തൃക്കാക്കര നഗരസഭയിൽ കായലുകളില്ല. 9 വലിയ തോടുകൾ ഉൾപ്പെടെ ആകെ 31 തോടുകളാണുള്ളത്. തോടുകളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കയ്യേറ്റം നടന്നതായി തിട്ടപ്പെടുത്തിയിട്ടില്ല.

## തുമ്പൂർമുഴി ടൂറിസ്റ്റ് കേന്ദ്രത്തിന്റെ സൗന്ദര്യവൽക്കരണം

201(4170) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇറിഗേഷൻ വകുപ്പിന്റെ ചുമതലയിലുള്ളതും ടൂറിസം ഡെസ്റ്റിനേഷൻ കമ്മിറ്റിക്കുകീഴിൽ വർഷങ്ങളായി പ്രവർത്തിച്ചുവരുന്നതുമായ തുമ്പൂർമുഴി ടൂറിസ്റ്റ് കേന്ദ്രത്തിന്റെ സൗന്ദര്യവൽക്കരണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ടൂറിസം വകുപ്പ് അനുവദിച്ച പദ്ധതി നടപ്പാക്കുന്നതിന് ജല വിഭവവകുപ്പ് അനുമതി നല്കിയോ; ഇല്ലെങ്കിൽ അനുമതി നല്കാൻ അടിയന്തരനടപടി സ്വീകരിക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) തുമ്പൂർമുഴിയിലെ ഇറിഗേഷൻ വകുപ്പിന് കീഴിലുള്ള ഐ.ബി.യും മറ്റ് കെട്ടിടങ്ങളും നവീകരിച്ച് ടൂറിസ്റ്റുകൾക്ക് താമസ സൗകര്യമൊരുക്കുന്നതിന് ജലവിഭവ വകുപ്പ് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 20-4-2018-ൽ ചേർന്ന യോഗത്തിൽ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള തുമ്പൂർമുഴി ടൂറിസം പദ്ധതിക്ക് ഇതിനകം തന്നെ വിനോദസഞ്ചാര വകുപ്പ് ഭരണാനുമതി നൽകി നടപടികൾ ആരംഭിച്ചതിനാൽ പ്രസ്തുത പദ്ധതി തുടങ്ങുവാനുള്ള തീരുമാനമായിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുമായി സഹകരിച്ച് തുമ്പൂർമുഴി ഐ.ബി യോട് ചേർന്ന് പുതിയ ഒരു കൺവെൻഷൻ സെന്ററിന്റെ നിർമ്മാണവും ഐ.ബി. യുടെ നവീകരണവും നടത്തുന്നതിനായുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ തുമ്പൂർമുഴി ഐ.ബി.-യിൽ ടൂറിസ്റ്റുകൾക്ക് താമസ സൗകര്യം ഒരുക്കുന്നുണ്ട്.

**ഓഖിമൂലമുള്ള നാശനഷ്ടങ്ങൾ**

202 (4171) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തത്തെത്തുടർന്ന് വൈപ്പിൻ നിയോജക മണ്ഡലത്തിൽ എന്തൊക്കെ നാശനഷ്ടങ്ങൾ ഉണ്ടായതായാണ് ജലവിഭവ വകുപ്പ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓഖി ദുരന്തത്തെത്തുടർന്ന് ഏതെല്ലാം പ്രവൃത്തികൾ നടപ്പാക്കുന്നതിനാണ് വകുപ്പ് രൂപരേഖ തയ്യാറാക്കിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഓഖി ദുരന്തത്തെത്തുടർന്ന് വൈപ്പിൻ ദ്വീപിൽ എടവനക്കാട് പഞ്ചായത്തിൽ അണിയിലിനുസമീപം കൂടുതൽ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ശക്തമായ തിരമാലകളടിച്ച് കടൽ ഭിത്തി തകരുകയും റോഡിൽ മണ്ണ് മൂടുകയും ചെയ്തതിനാൽ ഗതാഗതം തടസ്സപ്പെട്ടു. കൂടാതെ എടവനക്കാട് പഞ്ചായത്തിലെ ചാത്തങ്ങാട്, പഴങ്ങാട് എന്നീ സ്ഥലങ്ങളും നായരമ്പലം പഞ്ചായത്തിലെ വെളിയത്താം പറമ്പിലും ഞാറയ്ക്കൽ പഞ്ചായത്തിലെ ഐ.സി.എ. ആറിനു സമീപവും എളങ്കുന്നപ്പുഴ പഞ്ചായത്തിലെ ചാപ്പയിലും കടലാക്രമണംമൂലം നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്.

(ബി) എറണാകുളം ജില്ലയിലെ ചെല്ലാനത്ത് ഓഖി ദുരന്തത്തെത്തുടർന്ന് ജിയോ ട്യൂബ് ഉപയോഗിച്ച് പരീക്ഷണാടിസ്ഥാനത്തിൽ കടൽ ഭിത്തി നിർമ്മിക്കുന്നതിനായി അഞ്ച് പ്രവൃത്തികൾ 8 കോടി രൂപയ്ക്ക് ടെണ്ടർ ചെയ്തിട്ടുണ്ട്. വൈപ്പിൻ ദ്വീപിൽ എടവനക്കാട് സി. പി. സ്റ്റോൺ 1136-നും 1139-നും ഇടയിലായി നാല് പുലിമുട്ടുകളുടെ നിർമ്മാണത്തിനായി 3.77 കോടി രൂപയുടെ ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. തീരത്തിന്റെ സുരക്ഷ ഉറപ്പാക്കുന്നതിന് ജിയോസിന്തറ്റിക് ട്യൂബ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണം പരിഗണനയിലാണ്. കടലാക്രമണം ഏറ്റവും രൂക്ഷമായ പ്രദേശങ്ങൾ തിരിച്ചറിഞ്ഞ് പ്രതിരോധത്തിന് ആവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി, ടി പ്രദേശങ്ങളുടെ ഫോട്ടോ സഹിതം യുദ്ധകാലാടിസ്ഥാനത്തിൽ അനുമതി നൽകുന്നതിന് ജില്ലാ ഓഫീസർമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. രൂക്ഷമായ കടലാക്രമണം നേരിടുന്ന ആലപ്പുഴ, അമ്പലപ്പുഴ ഭാഗങ്ങളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് പുലിമുട്ടുകൾ നിർമ്മിക്കുന്നതിനായി എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി. മുഖാന്തരം നടപടികൾ സ്വീകരിച്ചുവരുന്നു.

## ഗ്രേസി പോളിന്റെ അപേക്ഷയിൽ സ്വീകരിച്ച നടപടി

203(4172) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

6-8-2007-ലെ കോടതി വിധിപ്രകാരം കോടതിയിൽ കെട്ടിവെച്ച 9,750 രൂപ റഗുലർ ബില്ലിൽനിന്നും ഒഴിവാക്കി കിട്ടുന്നതിനായി എറണാകുളം ജില്ലയിലെ കൊച്ചി, കരുവേലിപ്പടി, CC 16/537A യിൽ താമസിക്കുന്ന ഗ്രേസി പോളിന്റെ അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ശ്രീമതി ഗ്രേസി പോൾ വാട്ടർ ചാർജ്ജിൽ തർക്കമുന്നയിച്ച് ബഹു. കൊച്ചി മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തു. അത് പ്രകാരം 6-8-2007-ന് രസീത് നമ്പർ CDR 19/07-08 പ്രകാരം 9,750 രൂപ കോടതിയിൽ കെട്ടിവയ്ക്കുകയും ചെയ്തു. വെള്ളക്കരം സംബന്ധിച്ച് വാട്ടർ അതോറിറ്റിയും ഉപഭോക്താവും രമ്യതയിൽ എത്തിയെങ്കിലും ടി തുക ജലഅതോറിറ്റിയ്ക്ക് കോടതിയിൽനിന്നും കൈമാറി ലഭിച്ചിട്ടില്ല. ആയതിനാലാണ് ടി തുക ബില്ലിൽ നിന്നും കുറവ് ചെയ്ത് നൽകുവാൻ സാധിക്കാത്തത്. ടി തുക കോടതിയിൽ നിന്നും വിട്ടുകിട്ടാൻ വക്കീൽ മുഖാന്തിരം നടപടികൾ സ്വീകരിച്ചുവരുന്നു. ഈ തുക ലഭിക്കുന്ന മുറയ്ക്ക് ഉപഭോക്താവിന്റെ ബില്ലിൽ ഇളവുചെയ്തു നൽകുന്നതാണ്. അതുവരെ ഉപഭോക്താവിന് ഇപ്പോൾ ഉപയോഗിക്കുന്ന വെള്ളത്തിന്റെ നിരക്ക് മാത്രം അടയ്ക്കുവാൻ സൗകര്യം ചെയ്തു കൊടുക്കുന്നതാണ്.

## കോവളം നിയോജകമണ്ഡലത്തിലെ പൈപ്പുകളുടെ പണികൾ

204 (4173) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ കോവളം നിയോജക മണ്ഡലത്തിൽ കാലപ്പഴക്കം ചെന്ന പൈപ്പുകൾ പൊട്ടി ജലം പാഴാകുന്നതും റോഡുകൾ നശിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഴക്കംചെന്ന പൈപ്പുകൾ മാറ്റുന്നതിന് കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ കോവളം നിയോജകമണ്ഡലത്തിന് വേണ്ടി എത്ര രൂപ മാറ്റിവച്ചു എന്നും ഏതൊക്കെ പണികൾക്കാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 66.02 ലക്ഷം രൂപ; പ്രവൃത്തികൾ താഴെപ്പറയുന്നു :

1. 2000 മീറ്റർ നീളത്തിൽ കെ.എസ്. റോഡ് ഭൂതല സംഭരണിയിൽ നിന്നും കോവളം ജംങ്ഷൻ വരെയുള്ള 160 mm HDPE പൈപ്പ് മാറ്റി 160 mm പി.വി.സി. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി.
2. 3500 മീറ്റർ നീളത്തിൽ വണ്ടിത്തടം ശുദ്ധീകരണശാലയിൽ നിന്നും കെ.എസ്. റോഡ് ഭൂതല സംഭരണി വരെയുള്ള 160 mm CI pipe മാറ്റി 160 എം.എം. പി.വി.സി. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി.
3. ബാലരാമപുരം ഗ്രാമീണ കുടിവെള്ള പദ്ധതി-ബാലരാമപുരം മാർക്കറ്റ് മുതൽ കൈരളി ഗാർഡൻസ് വരെ 1000 മീറ്റർ നീളത്തില 150mm AC pipe മാറ്റി 160 എം.എം. പി.വി.സി. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി.
4. ഉച്ചക്കട ഗ്രാമീണ കുടിവെള്ള പദ്ധതി 800 മീറ്റർ നീളത്തിൽ പനയറക്കുന്ന് ഉപരിതലസംഭരണി മുതൽ സെന്റ് സെബാസ്റ്റ്യൻ ആഡിറ്റോറിയം വരെ 150 mm AC പൈപ്പ് മാറ്റി 160 എം.എം. പി.വി.സി. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി.

## ആലപ്പാട് ഗ്രാമപഞ്ചായത്തിലെ കടലാക്രമണ പ്രതിരോധ പദ്ധതികൾ

205 (4174) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പാട് ഗ്രാമപഞ്ചായത്തിൽ ജലവിഭവ വകുപ്പിന്റെ ചുമതലയിൽ നടക്കുന്ന കടലാക്രമണ പ്രതിരോധ പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ഓഖി ദുരന്തത്തിൽ കടൽഭിത്തി തകർന്ന ഏതെല്ലാം പ്രദേശങ്ങളിൽ കരസംരക്ഷണത്തിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഭാഗത്ത് പുലിമുട്ട് നിർമ്മിക്കുന്നതിനുവേണ്ടി ഏതെല്ലാം പദ്ധതികളുടെ പഠനം പൂർത്തീകരിച്ചുവെന്നും എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലപ്പാട് ഗ്രാമപഞ്ചായത്തിൽ നടക്കുന്ന കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. ഐ.ആർ.ഇ. മൈനിംഗ് ഏരിയയിൽ വെള്ളാനത്തുരുത്തിൽ 34.0 കി.മീ.-നും 35.00 കി.മീ.-നും ഇടയിൽ പുലിമുട്ടുകളുടെ നിർമ്മാണം (ഐ.ആർ.ഇ.-യുടെ ഫണ്ട് ഉപയോഗിച്ചുള്ള ഡെപ്പോസിറ്റ് പ്രവൃത്തി.)
2. പറയ കടവ് 41.450 കി.മീ. മുതൽ 41.750 കി.മീ.-നും ഇടയിൽ ജിയോബാഗ് ഉപയോഗിച്ചുള്ള തീരസംരക്ഷണം.
3. ചെറിയഴീക്കൽ 37.765 കി.മീ. മുതൽ 37.805 കി. മീ. വരെ 40 മീറ്റർ കടൽ ഭിത്തിയുടെ പുനർനിർമ്മാണം.

(ബി) ഓഖി ദുരന്തത്തിൽ കടൽഭിത്തി തകർന്ന പറയകടവ് പ്രദേശത്ത് ജിയോബാഗ് ഉപയോഗിച്ചുള്ള തീരസംരക്ഷണ പ്രവൃത്തികൾ നടന്നു വരുന്നു.

(സി) ആലപ്പാട് പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ പുലിമുട്ട് നിർമ്മിക്കുന്നതിനാവശ്യമായ പദ്ധതികളുടെ വിശദമായ പഠനം നടത്തുന്നതിനുവേണ്ടിയുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു.

## ജലസ്രോതസ്സുകളിലെ ബാക്ടീരിയകളുടെയും രാസവസ്തുക്കളുടെയും അളവ്

206 (4175) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജല ലഭ്യത ക്രമാതീതമായി കുറയുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ജലസ്രോതസ്സുകളിൽ ബാക്ടീരിയകളുടെയും രാസവസ്തുക്കളുടെയും അളവ് കൂടുതലാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഇക്കാര്യത്തിൽ ഇതര സംസ്ഥാനങ്ങളുമായുള്ള താരതമ്യ പഠനം ജലവിഭവ വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ പുഴകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളിലെ ജലം ബാക്ടീരിയ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കലർന്നതാണെന്ന റിപ്പോർട്ടുകൾ ജലവിഭവ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഭൂജല വകുപ്പും ജലസേചന വകുപ്പും സംയുക്തമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈഡ്രോളജി, ബെൽഗാമിന്റെ നേതൃത്വത്തിൽ ഹൈഡ്രോളജി പ്രോജക്ട് രണ്ടാം ഘട്ടത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ ജലഗുണനിലവാരത്തെ സംബന്ധിച്ച സമഗ്രമായ ഒരു പഠനം 2013-2014 കാലയളവിൽ നടത്തിയിട്ടുണ്ട്. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭൂരിഭാഗം കിണറുകളും ബാക്ടീരിയയുടെ സാന്നിദ്ധ്യംമൂലം മലിനീകരിക്കപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഹരിത കേരള മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി തോടുകൾ, പുഴകൾ എന്നിവ ശുചിയാക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ജനപങ്കാളിത്തത്തോടെയും ഏറ്റെടുത്ത് നിർവ്വഹിച്ചു വരുന്നു. കേരളത്തിലെ എല്ലാ ജില്ലകളിലും ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. നദികളിലെയും തോടുകളിലെയും നീരൊഴുക്ക് സ്ഥായിയാക്കുന്നതിനാവശ്യമായ നീർത്തട പ്ലാനുകളും/ മാസ്റ്റർ പ്ലാനുകളും തയ്യാറാക്കുന്ന പ്രവർത്തനം പുരോഗമിച്ചുവരുന്നു. ജലസേചന വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ കൺവീനർമാരായ സാങ്കേതിക സമിതിയാണ് ഇതിന് നേതൃത്വം നൽകുന്നത്.

**ഭൂഗർഭ ജലത്തിന്റെ അളവ് കുറയുന്നതിന്റെ കാരണങ്ങൾ**

207 (4176) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമാന്യം നല്ല മഴ ലഭിച്ചിട്ടും കേരളത്തിൽ ഭൂഗർഭ ജലത്തിന്റെ അളവ് ക്രമാതീതമായി കുറയുന്നതിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഇത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) ഈ സർക്കാർ വന്നതിനുശേഷം വ്യാപകമായി മഴക്കുഴികൾ സ്ഥാപിച്ചിട്ടും ഭൂഗർഭ ജലത്തിന്റെ അളവ് കുറയുന്നതിന് കാരണം അന്വേഷിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ ചെങ്കുത്തായ ചരിവോടുകൂടിയ ഭൂപ്രകൃതിമൂലം ലഭിക്കുന്ന മഴവെള്ളം കടലിലേയ്ക്ക് അതിവേഗം ഒഴുകിപ്പോകുന്ന അവസ്ഥ, ഭൂവിനിയോഗത്തിൽ വന്ന മാറ്റങ്ങൾ ഭൂജലസംപോഷണ പ്രക്രിയയെ ബാധിക്കുന്നത്(വ്യാപകമായ കുന്നിടിച്ചിൽ, തണ്ണീർത്തടം നികത്തൽ, കോൺക്രീറ്റ് ടൈലുകൾ സ്ഥാപിക്കൽ) തുടങ്ങിയവ ജലം ഭൂമിക്കടിയിലേയ്ക്ക് സുഗമമായി ഊർന്നിറങ്ങുന്നതിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നു. തുറന്നകിണറുകളിൽ ഭൂജലനിരപ്പ് മഴ സമയങ്ങളിൽ അതിവേഗം ഉയരുമെങ്കിലും കരിങ്കൽ പ്രദേശത്ത് നിർമ്മിച്ചിട്ടുള്ള കുഴൽകിണർ തീരപ്രദേശത്ത് ആഴം കൂടിയ ട്യൂബ് വെൽ എന്നിവയിൽ ജലം ഊർന്നിറങ്ങുന്നതിന് കാലതാമസം നേരിടുന്നുണ്ട്.

(ബി&സി) ഭൂജലവിതാന ഡേറ്റ, പ്രദേശത്തെ മണ്ണിന്റെ ഘടന, മഴയുടെ ലഭ്യത, ഹൈഡ്രോജിയോളജിക്കൽ ഘടകങ്ങൾ എന്നിവ താരതമ്യം ചെയ്ത് കേരള ഭൂജലവകുപ്പും കേന്ദ്ര ഭൂജലബോർഡും സംയുക്തമായി പഠനം നടത്തി നിശ്ചിത കാലയളവിൽ സംസ്ഥാനത്തിന്റെ ഭൂജല സ്ഥിതിയെപ്പറ്റി റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ട്.

**ഭൂഗർഭ ജലത്തിന്റെ അമിതമായ ഉപയോഗം**

208 (4177) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> :
<u>ശ്രീ. കെ. ഡി. പ്രസേനൻ</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലവിതാനം ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ;

(ബി) ശരാശരി മഴ ലഭിക്കുന്ന വർഷങ്ങളിൽപ്പോലും വേനൽക്കാലത്ത് ജലക്ഷാമം രൂക്ഷമാകുന്ന സാഹചര്യത്തിൽ പരമ്പരാഗത ജല സ്രോതസ്സുകൾ, നീർച്ചാലുകൾ, അരുവികൾ തുടങ്ങിയവ സംരക്ഷിച്ച് ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഭൂഗർഭ ജലത്തിന്റെ അമിതമായ ഉപയോഗം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ഡി) ജലത്തിന്റെ ഉപഭോഗം നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് സംഘടിപ്പിച്ചിട്ടു ള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭൂജലവകുപ്പ്, സംസ്ഥാനത്ത് ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള 751 നിരീക്ഷണ കിണറുകളിൽനിന്നും എല്ലാ മാസവും ഭൂജലവിതാന ഡേറ്റ ശേഖരിച്ച് വിശകലനം ചെയ്തുവരുന്നു. ഇതിൽ 363 തുറന്ന കിണറുകളും 345 ബോർവെല്ലുകളും 43 ട്യൂബ്‌വെല്ലുകളും ഉൾപ്പെടുന്നു. 2018 ഏപ്രിൽ മാസത്തെ ഭൂജലവിതാനം ദശാബ്ദ (2008-2017) ശരാശരിയുമായി താരതമ്യം ചെയ്തപ്പോൾ തുറന്ന കിണറുകളിൽ 62% കിണറുകളിലും ഭൂജലവിതാനത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 93% കിണറുകളിലും 0-2 മീ. വരെ താഴെയാണ് ജലവിതാനത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുള്ളത്. കരിങ്കൽ പ്രദേശങ്ങളിലെ കുഴൽക്കിണറുകളിൽ (ബോർവെൽ) 68% കിണറുകളിലും ഭൂജലവിതാനത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 79% കിണറുകളിലും 0-2 മീ. വരെ താഴെയാണ് ഭൂജലവിതാനത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുള്ളത്. തീരപ്രദേശങ്ങളിലെ 58% ട്യൂബ്‌വെല്ലുകളിലും ഭൂജലവിതാനം കുറഞ്ഞതായി കാണുന്നു. ഇതിൽ 96% കിണറുകളിലും 0-2 മീ. വരെ താഴെയാണ് ജലവിതാനത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുള്ളത്. ഭൂജലവിതാന ഡേറ്റ, പ്രദേശത്തെ മണ്ണിന്റെ ഘടന, മഴയുടെ ലഭ്യത, ഹൈഡ്രോജിയോളജിക്കൽ ഘടകങ്ങൾ എന്നിവ താരതമ്യം ചെയ്ത് കേരള ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി പഠനം നടത്തി നിശ്ചിത കാലയളവിൽ സംസ്ഥാനത്തിന്റെ ഭൂജല സ്ഥിതിയെപ്പറ്റി റിപ്പോർട്ട് പ്രസിദ്ധീകരിക്കാറുണ്ട്. ഡയനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് ഓഫ് കേരള-മാർച്ച്-2013 വരെയുള്ള റിപ്പോർട്ട് അനുസരിച്ച് ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ 152 ബ്ലോക്കുകളെ ജലലഭ്യതയുടെ അടിസ്ഥാനത്തിൽ സുരക്ഷിത, ഗുരുതരം, അതീവ ഗുരുതരം, അമിത ബ്ലോക്കുകളായും തരംതിരിച്ച് ഭൂജലവിനിയോഗം ക്രമീകരിക്കുകയും ഭൂജലവിതാനം ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

2008-2009 വർഷത്തെ ആകെയുള്ള ഭൂജല ലഭ്യത 6.029 BCM ആയിരുന്നു. 2011 മാർച്ച് വരെയുള്ള റിപ്പോർട്ട് പ്രകാരം ആകെയുള്ള ഭൂജല ലഭ്യത 6.07 BCM ആയിരുന്നു. എന്നാൽ 2013 മാർച്ച് വരെയുള്ള ആകെ ഭൂജല ലഭ്യത 5.65 BCM ആണ്. 2011 മാർച്ച് മുതൽ 2013 മാർച്ച് വരെയുള്ള കാലയളവിൽ ഭൂജല ലഭ്യതയിൽ 0.42 BCM കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2017 മാർച്ച് വരെയുള്ള ഭൂജലസമ്പത്ത് കണക്കാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) കേരളത്തിലെ ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'ഹരിത കേരള മിഷൻ'. ഭൂജല വകുപ്പ് ഹരിതകേരളം പദ്ധതിയോട് ചേർന്ന് പ്രവർത്തിച്ച

വരുന്നു. ഭൂജലവകുപ്പിലെ ഉദ്യോഗസ്ഥർ ഈ മിഷനുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായം ഈ മിഷനിലൂടെ നൽകിവരുന്നു. ഭൂജലവകുപ്പ് 'ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണം, ദീർഘകാലാടിസ്ഥാനത്തിൽ വർൾച്ചയെ പ്രതിരോധിക്കുന്നതിന് സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2018-19 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ 350 ലക്ഷം രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ നിന്നും ലഭ്യമായിട്ടുള്ള കൃത്രിമ ഭൂജല സംപോഷണത്തിനായുള്ള 33-ഓളം പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ വകുപ്പിൽ പുരോഗമിച്ചുവരുന്നു. തുറന്ന കിണർ, ബോർവെൽ റീ ചാർജ്ജ്, മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ അനുയോജ്യമായ പ്രദേശങ്ങളിൽ അടിയണകളുടെ നിർമ്മാണം, ചെറിയ തടയണകളുടെ നിർമ്മാണം അടക്കമുള്ള സമഗ്ര കൃത്രിമ ഭൂജല സംപോഷണ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഭൂജലവകുപ്പിന് 2017-18 സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 157 ലക്ഷം രൂപ ബജറ്റിൽ അനുവദിച്ചിരുന്നു. തുറന്ന കിണർ വഴിയുള്ള 83 കൃത്രിമ ഭൂജല സംപോഷണ പദ്ധതികളും കുഴൽക്കിണർ വഴിയുള്ള 5 റീചാർജ്ജ് പദ്ധതികളും 18 പുനരുദ്ധാരണ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) വിജ്ഞാപനം ചെയ്യപ്പെട്ട ബ്ലോക്കുകളിൽ കുഴൽക്കിണർ നിർമ്മാണത്തിന് 'ഭൂജല (നിയന്ത്രണവും ക്രമീകരണവും) 2002 ആക്ട് ' പ്രകാരം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരള കെട്ടിട നിർമ്മാണ ചട്ടം ചാപ്റ്റർ (14), 91 & 93 (എ) എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്ത് കുഴൽക്കിണറുകൾ/ ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റും ഭൂജല വകുപ്പിന്റെ അനുമതിയും 10-1-2014 മുതൽ നിർബന്ധമാണ്.

(ഡി) ഭൂജല വകുപ്പ് 'ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും' പദ്ധതിയിൻ കീഴിൽ ഭൂജല ഉപഭോഗം, സംരക്ഷണം എന്നീ വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും വിദ്യാർത്ഥികൾക്കും ബോധവത്കരണ സെമിനാറുകൾ ജില്ലകളിൽ സംഘടിപ്പിച്ചുവരുന്നു.

## ഭൂഗർഭജലനിരപ്പ് കുറയുവാനുള്ള കാരണം

209 (4178) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ടൽക്കാടുകൾ അടക്കം കേരളത്തിലെ കാടുകളും മരങ്ങളും വ്യാപകമായി നശിപ്പിക്കുന്നത് സംസ്ഥാനത്തെ ഭൂഗർഭ ജലനിരപ്പ് കുറയുവാനുള്ള കാരണമായോ എന്ന് വെളിപ്പെടുത്തുമോ;

(ബി) ആണെങ്കിൽ വികസനത്തിന്റെ പേരിൽ സംസ്ഥാനത്തെ കണ്ടൽക്കാടുകൾ വ്യാപകമായി നശിപ്പിക്കുന്നതിനെതിരെ ജലവിഭവ വകുപ്പ് നിലപാടെടുക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ഭൂഗർഭ ജലനിരപ്പ് കുറയുന്നതിന് കേരളത്തിലെ കണ്ടൽക്കാടുകളടക്കം കാടുകളും മരങ്ങളും വ്യാപകമായി നശിപ്പിക്കുന്നത് കാരണമായോ എന്നതുസംബന്ധിച്ച് ഭൂജല വകുപ്പ് പഠനങ്ങൾ ഒന്നുംതന്നെ നടത്തിയിട്ടില്ല.

**ജലസംരക്ഷണത്തിനായി കരുതൽ നടപടികൾ**

210 (4179) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കാലവർഷം ആരംഭിച്ച സാഹചര്യത്തിൽ ജലസംരക്ഷണത്തിനായി എന്തെല്ലാം കരുതൽ നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കനാലുകളുടെ നവീകരണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാലവർഷ സമയത്ത് ലഭ്യമാകുന്ന മഴവെള്ളം പരമാവധി ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2017-18 സാമ്പത്തികവർഷത്തിൽ 536 കുളങ്ങൾ മാലിന്യമുക്തമാക്കി സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ തടയണകൾ, വെന്റഡ് ക്രോസ് ബാർ തുടങ്ങിയവ നിർമ്മിച്ചും കേടായവ നവീകരിച്ചും പരമാവധി ജലം സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഡാമുകളിൽ സംഭരിക്കാൻ കഴിയുന്നത്ര ജലം സംഭരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കേരള ജല അതോറിറ്റിയിൽ ഗ്യാലറി വൃത്തിയാക്കൽ, കിണറുകളിലെ ചെളിയും മണലും നീക്കം ചെയ്യൽ തുടങ്ങിയ പ്രവൃത്തികളിലൂടെ കാലവർഷത്തിൽ ലഭ്യമാകുന്ന ജലം പരമാവധി കിണറുകളിലും ഗ്യാലറികളിലും സംരക്ഷിക്കാൻ സാധിക്കും. ജലസ്രോതസ്സുകൾക്കുചുറ്റും സാധ്യമായ ഇടങ്ങളിൽ മഴക്കുഴി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. അതോറിറ്റിയുടെ ഓഫീസ് പ്രവർത്തിക്കുന്ന സ്വന്തം കെട്ടിടങ്ങളിൽ മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം സംഭരിക്കുവാൻ സംവിധാനം ഒരുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം I-ന്റെ കാര്യാലയത്തിന് കീഴിലുള്ള വിവിധ ജലസേചന പദ്ധതികളുടെ ഡാമുകളിൽ പരമാവധി ജലം സംഭരിക്കുന്നുണ്ട്.

ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം II-ന്റെ കാര്യാലയവുമായി ബന്ധപ്പെട്ട് ഡാമുകളിലെ ഷട്ടറുകൾ, വാൽവുകൾ എന്നിവ അടച്ചുകൊണ്ട് പരമാവധി ജലസംഭരണം ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ പുഴകൾക്ക് കുറുകെ നിർമ്മിച്ചിട്ടുള്ള റെഗുലേറ്ററുകൾ, സ്ലുയിസുകൾ എന്നിവയിലെ ഷട്ടറുകളും അടച്ച് ജലസംഭരണം ഉറപ്പുവരുത്തിയിട്ടുണ്ട്. ഭൂജലവകുപ്പ് 'ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജലസംപോഷണം, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2018-19 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ 350 ലക്ഷം രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. വിവിധ ജില്ലകളിൽ നിന്നും ലഭ്യമായിട്ടുള്ള കൃത്രിമ ഭൂജല സംപോഷണത്തിനായുള്ള 33-ഓളം പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള പ്രാരംഭപ്രവൃത്തികൾ വകുപ്പിൽ പുരോഗമിച്ചുവരുന്നു. തുറന്ന കിണർ, ബോർവെൽ റീച്ചാർജ്ജ്, മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ അനുയോജ്യമായ പ്രദേശങ്ങളിൽ അടിയണകളുടെ നിർമ്മാണം, ചെറിയ തടയണകളുടെ നിർമ്മാണം അടക്കമുള്ള സമഗ്ര കൃത്രിമ ഭൂജല സംപോഷണ പദ്ധതികളാണ് വിഭാവന ചെയ്തിട്ടുള്ളത്. ജലനിധി രണ്ടാം ഘട്ട പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളിലെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനായി ഭൂഗർഭജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ പോയിന്റ് റീചാർജ്ജ് (കിണറുകളുടെ സമീപത്തുള്ള കെട്ടിടത്തിൽനിന്നും കിണറിലേയ്ക്ക് വെള്ളം ഫിൽറ്റർ ചെയ്ത് കിണർ റീചാർജ്ജ് ചെയ്യുന്ന പദ്ധതി), റൂഫ് വാട്ടർ ഹാർവെസ്റ്റിംഗ്, ചെറുകിട തടയണകൾ (small checkdams), ഗാബിയൻ സ്ട്രക്ച്ചർ (Gabion structure), റെഡിയൽ ആം (Radial Arm), നീർക്കുഴികൾ, ഓട (ഓവ്ചാൽ നിർമ്മാണം), ഭൂഗർഭ തടയണകൾ (Sub-suface dyke), വെന്റഡ് ക്രോസ് ബാർ (Vented Cross Bar), മണ്ണുസംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് ഭൂജല പരിപോഷണത്തിനായി നടപ്പിലാക്കിവരുന്നു. പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിച്ചുവരികയാണ്. കൂടാതെ മഴകേന്ദ്രത്തിന്റെ നേതൃത്വത്തിൽ സംസ്ഥാന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 'മഴവെള്ള സംഭരണം ഭൂജല പരിപോഷണം' പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി വീടുകളിൽ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിന് 10000 ലിറ്റർ സംഭരണശേഷിയുള്ള ടാങ്കുകൾ നിർമ്മിച്ച് നൽകിവരുന്നു. വീടുകളിലെ തുറന്ന കിണർ റീചാർജ്ജ് ചെയ്യുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) കേരളത്തിലെ ഡാമുകളിലും റിസർവ്വോയറുകളിലും കെട്ടിക്കിടക്കുന്ന എക്കലും മണലും നീക്കംചെയ്ത് ഡാമുകളുടെ സംഭരണശേഷി പൂർവ്വ രൂപത്തിലാക്കുന്നതിനും ലഭിക്കുന്ന മണൽ, കളിമണ്ണ് എന്നിവ പ്രയോജനപ്പെടുത്തുവാനും സമർപ്പിച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്വർ (SOP) അംഗീകാരം ലഭിച്ചിട്ടുണ്ട്. SOP-യിൽ പറഞ്ഞിരിക്കുന്ന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് പൈലറ്റ് പദ്ധതികളിലായി മംഗലം, ചുള്ളിയാർ എന്നീ ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്തുവാനും അംഗീകാരം നൽകി. ഈ ഡാമുകളിലെ റിസർവ്വോയറുകളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലിൽ അടങ്ങിയിരിക്കുന്ന വിവിധ ഘടകങ്ങളുടെ അളവ് വിലയിരുത്തുന്നതിനായി സാമ്പിളുകൾ ശേഖരിക്കുന്ന പ്രവൃത്തി നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിനെയും (NCESS) വിവിധ ഘടകങ്ങളുടെ അളവ് കണ്ടെത്തുന്നതിന് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെയും (KERI) ഏൽപ്പിക്കുകയും സാമ്പിൾ ശേഖരണവും അനാലിസിസും മംഗലം, ചുള്ളിയാർ എന്നീ അണക്കെട്ടുകളിൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ചുള്ളിയാർ റിസർവ്വോയറിലെ ഡീസിൽറ്റേഷനുവേണ്ടിയുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കൽ പൂർത്തീകരിക്കുകയും മംഗലം റിസർവ്വോയറിലെ DPR തയ്യാറാക്കൽ പുരോഗമിക്കുകയും ചെയ്യുന്നു. ഈ രണ്ട് റിസർവ്വോയറുകളിലും ഗ്ലോബൽ ടെണ്ടർ വഴി ഡീസിൽറ്റിംഗ് പ്രവൃത്തി നടത്തുവാനാണ് ലക്ഷ്യമിടുന്നത്. ഈ റിസർവ്വോയറുകളിൽ നിന്നും ഡീസിൽറ്റേഷൻ നടത്തുമ്പോൾ ഉണ്ടായേക്കാവുന്ന തടസ്സങ്ങളും മറ്റ് പഠന വിവരങ്ങളും വിലയിരുത്തി SOP-യിൽ ആവശ്യമായ ഭേദഗതികൾ വരുത്തി പുതുക്കിയ SOP പ്രകാരം ബാക്കി ഡാമുകളിൽ ഡീസിൽറ്റിംഗ് നടത്തുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കല്ലട, മലമ്പുഴ, നെയ്യാർ, കുറ്റ്യാടി, കാഞ്ഞിരപ്പുഴ, പീച്ചി എന്നീ അണക്കെട്ടുകളിൽ മേൽപ്രതിപാദിച്ചിരിക്കുന്ന പ്രകാരം ഡീസിൽറ്റേഷൻ നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ എടുത്തു. ഇവ കൂടാതെ ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന DRIP പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഡാമുകളുടെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു. ഇവമൂലം സംഭരണശേഷി പൂർണ്ണരൂപത്തിൽ ആക്കാവുന്നതാണ്.

ഡ്രോട്ട് മിറ്റിഗേഷൻ മെഷേഴ്സിന്റെ ഭാഗമായി അരുവിക്കര റിസർവോയറിന്റെ സംഭരണശേഷി കൂട്ടുന്നതിനായി ഒരു പൈലറ്റ് പ്രോജക്ട് നടപ്പാക്കുന്നതിലേയ്ക്കായി പഠനങ്ങൾ നടത്തിവരുന്നു. കുടിവെള്ളം മലിനമാകാതെയും പരിസ്ഥിതിക്ക് കോട്ടം തട്ടാതെയും ചെളി നീക്കം ചെയ്യാനുള്ള വിവിധ സാങ്കേതികവിദ്യകളുടെ അനുയോജ്യതയും കാര്യക്ഷമതയും പരിശോധിച്ചുവരുന്നു. കൂടാതെ ഇത്തരത്തിൽ നീക്കം ചെയ്ത വിവിധ ഘടകങ്ങൾ (മണൽ, ക്ലേ മുതലായവ) വേർതിരിക്കുവാനുള്ള സാങ്കേതികവിദ്യകളുടെ അനുയോജ്യതയും കാര്യക്ഷമതയുംകൂടി പഠനവിഷയമാക്കിയിട്ടുണ്ട്.

(സി) ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം I-ന്റെ കാര്യാലയത്തിന് കീഴിലുള്ള പൂർത്തീകരിച്ച ജലസേചന പദ്ധതികളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി നീക്കി വയ്ക്കുന്ന ഫണ്ട് ഉപയോഗപ്പെടുത്തി തുകയ്ക്ക് അനുസൃതമായി കനാലുകളുടെ അറ്റകുറ്റ പ്രവൃത്തികൾ എല്ലാ വർഷവും നടത്തിവരാറുണ്ട്. കൂടാതെ പഴശ്ശി, കുറ്റ്യാടി, ചിറ്റൂർപ്പുഴ എന്നീ പദ്ധതികൾക്കായി നടപ്പു സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുള്ള തുക ഉപയോഗിച്ച് നവീകരണ പ്രവൃത്തികൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം II-മായി ബന്ധപ്പെട്ട് എല്ലാ വർഷവും ഈ കാര്യാലയത്തിന് കീഴിലുള്ള പദ്ധതികളിലെ കനാലുകളുടെ അറ്റകുറ്റപ്പണികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടത്തുകയും കനാൽ ശൃംഖലകളിൽ കൂടിയുള്ള ജലവിതരണം കാര്യക്ഷമമായി നടത്തുകയും ചെയ്യുന്നുണ്ട്. ചീഫ് എഞ്ചിനീയർ, ഐ. ഡി. ആർ. ബി.-യുടെ ഭരണ പരിധിയിൽ വരുന്ന പീച്ചി ജലസേചന പദ്ധതിയുടെ കനാലിന്റെ അറ്റകുറ്റപ്പണികൾ സാമ്പത്തിക ഭരണ സാങ്കേതിക അനുമതികൾ അതത് ഉദ്യോഗസ്ഥരുടെ അധികാര പരിധിക്കുള്ളിൽ യഥാക്രമം നൽകുകയും വാർഷികാടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ കൃത്യമായി ചെയ്തുവരുന്നു.

## ഭൂഗർഭജലം മലിനമാകുന്നത് തടയാൻ നടപടികൾ

211 (4180) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ ഭൂഗർഭജലം മലിനമാകുന്നത് കേരളത്തിലാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓടകളിൽ നിന്നുമുള്ള മലിനജലമാണ് ഭൂഗർഭജലം മലിനമാകുന്നതിനുള്ള പ്രധാനമായ കാരണം എന്നത് വസ്തുതയാണോ;

(സി) ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ഇതുസംബന്ധിച്ച പഠനങ്ങളൊന്നും ഭൂജല വകുപ്പ് നടത്തിയിട്ടില്ല; ബാധകമല്ല.

## പെറ്റ്കോക്ക് പ്ലാന്റ്

212 (4181) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിൻ റിഫൈനറിയുടെ പെറ്റ്കോക്ക് പ്ലാന്റിനുവേണ്ടി സ്ഥലം നികത്തിയപ്പോൾ ചിത്രപ്പുഴകുടി നികത്തപ്പെട്ടതിന്റെ ഫലമായി ഇരുമ്പനം, ചിത്രപ്പുഴ പ്രദേശങ്ങളിലെ കിണറുകളിലെ നീരുറവ വറ്റിയതായും കിണറുകളിലെ കുടിവെള്ളം മലിനപ്പെട്ടതായുമുള്ള പ്രദേശവാസികളുടെ വ്യാപക പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഷയം സംബന്ധിച്ച് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇല്ലെങ്കിൽ ഈ വിഷയം സംബന്ധിച്ച് നടപടി സ്വീകരിക്കുമോ;

(സി) മേൽസൂചിപ്പിച്ച പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ വിഷയം സംബന്ധിച്ച പരാതികളൊന്നും ലഭിച്ചിട്ടില്ല.

(സി) തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള ചിത്രപ്പുഴ, ഇരുമ്പനം മേഖലകളിലെ ചില പ്രദേശങ്ങളിൽ തൃപ്പൂണിത്തുറ ശുദ്ധജല വിപുലീകരണ പദ്ധതിയുടെ 24-4-2018-ലെ ഭാഗികമായ കമ്മീഷനിംഗിനുശേഷം ദിവസേന ശുദ്ധജലം എത്തിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് സാധിക്കുന്നുണ്ട്. മുമ്പ് ആഴ്ചയിൽ ഒരിക്കൽ മാത്രമാണ് മേൽപ്രദേശങ്ങളിൽ ശുദ്ധജല വിതരണം നടത്തിയിരുന്നത്.

## ജല ഉപയോഗം ക്രമീകരിക്കുന്നതിന് ബോധവത്കരണ പരിപാടികൾ

213 (4182) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുദ്ധജല ലഭ്യത ക്രമാതീതമായി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ജല ഉപയോഗം ക്രമീകരിക്കുന്നതിനായി ജനങ്ങൾക്ക് ബോധവത്കരണം നല്കുന്നതിന് പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ജലമലിനീകരണം വർദ്ധിച്ച ജനസാന്ദ്രത, ഭൂവിനിയോഗത്തിലെ മാറ്റം, ജല ഉപയോഗത്തിൽ വന്ന മാറ്റം, ജീവിതശൈലിയിലെ മാറ്റം തുടങ്ങിയ ഘടകങ്ങളുടെ ഫലമായി ജലലഭ്യത കുറഞ്ഞുവരുന്നു. ഇക്കാര്യങ്ങൾ പൊതുസമൂഹത്തിൽ ചർച്ച ചെയ്യുന്നതിനും വിദ്യാർത്ഥികളിൽ അവബോധം വളർത്തുന്നതിനും വിവിധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിൽ പ്രധാനം ജലദിനം (മാർച്ച് 22), തണ്ണീർത്തടദിനം (ഫെബ്രുവരി 2), ലോക പരിസ്ഥിതി ദിനം (ജൂൺ 5) എന്നിവയോടനുബന്ധിച്ച് നടത്തുന്ന പ്രവർത്തനങ്ങളാണ്. ജലത്തിന്റെ ദുരുപയോഗം നിരുത്സാഹപ്പെടുത്തുന്നതിനും ഉപയോഗം പരിമിതപ്പെടുത്തുന്നതിനും ജലസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി ദൃശ്യ, ശ്രാവ്യ, പത്രമാധ്യമങ്ങൾ വഴിയുള്ള പ്രചരണം, സോഷ്യൽ മീഡിയ വഴിയുള്ള ബോധവത്കരണം എന്നിവ ആസൂത്രണം ചെയ്യുന്നുണ്ട്. ആയതിലേയ്ക്കായി സ്റ്റേറ്റ് പ്ലാൻ 2017-18-ൽ കേരള ജല അതോറിറ്റിക്കായി 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ ഇതുസംബന്ധിച്ച പ്രചാരണം വാട്ടർ ബിൽ കാമ്പസുകളിൽ സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ, ഇൽ.ഇ.ഡി. ബോർഡുകൾ തുടങ്ങിയവവഴി നടത്തുന്നുണ്ട്. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സാക്ഷരതാ മിഷൻ അതോറിറ്റി, കുടുംബശ്രീ മിഷൻ എന്നിവയുടെ സഹകരണത്തോടെ ജലമാണ് ജീവൻ എന്ന ക്യാമ്പയിൻ സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ചു. ഇതിനായി വിശദമായ ഒരു കൈപ്പുസ്തകം തയ്യാറാക്കി എല്ലാ കുടുംബശ്രീ യൂണിറ്റുകൾ വഴിയും ഗ്രന്ഥശാലകൾ വഴിയും വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഇതുകൂടാതെ ഹരിത കേരളം മിഷൻ സംസ്ഥാനത്തെ സ്കൂളുകളിൽ സംഘടിപ്പിച്ചിട്ടുള്ള ഹരിതോത്സവത്തിന്റെ ഭാഗമായും ഇത്തരം പ്രചാരണങ്ങൾ നടത്തുന്നുണ്ട്.

ഹരിത കേരളം മിഷന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ചും സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചും തിരുവനന്തപുരത്ത് സംസ്ഥാനാടിസ്ഥാനത്തിലും മറ്റ് എല്ലാ ജില്ലകളിലും ലോക കേരളസഭയുടെ ഭാഗമായി സംഘടിപ്പിച്ച വസന്തോത്സവത്തിൽ കനകക്കുന്നിലും പഞ്ചായത്ത് ദിനാഘോഷത്തിന്റെ ഭാഗമായി പെരിന്തൽമണ്ണയിലും വളരെ ശ്രദ്ധേയവും ആകർഷകവുമായ രീതിയിൽ പ്രദർശനങ്ങൾ സംഘടിപ്പിച്ചും പ്രചരണ പ്രവർത്തനങ്ങൾ നടത്തി. ഇതുകൂടാതെ ഹരിത സംഗമത്തിന്റെ ഭാഗമായി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ശ്രദ്ധേയമായ പ്രദർശനങ്ങൾ സംഘടിപ്പിച്ചിരുന്നു. ജലസംരക്ഷണത്തിന്റെ ആവശ്യകത വിഷയമാക്കി ഹ്രസ്വ ആനിമേഷൻ വീഡിയോകൾ നിർമ്മിക്കുകയും സമൂഹ മാധ്യമമുൾപ്പെടെ വിവിധ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്തു. ജല ഉപയോഗം ക്രമീകരിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ കൂടിയുൾപ്പെടുന്ന ഗാനങ്ങൾ അടങ്ങിയ സി. ഡി. തയ്യാറാക്കുകയും പ്രസ്തുത ഗാനങ്ങൾ

സമൂഹ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്തു. ജലസംരക്ഷണവും ജലമിതവ്യയവും പ്രധാന ചർച്ചാ വിഷയമാക്കിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വാർഡടിസ്ഥാനത്തിൽ ജലപാർലമെന്റുകൾ സംഘടിപ്പിച്ചു. ജലനിധി പഞ്ചായത്തുകളിൽ ബോധവത്കരണം നടത്തുന്നതിനായി സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, വാർഡ് മെമ്പർമാർ, കുടിവെള്ള ഗുണഭോക്തൃ സമിതികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ചർച്ചകളും ബോധവത്കരണ പരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. ഇത് തുടർച്ചയായി നടക്കുകയും ചെയ്യുന്നു. ജലനിധി പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ കുട്ടികളെ ജലസംരക്ഷണത്തെക്കുറിച്ചും അതിന്റെ ഉപയോഗം ക്രമീകരിക്കുന്നതിനെക്കുറിച്ചും ബോധവത്കരിക്കുന്നതിന് സ്കൂൾ തലത്തിൽ ജലശ്രീക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ജലസമൃദ്ധി എന്ന പേരിൽ ഒരു പ്രത്യേക പരിപാടി കമ്മ്യൂണിറ്റി റേഡിയോ വഴി അതത് സ്ഥലത്തെ പ്രാദേശിക ഭാഷയിൽ പ്രക്ഷേപണം നടത്തിയിട്ടുണ്ട്. കുടുംബശ്രീ, യൂത്ത് ക്ലബ്ബുകൾ, ജലശ്രീ ക്ലബ്ബുകൾ, മറ്റ് സാമൂഹിക സമിതികൾ എന്നിവയെ ഉൾപ്പെടുത്തി ബോധവത്കരണ പരിപാടികളും ജനസമ്പർക്ക പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

ജനങ്ങളെ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്ന ശീലത്തിലേയ്ക്ക് ബോധവത്കരണ പരിപാടിയിലൂടെ കൊണ്ടുവരുന്നതിൽ ജലനിധിയുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രം മുഖ്യ പങ്കുവഹിക്കുന്നുണ്ട്. സംസ്ഥാന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന 'മഴവെള്ള സംഭരണം-ഭൂജല പരിപോഷണം' പദ്ധതി നടപ്പിലാക്കുന്ന ഗ്രാമ പഞ്ചയാത്തുകളിൽ പ്രസ്തുത വിഷയത്തെ ആസ്പദമാക്കി ജനങ്ങൾക്ക് ബോധവത്കരണ സെമിനാറുകൾ നടത്തുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്നതിന്റെ ആവശ്യകതയെ പ്രചരിപ്പിക്കുന്നതിന് വേണ്ടി മാതൃകാ മഴവെള്ള സംഭരണികൾ തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിലും ഗ്രാമ പഞ്ചായത്തുകളിലും നിർമ്മിച്ച് നൽകുന്നു. ജലസംരക്ഷണം, ഭൂജലപരിപോഷണം എന്നിവയ്ക്കുള്ള പ്രചരണ പരിപാടികൾ കമ്മ്യൂണിക്കേഷൻ ആൻഡ് കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റും (CCDU) നടത്തുന്നുണ്ട്.

## ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിന് ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങൾ

214(4183) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലത്തിന്റെ ശരിയായ വിനിയോഗവും ആസൂത്രണവും അഭംഗുരമായ സംരക്ഷണവും ജലനയത്തിൽ വിഭാവനം ചെയ്യുന്നുണ്ടോ;

(ബി) എങ്കിൽ തദനുസൃതമായി ജലലഭ്യത ഉറപ്പുവരുത്തുവാൻ ജലവിഭവ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) സംസ്ഥാനത്തെ കിണറുകളിൽ 80 ശതമാനവും മലിനമാണെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ശുദ്ധമായ കുടിവെള്ളം ജനങ്ങൾക്ക് ലഭ്യമാക്കുവാൻ വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാന ജലവിഭവ കൗൺസിൽ ശിപാർശയുടെ അടിസ്ഥാനത്തിൽ അംഗീകരിച്ച ജലനയം 2008-ൽ ജലത്തിന്റെ ശാസ്ത്രീയമായ വിനിയോഗവും ആസൂത്രണവും സംരക്ഷണവും വിഭാവനം ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ ജലവിഭവത്തിന്റെ സുസ്ഥിരമായ പരിപാലനത്തിന് സൂക്ഷ്മ നീർത്തടങ്ങളുടെ അടിസ്ഥാനത്തിലുള്ള ആസൂത്രണവും പാരിസ്ഥിതിക സമീപനവുമാണ് ആവശ്യമെന്ന് ജലനയം വ്യക്തമാക്കുന്നു.

(ബി) ജലവിഭവത്തിന്റെ സുസ്ഥിരതയ്ക്കും സ്രോതസ്സുകളുടെ സുസ്ഥിരതയ്ക്കുമായി സൂക്ഷ്മ നീർത്തടങ്ങളെ അടിസ്ഥാന ഘടകമാക്കിക്കൊണ്ടുള്ള വികസന സമീപനമാണ് നിലവിൽ സ്വീകരിച്ചുവരുന്നത്. സമഗ്ര നീർത്തടാധിഷ്ഠിത ആസൂത്രണം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഗ്രാമ/ബ്ലോക്ക് തലത്തിൽ രൂപീകൃതമായിട്ടുള്ള സാങ്കേതിക സമിതികൾ മുഖേന ജനപങ്കാളിത്തത്തോടുകൂടി പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായാണ് സാങ്കേതിക സമിതികൾക്ക് രൂപംനൽകിയിട്ടുള്ളത്. ഓരോ നീർത്തടത്തിനകത്തും വരുന്ന എല്ലാതരം ജലസ്രോതസ്സുകളുടെയും വിവരശേഖരണം നടത്തി 'റിഡ്ജ് ടു വാലി' (മുകളിൽ നിന്ന് താഴേയ്ക്ക്) സമീപനത്തിൽ സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കുക എന്നതാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വിവിധ വകുപ്പുകളുടെയും ജനങ്ങളുടെയും പങ്കാളിത്തത്തോടെയും ഏകോപനത്തോടെയും നിർവ്വഹിക്കുന്ന പ്രവർത്തനങ്ങൾ വഴി ജലലഭ്യത ഉറപ്പുവരുത്താൻ കഴിയും. ഇതുവഴി നദികളിലേയ്ക്ക് എത്തിച്ചേരുന്ന ജലത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനും സ്ഥായിയാക്കുന്നതിനും സാധിക്കും. നദികളും തടാകങ്ങളും ഡാമുകളോടനുബന്ധിച്ചുള്ള ജലസംഭരണികളുമാണ് ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ പ്രധാന സ്രോതസ്സ്. ഇവയിൽ ജലലഭ്യത ഉറപ്പാക്കാനായി സാങ്കേതികമായി സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ചെക്ക് ഡാമുകളും റെഗുലേറ്റർ-കം-ബ്രിഡ്ജുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ധനലഭ്യതയ്ക്കനുസരിച്ച് സ്വീകരിച്ചു വരുന്നു. ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം I-ന്റെ കാര്യാലയത്തിന് കീഴിലുള്ള വിവിധ ജലസേചന പദ്ധതികളുടെ ഡാമുകളിൽ പരമാവധി ജലം സംഭരിക്കുകയും അതുവഴി ജലസേചനത്തിന് ആവശ്യമായ ജലലഭ്യത ഉറപ്പുവരുത്താൻ സാധിക്കുകയും ചെയ്യുന്നു. ഇതിനുപുറമെ

വിവിധ ജലസേചന പദ്ധതികളുടെ റിസർവ്വോയറുകളിൽനിന്നും കേരള ജല അതോറിറ്റി മുഖേനയും വിവിധ പഞ്ചായത്തുകൾക്കും കുടിവെള്ളാവശ്യത്തിനുള്ള ജലം നൽകാനും സാധിക്കുന്നു.

ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം II-ന്റെ കാര്യാലയവുമായി ബന്ധപ്പെട്ട് കനാലുകളുടെയും ഡാമുകളുടെയും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി പരമാവധി ജലം സംഭരിച്ച് വിതരണം ചെയ്യുന്നു. ജലലഭ്യത പൂർണ്ണമായോ ഭാഗികമായോ ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ/കുഴൽക്കിണർ കൈപമ്പ് പദ്ധതികൾ ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ "ഭൂജല സംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും" പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽക്കിണർ എന്നിവ വഴിയുള്ള ഭൂജല സംപോഷണം, ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കി വരുന്നു. ഇത്തരം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ സാങ്കേതിക സഹായവും നൽകിവരുന്നു. ജലസംരക്ഷണത്തെക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സുകളും വകുപ്പ് സംഘടിപ്പിച്ചുവരുന്നു. ജലനിധി രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളിലെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ജല സംരക്ഷണത്തിനായി ജലനിധി കിണറുകളിൽ പോയിന്റ് റീചാർജ്ജ് (കിണറുകളുടെ സമീപത്തുള്ള കെട്ടിടത്തിൽനിന്നും കിണറിലേയ്ക്ക് വെള്ളം ഫിൽറ്റർ ചെയ്ത് കിണർ റീചാർജ്ജ് ചെയ്യുന്ന പദ്ധതി), റൂഫ് വാട്ടർ ഹാർവെസ്റ്റിംഗ്, ചെറുകിട തടയണകൾ (small checkdams),ഗാബിയൻ സ്ട്രക്ചർ (Gabion structure), റേഡിയൽ ആം (Radial Arm), നീർക്കുഴികൾ, ഓട (ഓവ്ചാൽ നിർമ്മാണം), ഭൂഗർഭ തടയണകൾ (Sub-suface dyke), വെന്റഡ് ക്രോസ് ബാർ (Vented Cross Bar), മണ്ണുസംരക്ഷണം, കിണറുകളുടെ സംരക്ഷണം, കുളങ്ങളുടെ സംരക്ഷണം എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് ഭൂജല പരിപോഷണത്തിനായി നടപ്പിലാക്കിവരുന്നു. പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശുദ്ധീകരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിച്ച് വരികയാണ്.

കൂടാതെ മഴകേന്ദ്രത്തിന്റെ നേതൃത്വത്തിൽ സംസ്ഥാന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാന പ്ലാൻ സ്കീമിലെ 'മഴവെള്ള സംഭരണം-ഭൂജല പരിപോഷണം' പദ്ധതിവഴി വ്യക്തിഗത കുടുംബങ്ങൾക്കും സ്കൂളുകൾക്കും മഴവെള്ളം ഫിൽറ്റർ ചെയ്ത് ഉപയോഗി ക്കുന്നതിനായി 10000 ലിറ്ററിന്റെ മഴവെള്ള സംഭരണി നിർമ്മിച്ച് നൽകിവരുന്നു. ഇതിൽ അധികമായി സംഭരിക്കുന്ന മഴവെള്ളം തുറന്ന കിണറിലേയ്ക്കോ റീചാർജ്ജ് പിറ്റിലേയ്ക്കോ തിരിച്ചുവിടുന്നതുവഴി ഭൂഗർഭ ജലസംവർദ്ധനത്തിന് സഹായകരമാകുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി മഴവെള്ളം ഫിൽറ്റർ ചെയ്ത്

തുറന്ന കിണറുകൾ റീചാർജ്ജ് ചെയ്യുന്ന പ്രവർത്തനം തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് നടപ്പിലാക്കി നൽകുന്നു. മഴകേന്ദ്രം കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്മെന്റ് യൂണിറ്റ് (സി. സി. ഡി. യു.) എന്നിവ വഴി ജലസംരക്ഷണം, ഭൂജല പരിപോഷണം എന്നിവയുള്ള പ്രചരണ പരിപാടികൾ നടത്തിവരുന്നു.

(സി) പൊതുജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കി ശുദ്ധജല സ്രോതസ്സുകളാക്കി നിലനിർത്താനുള്ള പ്രവൃത്തികൾ ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ച് വരുന്നു. കേരള ജല അതോറിറ്റിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എല്ലാവർക്കും ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനായി ധനലഭ്യത അനുസരിച്ച് പദ്ധതികൾ ആവിഷ്കരിക്കുകയും നിലവിലുള്ള പദ്ധതികൾ വിപുലീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ നിലവിലുള്ള പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ, നബാർഡ് എന്നിവയുടെ സഹായത്തോടുകൂടി കേരള ജല അതോറിറ്റി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. 2017-18 സാമ്പത്തിക വർഷം ഭൂജലവകുപ്പിന് കുഴൽക്കിണർ നിർമ്മാണം, ചെറുകിട കുടിവെള്ള വിതരണ പദ്ധതി, കൈപമ്പ് അറ്റകുറ്റപ്പണികൾ, ചെറുകിട കുടിവെള്ള പദ്ധതി നവീകരണം എന്നീ പ്രവർത്തനങ്ങൾക്ക് ബജറ്റ് വിഹിതമായി ഭൂഗർഭജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൽ 2702-02-103-99 ശീർഷകത്തിൽ 25 ലക്ഷം രൂപയും 4702-00-102-94 ശീർഷകത്തിൽ 75 ലക്ഷം രൂപയും അനുവദിച്ചിരുന്നു. കൂടാതെ വരൾച്ചാ ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തി ഇത്തരം പ്രവർത്തനങ്ങൾക്കായി e-LAMS വഴി 432 ലക്ഷം രൂപയും അനുവദിച്ചിരുന്നു. കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 41 ചെറുകിട കുടിവെള്ള പദ്ധതികളും 5 കുഴൽക്കിണർ കൈപമ്പ് പദ്ധതികളും 35 കുഴൽക്കിണർ നിർമ്മാണവും 1300 കുഴൽക്കിണർ കൈപമ്പ് അറ്റകുറ്റപ്പണികളും 117 ചെറുകിട കുടിവെള്ള പദ്ധതികളും ഈ തുക പൂർണ്ണമായും ചെലവഴിച്ചുകൊണ്ട് പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതി വഴി 19428 കുടുംബങ്ങൾക്കും 3 സ്കൂളുകൾക്കും കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ഭൂഗർഭജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൽപ്പെടുത്തി 3 കോടി രൂപ വിവിധ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. 11 ചെറുകിട കുടിവെള്ള പദ്ധതികൾ, 12 കുഴൽക്കിണർ നിർമ്മാണം, 3190 കുഴൽക്കിണർ കൈപമ്പ് അറ്റകുറ്റപ്പണികൾ, 25 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള അനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങൾ, നാഷണൽ സർവ്വീസ് സ്കീം, ആശാ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണത്തോടെ സ്വകാര്യ വ്യക്തികളുടേതുൾപ്പെടെ കിണറുകളിലെ കുടിവെള്ള ഗുണനിലവാര പരിശോധന

സി.സി.ഡി.യു. നടത്തിവരുന്നു. കുടിവെള്ളത്തിലെ പി. എച്ച്., നൈട്രേറ്റ്, ഇരുമ്പ്, ക്ലോറൈഡ്, ഫ്ലൂറൈഡ്, ബാക്ടീരിയയുടെ സാന്നിദ്ധ്യം എന്നിവ പരിശോധനയ്ക്ക് വിധേയമാക്കുന്നു. ഓരോ സ്രോതസ്സിലെയും പ്രശ്നങ്ങൾക്ക് അനുസൃതമായി കിണറുകളുടെ പരിസര ശുചീകരണം, കിണർ റീചാർജ്ജിംഗ്, കുമ്മായം ചേർക്കൽ, ക്ലോറിനേഷൻ, ഫിൽട്രേഷൻ തുടങ്ങിയ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാറുണ്ട്. നല്ലൊരു ശതമാനം കിണറുകളിലും ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുള്ളതിനാൽ കുടിവെള്ളം ക്ലോറിനേറ്റ് ചെയ്തോ, അല്ലെങ്കിൽ തിളപ്പിച്ചാറ്റിയോ ഉപയോഗിക്കണമെന്നുള്ള അവബോധം പരിശീലന പരിപാടികളിൽക്കൂടിയും പ്രചരണ പരിപാടികളിൽ കൂടിയും സി.സി.ഡി.യു. നൽകിവരുന്നു. മഴ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന കിണർ റീചാർജ്ജിംഗ് പദ്ധതിവഴി കിണറിലെ വെള്ളം നേർപ്പിക്കപ്പെടുകയും രാസിക മാലിന്യങ്ങളുടെ കാഠിന്യം കുറയുകയും ജലഗുണനിലവാരം ഉയരുകയും ചെയ്യുന്നുണ്ട്.

## അശാസ്ത്രീയമായ ശുചിത്വശീലങ്ങളും മാലിന്യ നിർമ്മാർജ്ജനവുംമൂലം കുടിവെള്ള സ്രോതസ്സുകളുടെ മലിനത

215 (4184) ശ്രീ. രാജു എബ്രഹാം :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അശാസ്ത്രീയമായ ശുചിത്വശീലങ്ങളും മാലിന്യ നിർമാർജ്ജനവുംമൂലം കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കപ്പെടുന്ന സാഹചര്യത്തിൽ ജലത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ ;

(സി) ജല മലിനീകരണം ജലജന്യരോഗങ്ങൾക്ക് കാരണമാകുന്ന സാഹചര്യത്തിൽ മലിനജല നിയന്ത്രണത്തിനായി എന്തെല്ലാം കർശന നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) മലിനജല നിവാരണത്തിനായി പ്രകൃതിയ്ക്ക് അനുയോജ്യമായ രീതികൾ അവലംബിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നദികൾക്ക് കുറുകേയുള്ള പാലങ്ങളുടെ ഇരുവശത്തും കമ്പിവല കെട്ടി നേരിട്ടുള്ള മാലിന്യ നിക്ഷേപം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതു ജലസ്രോതസ്സായ 536 കുളങ്ങൾ ശുചിയാക്കി സംരക്ഷിക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ അനുമതി നൽകിയിട്ടുണ്ട്. ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെയുള്ള ശിക്ഷാ നടപടികൾ വർദ്ധിപ്പിക്കുന്നതിനായി കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് 2003 ഭേദഗതി ചെയ്ത്, ശിക്ഷാ നടപടികൾ കൂടുതൽ കർശനമാക്കിക്കൊണ്ടുള്ള ഭേദഗതി ബിൽ 14-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനത്തിൽ പാസ്സാക്കുകയുണ്ടായി. ഹരിതകേരള മിഷന്റെ ഭാഗമായി ജനകീയ പങ്കാളിത്തത്തോടെ ജലസ്രോതസ്സുകൾ ശുചിയാക്കുന്ന പ്രവർത്തനവും നടന്നുവരുന്നു. കേരള വാട്ടർ അതോറിറ്റി കുടിവെള്ളം ശാസ്ത്രീയമായ രീതിയിൽ ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയാണ് ജനങ്ങളിലെത്തിക്കുന്നത്. വൻകിട പദ്ധതികളിലെ പോലെ ജലശുദ്ധീകരണ ശാലകളില്ലാത്ത ചെറുകിട പദ്ധതികളിൽ ഇൻഫിൽട്രേഷൻ ഗ്യാലറി വഴി ശുദ്ധീകരിക്കുന്ന വെള്ളം അണുവിമുക്തമാക്കിയാണ് വിതരണം ചെയ്യുന്നത്. കുടിവെള്ളത്തിന്റെ ഗുണനിലവാരം വിവിധ ഘട്ടങ്ങളിൽ ശേഖരിച്ച് കേരള വാട്ടർ അതോറിറ്റിയുടെ ലാബുകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. ഏതെങ്കിലും സാഹചര്യത്തിൽ കുടിവെള്ളത്തിൽ മാലിന്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അവ നീക്കം ചെയ്ത് ഗുണനിലവാരം ഉറപ്പാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ എല്ലാ ജില്ലകളിലും ഓരോ ജില്ലാ ലാബുകളും കൊച്ചിയിൽ ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ 33 സബ് ഡിവിഷണൽ ലാബുകളും പ്രവർത്തിച്ചുവരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ വിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ സാമ്പിളുകൾ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് ജില്ലാ ലാബുകളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നു. കൂടാതെ ശുദ്ധീകരണ ശാലകളോടനുബന്ധിച്ചുള്ള ലാബുകളിൽ അസംസ്കൃത വെള്ളത്തിന്റേയും ശുദ്ധീകരിച്ച വെള്ളത്തിന്റേയും സാമ്പിളുകൾ പിരിശോധിക്കുന്നുണ്ട്. ഇതിനുപുറമേ കേന്ദ്ര സർക്കാരിന്റെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി ഗ്രാമീണ ജലസ്രോതസ്സുകളുടെ ഗുണനിലവാര പരിശോധന സബ് ഡിവിഷണൽ ലാബുകളിൽ നടത്തുന്നുണ്ട്. കൊച്ചിയിലെ സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ കുടിവെള്ളത്തിലെ ഘനലോഹങ്ങൾ, കീടനാശിനികൾ മുതലായവ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ പരിശോധിക്കാനുള്ള ആധുനിക സൗകര്യങ്ങൾ നിലവിലുണ്ട്. ഇതിനുപുറമെ, സർക്കാർ പബ്ലിക് ഹെൽത്ത് ലബോറട്ടറി, കേരള ഭൂജല വകുപ്പിൻ കീഴിലുള്ള ലബോറട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവിടങ്ങളിലും ജലഗുണനിലവാര പിരശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്.

(സി&ഡി) ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല മലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം, 1974 (ജല നിയമം, 1974) പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. ജല നിയമത്തിന്റെ സെക്ഷൻ 25 പ്രകാരം ഏതെങ്കിലും വ്യവസായമോ, പ്രോസസ്സോ, പ്രവർത്തനമോ കാരണം ഉണ്ടാകുന്ന വ്യാവസായിക മലിന ജലം (effluent), സീവേജ് എന്നിവ പുറന്തള്ളുന്നതിനും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണ്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2017-18 വാർഷിക പദ്ധതിയിൽ Restoration of Polluted River Streches എന്ന പദ്ധതിയിൽ പാലക്കാട് ജില്ലയിലെ ഭാരതപ്പുഴയുടെ വാളയാർ, കോരയാർ ഭാഗം, കാസർഗോഡ് ജില്ലയിലെ നീലേശ്വരം നദി, തിരുവനന്തപുരം ജില്ലയിലെ കരമന നദി, കണ്ണൂർ ജില്ലയിലെ കുപ്പം എന്നീ നദികളെ ഉൾപ്പെടുത്തി അതത് ജില്ലാ ഓഫീസുകളുടെ മേൽനോട്ടത്തിൽ മലിനീകരണം തടയുന്നതിന് കർമ്മപദ്ധതികൾ നടത്തിവരുന്നു. സംസ്ഥാനത്തെ ജലസ്രോതസ്സുകളുടെ ഗുണനിലവാരം മാസംതോറും പരിശോധിച്ച് പരിശോധനാ ഫലം വിലയിരുത്തി വാട്ടർ ക്വാളിറ്റി ഡയറക്ടറി എല്ലാ വർഷവും ബോർഡ് പ്രസിദ്ധീകരിക്കുന്നുണ്ട്. നാഷണൽ ആമ്പിയന്റ് വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് പദ്ധതിയിലും ബോർഡിന്റെ തന്നെ ആമ്പിയന്റ് വാട്ടർ ക്വാളിറ്റി പദ്ധതിയിലും (സ്റ്റേറ്റ് ആമ്പിയന്റ് വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ്) ഉൾപ്പെടുത്തി കേരളത്തിലെ ജലസ്രോതസ്സുകളിലെ വിവിധ സ്ഥലങ്ങളിലായി 243 സ്റ്റേഷനുകളിൽനിന്നും (നദികൾ, ജലസംഭരണികൾ, കായലുകൾ, കനാലുകൾ, കിണറുകൾ ഉൾപ്പെടെ) ജലത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് ജലഗുണനിലവാരം പരിശോധിക്കുന്നുണ്ട്.

## കുപ്പിവെള്ളത്തിന്റെ വില

216 (4185) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ലിറ്റർ കുടിവെള്ളം 2018 ഏപ്രിൽ 1 മുതൽ 12 രൂപയ്ക്ക് വിൽക്കുന്നതിന് കുടിവെള്ള നിർമ്മാണ കമ്പനികളുടെ അസോസിയേഷൻ തീരുമാനം എടുത്തിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനം നടപ്പിൽവരുത്താതിരുന്നതിനുള്ള സാഹചര്യം എന്തായിരുന്നു;

(സി) കുപ്പിവെള്ളത്തിന്റെ വില നിയമംമൂലം നിയന്ത്രിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എത്ര രൂപയായി നിജപ്പെടുത്തുവാനാണ് തീരുമാനം എടുത്തിട്ടുള്ളത്; അതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

## ഉത്തരം

(എ&ബി) കേരള കുപ്പിവെള്ള നിർമ്മാണ അസോസിയേഷൻ സർക്കാരിന് നൽകിയ ഒരു നിവേദനത്തിൽ കുപ്പിവെള്ളം ഒരു ലിറ്ററിന് 20 രൂപയിൽനിന്ന് 12 രൂപയായി കുറച്ച് വിൽക്കുവാൻ തയ്യാറാണെന്ന് സൂചിപ്പിച്ചിരുന്നു. എന്നാൽ വൻകിട കുപ്പിവെള്ള കമ്പനികളുടെയും വ്യവസായി സമൂഹത്തിന്റെയും എതിർപ്പുമൂലം ഈ നിർദ്ദേശം നടപ്പിൽ വരുത്താൻ സാധിക്കാതെ വരുന്നതായും അറിയിച്ചിരുന്നു.

(സി) കുപ്പിവെള്ള വില നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്ത് കുപ്പിവെള്ളത്തെ അവശ്യവസ്തുവായി പ്രഖ്യാപിച്ച് വിജ്ഞാപനം ഇറക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## സമഗ്ര കുടിവെള്ള വിതരണ പദ്ധതി

217 (4186) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ സമഗ്ര കുടിവെള്ള വിതരണ പദ്ധതിയിലെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദാംശം നൽകാമോ;

(ബി) ഇവയിൽ ഓരോ പദ്ധതിയുടെയും നിർമ്മാണ പുരോഗതി എന്തായി; ഈ പദ്ധതികളുടെ പൂർത്തീകരണത്തിനായി അനുവദിച്ച തുകയിൽ കേന്ദ്രസർക്കാരിന്റെ ഫണ്ട് ലഭിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ നിർമ്മാണം നിലവിൽ നടക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനായി സ്റ്റേറ്റ് പ്ലാനിൽനിന്നും മതിയായ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) വിതുര-തൊളിക്കോട് സമഗ്ര കുടിവെള്ള വിതരണ പദ്ധതിയുടെ കമ്മിഷനിംഗ് ഉടൻ നടത്താൻ സാധിക്കുമോ;

(ഡി) ഈ പദ്ധതിയിൽ ഉൾപ്പെട്ട തൊളിക്കോട് പഞ്ചായത്തിലെ നിർമ്മാണങ്ങൾ എന്തായി; ഇതിന്റെ പൂർത്തീകരണം എന്നത്തേക്ക് സാധിക്കും; വിശദാംശം വ്യക്തമാക്കാമോ;

(ഇ) കിള്ളിയാർ ഒരുമ നീർത്തട പദ്ധതിയുടെ ഭാഗമായി കിള്ളിയാറിന്റെ വൃഷ്ടിപ്രദേശങ്ങളിൽ തുടങ്ങാൻ തയ്യാറാക്കിയിട്ടുള്ള സമഗ്ര കുടിവെള്ള പദ്ധതികൾക്ക് സർക്കാർ പ്രഖ്യാപിച്ച മുൻഗണനയുടെ അടിസ്ഥാനത്തിൽ അരുവിക്കര നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകൾകൂടി ഉൾപ്പെട്ടുവരുന്ന വെള്ളനാട് പഞ്ചായത്ത് - നെടുമങ്ങാട് മുൻസിപ്പാലിറ്റി പദ്ധതിയും അരുവിക്കര പഞ്ചായത്ത്-കരകുളം പഞ്ചായത്തിലെ പദ്ധതിയും ഉടൻ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 1. വിതുര തൊളിക്കോട് പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി.

2. മണ്ണൂർക്കര വീരണകാവ് പെരുങ്കുളം വില്ലേജുകൾക്കുവേണ്ടിയുള്ള സമഗ്ര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.

ഓരോ പദ്ധതിയുടെയും നിർമ്മാണ പുരോഗതി താഴെ വിവരിക്കുന്നു :

I. വിതുര തൊളിക്കോട് പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി

2010 സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി ഈ പദ്ധതിക്കായി 24 കോടി രൂപ അനുവദിക്കുകയും അതിലുൾപ്പെടുത്തി ഒന്നാംഘട്ട ഘടകങ്ങളായ താഴെ പറയുന്നവയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു.

1. ഏഴുപേർതാണകയത്ത് 9 മീ. വ്യാസമുള്ള കിണറും പമ്പ് ഹൗസും.

2. 9.75 mld ശേഷിയുള്ള ജലശുദ്ധീകരണശാല.

3. വിതുര പഞ്ചായത്തിലെ താവക്കലിൽ 5.15 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജല സംഭരണി.

4. ജലശുദ്ധീകരണശാലയിൽനിന്നും താവക്കല്ലിലെ ഉപരിതല ജല സംഭരണിയിൽ ശുദ്ധജലമെത്തിക്കുന്നതിനുള്ള 250 മി. മീ. വ്യാസമുള്ള DI പമ്പിംഗ് മെയിൻ.

5. വിതുര പഞ്ചായത്തിൽ 43 കി. മീ. നീളത്തിൽ ശുദ്ധജല വിതരണ ശൃംഖല.

6. അസംസ്കൃതജലം ജലശുദ്ധീകരണശാലയിലെത്തിക്കാനുള്ള 400 മി. മീ. വ്യാസമുള്ള DI പമ്പിംഗ് മെയിൻ സ്ഥാപിക്കൽ.

7. ജലശുദ്ധീകരണശാലയ്ക്കടുത്ത് ഇൻഡോർ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള കെട്ടിടത്തിന്റെയും ട്രാൻസ്ഫോർമറിന്റെയും വിതുര പഞ്ചായത്തിൽ ശുദ്ധജലം പമ്പ് ചെയ്യുന്നതിനുള്ള പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളും കേരള വാട്ടർ അതോറിറ്റി പൂർത്തീകരിച്ചിട്ടുണ്ട്.

തൊളിക്കോട് പഞ്ചായത്തിലെ തോട്ടുമുക്കിൽ 16.20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണവും ജലശുദ്ധീകരണശാലയിൽ നിന്നും ജലസംഭരണിയിലേയ്ക്ക് ശുദ്ധജലമെത്തിക്കുന്നതിനാവശ്യമായ 4785 മീറ്റർ നീളത്തിൽ 350 മി. മീ. വ്യാസമുള്ള Dl പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളും അവസാന ഘട്ടത്തിലാണ്. KSEB-യിൽ നിന്നും ഇലക്ട്രിക് കണക്ഷൻ ലഭ്യമാവുകയും ചെയ്തു. പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു. ഈ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തികൾക്കായി 2016-ൽ കൂടിയ State Level Sanction Committee-യിൽ 17 കോടി രൂപ അനുവദിക്കുകയും രണ്ടാം ഘട്ടത്തിലുൾപ്പെടുന്ന ഘടകങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ NRDWP പ്രകാരമുള്ള പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭിക്കാത്തതിനാൽ ടെണ്ടർ നടപടികൾ നിർത്തിവയ്ക്കുകയുണ്ടായി. ഈ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തികൾക്കായി തുകയനുവദിക്കുന്നതിനുവേണ്ടി 23.25 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കേരള വാട്ടർ അതോറിറ്റി നടപടികൾ സ്വീകരിക്കുന്നതാണ്.

II. <u>മണ്ണൂർക്കര വീരണകാവ് പെരുങ്കുളം വില്ലേജുകൾക്കുവേണ്ടിയുള്ള സമഗ്ര ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി</u>

2013-ൽ നടന്ന SLSC-യിൽ ഈ പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായി 20.25 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഒന്നാം ഘട്ടമായി അണിയിലക്കടവ് എന്ന സ്ഥലത്ത് 9 മീറ്റർ വ്യാസമുള്ള കിണറും പമ്പ് ഹൗസ് നിർമ്മിക്കുന്ന പ്രവൃത്തികളും കിണറിൽ നിന്നും ജലശുദ്ധീകരണ ശാലയിലേയ്ക്ക് അസംസ്കൃത ജലമെത്തിക്കുവാൻ 3250 മീറ്റർ ദൂരത്തിൽ 400 മി. മീ; വ്യാസമുള്ള Dl പൈപ്പ് ലൈൻ സ്ഥാപിക്കലും പൂർത്തീകരിച്ചു. ബാക്കി ഘടകങ്ങളുടെ പൂർത്തീകരണത്തിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി&ഡി) പൂർത്തീകരിച്ച ഘടകങ്ങളുടെ ട്രയൽ റൺ നടന്നുവരുന്നു. ഉടൻ തന്നെ ഭാഗികമായി കമ്മീഷൻ ചെയ്യാവുന്നതാണ്. തൊളിക്കോട് പഞ്ചായത്തിലെ തോട്ടുമുക്കിൽ 16.20 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണവും ജലശുദ്ധീകരണശാലയിൽനിന്നും ജല സംഭരണിയിലേയ്ക്ക് ശുദ്ധജലമെത്തിക്കുന്നതിനാവശ്യമായ 4785 മീറ്റർ നീളത്തിൽ 350 മി. മീ. വ്യാസമുള്ള Dl പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികളും അവസാന ഘട്ടത്തിലാണ്. ഈ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തികൾക്കായി 2016-ൽ കൂടിയ State Level Sanction Committee-ൽ 17 കോടി രൂപ അനുവദിക്കുകയും രണ്ടാം

ഘട്ടത്തിലുൾപ്പെടുന്ന ഘടകങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തു. എന്നാൽ NRDWP പ്രകാരമുള്ള പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭിക്കാത്തതിനാൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കാനായില്ല. പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പരിശോധനയിലാണ്. പമ്പ് സെറ്റ്കൂടി സ്ഥാപിച്ചാൽ നിലവിലുള്ള ജലവിതരണശൃംഖലകൾ വഴി തൊളിക്കോട് പഞ്ചായത്തിൽ ഭാഗികമായി ശുദ്ധജലവിതരണം ചെയ്യാൻ കഴിയുന്നതാണ്.

(ഇ) ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കുന്നുമ്മൽ കുടിവെള്ള പദ്ധതി**

218(4187) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ 32 കോടി രൂപ മുടക്കി പണി പൂർത്തിയാക്കിയ കുന്നുമ്മൽ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് തടസ്സങ്ങളെന്തെങ്കിലും നിലവിലുണ്ടോ;

(ബി) പദ്ധതി പൂർത്തിയാക്കുന്നതിനും ഇപ്പോഴുള്ള തകരാറുകൾ പരിഹരിക്കുന്നതിനും പണമില്ലാത്ത സാഹചര്യം നിലവിലുണ്ടോ;

(സി) എങ്കിൽ അടിയന്തരമായി തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഈ പദ്ധതി കമ്മീഷൻ ചെയ്യാത്തതുമൂലം കുറ്റ്യാടി പഞ്ചായത്തിലെ കൊച്ചാമ്പാറ പദ്ധതി ഉൾപ്പെടെയുള്ളവ അനിശ്ചിതമായി നീളുന്ന സാഹചര്യം പരിശോധിക്കുമോ;

(ഇ) കുന്നുമ്മൽ കുടിവെള്ള പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കുന്നുമ്മലും അനുബന്ധ വില്ലേജുകൾക്കുമായുള്ള കുടിവെള്ള പദ്ധതി നാദാപുരം മണ്ഡലത്തിലെ വളയം, വാണിമേൽ, നരിപ്പറ്റ, കായക്കൊടി, നാദാപുരം, തൂണേരി എന്നീ വില്ലേജുകൾക്കും കുറ്റ്യാടി മണ്ഡലത്തിലെ കുറ്റ്യാടി വില്ലേജിനും വേണ്ടിയുള്ളതാണ്. മേൽപ്പറഞ്ഞ 7 വില്ലേജുകളിൽ വളയം, വാണിമേൽ, നരിപ്പറ്റ, തൂണേരി, കായക്കൊടി എന്നീ വില്ലേജുകൾക്ക് കേന്ദ്ര സർക്കാരിന്റെ NRDWP പദ്ധതിയിലും നാദാപുരം, കുറ്റ്യാടി എന്നീ വില്ലേജുകൾക്ക് നബാർഡ് ധനസഹായ

ത്തോടെയുള്ള പദ്ധതിയിലും ഉൾപ്പെടുത്തി അംഗീകാരം നേടിയാണ് നടപ്പിലാക്കി വരുന്നത്. പദ്ധതിയുടെ ഭാഗമായുള്ള 19 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല ശുദ്ധീകരണശാല, നാദാപുരം, കുറ്റ്യാടി, വാണിമേൽ, കോവക്കുന്ന്, വളയം, നരിപ്പറ്റ എന്നിവിടങ്ങളിലെ ജലസംഭരണികൾ, പമ്പിംഗ് മെയിനുകൾ, ഗ്രാവിറ്റി മെയിനുകൾ, ട്രാൻസ്ഫോർമർ, പമ്പ്സെറ്റുകൾ എന്നിവ പൂർത്തീകരിച്ചു. നിലവിൽ പദ്ധതിയുടെ ചാർജ്ജിങ്ങും ട്രയൽ റണ്ണും നടന്നുവരുന്നു. കായക്കൊടി പഞ്ചായത്തിൽ 90% ചാർജ്ജ് ചെയ്ത് കണക്ഷനുകൾ നൽകിത്തുടങ്ങിയിട്ടുണ്ട്. നരിപ്പറ്റ പഞ്ചായത്തിൽ വിതരണശൃംഖലയുടെ 70% ചാർജ്ജ് ചെയ്ത് കണക്ഷനുകൾ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വളയം, വാണിമേൽ പഞ്ചായത്തുകളിൽ വിതരണ ശൃംഖലകൾ യഥാക്രമം 60, 30% ചാർജ്ജ് ചെയ്തിട്ടുണ്ട്. കണക്ഷനുകൾ നൽകുവാനുള്ള നടപടികൾ ആഗസ്റ്റ് മാസത്തോടെ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വിതരണശൃംഖലകളുടെ ചാർജ്ജിങ്ങിനിടയിൽ പി. ഡബ്ല്യൂ. ഡി. റോഡുകളിൽ ഉണ്ടാകുന്ന ലീക്കുകൾ പരിഹരിക്കുന്നതിന് റോഡ് കട്ടിംഗ് സംബന്ധമായ നടപടികൾക്ക് സമയം എടുക്കുന്നതിനാൽ മഴക്കാലത്ത് റോഡ് കുഴിച്ച് പൈപ്പിടുന്നതിന് നിയന്ത്രണം ഉള്ളതിനാലും ചാർജ്ജിങ്ങിന് കാലതാമസം നേരിടുന്നുണ്ട്. കൂടാതെ പദ്ധതിക്കാവശ്യമായ 19 ദശലക്ഷം ലിറ്റർ വെള്ളം പമ്പ് ചെയ്തപ്പോൾ വെള്ളമുഴ സ്രോതസ്സിൽനിന്ന് പദ്ധതിയുടെ കിണറിലേയ്ക്ക് ആവശ്യത്തിന് വെള്ളമെത്താത്ത സ്ഥിതിയുണ്ടായിട്ടുണ്ട്. ഇതിന് പരിഹാരമായി നിലവിലെ കിണറിലേയ്ക്ക് പുഴയിൽ നിന്ന് കൂടുതൽ വെള്ളം ലഭ്യമാക്കുന്നതിനായി ഒരു ലീഡിംഗ് ചാനൽ നിർമ്മിക്കുന്നതിനായി 11.68 ലക്ഷം രൂപയുടെ ഒരു പ്രവൃത്തി സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തി അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.

(ബി&സി) പൂർത്തീകരണത്തിന് പണമില്ലാത്ത സാഹചര്യം നിലവിലില്ല. പദ്ധതിയുടെ നിലവിൽ നടന്നുവരുന്ന ചാർജ്ജിംഗ് പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി 2018-19 വർഷത്തിലെ വരൾച്ച ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) കുറ്റ്യാടി പഞ്ചായത്തിലെ കുറ്റ്യാടി ശുദ്ധജല വിതരണ പദ്ധതിയുടെ കൊയ്യാമ്പാറ മേഖല ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. കുന്നമ്മൽ പദ്ധതി കമ്മീഷൻ ചെയ്യുന്നതോടുകൂടി അധികമായി ആവശ്യമുള്ള ജലം ലഭ്യമാകുകയും മേൽ പദ്ധതി പൂർണ്ണതോതിൽ പ്രാവർത്തികമാക്കാൻ കഴിയുകയും ചെയ്യുന്നതാണ്.

(ഇ) നിലവിൽ നടന്നുവരുന്ന ചാർജ്ജിംഗും അനുബന്ധ പ്രവർത്തികളും 2018 സെപ്റ്റംബർ മാസത്തോടുകൂടി പൂർത്തിയാക്കി പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## പഴയ പൈപ്പുകൾ മാറ്റുന്നതിനുള്ള നടപടി

219 (4188) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് നഗരസഭയിലെ വിവിധ വാർഡുകളിൽ ശുദ്ധജല വിതരണത്തിനായി സ്ഥാപിച്ച പൈപ്പുകൾക്ക് എത്രകാലത്തെ പഴക്കമുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നഗരത്തിന്റെ ഹൃദയഭാഗങ്ങളിലും വിവിധ വാർഡ് പ്രദേശങ്ങളിലും വെള്ളം ഒലിച്ചുപോകുന്നത് നിത്യകാഴ്ചയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പഴകി ജീർണ്ണിച്ച പൈപ്പുകളിലൂടെ കുടിവെള്ളം പാഴായിപോയിട്ടും എന്തുകൊണ്ടാണ് പൈപ്പുകൾ മാറ്റാൻ നടപടി സ്വീകരിക്കാത്തതെന്ന് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് നഗരത്തിലെ മുഴുവൻ പൈപ്പുകളും മാറ്റി പുതിയവ സ്ഥാപിക്കാൻ എത്ര രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഏകദേശം 40 വർഷത്തെ പഴക്കമുണ്ട്.

(ബി) കാസർഗോഡ് നഗരത്തിന്റെ വിവിധ ഭാഗങ്ങളിലും വാർഡുകളിലും പൈപ്പുകളുടെ കാലപ്പഴക്കം കാരണമുള്ള ചോർച്ചമൂലം ജലനഷ്ടം സംഭവിക്കുന്നുണ്ട്.

(സി) സ്റ്റേറ്റ് പ്ലാൻ, കിഫ്ബി എന്നിവിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പഴയ പൈപ്പുകൾ മാറ്റിസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. പഴയ പൈപ്പുകൾ പൊട്ടി ജലം പാഴാകുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ നന്നാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. എന്നാൽ പല പൈപ്പുകളും ടാർ/ കോൺക്രീറ്റ് റോഡിന്റെ അടിയിലായതിനാൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിയില്ലാതെ റോഡ് വെട്ടിപ്പൊളിച്ച് പൈപ്പ് റിപ്പയർ ചെയ്യുന്നതിന് താമസം നേരിടുന്നുണ്ട്.

(ഡി) വിശദമായ സർവ്വേ നടത്തിയാൽ മാത്രമെ കാസർഗോഡ് നഗരത്തിലെ മുഴവൻ പൈപ്പുകളും മാറ്റി പുതിയവ സ്ഥാപിക്കാൻ വരുന്ന ചെലവ് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

## ചെറുകിട കുടിവെള്ള പദ്ധതി

220 (4189) ശ്രീ. എസ്. ശർമ്മ :

ശ്രീ. കെ. ദാസൻ :

ശ്രീ. എ. എൻ. ഷംസീർ :

ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) ഇക്കാലയളവിൽ പുതിയ ഗാർഹിക കണക്ഷനുകൾ നല്കിയതുമൂലം അവയിലേയ്ക്കുകൂടി വെള്ളമെത്തിക്കുന്നതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഉപയോഗശൂന്യമായി കിടന്ന കുഴൽകിണറുകൾ നവീകരിക്കൽ, നീർച്ചാലുകളുടെ പുന:രുദ്ധാരണം, തടയണകളുടെ നിർമ്മാണം തുടങ്ങിയവയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനായി സ്റ്റേറ്റ് പ്ലാൻ 2016-17-ൽ ഉൾപ്പെടുത്തി 104.25 കോടി രൂപയ്ക്കും 2017-18-ൽ ഉൾപ്പെടുത്തി 104.36 കോടി രൂപയ്ക്കും വിവിധ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ജലനിധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി സ്കീം ലെവൽ കമ്മിറ്റികളെ പരിപാലനത്തിനായി ഏൽപ്പിക്കുകയാണ് ചെയ്യുന്നത്. അവയുടെ പ്രവർത്തനവും നവീകരണവും ഗുണഭോക്തൃ സമിതികളാണ് നിർവ്വഹിക്കുന്നത്. എന്നിരുന്നാലും ജലനിധി ഒന്നാംഘട്ടത്തിലെ പദ്ധതികളുടെ പുനരുദ്ധാരണത്തിനായി സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതമായ 10 കോടി രൂപയും ഗുണഭോക്തൃ സമിതി, ഗ്രാമപഞ്ചായത്ത് എന്നിവയുടെ വിഹിതവും ചേർത്ത് 12.05 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആയതിന് അംഗീകാരം നൽകിയിട്ടുണ്ട്. ഈ സർക്കാർ അധീകാരത്തിൽ വന്നശേഷം 141 കെ.ഡബ്ല്യു.എ./ ഗ്രാമപഞ്ചായത്ത് പദ്ധതികളുടെ പുനരുദ്ധാരണം നടത്തി തുടർനടത്തിപ്പിനായി ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം 42 കുടിവെള്ള പദ്ധതികളുടെ നവീകരണ

പ്രവർത്തനങ്ങളും നടന്നുവരുന്നു. ഭൂജലവകുപ്പ് വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 347 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണ പ്രവർത്തനങ്ങൾ വിവിധ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 25 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണം നടത്തുന്നതിനുള്ള അനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്.

(ബി) ഗാർഹിക കണക്ഷനുകൾ നിലവിലുള്ള പദ്ധതികളിൽനിന്നും പുതുതായി കമ്മീഷൻ ചെയ്യുന്ന പദ്ധതികളിൽനിന്നും നൽകുന്നുണ്ട്. അതിനാൽ പുതുതായി നൽകുന്ന കണക്ഷനുകൾക്കായി എത്ര തുക ചെലവഴിച്ചെന്ന് കേരള വാട്ടർ അതോറിറ്റിക്ക് കൃത്യമായി കണക്കാക്കാനാവില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലനിധിയുടെ ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനായി (അവയിൽ നിന്ന് പുതിയ ഗാർഹിക കണക്ഷനുകൾ നൽകുന്നതുൾപ്പെടെ) 26.33 കോടി രൂപ ജലനിധി പദ്ധതിയിൽ ചെലവുണ്ടായിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ബജറ്റ് വിഹിതായി ഒരു കോടി രൂപ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഭൂജലവകുപ്പിന് അനുവദിച്ചിരുന്നു. കൂടാതെ 1240.33 ലക്ഷം രൂപകൂടി ഈ പദ്ധതിയിൽപ്പെടുത്തി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരുന്നു. 32 ചെറുകിട കുടിവെള്ള പദ്ധതികളും 99 കുഴൽക്കിണർ നിർമ്മാണവും 24 കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികളും 230 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും 4900 കുഴൽക്കിണർ കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും ഈ പദ്ധതിയിൻ കീഴിൽ 2016-17 സാമ്പത്തിക വർഷം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾക്കായി 907 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ലഭ്യമായ മഴവെള്ളം ശേഖരിച്ച് സംരക്ഷിക്കാൻ ഉള്ള ഒരു പ്രധാന മാർഗ്ഗമെന്ന നിലയിൽ ജല അതോറിറ്റിയുടെ സ്രോതസ്സായുള്ള നദികളിൽ സാങ്കേതികമായി സാധ്യതയുള്ള സ്ഥലങ്ങളിൽ തടയണകളും റെഗുലേറ്ററുകളും നിർമ്മിക്കാനുള്ള പ്രൊപ്പോസലുകൾ ജലസേചന വകുപ്പിന്റെ പരിഗണനയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ ജല അതോറിറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലും താഴെ പറയുന്ന തടയണകൾ നിർമ്മിക്കുന്നുണ്ട്. 2016-17 കിഫ്ബിയിൽ ഉൾപ്പെടുത്തിയ പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ നഗരസഭയ്ക്കും വാണിയംകുളം പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കായി 35 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ഇതിൽ 15 കോടി രൂപ ഭാരതപ്പുഴയിൽ കൊച്ചിൻ പാലത്തിന് താഴെയായി കുടിവെള്ള പദ്ധതിക്കുള്ള തടയണ നിർമ്മിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കല്ലടയാർ സ്രോതസ്സാക്കിയുള്ള കല്ലുവാതുക്കൽ, പാരിപ്പള്ളി, വെളിനല്ലൂർ വില്ലേജുകൾക്കായി കിഫ്ബിയിൽ ഉൾപ്പെടുത്തി 27 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ഇതിൽ 2 കോടി രൂപയ്ക്ക് ഇത്തിക്കരയാറ്റിൽ മണ്ണയം എന്ന സ്ഥലത്ത് ഒരു തടയണയുടെ നിർമ്മാണത്തിനും കല്ലുവാതുക്കൽ പദ്ധതിക്കായി നിലവിൽ

ജലസേചന വകുപ്പ് അടുതലയിൽ നിർമ്മിച്ചിട്ടുള്ള തടയണയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും ബലപ്പെടുത്തുന്നതിനും 50 ലക്ഷം രൂപയും ഉൾപ്പെടുത്തിയിരുന്നു. ടി പ്രവൃത്തികളുടെ സാങ്കേതികാനുമതി ഇറിഗേഷൻ വകുപ്പിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തിയുടെ നടത്തിപ്പിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ 'അമൃത്' പദ്ധതിയിലുൾപ്പെടുത്തി കൊല്ലം നഗരസഭാ പ്രദേശത്തിനായി കല്ലടയാർ സ്രോതസ്സാക്കിയുള്ള പുതിയ ശുദ്ധജലവിതരണ പദ്ധതിക്കായി 78.35 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ഇതിൽ 15 കോടി രൂപയ്ക്ക് ഞാങ്കടവിൽ ഒരു തടയണ നിർമ്മിക്കുന്നതിനു വേണ്ടിയാണ്. ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി ഇറിഗേഷൻ വകുപ്പിൽ നിന്നും ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തിയുടെ നടത്തിപ്പിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ചൂണ്ടിയിലെ 42 mld ശുദ്ധീകരണശാലയിലേയ്ക്ക് ആവശ്യമായ ജലം വേനൽക്കാലമാകുമ്പോൾ പരിമിതപ്പെടുന്നതിനാൽ ഈ പദ്ധതിക്കാവശ്യമായ ജലം നദിയിൽതന്നെ സംഭരിക്കുക എന്ന ഉദ്ദേശത്തോടെ മൂവാറ്റുപുഴയാറിൽ രാമമംഗലത്ത് സ്ഥിരം തടയണ നിർമ്മിക്കുന്നതിന് 21-ാമത് SLSSC-യിൽ NRDWP പദ്ധതിയിൻ കീഴിൽ 1110 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള അനുമതി ലഭിച്ച് ജലസേചന വകുപ്പിന്റെ ഉത്തരവാദിത്വത്തിൽ ടി പ്രവൃത്തി പുരോഗമിച്ചുവരുന്നു. പ്രവൃത്തി 25% പൂർത്തീകരിച്ചിട്ടുണ്ട്. ഹരിത കേരള മിഷന്റെ ഭാഗമായി തയ്യാറാക്കുന്ന നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ നീർച്ചാലുകളുടെ പുനരുദ്ധാരണത്തിനായുള്ള പ്രൊപ്പോസലിന് പ്രസ്തുത പഞ്ചായത്ത്/മുനിസിപ്പാലിറ്റിയുടെ സാങ്കേതിക സമിതിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. നബാർഡ് പദ്ധതി, ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ, പ്ലാൻ സ്കീം, സ്റ്റേറ്റ് ഫണ്ട്, ഹരിതകേരളം, കാസർഗോഡ് പാക്കേജ്, എം. എൽ. എ. ഫണ്ട്, എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി തടയണകളുടെ നിർമ്മാണം നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂജലവകുപ്പ് വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള 6200 കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികളുടെ അറ്റകുറ്റപ്പണികൾ ഇതുവരെ വിവിധ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 3190 കുഴൽക്കിണർ കൈപമ്പ് അറ്റകുറ്റപ്പണികൾ നടപ്പിലാക്കുന്നതിനുള്ള അനുമതി വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 'ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' പദ്ധതിയിൻ കീഴിൽ അനുയോജ്യമായ പ്രദേശങ്ങളിൽ തടയണകൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടപ്പിലാക്കിവരുന്നു. ജലനിധി ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ ആവശ്യത്തിന് ജലം ലഭിക്കുന്നതിനുവേണ്ടി ചെറുകിട തടയണകൾ, ഭൂഗർഭ തടയണകൾ, നീർക്കുഴികൾ, കുളങ്ങളുടെ സംരക്ഷണം, കിണറുകളുടെ സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

## പൈപ്പ് പൊട്ടുന്നത് അടിയന്തരമായി പരിഹരിക്കാൻ നടപടി

221 (4190) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റി ജലവിതരണം നടത്തുമ്പോൾ പൈപ്പ് പൊട്ടുന്നത് അടിയന്തരമായി പരിഹരിക്കാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പ്രശ്നം പരിഹരിക്കാനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പൈപ്പ് ലൈനുകൾ പൊട്ടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കഴിയുന്നത്ര വേഗത്തിൽ അവ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. എന്നാൽ ചിലപ്പോൾ പി.ഡബ്ല്യൂ.ഡി/കെ.എസ്.റ്റി.പി./എൻ.എച്ച്. റോഡുകൾ മുറിക്കുന്നതിന് അനുമതി ലഭിക്കാൻ വൈകുന്ന സാഹചര്യങ്ങളിൽ ഇത്തരത്തിലുള്ള ലീക്കുകൾ പരിഹരിക്കുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. സമയബന്ധിതമായി ലീക്കുകൾ പരിഹരിച്ച് ശുദ്ധജലം പാഴായി പോകുന്നത് തടയുവാൻ റണ്ണിംഗ് കോൺട്രാക്ട് സംവിധാനവും അതിനുപുറമേ 'ബ്ലൂ ബ്രിഗേഡ്' സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കാലപ്പഴക്കംകൊണ്ട് പൊട്ടുന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കാൻ സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, അമൃത് എന്നിവയിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്.

## കായംകുളം മണ്ഡലത്തിലെ ഗാർഹിക കണക്ഷനുകൾ

222 (4191) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ എത്ര ഗാർഹിക കണക്ഷനുകൾ ഉണ്ടെന്നും 2011 മുതൽ 2018 വരെ വെള്ളക്കരം ഇനത്തിൽ എത്ര രൂപ വാട്ടർ അതോറിറ്റിയ്ക്ക് ലഭിച്ചിട്ടുണ്ട് എന്നും കുടിശ്ശിക ഇനത്തിൽ എത്ര രൂപ ഇനിയും ലഭിക്കാനുണ്ട് എന്നും വിശദമാക്കാമോ;

(ബി) 2011 മുതൽ 2018 വരെ മണ്ഡലത്തിൽ ഗാർഹികാവശ്യത്തിനായും, വ്യാവസായിക ആവശ്യത്തിനായും പൊതുടാപ്പുകൾ സ്ഥാപിച്ച് നൽകിയിട്ടുള്ള കണക്ഷനുകളുടെ എണ്ണം പഞ്ചായത്ത്/നഗരസഭ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ) 20861 ഗാർഹിക ഉപകരണ കണക്ഷനുകൾ ഉണ്ട്. 2011 മുതൽ 2018 വരെ വെള്ളക്കരം ഇനത്തിൽ 5,53,83,809 രൂപ വാട്ടർ അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്. കുടിശിക ഇനത്തിൽ 38,84,899 രൂപ ഇനിയും ലഭിക്കാനുണ്ട്.

(ബി) പഞ്ചായത്തിൽ 116-ഉം, മുനിസിപ്പാലിയിൽ 104-ഉം കണക്ഷനുകളാണ് ഉള്ളത്.

## സ്മാർട്ട് മീറ്റർ സംവിധാനം

223 (4192) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളക്കരം പിരിക്കുന്നതിന് സ്മാർട്ട് മീറ്റർ സംവിധാനം നടപ്പാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം ജല അതോറിറ്റി എടുത്തിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും സാധ്യതാപഠനം നടത്തുകയുണ്ടായോ; പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് സാധ്യതാപഠനം നടത്തുന്നതിനുള്ള എന്തെങ്കിലും റിപ്പോർട്ടുകൾ ജല അതോറിറ്റിയുടെ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് ആകെ എത്ര രൂപയുടെ ചെലവ് വരുമെന്നാണ് കണക്കാക്കുന്നത്; ഓരോ മീറ്ററിനും എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; ഇതിൽ എത്ര രൂപയാണ് ജല അതോറിറ്റി മുടക്കുന്നത്; എത്ര രൂപയാണ് ഓരോ ഉപഭോക്താവും അടക്കേണ്ടതായി വരുന്നത്; ഇതിനുള്ള ജല അതോറിറ്റി വിഹിതം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കുന്നതിന്റെ സാധ്യത ജലഅതോറിറ്റി പരിഗണിക്കുന്നുണ്ട്. ഇതിലേയ്ക്കായുള്ള റിപ്പോർട്ടുകൾ പ്രത്യേകമായി തയ്യാറാക്കിയിട്ടില്ല. എന്നാൽ സ്മാർട്ട് മീറ്ററുകളുടെ അനുയോജ്യതയും പ്രായോഗികതയും വിലയിരുത്തുന്നതിലേയ്ക്കായി ലഘുപദ്ധതികൾ നടപ്പിലാക്കാൻ ജലഅതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. അമൃത് പദ്ധതിയിൽ കേരള ജല അതോറിറ്റിയുടെ തിരുവനന്തപുരം നഗരത്തിന്റെ പരിധിയിൽ വരുന്ന 300 കിലോമീറ്ററിനുമേൽ പ്രതിമാസം ഉപഭോഗമുള്ള വാട്ടർ കണക്ഷനുകളിൽ സ്മാർട്ട് വാട്ടർ മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തിയും ആട്ടോമാറ്റിക് മീറ്ററിംഗ് അടക്കമുള്ള ഒരു സ്മാർട്ട് പൈപ്പ് ലൈൻ നെറ്റ്‌വർക്ക് പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ രണ്ട് പദ്ധതികൾക്കായി അമൃതിൽ 229 ലക്ഷം രൂപയും സ്റ്റേറ്റ് പ്ലാനിൽ 550 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ തുക പൂർണ്ണമായും അമൃത് പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മീറ്ററുകളുടെ എസ്റ്റിമേറ്റിൽ നൽകിയിട്ടുള്ള കമ്പോള വില താഴെ പറയും പ്രകാരമാണ്.

| | | | |
|---|---|---|---|
| 1. | 15 മി. മീ. | - | 7,000 രൂപ |
| 2. | 20 മി. മീ. | - | 8,000 രൂപ |
| 3. | 25 മി. മീ. | - | 8,500 രൂപ |
| 4. | 32 മി. മീ. | - | 9,300 രൂപ |
| 5. | 40 മി. മീ. | - | 13,700 രൂപ |
| 6. | 50 മി. മീ. | - | 15,800 രൂപ |
| 7. | 80 മി. മീ. | - | 18,600 രൂപ |
| 8. | 100 മി. മീ. | - | 22,900 രൂപ |
| 9. | 150 മി. മീ. | - | 25,900 രൂപ |
| 10. | 200 മി. മീ. | - | 31,900 രൂപ |

പദ്ധതിയുടെ മുഴുവൻ ചെലവും കേരള വാട്ടർ അതോറിറ്റിയാണ് വഹിക്കുന്നത്. ഉപഭോക്താവിന് ഈ പദ്ധതി നടത്തിപ്പിൽ യാതൊരു ചെലവും വഹിക്കേണ്ടി വരുന്നില്ല. ഇരു പദ്ധതികൾക്ക് അമൃതിലും കേരള സർക്കാർ പ്ലാൻ ഫണ്ടിലുമായി തുകകൾ വകയിരുത്തിയിട്ടുണ്ട്.

## അരുവിക്കരയിലെ കുടിവെള്ളത്തിന്റെ ഗുണനിലവാരം

224 (4193) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റിയുടെ അരുവിക്കര പ്ലാന്റിൽ ആവശ്യത്തിന് രാസവസ്തുക്കളില്ലാത്തതിനാൽ തിരുവനന്തപുരം നഗരത്തിലേക്കുള്ള കുടിവെള്ളം ശുദ്ധീകരിക്കാതെയാണ് വിതരണം ചെയ്യുന്നതെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ പ്ലാന്റിലെ കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനമെന്താണ്;

(സി) തിരുവനന്തപുരം നഗരത്തിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ഈ പ്രവൃത്തിക്കായി ദിവസവും കൃത്യമായ ഇടവേളകളിൽ അസംസ്കൃത ജലത്തിന്റെയും ശുദ്ധീകരിച്ച ജലത്തിന്റെയും ഗുണനിലവാരം ലാബുകളിൽ പരിശോധിച്ച് ഉറപ്പാക്കുന്നു. കൂടാതെ വിതരണ ശൃംഖലവഴി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ക്വാളിറ്റി കൺട്രോൾ ലാബുകളിൽ കൃത്യമായി പരിശോധിക്കുകയും ഗുണനിലവാര പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം അതു പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഗുണനിലവാരം ഉറപ്പുവരുത്തിയാണ് കുടിവെള്ളം വിതരണം ചെയ്യുന്നത്.

**മണിമലക്കുന്ന്, കുറ്റത്താനി ജലവിതരണ പദ്ധതികൾ**

225 (4194) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം നിയോജകമണ്ഡലത്തിലെ തിരുമാറാടി പഞ്ചായത്തിൽ മണിമലക്കുന്ന്, കുറ്റത്താനി ജലവിതരണ പദ്ധതികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പദ്ധതികൾ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിച്ച് മണിമലക്കുന്ന് ജലവിതരണ പദ്ധതിയിൽ 31-12-2016 മുതലും കുറ്റത്താനി ജലവിതരണ പദ്ധതിയിൽ 31-3-2018 മുതലും ജലവിതരണം കേരള വാട്ടർ അതോറിറ്റി നടത്തിവരുന്നു.

**കാക്കത്തുരുത്ത് മേഖലയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി**

226 (4195) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയുടെ ചുമതലയിൽ ജലവിതരണം നടത്തുന്ന ആലപ്പാട് ഗ്രാമപഞ്ചായത്തിലെ കാക്കത്തുരുത്ത് മേഖലയിൽ ജലവിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദീകരിക്കുമോ;

(ബി) ഈ ഭാഗത്തെ പൈപ്പ് ലൈനുകൾ മാറ്റി കൂടുതൽ ശേഷിയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഈ ഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രദേശത്തേയ്ക്ക് ജലവിതരണം ചെയ്യുന്നത് പ്രധാനമായും കരുനാഗപ്പള്ളി മുൻസിപ്പാലിറ്റിയുടെ 35-ാം ഡിവിഷനിൽ ആലുങ്കടവിൽ സ്ഥാപിച്ചിട്ടുള്ള കുഴൽകിണറിൽ നിന്നാണ്. ടി. കുഴൽകിണർ വളരെ കാലപ്പഴക്കം ചെന്നതുമൂലം ഇതിൽ നിന്നും പമ്പ് ചെയ്യുന്ന ജലത്തിന്റെ അളവ് കുറവായിരുന്നതു കൊണ്ടാണ് ഈ പ്രദേശത്ത് ജലദൗർലഭ്യം അനുഭവപ്പെട്ടത്. ഇത് പരിഹരിക്കുന്നതിനുവേണ്ടി നിലവിലുള്ള പൈപ്പുലൈനുകൾ തമ്മിൽ ബന്ധിപ്പിക്കുകയും പൈപ്പു ലൈനുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയും ഈ പ്രദേശത്ത് അനുഭവപ്പെട്ട ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഓച്ചിറ കുടിവെള്ള പദ്ധതിയിൽ നിന്നുമുള്ളതും നൽകുന്നുണ്ട്.

(ബി) ഉണ്ട്. ആലപ്പാട് ഗ്രാമപഞ്ചായത്തും ഓച്ചിറ ബ്ലോക്ക് പഞ്ചായത്തും കൂടി സംയുക്തമായി അവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 5.41 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ആലപ്പാട് പഞ്ചായത്തിന് 22-2-2018 -ൽ സമർപ്പിച്ചിട്ടുണ്ട്.

(സി) ഈ ഭാഗത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ 35-ാം ഡിവിഷനിലെ ആലുംകടവ് പ്രദേശത്ത് നിലവിലുള്ള പഴയ കുഴൽകിണർ നിർമ്മിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി കരുനാഗപ്പള്ളി മുൻസിപ്പാലിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേലുള്ള തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## കുപ്പിവെള്ളപ്ലാന്റ്

227 (4196) <u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. കെ. എൻ. എ. ഖാദർ</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിലുള്ള കുപ്പിവെള്ള പ്ലാന്റിന്റെ പണി പൂർത്തിയായിട്ടുണ്ടോ;

(ബി) കുപ്പിവെള്ള വിതരണം എന്ന് മുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; അറിയിക്കുമോ;

(സി) കുപ്പിവെള്ള വിതരണം ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരത്ത് അരുവിക്കരയിൽ ആരംഭിക്കുന്ന കുപ്പിവെള്ള പ്ലാന്റിന്റെ ജോലികൾ 95%-ത്തോളം പൂർത്തിയായി കഴിഞ്ഞു. കുപ്പികൾ നിർമ്മിച്ച് ശുദ്ധീകരിച്ച വെള്ളം നിറയ്ക്കുന്നതിനുള്ള മെഷിനറീസ് സ്ഥാപിച്ച് ടെസ്റ്റ് റൺ നടത്തിക്കഴിഞ്ഞു. വിവിധ വകുപ്പുകളിൽ നിന്നും/ഏജൻസികളിൽനിന്നും ആവശ്യമായ അനുമതി കിട്ടുന്നമുറയ്ക്ക് ബാക്കിയുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയാക്കി ഉൽപ്പാദനം തുടങ്ങാൻ കഴിയുന്നതാണ്. BIS, FSSAI മുതലായ സ്ഥാപനങ്ങളിൽനിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് ഉൽപ്പാദനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

(സി) ഇതുസംബന്ധിച്ച അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.

## ജലവിഭവ വകുപ്പ് കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

228 (4197) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവ വകുപ്പ് കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഇതുവരെ ഭരണാനുമതി ലഭിച്ചവ ഏതൊക്കെ യാണെന്ന് വിശദമാക്കുമോ;

(സി) കിഫ്ബിയിലൂടെ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് നോഡൽ ഏജൻസികളായി ജലവിഭവ വകുപ്പ് തെരഞ്ഞെടുത്തിരിക്കുന്നത് ഏതൊക്കെ ഏജൻസികളെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേരള ജല അതോറിറ്റി

കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ജല വിതരണ പദ്ധതികളുടെ പട്ടിക അനുബന്ധം 1-ൽ ചേർക്കുന്നു.*

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC)

ജലവിഭവ വകുപ്പ് കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെപ്പറയുന്നു :

1. ആലപ്പുഴ കനാലുകളുടെ നവീകരണം
2. പുലിമുട്ടുകളുടെ നിർമ്മാണം - ആലപ്പുഴ ജില്ല.
    - ആലപ്പുഴ കാട്ടൂരിൽ ചെയിനേജ് 168.465 മുതൽ 171.627 കി. മീറ്റർ വരെ
    - ആറാട്ടുപുഴയിൽ ചെയിനേജ് 56.6 മുതൽ 57.8 കി. മീറ്റർ വരെ
    - പാത്തിയങ്കരയിൽ ചെയിനേജ് 60.1 മുതൽ 61.6 കി. മീറ്റർ വരെ
    - വട്ടച്ചലിൽ ചെയിനേജ് 53.4 മുതൽ 55.2 കി. മീറ്റർ വരെ
    - അമ്പലപ്പുഴയിൽ
3. ചിറ്റൂർ-മൂലത്തറ വലങ്കര കനാൽ - കോരയാർ മുതൽ വരട്ടയാർ വരെയുള്ള നീട്ടൽ
4. തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ അന്ധകാര തോടിന്റെ പുനരുദ്ധാരണം
5. കുണ്ടൂർത്തോടിന്റെ നവീകരണം
6. ഇരുപതിലധികം നദികളിൽ മുപ്പതിലധികം ചെക്കുഡാം/റെഗുലേറ്ററുകളുടെ നിർമ്മാണം

(ബി) കേരള ജല അതോറിറ്റി

പ്രസ്തുത പദ്ധതികളിൽ ഇതുവരെ ഭരണാനുമതി ലഭിച്ച പദ്ധതികളുടെ പട്ടിക അനുബന്ധം 2-ൽ ചേർക്കുന്നു.*

കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KIIDC)

തത്വത്തിൽ അംഗീകാരം നൽകിയ പദ്ധതികൾ താഴെപ്പറയുന്നു :

(i) ആലപ്പുഴ കനാലുകളുടെ നവീകരണം

(ii) പുലിമുട്ടുകളുടെ നിർമ്മാണം - ആലപ്പുഴ ജില്ല

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(a) ആലപ്പുഴ കാട്ടൂരിൽ ചെയിനേജ് 168.465 മുതൽ 171.627 കി. മീറ്റർ വരെ

(b) ആറാട്ടുപുഴയിൽ ചെയിനേജ് 56.6 മുതൽ 57.8 കി. മീറ്റർ വരെ

(c) പാത്തിയങ്കരയിൽ ചെയിനേജ് 60.1 മുതൽ 61.6 കി. മീറ്റർ വരെ

(d) വട്ടച്ചലിൽ ചെയിനേജ് 53.4 മുതൽ 55.2 കി. മീറ്റർ വരെ

(e) അമ്പലപ്പുഴയിൽ.

(iii) അന്ധകാരതോടിന്റെ പുനരുദ്ധാരണം

(iv) ചിറ്റൂർ - മൂലത്തറ വലതുകര കനാൽ - കോരയാർ മുതൽ വരട്ടയാർ വരെയുള്ള നീട്ടൽ

(v) കുണ്ടൂർത്തോടിന്റെ നവീകരണം

(vi) താഴെപ്പറയുന്ന എട്ട് ചെക്കുഡാം/റെഗുലേറ്ററുകളുടെ നിർമ്മാണം

(a) കോഴിക്കോട് ജില്ലയിൽ പെരിഞ്ചേരിക്കടവിൽ കുറ്റ്യാടിപ്പുഴയിൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം

(b) കുട്ടനാൽക്കടവിൽ മീനച്ചിലാറിൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം

(c) കടലുണ്ടിപ്പുഴയിൽ പുഴങ്കാവിൽ റെഗുലേറ്ററിന്റെ നിർമ്മാണം

(d) കുപ്പം നദിയിൽ ക്കുവേരി - കാട്ടമ്പള്ളിയിൽ റെഗുലേറ്റർ-കം ബ്രിഡ്ജിന്റെ നിർമ്മാണം

(e) ചെമ്പിലാവിൽ മീനച്ചിലാറിൽ മിനി ഡാം കം-റെഗുറേറ്ററിന്റെ നിർമ്മാണം

(f) ചാലിയാറിൽ പന്നിപ്പാറ - പള്ളിമുക്കിൽ റെഗുലേറ്ററിന്റെ നിർമ്മാണം

(g) ളുതപ്പുഴയിൽ മൂർഖനാട് പഞ്ചായത്തിൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം

(h) ഭാരതപ്പുഴയിൽ കങ്കക്കടയവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം

(സി) കിഫ്ബിയിലൂടെ ജലസേചന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ Special Purpose Vehicle (SPV) ആയി Kerala Irrigation Infrastructure Development Corporation (KIIDC)-നെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. കിഫ്ബിയിലൂടെ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾ കേരള ജല അതോറിറ്റി മുഖേനയാണ് നടപ്പിലാക്കുന്നത്.

**കിഫ്ബിയിൽ ഉൾപ്പെട്ട ജലവിതരണ പദ്ധതികൾ**

229 (4198) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് നിശ്ചയിച്ച ജല വിതരണ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികളിൽ കിഫ്ബി അനുമതി നൽകുകയും പ്രവർത്തനം ആരംഭിച്ചതുമായ പ്രവൃത്തികൾ ഏതെല്ലാമാണ്;

(സി) ശേഷിക്കുന്ന പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**ഇടക്കൊച്ചി കുടിവെള്ള പദ്ധതി**

230 (4199) ശ്രീ.ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണിയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കാനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) പ്രസ്തുത പദ്ധതിയുടെ പാമ്പായിമൂലയിലെ 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജലസംഭരണിയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണത്തിന് 278 ലക്ഷം രൂപയ്ക്ക് 2/2016-ൽ അനുമതി നൽകിയെങ്കിലും മണ്ണ് പരിശോധനയുടെ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡിസൈൻ അനുസരിച്ച് ഭൂതല സംഭരണിക്ക് മാത്രം Delhi Schedule of Rates 2014 നിരക്കിൽ 346 ലക്ഷം രൂപയാണ് അടങ്കൽ തുക. ബാക്കി തുകയായ 68 ലക്ഷം രൂപയ്ക്ക് 2/2018-ൽ ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ അനുമതി നൽകിയിട്ടുണ്ട്. കൂടാതെ അനുബന്ധ ഘടകങ്ങളായ പമ്പ് ഹൗസ്, പമ്പ് സെറ്റ് മുതലായവ സ്ഥാപിക്കുന്നതിന് ശ്രീ. സ്വരാജ്, എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 70 ലക്ഷം രൂപയുടെ ഭരണാനുമതി 1/2018-ൽ നൽകിയിട്ടുണ്ട്. തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**നന്നമ്പ്ര കുടിവെള്ള പദ്ധതി**

231 (4200) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ നന്നമ്പ്ര കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്;

(ബി) ഇതിന്റെ നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നന്നമ്പ്ര കുടിവെള്ള പദ്ധതിക്കുള്ള ഘടകങ്ങൾക്കാവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ പദ്ധതി രൂപരേഖ തയ്യാറാക്കാൻ സാധിച്ചിട്ടില്ല.

**കോവളം നിയോജകമണ്ഡലത്തിലെ കുമിളി കുടിവെള്ള പദ്ധതി**

232 (4201) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോവളം നിയോജക മണ്ഡലത്തിലെ കാഞ്ഞിരംകുളം, കരുങ്കുളം, പൂവ്വാർ പഞ്ചായത്തുകൾക്ക് കുടിവെള്ളം ലഭ്യമാക്കുന്ന കുമിളി കുടിവെള്ള പദ്ധതി എന്ന് കമ്മീഷൻ ചെയ്യാനാകും; ഇനി എന്തൊക്കെ നടപടികൾ പൂർത്തിയാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കോവളം നിയോജകമണ്ഡലത്തിലെ കാഞ്ഞിരംകുളം, കരുങ്കുളം, പൂവാർ പഞ്ചായത്തുകൾക്കും നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ തിരുപുറം പഞ്ചായത്തിനും പ്രയോജനം ലഭിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയാണിത്. മേൽ പദ്ധതിയുടെ ഭാഗമായുള്ള 12 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല

കുമിളിയിൽ പൂർത്തിയായി. തിരുപുറം പഞ്ചായത്തിലെ എട്ടുകുറ്റിയിൽ 7.13 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണ പ്രവൃത്തികളും നെല്ലിക്കാക്കുഴിയിൽ 4.67 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണ പ്രവൃത്തികളും പൂർത്തിയായി. ജലശുദ്ധീകരണ ശാലയിലേയ്ക്ക് അസംസ്കൃത ജലമെത്തിക്കുന്നതിനും ശുദ്ധീകരിച്ച ജലം ഉപരിതല ജല സംഭരണികളിലെത്തിക്കുന്നതിനുമുള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തിയായി. എന്നാൽ കരിങ്കുളം പഞ്ചായത്തിലെ പരണിയത്ത് നിർമ്മിക്കേണ്ട 4.67 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജല സംഭരണിയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നൽകാത്തതിനാൽ നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പൂർത്തിയായ ഘടകങ്ങൾ ഉപയോഗപ്പെടുത്തി പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാൻ സാധിക്കുന്നതാണ്. ഇതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരണിയത്ത് നിർമ്മിക്കേണ്ട ഉപരിതല ജലസംഭരണിയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നൽകാത്ത സാഹചര്യത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ജലസംഭരണി ക്കടുത്തായി പുതിയ ഉപരിതല ജലസംഭരണി നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് പുതുക്കിയ രൂപരേഖ തയ്യാറാക്കി അംഗീകാരം നൽകി പണി തുടങ്ങാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം ജലസംഭരണി നിർമ്മിക്കേണ്ട സ്ഥലത്ത് നിൽക്കുന്ന മരം മുറിച്ചുമാറ്റുന്നതിന് വനം വകുപ്പിന്റെ അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**മീനാട് കുടിവെള്ള പദ്ധതി**

233 (4202) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാട് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള ഉമ്മന്നൂർ, വെളിയം പഞ്ചായത്തുകളിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി പൂർണ്ണമായും പ്രവർത്തനക്ഷമമാക്കി ജലവിതരണം സാധ്യമാക്കുന്ന നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ജപ്പാൻ സഹായത്തോടെയുള്ള പ്രസ്തുത പദ്ധതിയുടെ വിതരണശൃംഖലയുടെ പണികൾ മാത്രമാണ് ഇനി അവശേഷിക്കുന്നത്. പദ്ധതിയിൽ ഏകദേശം 963 കി. മീ. വരുന്ന വിതരണ ശൃംഖലയുടെ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ജലവിതരണം നടത്തുവാനാണുദ്ദേശിച്ചിട്ടുള്ളത്. ടി പണികൾക്ക് ആദ്യം കരാർ ഏറ്റെടുത്തിരുന്നത് M/s. K Ramakrishna Contractors Pvt Ltd, Hyderabad ആണ്. പ്രസ്തുത കരാറുകാരൻ പണി ഉപേക്ഷിച്ച് പോയതിനാൽ 2012-ൽ M/s. Tecpro Infra Projects Ltd Kochi എന്ന കമ്പനിക്ക് ആദ്യ കരാറുകാരന്റെ റിസ്ക് ആൻഡ് കോസ്റ്റ് അടിസ്ഥാനത്തിൽ കരാർ നൽകുകയും ചെയ്തു. എന്നാൽ M/s. Tecpro Infra Projects Ltd. പണികൾ യഥാസമയം തീർക്കുന്നതിൽ വീഴ്ചവരുത്തിയതിനാൽ അവരുമായുള്ള കരാർ 31-7-2017-ൽ അവസാനിപ്പിക്കുകയും ചെയ്തു. അവശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിനായി M/s. Tecpro-യുടെ റിസ്ക് ആൻഡ് കോസ്റ്റിൽ 23-1-2018-ൽ ഉറക്കുന്നതിനായി ദർഘാസ് ക്ഷണിച്ചിരുന്നു. അതിൽ ഒരു കരാറുകാരൻ പങ്കെടുത്തിരുന്നുവെങ്കിലും സാങ്കേതിക യോഗ്യത നേടിയില്ല. അതിനാൽ വീണ്ടും 4-6-2018-ന് ഉറക്കുന്നതിനായി വീണ്ടും ദർഘാസ് ക്ഷണിച്ചു. ഇതിൽ ഒരു കരാറുകാരൻ മാത്രം പങ്കെടുത്തിട്ടുണ്ട്. തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.

(ബി&സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഉമ്മന്നൂർ പഞ്ചായത്തിൽ 85 കി. മീ. വിതരണ ശൃംഖല സ്ഥാപിക്കേണ്ടതിൽ 65 കി. മീ. സ്ഥാപിച്ച് 27.5 കി. മീ. ചാർജ്ജ് ചെയ്തിട്ടുണ്ട്. വെളിയം പഞ്ചായത്തിൽ 74 കി. മീ. വിതരണ ശൃംഖല സ്ഥാപിക്കേണ്ടതിൽ 53.8 കി. മീ. സ്ഥാപിച്ചിട്ടുണ്ട്. വെളിയം പഞ്ചായത്തിൽ വിതരണ ശൃംഖലയുടെ ചാർജ്ജിംഗ് ആരംഭിച്ചിട്ടില്ല. പ്രസ്തുത പഞ്ചായത്തുകളിലെ പണി പൂർത്തീകരിച്ച് ജലവിതരണം ആരംഭിക്കുന്നതാണ്. ഈ പദ്ധതിക്ക് ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. പ്രസ്തുത കരാർ ഉറപ്പിക്കുന്നമുറയ്ക്ക് 12 മുതൽ 18 മാസത്തിനുള്ളിൽ അവശേഷിക്കുന്ന പ്രവർത്തികൾ പൂർത്തിയാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

**അങ്കമാലി കുടിവെള്ള പദ്ധതി**

234 (4203) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച അങ്കമാലി നിയോജക മണ്ഡലത്തിലെ അങ്കമാലി കുടിവെള്ള പദ്ധതിക്ക് എന്നാണ് ഭരണാനുമതി നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി എന്നാണ് നൽകിയതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രവൃത്തി തുടങ്ങുന്നതിനുള്ള കാലതാമസത്തിന് കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെടുത്തിയാണോ നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രവൃത്തി എന്നാണ് ആരംഭിക്കുന്നതെന്ന് അറിയിക്കാമോ; പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്യുന്നതിന് ഇനി എത്ര നാൾ വേണ്ടി വരുമെന്നുള്ള വിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2018 മാർച്ച് 13-ന് 116 കോടി രൂപയുടെ ഭരണാനുമതി നൽകി.

(ബി-ഇ) പ്രസ്തുത പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ പരിശോധന കിഫ്ബിയിൽ നടന്നുവരുന്നു. ഇത് സംബന്ധിച്ച് ചില വിശദീകരണങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇവയ്ക്കുള്ള മറുപടി തയ്യാറാക്കി വരുന്നു. മേൽ പരിശോധനകൾക്കുശേഷം കിഫ്ബിയിൽ നിന്നും അനുമതി ലഭ്യമാകുന്നമുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി തുടങ്ങാനാണ് കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിടുന്നത്.

**നാദാപുരം മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

235 (4204) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം മണ്ഡലത്തിലെ കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി എന്ന് ആരംഭിച്ചതാണെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി പൂർണ്ണതോതിൽ എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നാദാപുരം മണ്ഡലത്തിലെ കുന്നമ്മൽ അനുബന്ധ കുടിവെള്ള പദ്ധതിയുടെ ഭാഗമായ വളയം, വാണമേൽ, നരിപ്പറ്റ, കായക്കൊടി പഞ്ചായത്തുകളിൽ സ്ഥാപിച്ച വിതരണ ശൃംഖലയുടെ ചാർജ്ജിംഗ് പ്രവൃത്തികൾ നടന്നുവരുന്നു. കായക്കൊടി പഞ്ചായത്തിൽ 90% ചാർജ്ജ് ചെയ്ത് കണക്ഷനുകൾ നൽകിത്തുടങ്ങിയിട്ടുണ്ട്. നരിപ്പറ്റ പഞ്ചായത്തിൽ വിതരണ ശൃംഖലയുടെ 70% ചാർജ്ജ് ചെയ്ത് കണക്ഷനുകൾ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വളയം, വാണമേൽ പഞ്ചായത്തുകളിൽ വിതരണ ശൃംഖലകൾ യഥാക്രമം 60, 30% ചാർജ്ജ് ചെയ്തിട്ടുണ്ട്. കണക്ഷനുകൾ നൽകുവാനുള്ള നടപടികൾ ആഗസ്റ്റ് മാസത്തോടെ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിതരണ ശൃംഖലകളുടെ ചാർജ്ജിംഗിനിടയിൽ പി.ഡബ്ല്യൂ.ഡി. റോഡുകളിൽ ഉണ്ടാകുന്ന ലീക്കുകൾ പരിഹരിക്കുന്നതിന് റോഡ് കട്ടിംഗ് സംബന്ധമായ നടപടികൾക്ക് കാലതാമസം വരുന്നതിനാലും മഴക്കാലത്ത് റോഡ് കുഴിച്ച് പൈപ്പിടുന്നതിന് നിയന്ത്രണം ഉള്ളതിനാലും ചാർജ്ജിംഗ് വൈകുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി 2008-ലാണ് ആരംഭിച്ചത്.

(സി) നിലവിലെ സാഹചര്യത്തിൽ, 2018 സെപ്റ്റംബർ മാസത്തോടുകൂടി പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കോലുമാട് ജലസേചന പദ്ധതി**

236 (4205) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മണലൂർ നിയോജക മണ്ഡലത്തിൽ വെങ്കിടങ്ങ് പഞ്ചായത്തിലെ കോലുമാട് ജലസേചന പദ്ധതി പ്രാവർത്തികമാക്കുന്നതിനായി ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

മണലൂർ നിയോജകമണ്ഡലത്തിലെ കോലുമാട് ജലസേചന പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾക്കായി 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കും ഭരണാനുമതിക്കുമായി ഐ.ഡി.ആർ.ബി.-യിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ലാന്റ് സർവ്വേ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പൂർത്തീകരിച്ചിട്ടുണ്ട്. പര്യവേക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ച് കോലുമാട് ജലസേചന പ്രവർത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

**ചെറുതാഴം - കുഞ്ഞിമംഗലം കുടിവെള്ള പദ്ധതി**

237 (4206) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ 45 കോടി രൂപയുടെ ചെറുതാഴം-കുഞ്ഞിമംഗലം കുടിവെള്ള പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

ഒന്നാംഘട്ടത്തിനുവേണ്ടിയുള്ള 45 കോടി രൂപയുടെ പ്രവർത്തി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

**കടമക്കുടി ജലവിതരണ പദ്ധതി**

238 (4207) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ കടമക്കുടി ജലവിതരണ പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിയുടെ 39.30% പൂർത്തീകരിച്ചു.

(ബി) കരാറുകാരനുമായുള്ള എഗ്രിമെന്റ് പ്രകാരം പ്രസ്തുത പ്രവൃത്തി ജൂൺ 2018-ൽ പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ കരാറുകാരന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചകൾ കാരണം ലക്ഷ്യമിട്ട സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയില്ല. നിലവിലെ സാഹചര്യത്തിൽ ഈ പ്രവൃത്തി ഡിസംബർ 2018-ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**മാവേലിക്കര തഴക്കര താനിക്കുന്ന് കുടിവെള്ള പദ്ധതി**

239 (4208) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിലെ തഴക്കര താനിക്കുന്ന് കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. പ്രസ്തുത പദ്ധതിക്കായി സമർപ്പിച്ച 50,00,000 രൂപയുടെ എസ്റ്റിമേറ്റിന് എൽ.എ.സി.-എ.ഡി.എസ്. പ്രവൃത്തികളിൽ ഉൾപ്പെടുത്തി, 46,26,700 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്മേലുള്ള തുടർ നടപടികൾ ത്വരിതഗതിയിൽ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**കോട്ടാങ്ങൽ, ആനിക്കാട്, എഴുമറ്റൂർ ശുദ്ധജല വിതരണ പദ്ധതികൾ**

240 (4209) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ള കോട്ടാങ്ങൽ, ആനിക്കാട്, എഴുമറ്റൂർ ശുദ്ധജല വിതരണ പദ്ധതികളുടെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാനാകും; വ്യക്തമാക്കാമോ;

(ബി) ഇവയുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ; ഓരോ പദ്ധതിയ്ക്കും എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; നിർമ്മാണം ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) എഴുമറ്റൂർ പഞ്ചായത്ത് ഉൾപ്പെടുന്ന പുറമറ്റം കല്ലൂപ്പാറ, എഴുമറ്റൂർ, കുന്നന്താനം, കോയിപ്രം, ഇരവിപേരൂർ, തോട്ടപ്പുഴശ്ശേരി എന്നീ പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. മല്ലപ്പള്ളി ആനിക്കാട് കോട്ടങ്ങൽ (ഭാഗികം) കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 798 ലക്ഷം രൂപയുടെയും രണ്ടാം ഘട്ടത്തിന് 2400 ലക്ഷം രൂപയുടെയും എസ്റ്റിമേറ്റുകളാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാംഘട്ട പ്രവൃത്തികൾ പുരോഗമിക്കുന്നു. രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള ഘടകങ്ങളുടെ ടെണ്ടർ അംഗീകാരത്തിനായുള്ള പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. എഴുമറ്റൂർ പഞ്ചായത്ത് ഉൾപ്പെടുന്ന പുറമറ്റം, കല്ലൂപ്പാറ, എഴുമറ്റൂർ, കുന്നന്താനം, കോയിപ്രം, ഇരവിപേരൂർ, തോട്ടപ്പുഴശ്ശേരി എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ

ഒന്നാം ഘട്ടത്തിനായി ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി 4235 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുപ്പ് നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. രണ്ടാം ഘട്ടം 8500 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി സമർപ്പിച്ച വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന് ഉടൻ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

## ചൂഴാറ്റുകോട്ട കുടിവെള്ള ശുദ്ധീകരണ പ്ലാന്റ്

241(4210) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടാക്കട മണ്ഡലത്തിലെ ചൂഴാറ്റുകോട്ട കുടിവെള്ള ശുദ്ധീകരണ പ്ലാന്റിൽ നിന്നുള്ള ജലവിതരണം നിരന്തരം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിന്റെ കാരണം സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. പമ്പുകൾ തുടർച്ചയായി തകരാറിലാകുന്നതാണ് ജല വിതരണം തടസ്സപ്പെടുവാൻ കാരണം. ദക്ഷിണ മേഖലാ ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും കരാറുകാരെയും ഉൾപ്പെടുത്തി നിരവധി തവണ ഇത് സംബന്ധിച്ച് ചർച്ചകൾ നടത്തുകയും പ്രശ്നപരിഹാര നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പമ്പുകളും മോട്ടോറുകളും യഥാസമയം അറ്റകുറ്റ പണികൾ നടത്തി ജനങ്ങൾക്ക് യാതൊരുവിധ ബുദ്ധിമുട്ടും കൂടാതെ ജലവിതരണം നടത്തുന്നതിലേയ്ക്കായി കേരള വാട്ടർ അതോറിറ്റി സത്വര നടപടികൾ യഥാസമയം സ്വീകരിച്ചുവരുന്നുണ്ട്. 2018-19 സ്റ്റേറ്റ് പ്ലാനിൽ അംഗീകാരം ലഭ്യമാകുന്നതിലേയ്ക്കായി 75 HP-യുടെയും 25 HP-യുടെയും പമ്പ് സെറ്റുകൾക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## ദേവികുളം മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

242(4211) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ആകെ ചെലവായ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ) <u>ജലസേചന വകുപ്പ്</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം നിയോജക മണ്ഡലത്തിൽ 2 ചെക്ക്ഡാമുകൾ (മൈക്രോ ഇറിഗേഷൻ), 15 തോടുകളുടെ തീരസംരക്ഷണ പ്രവൃത്തികൾ (പി. എം. വർക്കസ്), 9 കനാൽ നവീകരണ പ്രവൃത്തികൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. ഇതുകൂടാതെ താഴെപ്പറയുന്ന 3 പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

1. വട്ടവട ഗ്രാമപഞ്ചായത്ത് 8, 9 വാർഡുകളിൽ മുട്ടിശ്ശി തോടിന് കുറുകെ മുട്ടിശ്ശി ഭാഗത്ത് വി.സി.ബി.-യുടെ നിർമ്മാണം. തുക 42.50 ലക്ഷം.

2. മൂന്നാർ ഗ്രാമപഞ്ചായത്ത് വാർഡ് നമ്പർ 10-ൽ കാളിയമ്മൻ ടെംപിൾ കോളനിക്കും അമ്പലത്തിനും അടുത്തായി കണ്ണിയാർപ്പുഴയുടെ ഇടതുകരയിലുള്ള സംരക്ഷണഭിത്തിയുടെ അറ്റകുറ്റപ്പണികൾ. തുക 15.00 ലക്ഷം.

3. ബൈസൺവാലി ഗ്രാമപഞ്ചായത്ത് വാർഡ് നമ്പർ 6-ൽ മുട്ടുകാട് പാടശേഖരത്തിന്റെ ഭാഗത്ത് മുട്ടുകാട് തോടിന്റെ കരയുടെ ബലപ്പെടുത്തൽ. തുക 14.20 ലക്ഷം.

<u>പദ്ധതി വിഭാഗം 2</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. എന്നാൽ 2014-ൽ ടെണ്ടർ ചെയ്ത് ആരംഭിച്ച പട്ടിശ്ശേരി ഡാമിന്റെ പുനർനിർമ്മാണം ചില സാങ്കേതിക കാരണങ്ങളാൽ തടസ്സപ്പെട്ടിരുന്നുവെങ്കിലും പുനരാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തലയാർ സ്കീമിൽ ഉൾപ്പെട്ട അപ്പർ ചട്ട മൂന്നാർ, ലോവർ ചട്ട മൂന്നാർ, വട്ടവട സ്കീമിൽ ഉൾപ്പെട്ട ഒറ്റമരം ഡാമിന്റെ വിശദമായ കോണ്ടൂർ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ലോവർചട്ട മൂന്നാർ ഡാമിന്റെ മണ്ണുപര്യവേഷണ ജോലികൾ ടെണ്ടർ ചെയ്തിട്ടുണ്ട്.

കേരള ജല അതോറിറ്റി

ദേവികുളം നിയോജകമണ്ഡലത്തിൽ 6 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു :

മൂന്നാർ പഞ്ചായത്ത്

1. സ്റ്റേറ്റ് പ്ലാൻ - 2017-18 – മൂന്നാർ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി - മൂന്നാർ ടൗൺ മുതൽ നല്ലതണ്ണി വരെ - പഴയ എ. സി. പൈപ്പ് മാറ്റിസ്ഥാപിക്കൽ (100/150/200 mm DI K9)-25 ലക്ഷം
2. സ്റ്റേറ്റ് പ്ലാൻ - 2017-18 – മൂന്നാർ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി 160 KVA – 100 KVA ട്രാൻസ്ഫോർമർ മാറ്റി 160 KVA ട്രാൻസ്ഫോർമർ - 6 ലക്ഷം
3. ഡെപ്പോസിറ്റ് വർക്ക് - മൂന്നാർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി - ദേശീയ പാത വീതി കൂട്ടുന്നതിന്റെ ഭാഗമായി പൈപ്പ് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി - 90 ലക്ഷം

പള്ളിവാസൽ പഞ്ചായത്ത്

1. സ്റ്റേറ്റ് പ്ലാൻ - 2017-18 - പള്ളിവാസൽ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ മൂന്നാൽ മുതൽ പള്ളിവാസലിലെ ഹെഡ് വർക്സ് ഡാം വരെ പൈപ്പ് മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി - 45 ലക്ഷം.

ദേവികുളം പഞ്ചായത്ത്

1. ദേവികുളം ഗ്രാമീണ കുടിവെള്ള പദ്ധതി - പഴയ എ. സി. പൈപ്പ് - 100/150 mm മാറ്റി 100 mm Dl പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി - 15 ലക്ഷം.
2. ഡെപ്പോസിറ്റ് വർക്ക് - ദേവികുളം ഗ്രാമീണ കുടിവെള്ള പദ്ധതി - ദേശീയ പാത വീതി കൂട്ടുന്നതിന്റെ ഭാഗമായി പൈപ്പ് മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി - 31 ലക്ഷം

ഭൂജല വകുപ്പ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി 9 കുഴൽക്കിണർ കൈപ്പമ്പ് അറ്റകുറ്റപ്പണികൾ, അടിമാലി - മുക്കാലേക്കർ സ്ഥലത്ത് ഒരു ചെറുകിട കുടിവെള്ള പദ്ധതി, എം.എൽ.എ.എസ്.ഡി.എഫ്. പദ്ധതിയിൽപ്പെടുത്തി മറയൂർ പോലീസ്

സ്റ്റേഷനിൽ ഒരു ചെറുകിട കുടിവെള്ള പദ്ധതി, ഭൂഗർഭജലാധിഷ്ഠിത പദ്ധതിയിൽപ്പെടുത്തി 3 കുഴൽക്കിണർ കൈപ്പമ്പ് അറ്റകുറ്റപ്പണികൾ എന്നീ പ്രവൃത്തികൾ ദേവികുളം നിയോജകമണ്ഡലത്തിൽ പൂർത്തീകരിച്ചു.

ജലനിധി

ജലനിധി രണ്ടാംഘട്ട പദ്ധതി വഴി ദേവികുളം നിയോജക മണ്ഡലത്തിലെ ബൈസൺവാലി, മറയൂർ, കാന്തല്ലൂർ, മാങ്കുളം, അടിമാലി, എടമലക്കുടി എന്നീ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) ജലസേചന വകുപ്പ്

2016-17-ൽ പൂർത്തീകരിച്ച പദ്ധതികളും തുകയും:-

| | | |
|---|---|---|
| ചെക്ക് ഡാം നിർമ്മാണം | - | 79,47,874 |
| തോടിന് തീരസംരക്ഷണം | - | 13,13,04,40 |
| കനാൽ നവീകരണം | - | 1,22,60,210 |

2017-18-ൽ പൂർത്തീകരിച്ച പദ്ധതികളും തുകയും:

| | | |
|---|---|---|
| കനാൽ നവീകരണം | - | 2,80,12,628 |
| തോടിന് തീരസംരക്ഷണം | - | 18,93,966 |

പദ്ധതി വിഭാഗം 2

പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിൽ സമർപ്പിച്ച പാർട്ട് ബില്ലുകളുടേതായി 2016-17 സാമ്പത്തിക വർഷം 55,74,122 രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 12,50,784 രൂപയും ചെലവഴിച്ചിട്ടുണ്ട്. ആകെ ചെലവായ തുക 68,24,906 രൂപയാണ്.

കേരള ജല അതോറിറ്റി

ദേവികുളം നിയോജകമണ്ഡലത്തിൽ ആകെ 212 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പള്ളിവാസൽ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ മൂന്നാർ മുതൽ പള്ളിവാസലിലെ ഹെഡ് വർക്സ് ഡാം വരെ പൈപ്പ് മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തിക്ക് 18.71 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചു.

ഭൂജല വകുപ്പ്

5,08,674 രൂപ ചെലവായിട്ടുണ്ട്.

ജലനിധി

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ 26.84 കോടി രൂപ ചെലവായിട്ടുണ്ട്.

(സി) ജലസേചന വകുപ്പ്

പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

പദ്ധതി വിഭാഗം 2

പട്ടിശ്ശേരി ഡാം കാന്തല്ലൂർ പഞ്ചായത്തിലും ലോവർ ചട്ട മൂന്നാർ, അപ്പർ ചട്ട മൂന്നാർ എന്നീ ഡാമുകൾ മൂന്നാർ പഞ്ചായത്തിലും ഒറ്റമരം ഡാം വട്ടവട പഞ്ചായത്തിലും ഉൾപ്പെടുന്നു.

കേരള ജല അതോറിറ്റി

| | | |
|---|---|---|
| മൂന്നാർ പഞ്ചായത്ത് | - | 121 ലക്ഷം (3 പദ്ധതികൾ) |
| പള്ളിവാസൽ പഞ്ചായത്ത് | - | 45 ലക്ഷം (1 പദ്ധതി) |
| ദേവികുളം പഞ്ചായത്ത് | - | 46 ലക്ഷം (2 പദ്ധതികൾ) |
| ആകെ | - | 212 ലക്ഷം. |

ഭൂജലവകുപ്പ്

1. കുഴൽക്കിണർ കൈപ്പമ്പ് അറ്റകുറ്റപ്പണികൾ വരൾച്ചാ ദുരിതാശ്വാസ പദ്ധതി

| | | |
|---|---|---|
| പള്ളിവാസൽ ഗ്രാമപഞ്ചായത്ത് | - | 1 |
| അടിമാലി ഗ്രാമപഞ്ചായത്ത് | - | 7 |
| വെള്ളത്തൂവൽ ഗ്രാമപഞ്ചായത്ത് | - | 1 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. ചെറുകിട കുടിവെള്ള പദ്ധതി - വരൾച്ചാ ദുരിതാശ്വാസ പദ്ധതി

   അടിമാലി ഗ്രാമപഞ്ചായത്ത് - 1

3. ചെറുകിട കുടിവെള്ള പദ്ധതി - MLD-SDF പദ്ധതികളിൽ

   മറയൂർ ഗ്രാമപഞ്ചായത്ത് - 1

4. കുഴൽക്കിണർ കൈപ്പമ്പ് അറ്റകുറ്റപ്പണികൾ - ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതി

   അടിമാലി ഗ്രാമപഞ്ചായത്ത് - 3

<u>ജലനിധി</u>

പഞ്ചായത്ത് തിരിച്ചുള്ള 31-5-2018 വരെയുള്ള പദ്ധതി വിവരങ്ങൾ താഴെ ചേർക്കുന്നു :

| പഞ്ചായത്ത് | ആകെ പദ്ധതികളുടെ എണ്ണം | ആകെയുള്ള ഗുണഭോക്തൃ കുടുംബങ്ങൾ | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പദ്ധതിയിലെ ഗുണഭോക്തൃ കുടുംബങ്ങൾ |
|---|---|---|---|---|
| ബൈസൺ വാലി | 31 | 1085 | 31 | 1085 |
| മറയൂർ | 10 | 2706 | 8 | 1871 |
| കാന്തല്ലൂർ | 17 | 1378 | 10 | 759 |
| മാങ്കുളം | 25 | 1706 | 24 | 1481 |
| അടിമാലി | 28 | 4771 | 21 | 1264 |
| എടമലക്കുടി | 2 | 72 | - | - |

വട്ടവട ഗ്രാമപഞ്ചായത്തിൽ 5 ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിന്റെ സാങ്കേതിക പരിശോധന നടന്നുവരുന്നു.

## വെള്ളായണി ശുദ്ധജല തടാകം

243 (4212) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളായണി ശുദ്ധജല തടാകത്തിനുള്ളിൽ കിടക്കുന്ന സ്വകാര്യ വ്യക്തികളുടെ 256 ഏക്കർ പട്ടയഭൂമി സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ ജലവിഭവ വകുപ്പ് ഭരണാനുമതി നൽകുന്നതിന് കാലതാമസം വരുത്തുന്നതിനുള്ള കാരണം വ്യക്തമാക്കാമോ ;

(ബി) ഭരണാനുമതി എന്നത്തേയ്ക്ക് നല്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഏറ്റെടുക്കേണ്ട വസ്തുക്കളുടെ സർവ്വേ നടപടികൾ പൂർത്തിയാക്കി വിലനിർണ്ണയം നടത്തുന്നതിന് റവന്യൂ വകുപ്പ് മുഖേന നടപടി സ്വീകരിച്ചുവരുന്നു. ആയത് പൂർത്തിയാകുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് തുടർന ടപടിയെടുക്കുന്നതാണ്.

## ഭൂജല ചൂഷണം

244 (4213) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭൂജല ഉപഭോഗത്തിന് നിയന്ത്രണമേർപ്പെടുത്തിയിട്ടുള്ള 2002-ലെ ആക്ട് നിലനിൽക്കേ നിലവിലുള്ള കടുത്ത വേനൽ മുതലാക്കി ജലമാഫിയ സംഘങ്ങളുടെ ജലമൂറ്റലും കച്ചവടവും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽ പ്പെട്ടുവോ;

(ബി) പ്രസ്തുത ജലമൂറ്റൽ/കച്ചവട മാഫിയ നടത്തുന്ന ജലചൂഷണം തടയുവാനും അമിതവില ഈടാക്കി കച്ചവടം നടത്തി ജനങ്ങളെ ചൂഷണം ചെയ്യുന്നതിന് കർശന നിയന്ത്രണം കൊണ്ടുവരുന്നതിനുമായി ജലവകുപ്പ് മറ്റ് വകുപ്പുകളുടെ സഹകരണ ത്തോടു കൂടി സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) നടപ്പുവർഷം ഇത്തരം മാഫിയ പ്രവർത്തനവും കച്ചവടവും നടത്തിയതായി കണ്ടെത്തിയ വാഹനങ്ങൾ, പിടികൂടപ്പെട്ടവർ, ഇവരുടെ പേരിൽ സ്വീകരിച്ച നടപടികൾ, ഈടാക്കിയ ഫൈനുകൾ ഉൾപ്പെടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഇടുക്കി, എറണാകുളം എന്നീ ജില്ലകളിൽ ഭൂജല ചൂഷണം സംബന്ധിച്ചുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) വാണിജ്യ ആവശ്യത്തിനായി ഭൂജലവകുപ്പിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ ജലക്ഷമതാ പരിശോധന ഉൾപ്പെടെയുള്ള ശാസ്ത്രീയ പഠനങ്ങൾ നടത്തി ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല അവലോകന സമിതിയുടെ തീരുമാന പ്രകാരം സംസ്ഥാന ഭൂജല അതോറിറ്റി നിരാക്ഷേപപത്രം നൽകിവരുന്നു. ഭൂജല ചൂഷണം തടയുന്നതിനുവേണ്ടി അനുമതി ഇല്ലാതെ ഭൂജലം ഉപയോഗപ്പെടുത്തി പ്രവർത്തിച്ചുവരുന്ന വ്യവസായ യൂണിറ്റുകളെ സംബന്ധിച്ച് പരാതി ലഭിച്ചാൽ ആയതിന്മേൽ ആവശ്യമായ പരിശോധനകൾ നടത്തി ഭൂജല അതോറിറ്റി നൽകുന്ന നിരാക്ഷേപപത്രം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി കൂടി പരിശോധിച്ച് ഉറപ്പാക്കിയതിനുശേഷം മാത്രമാണ് ലൈസൻസ് നൽകി വരുന്നത്.

(സി) എറണാകുളം ജില്ലയിലെ ആലുവ, കളമശ്ശേരി, ഏലൂർ, പാലാരിവട്ടം എന്നീ സ്ഥലങ്ങളിൽ വാണിജ്യാടിസ്ഥാനത്തിൽ ഭൂജല ചൂഷണത്തിനെതിരെ പരാതിയെത്തുടർന്ന് ജില്ലാ കളക്ടർ, ഭൂജല-ആരോഗ്യ-ഭക്ഷ്യ-റവന്യൂ വകുപ്പുകളെ ഉൾപ്പെടുത്തി സ്ക്വാഡ് രൂപീകരിക്കുകയും ഇത്തരം പ്രദേശങ്ങളിലെ കിണറുകളിൽ നിന്നും വാണിജ്യാടിസ്ഥാനത്തിൽ ടാങ്കറുകളിൽ ജലം ശേഖരിച്ച് കൊണ്ടുപോകുന്നത് നിരോധിക്കുകയും ചെയ്തിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ലഭിച്ച പരാതികളിന്മേൽ അന്വേഷണം നടത്തി സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്.

## അരുവിക്കര പഞ്ചായത്തിൽ ആരംഭിച്ച കുപ്പിവെള്ള സംസ്കരണ പ്ലാന്റ്

245 (4214) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര കുപ്പിവെള്ള സംസ്കരണ പ്ലാന്റ് തുടങ്ങുന്നതിന്എന്തെങ്കിലും തടസ്സമുണ്ടോ;

(ബി) അരുവിക്കര കുപ്പിവെള്ള സംസ്കരണ പ്ലാന്റിന്റെ നിർമ്മാണത്തിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; 2016-നുശേഷം പ്ലാന്റിന്റെ പൂർത്തീകരണത്തിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(സി) കുപ്പിവെള്ള പ്ലാന്റിന്റെ പ്രവർത്തനം എങ്ങനെയാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ബന്ധപ്പെട്ട അനുമതികൾ ലഭ്യമാവേണ്ടതുണ്ട്.

(ബി) കുപ്പിവെള്ള പ്ലാന്റിന്റെ നിർമ്മാണത്തിനായി ഇതുവരെ 11.20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 2016-നുശേഷം 1.20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) വാട്ടർ അതോറിറ്റിയുടെ കീഴിൽ അരുവിക്കരയിൽ ആരംഭിക്കുന്ന കുപ്പിവെള്ള പ്ലാന്റിന്റെ ജോലികൾ 95%-ത്തോളം പൂർത്തിയായി കഴിഞ്ഞു. കുപ്പികൾ നിർമ്മിച്ച് ശുദ്ധീകരിച്ച വെള്ളം നിറയ്ക്കുന്നതിനുള്ള മെഷിനറീസ് സ്ഥാപിച്ച് ടെസ്റ്റ് റൺ നടത്തിക്കഴിഞ്ഞു. വിവിധ വകുപ്പുകളിൽ നിന്നും/ഏജൻസികളിൽ നിന്നും ആവശ്യമായ അനുമതി ലഭ്യമാകുന്നമുറയ്ക്ക് ബാക്കിയുള്ള എല്ലാ പ്രവൃത്തികളും പൂർത്തിയാക്കി കേരള വാട്ടർ അതോറിറ്റിയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്.

## വിവിധ തൊഴിൽ മേഖലകളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ

246 (4215) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിന്നൽ പണിമുടക്ക് നിരുത്സാഹപ്പെടുത്താൻ സർക്കാർ നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ;

(ബി) അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അധ്യാപക-അനധ്യാപക ജീവനക്കാർക്കായി സേവന-വേതന ക്രമീകരണ നിയമം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) തോട്ടം മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പുനരുദ്ധാരണ പാക്കേജിന്റെ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) നിലവിലില്ല.

(ബി) സംസ്ഥാനത്തെ അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം നടപ്പിലാക്കുന്നതിനായി "The Kerala Payment of Minimum Wages to Teachers of Unaided Educational Institutions Bill 2014-ന്റെ കരട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പ്ലാന്റേഷൻ മേഖലയിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും മേഖലയ്ക്ക് പുത്തൻ ഉണർവ് സൃഷ്ടിക്കുന്നതിനും പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ തൊഴിൽ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

## നോക്കുകൂലി നിരോധനം

247 (4216) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലനിന്നിരുന്ന നോക്കു കൂലി സമ്പ്രദായം പൂർണ്ണമായും നിരോധിച്ചിട്ടുണ്ടെങ്കിൽ എന്നുമുതലാണ് നോക്കുകൂലി നിരോധിച്ചു കൊണ്ട് ഉത്തരവായിട്ടുള്ളത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) നോക്കുകൂലി നിരോധനം നിലവിൽവന്നതിനുശേഷം നോക്കുകൂലി ചോദിക്കുകയോ വാങ്ങുകയോ ചെയ്തതിന്റെ പേരിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എവിടെയാണെന്നും, ഏതെല്ലാം ട്രേഡ് യൂണിയനുകളാണ് നോക്കുകൂലി ആവശ്യപ്പെട്ടതെന്നും അവർക്കെതിരെ എന്ത് നിയമനടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) 30-4-2018-ലെ സ.ഉ(സാധാ)നമ്പർ 511/2018/തൊഴിൽ ഉത്തരവിലൂടെ കേരളത്തിലെ ചുമട്ട് തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന ചെയ്യാത്ത ജോലിക്ക് കൂലി ആവശ്യപ്പെടുന്ന അനാരോഗ്യ പ്രവണതകളടക്കം അവസാനിപ്പിക്കുന്നതിനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തികമാക്കുന്നതിനും ലക്ഷ്യമിട്ടുള്ള നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി&സി) ഉണ്ട്. എറണാകുളം ജില്ലയിൽ ഒരു പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ലേബർ ഓഫീസർ പരാതിക്കാരനെ വിളിച്ചെങ്കിലും പരാതി ഇല്ലെന്ന് പരാതിക്കാരൻ അറിയിക്കുകയുണ്ടായി. മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ ചോളമുണ്ട സുധീർമോൻ. പി. എന്നയാളിൽ നിന്നും സി. ഐ. ടി.യു.,ഐ.എൻ.ടി.യു.സി.,എസ്.ടി.യു. എന്നീ യൂണിയനുകളിൽപ്പെട്ട തൊഴിലാളികൾ ചെയ്യാത്ത ജോലിക്ക് കൂലി വാങ്ങിയത് സംബന്ധിച്ച പരാതി പരിശോധിക്കുകയും ഇപ്രകാരം വാങ്ങിയ തുക തൊഴിലാളികളിൽനിന്നും തിരികെ കൊടുപ്പിക്കുകയും ബന്ധപ്പെട്ട തൊഴിലാളികൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തൊഴിൽരഹിത വേതനം

248 (4217) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിൽരഹിതവേതനം ഇപ്പോൾ എത്രപേർക്കാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനുവേണ്ടി പ്രതിവർഷം എത്രതുക ചെലവഴിക്കുന്നുണ്ടെന്ന കണക്ക് വെളിപ്പെടുത്താമോ;

(സി) ഗുണഭോക്താക്കളിൽ യുവാക്കളുടേയും യുവതികളുടേയും നിലവിലുള്ള കണക്ക് വേർതിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ) 2018 മാർച്ച് മാസത്തെ കണക്ക് പ്രകാരം 161815 പേർക്ക് തൊഴിൽ രഹിത വേതനം നൽകുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

(ബി) കഴിഞ്ഞ 3 സാമ്പത്തിക വർഷങ്ങളിൽ തൊഴിൽ രഹിത വേതനത്തിന് ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2015-16 | 26,59,50,860 രൂപ |
| 2016-17 | 17,67,87,860 രൂപ |
| 2017-18 | 8,34,35,700 രൂപ (5 മാസം). |

(സി) യുവതീ യുവാക്കളുടെ 2017 ജൂലൈ മാസം വരെയുള്ള കണക്ക് മാത്രമേ ലഭ്യമായിട്ടുള്ളൂ. ആയത് പ്രകാരം 18623 യുവാക്കളും 129682 യുവതികളും തൊഴിൽ രഹിത വേതനം വാങ്ങിവരുന്നു.

## നോക്കുകൂലി നിരോധനം

249 (4218) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേയ് ഒന്നിന് നോക്കുകൂലി നിരോധനം ഏർപ്പെടുത്തിയതിനുശേഷം നാളിതുവരെ ഇതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) നോക്കുകൂലി പരാതികൾ രജിസ്റ്റർ ചെയ്യാൻ ഒരു ടോൾ ഫ്രീ നമ്പർ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ലയിലും മലപ്പുറം ജില്ലയിലും ഓരോ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ ഇടപെട്ട് ചെയ്യാത്ത ജോലിക്ക് കൂലി ഇനത്തിൽ വാങ്ങിയ തുക തിരികെ തൊഴിലുടമയ്ക്ക് ലഭ്യമാക്കി യിട്ടുണ്ട്. എറണാകുളം ജില്ലയിൽ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ലേബർ ഓഫീസർ പരാതിക്കാരനെ ബന്ധപ്പെട്ടിരുന്നുവെങ്കിലും പരാതിയില്ലെന്ന് പരാതിക്കാരൻ അറിയിക്കുകയാണുണ്ടായത്.

(സി) ചെയ്യാത്ത ജോലിക്ക് കൂലി വാങ്ങുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വരനടപടി സ്വീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് വകുപ്പുമായി ബന്ധപ്പെട്ട പരാതികളും സംശയങ്ങളും ദൂരീകരിക്കുന്നതിനുമായി തൊഴിൽ വകുപ്പിൽ കോൾ സെന്റർ/ഹെൽപ്‌ലൈൻ പ്രവർത്തിച്ചുവരുന്നുണ്ട്. (കോൾ സെന്റർ നമ്പർ 180042555214 / 155214)

**നോക്കുകൂലി നിരോധനം**

250 (4219) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോക്കുകൂലി നിരോധനം പൂർണ്ണതോതിൽ ഏർപ്പെട്ട ത്തിയിട്ടുണ്ടോ; പ്രസ്തുത നിരോധനം കൊണ്ടുവരുവാനുണ്ടായ സാഹചര്യമെന്താണ്;

(ബി) സംസ്ഥാനം വ്യവസായ സൗഹൃദമാക്കുന്നതിന് നോക്കുകൂലി സമ്പ്രദായം തടസ്സമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) നോക്കുകൂലി നിരോധനം നിലവിൽവന്നശേഷം ടിപ്പറിൽ നിന്നുള്ള ചരക്കിറക്കം ഏത് നിയമത്തിന്റെ പരിധിയിലാണ് വരുന്നതെന്ന തർക്കത്തിൽ കുടുങ്ങി പലയിടത്തും, തൊഴിലാളികൾ നോക്കുകൂലി ആവശ്യപ്പെടുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ടിപ്പറിൽ കൊണ്ടുവന്ന സിമന്റ് ബ്ലോക്കുകൾ ഇറക്കുന്നത് സംബന്ധിച്ച് സി.ഐ.ടി.യു. തർക്കം ഉന്നയിച്ചതിനെ തുടർന്ന് ഒലവക്കോട് നഗരസഭയുടെ കംഫർട്ട് സ്റ്റേഷൻ നിർമ്മാണം നിലച്ചുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കഴക്കൂട്ടത്തും, പത്തനംതിട്ടയിലും നോക്കുകൂലി നിരോധിച്ചശേഷം തൊഴിലാളികൾ അത് ആവശ്യപ്പെട്ടതായ വാർത്തയുടെ അടിസ്ഥാനത്തിൽ നോക്ക്കൂലി നിരോധന നിയമം ശക്തമായി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 30-4-2018-ലെ സ.ഉ.(സാധാ.)നമ്പർ 511/2018/തൊഴിൽ നമ്പർ ഉത്തരവിൻ പ്രകാരം കേരളത്തിലെ ചുമട്ട് തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന ചെയ്യാത്ത ജോലിക്ക് കൂലി വാങ്ങുന്നത് ഉൾപ്പെടെയുള്ള അനാരോഗ്യ പ്രവണതകൾ അവസാനിപ്പിക്കുന്നതിനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തികമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിവിധ ട്രേഡ് യൂണിയൻ ഭാരവാഹികളുമായി നടത്തിയ ചർച്ചയിൽ ചെയ്യാത്ത ജോലിക്ക് കൂലി വാങ്ങുന്ന പ്രവണത നിയമവിരുദ്ധമായ നടപടിയാണെന്ന് വിലയിരുത്തുകയുണ്ടായി. തൊഴിലെടുക്കാതെ കൂലിക്ക് അർഹതയുണ്ടെന്ന് വാദിക്കുന്നത് അംഗീകരിക്കാനാവില്ലെന്നും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരും പോലീസും നടപടികൾ സ്വീകരിക്കണമെന്ന് പൊതുവിൽ നിർദ്ദേശം ഉയർന്നുവരികയുണ്ടായി. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് അനുഗുണമാവുംവിധമുള്ള സംരംഭകത്വത്തിന്റെ വളർച്ചയ്ക്ക് വിഘാതമാകുന്ന നടപടികൾ ഒഴിവാക്കുവാൻ ലക്ഷ്യമിട്ടാണ് ഇതുസംബന്ധിച്ച ഉത്തരവ് ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) നിയമം കർശനമായി നടപ്പിലാക്കുന്നതിന് ജില്ലാ ലേബർ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ബാലവേലയുമായി ബന്ധപ്പെട്ട കേസുകൾ**

251 (4220) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലവേലയുമായി ബന്ധപ്പെട്ട കേസ്സുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് സർക്കാർതലത്തിൽ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും ) നിയമം നടപ്പിൽ വരുത്തിയിട്ടും ബാലവേല പൂർണ്ണമായും സംസ്ഥാനത്ത് നിർത്തലാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ബാലവേല പൂർണ്ണമായും നിരോധിക്കുന്നതിനായി ജില്ലാതല ടാസ്ക് ഫോഴ്സിന്റെയും ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കമ്മിറ്റിയുടെയും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ ബാലവേലയുടെ തോത് ക്രമാനുഗതമായി കുറഞ്ഞുവരുന്നതായിട്ടാണ് കണ്ടുവരുന്നത്.

(ബി) 1986-ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമപ്രകാരം തൊഴിൽ വകുപ്പിലെ പരിശോധന ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തുകയും 14 വയസ്സിന് താഴെയുള്ള കുട്ടികളെ ജോലിക്ക് നിയോഗിക്കുന്നതായി കണ്ടെത്തിയാൽ തൊഴിലുടമയ്ക്കെതിരെ പ്രസ്തുത നിയമപ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. തൊഴിൽ വകുപ്പിന്റെ ശക്തമായ ഇടപെടലും ബോധവത്കരണ പ്രവർത്തനങ്ങളും ഒപ്പം സന്നദ്ധ സംഘടനകളുടെ ഇടപെടലുകളുംമൂലം ബാലവേല ഒഴിവാക്കേണ്ട ഒന്നാണെന്ന അവബോധം സമൂഹത്തിൽ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. ഈവക കാരണങ്ങളാൽ കേരളത്തിൽ ബാലവേലയുടെ തോത് ക്രമാനുഗതമായി കുറഞ്ഞുവരുന്നുണ്ട്. ചില കുട്ടികളുടെ സാമൂഹികവും കുടുംബപരവുമായ പിന്നോക്കാവസ്ഥയെ സഹാനുഭൂതിയോടെ നോക്കിക്കാണുകയും അത്തരം കുട്ടികളെ നിർബന്ധിതമല്ലാത്ത ബാലവേലയിൽ ഏർപ്പെടുത്തുകയും ചെയ്യുന്ന ഒരു ചെറിയ വിഭാഗം കേരളീയ സമൂഹത്തിലുണ്ട്. പ്രധാനമായും ഗാർഹികമേഖലയിൽ കണ്ടുവരുന്ന ഈ പ്രവണത ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ പൂർണ്ണമായും ഒഴിവാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ ചൈൽഡ് ലേബർ-കം-റിഹാബിലിറ്റേഷൻ കമ്മിറ്റിയുടെയും സന്നദ്ധ സംഘടനകളുടെയും സാമൂഹ്യ പ്രവർത്തകരുടെയും സഹകരണത്തോടെ സെമിനാറുകൾ, ശിൽപ്പശാലകൾ, ബോധവത്കരണ ക്ലാസ്സുകൾ എന്നിവ ഊർജ്ജിതമായി നടത്തിവരുന്നു. ജില്ലാ തലത്തിലെ ടാസ്ക്ഫോഴ്സിന്റെയും ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെയും പ്രവർത്തനങ്ങൾകൊണ്ടും തൊഴിൽ വകുപ്പിന്റെ ശക്തമായ എൻഫോഴ്സ്മെന്റ് സംവിധാനവുംമൂലവും 1986-ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമം സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കാൻകഴിയുന്നു. ഇവയുടെയെല്ലാം ഫലമായി സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ബാലവേലയുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

## തൊഴിൽ മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

252 (4221) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ, തൊഴിൽ പരിശീലനം, നൈപുണ്യ വികസനം എന്നീ മേഖലകളിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കഴിഞ്ഞ മൂന്ന് വർഷം ലഭിച്ച കേന്ദ്ര-സംസ്ഥാന വിഹിതത്തെക്കുറിച്ചുള്ള വിവരങ്ങൾ വാർഷികാടിസ്ഥാനത്തിൽ പദ്ധതി തിരിച്ച് നല്കാമോ;

(ബി) ഓരോ പദ്ധതിയ്ക്കും എത്ര ഗഡു വീതം ലഭിച്ചിട്ടുണ്ട്; പദ്ധതികൾക്കായി ഓരോ വർഷവും എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നറിയിക്കുമോ?

ഉത്തരം

(എ) തൊഴിൽ, തൊഴിൽ പരിശീലനം, നൈപുണ്യ വികസനം എന്നീ മേഖലകളിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കഴിഞ്ഞ മൂന്ന് വർഷം ലഭിച്ച കേന്ദ്ര-സംസ്ഥാന വിഹിതം താഴെ പറയും പ്രകാരമാണ്. വ്യാവസായിക പരിശീലന വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ

| പദ്ധതി | വർഷം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
|---|---|---|---|
| സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് സ്കീം | 2015-16 | അനുവദിച്ചിട്ടില്ല | 91.90 ലക്ഷം |
| | 2016-17 | അനുവദിച്ചിട്ടില്ല | 196 ലക്ഷം |
| | 2017-18 | അനുവദിച്ചിട്ടില്ല | അനുവദിച്ചിട്ടില്ല |
| വൊക്കേഷണൽ ട്രെയിനിംഗ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (VTIP) | 2015-16 | അനുവദിച്ചിട്ടില്ല | അനുവദിച്ചിട്ടില്ല |
| | 2016-17 | അനുവദിച്ചിട്ടില്ല | അനുവദിച്ചിട്ടില്ല |
| | 2017-18 | അനുവദിച്ചിട്ടില്ല | അനുവദിച്ചിട്ടില്ല |
| മോഡൽ ഐ. ടി. ഐ. | 2016-17 | 175 ലക്ഷം | 75 ലക്ഷം |
| | 2017-18 | 175 ലക്ഷം | 75 ലക്ഷം |

എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് മുഖേന നടപ്പാക്കുന്ന പദ്ധതികൾക്ക്

| പദ്ധതിയുടെ പേര് | കേന്ദ്ര വിഹിതം | | സംസ്ഥാന വിഹിതം | |
|---|---|---|---|---|
| | അംഗീകരിച്ച തുക | വർഷം | അനുവദിച്ച തുക | അനുവദിച്ച വർഷം |
| മോഡൽ കരിയർ സെന്റർ | 38.28 ലക്ഷം രൂപ | 2015-16 | 50 ലക്ഷം രൂപ | 2017-18 |

കേരള അക്കാദമി ഫോർ സ്കിൽസ്-വഴി നടത്തുന്ന നൈപുണ്യ വികസന പദ്ധതികൾ

| വർഷം | കേന്ദ്രാവിഷ്കൃത പദ്ധതിയുടെ പേര് | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 2017-18 | സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷൻ (SIMO) | 15 കോടി രൂപ | 10 കോടി രൂപ | തുക ലഭ്യമായിട്ടില്ല |
| | പ്രധാൻമന്ത്രി കൗശൽ വികാസ് യോജന (PMKVY) | 110 കോടി രൂപ | ഇല്ല | ആദ്യ രണ്ട് ഗഡുവായ 22 കോടി രൂപ സംസ്ഥാന ഖജനാവിലേയ്ക്ക് ലഭിച്ചിട്ടുണ്ട്. ടി തുക KASE-ന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്ന നടപടികൾ പുരോഗമിച്ച് വരുന്നു. |
| 2018-19 | സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷൻ (SIMO) | 13.75 കോടി രൂപ | 10 കോടി രൂപ | തുക ലഭ്യമായിട്ടില്ല |

(ബി) വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയുടെ വകുപ്പ് തിരിച്ചുള്ള കണക്ക് താഴെ പറയും പ്രകാരമാണ്.

വ്യവസായ പരിശീലന വകുപ്പ്

i- (സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് സ്കീം)

100% കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് സ്കീം വാർഷിക അടിസ്ഥാനത്തിൽ ലഭ്യമാകുന്ന തുക വി. ടി. പി.-കൾ ട്രെയിനിംഗ് കോസ്റ്റ് റീഇംബേഴ്സ് ചെയ്യുന്നതിനുള്ള ബിൽ സമർപ്പിക്കുമ്പോൾ മാത്രമാണ് വിതരണം ചെയ്യാറുള്ളത്. ഇതുപ്രകാരം 2015-16-ൽ 2.26 കോടി രൂപയും 2016-17-ൽ 1 കോടി രൂപയും 2017-18-ൽ 1.27 കോടി രൂപയും ചെലവാക്കിയിട്ടുണ്ട്. കൂടുതൽ ചെലവായ തുക 2015-16-ന് മുൻപ് ലഭ്യമായിട്ടുള്ള വകയിലുള്ളതാണ്.

ii- വൊക്കേഷണൽ ട്രെയിനിംഗ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം

ഈ പദ്ധതി സംബന്ധിച്ച ചെലവ് കണക്ക് ചുവടെ ചേർക്കുന്നു :

| വർഷം | തുക (രൂപ) |
|---|---|
| 2007-08 | 2,72,53,116 |
| 2008-09 | 4,24,31,715 |
| 2009-10 | 5,67,03,307 |
| 2010-11 | 4,76,96,215 |
| 2011-12 | 2,08,65,300 |
| 2012-13 | 6,54,38,429 |
| 2013-14 | 42,23,186 |
| 2014-15 | 1,65,23,593 |
| 2015-16 | 3,25,02,200 |
| 2016-17 | 2,47,33,700 |
| 2017-18 | 31,84,860 |

iii- മോഡൽ എ. ടി. ഐ.

ഈ പദ്ധതി സംബന്ധിച്ച ചെലവ് കണക്ക് ചുവടെ ചേർക്കുന്നു :

| വർഷം | തുക (രൂപ) |
|---|---|
| 2016-17 | 250 ലക്ഷം |
| 2017-18 | 75 ലക്ഷം |

എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്

| പദ്ധതിയുടെ പേര് | കേന്ദ്ര വിഹിതം അനുവദിച്ചത് | | | സംസ്ഥാന വിഹിതം | |
|---|---|---|---|---|---|
| | ആദ്യഗഡു തുക | ചെലവഴിച്ചത് | | അനുവദിച്ച തുക | ചെലവഴിച്ചത് |
| | | 2017-18 | 2018-19 | | |
| മോഡൽ കരിയർ സെന്റർ | 22.968 ലക്ഷം രൂപ | 1,27,536 | 2626 | 50 ലക്ഷം രൂപ | 50 ലക്ഷം രൂപ |

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

പ്രധാൻമന്ത്രി കൗശൽ വികാസ് യോജന PMKVY (2016-20)യുടെ സംസ്ഥാന ഘടകം (Centrally Sponsored State Managed Component) നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യ ഗഡുവായ 4.62 കോടി രൂപയുടെയും രണ്ടാമത്തെ ഗഡുവവായ 17.38 കോടി രൂപയുടെയും കേന്ദ്ര സർക്കാർ ഉത്തരവ് യഥാക്രമം 25-9-2017-ലും 19-2-2018-ലും ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുക KASE-ന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. തുക ലഭ്യമാകുന്നമുറയ്ക്ക് പദ്ധതികൾ നടപ്പിലാകുന്നതാണ്.

**ആവാസ് പദ്ധതി**

253 (4222) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികൾക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്ന തിനുവേണ്ടിയുള്ള ആവാസ് പദ്ധതിയിൽ 2018 ഏപ്രിൽ 30 വരെ എത്ര ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ എണ്ണം അവരുടെ സംസ്ഥാനം തിരിച്ച് ലഭ്യമാക്കുമോ;

(സി) ഈ പദ്ധതി അനുസരിച്ച് ഇതരസംസ്ഥാന തൊഴിലാളികൾക്ക് ലഭിക്കുന്ന ചികിത്സാ ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2018 ഏപ്രിൽ 30 വരെ 241102 ഇതര സംസ്ഥാനത്തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ എണ്ണം അവരുടെ സംസ്ഥാനം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

(സി) 15,000 രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നതാണ്.

**കൈവല്യ പദ്ധതി**

254 (4223) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവല്യ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) 2017-18-ൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര അംഗപരിമിതർക്ക് മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിശീലനം നൽകിയെന്നും അതിൽ എത്രപേർ മത്സരപരീക്ഷകളിൽ വിജയിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷി ക്കാർക്കായി 1-11-2016-ലെ സ.ഉ.(പി)നമ്പർ 174/2016/തൊഴിൽ പ്രകാരം 'കൈവല്യ' എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാ ക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ (1) വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ് (2) കപ്പാസിറ്റി ബിൽഡിംഗ് (3) മത്സര പരീക്ഷകൾക്കുള്ള പരിശീലനം (4) സ്വയംതൊഴിൽ വായ്പാ പദ്ധതി എന്നിങ്ങനെ നാല് ഘടക പദ്ധതികളുണ്ട്. ഇവരിൽ ഒന്നോ ഒന്നിൽ കൂടുതലോ ഘടക പദ്ധതികളിലൂടെ ഭിന്നശേഷിക്കാരെ തൊഴിൽ ചെയ്ത് ജീവിക്കാൻ പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 'കൈവല്യ' പദ്ധതിയുടെ ഘടക

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പദ്ധതികളായ വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്പ്രകാരം ഉദ്യോഗാർത്ഥികൾക്ക് തൊഴിൽപരമായ മാർഗ്ഗനിർദ്ദേശവും മത്സര പരീക്ഷാ പരിശീലനത്തിലൂടെ ഉദ്യോഗാർത്ഥികളെ വിവിധ മത്സര പരീക്ഷകളിൽ പങ്കെടുത്ത് തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുന്നു. മത്സരപരീക്ഷാ പരിശീലനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ജോലി ലഭിക്കുന്നത് വരെയുള്ള ഒരു തുടർ പരിശീലനമാണ്. കപ്പാസിറ്റി ബിൽഡിങ്ങിൽ വിവിധ സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനവും നൽകിവരുന്നു. കൂടാതെ ഭിന്നശേഷിക്കാരുടെ യോഗ്യതയും അഭിരുചിക്കും അനുസരിച്ചുള്ള ട്രെയിനിങ്ങും സോഫ്റ്റ്സ്കിൽ ട്രെയിനിങ്ങും മറ്റ് പരിശീലനങ്ങളും നൽകി വരുന്നു. സ്വയം തൊഴിൽ വായ്പാ പദ്ധതിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിലേയ്ക്കായി അൻപത് ശതമാനം [പരമാവധി 25,000 (ഇരുപത്തയ്യായിരം രൂപ)] സബ്സിഡി യോടുകൂടി 50,000 (അമ്പതിനായിരം രൂപ) വരെ പലിശരഹിത വായ്പ നൽകുന്നു. ആവശ്യപ്പെടുന്ന പക്ഷം ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. മാത്രമല്ല, ഭിന്നശേഷിക്കാരുടെ അഭിരുചികൾക്കിണങ്ങുംവിധം സ്വയംതൊഴിൽ ആരംഭിക്കുന്നതിലേയ്ക്കാവശ്യമായ പരിശീലനവും എംപ്ലോയ്മെന്റ് വകുപ്പ് മുഖേന സൗജന്യമായി നൽകിവരുന്നു. ഈ പദ്ധതിയിൽ ഗ്രൂപ്പ് സംരംഭങ്ങളും ആരംഭിക്കാവു ന്നതാണ്. കപ്പാസിറ്റി ബിൽഡിങ്ങിൽ ഉൾപ്പെടുത്തി വിവിധ സ്വയംതൊഴിൽ സംരംഭങ്ങളിൽ (ഉദാ: കുട നിർമ്മാണം, മെഴുകുതിരി നിർമ്മാണം, കാരി ബാഗുകളുടെ നിർമ്മാണം, എൽ. ഇ. ഡി. ബൾബുകളുടെ നിർമ്മാണം) പരിശീലനവും നൽകി വരുന്നു. മേൽ പരാമർശിച്ച പ്രവർത്തനങ്ങളിലൂടെ ഭിന്നശേഷിക്കാർക്ക് ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ട് വരുന്നതിനും സാധിക്കുന്നു.

(സി) 2017-18-ൽ പ്രസ്തുത പദ്ധതി പ്രകാരം 1893 അംഗപരിമിതർക്ക് മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിശീലനം നൽകുകയും അതിൽ 6 പേർ പി.എസ്.സി. നടത്തിയ മത്സരപരീക്ഷയിൽ വിജയിക്കുകയും ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്. 5 പേർ ഷോർട്ട് ലിസ്റ്റ്/റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ട്.

**കരിയർ ഡെവലപ്മെന്റ് സെന്റർ**

255 (4224) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാരിതര സ്ഥാപന ങ്ങളിലെ തൊഴിൽ മേഖലയിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്; വിശദമാക്കാമോ;

(ബി) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന, കരിയർ ഡെവലപ്പ്മെന്റ് സെന്റർ എന്ന നൂതന പദ്ധതിയിലൂടെ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു എന്നറിയ്ക്കാമോ;

(സി) ഇത്തരം സെന്ററുകൾ സംസ്ഥാന വ്യാപകമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാരിതര സ്ഥാപനങ്ങളിലെ 23 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും വേതന വിതരണത്തിൽ സുതാര്യത കൈവരിക്കുന്നതിനും വേതന സുരക്ഷാ പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിൽ വരുത്തിയിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങളെ തൊഴിൽ നിയമങ്ങളുടെ പാലനം, പ്രവർത്തന മികവ് എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്ത് നിലവാരം നിശ്ചയിക്കുന്നതിന് പുതിയ പദ്ധതിയായ 'ഗ്രേഡിംഗ് ' സംവിധാനം നടപ്പാക്കിയിട്ടുണ്ട്. വിവിധ ക്ഷേമനിധി ബോർഡുകൾ മുഖേന തൊഴിലാളികൾക്ക് വിതരണം ചെയ്തുവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. വിവിധ മേഖലകളിൽ മികവ് പുലർത്തുന്ന തൊഴിലാളികളെ കണ്ടെത്തി 'തൊഴിലാളി ശ്രേഷ്ഠ' അവാർഡ് നൽകുന്നതിനുള്ള പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് നടപ്പാക്കി വരുന്ന കരിയർ ഡെവലപ്മെന്റ് സെന്റർ പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും പാലക്കാട് ജില്ലയിലെ ചിറ്റൂരിലും തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. പേരാമ്പ്രയിൽ 2436-ഉം ചിറ്റൂരിൽ 2346-ഉം നെയ്യാറ്റിൻകരയിൽ 242-ഉം ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിവിധ മത്സര പരീക്ഷാ പരിശീലന പരിപാടികൾ, കരിയർ ഗൈഡൻസ്/കൗൺസിലിംഗ്, പ്രീ-ഇന്റർവ്യൂ പരിശീലനം, മൃദു നൈപുണ്യ പരിശീലനങ്ങൾ, കരിയർ കൗൺസിലിംഗ്, മോട്ടിവേഷൻ പ്രോഗ്രാമുകൾ, സംരംഭകത്വ പരിപാടികൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള പരിശീലന പരിപാടികൾ തുടങ്ങിയ കരിയർ വികസന പരിപാടികളിലൂടെ ഉദ്യോഗാർത്ഥികളിൽ പ്രൊഫഷണൽ മികവ് ഉയർത്തി മികച്ച തൊഴിൽ ലഭിക്കുന്നതിന് അവരെ പ്രാപ്തരാക്കി വരുന്നുണ്ട്. പേരാമ്പ്ര കരിയർ ഡെവലപ്മെന്റ് സെന്ററിൽ നടത്തിയ പി.എസ്.സി. പരീക്ഷാ പരിശീലനങ്ങളിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളിൽ 7 പേർ എൽ.ഡി.സി. റാങ്ക് ലിസ്റ്റിലും 37 പേർ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിലും ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ ഗൈഡൻസ്, കൗൺസിലിംഗ് പരിപാടികളിൽ

പങ്കെടുത്ത ഉദ്യോഗാർത്ഥികളിൽ 10 പേർക്ക് രാജ്യത്തെ വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്. ചിറ്റൂർ കരിയർ ഡെവലപ്മെന്റ് സെന്ററിൽ നടത്തിയ മിനി ജോബ് ഫെയറിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളിൽ 26 പേർക്ക് സെലക്ഷൻ ലഭിക്കുകയും നെറ്റ് പരിശീലന പരിപാടിയിൽ പങ്കെടുത്ത 50 ഉദ്യോഗാർത്ഥികളിൽ 7 പേർ വിജയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) തുടക്കമെന്ന നിലയിൽ ഓരോ ജില്ലയിലും ഓരോ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ വീതം ആരംഭിക്കുവാനാണ് തത്വത്തിൽ തീരുമാനിച്ചിട്ടുള്ളത്. അത് പ്രകാരം നിലവിൽ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലും പാലക്കാട് ജില്ലയിലെ ചിറ്റൂരിലും കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം കായംകുളം, തൃപ്പൂണിത്തുറ എന്നീ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥലത്തിന്റെയും ഫണ്ടിന്റെയും ലഭ്യതയനുസരിച്ച് വരുംവർഷങ്ങളിൽ സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതാണ്.

## രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന

256 (4225) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിനായി രാഷ്ട്രീയ സ്വാസ്ഥ്യ ബീമ യോജന (ആർ.എസ്.ബി.വൈ) എന്ന പേരിൽ കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പാക്കിവരുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള പ്രീമിയത്തിന്റെ വിഹിതത്തിനും ഭരണ ചെലവുകൾക്കുമായി സംസ്ഥാന സർക്കാർ എത്ര ശതമാനം തുകയാണ് വഹിക്കുന്നതെന്നും കേന്ദ്ര സർക്കാർ വിഹിതം എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായുള്ള നിർദ്ദേശങ്ങളിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ഡി) ഏത് ഏജൻസിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ചില സ്വകാര്യ ആശുപത്രികൾ ഈ പദ്ധതിയിൽ നിന്നും പിന്മാറിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുമോ;

(എഫ്) കൂടുതൽ ആശുപത്രികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ആർ.എസ്.ബി.വൈ. പദ്ധതി നടത്തിപ്പിൽ ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 60% കേന്ദ്ര സർക്കാരും 40% സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്.

(സി) 2015-16 സാമ്പത്തിക വർഷം മുതൽ 75:25 കേന്ദ്ര-സംസ്ഥാന ഇൻഷ്വറൻസ് പ്രീമിയം വിഹിതം 60:40 ആയി ഭേദഗതി വരുത്തുകയുണ്ടായി. 2016-17 വർഷം മുതൽ ഇൻഷ്വറൻസ് കമ്പനിയുടെ പ്രവർത്തനം വിലയിരുത്തി പ്രീമിയം തുകയിൽ പെനാൽറ്റി ഇടുന്നതിനുള്ള മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2017 ഏപ്രിൽ മാസം 1 മുതൽ എസ്ചിസ് എന്ന പുതിയ പദ്ധതി പ്രകാരം ആർ.എസ്.ബി.വൈ.-ചിസ് പദ്ധതിയിൽ അംഗമായിട്ടുള്ള 60 വയസ്സിനും അതിന് മുകളിലുമുള്ള ഓരോ മുതിർന്ന വ്യക്തിക്കും 30,000 രൂപയുടെ അധിക സൗജന്യ ചികിത്സ ലഭിച്ചുവരുന്നു.

(ഡി) കേരള സർക്കാരിന്റെ തൊഴിൽ നൈപുണ്യ വകുപ്പിന് കീഴിൽ രൂപീകൃതമായ ചിയാക് (കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് ഏജൻസി ഓഫ് കേരള) എന്ന നോഡൽ ഏജൻസി മുഖാന്തരമാണ് ഈ പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

(ഇ) ഉണ്ട്. ആർ.എസ്.ബി.വൈ.-ചിസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചുരുക്കം ചില സ്വകാര്യ ആശുപത്രികൾ പദ്ധതിയിൽനിന്നും പിന്മാറുകയും അവയിൽ പലതും പിന്നീട് തിരിച്ചുവരികയും ചെയ്യാറുണ്ട്. ഇതിന് ആശുപത്രിക്ക് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ട്. കൂടാതെ പുതിയ പല സ്വകാര്യ ആശുപത്രികളും പുതിയതായി അംഗമാവുന്നുണ്ട്. പദ്ധതി മാനദണ്ഡം പാലിക്കാത്തപക്ഷം അച്ചടക്ക നടപടികൾ സ്വീകരിക്കാറുണ്ട്.

(എഫ്) പദ്ധതിയിൽ കൂടുതൽ ആശുപത്രികൾ ചേരുന്നതിന് എല്ലാ വർഷവും വർക്ക്ഷോപ്പ് സംഘടിപ്പിക്കാറുണ്ട്. ഇതുകൂടാതെ ചിയാക്കിന്റെ ജില്ലാ പ്രോജക്ട് മാനേജർ ആശുപത്രികളെ സമീപിച്ച് പദ്ധതിയെക്കുറിച്ച് ബോധവൽക്കരിക്കാറുമുണ്ട്. കഴിഞ്ഞ വർഷം പദ്ധതിയിൽ 298 സ്വകാര്യ ആശുപത്രികൾ അംഗങ്ങളായി കഴിഞ്ഞു. ഇതിൽ അമ്പത്തിയേഴോളം സ്വകാര്യ ആശുപത്രികൾ 2017-18-ൽ അംഗമായതാണ്.

## തൊഴിലാളി ക്ഷേമനിധികൾ

257 (4226) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കിയ വിവിധ തൊഴിലാളി ക്ഷേമനിധികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് നല്കിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് ഓരോ ക്ഷേമനിധി ബോർഡ് തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ചുവരുന്നു.

1. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്
2. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്
3. കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് ക്ഷേമനിധി ബോർഡ്
4. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്
5. കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്
6. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്
7. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്
8. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്
9. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്
10. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്
11. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്
12. കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്
13. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്
14. കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്

15. കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ്

16. കേരള അസംഘടിത സാമൂഹ്യ സുരക്ഷ ബോർഡ്

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ ശമ്പളം**

258 (T*4227) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ പുതുക്കിയ ശമ്പള നിരക്ക് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും സ്വകാര്യാശുപത്രികൾ പ്രസ്തുത പരിഷ്കരണം നടപ്പാക്കുന്നതിൽ വിമുഖത കാണിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്വകാര്യാശുപത്രികളുടെ വിശദ വിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ നഴ്സുമാരുടെ പുതുക്കിയ ശമ്പള നിരക്ക് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ 5 സ്വകാര്യ ആശുപത്രികളിലും ആലപ്പുഴ ജില്ലയിൽ 3 സ്വകാര്യ ആശുപത്രികളിലും മലപ്പുറം ജില്ലയിലും പുതുക്കിയ ശമ്പളനിരക്ക് നടപ്പിലാക്കിയിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 2018 ജൂൺ മുതൽ പുതുക്കിയ ശമ്പള നിരക്ക് നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ മെഡിടീന, വാസൻ ഐ. കെയർ, ശ്രീരാമകൃഷ്ണ മിഷൻ ചാരിറ്റി ഹോസ്പിറ്റൽ, അമർ ആശുപത്രി എന്നിവ സാമ്പത്തിക പ്രതിസന്ധി കാരണം പുതുക്കിയ ശമ്പളനിരക്ക് നടപ്പിലാക്കിയിട്ടില്ല. കൊല്ലം ഉപാസന ആശുപത്രിയിൽ മിനിമം വേതനം നടപ്പിലാക്കുന്നില്ലായെന്ന് ഉന്നയിച്ച് രേഖാമൂലം പരാതി ലഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ ശാന്തിനികേതൻ ഹോസ്പിറ്റൽ - പൊൻകുന്നം, റാണി ഹോസ്പിറ്റൽ - കാഞ്ഞിരപ്പള്ളി, സി. എൻ. കെ. ഹോസ്പിറ്റൽ - ചങ്ങനാശ്ശേരി എന്നീ ആശുപത്രികൾ സാമ്പത്തിക പ്രതിസന്ധിമൂലം പുതുക്കിയ മിനിമം വേതനം നടപ്പിലാക്കുവാൻ ബുദ്ധിമുട്ട് അറിയിച്ചിട്ടുണ്ട്. കൂടാതെ തൃശ്ശൂർ ജില്ലയിൽ നഴ്സുമാരുടെ ശമ്പളപരിഷ്കരണത്തിന്റെ അധികസാമ്പത്തിക ബാധ്യതമൂലം എം.ഐ.റ്റി. ആശുപത്രി - കൊടുങ്ങല്ലൂർ 5-7-2018 മുതൽ പ്രവർത്തനം അവസാനിപ്പിക്കുന്നതായി അറിയിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ എം.ബി. ഹോസ്പിറ്റൽ വിമുഖത കാണിച്ച് പരാതി സമർപ്പിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* 'T'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## ഇ.എസ്.ഐ. ഡിസ്പെൻസറി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

259 (4228) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അനുവദിച്ച ഇ.എസ്.ഐ. ഡിസ്പെൻസറികൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) ഇ.എസ്.ഐ. ഡിസ്പെൻസറി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(സി) വെഞ്ഞാറമ്മൂട് കേന്ദ്രമാക്കി ആരംഭിക്കുമെന്നറിയിച്ചിരുന്ന ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ നിലവിലെ സ്ഥിതി എന്താണ്; വിശദമാക്കാമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇ.എസ്.ഐ. കോർപ്പറേഷന്റെ മാനദണ്ഡപ്രകാരം രജിസ്റ്റേർഡ് ഐ. പി.-കളുടെ എണ്ണം സർവ്വേ നടത്തി ഇ. എസ്. ഐ. കോർപ്പറേഷൻ നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ സർക്കാരിന്റേയും ഇ. എസ്. ഐ. കോർപ്പറേഷന്റേയും നയപരമായ തീരുമാനത്തിലൂടെയാണ് സാധാരണയായി പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നത്. 2000-ന് മുകളിൽ ഐ.പി. ഫാമിലി യൂണിറ്റുകളുള്ള പ്രദേശങ്ങളിൽ ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

(സി) വെഞ്ഞാറമൂട് ഒരു ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടത് ഇ.എസ്.ഐ. കോർപ്പറേഷനാണ്. ഇ.എസ്.ഐ. കോർപ്പറേഷനിൽനിന്നും അന്തിമഅംഗീകാരം ലഭിച്ചിട്ടില്ല.

## തോട്ടം തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

260 (4229) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തോട്ടം തൊഴിലാളികളുടെ കൂലിയും മറ്റാനുകൂല്യങ്ങളും പരിഷ്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കേന്ദ്ര സർക്കാർ നയങ്ങൾകൊണ്ട് തോട്ടം മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ചിരുന്നോ;

(സി) ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ഡി) അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് സർക്കാർ നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്ലാന്റേഷൻ ലേബർ നിയമത്തിന്റെ പരിധിയിൽ വരുന്ന തോട്ടങ്ങളിൽ മിനിമം വേതനം അവസാനമായി സർക്കാർ നിശ്ചയിച്ചത് 2016-ലാണ്. മിനിമം വേതന ഉത്തരവിന്റെ കാലാവധി 2018 ജൂൺ അവസാനമാകുമ്പോൾ 3 വർഷം പൂർത്തീകരിക്കും. പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ട്രേഡ് യൂണിയനുകൾ വേതന വർദ്ധനവിനായിട്ടുള്ള ഡിമാന്റ് നോട്ടീസ് നൽകുകയും അതിന്മേൽ ചർച്ച നടന്നു വരികയുമാണ്.

(ബി) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിശോധിക്കുവാനായി നിയമിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സെക്രട്ടറിതല കമ്മിറ്റി പരിശോധിക്കുകയും പ്രസ്തുത കമ്മിറ്റി നൽകിയ 14 ശിപാർശകളിൽ 10 എണ്ണം സർക്കാർ അംഗീകരിക്കുകയും ഒരു ശിപാർശ തള്ളിക്കളയുകയും 3 ശിപാർശകൾ ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 'ഭവനം പദ്ധതി സ്വന്തം വീട് സ്കീം' മുഖേന ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 'ഭവനം പദ്ധതി സ്വന്തം വീട് സ്കീമിനായി' 4.08 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ഡി) അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് സർക്കാർ തോട്ടം ഉടമകളുമായി ചർച്ചകൾ നടത്തിവരുന്നു. കൂടാതെ, തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് പ്രകാരം ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തനരഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്ത് നടത്തുകയോ, അല്ലെങ്കിൽ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ വ്യക്തമായ മാനദണ്ഡത്തോടെ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുകയാണെങ്കിൽ തോട്ടത്തിന്റെ സ്വഭാവത്തിൽ മാറ്റം വരുത്തരുതെന്ന വ്യവസ്ഥയോടെ അംഗീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## തോട്ടം മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം

261 (4230) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂലിയെച്ചൊല്ലിയുള്ള തർക്കം നിമിത്തം സംസ്ഥാനത്തെ തോട്ടം മേഖല പ്രതിസന്ധിയിലായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തിന് പരിഹാരം കാണുന്നതിന് എന്ത് നടപടി കൈക്കൊണ്ടു എന്ന് വ്യക്തമാക്കാമോ;

(ബി) തോട്ടം തൊഴിലാളികൾക്ക് സർക്കാർ തലത്തിൽ ഒരു സഹായവും ലഭിക്കുന്നില്ല എന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത തൊഴിലാളികൾക്ക് മിനിമം കൂലി ലഭ്യമാക്കുമോ; ഈ രംഗത്ത് ചർച്ചകൾ നടക്കുന്നുണ്ടോ; ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) ഉല്പാദനച്ചെലവും വിലയിടിവും തോട്ടങ്ങളെ പ്രതിസന്ധിയിലാക്കിയിരിക്കുന്നതിന് എന്ത് പരിഹാര നിർദ്ദേശമാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

### ഉത്തരം

(എ) പ്ലാന്റേഷൻ ലേബർ നിയമത്തിന്റെ പരിധിയിൽ വരുന്ന തോട്ടങ്ങളിൽ മിനിമം വേതനം അവസാനമായി 2016-ലാണ് നിശ്ചയിച്ചത്. തോട്ടം മേഖലയിൽ നിലവിൽ കൂലിയെച്ചൊല്ലിയുള്ള തർക്കം സംബന്ധിച്ച് ഗുരുതരമായ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. മിനിമം വേതന ഉത്തരവിന്റെ കാലാവധി 2018 ജൂൺ അവസാനമാകുമ്പോൾ 3 വർഷം പൂർത്തീകരിക്കും. പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ട്രേഡ് യൂണിയനുകൾ വേതന വർദ്ധനവിനായിട്ടുള്ള ഡിമാന്റ് നോട്ടീസ് നൽകുകയും അതിന്മേൽ ചർച്ച നടന്നുവരികയുമാണ്.

(ബി) തോട്ടം തൊഴിലാളികൾക്ക് സർക്കാർ തലത്തിൽ സഹായങ്ങൾ നൽകി വരുന്നുണ്ട്. തോട്ടം മേഖലയിലെ പ്രതിസന്ധിയെക്കുറിച്ച് സമഗ്രമായി പഠിച്ച് അവ പരിഹരിക്കുന്നതിന് ആവശ്യമായ ശിപാർശകൾ ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ സമർപ്പിച്ചിട്ടുണ്ട്. മേൽശിപാർശകൾ നടപ്പിലാക്കുന്നതിനായുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി മുഖാന്തരം

തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ ധനസഹായം, സ്കൂൾ കുട്ടികൾക്ക് യൂണിഫോമുകളും, പഠനോപകരണങ്ങളും വിതരണം ചെയ്യൽ, മരണപ്പെടുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായം, പെൺമക്കൾക്ക് വിവാഹ ധനസഹായം, ചികിത്സാ ധനസഹായം എന്നിവയും നൽകുന്നുണ്ട്. കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും നടത്തുന്നുണ്ട്. മറ്റ് തോട്ടം തൊഴിലാളികൾക്കായി 2013-ലെ എസ്റ്റേറ്റ് തൊഴിലാളി ദുരിതാശ്വാസ പദ്ധതിയും നിലവിലുണ്ട്. മേൽപദ്ധതി പ്രകാരം മരണമടയുന്ന തോട്ടം തൊഴിലാളി കളുടെ നിയമാനുസൃത ആശ്രിതർക്ക് 25,000 രൂപ മരണാനന്തര ധനസഹായമായും നൽകിവരുന്നു.

(സി) തോട്ടം മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാകുന്നുണ്ട്. മിനിമം വേതനം തൊഴിലാളിക്ക് ലഭിക്കുന്നുണ്ടോയെന്ന് പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ പരിശോധനകൾ നടത്തി ഉറപ്പുവരുത്താറുണ്ട്. ടി ഉത്തരവ് പ്രകാരം 2015 ജൂലൈ 1 മുതൽ നിലവിൽവന്ന വേതന പരിഷ്കരണമാണ് ഇപ്പോൾ നിലവിലുള്ളത്. 7-3-2018-ൽ ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ട്രേഡ് യൂണിയനുകൾ വേതന വർദ്ധനവി നായുള്ള ഡിമാന്റ് നോട്ടീസ് നൽകുകയും അതിന്മേൽ ചർച്ച നടന്നുവരികയുമാണ്.

(ഡി) പ്രശ്നപരിഹാരങ്ങൾക്ക് സഹായകരമായ വിവിധ നിർദ്ദേശങ്ങൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള ക്ഷേമപദ്ധതികൾ

262 (4231) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി എന്തെല്ലാം ക്ഷേമപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് ക്ഷേമനിധി അനുവദിച്ചിട്ടുണ്ടോ എന്നും ചികിത്സാസഹായം ലഭിക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(സി) പാരലൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തൊഴിൽ മേഖലയായി രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ?

### ഉത്തരം

(എ&ബി) സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാർക്കായി പ്രത്യേക ക്ഷേമപദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാർ ഉൾപ്പെടെയുള്ളവർ

അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംഗങ്ങളായാൽ രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (ആർ.എസ്.ബി.വൈ.) പദ്ധതിയിലെ വ്യവസ്ഥകൾക്ക് വിധേയമായി ചികിത്സാ സഹായം ലഭ്യമാകുന്നതാണ്.

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളായതിനാൽ ഇത്തരം സ്ഥാപനങ്ങൾ തൊഴിൽ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്യാറില്ല.

## പീരുമേട് നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ഇ.എസ്.ഐ. ആശുപത്രികൾ

263 (4232) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ഇ.എസ്.ഐ. ആശുപത്രികൾ ആരംഭിക്കുന്നതിലേക്ക് വകുപ്പ് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) എത്ര കാലത്തിനുള്ളിൽ ഈ ആശുപത്രികൾ പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയും ആയതിന്റെ സുഗമമായ പ്രവർത്തനത്തിന് 162 തസ്തികകൾ സൃഷ്ടിച്ചും 15-9-2017-ലെ സ.ഉ.(എംഎസ്)നമ്പർ 75/2017/ തൊഴിൽ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ പീരുമേട് നിയോജക മണ്ഡലത്തിലെ പീരുമേട്, കുമിളി എന്നീ സ്ഥലങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടത് ഇ.എസ്.ഐ. കോർപ്പറേഷനാണ്. ആയതിനാൽ സംസ്ഥാന സർക്കാർ അനുമതി നൽകിയ 18 സ്ഥലങ്ങളിലും ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഇ.എസ്.ഐ. കോർപ്പറേഷനോട് അഭ്യർത്ഥിച്ചിരുന്നു. നാളിതുവരെ ഇടുക്കി ജില്ലയിലെ കട്ടപ്പന, കോഴിക്കോട് ജില്ലയിലെ മുക്കം എന്നീ സ്ഥലങ്ങളിൽ രണ്ട് ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ പ്രവർത്തനം തുടങ്ങുന്നതിനുള്ള അനുമതി മാത്രമേ ഇ.എസ്.ഐ. കോർപ്പറേഷൻ നൽകിയിട്ടുള്ളൂ.

## ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട്

264 (4233) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം മേഖലയിലെ പ്രശ്നങ്ങളെപ്പറ്റി പഠിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ ഇനി എന്തെങ്കിലും കാര്യങ്ങൾ പുതിയതായി ചേർക്കുവാനോ കുറയ്ക്കുവാനോ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) തോട്ടം മേഖലയിലെ നിലവിലെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണുവാൻ രാഷ്ട്രീയപാർട്ടികളുടെ സർവ്വകക്ഷിയോഗം വിളിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ&ബി) ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായുള്ള ശിപാർശ സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് (അനുബന്ധമായി ചേർക്കുന്നു) സർക്കാർ പരിശോധിക്കുകയും ചെയ്തു.* ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിതല കമ്മിറ്റിയുടെ 14 ശിപാർശകളിൽ 10 എണ്ണം സർക്കാർ അംഗീകരിക്കുകയും (ശിപാർശ നമ്പർ 1, 2, 3, 4, 7, 9, 10, 11, 13, 14) ഒരെണ്ണം നിരസിക്കുകയും (ശിപാർശ 8) മൂന്നെണ്ണം ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. (ശിപാർശ നമ്പർ 5, 6, 12).

(സി) പരിശോധിച്ചിട്ടില്ല.

## തൊഴിൽമേഖലയിൽ പണിയെടുക്കുന്ന അസംഘടിതരായ ഇതര സംസ്ഥാനത്തൊഴിലാളികൾ

265 (4234) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിൽമേഖലയിൽ പണിയെടുക്കുന്ന അസംഘടി തരായ ഇതരസംസ്ഥാന തൊഴിലാളികളുടെ എണ്ണത്തെ സംബന്ധിച്ച് എന്തെങ്കിലും കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇവർക്ക് നിർബന്ധമായും രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിന് ആരോഗ്യവകുപ്പുമായും തദ്ദേശസ്വയംഭരണ വകുപ്പുമായും സഹകരിച്ച് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഇതര സംസ്ഥാനത്തൊഴിലാളികളുടെ വിവരശേഖരണം, ആരോഗ്യ ഇൻഷ്വറൻസ് കാർഡ് നൽകൽ എന്നിവ ലക്ഷ്യമിട്ടുകൊണ്ട് നടപ്പിലാക്കുന്ന "ആവാസ്" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 19-6-2018 തീയതി വരെ 2,75,277 ഇതര സംസ്ഥാനത്തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻകീഴിൽ 30-4-2018 വരെ 55,359 ഇതര സംസ്ഥാനത്തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതര സംസ്ഥാനത്തൊഴിലാളികൾക്ക് നിർബന്ധിത രജിസ്ട്രേഷൻ ഏർപ്പെടുത്തുക സാധ്യമല്ല. ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ ഇതര സംസ്ഥാനത്തൊഴിലാളികൾ കൂട്ടത്തോടെ അധിവസിക്കുന്ന/തൊഴിലെടുക്കുന്ന മേഖലകൾ സന്ദർശിച്ച് "ആവാസ്" പദ്ധതിപ്രകാരമുള്ള എൻറോൾമെന്റ് നടപടികൾ നടന്നുവരുന്നു.

## ഇതര സംസ്ഥാനത്തൊഴിലാളികൾ

266 (4235) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജോലി ചെയ്തുവരുന്ന ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന പല ക്യാമ്പുകളുടേയും ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാരണത്താൽ നിരവധി പകർച്ചവ്യാധികളും മറ്റ് രോഗങ്ങളും ഉണ്ടാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം ക്യാമ്പുകളിൽ ക്രമമായി പരിസര ശുചിത്വവുമായി ബന്ധപ്പെട്ട പരിശോധന നടത്തുന്നതിന് തൊഴിൽ വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. ഇതര സംസ്ഥാനത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ജീവിതസൗകര്യവും ശുചിത്വവും ഉറപ്പുവരുത്തുന്നതിന്

ഒൻപത് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 3-8-2016-ൽ സ.ഉ.(സാധാ) 960/2016/ തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതര സംസ്ഥാനത്തൊഴിലാളികൾക്കുള്ള മെഡിക്കൽ ക്യാമ്പിനും ബോധവൽക്കരണ പരിപാടികൾക്കുമായി 2017-18 സാമ്പത്തിക വർഷം 50 ലക്ഷം രൂപ അനുവദിക്കുകയും നാളിതുവരെ 150 മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിയിട്ടുമുണ്ട്. ഇതര സംസ്ഥാനത്തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ തൊഴിൽ നിയമപ്രകാരം ഇവർക്ക് ലഭ്യമാക്കേണ്ട വേതന വ്യവസ്ഥകൾ, സുരക്ഷിതത്വം, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നതിനുവേണ്ടി പരിശോധനകളും സ്ക്വാഡ് പരിശോധനകളും തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ നടത്തിവരുന്നു.

## ഇതര സംസ്ഥാനത്തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

267 (4236) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെയാണ് സമാഹരിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇതര സംസ്ഥാനത്തൊഴിലാളികൾക്ക് ആരോഗ്യ പരിരക്ഷ/ ഇൻഷ്വറൻസ് സംരക്ഷണം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കുന്ന 'ആവാസ് ' പദ്ധതിയുടെ ഭാഗമായി 19-6-2018 വരെ 275277 ഇതര സംസ്ഥാനത്തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ജോലി ചെയ്യുന്ന മുഴുവൻ ഇതര സംസ്ഥാനത്തൊഴിലാളികളെയും പദ്ധതിയിൽ ചേർക്കുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് ഊർജ്ജിതമായി നടത്തിവരികയാണ്.

(ബി) നിലവിൽ പദ്ധതി നടത്തിപ്പിനുള്ള തുക സർക്കാർ നൽകിവരുന്നു.

## ഇതര സംസ്ഥാനത്തൊഴിലാളികളുടെ ക്ഷേമപദ്ധതികൾ

268 (4237) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനതൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികളിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ട് എന്ന് അറിയിക്കുമോ; ഇതിൽ അംഗമല്ലാത്ത എത്ര ഇതര സംസ്ഥാന തൊഴിലാളികൾ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) ഇവരെക്കൂടി ഈ ക്ഷേമപദ്ധതികളിൽ അംഗമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ&ബി) 'ആവാസ് ' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 19-6-2018 വരെ 275277 ഇതര സംസ്ഥാനത്തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൻ കീഴിൽ 30-4-2018 വരെ 55359 ഇതര സംസ്ഥാനത്തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതികളിൽ അംഗമല്ലാത്തവരുടെ വിവരം ശേഖരിച്ചിട്ടില്ല. സംസ്ഥാനത്ത് ജോലി ചെയ്യുന്ന എല്ലാ ഇതര സംസ്ഥാനത്തൊഴിലാളികൾക്കും തിരിച്ചറിയൽ കാർഡ് നൽകിയും അവരുടെ വിവരങ്ങൾ ശേഖരിച്ചും 'ആവാസ്' പദ്ധതിയിൽ അവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് നടത്തിവരികയാണ്. സ്കാറ്റേർഡ് ആയി പല മേഖലകളിലും ജോലി ചെയ്യുന്നവരെ കണ്ടെത്തി രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടികൾ ഇത്തരത്തിൽ പുരോഗമിച്ചുവരുന്നു.

## ഇതര സംസ്ഥാനത്തൊഴിലാളികൾക്കിടയിലെ മയക്കുമരുന്ന് ഉപയോഗം

269 (4238) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇതര സംസ്ഥാനത്തൊഴിലാളികൾക്കിടയിൽ മയക്ക് മരുന്നിന്റെയും ലഹരിയുടെയും ഉപയോഗം ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതര സംസ്ഥാനത്തൊഴിലാളികൾക്കിടയിൽ മയക്കുമരുന്നിന്റെയും ലഹരിയുടെയും ഉപയോഗം ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ;

(സി) ഇവരിൽ ക്രിമിനൽ സ്വഭാവമുള്ളവരെ തിരിച്ചറിയുന്നതിനും ഒഴിവാക്കു ന്നതിനും എന്തെല്ലാം നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ഡി) ഇതിലേക്കായി കൂടുതൽ നടപടികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഇതര സംസ്ഥാനത്തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ രഹസ്യ നരീക്ഷണവും 'ഓപ്പറേഷൻ ഭായി' എന്ന പേരിൽ പ്രത്യേക പരിശോധനകൾ നടത്തിവരികയും ഇപ്രകാരം നടത്തുന്ന പരിശോധനകളിൽ കഞ്ചാവ് അടക്കമുള്ള മയക്കമരുന്നുകളും മറ്റ് ലഹരി വസ്തുക്കളും കണ്ടുപിടിച്ച് കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതര സംസ്ഥാനത്തൊഴിലാളികൾ സംസ്ഥാനത്തേയ്ക്ക് മയക്കമരുന്ന് കടത്തിക്കൊണ്ടു വരുന്നത് കണ്ടുപിടിക്കുന്നതിന് ട്രെയിനുകളിൽ ആർ.പി.എഫ്., റെയിൽവേ പോലീസ് എന്നിവരുമായി ചേർന്ന് പരിശോധനകളും ബോധവത്കരണ ക്ലാസ്സുകളും സംഘടി പ്പിച്ചുവരുന്നുണ്ട്.

(സി) ഇത്തരത്തിലുള്ള കുറ്റവാളികളുടെ വിശദാംശങ്ങൾ പ്രാദേശിക പോലീസ് സ്റ്റേഷനുകൾക്ക് കൈമാറാറുണ്ട്.

(ഡി) സംസ്ഥാനത്ത് ഇതര സംസ്ഥാനത്തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ രഹസ്യ നിരീക്ഷണവും പ്രത്യേക പരിശോധനകളും നടത്തിവരുന്നത് കൂടാതെ ഇതര സംസ്ഥാനത്തൊഴിലാളികൾ വരുന്ന ട്രെയിനുകൾ ആർ.പി.എഫ്., പോലീസ് എന്നിവരുടെ സഹായത്തോടെ സംയുക്ത പരിശോധനകൾ നടത്തി നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും ഇതര സംസ്ഥാനത്തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചുവരുന്നുണ്ട്. മേജർ കേസ്സുകളിൽ ഉൾപ്പെടുന്നവരുടെ വിശദാംശങ്ങൾ ഇതര സംസ്ഥാനങ്ങൾക്ക് കൈമാറുന്നതിന് എക്സൈസ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ ആലോചിക്കുന്നുണ്ട്.

## ആവാസ് ഇൻഷ്വറൻസ് പദ്ധതി

270 (4239) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതിഥി തൊഴിലാളികൾക്കായി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ആവാസ് ഇൻഷ്വറൻസ് പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ പദ്ധതിക്കായി ആരംഭിച്ച രജിസ്ട്രേഷനിൽ അതിഥി തൊഴിലാളികൾ താല്പര്യം കാണിക്കുന്നില്ലായെന്ന റിപ്പോർട്ടുകൾ വസ്തുതാപരമാണോ;

(സി) ഈ പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് കമ്പനിയെ തെരഞ്ഞെടുക്കുന്നതിനായുള്ള ടെൻഡർ നടപടികൾ ചിയാക് പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ആരംഭിക്കുവാൻ തീരുമാനിച്ച ഫെസിലിറ്റേഷൻ സെന്ററുകൾ ഇതിനകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(ഇ) കേന്ദ്ര-സംസ്ഥാന നിയമങ്ങളുടെ ചട്ടക്കൂടിനെ അടിസ്ഥാനമാക്കി അതിഥി തൊഴിലാളികൾക്കായി ഒരു സമഗ്ര നിയമം കൊണ്ടുവരുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ;ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) അല്ല.

(സി) 'ആവാസ്' പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് കമ്പനിയെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ ഡോക്കുമെന്റ് അംഗീകരിച്ച് ചിയാക്കിന് നൽകിയിട്ടുണ്ട്. നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ എണ്ണം 275277 ആണ്. രജിസ്റ്റർ ചെയ്യപ്പെടുന്ന തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുന്ന മുറയ്ക്ക് ഇൻഷ്വറൻസ് കമ്പനിയെ തെരഞ്ഞെടുക്കുന്നതിനുള്ള മേൽനടപടികൾ ആരംഭിക്കുന്നതാണ്.

(ഡി) ആരംഭിച്ചിട്ടുണ്ട്. ഇതര സംസ്ഥാനത്തൊഴിലാളികൾക്ക് തൊഴിൽപരമായി ആവശ്യമായ സഹായങ്ങൾ നൽകുവാൻ ഫെസിലിറ്റേഷൻ സെന്ററുകൾ തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

(ഇ) ഇതര സംസ്ഥാനത്തൊഴിലാളികൾക്കായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി 'ആവാസ്' നടപ്പിലാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തൊഴിലാളികൾക്കായുള്ള സമഗ്ര നിയമനിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

## കേരളത്തിൽവച്ച് മരിക്കുന്ന ഇതര സംസ്ഥാനത്തൊഴിലാളികൾ

271 (4240) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽവച്ച് മരിക്കുന്ന ഇതരസംസ്ഥാനത്തൊഴിലാളികളുടെ മൃതദേഹങ്ങൾ അവരുടെ സ്വദേശങ്ങളിൽ എത്തിക്കുന്നതിന് സാമ്പത്തിക സഹായം നൽകിവരുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള പദ്ധതി ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം ഭൗതിക ശരീരം വിവിധ സംസ്ഥാനങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് കുറഞ്ഞത് 5,000 രൂപ മുതൽ പരമാവധി 15,000 രൂപ വരെ അനുവദിച്ചുവരുന്നു. സംസ്ഥാനത്തിനകത്ത് വച്ച് മരണമടയുന്ന ഇതര സംസ്ഥാനത്തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) ഭൗതികശരീരം സ്വദേശത്തേയ്ക്ക് എത്തിക്കുന്നതിന് 2010-ലെ കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയുടെ ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ വീതം ഓരോ ജില്ലയ്ക്കും റിവോൾവിംഗ് ഫണ്ട് രൂപികരിച്ചു കൊണ്ടും ടി ഫണ്ട് കൈകാര്യം ചെയ്യുന്നതിന് ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)മാരെ ചുമതലപ്പെടുത്തിക്കൊണ്ടും 4-6-2018-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന ത്തൊഴിലാളികളുടെ (കുടയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മരണം സംബന്ധിച്ച പ്രഥമവിവര റിപ്പോർട്ട്, പോസ്റ്റ്മാർട്ടം റിപ്പോർട്ട്, തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II-ന്റെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ അന്വേഷണ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ജില്ലാ ലേബർ ഓഫീസർക്ക് തുക അനുവദിക്കാവുന്നതാണ്.

## തൊഴിൽ സുരക്ഷ പദ്ധതികൾ

272 (4241) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക സുരക്ഷ പദ്ധതികളുടെയും തൊഴിൽ സുരക്ഷ പദ്ധതികളുടെയും ആനുകൂല്യങ്ങൾ വെട്ടിക്കുറക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം വിലയിരുത്തിയിട്ടുണ്ടോ; ഇതിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ പ്രതികരണം വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ നടപടി മൂലം ഇ.എസ്.ഐ. ആനുകൂല്യങ്ങളിൽ എന്തൊക്കെ തരത്തിലുള്ള വെട്ടിക്കുറക്കൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഈ സർക്കാർ നിലവിൽവന്നതിന് ശേഷം ഇ.എസ്.ഐ.പദ്ധതി വിപുലീകരിക്കുന്നതിനും ജനസൗഹൃദമാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) ഈ സർക്കാർ പുതുതായി ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ നിന്നും വിദഗ്ദ്ധ ചികിത്സയ്ക്ക് ഇ.എസ്.ഐ. ആശുപത്രികളിൽ എത്തുന്ന ഗുണഭോക്താക്കൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും അസൗകര്യങ്ങളും കുറയ്ക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(എഫ്) ഇ.എസ്.ഐ. ആശുപത്രികളിൽ ക്യാൻസർ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ശാക്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇ.എസ്.ഐ. ഗുണഭോക്താവിന് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇ.എസ്.ഐ. കോർപ്പറേഷൻ പുതുക്കി നിശ്ചയിച്ചു. ആയതിന്റെ ഭാഗമായി സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കുന്നതിന് അസുഖം കണ്ടെത്തുന്ന തീയതിക്ക് തൊട്ടുമുമ്പുള്ള രണ്ട് വർഷം ഇ.എസ്.ഐ. ഗുണഭോക്താവ് തുടർച്ചയായി തൊഴിലിൽ ഉണ്ടായിരിക്കേണ്ടതാണ് എന്നും രോഗം ആരംഭിക്കുന്നതിന് മുമ്പായി നാല് അംശദായ കാലയളവുകളിലായി 156 ദിവസത്തെ അംശദായം അടയ്ക്കുകയും മേൽപ്പറഞ്ഞ നാല് അംശദായ കാലയളവിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് രോഗാനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയും വേണം എന്ന ഭേദഗതി വരുത്തിയിരുന്നു. ഇ.എസ്.ഐ. കോർപ്പറേഷന്റെ നിബന്ധന 2 വർഷ സർവ്വീസിൽ താഴെയുള്ള ഗുരുതര രോഗങ്ങളുള്ള തൊഴിലാളികൾക്ക് ബുദ്ധിമുട്ടുളവാക്കുന്നതാണ്.

(സി) 15-9-2017-ലെ സ.ഉ.(എംഎസ്)നമ്പർ 75/2017/തൊഴിൽ പ്രകാരം പുതുതായി 18 ഇ. എസ്. ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ പരിധിയിലുള്ള 9 ഇ.എസ്.ഐ. ആശുപത്രികളും 143 ഇ.എസ്.ഐ. ഡിസ്പെൻസറികളും നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് നിയമിച്ച

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മൂന്നംഗ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ സ്ഥാപനങ്ങളിലും ടി സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു വെൽഫെയർ കമ്മിറ്റിയും പുതുതായി രൂപീകരിച്ചിട്ടുണ്ട്. മാത്രവുമല്ല ഇ.എസ്.ഐ. ആശുപത്രികളിലെ പരാതിപരിഹാരസെൽ പുനഃസംഘ ടിപ്പിച്ചിട്ടുമുണ്ട്. ആശുപത്രി വികസന സമിതികൾ സ.ഉ.(എംഎസ്)നമ്പർ 181/2016/തൊഴിൽ തീയതി 14-11-2016 ഉത്തരവ് പ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 9 ഇ.എസ്.ഐ. ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിച്ചുവരുന്നു. മേജർ ഡിസ്പെൻസറികൾക്കായി 40 ഇ. സി. ജി. മെഷീനുകളും മറ്റ് ഉപകരണങ്ങളും നൽകിയിട്ടുണ്ട്. മെഡിക്കൽ ക്ലെയിമുകളുടെ അപേക്ഷകൾ യഥാസമയം അനുവദിക്കാനായി ഡിസ്പെൻസറികൾക്ക് ഇന്റർനെറ്റ് സൗകര്യവും കമ്പ്യൂട്ടറുകളും നൽകിക്കഴിഞ്ഞു. ടോക്കൺ സിസ്റ്റം നിലവിലില്ലാത്ത ഇ. എസ്.ഐ. ആശുപത്രികളിലും തിരക്കേറിയ 50 ഇ.എസ്.ഐ. ഡിസ്പെൻസറികളിലും ടോക്കൺ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഫീഡിംഗ് ഡിസ്പെൻസറി കളിൽ നിന്നും ആശുപത്രി ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് 5 ദിവസത്തേയ്ക്കാവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഇ.എസ്.ഐ. ആശുപത്രികളിൽ ഫാർമസി ഔട്ട് ലെറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആശുപത്രികളിലും ഡിസ്പെൻസറികളിലുമായി അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ ടേബിൾ, ആട്ടോക്ലേവ് മെഷീൻ, ഒ. ടി. ലൈറ്റ്, ഓക്സിജൻ കോൺസൻട്രേറ്റർ, മൾട്ടിപാരാമോണിറ്റർ എന്നീ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫറോക്ക് ഇ.എസ്.ഐ. ആശുപത്രി കേന്ദ്രമാക്കി ഒരു റീജിയണൽ ലാബ് പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എറണാകുളം ഇ.എസ്.ഐ. ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി റഫറൻസ് ഓൺലൈൻ വഴി നൽകുന്നുണ്ട്. റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽനിന്ന് വാങ്ങി വിതരണം ചെയ്യുന്നുണ്ട്. ക്യാൻസർ, കിഡ്നി സംബന്ധമായ അസുഖമുള്ള രോഗികൾക്ക് റേറ്റ് കോൺട്രാക്ട് മുഖേനയും ക്വട്ടേഷൻ വഴിയും മരുന്ന് ലഭ്യമാക്കി വിതരണം ചെയ്യുന്നു. ഡിസ്പെൻസറികൾക്കും ആശുപത്രികൾക്കും ആവശ്യമായ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വാങ്ങുന്നുണ്ട്. പത്ത് ജില്ലകളിലായി 14 നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് (NCD) ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇ.എസ്.ഐ. ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് ഭക്ഷണത്തിനുവേണ്ടി ഹരിത മിഷനുമായി ചേർന്ന് ആശുപത്രികളിൽ ജൈവ പച്ചക്കറി കൃഷി ആരംഭിച്ചു. കൂടാതെ 2017-18 പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ താഴെ കൊടുക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. സീനിയർ റസിഡന്റ്സ്, ഫാർമസിസ്റ്റ് നിയമനം.

2. ലബോറട്ടറി നവീകരണം.

3. ആംബുലൻസ് സംവിധാനം.

4. പാലക്കാട്, ഫറോക്ക്, ആലപ്പുഴ ഇ.എസ്.ഐ. ആശുപത്രികളിൽ ആയുഷ് യൂണിറ്റ്.

5. VIBGYOR പവർ ലോൺട്രി.

6. ഫറോക്ക്, പേരൂർക്കട ഇ.എസ്.ഐ. ആശുപത്രികളിൽ കീമോ തെറാപ്പി യൂണിറ്റ്.

7. ഫ്രണ്ട് ഓഫീസും സൈൻ ബോർഡുകളും.

8. ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഒ. പി.

സ്പെഷ്യലിസ്റ്റുകളുടെ ഒഴിവ് നികത്തുന്നതിനായി സെൻട്രൽ സോണിലും നോർത്ത് സോണിലും ഇന്റർവ്യൂ നടത്തുകയും 3 സ്പെഷ്യലിസ്റ്റുമാരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസ് ക്വാട്ടയിൽ പി.ജി. പൂർത്തിയാക്കിയിട്ടുള്ള 7 ഡോക്ടർമാരെ ആശുപത്രികളിൽ നിയമിച്ചിട്ടുണ്ട്. ഇ.എസ്.ഐ. ആശുപത്രികളിൽ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി ചികിത്സകൾക്ക് 39 സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. ആശുപത്രികളിൽ ഉച്ചയ്ക്ക് ശേഷവും ലാബുകളുടെ പ്രവർത്തനത്തിനായി സ്വകാര്യ ലാബുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ഡി) പത്തനംതിട്ടയിൽ ഒരു പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിച്ചിട്ടുണ്ട്.

(ഇ) ഇ.എസ്.ഐ. ആശുപത്രികളിൽ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി ചികിത്സകൾ തൊഴിലാളികൾക്ക് നൽകുന്നതിനായി സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി റഫറൻസ് സംവിധാനം പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലാക്കി.

(എഫ്) ഡിസ്പെൻസറികളിൽ ഇപ്പോൾ ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്. ആശുപത്രികളിൽ വരുന്ന രോഗികൾക്ക് ക്യാമ്പുകൾ സംഘടിപ്പിച്ചും പ്രാഥമിക പരിശോധനകളിൽ കൂടിയും രോഗനിർണ്ണയം നടത്തുകയും തുടർ ചികിത്സയ്ക്കായി എംപാനൽഡ് ആശുപത്രികളിലേയ്ക്കും റീജിയണൽ ക്യാൻസർ സെന്ററിലേയ്ക്കും റഫർ ചെയ്തും വരുന്നുണ്ട്. കൂടാതെ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിന്റെ 2017-18 വർഷത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തി ഫറോക്ക്, പേരൂർക്കട ഇ.എസ്.ഐ. ആശുപത്രികളിൽ കീമോ തെറാപ്പി യൂണിറ്റ് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

## ഇ.എസ്.ഐ. ആശുപത്രികളിൽ ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ

273 (4242) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഇ.എസ്.ഐ. ആശുപത്രികളിൽ ക്യാൻസർ നിർണ്ണയ, ചികിത്സാ സൗകര്യങ്ങൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇ.എസ്.ഐ. ആശുപത്രികളിൽ ഇത്തരം സേവനങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്യാൻസർ നിർണ്ണയ സൗകര്യം നിലവിലുണ്ട്. എന്നാൽ ചികിത്സാ സൗകര്യം നിലവിലില്ല.

(ബി) ഡിസ്പെൻസറികളിൽ ഇപ്പോൾ ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്. ആശുപത്രികളിൽ വരുന്ന രോഗികൾക്ക് ക്യാമ്പുകൾ സംഘടിപ്പിച്ചും പ്രാഥമിക പരിശോധനകളിൽക്കൂടിയും രോഗ നിർണ്ണയം നടത്തുകയും തുടർ ചികിത്സയ്ക്കായി എംപാനൽഡ് ആശുപത്രികളിലേയ്ക്കും റീജിയണൽ ക്യാൻസർ സെന്ററിലേയ്ക്കും റഫർ ചെയ്യും വരുന്നുണ്ട്. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിന്റെ 2017-18 വർഷത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തി ഫറോക്ക്, പേരൂർക്കട ഇ. എസ്. ഐ. ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റ് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

## ഇ. എസ്. ഐ. ആശുപത്രികളിൽ ജൈവ പച്ചക്കറികൃഷി

274 (4243) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ ഇ.എസ്.ഐ. ആശുപത്രികളിലും ജൈവ പച്ചക്കറികൃഷി ആരംഭിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ; ഈ പദ്ധതികൊണ്ട് ലക്ഷ്യം വക്കുന്നത് എന്താണെന്നറിയിക്കാമോ;

(ബി) പുതുതായി എത്ര ഇ.എസ്.ഐ. ഡിസ്പെൻസറികളാണ് സംസ്ഥാന സർക്കാർ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) ബാലുശ്ശേരി മണ്ഡലത്തിൽ അനുവദിച്ച ഇ.എസ്.ഐ. ഡിസ്പെൻസറി എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇ.എസ്.ഐ. ആശുപത്രികളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് സർക്കാർ അനുമതി നൽകുകയും ആയതുപ്രകാരം ഓരോ ആശുപത്രിയും ഹരിത മിഷനുമായി ചേർന്ന് കൃഷി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇ. എസ്. ഐ. ആശുപത്രികളിൽ കിടത്തിചികിത്സയ്ക്ക് വിധേയരാകുന്ന രോഗികളുടെ ഭക്ഷണത്തിനാവശ്യമായ വിഷരഹിത പച്ചക്കറികൾ ഉത്പാദിപ്പിക്കുക, ജൈവ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്.

(ബി&സി) സംസ്ഥാനത്ത് പുതുതായി 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയും ആയതിന്റെ പ്രവർത്തനത്തിന് ആവശ്യമായ 162 തസ്തികകൾ സൃഷ്ടിച്ചും 15-9-2017-ലെ സ.ഉ.(കൈ)നമ്പർ 75/2017/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ ഒരു ഡിസ്പെൻസറി ബാലുശ്ശേരിയിൽ ആരംഭിക്കുന്നതിനാണ് സർക്കാർ അനുമതി നൽകിയത്. എന്നാൽ ടി 18 ഡിസ്പെൻസറികളിൽ കട്ടപ്പന, മുക്കം ഡിസ്പെൻസറികളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് മാത്രമേ ഇ.എസ്.ഐ. കോർപ്പറേഷന്റെ അനുമതി ലഭ്യമായിട്ടുള്ളൂ. ബാലുശ്ശേരിയിലടക്കമുള്ള ബാക്കി ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള അന്തിമഅംഗീകാരം നൽകേണ്ടത് ഇ.എസ്.ഐ. കോർപ്പറേഷനാണ്.

## ഇ. എസ്. ഐ. ഡിസ്പെൻസറികൾ

275(4244) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പ് പുതിയതായി എത്ര ഇ.എസ്.ഐ. ഡിസ്പെൻസറികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഡിസ്പെൻസറികൾ എവിടെയെല്ലാമാണ് തുടങ്ങാനുദ്ദേശിക്കുന്നതെന്ന വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 15-9-2017-ലെ സ.ഉ.(എംഎസ്)നമ്പർ 75/17/തൊഴിൽ പ്രകാരം സംസ്ഥാനത്ത് പുതുതായി 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയും ആയതിന്റെ പ്രവർത്തനത്തിനായി 162 തസ്തികകൾ സൃഷ്ടിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഡിസ്പെൻസറികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി

ചേർത്തിരിക്കുന്നു.* എന്നാൽ ഇതിൽ ഇടുക്കി ജില്ലയിലെ കട്ടപ്പന, കോഴിക്കോട് ജില്ലയിലെ മുക്കം എന്നീ സ്ഥലങ്ങളിൽ ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ. ഡിസ്പെൻസറികൾക്കുള്ള പ്രവർത്തനാനുമതി മാത്രമേ നിലവിൽ ഇ.എസ്.ഐ. കോർപ്പറേഷൻ നൽകിയിട്ടുള്ളൂ.

## ഒളരിക്കര ഇ. എസ്. ഐ. ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി

276(4245) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) തൃശ്ശൂർ ജില്ലയിലെ ഒളരിക്കര ഇ.എസ്.ഐ. ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ പരിധിയിലുള്ള 9 ഇ.എസ്.ഐ. ആശുപത്രികളും 143 ഇ.എസ്.ഐ. ഡിസ്പെൻസറികളും നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് നിയമിച്ച മൂന്നംഗ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ഓരോ സ്ഥാപനങ്ങളിലും ടി സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു വെൽഫെയർ കമ്മിറ്റിയും പുതുതായി രൂപീകരിച്ചിട്ടുണ്ട്. മാത്രവുമല്ല ഇ.എസ്.ഐ. ആശുപത്രികളിലെ പരാതിപരിഹാരസെൽ പുനഃസംഘടിപ്പിച്ചിട്ടുമുണ്ട്. സംസ്ഥാനത്തെ 9 ഇ.എസ്.ഐ. ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിച്ചുവരുന്നു. മേജർ ഡിസ്പെൻസറികൾക്കായി 40 ഇ.സി.ജി. മെഷീനുകളും മറ്റ് ഉപകരണങ്ങളും നൽകിയിട്ടുണ്ട്. ഇ-ഗവേണൻസിന്റെ ഭാഗമായി മെഡിക്കൽ ക്ലെയിമുകളുടെ അപേക്ഷകൾ യഥാസമയം അനുവദിക്കാനായി ഡിസ്പെൻസറികൾക്ക് ഇന്റർനെറ്റ് സൗകര്യവും കമ്പ്യൂട്ടറുകളും നൽകിക്കഴിഞ്ഞു. ടോക്കൺ സിസ്റ്റം നിലവിലില്ലാത്ത ഇ.എസ്.ഐ. ആശുപത്രികളിലും തിരക്കേറിയ 50 ഇ.എസ്.ഐ. ഡിസ്പെൻസറികളിലും ടോക്കൺ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഫീഡിംഗ് ഡിസ്പെൻസറികളിൽനിന്നും ആശുപത്രി ഒ.പി. വിഭാഗത്തിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് 5 ദിവസത്തേയ്ക്കാവശ്യമായ മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഇ.എസ്.ഐ. ആശുപത്രികളിൽ ഫാർമസി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഔട്ട്ലെറ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആശുപത്രികളിലും ഡിസ്പെൻസറികളിലുമായി അനസ്തേഷ്യാ വർക്ക് സ്റ്റേഷൻ, ഓപ്പറേഷൻ ടേബിൾ, ആട്ടോക്ലേവ് മെഷീൻ, ഒ. ടി. ലൈറ്റ്, ഓക്സിജൻ കോൺസൻട്രേറ്റർ, മൾട്ടിപാരാമോണിറ്റർ എന്നീ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഫറോക്ക് ഇ. എസ്. ഐ. ആശുപത്രി കേന്ദ്രമാക്കി ഒരു റീജിയണൽ ലാബ് പ്രവർത്തനം ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എറണാകുളം ഇ.എസ്.ഐ. ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി റഫറൻസ് ഓൺലൈൻ വഴി നൽകുന്നുണ്ട്. റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽനിന്ന് വാങ്ങി വിതരണം ചെയ്യുന്നുണ്ട്. ക്യാൻസർ, കിഡ്നി സംബന്ധമായ അസുഖമുള്ള രോഗികൾക്ക് റേറ്റ് കോൺട്രാക്ട് മുഖേനയും ക്വട്ടേഷൻ വഴിയും മരുന്ന് വിതരണം ചെയ്യുന്നു. ഡിസ്പെൻസറികൾക്കും ആശുപത്രികൾക്കും ആവശ്യമായ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന വാങ്ങുന്നുണ്ട്. പത്ത് ജില്ലകളിലായി 14 നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് (NCD) ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇ.എസ്.ഐ. ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് ഭക്ഷണത്തിനുവേണ്ടി ഹരിതമിഷനുമായി ചേർന്ന് ആശുപത്രികളിൽ ജൈവ പച്ചക്കറി കൃഷി ആരംഭിച്ചു. കൂടാതെ 2017-18 പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ താഴെ കൊടുക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

- സീനിയർ റസിഡന്റ്സ്, ഫാർമസിസ്റ്റ് നിയമനം.
- ലബോറട്ടറി നവീകരണം.
- ആംബുലൻസ് സംവിധാനം.
- പാലക്കാട്, ഫറോക്ക്, ആലപ്പുഴ ഇ. എസ്. ഐ. ആശുപത്രികളിൽ ആയുഷ് യൂണിറ്റ്.
- VIBGYOR പവർ ലോൺട്രി.
- ഫറോക്ക്, പേരൂർക്കട ഇ. എസ്. ഐ. ആശുപത്രികളിൽ കീമോ തെറാപ്പി യൂണിറ്റ്.
- ഫ്രണ്ട് ഓഫീസും സൈൻ ബോർഡുകളും.
- ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഒ. പി.

സ്പെഷ്യലിസ്റ്റുകളുടെ ഒഴിവ് നികത്തുന്നതിനായി സെൻട്രൽ സോണിലും നോർത്ത് സോണിലും ഇന്റർവ്യൂ നടത്തുകയും 3 സ്പെഷ്യലിസ്റ്റുമാരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസ് ക്വാട്ടയിൽ പി. ജി. പൂർത്തിയാക്കിയിട്ടുള്ള 7 ഡോക്ടർമാരെ ആശുപത്രികളിൽ നിയമിച്ചിട്ടുണ്ട്. ഇ.എസ്.ഐ. ആശുപത്രികളിൽ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി ചികിത്സകൾക്ക് 39 സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്. ആശുപത്രികളിൽ ഉച്ചയ്ക്കുശേഷവും ലാബുകളുടെ പ്രവർത്തനത്തിനായി സ്വകാര്യ ലാബുകളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ 2017-18 വർഷത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ പദ്ധതികൾക്ക് 11-1-2018-ലെ സ.ഉ.(സാധാ.) നമ്പർ 43/18/തൊഴിൽ പ്രകാരം ഭരണാനുമതി നൽകിയിരുന്നു. ആയതിൽ ഇ.എസ്.ഐ. ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഒ. പി. ആരംഭിക്കുന്നതിനുള്ള പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

## എഴുകോണിൽ ഇ.എസ്.ഐ. ആശുപത്രി

277 (4246) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം എഴുകോണിൽ നിർത്തലാക്കിയ ഇ.എസ്.ഐ. ആശുപത്രി പുനരാരംഭിക്കുന്നതിന് സർക്കാർതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കേരളത്തിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ അനുവദിക്കപ്പെട്ടിട്ടും ആരംഭിക്കാതെ കിടക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഡിസ്പെൻസറികൾ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കൊല്ലം എഴുകോണിൽ ഇ.എസ്.ഐ. ആശുപത്രി നിർത്തലാക്കിയിട്ടില്ല. ടി ആശുപത്രി സംസ്ഥാന സർക്കാരിൽനിന്നും ഇ.എസ്.ഐ. കോർപ്പറേഷൻ ഏറ്റെടുത്തിരുന്നു. ആയത് ഇപ്പോൾ ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചുവരികയാണ്.

(ബി&സി) 15-9-2017-ലെ സ.ഉ.(എംഎസ്)നമ്പർ 75/2017/തൊഴിൽ ഉത്തരവ് പ്രകാരം വെഞ്ഞാറമൂട്, കുളത്തൂപ്പുഴ, റാന്നി, കണ്ണൻ ദേവൻ ഹിൽസ്, പീരുമേട്, മന്നാംകണ്ടം, കട്ടപ്പന, കുമിളി, കൂത്താട്ടുകുളം, ആലത്തൂർ, മണ്ണാർക്കാട്, കുറ്റനാട്, കൊണ്ടോട്ടി, മുക്കം, ബാലുശ്ശേരി, താമരശ്ശേരി, സുൽത്താൻ ബത്തേരി, മാനന്തവാടി

എന്നീ 18 സ്ഥലങ്ങളിൽ ഏക ഡോക്ടർ ടൈപ്പ് ഇ. എസ്. ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ കോഴിക്കോട് ജില്ലയിലെ മുക്കം, ഇടുക്കി ജില്ലയിലെ കട്ടപ്പന എന്നീ രണ്ട് സ്ഥലങ്ങളിൽ ഇ.എസ്.ഐ. ഡിസ്പെൻസറികൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അംഗീകാരം മാത്രമേ ഇ.എസ്.ഐ. കോർപ്പറേഷൻ നൽകിയിട്ടുള്ളൂ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടത് ഇ.എസ്.ഐ. കോർപ്പറേഷനാണ്. ആയതിനാൽ സർക്കാർ അംഗീകാരം നൽകിയ ഡിസ്പെൻസറികളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

## മിനിമം വേതനം

278 (4247) <u>ശ്രീ. അടൂർ പ്രകാശ്</u> :

<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കാൻ ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ മേഖലകളിലാണ് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) പുതുതായി ഏതെല്ലാം മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെട്ടിരുന്ന തൊഴിൽ മേഖലകളിൽ 23 മേഖലകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസ്സുകളിൽ ക്ലെയിം പെറ്റീഷനും മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്ത് വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മിനിമം വേതന നിയമപ്രകാരം 46450 സ്ഥാപന പരിശോധനകൾ നടത്തുകയും 4288

പ്രോസിക്യൂഷനും 1026 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി വേതന സുരക്ഷാ പദ്ധതി കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ നാളിതുവരെ 7113 സ്ഥാപനങ്ങളിൽനിന്നും 180890 ജീവനക്കാർക്ക് 2029.53 കോടി രൂപയോളം വിതരണം നടത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 78 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പുതുതായി പ്രൈവറ്റ് ഫൈനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ്, കേബിൾ ടി.വി, മീഡിയാ സെക്ടർ, സ്മാൾ പ്ലാന്റേഷൻസ് എന്നീ മേഖലകളെ മിനിമം വേതനം നിശ്ചയിക്കുന്നതിനായി മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയും ആയതിൽ പ്രൈവറ്റ് ഫൈനാൻസ് ഇൻസ്റ്റിറ്റ്യൂഷൻ മേഖലയിൽ മിനിമം വേതനം നിശ്ചയിച്ചുകൊണ്ടുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

## തോട്ടം തൊഴിലാളികളുടെ ശമ്പളം

279 (4248) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം തൊഴിലാളികളുടെ ശമ്പളം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ശമ്പളം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) തോട്ടം തൊഴിലാളികളുടെ വേതനം പരിഷ്കരിക്കുന്നതിനായി തൊഴിലാളി യൂണിയനുകൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ഡിമാന്റ് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ തോട്ടം തൊഴിലാളികളുടെ വേതനം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റി സ്വീകരിച്ചുവരുന്നു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തൊഴിൽ നൈപുണ്യം നേടുന്നവർക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ

280 (4249) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ നൈപുണ്യം നേടുന്നവർക്ക് വിദേശരാജ്യങ്ങളിൽ തൊഴിൽ കണ്ടെത്തുന്നതിന് നിലവിലുള്ള സർക്കാർ സംവിധാനങ്ങൾ എന്തെന്നും ആയതിലേയ്ക്കായി ഇനി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) സർക്കാർ, അർദ്ധസർക്കാർ, സർക്കാർ-നിയന്ത്രിത സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടക്കേണ്ട നിയമനങ്ങൾ യഥാസമയം നടത്തപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ആയതിലേയ്ക്കായി നിയമനിർമ്മാണം നടത്താൻ സർക്കാർ തയ്യാറാകുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വിദേശ രാജ്യങ്ങളിൽ തൊഴിൽ കണ്ടെത്തുന്നതിന് ഒഡെപെക്ക് മുഖേന ഗൾഫ് രാജ്യങ്ങളായ സൗദിഅറേബ്യ, ഒമാൻ, യു.എ.ഇ. എന്നിവിടങ്ങളിലെ ആരോഗ്യ മേഖലയിൽ നഴ്സ്, ഡോക്ടർ, ടെക്നീഷ്യൻമാർ എന്നിവർക്ക് നിയമനം നൽകിവരുന്നു. കൂടാതെ യൂറോപ്യൻ രാജ്യങ്ങളായ യുണൈറ്റഡ് കിംഗ്ഡം, അയർലന്റ് എന്നിവിടങ്ങളിലേയ്ക്കും നിയമനം നടത്തിവരുന്നുണ്ട്. ആരോഗ്യ മേഖല കൂടാതെ മറ്റ് മേഖലകളിലേയ്ക്കും മറ്റ് ഏഷ്യൻ-യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കും പ്രവർത്തനം വ്യാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു. കൂടാതെ മറ്റ് മേഖലകളിലെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും ആലോചിക്കുന്നുണ്ട്.

(ബി&സി) 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം വകുപ്പിലെ ഉദ്യോഗസ്ഥർ വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കാതെ അനധികൃതമായി ടി ഒഴിവുകളിന്മേൽ നിയമനം നടത്തിയിട്ടുള്ളപക്ഷം അപ്രകാരം നിയമനം ലഭിച്ചവരെ പിരിച്ചുവിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവുകൾ അറിയിക്കുന്നതിന് സ്ഥാപനമേധാവികൾക്ക് നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്. സർക്കാർ/അർദ്ധസർക്കാർ/ബോർഡ്/കമ്പനി/കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും പ്രയോജനപ്പെടുത്തണമെന്നും അല്ലാത്തപക്ഷം ബന്ധപ്പെട്ട വകുപ്പ് മേധാവികൾ/ ചീഫ് എക്സിക്യൂട്ടീവുകൾ എന്നിവർക്കെതിരെ കർശന നടപടിയെടുക്കുന്നതാണെന്നും കാലാകാലങ്ങളിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽ പ്രിസൈഡിംഗ് ഓഫീസർ തസ്തിക

281 (4250) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നിലവിൽ ഏതെല്ലാം ജില്ലകളിൽ ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ പ്രിസൈഡിംഗ് ഓഫീസർ തസ്തിക നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി ഏതെങ്കിലും ജില്ലകളിൽ ഈ തസ്തിക സൃഷ്ടിക്കുന്നത് പരിഗണനയിലുണ്ടോ;

(സി) എങ്കിൽ അത് ഏതെല്ലാം ജില്ലകളിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ പ്രിസൈഡിംഗ് ഓഫീസർ തസ്തിക നിലവിലുണ്ട്.

(ബി&സി) പരിഗണനയിലില്ല.

## പൂട്ടിക്കിടക്കുന്ന തേയിലത്തോട്ടങ്ങളിലെ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി

282 (4251) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് നിയോജക മണ്ഡലത്തിലെ പൂട്ടിക്കിടക്കുന്ന തേയില തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എത്ര തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പീരുമേട് നിയോജകമണ്ഡലത്തിലെ പൂട്ടിക്കിടക്കുന്ന തേയിലത്തോട്ടങ്ങളിൽ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷന്റെ നേതൃത്വത്തിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ലയങ്ങളിൽ നേരിട്ടുപോയി ഗ്രാറ്റുവിറ്റി അപേക്ഷകൾ തൊഴിലാളികളിൽ നിന്നും സ്വീകരിക്കുകയും ആയത് ഡെപ്യൂട്ടി ലേബർ കമ്മീഷണർ, കോട്ടയത്തിന് കൈമാറിയിട്ടുള്ളതുമാണ്. ടി ഗ്രാറ്റുവിറ്റി അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്ന തിനായി പീരുമേട് ഡെപ്യൂട്ടി ലേബർ ഓഫീസറുടെ കാര്യാലയത്തിൽവച്ച് ആഴ്ചയിൽ 2 ദിവസം സിറ്റിംഗ് നടത്തിവരുന്നു.

(ബി) പീരുമേട് നിയോജകമണ്ഡലത്തിലെ പൂട്ടിക്കിടക്കുന്ന തേയിലത്തോട്ട ങ്ങളിലെ തൊഴിലാളികളിൽനിന്നും 1182 ഗ്രാറ്റുവിറ്റി അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

## കിളിമാനൂർ ആസ്ഥാനമാക്കി ലേബർ ഓഫീസ്

283 (4252) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ കിളിമാനൂർ ആസ്ഥാനമാക്കി ലേബർ ഓഫീസ് ആരംഭിക്കണമെന്ന് വകുപ്പ് തലത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ആറ്റിങ്ങൽ ലേബർ ഓഫീസിലെ ജോലിഭാരം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുമൂലം പ്രദേശത്തെ തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ വകുപ്പ് വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) വിലയിരുത്തിയിട്ടുണ്ട്.

## ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നിർദ്ദിഷ്ട കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനങ്ങൾ

284 (4253) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നിർദ്ദിഷ്ട കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള ഡയറക്ടർ ഡോ.കെ.എസ്.ചന്ദ്രശേഖരൻ സമർപ്പിച്ച കരട് പ്രോജക്ട് നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗീകരിച്ചിട്ടുണ്ടോ എന്നും ആയത് സംബന്ധിച്ച തുടർ നടപടികളെന്തെന്നും വിശദമാക്കാ മോ;

(ബി) കൺസ്ട്രക്ഷൻ അക്കാദമിയുടെ ഭൂമിയിൽനിന്നും സ്പിന്നിംഗ് മില്ലിന് ആവശ്യമായിട്ടുള്ള 6.48 ആർ സ്ഥലം വിട്ടുനൽകി പകരം 6.48 ആർ സ്ഥലം സ്പിന്നിംഗ് മില്ലിൽനിന്നും കൈപ്പറ്റുന്നതിനുള്ള മുൻതീരുമാനവും ബോർഡിന്റെ സ്ഥലത്തിന് മതിൽ കെട്ടുന്നത് സംബന്ധിച്ചുള്ള മുൻതീരുമാനവും നടപ്പിലാക്കുന്നത് സംബന്ധിച്ച പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നിർദ്ദിഷ്ട കൺസ്ട്രക്ഷൻ അക്കാദമിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ കേരള ഡയറക്ടർ ഡോ. കെ. എസ്. ചന്ദ്രശേഖരൻ സമർപ്പിച്ച കരട് പ്രോജക്ട്

റിപ്പോർട്ട് 5-3-2018-ലെ സബ് കമ്മിറ്റിയിൽ അവതരിപ്പിക്കുകയും വിശദമായ ചർച്ചയ്ക്കായി മാറ്റിവയ്ക്കുകയും ചെയ്തു. ആയതിൻ പ്രകാരം 3-7-2018-ന് ഈ വിഷയം ചർച്ച ചെയ്യുന്നതിലേയ്ക്ക് മാത്രമായി ബോർഡ് സബ്കമ്മിറ്റി കൂടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ ഡോ. കെ. എസ്. ചന്ദ്രശേഖരനെയും പങ്കെടുപ്പിക്കുന്നുണ്ട്.

(ബി) പ്രസ്തുത സ്ഥലം കൈമാറ്റം ചെയ്യുന്നതിനുള്ള പരസ്പരമാറ്റാധാരം 2018 മാർച്ച് 15-ാം തീയതി ചാത്തന്നൂർ സബ് രജിസ്ട്രാർ ഓഫീസ് മുഖേന നടത്തിയിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബോർഡിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

## കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

285 (4254) ശ്രീ. എം. സ്വരാജ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. ബാബു :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാങ്കേതികശാസ്ത്ര മേഖലയിലെ മാറ്റങ്ങൾക്കനുസൃതമായി വ്യവസായ പരിശീലന രംഗം അഴിച്ചുപണിയാനായി ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലാക്കുന്നതിനും പുതിയവ തുടങ്ങുന്നതിനും നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) ആഗോളവൽകൃത തൊഴിൽ കമ്പോളത്തിൽ സാങ്കേതികവിദ്യയുടെ വളർച്ചയ്ക്കനുസരിച്ച് തൊഴിൽ നൈപുണ്യം ആർജ്ജിക്കുന്നതിന് അവസരമൊരുക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കേയ്സ്) നൈപുണ്യ വികസന പദ്ധതികൾ എന്തെല്ലാമാണ്;

(സി) പരിശീലനം നൽകുന്നത് കൂടാതെ തൊഴിൽ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) മുഖേന ധനസഹായം ലഭ്യമാക്കി, സംസ്ഥാനത്തെ 10 ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതി നടത്തിപ്പിന്റെ ഭാഗമായി സ്പെഷ്യൽ

പർപ്പസ് വെഹിക്കിൾ (SPV) ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഒരു ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കി കിഫ്ബി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ടി പ്രോജക്ടിന് കിഫ്ബിയുടെ അനുമതിയും ധനസഹായവും ലഭ്യമാകുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ഇതിന് പുറമെ തിരുവനന്തപുരം ജില്ലയിലെ ഗവ. ഐ.ടി.ഐ. ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ. ഐ.ടി.ഐ. കോഴിക്കോട് എന്നീ ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ, ഈ സാമ്പത്തിക വർഷത്തെ (2018-19) ബഡ്ജറ്റിൽ പന്ന്യന്നൂർ (കണ്ണൂർ), പീലിക്കോട് (കാസർഗോഡ്), വെള്ളമുണ്ട (വയനാട്), അങ്കമാലി (എറണാകുളം), മയ്യനാട് (കൊല്ലം), വർക്കല (തിരുവനന്തപുരം), കുറ്റിക്കോൽ (കാസർഗോഡ്) എന്നീ സ്ഥലങ്ങളിൽ പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആയതിൽ കണ്ണൂർ ജില്ലയിലെ പന്ന്യന്നൂരും തിരുവനന്തപുരം ജില്ലയിലെ വർക്കലയിലും ഐ.ടി.ഐ. ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കി വരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ

1. സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രങ്ങൾ)
2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ
3. കൗശൽ കേന്ദ്രങ്ങൾ
4. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ
5. അക്രഡിറ്റേഷൻ

ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് KASE നടപ്പിലാക്കി വരുന്ന നൈപുണ്യ വികസന പദ്ധതികൾ

1. എംപ്ലോയബിലിറ്റി സെന്ററുകൾ
2. കരിയർ ഡെവലപ്മെന്റ് സെന്റർ.

2020-ഓടുകൂടി 71450 യുവജനങ്ങളെ പരിശീലിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രാധാൻമന്ത്രി കൗശൽ വികാസ് യോജന PMKVY (2016-2020)-യുടെ സംസ്ഥാന ഘടകം (Centrally Sponsered State Managed Component) നടപ്പിലാക്കുന്നതിനുള്ള നടപടികൾ KASE സ്വീകരിച്ചുവരുന്നു.

(സി) 60% തൊഴിൽസാധ്യത വ്യവസായ പങ്കാളികൾ ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെയാണ് KASE-ന്റെ നൈപുണ്യ പരിശീലന പദ്ധതികൾ നടപ്പിലാക്കിവരുന്നത്. സ്വകാര്യ മേഖലയിലെ തൊഴിൽ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന തൊഴിൽ മേളകൾ സംഘടിപ്പിച്ചുവരുന്നു. നൈപുണ്യ വികസനം നേടിയിട്ടുള്ള തൊഴിൽ അന്വേഷകർക്കും തൊഴിൽ ദാതാക്കൾക്കും ഒരുപോലെ ഉപയോഗപ്രദമാകത്തക്ക രീതിയിൽ ഒരു വെബ് അധിഷ്ഠിത ജോബ് പോർട്ടൽ പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

**തൊഴിൽ പരിശീലന കേന്ദ്രങ്ങൾ**

286(4255) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ഗ്രാമ പഞ്ചായത്തിലും തൊഴിൽരഹിതരുടെ അഭിരുചിക്ക് അനുസരിച്ച് തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) കോഴിക്കോട് ജില്ലയിൽ ഇത്തരത്തിലുള്ള തൊഴിൽ പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ നൈപുണ്യ പരിശീലന കേന്ദ്രങ്ങളായ മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence), കൗശൽ കേന്ദ്രങ്ങൾ, അക്രഡിറ്റേഷൻ പ്രോഗ്രാമുകൾ, കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്നിവ മുഖേനയും ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയബിലിറ്റി സെന്റർ, കരിയർ ഡവലപ്മെന്റ് സെന്റർ എന്നിവ മുഖേനയും നടത്തുന്ന നൈപുണ്യ പരിശീലന പദ്ധതികൾ ഗ്രാമ പഞ്ചായത്തിലുള്ള തൊഴിൽരഹിതർക്കും പ്രയോജനപ്പെടുന്നതാണ്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാൻമന്ത്രി കൗശൽ വികാസ് യോജന (PMKVY) യുടെ സംസ്ഥാന ഘടകം (Centrally Sponsored State Managed Component)വഴി നടപ്പിലാക്കുന്ന പദ്ധതികളും പ്രയോജനപ്പെടുത്താവുന്നതാണ്.

(ബി) താഴെ പറയുന്ന തൊഴൽ പരിശീലന കേന്ദ്രങ്ങൾ കോഴിക്കോട് ജില്ലയിൽ പ്രവർത്തിച്ചുവരുന്നു.

കൗശൽ കേന്ദ്ര

ഗ്രാമീണമേഖലയിലെ സ്കൂൾ കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവ സമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ കൗശൽ കേന്ദ്ര കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറയ്ക്ക് സമീപം പ്രവർത്തിച്ചുവരുന്നു. നിലവിൽ കൗശൽ കേന്ദ്രയിൽ ലഭ്യമാകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു :

- അസ്സെസ്സ്മെന്റ് ആൻഡ് കരിയർ ഗൈഡൻസ്
- ലാംഗ്വേജ് ലാബ് സൗകര്യത്തോടുകൂടിയ കമ്മ്യൂണിക്കേഷൻ സ്കിൽ ഡെവലപ്മെന്റ് സെൽ
- പ്രാഥമിക ഐ. ടി. പരിശീലനം
- പേഴ്സണാലിറ്റി ഡെവലപ്മെന്റ്
- ബേസിക് ആപ്റ്റിട്യൂഡ് പരിശീലനം.

എംപ്ലോയബിലിറ്റി സെന്റർ

തൊഴിലന്വേഷകരുടെ അഭിരുചിക്കനുസരിച്ച് സ്വകാര്യ മേഖലയിലും തൊഴിൽ നേടിയെടുക്കാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ എംപ്ലോയബിലിറ്റി സെന്റർ കോഴിക്കോട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിച്ചു വരുന്നു. ഇത് പ്രകാരം എംപ്ലോയബിലിറ്റി സെന്ററുകളിൽ 250 രൂപ നൽകി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയും കഴിവും അഭിരുചിയും മനസ്സിലാക്കി അതിനനുസൃതമായ പരിശീലനങ്ങൾ നൽകി തൊഴിലിന് പ്രാപ്തരാക്കുകയും എംപ്ലോയബിലിറ്റി സെന്ററുകൾ സംഘടിപ്പിക്കുന്ന ചെറുതും വലുതുമായ തൊഴിൽ മേഖലകളിലൂടെ സ്വകാര്യ മേഖലയിൽ തൊഴിൽ നേടിയെടുക്കാൻ അവരെ സഹായിക്കുകയും ചെയ്യുന്നു.

കരിയർ ഡെവലപ്മെന്റ് സെന്റർ

തൊഴിൽ അന്വേഷകർക്ക് നിശ്ചിത പ്രായപരിധിക്കകം അഭിരുചിയുള്ള കോഴ്സുകളിൽ പ്രവേശനം നേടുകയും യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ ലഭ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കരിയർ ഡെവലപ്മെന്റ് സെന്റർ പേരാമ്പ്രയിൽ പ്രവർത്തിക്കുന്നു. മികച്ച കോഴ്സുകൾ, പഠനാനന്തരമുള്ള തൊഴിൽ സാധ്യത,

ഓരോ കാലഘട്ടത്തിലേയും തൊഴിൽ വിപണിയുടെ പൊതുസ്വഭാവം, പുതിയ പ്രവണതകൾ തുടങ്ങി നിരവധി കാര്യങ്ങളിൽ അറിവ് ലഭിക്കുന്നതിന് സെന്റർ സഹായകരമാകും. കൂടാതെ വിവിധ സർക്കാർ-പൊതു-സ്വകാര്യ മേഖലകളിലെ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ, പരീക്ഷാ പരിശീലന രീതികൾ തുടങ്ങിയ വിവരങ്ങളും സെന്ററിൽനിന്നും ലഭിക്കും.

## ഐ. ടി. ഐ. -കളുടെ നിലവാരം

287 (4256) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ഐ.ടി.ഐ.-കളാണ് ലോകനിലവാരത്തിലേക്ക് ഉയർത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ മരടിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-യുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐ.-കളെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ. ടി. ഐ.-കളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ തിരുവനന്തപുരം ജില്ലയിലെ ഗവ. ഐ.ടി.ഐ. ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ. ഐ.ടി.ഐ. കോഴിക്കോട് എന്നീ ഐ.ടി.ഐ.-കളെ ഇന്റർനാഷണൽ ഐ.ടി.ഐ. ആക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഐ.ടി.ഐ. പ്രവർത്തിക്കുന്നതിന് മതിയായ സ്ഥലസൗകര്യം ഇല്ല എന്നതാണ് ഐ.ടി.ഐ. അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. മരട് ഐ.ടി.ഐ.-യ്ക്ക് പുതിയ കെട്ടിടം പണിയുന്നതിനായി 12 കോടി രൂപയുടെ പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. പുതിയ കെട്ടിടത്തിൽ പരിശീലനം ആരംഭിക്കുന്നതോടെ ഐ.ടി.ഐ.-യുടെ നിലവിലുള്ള ശോച്യാവസ്ഥയ്ക്ക് പൂർണ്ണമായും പരിഹാരമുണ്ടാകും.

## ഐ.ടി.ഐ. വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ ഉന്നതപരിശീലനം

288 (4257) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ഐ.ടി.ഐ.-കൾ ഉണ്ടെന്ന് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ ഐ.ടി.ഐ.-യിലും ഉള്ള കോഴ്സുകൾ ഏതെല്ലാമാണെന്നും വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) ഐ.ടി.ഐ. വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ ഉന്നത പരിശീലനം നൽകാൻ സംവിധാനങ്ങളുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ഇതിനുവേണ്ടി എന്ത് നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്താകമാനമുള്ള 91 സർക്കാർ ഐ.ടി.ഐ.-കളുടെ നിയോജക മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്.*

(ബി) സംസ്ഥാനത്തെ ഓരോ ഐ. ടി. ഐ.-യിലും ഉള്ള (SCVT, NCVT) കോഴ്സുകളുടെ വിവരങ്ങൾ അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്.* സംസ്ഥാനത്തെ 91 സർക്കാർ ഐ.ടി.ഐ.-കളിലുമായി 30, 120 വിദ്യാർത്ഥികൾക്ക് പരിശീലനം സാധ്യമാണ്.

(സി) ഐ.ടി.ഐ. വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ ഉന്നത പരിശീലനത്തിനായി നിലവിൽ സംവിധാനങ്ങളില്ല.

(ഡി) 2018-19-ലെ ബജറ്റിൽ സർക്കാർ ഐ.ടി.ഐ.-യിലെ വിവിധ ട്രേഡുകളിലെ ഏറ്റവും മികച്ച 100 ട്രെയിനികൾക്ക് (50 ആൺകുട്ടികൾ + 50 പെൺകുട്ടികൾ) വിദേശത്ത് 4 ആഴ്ചത്തെ ട്രെയിനിംഗ് നൽകുന്നതിലേയ്ക്കായി ടെക്നിക്കൽ എക്സ്ചേഞ്ച് പ്രോഗ്രാം എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി സിംഗപ്പൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ (ITE) എന്ന സ്ഥാപനത്തിൽവച്ച് നടത്തുന്നതിന്റെ സാധ്യതകൾ പരിശോധിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മാടായി ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ

289(4258) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; പുതുതായി ഏതൊക്കെ കോഴ്സുകൾ തുടങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പുതുതായി കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ ലഭ്യമാക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

## കോങ്ങാട് നിയോജകമണ്ഡലത്തിൽ ഐ.ടി.ഐ.

290 (4259) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം പുതിയതായി ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഐ.ടി.ഐ-കളെ കാലോചിതമായി പരിഷ്കരിച്ച് ആധുനികരീതിയിലുള്ള കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കോങ്ങാട് നിയോജകമണ്ഡലത്തിൽ ഒരു ഐ.ടി.ഐ ആരംഭിക്കുന്നതിന് നൽകിയിട്ടുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷത്തെ (2018-19) ബഡ്ജറ്റിൽ പന്ന്യന്നൂർ (കണ്ണൂർ), പീലിക്കോട് (കാസർഗോഡ്), കുറ്റിക്കോൽ (കാസർഗോഡ്), വെള്ളമുണ്ട (വയനാട്), അങ്കമാലി (എറണാകുളം), മയ്യനാട് (കൊല്ലം), വർക്കല (തിരുവനന്തപുരം) എന്നീ സ്ഥലങ്ങളിൽ പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കുന്നമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ പന്ന്യന്നൂരും തിരുവനന്തപുരം ജില്ലയിലെ വർക്കലയിലും ഐ.ടി.ഐ. ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഐ.ടി.ഐ.-കളിൽ നിലവിലുള്ള കോഴ്സുകൾ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിലാണ് (CTS) നടത്തപ്പെടുന്നത്. ഈ സ്കീമിന് കീഴിലുള്ള കോഴ്സുകളും ആയതിന്റെ സിലബസുകളും തയ്യാറാക്കുന്നതും കാലോചിതമായി പരിഷ്കരിക്കുന്നതും

ന്യൂഡൽഹിയിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) ആണ്. കോഴ്സുകൾ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് പരിഷ്കരിക്കുന്നതനുസരിച്ച് സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ കോഴ്സുകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ കാലഹരണപ്പെട്ടതും തൊഴിൽ സാധ്യത കുറഞ്ഞതുമായ കോഴ്സുകൾ നിർത്തലാക്കി പകരം നൂതനവും തൊഴിൽ സാധ്യത കൂടിയതുമായ ട്രേഡുകൾ ആരംഭിക്കുന്നതിന് കാലാകാലങ്ങളിൽ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.**

291 (4260) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി ഗവ. ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരമുള്ളതാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടിയുടെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സ്വീകരിച്ചിട്ടുണ്ട്. ചാലക്കുടി ഐ.ടി.ഐ.-യെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ. ടി. ഐ.-യായി മാറ്റുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് (Detailed Project Report) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) കിഫ്ബി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി റിപ്പോർട്ട് കിഫ്ബി അംഗീകരിക്കുന്നമുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

(ബി) ഐ.ടി.ഐ.-കളിൽ നിലവിലുള്ള കെട്ടിടത്തിന്റേയും സ്ഥലത്തിന്റേയും പ്രത്യേകത അനുസരിച്ചാണ് വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കുന്നത്. പ്രസ്തുത DPR-ൽ പറഞ്ഞിരിക്കുന്നതും ഐ.ടി.ഐ.-യെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായതുമായ നിർമ്മാണ പ്രവർത്തനങ്ങൾ അടക്കമുള്ള പ്രവൃത്തികൾ ആരംഭിക്കാൻ കഴിയും.

## മലയിൻകീഴ് ഗവൺമെന്റ് ഐ.ടി.ഐ.

292 (4261) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയിൻകീഴ് ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ട്രേഡുകൾ ഈ വർഷം ആരംഭിയ്ക്കാനാകുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. മലയിൻകീഴ് സർക്കാർ ഐ.ടി.ഐ.-യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ (രണ്ട് യൂണിറ്റ്) ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

## കേരളത്തിൽ രജിസ്റ്റർ ചെയ്ത തൊഴിൽരഹിതരുടെ എണ്ണം

293 (4262) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ രജിസ്റ്റർ ചെയ്ത തൊഴിൽരഹിതരുടെ എണ്ണം കൃത്യമായി കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് എംപ്ലോയബിലിറ്റി കേന്ദ്രങ്ങളുള്ളത്; പ്രസ്തുത കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കേന്ദ്രങ്ങൾ സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും രജിസ്റ്റർ ചെയ്യുന്നവരിൽ യഥാസമയം പുതുക്കാത്തവർ, ജോലി ലഭിച്ചവർ എന്നിവരെ ഒഴിവാക്കുന്നു. എന്നാൽ 2017 ജൂൺ മാസം മുതൽ കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെയും രജിസ്ട്രേഷൻ നടപടികൾ 'ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്' എന്ന ഓൺലൈൻ സോഫ്റ്റ്വെയർ മുഖേന ആയതിനാൽ രജിസ്റ്റർ ചെയ്യുന്നവരുടെ എണ്ണം സംബന്ധിച്ച് കൂടുതൽ സുതാര്യത വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ രജിസ്ട്രേഷൻ സമയത്ത് ഓരോ തൊഴിലന്വേഷകനും നൽകുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ കാർഡായ x-10 B-യിൽ ജോലി ലഭിക്കുകയാണെങ്കിൽ അത് രജിസ്ട്രേഷൻ

നിലവിലുള്ള എക്സ്ചെഞ്ചിൽ അറിയിക്കണമെന്ന നിർദ്ദേശം രേഖപ്പെടുത്തിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലഭിച്ച ലിസ്റ്റുകൾ വഴി നിയമനം നടത്തുന്ന ഉദ്യോഗദായകർ നിയമനം ലഭിച്ചവരുടെ വിവരങ്ങൾ 15 ദിവസത്തിനകം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കണമെന്നും നിയമംമൂലം അനുശാസിച്ചിട്ടുണ്ട്. കൂടുതൽ കൃത്യതയോടെ കേരളത്തിൽ രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെ എണ്ണം ലഭിക്കുന്നതിനായുള്ള കൂടുതൽ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) സംസ്ഥാനത്ത് കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയാണ് എംപ്ലോയബിലിറ്റി സെന്ററുകൾകൊണ്ട് ഉദ്ദേശിക്കുന്നത്. ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്ന തിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബി ലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്.

(സി) നിലവിൽ സംസ്ഥാനത്തെ പത്ത് ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. സ്ഥലത്തിന്റെയും ഫണ്ടിന്റെയും ലഭ്യതയനുസരിച്ച് വരും വർഷങ്ങളിൽ ശേഷിക്കുന്ന 4 ജില്ലകളിൽക്കൂടി എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

### വർക്കലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

294 (4263) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല താലൂക്ക് കേന്ദ്രികരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭി ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിലേക്കുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന തൊഴിൽ**

295 (4264) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന എത്ര പേർക്ക് തൊഴിൽ നൽകാനായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പേർക്ക് സ്ഥിരം നിയമനം നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 1405 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

(ബി) 410 ഉദ്യോഗാർത്ഥികൾക്ക് സ്ഥിര നിയമനം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിൽരഹിതർ**

296 (4265) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിൽരഹിതരുടെ എണ്ണമെത്ര;

(ബി) മുൻവർഷത്തേതുമായി താരതമ്യം ചെയ്യുമ്പോൾ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വർദ്ധനവെത്ര;

(സി) കഴിഞ്ഞ വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടത്തിയ നിയമനങ്ങളെത്ര?

ഉത്തരം

(എ) കഴിഞ്ഞ വർഷം മാത്രം സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത തൊഴിൽരഹിതർ 306364 (മൂന്നുലക്ഷത്തി ആറായിരത്തി മുന്നൂറ്റി അറുപത്തി നാല്) ആണ്.

(ബി) ഇല്ല.

(സി) കഴിഞ്ഞ വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 11647 (പതിനൊന്നായിരത്തി അറുനൂറ്റി നാൽപത്തി ഏഴ്) നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർ

297(4266) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണം വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ നിലവിൽവന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന മലപ്പുറം ജില്ലയിൽ എത്ര നിയമനങ്ങൾ ഏതെല്ലാം തസ്തികകളിലേക്ക് നടത്തിയെന്ന് വ്യക്തമാക്കാമോ;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലില്ലാത്ത തസ്തികകളിലേക്ക് താത്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും നിയമനം നടത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ആകെ രജിസ്ട്രേഷൻ 243741 (രണ്ട് ലക്ഷത്തി നാൽപത്തിമൂവായിരത്തി എഴുന്നൂറ്റി നാൽപത്തിയൊന്ന്) ആണ്.

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന മലപ്പുറം ജില്ലയിൽ നടന്ന നിയമനങ്ങളുടെയും തസ്തികകളുടെയും വിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലില്ലാത്ത തസ്തികകളിലെ ഒഴിവുകളിൽ താത്കാലിക നിയമനം നടത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗദായകർ ടി ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതുണ്ട്. അപ്രകാരം ഒഴിവുകൾ അറിയിക്കുമ്പോൾ അടിയന്തര നടപടി സ്വീകരിച്ച് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നൽകാറുണ്ട്. ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കാതിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടാൽ സി. എൻ. വി. ആക്ട് പ്രകാരം പരിശോധന നടത്തി ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കാനാവശ്യമായ നടപടി സ്വീകരിക്കാറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം

298 (4267) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിവിധ കാറ്റഗറികൾ ഉൾപ്പെടെ വിശദവിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഉൾപ്പെടെയുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നായി എത്ര പേർക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ?

### ഉത്തരം

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരുടെ എണ്ണം 3475435 (മുപ്പത്തിനാല് ലക്ഷത്തി എഴുപത്തി അയ്യായിരത്തി നാനൂറ്റി മുപ്പത്തിയഞ്ച്) ആണ്.

| | | |
|---|---|---|
| സ്ത്രീകൾ | - | 2217154 |
| പുരുഷന്മാർ | - | 1258281 |
| നിരക്ഷരർ | - | 866 |
| ബിലോമെട്രിക് | - | 343640 |
| മെട്രിക് | - | 1972308 |
| പ്രീഡിഗ്രി | - | 787314 |
| ഗ്രാജ്വേറ്റ് | - | 297893 |
| പോസ്റ്റ് ഗ്രാജ്വേറ്റ് | - | 73414 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഉൾപ്പെടെയുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നായി 23613 (ഇരുപത്തിമൂവായിരത്തി അറുന്നൂറ്റി പതിമൂന്ന്) പേർക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

പ്രെഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം - 933

പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഒഴികെയുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം - 22680

ആകെ - 23613 (ഇരുപത്തിമൂവായിരത്തി അറുന്നൂറ്റി പതിമൂന്ന്.)

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന തൊഴിലിനായി കാത്തിരിക്കുന്നവർ

299 (4268) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുന്നവരുടെ എണ്ണം എത്രയെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) ഏത് വർഷം വരെ രജിസ്റ്റർ ചെയ്തിട്ടുള്ളവരെ ജോലിക്കുവേണ്ടി പരിഗണിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുന്നവരുടെ വിവരം ജില്ല തിരിച്ച് ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 519293 |
| കൊല്ലം | - | 361920 |
| ആലപ്പുഴ | - | 287654 |
| പത്തനംതിട്ട | - | 119360 |
| കോട്ടയം | - | 223835 |
| ഇടുക്കി | - | 106101 |
| എറണാകുളം | - | 321048 |
| തൃശ്ശൂർ | - | 282076 |
| പാലക്കാട് | - | 237317 |
| മലപ്പുറം | - | 265509 |
| കോഴിക്കോട് | - | 364044 |
| വയനാട് | - | 95948 |
| കണ്ണൂർ | - | 201987 |
| കാസർഗോഡ് | - | 89343 |
| ആകെ | - | 3475435(മുപ്പത്തിനാല് ലക്ഷത്തി എഴുപത്തി അയ്യായിരത്തി നാനൂറ്റി മുപ്പത്തിയഞ്ച്). |

(ബി) സംസ്ഥാനത്താകെ 84 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാണ് നിലവിലുള്ളത്. വിവിധ തസ്തികകളിൽ അറിയിക്കുന്ന ഒഴിവുകളിലേയ്ക്ക് ഓരോ തസ്തികയ്ക്കും ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ഓരോ സംവരണ വിഭാഗത്തിലും ഓപ്പൺ വിഭാഗത്തിലും ഓരോ ഒഴിവിനും പരിഗണിക്കുന്ന ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി വ്യത്യസ്തമായിരിക്കും.

## ഭിന്നശേഷിയുള്ളവർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തൊഴിൽ

300 (4269) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിയുള്ളവർക്ക് തൊഴിൽ നൽകുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഭിന്നശേഷിയുള്ള എത്രപേർക്ക് തൊഴിൽ നല്കുകയുണ്ടായി; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്ന എല്ലാ താൽക്കാലിക ഒഴിവുകളിലേക്കും പാർട്ട്-ടൈം-സ്ഥിരം ഒഴിവുകളിലേക്കും ഉദ്യോഗാർത്ഥികളെ പരിഗണിക്കുമ്പോൾ അധീഷണലായി ഒരു ഭിന്നശേഷിക്കാരനായ ഉദ്യോഗാർത്ഥിയെ കൂടി നാമനിർദ്ദേശം ചെയ്യാറുണ്ട്. ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള 'കൈവല്യ' എന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയുടെ ഘടകപദ്ധതികളായ വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ് പ്രകാരം ഉദ്യോഗാർത്ഥികൾക്ക് തൊഴിൽപരമായ മാർഗ്ഗനിർദ്ദേശം നൽകുകയും മത്സരപരീക്ഷാ പരിശീലനത്തിലൂടെ ഉദ്യോഗാർത്ഥികളെ വിവിധ മത്സര പരീക്ഷകളിൽ പങ്കെടുത്ത് തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുന്നു. മത്സരപരീക്ഷാ പരിശീലനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ജോലി ലഭിക്കുന്നത് വരെയുള്ള ഒരു തുടർപരിശീലനമാണ്. കപ്പാസിറ്റി ബിൽഡിങ്ങിൽ ഭിന്നശേഷിക്കാരുടെ യോഗ്യതയ്ക്കും അഭിരുചിക്കും അനുസരിച്ചുള്ള ട്രെയിനിംഗും സോഫ്റ്റ്സ്കിൽ ട്രെയിനിങ്ങും മറ്റ് പരിശീലനങ്ങളും നൽകിവരുന്നു. മത്സരപരീക്ഷാ പരിശീലനത്തിലൂടെ പി. എസ്. സി.-യുടെ വിവിധ മത്സര പരീക്ഷകളിൽ ജോലി നേടുന്നതിനും വിവിധ ഷോർട്ട് ലിസ്റ്റ്/റാങ്ക് ലിസ്റ്റുകളിൽ സ്ഥാനം നേടുന്നതിനും സാധിച്ചിട്ടുണ്ട്. 'കൈവല്യ' പദ്ധതിയുടെ ഭാഗമായി സ്വയംതൊഴിൽ പദ്ധതിയും നടപ്പാക്കുന്നുണ്ട്. 2016-ലെ പി. ഡബ്ള്യൂ. ഡി. ആക്ട് പ്രകാരം ഭിന്നശേഷിക്കാരുടെ സംവരണം 4% ആയി ഉയർത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന വിവിധ തസ്തികകളിലായി 1990 ഭിന്നശേഷിക്കാർക്ക് തൊഴിൽ നൽകുകയുണ്ടായി. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | - | 164 |
| 2. | കൊല്ലം | - | 138 |
| 3. | ആലപ്പുഴ | - | 181 |
| 4. | പത്തനംതിട്ട | - | 87 |
| 5. | കോട്ടയം | - | 149 |
| 6. | എറണാകുളം | - | 323 |
| 7. | ഇടുക്കി | - | 56 |
| 8. | തൃശ്ശൂർ | - | 262 |
| 9. | പാലക്കാട് | - | 118 |
| 10. | മലപ്പുറം | - | 119 |
| 11. | കോഴിക്കോട് | - | 172 |
| 12. | വയനാട് | - | 58 |
| 13. | കണ്ണൂർ | - | 92 |
| 14. | കാസർഗോഡ് | - | 71. |

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതികൾ

301 (4270) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. വി. ജോയി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്ന ശേഷിക്കാർക്കായുള്ള സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയായ 'കൈവല്യ'യുടെ വിശദവിരങ്ങൾ നൽകാമോ;

(സി) വനിതകൾക്കായി നടപ്പാക്കുന്ന 'ശരണ്യ'സ്വയം തൊഴിൽ പദ്ധതിയിൽ ഏതെല്ലാം വിഭാഗത്തിലുള്ള വനിതകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടപ്പാക്കുന്ന സ്വയംതൊഴിൽ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ലഹരിക്കെതിരായ ബോധവൽക്കരണം**

302 (4271) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിക്കെതിരായ ബോധവത്ക്കരണത്തിൽ കേരളത്തിലെ ലൈബ്രറികളെയും സാംസ്കാരിക സംഘടനകളെയും മറ്റിതര സന്നദ്ധ സംഘടനകളെയുംകൂടി പങ്കാളി കളാക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; നിലവിൽ ഇവയുടെ പങ്കാളിത്തമുണ്ടോ;

(ബി) കുടുംബശ്രീ പ്രവർത്തകരെയും മേൽസൂചിപ്പിച്ച സന്നദ്ധ സംഘടനകളെയും കൂട്ടിയോജിപ്പിച്ചുള്ള ബൃഹത്തായ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ലഹരി മാഫിയയെ തടയുന്നതിന് സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള അത്യാധുനിക സംവിധാനങ്ങളെല്ലാം ഫലപ്രദമായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആലോചിച്ചിട്ടുണ്ട്. ലഹരി ഉപയോഗത്തിനെതിരെ ലഹരി വർജ്ജന പ്രവർത്തനങ്ങളിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുള്ളത്. വിവിധ സർക്കാർ വകുപ്പുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ - കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ. എസ്. എസ്., എൻ. സി. സി., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, തദ്ദേശ സ്വയംഭരണ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്ഥാപനങ്ങൾ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിങ്ങനെ സമഗ്ര മേഖലയിലുമുള്ള പൊതുജനപങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ 'വിമുക്തി' മിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്നുണ്ട്.

(സി) നവമാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ് ആപ്പ് എന്നിവയിൽ 'വിമുക്തി' മിഷന്റെ പേജ് ആരംഭിക്കുകയും ആയവ വഴി ലഭ്യമാകുന്ന പരാതികളിൽ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ ലഹരി വിരുദ്ധ പ്രചാരണം ലക്ഷ്യംവച്ചുള്ള സന്ദേശങ്ങൾ എഫ്. എം. റേഡിയോ, പ്രമുഖ ടി. വി. ചാനലുകൾ എന്നിവയിലൂടെ പ്രചരിപ്പിച്ചുവരുന്നുണ്ട്. റെയിൽവേ സ്റ്റേഷനുകളിലെ ഡിജിറ്റൽ ഡിസ്പ്ലെ ബോർഡുകൾ തുടങ്ങി വിവിധ ഇലക്ട്രോണിക്സ് - ഇലക്ട്രോണിക്സ് ഇതര മാധ്യമങ്ങൾ വഴിയും ലഹരി വിരുദ്ധ സന്ദേശ പ്രചരണങ്ങൾ നടത്തിവരുന്നു. നവമാധ്യമങ്ങളിൽ ആനിമേഷൻ പോലെയുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തി ലഹരി വിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**ലഹരി ഉപയോഗത്തിലെ വർദ്ധന**

303 (4272) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ മദ്യനയം മദ്യലഭ്യത കൂട്ടുന്നതിനും മദ്യവർജ്ജനം എന്ന പ്രഖ്യാപിത ലക്ഷ്യത്തിൽനിന്നും അകന്നുപോകുന്നതിനും ഇടയാക്കിയെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് മയക്കുമരുന്നുകളുടെയും കഞ്ചാവ് ഉൾപ്പെടെയുള്ള നിയമ വിരുദ്ധ പദാർത്ഥങ്ങളുടെയും ഉപയോഗം അപകടകരമായ വിധത്തിൽ വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; പുതിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ മദ്യലഭ്യത വർദ്ധിച്ചിട്ടും ഇപ്രകാരമുള്ള മയക്കുമരുന്നിന്റെ വ്യാപനവും ഉപഭോഗവും വർദ്ധിച്ചത് എന്തുകൊണ്ടാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) മദ്യവർജ്ജനത്തിന് ഊന്നൽനൽകിയും മയക്കുമരുന്നുകളുടെ ഉപയോഗം പൂർണ്ണമായും ഇല്ലാതാക്കുന്നതിനും ലക്ഷ്യമിട്ട് രൂപംനൽകിയ വിമുക്തി പദ്ധതി പരാജയപ്പെട്ടുവാനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) യുവജനങ്ങളുടെയും വിദ്യാർത്ഥികളുടെയും ഇടയിൽ ലഹരി ഉപയോഗം വർദ്ധിച്ചതായും സ്കൂൾക്കുട്ടികൾപോലും ഡീ-അഡിക്ഷൻ സെന്ററുകളിൽ ചികിത്സ തേടുന്നു എന്നുമുള്ള വാർത്തകൾ ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ;

(ഇ) വിമുക്തി പദ്ധതിക്കായി അനുവദിച്ച ഫണ്ട് ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കുന്നുണ്ടോ; 2017-18-ൽ അനുവദിച്ച തുകയെത്രയെന്നും അതിൽ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(എഫ്) എക്സൈസ് വകുപ്പിന്റെ കീഴിൽ ദേശീയനിലവാരമുള്ള ആധുനിക സൗകര്യങ്ങളോടുകൂടിയ ഡീ-അഡിക്ഷൻ സെന്റർ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കണ്ടെത്തിയിട്ടില്ല. എന്നാൽ എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കിയതിന്റെ ഫലമായി കൂടുതൽ മയക്കുമരുന്ന് കേസുകൾ കണ്ടെത്തുന്നതിന് സാധിച്ചിട്ടുണ്ട്. അനധികൃത മദ്യത്തിന്റെ വ്യാപനവും വിപണനവും കർശനമായി തടയുന്നതിനടക്കമുള്ള വ്യവസ്ഥകളാണ് എൽ.ഡി.എഫ്. സർക്കാരിന്റെ മദ്യനയത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. മദ്യത്തെ അപേക്ഷിച്ച് മയക്കുമരുന്ന് കൈവശം വച്ച് ഉപയോഗിക്കുന്നതിനുള്ള സൗകര്യവും മയക്കുമരുന്നിൽനിന്ന് ലഹരി കൂടുതലായി ലഭിക്കുന്നതും മയക്കുമരുന്ന് ഉപഭോഗത്തിന് പ്രചോദനമാകുന്നുണ്ട്.

(സി) 'വിമുക്തി'എന്ന പേരിലുള്ള കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ അതിശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. 'വിമുക്തി' മിഷന്റെ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കിടയിലും യുവജനങ്ങൾക്കിടയിലും ലഹരി ഉപഭോഗം കുറയ്ക്കുന്നതിനും മദ്യത്തിന് അടിമപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ സജീവമായി സംഘടിപ്പിച്ചുവരുന്നു. വിവിധ സർക്കാർ വകുപ്പുകളേയും എല്ലാ തലങ്ങളിലുമുള്ള പൊതുജനങ്ങളേയും കോർത്തിണക്കിക്കൊണ്ട് 'വിമുക്തി' മിഷന്റെ പ്രവർത്തനങ്ങൾ വളരെ വിജയകരമായി സംസ്ഥാനത്ത് നടന്നുവരികയാണ്.

(ഡി) യുവജനങ്ങളുടെയും കുട്ടികളുടെയും ഇടയിലെ ലഹരി ഉപഭോഗം സംബന്ധിച്ച് തിരുവനന്തപുരം കാരക്കോണം സി.എസ്.ഐ. മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോ. വിജയകുമാർ. കെ.-യുടെ നേതൃത്വത്തിൽ പത്തംഗ വിദഗ്ദ്ധസംഘം നടത്തിയ പഠനത്തിൽ ലഹരിയുടെ അടിമകളായവരെ സാധാരണജീവിതത്തിലേയ്ക്ക് മടക്കിക്കൊണ്ടുവരുന്നതിന്റെ

ആവശ്യകത എടുത്തുപറയുന്നുണ്ട്. ഈ ലക്ഷ്യത്തോടെ ലഹരിമോചന കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പഠനത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ലഹരി വസ്തുക്കളുടെ നിരോധനം ഫലപ്രദമായ മാർഗ്ഗമല്ലെന്നും ബാറുകളുടെ അടച്ചുപൂട്ടൽ ഗുണപരമായ ഫലം ഉണ്ടാക്കില്ല എന്നും ലഹരി പദാർഥങ്ങളുടെ ദൂഷ്യവശങ്ങളെ ക്കുറിച്ച് അവബോധമുണ്ടാക്കി വേണം ഈ വിപത്തിന് പരിഹാരമുണ്ടാക്കേണ്ടത് എന്നും അടിവരയിട്ട് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ആദിവാസി, തീരദേശ, പിന്നോക്ക മേഖലകളിൽ അധിവസിക്കുന്ന ജനവിഭാഗങ്ങൾക്കിടയിൽ ലഹരിയോടുള്ള ആഭിമുഖ്യം കൂടുതലാണെന്നും ആയതിന് പരിഹാരം കണ്ടെത്തുന്നതിന് ടി മേഖലകൾ കേന്ദ്രീകരിച്ച് ശക്തവും ഫലപ്രദവുമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടത് ആവശ്യമാണെന്നും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. മേൽ റിപ്പോർട്ട് അടക്കമുള്ള പഠന നിരീക്ഷണ ങ്ങളുടെ വെളിച്ചത്തിൽ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് 'വിമുക്തി' മിഷൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്.

(ഇ) 'വിമുക്തി' മിഷൻ പദ്ധതിക്കായി അനുവദിച്ച ഫണ്ട് ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നുണ്ട്. നിലവിൽ 'വിമുക്തി' മിഷന്റെ ഭാഗമായി ആരോഗ്യ വകുപ്പുമായി സഹകരിച്ചുകൊണ്ട് എല്ലാ ജില്ലകളിലും ആരംഭിക്കുവാനുദ്ദേശിക്കുന്ന ഡീ അഡിക്ഷൻ സെന്ററുകളും നിംഹാൻസ് മാതൃകയിൽ ആരംഭിക്കുവാനു ദ്ദേശിക്കുന്ന ലഹരി വിമുക്ത ചികിത്സാ കേന്ദ്രവും സംബന്ധിച്ച നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. 2017-18-ൽ 'വിമുക്തി' മിഷൻ പ്രവർത്തനങ്ങൾക്കായി 2039-00-001-88 വിമുക്തി എന്ന ശീർഷകത്തിൽ 5,00,00,000 രൂപ അനുവദിക്കുകയുണ്ടായി. ആയതുകൂടാതെ എക്സൈസ് കമ്മീഷണറുടെ പേരിലുള്ള ടി.എസ്.ബി. അക്കൗണ്ടിൽ ബാക്കി നിന്ന 1,56,65,449 രൂപയിൽനിന്നും 'വിമുക്തി' മിഷൻ പ്രവർത്തനങ്ങൾക്കായി ആകെ 2,92,72,972 രൂപ വിവിധ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

(എഫ്) സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ഭാഗമായി എക്സൈസ് വകുപ്പിന് കീഴിൽ അന്തർദ്ദേശീയ നിലവാരമുള്ള, ബാംഗ്ലൂർ നിംഹാൻസ് മാതൃകയിൽ ഒരു ഡീ-അഡിക്ഷൻ സെന്റർ തുടങ്ങുന്നതിലേയ്ക്കായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ അധീനതയിലുള്ള കോഴിക്കോട് കിനാലൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 40 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**മദ്യ ബോട്ടിലുകളിൽ ഹോളോഗ്രാം**

304 (4273) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷൻ മദ്യവില്പനയ്ക്ക് ഉപയോഗിക്കുന്ന ബോട്ടിലുകളിൽ പതിക്കുന്ന ഹോളോഗ്രാം നിലവിൽ നിർമ്മിച്ച് നൽകുന്നത് ഏത് സ്ഥാപനമാണ്;

(ബി) എത്ര സുരക്ഷാ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയാണ് പ്രസ്തുത ഹോളോഗ്രാം നിർമ്മിക്കുന്നത്;

(സി) പ്രസ്തുത ഹോളോഗ്രാം 15 സുരക്ഷാ സങ്കേതങ്ങൾ ഉപയോഗിച്ച് പരിഷ്കരിക്കാമെന്ന സി-ഡിറ്റിന്റെ ശിപാർശ ലഭിച്ചിട്ടുണ്ടോ;

(ഡി) ഹോളോഗ്രാം നിർമ്മാണം സംസ്ഥാനത്തിന് പുറത്തുള്ള ഏതെങ്കിലും സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് കമ്പനിയെന്ന് വ്യക്തമാക്കുമോ;

(ഇ) സി-ഡിറ്റിനെ ഒഴിവാക്കി സ്വകാര്യ കമ്പനിക്ക് നൽകുന്നത് എന്തു കൊണ്ടാണ്; പ്രസ്തുത നീക്കം ഉപേക്ഷിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ഇമേജിങ്ങ് ടെക്നോളജി (സി-ഡിറ്റ്).

(ബി) 15 സുരക്ഷാ മാനദണ്ഡങ്ങൾ.

(സി) മദ്യക്കുപ്പികളിൽ പതിക്കാനുള്ള ഹോളോഗ്രാം സെക്യൂരിറ്റി ലേബലുകൾ കാലോചിതമായി നവീകരിച്ച് നൽകാൻ തയ്യാറാണെന്ന് സി-ഡിറ്റ് അറിയിച്ചിട്ടുണ്ട്.

(ഡി&ഇ) ഹോളോഗ്രാഫിക് സെക്യൂരിറ്റി ലേബലിന്റെ പ്രിന്റിംഗ്, വിതരണം എന്നിവ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു ഹൈലെവൽ ഇൻഡിപെൻഡന്റ് ന്യൂട്രൽ കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി വിശദമായ ചർച്ചകൾക്കും പഠനങ്ങൾക്കും ശേഷം Request For Proposal (RFP) തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ Bid-കൾ ക്ഷണിക്കുവാനും Competitive bidding-ലൂടെ bidder-നെ കണ്ടെത്തുവാനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**വിദേശ നിർമ്മിത വിദേശമദ്യം വിൽപ്പന**

305 (4274) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബവ്കോ ഔട്ട്ലെറ്റ് വഴി വിദേശ നിർമ്മിത വിദേശമദ്യം വില്പന നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി നടത്തിയ ഇ-ടെൻഡറിൽ എത്ര കമ്പനികൾ പങ്കെടുത്തു; വിശദാംശം നല്കാമോ;

(സി) ഏതൊക്കെ കമ്പനികൾക്കാണ് വിദേശ നിർമ്മിത വിദേശമദ്യവും വൈനും വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 17.

| | |
|---|---|
| വിദേശനിർമ്മിത വിദേശമദ്യം വിതരണം ചെയ്യുന്നതിന് ലഭിച്ച ഓഫറുകൾ | 9 |
| വിദേശനിർമ്മിത വൈൻ വിതരണം ചെയ്യുന്നതിന് ലഭിച്ച ഓഫറുകൾ | 8 |
| ആകെ ഓഫറുകൾ | 17 |

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ബിവറേജസ് കോർപ്പറേഷനിലെ എൽ. ഡി. ക്ലാർക്ക് ഒഴിവുകൾ**

306 (4275) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിൽ നിലവിൽ എത്ര എൽ. ഡി. ക്ലർക്കുമാരുടെ ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ ഇതിനകം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) താല്ക്കാലിക ജീവനക്കാരായി എത്ര പേർ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) എൽ.ഡി. ക്ലാർക്ക് തസ്തികയിൽ താല്ക്കാലിക ജിവനക്കാരായി നിയമിച്ചിട്ടുള്ള എത്രപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

<u>ഉത്തരം</u>

(എ&ബി) 315.

(സി) കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ താൽക്കാലിക ജീവനക്കാരായി എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ആരും ജോലി ചെയ്യുന്നില്ല.

(ഡി) എൽ.ഡി. ക്ലാർക്ക് തസ്തികയിൽ താത്ക്കാലിക അടിസ്ഥാനത്തിൽ കെ.എസ്.ബി.സി.-യിൽ നിയമനം നടത്തുന്നില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ബിവറേജസ് കോർപ്പറേഷൻ

307 (4276) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബിവറേജസ് കോർപ്പറേഷനിൽ ഔട്ട്ലെറ്റിൽ ഉൾപ്പെടെ എത്ര എൽ.ഡി. ക്ലാർക്കുമാർ ഡപ്യൂട്ടേഷൻ വ്യവസ്ഥയിലും ദിവസവേതനാടിസ്ഥാനത്തിലും ജോലി ചെയ്യുന്നുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

ബിവറേജസ് കോർപ്പറേഷനിൽ ഔട്ട്ലെറ്റ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ എൽ.ഡി. ക്ലാർക്കുമാർ ആരുംതന്നെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ ദിവസവേതനാടിസ്ഥാനത്തിലോ ജോലി ചെയ്യുന്നില്ല.

## മദ്യ വിൽപ്പനയിൽ നിന്നുള്ള വരുമാനം

308 (4277) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പൂട്ടിയ എത്ര ബാറുകൾ ഈ സർക്കാർ വന്നതിനുശേഷം തുറന്നു എന്ന് വ്യക്തമാക്കുമോ;

(ബി) 2014, 2015, 2016, 2017 വർഷങ്ങളിൽ മദ്യ വില്പനയിൽനിന്നും സംസ്ഥാന സർക്കാരിന് ലഭിച്ച വരുമാനം എത്രയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് ബിയർ പാർലറുകളായി മാറ്റി പ്രവർത്തിച്ചിരുന്നവയിൽ 282 സ്ഥാപനങ്ങൾക്ക് എൽ.ഡി.എഫ്. സർക്കാരിന്റെ പുതിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ എഫ്. എൽ. 3 ബാർ ലൈസൻസ് നൽകിയിട്ടുണ്ട്.

(ബി) 2014-15 - 8277 കോടി രൂപ.

2015-16 - 9787 കോടി രൂപ.

2016-17 - 10353 കോടി രൂപ.

2017-18 - 11024 കോടി രൂപ.

## മുട്ടത്തറ ബിവറേജസ് ഔട്ട്ലെറ്റ് അടച്ചുപൂട്ടണമെന്ന നിവേദനം

309 (4278) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുട്ടത്തറ-പരുത്തിക്കുഴിയിൽ ആരംഭിച്ച ബിവറേജസ് ഔട്ട്ലെറ്റ് അടച്ചു പൂട്ടണമെന്ന മദ്യവിരുദ്ധ ജനകീയസമിതിയുടെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ബിവറേജസ് ഔട്ട്ലെറ്റ് നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) എക്സൈസ് വകുപ്പിന്റെ നിയമാനുസൃതമായ ലൈസൻസോടുകൂടിയാണ് മുട്ടത്തറ-പരുത്തിക്കുഴിയിൽ ബിവറേജസ് ഔട്ട് ലെറ്റ് പ്രവർത്തിച്ചുവന്നിരുന്നത്. നിലവിൽ ഷോപ്പ് അടഞ്ഞുകിടക്കുകയാണ്. പ്രതിദിനം 15 ലക്ഷം രൂപ വിറ്റുവരവുണ്ടായിരുന്ന ഈ ഷോപ്പ് നിർത്തലാക്കേണ്ട സാഹചര്യം നിലവിലില്ല.

## ഹോട്ടലുകളുടെ ബാർ ലൈസൻസ്

310 (4279) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഹോട്ടലുകളുടെ ബാർ ലൈസൻസുകൾ റദ്ദാക്കിയെന്നും എത്രയെണ്ണം പുതുതായി അനുവദിച്ചുവെന്നും അറിയിക്കുമോ; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(ബി) മുൻസർക്കാരിൻെറ കാലത്ത് ബാറുകൾ അടച്ചുപൂട്ടിയവയിൽ എത്ര ഹോട്ടലുകളുടെ ബാർ ലൈസൻസ് പുന:സ്ഥാപിച്ചുനൽകി ; അവ വീണ്ടും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തെറ്റായ വിവരം നൽകി ലൈസൻസ് നേടിയ തിരുവനന്തപുരം ജില്ലയിലെ വെമ്പായത്ത് പ്രവർത്തിച്ചു വന്ന ശ്രീവത്സം റസിഡൻസി എന്ന സ്ഥാപനത്തിന്റെ ബാർ ലൈസൻസ് 12-6-2018-ൽ റദ്ദാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 19-6-2018 വരെ 99 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 8 |
| കൊല്ലം | 11 |
| പത്തനംതിട്ട | 4 |
| ആലപ്പുഴ | 8 |
| കോട്ടയം | 9 |
| ഇടുക്കി | 7 |
| എറണാകുളം | 18 |
| തൃശ്ശൂർ | 9 |
| പാലക്കാട് | 8 |
| മലപ്പുറം | 2 |
| കോഴിക്കോട് | 5 |
| വയനാട് | 0 |
| കണ്ണൂർ | 7 |
| കാസർഗോഡ് | 3 |
| ആകെ | 99 |

(ബി) മുൻസർക്കാരിന്റെ കാലത്ത് ബാറുകൾ അടച്ചുപൂട്ടിയതിനെത്തുടർന്ന് ബിയർ & വൈൻ പാർലറായി പ്രവർത്തിച്ചുവന്നിരുന്ന 282 ഹോട്ടലുകളുടെ ബാർ ലൈസൻസ് പുനഃസ്ഥാപിച്ച് വീണ്ടും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## മദ്യത്തിന്മേലുള്ള സെസ്

311 (4280) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് പൂട്ടിപ്പോയ ബാറുകളിലെ ജീവനക്കാരെ പുനരധിവസിപ്പിക്കുന്നതിനായി ബിവറേജസ് കോർപ്പറേഷൻ വില്പന നടത്തുന്ന മദ്യത്തിന്മേൽ അഞ്ച് ശതമാനം സെസ് ഏർപ്പെടുത്തിയിരുന്നോ;

(ബി) അതിലൂടെ ഇതിനകം എത്ര കോടി രൂപ ലഭിച്ചുവെന്നും അതിൽ എത്ര തുക ഇതുവരെ പുനരധിവാസത്തിനായി ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ശേഷിക്കുന്ന തുക എപ്രകാരം വിനിയോഗിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്; തുക വകമാറ്റി ചെലവഴിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) മദ്യത്തിന്മേൽ ഏർപ്പെടുത്തിയ സെസ് വേണ്ടെന്ന് വച്ചിട്ടുണ്ടോ; എങ്കിൽ അത് വേണ്ടെന്ന് വയ്ക്കാനുണ്ടായ സാഹചര്യമെന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഏർപ്പെടുത്തിയിരുന്നു.

(ബി) 1058.89 കോടി. ഇതിൽ പുനരധിവാസത്തിനായി ചെലവഴിക്കപ്പെട്ട തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

20-12-2014-ലെ സർക്കാർ ഉത്തരവ് (എംഎസ്)നമ്പർ 206/2014/നി.വ. പ്രകാരം തൊഴിൽ നഷ്ടപ്പെട്ട രജിസ്റ്റേർഡ് ബാർ തൊഴിലാളികൾക്ക് 10,000 രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനും 2014-15 സാമ്പത്തിക വർഷത്തെ മദ്യനയത്തെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ടതും ആത്മഹത്യ ചെയ്തതുമായ തൊഴിലാളികളുടെ ആശ്രിതർക്ക് 2 ലക്ഷം രൂപ വീതം നൽകുന്നതിനായി കെ.എസ്.ബി.സി. 6,68,05,000 രൂപ അനുവദിച്ചിട്ടുണ്ട്. അടച്ചുപൂട്ടിയ 418 ബാർ ഹോട്ടലുകളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി 4-9-2014 തീയതിയിലെ സർക്കാർ ഉത്തരവ് (ആർ.റ്റി)നമ്പർ723/2014/നി.വ. പ്രകാരം 3,43,50,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സി) സെസ് തുക സംസ്ഥാന സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലാണ് വകകൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത തുക എപ്രകാരം വിനിയോഗിക്കണമെന്നത് സംബന്ധിച്ച വിശദമായ ശിപാർശ സമർപ്പിക്കുന്നതിന് എക്സൈസ് കമ്മീഷണറുടെ മേൽനോട്ടത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഡി) വിൽപ്പന നികുതി നിരക്കുകൾ പരിഷ്കരിക്കാൻ 2018-ലെ ബജറ്റിൽ സർക്കാർ തീരുമാനിച്ചതനുസരിച്ച് മദ്യത്തിന്മേൽ ഏർപ്പെടുത്തിയ സെസ് വേണ്ടെന്ന് വച്ചിട്ടുണ്ട്.

## ലഹരി വ്യാപാര നിയന്ത്രണം

312 (4281) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ലഹരി വ്യാപാരം നിയന്ത്രിക്കുന്നതിന് സർക്കാരിന് സാധിക്കാതെ വരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) 2018 ഏപ്രിൽ മാസത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് വളപ്പിൽ വച്ച് കൈമാറാനായി കൊണ്ടുവന്ന 130 കിലോ കഞ്ചാവ് പിടികൂടിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഒട്ടുമിക്ക നഗരങ്ങളിലും കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ വിൽപ്പനയും ഉപയോഗവും നിയന്ത്രിക്കുവാൻ കഴിയാത്ത വിധത്തിൽ വർദ്ധിച്ച് കൊണ്ടിരിക്കുന്ന സാഹചര്യം ഗൗരവമായി എടുത്തിട്ടുണ്ടോ;

(ഡി) ലഹരി വിമുക്ത കേന്ദ്രങ്ങളിൽ ചികിത്സയ്ക്ക് പ്രവേശിപ്പിക്കപ്പെടുന്നവരിൽ സ്കൂൾ കുട്ടികൾ വരെയുണ്ടെന്നുള്ള വെളിപ്പെടുത്തൽ ആശങ്കാജനകമാകയാൽ ലഹരി വ്യാപാരികളുടെ കേന്ദ്രങ്ങൾ സദാ നിരീക്ഷിക്കുന്നതിനും ഇവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഹരി വ്യാപാരം നിയന്ത്രിക്കുന്നതിനും ലഹരി മാഫിയകളെ അമർച്ച ചെയ്യുന്നതിനും എക്സൈസ് വകുപ്പിന്റെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നുണ്ട്. നിയമ വിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ട് വരുന്നത് തടയുന്നതിന് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്,

ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 41690 അബ്കാരി കേസ്സുകളും 10929 എൻ.ഡി.പി.എസ്. കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. ഇതിന്റെ ഫലമായി 17-2-2018-ന് എറണാകുളം എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റീ നർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് എറണാകുളം ജില്ലയിൽ നെടുമ്പാശ്ശേരി വില്ലേജിലെ അത്താണിക്കരയിൽ നിന്നും 5.020 കിലോഗ്രാം MDMA (Methylenedioxy methamphetamine) എന്ന മയക്കുമരുന്ന് കണ്ടുപിടിച്ച് രണ്ട് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 19-3-2018-ന് പാലക്കാട് എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റീ നർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് പാർട്ടി വാളയാറിൽവച്ച് മാരുതി ആൾട്ടോ കാറിൽ കടത്തിക്കൊണ്ടുവന്ന 36.562 കിലോഗ്രാം ഹാഷിഷ് ഓയിൽ കണ്ടു പിടിച്ചിട്ടുള്ളതാണ്. 25-5-2018-ന് തിരുവനന്തപുരം ജില്ലയിൽ മണ്ണന്തലയിൽ വച്ച് മാരുതി ആൾട്ടോ കാറിൽ കടത്തിക്കൊണ്ടുവന്ന 10.202 കിലോഗ്രാം ഹാഷിഷ് ഓയിൽ കണ്ടുപിടിച്ച് മൂന്നുപേരെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. 8-6-2018-ന് പാലക്കാട് ജില്ലയിലെ അട്ടപ്പാടി വനമേഖലയിൽ നട്ടു വളർത്തിയിരുന്ന 1064 കഞ്ചാവ് ചെടികൾ പാലക്കാട് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ കണ്ടുപിടിച്ച് നശിപ്പിച്ചു.

(ബി) 27-4-2018-ൽ മെഡിക്കൽ കോളേജ് ആശുപത്രിയുടെ മുൻവശത്തു നിന്നും TN 09-BV-8624-ാം നമ്പർ Swift Car-ൽ കൊണ്ടുവന്ന 130.550 കിലോ ഗ്രാം കഞ്ചാവും അത് കടത്തിക്കൊണ്ടുവന്ന അഭിഷേക്, ശ്യംരാജ്, നിതിൻ എന്നിവരെ അറസ്റ്റ് ചെയ്യുകയും അവർക്കെതിരെ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 590/2018 u/s 20(b) (ii) C of NDPS Act പ്രകാരം കേസ്സെടുക്കുകയും ചെയ്തിട്ടുണ്ട്. ടി കേസ്സിന്റെ അന്വേഷണം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു.

(സി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എക്സൈസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മയക്കുമരുന്ന് കേസ്സുകളുമായി ബന്ധപ്പെട്ട വിശദാംശം അനുബന്ധമായി ചേർക്കുന്നു.* കഴിഞ്ഞ രണ്ട് വർഷ കാലത്ത് 41,690 അബ്കാരി കേസ്സുകളും 10929 എൻ. ഡി. പി. എസ്. കേസ്സുകളും 141762 കോട്പ കേസ്സുകളും കണ്ടെടുത്തിട്ടുണ്ട്. ഇത് സൂചിപ്പിക്കുന്നത് സംസ്ഥാനത്ത് എക്സൈസ് വകുപ്പ് ലഹരിയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനും അമർച്ച

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ചെയ്യുന്നതിനും കാണിക്കുന്ന ജാഗ്രതയുടെ തോതാണ്. ഇക്കാര്യത്തിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഏറ്റവും കാര്യക്ഷമമായി സംസ്ഥാനത്ത് എൻഫോഴ്സ്മെന്റ് പ്രവർത്തനം നടക്കുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്.

(ഡി) സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സ്കൂൾ/കോളേജ് പ്രവർത്തനസമയത്ത് എക്സൈസ് ഉദ്യോഗസ്ഥന്മാർ സ്കൂൾ/കോളേജ് പരിസരങ്ങളിൽ പ്രത്യേക നിരീക്ഷണം നടത്തുന്നുണ്ട്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നതാണ്.

## ലഹരി മരുന്നുകളുടെ വിൽപ്പന

313 (4282) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലഹരി മരുന്നുകളുടെ വിൽപ്പനയുമായി ബന്ധപ്പെട്ടുകൊണ്ട് 2016, 2017, 2018 എന്നീ വർഷങ്ങളിലായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഓരോ വർഷത്തേയും കണക്കുകൾ പ്രത്യേകം ലഭ്യമാക്കാമോ?

ഉത്തരം

ലഹരി മരുന്നുകളുടെ വിൽപനയുമായി ബന്ധപ്പെട്ട് 2016-ൽ 2985 കേസ്സുകളും 2017-ൽ 5946 കേസ്സുകളും 2018-ൽ മേയ് മാസം വരെ 2950 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## ലഹരി വസ്തുക്കളുടെ വ്യാപനവും കള്ളക്കടത്തും

314 (4283) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ ലഹരി വസ്തുക്കളുടെ വ്യാപനവും കള്ളക്കടത്തും തടയുവാനായി എക്സൈസ് വകുപ്പും മറ്റ് ഇതരവകുപ്പുകളുമായി ചേർന്ന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് 2016-17, 2017-18 വർഷങ്ങളിൽ എക്സൈസ് വകുപ്പും മറ്റ് ഇതര വകുപ്പുകളും എടുത്തിട്ടുള്ള കേസ്സുകൾ എത്ര; എത്ര പേരെ അറസ്റ്റ് ചെയ്തു; എന്തെല്ലാം ലഹരി വസ്തുക്കളാണ് പിടിച്ചെടുത്തിട്ടുള്ളത്; വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളിൽ എത്ര കേസ്സുകളിലായി എത്ര പ്രതികളെ പിടികൂടാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ വ്യാപനവും കള്ളക്കടത്തും തടയുന്നതിനായി എക്സൈസ് വകുപ്പ് എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പ്, ഡ്രഗ്സ് കൺട്രോൾ ഇൻസ്പെക്ടർ എന്നിവരുമായി ചേർന്ന് ലൈസൻസ്ഡ് മെഡിക്കൽ സ്ഥാപനങ്ങളിലും ജില്ലാ പോലീസ്, തീരദേശ പോലീസ്, റവന്യൂ എന്നീ വകുപ്പുകളുമായി ചേർന്ന് തീരപ്രദേശങ്ങളിലും പ്രശ്നബാധിത പ്രദേശങ്ങളിലും സംയുക്ത പരിശോധനകളും റെയിഡുകളും നടത്തിവരുന്നുണ്ട്. ഫോറസ്റ്റ് വകുപ്പുമായി ചേർന്ന് വനമേഖലകളിലും ആർ.പി.എഫ്.-മായി ചേർന്ന് ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും പരിസരങ്ങളിലും ശക്തമായ രീതിയിൽ അതത് മേഖലകളിൽ പരിശോധനകളും റെയിഡുകളും നടത്തിവരുന്നുണ്ട്. കൂടാതെ ഇതര സംസ്ഥാന പോലീസ് വകുപ്പുമായി ചേർന്ന് അതിർത്തി പ്രദേശങ്ങളിൽ പരിശോധനയും വാഹന പരിശോധനകളും തുടർച്ചയായി നടത്തിവരുന്നു. ലഹരി വസ്തുക്കളുടെ വ്യാപനവും കള്ളക്കടത്തും തടയുവാനായി എക്സൈസ് വകുപ്പും ഇതര എൻഫോഴ്സ്മെന്റ് ഏജൻസികളുമായി ചേർന്ന് സംയുക്ത യോഗങ്ങൾ കൂടുകയും ലഹരി വസ്തുക്കളുടെ വ്യാപനവും കള്ളക്കടത്തും സംബന്ധിച്ച വിവരങ്ങൾ പരസ്പരം കൈമാറി ലഹരി വസ്തുക്കളുടെ വ്യാപനത്തിനും കള്ളക്കടത്തിനുമെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) 2016-17-ൽ ഒരു പ്രതിയെ പിടികൂടുവാനുണ്ട്. കാസർഗോഡ് ഡിവിഷനിൽ ഹോസ്ദുർഗ്ഗ് റെയ്ഞ്ചിലെ സി. ആർ. നമ്പർ 138/2016 കേസ്സിൽ സതീശൻ S/o സത്യൻ എന്നയാളെ അറസ്റ്റ് ചെയ്യുവാനുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ലഹരി പദാർത്ഥങ്ങളുടെ വിൽപന

315 (4284) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാലയങ്ങളുടെ സമീപം ലഹരി പദാർത്ഥങ്ങൾ വില്പന നടത്തുന്നതുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, എത്ര പേർക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) അതിർത്തി സംസ്ഥാനമായ കർണ്ണാടകയിൽ നിന്നും വ്യാപകമായി ലഹരി പദാർത്ഥങ്ങൾ വാങ്ങി കാസർഗോഡ് ജില്ലയിൽ വില്പന നടത്തുന്നവർക്കെതിരെയുള്ള കേസ്സുകൾ ശക്തമാക്കാൻ നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ) കോട്പ ആക്ട് പ്രകാരം 5814 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 15190 കിലോ ഗ്രാം പുകയില ഉത്പ്പന്നങ്ങൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഈ വിഷയത്തിൽ ശക്തമായി ഇടപെടുകയും അതിർത്തി പ്രദേശങ്ങളിൽ കർണ്ണാടക പോലീസുമായി സംയുക്ത പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. ഇതിന് പുറമെ ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധനയും കർശനമായി നടത്തി വരുന്നു.

## കോട്പ കേസ്സുകൾ

316 (4285) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കോട്പ കേസുകൾ വർദ്ധിച്ചുവരുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാർത്ഥികൾക്കിടയിലെ ലഹരിയുടെയും മയക്കുമരുന്നിന്റെയും വ്യാപനം തടയാൻ സ്കൂൾ തലത്തിൽ സ്വീകരിച്ച നടപടികളെ കുറിച്ച് വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 20-8-2014-ലെ ജി.ഒ.(പി)155/2014/നി.വ. നമ്പർ സർക്കാർ വിജ്ഞാപന പ്രകാരം, കോട്പ ആക്ടിലെ സെക്ഷൻ 12-ഉം 13-ഉം പ്രകാരം നടപടി സ്വീകരിക്കുന്നതിന് എക്സൈസ് ഇൻസ്പെക്ടറെയോ അതിന് മുകളിൽ പദവിയിലുള്ള

ഉദ്യോഗസ്ഥരെയോ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ആക്ടിൽ എക്സൈസ് വകുപ്പിന് അനുവദിച്ചിട്ടുള്ള അധികാരം ഉപയോഗിച്ച് കേസ്സ് എടുത്ത് പിഴ ഈടാക്കിവരുന്നു. കൂടാതെ, സ്കൂൾ, കേളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആയത് പ്രകാരം 2015-ൽ 6042 കേസ്സുകളും 2016-ൽ 23886 കേസ്സുകളും 2017-ൽ 5946 കേസ്സുകളും 2018-ൽ മേയ് മാസം വരെ 2950 കേസ്സുകളും കണ്ടുപിടിച്ച് പിഴ ഈടാക്കിയിട്ടുണ്ട്.

(ബി) 'വിമുക്തി' മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ, കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ലഹരി വിരുദ്ധ സന്ദേശം കുട്ടികളിൽ എത്തിക്കുന്നതിന്റെ ഭാഗമായി കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കയ്യെഴുത്ത് മാസിക തയ്യാറാക്കൽ, പോസ്റ്റർ രചന, ഉപന്യാസ രചന, ചിത്ര രചന തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുകയും ബോധവത്കരണ സന്ദേശം പകർന്നു നൽകുന്ന തെരുവുനാടകം, കയ്യുറ പാവ നാടകം തുടങ്ങിയ കലാരൂപങ്ങൾ സ്കൂളുകളിൽ അവതരിപ്പിച്ചുവരുന്നു. കഴിഞ്ഞ രണ്ട് വർഷമായി സ്കൂൾ/കോളേജുകൾ, മറ്റു സ്ഥലങ്ങളിലുമായി എക്സൈസ് വകുപ്പ് 14136 ബോധവത്കരണ ക്ലാസ്സുകൾ നടത്തുകയുണ്ടായി.

**വിദ്യാലയങ്ങളുടെ പരിസരത്തെ ലഹരി വിപണനവുമായി ബന്ധപ്പെട്ട കേസ്സുകൾ**

317 (4286) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാലയങ്ങളുടെ പരിസരങ്ങളിലെ ലഹരി വസ്തുക്കളുടെ വിപണനവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാലയങ്ങളുടെ പരിസരങ്ങളിലെ ലഹരി വസ്തുക്കളുടെ വിപണനവുമായി ബന്ധപ്പെട്ട അബ്കാരി, എൻ.ഡി.പി.എസ്., കോട്പ ഉൾപ്പെടെയുള്ള കേസ്സുകളുടെ തരംതിരിച്ചുള്ള ജില്ലാതല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ഡിവിഷൻ | കേസ്സുകൾ | | |
|---|---|---|---|---|
| | | അബ്കാരി | എൻ. ഡി. പി. എസ്. | കോട്പ |
| 1 | തിരുവനന്തപുരം | 0 | 32 | 3098 |
| 2 | കൊല്ലം | 0 | 0 | 1531 |
| 3 | പത്തനംതിട്ട | 4 | 13 | 0 |
| 4 | ആലപ്പുഴ | 0 | 28 | 387 |
| 5 | കോട്ടയം | 0 | 54 | 116 |
| 6 | ഇടുക്കി | 0 | 3 | 33 |
| 7 | എറണാകുളം | 2 | 10 | 81 |
| 8 | തൃശ്ശൂർ | 0 | 0 | 1243 |
| 9 | പാലക്കാട് | 0 | 0 | 6261 |
| 10 | മലപ്പുറം | 6 | 16 | 0 |
| 11 | കോഴിക്കോട് | 0 | 7 | 197 |
| 12 | വയനാട് | 0 | 2 | 0 |
| 13 | കണ്ണൂർ | 0 | 0 | 657 |
| 14 | കാസർഗോഡ് | 0 | 0 | 5814 |
| | ആകെ | 12 | 165 | 19418 |

Grand Total - 19595

## കഞ്ചാവുകേസ്സുകൾ

318 (4287) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഞ്ചാവ് കൈവശംവച്ചതും വില്പന നടത്തിയതും കടത്തിക്കൊണ്ട് വന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ ; 2016, 2017, 2018 എന്നീ വർഷങ്ങളിലെ കണക്കുകൾ പ്രത്യേകം ലഭ്യമാക്കാമോ ?

ഉത്തരം

കഞ്ചാവ് കൈവശം വച്ചതും വിൽപന നടത്തിയതും കടത്തിക്കൊണ്ടു വന്നതുമായി ബന്ധപ്പെട്ട് 2016, 2017, 2018 എന്നീ വർഷങ്ങളിലായി ആകെ 11914 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2016, 2017, 2018 എന്നീ വർഷങ്ങളിലെ കണക്കുകൾ പ്രത്യേകം ചേർക്കുന്നു :

| വർഷം | രജിസ്റ്റർ ചെയ്ത കേസ്സുകൾ |
|---|---|
| 2016 | 2968 |
| 2017 | 5832 |
| 2018 (ജൂൺ 18 വരെ) | 3114 |
| ആകെ | 11914 |

## കിളിമാനൂർ എക്സൈസ് സർക്കിൾ ഓഫീസ് നിർമ്മാണം

319 (4288) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ കിളിമാനൂരിൽ എക്സൈസ് സർക്കിൾ ഓഫീസ് മന്ദിരത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പഴയകുന്നുമ്മേൽ ഗ്രാമപ്പഞ്ചായത്ത് ഇതിനായി സൗജന്യമായി ലഭ്യമാക്കിയ സ്ഥലം ഉപയോഗപ്പെടുത്തുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പഴയകുന്നമ്മേൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പഴയകുന്നമ്മേൽ വില്ലേജിലെ റീസർവ്വേ നമ്പർ 304/2-ൽപ്പെട്ട 4 ആർ ഭൂമി എക്സൈസ് വകുപ്പിന് കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചങ്ങനാശ്ശേരി എക്സൈസ് ഓഫീസുകൾക്ക് പുതിയ കെട്ടിടം**

320 (4289) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി എക്സൈസ് ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തുക എത്ര ആണ്;

(സി) ഇതിന്റെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. 305.10 ലക്ഷം രൂപ ചെലവിൽ ഓഫീസ് നിർമ്മാണ ത്തിനുള്ള അനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

**ലഹരിക്കെതിരായ പ്രവർത്തനങ്ങൾ**

321 (4290) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലഹരിക്കെതിരെ ശക്തമായ പ്രവർത്തനങ്ങൾ നടത്താൻ എക്സൈസ് വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ജനകീയ പങ്കാളിത്തം എങ്ങനെ പ്രയോജനപ്പെടുത്താനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ലഹരി മാഫിയയെക്കുറിച്ച് വകുപ്പിനെ അറിയിക്കാൻ എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഇപ്പോൾ ലഭ്യമാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ചിട്ടുണ്ട്. മദ്യം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ എന്നിവയുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണപ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ 'വിമുക്തി' മിഷൻ

ശ്രദ്ധിച്ചുവരുന്നു. നിയമ വിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജന പങ്കാളിത്തത്തോടു കൂടി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ഡീ-അഡിക്ഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ 'വിമുക്തി' മിഷൻ മുഖേന നടത്തിവരുന്നു.

(ബി) എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് സർക്കാർ വകുപ്പുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ - കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എൻ.സി.സി., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, സംസ്ഥാന സ്പോർട്സ് കൗൺസിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിങ്ങനെ സമഗ്ര മേഖലയിലുമുള്ള പൊതുജനപങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുകയാണ് 'വിമുക്തി' മിഷൻകൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) നവ മാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ്ആപ്പ് എന്നിവയിൽ 'വിമുക്തി' മിഷന്റെ പേജ് ആരംഭിക്കുകയും ആയവ വഴി ലഭ്യമാകുന്ന പരാതികൾ പരിഗണിക്കുവാനും നടപടികൾ സ്വീകരിക്കുവാനും ഉള്ള പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. ലഹരി വിരുദ്ധ ക്ലബ്ബുകളിലെ കുട്ടികളുടെ സേവനം കാര്യക്ഷമമായി ഉപയോഗിച്ചുകൊണ്ട് അവരുടെ ഇടയിൽത്തന്നെ ലഹരി ഉപയോഗിക്കുന്നവരെക്കുറിച്ചും വിപണനം ചെയ്യുന്നവരെക്കുറിച്ചുമുള്ള ശരിയായ വിവരങ്ങൾ ശേഖരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ലഹരി മാഫിയയെക്കുറിച്ചും മറ്റുമുള്ള പരാതികൾ അറിയിക്കുന്നതിനായി വിദ്യാലയങ്ങളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

## വനിത എക്സൈസ് ഗാർഡ് നിയമനം

322 (4291) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ വനിത എക്സൈസ് ഗാർഡ് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെയായി എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കിയിട്ടുണ്ട്; എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇതുവരെ 43 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. 9 ഒഴിവുകൾ നിലവിലുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

## ആദിവാസി വിഭാഗങ്ങളിൽനിന്നും എക്സൈസ് വകുപ്പിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ്

323 (4292) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനാതിർത്തികളിലും ഉൾവനങ്ങളിലും താമസിക്കുന്ന ആദിവാസി വിഭാഗങ്ങളിൽ നിന്നും എക്സൈസ് വകുപ്പിലേക്ക് സ്പെഷൽ റിക്രൂട്ട്മെന്റ് നടത്തുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ആദിവാസി വിഭാഗങ്ങളിൽ നിന്നുള്ള സ്പെഷൽ റിക്രൂട്ട്മെന്റിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്നും ആയതിന്റെ തൽസ്ഥിതി എന്തെന്നും അറിയിക്കാമോ;

(സി) മലപ്പുറം ജില്ലയിലെ നിലമ്പൂർ, കാളികാവ് എന്നീ ബ്ലോക്കുകളിൽ നിന്നും ആദിവാസി വിഭാഗങ്ങളിൽ നിന്നുള്ള സ്പെഷൽ റിക്രൂട്ട്മെന്റിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും അപേക്ഷകരിൽ എത്ര പേർ വനിതകളാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെ ഭാഗമായി വയനാട്, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ നിന്നും ആദിവാസി വിഭാഗങ്ങളിൽ നിന്ന് 25 പേർക്ക് നിയമനം നൽകുകയും അതിൽ 23 പേർ പരിശീലനത്തിൽ പങ്കെടുത്ത് വരികയുമാണ്.

(സി) മലപ്പുറം ജില്ലയിലെ നിലമ്പൂർ, കാളികാവ് എന്നീ ബ്ലോക്കുകളിൽനിന്നും ആകെ 101 അപേക്ഷകൾ ലഭിച്ചു. ടി തസ്തികയ്ക്ക് ടി ജില്ലയിൽ വനിത സിവിൽ എക്സൈസ് ഓഫീസർ തസ്തികയ്ക്ക് ഒഴിവുകൾ ഇല്ലാത്തതിനാൽ വനിതകളിൽനിന്നും അപേക്ഷകൾ ക്ഷണിച്ചിട്ടില്ല.

## ചാരായനിരോധനത്തെ തുടർന്ന് തൊഴിൽരഹിതരായവർ

324 (4293) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-ൽ ചാരായനിരോധനം നടപ്പിലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ;

(ബി) ഇതേ തുടർന്ന് തൊഴിൽ രഹിതരായവർക്ക് പകരം തൊഴിൽ നൽകുന്നതിന് തീരുമാനമെടുത്തിരുന്നോ;

(സി) ഇപ്രകാരം തൊഴിൽ നഷ്ടമാകുകയും 1996 ഏപ്രിലിൽ മരണമടയുകയും ചെയ്ത തൊഴിലാളികളുടെ ആശ്രിതർക്ക് തൊഴിൽ നൽകുന്നതിന് തീരുമാനിച്ചിരുന്നോ;

(ഡി) 2018 ഫെബ്രുവരിയിൽ ഇത് സംബന്ധിച്ച് WP(C)1110/2018 നമ്പരായി ഹൈക്കോടതി വിധി പ്രസ്താവിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിധി പ്രകാരം വകുപ്പിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഇ) വിധിയുടെ അടിസ്ഥാനത്തിൽ, 1996 ഏപ്രിലിൽ മരണമടഞ്ഞ ഷാപ്പ് തൊഴിലാളിയായ പള്ളിക്കുനി, ഒളവിലം (പോസ്റ്റ്) കച്ചേരി പറമ്പത്ത് വീട്ടിൽ K. P. ഗോവിന്ദന്റെ മകൻ വിനിലേഷിന് തൊഴിൽ നൽകുവാൻ നപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 20-12-1995-ലെ ജി.ഒ.(എംഎസ്.)നമ്പർ 285/95/നി.വ. ഉത്തരവ് പ്രകാരം ചാരായ നിരോധനം നടപ്പിലാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) 1996-ലെ ചാരായ നിരോധനംമൂലം തൊഴിൽ നഷ്ടപ്പെട്ട് ആത്മഹത്യ ചെയ്ത തൊഴിലാളികളുടെ ആൺമക്കൾക്ക് ബിവറേജസ് കോർപ്പറേഷനിലെ ഭാവിയിൽ വരുന്ന 25% ഒഴിവുകളിലേയ്ക്ക് ദിവസവേതന തസ്തികയിൽ ജോലി നൽകാനായി 7-8-2004-ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർറ്റി.)നമ്പർ 567/2004/ നി.വ. പ്രകാരം ഒരു പദ്ധതി രൂപീകരിക്കുകയുണ്ടായി. ആ ഒറ്റത്തവണ തൊഴിൽ പദ്ധതി പ്രകാരം, ആത്മഹത്യ ചെയ്ത ചാരായ തൊഴിലാളികളുടെ ആശ്രിതരായ 266 പേർക്ക് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരും കെ.എസ്.ബി.സി-യും ഫയൽ ചെയ്ത എസ്. എൽ. പി. ബഹുമാനപ്പെട്ട സുപ്രീംകോടതി ഫയലിൽ സ്വീകരിച്ചിട്ടുള്ള വിവരം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ശ്രദ്ധയിൽ പ്പെടുത്താൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ചാരായ തൊഴിലാളികൾക്കോ അവരുടെ ആശ്രിതർക്കോ നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട് യാതൊരു പദ്ധതികളും ഇപ്പോൾ നിലവിലില്ല.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4052-ന്റെ ഉത്തരം എഡിറ്റിംഗ് വിഭാഗത്തിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു).

9.30 am]

## II അറിയിപ്പ്

മികച്ച ക്ഷീരോല്പാദക സംസ്ഥാനം

മി. സ്പീക്കർ: മികച്ച ക്ഷീരോല്പാദക സംസ്ഥാനത്തിനുള്ള അവാർഡ് കേരളത്തിന് ലഭിക്കുകയും അത് കഴിഞ്ഞ ദിവസം ഏറ്റുവാങ്ങുകയും ചെയ്തു.

## III ചരമോപചാരം

എ. എം. പരമന്റെ നിര്യാണം

മി. സ്പീക്കർ: മുൻനിയമസഭാംഗം എ. എം. പരമൻ 2018 ജൂൺ 11-ാം തീയതി നിര്യാതനായി. എ. കെ. മാധവന്റെയും ലക്ഷ്മിയുടെയും മകനായി 1926 ഒക്ടോബർ 20-ാം തീയതി എ. എം. പരമൻ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 14-ാം വയസ്സിൽ പൂങ്കുന്നം സീതാറാം ടെക്സ്റ്റൈൽസ് മിൽ തൊഴിലാളിയായ അദ്ദേഹം, മിൽ തൊഴിലാളികളെ സംഘടിപ്പിച്ച് സീതാറാം ടെക്സ്റ്റൈൽസ് വർക്കേഴ്സ് യൂണിയൻ രൂപീകരിക്കാൻ നേതൃത്വം നൽകിക്കൊണ്ടാണ് പൊതുരംഗത്തേയ്ക്ക് വന്നത്. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് ജയിൽവാസം അനുഷ്ഠിച്ചിട്ടുള്ള എ. എം. പരമൻ 20-ാം വയസ്സിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുഴുവൻസമയ പ്രവർത്തകനായി. 1987-ൽ ഒല്ലൂർ നിയോജകമണ്ഡലത്തിൽനിന്നും സി.പി.ഐ. പ്രതിനിധിയായി എട്ടാം കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട എ. എം. പരമൻ 30 വർഷക്കാലം തൃശ്ശൂർ മുനിസിപ്പൽ കൗൺസിലറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. സി.പി.ഐ. സംസ്ഥാന കൗൺസിൽ അംഗം, എ.ഐ.റ്റി.യു.സി. സംസ്ഥാന ജോയിന്റ് സെക്രട്ടറി, വൈസ്-പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചു. എ. എം. പരമന്റെ നിര്യാണത്തോടെ കേരളത്തിൽ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന് വഴിതെളിച്ച മികച്ച സംഘാടകനെയും ധീരനായ സ്വാതന്ത്ര്യസമര സേനാനിയെയും സാധാരണ ജനങ്ങളിൽ ഒരാളായി നിന്ന പൊതുപ്രവർത്തകനെയുമാണ് നഷ്ടമായിരിക്കുന്നത്. അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റ് നിന്ന് മൗനമാചരിച്ചു).

## IV അടിയന്തരപ്രമേയം

കെട്ടിട നിർമ്മാണത്തിന് എൻ.ഒ.സി.

മി. സ്പീക്കർ: ഇടുക്കി ജില്ലയിലെ മൂന്നാർ പ്രദേശത്തിനുപുറമെ ചിന്നക്കനാൽ, ശാന്തൻപാറ തുടങ്ങിയ എട്ട് വില്ലേജുകളിൽകൂടി പാവപ്പെട്ട കർഷകരുടെ ഗൃഹ നിർമ്മാണത്തിന് എൻ.ഒ.സി. നൽകുന്നതിനുള്ള അധികാരം അതത് വില്ലേജ്

ഓഫീസർക്ക് നൽകി ഉത്തരവായെങ്കിലും ഇതുസംബന്ധിച്ച ഭൂരിഭാഗം രേഖകളും വിവിധ സർക്കാർ ഓഫീസുകളിലാണെന്നും വില്ലേജ് ഓഫീസുകളിൽ മതിയായ രേഖകളില്ലെന്നും പറഞ്ഞ് വില്ലേജ് ഓഫീസർമാർ എൻ.ഒ.സി. നൽകാത്തതുമൂലം മലയോര കർഷകരുടെ ജീവിതത്തെയും ഭാവിയെയും സാരമായി ബാധിക്കുന്നതും കടുത്ത ആശങ്കയുളവാക്കുന്നതുമായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. എം. മാണി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 21-1-2010-ലെ ഇടക്കാലവിധിയുടെ അടിസ്ഥാനത്തിലാണ് ഈ പറഞ്ഞ സ്ഥലങ്ങളിൽ കെട്ടിട നിർമ്മാണത്തിനാവശ്യമായ എൻ.ഒ.സി. റവന്യൂ വകുപ്പിൽനിന്ന് നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവുണ്ടായത്. മൂന്നാർ പ്രദേശത്ത് ഏത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തണമെങ്കിലും നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മൂന്നാറിൽ എൻ.ഒ.സി. ഇല്ലാതെ നിർമ്മാണപ്രവർത്തനം നടക്കുന്നില്ലെന്ന് റവന്യൂ, തദ്ദേശസ്വയംഭരണം, പോലീസ്, ഫോറസ്റ്റ് എന്നീ വകുപ്പുകൾ ഉറപ്പുവരുത്തണമെന്നാണ് വിധിയിൽ നിർദ്ദേശിച്ചത്. മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിന്റെ അധികാരപരിധിയിൽ വരുന്ന ചിന്നക്കനാൽ, കണ്ണൻദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൺ വാലി എന്നീ എട്ട് വില്ലേജുകളിലാണ് മൂന്നാർ പ്രദേശം എന്ന് കണക്കാക്കി നിർമ്മാണ പ്രവർത്തനം നടത്താൻ റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. വേണമെന്ന് നിർബന്ധമാക്കിയിട്ടുള്ളത്. താമസിക്കുന്നതിനായി സ്വന്തം വീടുകൾ നിർമ്മിക്കുന്നതിന് എൻ.ഒ.സി.-ക്കുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനും അവയ്ക്ക് എൻ.ഒ.സി. നൽകാനും ദേവികുളം സബ്കളക്ടറെ ചുമതലപ്പെടുത്തിയിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ എൻ.ഒ.സി. അനുവദിച്ചുവന്നിരുന്നതുമാണ്. ഭൂമിയുടെ പട്ടയം, പട്ടയത്തിന്റെ നിജസ്ഥിതി, പ്രസ്തുത ഭൂമിയിൽ അപ്രകാരമുള്ള നിർമ്മാണം അനുവദനീയമാണോ എന്നീ സംഗതികൾ പരിശോധിച്ചാണ് അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചുവരുന്നത്. എന്നാൽ ഇത് വളരെ ദൂരെയുള്ള വില്ലേജുകളിലെ താമസക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായും ആയത് എൻ.ഒ.സി. ലഭിക്കുന്നതിന് കാലതാമസമുണ്ടാക്കുന്നതായും ഇടുക്കി ജില്ലയിൽ നിന്നുള്ള ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി. അതോടൊപ്പം വിവിധ സംഘടനകളും ഈ ആവശ്യം ഉന്നയിക്കുകയുണ്ടായി. ഇക്കാര്യം ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെയും വനം വകുപ്പുമന്ത്രിയുടെയും സംയുക്തയോഗം 24-4-2018-ൽ ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ മൂന്നാർ മേഖലയിലെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഈ എട്ട് വില്ലേജുകളിലെ സ്വന്തം ഗൃഹനിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ എൻ.ഒ.സി. അനുവദിക്കുന്നതിന്

അതത് വില്ലേജ് ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള നിർദ്ദേശമാണ് 26-5-2018-ൽ നൽകിയത്. ഈ ഉത്തരവ് ബന്ധപ്പെട്ട എല്ലാ ഓഫീസിലേയ്ക്കും കൈമാറിയിട്ടുള്ളതും ആയതനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. അവിടത്തെ കർഷകരായ ജനങ്ങളുടെ താൽപ്പര്യവും ആ പ്രദേശത്തെ ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവരുടെയും വിവിധ സംഘടനകളുടെയും ആവശ്യങ്ങളും പരിഗണിച്ച് വലിയ ആലോചനകൾക്ക് ശേഷമാണ് ഇത്തരമൊരു നിർദ്ദേശം നൽകിയത്. എന്നാൽ ബഹുമാനപ്പെട്ട എം.എൽ.എ. ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നത് വില്ലേജ് ഓഫീസർമാർക്കുകൂടി എൻ.ഒ.സി. നൽകുന്നതിന് അധികാരം നൽകിക്കൊണ്ട് പുറപ്പെടുവിച്ച 26-5-2018-ലെ ഉത്തരവ് റദ്ദാക്കണമെന്നാണ്. അങ്ങനെ റദ്ദാക്കുന്നത് കർഷകർക്ക് ഗുണകരമായിരിക്കുമോ എന്നത് സംശയമുണ്ട്. ഇടുക്കി ജില്ലയിൽ നിന്നുള്ള കർഷകരുടെയും ജനപ്രതിനിധികളുടെയും ഉൾപ്പെടെ നിരന്തരമായ ആവശ്യം പരിഗണിച്ചുകൊണ്ടാണ് റവന്യൂ അതോറിറ്റിയുടെ എൻ.ഒ.സി. ലഭിക്കണമെന്ന വ്യവസ്ഥ നിലനിൽക്കുമ്പോൾ, വില്ലേജ് ഓഫീസർ കൊടുത്താലും മതിയെന്ന രീതിയിലുള്ള നിർദ്ദേശം നൽകിയത്. വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിൽ നിരസിക്കേണ്ടവ ദേവികുളം സബ്കളക്ടറുടെ ഓഫീസിൽത്തന്നെ തീർപ്പാക്കണമെന്നും അനുവദിച്ച് ശിപാർശ ചെയ്യപ്പെടുന്നവ ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. പട്ടയവ്യവസ്ഥകളിൽ പരാമർശിച്ചിട്ടില്ലാത്തതോ വാണിജ്യാവശ്യങ്ങൾക്കോ വേണ്ടിയുള്ള നിർമ്മാണങ്ങൾക്ക് എൻ.ഒ.സി. നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല. വാണിജ്യപരമായ കെട്ടിട നിർമ്മാണങ്ങൾക്ക് എൻ.ഒ.സി. നൽകുന്നത് സംബന്ധിച്ച് നയപരമായ തീരുമാനമെടുക്കുന്ന വിഷയം റവന്യൂ വകുപ്പിലെ 17724/A2/2017 നമ്പർ ഫയലിൽ പരിശോധിച്ചുവരികയാണ്. ആയതിനാൽ ഇക്കാര്യം സംബന്ധിച്ച് വിവിധ സന്ദർഭങ്ങളിലായി ചർച്ച നടത്തിയിരുന്നു. ആദ്യഘട്ടത്തിൽ, ഇടുക്കി ജില്ലയിലെ ജനങ്ങളുടെയും കൃഷിക്കാരുടെയും ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽതന്നെ യോഗമുണ്ടായിരുന്നു. തുടർന്ന് വനം-റവന്യൂ വകുപ്പുമന്ത്രിമാർ സംയുക്തമായി പങ്കെടുത്തുകൊണ്ട് വിളിച്ചുചേർത്ത യോഗത്തിലും ചർച്ച ചെയ്യുകയുണ്ടായി. അവിടത്തെ ജനപ്രതിനിധികളെല്ലാം യോഗത്തിൽ പങ്കെടുത്തിരുന്നു. അവരുടെയെല്ലാം ആവശ്യം പരിഗണിച്ചുകൊണ്ടെടുത്ത ഈ തീരുമാനം, 26-5-2018-ന്റെ സർക്കുലർ അല്ലെങ്കിൽ നിർദ്ദേശം അവിടെയുള്ള കൃഷിക്കാർക്കും സാധാരണക്കാർക്കും ഗുണംചെയ്യുന്നതാണെന്ന ധാരണയാണ് സർക്കാരിനെ സംബന്ധിച്ചുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് അക്കാര്യങ്ങൾ ചെയ്തിട്ടുള്ളത്.

ശ്രീ. കെ. എം. മാണി: സർ, വില്ലേജ് ആഫീസർക്ക് അധികാരം നൽകിയിട്ടുള്ളത് സദുദ്ദേശത്തോടെയാണെങ്കിലും അനുവാദം കിട്ടുന്നില്ല. അനുമതിക്കുവേണ്ടിയുള്ള അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. ഇതാണ് ഇന്നത്തെ പശ്ചാത്തലം. ജില്ലാ കളക്ടർ ഇറക്കിയ ഉത്തരവിൽ, നിരോധന ഉത്തരവുകൾ പിൻവലിക്കണമെന്നും

കാർഷിക പ്രശ്നങ്ങൾ പരിഹരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഇടുക്കി ജില്ലയിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ഇന്ന് ഹർത്താൽ ആചരിക്കുകയാണ്. വിഷയത്തിന്റെ പ്രാധാന്യം ബഹുമാനപ്പെട്ട മന്ത്രിക്ക് മനസ്സിലായിക്കാണുമെന്ന് വിചാരിക്കുന്നു. ഇടുക്കി ജില്ലയിലെ മൂന്നാർ വില്ലേജിൽ റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ഇല്ലാതെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതിയില്ലാതെയും ഒരു നിർമ്മാണ പ്രവർത്തനവും നടത്തുകയില്ലെന്ന് റവന്യൂ, തദ്ദേശസ്വയംഭരണം, പോലീസ്, വനം വകുപ്പുകളുടെ മേധാവികൾ ഉറപ്പുവരുത്തണമെന്നാണ് ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഉത്തരവ്, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, 21-1-2012-ലും അതുപോലെ 2009-ലെ രണ്ട് റിട്ട് പെറ്റീഷനിലും ഉത്തരവുണ്ടായി. ഈ ഉത്തരവ് നിലനിൽക്കെ, ഇടുക്കി ജില്ലയിൽ പട്ടയം ലഭിക്കാത്ത അപേക്ഷകർക്ക് വീടുവയ്ക്കുന്നതിനുമാത്രം 6-1-2015-ലെ ഉത്തരവുപ്രകാരം കഴിഞ്ഞ യു.ഡി.എഫ് സർക്കാർ അനുവാദം നൽകുകയുണ്ടായി. എന്നാൽ എൽ.ഡി.എഫ് ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 9-6-2016-ൽ ഉത്തരവ് ഇറക്കുകയും പ്രസ്തുത ഉത്തരവിൻപ്രകാരം മൂന്നാർ പ്രദേശത്തെയും ചിന്നക്കനാൽ, കണ്ണൻദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തുവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൺവാലി വില്ലേജുകളിലെ സ്വന്തം ഗൃഹനിർമ്മാണത്തിന് എൻ.ഒ.സി. ആവശ്യമാണെന്നും അത് നൽകാനുള്ള അധികാരം ആർ.ഡി.ഒ.-യ്ക്ക് നൽകുകയുമുണ്ടായി. ഇവിടെയാണ് ബുദ്ധിമുട്ട് വന്നിരിക്കുന്നത്. മൂന്നാർ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാത്രം എൻ.ഒ.സി. ആവശ്യമാണെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ടുള്ളത്. അതു കേട്ടപ്പോൾ 'രാജാവിനെക്കാൾ വലിയ രാജഭക്തി' എന്നുള്ള നിലയിൽ, ജില്ലാ കളക്ടർ 50 കി.മീറ്റർ അകലെയുള്ള വില്ലേജുകളെപ്പോലും ഉൾപ്പെടുത്തി സർക്കുലർ പുറപ്പെടുവിച്ച നടപടി ക്ലേശകരമാണ്. 26-5-2018-ലെ ഉത്തരവിൻ പ്രകാരം വില്ലേജ് ആഫീസർക്ക് അനുമതി നൽകിയത് അതിന്റെ അടിസ്ഥാനത്തിലാണെന്ന് പറയുന്നു. പ്രസ്തുത വില്ലേജുകൾ മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ ആക്ടിന്റെ പരിധിയിൽ വരുന്നതാണ്. നിലവിലുള്ള കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനാണ് മൂന്നാറിൽ സ്പെഷ്യൽ ട്രൈബ്യൂണൽ സ്ഥാപിച്ചത്. എന്നാൽ ടി വില്ലേജുകളിലെ പട്ടയഭൂമിയുടെ ഉടമസ്ഥർ മരിക്കുമ്പോൾ അവകാശികൾ ഉണ്ടാക്കുന്ന ഭാഗപത്രം, ധനനിശ്ചയം, ദാനാധാരം എന്നിവപോലും പോക്കുവരവ് ചെയ്തുകൊടുക്കുന്നതിനുള്ള അനുമതിക്കായി റവന്യൂ വകുപ്പ് ട്രൈബ്യൂണലിലേയ്ക്കാണ് അയയ്ക്കുന്നത്. ട്രൈബ്യൂണലിൽ നിന്നും ഉത്തരവ് ലഭിക്കാനുള്ള കാലതാമസത്തിന്റെ ഫലമായി അവർക്ക് കൃത്യസമയത്ത് പോക്കുവരവ് ചെയ്ത് മ്യൂട്ടേഷൻ രജിസ്റ്റർ ചെയ്ത് പട്ടയം കിട്ടാൻ സാധിക്കുന്നില്ലെന്നുള്ളതാണ് ബുദ്ധിമുട്ട്. മാധവ് ഗാഡ്ഗിലിനെ തുടർന്നുവന്ന കസ്തൂരിരംഗൻ റിപ്പോർട്ടിലെ അപാകതകൾ യു.ഡി.എഫ്. സർക്കാർ ഡോ. ഉമ്മൻ വി. ഉമ്മൻ കമ്മീഷനെ നിയോഗിച്ച് തിരുത്തി പരിശോധനകൾ നടത്തി കുറവുകൾ

കണ്ടെത്തി പരിഹരിച്ച് പ്രസിദ്ധീകരിച്ച് റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് അയയ്ക്കുകയും ചെയ്തു. കേന്ദ്ര സർക്കാർ അതിന് തത്വത്തിൽ അനുമതി നൽകുകയുണ്ടായി. പക്ഷെ മാറ്റം വരുത്തിയ കരട് വിജ്ഞാപനത്തിന്റെ കാലാവധി 2018 ആഗസ്റ്റ് 21-ാം തീയതി അവസാനിക്കുകയാണ്. അതിനുമുമ്പ് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ട്. അതിനുവേണ്ട നടപടികൾ കൈക്കൊള്ളുന്നതിനോ, കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിനോ എൽ.ഡി.എഫ്. സർക്കാർ കാര്യമായ നടപടികൾ എടുത്തിട്ടില്ലെന്നുള്ളത് സങ്കടകരമായ ഒരു കാര്യമാണ്. വൻകിടക്കാർ അനധികൃതമായി നിർമ്മിച്ച ഇടുക്കിയിലെ കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്ത് കൊടുത്തിട്ടുണ്ട്. അതേസമയം പാവപ്പെട്ട കർഷകർക്ക് വീടുവയ്ക്കുന്നതിന് എൻ.ഒ.സി.-ക്കായി സമർപ്പിക്കുന്ന അപേക്ഷകൾ സാങ്കേതിക കാരണങ്ങളാൽ റവന്യൂ ഓഫീസുകളിൽ കെട്ടിക്കിടക്കുകയാണ്. വില്ലേജ് ആഫീസുകളിൽ അപേക്ഷകൾ കൊടുത്താലും, ഓരോ രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് ഉത്തരവിനായി വീണ്ടും മേൽഘടകത്തിലേയ്ക്ക് അയയ്ക്കുന്നു. എല്ലാ രേഖകളും ശരിയായി വരുമ്പോൾ വീണ്ടും ഒരു ഒബ്ജക്ഷൻ, ഇത് കസ്തൂരിരംഗൻ റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരിസ്ഥിതിലോല പ്രദേശമാണെന്നും അതിന്റെ അന്തിമ വിജ്ഞാപനം വന്നിട്ടില്ലാത്ത പശ്ചാത്തലത്തിൽ എൻ.ഒ.സി. നൽകാൻ കഴിയുകയില്ലെന്നുമാണ് പലപ്പോഴും ഉത്തരവ് ലഭിക്കുന്നത്. മലയോര കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് സ്വന്തം സ്ഥലത്ത് വീടുവയ്ക്കുന്നതിനുള്ള അവകാശംപോലും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ രംഗത്തുനിലനിൽക്കുന്ന ആവശ്യമില്ലാത്ത നിയന്ത്രണങ്ങൾ എടുത്തുകളയണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

കാർഷികമേഖല ആകെ തകർച്ചയിലാണ്. കാർഷിക ഉല്പന്നങ്ങൾക്കൊന്നും വിലയില്ല. ഒരു കിലോഗ്രാം റബ്ബർ ഉല്പാദിപ്പിക്കാൻ 172 രൂപയാണ് ചെലവ് വരുന്നത്. എന്നാൽ ഒരു കിലോഗ്രാമിന് 120 രൂപയാണ് ലഭിക്കുന്നത്. ഈ രീതി തുടർന്നാൽ റബ്ബർകൃഷി ഉപേക്ഷിച്ചുപോകേണ്ട ഗതികേടുണ്ടാകും. ഉല്പാദനച്ചെലവിന്റെ 180 ശതമാനമെങ്കിലും കർഷകർക്ക് വരുമാനം ലഭിക്കുമെന്ന് ഉറപ്പുവരുത്തുമെന്നാണ് ഈ വർഷത്തെ ബജറ്റിൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. അങ്ങനെയാണെങ്കിൽ റബ്ബറിന് ന്യായവിലയായി ഒരുകിലോ ഗ്രാമിന് 258 രൂപ കിട്ടണം. എന്നാൽ 120 രൂപ മാത്രമാണ് ഇപ്പോഴും കിട്ടുന്നത്. കർഷകർക്ക് അവരുടെ ഭൂമിയിൽ ലാഭകരമായ ഏത് കൃഷിയും ചെയ്യാൻ അവകാശമുണ്ട്. ഇന്ന കൃഷി ചെയ്യരുതെന്ന് പറയാൻ പാടില്ല. അത് തെറ്റാണ്. ലാഭകരമായ ഏത് കൃഷിയും ചെയ്യാനുള്ള അധികാരവും അവകാശവും കർഷകന് അനുവദിച്ചുകൊടുക്കണം. The Kerala Land Assignment Rules, 1964-ൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പട്ടയഭൂമി കാർഷികേതര ആവശ്യങ്ങൾക്കുകൂടി ഉപയോഗിക്കാനുള്ള അനുമതി നല്കണം.

അതിലെന്താണ് ബുദ്ധിമുട്ട്. കർഷകന് ലാഭകരമായ ഏത് കാര്യങ്ങൾക്കും കാർഷിക ഭൂമി വിനിയോഗിക്കാനുള്ള സ്വാതന്ത്ര്യത്തെ തടയാൻ പാടില്ല. അത് ഉറപ്പുവരുത്തു ന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: സഭ ചർച്ച ചെയ്യണമെന്ന് അങ്ങ് ആവശ്യപ്പെടുന്നുണ്ടോ?

ശ്രീ. കെ. എം. മാണി : സർ, സഭ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധമുണ്ട്. ചർച്ച ചെയ്യണമെന്ന് ഞാൻ പറയാതെ തന്നെ ഗവൺമെന്റ് ഈ വിഷയം പറയേണ്ടതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ശ്രീ. കെ. എം. മാണി സാറിന് ഉണ്ടായ കൺഫ്യൂഷൻ അദ്ദേഹം സ്വയം തിരുത്തി.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, മൂന്നാർ എം.എൽ.എ.-യ്ക്ക് ഒരു വാചകം പറയാനുണ്ട്.

ശ്രീ. എസ്. രാജേന്ദ്രൻ : സർ ........(ബഹളം)........

മി. സ്പീക്കർ: ശ്രീ. റോഷി അഗസ്റ്റിൻ അങ്ങേയ്ക്കും അവസരം നൽകാം. ഇരിക്കു.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും റവന്യൂ വകുപ്പുമന്ത്രിയുടെയും വനം വകുപ്പുമന്ത്രിയുടെയുമൊക്കെ അദ്ധ്യക്ഷതയിൽ മൂന്നാർ പ്രദേശത്തിനും ഇടുക്കി ജില്ലയ്ക്കും അനുകൂലമായ തീരുമാനങ്ങളെടുത്തിട്ടുണ്ട്. അതിന് ഗവൺമെന്റിന് പ്രത്യേകമായി നന്ദി പറയുകയാണ്. ശ്രീ. കെ. എം. മാണി സാർ അതിനെ അനുകൂലിച്ചാണ് സംസാരിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എനിക്ക് അങ്ങനെയാണ് ധാരണയുണ്ടായത്. ഈവൻറ് മാനേജ്മെന്റിൽ ഐ.എ.എസ്. ലഭിച്ച ചില ഉദ്യോഗസ്ഥർ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ ഇപ്പോഴും നിലവിലുണ്ട്. അതിന്റെ ഭാഗമായാണ് കഴിഞ്ഞ യു.ഡി.എഫ്.......(ബഹളം)............. ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരമല്ലാതെ, സർക്കാരിന്റെ അഭിപ്രായം ആരായാതെ ഉദ്യോഗസ്ഥർ തനതായി ഇറക്കിയ ഉത്തരവുകൾ പിൻവലിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെ ട്ടിട്ടുണ്ട്. അതുതന്നെയാണ് ശ്രീ. കെ. എം. മാണി സാറും പറഞ്ഞതെന്നാണ് കണക്കാക്കുന്നത്. തീർച്ചയായും സർക്കാർ അത്തരത്തിൽ അനുകൂലമായ നിലപാടുതന്നെ സ്വീകരിക്കണമെന്നാണ് എന്റെയും അഭ്യർത്ഥന.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഏറ്റവും അടിയന്തര പ്രധാന്യമുള്ള ഒരു വിഷയമാണ് ഇവിടെ ഉന്നയിക്കപ്പെട്ടത്. ശ്രീ. എസ്. രാജേന്ദ്രൻ തന്നെ അതിന്റെ വികാരം ഉൾക്കൊണ്ടു. ശ്രീ. കെ. എം. മാണി സർ കൊണ്ടുവന്ന അടിയന്തര

പ്രമേയത്തിന്റെ മുഖ്യഭാഗം 9-6-2016-ൽ കളക്ടർ ഇറക്കിയ ഉത്തരവ് റദ്ദ് ചെയ്യണമെന്നാണ്. അതിന്റെ അടിയന്തര പ്രാധാന്യം ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ പറഞ്ഞു. 2010-ലെ ഹൈക്കോടതിയുടെ ഒരുത്തരവിന്റെ അടിസ്ഥാനത്തിലാണ് എൻ.ഒ.സി.-യുമായി ബന്ധപ്പെട്ട വിഷയം ഉദിക്കുന്നത്.

മി. സ്പീക്കർ: അങ്ങയുടെ മണ്ഡലവുമായി ബന്ധപ്പെട്ട എന്തെങ്കിലും കാര്യം പ്രത്യേകിച്ച് പറയാനുണ്ടെങ്കിൽ പറഞ്ഞാൽ മതി. ശ്രീ. കെ. എം. മാണി സാർ ഈ വിഷയം സഭയിൽ കൊണ്ടുവന്നിട്ടുണ്ട്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇത് എന്റെ മേഖലയെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. 2010-ലെ കോടതിവിധി നിലനിൽക്കുന്ന സാഹചര്യത്തിൽ, 2011-2016 കാലഘട്ടത്തിലെ ഗവൺമെന്റ് എടുത്ത നിലപാട് മനസ്സിലാക്കണം. അപ്പോൾ അവിടത്തെ ജനങ്ങൾക്ക് ഒരു വിഷയവുമുണ്ടായില്ല.

മി. സ്പീക്കർ: ശ്രീ. റോഷി അഗസ്റ്റിൻ, മണ്ഡലത്തിലെ സ്പെസിഫിക് ഇഷ്യൂ എന്തെങ്കിലുമുണ്ടെങ്കിൽ പറയൂ. ബാക്കിയെല്ലാം ഇവിടെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ശ്രീ. എസ്. രാജേന്ദ്രൻ പറഞ്ഞ വാചകം ഞാൻ ഉപയോഗിക്കുകയാണ്; ഉദ്യോഗസ്ഥതലത്തിലുള്ള തീരുമാനമാണ് ജില്ലാ കളക്ടറുടെ സർക്കുലറെങ്കിൽ അത് പിൻവലിക്കാനുള്ള ഇച്ഛാശക്തി ഗവൺമെന്റിനുണ്ടാകണം. അതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. ആ ഉത്തരവ് ക്യാൻസൽ ചെയ്യണം.

മി. സ്പീക്കർ: ശ്രീ. റോഷി അഗസ്റ്റിൻ, അങ്ങിരിക്കൂ. ഇത് ശരിയല്ല. ഇങ്ങനെയൊരു കീഴ്‌വഴക്കമില്ല. മണ്ഡലത്തിലെ കാര്യം മാത്രം എന്തെങ്കിലും പ്രത്യേകിച്ച് പറയാനുണ്ടെങ്കിൽ പറയാനാണ് അവസരം നൽകിയത്. ഇരിക്കൂ......പ്ലീസ്, പ്ലീസ്......

ശ്രീ. റോഷി അഗസ്റ്റിൻ: സർ, മൂന്നാർ ട്രൈബ്യൂണലുമായി ബന്ധപ്പെട്ട് മൂന്നാറിൽനിന്ന് 50-60 കിലോമീറ്റർ അകലെയുള്ള ശ്രീമതി ഇ. എസ്. ബിജിമോളുടെ മണ്ഡലത്തിലുള്ള ആനവിലാസം വില്ലേജിനെപ്പോലും ഇതിന്റെ പട്ടികയിൽപ്പെടുത്തി, അവിടെ എൻ.ഒ.സി. കൊടുക്കുന്നതിന് തടസ്സം നേരിടുന്ന സ്ഥിതിവിശേഷം നിലനിൽക്കുമ്പോൾ, 9-6-2016-ലെ ഉത്തരവ് ക്യാൻസൽ ചെയ്യാൻ ഗവൺമെന്റ് തയ്യാറാകണം. ഇതിൽ പ്രതിഷേധിച്ച് ഇന്ന് ഇടുക്കിയിൽ ഹർത്താൽ നടത്തുകയാണ്. എല്ലാ ജനവിഭാഗങ്ങളും ഹർത്താലിനെ പിന്തുണയ്ക്കുന്നു. അതീവ ഗൗരവമേറിയ വിഷയമാണ്. അത് ഗവൺമെന്റ് ഗൗരവമായി കാണണം.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഇതിൽ വരാതെ പോയ രണ്ട് പ്രശ്നങ്ങളുണ്ട്. രാജമാണിക്യം റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് പീരുമേട്ടിൽ പ്രധാനമായും ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഇടുക്കിയിലെ മൂന്നാർ, അടിമാലി, പീരുമേട് അടക്കമുള്ള സ്ഥലങ്ങളിലാണ് ഇന്ന് ഹർത്താൽ നടക്കുന്നത്. ഈ ഗവൺമെന്റിന്റെ കാലത്ത് നിരവധി വിഷയങ്ങൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പരിഹരിക്കപ്പെടാതെ പോയ വിഷയങ്ങളിലൊന്നാണ് രാജമാണിക്യം റിപ്പോർട്ട് വരുന്നതിനുമുമ്പ്, കെ.എൽ.ആർ. ആക്ട് വരുന്നതിനുമുമ്പ്, മുറിച്ചുവിറ്റിട്ടുള്ള തോട്ടങ്ങൾ പോക്കുവരവ് ചെയ്യുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അനുകൂലമായ ഉത്തരവുണ്ടാകുമെന്നും ലാൻഡ് റവന്യൂ കമ്മീഷണറെ അതിനായി ചുമതലപ്പെടുത്തിക്കൊണ്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനമെടുത്തത്. എന്നാൽ അക്കാര്യത്തിൽ ഇതുവരെ ഉത്തരവിറങ്ങിയിട്ടില്ല എന്നുള്ളതാണ് പ്രശ്നം. മറ്റൊന്ന്, ട്രൈബ്യൂണലുമായി ബന്ധപ്പെട്ടതാണ്. ആനവിലാസം വില്ലേജിനെ ഇതിൽനിന്നും ഒഴിവാക്കുമെന്നത് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ എടുത്ത തീരുമാനമാണ്. അതിനായി ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയെങ്കിലും ആനവിലാസം വില്ലേജ് ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് ഉത്തരവിറങ്ങിയില്ല. മറ്റൊരു തീരുമാനം, അടിമാലിയുമായി ബന്ധപ്പെട്ടതാണ്. 1947-ൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനുമുമ്പ് ഫുഡ് ഫോർ വർക്കിന് കൊടുത്ത ഭൂമിപോലും രേഖകളിൽ വനമാണെന്ന് പറഞ്ഞ് അവർക്ക് പട്ടയം കൊടുക്കാതിരിക്കുന്ന സാഹചര്യമുണ്ട്. ഈ വിഷയങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് അവിടെ ഹർത്താൽ നടക്കുന്നത്. ഗവൺമെന്റ് ആ വിഷയങ്ങൾ പലവട്ടം ചർച്ച ചെയ്തിട്ടുള്ളതാണ്. അനുകൂലമായ തീരുമാനമുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയിട്ടുള്ള അടിയന്തരപ്രമേയ നോട്ടീസിൽ പ്രധാനമായും ചൂണ്ടിക്കാണിച്ചിരിക്കുന്നത്, 26-5-2018-ലെ ഉത്തരവ് റദ്ദ് ചെയ്യണമെന്നാണ്. 2-6-2016-ലെ ഉത്തരവ് 2010-ലെ കോടതിവിധിയുടെ അടിസ്ഥാനത്തിൽ കളക്ടർ ഇറക്കിയതാണ്. അതെങ്ങനെയാണ് റദ്ദ് ചെയ്യണമെന്ന് പറയുന്നത്; കോടതിവിധിയുടെ അടിസ്ഥാനത്തിലുണ്ടായ ഉത്തരവാണ്. അതുകൊണ്ട് ഇതിന്റെ ഭാഗമായി പുതിയ അഭിപ്രായങ്ങൾ വരുന്നതിൽ ഒരടിസ്ഥാനവുമില്ല. അത് അടിയന്തരപ്രമേയത്തിൽ ഉന്നയിച്ച വിഷയവുമല്ല. പ്രധാനമായും ചൂണ്ടിക്കാണിച്ചിരിക്കുന്നത് 26-5-2018-ലെ ഉത്തരവ് റദ്ദ് ചെയ്യണമെന്നാണ്. അങ്ങനെ ചെയ്യുന്നത് അവിടത്തെ കൃഷിക്കാർക്കും സാധാരണക്കാരായ ആളുകൾക്കും ഗുണകരമായിരിക്കില്ലെന്നാണ് ഞാൻ കരുതുന്നത്. ഇപ്പോൾ ഇവിടെ സംസാരിച്ച ഇടുക്കി ജില്ലയിൽ നിന്നുള്ള എല്ലാ ജനപ്രതിനിധികളും പങ്കെടുത്ത് ചർച്ച ചെയ്ത യോഗത്തിലുണ്ടായ ഒരു പൊതുവായ ധാരണയുടെ

അടിസ്ഥാനത്തിലാണ് ഈ ഉത്തരവ് ഇറക്കിയിട്ടുള്ളത്. അതുകൊണ്ട് അക്കാര്യത്തിൽ വേണമെങ്കിൽ ഒരു പരിശോധന നടത്താമെന്നല്ലാതെ മറ്റ് കാര്യങ്ങളൊന്നും അതുമായി ബന്ധപ്പെട്ട് പറയാനില്ല.

വൻകിട കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്തുകൊടുക്കുന്നു എന്ന് ബഹുമാനപ്പെട്ട കെ. എം. മാണി സാർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത്തരമൊരു തീരുമാനവും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. വലിയ തോതിലുള്ള കയ്യേറ്റക്കാരായ ആളുകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കലാണ് ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളത്. നിയമാനുസൃതമല്ലാതെ വൻകിട കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനെയും എൻ.ഒ.സി. ലഭിക്കാതെ നിർമ്മിക്കുന്നതിനെയുമെല്ലാം തടഞ്ഞു വച്ചിരിക്കുന്ന സാഹചര്യമാണ് അവിടെയുള്ളത്. അത്തരമൊരു സാഹചര്യത്തിൽ അങ്ങനെയൊരു കാര്യം ചൂണ്ടിക്കാണിക്കുന്നതിൽ അർത്ഥമില്ല. ആനവിലാസം വില്ലേജ് ഒഴിവാക്കുന്നതിന് മൂന്നാർ ട്രൈബ്യൂണൽ ആക്ടിൽ ഭേദഗതി വരുത്തണം. ആഭ്യന്തര വകുപ്പിന്റെ പരിഗണനയിലുള്ള ഒരു വിഷയമാണ്. നേരത്തെ കൂടിയാലോചനയിലും ചർച്ചയിലും തീരുമാനിച്ചതാണെങ്കിലും അതിൽ ചില മാറ്റങ്ങൾ വരുത്തിയാൽ മാത്രം ചെയ്യാൻ കഴിയുന്ന കാര്യമാണ്. അതുപോലെ ബഹുമാനപ്പെട്ട കെ. എം. മാണി സാർ ഇവിടെ ചൂണ്ടിക്കാണിച്ച ഒരു കാര്യം, 50 കിലോമീറ്റർ അകലെയുള്ളവർക്ക് മൂന്നാറിന്റെ വിഷയം ബാധകമാണോ എന്നുള്ളതാണ്. 50 കിലോമീറ്റർ അകലെയാണെങ്കിലും മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിന്റെ പരിധിയിൽപ്പെട്ട 8 ഗ്രാമങ്ങൾക്കും ബാധകമായിട്ടാണ് കോടതിവിധിയുള്ളത്. 50 കിലോമീറ്ററുണ്ടോ എന്നുള്ളതല്ല വിഷയം, ആ വില്ലേജുകൾ അതിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നുള്ളത് മാത്രമാണ്. ബഹുമാന്യരായ ഇ. എസ്. ബിജിമോൾ, എസ്. രാജേന്ദ്രൻ ഉൾപ്പെടെയുള്ള എം.എൽ.എ.-മാർ ഇവിടെ ചൂണ്ടിക്കാണിച്ച ചില വിഷയങ്ങളുണ്ട്. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലടക്കം ചർച്ച ചെയ്ത് എടുക്കേണ്ട തീരുമാനങ്ങളിൽ, ഉത്തരവിറങ്ങാത്ത കാര്യങ്ങളുണ്ടെങ്കിൽ അത് എന്താണെന്ന് വിശദമായി പരിശോധിച്ച് അതിൽ തീരുമാനമെടുക്കാവുന്നതാണ്. നിയമപരമായ ചില പ്രശ്നങ്ങൾ കൂടിയുള്ള ഫയലുകളായതുകൊണ്ട് നിയമപരമായി അതിന്റെ അഭിപ്രായം ആരാഞ്ഞതുകൊണ്ടുള്ള കാലതാമസം അതിലുണ്ടാകുന്നുവെന്ന് മാത്രമാണ് പറയാനുള്ളത്. മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ ഹോം ഡിപ്പാർട്ട്മെന്റിൽ നിന്നാണ് അതിപ്പോഴും പ്രവർത്തിക്കുന്നത്. കസ്തൂരിരംഗൻ റിപ്പോർട്ടിന്മേൽ സംസ്ഥാന സർക്കാരിനോട് കേന്ദ്രസർക്കാർ ചില ക്ലാരിഫിക്കേഷനുകൾ ചോദിച്ചിരുന്നു. ബഹുമാനപ്പെട്ട കെ. എം. മാണി സാർ ഇവിടെ ചൂണ്ടിക്കാണിച്ചത് ഒരു തരത്തിലുള്ള അഭിപ്രായവും ഈ ഗവൺമെന്റ് പറഞ്ഞില്ലെന്നാണ്. എന്നാൽ ആയത് മന്ത്രിസഭായോഗം പരിഗണിക്കുകയും അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ജനവാസ കേന്ദ്രങ്ങളും പ്ലാന്റേഷനും പൂർണ്ണമായും ഒഴിവാക്കണമെന്നാണ് നമ്മൾ

ആവശ്യപ്പെട്ടിരിക്കുന്നത്. അത് ആവശ്യപ്പെടാത്ത കാര്യമല്ല, കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലുള്ള കാര്യമാണ്. സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ജനങ്ങൾക്ക് ഉപകാരപ്രദമായ കാര്യങ്ങളാണ് ഈ കാലയളവിൽ ചെയ്തിട്ടുള്ളത് എന്നത് പ്രത്യേകമായി ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് അവിടെ നിലനിൽക്കുന്ന പ്രശ്നം പരിഹരിക്കുന്നതിന് പ്രത്യേകമായ ശ്രദ്ധ നൽകുകയാണ് ചെയ്തിട്ടുള്ളത്. അവിടത്തെ ജനപ്രതിനിധികളായ മുഴുവൻ എം.എൽ.എ.-മാരും കക്ഷിരാഷ്ട്രീയത്തിനതീതമായി ഇരു വിഭാഗത്തിലുള്ളവരും തീർച്ചയായും അത് അംഗീകരിക്കുമെന്നാണ് തോന്നുന്നത്. പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ റവന്യൂ, വനം, വൈദ്യുതി വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ നാല് യോഗങ്ങളെങ്കിലും (27-3-2017, 21-4-2017, 7-5-2017, 23-11-2017) കൂടുകയുണ്ടായി. അവിടെ നിലനിൽക്കുന്ന പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്യുകയും അതിനെല്ലാം പരിഹാരം കാണുന്നതിനുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്തു. ഇതുകൂടാതെ റവന്യൂ, വനം വകുപ്പുമന്ത്രിമാർ ചേർന്ന് കർഷകരെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി പ്രത്യേക യോഗങ്ങളും സംഘടിപ്പിക്കുകയുണ്ടായി. മീറ്റിംഗിലുണ്ടായ തീരുമാനങ്ങളുടെയുംകൂടി അടിസ്ഥാനത്തിൽ കർഷകർക്ക് ജനോപകാരപ്രദമായ ധാരാളം കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇടുക്കിയിൽ 1-1-1977-ന് മുമ്പ് വനഭൂമി കൈവശംവച്ച് വന്നിരുന്ന 14386 പേർക്ക് പട്ടയം നൽകിയത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ്. കേന്ദ്ര ഗവൺമെന്റിന്റെയും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും അനുമതി ലഭിച്ച വനഭൂമിയിൽ അവശേഷിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് പ്രത്യേക സംവിധാനം തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. 1964-ലെ ഭൂമിപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി പട്ടയം ലഭിക്കുന്നതിനുണ്ടായിരുന്ന വരുമാനപരിധി ഒഴിവാക്കിയത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ്. കൈവശത്തിലില്ലാത്ത ഭൂമി പതിച്ചുകിട്ടുന്ന സ്ഥിതിയിൽ കൈമാറ്റത്തിനുള്ള കാലപരിധി 25 വർഷത്തിൽനിന്നും 12 വർഷമാക്കി കുറവുചെയ്തു. കൈവശഭൂമിയും കൈവശമില്ലാത്ത ഭൂമിയും പതിച്ചുനൽകുന്നതിന് പ്രത്യേക ഫോറങ്ങളാക്കി, കൈവശഭൂമി പതിച്ചുകിട്ടുന്ന സംഗതിയിൽ എപ്പോൾ വേണമെങ്കിലും കൈമാറ്റം ചെയ്യാവുന്നതാണെന്ന തീരുമാനവും എടുക്കുകയുണ്ടായി. കൈവശമുണ്ടായിരുന്ന ഭൂമി പതിച്ചുകിട്ടിയാലും കൈവശമില്ലാത്ത ഭൂമി പതിച്ചു കിട്ടിയാലും പതിച്ചുകിട്ടുന്ന ഭൂമിയുടെ പട്ടയം ഏത് തരത്തിലുള്ള ബാങ്കുകളിലും ഈടുവച്ച് ലോണെടുക്കുന്നതിനുള്ള നടപടിയും ഈ ഗവൺമെന്റ് വന്നതിനുശേഷം സ്വീകരിക്കുകയുണ്ടായി. 1964-ലെ ചട്ടങ്ങൾപ്രകാരം നൽകിയ പട്ടയഭൂമിയിൽ കൃഷിക്കാർ വച്ചുപിടിപ്പിക്കുന്ന ചന്ദനമൊഴികെയുള്ള മരങ്ങൾ അതിൽ അവകാശപ്പെട്ട കൃഷിക്കാർക്കുതന്നെ ലഭിക്കുന്ന തരത്തിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയതും

ഇതിനുശേഷമാണ്. 1964-ലെ ചട്ടങ്ങൾ പ്രകാരം ലഭിച്ച ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ ഉൾപ്പെടെയുള്ള ചില പ്രദേശങ്ങൾകൂടി വനം വകുപ്പിന്റെ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിരിക്കുന്നു എന്ന കാരണം പറഞ്ഞ് അപ്രകാരമുള്ള ഭൂമിയിൽ കൃഷിക്കാർ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ മുറിക്കുന്നതിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്കാര്യങ്ങൾ പരിശോധിക്കുന്നതിന് വനം വകുപ്പിനെ പ്രത്യേകമായി അറിയിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ 1964-ലെ ചട്ടങ്ങൾ പ്രകാരം പട്ടയം ലഭിച്ച പ്രദേശം വനം വകുപ്പിന്റെ നോട്ടിഫിക്കേഷനിൽനിന്ന് ഒഴിവാക്കുന്നതിന് വനം വകുപ്പുമായി മീറ്റിംഗ് കൂടി അതിനുള്ള നടപടികളും ഇക്കാലയളവിൽ എടുക്കുകയുണ്ടായി. ഇടുക്കി ജില്ലയിലെ സാധാരണക്കാരായ ജനങ്ങളെയും കൃഷിക്കാരെയും സഹായിക്കുന്നതിനുള്ള ഒട്ടേറെ നടപടികൾ സ്വീകരിച്ചത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ്. ഒരു കാരണവശാലും ആ പ്രദേശത്തെ സാധാരണക്കാരായ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഒരു സമീപനവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. ഇടുക്കി പദ്ധതി പ്രദേശത്തെ പത്തുചങ്ങലയിൽ നിന്ന് മൂന്നുചങ്ങല ഒഴിച്ചുള്ള മറ്റ് പ്രദേശങ്ങളിൽ പട്ടയം കൊടുക്കാനുള്ള തീരുമാനം എടുത്തത് ഈ ഗവൺമെന്റ് വന്നതിന് ശേഷമാണ്. ആ മൂന്നുചങ്ങലയിലുൾപ്പെടെ അധിവസിക്കുന്ന ആളുകൾക്ക് പട്ടയം കിട്ടണമെന്ന ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി വകുപ്പിന്റെ അനുമതി ആവശ്യമുണ്ടെങ്കിൽ അതുകൂടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന് തീരുമാനിച്ചിരിക്കുകയാണ്. മൂന്ന് ചങ്ങലയ്ക്ക് അകത്തുള്ള താമസക്കാർക്ക് പട്ടയം നൽകുന്നതിന് വൈദ്യുതി ബോർഡിന്റെ അനുമതി ആവശ്യമാണെന്നത് വൈദ്യുതി ബോർഡിനെ അറിയിച്ചിരിക്കുന്നു. അത് ലഭിക്കുന്ന മുറയ്ക്ക് അതിനും പട്ടയം നൽകുന്നതാണ്. സർവ്വേ നമ്പരുകളിൽ തെറ്റ് തിരുത്തുന്നതിന് നിയമാനുസൃത അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവും പുറപ്പെടുവിച്ചു. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ രേഖയിലുള്ള, സർവ്വേ നമ്പരിലുള്ള പിശകുകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് പരാതി ഉയർന്നുവന്നപ്പോൾ അത് തിരുത്താനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പെരിഞ്ചാംകുട്ടിയിലെ ആദിവാസികളുടെ ദീർഘകാലമായ ഭൂപ്രശ്നത്തിന് പരിഹാരം കണ്ടു. കുടിയിറക്കപ്പെട്ട 158 കുടുംബങ്ങൾക്ക് പട്ടയം നൽകാനുള്ള തീരുമാനമെടുത്തു. വൻകിട കയ്യേറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കാനും ഈ സന്ദർഭത്തിൽ ഗവൺമെന്റ് മടിച്ചിട്ടില്ല. മൂന്നാറിന് പ്രത്യേക പരിഗണന നൽകി പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്താൻ ക്രിയാത്മക ഇടപെടൽ നടത്തി. അനധികൃത നിർമ്മാണങ്ങൾക്ക് കടിഞ്ഞാണിട്ടു. വലിയരീതിയിൽ ചർച്ച ചെയ്യപ്പെട്ട നീലക്കുറിഞ്ഞി മലകൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ തീരുമാനമെടുത്ത് മുന്നോട്ടുപോകുകയും ചെയ്തിട്ടുണ്ട്. ഒരു കാരണവശാലും ഇടുക്കി ജില്ലയിലെ ഏതെങ്കിലും പ്രദേശത്തെ ജനങ്ങളെ,

സാധാരണക്കാരെ, കൃഷിക്കാരെ ബുദ്ധിമുട്ടിക്കുന്ന നടപടിയുമായിട്ടല്ല 26-5-2016-ലെ ഉത്തരവ് ഇറങ്ങിയിട്ടുള്ളത്. ആ ഉത്തരവുകൊണ്ട് ഗുണമുണ്ടെന്നാണ് പ്രതീക്ഷിക്കുന്നത്. ആ സാഹചര്യത്തിൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

10.00 AM]

ശ്രീ. കെ. എം. മാണി: സർ, 9-6-2017-ൽ ജില്ലാ കളക്ടർ ഇറക്കിയ സർക്കുലറാണ് റദ്ദാക്കണമെന്ന് പറഞ്ഞത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ബഹുമാന്യനായ കെ. എം. മാണി സംസാരിക്കുമ്പോൾ പരിസ്ഥിതിലോല മേഖലയുടെ പ്രശ്നം എടുത്തു പറയുകയുണ്ടായി. പരിസ്ഥിതിലോല മേഖലകളിലെ നിർമ്മിതികളെക്കുറിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രാലയമാണ് ദുർബല മേഖല നിർണ്ണയിക്കുന്ന കരട് വിജ്ഞാപനം പുറപ്പെടുവിച്ചത്. അത് സർക്കാരിന്റെ അഭിപ്രായത്തിന് അയച്ചുകിട്ടിയിരുന്നു. അതിൽ 123 വില്ലേജുകളിലായി 9993.7 ചതുരശ്ര കിലോമീറ്റർ പരിസ്ഥിതിലോല പ്രദേശവും 886.7 സ്ക്വയർ കിലോമീറ്റർ വനേതര പ്രദേശവുമാണ്. ഇ.എസ്.ഐ. മേഖല വേർതിരിക്കുന്നതിന് വില്ലേജ് ഒരു യൂണിറ്റായി കാണുന്നത് നഗരങ്ങളും ഗ്രാമങ്ങളും ഇടകലർന്നുള്ള നമ്മുടെ സംസ്ഥാനത്ത് പല തരത്തിലുള്ള പ്രയാസങ്ങളുമുണ്ടാക്കും. അതിന്റെ അടിസ്ഥാനത്തിൽ വില്ലേജുകളെ ഇ.എസ്.ഐ. ആയി പ്രഖ്യാപിക്കുന്നതിന് പകരം കടസ്ട്രൽ മാപ്പിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതിനാണ് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൺവയോൺമെന്റ് സെന്റർ പഠനം നടത്തണമെന്ന് ഗവൺമെന്റ് നിശ്ചയിച്ചത്. അതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൺവയോൺമെന്റ് സെന്റർ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിലോല മേഖല വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിട്ടുണ്ട്. ആ രേഖ 13-6-2018-ലെ മന്ത്രിസഭായോഗം അംഗീകരിച്ച് കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്തിട്ടുണ്ട്. ഇത് പൂർണ്ണമായും വസ്തുതകളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. അതുകൊണ്ടുതന്നെ ഈ സർക്കാർ ശിപാർശ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുമെന്നാണ് പ്രതീക്ഷിക്കാവുന്നത്. കാരണം വസ്തുതയാണ് അതിനകത്ത് നാം എടുത്ത് ചൂണ്ടി ക്കാണിച്ചിട്ടുള്ളത്. സാധാരണക്കാരുടെ കൈവശത്തിലുള്ള ഭൂമിയുടെ ജീവനോപാ ധിക്കായുള്ള ഉപയോഗം സംബന്ധിച്ച് നിലവിലുള്ള ഭൂപതിവ് ചട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി പട്ടയങ്ങൾ നൽകുക എന്നത് തന്നെയാണ് ഇനിയും സ്വീകരിക്കാൻ പോകുന്ന നടപടി. അത് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. ഇക്കാര്യത്തിൽ നിശ്ചിത അളവ് വരെയുള്ള കൃഷി ആവശ്യങ്ങൾക്കായുള്ള ഉപയോഗവും ജീവനോപാധിക്കായുള്ള നിർമ്മിതികളും

വേർതിരിച്ച് പട്ടയം നൽകേണ്ടവ കണ്ടെത്തി നൽകുന്നതിനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. ഇതിനുപുറമെ മൂന്നാറിന് മാത്രമായി പ്രത്യേക നിയമനിർമ്മാണവും ആവശ്യമായി വന്നേക്കാം. ഇതിന് എല്ലാവരുടെയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സഹായവും ആവശ്യമായി വരും. അത് പെട്ടെന്ന് ചെയ്യാൻ കഴിയുന്ന കാര്യമല്ല. ഇവിടെ ബഹുമാന്യനായ കെ. എം. മാണി ഉന്നയിച്ച കാര്യം, റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ഇല്ലാതെയും പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയും യാതൊരു നിർമ്മാണപ്രവർത്തനവും മൂന്നാർ മേഖലയിൽ നടത്തുന്നില്ലായെന്ന് ഉറപ്പാക്കാൻ ഹൈക്കോടതിയാണ് നേരത്തെ ഉത്തരവ് പുറപ്പെടുവിച്ചത്. എന്നാൽ സ്വന്തം ഗൃഹനിർമ്മാണത്തിന് എൻ.ഒ.സി. നൽകുന്നതിനുള്ള അധികാരം ആർ.ഡി.ഒ.-യ്ക്ക് നൽകിയിരുന്നു. ഈ തീരുമാനം വളരെ ദൂരെയുള്ള വില്ലേജുകളിലെ ജനങ്ങൾക്കുണ്ടാക്കുന്ന പ്രശ്നങ്ങൾ പരിഗണിച്ചാണ് എൻ.ഒ.സി. നൽകുന്നതിനുള്ള അധികാരം വില്ലേജ് ഓഫീസർമാർക്ക് നൽകിക്കൊണ്ട് 26-5-2018-ന് സർക്കാർ ഉത്തരവായത്. ആ ഉത്തരവിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞുകൊണ്ടിരിക്കുന്നത്. ആ ഉത്തരവിന്റെ ഭാഗമായി, സബ് കളക്ടർ നിർമ്മിതികൾക്കുള്ള അനുമതി നൽകുന്നതിന് ചില വിലക്കുകൾ വരുംവിധമുള്ള കത്ത് സഹിതമാണ് വില്ലേജ് ഓഫീസർമാർക്ക് സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉത്തരവിന്റെ കുഴപ്പമല്ല, പ്രസ്തുത ഉത്തരവ് താഴോട്ട് അയച്ചപ്പോഴുണ്ടായ പ്രശ്നമാണ്. അത് സർക്കാരിന്റെ ഉദ്ദേശ്യശുദ്ധിക്ക് അനുസൃതമായിട്ടുള്ളതല്ല. ജനങ്ങൾക്ക് പ്രയാസം അനുഭവപ്പെടാതെ സർക്കാർ ഉത്തരവനുസരിച്ച് തന്നെ മൂന്നാർ മേഖലയിൽ നിർമ്മാണ പ്രവർത്തനത്തിന് എൻ.ഒ.സി. നൽകണമെന്ന് കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മൂന്നാറിൽ നിർമ്മാണ പ്രവർത്തനങ്ങളുടക്കമുള്ള കാര്യങ്ങൾക്ക് പ്രത്യേക നിയമനിർമ്മാണം നടത്തുന്ന കാര്യം സജീവ പരിഗണനയിലുമാണ്.

വേറൊരു കാര്യം ഇതിനോടൊപ്പം പറയാനുള്ളത്, നമ്മളെല്ലാവരുംകൂടി തീരുമാനിച്ചതാണ് ഹർത്താൽ നടത്തുമ്പോൾ ടൂറിസ്റ്റുകളെ ഒഴിവാക്കണമെന്നുള്ളത്. ഇന്ന് പ്രഖ്യാപിച്ച ഹർത്താലിൽ ആ ഭാഗം കണ്ടില്ല, ബാക്കി എല്ലാവരെയും പതിവു പോലെ ഒഴിവാക്കിയിട്ടുണ്ട്. ഇക്കാര്യം പ്രതിപക്ഷനേതാവ് ശ്രദ്ധിക്കേണ്ടതാണ്. ചില ഘട്ടങ്ങളിൽ ഇനിയും ഹർത്താലിന് ആഹ്വാനം ചെയ്യുമ്പോൾ അതിൽ പ്രത്യേകമായി ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുന്ന നിലയുണ്ടാകണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും റവന്യൂ വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്ന് ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്ക് ഒഴികെയുള്ള പ്രദേശങ്ങളിൽ യു.ഡി.എഫ്. ഹർത്താൽ നടക്കുകയാണ്. ചിന്നക്കനാൽ, കണ്ണൻദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, ആനവിരട്ടി, പള്ളിവാസൽ, ബൈസൺവാലി എന്നീ വില്ലേജുകളിലെ ഗൃഹ നിർമ്മാണവുമായി ബന്ധപ്പെട്ട് റവന്യൂ അധികൃതരുടെ എൻ.ഒ.സി. നിർബന്ധമാക്കി കൊണ്ടുള്ള നിർദ്ദേശം ജനങ്ങൾക്കുണ്ടാക്കിയിരിക്കുന്ന ബുദ്ധിമുട്ടുകൾ വിവരണാതീതമാണ്. സ്വന്തമായി വീട് വയ്ക്കാൻപോലും കഴിയാതെ വരുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു, കാർഷിക മേഖല പൂർണ്ണമായി തകരുന്നു, പട്ടയം ലഭിക്കാത്ത പ്രതിസന്ധിമൂലം കർഷകർ അതീവ ഗുരുതര പ്രശ്നങ്ങൾ നേരിടുന്നു തുടങ്ങിയ ആവശ്യങ്ങളാണ് ഇന്നത്തെ ഹർത്താലിന് ആധാരമായിട്ടുള്ളത്. ടൂറിസത്തെ ഹർത്താലിൽ നിന്ന് ഒഴിവാക്കുന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ഇക്കാര്യം ഞങ്ങളോട് ആരും ചർച്ച ചെയ്തിട്ടില്ല. മുഖ്യമന്ത്രിയുടെ പ്രസ്താവന ഞങ്ങൾ വായിക്കുകയുണ്ടായി.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സർവ്വകക്ഷി യോഗത്തിൽ നമ്മൾ ചർച്ച ചെയ്ത വിഷയമല്ലേ; സർവ്വകക്ഷി യോഗത്തിൽ ചർച്ച ചെയ്ത് അങ്ങനെയൊരു ധാരണയിലെത്തുകയും അത് എല്ലാവരും അംഗീകരിക്കുകയും ചെയ്തതാണല്ലോ; ചർച്ച ചെയ്തില്ലായെന്ന് അങ്ങ് പറയുന്നത് എന്തിനാണ്? ഇതിന്റെ ഭാഗമായി സർവ്വകക്ഷി യോഗം ചേർന്നു, ആ യോഗത്തിൽ ചർച്ച ചെയ്ത് പൊതുവായ തീരുമാനം ഉണ്ടാകുകയാണ് ചെയ്തത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അന്നത്തെ യോഗത്തിന് ഞാനുണ്ടായിരുന്നില്ല. പക്ഷേ ഞങ്ങൾക്ക് അതിന് എതിർപ്പില്ല. അത്തരം കാര്യങ്ങളിൽ ഞങ്ങൾക്ക് യോജിപ്പാണുള്ളത്. പ്രത്യേകിച്ച് ടൂറിസത്തിന് പ്രാധാന്യമുള്ള സംസ്ഥാനമെന്ന നിലയിൽ വിനോദസഞ്ചാരികൾ വരുമ്പോൾ അവരെ ബുദ്ധിമുട്ടിക്കരുതെന്ന കാര്യത്തിൽ ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമില്ല. വളരെക്കാലമായി നീണ്ടുനിൽക്കുന്ന നിരവധി പ്രക്ഷോഭങ്ങളുടെ ആകെത്തുകയായിട്ടാണ് ഇന്നവിടെ ഹർത്താലുണ്ടായിരിക്കുന്നത്.

21-1-2010-ൽ പുറപ്പെടുവിച്ച ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത വില്ലേജുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. വേണമെന്നുള്ളത് ജില്ലാ കളക്ടർ നിർബന്ധമാക്കിയത്. 2010-ലാണ് ഹൈക്കോടതി വിധിയുണ്ടായത്. എന്നാൽ ആറ് വർഷത്തിനുശേഷം 2016-ലാണ് കളക്ടറുടെ ഉത്തരവുണ്ടായിട്ടുള്ളത്. അതെങ്ങനെ ഉണ്ടായെന്ന് എനിക്കറിയില്ല. 26-5-2018-ലെ സർക്കാർ ഉത്തരവ് പ്രകാരം എൻ.ഒ.സി. നൽകാനുള്ള അധികാരം വില്ലേജ് ആഫീസർക്ക് കൊടുക്കുക യാണുണ്ടായത്. ഇടുക്കിയിലെയും മൂന്നാറിലെയും ഭൂപ്രകൃതിയനുസരിച്ച് എല്ലാവർക്കും ആർ.ഡി.ഒ.-യുടെ ഓഫീസിൽപ്പോയി എൻ.ഒ.സി. വാങ്ങാൻ കഴിയാത്തതുകൊണ്ടാണ്

ഗവൺമെന്റ് ഈ അധികാരം വില്ലേജ് ആഫീസർക്ക് കൊടുത്തത്. എന്നാൽ ഇത് കുനിന്മേൽ കുരുവെന്ന പോലെയായി. വില്ലേജ് ആഫീസർമാർ ആർക്കും എൻ.ഒ.സി. നൽകുന്നില്ല. ഇത് ഹോട്ടൽ കെട്ടാനോ ഷോപ്പിംഗ് മാൾ പണിയാനോ അല്ല, സ്വന്തമായി ഒരു കൂര നിർമ്മിക്കാൻവേണ്ടിയാണ് കർഷകൻ എൻ.ഒ.സി. ആവശ്യപ്പെടുന്നത്. വില്ലേജ് ആഫീസിൽ കയറിയിറങ്ങി നടന്ന് അവരുടെ ആയുസ്സ് തീരുകയാണ്. വില്ലേജ് ആഫീസുകൾ ഒരാൾക്കുപോലും എൻ.ഒ.സി. നൽകുന്നില്ലെന്ന് മാത്രമല്ല വില്ലേജ് ആഫീസർമാർ അപേക്ഷ സ്വീകരിക്കാൻപോലും തയ്യാറാകുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ആർ.ഡി.ഒ.-യുടെ കത്തല്ല ഇവിടത്തെ പ്രശ്നം. ഭൂമിയുടെ യാതൊരു രേഖയും അവരുടെ കയ്യിലില്ലായെന്ന് വില്ലേജ് ആഫീസർമാർ പറയുന്നു. ഈ എട്ട് വില്ലേജുകളിലുള്ള ആർക്കും വീട് വയ്ക്കാൻ സമ്മതപത്രം ലഭിക്കാത്ത അവസ്ഥയാണ് ഇന്നുള്ളത്. കഴിഞ്ഞ മാസം 26-ന് എൻ.ഒ.സി. നൽകാനുള്ള അധികാരം വില്ലേജ് ആഫീസുകൾക്ക് സർക്കാർ ഉത്തരവുപ്രകാരം കൈമാറിയിട്ടുപോലും പല റവന്യൂ അധികൃതരും ഇക്കാര്യം അറിഞ്ഞിട്ടില്ലെന്നാണ് പറയുന്നത്. മാത്രമല്ല, ഈ സന്ദർഭം മുതലെടുത്ത് എൻ.ഒ.സി. നൽകാമെന്നുപറഞ്ഞ് റവന്യൂ ഉദ്യോഗസ്ഥർ വ്യാപകമായി പണം തട്ടുന്നുവെന്നുള്ള പരാതിയും വ്യാപകമാണ്. ഇതിന്റെ പ്രധാനപ്പെട്ട കാരണം എൻ.ഒ.സി. നൽകാനുള്ള മാനദണ്ഡങ്ങളെ സംബന്ധിച്ച അവ്യക്തതയാണ്. ഹൈക്കോടതി വിധിക്കുശേഷം എൻ.ഒ.സി. നൽകേണ്ട ഉത്തരവാദിത്വം കളക്ടർക്കും ആർ.ഡി.ഒ.-യ്ക്കുമാണ്. അതുകൊണ്ട് മാനദണ്ഡങ്ങൾ എന്താണെന്ന് അവർക്കുമാത്രമേ അറിയുകയുള്ളൂവെന്നാണ് വില്ലേജ് ആഫീസർമാരെ സമീപിക്കുമ്പോൾ അവർ പറയുന്നത്. ദേവികുളം ആർ.ഡി.ഒ.-യുമായി സംസാരിച്ചപ്പോൾ മാനദണ്ഡങ്ങൾ എന്താണെന്ന് പറയാനുള്ള അധികാരം തനിക്കില്ലെന്നും കളക്ടർക്കാണെന്നുമാണ് പറയുന്നത്. എൻ.ഒ.സി. നൽകാനുള്ള മാനദണ്ഡങ്ങളെക്കുറിച്ച് പറയാനുള്ള അധികാരം ആർ.ഡി.ഒ.-ക്ക് ഇല്ലെങ്കിൽ വില്ലേജ് ആഫീസർക്ക് എങ്ങനെയുണ്ടാകും? ചുരുക്കത്തിൽ, കർഷകരെ നടത്തിക്കുകയാണ്. വില്ലേജ് ആഫീസിൽ പോകുമ്പോൾ ആർ.ഡി.ഒ.-യെ കാണാനും ആർ.ഡി.ഒ.-യെ കാണുമ്പോൾ കളക്ടറെ കാണാനും പറയും. ഇങ്ങനെ ഈ മേഖലയിൽ ചെറിയ വീടുകൾ വയ്ക്കാനുള്ള പ്രയാസങ്ങൾ വർദ്ധിച്ചുവരികയാണ്. ഇതിന്റെ മറവിൽ മൂന്നാറിലെ കയ്യേറ്റക്കാരെ സംരക്ഷിക്കാൻ ആരും നോക്കേണ്ട. ചില സംസാരങ്ങൾ കേട്ടപ്പോൾ എനിക്ക് അങ്ങനെ തോന്നി. മൂന്നാറിലെ കയ്യേറ്റക്കാരെയെല്ലാം ഇതിന്റെ മറവിൽ സംരക്ഷിക്കാമെന്നുള്ള ധാരണയുണ്ടെങ്കിൽ അതിനോട് ഞങ്ങൾക്ക് യോജിപ്പില്ല. അതുപോലെ സർക്കാർഭൂമി കയ്യേറി സ്വന്തമാക്കാൻ ശ്രമിക്കുന്നതിനോടും മൂന്നാറിലെ സർക്കാർഭൂമിയിലുള്ള തടി വെട്ടി കള്ളക്കടത്ത് നടത്തുന്നതിനോടും ഞങ്ങൾക്ക് യോജിപ്പില്ല. ഞങ്ങൾ ഇവിടെ ഉന്നയിക്കുന്നത് സ്പെസിഫിക്കായ കാര്യമാണ്. പാവപ്പെട്ട സാധാരണക്കാരായ ആളുകൾക്ക് ഒരു കൂരവച്ച് താമസിക്കാനുണ്ടാകുന്ന പ്രയാസങ്ങളാണ് ഞങ്ങൾ പറയുന്നത്. ഉത്തരവിലെ

അവ്യക്തത, മാനദണ്ഡങ്ങളുടെ അവ്യക്തത, റവന്യൂ ഉദ്യോഗസ്ഥന്മാരുടെ റോൾ എന്താണെന്ന് അവർക്കറിയാതെ വരുന്നത് ഇതെല്ലാമാണ് ഇവിടത്തെ പ്രശ്നം. മാനദണ്ഡങ്ങൾ പാലിച്ച് അപേക്ഷിക്കുന്നവർക്ക് എൻ.ഒ.സി. നൽകണം. അത് നൽകാൻപോലും തയ്യാറാകുന്നില്ല. 1964-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് നിയമനിർമ്മാണത്തിന് സർക്കാർ തയ്യാറാകുമെന്ന് പറഞ്ഞു. അത് നല്ല കാര്യമാണ്. 1964-ലെ നിയമത്തിലുണ്ടായിരിക്കുന്ന ചില പ്രശ്നങ്ങളാണ് ഈ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കും വീട് വയ്ക്കുന്നതിനുമൊക്കെ പ്രതിസന്ധിയായിട്ടുള്ളത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പട്ടയം കൊടുക്കുന്ന കാര്യം പറഞ്ഞു. ഈ ഗവൺമെന്റ് വന്നതിനുശേഷം 14310 പട്ടയങ്ങളാണ് വിതരണം ചെയ്തതെന്നാണ് ശ്രീ. റ്റി. വി. രാജേഷിന്റെ ചോദ്യത്തിന് ഉത്തരമായി 5-3-2018-ന് മന്ത്രി പറഞ്ഞത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇടുക്കിയിൽ 45000 ആളുകൾക്കാണ് പട്ടയം കൊടുത്തത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇടുക്കി ജില്ലയിൽ 14310 പട്ടയങ്ങളാണ് ഇതുവരെ കൊടുത്തത്. അവിടെയിരുന്ന് കയ്യടിക്കുന്ന ആളുകൾ ഇത് മനസ്സിലാക്കണം. അതുപോലെ പത്തുചെയിൻ മേഖലയിലെ കാര്യം പറഞ്ഞു. വൈദ്യുതി വകുപ്പ് മൂന്നുചങ്ങല ഒഴിവാക്കിക്കൊണ്ടാണ് പത്തുചെയിൻ മേഖലയിലെ പ്രശ്നം പറയുന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 45000 പേർക്ക് ഇടുക്കിയിൽ പട്ടയം കൊടുത്തുവെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തിയാൽ വളരെ നന്നായിരുന്നു. ഞങ്ങൾ പരിശോധിച്ചപ്പോൾ അത് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങയുടെ കയ്യിൽ ഫയലുണ്ടല്ലോ. ഞാൻ പറഞ്ഞത് തെറ്റാണെങ്കിൽ ആ ഫയൽ നോക്കി അങ്ങ് പറഞ്ഞാൽ മതി.

ശ്രീ. അടൂർ പ്രകാശ്: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഇടുക്കി ജില്ലയിൽ മാത്രം 45000-ത്തിലധികം പട്ടയം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. അവിടെ ഇത്രയും പട്ടയം കൊടുക്കാൻ കഴിഞ്ഞപ്പോൾ ഇവിടെ എഴുന്നേറ്റ് നിൽക്കുന്ന ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എസ്. രാജേന്ദ്രന്റെ പട്ടയം മാത്രം കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതിൽ ചില നിയമക്കുരുക്കുണ്ടായിരുന്നു. അതാണ് അതിന്റെ കാര്യം. അതുകൊണ്ടാണ് അദ്ദേഹം എഴുന്നേറ്റ് നിൽക്കുന്നത്. ഞങ്ങൾക്ക് അറിയാൻ കഴിയാത്തതായി ആ കാര്യം മാത്രമേയുള്ളൂ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, വാക്കൗട്ട് പ്രസംഗം നടത്തു.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: പ്രതിപക്ഷ നേതാവ് ശ്രീ. എസ്. രാജേന്ദ്രന് വഴങ്ങുന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ വഴങ്ങുന്നില്ല. ഇപ്പോൾ എന്താണ് പോയിന്റ് ഓഫ് ഓർഡർ. ഹൗസ് തന്നെ ഓർഡറിലല്ലല്ലോ. പിന്നെ എങ്ങനെയാണ് പോയിന്റ് ഓഫ് ഓർഡർ. (.....ബഹളം...)

ശ്രീ. എസ്. രാജേന്ദ്രൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. രമേശ് ചെന്നിത്തല: സർ, House is not in order in the zero hour. (.....ബഹളം...)

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ? അദ്ദേഹത്തിന്റെ പ്രസംഗം കഴിഞ്ഞിട്ട് പോരേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, സീറോ അവറിൽ ഹൗസ് തന്നെ ഓർഡറിലല്ല. പിന്നെ എന്താണ് പോയിന്റ് ഓഫ് ഓർഡർ. (.....ബഹളം...)

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്..... അദ്ദേഹത്തിന്റെ പ്രസംഗം കഴിഞ്ഞിട്ട് പോരെ. (.....ബഹളം...)

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പറഞ്ഞുകഴിഞ്ഞിട്ട് അദ്ദേഹത്തിന് സംസാരിക്കാം. (.....ബഹളം...)

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡറാണ്. (.....ബഹളം...) പോയിന്റ് ഓഫ് ഓർഡർ ഏത് സമയത്തും ഉന്നയിക്കാം. (.....ബഹളം...) ക്രമപ്രശ്നം ഉന്നയിക്കാൻ പാടില്ലെന്നുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ സംസാരിച്ച് കഴിഞ്ഞിട്ട് സംസാരിക്കാം. (.....ബഹളം...)

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്..... ശ്രീ. എസ്. രാജേന്ദ്രൻ, എന്താണ് അങ്ങയുടെ പോയിന്റ് ഓഫ് ഓർഡറെന്ന് വേഗം പറയൂ.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് എനിക്ക് അങ്ങേയറ്റം ബഹുമാനമാണ്. ഇവിടെ ശ്രീ. അടൂർ പ്രകാശ് പറഞ്ഞു, എനിക്ക് പട്ടയം നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടില്ലെന്ന്. ഞാൻ പട്ടയമുള്ള ആളാണ്. അദ്ദേഹം പ്രത്യേകിച്ച് ഇനി നൽകേണ്ട കാര്യമില്ല. 25 വർഷത്തിനു ശേഷമാണ് ദേവികുളം താലൂക്കിൽ പട്ടയം നൽകിയത്. ഇത്തവണ ഈ ഗവൺമെന്റ് വന്നിട്ടാണ് നൽകിയത്.

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ പറയൂ.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, പോയിന്റ് ഓഫ് ഓർഡർ എന്നുപറയുന്നത് ബഹുമാനപ്പെട്ട അടൂർ പ്രകാശ് പറഞ്ഞ വാക്കുകൾ രേഖയിലുണ്ടാകാൻ പാടില്ല. എനിക്ക് പട്ടയമുണ്ട്. അത് ഒഴിവാക്കണം.

മി. സ്പീക്കർ: അക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കാം.*

ശ്രീ. രമേശ് ചെന്നിത്തല: സർ, ചില ആളുകൾ മൂന്നാറിൽ വ്യാജ പട്ടയങ്ങളും സ്വായത്തമാക്കിയിട്ടുണ്ടെന്നുള്ള പരാതി നിലനിൽക്കുന്ന കാര്യം ഇത്തരുണത്തിൽ പ്രത്യേകം സ്മരണീയമാണ്. പത്ത് ചെയിൻ മേഖലയെക്കുറിച്ച് പറഞ്ഞു. മൂന്നു ചങ്ങല ഒഴിവാക്കി പത്തുചെയിനിൽ പട്ടയം കൊടുക്കാമെന്ന് പറഞ്ഞാൽ ആർക്കാണ് പ്രയോജനമുണ്ടാകുന്നത്? റവന്യൂ വകുപ്പുമന്ത്രി അത് മനസ്സിലാക്കണം. പട്ടയഭൂമിയിൽ പരിസ്ഥിതിക്ക് കോട്ടംവരാതെ നിർമ്മാണ പ്രവർത്തനം നടത്താൻ കഴിയാത്തതും ഈ പ്രദേശത്തെ ജനങ്ങളെ ചെറുതായിട്ടല്ല ബുദ്ധിമുട്ടിച്ചിരിക്കുന്നത്. വന്യമൃഗങ്ങളുടെയും റവന്യൂ ഉദ്യോഗസ്ഥരുടെയും വനപാലകന്മാരുടെയും ശല്യം കാരണം ജനങ്ങൾക്ക്, പ്രത്യേകിച്ച് കർഷകർക്ക് ഇടുക്കി ജില്ലയിൽ ജീവിക്കാൻ കഴിയാത്ത അവസ്ഥ സംജാതമായിരിക്കുകയാണ്. ഇവിടെ കസ്തൂരിരംഗൻ റിപ്പോർട്ടിനെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അത് സംബന്ധിച്ച അന്തിമ വിജ്ഞാപനം ഉടൻ പുറപ്പെടുവിക്കാൻ സാധ്യതയില്ലെന്നാണ് അറിയുന്നത്. 27-2-2017-ലെ കരട് വിജ്ഞാപനം പുതുക്കിയിറക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. ആഗസ്റ്റ് 11-ന് കരട് വിജ്ഞാപനം ഇറക്കുമെന്നാണ് പറഞ്ഞിരുന്നത്. പശ്ചിമഘട്ടമേഖലയിലുള്ള പല സംസ്ഥാനങ്ങളും ഇതുവരെ അവരുടെ അഭിപ്രായങ്ങൾ പറഞ്ഞിട്ടില്ലാത്തതുകൊണ്ട് ആഗസ്റ്റിൽ അന്തിമവിജ്ഞാപനം പുറപ്പെടുവിക്കാൻ സാധ്യതയില്ലെന്നാണ് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. മറ്റ് സംസ്ഥാനങ്ങൾ ഇതുവരെ അവരുടെ നിർദ്ദേശങ്ങൾ നൽകാത്തതുകൊണ്ട് ഇനിയും അന്തിമ വിജ്ഞാപനം വൈകാനുള്ള സാധ്യതയാണ് നിലവിലുള്ളത്. കസ്തൂരിരംഗൻ റിപ്പോർട്ടുപ്രകാരം കേരളത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ ആകെ വിസ്തീർണ്ണം 13308 ചതുരശ്ര കിലോമീറ്ററാണ്. ഉമ്മൻ വി. ഉമ്മൻ റിപ്പോർട്ടുപ്രകാരം യു.ഡി.എഫ്. സർക്കാർ 3214 ചതുരശ്ര കിലോമീറ്റർ ഒഴിവാക്കി പരിസ്ഥിതിലോല പ്രദേശങ്ങളുടെ മൊത്തം വിസ്തീർണ്ണം 9993 ചതുരശ്ര

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 3834/ഇബി 2018/നി.സെ. തീയതി 29-6-2018) സഭാരേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

കിലോമീറ്ററാക്കി. ഈ സർക്കാർ 886.7 കി.മീറ്റർ ഒഴിവാക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ അത് ഭൂരിഭാഗവും മലകളും ചതുപ്പുനിലങ്ങളുമാണ്. അതുകൊണ്ട് കർഷകർക്ക് പ്രത്യേകിച്ച് പ്രയോജനമൊന്നുമില്ല. അന്തിമവിജ്ഞാപനം വരുമ്പോൾ ഇ.എസ്.എ.-യുടെ അടിസ്ഥാന യൂണിറ്റ് വില്ലേജാണെന്ന കസ്തൂരിരംഗൻ റിപ്പോർട്ടിലെ ശിപാർശകൾ നമുക്ക് അംഗീകരിക്കാൻ കഴിയുന്നതല്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. ആ ശിപാർശ നിരാകരിക്കാൻ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. മാത്രമല്ല ഇ.എസ്.എ., നോൺ ഇ.എസ്.എ.-കൾക്ക് വ്യത്യസ്ത സർവ്വേ നമ്പറുകൾ വേണം. ഈ സർവ്വേ നമ്പറുകൾ അടിസ്ഥാനമാക്കിയാണ് അന്തിമവിജ്ഞാപനം പുറപ്പെടുവിക്കേണ്ടത്. ജനവാസ കേന്ദ്രങ്ങളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുമാത്രമേ അന്തിമവിജ്ഞാപനം ഉണ്ടാകാവൂ. ഇക്കാര്യത്തിലും സംസ്ഥാന ഗവൺമെന്റ് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തുകയും ഉണർന്ന് പ്രവർത്തിക്കുകയും ചെയ്യേണ്ടതാവശ്യമാണ്.

ഇടുക്കി ജില്ല നേരിടുന്ന കാർഷിക പ്രശ്നങ്ങളെപ്പറ്റി ശ്രീ. കെ. എം. മാണി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. റബ്ബറിനും ഏലത്തിനും കുരുമുളകിനും വിലയില്ല. കുരുമുളകിന്റെ ഉൽപ്പാദനം നാലായിരം ടൺ ആയി കുറഞ്ഞിരിക്കുന്നു. വിയറ്റ്നാം പോലുള്ള വിദേശ രാജ്യങ്ങളിൽ വ്യാപകമായ തോതിലുള്ള ഉൽപ്പാദനവും ഇറക്കുമതിയും ഉണ്ടാകുന്നു. ഇതുകാരണം കുരുമുളക് കർഷകരും ഏലം കർഷകരും പ്രതിസന്ധിയിലാണ്. കൽക്കട്ട പോർട്ട് വഴി ഗ്വാട്ടിമലയിൽ നിന്നുമാണ് ഏലം വന്നുകൊണ്ടിരിക്കുന്നത്. ഇത് തടയുന്നതിനുള്ള നടപടികൾ ഉണ്ടാകുന്നില്ല. കുരുമുളക് ഇറക്കുമതി ചെയ്യുന്നു. റബ്ബറിന് വില കുറഞ്ഞുകൊണ്ടിരിക്കുന്നു. റബ്ബറിന്റെ ഇറക്കുമതി വ്യാപകമായികൊണ്ടിരിക്കുകയാണ്. റബ്ബർ ബോർഡിന്റെ പ്രവർത്തനം ഇല്ലാതാകുന്നു. റബ്ബറിനെപ്പറ്റി കേന്ദ്ര ഗവൺമെന്റ് പഠിക്കുകയാണെന്നാണ് കഴിഞ്ഞ ദിവസം പത്രത്തിൽ കണ്ടത്. ഇങ്ങനെ എത്ര പഠനങ്ങൾ വേണ്ടിവരും? ചൈനയിൽ നിന്നുപോലും റബ്ബർ ഇറക്കുമതി ചെയ്യുന്നുവെന്ന വാർത്തകൾ ഞെട്ടിപ്പിക്കുന്നതാണ്. റബ്ബർ വില 200 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണമെന്ന കർഷകരുടെ ആവശ്യംകൂടി ഈ സന്ദർഭത്തിൽ ഉന്നയിക്കുകയാണ്. ഏതായാലും ഇന്ന് നമ്മുടെ സംസ്ഥാനത്തെ മലയോര മേഖലയിലെ കർഷകർ വലിയ പ്രതിസന്ധി നേരിടുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നാണ്യവിളകളുടെ വില നിരീക്ഷിക്കുന്നതിനും

ഇറക്കുമതി സംബന്ധിച്ചുള്ള കാര്യങ്ങൾ അറിയുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമായി മുതിർന്ന ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ഡബ്ല്യു.ടി.ഒ. സെൽ ഉണ്ടായിരുന്നു. ഇപ്പോൾ അങ്ങനെയൊരു സെൽ പ്രവർത്തിക്കുന്നില്ല. ഈ സെൽ പ്രവർത്തിച്ചിരുന്നെങ്കിൽ നാണ്യവിളകളുടെ ഇറക്കുമതി സംബന്ധിച്ച വിവരങ്ങൾ അപ്പപ്പോൾ നമുക്ക് ലഭ്യമാകുമായിരുന്നു. അവിടെ ഇപ്പോൾ ഒരു ജൂനിയർ അഗ്രികൾച്ചറൽ ഓഫീസർ മാത്രമാണുള്ളത്. അത് പരിഹരിക്കണം.

ഞാൻ ഇവിടെ ഉന്നയിക്കാൻ ആഗ്രഹിക്കുന്ന പ്രധാനപ്പെട്ട കാര്യമാണ് ശ്രീ. കെ. എം. മാണിയും ചൂണ്ടിക്കാണിച്ചത്. ഞങ്ങളാരും മൂന്നാറിലെ കയ്യേറ്റങ്ങൾക്ക് അനുകൂലമല്ല. മൂന്നാറിലുണ്ടാകുന്ന അനധികൃത കയ്യേറ്റങ്ങളെ ശക്തമായി എതിർത്തവർ തന്നെയാണ്. അവിടത്തെ ഗ്രൗണ്ട് ലെവലിലുള്ള കർഷകരുടെ പ്രശ്നങ്ങളും കാർഷിക മേഖലയിലെ പ്രശ്നങ്ങളും ഗൗരവതരമായി കണക്കാക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഞങ്ങൾക്ക് അവിടെ ഒരു ഹർത്താൽ ആചരിക്കേണ്ടിവന്നത് നിരന്തരമായി ആവശ്യപ്പെട്ടിട്ടും ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയാത്ത നിലപാട് അവിടത്തെ റവന്യൂ ഉദ്യോഗസ്ഥർ സ്വീകരിക്കുന്നതുകൊണ്ടാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി എന്തൊക്കെ പറഞ്ഞാലും ശരി, റവന്യൂ ഉദ്യോഗസ്ഥർ കർഷകരെ ബുദ്ധിമുട്ടിക്കുകയാണ്. കർഷകർക്ക് വീട്ടിൽ വച്ചുപിടിപ്പിക്കുന്ന മരം മുറിക്കാനുള്ള അനുവാദംപോലുമില്ലാത്ത സാഹചര്യം അവിടെ നിലനിൽക്കുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ഒരു ഭാഗത്ത് വന്യമൃഗങ്ങളുടെയും റവന്യൂ ഉദ്യോഗസ്ഥരുടെയും മറുഭാഗത്ത് വനപാലകരുടെയും ശല്യം കർഷകർക്കുണ്ടാകുന്നുണ്ട്. അവർ ഈ മൂന്ന് പ്രതിസന്ധിയെയും നേരിടുകയാണ്. കർഷകർ അനുഭവിക്കുന്ന പ്രയാസങ്ങൾ ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി).

ഡോ. എം. കെ. മുനീർ: സർ, ഒരു കാര്യം ലഘൂകരിക്കാൻ വേണ്ടിയെടുക്കുന്ന തീരുമാനം അതിനെക്കാൾ കൂടുതൽ സങ്കീർണ്ണതയുണ്ടാക്കുന്നുവെന്നതാണ് ഇവിടത്തെ ഏറ്റവും വലിയ വിഷയം. 9-6-2016-ന് കളക്ടർ പുറപ്പെടുവിച്ച ഉത്തരവിൻപ്രകാരം

ദേവികുളത്തെ റവന്യൂ ഡിവിഷണൽ ഓഫീസർക്കാണ് എൻ.ഒ.സി. നൽകുന്നതിനുള്ള ഉത്തരവാദിത്വം ഏൽപ്പിച്ച് നൽകിയത്. അതിനുശേഷമാണ് 26-5-2018-ൽ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഈ അധികാരം വില്ലേജ് ഓഫീസർക്ക് നൽകിക്കൊണ്ട് ഉത്തരവിറക്കിയത്. ആ ഉത്തരവിനെ സംബന്ധിച്ച് പിന്നീട് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ശ്രീ. രഞ്ജിത് തമ്പാൻ റവന്യൂ വകുപ്പുമന്ത്രിക്ക് ഒരു കത്ത് എഴുതിയിട്ടുണ്ട്. ഇത് വില്ലേജാഫീസർക്ക് നൽകുന്നത് പല പ്രശ്നങ്ങൾക്കും കാരണമാകുമെന്നും അതുകൊണ്ട് ഈ ഉത്തരവ് നടപ്പിലാക്കാൻ സാധ്യമല്ലെന്നും പറഞ്ഞ് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ അങ്ങേയ്ക്ക് എഴുതിയ കത്ത് അങ്ങയുടെ ഓർമ്മയിലുണ്ടാകുമെന്ന് വിശ്വസിക്കുകയാണ്. വില്ലേജ് ഓഫീസർക്ക് നൽകിയിട്ടുള്ള ഉത്തരവുകളിൽ ആവശ്യമായ മാനദണ്ഡങ്ങൾ വച്ചിട്ടില്ലെന്നുള്ള ഉപദേശമാണ് അങ്ങേയ്ക്ക് ലഭിച്ചിട്ടുള്ളത്. ആ അവസ്ഥ ഇപ്പോഴും നിലനിൽക്കുകയാണ്. വില്ലേജ് ഓഫീസർ ഇരുട്ടിൽത്തപ്പുന്നു. കൃത്യമായ മാനദണ്ഡങ്ങളില്ലാത്തതുകൊണ്ട് ചെയ്യാൻ സാധിക്കുന്നില്ലെന്നുപറഞ്ഞ് അദ്ദേഹം ആർ.ഡി.ഒ.-യിലേയ്ക്ക് അയയ്ക്കുന്നു. ആർ.ഡി.ഒ.-യിൽ ചെന്ന് ചോദിക്കുമ്പോൾ ഞങ്ങളുടെ കയ്യിലില്ല, കളക്ടറുടെ അടുത്ത് പോകണമെന്ന് അദ്ദേഹം പറയുന്നു. എന്തിനാണ് ഇത് താഴോട്ട് നൽകിയത്? ഇത് ലഘൂകരിക്കാനെന്ന് പറഞ്ഞ് വില്ലേജ് ഓഫീസർക്ക് കൊടുക്കുകയും അദ്ദേഹം അത് ആർ.ഡി.ഒ.-യ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. ആർ.ഡി.ഒ. അത് പറ്റില്ലെന്ന് പറഞ്ഞ് കളക്ടർക്ക് നൽകുന്നു. പാവപ്പെട്ടവനെയാണ് ഇത് വളരെയേറെ ബുദ്ധിമുട്ടിക്കുന്നത്. നമ്മൾ കയ്യേറ്റക്കാർക്കെതിരെയുള്ള നടപടികൾ കർക്കശമാക്കുമെന്ന് പറയുമ്പോൾ അടിസ്ഥാനപരമായി പാവപ്പെട്ടവനെയാണ് ഇത് എപ്പോഴും ബാധിച്ചുകൊണ്ടിരിക്കുന്നത്. ഹൈക്കോടതി വിധി ജില്ലാ കളക്ടർ ആറ് വർഷത്തിനുശേഷം വ്യാഖ്യാനിച്ച് മൂന്നാർ മേഖലയിലേയ്ക്ക് ഏകദേശം 8 വില്ലേജുകളെക്കൂടി (50 കിലോമീറ്റർ) ഉൾപ്പെടുത്തിയതുകൊണ്ടാണ് ഈ പ്രശ്നം ഉണ്ടായിരിക്കുന്നത്. അതുപോലെതന്നെ കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് അന്തിമനിർദ്ദേശം വന്നിട്ടില്ലെന്ന് പറഞ്ഞും നടത്തിക്കുകയാണ്. കർശനമായൊരു നിർദ്ദേശം വരാത്ത കാലത്തോളം ഇത് നിലനിൽക്കും. അതുകൊണ്ടാണ് 9-6-2016-ന് കളക്ടർ ഇറക്കിയ ഉത്തരവ് പിൻവലിച്ചാൽ കോടതി വിധിയനുസരിച്ച് വീട് വയ്ക്കുന്നതിനുള്ള, പാവപ്പെട്ട കർഷകന് അവന്റെ അടിസ്ഥാനപരമായ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ട നടപടിയിലേയ്ക്ക് ഗവൺമെന്റിന് നീങ്ങാൻ സാധിക്കും. ആറ് വർഷങ്ങൾക്കുശേഷം 9-6-2016-ൽ കളക്ടർ പുറപ്പെടുവിച്ച ഉത്തരവിൽ വില്ലേജ് ഓഫീസർക്ക് തീരുമാനമെടുക്കാനുള്ള മാനദണ്ഡങ്ങൾ പറയാത്തതിനാൽ വില്ലേജ് ഓഫീസർക്കുപോലും തീരുമാനമെടുക്കാൻ കഴിയുന്നില്ല.

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട എം. കെ. മുനീർ 9-6-2016-ൽ കളക്ടർ ഇറക്കിയ ഉത്തരവ് റദ്ദാക്കണമെന്നാണ് ഇപ്പോൾ പറയുന്നത്. ഈ ആവശ്യത്തിൽ അടിയന്തരപ്രമേയം ഉന്നയിച്ച ബഹുമാന്യനായ കെ. എം. മാണി അത് ആവശ്യപ്പെട്ടിട്ടില്ലെന്നത് ഒന്നാമത്തെ കാര്യം. രണ്ടാമത്തെ കാര്യം, അത് ഉന്നയിക്കപ്പെട്ടപ്പോൾ എന്ത് അടിസ്ഥാനത്തിലാണ് കളക്ടർ ഉത്തരവ് പുറപ്പെടുവിക്കേണ്ടി വന്നതെന്ന് ഞാൻ സൂചിപ്പിക്കണ്ടേ? ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ വെളിച്ചത്തിലാണ് കളക്ടർ അത്തരമൊരു നിർദ്ദേശം നൽകിയത്. കോടതിയുടെ ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള സർക്കുലർ എന്ന രീതിയിലാണ് അതിനെ കാണേണ്ടത്. അത് റദ്ദ് ചെയ്യണമെന്ന് പറയുന്നതിൽ ഒരു കാര്യവുമില്ലെന്നാണ് സൂചിപ്പിക്കാനുള്ളത്.

ഡോ. എം. കെ. മുനീർ: മാണി സർ പറഞ്ഞിട്ടില്ലെന്ന് പറയുന്നത് ശരിയല്ല. 26-ാം തീയതിലെ ഉത്തരവ് റദ്ദ് ചെയ്യണമെന്നുള്ളതല്ല ശരി, 9-ാം തീയതിലെ ഉത്തരവ് റദ്ദ് ചെയ്യണമെന്നുള്ളതാണ് ശരിയെന്നാണ് മാണി സർ പറഞ്ഞത്.

ശ്രീ. കെ. എം. മാണി: സർ, അത് ടൈപ്പിംഗിൽ വന്ന തെറ്റാണ്. അത് തിരുത്തണമെന്ന് ഞാൻ പറഞ്ഞു.

ഡോ. എം. കെ. മുനീർ: സർ, ഞാൻ ദീർഘമായി പറയുന്നില്ല. ഇവിടെ വിശദീകരിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാവർക്കും കാര്യം മനസ്സിലായി. കാരണം, ഈ ഉത്തരവുകൾ പുറപ്പെടുവിക്കുന്ന സമയത്ത് കൃത്യമായി അത് നടക്കുന്നില്ലെന്നും അതുകൊണ്ട് ധാരാളം പ്രതിസന്ധിയുണ്ടാകുന്നുണ്ടെന്നും അങ്ങയുടെതന്നെ പാർട്ടിക്കകത്തുള്ള ശ്രീമതി ഇ. എസ്. ബിജിമോൾ, എം.എൽ.എ.പോലും പറഞ്ഞ സാഹചര്യത്തിൽ, അവർക്കുവേണ്ടിയും ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി).

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാൻ ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്. 2010-ൽ വന്നൊരു ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ 2016-ൽ ഒരു ഓർഡർ പുറപ്പെടുവിച്ചു. അഞ്ച് വർഷം ഒരു കുഴപ്പവുമില്ലായിരുന്നു. വില്ലേജ് ഓഫീസർക്കും പഞ്ചായത്ത് അധികൃതർക്കും ഉണ്ടായിരുന്ന ഒരു അധികാരം ആർ.ഡി.ഒ.-യ്ക്ക് കൈമാറിക്കൊണ്ട് ജില്ലാ കളക്ടർ ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ അതിൽ

അജ്ഞാതമായ എന്തോ കാര്യമുണ്ട്. അഞ്ച് കൊല്ലം കഴിഞ്ഞിട്ടാണോ ഒരുത്തരവ് പുറപ്പെടുവിക്കുന്നത്? അതിനുശേഷമാണ് ഈ പ്രശ്നങ്ങൾ ഉണ്ടാകുന്നത്. അത് തിരുത്താനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടിരിക്കുന്നു. കഴിഞ്ഞയാഴ്ച അടിമാലിയിൽ ആയിരക്കണക്കിനാളുകൾ പങ്കെടുത്ത സമരത്തിൽ എല്ലാ കക്ഷികളും ഉണ്ടായിരുന്നു. അവിടെ ഒരു കാര്യങ്ങളും നടക്കുന്നില്ല, കർഷകർ ബുദ്ധിമുട്ടിലാണെന്ന് പറഞ്ഞു കൊണ്ട് പ്രതിപക്ഷം മാത്രമല്ല സി.പി.ഐ., സി.പി.ഐ. (എം), ശ്രീ. എസ്. രാജേന്ദ്രൻ ഉൾപ്പെടെയുള്ളവർ പങ്കെടുത്തു. ഇനിയും അവിടെ അവ്യക്തത നിലനിൽക്കുകയാണ്. ഈ 8 വില്ലേജുകളിൽ ഒരു കാര്യവും നടക്കാത്ത സ്ഥിതിയാണുള്ളത്. അതിൽ പ്രതിഷേധിച്ച് ഇടുക്കി ജില്ലയിൽ വലിയ സമരങ്ങൾ നടന്നു, ഇപ്പോൾ ഹർത്താലും നടക്കുന്നു. അതിന് അടിയന്തര നടപടികൾ മുഖ്യമന്ത്രിയുംകൂടി ഇടപെട്ട് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇക്കാര്യങ്ങൾ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി).

ശ്രീ. അനൂപ് ജേക്കബ് : സർ, ഇവിടെ സൂചിപ്പിച്ചതുപോലെ, 2010-ൽ ഇറങ്ങിയ കോടതിവിധിക്ക് അഞ്ചുവർഷത്തിനുശേഷം ഇത്തരത്തിലൊരു ഉത്തരവ് കളക്ടർ പുറപ്പെടുവിച്ചത് ദുരൂഹത നിറഞ്ഞതുതന്നെയാണ്. അത് മാറ്റാൻവേണ്ടി റവന്യൂ വകുപ്പുമന്ത്രിയും വനം വകുപ്പുമന്ത്രിയും യോഗം ചേർന്നശേഷം അക്കാര്യത്തിൽ വ്യക്തത വരുത്തിക്കൊണ്ട് ഇറക്കിയ സർക്കുലറിലും വ്യക്തതയുണ്ടായിട്ടില്ല എന്നാണ് എനിക്ക് മനസ്സിലായത്. ആ പ്രദേശത്ത് വളരെയധികം പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. ഇന്ന് യു.ഡി.എഫ്. ഹർത്താലിന് ആഹ്വാനം ചെയ്യാനുണ്ടായ പശ്ചാത്തലവും അതുതന്നെയാണ്. കർഷകരും സാധാരണ ജനങ്ങളും എല്ലാതലത്തിലും ബുദ്ധിമുട്ട് അനുഭവിക്കുന്ന നിലയിലാണ് കാര്യങ്ങൾ എത്തിച്ചേർന്നിരിക്കുന്നത്. ഗവൺമെന്റ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഒരു വിഷയം തന്നെയായിരുന്നു ഇത്. ഗവൺമെന്റ് അനുമതി ഇല്ലാതെയായിരുന്നു കളക്ടർ ഈ ഉത്തരവ് ഇറക്കിയതെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത്. ഉദ്യോഗസ്ഥരുടെമേൽ നിയന്ത്രണം കൊണ്ടുവരാൻ ഗവൺമെന്റിനോ ഡിപ്പാർട്ടുമെന്റിനോ കഴിയുന്നില്ല. ഇല്ലെങ്കിൽ ആറ് വർഷത്തിനുശേഷം ഒരു ഉത്തരവിറക്കേണ്ട ആവശ്യമുണ്ടോ? ഇതിനോടനുബന്ധിച്ച്, മറ്റൊരു വിഷയംകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വില്ലേജ് ഓഫീസുകളിൽ എല്ലായിടത്തും പ്രശ്നങ്ങൾ തന്നെയാണ്. എറണാകുളത്തെ വിഷയങ്ങൾ മാത്രം സൂചിപ്പിച്ചാൽ മതിയോ എന്ന്

ഇപ്പോൾ ശ്രീ. എസ്. രാജേന്ദ്രൻ സൂചിപ്പിച്ചു. എറണാകുളം ജില്ലയടക്കം എല്ലാ ജില്ലകളിലെയും വില്ലേജ് ഓഫീസുകളുടെയും പ്രവർത്തനം തഥൈവയാണ്. എന്റെ നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസിന് ഒരു സാധാരണക്കാരൻ തീയിട്ടു. ആമ്പല്ലൂർ വില്ലേജ് ഓഫീസിൽ കയറിയിറങ്ങി മടുത്ത ഒരു വയോധികനാണ് ആ വില്ലേജ് ഓഫീസിന് തീയിട്ടത്. അങ്ങയുടെ ശ്രദ്ധയിലുള്ള കാര്യമായിരിക്കുമിത്. ഇത്തരത്തിലുള്ള പല പ്രശ്നങ്ങൾ ഇന്ന് റവന്യൂ വകുപ്പിൽ നിലനിൽക്കുകയാണ്. ഈ വിഷയം ഗൗരവമേറിയ ഒന്നുതന്നെയായിരുന്നു. ഇത് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽ നിന്ന് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം തിരികെ പ്രവേശിച്ചു.)

## V ശ്രദ്ധ ക്ഷണിക്കൽ

### (1) ഗുരുവായൂർ വികസന അതോറിറ്റി

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, പ്രതിവർഷം മൂന്ന് കോടിയോളം തീർത്ഥാടകരെത്തുന്ന ഒരു ക്ഷേത്രനഗരമാണ് ഗുരുവായൂർ. 1995-വരെ കേരളത്തിലെ ഏക ടൗൺഷിപ്പായിരുന്നു ഇവിടം. 1995-ലാണ് പ്രഥമ ജനകീയ നഗരസഭ നിലവിൽവന്നത്. ഇന്ന് ഗുരുവായൂരുമായി ബന്ധപ്പെട്ട് നിരവധി വികസന പദ്ധതികൾ സംസ്ഥാന ഗവൺമെന്റും കേന്ദ്രഗവൺമെന്റും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പല പദ്ധതികളും വർഷങ്ങളോളം പഴക്കമുള്ളവയാണ്. ഗുരുവായൂർ ഡ്രെയിനേജ് സ്കീം കഴിഞ്ഞ വി.എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് പ്രവർത്തനമാരംഭിച്ചു. അത് ഏറെക്കുറെ പൂർത്തീകരണഘട്ടത്തിലാണ്. ഗുരുവായൂർ കുടിവെള്ള പദ്ധതിയും പൂർത്തീകരണഘട്ടത്തിലാണ്. ഏകദേശം നൂറ് കോടിയോളം രൂപ വരുന്ന അമൃത്, പ്രസാദ് പദ്ധതികൾ ഗുരുവായൂർ നഗരസഭയും ഗുരുവായൂർ ദേവസ്വവും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുരുവായൂർ മേൽപ്പാലത്തിനായി 24 കോടി രൂപ അനുവദിച്ച് അതിന്റെ സ്ഥലമെടുപ്പും ഗുരുവായൂർ ഗസ്റ്റ് ഹൗസിന്റെ നിർമ്മാണവും നടന്നുകൊണ്ടിരിക്കുകയാണ്. ഗുരുവായൂർ ക്ഷേത്രസുരക്ഷയുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് ഒട്ടേറെ കാര്യങ്ങൾ അവിടെ ചെയ്യുന്നുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ഘട്ടത്തിൽ ഗുരുവായൂർ ക്ഷേത്രസുരക്ഷയുമായി ബന്ധപ്പെട്ട് ഒരു സ്കീമുണ്ടാക്കിയിരുന്നു. ആ സ്കീം പിന്നീടുവന്ന യു.ഡി.എഫ്. ഗവൺമെന്റ് അട്ടിമറിക്കുകയുണ്ടായി. അവിടെ ഒരു ടെമ്പിൾ സ്റ്റേഷൻ ആരംഭിച്ചു. ഗുരുവായൂർ സ്റ്റേഷൻ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുകയും ചെയ്തു.

സ്റ്റേഷനുമായും ഗുരുവായൂർ ഫയർ ഫോഴ്സുമായും ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ഇത്തരത്തിൽ ദേവസ്വവും നഗരസഭയും സംസ്ഥാന ഗവൺമെന്റും കേന്ദ്രപദ്ധതികളുമെല്ലാമായി നിരവധി പദ്ധതികൾ നടപ്പിലാക്കപ്പെടുന്നുണ്ട്. പക്ഷേ ഇതിനൊരു ഏകോപനം പലപ്പോഴും ഉണ്ടാകുന്നില്ലെന്ന ഒരു പ്രശ്നം നിലനിൽക്കുന്നുണ്ട്. ഈ പദ്ധതികൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി ഒരു വികസന അതോറിറ്റി അല്ലെങ്കിൽ ഒരു സ്പെഷ്യൽ ഓഫീസർ ഉണ്ടാകേണ്ടതുണ്ടെന്നാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്. ക്ഷേത്രസുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംബന്ധിച്ചും ഒരു പ്രത്യേക യോഗം വിളിച്ചുചേർക്കണമെന്നുകൂടി ഞാൻ ആവശ്യപ്പെടുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ ഗുരുവായൂരിലെ അടിസ്ഥാന സൗകര്യവികസനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് പദ്ധതിയുടെ നടത്തിപ്പിനും ഏകോപനത്തിനുമായി അമൃത് മിഷൻ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. അമൃത് പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ ഹൈ പവേർഡ് സ്റ്റിയറിംഗ് കമ്മിറ്റിയും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയും നിലവിലുണ്ട്. പദ്ധതിപ്രവർത്തനങ്ങൾ കേരള വാട്ടർ അതോറിറ്റി, പൊതുമരാമത്ത് വകുപ്പ്, ഗുരുവായൂർ ദേവസ്വം, ബി.എസ്.എൻ.എൽ., കെ.എസ്.ഇ.ബി., നഗരസഭാപരിധിയിലെ വിദ്യാലയങ്ങൾ, നഗരഗ്രാമാസൂത്രണ വകുപ്പ് എന്നീ സ്ഥാപനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് നഗരസഭയാണ് നടപ്പിലാക്കുന്നത്. കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പ്രസാദ് പദ്ധതിക്ക് കീഴിൽ ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെയും ഗുരുവായൂർ ദേവസ്വത്തിന്റെയും ചുമതലയിൽ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് വിവിധ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. പദ്ധതി കാലാവധി 24 മാസമാണ്. ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ അനുവദിച്ച ഘടകങ്ങൾ ബന്ധപ്പെട്ട ഗുരുവായൂർ ദേവസ്വത്തിന്റെയും ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെയും നേരിട്ടുള്ള നിരീക്ഷണത്തിലാണ് ടൂറിസം വകുപ്പ് നടപ്പിലാക്കുന്നത്. സംസ്ഥാന പദ്ധതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണെന്നാണ് കാണുന്നത്. അടിസ്ഥാന സൗകര്യങ്ങളുടെയും പശ്ചാത്തല സൗകര്യങ്ങളുടെയും വികസനം ഉറപ്പാക്കുന്നതിനും തീർത്ഥാടകർക്കാവശ്യമായ സേവനങ്ങളും സൗകര്യങ്ങളും ലഭ്യമാക്കുന്നതിനും നഗരത്തിന്റെ സ്ഥായിയായതും സമഗ്രവുമായ വികസനം അനിവാര്യമാണെന്നത് ഒരു വസ്തുതയാണെങ്കിലും അമൃത്, പ്രസാദ് തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും സംസ്ഥാന പദ്ധതികളുടെയും ഏകോപനത്തിനായി ഗുരുവായൂർ കേന്ദ്രീകരിച്ച് ഒരു വികസന അതോറിറ്റി രൂപീകരിക്കണമെന്ന ആവശ്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, വികസന അതോറിറ്റി എന്ന നിർദ്ദേശം പരിഗണനയിലില്ലെങ്കിലും വിവിധ പദ്ധതികളുടെ കോ-ഓർഡിനേഷനുമായി ബന്ധപ്പെട്ട് ഒരു സംസ്ഥാനതലയോഗം വിളിച്ചുചേർക്കണം. ഞാൻ ഇവിടെ ഉന്നയിച്ച പോലീസ് സ്റ്റേഷനും ഫയർസ്റ്റേഷനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പരാമർശിച്ചില്ല. അതുമായി ബന്ധപ്പെട്ട് ഒരു ഉന്നത തലയോഗം വിളിച്ചുചേർക്കണമെന്ന് ഞാൻ വീണ്ടും അഭ്യർത്ഥിക്കുകയാണ്.

ഡോ. കെ. ടി. ജലീൽ: സർ, അമൃത്, പ്രസാദ് തുടങ്ങിയ പദ്ധതികളുടെ ഏകോപനത്തിന് ആവശ്യമായ ഉദ്യോഗസ്ഥന്മാരുടെ ഹൈപവർ കമ്മിറ്റി ഇപ്പോൾ തന്നെ നിലവിലുണ്ട്, അത് വിളിച്ചുചേർത്ത് അവലോകനം ചെയ്യുന്നതിന് തീർച്ചയായും മുൻകയ്യെടുക്കും. മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട പദ്ധതികൾ അതത് വകുപ്പുമായി കോ-ഓർഡിനേറ്റ് ചെയ്യുന്നതായിരിക്കും നല്ലത്.

## (2) കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സമഗ്ര വികസനത്തിനായി കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നതിനാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട വിഷയം പലപ്പോഴായി ഈ സഭയിൽ ചർച്ച ചെയ്തതാണ്. ഒരു ജനതയുടെ ദീർഘകാലത്തെ സ്വപ്നങ്ങൾക്ക് ചിറക് ലഭിച്ചതാണ് കരിപ്പൂർ എയർപോർട്ട്. ജനങ്ങൾ പിരിവെടുത്തും പ്രവാസികളുടെ അകമഴിഞ്ഞ സഹായത്തോടും സഹകരണത്തോടുംകൂടി ആരംഭിച്ച എയർപോർട്ടാണിത്. വളരെ പെട്ടെന്ന് വളർന്ന് ഇന്ത്യയിലെ മികച്ച വിമാനത്താവളങ്ങളിലൊന്നായി കോഴിക്കോട് വിമാനത്താവളം മാറിക്കൊണ്ടിരിക്കുമ്പോഴാണ്, സാങ്കേതിക കാരണങ്ങൾ പറഞ്ഞ് അന്താരാഷ്ട്ര സർവ്വീസുകൾ വെട്ടിക്കുറച്ചതും ഇപ്പോൾ തരംതാഴ്ത്തുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടായതും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെയും ഏവിയേഷൻ ഉദ്യോഗസ്ഥരുടെയും എയർപോർട്ട് അതോറിറ്റിയുടെയും ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. ബഹുമാന്യനായ മുഖ്യമന്ത്രി നേരിട്ട് ഇടപെട്ട് മൂന്നുനാല് മീറ്റിംഗുകൾ തിരുവനന്തപുരത്ത് വിളിച്ചുകൂട്ടുകയുണ്ടായി. ഈ വിഷയത്തിൽ മുഖ്യമന്ത്രി വളരെ സജീവമായി ഇടപെടുന്നുണ്ട്. അതിനുള്ള നന്ദികൂടി ഈ സന്ദർഭത്തിൽ രേഖപ്പെടുത്തുകയാണ്. മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും ഒരുവർഷം മുമ്പ് മരണമടഞ്ഞ കേന്ദ്ര വിദേശകാര്യ സഹമന്ത്രിയായിരുന്ന ഇ. അഹമ്മദ് സാഹിബും ഈ വിഷയത്തിൽ വളരെ സജീവമായി ഇടപെടുകയും വികസന കുതിപ്പിൽ കോഴിക്കോട് വിമാനത്താവളത്തെ ആ പഴയകാല പ്രതാപത്തിലേയ്ക്ക്

തിരിച്ചുകൊണ്ടുവരണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. പക്ഷേ വഞ്ചി ഇപ്പോഴും തിരുനക്കര തന്നെ. 1988-ൽ പ്രവർത്തനമാരംഭിക്കുകയും 1992-ൽ ഗൾഫ് സെക്ടറിലേയ്ക്ക് വിമാനങ്ങൾ പറക്കുകയും 2002-ൽ ഹജ്ജ് എംബാർക്കേഷൻ പോയിന്റാവുകയും 2006-ൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയരുകയും ചെയ്ത വലിയ സാധ്യതകളുള്ള വിമാനത്താവളമാണിത്. യാത്രക്കാരുടെ എണ്ണത്തിൽ ഏറ്റവും മുൻനിരയിലുള്ള എയർപോർട്ടുകളിൽ അവഗണിക്കാനാവാത്ത സ്ഥാനമാണ് കോഴിക്കോട് വിമാനത്താവളത്തിനുള്ളത്. അതുപോലെ റവന്യൂ വരുമാനത്തിൽ മുൻനിരയിൽ നിൽക്കുന്നതും കരിപ്പൂർ എയർപോർട്ട് തന്നെയാണ്. മലബാറിൽ നിന്നും 12 ലക്ഷത്തോളം ജനങ്ങൾ ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നു. പ്രതിവർഷം 10 ലക്ഷത്തോളം യാത്രക്കാർ വിമാനം കയറുകയും ഇറങ്ങുകയും ചെയ്യുന്നത് കരിപ്പൂർ വഴിയാണ്. ഹജ്ജ്-ഉംറ തുടങ്ങിയ തീർത്ഥാടകരായി 3 ലക്ഷം പേരും സന്ദർശകരും ടൂറിസ്റ്റുകളുമായി കാൽലക്ഷംപേരും ആശ്രയിക്കുന്നത് കരിപ്പൂർ വിമാനത്താവളത്തെയാണ്. ഏറ്റവും കൂടുതൽ ആളുകൾ യാത്ര ചെയ്യുന്ന എയർട്രാഫിക്കാണ് കരിപ്പൂർ-ജിദ്ദ റൂട്ട്. വലിയ വിമാനങ്ങൾ, ബോയിംഗ് 747 ഉൾപ്പെടെ അനായാസേന സർവ്വീസ് നടത്തിയിരുന്ന വിമാനത്താവളം വലിയ ഗൂഢാലോചനയുടെ ഭാഗമായി ഇന്ന് വളർച്ചയും വികസനവും മുരടിച്ച അവസ്ഥയിലായിരിക്കുകയാണ്. സാങ്കേതികക്ഷമത, സൗകര്യക്കുറവ്, സുരക്ഷാപ്രശ്നം എന്നിവ ഉയർത്തിക്കാട്ടിയാണ് വ്യോമയാന മന്ത്രാലയവും ഭരണകൂടവും കരിപ്പൂരിനെ ഞെക്കിക്കൊല്ലാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുന്നത്. എയർ ഇന്ത്യ, സൗദി എയർലൈൻസ്, എമിറേറ്റ്സ്, ഇത്തിഹാദ് എന്നീ കമ്പനികളുടെ വലിയ വിമാനങ്ങൾ വഴിയായിരുന്നു കരിപ്പൂരിലൂടെ ആയിരക്കണക്കിനാളുകളുടെ യാത്ര നടന്നിരുന്നത്. മംഗലാപുരം വിമാനത്താവള ദുരന്തമുണ്ടായതിന്റെ കാരണം പറഞ്ഞാണ് കരിപ്പൂരിന്റെ ചിറകരിയാനുള്ള ആദ്യശ്രമം നടന്നത്. 2015 മേയ് മാസം മുതലാണ് റൺവേ ദീർഘിപ്പിക്കലിന്റെയും റീ-കാർപ്പറ്റിംഗിന്റെയും പേരു പറഞ്ഞ് വലിയ വിമാനങ്ങൾക്ക് വിലക്ക് വീണത്. കേരളം, ലക്ഷദ്വീപ്, മാഹി എന്നിവിടങ്ങളിൽ നിന്നായി പ്രതിവർഷം 12000 പേർ ഹജ്ജ് യാത്രയ്ക്ക് തുടക്കം കുറിച്ചിരുന്ന ഹജ്ജ് ഹൗസും അനുബന്ധ സൗകര്യങ്ങളുടെ എംബാർക്കേഷൻ പോയിന്റും പെട്ടെന്ന് നെടുമ്പാശ്ശേരിയിലേയ്ക്ക് മാറ്റിയതോടെ കരിപ്പൂർ വിമാനത്താവളത്തിന്റെ ഗ്രാഫ് താഴോട്ട് വന്നുതുടങ്ങി. ഇരുപതോളം ചെറുകിട വിമാനത്താവളങ്ങളിൽ വലിയ വിമാനങ്ങൾ ഇറങ്ങുകയും ഹജ്ജ് യാത്രക്കാരെ കൊണ്ടുപോകുകയും ചെയ്തു വരുന്ന സാഹചര്യത്തിലായിരുന്നു കരിപ്പൂർ കോഡ് ഇ എയർക്രാഫ്റ്റുകൾക്ക് വിലക്ക് വന്നത്. വലിയ വിമാനങ്ങൾ വരെ സർവ്വീസ് നടത്തിയിരുന്ന ഇവിടെ വിമാന കമ്പനികൾ വരാതായി. കമ്പനികൾ പൊതുജനതാൽപ്പര്യാർത്ഥം നടത്തിയ ഇടപെടലുകളും കേരള ഗവൺമെന്റ് പലപ്പോഴായി നടത്തിയ ഇടപെടലുകളും ഒന്നുംതന്നെ ഭരണാധികാരികൾ പരിഗണിച്ചില്ല. സ്ഥലമെടുപ്പിന്റെ പേരുപറഞ്ഞ്

വിലപേശാൻപോലും എയർപോർട്ട് അതോറിറ്റിയും കേന്ദ്രസർക്കാരും സന്നദ്ധമായി. കരിപ്പൂരിലെ വരുമാനത്തിന്റെ ഏകദേശം പകുതിയും കോഡ് ഇ വിമാനസർവ്വീസ് വഴിയായിരുന്നു. കോടിക്കണക്കിന് രൂപ നഷ്ടമാകുകയും ചെലവ് കൂടുകയും ചെയ്തതാണ് പുതിയ അനുഭവം. ചെറുവിമാനങ്ങൾവഴി സർവ്വീസ് നടത്താൻ വിമാനക്കമ്പനികൾ തയ്യാറാകാതെ വന്നതോടെ കരിപ്പൂർ ശുഷ്കമായി. മലബാറിന്റെ സാമ്പത്തികരംഗത്ത് അതിന്റെ പ്രത്യാഘാതങ്ങളുണ്ടായി. 2017 ഫെബ്രുവരി മാസത്തോടെ റൺവേയുടെ ബലപ്പെടുത്തലും റീ-കാർപ്പെറ്റിംഗും പൂർത്തിയായി. 2700 മീറ്റർ റൺവേ നവീകരിച്ച് ഏതുതരം വിമാനങ്ങൾക്കും സർവ്വീസ് നടത്താമെന്നായി. എന്നാൽ വീണ്ടും സാങ്കേതികക്ഷമതയും അപര്യാപ്തതയും പറഞ്ഞ് വിലങ്ങ് വയ്ക്കാൻ ശ്രമം തുടരുകയാണ്. കഞ്ചിക്കോട് കോച്ച് ഫാക്ടറി വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഡൽഹിയിൽ നടത്തിയ പ്രസംഗം ശ്രദ്ധേയമാണ്. 'കേട്ടുകേൾവിയില്ലാത്ത വിവേചനം, ഒരു നാടിനോടും ജനതയോടുമുള്ള കേന്ദ്രസർക്കാരിന്റെ ശത്രുതാപരമായ നിലപാട്, അതാണ് കോച്ച് ഫാക്ടറി നഷ്ടപ്പെടുന്ന നിലയിലേക്ക് കാര്യങ്ങൾ നീങ്ങിയത് എന്ന പ്രസ്താവന ഈ സന്ദർഭത്തിൽ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. കരിപ്പൂർ വിമാനത്താവളത്തിന്റെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. കേട്ടുകേൾവിയില്ലാത്ത വിവേചനം, ഒരു നാടിനോടും ജനതയോടുമുള്ള ശത്രുതാപരമായ നിലപാട്, അതാണ് കരിപ്പൂർ വിമാനത്താവളത്തിന്റെ വിഷയത്തിലും ആവർത്തിക്കുന്നത്. കഴിഞ്ഞവർഷം ഡിസംബറിൽ കാലിക്കറ്റ് എയർപോർട്ട് വിഷയം സംബന്ധിച്ച് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ നടത്തിയ പഠനം വ്യക്തമാക്കുന്നത് വലിയ വിമാനങ്ങൾക്ക് നിർഭയമായി കരിപ്പൂരിൽ സർവ്വീസ് നടത്താമെന്നാണ്. 2700 മീറ്റർ റൺവേ എല്ലാ വിമാനങ്ങൾക്കും സൗകര്യപൂർവ്വം സർവ്വീസ് നടത്താൻ പര്യാപ്തമാണെന്ന് ഈ പഠനം സാക്ഷ്യപ്പെടുത്തുന്നു. വലിയ വിമാനങ്ങൾ ഇറങ്ങുന്നതിന് വിലക്കേർപ്പെടുത്തിയ പ്രശ്നങ്ങളൊന്നും ഇപ്പോൾ നിലവിലില്ല. റൺവേ ബലപ്പെടുത്തൽ, RESA-യുടെ വീതികൂട്ടൽ തുടങ്ങി എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചുകഴിഞ്ഞു. പക്ഷേ വലിയ വിമാനങ്ങൾക്ക് ഏർപ്പെടുത്തിയ വിലക്ക് ഇപ്പോഴും തുടരുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്....പ്ലീസ്...

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഇത് വിമാനത്താവളത്തിന്റെ നിലവാരത്തെ തകർക്കുന്നതിനുള്ള അവസരമായി ചില ലോബികൾ ഉപയോഗിക്കുകയാണ്. അടുത്ത കാലത്താണ് ഫയർ സേഫ്റ്റി സംബന്ധിച്ച കാറ്റഗറി 8-ൽനിന്ന് 7-ലേയ്ക്ക് തരംതാഴ്ത്താനായി ശ്രമങ്ങൾ നടന്നത്. വിമാനത്താവളത്തെ തകർക്കാനുള്ള ഗൂഢനീക്കം ഉദ്യോഗസ്ഥതലത്തിലടക്കം നടക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. ഇതുസംബന്ധിച്ച വാർത്തകൾ പത്രമാധ്യമങ്ങൾ വലിയ പ്രാധാന്യത്തോടെയാണ്

പ്രസിദ്ധീകരിച്ചിരുന്നത്. മാത്രമല്ല, ഇതിനെതിരെ കക്ഷി രാഷ്ട്രീയത്തിനതീതമായി വലിയ പ്രക്ഷോഭങ്ങളും സമരപരിപാടികളും നടന്നുകൊണ്ടിരിക്കുകയാണ്. കാർഗോ വിമാനങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന വിലക്ക് മലബാറിന്റെ സാമ്പത്തികരംഗത്തെ ആകെ തകർക്കുന്ന രീതിയിലേക്ക് നീങ്ങിയിരിക്കുകയാണ്. ഇരുപത്താറോളം ചെറുകിട കയറ്റുമതി കമ്പനികൾ ഇപ്പോൾ തന്നെ അടച്ചുപൂട്ടിക്കഴിഞ്ഞു.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്....പ്ലീസ്... ശ്രീ. അബ്ദുൽഹമീദ് ചുരുക്കി സംസാരിക്കണം.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, അവസാനിപ്പിക്കുകയാണ്. കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതി നിലച്ചത് കാർഷികമേഖലയെ പ്രതികൂലമായി ബാധിക്കുകയും ആയിരക്കണക്കിനാളുകൾക്ക് തൊഴിലും വരുമാനവും നഷ്ടമായിരിക്കുകയുമാണ്. കോഴിക്കോട് വിമാനത്താവളത്തെ അതിന്റെ പഴയ പ്രതാപത്തിലേക്ക് തിരിച്ചു കൊണ്ടുവരേണ്ടത് അത്യന്താപേക്ഷിതമാണ്. കക്ഷി രാഷ്ട്രീയഭേദമെന്യേ ഇതിനെതിരെയുള്ള കൂട്ടായ്മ, ശക്തമായ കേന്ദ്രഗവൺമെന്റിലേക്കുള്ള സമ്മർദ്ദം എന്നിവ അനിവാര്യമായിട്ടുള്ള സന്ദർഭമാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും വീണ്ടും ഇക്കാര്യത്തിൽ ശക്തമായി ഇടപെടണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നമ്മുടെ സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട ഗൗരവമായ ഒരു പ്രശ്നമാണ് ബഹുമാന്യനായ അബ്ദുൽ ഹമീദ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ ആശങ്ക പൂർണ്ണമായും ശരിവയ്ക്കുന്ന തരത്തിലുള്ള സംഭവങ്ങളാണ് ഇതുവരെ ഉണ്ടായിട്ടുള്ളത്. കരിപ്പൂർ വിമാനത്താവളത്തിന്റെ നിലവിലുള്ള റൺവേയുടെ നീളം 2850 മീറ്ററായതിനാൽ ജംബോ വിമാനങ്ങൾക്ക് സഞ്ചാരയോഗ്യമാക്കുന്നതിന് റൺവേയുടെ നീളം 3400 മീറ്ററായും റൺവേ സ്ട്രിപ്പിന്റെ വീതി 300 മീറ്ററായും വർദ്ധിപ്പിക്കേണ്ടതുണ്ട്. കൂടാതെ പാരലൽ ടാക്സി വേ നിർമ്മാണം, റൺവേ എൻഡ് സേഫ്റ്റി ഏരിയ 240 മീറ്റർ വീതമാക്കുന്ന പ്രവൃത്തി എന്നിവ പൂർത്തിയാക്കണം. ഇതിനാവശ്യമായ 485.3 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുത്ത് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിമാനത്താവളത്തിന്റെ റൺവേയുടെ ദൈർഘ്യം വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ചുവെങ്കിലും നിലവിലുള്ള ചട്ടങ്ങൾ പാലിച്ചുകൊണ്ട് പ്രസ്തുത ശിപാർശ പുനഃസമർപ്പിക്കുവാൻ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്. കരിപ്പൂർ വിമാനത്താവളത്തിൽ ജംബോ വിമാനങ്ങൾ പ്രവർത്തിക്കു ന്നതുമായി ബന്ധപ്പെട്ട് ഡി.ജി.സി.എ. പരിശോധന നടത്തിയിട്ടുണ്ട്. പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ബോയിംഗ് 777 പോലുള്ള വിമാനങ്ങൾ ഇറങ്ങാൻ ഉതകുന്ന തരത്തിൽ റൺവേ എൻഡ് സേഫ്റ്റി ഏരിയയുടെ ദൈർഘ്യം 90 മീറ്ററിൽനിന്ന് 240 മീറ്ററായി വർദ്ധിപ്പിക്കുകയും ലൈറ്റിംഗ് അറേഞ്ച്മെന്റ്സ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഹജ്ജ് യാത്രക്കാർക്കുകൂടി പ്രയോജനകരമാകുന്ന വിധത്തിൽ വലിയ വിമാനങ്ങൾ സർവ്വീസ് നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സംസ്ഥാനം കേന്ദ്രഗവൺമെന്റിനോട് നിരന്തരം ആവശ്യപ്പെട്ടുവരികയാണ്. ഇതുമായി ബന്ധപ്പെട്ട് സിവിൽ വ്യോമയാന വകുപ്പുമന്ത്രിയെ മിനിഞ്ഞാന്ന് (23-6-2018) കണ്ടിരുന്നു. ആ ഘട്ടത്തിൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ ചെയർമാനുമുണ്ടായിരുന്നു. കോഴിക്കോട് വിമാനത്താവള വികസനത്തിന് ഭൂമി ഏറ്റെടുക്കേണ്ട പ്രശ്നം ചർച്ച ചെയ്തു. വിമാനത്താവള വികസനത്തിന് നിശ്ചയിച്ച ഭൂമിയേറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുകയാണ്. നിർബന്ധമായും വേണ്ട ഭൂമി എത്രയെന്ന് നിശ്ചയിക്കുന്നത് നന്നാകും. ഞങ്ങൾ നടത്തിയ ചർച്ചയുടെ ഭാഗമായി എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ ചെയർമാനും വിദഗ്ദ്ധ സംഘവും കോഴിക്കോട് വിമാനത്താവളം കാലതാമസമില്ലാതെ സന്ദർശിക്കാമെന്ന് തീരുമാനിച്ചിട്ടുണ്ട്. ആ സന്ദർശനത്തിന്റെ തുടർച്ചയായി ഇന്നത്തെ സ്ഥിതിയിൽ പുരോഗതി കൈവരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിന്റെ സിവിൽ വ്യോമയാനരംഗം പൊതുവിൽ ശക്തി പ്പെടുത്തുന്നതിന് പിന്തുണയും സഹായവും സിവിൽ വ്യോമയാന വകുപ്പിന്റെ ചാർജ്ജ് വഹിക്കുന്ന ശ്രീ. സുരേഷ് പ്രഭു വാഗ്ദാനം ചെയ്തിട്ടുമുണ്ട്.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : സർ, ഇടത്തരം വിമാനങ്ങൾ അവിടെനിന്നും പുറപ്പെടുന്നതിന് യാതൊരു തടസ്സവുമില്ല. ലോകോത്തര വിമാനക്കമ്പനികളായ സൗദി എയർലൈൻസ്, എമിറേറ്റ്സ്, ഇത്തിഹാദ് എന്നിവർ സുരക്ഷാ പരിശോധന നടത്തി, ഞങ്ങൾ വിമാനം ഓടിക്കാൻ തയ്യാറാണ് എന്നുപറഞ്ഞുള്ള കൺസെന്റ് എയർപോർട്ട് അതോറിറ്റിക്ക് സമർപ്പിച്ചിരുന്നു. അത് ഇതുവരെ വെളിച്ചം കണ്ടിട്ടില്ല. അതുപോലെതന്നെ ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി ഇവിടെ വിളിച്ചുകൂട്ടിയ മീറ്റിംഗിൽ അവിടത്തെ ജനപ്രതിനിധികൾ മൊത്തം കക്ഷിരാഷ്ട്രീയത്തിനതീതമായി ഈ വിഷയത്തിൽ സഹകരിക്കാമെന്ന് പറയുകയും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഭൂമി വിട്ടുതരാൻ തയ്യാറാണ്. ആ വിഷയത്തിലൊന്നും തടസ്സമില്ല. പക്ഷേ ഇപ്പോഴുള്ള പ്രധാനപ്പെട്ട പ്രശ്നം, ഹജ്ജ് തീർത്ഥാടനം ആരംഭിക്കാൻ പോകുകയാണ്. ഹജ്ജ് എംബാർക്കേഷൻ പോയിന്റ് അവിടെ അനുവദിക്കുന്നതിന് ഒരു തടസ്സവുമില്ല. എല്ലാ സൗകര്യങ്ങളോടുംകൂടിയ ഹജ്ജ്

ഹൗസ് അവിടെയുണ്ട്. ഇടത്തരം വിമാനങ്ങൾ പറത്താനുള്ള അനുമതി മാത്രം ലഭിച്ചാൽ മതി. പക്ഷേ അത് നടക്കുന്നില്ല. ബഹുമാന്യനായ മുഖ്യമന്ത്രി ഇക്കാര്യത്തിൽ നിരന്തമായി ഇടപെടുന്നുണ്ട്. കഴിഞ്ഞ ദിവസവും ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. പ്രതിപക്ഷനേതാവ്, മലബാറിലെ എം.പി.-മാർ, എയർപോർട്ട് ഡെവലപ്മെന്റ് കമ്മിറ്റിയുടെ ചെയർമാനായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എന്നിവർ അതുമായി ബന്ധപ്പെട്ടുള്ള മീറ്റിംഗുകൾ വിളിച്ചുചേർത്തിട്ടുണ്ട്. ഇത്തരത്തിൽ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമടക്കമുള്ളവർ ഒന്നുകൂടി ഈ വിഷയത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, ഇതുവരെയുള്ളതിൽനിന്നും വ്യത്യസ്തമായ ഒരു നിലപാടാണ് മിനിഞ്ഞാന്ന് നടന്ന ചർച്ചയിലുണ്ടായിട്ടുള്ളത്. അതിന്റെ ഭാഗമായാണ് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ ചെയർമാൻ കോഴിക്കോട് എയർപോർട്ടിൽ വരാമെന്നും കാര്യങ്ങൾ പരിശോധിക്കാമെന്നും ചർച്ച ചെയ്യാമെന്നും പറഞ്ഞിട്ടുള്ളത്. വരുന്ന തീയതി എന്നെയുംകൂടി അറിയിക്കണമെന്ന് ഞാൻ പറഞ്ഞപ്പോൾ അതും അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. അത്തരമൊരു യോഗത്തിൽ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തുനോക്കാം. അതിനുശേഷം എന്ത് വേണമെന്ന് തീരുമാനിക്കാം.

## VI സബ്മിഷൻ

### (1) ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനം

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട് പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ നിലനിൽക്കുന്ന ഒരു അപാകത ചൂണ്ടിക്കാണിക്കാനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ മാത്രം പി.ജി.-ക്ക് കിട്ടുന്ന മാർക്ക്, വെയിറ്റേജ് മാർക്കായി കൊടുക്കുന്നുണ്ട്. അതിന്റെ ഒരു പ്രശ്നം, പഴയ ആന്വൽ സ്കീമിൽ പരീക്ഷ എഴുതുന്നവർക്ക് മാർക്ക് കുറവായും സെമസ്റ്റർ സ്കീമിൽ പരീക്ഷയെഴുതുന്നവർക്ക് മാർക്ക് കൂടുതലായുമിരിക്കും. മാർക്ക് വെയിറ്റേജ് കൊടുക്കുന്ന സിസ്റ്റം പുലർത്തുന്നത് ഹയർ സെക്കണ്ടറി അദ്ധ്യാപക റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ മാത്രമാണ്. ബാക്കി എല്ലാ തസ്തികകളിലും ഒരു യോഗ്യത നിശ്ചയിച്ചാൽ ആ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പി.എസ്.സി. നടത്തുന്ന എഴുത്തുപരീക്ഷയുടെ മാർക്കും ഇന്റർവ്യൂവിന്റെ മാർക്കും പരിഗണിച്ചാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. ഇതിൽ മാത്രമാണ് മറ്റുള്ള തസ്തികകൾക്കില്ലാത്ത ഒരു നിലയുള്ളത്. ആന്വൽ സ്കീമിൽ പി.ജി. കഴിഞ്ഞവർ സ്വാഭാവികമായും സീനിയേഴ്സാണ്. അവരിൽ പലരും over age ആകാൻ പോകുന്നവരാണ്. മാർക്ക് വെയിറ്റേജ് വരുമ്പോൾ അവർക്ക് റാങ്ക്

ലിസ്റ്റിൽ വരാൻ പറ്റാത്ത ഒരവസ്ഥയുണ്ടാകും. അങ്ങനെ അതൊരു അപാകതയായി നിലനിൽക്കുകയും പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ മറ്റ് ലിസ്റ്റുകളെ പോലെ എഴുത്തുപരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും മാർക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കണമെന്നാണ് അവരുടെ ഭാഗത്തുനിന്നും വന്നിട്ടുള്ള പൊതു ആവശ്യം. അത് പരിശോധിച്ച്, പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിന് പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ ബിരുദാനന്തര ബിരുദ പരീക്ഷയ്ക്ക് നേടിയ മാർക്കുകൂടി പരിഗണിക്കുന്നത് പരാതികൾക്ക് ഇടയാക്കിയിരുന്നു. ഇതുസംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലനിന്നിരുന്ന കേസ്സിൽ ഇക്കാര്യം തീരുമാനിക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷന് അധികാരമുണ്ടെന്ന നിരീക്ഷണം നടത്തി കേസ് അവസാനിപ്പിച്ചിരുന്നു. ഇതേത്തുടർന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഒഴികെയുള്ള അദ്ധ്യാപക തസ്തികകളിലെ തെരഞ്ഞെടുപ്പിന് അക്കാദമിക് മാർക്കിന് വെയിറ്റേജ് നൽകുന്നത് പരിശോധിക്കാൻ പി.എസ്.സി. ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുകയും പ്രസ്തുത സമിതി ശിപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിവിധ കോടതികളിൽ കേസ്സുകൾ നിലനിൽക്കുന്നതിനാൽ നിലവിലെ പി.എസ്.സി. തെരഞ്ഞെടുപ്പുകൾക്ക് വെയിറ്റേജ് നിബന്ധന ബാധകമാണ്. വിജ്ഞാപനത്തിലെ വ്യവസ്ഥയ്ക്ക് തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഇടയിൽ മാറ്റം വരുത്താനാകില്ല. അതിനാൽ ഭാവിയിൽ ഹയർ സെക്കണ്ടറി, കോളേജ് അദ്ധ്യാപക തസ്തികകളിലേയ്ക്ക് പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾക്ക് പരീക്ഷാ സമ്പ്രദായത്തിൽ പ്രസ്തുത വിദഗ്ദ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാറ്റം വരുത്തി വെയിറ്റേജ് സംബന്ധിച്ച വിഷയം പരിശോധിക്കുന്ന കാര്യം പി.എസ്.സി.-യുടെ പരിഗണനയിലാണ്.

## (2) കടലാക്രമണം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എന്റെ നിയോജക മണ്ഡലമായ ഹരിപ്പാടിലെ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ എന്നീ രണ്ട് പഞ്ചായത്തുകളിൽ കടൽക്ഷോഭംമൂലം മത്സ്യത്തൊഴിലാളികളും തദ്ദേശവാസികളും വലിയ പ്രതിസന്ധി നേരിടുകയാണ്. അവിടെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 14-ഓളം പുലിമുട്ടുകൾ സ്ഥാപിക്കുകയും കടൽഭിത്തി നിർമ്മിക്കുകയും ചെയ്തു. സുനാമിബാധിത പ്രദേശമാണിത്. സുനാമിയുടെ ദുരിതം അനുഭവിച്ച ഒരു പ്രദേശത്ത് വീണ്ടും കടൽക്ഷോഭം വന്നതോടുകൂടി പാവപ്പെട്ട മത്സ്യത്തൊഴിലാളികളും ആ പ്രദേശത്ത്

ജീവിക്കുന്ന ആളുകളും വലിയ പ്രതിസന്ധി നേരിടുകയാണ്. തൃക്കുന്നപ്പുഴയിലെ പല്ലന, പാനൂർ എന്നീ പ്രദേശങ്ങളും ആറാട്ടുപുഴയിലെ നല്ലാനിക്കൽ, പെരുമ്പള്ളി, എ.കെ.ജി. നഗർ, ആറാട്ടുപുഴ ബസ് സ്റ്റാന്റ് തുടങ്ങിയ പ്രദേശങ്ങളും നിരന്തരമായ കടലാക്രമണ ഭീഷണിയിലാണ്. ഇത്തവണ സ്ഥലം അടർത്തിക്കൊണ്ടുപോകുന്ന തരത്തിലുള്ള കടലാക്രമണമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മദ്രാസ് ഐ.ഐ.ടി.-യുടെ പഠനം കഴിഞ്ഞ് പുലിമുട്ട് നിർമ്മാണത്തിനുള്ള നടപടികൾ പൂർത്തിയാക്കി ഇപ്പോഴും അനുവാദത്തിനുവേണ്ടി കാത്തുനിൽക്കുന്ന സാഹചര്യമാണുള്ളത്. പുലിമുട്ട് ഇല്ലാത്ത സ്ഥലങ്ങളിലാണ് വൻതോതിലുള്ള കടലാക്രമണം ഉണ്ടാകുന്നത്. എന്റെ മണ്ഡലത്തിൽ മാത്രമല്ല, ആലപ്പുഴ ജില്ലയുടെ തീരപ്രദേശമാകെ രൂക്ഷമായ കടൽക്ഷോഭം നേരിടുകയാണ്. അങ്ങയുടെ മണ്ഡലത്തിലെ അഞ്ചുതെങ്ങ് ഉൾപ്പെടെ തിരുവനന്തപുരം ജില്ലയിൽ ശ്രീ. വി. എസ്. ശിവകുമാറിന്റെ മണ്ഡലം ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെല്ലാം കടലാക്രമണ ഭീഷണിയുണ്ട്. കല്ല് ഇടണ്ടായെന്നുള്ളതായിരുന്നു കഴിഞ്ഞ രണ്ട് വർഷമായി ഈ ഗവൺമെന്റ് എടുത്ത സമീപനം. അതിനുപകരം മണൽച്ചാക്ക് ഇടാമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. മണൽച്ചാക്കിട്ട പ്രദേശങ്ങളിൽ ഒരു തിര അടിക്കുമ്പോൾത്തന്നെ മണൽച്ചാക്ക് പോകുകയാണ്. അതിർത്തി സംരക്ഷണവുമായി ബന്ധപ്പെട്ട് കടലാക്രമണ നിരോധന പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് കോൺഗ്രസ് പാർട്ടിയുടെ പേരിൽ 14-ാം ധനകാര്യ കമ്മീഷന് ഞങ്ങൾ മെമ്മോറാണ്ടം കൊടുത്തു. ബഹുമാന്യനായ മുഖ്യമന്ത്രിയും ഇവിടെയുണ്ട്. ഈ കാര്യത്തിൽ അടിയന്തര ശ്രദ്ധയുണ്ടാകണം. കടൽഭിത്തി നിർമ്മാണം ഉണ്ടാകുന്നില്ലെങ്കിൽ നമ്മുടെ പല പ്രദേശങ്ങളും പൂർണ്ണമായും ഇല്ലാതാകും. മത്സ്യത്തൊഴിലാളികൾ വലിയ പ്രതിസന്ധി നേരിടുകയാണ്. അതുകൊണ്ട് കല്ലിടില്ലെന്ന നിലപാട് മാറണം. ഐ.ഐ.ടി. പഠനം നടത്തിക്കഴിഞ്ഞിട്ടുള്ള പ്രദേശങ്ങളിൽ കടൽഭിത്തിയും പുലിമുട്ടും നിർമ്മിച്ച് അവിടത്തെ ജനങ്ങളെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയോട് ആവശ്യപ്പെടുന്നു. നിരവധി തവണ അദ്ദേഹത്തോട് ഇക്കാര്യം നേരിട്ട് സംസാരിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ആലപ്പുഴ ജില്ലയിലെ എം.എൽ.എ.-മാരുടെ യോഗം വിളിച്ചതാണ്. ആ ജില്ലയിലെ ഏറ്റവും വലിയ പ്രതിസിന്ധി കടലാക്രണ ഭീഷണിയാണ്. അതുകൊണ്ട് ഈ കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, തൃക്കുന്നപ്പുഴ-ആറാട്ടുപുഴ പഞ്ചായത്തുകളിലായി 20.7 കിലോമീറ്റർ നീളത്തിൽ കടൽത്തീരമുണ്ട്. ഈ പ്രദേശം കടൽഭിത്തി കെട്ടി സംരക്ഷിക്കപ്പെട്ടിരുന്നെങ്കിലും പല ഭാഗത്തും പ്രത്യേകിച്ച് വലിയഴീക്കൽ, പെരുമ്പള്ളി, നല്ലാനിക്കൽ, വട്ടച്ചാൽ, ആറാട്ടുപുഴ,

തൃക്കുന്നപ്പുഴ, പാനൂർ, പല്ലന എന്നീ ഭാഗങ്ങളിൽ കടലാക്രമണംമൂലം വൻതോതിൽ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് അടിയന്തര തീര സംരക്ഷണ പ്രവൃത്തികൾക്കുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ആലപ്പുഴ പ്രദേശത്ത് പാറയുടെ ലഭ്യത വലിയ പ്രശ്നമാണ്. ടെണ്ടർ ചെയ്ത ചില വർക്കുകൾ പാറയില്ലാത്തത് കാരണം കരാറുകാർ റെസ്പോണ്ട് ചെയ്യുന്നതുപോലുമില്ല. കടൽക്ഷോഭം രൂക്ഷമാകുകയും പാറയുടെ ദൗർലഭ്യം നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന് ലഭ്യമായ പാറ ഉപയോഗിച്ച് വട്ടച്ചാൽ, പെരുമ്പള്ളി, ആറാട്ടുപുഴ, നല്ലാനിക്കൽ എന്നീ പ്രദേശങ്ങളിൽ 400 മീറ്റർ നീളത്തിൽ അടിയന്തര സംരക്ഷണ പ്രവൃത്തികൾ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. തൃക്കുന്നപ്പുഴയിൽ 50 മീറ്റർ നീളത്തിൽ അടിയന്തര സംരക്ഷണ പ്രവൃത്തികൾ നടന്നുവരുന്നു. പാറയുടെ ക്ഷാമത്തിന് പരിഹാരമായി ആറാട്ടുപുഴയിൽ 200 മീറ്റർ നീളത്തിൽ ജിയോ സിന്തറ്റിക് ട്യൂബുകൾ ഉപയോഗിച്ചുള്ള തീരസംരക്ഷണത്തിന് ഇറിഗേഷൻ വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി.-യുമായി സഹകരിച്ച് നടപടി സ്വീകരിക്കുകയാണ്. ശാശ്വതപരിഹാരത്തിനായി തകർന്ന ഭാഗങ്ങളിലുള്ള കടൽ ഭിത്തികളുടെ പുനരുദ്ധാരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ആറാട്ടുപുഴ പഞ്ചായത്തിൽ ബസ്സ്റ്റാന്റിഡിന് സമീപം 50 മീറ്റർ നീളത്തിൽ പുനരുദ്ധാരണ ത്തിനായി പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നെങ്കിലും പാറയുടെ ക്ഷാമംമൂലം ആരും പ്രവൃത്തി ഏറ്റെടുത്തില്ല. ആറാട്ടുപുഴയിലും തൃക്കുന്നപ്പുഴയിലും കടൽഭിത്തിയും തീരദേശറോഡും വീടുകളും വളരെ ചേർന്ന് സ്ഥിതിചെയ്യുന്നതിനാൽ ശാശ്വതപരിഹാരത്തിന് പുലിമുട്ടുകളുടെ നിർമ്മാണമാണ് ഏറ്റവും അനുയോജ്യമായിട്ടുള്ളതെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. പുലിമുട്ടുകൾ പണിയുന്നത് സംബന്ധിച്ചുള്ള പ്രായോഗിക ബുദ്ധിമുട്ട്, എവിടെ പുലിമുട്ട് പണിയുന്നോ അവിടെ തീരം സംരക്ഷിക്കപ്പെടുമ്പോൾ പുലിമുട്ടുകൾ പണിയാത്ത ഭാഗങ്ങളിൽ കടൽ കൂടുതൽ രൂക്ഷമായി ആക്രമിക്കുന്നുവെന്ന പ്രശ്നം എന്നിവ നിലനിൽക്കുകയാണ്. എന്നാൽപ്പോലും ഇവിടെ പറഞ്ഞ സ്ഥലങ്ങളിൽ കിഫ്ബിയുടെ ധനസഹായത്തോടുകൂടി പ്രാവർത്തികമാക്കുന്നതിനായി മൂന്ന് പ്രവൃത്തികൾ സമർപ്പിച്ചിട്ടുണ്ട്.

- തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയാങ്കരയിൽ 1500 മീറ്റർ നീളത്തിൽ 13 പുലിമുട്ടുകളുടെ നിർമ്മാണം - 14.95 കോടി രൂപ.
- ആറാട്ടുപുഴ പഞ്ചായത്തിലെ വട്ടച്ചാലിൽ 1800 മീറ്റർ നീളത്തിൽ 16 പുലിമുട്ടുകളുടെ നിർമ്മാണം - 20.20 കോടി രൂപ.
- ആറാട്ടുപുഴ പഞ്ചായത്തിലെ ആറാട്ടുപുഴ ജംഗ്ഷനിൽ 1200 മീറ്റർ നീളത്തിൽ 21 പുലിമുട്ടുകളുടെ നിർമ്മാണം - 21.10 കോടി രൂപ.

ഇവയ്ക്ക് കിഫ്ബിയിൽനിന്ന് അനുമതി ലഭ്യമാക്കാനുള്ള നടപടികൾ നടന്നു വരികയാണ്. പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. സാധ്യമായ കാര്യങ്ങൾ അതത് സമയത്ത് ചെയ്യുന്നുണ്ട്. പ്രശ്നങ്ങളുണ്ടാകുമ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എന്നെ ഫോണിൽവിളിച്ച് പറയുകയും ഞാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്യാറുണ്ട്. പക്ഷേ അത് പ്രയോഗികമായി പ്രവൃത്തിപഥത്തിൽ എത്തിക്കാൻ കഴിയാതെ വരുന്നത് പാറ കിട്ടാത്തതുകൊണ്ടാണെന്ന് അങ്ങ്കൂടി അറിഞ്ഞിരിക്കണം.

11.00 AM]

## (3) ഐ.സി.ഡി.എസ്. ഉദ്യോഗസ്ഥയുടെ പരാതി

ശ്രീ. എ. എൻ. ഷംസീർ: സർ, ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് നഗരസഭയിൽ നിലവിലെ കോൺഗ്രസ് കൗൺസിലർ എം. പി. അനിൽമിത്ര, അവിടത്തെ ഐ.സി.ഡി.എസ്. ഉദ്യോഗസ്ഥയെ പീഡിപ്പിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തുവെന്ന പരാതി അടൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സിൽ ഇന്നേവരെ പ്രതികളെ പിടികൂടാൻ പോലീസ് തയ്യാറാകുന്നില്ല. പല ഉന്നതരായ കോൺഗ്രസ് നേതാക്കൾക്കുമായുള്ള ബന്ധമാണ് പ്രതികളെ പിടിക്കാൻ തടസ്സമായി നിൽക്കുന്നത്. പ്രതിയെ എത്രയുംപെട്ടെന്ന് നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഹരിപ്പാട് നഗരസഭയിലെ കൗൺസിലർ ശ്രീ. എം. പി. അനിൽമിത്ര, പല തവണ ലൈംഗിക ചൂഷണം നടത്തിയതായും ആഭരണവും പണവും തട്ടിയെടുത്തതായും പരാതിപ്പെട്ട് തിരുവനന്തപുരം സ്വദേശിനിയായ ഹരിപ്പാട്, സംയോജിത ശിശുവികസന പദ്ധതിയിലെ (ഐ.സി.ഡി.എസ്.) ഉദ്യോഗസ്ഥ സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകിയിരുന്നു. 2018 ജൂൺ 9-നാണ് പോലീസ് മേധാവിക്ക് പരാതി ലഭിച്ചത്. പരാതി ലഭിച്ചയുടൻ അടൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. പരാതിക്കാരിയെ വൈദ്യപരിശോധനയ്ക്ക് വിധേയയാക്കുകയും പത്തനംതിട്ട ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കി ക്രിമിനൽ നിയമ നടപടിച്ചട്ടം 164 പ്രകാരം മൊഴി രേഖപ്പെടുത്തുകയും ചെയ്തു. പ്രതിയെ അന്വേഷിച്ചുവരവെ പ്രതി ഹൈക്കോടതിയിൽ മുൻകൂർ ജാമ്യാപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. പ്രതിയെ അറസ്റ്റ് ചെയ്യുവാൻ നിയമപരമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

## (4) കൊച്ചി മെട്രോ

ശ്രീ. റോജി എം. ജോൺ: സർ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ തുടക്കം കുറിച്ച കേരളത്തിന്റെ മുഖച്ഛായതന്നെ മാറ്റിമറിച്ച ഒരു സ്വപ്നപദ്ധതിയായ കൊച്ചി മെട്രോ റെയിൽവേ വളരെ വിജയകരമായി മുന്നോട്ടുപോകുകയും കഴിഞ്ഞ ദിവസം അതിന്റെ ഒന്നാം വാർഷികം ആഘോഷിക്കുകയും ചെയ്തു. കൊച്ചി മെട്രോ വിഭാവനം ചെയ്ത കാലംമുതൽ അതിന്റെ രണ്ടും മൂന്നും ഘട്ട വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് ആലോചനകൾ നടന്നിട്ടുണ്ട്. രണ്ടാം ഘട്ടമായി കാക്കനാട് ഇൻഫോ പാർക്കിലേയ്ക്കും മൂന്നാംഘട്ടമായി നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കും അങ്കമാലിയിലേയ്ക്കും എക്സ്റ്റന്റ് ചെയ്യുന്നതിനെ സംബന്ധിച്ച ആലോചനകളാണ് നടന്നിട്ടുള്ളത്. ലോകമെമ്പാടും അവലംബിക്കുന്ന ഒരു വൈസ് ട്രാൻസ്പോർട്ട് പോളിസിയെന്നത് റോഡ്-ജല-വ്യോമ-റെയിൽ ഗതാഗത മാർഗ്ഗങ്ങളെ പരസ്പരം സംയോജിപ്പിക്കുകയെന്നതാണ്. അതുകൊണ്ടുതന്നെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഡെൽഹി, ചെന്നൈ, മെട്രോ സർവ്വീസുകളെ വിമാനത്താവളങ്ങളുമായെല്ലാം ബന്ധപ്പെടുത്തിയിട്ടുമുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ പുതിയ മെട്രോ പോളിസിയനുസരിച്ച് ലാസ്റ്റ് മൈൽ കണക്ടിവിറ്റി ഉറപ്പുവരുത്തുന്നതിനെക്കുറിച്ച് നിഷ്കർഷിക്കുന്നുമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, കൊച്ചി മെട്രോയുടെ രണ്ടാംഘട്ടമായി ഇൻഫോ പാർക്കിലേയ്ക്കുള്ള പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുന്നു, മൂന്നാം ഘട്ടത്തിൽ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കും അങ്കമാലിയിലേയ്ക്കും എക്സ്റ്റന്റ് ചെയ്യുകയെന്നതാണ്. അതിന് പുതിയ മെട്രോ പോളിസി അനുസരിച്ചുള്ള സമഗ്രമായ പദ്ധതിരേഖ ഒരു ഏജൻസിയെ ചുമതലപ്പെടുത്തി തയ്യാറാക്കി സമർപ്പിക്കേണ്ടതായിട്ടുണ്ട്. അതിന്റെ പ്രാഥമിക നടപടികൾ എത്രയുംവേഗത്തിൽ ആരംഭിക്കേണ്ടതുണ്ട്. കൊച്ചി മെട്രോതന്നെ ലാഭകരമാക്കുന്നതിനുവേണ്ടി അങ്കമാലിപോലുള്ള പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നത് സഹായകരമാകും. കാരണം എറണാകുളം ജില്ലയിൽത്തന്നെ ആയിരക്കണക്കിന് സീസൺ ടിക്കറ്റ് യാത്രക്കാരുള്ള ഒരു പ്രദേശമാണ് അങ്കമാലി. അതുകൊണ്ട് അങ്കമാലി പോലുള്ള ഒരു പ്രദേശത്തേയ്ക്ക് കൊച്ചി മെട്രോയുടെ മൂന്നാം ഘട്ട പ്രവർത്തനം വ്യാപിപ്പിക്കുമ്പോൾ മെട്രോ വിജയകരമായി മുന്നോട്ടുകൊണ്ടു പോകുന്നതിനും സഹായകരമാകും. അതുകൊണ്ട് കൊച്ചി മെട്രോ പദ്ധതി കൊച്ചി വിമാനത്താവളവും അങ്കമാലിയുമായി ബന്ധിപ്പിക്കുന്നതിനുള്ള മൂന്നാംഘട്ട പ്രവർത്തനങ്ങൾക്കുള്ള നടപടികൾ എത്രയുംപെട്ടെന്ന് ആരംഭിക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൊച്ചി മെട്രോയുടെ ഒന്നാം ഘട്ടത്തിലെ ആലുവ മുതൽ മഹാരാജാസ് വരെയുള്ള ഭാഗം പ്രവർത്തനം ആരംഭിച്ച തിനുശേഷം പേട്ടവരെയുള്ള ആദ്യഘട്ടത്തിലെ 2-ാം ഭാഗത്തിന്റെ നിർമ്മാണ

ജോലികൾ അടുത്ത വർഷം ജൂണിൽ പൂർത്തീകരിക്കത്തക്കവിധത്തിൽ പുരോഗമിച്ചു വരുന്നു. പേട്ടയിൽനിന്നും തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷനിൽ അവസാനിക്കുന്ന മെട്രോയുടെ ഒന്നാം ഘട്ടം 1എ-യുടെ നിർമ്മാണത്തിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽനിന്നും ആരംഭിച്ച് കാക്കനാടുവഴി ഇൻഫോപാർക്കിൽ അവസാനിക്കുന്നതാണ് രണ്ടാംഘട്ടം. അതിന്റെ അനുമതിക്കായി പുതിയ മെട്രോ നയത്തിനനുസരിച്ച് മാറ്റങ്ങൾ വരുത്തിയ പദ്ധതിരേഖ സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. പദ്ധതിരേഖയ്ക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരംകൂടി ലഭ്യമായാൽ മാത്രമെ രണ്ടാംഘട്ടത്തിന്റെ നിർമ്മാണപ്രവൃത്തി ആരംഭിക്കാൻ കഴിയൂ. ഇവിടെ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച അങ്കമാലിയുടെയും വിമാനത്താവളത്തിന്റെയുമൊക്കെ പ്രശ്നങ്ങൾ ഗൗരവമുള്ളതുതന്നെയാണ്. പക്ഷെ ഈ സാഹചര്യത്തിൽ അങ്കമാലിയിലേയ്ക്ക് മെട്രോ ദീർഘിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## (5) രാഷ്ട്രീയ സംഘർഷങ്ങൾ

ഡോ. എൻ. ജയരാജ്: സർ, കഴിഞ്ഞ മേയ് 13-ാം തീയതി മുതൽ ചിറക്കടവ് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒട്ടേറെ രാഷ്ട്രീയ സംഘർഷങ്ങൾ അരങ്ങേറുകയാണ്. മേയ് 13-ാം തീയതിക്കുശേഷം മൂന്നുപേരെയാണ് വെട്ടി പരിക്കേൽപ്പിച്ചത്. അതിനുശേഷം ജൂൺ 8-ാം തീയതി മറ്റൊരു സംഭവത്തിൽ മറ്റൊരാളിന്റെ കാൽ വെട്ടിയ സംഭവവുമുണ്ടായി. ഏറ്റവും അവസാനം 23-6-2018-ന് രാത്രി 8.45-ന് ഒരു സി.പി.ഐ. (എം) പ്രവർത്തകനെ വളരെ മാരകമായി വെട്ടി പരിക്കേൽപ്പിച്ച ഒരു സംഭവവുമുണ്ടായി. ഈ പഞ്ചായത്തിലെ പല പ്രദേശങ്ങളിലും 144 പ്രഖ്യാപിച്ചിരിക്കുകയാണ്. രാഷ്ട്രീയ സംഘർഷങ്ങൾ ഒരു തുടർസംഭവമായി മാറിയ ഇവിടെ 13-ഓളം കേസ്സുകൾ ഇപ്പോൾത്തന്നെ പോലീസ് ചാർജ് ചെയ്തിട്ടുണ്ട്. പക്ഷെ രണ്ട് വിഭാഗങ്ങളുടെയും ഭാഗത്തുനിന്നും ആത്മസംയമനം ഉണ്ടാകാത്തതുകാരണം അവിടെ സാധാരണ ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ടുകൾ നേരിടുന്ന ഒരു സാഹചര്യമാണുള്ളത്. പ്രത്യേകിച്ച് വ്യാപാര സ്ഥാപനങ്ങൾ 8 മണിയോടുകൂടി അടയ്ക്കേണ്ടിവരുന്നതിനാൽ വ്യാപാരികൾ വളരെയേറെ പ്രതിഷേധത്തിലാണ്. അതുപോലെതന്നെ ഓട്ടോറിക്ഷ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ ജീവിതമാർഗ്ഗങ്ങൾ അടയുകയാണ്. ചെറിയൊരു വിഭാഗം വരുന്ന ന്യൂനപക്ഷമാണ് യഥാർത്ഥത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നത്. പോലീസ് വളരെ ശക്തമായിത്തന്നെ അവിടെ ക്യാമ്പ് ചെയ്യുന്നുണ്ടെങ്കിൽപ്പോലും അവിടെ സംഘർഷങ്ങൾ വ്യാപിക്കുകയാണ്. പുറത്തുനിന്നുള്ള ഇടപെടൽ ഉണ്ടാകുന്നുണ്ടെന്ന പരാതി പൊതുവെ ജനങ്ങൾക്കിടയിലുണ്ട്. അതുകൊണ്ട് അടിയന്തരമായി ഈ സംഘർഷങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള നടപടിയുണ്ടാക്കി പ്രതികൾക്കെതിരെ മുഖംനോക്കാതെ ശക്തമായ നടപടി സ്വീകരിച്ച് ആ പ്രദേശത്തെ ജനങ്ങളുടെ സ്വൈരജീവിതം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കോട്ടയം ജില്ലയിലെ ചിറക്കടവ് പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ സമാധാന അന്തരീക്ഷം തടസ്സപ്പെടുത്തുന്ന രീതിയിൽ സംഘർഷങ്ങൾ ഉണ്ടായതിനെത്തുടർന്ന് 14-6-2018-ൽ ജില്ലാ കളക്ടർ സമാധാനയോഗം വിളിച്ചുചേർത്തിരുന്നു. പ്രദേശത്ത് സമാധാനം ഉറപ്പാക്കുന്നതിന് ജില്ലാ കളക്ടർ 144 സി.ആർ.പി.സി. പ്രകാരം 12-6-2018 മുതൽ 14 ദിവസത്തേയ്ക്ക് ചിറക്കടവ് പഞ്ചായത്ത് പ്രദേശത്ത് നിരോധനാജ്ഞ പുറപ്പെടുവിച്ചിട്ടുണ്ട്. നിരോധനാജ്ഞ നിലനിൽക്കവെ സമാധാന യോഗത്തിലെ തീരുമാനത്തിന് വിരുദ്ധമായി 23-6-2018-ന് വീണ്ടും ഒരു സംഘം ബി.ജെ.പി. പ്രവർത്തകർ പ്രകോപനമൊന്നുമില്ലാതെ സി.പി.ഐ.(എം) പ്രവർത്തകനായ രവിയെ മാരകമായി വെട്ടി പരിക്കേൽപ്പിച്ചു. വലതുകയ്യുടെ തോൾഭാഗം അറ്റുതൂങ്ങിയ നിലയിൽ കോട്ടയം കാരിത്താസ് ആശുപത്രിയിൽ പ്രവേശിപ്പിച്ച രവിയെ അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയനാക്കിയിട്ടുണ്ട്. ഭാര്യയുമൊത്ത് കാറിൽ വീട്ടിലേയ്ക്ക് വരുന്ന വഴിയിൽ രാത്രി 8 മണിക്ക് വീട്ടുമുറ്റത്തുവച്ച് കാർ തടഞ്ഞുനിർത്തി കാർ അടിച്ചുപൊട്ടിച്ചായിരുന്നു ഈ ക്രൂരകൃത്യം ചെയ്തത്. രവിയെ മാരകമായി വെട്ടി പരിക്കേൽപ്പിച്ച സംഭവവുമായി ബന്ധപ്പെട്ട് രവിയുടെ ഭാര്യയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഐ.പി.സി. 143, 144, 147, 148, 341, 427, 326, 307, 506 (2), 149 എന്നീ വകുപ്പുകൾ പ്രകാരം പൊൻകുന്നം പോലീസ് സ്റ്റേഷനിൽ ക്രൈം 745/2018 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ്സിൽ രണ്ടുപേരെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തുവരികയാണ്. അക്രമസംഭവങ്ങൾ തടയുന്നതിന് കർശന നടപടികളാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്. ചിറക്കടവിലും പരിസരപ്രദേശങ്ങളിലും ആവശ്യമായ പോലീസ് പിക്കറ്റിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. മൊബൈൽ പട്രോളിംഗ് ടീമുകളും സ്ട്രൈക്കർ പാർട്ടികളും 24 മണിക്കൂറും ശക്തമായ പട്രോളിംഗ് നടത്തിവരുന്നുണ്ട്. ചിറക്കടവിലും പരിസര പ്രദേശങ്ങളിലും സമാധാനം പുനഃസ്ഥാപിക്കാനും പ്രതികളെ അറസ്റ്റ് ചെയ്ത് നിയമ നടപടികൾക്ക് വിധേയമാക്കാനും ആവശ്യമായ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

## (6) സാമ്പത്തിക തട്ടിപ്പ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വടകര എന്ന സ്ഥലത്ത് ദീപു, ജിതിൻ എന്ന രണ്ട് യുവാക്കൾ വയനാട് ജില്ലയിലെ കർഷകരുടെ കുരുമുളക്, കാപ്പി തുടങ്ങിയ കാർഷിക ഉൽപ്പന്നങ്ങൾ വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കാനെന്നുപറഞ്ഞ് അവധിക്കാല അടിസ്ഥാനത്തിൽ കൂടിയ വിലയ്ക്ക് വാങ്ങുകയും അവർക്ക് അതിനാവശ്യമായ ചെക്ക് നൽകുകയും ചെയ്തു. കാലാവധി ആയപ്പോൾ കർഷകർ ചെക്ക് മാറാൻ ബാങ്കിൽ ചെന്നപ്പോഴാണ് തങ്ങൾ കബളിപ്പിക്കപ്പെട്ടു എന്ന് മനസ്സിലായത്. ഇതുമായി ബന്ധപ്പെട്ട് പുൽപ്പള്ളി, തിരുനെല്ലി, മാനന്തവാടി,

തലപ്പുഴ, വെള്ളമുണ്ട പോലീസ് സ്റ്റേഷനുകളിൽ നൂറു കണക്കിന് കർഷകർ പരാതി സമർപ്പിച്ചിട്ടുണ്ട്. ഏതാണ്ട് 20 കോടി രൂപയുടെ തട്ടിപ്പാണ് നടന്നിട്ടുള്ളത്. ഞാൻ ഇതുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിലെ എസ്.പി.-യുമായി മൂന്ന് തവണ സംസാരിച്ചു. കർഷകരുടെ പരാതിയുടെ അടിസ്ഥാനത്തിൽ ഈ പ്രതികളെ കണ്ടെത്തുകയോ നടപടി സ്വീകരിക്കാനോ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. അതുകൊണ്ട് അങ്ങ് ഇടപെട്ട് ഈ പ്രതികളെ കണ്ടെത്തി അവരെ മാതൃകാപരമായി ശിക്ഷിക്കുകയും അതോടൊപ്പംതന്നെ കർഷകർക്ക് നഷ്ടപ്പെട്ട തുക തിരിച്ചുകിട്ടുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്നുമാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വയനാട് ജില്ലയിൽ മാനന്തവാടി, പുൽപ്പള്ളി, തിരുനെല്ലി, വെള്ളമുണ്ട, തലപ്പുഴ എന്നിവിടങ്ങളിലെ പന്ത്രണ്ടോളം കർഷകരിൽനിന്ന് കുരുമുളകും കാപ്പിയും മാർക്കറ്റ് വിലയേക്കാൾ കൂടുതൽ വില നൽകാമെന്ന് പറഞ്ഞ് വടകര സ്വദേശികളായ ജിതിൻ, ദീപു, യൂനിസ്, പുൽപ്പള്ളി സ്വദേശികളായ രാജേഷ്, അനിൽ എന്നിവർ ചേർന്ന് വാങ്ങിയശേഷം പണത്തിന് പകരം ചെക്ക് നൽകുകയുണ്ടായി. ബാങ്കിൽ ചെക്ക് കളക്ഷനുപോയ സമയം അക്കൗണ്ടിൽ തുകയില്ലെന്ന് മനസ്സിലാക്കി. കർഷകർ കബളിപ്പിക്കപ്പെട്ടെന്ന് ബോധ്യമായതിനെ തുടർന്ന് അതത് പോലീസ് സ്റ്റേഷനുകളിൽ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രതികളുടെ പേരിൽ വഞ്ചനാക്കുറ്റം ചുമത്തിയിട്ടുണ്ട്. IPC 420 (34) പ്രകാരം മാനന്തവാടി പോലീസ് സ്റ്റേഷനിൽ അഞ്ച് ക്രൈം കേസുകളും പുൽപ്പള്ളി, വെള്ളമുണ്ട, തിരുനെല്ലി എന്നീ പോലീസ് സ്റ്റേഷനുകളിൽ ഓരോ കേസും തലപ്പുഴ പോലീസ് സ്റ്റേഷനിൽ നാല് കേസും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പ്രതികളുടെ പേരിലുള്ള കാറും ജീപ്പും കസ്റ്റഡിയിലെടുത്ത് കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. പ്രതികളുടെ കൈവശമുള്ള കാർ കൈമാറ്റം ചെയ്യാതിരിക്കുന്നതിന് വടകര ആർ.ടി.ഒ. മുഖേനയുള്ള നടപടികളും ബാങ്ക് അക്കൗണ്ട് മരവിപ്പിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചുവരുന്നു. വസ്തുവകകൾ കൈമാറ്റം ചെയ്യാതിരിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്. പ്രതികളിൽ ഒരാളായ പുൽപ്പള്ളി സ്വദേശി അനിൽ കോടതിയിൽ കീഴടങ്ങി ജാമ്യം നേടിയിട്ടുണ്ട്. കേസിൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് പ്രതികളെപ്പറ്റി ഊർജ്ജിത അന്വേഷണം നടത്തിവരുന്നു.

## (7) വില്ലേജ് ഓഫീസിലെ കാലതാമസം

ശ്രീ. അനൂപ് ജേക്കബ്: സർ, ആമ്പല്ലൂർ വില്ലേജ് ഓഫീസ് ഒരു വയോധികൻ തീയിട്ടതിനെ സംബന്ധിച്ച് ഞാൻ രാവിലെ വാക്കൗട്ട് പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നു. ആ വ്യക്തി പോക്കുവരവുമായി ബന്ധപ്പെട്ട് ഏതാനും വർഷങ്ങളായി അവിടെ

കയറിയിറങ്ങുകയാണ്. ഗത്യന്തരമില്ലാത്തതുകൊണ്ടായിരിക്കാം അദ്ദേഹം ഈ കടുംകൈ ചെയ്തത്. ഇത് ഒരു വില്ലേജ് ഓഫീസിലെ മാത്രം വിഷയമല്ല. കേരളത്തിലെ പല വില്ലേജ് ഓഫീസുകളിലും ആവശ്യമുള്ള രേഖകൾ കിട്ടാനായി അനന്തമായ കാലതാമസമാണ് പൊതുജനത്തിന് നേരിടേണ്ടി വരുന്നത്. പട്ടയം കൊടുത്ത കാര്യത്തെക്കുറിച്ചൊക്കെ അങ്ങ് രാവിലെ പ്രസംഗിക്കുന്നത് കേട്ടു. പക്ഷേ അങ്ങ് പറയുന്നതിന് വിപരീതമായ നിലയിലാണ് ഫീൽഡിൽ ഉണ്ടാകുന്ന അനുഭവങ്ങൾ. വില്ലേജ് ഓഫീസുകളിലെ വിവിധ സേവനങ്ങൾക്കായി പലപ്പോഴും ജനങ്ങൾ ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്നു എന്നുള്ളത് വലിയൊരു യാഥാർത്ഥ്യം തന്നെയാണ്. ആമ്പല്ലൂർ വില്ലേജിനെ സംബന്ധിച്ച് ഞാൻ കഴിഞ്ഞ മൂന്നാം മാസം ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. ആമ്പല്ലൂർ ഗ്രൂപ്പ് വില്ലേജ് വിഭജിച്ച് കീച്ചേരി, കുളയേറ്റിക്കര എന്നീ വില്ലേജുകളും എടയ്ക്കാട്ടുവയൽ വില്ലേജ് വിഭജിച്ച് കൈപ്പാട്ടൂർ വില്ലേജും രൂപീകരിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ഞാൻ കഴിഞ്ഞ മൂന്നാം മാസം അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. കഴിഞ്ഞ വർഷവും ഞാൻ ഇതേ വിഷയം സബ്മിഷനായി ഉന്നയിച്ചതാണ്. അവിടെയൊക്കെ വലിയ രീതിയിലുള്ള തിരക്ക് അനുഭവപ്പെടുന്ന വില്ലേജുകളാണ്. അങ്ങ് കഴിഞ്ഞ വർഷവും ഈ വർഷവും നൽകിയ മറുപടി ഒന്നുതന്നെയാണ്. ഇതിന്റെ കെട്ടിടങ്ങളെല്ലാം പൂർത്തിയായി കിടക്കുകയാണ്. പക്ഷേ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ഇതിങ്ങനെ അനന്തമായി നീണ്ടുപോവുകയും അനാവശ്യമായ ബുദ്ധിമുട്ടുകളിലേയ്ക്ക് ജനങ്ങളെ തള്ളിവിടുകയും ചെയ്യുന്ന ഒരു സാഹചര്യമാണ് ഉണ്ടാകുന്നത്. ഈ വിഷയത്തിന് ഉടൻതന്നെ ഒരു പരിഹാരമുണ്ടാകണം. വില്ലേജ് ഓഫീസുകളിൽനിന്ന് ജനങ്ങൾക്ക് ഏറ്റവും വേഗതയിൽ സേവനം എത്തിക്കുവാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. അനൂപ് ജേക്കബ് ഉന്നയിച്ച വിഷയത്തിൽ, പിറവം നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിൽനിന്നും സർട്ടിഫിക്കറ്റുകളും സേവനങ്ങളും കാലതാമസമില്ലാതെ നൽകിയിട്ടുണ്ട് എന്ന വിവരമാണ് ഇവിടെ ലഭിച്ചിട്ടുള്ളത്. ആമ്പല്ലൂർ വില്ലേജ് ഓഫീസിൽ കഴിഞ്ഞ മൂന്ന് മാസംകൊണ്ട് 1567 സർട്ടിഫിക്കറ്റ് സംബന്ധമായ അപേക്ഷകൾ ലഭിച്ചിട്ടുള്ളതും അവ തീർപ്പാക്കിയിട്ടുള്ളതുമായ വിവരമാണ് ഇവിടെ ലഭിച്ചിരിക്കുന്നത്. എറണാകുളം ജില്ലയിലെ മറ്റ് വില്ലേജ് ഓഫീസുകളിൽ ജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം കിട്ടുന്നില്ലെന്ന യാതൊരു പരാതിയും നാളിതുവരെ ലഭിച്ചിട്ടില്ല. സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നൽകുന്നതിനുള്ള നിർദ്ദേശം എറണാകുളം ജില്ലാ കളക്ടർക്ക് നൽകിയിട്ടുള്ളതാണ്.

ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ആമ്പല്ലൂരിലെ പ്രത്യേക വിഷയത്തിൽ ഇനി എന്തെങ്കിലും പരിശോധന വേണമെങ്കിൽ അത്തരം പരിശോധന നടത്താവുന്നതാണ്. കിട്ടിയ വിവരമനുസരിച്ച് 1567 സർട്ടിഫിക്കറ്റ് സംബന്ധമായ അപേക്ഷ മൂന്ന് മാസത്തിനകം ലഭിക്കുകയും അതെല്ലാം കൊടുക്കുകയും ചെയ്തു എന്നാണ് പറയുന്നത്. എന്താണ് അതിന്റെ വിഷയം എന്നത് സംബന്ധിച്ച് വേണമെങ്കിൽ എം.എൽ.എ. ചൂണ്ടിക്കാണിച്ചതിന്റെ സാഹചര്യത്തിൽ അന്വേഷിക്കാവുന്നതാണ്. വില്ലേജുകളുടെ വിഭജനത്തെത്തുടർന്ന് പുതിയ കെട്ടിടങ്ങളും മറ്റുമായെങ്കിലും അദ്ദേഹം തന്നെ സൂചിപ്പിച്ചതുപോലെ പോസ്റ്റ് ക്രിയേഷൻ പ്രധാനപ്പെട്ടൊരു ആവശ്യമാണ്. അതുമായി ബന്ധപ്പെട്ട ചർച്ചകൾ നടക്കുന്നു. തീർച്ചയായും പ്രസ്തുത വിഷയം പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (8) തകർന്ന വീട് വാസയോഗ്യമാക്കൽ

ശ്രീമതി സി. കെ. ആശ: സർ, കണ്ടെയ്നർ ലോറി മറിഞ്ഞ് വീട് തകർന്ന് താമസയോഗ്യമല്ലാതായതിനെ സംബന്ധിച്ചാണ് ഞാൻ ഇവിടെ സബ്മിഷൻ അവതരിപ്പിക്കുന്നത്. മാർച്ച് 29-ാം തീയതി ശ്രീ. ഗോപിനാഥൻ എ. എൻ., ഓറിയന്റൽ എക്സിം ഏജൻസിയുടെ വക കണ്ടെയ്നർ ലോറി കോട്ടയം-എറണാകുളം സ്റ്റേറ്റ് ഹൈവേയിൽനിന്നും വൈക്കം വടകര കൊല്ലാട് വീട്ടിൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വേണുവിന്റെ 25 അടി താഴ്ചയുള്ള വീട്ടിലേയ്ക്ക് മറിഞ്ഞതിനെത്തുടർന്ന് ഹൃദ്രോഗിയായ വേണുവിനും മാനസിക രോഗികളായ രണ്ട് സഹോദരങ്ങൾക്കും കിടപ്പാടം നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ വിഷയത്തിൽ കളക്ടറും ആർ.ഡി.ഒ.-യും ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടികളുമെല്ലാം ഇടപെടുകയും കളക്ടറുടെ നിർദ്ദേശപ്രകാരം പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് വിഭാഗം വീട് പുനർനിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. ആ എസ്റ്റിമേറ്റ് പ്രകാരം 4,70,000 രൂപയാണ് അതിന് നിർദ്ദേശിക്കപ്പെട്ടത്. ഈ തുക വേണുവിന് ലഭിക്കുന്നതിന് ആർ.ഡി.ഒ. ഉത്തരവിട്ടു. എന്നാൽ ആ ഉത്തരവിട്ടതിനുശേഷം രണ്ട് മാസം പിന്നിട്ടു. ഈ കണ്ടെയ്നർ ലോറി മറിഞ്ഞിട്ട് ഇപ്പോൾ മൂന്ന് മാസമായി. ഈ തുക കണ്ടെയ്നറിന്റെ ഉടമസ്ഥർ ഇതുവരെ നൽകാൻ തയ്യാറായിട്ടില്ല. അതുമാത്രമല്ല, ഈ തുക നൽകുകയില്ലെന്നും 65,000 രൂപ മാത്രമേ അവർ വേണുവിന് നൽകുകയുള്ളൂ എന്നുമുള്ള കടുംപിടുത്തത്തിലാണ്. മൂന്ന് മാസമായിട്ടും ഈ കുടുംബം താമസിക്കാൻ സ്ഥലമില്ലാതെ വളരെയേറെ കഷ്ടപ്പെട്ട് അയൽവക്കത്തെ വീടുകളിൽ താമസിച്ചുവരികയാണ്. എന്നാൽ ഈ വസ്തുതകളെല്ലാം മറച്ചുവച്ചുകൊണ്ട്, ആർ.ഡി.ഒ.-യുടെയും കളക്ടറുടെയും ഉത്തരവ് കാറ്റിൽപ്പറത്തിക്കൊണ്ട് കണ്ടെയ്നറിന്റെ ഉടമസ്ഥർ ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. അവർ ഹൈക്കോടതിയിൽ പറഞ്ഞി

രിക്കുന്ന കാര്യങ്ങളാണ് നമുക്ക് വളരെയേറെ പ്രശ്നമുണ്ടാക്കുന്നത്. കാരണം, കണ്ടെയ്നർ അവിടെനിന്ന് മാറ്റിയില്ലെങ്കിൽ വേണുവിന്റെ വീടിനും സ്വത്തിനും സുരക്ഷിതത്വം ഒരുക്കാൻ സാധിക്കില്ല. അതിന് ഭീഷണിയാണ് എന്നൊരു വാദവുമായിട്ടാണ് കണ്ടെയ്നറിന്റെ ഉടമസ്ഥർ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നത്. ഹൈക്കോടതി അത് മാറ്റുന്നതിനുള്ള ഉത്തരവിട്ടിരിക്കുകയാണ്. ഈ കണ്ടെയ്നർ മാറ്റിയാൽ ഒരു കാരണവശാലും വേണുവിന് അർഹമായ നഷ്ടപരിഹാര തുക ലഭിക്കുകയില്ലെന്ന് മാത്രമല്ല, കണ്ടെയ്നർ മാറ്റുമ്പോൾ ഇപ്പോഴുള്ള വീടിന്റെ ബാക്കി ഭാഗംകൂടി ഇടിഞ്ഞുപോകുന്നതിനുള്ള സാധ്യതയും കൂടുതലാണ്. അതുകൊണ്ട് അടിയന്തരമായി, ഹൈക്കോടതി ഇപ്പോൾ ഇങ്ങനെയൊരു ഉത്തരവിട്ടിട്ടുണ്ടെങ്കിൽപ്പോലും വേണുവിന് 4,70,000 രൂപയുടെ നഷ്ടപരിഹാരം കൊടുക്കണമെന്നുള്ള കളക്ടറുടെ ഉത്തരവ് നടപ്പിലാക്കിയതിനുശേഷം മാത്രമേ കണ്ടെയ്നർ മാറ്റാവൂ എന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. അതിന് ഗവൺമെന്റിന്റെ പൂർണ്ണമായ സഹായം ആവശ്യപ്പെടുകയാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ശ്രീമതി സി. കെ. ആശ ഉന്നയിച്ച ഈ വിഷയത്തിൽ കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിലെ വെള്ളൂർ വില്ലേജ് വടകരക്കരയിൽ വല്ലാട്ടുവീട്ടിൽ ശ്രീ. വേണുവിന്റെ വീടിനുമുകളിലേയ്ക്ക് ശ്രീ. ഗോപിനാഥൻ എ. എൻ., ഓറിയന്റൽ എക്സിം ഏജൻസീസ് കൊച്ചി എന്നയാളുടെ കണ്ടെയ്നർ ലോറി മറിഞ്ഞ് വീടിന് കേടുപാടുകൾ സംഭവിച്ചിരുന്നു. പി.ഡബ്ല്യൂ.ഡി. വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രസ്തുത സ്ഥലം പരിശോധന നടത്തി വീട് താമസയോഗ്യമാക്കുന്നതിനുവേണ്ടിയുള്ള ചെലവ് 4,70,000 രൂപയാണെന്ന് കണക്കാക്കിയിട്ടുണ്ട്. വീട് പുതുക്കി പണിയുന്നതിനെ സംബന്ധിച്ച വാഹന ഉടമയുടെയും കെട്ടിട ഉടമയുടെയും യോഗം റവന്യൂ ഡിവിഷണൽ ഓഫീസർ വിളിച്ചുചേർത്തതിൽ എസ്റ്റിമേറ്റ് തുകയായ 4,70,000 രൂപ ചെലവാക്കാൻ നിർവ്വാഹമില്ലെന്നും നഷ്ടപരിഹാരമായി 65,000 രൂപ വരെ നൽകാൻ തയ്യാറാണെന്നും ലോറി ഉടമയ്ക്കുവേണ്ടി ഹാജരായ അഡ്വക്കേറ്റ് അറിയിച്ചു. മാനുഷിക പരിഗണനയോടെ ഈ വിഷയം പരിഗണിച്ച് ഇരുവിഭാഗവും വിട്ടുവീഴ്ച ചെയ്ത് വീട് ബലക്ഷയം കൂടാതെ പുനർനിർമ്മിക്കുന്നതിന് ഇരുകൂട്ടരും അനുരഞ്ജനത്തിൽ എത്തിച്ചേരണമെന്ന് പാലാ റവന്യൂ ഡിവിഷണൽ ഓഫീസർ നിർദ്ദേശിച്ചിരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച നിലവിലെ മാനദണ്ഡ പ്രകാരം ഇത്തരത്തിൽ വീടിന് കേടുപാടുകൾ സംഭവിക്കുമ്പോൾ വീട് പുതുക്കിപ്പണിയുന്നതിന് ധനസഹായം നൽകാൻ വ്യവസ്ഥയില്ല.

## (9) നഷ്ടപരിഹാരവും പുനരുദ്ധാരണ പ്രവർത്തനങ്ങളും

ശ്രീ. കെ. എൻ. എ. ഖാദർ: സർ, എന്റെ നിയോജക മണ്ഡലമായ വേങ്ങരയിൽ കാലവർഷക്കെടുതിമൂലം ധാരാളം ഹെക്ടർ സ്ഥലത്ത് കൃഷിനാശം സംഭവിച്ചിട്ടുണ്ട്, അനേകം റോഡുകൾ തകർന്നുപോയിട്ടുണ്ട്. അതുപോലെ പുഴയുടെ കര ഇടിഞ്ഞ് വീടുകളിൽ താമസിക്കാൻ സുരക്ഷിതത്വമില്ലാത്ത സാഹചര്യവും വന്നിട്ടുണ്ട്. കാലവർഷക്കെടുതിമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനും റോഡുകൾ പുനരുദ്ധരിക്കുന്നതിനും പുഴയരികിൽ താമസിക്കുന്നവർക്ക് മതിയായ സുരക്ഷാ സംവിധാനമൊരുക്കുന്നതിനും നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി(ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, സംസ്ഥാനത്ത് സമീപദിവസങ്ങളിലുണ്ടായ കാലവർഷക്കെടുതിയെക്കുറിച്ചാണ് ബഹുമാനപ്പെട്ട കെ. എൻ. എ. ഖാദർ, എം.എൽ.എ. ഉന്നയിച്ചിട്ടുള്ള സബ്മിഷനിൽ സൂചിപ്പിച്ചത്. ഇത് നിരവധി പ്രദേശങ്ങളിൽ, വിശേഷിച്ച് മലയോര മേഖലയിലും കടലോര മേഖലയിലും ഒട്ടനവധി നാശനഷ്ടങ്ങളും ആളപായവും ഉണ്ടാക്കിയിട്ടുണ്ട്. നിരവധി വീടുകളും ജീവനോപാധികളും കാർഷിക വിളകളും റോഡുകളും തകർന്ന് വ്യാപകമായ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. വടക്കൻ ജില്ലകളെയാണ് പ്രളയദുരിതം ഏറെ ബാധിച്ചത്. കാലവർഷം മുന്നിൽക്കണ്ട് എല്ലാ മുന്നൊരുക്കങ്ങളും നടത്തുകയും അതിനനുസരിച്ചുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എല്ലാവർക്കും നൽകുകയും ചെയ്തിട്ടുള്ളതാണ്. ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ 24 മണിക്കൂറും കൺട്രോൾ റൂമുകൾ പ്രവർത്തിച്ചുവരികയാണ്. ദുരിതാശ്വാസ പ്രവർത്തനത്തിൽ, റവന്യൂ, പോലീസ്, അഗ്നിശമനസേന, തദ്ദേശസ്വയംഭരണം, ആരോഗ്യം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചുവരുന്നുണ്ട്. അതോടൊപ്പം കേന്ദ്ര ദുരന്ത പ്രതികരണസേനയുടെ രണ്ട് ടീമുകളിലായി 96 പേരുടെ സേവനവും മാതൃകാപരമായ വിധത്തിൽ ലഭിക്കുന്നുണ്ട്. എല്ലാ ദുരന്ത ബാധിത ജില്ലകളിലും ദുരിതാശ്വാസ ക്യാമ്പുകൾ ഏർപ്പെടുത്തി ദുരിത ബാധിതരെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. ആദിവാസി ഊരുകളിൽ ഭക്ഷണം എത്തിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ക്യാമ്പുകളിൽ നല്ല ഭക്ഷണം ലഭ്യമാക്കുന്നതിനും ശുദ്ധവായുവും കുടിവെള്ളവും വൈദ്യുതിയും ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്ന സാഹചര്യം ഒഴിവാക്കണമെന്ന പ്രത്യേക നിർദ്ദേശവും നൽകിയിട്ടുണ്ട്. കാലവർഷക്കെടുതിയുടെ ഭാഗമായി 20-6-2018 വരെ 88.7 കോടി രൂപയുടെ കൃഷിനാശം ഉണ്ടായിട്ടുള്ളതായാണ് കൃഷി വകുപ്പ് പ്രാഥമികമായി കണക്കാക്കിയിട്ടുള്ളത്. ഏകദേശം 23,727 കർഷകരുടെ 5,000 ഹെക്ടർ കൃഷി നശിച്ചിട്ടുണ്ട്. മാനദണ്ഡപ്രകാരം 36.47 കോടി രൂപയുടെ നഷ്ടപരിഹാരം നൽകേണ്ടതുണ്ട്.

18-6-2018-ൽ ചേർന്ന പ്രത്യേക മന്ത്രിസഭാ യോഗത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കേരളത്തിൽ കാലവർഷം ആരംഭിച്ച 29-5-2018 മുതൽ നാളിതുവരെ 66 പേർ മരണപ്പെട്ടിട്ടുണ്ട്. 289 വീടുകൾക്ക് പൂർണ്ണമായും 6900 വീടുകൾക്ക് ഭാഗികമായും നാശം സംഭവിച്ചിട്ടുണ്ട്. വിവിധ അവസരങ്ങളിലായി 29388 പേരെ വിവിധ ക്യാമ്പുകളിലായി പാർപ്പിച്ചിരുന്നു. 241.42 കിലോമീറ്റർ പഞ്ചായത്ത് റോഡുകളും 450 മീറ്റർ പി.ഡബ്ല്യു.ഡി. റോഡുകളും തകർന്നിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. കൂടാതെ റോഡുകളോട് ചേർന്നുകിടക്കുന്ന ഓടകൾ, കലുങ്കുകൾ, സംരക്ഷണഭിത്തി എന്നിവയ്ക്കും നാശം സംഭവിച്ചിട്ടുണ്ട്. 1207 ട്രാൻസ്ഫോർമറുകൾക്കും 2012 ഇലക്ട്രിക് പോസ്റ്റുകൾക്കും നാശം സംഭവിച്ചിട്ടുണ്ട്. കാലവർഷക്കെടുതിമൂലം റോഡുകൾ തകർന്നുണ്ടാകുന്ന നാശനഷ്ടത്തിന് നൽകുന്ന ദുരിതാശ്വാസ സഹായം കേന്ദ്ര സർക്കാരിന്റെ മാനദണ്ഡമനുസരിച്ച് നൽകിവരുന്നുണ്ട്. കാലവർഷക്കെടുതിയിൽ സംഭവിച്ച വീടുകളുടെ നാശനഷ്ടത്തിലും കൃഷി നാശത്തിലും ദുരിതാശ്വാസ സഹായം അനുവദിക്കുന്നതിനായി 21-6-2018-ലെ സർക്കാർ ഉത്തരവുപ്രകാരം നടപടികൾ സ്വീകരിച്ചുവരികയാണ്.

### (10) കുടിവെള്ള പദ്ധതികൾ

ശ്രീ. സജി ചെറിയാൻ: സർ, ചെങ്ങന്നൂർ മണ്ഡലത്തിലെ കുടിവെള്ള പ്രശ്നം വളരെയേറെ രൂക്ഷമാണ്. കഴിഞ്ഞ കാലങ്ങളിൽ ഈ രംഗത്ത് വളരെയേറെ അവഗണന ഉണ്ടായിട്ടുണ്ടെന്ന കാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇടതുപക്ഷ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഗുണപരമായ മാറ്റം ഇപ്പോൾ വന്നിട്ടുണ്ട്. ഗവൺമെന്റും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയും വകുപ്പും ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് ഇപ്പോൾ ചില ഇടപെടലുകൾ നടത്തുന്നുണ്ട്. 25 വർഷം മുമ്പ് ആരംഭിച്ച ചെന്നിത്തല കുടിവെള്ള പദ്ധതി ഇപ്പോഴാണ് കമ്മീഷൻ ചെയ്തത്. അന്ന് പൈപ്പുകൾ ഇട്ടത് എവിടെയാണെന്ന് അറിയില്ല, ഡിപ്പാർട്ട്മെന്റിന്റെ കൈവശം അതിന്റെ രേഖകളൊന്നുമില്ലെന്നാണ് ഞാൻ ചോദിച്ചപ്പോൾ മനസ്സിലായത്. അതുകൊണ്ട് വലിയ തോതിലുള്ള സമ്പത്ത് മുടക്കി എക്സ്റ്റൻഷൻ ലൈൻ സ്ഥാപിക്കേണ്ടി വന്നിരിക്കുകയാണ്. അതുപോലെ ചെങ്ങന്നൂരിലെ നഗരസഭാ പ്രദേശത്ത് മുളക്കുഴ, വെൺമണി പഞ്ചായത്തുകളിലും ഇപ്പോൾ ഒരു പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അത് അടിയന്തരമായി നടപ്പിലാക്കേണ്ടതുണ്ട്. ബുധനൂർ, ആല, പുലിയൂർ, പാണ്ടനാട് പ്രദേശങ്ങൾക്കായും ഒരു പദ്ധതിക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതും അടിയന്തരമായി ആരംഭിക്കേണ്ടതുണ്ട്. തിരുവൻവണ്ടൂർ പഞ്ചായത്തിലും ഒരു പദ്ധതി അനുവദിക്കപ്പെട്ടു എന്നറിയാൻ കഴിഞ്ഞു, അതിനും ആവശ്യമായ നീക്കങ്ങൾ ഉടൻ ആരംഭിക്കേണ്ടതായുണ്ട്. മാന്നാറും ചെറിയനാടും ഇപ്പോൾ നിലവിലുള്ള പദ്ധതികൾക്ക്

ആവശ്യമായ എക്സ്റ്റൻഷൻ ലൈനുകൾ സ്ഥാപിക്കേണ്ടതുണ്ട്. കേരളത്തിൽ മറ്റ് മണ്ഡലങ്ങളിൽനിന്ന് വ്യത്യസ്തമായി ഏറ്റവും അവഗണിക്കപ്പെട്ട ഒരു മണ്ഡലമാണ് ചെങ്ങന്നൂർ മണ്ഡലമെന്ന് കുടിവെള്ള പ്രശ്നങ്ങൾ മാത്രമെടുത്താൽ മനസ്സിലാകും. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സഹായം ചെയ്യുന്നതിന് മുന്നോട്ടുവന്നിട്ടുണ്ട്. അടിയന്തര സ്വഭാവത്തിൽ ഈ പദ്ധതികളെല്ലാം ആരംഭിക്കാനുള്ള സഹായങ്ങൾ ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ശുദ്ധജല വിതരണത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന മണ്ഡലമാണ് ചെങ്ങന്നൂർ നിയോജകമണ്ഡലം. ഈ ഗവൺമെന്റ് വന്നതിനുശേഷം ചില ഇടപെടലുകൾ നടത്തിയത് അദ്ദേഹംതന്നെ സൂചിപ്പിച്ചു. അതിൽ ഒന്നാമത് ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട് കുടിവെള്ള പദ്ധതിയാണ്. ഇതിനായി 24-11-2014-ൽ NRDWP-ൽ ഉൾപ്പെടുത്തി 15 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പക്ഷേ പണി മുന്നോട്ടുപോയില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതികൾക്ക് കേന്ദ്രസഹായം ഉള്ളതിൽ ഇതുവരെ പണം ചെലവഴിച്ചിട്ടില്ലാത്തവയുടെ ഭരണാനുമതി റദ്ദാക്കപ്പെട്ടു. അപ്പോൾ പുതിയ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തേണ്ടിവന്നു. ഈ നാലു പഞ്ചായത്തുകൾക്കായി 2017-18 ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പുതിയ പദ്ധതി പ്രഖ്യാപിച്ചു. അതിൻപ്രകാരം 81 കോടി രൂപയുടെ ആല-പുലിയൂർ, ബുധനൂർ, പാണ്ടനാട് പഞ്ചായത്തുകൾക്കായുള്ള കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അതിന്മേലുള്ള തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. അതിന് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുണ്ട്.

മുളക്കുഴ, വെൺമണി പഞ്ചായത്തുകൾക്കുവേണ്ടി ഒരു കുടിവെള്ള പദ്ധതി ഒന്നാംഘട്ടത്തിന് 2013-14 വർഷത്തിൽ 9.5 കോടി രൂപയുടെയും രണ്ടാംഘട്ട ത്തിനായി 2014-15 വർഷത്തിൽ 10.5 കോടി രൂപയുടെയും ഭരണാനുമതി നൽകിയിരുന്നു. ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന റോ വാട്ടർ പമ്പിംഗ് മെയിൻ, ശുദ്ധീകരണശാല, മുളക്കുഴ പഞ്ചായത്തിനായി ഉപരിതല സംഭരണി, അതിലേയ്ക്കുള്ള പമ്പിംഗ് മെയിൻ എന്നീ പ്രവൃത്തികൾക്കായി നവീൻ കൺസ്ട്രക്ഷൻ എന്ന സ്ഥാപനത്തിന് കരാർ നൽകുകയും ചെയ്തു.

ശുദ്ധീകരണശാലയും ഉപരിതല സംഭരണിയും നിർമ്മിക്കുന്നതിനാവശ്യമായി നികരുംപുറത്ത് 70 സെന്റ് സ്ഥലം മുളക്കുഴ പഞ്ചായത്ത് നൽകുന്നതാണ് എന്ന പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു പ്രസ്തുത കരാർ

നൽകിയത്. പക്ഷേ ആ സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് പഞ്ചായത്തിന് സാധിക്കാതെ വന്നതിനാൽ കരാർ നൽകിയ പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചില്ല. ശുദ്ധീകരണ ശാലയ്ക്കുള്ള സ്ഥലം ലഭ്യമാകാതെ വന്നതിനാൽ ഈ കുടിവെള്ള പദ്ധതിയുടെ മറ്റ് ഘടകങ്ങൾ ഒന്നുംതന്നെ തുടങ്ങുവാൻ സാധിക്കാതെ വന്നു. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ കേന്ദ്രവിഹിതത്തിലെ കുറവും 25 ശതമാനത്തിൽ താഴെ പുരോഗതി കൈവരിച്ച ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികൾക്ക് കേന്ദ്രസഹായം ലഭിക്കില്ലായെന്ന കേന്ദ്രസർക്കാരിന്റെ നിർദ്ദേശവും ആവശ്യമായ സ്ഥലം ലഭിക്കാത്തതിനാലും പദ്ധതിക്കുള്ള ഭരണാനുമതി റദ്ദാക്കുക യുണ്ടായി. ഈ വിഷയങ്ങളൊക്കെ അന്തരിച്ച മുൻ എം.എൽ.എ. കെ. കെ. രാമചന്ദ്രൻ നായരുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചർച്ച ചെയ്യുകയും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം ചെങ്ങന്നൂർ മുനിസിപ്പാലിറ്റിക്കും മുളക്കുഴ, വെൺമണി എന്നീ പഞ്ചായത്തുകൾക്കും ചേർന്നുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കായി ഒരു പ്രിലിമിനറി പ്രോജക്ട് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിരുന്നു. 2018-19-ലെ ബഡ്ജറ്റിൽ ചെങ്ങന്നൂർ മുനിസിപ്പാലിറ്റിക്കും മുളക്കുഴ, വെൺമണി പഞ്ചായത്തുകൾക്കും ഉള്ള ഒരു കുടിവെള്ള പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്കായുള്ള വിശദ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരികയാണ്.

ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ പാണ്ഡവൻപാറ പട്ടികജാതി സങ്കേതം ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി പാണ്ഡവൻപാറ കുടിവെള്ള പദ്ധതി-3.12 കോടി രൂപ മതിപ്പുചെലവുവരുന്ന പദ്ധതി 3/2018-ൽ തുടർനടപടികൾക്കായി തിരുവനന്തപുരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്.

തിരുവൻവണ്ടൂർ പഞ്ചായത്തിനുവേണ്ടി നിലവിലുള്ള പദ്ധതിയുടെ വിപുലീകരണം തിരുവല്ല, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള കിഫ്ബി ധനസഹായമായ 58 കോടി രൂപയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനും മതിയായ സ്ഥലം ലഭിക്കേണ്ടതുണ്ട്. സ്ഥലം കൈമാറാത്തതിനാൽ പാക്കേജ് മൂന്നിൽപ്പെട്ട തിരുവൻവണ്ടൂർ പഞ്ചായത്തിലെ 15 ലക്ഷം സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണി, സംഭരണിയിൽ ജലം എത്തിക്കുന്നതിനുള്ള പമ്പിംഗ് മെയിൻ, 50 കി. മീറ്റർ വിതരണശൃംഖല തുടങ്ങിയ പ്രവൃത്തികൾക്ക് തുടർനടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല. അനുയോജ്യമായ സ്ഥലം പഞ്ചായത്ത് അധികാരികൾ വാട്ടർ അതോറിറ്റിക്ക് കൈമാറിയാൽ ഉടൻതന്നെ ടെൻഡർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച മാന്നാർ, ചെന്നിത്തല ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി 1-2-2017-ൽ കമ്മീഷൻ ചെയ്തിട്ടുള്ളതാണ്. എന്നാൽ വിതരണ ശൃംഖല ദീർഘിപ്പിക്കേണ്ടതുണ്ട്. അതിനനുവദിച്ച ഒരു കോടി രൂപയുടെ സ്റ്റേറ്റ് പ്ലാൻ പദ്ധതിപ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയായിവരികയാണ്. ചെങ്ങന്നൂർ മണ്ഡലത്തിലെ കുടിവെള്ള മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 27-6-2018-ന് രാവിലെ തിരുവനന്തപുരത്തുവച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

## (11) കിള്ളിയാർ മിഷൻ പദ്ധതി

ശ്രീ. ഡി. കെ. മുരളി: സർ, എന്റെ നിയോജകമണ്ഡലത്തിലെ പനവൂർ പഞ്ചായത്തിലെ കരിഞ്ചാത്തിമൂലയിൽനിന്നും ആരംഭിച്ച് നെടുമങ്ങാട്, അരുവിക്കര മണ്ഡലങ്ങളിലൂടെ, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് 22 കി.മീറ്റർ ഒഴുകി കോർപ്പറേഷനിൽ പ്രവേശിച്ച് കരമനയാറ്റിൽ പതിക്കുന്ന തിരുവനന്തപുരം ജില്ലയിലെ പ്രധാനപ്പെട്ട നദിയാണ് കിള്ളിയാർ. ഇതിന്റെ ശുചീകരണത്തിനുവേണ്ടി വലിയ ജനകീയ കൺവെൻഷൻ വിളിച്ചുകൂട്ടി നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് മുൻകയ്യെടുത്ത് എം.എൽ.എ.-മാരുടെ സഹകരണത്തോടുകൂടി 'കിള്ളിയാർ മിഷൻ' എന്ന പേരിൽ ഒരു ജനകീയ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട നെടുമങ്ങാട് എം.എൽ.എ. ശ്രീ. സി. ദിവാകരൻ മുഖ്യരക്ഷാധികാരിയും ഞാൻ ചെയർമാനും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കൺവീനറുമായിട്ടുള്ള ഒരു കമ്മിറ്റിയാണ് രൂപീകരിച്ചത്. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ നിരവധി പ്രവർത്തനങ്ങൾ നടത്തുകയും അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും നേതൃത്വം കൊടുത്തുകൊണ്ട് ജനകീയ പങ്കാളിത്തത്തോടുകൂടി 'പുഴ നടത്തം' സംഘടിപ്പിക്കുകയും ചെയ്തു. അത് വളരെ ശ്രദ്ധേയമായ ഒരു പരിപാടിയായിരുന്നു. തുടർന്ന് മേയ് 14-ാം തീയതി, വിഷുവിന്റെ തലേദിവസം ഏകദേശം ഇരുപതിനായിരം ആളുകൾ പങ്കെടുത്തുകൊണ്ട് അവിടെ ഏകദിന ശുചീകരണവും നടത്തി. ധനകാര്യ വകുപ്പുമന്ത്രി, സഹകരണ വകുപ്പുമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി, വനം വകുപ്പുമന്ത്രി, പ്രതിപക്ഷനേതാവ്, എം.എൽ.എ.-മാർ, എം. പി., ജനനേതാക്കന്മാർ, വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ തുടങ്ങിയവരുൾപ്പെട്ട വലിയ ജനകീയ പങ്കാളിത്തമായിരുന്നു. ഒരു പക്ഷെ ഗിന്നസ് റിക്കോർഡുതന്നെ തകർത്ത ഒരു ജനകീയ പങ്കാളിത്തമുള്ള പരിപാടിയായിരുന്നു അതെന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. തുടർന്ന് അതിന്റെ ശുചീകരണ പ്രവർത്തനത്തിനുവേണ്ടി, മാലിന്യം ഒഴുകുന്നത് തടയുന്നതിനും റവന്യൂഭൂമി കണ്ടെത്തുന്നതിനുമുള്ള പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. പരിസ്ഥിതി ദിനത്തിൽ ആയിരക്കണക്കിന് വൃക്ഷത്തൈകൾ ഈ നദിയുടെ ഇരുകരകളിലും വച്ചുപിടിപ്പിക്കുകയും ചെയ്തു.

ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ പ്രോജക്ട് തയ്യാറാക്കുന്നതിനുള്ള പരിശോധന നടത്തിയിട്ടുണ്ട്. ആ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിനും അതിനാവശ്യമായ തുക അനുവദിക്കുന്നതിനും അടിയന്തരമായി നടപടി സ്വീകരിക്കാൻ തയ്യാറാകണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്): സർ, ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ വളരെ മാതൃകാപരമായ പ്രവർത്തനങ്ങളാണ് അവിടെ നടക്കുന്നത്. ശ്രീ. സി. ദിവാകരൻ, ശ്രീ. ഡി. കെ. മുരളി എന്നീ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ വലിയ ജനപങ്കാളിത്തത്തോടുകൂടിയാണ് ആ നദി മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ഇതിനോടകംതന്നെ നിരവധി നദികൾ ഇത്തരത്തിൽ പുനരുജ്ജീവിപ്പിച്ചുകഴിഞ്ഞു. കിള്ളിയാർ നദിയും മാലിന്യമുക്തമാക്കി കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് വർഷം മുഴുവൻ ജലസാന്നിദ്ധ്യം ഉറപ്പാക്കുന്നതിനുള്ള, ജനപങ്കാളിത്തത്തോടുകൂടിയുള്ളതും വിവിധ വകുപ്പുകൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതുമായ നടപടികൾ ഇതിനോടകം തുടങ്ങിക്കഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം ഇതിനോടകം നടന്ന പ്രവർത്തനങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ഉപദൗത്യമായ ജലസമൃദ്ധിയുടെ ഭാഗമായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് തയ്യാറാക്കുന്ന സമഗ്ര നീർത്തട മാസ്റ്റർ പ്ലാനുകൾ പ്രകാരമുള്ള ജലസേചന-ജലസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി ജലസേചന വകുപ്പിന് 2018-19-ലെ ബജറ്റിൽ എം.ഐ. ക്ലാസ് I, എം.ഐ. ക്ലാസ് II, ഹരിത കേരളം, കുളങ്ങളുടെ പുനരുദ്ധാരണം എന്നീ ശീർഷകങ്ങളിൽ എല്ലാ ജില്ലകൾക്കുമായി 23 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണം ലക്ഷ്യമാക്കിയുള്ള തടയണകളുടെ നിർമ്മാണവും സംരക്ഷണവും, കുളങ്ങളുടെ പുനരുദ്ധാരണം, കനാലുകളും കുളങ്ങളും തമ്മിൽ ബന്ധിപ്പിക്കൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹരിത കേരളം മിഷൻ പദ്ധതികൾ ജനപങ്കാളിത്തത്തോടെയാണ് നടപ്പിലാക്കിവരുന്നത്. കിള്ളിയാർ മിഷനിൽ പുഴ നടത്തത്തിലൂടെ കണ്ടെത്തിയിട്ടുള്ളതും നീർത്തടം മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ടതുമായ ജലസേചന-ജലസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കാൻ ജലസേചന വകുപ്പ് നടപടികൾ സ്വീകരിക്കുന്നതാണ്. വകുപ്പിന്റെ പ്രവർത്തനമെന്നതിനപ്പുറം ഈ പ്രദേശങ്ങളിൽ ഇതുവരെ ജലസംരക്ഷണവുമായി ബന്ധപ്പെട്ട് നടന്ന പ്രവർത്തനങ്ങളിൽ, ഔദ്യോഗികതലത്തിൽ ക്രമീകരിക്കുന്ന പ്രവർത്തനങ്ങളെക്കാൾ കൂടുതൽ ജനപങ്കാളിത്തോടെയുള്ള പ്രവർത്തനങ്ങളാണ് കാണുന്നത്. കാരണം വരട്ടാർ, കോലാറയാർ, കാനാമ്പുഴയാർ തുടങ്ങിയ സ്ഥലങ്ങളിൽ കണ്ട ജനകീയ പങ്കാളിത്തം ഇവിടെയുമുണ്ട്. വേണ്ട സാങ്കേതിക സഹായവും വകുപ്പിന് ഏറ്റെടുക്കാൻ കഴിയുന്ന മറ്റ് പ്രവൃത്തികളും ഏറ്റെടുത്ത് ഈ പ്രവൃത്തി പരിപൂർണ്ണ വിജയത്തിലെത്തിക്കാൻ ആവശ്യമായ എല്ലാ പിന്തുണയും ജലസേചന വകുപ്പ് നൽകുന്നതാണ്.

## (12) ഡയാലിസിസ് യൂണിറ്റ്

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ 'ആർദ്രം' പദ്ധതിയിൽ ഉൾപ്പെടുത്തി കുറെയധികം കാര്യങ്ങൾ ചെയ്തുതന്നിട്ടുണ്ട്. അതിന് ഒരുപാട് നന്ദിയുണ്ട്. അതോടൊപ്പം അവിടെ ഒരു ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് വേണ്ട പണവും അനുവദിച്ചിരുന്നു. ഒരേസമയം 9 പേർക്ക് ഡയാലിസിസ് ചെയ്യാൻ കഴിയുന്ന സംവിധാനത്തിന്റെ പണി ആരംഭിച്ചു. ആദ്യം ടെണ്ടർ ചെയ്തപ്പോൾ ആരും എടുത്തിരുന്നില്ല. രണ്ടാമത് ടെണ്ടർ വിളിച്ചപ്പോൾ, ടെണ്ടർ എടുക്കുകയും 80 ശതമാനം പണി തീർക്കുകയും ചെയ്തു. എന്നാൽ മാസങ്ങളായി പണി മുടങ്ങിക്കിടക്കുന്ന പ്രശ്നം നിലനിൽക്കുന്നുണ്ട്. പലതവണ ഇടപെട്ടിട്ടും പണി പുരോഗമിക്കാത്ത സാഹചര്യത്തിലാണ് ഈ വിഷയം സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അടിയന്തരമായി ആ പണി പുനരാരംഭിച്ച് പൂർത്തീകരിച്ച് ഡയാലിസിസ് ചികിത്സ ആരംഭിക്കുന്നതിനുള്ള എല്ലാ സഹായവും ചെയ്തുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കൊട്ടാരക്കര താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി ' ആർദ്രം' മിഷന്റെ ഭാഗമായി 9 ഡയാലിസിസ് മെഷീനുകൾ സ്ഥാപിക്കാൻ സൗകര്യമുള്ള അത്യാന്താധുനിക ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കാൻ സാങ്കേതികാനുമതി നൽകുകയും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. കെ.എം.സി.എൽ. വഴി ഉപകരണങ്ങൾ സജ്ജീകരിക്കാനും കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. വഴി അടിസ്ഥാന സൗകര്യമൊരുക്കുന്നതിനുമാണ് തീരുമാനിച്ചത്. 9 മെഷീനുകളുൾപ്പെടുന്ന ആധുനിക ഡയാലിസിസ് യൂണിറ്റ് സജ്ജീകരിക്കാൻ ഉപകരണയിനത്തിൽ 1.23 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിന് 24.6 ലക്ഷം രൂപയുമാണ് ചെലവ് കണക്കാക്കിയത്. പ്രവൃത്തികളുടെ ഇ-ദർഘാസ് ക്ഷണിക്കുകയും അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് സെലക്ഷൻ നോട്ടീസ് അയയ്ക്കുകയും ചെയ്തു. ജി.എസ്.ടി.യിൽ തീരുമാനമുണ്ടാകാത്തതുകൊണ്ട് കരാറുകാരൻ എഗ്രിമെന്റ് വയ്ക്കാനോ പ്രവൃത്തികൾ തുടങ്ങാനോ തയ്യാറായില്ല. സെലക്ഷൻ നോട്ടീസ് നൽകിയതിനാൽ മേൽ ടെണ്ടർ ഒഴിവാക്കാൻ നടപടിക്രമങ്ങൾ എടുക്കേണ്ടതായിവന്നു. അതിനുള്ള കാലതാമസമുണ്ടായി. കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. അക്കൗണ്ടിൽ നിക്ഷേപിച്ച നിരതദ്രവ്യം തിരിച്ചു കിട്ടുന്നതിനുവേണ്ടി വക്കീൽ നോട്ടീസ് അയയ്ക്കുകയും ചെയ്തു. ഈ കാരണങ്ങൾ കൊണ്ടാണ് കാലതാമസമുണ്ടായത്. ഈ പ്രവൃത്തി വീണ്ടും ഇ-ടെണ്ടർ ചെയ്തു. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് പ്രവൃത്തി നൽകുകയാണുണ്ടായത്. ആകെ 1,47,60,000 (ഒരു കോടി നാൽപ്പത്തിയേഴ് ലക്ഷത്തി അറുപതിനായിരം)

രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന ഡയാലിസിസ് യൂണിറ്റ് 2018 ജൂലൈ മാസം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾ അവസാനഘട്ടത്തിലാണ്. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടുകൂടി ഉപകരണങ്ങൾ സജ്ജീകരിക്കുന്ന പ്രവർത്തനം ആരംഭിക്കും. ജൂലൈ 15-നുള്ളിൽ ഈ പ്രവൃത്തി പൂർത്തിയാക്കുന്നതാണ്.

## (13) റോഡ് നവീകരണവും ഫ്ലൈ ഓവർ നിർമ്മാണവും

ശ്രീ. വി. എസ്. ശിവകുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ രണ്ട് പ്രധാനപ്പെട്ട റോഡുകൾ നവീകരിക്കണമെന്നാവശ്യപ്പെട്ടാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ദേശീയപാതയുമായി നഗരത്തെ ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട റോഡാണ് കിള്ളിപ്പാലം-അട്ടക്കുളങ്ങര റോഡ്. ഈ റോഡ് ഇന്ന് ഗതാഗതയോഗ്യമല്ലാത്ത രീതിയിൽ തകർന്നടിഞ്ഞിരിക്കുകയാണ്. എന്നുമാത്രമല്ല, ഓടകളിലൂടെ വെള്ളം ഒലിച്ചുപോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. മഴക്കാലത്ത് റോഡ് മുഴുവനും വെള്ളംകെട്ടി ഗതാഗതയോഗ്യമല്ലാത്ത സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. ആയിരക്കണക്കിന് വാഹനങ്ങളാണ് ഈ റോഡിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. കുറെക്കാലമായി ഈ റോഡ് തകർന്നുകിടക്കുകയാണ്. 25-8-2017-ൽ ബഹുമാനപ്പെട്ട മന്ത്രിക്കും അതുപോലെതന്നെ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്കും ഈ വിഷയം കാണിച്ച് കത്ത് നൽകുകയും പി.ഡബ്ല്യൂ.ഡി. എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഞാൻ മനസ്സിലാക്കുന്നത് 5 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നാണ്. അതിന് ഭരണാനുമതി നൽകി വളരെ അടിയന്തരപ്രാധാന്യമുള്ള ഈ റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കണമെന്നാണ് ആവശ്യപ്പെടുന്നത്. അതോടൊപ്പംതന്നെ നഗരത്തിലെ പ്രധാനപ്പെട്ട മറ്റൊരു റോഡായ വെള്ളയമ്പലം-വഴുതക്കാട്-തൈക്കാട് റോഡ് നാലുവരിപ്പാതയാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി 29-3-1997-ൽ, ഇരുപത് വർഷങ്ങൾക്കുമുമ്പ് ലോക്കൽ അഡ്മിനിസ്ട്രേഷൻ വകുപ്പ് വെള്ളയമ്പലം മുതൽ തൈക്കാട് വരെയുള്ള റോഡ് വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് ട്രിഡയെ ചുമതലപ്പെടുത്തി. അതിൽ വെള്ളയമ്പലം മുതൽ വഴുതക്കാട് വരെയുള്ള സ്ഥലം ഏറ്റെടുത്ത് നാലുവരിപ്പാത പൂർത്തിയാക്കിക്കഴിഞ്ഞു. ഏറ്റവും തിരക്കുള്ള വഴുതക്കാട് മുതൽ തൈക്കാട് ഫ്ലൈ ഓവർ വരെയുള്ള റോഡിന്റെ 80 ശതമാനവും സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിച്ചു. നാലോ അഞ്ചോ കച്ചവടക്കാർ അതിന് തടസ്സം നിൽക്കുന്ന സാഹചര്യമാണുള്ളത്. അതിന് അവരെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. കാരണം, നേരത്തെയുള്ള എഗ്രിമെന്റ് അനുസരിച്ച് ടൂറിസം വകുപ്പിന്റെ സ്ഥലമേറ്റെടുത്ത് അവർക്ക് പുനരധിവാസം നൽകാമെന്ന് പറഞ്ഞിരുന്നു. പക്ഷെ ട്രിഡ ഇക്കാര്യത്തിൽ ശ്രദ്ധേയമായിട്ടുള്ള ഒരു നടപടിയും സ്വീകരിക്കുന്നില്ല.

സ്ഥലമെടുപ്പ് 80 ശതമാനം പൂർത്തീകരിച്ച ഈ മേഖലയിൽ അഞ്ചോ ആറോ കച്ചവടക്കാർക്ക് ആവശ്യമായിട്ടുള്ള പുനരധിവാസത്തിന് അവിടെ കെട്ടിടം നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിന് കാലതാമസം വരുമെങ്കിൽ സാമ്പത്തിക സഹായം നൽകിയാൽ അവർ ഒഴിഞ്ഞുപോകാൻ തയ്യാറാണ്. അതുകൊണ്ട് സാമ്പത്തിക സഹായം നൽകി അവരെ മാറ്റി 80 ശതമാനം പൂർത്തീകരിച്ച റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള സാമ്പത്തികം അനുവദിക്കണമെന്നുകൂടി ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കിള്ളിപ്പാലം മുതൽ അട്ടക്കുളങ്ങര വരെയുള്ള 1080 മീറ്റർ നീളംവരുന്ന നാലുവരിപ്പാതയുടെ വികസനപ്രവർത്തനങ്ങളും നവീകരണവുമാണ് നടത്തേണ്ടത്. ഇതിനായി 6 കോടി 4 ലക്ഷം രൂപയുടെ നവീകരണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 2016 ഡിസംബർ 3-ന് ഭരണാനുമതിക്കായി നൽകിയിരുന്നു. എന്നാൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശങ്ങൾ വിപരീതമായി വന്നതുകൊണ്ട് എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യാൻ തിരിച്ചയയ്ക്കുകയും പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ഈ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ വളരെ അത്യാവശ്യമാണ്. ശ്രീ. വി. എസ്. ശിവകുമാർ അക്കാര്യം പറയുകയുണ്ടായി. 2018-19 സാമ്പത്തികവർഷം പ്രസ്തുത പ്രവൃത്തിക്ക് ബജറ്റ് പ്രൊവിഷൻ വച്ചിട്ടില്ല. പ്രത്യേക അനുമതി ലഭിക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ റോഡ് വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പുരോഗമിച്ചു വരികയാണ്. വഴുതക്കാട് മുതൽ തൈക്കാട് ഫ്ലൈ ഓവർ വരെയുള്ള റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുക്കേണ്ടതായുണ്ട്. ടിഡയുടെ നേതൃത്വത്തിൽ അത് നടന്നുവരികയാണ്. ആവശ്യമുള്ള ഭൂമിയുടെ 90 ശതമാനം ഇപ്പോൾ ഏറ്റെടുത്തിട്ടുണ്ട്. കച്ചവടം നടത്തുന്നവർക്ക് റീഹാബിലിറ്റേഷൻ നടത്തിയതിനുശേഷം മാത്രമാണ് സ്ഥലം പൂർണ്ണമായും ഒഴിപ്പിക്കാൻ സാധിക്കുന്നത്. 21 സെന്റ് ഭൂമി മാത്രമേ ഇനിയും ഏറ്റെടുക്കേണ്ടതായുള്ളൂ. അതിന് പരിഹാരം കാണേണ്ടതുണ്ട്. ഭൂമി ഏറ്റെടുത്ത് റോഡ് നാലുവരി പാതയാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കുന്നതും അതിന്റെ പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. എസ്റ്റിമേറ്റ് സർക്കാരിലേയ്ക്ക് ലഭിക്കുന്ന മുറയ്ക്ക് ബാക്കി എല്ലാ കാര്യങ്ങളും ശരിയാക്കാം. ഭൂമിയാണ് പ്രധാനപ്രശ്നം. അത് ലഭിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കിയാൽ വേഗത്തിൽ കാര്യങ്ങൾ നടക്കും. ആ വിഷയം പരിഹരിച്ചാൽ പൈസ ഒരു പ്രശ്നമല്ല.

## (14) ദക്ഷിണ റെയിൽവേയുടെ സമയക്രമീകരണം

ശ്രീ. എം. നൗഷാദ്: സർ, തിരുവനന്തപുരം, പാലക്കാട് റെയിൽവേ ഡിവിഷനുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന പുതിയ സമയക്രമീകരണംമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ചുള്ളതാണ് എന്റെ സബ്മിഷൻ.

സമയകൃത്യത പാലിക്കുക എന്ന ലക്ഷ്യത്തോടുകൂടി റെയിൽവേ ബോർഡിന്റെ നിർദ്ദേശം പാലക്കാട്, തിരുവനന്തപുരം ഡിവിഷനുകളിൽ നടപ്പിലാക്കിയിരിക്കുന്നത് തികച്ചും അശാസ്ത്രീയമാണ്, യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നതാണ്. സ്ഥിരം യാത്രക്കാർ ആശ്രയിക്കുന്ന മെയിൽ, എക്സ്പ്രസ് ട്രെയിനുകൾ എല്ലാംതന്നെ നേരത്തെ പുറപ്പെടുകയും വൈകി എത്തുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് ഇന്ന് നിലവിലുള്ളത്. എറണാകുളം മുതൽ തെക്കോട്ടുള്ളവർ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ വന്ന് ജോലി ചെയ്ത് തിരിച്ചുപോകുന്നതിന് ആശ്രയിക്കുന്നത് ട്രെയിനുകളെയാണ്. ഈ സമയക്രമീകരണംമൂലം വളരെയേറെ ബുദ്ധിമുട്ടാണ് അവർ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. സ്ഥിരം യാത്രക്കാർ ആശ്രയിക്കുന്ന മിക്കവാറും മെയിൽ, എക്സ്പ്രസ് ട്രെയിനുകൾ ഒന്നുകിൽ ഓഫീസ് സമയത്തിന് വളരെ നേരത്തെയോ അല്ലെങ്കിൽ ഏറെ താമസിച്ചോ ആണ് തിരുവനന്തപുരത്ത് എത്തിച്ചേരുന്നത്. 2018 ജൂൺ 13-ാം തീയതിയാണ് ഈ പരിഷ്കാരം നടപ്പിലാക്കിയിട്ടുള്ളത്. തീവണ്ടികൾ വൈകി ഓടുന്ന പ്രവണത അവസാനിപ്പിക്കണമെന്നും സമയകൃത്യത ഉറപ്പുവരുത്തണമെന്നുമുള്ള റെയിൽവേ ബോർഡിന്റെ നിർദ്ദേശത്തിന്റെ മറവിലാണ് ഈ ടൈംടേബിൾ പരിഷ്കരണം. കിട്ടിയ അവസരം മുതലെടുത്ത് സ്ഥിരം യാത്രക്കാരെ കൂടുതൽ ബുദ്ധിമുട്ടിലാക്കുന്ന പ്രവർത്തനമാണ് ഈ രണ്ട് ഡിവിഷനിലെയും സമയകൃത്യതാ വിദഗ്ദ്ധർ നടപ്പിലാക്കിയിട്ടുള്ളത്. പ്രതിദിനം പതിനായിരക്കണക്കിന് സർക്കാർ-സ്വകാര്യ ജീവനക്കാരാണ് തീവണ്ടിയിൽ വന്ന് ജോലി ചെയ്ത് മടങ്ങിപ്പോകുന്നത്. എറണാകുളത്തിന് തെക്കോട്ട് വിവിധ കേന്ദ്രങ്ങളിൽ നിത്യേന തീവണ്ടിയിൽ എത്തി ജോലി ചെയ്ത് മടങ്ങിപ്പോകുന്ന സ്ഥിരം യാത്രക്കാരെ ആകെ വിഷമത്തിലാക്കിയിരിക്കുകയാണ് ടൈംടേബിൾ പരിഷ്കരണം. ഒരു പഠനവും നടത്താതെയാണ് ടൈംടേബിൾ പരിഷ്കരിച്ചിരിക്കുന്നത്. തീവണ്ടികളുടെ യാത്രാസമയം പരമാവധി കുറയ്ക്കാനും അതുവഴി കൃത്യനിഷ്ഠ ഉറപ്പുവരുത്താനുമാണ് റെയിൽവേ ബോർഡ് നൽകിയിരിക്കുന്ന നിർദ്ദേശം. എന്നാൽ ഡിവിഷണൽ റെയിൽ അധികാരികൾ യാത്രാസമയം വർദ്ധിപ്പിച്ചുകൊണ്ട് തീവണ്ടികൾ വൈകി ലക്ഷ്യസ്ഥാനത്ത് എത്തും വിധമാണ് ടൈംടേബിൾ പരിഷ്കരിച്ചിരിക്കുന്നത്. ഉദാഹരണത്തിന്, 16348-ാം നമ്പർ ബാംഗ്ലൂർ-തിരുവനന്തപുരം എക്സ്പ്രസ് പുതിയ സമയക്രമം അനുസരിച്ച് വർക്കല മുതൽ തിരുവനന്തപുരം വരെയുള്ള 41 കിലോമീറ്റർ സഞ്ചരിക്കുന്നതിന് എടുക്കുന്നത് 100 മിനിട്ടാണ് (ഒരു മണിക്കൂർ 40 മിനിട്ട്). അതുപോലെ

തന്നെയാണ് ചെന്നൈ മെയിലിന്റെ കാര്യവും. ചെന്നൈ മെയിൽ വർക്കല മുതൽ തിരുവനന്തപുരം വരെയുള്ള 41 കിലോമീറ്റർ സഞ്ചരിക്കുന്നതിന് എടുക്കുന്നത് 85 മിനിട്ടും അമൃത രാജ്യറാണി എക്സ്പ്രസ് എടുക്കുന്നത് 92 മിനിട്ടുമാണ്. ഇന്റർസിറ്റി, വഞ്ചിനാട് ഉൾപ്പെടെയുള്ള എക്സ്പ്രസ് ട്രെയിനുകളെയാണ് സ്ഥിരം യാത്രക്കാരും വിദ്യാർത്ഥികളും ആശ്രയിക്കുന്നത്. നിലവിൽ ഉണ്ടായിരുന്ന സമയക്രമത്തിൽ നിന്നും അര മണിക്കൂർ, മുക്കാൽ മണിക്കൂർ വൈകിയാണ് ഈ ട്രെയിനുകൾ എത്തിച്ചേരുന്നത്. തികച്ചും അശാസ്ത്രീയമായ ടൈംടേബിൾ പരിഷ്കരണംമൂലം കൂടുതൽ ബുദ്ധിമുട്ട് യാത്രക്കാർക്ക് ഉണ്ടായിരിക്കുകയാണ്. പതിനായിരക്കണക്കിന് ആളുകളാണ് എല്ലാ ദിവസവും ട്രെയിനുകളെ ആശ്രയിച്ച് ജോലിക്കും പഠനത്തിനുമായി പോകുന്നത്. ഈ സമയക്രമംമൂലമുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്താൻ അടിയന്തരമായി സർക്കാർ ഇടപെടണമെന്ന ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ദക്ഷിണ റെയിൽവേയ്ക്ക് കീഴിലുള്ള പാലക്കാട്, തിരുവനന്തപുരം ഡിവിഷനുകളിൽ 87 ട്രെയിനുകളുടെ യാത്രാസമയമാണ് ദീർഘിപ്പിച്ചുകൊണ്ട് 2018 ജൂൺ 13-ന് റെയിൽവെ പുനഃക്രമീകരിച്ചിട്ടുള്ളത്. ഇതിന്റെ ഫലമായി തീവണ്ടിയാത്ര ചെയ്ത് തിരുവനന്തപുരത്ത് വരേണ്ട വിവിധ ജനവിഭാഗങ്ങൾക്ക്, ശ്രീ. എം. നൗഷാദ് സൂചിപ്പിച്ചതുപോലെ വലിയ പ്രയാസം ഉണ്ടായിരിക്കുകയാണ്. അശാസ്ത്രീയമായ സമയമാറ്റത്തെത്തുടർന്ന് ആലപ്പുഴയിൽനിന്ന് വരുന്ന യാത്രക്കാർക്കുള്ള ഏക ആശ്രയമായ, രാവിലെ 9.40-ന് എത്തിക്കൊണ്ടിരുന്ന ഇന്റർസിറ്റി എക്സ്പ്രസ് ഇപ്പോൾ 10.15-നാണ് എത്തിച്ചേരുന്നത്. കോട്ടയം ഭാഗത്തുനിന്നും വരുന്ന, 9.50-ന് തിരുവനന്തപുരത്ത് എത്തിച്ചേരുന്ന വഞ്ചിനാട് എക്സ്പ്രസ് ഇപ്പോൾ 10.15-നാണ് എത്തുന്നത്. ഇങ്ങനെ താമസിച്ച് എത്തുന്ന ട്രെയിനുകളിൽ യാത്ര ചെയ്യുന്ന വിദ്യാർത്ഥികളും ജീവനക്കാരും റീജിയണൽ ക്യാൻസർ സെന്ററിൽ വരുന്ന രോഗികളടക്കം വലിയ പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ട്രെയിനുകളുടെ സമയക്ലിപ്തത ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം ഓപ്പറേഷൻസ്, എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ, സിഗ്നൽ വിഭാഗങ്ങൾക്കും സ്റ്റേഷൻ മാസ്റ്റർമാർക്കുമാണ്. തിരുവനന്തപുരം-പാലക്കാട് റെയിൽവേ ഡിവിഷനുകളിൽ ദീർഘകാലമായി ട്രാക്കുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണി മുടങ്ങിക്കിടക്കുകയായിരുന്നു. ഇത് ട്രെയിൻ സുരക്ഷയെ പ്രതികൂലമായി ബാധിച്ചിരുന്നു. എറണാകുളം ജില്ലയിൽ കറുകുറ്റിയിൽ ട്രെയിൻ പാളംതെറ്റിയത് ഉൾപ്പെടെ ഒട്ടേറെ അപകടങ്ങൾ ഉണ്ടായത് നമുക്ക് ഓർമ്മിക്കാവുന്നതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഈ പ്രശ്നങ്ങൾ ഗൗരവമായി എടുക്കുകയും ട്രെയിൻ സുരക്ഷ സംബന്ധിച്ചും പാളങ്ങളുടെ അറ്റകുറ്റപ്പണികൾ സംബന്ധിച്ചും

കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റെയിൽവേയുടെ ചാർജ്ജുള്ള മന്ത്രിയും നിരന്തരം സമ്മർദ്ദം ചെലുത്തുകയും കത്തുകൾ അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ സഭ നടപടികൾ നിർത്തിവച്ച് രണ്ട് മണിക്കൂർ ചർച്ച ചെയ്തതിന്റെ യുംകൂടി ഫലമായി അറ്റകുറ്റപ്പണികൾ ആരംഭിക്കുകയും അത് അവസാനഘട്ടത്തിൽ എത്തിച്ചേരുകയുമാണ്. അറ്റകുറ്റപ്പണികൾ ഇപ്പോഴും നടക്കുന്നതിനാൽ ട്രെയിനുകൾ ലക്ഷ്യസ്ഥാനത്ത് എത്തുന്നതിന് ഇപ്പോഴും കാലതാമസമുണ്ടാകും. സമയകൃത്യത പാലിക്കാതെ ട്രെയിനുകൾ അനിശ്ചിതമായി വൈകി ഓടുന്നത് ഗുരുതരമായ പ്രശ്നം സൃഷ്ടിക്കുകയാണ്. കൃത്യസമയത്ത് ട്രെയിനുകൾ സർവ്വീസ് നടത്തുന്നതിന് പകരം നിലവിൽ താമസിച്ച് എത്തിച്ചേരുന്നത് ശരിയായ സമയമായെടുത്ത്, ബഫർ ടൈം എന്നുപറഞ്ഞ് അത് ട്രെയിനിന്റെ സമയമായി പുന:ക്രമീകരിച്ച അശാസ്ത്രീയമായ സമീപനമാണ് റെയിൽവേ സ്വീകരിച്ചിട്ടുള്ളത്. രാജ്യത്തെ 68 റെയിൽവേ സ്റ്റേഷനുകളിൽ സമയക്രമം പാലിക്കുന്നതിൽ പാലക്കാട് ഡിവിഷൻ 32-ാം സ്ഥാനത്തും തിരുവനന്തപുരം ഡിവിഷൻ 63-ാം സ്ഥാനത്തുമാണ്. ഏതാണ്ട് അവസാനമായാണ് തിരുവനന്തപുരം ഡിവിഷന്റെ സ്ഥാനം. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ചങ്ങനാശ്ശേരി, കോട്ടയം കുറുപ്പംതറ സെക്ഷനുകളിലൊഴികെ പാത ഇരട്ടിപ്പിക്കൽ പൂർത്തിയായിട്ടും കേരളത്തിൽ ഓടുന്ന ട്രെയിനുകളുടെ ശരാശരി വേഗത മണിക്കൂറിൽ 30 കിലോമീറ്റർ മാത്രമാണ്. രാജ്യത്തെ ട്രെയിനുകളുടെ വേഗത വർദ്ധിപ്പിച്ച്, യാത്രാസമയം കുറയ്ക്കുമെന്ന ബഹുമാനപ്പെട്ട റെയിൽവേ വകുപ്പുമന്ത്രിയുടെ പരസ്യപ്രഖ്യാപനത്തിന് ഘടകവിരുദ്ധമായാണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ട്രെയിനുകളുടെ സമയകൃത്യത ഉറപ്പുവരുത്താൻ റെയിൽവേ മന്ത്രാലയം വിവിധ നടപടികൾ സ്വീകരിക്കുന്നുവെന്ന് പറയുമ്പോൾത്തന്നെ വൈകി എത്തുന്ന സമയം ഔദ്യോഗിക സമയമായി പരിഷ്കരിച്ച് യാത്രക്കാരെ ബുദ്ധിമുട്ടിക്കുകയാണ് കേന്ദ്ര റെയിൽവേ. ഈ നടപടി പിൻവലിക്കണമെന്നാവശ്യപ്പെട്ട് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 14-6-2018-ന് (ഏറ്റവും ഒടുവിൽ) കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. സ്വാതന്ത്ര്യം ലഭിച്ച് 70 വർഷമായിട്ടും ബ്രിട്ടീഷ് സായിപ്പന്മാരുടെ പ്രേതം കേന്ദ്ര റെയിൽവേയെ ഇപ്പോഴും ബാധിച്ചിരിക്കുന്നുവെന്നാണ് ഉദ്യോഗസ്ഥ പ്രമുഖരുടെ പെരുമാറ്റങ്ങൾ കാണിക്കുന്നത്. കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രി തന്നെ ഇത്തരം പ്രസ്താവനകൾ ഇറക്കിക്കൊണ്ടിരിക്കുന്നത് എല്ലാവരും കണ്ടു കൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ കുത്തഴിഞ്ഞ ഒരു വകുപ്പായി റെയിൽവേ മാറിയിരിക്കുകയാണ്. നാഥനുണ്ടെങ്കിലും ആ നാഥൻ ജനങ്ങളുടെ ജനാധിപത്യപരമായ അവകാശങ്ങൾ പരിഗണിക്കാതെ, കേരളത്തിനടക്കം പ്രത്യേകം പ്രയാസങ്ങൾ ഉണ്ടാക്കി പ്രവർത്തിക്കുന്നതിൽ ശക്തമായി പ്രതിഷേധിച്ച് ഇന്നലെയും ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്കും ഇവിടെനിന്നും സന്ദേശങ്ങൾ അയയ്ക്കുകയും തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

## (15) ദേശീയപാതാ വികസനത്തിലെ അലൈൻമെന്റ്

ശ്രീ. കെ. എം. ഷാജി: സർ, ദേശീയപാതാ വികസനത്തിന്റെ ഭാഗമായി രണ്ടുപ്രാവശ്യം തിരുത്തി അശാസ്ത്രീയമായി തയ്യാറാക്കിയ അലൈൻമെന്റിലൂടെ കണ്ണൂർ പാപ്പിനിശ്ശേരി തുരുത്തി പട്ടികജാതി കോളനിയിലെ നിർദ്ധനരായ 25 ദളിത് കുടുംബങ്ങളെയും വേളാപുരത്തെ 15 കുടുംബങ്ങളെയും കുടിയൊഴിപ്പിക്കാനുള്ള തീരുമാനം അടിയന്തരമായി പിൻവലിക്കണമെന്ന് ഞാനാവശ്യപ്പെടുകയാണ്. 'സ്വയംപര്യാപ്ത ഗ്രാമം' പദ്ധതിയിലുൾപ്പെടുത്തി നവീകരിച്ചുവരുന്ന ഒരു ദളിത് കോളനിയെത്തന്നെ സമ്പൂർണ്ണമായി ഉന്മൂലനം ചെയ്യുന്ന നടപടികളിലേയ്ക്കാണ് കടക്കുന്നത്. ആയതിനാൽ അശാസ്ത്രീയമായി തയ്യാറാക്കിയ അലൈൻമെന്റ് പുനഃപരിശോധിക്കണമെന്നും ജനാധിപത്യവിരുദ്ധവും മനുഷ്യത്വരഹിതവുമായ ദളിത് കുടുംബങ്ങളുടെ കുടിയൊഴിപ്പിക്കലിൽനിന്ന് സർക്കാർ പിൻമാറണമെന്നുമാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. വാക്കുകൾക്കപ്പുറവും അങ്ങ് നീതിമാനായ മന്ത്രിയാണ്, മനുഷ്യസ്നേഹിയാണ്. ഈ വിഷയം മുൻവിധികളൊഴിവാക്കി അങ്ങ് പരിശോധിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. ഒരു ബോദ്ധ്യവുമില്ലാതെ ഒരു വികസന പ്രവർത്തനത്തിനെതിരെ ഞാൻ ഈ സഭയിൽ സംസാരിക്കില്ല. ഇവർ പറയുന്നത് കേൾക്കാനും പരിശോധിക്കാനും അങ്ങ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഒരുപക്ഷെ, ഉദ്യോഗസ്ഥർ ബോദ്ധ്യപ്പെടുത്തിയതിനുമപ്പുറം ചില യാഥാർത്ഥ്യങ്ങളുണ്ടെന്ന് ഉറപ്പുള്ളതുകൊണ്ടാണ് ഒരിക്കൽകൂടി ഇതൊന്ന് പരിശോധിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കണ്ണൂർ ജില്ലയിൽ ദേശീയപാതാ വികസനത്തിനായി 104 മുതൽ 148 കിലോമീറ്റർ വരെയുള്ള ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വിജ്ഞാപനത്തിൽ പാപ്പിനിശ്ശേരി വില്ലേജിലെ പാപ്പിനിശ്ശേരി, അരോളി എന്നീ ദേശങ്ങളിലെ വസ്തുവകകൾ ഉൾക്കൊണ്ടിട്ടുണ്ട്. അലൈൻമെന്റ് കടന്നുപോകുന്നത് നിലവിലുള്ള ദേശീയപാതയിൽ വേളാപുരത്തുനിന്നും വ്യതിചലിച്ച് അരോളി ദേശത്തിലെ തുരുത്തി, വേളാപുരം എന്നീ പ്രദേശത്തുകൂടിയാണ്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കെ. എം. ഷാജി ഇവിടെ പറഞ്ഞതുപോലെ തുരുത്തി പട്ടികജാതി കോളനിയിലെയും സമീപ സ്ഥലത്തെയും ഏകദേശം 16 പട്ടികജാതി കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടതായി വരുന്ന തരത്തിലാണ് അലൈൻമെന്റ് വന്നിരിക്കുന്നത്. അൽഫാ മിക്സ് എന്ന കോൺക്രീറ്റ് മിക്സിംഗ് കമ്പനിയുടെ മുൻവശത്ത് ആൾത്താമസമില്ലാത്ത കുറച്ച് ചതുപ്പുനിലമുണ്ട്. പ്രസ്തുത ഭാഗത്തുകൂടി പുതുക്കിയ അലൈൻമെന്റ് മാറ്റുകയാണെങ്കിൽ ഈ വീടുകളെ സംരക്ഷിക്കാൻ കഴിയുമെന്നാണ് കണ്ടെത്തിയിരിക്കുന്നത്. എന്നാൽ ഇത്തരത്തിലുള്ള മാറ്റങ്ങൾ സംബന്ധിച്ച് അന്തിമതീരുമാനം

കൈക്കൊള്ളേണ്ടത് ദേശീയപാത അതോറിറ്റിയും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമാണ്. 3 എ വിജ്ഞാപനപ്രകാരം കണ്ണൂർ ബൈപ്പാസിന്റെ ഭാഗമായി വരുന്ന പാപ്പിനിശ്ശേരി വില്ലേജിൽ 15.59 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ദേശീയപാതാ വികസനത്തിനുള്ള അലൈൻമെന്റ് നിശ്ചയിച്ചിരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യയാണ്. എൻ.എച്ച്.എ.ഐ. നിശ്ചയിക്കുന്ന കൺസൾട്ടന്റുമാരാണ് ഈ പ്രവൃത്തികൾ ചെയ്യുന്നത്. സംസ്ഥാന സർക്കാരുമായോ എം.എൽ.എ.-മാരുമായോ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുമായോ കാര്യമായ ആശയവിനിമയം നടത്താതെയാണ് ഇത് ചെയ്തുകൊണ്ടിരിക്കുന്നത്. സ്ഥലപരിശോധനയിൽ മേൽപ്പറഞ്ഞ രീതിയിലുള്ള വ്യതിയാനം സംബന്ധിച്ച് കൂടുതൽ പരിശോധന നടത്തി ദേശീയപാതയുടെ സ്റ്റാൻഡേർഡിന് തടസ്സമില്ലാത്ത തരത്തിൽ വളവുകൾ ഡിസൈൻ ചെയ്തുകൊണ്ടുപോകാൻ കഴിയുമെങ്കിൽ ആയത് ഈ വീടുകൾ പൊളിച്ചുമാറ്റുന്നത് ഒഴിവാക്കുന്നതിന് സഹായിക്കുമെന്നാണ് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം. ഇത് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഈ സബ്മിഷന്റെ അടിസ്ഥാനത്തിൽ വീണ്ടുമത് അറിയിക്കുന്നതാണ്. ദേശീയപാതയുടെ നിലവാരത്തിന് കോട്ടംതട്ടാത്ത തരത്തിൽ വളവുകൾ ക്രമീകരിച്ച് അലൈൻമെന്റ് മാറ്റാൻ കഴിയുമെങ്കിൽ അങ്ങനെ ചെയ്യണമെന്ന് ദേശീയപാതാ അതോറിറ്റിയോട് ഈ നിവേദനങ്ങളുടെയും സബ്മിഷന്റെയും അടിസ്ഥാനത്തിൽ വീണ്ടും ആവശ്യപ്പെടുന്നതാണ്. ഈ കാര്യത്തിൽ അന്തിമതീരുമാനം എൻ.എച്ച്.എ.ഐ. എടുക്കണമെന്നുള്ളതുകൊണ്ട് നമ്മുടെ എം.പി.-മാരും ഇക്കാര്യത്തിൽ നല്ല സമ്മർദ്ദം ചെലുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. സംസ്ഥാന ഗവൺമെന്റിന് ഈ നിലയിൽ ചെയ്യുന്നതിന് അഭിപ്രായവ്യത്യാസമില്ല.

## (16) റോഡ് നവീകരണം

<u>ശ്രീ. പി. ടി. തോമസ്</u>: സർ, എറണാകുളം ജില്ലയിലെ സീപോർട്ട്-എയർപോർട്ട് റോഡ് എറണാകുളത്തിന്റെ മാത്രമല്ല കേരളത്തിന്റെതന്നെ പൊതുവായ വികസനത്തിന്റെ നാഴികക്കല്ലാണ്. 25.7 കിലോമീറ്ററാണ് പ്രസ്തുത റോഡിന്റെ ദൂരം. ഇരുമ്പനം മുതൽ എയർപോർട്ടുവരെയുള്ള റോഡിന്റെ അവശേഷിക്കുന്ന ഭാഗം അടിയന്തരമായി വീതികൂട്ടി പണി തീർക്കണമെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. പ്രസ്തുത റോഡ് ഇരുമ്പനം വിളക്കുകാൽ ജംഗ്ഷനിൽനിന്ന് ആരംഭിച്ച് കളക്ടറേറ്റ്, എച്ച്.എം.റ്റി. ജംഗ്ഷൻ എൻ.എ.ഡി. വഴി എയർപോർട്ടിലേയ്ക്കാണ് പോകുന്നത്. എച്ച്.എം.റ്റി. മുതൽ ഭാരതമാതാ കോളേജുവരെ വീതികൂട്ടി പണി തീരുകയുണ്ടായി. എന്നാൽ ഭാരതമാതാ കോളേജുമുതൽ ഇരുമ്പനം വരെ 30 മീറ്റർ വീതിയിൽ പണിയാൻ 99 ശതമാനം സ്ഥലവും സർക്കാരിന്റെ കൈവശത്തിലെത്തിയിട്ടുണ്ട്. ഏകദേശം 190 കോടി രൂപ ഇതിനാവശ്യമാണ്. ചിത്രപ്പുഴയിലും ഇരുമ്പനത്ത്

ആർ.ഒ.ബി.യുമടക്കം രണ്ട് ബ്രിഡ്ജുകൾ പണിയേണ്ടതുണ്ട്. വലിയ ഗതാഗതക്കുരുക്കുമൂലം പ്രസ്തുത റോഡിലൂടെയുള്ള യാത്ര അസാദ്ധ്യമാണ്. ഇൻഫോ പാർക്ക്, സ്മാർട്ട് സിറ്റി, കളക്ടറേറ്റ് തുടങ്ങിയ സുപ്രധാന കേന്ദ്രങ്ങളുമായി ബന്ധപ്പെടുന്ന ഈ റോഡിന്റെ പണി അടിയന്തരമായി തീർക്കേണ്ടതിന്റെ ആവശ്യകത ഞാൻ പറയേണ്ടതില്ല. വളരെ ദുരിതപൂർണ്ണമാണ് ഈ റോഡിലൂടെയുള്ള യാത്ര എന്ന കാര്യം ഞാൻ അറിയിക്കുന്നു. ബഹുമാനപ്പെട്ട ആലുവ എം.എൽ.എ. ശ്രീ. അൻവർ സാദത്ത് ഇക്കാര്യം ഒരിക്കൽ ചൂണ്ടിക്കാണിച്ചിരുന്നു. റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനാണ് റോഡിന്റെ പണി ഏറ്റെടുത്തിരിക്കുന്നത്. ഈ പണി പൂർത്തിയാക്കാൻ ഇനി കുറച്ചുമാത്രമേയുള്ളൂ, ആലുവയിലൊക്കെ ഒരു പാലം പണി തീർന്നെങ്കിലും ബാക്കി തീർന്നിട്ടില്ല. അത് പെട്ടെന്ന് തീർത്താൽ വലിയൊരു ആശ്വാസമാണ്. എറണാകുളം പട്ടണത്തിന്റെ ഗതാഗതക്കുരുക്ക് പരിഹരിക്കാനും പ്രത്യേകിച്ച് കളക്ടറേറ്റിലേയ്ക്ക് പോകാനും ഇൻഫോ പാർക്കിലേയ്ക്കും സ്മാർട്ട് സിറ്റിയിലേയ്ക്കുമുള്ള ആയിരക്കണക്കിന് ജീവനക്കാർക്കുമൊക്കെ ഏറ്റവും സഹായകരമാകുന്ന ഒരു നടപടിയാണ്. ഈ കാര്യത്തിൽ അടിയന്തര ഇടപെടലുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, എയർപോർട്ട്-സീപോർട്ട് റോഡ് മൂന്നുഘട്ടങ്ങളായാണ് നടപ്പാക്കാൻ വിഭാവന ചെയ്തിട്ടുള്ളത്. ഒന്നാം ഘട്ടം എൻ.എച്ച്. 85-ലെ ഇരുമ്പനം മുതൽ കളമശ്ശേരി എച്ച്.എം.ടി. റോഡുവരെ 11.3 കിലോമീറ്റർ, രണ്ടാം ഘട്ടം കളമശ്ശേരി എച്ച്.എം.ടി. റോഡ് മുതൽ നെടുമ്പാശ്ശേരി എയർപോർട്ടുവരെ -14.4 കിലോമീറ്റർ, മൂന്നാം ഘട്ടം എൻ.എച്ച്.85-ലെ ഇരുമ്പനം മുതൽ തൃപ്പൂണിത്തുറ എൻ.എച്ച്. ബൈപ്പാസുവരെ 5 കിലോമീറ്റർ. സീപോർട്ട്-എയർപോർട്ട് റോഡിന്റെ ഒന്നാം ഘട്ടം എൻ.എച്ച്. 85-ലെ ഇരുമ്പനം ജംഗ്ഷൻ മുതൽ കളമശ്ശേരി എച്ച്.എം.ടി. റോഡുവരെയുള്ള 11.3 കിലോമീറ്റർ രണ്ടുവരിയായി 2003-ൽ പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. കളമശ്ശേരി എച്ച്.എം.ടി. റോഡുമുതൽ ഭാരതമാതാ കോളേജുവരെയുള്ള 2.4 കിലോമീറ്റർ ദൂരം നാലുവരിയാക്കി 2015-ൽ ഗതാഗതത്തിന് തുറന്നു കൊടുത്തിട്ടുണ്ട്. തുടർന്ന് ഭാരതമാതാ കോളേജുമുതൽ കളക്ടറേറ്റ് ജംഗ്ഷൻവരെ നാലുവരിയാക്കുന്നതിനുള്ള 28.50 കോടി രൂപയുടെ പ്രൊപ്പോസൽ ആർ.ബി.ഡി.സി.കെ. (റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്) 2016 ഫെബ്രുവരി മാസം 12-ാം തീയതി സമർപ്പിച്ചുവെങ്കിലും അതിന് അനുമതി ലഭിച്ചില്ല. തുടർന്ന് ഒന്നാംഘട്ടത്തിൽ ബാക്കിയുള്ള ഭാരതമാതാ കോളേജുമുതൽ ഇരുമ്പനംവരെയുള്ള 8.9 കിലോമീറ്റർ ദൂരം നാലുവരിയാക്കി വികസിപ്പിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ ആർ.ബി.ഡി.സി.കെ. 2018 ജനുവരി 6-ാം തീയതി സർക്കാരിന് സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. രണ്ടാംഘട്ടം കളമശ്ശേരി

എച്ച്.എം.ടി. റോഡുമുതൽ എൻ.എ.ഡി.വരെയുള്ള 2.7 കിലോമീറ്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരികയാണ്. ഈ റീച്ചിൽ എച്ച്.എം.ടി.യുടെയും എൻ.എ.ഡി.യുടെയും ഉടമസ്ഥതയിലുള്ള സ്ഥലം കൈമാറിക്കിട്ടാനുണ്ട്. എൻ.എ.ഡി.-യുടെ ഭൂമി സംബന്ധിച്ച അപേക്ഷ കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. അത് അയച്ചിട്ട് കുറച്ചുമാസങ്ങളായി. എച്ച്.എം.ടി.യുടെ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ സംസ്ഥാന റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. അത് റവന്യൂ വകുപ്പിന് പൂർത്തിയാക്കാൻ കഴിയുന്ന കാര്യമേയുള്ളൂ. 17-3-2018-ലെ കത്തുപ്രകാരം ഭൂമി ഏറ്റെടുക്കുന്ന നടപടികൾ വേഗത്തിലാക്കണമെന്ന് സംസ്ഥാന റവന്യൂ വകുപ്പിനോട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്. രണ്ടാം ഘട്ടത്തിലെ എൻ.എ.ഡി. മുതൽ മഹിളാലയം വരെയുള്ള 6.5 കിലോമീറ്റർ ദൂരത്തിന്റെ നിർമ്മാണത്തിനുള്ള 450 കോടി രൂപയുടെ പദ്ധതി കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. കിഫ്ബിയിൽനിന്ന് അനുമതിപത്രം ലഭിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. രണ്ടാംഘട്ടത്തിലെ മഹിളാലയം മുതൽ ചൊവ്വര വരെയുള്ള ഒരു കിലോമീറ്റർ ദൂരം പെരിയാറിന് കുറുകെയുള്ള രണ്ട് പാലങ്ങൾ ഉൾപ്പെടെ പൂർത്തിയാക്കി 2017-ൽ ഗതാഗതത്തിനായി തുറന്നുകൊടുത്തിട്ടുണ്ട്. രണ്ടാംഘട്ടത്തിലെ ചൊവ്വര മുതൽ എയർപോർട്ടുവരെയുള്ള അവസാന ഭാഗത്ത് 4.20 കിലോമീറ്റർ നിർമ്മാണത്തിന് 2.10 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂമിക്കാണ് അതിനകത്ത് ഏറ്റവും കൂടുതൽ വില വരുന്നത്. 6-1-2018-ൽ ആർ.ബി.ഡി.സി.കെ. സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യ വകുപ്പുമുഖേന പരിശോധിച്ച് ടി വകുപ്പിന്റെ അഭിപ്രായം ലഭിക്കുന്നമുറയ്ക്ക് മറ്റ് നടപടികൾ തുടരുന്നതാണ്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും ഭാഗ്യവാനായ എം.എൽ.എ.-മാരുടെ മുൻപന്തിയിലാണ് ശ്രീ. പി. ടി. തോമസ്. കാരണം, ഏതാണ്ട് 690 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് അവിടെ നടക്കുന്നത്. ചില സാങ്കേതിക പ്രശ്നങ്ങളുണ്ട്. രാജ്യരക്ഷാ വകുപ്പിന്റെ അനുമതി ലഭിക്കണം. റവന്യൂ വകുപ്പിന്റെ നടപടികൾ സ്പീഡപ് ചെയ്യണം. എന്തായാലും സാക്ഷാത്കാരത്തിലേയ്ക്ക് നീങ്ങുകയാണ്. തുടരത്തുടരെ ഈ പ്രശ്നം ചർച്ച ചെയ്ത് സാക്ഷാത്കരിച്ചാൽ നമ്മുടെ നാടിന്റെ അഭിമാനമായ എയർപോർട്ട്-സീപോർട്ട് റോഡും അനുബന്ധ ഘട്ടങ്ങളും പൂർണ്ണമായും നടപ്പിലാക്കാൻ കഴിയും. ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് നടപ്പിലാക്കുന്നതിനായി നമുക്ക് കൂട്ടായി പരിശ്രമിക്കാമെന്നാണ് എനിക്ക് പറയാനുള്ളത്.

## (17) പാലം നിർമ്മാണം

ശ്രീ. ജി. എസ്. ജയലാൽ: സർ, ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചാത്തന്നൂർ-ആദിച്ചനല്ലൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പാലമാണ് പള്ളിക്കമണ്ണടി പാലം. ഈ ആവശ്യത്തിന് ദശാബ്ദങ്ങളുടെ പഴക്കമുണ്ട്. 14-8-2009-ലെ സ.ഉ.(ആർ.റ്റി.)നമ്പർ 1185/2009/പി.ഡബ്ല്യു.ഡി. പ്രകാരം

ഇതിന് 3.5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. എന്നാൽ അപ്രോച്ച് റോഡിന്റെ സ്ഥലമേറ്റെടുക്കൽ നടക്കാത്തതുകൊണ്ട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞില്ല. സ്ഥലമേറ്റെടുപ്പിനുള്ള കാലതാമസംമൂലം ജനങ്ങളുടെ ആവശ്യം ഇപ്പോഴും അവശേഷിക്കുകയാണ്. സ്ഥലമേറ്റെടുക്കൽ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കി പാലം നിർമ്മാണം പൂർത്തീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ഇതിനുവേണ്ടി 16-11-2017-ൽ കൊല്ലം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം വിളിച്ചു ചേർത്തിരുന്നു. അവിടെ എൽ. എ. ആർ. ആർ. ആക്ട് 2013, നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി സഹിതം പുതിയ അർത്ഥനാപത്രം, അലൈൻമെന്റ് സ്കെച്ച്, ലാന്റ് ഷെഡ്യൂൾ, ഡീമാർക്കേഷൻ സ്കെച്ച് തുടങ്ങിയവ ലഭ്യമാക്കുന്നതിന് അർത്ഥനാധികാരിയായ എക്സിക്യൂട്ടീവ് എഞ്ചിനീയറെ (പി.ഡബ്ല്യു.ഡി. റോഡ്സ് & ബ്രിഡ്ജസ്) ചുമതലപ്പെടുത്തുകയുണ്ടായി. അതിന്റെ തുടർ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കണം. എത്രയുംപെട്ടെന്ന് സ്ഥലം ഏറ്റെടുത്ത് പള്ളിക്കമണ്ണടി പാലം യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

12.00 Noon]

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ചാത്തന്നൂർ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തിനെയും ആദിച്ചനല്ലൂർ പ്രദേശത്തെയും ബന്ധിപ്പിക്കുന്ന പള്ളിക്കമണ്ണടി പാലത്തിന്റെ നിർമ്മാണത്തെപ്പറ്റിയാണ് ചർച്ച ചെയ്യുന്നത്. 2009 ആഗസ്റ്റ് 14-ാം തീയതിയിലെ പി.ഡബ്ല്യു.ഡി. ഉത്തരവുപ്രകാരം അതിന് 3.15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് സോയിൽ ഇൻവെസ്റ്റിഗേഷനും അലൈൻമെന്റ് സർവ്വേയും നടത്തുകയും പി.ഡബ്ല്യു.ഡി. ഡിസൈൻ വിഭാഗം പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുകയും അലൈൻമെന്റ് അംഗീകരിക്കുകയും ചെയ്തു. അലൈൻമെന്റ് സ്കെച്ച്, ഡീമാർക്കേഷൻ സ്കെച്ച് എന്നിവ 2012 ജനുവരി 10-ന് കൊല്ലം എൽ.എ. സ്പെഷ്യൽ തഹസിൽദാറിന് കൈമാറിയിട്ടുണ്ട്. എന്നാൽ ആറ് വർഷമായിട്ടും ഭൂമി ഏറ്റെടുത്ത് നൽകാൻ കഴിഞ്ഞിട്ടില്ല. കൊല്ലം എൽ.എ. സ്പെഷ്യൽ തഹസിൽദാറിന് കൈമാറിയ ഡീമാർക്കേറ്റ് ചെയ്ത അലൈൻമെന്റിലും സ്കെച്ചിലും പിന്നീട് മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി റിക്വിസിഷൻ ഫോമുകൾ സമർപ്പിച്ചിരുന്നുവെങ്കിലും സ്ഥലം വിട്ടുനൽകാൻ ഭൂവുടമകൾ തയ്യാറാകാത്തതിനാലാണ് പി.ഡബ്ല്യു.ഡി.-ക്ക് കൈമാറ്റം ചെയ്യാൻ കഴിയാത്തത്. പി.ഡബ്ല്യു.ഡി.-ക്ക് ഇക്കാര്യത്തിൽ ഭരണപരമായി ഒന്നും ചെയ്യാനില്ല. അത് റവന്യൂ വകുപ്പും ഭൂവുടമകളും തമ്മിൽ ചെയ്യേണ്ട കാര്യമാണ്. ഭൂവുടമകൾ സമ്മതിക്കുന്നില്ലെന്നതാണ് കിട്ടിയ റിപ്പോർട്ട്. കൊല്ലം

ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനായി 2018 ഫെബ്രുവരി 24-ന് പുതിയ റിക്വിസിഷൻ ഫോമുകൾ സമർപ്പിച്ചിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ വീണ്ടും തയ്യാറാക്കുന്നതിന്റെ നടപടികൾ സ്വീകരിച്ചുവെങ്കിലും ഭൂമി പൊതുമരാമത്ത് വകുപ്പിന് കൈമാറാൻ അവിടെ സാമൂഹ്യപരമായ ഇടപെടലും തീരുമാനങ്ങളും ആവശ്യമാണ്. എങ്കിൽ മാത്രമേ ഇത് നെഗോസിയേഷനിലൂടെ കിട്ടുകയുള്ളൂ. ഇത്രയും കാലതാമസം വന്നതുതന്നെ ഇതിന്റെ അടിസ്ഥാനത്തിലാണ്. എല്ലാവരും ചേർന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തി ഒരു തീരുമാനം എടുക്കുകയാണെങ്കിൽ മറ്റ് കാര്യങ്ങളെല്ലാം അതിവേഗം നടക്കുമെന്നാണ് പറയാനുള്ളത്. വീണ്ടും റിക്വിസിഷൻ ഫോം കൊടുത്തിട്ടുണ്ട്. കളക്ടർക്ക് നെഗോഷ്യേറ്റ് ചെയ്യാം. എം.എൽ.എ.-യും ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കണം. ഡിസൈൻ വീണ്ടും തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ഥലമില്ലാതെ റോഡും പാലവും പണിയുന്ന പദ്ധതി നടപ്പിലാക്കിയതാണ് ഇതിനെല്ലാമുള്ള കാരണം. ഈ ഗവൺമെന്റ് വന്നതിനുശേഷം അങ്ങനെയൊരു പരിപാടിയില്ല. സ്ഥലം ഏറ്റെടുത്തശേഷം പദ്ധതി തുടങ്ങിയിരുന്നെങ്കിൽ പ്രശ്നമുണ്ടാകുമായിരുന്നില്ല. ഇപ്പോൾ നമ്മൾ അങ്ങനെ അനുവദിക്കുന്നില്ല. എന്തെങ്കിലും സാങ്കേതിക കാരണങ്ങൾ കൊണ്ടുവരുന്ന പിഴവല്ലാതെ സ്ഥലമില്ലാതെ ഒരു പ്രോജക്ടും ഏറ്റെടുക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. ഈ കാര്യത്തിൽ വേണമെങ്കിൽ നമുക്ക് കളക്ടറേറ്റിൽ യോഗം ചേരാവുന്നതാണ്. കളക്ടർ ഇക്കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിക്കണം.

## (18) കെട്ടിട നിർമ്മാണത്തിലെ കാലതാമസം

ശ്രീ. സി. കെ. നാണു: സർ, വടകരയിലെ താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായിട്ട് ഏതാണ്ട് എട്ട് വർഷത്തോളമായി. ആശുപത്രി കെട്ടിട നിർമ്മാണത്തിനായി ഗവൺമെന്റ് 13 കോടി രൂപ അനുവദിച്ചു. ഒരു വർഷം മുമ്പ് ഒരാൾ ടെണ്ടർ പിടിച്ചു. അത് ആരാണെന്ന് എനിക്കറിയില്ല. പക്ഷെ ഇന്നുവരെ അവിടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. ആയിരക്കണക്കിനാളുകൾ വരുന്ന ഒരു ജില്ലാ ആശുപത്രിയാണത്. വളരെ ദയനീയമായ അവസ്ഥയാണ്. ബഹുമാനപ്പെട്ട മന്ത്രിക്കറിയാം, സെൻട്രൽ റോഡ് ഫണ്ടിന്റെ പ്രവൃത്തി ഏറ്റെടുത്ത് രണ്ട് മാസം കഴിഞ്ഞപ്പോൾ പണി തുടങ്ങി. ചോറോട് പാലം കഴിഞ്ഞ് വയനാട് വരെയുള്ള റോഡിന്റെ ടെണ്ടർ എടുത്ത് രണ്ട് മാസത്തിനുള്ളിൽ വർക്ക് ആരംഭിച്ചു. വർക്ക് ആരംഭിക്കാത്തതിന് മറ്റ് കാരണങ്ങൾ പറഞ്ഞിട്ട് കാര്യമില്ലല്ലോ. വർക്ക് ഏറ്റെടുത്തശേഷം പണി ആരംഭിക്കാതിരുന്നാൽ എന്തുചെയ്യും? ഞാൻ പറയുന്നത് അവർക്ക് സാധിക്കുന്നില്ലെങ്കിൽ അവരെ മാറ്റി അടിയന്തരമായി ഈ പ്രവൃത്തി മറ്റാർക്കെങ്കിലും അനുവദിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. കാരണം ഇതൊരു നാടിനെ ബാധിക്കുന്ന പ്രശ്നമാണ്.

രണ്ടാമത്തേത്, വടകര-ഒഞ്ചിയം റോഡ്, അവിടത്തെ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ എല്ലാ രാഷ്ട്രീയകക്ഷികളും വ്യാപാരി വ്യവസായികളും ചേർന്നു കൊണ്ട് പ്രവൃത്തി ഉദ്ഘാടനം ചെയ്തതാണ്. സൈഡിലുള്ള മതിലെല്ലാം വ്യാപാരി വ്യവസായി ഏകോപന സമിതിയിലെ ആളുകൾ അഭിപ്രായ വ്യത്യാസമില്ലാതെ പൊളിച്ചുമാറ്റി. അതിന്റെ ഉദ്ഘാടനം ഗംഭീരമായി നടത്തി. ഈ പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ വാഹനം കൊണ്ടുപോകാൻ സാധിക്കുന്നില്ല. ഞാൻ അതുവഴി പോകുമ്പോൾ അവർ പ്രതിഷേധ യോഗത്തിന്റെ നോട്ടീസുമായി എന്റെ അടുത്തേയ്ക്ക് വന്നു. മറ്റ് നിവൃത്തിയില്ലെന്നാണ് നാട്ടുകാർ പറയുന്നത്. ഇത് മൂന്ന് കോടി രൂപയുടെ പ്രവൃത്തിയാണ്. പക്ഷെ അതിന്റെ വർക്ക് ചെയ്യുന്നില്ല. ഞാൻ ആ കോൺട്രാക്ടറെ നേരിൽക്കണ്ട് സഹായിക്കണമെന്ന് പറഞ്ഞു. ഡിസ്ട്രിക്ട് റോഡ്സിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയറെ വിളിച്ചു. ആ എക്സിക്യൂട്ടീവ് എഞ്ചിനീയർ പറഞ്ഞത്, ഞാൻ എന്തു ചെയ്യണമെന്നാണ്. ഞാൻ വേറെ ഏതെങ്കിലും കോൺട്രാക്ടറോട് പറഞ്ഞ് കുറച്ച് വർക്കേഴ്സിനെ എത്തിക്കട്ടെ എന്നാണ് അവർ പറഞ്ഞത്. പലർക്കും ആഗ്രഹമുണ്ടാകും. കയ്യിൽ പണമില്ലെങ്കിൽ പിന്നെ ഇതുപോലെ ടെണ്ടർ എന്തിനാണ് പിടിക്കുന്നത്. ദയനീയമായ അവസ്ഥയിൽ ഞങ്ങളെ എത്തിച്ചിരിക്കുകയാണ്. ഒഞ്ചിയം റോഡ് വളരെ പ്രധാനപ്പെട്ടതാണ്. ഞാനായതുകൊണ്ടാണ് മറ്റുള്ള ബഹളത്തിനൊന്നും വരാത്തത്. ഈ പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണണം. കഴിഞ്ഞ പ്രാവശ്യം ഞാൻ ഈ ആശുപത്രിയുടെ കാര്യത്തിൽ ഒരു ശ്രദ്ധ ക്ഷണിക്കൽ കൊണ്ടുവന്നതാണ്. ഇതിന് എന്തെങ്കിലുമൊരു പരിഹാരം കാണണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട അംഗം രണ്ടാമത്തെ തവണയാണ് ഈ വിഷയം ഉന്നയിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വടകര താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് 2010 ഒക്ടോബർ 9-ലെ ഉത്തരവുപ്രകാരം, ശ്രീ. വി. എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് 5 കോടി രൂപയുടെ ഭരണാനുമതി നൽകി. ചീഫ് എഞ്ചിനീയറുടെ കാര്യാലയം 2010 മാർച്ച് 28-ന് 5.60 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ഗ്രൗണ്ട് ഫ്ലോറും ഒന്നാം നിലയുമാണ് അന്ന് പ്രവൃത്തിയിലുണ്ടായിരുന്നത്. പ്രവൃത്തി ടെണ്ടർ ചെയ്യുകയും കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എസ്റ്റിമേറ്റ് റേറ്റിൽനിന്നും 7.5 ശതമാനം കൂടുതൽ നിരക്കിൽ പണി ഏറ്റെടുക്കുകയും ചെയ്തു. അവർ അത് സബ് കോൺട്രാക്ട് കൊടുത്തു. അങ്ങനെയാണ് ഈ പ്രശ്നം തുടങ്ങുന്നത്. നന്നായി പണി ചെയ്യാത്ത ഒരാൾക്കാണ് അവർ സബ് കോൺട്രാക്ട് കൊടുത്തത്. അതാണ് പ്രശ്നം. സ്ട്രക്ചറൽ വർക്കെല്ലാം നടത്തി. പിന്നെ അത് ചെയ്തില്ല. അതുകൊണ്ട് അയാളെ ടെർമിനേറ്റ് ചെയ്യുകയുണ്ടായി. രണ്ടാംഘട്ടമായി നബാർഡിൽ ഉൾപ്പെടുത്തി 13.70 കോടി

രൂപയുടെ ഭരണാനുമതി കൊടുത്തു. രണ്ടാംഘട്ടം നേരത്തെ ചെയ്ത പ്രവൃത്തിയുടെ ബാക്കിയും രണ്ടാം നില മുതൽ ആറാം നില വരെയുള്ള പ്രവൃത്തികളും ഉൾപ്പെട്ടതാണ്. 2017 ജൂലൈ 1 മുതൽ ജി.എസ്.ടി. വന്നപ്പോൾ അതിന്റെ കേസ്സായി. ഇതുപോലെയുള്ള സാങ്കേതിക പ്രശ്നങ്ങളെല്ലാം വന്നു. 2017 നവംബർ 16-ന് നമ്മൾ എതിർ സത്യവാങ്മൂലം സമർപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് കൈകാര്യം ചെയ്ത ഗവൺമെന്റ് പ്ലീഡറിൽനിന്നും 2018 ഫെബ്രുവരി 20-ന് ലഭിച്ച കത്തിൽ കേസ്സിന്റെ വിഷയത്തിൽ കൂടുതൽ വ്യക്തത വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ മാർച്ച് 7-ാം തീയതി അഡ്വക്കേറ്റ് ജനറലിന് പി.ഡബ്ല്യു.ഡി. അത് അയച്ചുകൊടുത്തിട്ടുണ്ട്. ബിൽഡിംഗ്സ് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ നടപടികൾ ഏകോപിപ്പിക്കുന്നതിന് പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്. കേസ്സിന്റെ ഉത്തരവ് വരുന്ന മുറയ്ക്കാണ് മറ്റ് നടപടികൾ സ്വീകരിക്കുന്നത്. കേസ് ഒഴിവാക്കിത്തരേണ്ടത് അഡ്വക്കേറ്റ് ജനറലിന്റെ ചുമതലയാണ്. അതിനുള്ള എല്ലാ പേപ്പറുകളും നമ്മൾ കൊടുത്തിട്ടുണ്ട്. പ്രശ്നം ഇതാണ്, അല്ലാതെ അവിടെയുള്ള ഏതെങ്കിലും എഞ്ചിനീയറുടെ പ്രശ്നമല്ല. കോൺട്രാക്ട് വ്യവസ്ഥയിൽ സംഭവിച്ച പ്രശ്നമാണ്. കോടതിയിൽനിന്നും തീരുമാനം വന്നാൽ അത് നടപ്പാക്കുന്നതിന് തടസ്സമില്ല.

റോഡിന്റെ കാര്യത്തിൽ വെള്ളിക്കുളങ്ങര-ഒഞ്ചിയം-കണ്ണൂക്കര-മാടാക്കര റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് ബഹുമാനപ്പെട്ട ശ്രീ. സി. കെ. നാണു പറഞ്ഞതുപോലെ 2017 മാർച്ച് 16-ന് മൂന്ന് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2017 മാർച്ച് 31-ന് സാങ്കേതികാനുമതി കിട്ടി. 2017 ജൂൺ 21-ന് ടെണ്ടറും ചെയ്തു. മുഹമ്മദ് കുഞ്ഞി എന്നയാൾ കരാറെടുത്തിട്ടുണ്ട്. അതിൻപ്രകാരം ടെണ്ടർ നൽകി സ്ഥലവും കൈമാറിയിരുന്നു. പ്രസ്തുത പ്രവൃത്തി ഓവുചാലുകൾ നിർമ്മിച്ച് റോഡ് ഉപരിതലം ഉയർത്തി ബി.എം.&ബി.സി. ചെയ്യാനാണ് എസ്റ്റിമേറ്റുള്ളത്. ഇതിനോടകം വീതികുറഞ്ഞതും വെള്ളക്കെട്ടുണ്ടാകുന്നതുമായ പ്രദേശത്ത് പരിസര വാസികൾ സ്വമേധയാ സ്ഥലം വിട്ടുനൽകുന്നതിനനുസരിച്ച് റോഡിന്റെ വീതി 9 മീറ്ററാക്കുകയും ഓവുചാലുകൾ, റോഡ് ഉയർത്തൽ എന്നിവയുടെ 90% പ്രവൃത്തി പൂർത്തീകരിച്ചുകഴിഞ്ഞിട്ടുമുണ്ട്. കരാർ നിബന്ധന പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി ഇക്കഴിഞ്ഞ മേയ് 9-ാം തീയതിയായിരുന്നു. എന്നാൽ പണി പൂർത്തീകരിക്കാനായി കാലാവധി മൂന്ന് മാസംകൂടി നീട്ടിനൽകണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ബി.എം.&ബി.സി. പ്രവൃത്തി ഈ ജൂണിൽ ചെയ്യാനാകില്ല. അത് മഴക്കാലത്തിനുശേഷം ചെയ്യാവുന്നതാണ്. 30 ദിവസംകൂടി അനുകൂല കാലാവസ്ഥയുണ്ടായാൽ ടാറിംഗ് പൂർത്തിയാക്കി റോഡ് കമ്മീഷൻ ചെയ്യാവുന്നതാണ്.

കെട്ടിടത്തിന്റെ കാര്യം സംബന്ധിച്ച് വേണമെങ്കിൽ അഡ്വക്കേറ്റ് ജനറലുമായി നമുക്ക് സംസാരിക്കാം. അവർ ഫയൽ തന്നാൽ മതി. കൺസ്ട്രക്ഷൻ കോർപ്പറേഷൻ അക്കാലത്തുണ്ടാക്കിയ പ്രശ്നമാണ്. അവർ എല്ലായിടത്തും ഇങ്ങനെയാണ് ചെയ്തു കൊണ്ടിരിക്കുന്നത്. അവരെടുത്ത ഒരു വർക്കും ശരിയായി ചെയ്തിട്ടില്ല. ഇപ്പോൾ അതൊക്കെ മാറ്റി. ഈ ഗവൺമെന്റ് വന്നതിനുശേഷം സബ്ടെണ്ടറേയില്ല. അവരെ SPV മാത്രമായി മാറ്റി. കുരുക്കിലായിപ്പോയ ഒരു ആശുപത്രിയാണത്. കുരുക്കഴിക്കാൻ അൽപ്പസമയംകൂടിയെടുക്കും. അങ്ങയുടെ കാലത്തുതന്നെ അത് പൂർത്തിയാകുമെന്നാണ് എന്റെ പൂർണ്ണ വിശ്വാസം.

## (19) റോഡുകൾ ഏറ്റെടുക്കൽ

ശ്രീ. വി. ടി. ബൽറാം: സർ, തൃത്താല നിയോജകമണ്ഡലത്തിലെ നിരവധി ഗ്രാമീണ റോഡുകൾ ആളുകൾക്ക് അങ്ങേയറ്റം യാത്രാദുരിതം സമ്മാനിക്കുന്ന അവസ്ഥയിലാണ് നിലനിൽക്കുന്നത്. ഏറെ പ്രധാനപ്പെട്ട കാഞ്ഞിരത്താണി-കോക്കൂർ റോഡ് ഗ്രാമീണ റോഡിനപ്പുറം പ്രാധാന്യമുള്ള വാഹനഗതാഗതമുള്ള രണ്ട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വൺ ടൈം റോഡ് ഇംപ്രൂവ്മെന്റിന്റെ ഭാഗമായി 20 ലക്ഷം രൂപ അനുവദിപ്പിക്കാൻ സാധിച്ചിരുന്നു. ആ പണി പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ ബാക്കിയുള്ള ഭാഗം കുണ്ടുംകുഴിയുമായി ഗതാഗതയോഗ്യമല്ലാതായിരിക്കുകയാണ്. അതുപോലെ പ്രധാനപ്പെട്ട മറ്റൊരു റോഡാണ് കൂറ്റനാട്-പെരിങ്ങോട് റോഡ്. അതും രണ്ട് പ്രധാനപ്പെട്ട സ്ഥലങ്ങളെ തമ്മിൽ കണക്ട് ചെയ്യുന്ന റോഡാണ്. ജില്ലാ പഞ്ചായത്തും മറ്റും എല്ലാ വർഷവും ചെറിയ തുക വച്ച് അതിന്റെ റിപ്പയർ നടത്തുമെങ്കിലും അടുത്ത മഴയ്ക്ക് റോഡ് ഒലിച്ചുപോയി സ്ഥിരം ഒരു പ്രശ്നപ്രദേശമായി നിലനിൽക്കുകയാണ്. അതുപോലെ കോക്കാട്-മലമക്കാവ് റോഡ്, ചാലിശ്ശേരി-ആലിക്കര-കോതച്ചിറ റോഡ്, തണ്ണീർക്കോട്-തലക്കശ്ശേരി റോഡ് എന്നിങ്ങനെയുള്ള പല റോഡുകളും പഴയകാലത്ത് ഗ്രാമീണ റോഡുകളുടെ അവസ്ഥയായിരുന്നെങ്കിൽപ്പോലും ഇപ്പോൾ വലിയ രീതിയിലുള്ള ഗതാഗതം അവിടെ നടക്കുന്നുണ്ട്. പ്രധാനപ്പെട്ട സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡാണ്. പക്ഷെ ഇതിനൊന്നിനും സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്താൻ ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾക്ക് കഴിയാതെ വരുന്ന സാഹചര്യമാണുള്ളത്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, ഈ റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് വീതികൂട്ടി നല്ല നിലയിൽ ടാർ ചെയ്യാനും പരമാവധി ബി.എം.&ബി.സി. ചെയ്യാനുമുള്ള നടപടിയുണ്ടാകണം. പഴയ കാലത്തിൽനിന്നും വ്യത്യസ്തമായി ആളുകൾ പ്രതീക്ഷി ക്കുന്നത് ഇതാണ്. ആ നിലയ്ക്ക് ഈ റോഡുകൾ പി.ഡബ്ല്യു.ഡി. ഏറ്റെടുത്ത് അതിന്റെ അറ്റകുറ്റപ്പണികളും നവീകരണ പ്രവൃത്തികളും നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കാഞ്ഞിരത്താണി-കോക്കൂർ റോഡും കൂറ്റനാട്-പെരിങ്ങോട് റോഡും കോക്കാട്-മലമക്കാവ് റോഡും ചാലിശ്ശേരി-ആലിക്കര-കോതച്ചിറ റോഡും തണ്ണീർക്കോട്-തലക്കശ്ശേരി റോഡും പഞ്ചായത്ത് റോഡുകളാണ്. പഞ്ചായത്ത് മന്ത്രിയോടാണ് അങ്ങ് ഇത് ചോദിക്കാനുള്ളത്. കാരണം ബജറ്റിൽ പഞ്ചായത്ത് റോഡിന് പണമില്ല. നമുക്ക് ചെയ്യാനും കഴിയില്ല. ഏറ്റെടുക്കണമെന്നാണ് അങ്ങ് പറഞ്ഞത്. നയപരമായി ഇപ്പോൾ അങ്ങനെ ചെയ്യേണ്ടതില്ല. ലോക്കൽ ബോഡീസിന് വിട്ടുകൊടുത്ത റോഡുകൾ ഏറ്റെടുത്താൽ അധികാര വികേന്ദ്രീകരണം പരാജയപ്പെട്ടു എന്നാണ് അതിന്റെ അർത്ഥം. അതുകൊണ്ട് അവർതന്നെ ചെയ്യണം, അവർക്ക് ഫണ്ടില്ലാത്തതുകൊണ്ടാണ്. ഞാൻ ഏറ്റെടുത്തിട്ട് എന്ത് കാര്യം? എനിക്ക് ഫണ്ടില്ലാതെ ചെയ്യാൻ കഴിയുമോ? ഞാൻ ഇത് ഏറ്റെടുത്താലും അതേ തുക വേണ്ടേ? ഗവൺമെന്റ് ഇത്തരം റോഡുകൾ പുനരുദ്ധരിക്കാൻ, 2006-2011-ൽ ശ്രീ. വി. എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ചെയ്തതുപോലെ, അന്ന് 5000 കോടി രൂപ ചെലവഴിച്ച് ഒരുവിധമുള്ള പ്രവൃത്തികളെല്ലാം ചെയ്തു. 3,000 കോടി രൂപ ചെലവഴിച്ചുകൊണ്ട് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റും ചെയ്തു. ഏറ്റെടുക്കുന്നതിലല്ല പ്രാധാന്യം. അത് നല്ലതുപോലെ ഒറ്റത്തവണ നിർമ്മിച്ച് ലോക്കൽ ബോഡിയെ ഏൽപ്പിക്കാൻ, പി.ഡബ്ല്യു.ഡി.-യെ ഏൽപ്പിക്കാൻ വ്യവസ്ഥയുണ്ട്. അതിനെപ്പറ്റി ഗവൺമെന്റ് ചർച്ച ചെയ്യുന്നുണ്ട്. സാമ്പത്തിക പ്രയാസമാണ് കാരണം. ഈ ഗവൺമെന്റ് ചെയ്യുമെന്നാണ് എന്റെ വിശ്വാസം. ആ സമയത്ത് നമുക്കിത് ചെയ്യാം. സ്പെഷ്യലായി എം.എൽ.എ. ഫണ്ടും എം.പി. ഫണ്ടും വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടും കൊടുക്കാം, ശ്രീ. ഇ. ചന്ദ്രശേഖരനോട് പറഞ്ഞാൽ മതി. ഞങ്ങളൊക്കെ ചെയ്യുന്നതങ്ങനെയല്ലേ? വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടുപയോഗിച്ച് രണ്ട് റോഡ് ചെയ്യുക, എം. പി. ഫണ്ട് കൊണ്ടും എം.എൽ.എ. ഫണ്ടുകൊണ്ടും മറ്റ് റോഡുകൾ ചെയ്യുക. തത്കാലത്തേയ്ക്ക് അങ്ങനെ ചെയ്യാം. ശാശ്വതമായിട്ടൊരു സിസ്റ്റമെടുക്കാം. ഏത് എം.എൽ.എ.-യ്ക്കും ഇത് ഉന്നയിക്കാം. അങ്ങയുടെ കാര്യം ഒരു സാമ്പിളായി അംഗീകരിച്ചതാണ്. അല്ലെങ്കിൽ സ്പെഷ്യലായി എന്തെങ്കിലും ഉത്തരവ് ധനകാര്യ വകുപ്പിൽനിന്ന് വാങ്ങണം. റിംഗ് റോഡ് എന്നുപറഞ്ഞ് പഞ്ചായത്തിൽ നിന്നുള്ള കുറച്ച് റോഡുകളെടുക്കുന്നുണ്ട്. അതിൽ ഉൾപ്പെടുത്തണം. ഒരുപാട് വഴികളുണ്ട്. നമുക്ക് ചർച്ച ചെയ്യാം. എന്നാൽ ഇപ്പോൾ പഞ്ചായത്ത് റോഡ് ഏറ്റെടുക്കേണ്ടെന്ന തീരുമാനം ക്യാബിനറ്റ് എടുത്തിട്ടുണ്ട്. ഏറ്റെടുത്താലും പണം തരേണ്ടി വരും. നമ്മുടെ ബജറ്റ്കൊണ്ട് ചെയ്യാൻ സാധിക്കുകയില്ല. പണമാണ് പ്രശ്നം, പക്ഷെ ജനങ്ങളുടെ യാത്രാസൗകര്യത്തിന്റെ കാര്യമാണ്. മൂന്നരലക്ഷം കിലോമീറ്റർ റോഡുകളിൽ മൂന്ന് ലക്ഷവും പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ റോഡുകളാണ്. പി.ഡബ്ല്യു.ഡി.-ക്ക് അമ്പതിനായിരം

കിലോമീറ്ററേയുള്ളൂ. യാത്രയുടെ 80% അതിൽക്കൂടിയാണെങ്കിലും മൂന്ന് ലക്ഷം കിലോമീറ്ററും പഞ്ചായത്ത്, മുനിസിപ്പൽ വകുപ്പുകളുടെ കീഴിലാണ്. നാഷണൽ ഹൈവേയുൾപ്പെടെ അമ്പതിനായിരം കിലോമീറ്ററേ പി.ഡബ്ല്യു.ഡി.-ക്കുള്ളൂ. ഇത് വളരെ പ്രധാനമാണ്. ഞാൻ ഇത് അംഗീകരിക്കുന്നു. ഏതെങ്കിലും സിസ്റ്റത്തിൽ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ആലോചിക്കാം.

### (20) പരമ്പരാഗത വ്യവസായത്തിൽ ഉൾപ്പെടുത്തൽ

ശ്രീ. അൻവർ സാദത്ത്: സർ, കേരളത്തിൽ പരമ്പരാഗതമായി കളിമൺ പാത്രനിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന വേളാർ സമുദായ അംഗങ്ങളുടെ സ്ഥിതി വളരെ ദയനീയമാണ്. കളിമൺ നിർമ്മാണ വ്യവസായത്തെ നാളിതുവരെ പരമ്പരാഗത വ്യവസായത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. കയർ, കശുവണ്ടി, കൈത്തറി ഇവയെല്ലാം പരമ്പരാഗത വ്യവസായത്തിൽപ്പെട്ടതാണ്. അതുകൊണ്ട് അവർക്ക് ധാരാളം ആനുകൂല്യങ്ങൾ കിട്ടുന്നുണ്ട്. ബജറ്റിൽ അവർക്കുവേണ്ടി തുക മാറ്റി വയ്ക്കുന്നുണ്ട്. അതുപോലെതന്നെ അവർക്ക് ക്ഷേമനിധിയുണ്ട്, പെൻഷൻ ലഭിക്കുന്നു, കൂടാതെ സബ്സിഡി റേറ്റിൽ സാധനങ്ങൾ വിറ്റഴിക്കാൻ സാധിക്കുന്നുമുണ്ട്. അലുമിനിയം പോലുള്ള പാത്രങ്ങളിലെ പാചകം രോഗങ്ങൾക്ക് കാരണമാകുമെന്ന് പറയുന്നുണ്ട്. അതുകൊണ്ട് കൂടുതൽ ജനങ്ങൾ കളിമൺപാത്രം ഉപയോഗിക്കുന്ന സ്ഥിതിയുണ്ടാകണമെങ്കിൽ, അത് കൂടുതൽ വിറ്റഴിയണമെങ്കിൽ, ആ തൊഴിൽ മേഖലയിൽ കൂടുതൽ സാധ്യതയുണ്ടാകണമെങ്കിൽ അവർക്ക് പരമ്പരാഗത വ്യവസായങ്ങൾക്ക് നൽകുന്നതുപോലുള്ള സബ്സിഡി നൽകണം. ഈ മേഖലയിൽ 26000 തൊഴിലാളികളും അവരെ ആശ്രയിക്കുന്നവരുമുൾപ്പെടെ ഒന്നരലക്ഷത്തോളം ആളുകളുണ്ട്. ഇവരെ പരമ്പരാഗത വ്യവസായത്തിൽ ഉൾപ്പെടുത്താത്തതുകൊണ്ട് അവരുടെ അവസ്ഥ ദയനീയമാണ്. കഴിഞ്ഞ സർക്കാരിന്റെ സമയത്ത് മൺപാത്ര വികസന കോർപ്പറേഷൻ രൂപീകരിച്ചിരുന്നു. കോർപ്പറേഷന് ചെയർമാനെ നിയമിച്ചിട്ടുണ്ടെങ്കിലും സർക്കാർ മാറിയശേഷം കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ഇന്ന് നല്ലരീതിയിൽ മുന്നോട്ടു പോകുന്നില്ല. കോർപ്പറേഷന്റെ പ്രവർത്തനം വളരെ ഊർജ്ജിതമായി മുന്നോട്ടു പോകാനുള്ള സാഹചര്യമുണ്ടാകണം. വളരെ ശോചനീയാവസ്ഥയിൽ ജീവിക്കുന്ന ഈ വിഭാഗത്തിലെ കുട്ടികൾക്ക് പുതിയ അദ്ധ്യയനവർഷം ആരംഭിക്കുമ്പോൾ സർക്കാരിൽനിന്നും ബാഗ്, കുട, പുസ്തകങ്ങൾ തുടങ്ങിയവ ലഭിക്കുന്നില്ല. ശിപാർശ ചെയ്ത വിഭാഗത്തിൽ കേരളത്തിലെ കളിമൺപാത്ര നിർമ്മാണ തൊഴിലാളികളുടെ മക്കൾക്ക് ഇവ ലഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കണം. 2016 ഫെബ്രുവരി 11-ന് രജിസ്റ്റർ ചെയ്ത മൺപാത്ര വികസന കോർപ്പറേഷന് നല്ല രീതിയിൽ മുന്നോട്ട് പോകാൻ സാധിക്കണം. ഇവർക്ക് സഹായം ലഭിക്കുന്നതിനായി ആവശ്യമായ മൂലധനം വകയിരുത്തി കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താനും ഈ

വ്യവസായത്തെ  പരമ്പരാഗത വ്യവസായത്തിലുൾപ്പെടുത്താനും ഈ സമുദായത്തിന് ആവശ്യമായ സഹായം ലഭിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ.എൻ.എ. ഖാദർ)

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കേരളത്തിലെ മിക്ക ജില്ലകളിലും കളിമൺ പാത്ര നിർമ്മാണം ഉപജീവന മാക്കിയിട്ടുള്ള തൊഴിലാളികളും കുടുംബാംഗങ്ങളുമുണ്ട്. പ്രധാനമായും വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ ഈ തൊഴിലിനെ ആശ്രയിച്ച് ജീവിക്കുന്ന ജനവിഭാഗങ്ങൾ കൂട്ടംചേർന്ന് പ്രവർത്തനങ്ങൾ നടത്തി വരുന്നു. പരമ്പരാഗത  തൊഴിൽമേഖലയായ കളിമൺ പാത്രനിർമ്മാണമേഖല പല പ്രതിസന്ധികളും അഭിമുഖീകരിക്കുന്നുണ്ട്. അവയിൽ പ്രധാനം കളിമണ്ണിന്റെ ലഭ്യതക്കുറവും കളിമണ്ണ് ശേഖരിക്കുന്നതിനുള്ള നിയന്ത്രണങ്ങളുമാണ്. കളിമൺ നിർമ്മാണമേഖലയെ പ്രതിസന്ധിയിൽനിന്നും സംരക്ഷിക്കുന്നതിനായി സർക്കാർ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ഈ മേഖലയിലെ തൊഴിലാ ളികൾക്ക് മൺപാത്ര നിർമ്മാണത്തിനാവശ്യമായ വായ്പകൾ ലഭ്യമാക്കുക, ആധുനികവൽക്കരണത്തിന് സഹായം നൽകുക, വിപണനത്തിന് ഔട്ട്ലെറ്റുകൾ ആരംഭിക്കുക, മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുക, മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് വിവിധ ക്ഷേമപ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക തുടങ്ങിയവ ലക്ഷ്യമിട്ട് കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമവികസന കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്.  കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ നടത്താൻവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. മൺപാത്ര നിർമ്മാണമേഖലയിൽ ജോലി ചെയ്യുന്ന ഒരു ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവർക്ക് മൺപാത്ര നിർമ്മാണത്തിനായി യന്ത്രങ്ങൾ വാങ്ങുന്നതിനും മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി 25,000 രൂപ വീതം ഗ്രാന്റായി അനുവദിച്ചുവരുന്നുണ്ട്. ഈ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് ഒ.ഇ.സി. കാറ്റഗറിയിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗക്കാർക്ക് നൽകുന്നതിന് സമാനമായ വിദ്യാഭ്യാസ ആനുകൂല്യങ്ങളും അനുവദിച്ചുവരുന്നുണ്ട്.  കേരളത്തിലെ മൺപാത്ര തൊഴിൽമേഖലയെ ക്ലസ്റ്റർ മാതൃകയിൽ വികസിപ്പിക്കുന്ന നടപടികൾ സർക്കാർ ഇപ്പോൾ സ്വീകരിച്ചു വരികയാണ്.  മൺപാത്ര നിർമ്മാണ തൊഴിലാളികൾ കൂടുതലായി വസിക്കുന്ന ജില്ലകളിൽ പ്രത്യേകം മേഖലകൾ തരംതിരിച്ച് ക്ലസ്റ്റർ മാതൃകകൾ വികസിപ്പിക്കു ന്നതിനുള്ള പ്രവർത്തനങ്ങൾ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിലാണ് കൈക്കൊ ള്ളുന്നത്.  തൃശ്ശൂർ ജില്ലയിൽ ക്ലസ്റ്റർ മാതൃകയിൽ വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.  പരമ്പരാഗത കളിമൺപാത്ര നിർമ്മാണത്തിൽ

ഏർപ്പെടുന്ന വ്യക്തിക്കോ സഹകരണസംഘത്തിനോ ഒരു വർഷത്തിൽ 50 ടൺ കളിമണ്ണ് ലഭ്യമാക്കുന്നതിന് ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ നൽകുന്ന തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ റോയൽറ്റി ഈടാക്കാതെ ട്രാൻസിറ്റ് പാസ് അനുവദിക്കുന്ന കാര്യത്തിൽ ചട്ടം രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരം കളിമണ്ണ് ലഭ്യമാക്കാൻ അനുയോജ്യമായ വിധത്തിൽ തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യാനുള്ള നടപടികൾ ജില്ലാ വ്യവസായകേന്ദ്രങ്ങൾ സ്വീകരിച്ചുവരുന്നു. നിലവിൽ കളിമൺ പാത്രനിർമ്മാണം പരമ്പരാഗത വ്യവസായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. അക്കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

## (21) തസ്തിക സൃഷ്ടിക്കൽ

ശ്രീ. ആർ. രാജേഷ്: സർ, എല്ലാ സർക്കാർ ഹൈസ്കൂളുകളിലും ആവശ്യമായ ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നതാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. പൊതുവിദ്യാഭ്യാസത്തിന് വളരെ പ്രാധാന്യം കൊടുക്കുന്ന ഒരു ഗവൺമെന്റാണിത്. അതിന്റെ ഭാഗമായാണ് രണ്ടുലക്ഷത്തോളം കുട്ടികൾ കേരളത്തിന്റെ പൊതുവിദ്യാലയത്തിലേയ്ക്ക് പുതിയതായി വന്നത്. അങ്ങനെ പൊതുവിദ്യാലയങ്ങൾ ശാക്തീകരിക്കപ്പെടുമ്പോൾ ഏറ്റവും പ്രധാനപ്പെട്ടതാണ്, ഓരോ ഭാഷകളും പഠിപ്പിക്കാൻ അതത് ഭാഷകളിൽ യോഗ്യതയുള്ള അദ്ധ്യാപകരുണ്ടാവുക എന്നുള്ളത്. എന്നാൽ കേരളത്തിലെ 341 ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കാൻ പ്രാവീണ്യമുള്ള അദ്ധ്യാപകരില്ല. മറ്റ് വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകരാണ് നിലവിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നത്. അതുകൊണ്ട് ശരിയായ ഇംഗ്ലീഷ് ഭാഷാപഠനം നൽകുന്നതിൽ ഇതൊരു ദൗർബല്യമാണ്. ഹൈസ്കൂളുകളിലെ ഇംഗ്ലീഷ് ഭാഷ പഠനത്തിന്റെ നിലവാരം ഉയർത്തുന്നതിനു വേണ്ടിയാണ് സർക്കാർ എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തിക സൃഷ്ടിച്ചത്. ഇംഗ്ലീഷ് ബിരുദവും ബി.എഡ്.-ഉം ഉള്ളവരാണ് ഇതിനുള്ള യോഗ്യതയുള്ളവരായി കണക്കാക്കപ്പെടുന്നത്. എൻ.സി.ടി.ഇ. മാനദണ്ഡപ്രകാരം ആറാം ക്ലാസ് മുതൽ വിഷയാധിഷ്ഠിതമായ അദ്ധ്യാപക നിയമനം നടത്തേണ്ടതായിട്ടുണ്ട്. എന്നിട്ടും 341 സ്കൂളുകളിൽ ഇംഗ്ലീഷ് പ്രാവീണ്യമുള്ള ഇംഗ്ലീഷ് അദ്ധ്യാപകരില്ല. 2003-ലെ സർക്കാർ ഉത്തരവിന്റെ ഭാഗമായി ഇതൊരു കോർ സബ്ജക്ടായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ഇതൊരു ഭാഷയായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്, അത് കെ.ഇ.ആർ.-ൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. കോർ സബ്ജക്ടായി മാറുമ്പോൾ അഞ്ച് ഡിവിഷനുകൾക്ക് ഒരു പോസ്റ്റ് എന്ന നിലയിലേയ്ക്കാണുള്ളത്. പക്ഷെ 2003-ലെ സർക്കാർ ഉത്തരവിന്റെ ഭാഗമായി ഒരു ഭാഷയായി പരിഗണിക്കപ്പെടുമ്പോൾ 15 പിരീഡിന് ഒരു പോസ്റ്റ് എന്ന നിലയിലേയ്ക്ക് മാറും. അങ്ങനെ വരുമ്പോൾ കൂടുതൽ അദ്ധ്യാപകരെ നിയമിക്കാനാവശ്യമായ നടപടികൾ നമുക്ക് സ്വീകരിക്കാനാകും. കെ.ഇ.ആർ.-ൽ

അത് ഉൾപ്പെടുത്തിയിട്ടുണ്ട്, പക്ഷെ സ്റ്റാഫ് ഫിക്സേഷന്റെ ഭാഗമായി ഇത് പരിഗണനയിൽ വന്നിട്ടില്ല. അതിന്റെ ഭാഗമായി മറ്റ് അദ്ധ്യാപകരാണ് ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നത്. ഇംഗ്ലീഷ് പഠിപ്പിക്കാൻ 'ഹലോ ഇംഗ്ലീഷ്' പോലെയുള്ള നൂതനമായ സംവിധാനങ്ങൾ ആവിഷ്കരിക്കുമ്പോഴും ഇംഗ്ലീഷ് പ്രാവീണ്യമുള്ള യോഗ്യരായ അദ്ധ്യാപകരില്ല എന്നത് ഒരു ദൗർബല്യം തന്നെയാണ്. ഇത് പരിഹരിക്കാനാവശ്യമായ ശക്തമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇനിയുള്ള സ്റ്റാഫ് ഫിക്സേഷൻ നടത്തുമ്പോൾ ഈ ചട്ടം പ്രാബല്യത്തിൽ കൊണ്ടുവന്ന് ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കണം. 341 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുന്നതിനാവശ്യമായ ശക്തമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഇംഗ്ലീഷ് പഠിപ്പിക്കാൻ പൂർണ്ണമായും യോഗ്യരായ അദ്ധ്യാപകരെ ഹൈസ്കൂളുകളിൽ നിയോഗിക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ 7-1-2002-ൽ ജി.ഒ.(എംഎസ്.) 11/2002/പൊ.വി.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ഹൈസ്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ്) എന്ന പുതിയ തസ്തിക സൃഷ്ടിക്കുകയും ഇംഗ്ലീഷിനെക്കൂടി ഉൾപ്പെടുത്തി ഫിസിക്കൽ സയൻസ്, ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം, നാച്ചറൽ സയൻസ്, ഇംഗ്ലീഷ് എന്നിങ്ങനെ കോർ വിഷയങ്ങളുടെ വിതരണക്രമം പുനഃക്രമീകരിക്കുകയുണ്ടായി. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 6-6-2013-ലെ 149/2003/പൊ.വി.വ. സർക്കാർ ഉത്തരവുപ്രകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുമുണ്ട്. 7-1-2002-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കോർ വിഷയങ്ങൾക്കുള്ള തസ്തിക അനുവദിക്കുന്നത്. 2002-2003 മുതൽ സംസ്ഥാനത്ത് ഈ രീതിയാണ് അവലംബിച്ചുവരുന്നത്. ഇതുപ്രകാരം ഹൈസ്കൂൾ വിഭാഗത്തിൽ അഞ്ചാമത്തെ ഡിവിഷനാണ് ആദ്യത്തെ എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തിക അനുവദിക്കുന്നത്. ഇംഗ്ലീഷ് ഭാഷാപഠനം കൂടുതൽ മെച്ചപ്പെടുത്താനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടുവരുന്നു. ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്ന മുഴുവൻ അദ്ധ്യാപകർക്കും മികച്ച പരിശീലനം ഇപ്പോൾ നൽകുന്നുണ്ട്. ഇംഗ്ലീഷ് ഭാഷ ഇപ്പോൾ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് കൂടുതൽ മികച്ച പരിശീലനം ആവശ്യമാണെങ്കിൽ അത് നൽകാനുള്ള നടപടികൾകൂടി സർക്കാർ കൈക്കൊള്ളുന്നതാണ്. ഏതായാലും ഈ വിഷയം ഗൗരവമായി പരിശോധിക്കുന്നതാണ്.

## (22) സേവന വേതന വ്യവസ്ഥകൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, നമ്മുടെ സ്കൂളുകളിലെ സ്പെഷ്യൽ ടീച്ചർമാരുടെ സേവന വേതന വ്യവസ്ഥയെ സംബന്ധിച്ചാണ് ഈ സബ്മിഷൻ. വർഷങ്ങളായി ആർട്സ്, മ്യൂസിക്, ഫിസിക്കൽ എഡ്യൂക്കേഷൻ എന്നിവ

ഉൾപ്പെടെയുള്ള വിഭാഗങ്ങളിൽ സ്പെഷ്യൽ ടീച്ചേഴ്സിനെ സ്കൂളുകളിൽ നിയമിച്ച് വേതനം നൽകുന്നതിനായി കേന്ദ്ര മാനവവിഭവ വികസന വകുപ്പ് ഫണ്ട് അനുവദിച്ചിരുന്നു. മുൻസർക്കാർ ഈ അദ്ധ്യാപകരെ നിയമിക്കാതെ നിയമനം നഷ്ടപ്പെടുത്തിയിരുന്നു. എൽ.ഡി.എഫ്. സർക്കാർ വീണ്ടും അധികാരത്തിൽ വന്നതിനു ശേഷം സ്പെഷ്യൽ അദ്ധ്യാപകരുടെ നിയമനത്തിന് എസ്.എസ്.എ.-യ്ക്ക് അനുമതി നൽകുകയുണ്ടായി. എൽ.പി. സ്കൂളിന് 150 കുട്ടികൾ, യു.പി. സ്കൂളിന് 100 കുട്ടികൾ എന്ന ക്രമത്തിൽ അധികം കുട്ടികളുള്ള സ്പെഷ്യൽ അദ്ധ്യാപകരെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളതാണ്. ഈ സർക്കാരിന്റെ കാലയളവിൽ ശമ്പളവും മറ്റിതര ആനുകൂല്യങ്ങളുമായി 27,000 രൂപയായിരുന്നു എം.എച്ച്.ആർ.ഡി. ഫണ്ട് ലഭ്യത ഉറപ്പാക്കിയിരുന്നത്. എന്നാൽ ഇപ്പോൾ കേവലം 7,000 രൂപ മാത്രമാണ് എം.എച്ച്.ആർ.ഡി. ഇവരുടെ സേവനത്തിനായി അനുവദിച്ചിട്ടുള്ളത്. മേൽകാരണത്താൽ ഈ അദ്ധ്യയനവർഷത്തിന്റെ ആരംഭത്തോടെ കുട്ടികൾക്ക് സ്പെഷ്യൽ അദ്ധ്യാപകരുടെ പ്രയോജനം ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ അവകാശ നിഷേധം തികച്ചും അനിശ്ചിതത്വത്തിൽ തുടരുകയാണ്. മാത്രമല്ല, കഴിഞ്ഞ വർഷം ജോലി ചെയ്തിരുന്ന 2500-ൽപ്പരം അദ്ധ്യാപകരുടെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യവും നിലനിൽക്കുകയാണ്. അക്കാദമിക്-ഇതര വിഭാഗം എന്ന ഒരു കാറ്റഗറി നിലവിലുള്ള കരിക്കുലം അനുസരിച്ച് ആർട്സ്, മ്യൂസിക്, ഫിസിക്കൽ എഡ്യൂക്കേഷൻ എന്നിവ ഉൾപ്പെടുന്നതാണ്. അക്കാദമിക് വിഭാഗത്തിൽപ്പെടുത്തി പാഠ്യപുസ്തകങ്ങൾ സഹിതം പഠനത്തിനായി സർക്കാർ ലഭ്യമാക്കിയിട്ടുള്ള സാഹചര്യത്തിലാണ് നമ്മുടെ കുട്ടികൾക്ക് പ്രായോഗിക പഠനസാഹചര്യം മോദി സർക്കാർ നിഷേധിച്ചിരിക്കുന്നത്.

ലോകകപ്പ് ഫുട്ബോൾ ജ്വരം റഷ്യയിൽനിന്നും നമ്മുടെ നാട്ടിൽ പടർന്നു. നമ്മുടെ നാട്ടിലാകെ നെയ്മറും മെസ്സിയും റൊണാൾഡോയും ചിത്രങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. നമ്മുടെ കുട്ടികൾക്ക് സ്പോർട്സ് പരിശീലനം നൽകേണ്ട പ്രായത്തിൽ അത് നിഷേധിക്കുന്ന മോദി സർക്കാർ ഇതിന് മറുപടി പറയണം. നമ്മുടേതായ നെയ്മർ എന്നു വരും; നമ്മുടെ മെസ്സി എന്നുവരും; നമ്മുടെ റൊണാൾഡോ എന്നു വരുമെന്ന് സ്വപ്നത്തിൽപോലും കാണാൻ നമുക്ക് കഴിയുന്നില്ല. ഇത്തരം നീതിനിഷേധം, നമ്മുടെ കുട്ടികൾക്ക് സ്പോർട്സ് പഠിക്കാനുള്ള അവകാശംപോലും മോദി സർക്കാർ നിഷേധിച്ചിരിക്കുകയാണ്. അത്തരം ഗവൺമെന്റിനെതിരായി അതിശക്തമായ താക്കീത് നൽകാൻ സ്പെഷ്യൽ അദ്ധ്യാപകരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2016-17 അദ്ധ്യയനവർഷം 2514 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ മൂന്ന് വിഭാഗങ്ങളിലായി (വർക്ക് എഡ്യൂക്കേഷൻ, ഹെൽത്ത് ആന്റ് ഫിസിക്കൽ എഡ്യൂക്കേഷൻ, ആർട്ട്

എഡ്യൂക്കേഷൻ) പ്രതിമാസം കൺസോളിഡേറ്റഡ് പേ ആയി 29,000 രൂപ നിരക്കിൽ സംസ്ഥാനത്ത് ഒന്ന് മുതൽ എട്ടുവരെയുള്ള ക്ലാസുകളിൽ സർവ്വശിക്ഷാ അഭിയാൻ മുഖാന്തരം നിയമിക്കാൻ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം അംഗീകാരം നൽകിയിരുന്നു. 2017-18 അദ്ധ്യയന വർഷം 2601 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കാനാണ് മാനവവിഭവശേഷി മന്ത്രാലയം അംഗീകാരം നൽകിയിരുന്നത്. 2018-19-ൽ എസ്.എസ്.എ., ആർ.എം.എസ്.എ. പദ്ധതികൾ യോജിപ്പിച്ച് സമഗ്ര ശിക്ഷാ അഭിയാൻ എന്ന ഒറ്റപദ്ധതിയായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതിക്കായി പ്രൊപ്പോസൽ സമർപ്പിക്കുകയും 10-5-2018-ന് ചേർന്ന പ്ലാൻ അപ്രൂവൽ ബോർഡ് യോഗം കേരളത്തിലെ പദ്ധതി അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിൽനിന്നും 2018-19-ലേയ്ക്കുള്ള അംഗീകൃത വാർഷിക പദ്ധതി ലഭ്യമായാൽ മാത്രമേ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ നിയമനം, വേതനം എന്നിവ സംബന്ധിച്ച് വ്യക്തത വരികയുള്ളൂ. എന്നിരുന്നാലും 2018-19 അദ്ധ്യയനവർഷം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ പാർട്ട് ടൈം അദ്ധ്യാപകരായി പരിഗണിച്ച് 7000 രൂപ പ്രതിമാസ ശമ്പളത്തിൽ നിയമിക്കാനാണ് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ നിർദ്ദേശം. ഇപ്രകാരം 2018-19-ലേയ്ക്ക് 2685 അദ്ധ്യാപകർക്ക് 22.55 കോടി രൂപ മാത്രം അനുവദിക്കുന്നതിന് കേന്ദ്രം തത്വത്തിൽ സമ്മതിച്ചിട്ടുണ്ട്. സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ ഫുൾ ടൈം അദ്ധ്യാപകരായി മുൻവർഷത്തെപ്പോലെ നിയമിക്കണമെങ്കിൽ സംസ്ഥാന സർക്കാർ അധികതുക കണ്ടെത്തേണ്ടിവരും. ഇക്കാര്യം ധനകാര്യ വകുപ്പുമായി ആലോചിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

## (23) വീടുകൾ നിർമ്മിച്ചുനൽകൽ

ശ്രീ. ഹൈബി ഈഡൻ: സർ, എറണാകുളം നഗരത്തിന്റെ ഹൃദയഭാഗത്ത് താമസിക്കുന്ന പി. ആന്റ് ടി. കോളനി, കമ്മട്ടിപ്പാടം എന്നിവിടങ്ങളിലെ നിവാസികൾ ദുരിതപൂർണ്ണമായ ജീവിതം നയിക്കുകയാണ്. ഒരു മഴ പെയ്താൽ പേരണ്ടൂർ കനാലിലെ മുഴുവൻ മാലിന്യക്കൂമ്പാരവും മലിനജലവും ഇവരുടെ വീടുകളിലേയ്ക്ക് കയറുകയാണ്. പി. ആന്റ് ടി. കോളനിയിലെ 87 കുടുംബങ്ങൾക്ക് ഇതുവരെ പട്ടയം ലഭിച്ചിട്ടില്ല. സ്ഥലം ഒരു കേസ്സിൽപ്പെട്ട് കിടക്കുകയാണ്. മാധ്യമങ്ങളിലെല്ലാം ഒരുപാട് തവണ വാർത്തകൾ വന്നതാണ്. കൈക്കുഞ്ഞുങ്ങളും രോഗികളും വാർദ്ധക്യം ബാധിച്ചവരും ഉൾപ്പെടെയുള്ള മുഴുവൻ ആളുകൾക്കും അവിടെനിന്നും മാറിപ്പോകാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ജീവിതത്തിൽ ഉണ്ടാക്കിയ ചെറിയ സമ്പാദ്യങ്ങൾ മുഴുവൻ സൂക്ഷിക്കുന്ന വീട്ടിൽനിന്ന് അവരെ മാറ്റിപാർപ്പിക്കാൻപോലും സാധിക്കാത്ത ഒരു സ്ഥിതിവിശേഷമാണുള്ളത്. ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റിയുടെ ചെയർമാൻ അവർക്ക് ഭൂമി നൽകാമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽത്തന്നെ

ഏറ്റവും അനുഭാവപൂർവ്വം പരിഗണിക്കേണ്ട പ്രദേശമാണ് പി. ആന്റ് ടി. കോളനിയും കമ്മട്ടിപ്പാടവും. മികച്ച നടനുള്ള സംസ്ഥാന ചലച്ചിത്ര അവാർഡ് നേടിയ വിനായകൻ താമസിക്കുന്നത് കമ്മട്ടിപ്പാടത്താണ്. ഈ രണ്ട് പ്രദേശങ്ങളെയും ലൈഫ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തി അവർക്ക് വീട് നിർമ്മിച്ച് നൽകാനുള്ള പദ്ധതി ഏറ്റവും വേഗത്തിൽ ആരംഭിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. എന്നുമുതൽ ഇത് തുടങ്ങാൻ സാധിക്കുമെന്നുള്ള കാര്യംകൂടി വ്യക്തമാക്കിയാൽ ഏറെ പ്രയോജനകരമായിരിക്കും എന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ കാര്യങ്ങൾ ശരിയാണ്. 2018-19-ലെ ജി.സി.ഡി.എ.-യുടെ ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള ചേരിനിർമ്മാർജ്ജനവും പാർപ്പിട പദ്ധതിയും എന്ന പദ്ധതിക്കുവേണ്ടി തേവര, പേരണ്ടൂർ കനാൽ പുറമ്പോക്കിൽ സ്ഥിതി ചെയ്യുന്ന പി.ആന്റ്ടി. കോളനിയിലെ 87 കുടുംബങ്ങളെ സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിനും രാമേശ്വരം വില്ലേജിൽ ജി.സി.ഡി.എ.-യുടെ ഉടമസ്ഥതയിലുള്ള സർവ്വേ നമ്പർ 488-ൽ ഉൾപ്പെട്ട സ്ഥലത്ത് ആവശ്യമായ 50 സെന്റ് സ്ഥലം പദ്ധതിക്ക് നൽകുന്നതിനും ജി.സി.ഡി.എ. നിർവ്വാഹക സമിതി തീരുമാനിച്ചിട്ടുണ്ട്. 26-4-2018-ൽ ചേർന്ന ലൈഫ് മിഷൻ എംപവേർഡ് കമ്മിറ്റി യോഗത്തിൽ എറണാകുളം ജില്ലയിലെ ഭവന സമുച്ചയം ജി.സി.ഡി.എ.-യുടെ നിർദ്ദിഷ്ട സ്ഥലത്ത് നിർമ്മിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ സ്ഥല അനുയോജ്യത പരിശോധിച്ചുവരുന്നു. ടി കോളനിയിലെ 74 കുടുംബങ്ങൾ ലൈഫ് മിഷന്റെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരുമാണ്. ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നമുറയ്ക്ക് ഇവർക്ക് ഭവനം അനുവദിച്ച് നൽകുന്നതാണ്. ഈ സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയാൽ ഫ്ലാറ്റിന്റെ നിർമ്മാണം ഉടൻതന്നെ ആരംഭിക്കും.

## (24) കെട്ടിടങ്ങൾ പുതുക്കി പണിയൽ

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, എറണാകുളം ജില്ലയിലെ മട്ടാഞ്ചേരിയിൽ സീലാട്ട് പറമ്പ്, മഹാജനവാടി, ബംഗ്ലാവുപറമ്പ്, മാളോത്ത് പറമ്പ്, സത്രം പറമ്പ്, പുതുക്കാട്ട് പറമ്പ്, എം.കെ.എസ്. പറമ്പ്, ചക്കര പറമ്പ്, ഗോലാസേട്ട് പറമ്പ് തുടങ്ങിയ സ്ഥലങ്ങളിൽ വഖഫ് ബോർഡിന്റെ കീഴിലുള്ള കെട്ടിടങ്ങളിൽ അനേക ദശാബ്ദങ്ങളായി നിരവധി കുടുംബങ്ങളാണ് താമസിച്ചുവരുന്നത്. കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായ ഈ കെട്ടിടങ്ങളിലെ താമസക്കാർ വളരെ അപകട ഭീഷണി

നേരിടുകയാണ്. കഴിഞ്ഞ അഞ്ച് കൊല്ലത്തിനുള്ളിൽ വലിയ രണ്ട് കെട്ടിടങ്ങൾ തകർന്നുവീണിട്ടുണ്ട്. ഉടമാവകാശ തർക്കവും സാങ്കേതിക പ്രശ്നങ്ങളുംമൂലം നാളിതുവരെ അറ്റകുറ്റപ്പണിപോലും നടത്താത്ത കെട്ടിടങ്ങൾ ഈ വർഷകാലം തരണം ചെയ്യുമോയെന്ന കാര്യത്തിൽ സംശയമുണ്ട്. തല ചായ്ക്കാൻ മറ്റൊരാശ്രയവും ഇല്ലാത്തതുകൊണ്ടാണ് ജീവന് ഭീഷണിയാണെന്ന് അറിഞ്ഞിട്ടും നിരവധി തലമുറകൾ ഒന്നിച്ച് ഈ കെട്ടിടങ്ങളെത്തന്നെ ആശ്രയിക്കുന്നത്. കെട്ടിടങ്ങളുടെ ജീർണ്ണാവസ്ഥയെ സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ മുമ്പാകെ നിരവധി തവണ പരാതികൾ ഉന്നയിച്ചിട്ടുണ്ടെങ്കിലും യാതൊരുവിധ നടപടിയും പ്രായോഗിക തീരുമാനങ്ങളും ഉണ്ടായിട്ടില്ല. ആയതിനാൽ മട്ടാഞ്ചേരിയിലെ ചേരി സമാനമായ കെട്ടിടങ്ങളിൽ താമസിക്കുന്നവരുടെ ജീവൻ രക്ഷിക്കാൻ ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുതിയ കെട്ടിടങ്ങൾ പണിയാനും ഇവിടെ താമസിക്കുന്നവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും അടിയന്തരശ്രദ്ധ നൽകണമെന്ന് സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സബ്മിഷനിൽ പറഞ്ഞിട്ടുള്ള മട്ടാഞ്ചേരിയിലെ കെട്ടിടങ്ങൾ വഖഫ് ബോർഡിന് കീഴിലുള്ളവയല്ലെന്നും അവയെല്ലാം സ്വകാര്യ കുടുംബ ട്രസ്റ്റുകളുടെയും മഹല്ല് ജമാഅത്തുകളുടെയും കീഴിൽ ഉള്ളവയാണെന്നും അവയുടെ ചുമതലയും മേൽനോട്ടവും അതത് മനേജ്മെന്റുകൾക്കാണെന്നും വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവിടങ്ങളിലുള്ള കുടുംബങ്ങൾ മേൽസ്ഥാപനങ്ങൾക്ക് വാടക നൽകി അവർ തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിലാണ് താമസിച്ചു വരുന്നത്. ഇവയിൽ പലതിലും വാടക കുടിശ്ശികയുള്ളതിന്റെയും കരാർ കാലാവധി കഴിഞ്ഞതിന്റെയും പേരിലും മറ്റുപല കാരണങ്ങളാലും വഖഫ് ബോർഡ് മുമ്പാകെയും വിവിധ കോടതികളിലും കേസ്സുകൾ നിലവിലുണ്ട്. മേൽ കെട്ടിടങ്ങൾ പൊളിച്ച് പുതിയ കെട്ടിടങ്ങൾ പണിയുന്നതിന് ആയതിന്റെ യഥാർത്ഥ മുത്തവല്ലിമാർ അഥവാ ഭരണനിർവ്വഹണം നടത്തുന്നവർ വഖഫ് ബോർഡിനെ സമീപിക്കുന്നപക്ഷം വഖഫ് നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

### (25) ത്രിതല പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷൻ

ശ്രീ. എൻ. വിജയൻ പിള്ള: സർ, കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഇന്ന് പെൻഷൻ ലഭിക്കുന്നുണ്ട്. ഒരുവിധ പെൻഷനും ലഭിക്കാത്തവരാണ് ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് അംഗങ്ങൾ. താഴെത്തട്ടിലെ മനുഷ്യരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന, ദൈനംദിന കാര്യങ്ങളിൽ ഇടപെടേണ്ടി വരുന്ന തദ്ദേശ

സ്വയംഭരണ സ്ഥാപനത്തിലെ അംഗങ്ങൾക്ക് അവരുടെ ഭരണകാലാവധി കഴിഞ്ഞാൽ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. സർക്കാർ ഇക്കാര്യം ഗൗരവമായി പരിഗണിക്കണം. താഴെത്തട്ടിലുള്ള ജനപ്രതിനിധികളുടെ സേവനത്തിന് അംഗീകാരമില്ലാതെ പോകരുത്. ആദ്യഘട്ടമെന്ന നിലയിൽ ഗ്രാമ പഞ്ചായത്തുകളിൽ അംഗമായിരുന്നവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകണമെന്ന ആവശ്യം പുതിയതല്ല, പതിറ്റാണ്ടുകളായി ആവശ്യപ്പെടുന്നതാണ്. ഇപ്പോഴെങ്കിലും ഈ വിഷയം ഗൗരവമായി ആലോചിച്ച് ഗവൺമെന്റ് അവർക്ക് പെൻഷൻ കൊടുക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, തദ്ദേശഭരണ സ്ഥാപനങ്ങളിൽ മുമ്പ് അംഗങ്ങളായിരുന്നവർക്ക് പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിന് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ഈ വിഷയം 27-7-2016-ൽ ചേർന്ന കോ-ഓർഡിനേഷൻ കമ്മിറ്റി മീറ്റിംഗിൽ പരിഗണിച്ചിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻജനപ്രതിനിധികൾക്ക് പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്നാണ് അന്ന് തീരുമാനമെടുത്തത്. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ മുൻജനപ്രതിനിധികൾക്ക് പെൻഷൻ ആനുകൂല്യം ഉൾപ്പെടെ സമഗ്രമായ ക്ഷേമനിധി ഏർപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കി നൽകുന്നതിന് പഞ്ചായത്ത് വകുപ്പ് അഡീഷണൽ ഡയറക്ടറെ കൺവീനറാക്കി ഒരു ഉപസമിതിക്ക് രൂപംനൽകിയിട്ടുണ്ട്. 18-5-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 1621/2017 പ്രകാരമാണ് ഇത്തരമൊരു വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. ഈ ഉത്തരവുപ്രകാരം രൂപീകൃതമായ ഉപസമിതി 18-4-2018-ൽ യോഗം ചേർന്നിരുന്നു. വിവിധ തലത്തിലുള്ള മുൻജനപ്രതിനിധികളുടെ വിശദാംശങ്ങൾ ശേഖരിച്ച് സർക്കാരിൽ ശിപാർശ നൽകാനും വിശദമായ ഫോർമാറ്റ് തയ്യാറാക്കി എല്ലാ മുൻ അംഗങ്ങളുടെയും വിവരം ശേഖരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ 18-4-2018-ൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത് ഒരുപാട് ആളുകളിൽ അനാവശ്യമായി പ്രതീക്ഷ ഉയർത്തി നിരാശയുണ്ടാക്കാൻ ഉതകുന്ന നടപടിയായാണ് മാറുന്നത്. നയപരമായി തീരുമാനിച്ചതിനുശേഷം മാത്രമേ ഇത്തരത്തിലുള്ള നടപടികൾ ആരംഭിക്കേണ്ടതായിട്ടുള്ളൂ. അതുകൊണ്ട് ആരംഭിച്ച നടപടികൾ നിർത്തിവയ്ക്കുന്നതാണ് നല്ലത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നേരെ തിരിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അഭിപ്രായം പറഞ്ഞത്.

## (26) സെക്ഷൻ ഓഫീസ് സ്ഥാപിക്കൽ

ശ്രീ. റ്റി. വി. രാജേഷ്: സർ, എന്റെ നിയോജകമണ്ഡലത്തിൽ പിലാത്തറ കേന്ദ്രമാക്കി വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കണമന്നുള്ളതാണ് സബ്മിഷൻ. ഞങ്ങളുടെ നിയോജകമണ്ഡലത്തിന് തൊട്ടടുത്തുള്ള മാതമംഗലം സെക്ഷൻ ഓഫീസിൽ 22000 ഉപഭോക്താക്കളും 140 സ്ക്വയർ മീറ്റർ പരിധിയുമാണുള്ളത്. നാല് പഞ്ചായത്തും ഒരു മുനിസിപ്പാലിറ്റിയും മൂന്ന് മണ്ഡലങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ സെക്ഷൻ ഓഫീസ്. തൊട്ടടുത്ത പഴയങ്ങാടി സെക്ഷൻ ഓഫീസ് 68000 സ്ക്വയർ കിലോമീറ്ററാണ്. ഒരു മുനിസിപ്പാലിറ്റിയും അഞ്ച് പഞ്ചായത്തും ഉൾക്കൊള്ളുന്ന രണ്ട് അസംബ്ലി മണ്ഡലങ്ങളുടെ പരിധിയിലാണ് ഇത് വരുന്നത്. അതുകൊണ്ടുതന്നെ പലപ്പോഴും കാലവർഷക്കെടുതിയിൽ വൈദ്യുതി തൂണുകളും മറ്റും തകർന്നുപോയാൽ ജീവനക്കാർ എത്ര കണ്ട് ഉത്സാഹിച്ചാലും യഥാസമയം സേവനം ലഭ്യമാക്കാൻ കഴിയുന്നില്ല. ഇതിനൊരു പരിഹാരമെന്ന നിലയിൽ പരിയാരം മെഡിക്കൽ കോളേജ്, ഗവൺമെന്റ് ആയുർവേദ കോളേജ് തുടങ്ങിയ നിരവധി സ്ഥാപനങ്ങളുള്ള പിലാത്തറ കേന്ദ്രീകരിച്ച് ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠാപുരം സർക്കിളിന്റെ പരിധിയിലുള്ള പഴയങ്ങാടി, മാതമംഗലം, പയ്യന്നൂർ, പരിയാരം എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പിലാത്തറ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. 70 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പഴയങ്ങാടി ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ നിലവിൽ 23000-ത്തോളം ഉപഭോക്താക്കളും 181 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള മാതമംഗലം സെക്ഷന്റെ കീഴിൽ 20000-ത്തോളം ഉപഭോക്താക്കളും 55 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പയ്യന്നൂർ സെക്ഷന്റെ കീഴിൽ 25000- ത്തോളം ഉപഭോക്താക്കളും 130 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പരിയാരം സെക്ഷന്റെ കീഴിൽ 11000-ത്തോളം ഉപഭോക്താക്കളുമാണുള്ളത്. സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ത്തിലധികമാകുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും ഉപഭോക്താക്കൾ 20000-ത്തിലധികമോ ആയ സെക്ഷൻ ഓഫീസുകളാണ് ബോർഡ് മുൻകാലങ്ങളിൽ വിഭജനത്തിനായി പരിഗണിച്ചിരുന്നത്. പുതിയതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി

വരുമെന്നതിനാലും പുതിയതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ള തിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. എന്നാൽ ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുതി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കു ന്നതിനുംവേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചു വരികയാണ്.

## VII മേശപ്പുറത്തുവച്ച കടലാസുകൾ

(1) ലിസ്റ്റ് - 1 പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 576/2016 | ജി.ഒ.(ആർ.റ്റി.) നമ്പർ 2630/2016/ഹോം. | 25-8-2016 | അതെ |
| 2 | 286/2018 | ജി.ഒ.(ആർ.റ്റി.) നമ്പർ 361/2018/ഹോം. | 2-2-2018 | അല്ല |
| 3 | 341/2018 | ജി.ഒ.(പി.) നമ്പർ 24/2018/ഹോം. | 27-5-2018 | അല്ല |
| 4 | 357/2018 | ജി.ഒ.(എം.എസ്.) നമ്പർ 77/2018/ഹോം. | 28-4-2018 | അല്ല |
| 5 | 386/2018 | ജി.ഒ.(ആർ.റ്റി.) നമ്പർ 1486/2018/ ഹോം. | 24-5-2018 | അല്ല |

II. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| 1 | 379/2018 | ജി.ഒ.(പി.) നമ്പർ 19/2018/ട്രാൻ. | 4-6-2018 | അല്ല |
| 2 | 398/2018 | ജി.ഒ.(പി.) നമ്പർ 20/2018/ട്രാൻ. | 13-6-2018 | അല്ല |

III. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| 1 | 384/2018 | ജി.ഒ.(പി.) നമ്പർ 14/2018/ഐ.ഡി. | 4-6-2018 | അല്ല |

IV. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നം. | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| 1 | 253/2018 | ജി.ഒ. (പി.) നമ്പർ 44/2018/ എച്ച്&എഫ്ഡബ്ല്യുഡി. | 20-4-2018 | അല്ല |

V. തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 350/2018 | ജി.ഒ.(പി.) നമ്പർ 77/2018/റ്റിഡി. | 1-6-2018 | അല്ല |
| 2 | 351/2018 | ജി.ഒ.(പി.) നമ്പർ 78/2018/റ്റിഡി. | 1-6-2018 | അല്ല |
| 3 | 352/2018 | ജി.ഒ.(പി.) നമ്പർ 79/2018/റ്റിഡി. | 1-6-2018 | അല്ല |
| 4 | 373/2018 | സ.ഉ. (അച്ചടി) നമ്പർ 48/2018/തൊഴിൽ | 31-5-2018 | അല്ല |

ii. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ വർഷം | റിപ്പോർട്ടിന്റെ സ്വഭാവം | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡ് | 2016-17 | വാർഷിക റിപ്പോർട്ടും വാർഷിക ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റും | അതെ |

VI. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രികസഹിത മാണോയെന്ന് |
|---|---|---|---|---|
| 1 | 328/2018 | ജി.ഒ.(പി.) നമ്പർ 53/2018/കോ-ഓപ്. | 5-5-2018 | അല്ല |
| 2 | 329/2018 | ജി.ഒ.(പി.) നമ്പർ 54/2018/കോ-ഓപ്. | 8-5-2018 | അല്ല |

VII. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| 1 | 382/2018 | ജി.ഒ.(പി.) നമ്പർ 11/2018/ എഫ് & പിഡി. | 7-6-2018 | അല്ല |

VIII. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

i. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |

(2) ലിസ്റ്റ് - 2 പ്രകാരം. [ചട്ടം 47 (2) അനുസരിച്ചുള്ളത്]

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 3523; പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 1755; ഒൻപതാം സമ്മേളനത്തിലെ 157, 1839; പത്താം സമ്മേളനത്തിലെ 3, 1577, 3228, 4295, 4345, 4386, 5769, 5776, 5816 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 1484-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 241, 3280, 5858 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

4. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 6216-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

5. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 1052-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## VIII റിപ്പോർട്ട് സമർപ്പണം

(1) ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും.

ശ്രീ. പി. ടി. എ. റഹീം: സർ, ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി സമിതി അംഗമായ ഞാൻ സമർപ്പിക്കുന്നു.

(2) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അറുപത്തിയെട്ട് മുതൽ എഴുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി. ദിവാകരൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അറുപത്തിയെട്ട് മുതൽ എഴുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

# IX റൂളിംഗ്

## സ്പീക്കറുടെയും നിയമസഭാ സെക്രട്ടേറിയറ്റിന്റെയും സ്വതന്ത്രാധികാരം കവർന്നെടുക്കൽ

മി. സ്പീക്കർ: ഭരണഘടനാ സ്ഥാപനമായ നിയമസഭയുടെയും അതിന്റെ അദ്ധ്യക്ഷനായ നിയമസഭാ സ്പീക്കറുടെയും അധികാരാവകാശങ്ങളെ ചോദ്യംചെയ്യുന്ന തരത്തിൽ ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ള നടപടികളെ സംബന്ധിച്ച് ചട്ടം 303 പ്രകാരം 20-6-2018-ന് ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച ക്രമപ്രശ്ന ത്തിന്മേലുള്ള റൂളിംഗ്.

ഭരണഘടനയുടെ അനുച്ഛേദം 187 പ്രകാരം സ്ഥാപിതമായ നിയമസഭാ സെക്രട്ടേറിയറ്റിനും അതിന്റെ നാഥനായ സ്പീക്കർക്കുമുള്ള പ്രത്യേക അധികാരങ്ങളിലും അവകാശങ്ങളിലും കടന്നുകയറാനും അതിന്മേൽ മേൽക്കോയ്മ സ്ഥാപിക്കാനും ധനകാര്യവകുപ്പ് ശ്രമം നടത്തുന്നുവെന്നും അത് നിയമസഭാ സെക്രട്ടേറിയറ്റിന്റെ നിലനില്പിനെത്തന്നെ ചോദ്യം ചെയ്യുന്നതാണെന്നും ഇക്കാര്യം വിശദമായി പരിശോധിച്ച് വ്യക്തമായ റൂളിംഗ് നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 20-6-2018-ന് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ ചട്ടം 303 പ്രകാരം ഒരു ക്രമപ്രശ്നം ഉന്നയിക്കുക യുണ്ടായി.

ബഹുമാനപ്പെട്ട ഗവർണർ സ്പീക്കറുമായി കൂടിയാലോചിച്ച് പുറപ്പെടുവിച്ച 1979-ലെ കേരള നിയമസഭാ സെക്രട്ടേറിയറ്റ് (റിക്രൂട്ട്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) റൂൾസിലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ നിയമസഭാ സെക്രട്ടേ റിയറ്റുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ധനകാര്യ വകുപ്പ് തീർപ്പുകല്പിച്ചിട്ടുള്ളൂവെന്നും നിയമസഭയുടെ സ്വതന്ത്ര പദവിയെയും സ്പീക്കറുടെ അധികാരത്തെയും ഹനിക്കുന്ന നടപടികളൊന്നുംതന്നെ ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടില്ലെന്നും ധനകാര്യ വകുപ്പുമന്ത്രി സഭയിൽ മറുപടി പറയുകയുണ്ടായി.

തുടർന്ന്, ഉന്നയിക്കപ്പെട്ട വിഷയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ഇതുസംബന്ധിച്ച രേഖകൾ വിശദമായി പരിശോധിച്ച് വ്യക്തമായ റൂളിംഗ് പിന്നീട് നൽകുന്നതാണെന്ന് ചെയർ അറിയിക്കുകയും ചെയ്തിരുന്നു.

ശ്രീ. വി. ഡി. സതീശൻ സഭയിൽ ഉന്നയിച്ച വിഷയത്തിൽ അടങ്ങിയിട്ടുള്ള കാര്യങ്ങളും അതുസംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദീകരണവും നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമായ ബന്ധപ്പെട്ട ഫയൽ രേഖകളുടെയും മറ്റ് അടിസ്ഥാന പ്രമാണങ്ങളുടെയും അടിസ്ഥാനത്തിൽ ചെയർ വിശദമായി പരിശോ ധിക്കുകയുണ്ടായി.

സഭാനടപടികളുടെ കാര്യത്തിലെന്നപോലെ നിയമസഭാ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനവും വ്യക്തമായ നിയമവ്യവസ്ഥകളുടെയും ചട്ടങ്ങളുടെയും നടപടിക്രമങ്ങളുടെയും അടിസ്ഥാനത്തിലാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. എക്സിക്യൂട്ടീവിന്റെ ഭാഗമായ ഇതര സർക്കാർ വകുപ്പുകൾക്ക് പൊതുവെ ബാധകമായ ഒട്ടേറെ നിയമവ്യവസ്ഥകളും പ്രവർത്തനശൈലിയും ലെജിസ്ലേച്ചറിന്റെ ഭാഗമായ നിയമസഭാ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനത്തെയും നിയന്ത്രിക്കുന്നെങ്കിലും എക്സിക്യൂട്ടീവിൽനിന്നും വിഭിന്നമായി സ്പീക്കറുടെ സമ്പൂർണ്ണ നിയന്ത്രണത്തിലുള്ളതും ഏറെക്കുറെ സ്വതന്ത്രമായതുമായ ഒരു ഭരണ ക്രമമാണ് നിയമസഭാ സെക്രട്ടേറിയറ്റിനായി ഭരണഘടന വിഭാവന ചെയ്തിട്ടുള്ളത്.

സംസ്ഥാനങ്ങളിലെ നിയമനിർമ്മാണ സഭകളുടെ നിഷ്പക്ഷവും സ്വതന്ത്രവുമായ പ്രവർത്തനത്തിന് ഒരു പ്രത്യേക സെക്രട്ടേറിയറ്റ് ഉണ്ടാകേണ്ടത് ഇന്ത്യൻ ജനാധിപത്യത്തിൽ അനിവാര്യമാണെന്നുള്ള ഭരണഘടനാ നിർമ്മാതാക്കളുടെ ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് 187-ാം അനുച്ഛേദമായി ഭരണഘടനയിൽ സംസ്ഥാന നിയമ നിർമ്മാണ സഭകൾക്കായി പ്രത്യേക സെക്രട്ടേറിയറ്റിനുള്ള വ്യവസ്ഥ ഉൾച്ചേർത്തത്. അത്തരത്തിൽ രൂപീകരിക്കപ്പെടുന്ന സെക്രട്ടേറിയറ്റുകളുടെ സ്വതന്ത്രവും നിഷ്പക്ഷവും സുഗമവുമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിലേയ്ക്കായി സംസ്ഥാനത്തിന്റെ മൊത്തം വാർഷിക ബഡ്ജറ്റിന്റെ ഒരു നിശ്ചിത ശതമാനം തുക പ്രതിവർഷം വകയിരുത്തുന്ന ഒരു കീഴ്വഴക്കം ഇന്ത്യയിലെ ഏതാനും ചില സംസ്ഥാന നിയമസഭകളിൽ നിലവിലുണ്ട്. ഇന്ത്യൻ പാർലമെന്റും ഈ രീതിയാണ് സ്വീകരിക്കുന്നത്.

എന്നാൽ കേരളത്തിൽ നിയമസഭയുമായി ബന്ധപ്പെട്ട ബഡ്ജറ്റ് വിഹിതം നിശ്ചയിക്കുന്നതിൽ മേൽപ്പറഞ്ഞ തരത്തിലുള്ള ഒരു കീഴ്വഴക്കം സ്വീകരിച്ചിട്ടില്ലെങ്കിൽപ്പോലും നിയമസഭയുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന യാതൊരുവിധ ചർച്ചയും കൂടാതെ ഐക്യകണ്ഠ്യേനയാണ് സഭ പാസ്സാക്കിക്കൊണ്ടിരിക്കുന്നത്. മാത്രവുമല്ല, നിയമസഭയുടെയും അതിന്റെ സെക്രട്ടേറിയറ്റിന്റെയും പ്രവർത്തന സ്വാതന്ത്ര്യം ഉറപ്പാക്കുന്നതിനാവശ്യമായ വാർഷിക ബഡ്ജറ്റ് വിഹിതവും മറ്റ് അനുബന്ധ കാര്യങ്ങളും ഉറപ്പാക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പ് അങ്ങേയറ്റത്തെ ജാഗ്രതയാണ് പുലർത്തിവരുന്നത്. നിയമസഭയുടെയും വിവിധ കമ്മിറ്റികളുടെയും പ്രവർത്തനവുമായി ബന്ധപ്പെട്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്ന കാര്യത്തിൽ ഇതര സർക്കാർ വകുപ്പുകളും അർദ്ധ സർക്കാർ സ്ഥാപനങ്ങളും അങ്ങേയറ്റത്തെ സൗമനസ്യവും സഹകരണവുമാണ് പ്രകടിപ്പിച്ചുവരുന്നതെന്ന് ഏറെ ചാരിതാർത്ഥ്യത്തോടെ സഭാംഗങ്ങളെ അറിയിക്കട്ടെ. ഇത്തരത്തിൽ ആരോഗ്യകരമായ എക്സിക്യൂട്ടീവ്-ലെജിസ്ലേച്ചർ ബന്ധം നിലനിൽക്കുന്നതുമൂലം നിയമസഭയുടെ അന്തസ്സ് ഉയരുകയും നിയമസഭാ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനമികവ് വർദ്ധിക്കുകയും ചെയ്തിട്ടുണ്ടെന്നത് നമുക്ക് അഭിമാനിക്കാൻ വക നൽകുന്ന ഒരു കാര്യം തന്നെയാണ്.

എന്നാൽ, സഭാസമ്മേളനവുമായും നിയമസഭാ സെക്രട്ടേറിയറ്റിന്റെ ദൈനംദിന പ്രവർത്തനങ്ങളുമായും ബന്ധപ്പെട്ടതും സഭാദ്ധ്യക്ഷന്റെ exclusive financial jurisdiction-ൽപ്പെട്ടതുമായ കാര്യങ്ങളിൽ സ്പീക്കർ കൈക്കൊള്ളുന്ന തീരുമാനങ്ങളുടെ സാംഗത്യം ചോദ്യം ചെയ്യുകയും മേലിൽ ധനവകുപ്പിന്റെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ അത്തരം അധികാരങ്ങൾ വിനിയോഗിക്കാൻ പാടുള്ളുവെന്ന് ഫയലിൽ ഉത്തരവിടുകയും അത് ഔദ്യോഗികമായി നിയമസഭാ സെക്രട്ടേറിയറ്റിനെ അറിയിക്കുകയും ചെയ്യുന്ന പ്രവണത ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുവെന്ന ശ്രീ. വി. ഡി. സതീശന്റെ ആരോപണം ശരിവയ്ക്കുന്ന ചില സന്ദർഭങ്ങൾ ഇതിന് മുമ്പുതന്നെ ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമസഭയുടെ പ്രത്യേക അധികാര അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് സമവായത്തിലൂടെ ഇക്കാര്യങ്ങൾ നിർവ്വഹിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം ചേർന്ന് തീരുമാനിച്ചിരുന്നതുമാണ്.

എന്നാൽ, 1979-ലെ കേരള ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് (റിക്രൂട്ട്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) റൂൾസിലോ, 1987-ലെ ദി പേഴ്സണൽ സ്റ്റാഫ് ഓഫ് സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ ആന്റ് ചെയർമാൻ ഓഫ് ഫിനാൻഷ്യൽ കമ്മിറ്റീസ് റൂൾസിലോ ഒന്നുംതന്നെ ധനകാര്യവകുപ്പിന്റെ മുൻകൂർ അനുമതിയോ അംഗീകാരമോ വേണമെന്ന് നിഷ്കർഷിക്കുന്നില്ല എന്നിരിക്കെ, സമ്പൂർണ്ണമായും സ്പീക്കറുടെ അധികാരത്തിൽ വരുന്ന കാര്യങ്ങളിൽപ്പോലും നിയമസഭയിൽനിന്നും തുടർനടപടികൾക്കായി അയയ്ക്കുന്ന ഫയലുകളിൽ ധനകാര്യവകുപ്പിലെ ചില ഉദ്യോഗസ്ഥർ അനാവശ്യ പരാമർശങ്ങൾ നടത്തുന്നത് ഒട്ടുംതന്നെ ആശാസ്യമായ കാര്യമല്ലെന്ന് അസന്നിഗ്ദ്ധമായി അറിയിക്കുന്നു.

ഇതുസംബന്ധിച്ച് ചെയറിന്റെ ശ്രദ്ധയിൽപ്പെട്ട ഫയലുകളിലൊന്നിൽ ഏത് ചട്ടത്തിലെ ഏത് വ്യവസ്ഥയുടെ അഥവാ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അപ്രകാരമൊരു ഡയറക്ഷൻ നൽകുന്നതെന്ന് പരാമർശിച്ചിട്ടില്ലെന്ന് മാത്രമല്ല മേൽപ്പറഞ്ഞ തരത്തിൽ പരാമർശം നടത്തിയ ഉദ്യോഗസ്ഥൻ തന്റെ പേരും ഔദ്യോഗിക പദവിയും ഫയലിൽ രേഖപ്പെടുത്തിയിട്ടുമില്ല. ഫയലുകൾ പ്രോസസ് ചെയ്യുമ്പോൾ പാലിക്കേണ്ട അംഗീകൃത ഓഫീസ് നടപടിക്രമത്തിന്റെ കടുത്ത ലംഘനം കൂടിയാണ് ഈ നടപടി. നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നുള്ള ഫയലുകൾ ലാഘവത്തോടും നിരുത്തരവാദത്തോടും കൂടിയാണ് ധനകാര്യവകുപ്പിലെ ചില ഉദ്യോഗസ്ഥർ കൈകാര്യം ചെയ്യുന്നത് എന്നതിന്റെ ഉത്തമ ഉദാഹരണമായി ഈ നടപടിയെ കാണാവുന്നതാണ്.

ഇതിനുമുമ്പ് സ്പീക്കറുടെയും നിയമസഭാ സെക്രട്ടേറിയറ്റിന്റെയും സാമ്പത്തികാധികാരത്തെ നിയന്ത്രിച്ചുകൊണ്ട് ധനകാര്യവകുപ്പ് ഒരുത്തരവ് പുറപ്പെടുവിച്ച കാര്യവും അതുസംബന്ധിച്ച് പത്താം കേരള നിയമസഭയുടെ കാലത്ത് 1996

നവംബർ 13-ാം തീയതി സഭാതലത്തിൽ ഉയർന്നുവന്ന പൊതുവികാരത്തിന്റെ അടിസ്ഥാനത്തിൽ, ധനകാര്യ വകുപ്പുമന്ത്രി അന്നുതന്നെ പ്രസ്തുത ഉത്തരവ് പിൻവലിച്ച് സഭയിൽ മാപ്പുപറഞ്ഞ സംഭവവും ശ്രീ. വി. ഡി. സതീശൻ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി.

നീണ്ടകാലങ്ങൾക്കുശേഷം അത്തരത്തിലുള്ള ദുഷ്പ്രവണതകൾ ധനകാര്യവകുപ്പിലെ ചില ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നതായി കാണുന്നതിൽ ചെയറിനുള്ള കടുത്ത ആശങ്ക രേഖപ്പെടുത്തുകയാണ്. ഇക്കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ശ്രീ. വി. ഡി. സതീശൻ സഭയുടെ അനുമോദനം അർഹിക്കുന്നു.

പാർലമെന്റിനും മറ്റ് സംസ്ഥാന നിയമസഭകൾക്കും മാതൃകയാകുന്ന തരത്തിൽ ഒട്ടേറെ വിപ്ലവകരമായ മാറ്റങ്ങൾക്ക് വേദിയായിട്ടുള്ള നമ്മുടെ മഹത്തായ സഭയ്ക്ക് അത്തരം നേട്ടങ്ങൾ സ്വായത്തമാക്കാൻ കഴിഞ്ഞത് മാറിമാറിവന്ന സർക്കാരുകൾ അതത് സമയം സഹിഷ്ണുതയോടും സൗഹാർദ്ദപൂർവ്വവും പുലർത്തിയ സഹകരണ മനോഭാവവും തുറന്നമനസ്സോടെ നൽകിയ പ്രവർത്തന സ്വാതന്ത്ര്യവും കൊണ്ട് മാത്രമാണ്. ഭരണഘടനാ തത്വങ്ങൾക്ക് അനുസൃതമായും പ്രത്യയശാസ്ത്രങ്ങൾക്ക് അതീതമായിട്ടുമുള്ള അത്തരം സഹവർത്തിത്വം തകർക്കുന്ന തരത്തിൽ ഉയർന്നുവരുന്ന ദുഷ്പ്രവണതകൾ അവസാനിപ്പിക്കാൻ എല്ലാ നടപടിയും സ്വീകരിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി സഭയെ അറിയിക്കുകയുമുണ്ടായി. ആ നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രതയുണ്ടാകണമെന്നും ചെയർ ബന്ധപ്പെട്ടവരെ ഇത്തരുണത്തിൽ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നു.

## X ക്രമപ്രശ്നം

ഓർഡിനൻസുകൾ നിയമമാക്കുന്നതിലെ കാലതാമസം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, എത്ര ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും അതുമായി ബന്ധപ്പെട്ട എത്ര ബില്ലുകൾ അവതരിപ്പിക്കാൻ ബാക്കിയുണ്ടെന്നും 2018 ഏപ്രിലിൽ നിയമസഭയിൽ ഞാനൊരു ചോദ്യം ഉന്നയിച്ചിരുന്നു. അതിന് ലഭിച്ച ഉത്തരമാണ് ഈ ക്രമപ്രശ്നം ഉന്നയിക്കാൻ എനിക്കുണ്ടായ പ്രചോദനം. ഒരു പുതിയ നിയമം മുഖേനയോ നിയമഭേദഗതി മുഖേനയോ അടിയന്തരമായി നടപ്പാക്കേണ്ട ഒരു ആവശ്യം അനിവാര്യമായി വരുന്ന ഘട്ടത്തിൽ, അപ്പോൾ നിയമസഭ സമ്മേളിക്കാതിരുന്നപക്ഷം ആ ആവശ്യം നടപ്പാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് മന്ത്രിസഭയുടെ ശിപാർശപ്രകാരം ഭരണഘടനയുടെ 213(1) അനുച്ഛേദപ്രകാരം ഓർഡിനൻസ് പുറപ്പെടുവിക്കാവുന്നതാണ്. എന്നാൽ ഭരണഘടനയുടെ അനുച്ഛേദം 213(3) പ്രകാരം, ഓർഡിനൻസ് പുറപ്പെടുവിച്ചതിനുശേഷം വരുന്ന ആദ്യ സഭാസമ്മേളനം

തുടങ്ങി 42 ദിവസത്തിനകം ഓർഡിനൻസിനുപകരം ബിൽ പാസ്സാക്കപ്പെട്ടില്ലെങ്കിൽ ആ ഓർഡിനൻസ് ലാപ്സായിപ്പോകുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി 60 ഓർഡിനൻസുകളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. നിയമസഭയെ നോക്കുകുത്തിയാക്കി എക്സിക്യൂട്ടീവ് ഭരണം കയ്യാളുന്ന അത്യന്തം ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ് ഇന്ന് കേരളത്തിലുള്ളത്. ഇതിൽ 31 എണ്ണം പുനർവിളംബരം ചെയ്തിട്ടുണ്ട്. ഈ നിയമസഭാ സമ്മേളനം കഴിയുന്നതോടെ ശേഷിക്കുന്ന 17 ഓർഡിനൻസുകൾ വീണ്ടും പുനർവിളംബരം ചെയ്യേണ്ടതായും വരുന്നു. വിദ്യാഭ്യാസം, റവന്യൂ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകൾ ഓർഡിനൻസിനുപകരമുള്ള ബില്ലുകൾ നിയമസഭയിൽ കൊണ്ടുവരുന്നതിൽ താല്പര്യം കാട്ടുന്നില്ല. ഓർഡിനൻസുകൾ വീണ്ടും വീണ്ടും വിളംബരം നടത്തി അവർ മുന്നോട്ടുപോകുകയാണ്. വളരെ കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന നിയമസഭയുടെ വെബ്സൈറ്റിൽപ്പോലും ഓർഡിനൻസുകളെ സംബന്ധിച്ച കൃത്യമായ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പതിനാലാം കേരള നിയമസഭ നാളിതുവരെ 137 ദിവസം സമ്മേളനം ചേരുകയും 10 ധനവിനിയോഗ ബില്ലുകൾ ഉൾപ്പെടെ 46 ബില്ലുകൾ പാസ്സാക്കുകയും ചെയ്തെങ്കിലും ഓർഡിനൻസുകൾ യഥാസമയം നിയമമാക്കി മാറ്റുന്നതിൽ വകുപ്പുകൾ തികഞ്ഞ അനാസ്ഥയാണ് കാട്ടുന്നത്. ഓർഡിനൻസുകൾ പുറപ്പെടുവിച്ചാൽ അതിനുപകരമുള്ള ബിൽ, ഓർഡിനൻസ് പ്രഖ്യാപിച്ചതിനെത്തുടർന്ന് ഏറ്റവും അടുത്തുവരുന്ന സമ്മേളനത്തിൽ പാസ്സാക്കണമെന്ന 27-6-1994-ലെ റൂളിംഗ് നിലവിലുണ്ട്. അതുപോലെ ഒഴിവാക്കാൻ പറ്റാത്ത അസാധാരണ സന്ദർഭങ്ങളിൽ മാത്രം വളരെ ചുരുക്കമായി പ്രയോഗിക്കാവുന്ന ആയുധമാണ് ഓർഡിനൻസുകളെന്നും ഇത് ലാഘവബുദ്ധിയോടെ കാണരുതെന്നും 18-2-1994-ൽ ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയിട്ടുണ്ട്. പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ 14 ഓർഡിനൻസുകൾ മാത്രമാണ് നിയമമാക്കാൻ സാധിച്ചത്. അതിനാൽ ഏതെങ്കിലും നിയമം സംബന്ധിച്ച ഓർഡിനൻസ് പ്രസിദ്ധീകരിക്കുന്ന സാഹചര്യങ്ങളിൽ പ്രസ്തുത ഓർഡിനൻസ് റീപ്ലേസ് ചെയ്തുകൊണ്ട് നിയമനിർമ്മാണം നടത്തുന്നതിലേയ്ക്ക് ബില്ലുകൾ തയ്യാറാക്കി സഭയുടെ അടുത്ത സമ്മേളനത്തിൽ കൊണ്ടുവരുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ ജാഗ്രത കാട്ടണം. അതുപോലെ സഭയ്ക്കുമുന്നിൽ 120 ബില്ലുകൾ നിയമനിർമ്മാണം നടത്തുന്നതിലേയ്ക്കായി പ്രസിദ്ധീകരിച്ചിട്ടുള്ള സാഹചര്യത്തിലും എല്ലാ ഓർഡിനൻസുകൾക്കും പകരം ബിൽ കൊണ്ടുവന്ന് പാസ്സാക്കാതിരിക്കുന്ന സാഹചര്യത്തിലും സഭയുടെ മുന്നിൽ മറ്റ് ബിസിനസുകൾ ഇല്ലെന്ന പ്രസ്താവനയോടെ സഭാസമ്മേളനം അവസാനിപ്പിക്കേണ്ടിവരുന്നത് ഖേദകരമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ ഉചിതമായ റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട ശ്രീ. എൻ. എ. നെല്ലിക്കുന്ന് ക്രമപ്രശ്നം ഉന്നയിച്ചതിൽ വസ്തുതാപരമല്ലാത്ത കുറെ കാര്യങ്ങളുണ്ട്, ചില കാര്യങ്ങൾ ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്യുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ധാരാളം ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നുവെന്നും നിയമസഭയെ നോക്കുകുത്തിയാക്കി എക്സിക്യൂട്ടീവ് ഭരണം കയ്യാളുന്ന സ്ഥിതിയുണ്ടെന്നുമാണ് ബഹുമാനപ്പെട്ട ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ ക്രമപ്രശ്നത്തിന്റെ ഉള്ളടക്കം. നിയമസഭ സമ്മേളിക്കാത്ത കാലയളവിൽ, അടിയന്തര ഘട്ടത്തിൽ നിയമനിർമ്മാണം നടത്തേണ്ടിവരുന്ന സാഹചര്യത്തിലാണ് ഭരണ ഘടനയുടെ ആർട്ടിക്കിൾ 213(1) പ്രകാരം ഓർഡിനൻസ് പുറപ്പെടുവിക്കുന്നത്. കാലാകാലങ്ങളിൽ സംസ്ഥാന സർക്കാരുകളും കേന്ദ്ര സർക്കാരും അടിയന്തര ഘട്ടങ്ങളിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കാറുണ്ട്. മുമ്പും ഓർഡിനൻസുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. തൊട്ടടുത്ത നിയമസഭാ സമ്മേളനത്തിൽ ഈ ഓർഡിനൻസുകൾ ബില്ലാക്കി അവതരിപ്പിച്ച് പാസ്സാക്കുന്നതും അപ്രകാരം കഴിയാത്ത സാഹചര്യത്തിൽ ഓർഡിനൻസ് പുനർവിളംബരം ചെയ്യുന്ന സ്ഥിതിയുമാണ് സാധാരണനിലയിൽ ഉണ്ടാകാറുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള ആദ്യത്തെ 2 വർഷത്തിനകംതന്നെ 46 ബില്ലുകൾ സഭയിൽ അവതരിപ്പിച്ച് ഇതിനകം പാസ്സാക്കിയിട്ടുണ്ട്. ഈ സെഷൻ പൂർത്തിയാകുമ്പോൾ ആകെ 60 നിയമനിർമ്മാണങ്ങൾ പൂർത്തീകരിക്കും. ഈ ചെറിയ കാലയളവിൽ ഇത്രയധികം നിയമനിർമ്മാണം പൂർത്തീകരിച്ച മറ്റേതെങ്കിലും സർക്കാരുണ്ടോയെന്ന് സംശയമാണ്. നിയമസഭയെ വിശ്വാസത്തിലെടുത്തുപോകുന്ന ഒരു സർക്കാരാണിത്. സർക്കാർ വന്നതിനുശേഷം 2016-ൽ 1, 2017-ൽ 27, 2018-ൽ 7 എന്നിങ്ങനെ ആകെ 35 ഓർഡിനൻസുകളാണ് പുറപ്പെടുവിച്ചത്. സഭയുടെ ഈ സമ്മേളനത്തിനുമുമ്പുതന്നെ 17 ഓർഡിനൻസുകൾ ഒഴികെ ബാക്കിയുള്ളവ നിയമനിർമ്മാണം പൂർത്തീകരിച്ചതാണ്. ഈ സഭയുടെ പതിനൊന്നാം സമ്മേളനം ആരംഭിക്കുമ്പോൾ 17 ഓർഡിനൻസുകളാണ് ബാക്കിയുണ്ടായിരുന്നത്. ഈ ഓർഡിനൻസുകൾക്കുപകരം നിയമനിർമ്മാണം നടത്തുന്നതിനുവേണ്ടിയാണ് സഭ ഇപ്പോൾ പ്രത്യേകം ചേരുന്നത്. പ്രസ്തുത 17 ഓർഡിനൻസുകളിൽ 12 എണ്ണം ഇതിനകം ഈ സമ്മേളനത്തിൽ നിയമനിർമ്മാണം പൂർത്തീകരിച്ചു. ഇന്ന് 2 ഓർഡിനൻസിനുപകരമുള്ള ബില്ലുകൾ കൂടി സഭയുടെ പരിഗണനയ്ക്ക് വരികയാണ്. ഇതോടെ കേവലം 3 ഓർഡിനൻസുകൾ മാത്രമാണ് ഇനി ബാക്കിയുള്ളത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ 31 ഓർഡിനൻസുകൾ പുനർവിളംബരം നടത്തിയിട്ടില്ല. ആകെ 17 എണ്ണം മാത്രമാണ് സഭചേരുന്ന സമയം നിലവിലുണ്ടായിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓർഡിനൻസ് അല്ലാതെ സാധാരണരീതിയിലുള്ള നിയമ

നിർമ്മാണത്തിനായി ഇതിനകം 17 ബില്ലുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇനി കേവലം 3 ഓർഡിനൻസുകൾ മാത്രമാണ് നിയമനിർമ്മാണം നടത്താൻ ബാക്കിയുള്ളത്. അതുകൊണ്ട് ഓർഡിനൻസ് ഭരണം നടത്തുന്നുവെന്ന ആരോപണം അടിസ്ഥാന രഹിതമാണ്. മുകളിൽ സൂചിപ്പിച്ചതുപോലെ നിയമനിർമ്മാണത്തിനായി മാത്രം ഈ സെഷൻ വിളിച്ചുചേർത്തതുതന്നെ നിയമസഭയെ വിശ്വാസത്തിലെടുത്ത് സർക്കാർ മുന്നോട്ടുപോകുന്നു എന്നതിന്റെ പ്രകടമായ തെളിവാണ്. സഭയ്ക്ക് മുമ്പിൽ 120 ബില്ലുകൾ നിയമനിർമ്മാണം നടത്തുന്നതിലേയ്ക്കായി പ്രസിദ്ധീകരിച്ച് നിലവിലുണ്ടെന്ന് പറയുന്നതും അടിസ്ഥാനരഹിതമാണ്. പ്രസിദ്ധീകരിച്ച ബില്ലിൽ 50-ഓളം ബില്ലുകൾ മാത്രമേ ഇനി നിയമനിർമ്മാണം നടത്താൻ ബാക്കിയുള്ളൂ. അത് സാധാരണനിലയിൽ വളരെക്കുറവാണ്.

## റൂളിംഗ്

മി. സ്പീക്കർ: നിയമനിർമ്മാണ പ്രക്രിയയിൽ സഭയിൽ നിക്ഷിപ്തമായ അധികാരം യഥാവിധി വിനിയോഗിക്കാതിരിക്കുകയും പകരം ഭരണഘടനയിലെ അനുച്ഛേദം 213 അനുസരിച്ചുള്ള അധികാരം ഉപയോഗപ്പെടുത്തി ഗവർണർ മുഖാന്തരം ഓർഡിനൻസുകൾ പുറപ്പെടുവിക്കുന്നുവെന്നും അപ്രകാരം പുറപ്പെടുവിക്കുന്ന ഓർഡിനൻസുകൾക്കുപകരമുള്ള ബില്ലുകൾ യഥാസമയം സഭയിൽ അവതരിപ്പിച്ച് പാസ്സാക്കുന്നില്ലെന്നുമാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഉന്നയിച്ച ക്രമപ്രശ്നത്തിലെ ആക്ഷേപം. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട നിയമമന്ത്രി ഇവിടെ കാര്യങ്ങൾ വിശദമാക്കുകയുണ്ടായി. പതിനാലാം കേരള നിയമസഭ നിലവിൽവന്നതിനുശേഷം ആകെ 35 ഓർഡിനൻസുകളാണ് നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ളത്. അതിൽ 3 എണ്ണം ഒഴികെ 32 ഓർഡിനൻസുകളും ഇന്ന് സഭാ സമ്മേളനം അവസാനിക്കുന്നതോടെ നിയമമായി മാറുകയാണ്. അവശേഷിക്കുന്നത് 3 ഓർഡിനൻസുകൾ മാത്രമാണ്. ഇതൊരു അപൂർവ്വനേട്ടമായി കരുതുന്നില്ലെങ്കിലും നിയമ നിർമ്മാണ രംഗത്ത് നല്ലൊരു മാതൃകയാണ്. മാത്രമല്ല, രാജ്യത്തെ നിയമസഭകളിൽ ചാമ്പ്യനാണ് കേരള നിയമസഭ എന്നുകൂടി ഞാൻ ഈ സഭയെ അറിയിക്കുകയാണ്. സഭ ചേരുന്ന ദിവസങ്ങൾ, നിയമനിർമ്മാണ പ്രക്രിയയിൽ എടുക്കുന്ന കാലാവധി ഇത്തരം കാര്യങ്ങളിലെല്ലാം മാതൃകാപരമായ സമീപനം സ്വീകരിക്കുന്നതിൽ നമ്മൾ വിജയിച്ചിരിക്കുന്നു. നിയമനിർമ്മാണത്തിനായി പ്രത്യേക സമ്മേളനം ചേർന്ന് പരമാവധി ഓർഡിനൻസുകൾ നിയമമാക്കാനുള്ള പരിശ്രമമാണ് നാം ഈ സമ്മേളനത്തിൽ നടത്തിയത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മറ്റ് കക്ഷിനേതാക്കളും മന്ത്രിമാരും അംഗങ്ങളും അങ്ങേയറ്റത്തെ സഹകരണമാണ് നൽകിയിട്ടുള്ളത്. എങ്കിലും അവശേഷിക്കുന്ന ഓർഡിനൻസുകളും പ്രസിദ്ധീകരിച്ച മറ്റ് ബില്ലുകളും സമയബന്ധിതമായി പാസ്സാക്കി നിയമമാക്കാനുള്ള

ശ്രമം ഇനിയും നടത്തേണ്ടതുണ്ട്. ക്രമപ്രശ്നത്തിൽ ഉന്നയിച്ചപ്രകാരമുള്ള സാഹചര്യ മില്ലാത്തതിനാൽ ക്രമപ്രശ്നം നിലനില്ക്കുന്നില്ല എന്ന് റൂൾ ചെയ്യുന്നു. ഓർഡിനൻസുകൾ സംബന്ധിച്ച കാര്യങ്ങളിൽ നിയമസഭാ വെബ്സൈറ്റിൽ ഏതെങ്കിലും തരത്തിലുള്ള അപാകത ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഇന്നുതന്നെ പരിഹരിക്കുന്നതാണ്.

1.00 PM]

## XI നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (i) 2018-ലെ അബ്കാരി (ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2018-ലെ അബ്കാരി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, രണ്ട് ചെറിയ ഭേദഗതികളാണ് ഈ സന്ദർഭത്തിൽ അവതരിപ്പിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾക്കും അക്കാര്യം അറിയാം. അതുകൊണ്ട് ഇപ്പോൾ വളരെ വിശദമായി സംസാരിക്കുന്നില്ല. ചർച്ചയ്ക്ക് ശേഷം സംസാരിക്കാം.

മി. സ്പീക്കർ : പ്രസ്തുത ബില്ലിന് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്. ഡോ. എൻ. ജയരാജ്..

(ഡോ. എൻ. ജയരാജ് സീറ്റിലില്ലാതിരുന്നതിനാൽ വിയോജനക്കുറിപ്പ് അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. സംസ്ഥാന സർക്കാരിന്റെ മദ്യനയത്തെക്കുറിച്ച് ഞങ്ങൾക്ക് വലിയ പ്രതിഷേധവും ശക്തിയായ അമർഷവും മദ്യവ്യാപനത്തിന് സർക്കാർ ശ്രമിക്കുന്നതിൽ വലിയ രോഷവുമുണ്ട്. പക്ഷെ അത് പ്രകടിപ്പിക്കാൻ പറ്റിയ അവസരമല്ല ഇത്. സബ്ജക്ട് കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്ത് തിരിച്ചുവന്നിരിക്കുന്ന ബില്ലിൽ രണ്ട് ഭേദഗതികളാണുള്ളത്. അത് വളരെ വിശദമായി ചർച്ച ചെയ്യപ്പെടേണ്ട ഭേദഗതികളല്ല. അതുകൊണ്ട് വിയോജിപ്പ് രേഖപ്പെടുത്തി ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

മി. സ്പീക്കർ: ശ്രീ. കെ. എസ്. ശബരീനാഥൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. അനിൽ അക്കരയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ അബ്കാരി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്

ശ്രീ. കെ. എസ്. ശബരീനാഥനുവേണ്ടി ശ്രീ. അനിൽ അക്കര: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ അബ്കാരി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ഞാൻ വലിയ രീതിയിലുള്ള പ്രസംഗത്തിലേയ്ക്ക് പോകുന്നില്ല. ഈ ബില്ലിൽ പ്രധാനമായും രണ്ടുമൂന്ന് ചെറിയ ഭേദഗതികൾ മാത്രമാണ് പറഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടി രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ സൂചിപ്പിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ചർച്ചകളൊക്കെ നടക്കുമ്പോൾ, ഈ മേഖലയിലെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നതുമായി ബന്ധപ്പെട്ട വലിയ ചർച്ചകളാണ് നമ്മുടെ നാട്ടിൽ നടക്കുന്നത്. അതുപോലെതന്നെ പ്രത്യക്ഷമായല്ലാതെ പരോക്ഷമായും തൊഴിൽ നഷ്ടപ്പെടുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ നമ്മുടെ നാട്ടിൽ നടക്കുന്നുണ്ട്. പ്രധാനമായും ചർച്ച നടത്തേണ്ടതായൊരു മേഖലയാണിത്. മദ്യംകൊണ്ട് ജീവിതം നഷ്ടപ്പെട്ടുപോയ നിരവധി കുടുംബങ്ങളും നിരവധി ആളുകൾ ആത്മഹത്യ ചെയ്തുപോയ കുടുംബങ്ങളും സാമ്പത്തികമായി നഷ്ടംവന്ന ധാരാളം കുടുംബങ്ങളുമുണ്ട്, സ്ത്രീകളെ വിധവകളാക്കിയ നിരവധി വിഷയങ്ങളും ഇതുമായി ബന്ധപ്പെട്ട് നമ്മുടെ നാട്ടിലുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ മദ്യത്തെക്കുറിച്ച് സംസാരിക്കുമ്പോൾ മദ്യം വേണോ; വേണ്ടയോ; എങ്ങനെ, ഏത് ദൂരത്തിൽ വിൽക്കണം; എത്രശതമാനം ടാക്സ് ഈടാക്കണം; അത് ഓൺലൈനായി വേണമോ അതോ സൂപ്പർ മാർക്കറ്റിലൂടെ വേണമോ എന്നുള്ള വലിയ ചർച്ചകൾ മാത്രമാണ് നടക്കുന്നത്. പക്ഷെ കേരളത്തിൽ മദ്യപാനത്തിന് അടിമകളായവരുടെ വിഷയം സംസാരിക്കാൻ ആരുംതന്നെ തയ്യാറല്ലാത്തൊരു സാഹചര്യം നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് മദ്യത്തിന് ഇരകളായ കുടുംബങ്ങളുടെ കണക്കും അവരുടെ ജീവിതം ഇപ്പോൾ എങ്ങനെയാണെന്നതിന്റെ വിവരവും ആ ആളുകളെ തിരിച്ച് സമൂഹമധ്യത്തിൽ കൊണ്ടുവരാൻ കഴിയുന്ന രീതിയിലുള്ളൊരു പദ്ധതിയും സംസ്ഥാന സർക്കാർ തയ്യാറാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇതിൽ നിന്നും കിട്ടുന്ന വരുമാനത്തിന്റെ ഭൂരിഭാഗവും നമ്മുടെ നാടിന്റെ വികസനത്തിനുവേണ്ടി ഉപയോഗിക്കുന്നുവെന്നാണ് പറയുന്നത്. നിക്ഷേപകരുടെ കൈവശമുള്ള പണം ഉപയോഗിച്ചുകൊണ്ടാണ് ഒരു ബാങ്ക് ലാഭത്തിലാകുന്നത്. നിക്ഷേപകർക്ക്

ലാഭം കുറയുമ്പോഴാണ് ബാങ്ക് ലാഭത്തിലാകുന്നത്. സ്വാഭാവികമായും ബാങ്കിന് വരുമാനം കുറയുമ്പോൾ നിക്ഷേപകർക്ക് ലാഭം വർദ്ധിക്കും. ഇവിടെ മദ്യത്തിന്റെ ഭാഗമായി വരുമാനം സർക്കാരിനുണ്ടാകുമ്പോൾ, ഒരു വലിയ വിഭാഗത്തെ നമ്മൾ കണക്കാക്കുന്നത് വോട്ട് കണക്കാക്കിയാണ്. എന്നാൽ വോട്ട് കണക്കാക്കിയല്ല പല പാർട്ടികളും അധികാരത്തിൽ വരുന്നത്. മദ്യം ധാരാളം വിറ്റഴിക്കുന്ന ഒരു ജില്ലയാണ് എറണാകുളം. പക്ഷെ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ബാർ പൂട്ടുന്നതിന് മുമ്പുണ്ടായിരുന്ന അംഗസംഖ്യതന്നെയാണ് ബാർ പൂട്ടിയതിനുശേഷവും യു.ഡി.എഫ്-ന് ണ്ടായിരുന്നത്. അതിന്റെ കണക്കിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. സംഘടനാപരമായ ദൗർബല്യമാണ് പരാജയത്തിന്റെ പ്രധാന കാരണം. മദ്യംകൊണ്ട് സംസ്ഥാന സർക്കാരിനുണ്ടാകുന്ന വലിയ നേട്ടം സംസ്ഥാനത്തിന്റെ വികസന കാര്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. പക്ഷെ ഇതുമുഴുവൻ പാവപ്പെട്ട കുടുംബങ്ങളിൽനിന്നും വരുന്ന തുകയാണ്. അല്ലാതെ വിമാനത്തിൽ സഞ്ചരിക്കുന്ന മുതലാളിമാരുടെയോ ബെൻസ് കാറിൽ സഞ്ചരിക്കുന്ന മുതലാളിമാരുടെയോ പണം കൊണ്ടല്ല, സാധാരണക്കാരായ പാവപ്പെട്ടയാളുകളുടെ പണം കൊണ്ടാണ് ഈ വലിയ വരുമാനമുണ്ടാകുന്നത്. ആ വലിയ വരുമാനത്തിന് നിരവധി കുടുംബങ്ങൾ ഇരകളായിട്ടുണ്ട്. എനിക്ക് വ്യക്തിപരമായി അറിയാവുന്ന എന്റെ വീട് ഉൾപ്പെടെയുള്ള വീടുകളിൽ വലിയ പ്രതിസന്ധി ഇതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട്. അങ്ങനെയുള്ള കുടുംബങ്ങളുടെ വിഷയം സംസ്ഥാന സർക്കാർ പഠിക്കുകയും ഈ വരുന്ന വരുമാനം ഇതിന് ഇരകളായ കുടുംബങ്ങളിലെ കുട്ടികളുടെ പഠനത്തിനും മറ്റു കാര്യങ്ങൾക്കും വേണ്ടി ഉപയോഗപ്രദമാക്കാനുള്ള പദ്ധതിയാണ് തയ്യാറാക്കേണ്ടത്. ഇവിടെ ബാറിലെ കച്ചവടം കൂട്ടാനും കുറയ്ക്കാനുമൊക്കെയാണ് ബില്ലുകൾ തയ്യാറാക്കുന്നത്. ഈ ബില്ലിൽ പ്രായപരിധി കൂട്ടണമെന്നാണ് പറയുന്നത്. 21 വയസ്സ് എന്നുള്ളത് 23 വയസ്സിലേയ്ക്ക് മാറ്റുന്നൊരു ബില്ലാണിത്. നമ്മുടെ നാട്ടിൽ ബില്ലോ അല്ലെങ്കിൽ നിയമമോ ഉണ്ടാക്കിയിട്ട് എന്താണ് കാര്യം? ഒരു എം.എൽ.എ. ഒരു ചെറുപ്പക്കാരനെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട് രണ്ടുദിവസം മുമ്പ് ഞാൻ ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. നിയമവും ക്രിമിനൽ പ്രൊസീജ്യറും കോടതിയുമൊക്കെ നമ്മുടെ നാട്ടിലുള്ളപ്പോൾ അത് മറ്റൊരു സ്ഥലത്ത് സെറ്റിൽ ചെയ്യുകയാണ്. അപ്പോൾ ഈ ബില്ലുകൾക്കും നിയമത്തിനും എന്താണ് പ്രസക്തി? 21 വയസ്സെന്നുള്ളത് 23 വയസ്സോ 50 വയസ്സോ ആക്കിയാലും ബിവറേജസ് കോർപ്പറേഷനിൽ വരിനിൽക്കുന്നതും ബാറിൽപ്പോയി കുടിയ്ക്കുന്നതും 17-18 വയസ്സിനുതാഴെയുള്ളവരാണ്. ഈ രാജ്യത്ത് ബില്ലിനൊന്നും ഒരു പ്രസക്തിയുമില്ലെന്നുള്ളത് ഇന്നത്തെ മലയാള മനോരമ പത്രത്തിൽ 'മാപ്പ്' എന്ന തലക്കെട്ടോടുകൂടി കൊടുത്തിട്ടുള്ള വാർത്ത തെളിയിച്ചിരിക്കുകയാണ്. ഭരണാധികാരികൾ രാജ്യത്തിനോടുതന്നെ മാപ്പ് പറയണമെന്നാണ് എനിക്ക്

സൂചിപ്പിക്കാനുള്ളത്. അതിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. നിയമത്തിനുതന്നെ പ്രസക്തിയില്ലാത്തൊരു കാലഘട്ടമാണിത്. ഇതൊരു കോംപ്ലിമെന്റ് എന്ന രീതിയിൽ മാറിക്കഴിഞ്ഞിരിക്കുകയാണ്. ഈ വരുമാനം രാജ്യത്തിന്റെ വികസന ത്തിനുവേണ്ടി ഉപയോഗിക്കുന്നതോടൊപ്പംതന്നെ മദ്യത്തിനടിമകളായവരുടെ കുടുംബത്തെ സംരക്ഷിക്കാനുള്ള നടപടികളിലേയ്ക്ക് പോകുന്ന ബില്ലുകളാണ് നമുക്ക് വേണ്ടത്. മദ്യത്തിനടിമകളായവരുടെ കുടുംബങ്ങളിലുള്ളവർ എങ്ങനെ ജീവിക്കുന്നുവെന്ന് നമ്മൾ ആലോചിക്കണം. ഞാൻ പഞ്ചായത്ത് പ്രസിഡന്റായിരുന്ന സമയത്ത് ടി. എസ്. രാജൻ എന്നൊരു പഞ്ചായത്ത് മെമ്പറുണ്ടായിരുന്നു. വളരെ സജീവമായി പ്രവർത്തിച്ചിരുന്ന രാജൻ ഒരു ഘട്ടത്തിൽ മദ്യപാനത്തിലേയ്ക്ക് പോകുകയും പഞ്ചായത്ത് മെമ്പർ സ്ഥാനം ഒഴിഞ്ഞയുടൻതന്നെ ആത്മഹത്യ ചെയ്യുകയും ചെയ്തു. ഞാൻ ചെറുപ്പക്കാരനായിരുന്ന അവസരത്തിൽ, അടാട്ട് പഞ്ചായത്ത് പ്രസിഡന്റാ യിരുന്നപ്പോൾ എന്റെ പിതാവ് ആത്മഹത്യ ചെയ്തു. കോയമ്പത്തൂർ മെഡിക്കൽ കോളേജിലെ മോർച്ചറിയിൽനിന്നും എന്റെ പിതാവിന്റെ ശവശരീരം വാങ്ങുമ്പോഴുണ്ടായ എന്റെ വികാരം, എന്റെ അമ്മയുടെ വികാരം ഞാൻ ആരോട് പറയും? അങ്ങനെ ആയിരക്കണക്കിന് സ്ത്രീകൾ ഈ രാജ്യത്തുണ്ടായിട്ടുണ്ട്. എന്റെ അച്ഛന്റെ അച്ഛനും മദ്യപിച്ച് ബൈക്കപകടത്തിൽ മരിച്ചതാണ്. ഇന്ന് മെഡിക്കൽ കോളേജുകളിലൊക്കെ ഏഴ് മണി കഴിഞ്ഞാൽ അപകടവുമായി ബന്ധപ്പെട്ടുകൊണ്ട് ധാരാളം ആളുകൾ വരികയാണ്. ബാറുകൾ അടച്ച സമയത്ത് ഇങ്ങനെയുള്ള ആളുകൾ ഉണ്ടായിരുന്നില്ല. ആശുപത്രികളിൽ കാഷ്വാലിറ്റി അല്ലെങ്കിൽ അത്യാഹിത വിഭാഗം വലിയ രീതിയിലേയ്ക്ക് ഇന്ന് മാറിക്കഴിഞ്ഞിരിക്കുകയാണെന്നതാണ് ഇതിന്റെ ഏക നേട്ടം.

അബ്കാരി മുതലാളിമാരെക്കുറിച്ചും കമ്മീഷനെക്കുറിച്ചും ബാറുകളുടെ അകലം കൂട്ടുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുമുള്ള ചർച്ചകളാണ് ഇവിടെ നടന്നത്. ഞങ്ങളെ പോലുള്ള മദ്യത്തിന് ഇരകളായവരെ സംരക്ഷിക്കാൻ ഈ ഫണ്ടിൽ നിന്നും എത്ര തുക മാറ്റിവച്ചിട്ടുണ്ട്? പാവപ്പെട്ട വിധവകളായ വീട്ടമ്മമാരെ സഹായിക്കാനോ അച്ഛൻ നഷ്ടപ്പെട്ടുപോയ കുഞ്ഞുങ്ങളുടെ പഠനത്തിനുവേണ്ടിയോ ആ കുടുംബത്തിലെ ചെറിയ ആവശ്യത്തിനുവേണ്ടിയോ ഒരു രൂപ പോലും മാറ്റിവച്ചിട്ടില്ല.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് പോകുന്ന തിനുമുമ്പുതന്നെ ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ ദൂരപരിധിയുടെ കാര്യം പറയുകയുണ്ടായി. 200 മീ. ദൂരപരിധി കുറച്ചിട്ടില്ലെന്നാണ് അദ്ദേഹം ആവർത്തിച്ച് പറയുന്നത്. അങ്ങനെ അദ്ദേഹം ആവർത്തിച്ച് വലിയ ശബ്ദത്തിൽ പറഞ്ഞപ്പോൾ ഫൈവ് സ്റ്റാർ ഹോട്ടലുകളുടെ ദൂരപരിധി 50 മീറ്ററായി ചുരുക്കിയെന്ന് അദ്ദേഹം പതുക്കെ പറഞ്ഞു. എന്തിനാണ് ഫൈവ് സ്റ്റാർ ഹോട്ടലുകളുടെ ദൂരപരിധി 50 മീറ്ററായി ചുരുക്കിയത്? വലിയ ആഡംബര കാറുകളിൽ, സമ്പന്നന്മാരായവർ ഫൈവ് സ്റ്റാർ ഹോട്ടലിൽ പോയി കുടിച്ചാലും അത് ബാർ തന്നെയാണ്.

അങ്ങനെയുള്ള ബാറുകൾ സ്കൂളുകളുടെയും പള്ളികളുടെയും അമ്പലങ്ങളുടെയും മുമ്പിൽ കൊണ്ടുപോയി സ്ഥാപിക്കുന്നതിലൂടെ എന്ത് ഉദ്ദേശ്യമാണ് ഈ സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്; യഥാർത്ഥത്തിൽ 200 മീറ്റർ എന്നുള്ളത് 500 മീറ്ററാക്കി ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് അനുമതി നൽകേണ്ട എന്ന രീതിയിലുള്ള നിയമമാണ് കൊണ്ടുവരേണ്ടതെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ശ്രീ. അനിൽ അക്കര: സർ, അത് പൂർണ്ണമായും ശരിയാണ്. അതുമായി ബന്ധപ്പെട്ടുകൊണ്ട് ഒളിഞ്ഞിരിക്കുന്ന അഴിമതിവരെയുണ്ട്. ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. 650 രൂപയ്ക്കും 700 രൂപയ്ക്കും പണിയെടുക്കുന്ന കൂലിപ്പണിക്കാരായ പാവപ്പെട്ടയാളുകൾ അതിൽനിന്നും വലിയൊരു തുക (500 രൂപ), ബിവറേജസ് കോർപ്പറേഷനിൽ കൊണ്ടുപോയി കൊടുക്കുകയാണ്. ആ പാവപ്പെട്ട ആളുകളുടെ പണമെടുത്ത് റോഡ് ടാർ ചെയ്യുകയും മറ്റു വികസന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. പക്ഷേ ആ വീടുകളിൽ ഉണ്ടാകുന്ന വിഷയങ്ങൾ ആരുമറിയുന്നില്ല.

ശ്രീ. കെ. ബാബു: സർ, അദ്ദേഹം വിഷയം അവതരിപ്പിച്ച് സംസാരിക്കുന്നതിനിടയിൽ ഒളിഞ്ഞിരിക്കുന്ന അഴിമതി എന്നൊരു പദപ്രയോഗം നടത്തിയിരുന്നു. അതെന്താണെന്ന് വ്യക്തമാക്കാമോ? അതല്ലെങ്കിൽ ആ പദം സഭാരേഖയിൽ നിന്നും നീക്കം ചെയ്യണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

മി. സ്പീക്കർ: അദ്ദേഹം പറയാൻ ഉദ്ദേശിക്കാത്ത കാര്യം നിങ്ങൾ എന്തിനാണ് പറയുന്നത്?

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാനിവിടെ പറഞ്ഞകാര്യമാണ്, ബഹുമാനപ്പെട്ട മന്ത്രി ഇവിടെയുണ്ട്. എന്തിനാണ് ബാർ ഹോട്ടലുകളുടെ ദൂരപരിധി 50 മീറ്ററായി ചുരുക്കിയത്? യഥാർത്ഥത്തിൽ അത് വർദ്ധിപ്പിക്കേണ്ടതല്ലേ; നിലവിൽ 200 മീറ്റർ ഉണ്ടായിരുന്നത് 50 മീറ്ററായി ചുരുക്കുന്നത് ആരെ സഹായിക്കാൻ വേണ്ടിയാണെന്നുള്ളത്, അതിനകത്ത് എല്ലാം ഒളിഞ്ഞിരിപ്പുണ്ടല്ലോ, അത് സംബന്ധിച്ചല്ലേ അങ്ങ് പറഞ്ഞത്.

ശ്രീ. അനിൽ അക്കര: സർ, എൽ.ഡി.എഫ്-ന്റെ കാലത്ത് ഒരു അഴിമതി, യു.ഡി.എഫ്-ന്റെ കാലത്ത് വേറെ അഴിമതി എന്ന രീതിയിൽ കാണേണ്ടതില്ല. എൽ.ഡി.എഫ്-ന്റെ കാലത്തെ അഴിമതിയും യു.ഡി.എഫ്-ന്റെ കാലത്തെ അഴിമതിയും നിയമപ്രകാരമെന്ന് ശ്രീ. ബിജുരമേശ് ഉൾപ്പെടെയുള്ള ചില മുതലാളിമാർ പറഞ്ഞിട്ടുണ്ട്. ആ ചർച്ചയിലേക്ക് ഞാൻ പോകുന്നില്ല. എൽ.ഡി.എഫ് നടത്തുമ്പോൾ നിയമപ്രകാരമുള്ള അഴിമതി, യു.ഡി.എഫ് നടത്തുമ്പോൾ അഴിമതി. ആ ഒരു നിലപാട് അതിലില്ല. നമ്മൾ മനസ്സിലാക്കേണ്ട കാര്യം, ഇതുമായി ബന്ധപ്പെട്ട് സുപ്രീംകോടതി വിധി വന്നു. സുപ്രീംകോടതിവിധി എന്നുവച്ചാൽ രാജ്യത്തെ ഏറ്റവും

അവസാനത്തെ വാക്കാണ്. രാജ്യത്തെ സുപ്രീംകോടതിക്ക് ഗ്രാമപഞ്ചായത്തുകളെക്കുറിച്ചും നഗരസഭകളെക്കുറിച്ചും കോർപ്പറേഷനെക്കുറിച്ചും ദേശീയപാതകളെക്കുറിച്ചുമൊക്കെ അറിവുണ്ടാകുന്നത് ഇത് നിരോധിച്ചതിനുശേഷമാണ്. അത് നിരോധിച്ചശേഷവും വീണ്ടും ബാറുകൾ തുറക്കാനുള്ള അനുമതി കൊടുക്കുമ്പോൾ സ്വാഭാവികമായും അഴിമതിയായി ആളുകൾ കണ്ടാൽ അതിൽ തെറ്റുപറയാൻ കഴിയില്ല. എൽ.ഡി.എഫ്-ന്റെയും, യു.ഡി.എഫ്-ന്റെയും കാലത്തെ അഴിമതിയെ കുറിച്ച് ബിജുരമേശ് പറഞ്ഞിട്ടുണ്ട്. അത് ഈ മേഖലയിൽ സാർവ്വത്രികവൽ ക്കരിക്കപ്പെട്ടു അല്ലെങ്കിൽ സ്ഥാപനവൽക്കരിക്കപ്പെട്ടു എന്ന രീതിയിൽമാത്രമേ നമുക്കതിനെ കാണാൻ കഴിയുകയുള്ളൂ. ചർച്ചകളിലൊക്കെ തുടക്കത്തിൽ പറഞ്ഞതു പോലെ, മദ്യം സുലഭമായി കിട്ടുന്നതിനെക്കുറിച്ചും സൗകര്യമായി കിട്ടുന്നതിനെ ക്കുറിച്ചും നല്ല മദ്യം കിട്ടുന്നതിനെക്കുറിച്ചും മദ്യം വിൽക്കുമ്പോൾ, മദ്യനിരോധനം ഉണ്ടാകുമ്പോൾ, മദ്യം കിട്ടാതെ വരുമ്പോൾ ആ സമയത്തുണ്ടാകുന്ന തൊഴിൽപരമായ വിഷയങ്ങളെക്കുറിച്ചൊക്കെയാണ് സംസാരിക്കുന്നത്. അതിന്റെ ആയിരക്കണക്കിന് ഇരട്ടി, ലക്ഷക്കണക്കിന് ആളുകളാണ് നമ്മുടെ സംസ്ഥാനത്ത് മദ്യപാനികളായിട്ടുള്ളത്. അവരെ സംരക്ഷിക്കാനുള്ള ഭേദഗതികളാണ് സർക്കാർ കൊണ്ടുവരേണ്ടതെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ അബ്കാരി ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഒന്നാമത്തെ ഭേദഗതി പ്രധാനമായും മദ്യം വാങ്ങാനുള്ള പ്രായം 21 വയസ്സിൽ നിന്നും 23 വയസ്സിലേക്ക് ഉയർത്തി എന്നുള്ളതാണ്. അതിനെ പ്രതിപക്ഷം എതിർക്കേണ്ട കാര്യമൊന്നുമില്ല. മറ്റൊന്ന്, പരമ്പരാഗത വ്യവസായമാണ് കള്ളുവ്യവസായം. കള്ള് വ്യവസായം കേരളത്തിൽ ഇന്ന് വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി ആ രംഗത്ത് ജോലിയെടുത്തിരുന്ന അനേകായിരം ചെത്ത് തൊഴിലാളികളുടേയും ഷാപ്പ് തൊഴിലാളികളുടേയും ജീവിതം ഇന്ന് വഴിമുട്ടി നിൽക്കുകയാണ്. കള്ള് വ്യവസായംപോലുള്ള പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുക എന്നുള്ളത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ പ്രഖ്യാപിതമായ ലക്ഷ്യമാണ്. ആ ലക്ഷ്യം മുൻനിർത്തിക്കൊണ്ടാണ് പരമ്പരാഗത വ്യവസായങ്ങളിലൊന്നായ കള്ള് വ്യവസായത്തെ രക്ഷിക്കുക എന്നുള്ള സമീപനം ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായാണ് ഈ ഭേദഗതി ബില്ലിൽ കള്ള് വ്യവസായത്തെ രക്ഷിക്കാൻ വേണ്ടിയുള്ള രണ്ട് ഭേദഗതികൾ അവതരിപ്പിച്ചി ട്ടുള്ളത്. അതിലൊന്ന് ഹാനികരമായിട്ടുള്ള വിഷമോ മറ്റോ ചേർക്കുന്ന സന്ദർഭത്തിൽ നൽകുന്ന ശിക്ഷ എന്താണോ ആ ശിക്ഷയാണ് സ്റ്റാർച്ച് ചെറിയ അളവിൽ

ചേർത്താൽ ഇന്നിപ്പോൾ നിലനിൽക്കുന്നത്. സ്റ്റാർച്ച് എന്നുപറഞ്ഞാൽ കഞ്ഞി വെള്ളമാണ്, അല്ലെങ്കിൽ കപ്പ അരച്ചെടുക്കുമ്പോൾ അതിൽനിന്നും കിട്ടുന്ന വെള്ളമാണ്. സ്റ്റാർച്ച് ചേർത്ത കള്ള് വിൽക്കുന്നതിന്റെ ഫലമായി ശരീരത്തിന് ഹാനികരമാകുന്നില്ല. പക്ഷെ അതിനുള്ള ശിക്ഷ എന്നുപറയുന്നത്, വലിയ വിഷം അല്ലെങ്കിൽ അതുപോലുള്ള കൃത്രിമമായ രാസവസ്തുക്കൾ ചേർത്ത് കള്ളുണ്ടാക്കി വിൽക്കുമ്പോൾ കൊടുക്കുന്ന ശിക്ഷ തന്നെ സ്റ്റാർച്ച്/കഞ്ഞിവെള്ളം ചേർത്ത് കൊടുക്കുമ്പോഴും തീരുമാനിക്കുന്നത് വലിയ കാടത്തമാണ്. അതുകൊണ്ട് അതിനുള്ള ശിക്ഷ ഇളവ് ചെയ്ത് കൊടുക്കുക എന്നതാണ് രണ്ടാമത്തെ ഭേദഗതിയായി കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, മായം ചേർക്കുന്നത്, അത് ഏത് മായം ചേർക്കുന്നതായാലും തെറ്റല്ലേ; അതിനെ ഗവൺമെന്റ് ലീഗലൈസ് ചെയ്യുന്നത് ശരിയാണോ; കപ്പ അരച്ചുചേർത്തതുമാത്രമേ ചേർക്കുന്നുള്ളൂ, അല്ലെങ്കിൽ കഞ്ഞി വെള്ളം മാത്രമേ ചേർക്കുന്നുള്ളൂവെന്ന് പറയുന്നത് മായം ചേർക്കലിനെ പ്രോത്സാഹിപ്പിക്കുന്നതല്ലേ. അങ്ങയെപ്പോലുള്ള ഒരു മെമ്പർ ഇതിനെ ലഘൂകരിച്ച് കാണുന്നത് ശരിയാണോ; മായം ചേർക്കുന്നതിന് ഒരു ഗവൺമെന്റ്തന്നെ നിയമപരമായ പരിരക്ഷ കൊടുക്കുന്ന ഒരു ബില്ലിനെ പിന്തുണച്ച് നിങ്ങളെപ്പോലുള്ളവർ സംസാരിക്കുന്നത് വളരെ ഖേദകരമാണെന്ന് മാത്രമല്ല, സഭയുടെ ചരിത്രത്തിൽ എന്നുമൊരു കറുത്ത അദ്ധ്യായമായി കിടക്കുകയും ചെയ്യും. അതുകൊണ്ട് ദയവായി ആ പരാമർശം പിൻവലിക്കണം.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഞാൻ കഞ്ഞിവെള്ളം കുടിച്ച് ജീവിച്ചവനാണ്. ആ കഞ്ഞിവെള്ളത്തിൽ ഒന്നോ രണ്ടോ വറ്റ് ഉണ്ടായിരുന്നെങ്കിലെന്ന് പലപ്പോഴും ആഗ്രഹിച്ചിട്ടുള്ളവനാണ്. ആ കഞ്ഞിവെള്ളം കള്ളിൽ ചേർക്കുന്നത് മാരകമായ വിഷമാണെന്ന് കണക്കാക്കി അതിന് മാരകമായ ശിക്ഷ കൊടുക്കണമെന്ന് അങ്ങയെപ്പോലുള്ള വളരെ പരിണിതപ്രജ്ഞനായ ഒരു സഭാംഗം പറഞ്ഞാൽ അത് മോശമാണ്. അതുകൊണ്ട് ആ ശിക്ഷ ലഘൂകരിക്കുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്.

മറ്റൊന്ന്, ഏതെങ്കിലും തരത്തിൽ കൃത്രിമം നടത്തുന്ന ഷാപ്പിൽ എക്സൈസുകാർ ചെന്ന് പരിശോധന നടത്തിയാൽ ആ ഷാപ്പ് അടച്ചുപൂട്ടുന്നതിനുപകരം അതുമായി ബന്ധപ്പെട്ട റെയ്ഞ്ചിലെ ഷാപ്പുകൾ ആകെ അടച്ചുപൂട്ടുകയാണ്. മാസങ്ങളോളം നീണ്ടുനിൽക്കും ഈ അടച്ചുപൂട്ടൽ. അതിന്റെ ഫലമായി ആ രംഗത്ത് പണിയെടുക്കുന്ന മറ്റ് ഷാപ്പിലെ യാതൊരു തെറ്റും ചെയ്യാത്ത തൊഴിലാളികളടക്കം ശിക്ഷിക്കപ്പെടുന്നു. ആ കാര്യത്തിൽനിന്നും അവരെ മോചിപ്പിക്കുക എന്നതുകൂടിയാണ് ബില്ലുമായി ബന്ധപ്പെട്ട് പറഞ്ഞിട്ടുള്ള കാര്യങ്ങൾ.

ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. അനിൽ അക്കര പുതിയൊരു ജനപ്രതിനിധിയാണ്, അദ്ദേഹം ശ്രീ. വി. എം. സുധീരനെന്ന് പറയുന്ന ഉന്നതനായ കോൺഗ്രസ് നേതാവിനോട് ബഹുമാനവും സ്നേഹവുമൊക്കെ ഉള്ള വ്യക്തിയാണ്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നപ്പോൾ ബാറുകളെല്ലാം കൂട്ടി, മദ്യഷാപ്പുകൾ കൂട്ടി എന്നൊക്കെയുള്ള ഒരു തെറ്റായ പ്രചരണം ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഇവിടെ നടത്തുന്നുണ്ട്. ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് കിട്ടുന്നതിനു വേണ്ടിയിട്ടുള്ള ദൂരപരിധി കുറച്ചുവെന്നുള്ളതാണ് അദ്ദേഹം പറഞ്ഞ ഒരു കാര്യം. വിദേശമദ്യ വില്പനയിൽ കഴിഞ്ഞ ഗവൺമെന്റ് ചില നടപടികൾ എടുത്തതിനെ തുടർന്ന് കേരളത്തിന്റെ ടൂറിസം വ്യവസായത്തിന് വലിയ ഇടിവ് സംഭവിച്ചിരുന്നു. എറണാകുളം പോലുള്ള വലിയ പട്ടണങ്ങളിലൊക്കെ മാസത്തിൽ മൂന്നും നാലും വലിയ കോൺഫറൻസുകൾ നടന്നിരുന്നു. രാജ്യത്തിനകത്തും പുറത്തുമുള്ള വ്യത്യസ്ത മേഖലകളിൽപ്പെട്ട വിവിധ വിഭാഗങ്ങളുടെ കോൺഫറൻസ് നടക്കുമ്പോൾ, അതുവഴി ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ ലഭിച്ചിരുന്നു. ചിലപ്പോൾ മൂവായിരം ടാക്സി കാർ ഓടേണ്ടതായിവരും, മൂവായിരത്തിലേറെ ഹോട്ടലുകൾക്ക് റൂം ബുക്കിംഗ് കിട്ടിയിരുന്നു. അതെല്ലാം തകർന്ന് തരിപ്പണമായി, ടൂറിസം വല്ലാതെ തകർന്ന ഒരു പശ്ചാത്തലമുണ്ടായി. അതുകൊണ്ട് ആ രംഗത്തുണ്ടായിരുന്ന ആളുകളും വിവിധ പ്രഗത്ഭമതികളുമൊക്കെ ഇതുസംബന്ധിച്ച ചർച്ചയിൽ ഉയർത്തിയ ഒന്നാണിത്. ഇത്തരത്തിൽ ടൂറിസം മേഖലയ്ക്ക് സഹായകമായ കോൺഫറൻസും മറ്റും നടക്കുമ്പോൾ അതിൽ പങ്കെടുക്കുന്ന ചുരുക്കം ഡെലിഗേറ്റ്സുകളെങ്കിലും മദ്യം കഴിക്കുന്നവരാണ്. അവർക്ക് അത് തടസ്സമില്ലാതെ കിട്ടാനുള്ള സൗകര്യമുണ്ടാക്കണം. ഫൈവ് സ്റ്റാർ ഹോട്ടലുകളിലാണ് ഇത്തരം കോൺഫറൻസുകളൊക്കെ നടക്കാറുള്ളത്. അത്തരം ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് ദൂരപരിധിയിൽ ഇളവ് കൊടുത്തിട്ടുണ്ടാകും. പക്ഷേ അത് ആകെ കുഴപ്പമാണെന്ന നിലയ്ക്ക് വരുമ്പോൾ ഫോർ സ്റ്റാർ ഹോട്ടലുകൾക്കോ ത്രീ സ്റ്റാർ ഹോട്ടലുകൾക്കോ ഒന്നും ഈ ഇളവ് കൊടുത്തിട്ടില്ല എന്ന വിഷയം കൂടി കാണണം. വിരലിലെണ്ണാവുന്ന ഫൈവ് സ്റ്റാർ ഹോട്ടലുകൾ മാത്രമേ കേരളത്തിലുള്ളൂ. അവയ്ക്കുമാത്രം ഇത്തരത്തിലൊരു ഇളവ് കൊടുത്തതിനെ കേരളത്തെ മദ്യത്തിൽ മുക്കുന്നുവെന്നെല്ലാം പറയുന്നത് ശരിയാണോ? യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേരളത്തിൽ പുതിയതായി 67 ബാർ ലൈസൻസുകൾ കൊടുത്തുവെന്നുള്ളതും 93 ബിയർ പാർലറുകൾ അനുവദിച്ചുവെന്നുള്ളതും യു.ഡി.എഫ്.-സർക്കാരിന്റെ പ്രത്യേകതയാണ്. അവരുടെ കാലത്ത് മദ്യത്തിനെതിരായി സംസാരിക്കുകയും എന്നാൽ മദ്യത്തിന്റെ വിൽപ്പന പ്രോത്സാഹിപ്പിക്കുന്നവിധം ബാർ ലൈസൻസുകളും ബിയർ പാർലറുകളും യഥേഷ്ടം കൊടുത്തിട്ടുണ്ടെന്ന് കാണാൻ സാധിക്കും. 2011 മുതൽ 2016 വരെയുള്ള കാലയളവിൽ കേരളത്തിലെ

വിദേശമദ്യത്തിന്റെ വിൽപ്പനയുമായി ബന്ധപ്പെട്ട കണക്കുകൾ പരിശോധിച്ചാൽ നമുക്ക് ചില വസ്തുതകൾ കാണാൻ കഴിയും. കേരളത്തിനകത്ത് 2010-11-ൽ 217.41 ലക്ഷം കെയ്സ് വിദേശമദ്യമാണ് വിറ്റതെങ്കിൽ ബാറുകൾക്കെല്ലാം ലൈസൻസ് റദ്ദ് ചെയ്തുവെന്ന് പറഞ്ഞ കാലത്ത്, 2015-16 കാലഘട്ടത്തിൽ, കേരളത്തിൽ 201.75 ലക്ഷം കെയ്സ് വിദേശമദ്യം വിറ്റിരുന്നു. ഷാപ്പുകളെല്ലാം അടച്ചുപൂട്ടിയെന്ന് നിങ്ങൾ പറഞ്ഞ സമയത്ത് ആകെ കുറഞ്ഞത് 15.66 ലക്ഷം കെയ്സ് വിൽപ്പനമാത്രമാണ്. ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പനയിൽ 15.66 ലക്ഷം കെയ്സിന്റെ കുറവ് വന്നപ്പോൾ ബിയറിന്റെ വിൽപ്പന വല്ലാതെ വർദ്ധിച്ചു. 2010-11 വർഷം 85.61 ലക്ഷം കെയ്സിൽനിന്നും 2015-16-ൽ എത്തുമ്പോൾ 154.20 ലക്ഷം കെയ്സിലേയ്ക്ക് വർദ്ധിച്ചു. ഇതെല്ലാം തെളിയിക്കുന്നത് വിദേശ മദ്യരംഗത്ത് നിങ്ങൾ കൊണ്ടുവന്നുവെന്ന് പറയുന്ന ചില നടപടികൾ, കേരളത്തി നകത്ത് ആ നിലയ്ക്ക് പ്രയോഗത്തിൽ വന്നില്ലെന്നുള്ളതാണ്. അതിന്റെ ഫലമായി കഞ്ചാവ് അടക്കമുള്ള മയക്കുമരുന്നുകളുടെ ഉപഭോഗം വർദ്ധിച്ചു. കേരളത്തിലേയ്ക്ക് മറ്റ് നാടുകളിൽനിന്നും ഇവ കൂടുതൽ അളവിൽ കൊണ്ടുവരുന്ന സ്ഥിതിയുണ്ടായി. ഈ നിലയ്ക്കെല്ലാം കേരളത്തിൽ വിദേശമദ്യവിൽപ്പനയിൽ കുറവ് വന്നുവെന്ന് പറയുമ്പോൾ യഥാർത്ഥത്തിൽ സംഭവിച്ചത്, കേരളം മയക്കുമരുന്നിന്റെ ഒരു കേന്ദ്രമായി മാറി എന്നുള്ളതാണ്. ആ അപകടത്തിൽ നിന്നുകൂടി കേരളത്തെ രക്ഷിക്കാനുള്ള നടപടിയാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ചത്. ഇപ്പോൾ പരമ്പരാഗത വ്യവസായ മേഖലയായ കള്ളുവ്യവസായത്തെ അടക്കം രക്ഷിക്കാനായി കൊണ്ടുവന്നിട്ടുള്ള ഭേദഗതിയെ ഞാൻ അംഗീകരിക്കുകയാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, ഈ ഭേദഗതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ സഭയ്ക്ക് ആകെ ബോധ്യമായിട്ടുണ്ട് എന്നുള്ളതുതന്നെയാണ് ഇതുമായി ബന്ധപ്പെട്ട് ഭരണപ്രതിപക്ഷഭാഗത്ത് നടന്നിട്ടുള്ള ചർച്ചകൾ തെളിയിക്കുന്നത്. അതുകൊണ്ട് ഇതിനെക്കുറിച്ച് വളരെ വിശദമായി എന്തെങ്കിലും പറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. മദ്യവ്യാപനം ഗവൺമെന്റിന്റെ ലക്ഷ്യമല്ല. മദ്യവർജ്ജനം തന്നെയാണ് ഗവൺമെന്റ് നയം. മദ്യത്തിന്റെ ഉപഭോഗം പരമാവധി കുറയ്ക്കുക എന്നതന്നെയാണ് സർക്കാർ ആഗ്രഹിക്കുന്നത്. അത് പരമാവധി കുറയ്ക്കുന്നതിനു വേണ്ടിയുള്ള ക്യാമ്പയിനുകൾ നടത്താൻ സാധിക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിനുവേണ്ടിയാണ് 'വിമുക്തി' എന്നപേരിൽ വളരെ വിപുലമായ ഒരു ബോധവൽക്കരണ പരിപാടി ഗവൺമെന്റ് സംഘടിപ്പിച്ചുവരുന്നത്. വലിയ തോതിലാണ് ആ ബോധവൽക്കരണ പരിപാടി നമ്മുടെ സംസ്ഥാനത്തുടനീളം നടക്കുന്നത്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നമ്മുടെ എം.എൽ.എ.-മാരെല്ലാവരും

അത്തരം ബോധവത്കരണ പരിപാടികൾക്ക് നേതൃത്വം നൽകുന്ന കാഴ്ചയാണ് സംസ്ഥാനത്തുടനീളം കാണുന്നത്. അതുകൊണ്ടുമാത്രം യഥാർത്ഥത്തിൽ ഇത് അവസാനിപ്പിക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ബഹുമാന്യനായ അനിൽ അക്കര ഇവിടെ സൂചിപ്പിച്ച കുടുംബങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളൊക്കെ വാസ്തവമായിട്ടുള്ള കാര്യങ്ങളാണ്. ബോധവൽക്കരണം കൊണ്ടല്ലാതെ, നിയമം കൊണ്ടൊന്നും ഇത് അവസാനിപ്പിക്കാൻ കഴിയില്ല. സംസ്ഥാനത്തെ ജനങ്ങളെ മുഴുവൻ മദ്യം സൃഷ്ടിക്കുന്ന അപകടകരമായ സാഹചര്യത്തെ സംബന്ധിച്ച് ബോധ്യപ്പെടുത്താൻ കഴിയണം. ചില കുടുംബങ്ങളിൽ എല്ലാവരും ചേർന്ന് പറഞ്ഞാൽപോലും കേൾക്കാൻ കൂട്ടാക്കാത്ത സ്ഥിതിയാണ്. കുടുംബത്തിലെ അംഗങ്ങളെല്ലാം ചേർന്ന് ശക്തമായ നിലപാട് സ്വീകരിച്ചാൽപ്പോലും ഇതിന് അഡിക്ട് ആയവരെ ഇതിൽനിന്നും രക്ഷിക്കാൻ സാധിക്കില്ലെന്നുള്ള പ്രശ്നമുണ്ട്. അതുകൊണ്ട് പരമാവധി ബോധവൽക്കരണത്തിലൂടെ മദ്യാസക്തി കുറയ്ക്കാനും മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കാനും ആവശ്യമായ നടപടി സ്വീകരിക്കാൻ മാത്രമേ കഴിയൂ. നിയമം എൻഫോഴ്സ് ചെയ്ത് ശക്തമായ നടപടി സ്വീകരിക്കാം. ഈ ഗവൺമെന്റ് വന്നതിനുശേഷം എടുത്ത കേസ്സുകളുടെ എണ്ണം സംബന്ധിച്ചൊന്നും ഇവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. വേണമെങ്കിൽ ആ കണക്കുകൾ മേശപ്പുറത്ത് വയ്ക്കാം. പക്ഷേ നിയമംമൂലം ഇതൊക്കെ നിരോധിച്ചു കൊണ്ട് ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കില്ലെന്നുള്ളതിന് ലോകം നമ്മുടെ മുന്നിൽ മാതൃകയായി നിൽക്കുകയാണ്. കേരളത്തിൽ വളരെ ചുരുക്കം ഫൈവ് സ്റ്റാർ ഹോട്ടലുകളേയുള്ളൂ. അവിടെയൊന്നും സാധാരണക്കാർ കയറാറില്ല. അവിടെ നമുക്കാർക്കും കയറാൻ സാധിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. സമ്പന്നരായ ആളുകളും വലിയ കോർപ്പറേറ്റ് സ്ഥാപനങ്ങളിലെ ആളുകളുമാണ് ഫൈവ് സ്റ്റാർ ഹോട്ടൽ ഉപയോഗിക്കുന്നത്. അത്തരം ഹോട്ടലുകളിൽ ഈ സൗകര്യം ഒരുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഫൈവ് സ്റ്റാർ ഹോട്ടലിൽ താമസിക്കുന്ന ആളുകൾക്ക് അത്തരം സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തില്ലെങ്കിൽ സമ്പന്നരായ ആരും കേരളത്തിലേയ്ക്ക് വരാൻ തയ്യാറാകില്ല. നമുക്കാർക്കും ബുദ്ധിമുട്ടുണ്ടാകുന്ന വിഷയമല്ല. അതൊരു ഗൗരവമുള്ള വിഷയമായി എടുക്കേണ്ടതില്ലെന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ രണ്ടുവർഷക്കാലമായി പതിമൂന്നായിരം ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയതിൽ 630 ക്ലാസ്സുകൾ എക്സൈസ് കമ്മീഷണർ ശ്രീ. ഋഷിരാജ് സിംഗിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. ലക്ഷക്കണക്കിന് വിദ്യാർത്ഥികളും യുവാക്കളും ഈ ക്ലാസിൽ പങ്കെടുത്തുവെന്നതാണ് നമുക്ക് ബോധ്യമാവുന്നത്. സംസ്ഥാനത്ത് കൊച്ചിൻ അബ്കാരി ആക്ട് ബാധകമാക്കിയതിനുശേഷം പതിനാറ് പ്രാവശ്യം ഈ ആക്ട് ഭേദഗതി ചെയ്തിട്ടുണ്ട്. ഇപ്പോഴുണ്ടായിട്ടുള്ള ഭേദഗതി രണ്ട് ചെറിയ വിഷയങ്ങളെ ആസ്പദമാക്കിയുള്ളതാണ്. അത് നമുക്ക് അംഗീകരിക്കാൻ കഴിയുന്നതാണ്. അതിലൊന്ന് മദ്യം വാങ്ങുന്നതിനുള്ള

പ്രായപരിധി 21 വയസ്സിൽനിന്നും 23 വയസ്സാക്കി ഉയർത്തുക എന്നുള്ളതാണ്. രണ്ടാമത്തേത് സ്റ്റാർച്ചുമായി ബന്ധപ്പെട്ടതാണ്. വലിയതോതിൽ കെമിക്കലുകൾ ചേർത്ത് ആളുകളുടെ ആരോഗ്യത്തെയും ജീവനെയും ബാധിക്കുന്ന തരത്തിൽ വിൽപ്പന നടത്തുന്നതിന് കൊടുക്കുന്ന ശിക്ഷ കഞ്ഞിവെള്ളം ചേർക്കുന്നതിന് കൊടുക്കരുത് എന്നുമാത്രമേ ഗവൺമെന്റ് പറയുന്നുള്ളൂ. അല്ലാതെ ഇത്തരം കാര്യങ്ങളെ പ്രോത്സാഹിപ്പിക്കുകയല്ല. ശിക്ഷ രണ്ട് തരത്തിലാവണം. കഞ്ഞിവെള്ളം ചേർക്കുന്നതിന് കൊടുക്കുന്ന ശിക്ഷ ആനമയക്കി ചേർക്കുന്നതിന് കൊടുക്കാൻ പാടില്ല. ഈ വ്യത്യാസമാണ് ഉണ്ടാകേണ്ടത്. ഈ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളി സംഘടനകളുടെയും തൊഴിലാളികളുടെയും നിർബന്ധം കാരണമാണ് ഗവൺമെന്റ് ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവന്നത്. അതിൽ കോൺഗ്രസ് എന്നോ കമ്മ്യൂണിസ്റ്റ് എന്നോ വ്യത്യാസമില്ല. എല്ലാവരും ഒറ്റക്കെട്ടായി കഴിഞ്ഞ രണ്ട് വർഷമായി തൊഴിലാളി നേതാവുകൂടിയായ എക്സൈസ് മന്ത്രിയുടെമേൽ ചെലുത്തിയ സമ്മർദ്ദമാണ്. യഥാർത്ഥത്തിൽ ഇത് ആവശ്യമാണ്, കള്ള് വ്യവസായം വളരെ പ്രതിസന്ധി അഭിമുഖീകരിക്കുന്നുണ്ട്. അത് അടഞ്ഞുപോകുന്നത് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നല്ലതല്ല. അത് സംരക്ഷിക്കേണ്ടത് ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണ്. അതിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ച പ്രശ്നമുണ്ട്. അതുപോലെ ഏതെങ്കിലും ഒരു ഷാപ്പിലെ ഒരു തൊഴിലാളി കള്ളിൽ സ്റ്റാർച്ച് ചേർത്താൽ ആ റേഞ്ചിലെ മുഴുവൻ ഷാപ്പുകളും അടച്ചുപൂട്ടുക എന്നത് അന്യായമാണ്. അത് ഒഴിവാക്കുക എന്ന നിലയിൽ മാത്രമാണ് ഇതിനെ കാണുന്നത്. സഭയ്ക്ക് അംഗീകരിക്കാൻ കഴിയുന്ന ഭേദഗതിയാണെന്നാണ് എന്റെ വിശ്വാസം. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. അനിൽ അക്കര, അങ്ങ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ശ്രീ. അനിൽ അക്കര സീറ്റിൽ ഇല്ലാതിരുന്നതിനാൽ ഭേദഗതി പ്രസ് ചെയ്തില്ല)

ശ്രീ. അനിൽ അക്കര അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജോൺ ഫെർണാണ്ടസ്, അങ്ങ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. ജോൺ ഫെർണാണ്ടസ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ അബ്കാരി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**രണ്ടാം വകുപ്പ്**

*Shri V. P. Sajeendran :* Sir, I move the following amendments :

128. In the marginal heading of section 15A of the principal Act for the word "liquor" the words "liquor or country liquor" shall be substituted.

146. In section 15A of the principal Act, for the figures "21" the words "twenty three" shall be substituted wherever it occurs.

147. In section 15A of the principal Act, for the word "liquor" the words "liquor or country liquor" shall be substituted.

മി. സ്പീക്കർ: 130-ാം നമ്പർ ഭേദഗതി 129-ാം നമ്പർ ഭേദഗതിക്കും 132, 133, 134, 135, 136, 137 എന്നീ നമ്പർ ഭേദഗതികൾ 131-ാം നമ്പർ ഭേദഗതിക്കും 138-ാം നമ്പർ ഭേദഗതി 139-ാം നമ്പർ ഭേദഗതിക്കും 141, 142, 143, 144 എന്നീ നമ്പർ ഭേദഗതികൾ 140-ാം നമ്പർ ഭേദഗതിക്കും 149-ാം നമ്പർ ഭേദഗതി 148-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 128, 146, 147 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**മൂന്നാം വകുപ്പ്**

*Shri P. K. Abdu Rabb:* Sir, I move the following amendment :

160. In clause 3 (b), for the words "twenty three" substitute the words "twenty four".

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, നിലവിലുള്ള വ്യവസ്ഥ പര്യാപ്തമാണ്. അതുകൊണ്ടു തന്നെ ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**നാലാം വകുപ്പ്**

*Shri V. P. Sajeendran* : Sir, I move the following amendments :

173. In section 57 of the principal Act for the word "liquor" the words "liquor or country liquor" shall respectively be substituted wherever it occurs.

175. In clause 4 (a) of section 57 of the principal Act after the words "any ingredient" the words and symbols ", other than starch or any form of starch," shall be inserted.

209. In section 57 d(ii), proposed to be substituted in the principal Act by clause 4(c), for the words "six months" the words "one year" shall be substituted.

*Shri Adoor Prakash :* Sir, I move the following amendments :

182. In section 57(aa), proposed to be inserted in the principal Act by clause 4(b), the word "permits" shall be substituted with the word "allows".

229. In section 57(d)(ii), proposed to be substituted in the principal Act by clause 4(c), after the words "twenty five thousand rupees" the symbol and words ", subjected to a maximum of one lakh rupees" shall be added.

*Shri C. Mammutty* : Sir, I move the following amendment :

192. In section 57(d)(i), proposed to be substituted in the principal Act by clause 4(c), for the words "five years" the words "nine years" shall be substituted.

*Shri P.T. Thomas:* Sir, I move the following amendment.

214. In section 57(d)(ii), proposed to be substituted in the principal Act by clause 4 (c), after the words "six months" the words and symbol ", subjected to a minimum of three months" shall be inserted.

*Shri Thiruvanchoor Radhakrishnan:* Sir, I move the following amendments :

216.In section 57(d)(ii), proposed to be substituted in the principal Act by clause 4 (c), for the words "shall not be less than twenty five thousand rupees" substitute the words "may extend to thirty thousand rupees, subjected to a minimum of twenty five thousand rupees, or with both".

230. In section 57(d)(ii), proposed to be substituted in the principal Act by clause 4(c), after the words "twenty five thousand rupees" add the symbol and words ", subjected to a maximum of one lakh twenty five thousand rupees."

*Shri N. A. Nellikkunnu*: Sir, I move the following amendment :

218. In section 57(d)(ii), proposed to be substituted in the principal Act by clause 4 (c), for the words "twenty five thousand" the words "thirty thousand" shall be substituted.

മി. സ്പീക്കർ: 168, 169, 170, 171, 172 എന്നീ നമ്പർ ഭേദഗതികൾ ക്രമപ്രകാരമല്ലാത്തതിനാലും 208, 210, 211 എന്നീ നമ്പർ ഭേദഗതികൾ 209-ാം നമ്പർ ഭേദഗതിക്കും 215-ാം നമ്പർ ഭേദഗതി 214-ാം നമ്പർ ഭേദഗതിക്കും 219-ാം നമ്പർ ഭേദഗതി 218-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാലും അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 173, 175, 209 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 182, 229 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 192-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 214-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 216, 230 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**അഞ്ചാം വകുപ്പ്**

*Shri A. P. Anil Kumar*: Sir, I move the following amendment :

241. In clause 5(a), the figures " 23" shall be substituted with the figures " 26" .

253. In column 3 of the entry proposed to be inserted in the Table of the section 67A of the principal Act by clause 5(b), the figures " 25,000" shall be substituted with the figures " 50,000" .

<u>മി. സ്പീക്കർ</u>: 242-ാം നമ്പർ ഭേദഗതി 241-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 241, 253 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ആറാം വകുപ്പ്**

(ഭേദഗതിയില്ല)

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**1-ാം വകുപ്പും പീഠികയും പേരും**

*Shri P. T. Thomas:* Sir, I move the following amendment :

114. In the Preamble, the word " further" shall be deleted.

118. In clause 1(2) the words " come into force on 21st day of December, 2017" shall be substituted with the words " come into force at once" .

*Shri P. K. Abdu Rab*b: Sir, I move the following amendment.

123. Clause 1(2) shall be recast as follows:

" (2) It shall come into force on the date notified in the Official Gazette" .

*Shri C. Mammutty*: Sir, I move the following amendment :

124. Clause 1 (2) shall be recast as follows:

" (2) It shall be deemed to have come into force on the 12th day of February, 2018" .

*Shri A. P. Anil Kumar*: Sir, I move the following amendment :

126. Clause 1 (2) shall be recast as follows:

" (2) It shall come into force on 1st day of July, 2018" .

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 114, 118 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 2018-ലെ കേരള അബ്കാരി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2018-ലെ കേരള അബ്കാരി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. എ. എം. ആരിഫ്
6. പ്രൊഫ. കെ. യു. അരുണൻ
7. ശ്രീമതി സി. കെ. ആശ
8. ശ്രീ. കെ. ബാബു
9. ശ്രീ. എ. കെ. ബാലൻ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ശ്രീ. ജോൺ ഫെർണാണ്ടസ്
19. ശ്രീ. വി. ജോയി
20. ശ്രീ. ഒ. ആർ. കേളു
21. ശ്രീ. സി. കൃഷ്ണൻ
22. ശ്രീ. കോവൂർ കുഞ്ഞുമോൻ
23. ശ്രീ. വി. കെ. സി. മമ്മത് കോയ

24. ശ്രീ. മാത്യു ടി. തോമസ്

25. ശ്രീ. കെ. ജെ. മാക്സി

26. ശ്രീ. എ. സി. മൊയ്തീൻ

27. ശ്രീ. മുഹമ്മദ് മുഹസിൻ പി.

28. ശ്രീ. സി. കെ. നാണു

29. ശ്രീ. എം. നൗഷാദ്

30. ശ്രീ. യു. ആർ. പ്രദീപ്

31. ശ്രീ. എ. പ്രദീപ്കുമാർ

32. ശ്രീ. കെ. ഡി. പ്രസേനൻ

33. ശ്രീ. പുരുഷൻ കടലുണ്ടി

34. ശ്രീ. പി. ടി. എ. റഹീം

35. ശ്രീ. എം. രാജഗോപാലൻ

36. ശ്രീ. എസ്. രാജേന്ദ്രൻ

37. ശ്രീ. ആർ. രാജേഷ്

38. ശ്രീ. റ്റി. വി. രാജേഷ്

39. ശ്രീ. ആർ. രാമചന്ദ്രൻ

40. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

41. ശ്രീ. സജി ചെറിയാൻ

42. ശ്രീ. എസ്. ശർമ്മ

43. ശ്രീ. സി. കെ. ശശീന്ദ്രൻ

44. ശ്രീ. പി. കെ. ശശി

45. ശ്രീ. ഐ. ബി. സതീഷ്

46. ശ്രീ. എ. എൻ. ഷംസീർ

47. ശ്രീ. വി. ആർ. സുനിൽ കുമാർ

48. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
49. ശ്രീ. എം. സ്വരാജ്
50. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
51. ശ്രീ. കെ. വി. വിജയദാസ്
52. ശ്രീ. എൻ. വിജയൻ പിള്ള.

പ്രതികൂലിക്കുന്നവർ:

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. അടൂർ പ്രകാശ്
4. ശ്രീ. അനിൽ അക്കര
5. ശ്രീ. എ. പി. അനിൽ കുമാർ
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
8. ശ്രീ. വി. ടി. ബൽറാം
9. ശ്രീ. ഹൈബി ഈഡൻ
10. ശ്രീ. കെ. സി. ജോസഫ്
11. ശ്രീ. കെ. എൻ. എ. ഖാദർ
12. ശ്രീ. സി. മമ്മൂട്ടി
13. ഡോ. എം. കെ. മുനീർ
14. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
15. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
16. ശ്രീ. രമേശ് ചെന്നിത്തല
17. ശ്രീ. റോജി എം. ജോൺ
18. ശ്രീ. വി. പി. സജീന്ദ്രൻ

19. ശ്രീ. എൻ. ഷംസുദ്ദീൻ

20. ശ്രീ. വി. ഡി. സതീശൻ

21. ശ്രീ. പി. ടി. തോമസ്

22. ശ്രീ. എം. ഉമ്മർ.

നിഷ്പക്ഷത പാലിക്കുന്നവർ: ആരുമില്ല.

| | | |
|---|---|---|
| മി. സ്പീക്കർ: അനുകൂലിക്കുന്നവർ | - | 52 |
| പ്രതികൂലിക്കുന്നവർ | - | 22 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല. |

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ പാസ്സായിരിക്കുന്നു.

### (ii) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

## XII ക്രമപ്രശ്നം

### (1) ഓർഡിനൻസിന്റെ ഭരണഘടനാവിരുദ്ധത സംബന്ധിച്ച്

ശ്രീ. വി. ടി. ബൽറാം: സർ, റൂൾ 303 പ്രകാരം ഞാൻ ക്രമപ്രശ്നം അവതരിപ്പിക്കുകയാണ്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ജനനം 2008, മരണം 2018. ഇതാണ് ഈ നിയമ ഭേദഗതിയിലൂടെ ഇവിടെ ഉണ്ടാകാൻ പോകുന്നത്. നിരവധി വർഷത്തെ പരിസ്ഥിതി പ്രവർത്തകരുടെയും പൊതുപ്രവർത്തകരുടെയും കർഷകരുടെയുമൊക്കെ നിരന്തര ആവശ്യപ്രകാരം ഒരു ജനകീയ ഇടപെടലിലൂടെ രൂപപ്പെട്ട, ഇന്ത്യയ്ക്കുതന്നെ മാതൃക എന്ന് നമ്മൾ വിശേഷിപ്പിച്ചിരുന്ന നിയമമാണ് 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം. സെലക്ട് കമ്മിറ്റി നിരവധി തവണ സിറ്റിംഗ് നടത്തി ജനകീയ അഭിപ്രായം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടാണ് ഈ നിയമം ഉണ്ടാക്കിയെടുത്തത്. അതിന് മതിയായ

ചർച്ചകളില്ലാതെ, വേണ്ടത്ര അവധാനതയില്ലാതെ ഇവിടെ ഭേദഗതി ചെയ്യുന്നതോടു കൂടി ഈ നിയമത്തിന്റെ എല്ലാ അന്തഃസത്തയും ചോർന്നുപോകുകയാണ്. നെൽവയൽ സംരക്ഷിക്കാൻ വേണ്ടി ആർജ്ജവപൂർണ്ണമായ നിലപാടുകൾ സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. 2008 മുതൽ നിരവധി കേസ്സുകൾ, ഒരുപക്ഷേ പതിനായിരത്തിലേറെ കേസ്സുകൾ ഇതുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ ഉണ്ടായിട്ടുണ്ട്. എല്ലാം സദുദ്ദേശത്തോടുകൂടിയുള്ള കേസ്സുകളാണെന്ന് ഞാൻ പറയുന്നില്ല.

മി. സ്പീക്കർ: ഇത് പോയിന്റ് ഓഫ് ഓർഡറാണ്, ഓർഡറിൽ അല്ലാത്ത കാര്യം എന്താണെന്ന് മാത്രം പറയൂ.

ശ്രീ. വി. ടി. ബൽറാം: സർ, 35-ഓളം റിപ്പോർട്ടഡ് ജഡ്ജ്മെന്റുകൾ ഈ നിയമവുമായി ബന്ധപ്പെട്ട് കോടതിയുടെ ഭാഗത്തുനിന്ന് വന്നിട്ടുണ്ട്. അത് പരിശോധിക്കാതെയാണ് ഈ നിയമം ഇവിടെ കൊണ്ടുവന്നിട്ടുള്ളത് എന്നുള്ളതാണ് എന്റെ ആദ്യത്തെ വിയോജിപ്പ്. ഓർഡിനൻസ് നിരവധി തവണ റീ-പ്രൊമുൽഗേറ്റ് ചെയ്തുകൊണ്ടാണ് ഇപ്പോൾ നിയമമാകുന്നത്. ഈ ഓർഡിനൻസിനെതിരെ ഇപ്പോൾത്തന്നെ കോടതിയിൽ കേസ്സുണ്ട്. അതിൽ പ്രഥമദൃഷ്ട്യാ കഴമ്പുണ്ട് എന്നുകണ്ടുകൊണ്ട് ഈ ഓർഡിനൻസിന്റെ ഭരണഘടനാ വിരുദ്ധതയെ ഉൾക്കൊണ്ടുകൊണ്ടാണ് ഇതിലെ സുപ്രധാനമായിട്ടുള്ള ചില വകുപ്പുകൾ ഹൈക്കോടതി അനുവദിച്ചിരിക്കുന്നത്. എന്റെ പ്രധാനപ്പെട്ട ഒബ്ജക്ഷൻ അതാണ്. 27(എ)(3)-യുമായി ബന്ധപ്പെട്ട് ഇപ്പോൾത്തന്നെ നിരവധി കേസ്സുകളിൽ സ്റ്റേ അനുവദിച്ചിട്ടുണ്ട്. എന്തുകൊണ്ടാണ് ഇത്തരം സ്റ്റേ അനുവദിക്കപ്പെടുന്നത്; എന്തുകൊണ്ടാണ് ഇത്രയും വ്യവഹാരങ്ങൾ ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്നത്; എന്തുകൊണ്ടാണ് ഇത്രയധികം റിപ്പോർട്ടഡ് ജഡ്ജ്മെന്റ്സ് ഈ നിയമവുമായി ബന്ധപ്പെട്ടുണ്ടാകുന്നത്; ഇത് സമഗ്രമായി പരിശോധിച്ച് വിലയിരുത്തി ഒരു നിയമനിർമ്മാണ ഭേദഗതി ഉണ്ടാവുകയാണ് വേണ്ടത്. അതല്ലാതെ ഒരു മണിക്കൂർ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് ഒരു നിയമം പാസ്സാക്കുമ്പോൾ അത് ഉദ്ദേശ്യലക്ഷ്യത്തെതന്നെ പരാജയപ്പെടുത്തുന്ന ഒന്നായി മാറുകയാണ്. അതുകൊണ്ട് വിപുലമായിട്ടുള്ള ചർച്ചകൾക്കുശേഷം നിയമവശങ്ങൾ കൂടി പരിശോധിച്ചുകൊണ്ട് ഇപ്പോൾ കോടതിയിൽ നിലവിലിരിക്കുന്ന വിവിധ കേസ്സുകളുടെ സ്വഭാവത്തെക്കുറിച്ചുകൂടി ആഴത്തിൽ അപഗ്രഥിച്ചുകൊണ്ട് വേണ്ട ഭേദഗതികളാണ് കൊണ്ടുവരേണ്ടത്. അതുവരെ ഈ നിയമം ഇങ്ങനെ നിയമസഭയിൽ അവതരിപ്പിക്കുന്നത് ഒരുപക്ഷേ കൂടുതൽ വ്യവഹാരങ്ങൾക്ക് കാരണമായേക്കും. ഇപ്പോൾത്തന്നെ ഈ ഓർഡിനൻസിനെതിരെ നിരവധി റിട്ടുകളുണ്ട്. ഇത് നിയമമാകുമ്പോഴും റിട്ടുകളുടെ സ്വഭാവത്തിൽ മാറ്റം വരുന്നില്ല. അതുകൊണ്ട് ഈ നിയമം കൂടുതൽ പഠനത്തിനുവേണ്ടി മാറ്റിവയ്ക്കണമെന്നും ഇപ്പോൾ കേസ്സുകൾ നിലവിലിരിക്കുന്ന സാഹചര്യത്തിൽ ഇത് അവതരിപ്പിക്കുന്നത് ക്രമപ്രകാരമല്ല എന്നുമുള്ളതാണ് എന്റെ ഒബ്ജക്ഷൻ.

## (2) ബില്ലിന്റെ നിയമസാധുത സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: സർ, ഈ നിയമത്തിൽ നിയമപരമായ ചില പ്രശ്നങ്ങളുണ്ട്. ഒന്ന്, പുതിയ ഭേദഗതിയിൽ ക്ലോസ് 15-ൽ 27 എ (3) എന്നൊരു പുതിയ ഭാഗം ചേർത്തിരിക്കുകയാണ്. അത് പഴയ 3 എ ആണ്. അതായത്, അപേക്ഷ അനുവദിക്കുന്നപക്ഷം, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നിരക്കിൽ ഒരു ഫീസ് നൽകുവാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്. ന്യായവിലയുടെ 50 ശതമാനം ഫീസ് ഈടാക്കാമെന്നുള്ളതായിരുന്നു ഓർഡിനൻസിലും ബില്ലിലും ഉണ്ടായിരുന്നത്. ഇത് സബ്ജക്ട് കമ്മിറ്റിയിൽ പോയപ്പോഴാണ് റൂൾസ് പ്രകാരം അത് മാറ്റി 50 ശതമാനമാണോ 25 ശതമാനമാണോയെന്ന് നിശ്ചയിക്കാമെന്ന തരത്തിൽ തീരുമാനം വന്നിരിക്കുന്നത്. യഥാർത്ഥത്തിൽ, 2008-നുമുമ്പ് നികത്തപ്പെട്ട സ്ഥലങ്ങൾ റെഗുലറൈസ് ചെയ്തുകൊടുക്കുകയാണ്. 2008-ൽ ഈ നിയമം വന്നതിനുശേഷം നികത്തപ്പെട്ട സ്ഥലങ്ങൾക്ക് ഈ നിയമം ബാധകമാണ്. 2008-ൽ നിയമം നിലവിൽവരുന്നതിനുമുമ്പ് നികത്തപ്പെട്ട നിലങ്ങൾക്ക് ബാധകമായത് കേരള ലാന്റ് യൂട്ടിലൈസേഷൻ ഓർഡറാണ്. ഈ നിയമം ബാധകമല്ല. യഥാർത്ഥത്തിൽ, ഈ ഫീസ് ഏർപ്പെടുത്തുന്നത് ഒരു പീനൽ പ്രൊവിഷനായി മാറുകയാണ്. പെനാൽറ്റിയാണിത്. ഭൂമി നികത്തിയിരിക്കുന്ന ആളുകൾക്ക് ഭൂമി നികത്തിയതിന് ന്യായവിലയുടെ 50 ശതമാനം പിഴയായി ഈടാക്കുന്ന ഒരു പീനൽ പ്രൊവിഷൻ ഇൻഡയറക്ടായി ഈ നിയമത്തിൽ ചേർത്തിരിക്കുകയാണ്. അങ്ങനെയൊരു പീനൽ പ്രൊവിഷൻ ചേർക്കാൻ, 'This House is not competent' എന്നാണ് എന്റെ വാദം. കാരണം, ഭരണഘടനയുടെ ആർട്ടിക്കിൾ 20 എന്താണ് പറയുന്നത്? ഞാൻ ഉദാഹരണം പറയാം. ഇന്ന് തെറ്റല്ലാത്ത ഒരു കുറ്റം ഒരാൾ ചെയ്തു. അത് ഇന്ന് നിയമത്തിന്റെ മുന്നിൽ തെറ്റല്ല. നാളെ ഒരു നിയമമുണ്ടാക്കി ഇയാളെ ശിക്ഷിക്കാൻ സാധിക്കുമോ? പാടില്ലായെന്ന് ഇന്ത്യൻ ഭരണഘടന പറയുകയാണ്. "Article 20 (1) says that no person shall be convicted of any offence except for violation of the law in force at the time of the commission of the Act charged as an offence, nor be subjected to a penalty greater than that which might have been inflicted under the law in force at the time of the commission of the offence." 2008-നുമുമ്പ് നിലം നികത്തുന്നത് ഒരു ഒഫൻസല്ല. അന്ന് നിലം നികത്തിയത് ഈ നിയമത്തിന്റെ ഭാഗമാക്കി ഒരു ഒഫൻസാക്കി മാറ്റിയാൽ 'It is the violation of Article 20'. 2008-ൽ റവന്യൂ വകുപ്പുമന്ത്രി യായിരുന്ന ശ്രീ. കെ. പി. രാജേന്ദ്രൻ ഈ നിയമം സഭയിൽ അവതരിപ്പിച്ചപ്പോൾ ഇതുപോലെ 2008-ന് രണ്ട് വർഷം മുമ്പ് നിലം നികത്തിയ ആളുകൾക്കെതിരെക്കൂടി നടപടിയെടുക്കണമെന്നുള്ള ഒരു പ്രൊവിഷനുണ്ടായിരുന്നു. അന്ന് ഇതേ അവസരത്തിൽ ഇതുപോലെതന്നെ ഞാൻ ഒരു ലീഗൽ ഒബ്ജക്ഷൻ കൊണ്ടുവന്നു. ആർട്ടിക്കിൾ

20 ക്വാട്ട് ചെയ്ത് ഈ സഭയ്ക്ക് അതിന് അധികാരമില്ലെന്ന് വാദിച്ചു. നിയമ വകുപ്പിന്റെ ഉപദേശമനുസരിച്ച് അന്നത്തെ റവന്യൂ വകുപ്പുമന്ത്രി ആ പ്രൊവിഷൻ പിൻവലിച്ചു. കാരണം, ആർട്ടിക്കിൾ 20-ന് inconsistent ആയുള്ള നിയമമുണ്ടാക്കാൻ ഈ ഹൗസിന് അധികാരമില്ല. അതുമാത്രമല്ല, ഇതിനെ ബലപ്പെടുത്തുന്നതാണ് ആർട്ടിക്കിൾ 13(2). അതിൽ പറയുന്നത്, "The State shall not make any law which takes away or abridges the rights conferred by this part and any law made in contravention of this clause shall, to the extent of the contravention, be void." അതായത്, fundamental right ആണ് ആർട്ടിക്കിൾ 20. Fundamental right വയലേറ്റ് ചെയ്തുകൊണ്ടാണ് ഒരു നിയമം കൊണ്ടുവരുന്നത്. ഈ നിയമം ഉണ്ടാകുന്നതിനുമുമ്പുള്ള ഒരു കുറ്റത്തിനുള്ള ശിക്ഷ ഈ നിയമത്തിലൂടെ കൊണ്ടു വരികയാണ്. അന്ന് നിലം നികത്തിയാൽ എന്താണ് ചെയ്യേണ്ടതെന്ന് കെ.എൽ.യു. ഓർഡറിലുണ്ടാകും. ഈ നിയമം 2008-ലാണ് വന്നത്. ഇതിനകത്ത് പ്രധാനപ്പെട്ട ഒരു പ്രശ്നംകൂടിയുണ്ട്. 50 വർഷമായും 100 വർഷമായും വീട് വച്ച് കൃഷിയൊക്കെ ചെയ്ത് താമസിക്കുന്ന ആളുകളുണ്ട്. ബേസിക് ടാക്സ് രജിസ്റ്ററിൽ കിടക്കുന്നത് നിലമെന്നാണ്. റൂൾസ് കൊണ്ടുവന്ന് ഈടാക്കാൻ പോകുന്ന ന്യായവിലയുടെ 50 ശതമാനം തുക ആ പാവങ്ങൾ കൊടുക്കണമെന്ന് പറയുന്നത് എവിടത്തെ ന്യായമാണ്. നിയമം ലംഘിച്ച് നിലം നികത്തിയ ആളുകളുടെ കയ്യിൽനിന്നും പിഴ ഈടാക്കുകയോ എന്തുവേണമെങ്കിലും ചെയ്തോളൂ. പക്ഷെ, പരമ്പരാഗതമായി ആ സ്ഥലത്ത് വീടുവച്ച് വർഷങ്ങളായി താമസിക്കുന്നവർ ലാഭമുണ്ടാക്കാൻവേണ്ടി നികത്തിയിട്ടില്ല. 1000 രൂപയ്ക്ക് പാടം വാങ്ങി നികത്തി 5,00,000 രൂപയ്ക്ക് വിറ്റവരല്ല അവർ. ഒരു genuine ആയ കേസ് അവിടെയുണ്ട്. അങ്ങനെയുള്ള ആളുകളെയാണ് ഇല്ലാത്ത, ചെയ്യാൻ പാടില്ലാത്ത, ഭരണഘടനാ വിരുദ്ധമായ ഒരു നിയമം ഉണ്ടാക്കി ശിക്ഷിക്കുന്നത്. നിയമത്തിൽ ഇത് 'Ex post facto law' എന്ന് പറയും. ഒരിക്കലും ചെയ്യാനുള്ള അധികാരമില്ല. ഭരണഘടനയുമായി ബന്ധപ്പെട്ട വ്യാഖ്യാനങ്ങളിൽ, മുമ്പുണ്ടായിരുന്ന ഒരു കാര്യത്തിന്മേൽ പിന്നീട് നിയമമുണ്ടാക്കി കുറ്റമായി പ്രഖ്യാപിക്കാൻ പാർലമെന്റിനോ നിയമസഭകൾക്കോ അധികാരമില്ലെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ധാരാളം വ്യവഹാരങ്ങളുണ്ട്. ആ വ്യവഹാരങ്ങളിൽ ഉണ്ടാകാൻ പോകുന്ന പുതിയൊരു പ്രശ്നം ഞാൻ പറഞ്ഞുതരാം. 'Doctrine of severability' എന്ന് ഭരണഘടനയുടെ interpretation-ൽ പറയും. അതായത്, നമ്മൾ കൊണ്ടു വരുന്ന ഏതെങ്കിലും ഒരു ക്ലോസ് ഭരണഘടനാവിരുദ്ധമായി അല്ലെങ്കിൽ മൗലികാ വകാശങ്ങൾക്ക് വിരുദ്ധമായി ഉണ്ടെങ്കിൽ ആ ക്ലോസിനെ മാത്രമായി കോടതിക്ക് strike down ചെയ്യാം. അത് void ആയി ഡിക്ലയർ ചെയ്യാം. ഇവിടെ 27 എ വകുപ്പിൽ ഞാൻ പറയുന്ന ഭരണഘടനാവിരുദ്ധമായ ക്ലോസ് എഴുതിച്ചേർത്തിരി

ക്കുകയാണ്. ഈ particular provision വന്നുകഴിഞ്ഞാൽ പ്രസ്തുത ക്ലോസിനെ സെപ്പറേറ്റ് ചെയ്യാൻ പറ്റില്ല. 'Doctrine of severability' അനുസരിച്ച് ഈ നിയമം മൊത്തത്തിൽ unconstitutional ആണെന്ന് കോടതിക്ക് പ്രഖ്യാപിക്കേണ്ടിവരും. അത് ഗുരുതരമായ ഒരു സാഹചര്യമാണ്.

മി. സ്പീക്കർ: യെസ്.....പ്ലീസ്......

ശ്രീ. വി. ഡി. സതീശൻ: ഒന്നുരണ്ട് നിയമപരമായ കാര്യങ്ങളുണ്ട്. വേറൊന്നും പറഞ്ഞില്ലല്ലോ; ഒരു പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റുപോലും ഞാൻ നടത്തിയില്ലല്ലോ; നിയമം പറയണ്ടേ; ഒരു ബിൽ പാസ്സായി വരുമ്പോൾ, കോടതിയുടെ മുമ്പിൽ ചെല്ലുമ്പോൾ ആരൊക്കെക്കൂടിയാണ് ഇത് പാസ്സാക്കിയതെന്ന് ജഡ്ജിമാർ മനസ്സിലെങ്കിലും വിചാരിക്കില്ലേ; നമ്മൾ ഇത് ക്ലിയർ ചെയ്തുപോകണ്ടേ; ഇപ്പോൾ കൊടുത്തിരിക്കുന്ന സംഭവം എന്താണ്; ഈ നിയമസഭയെ നോക്കുകുത്തിയാക്കിക്കൊണ്ടിരിക്കുന്ന സംഭവങ്ങളാണിതെല്ലാം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 3 എ കൊണ്ടുവന്നു. 25 ശതമാനം തുക ഈടാക്കാമെന്ന പ്രൊവിഷൻ കൊണ്ടുവന്നു. അത് ധാർമ്മികമായി ശരിയല്ലെന്നും, അങ്ങനെയൊരു സംഭവം നിലനിൽക്കാൻ പാടില്ലെന്നും പറഞ്ഞ് ഈ ഗവൺമെന്റിലെ ഈ മന്ത്രിതന്നെ അമെന്റ്മെന്റ് കൊണ്ടുവന്ന് 3 എ നീക്കംചെയ്തില്ലേ; ഒരു വർഷം കഴിഞ്ഞപ്പോൾ, നേരത്തെ 25 ശതമാനം പിഴ ഈടാക്കാൻ വച്ചിരുന്ന വിഷയത്തിൽ ന്യായവിലയുടെ 50 ശതമാനം ഈടാക്കാൻ 3 എ പുതിയ രൂപത്തിൽ കൊണ്ടുവന്നിരിക്കുകയാണ്. കുട്ടികൾ മഴക്കാലത്ത് കടലാസ് തോണി ഉണ്ടാക്കി കളിക്കുന്നതുപോലെ ഒരു നിയമസഭയ്ക്കകത്ത് ഭേദഗതികൾ ഉണ്ടാക്കി കളിക്കാമോ; അതേ കാര്യമല്ലേ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്; അല്ലെങ്കിൽ മറുപടി പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയണം. അന്ന് നിയമത്തിൽ ഭേദഗതി കൊണ്ടുവന്ന് നീക്കംചെയ്ത 3 എ, അന്നത്തെ പ്രസംഗത്തിൽ കഴിഞ്ഞ ഗവൺമെന്റിനെക്കുറിച്ച് എന്തെല്ലാമാണ് പറഞ്ഞത്? കഴിഞ്ഞ ഗവൺമെന്റ് തെറ്റായി ചെയ്തുവെന്ന് എന്തെല്ലാം കാര്യങ്ങൾ പറഞ്ഞു. ഭേദഗതി ചെയ്ത് നീക്കംചെയ്ത അതേ കാര്യംതന്നെ ഈ ഗവൺമെന്റ് ഒരു വർഷം കഴിഞ്ഞ് വേറൊരു രൂപത്തിൽ കൊണ്ടുവരുന്നത് ശരിയല്ല. ഇതിനകത്ത് പ്രധാനപ്പെട്ട ഒരു കാര്യം പറയുന്നുണ്ട്. ഫ്രാൻസിസ് ബെന്ന്യന്റെ പ്രശസ്തമായ ഒരു വാചകമുണ്ട്, "I'm the parliamentary draftsman. I compose the country's laws, and of half the litigation. I'm undoubtedly the cause." ഞാനാണ് പാർലമെന്റിലെ നിയമങ്ങൾ ഡ്രാഫ്റ്റ് ചെയ്യുന്ന ആൾ, ഞാനാണ് രാജ്യത്തെ നിയമങ്ങൾ മുഴുവനും കമ്പോസ് ചെയ്യുന്നത്, ഒരു സംശയവുമില്ല, ആ ഞാൻ തന്നെയാണ് ഈ നാട്ടിലെ പകുതി വ്യവഹാരങ്ങൾക്കും കാരണം. അങ്ങനെ വ്യവഹാരങ്ങൾക്ക് വഴിതെളിയിക്കുന്ന നിയമങ്ങളുണ്ടാക്കി നിരന്തരമായ വ്യവഹാരങ്ങളുണ്ടാക്കി പരിഹാരമില്ലാത്ത സ്ഥിതിയാകുന്നു.

മി. സ്പീക്കർ: യെസ്..യെസ്..അങ്ങ് ലീഗൽ പോയിന്റിലേയ്ക്ക് വരൂ...

ശ്രീ. വി. ഡി. സതീശൻ: സർ, ലീഗൽ പോയിന്റാണ് ഞാൻ പറയുന്നത്.

മി. സ്പീക്കർ: എന്നാൽ അങ്ങ് പറയൂ...

ശ്രീ. വി. ഡി. സതീശൻ: സർ, എന്നാൽ ഞാൻ സംസാരം അവസാനിപ്പിച്ചിരിക്കുന്നു.

മി. സ്പീക്കർ: അങ്ങ് ദേഷ്യപ്പെടേണ്ട..

ശ്രീ. വി. ഡി. സതീശൻ: അത് ശരിയല്ല സർ, ഞാൻ ലീഗൽ പോയിന്റല്ലാതെ എന്താണ് സംസാരിക്കുന്നത്?

മി. സ്പീക്കർ: അങ്ങ് സാഹിത്യഗ്രന്ഥങ്ങളിൽനിന്നും മറ്റും ക്വാട്ട് ചെയ്ത് സംസാരിക്കുന്നതുകൊണ്ടാണ് പറയുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ക്വാട്ട് ചെയ്യുന്നില്ല, ഈ സഭയിൽ അങ്ങനെയൊന്നും സംസാരിക്കാൻ പാടില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു.

മി. സ്പീക്കർ: അങ്ങനെയൊന്നുമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, അതായത് ലെജിസ്ലേഷൻ നടത്തുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു കാര്യം ക്വാട്ട് ചെയ്തതിന് അങ്ങയെപ്പോലുള്ള ഒരാൾ ഇടപെട്ട് തടസ്സപ്പെടുത്തുന്നത് ശരിയല്ല, ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യൂ.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. വി. ടി. ബൽറാം ഉന്നയിച്ച ക്രമപ്രശ്നം, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം ബിൽ അവതരിപ്പിക്കുന്ന വേളയിലാണ് ഉന്നയിക്കേണ്ടത്. ബിൽ അവതരിപ്പിച്ച വേളയിലും സബ്ജക്ട് കമ്മിറ്റി പരിഗണിച്ച വേളയിലും ഇതുസംബന്ധിച്ച് യാതൊരു തടസ്സവാദവും ആരും ഉന്നയിച്ചില്ല. അങ്ങനെയിരിക്കെ ബിൽ സബ്ജക്ട് കമ്മിറ്റി പരിഗണിച്ചതിനുശേഷം, നിയമസഭയുടെ മുമ്പാകെ പരിഗണനയ്ക്ക് വരുന്ന സമയത്ത് ഇപ്രകാരമൊരു ക്രമപ്രശ്നം ഉന്നയിക്കുന്നത് നിലനിൽക്കുന്നതല്ല. കൂടാതെ ഭേദഗതി ബില്ലിലെ 27 (3) എ എന്ന വ്യവസ്ഥ - വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി, പ്രസ്തുത വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനുള്ള അനുമതി അനുവദിക്കുന്നപക്ഷം നൽകേണ്ട ഫീസ് അനുവദിക്കുന്നതിനാണ് വ്യവസ്ഥ ചെയ്യുന്നത്. പ്രസ്തുത വ്യവസ്ഥ നാളിതുവരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുമില്ല, സ്റ്റേ നിലനിൽക്കുന്നതായി ബഹുമാനപ്പെട്ട അംഗം പറഞ്ഞത് അടിസ്ഥാനരഹിതമാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മന്ത്രി തെറ്റിദ്ധരിക്കുന്ന നിലയിലാണ് ഈ കാര്യങ്ങൾ പറഞ്ഞത്. കാരണം സ്പീക്കറുടെ അനുമതിയോടെ ഏതൊരംഗത്തിനും നിയമനിർമ്മാണവുമായി ബന്ധപ്പെട്ട lacunas ചൂണ്ടിക്കാണിക്കാനുള്ള അനുമതിയുണ്ട്. അങ്ങനെ മുമ്പും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഒബ്ജക്ഷൻ പറയുന്നതിനുള്ള അധികാരമുണ്ട്. കാരണം നമ്മളൊരു ലീഗൽ പ്രോസസ്സിലാണ് മുഴുകിയിരിക്കുന്നത്. ഏത് ഘട്ടത്തിലും നിയമവിരുദ്ധമായ, ഭരണഘടനാവിരുദ്ധമായ കാര്യങ്ങളുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാനുള്ള അധികാരമുണ്ട്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത് വന്നതുകൊണ്ട് തെറ്റായ ഒരു നിയമം നിയമമാകുന്നില്ല, ആകാൻ പാടില്ലെന്ന് പറയുന്നതിൽ എന്ത് അസാംഗത്യമാണുള്ളത്;

മി. സ്പീക്കർ: 303 പ്രകാരം അതിനല്ല അനുവാദം കൊടുത്തത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച തടസ്സവാദത്തിനുള്ള മറുപടിയും ഞാൻ ഇവിടെ പറയുകയാണ്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾപ്രകാരം ബിൽ അവതരിപ്പിക്കുന്ന വേളയിലാണ് തടസ്സവാദങ്ങൾ ഉന്നയിക്കേണ്ടത്. ബിൽ അവതരിപ്പിച്ച വേളയിലും സബ്ജക്ട് കമ്മിറ്റി പരിഗണിച്ച വേളയിലും ഇതുസംബന്ധിച്ച് യാതൊരു തടസ്സവാദവും ഉന്നയിച്ചിട്ടില്ല. ചട്ടം ഇതായിരിക്കെ ബിൽ സബ്ജക്ട് കമ്മിറ്റി പരിഗണിച്ചതിനുശേഷം നിയമസഭ മുമ്പാകെ പരിഗണനയ്ക്ക് വരുന്ന സമയത്ത് ഇപ്രകാരമൊരു തടസ്സവാദം ഉന്നയിക്കുന്നത് നിലനിൽക്കുന്നതല്ല. ഭേദഗതി ബില്ലിലെ 27 എ, 27 എ 3 വകുപ്പ് - വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം സംബന്ധിച്ച അപേക്ഷ അനുവദിക്കുന്നപക്ഷം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫീസ് അപേക്ഷകൻ നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതൊരു പെനാലിറ്റിയായിട്ടല്ല, ഫീസായിട്ടാണ് കണക്കാക്കുന്നത്. ഇതൊരു ഫൈനല്ല, അതുകൊണ്ട് ഇത് ശിക്ഷയുടെ ഇനത്തിലല്ലാത്തതാകുന്നു. ഭാരതത്തിന്റെ ഭരണഘടനയുടെ 20-ാം അനുച്ഛേദത്തിൽ വ്യവസ്ഥ ചെയ്യുന്നത് ഒരു കുറ്റം ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുണ്ടായിരുന്ന നിയമത്തിന്റെ ലംഘനത്തിലൊഴികെ ആരെയും ശിക്ഷിക്കാൻ പാടുള്ളതല്ല എന്നാണ്. പ്രസ്തുത അനുച്ഛേദത്തിലെ വ്യവസ്ഥകൾ ഇവിടെ ബാധകമല്ലതാനും. ഇതൊരു ഫീസ് ചുമത്തുന്ന വ്യവസ്ഥ മാത്രമാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച 10, 12, 13 വകുപ്പുകളിന്മേലുള്ള ഭേദഗതികൾ ലെജിസ്ലേറ്റീവ് ഇന്റൻഷന് എതിരായിട്ടുള്ളതാണ്. ആയതിനാൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച തടസ്സവാദം നിലനിൽക്കുന്നതല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് ഇവിടെ ഇന്നയിന്ന വകുപ്പുകളിൽ, ലെജിസ്ലേറ്റീവ് ഇന്റൻഷന് എതിരായിട്ടല്ല എന്ന ഒരു സ്റ്റേറ്റ്മെന്റാണോ മന്ത്രി മറുപടിയായി പറയേണ്ടത്? അതിന്റെ കാരണമാണ് പറയേണ്ടത്. എന്തുകൊണ്ടാണ്

അല്ലാത്തതെന്ന് വ്യക്തമാക്കണം. ഞാൻ ഉന്നയിച്ചിരിക്കുന്ന കാര്യം 2008-ലെ നിയമത്തിന് കേരളത്തിലെ നെൽവയൽ-നീർത്തടങ്ങൾ നികത്തുന്നത് ആവർത്തിക്കാതിരിക്കുകയെന്ന ഒരു ലെജിസ്ലേറ്റീവ് ഇന്റൻഷനുണ്ടായിരുന്നു. ഇവിടെ എന്റെ തടസ്സവാദത്തിൽ പറഞ്ഞിരിക്കുന്ന വകുപ്പുകൾ ഈ നിയമത്തിൽ കൂട്ടിച്ചേർക്കുന്ന തോടുകൂടി ആ ലെജിസ്ലേറ്റീവ് ഇന്റൻഷൻ ഇല്ലാതാവുകയാണ്. ബില്ലിന്റെ ലക്ഷ്യം തന്നെ നഷ്ടപ്പെട്ടിരിക്കുകയാണ്. ബിൽ എന്ത് ലക്ഷ്യത്തോടുകൂടിയാണോ കൊണ്ടു വരാൻ ഉദ്ദേശിച്ചത് അതിനെതിരായിട്ടുള്ള ഭേദഗതികളാണ് ഇവിടെ പാസ്സാക്കുന്നത്. യഥാർത്ഥത്തിൽ മൂലനിയമത്തിലെ ആശയങ്ങൾക്ക് വിരുദ്ധമായി ഭേദഗതികൾ കൊണ്ടുവന്ന് പാസ്സാക്കുന്നുവെന്ന തടസ്സവാദമാണ് ഞാൻ ഉന്നയിച്ചത്. അതെങ്ങനെ ഡിഫന്റ് ചെയ്യാൻ സാധിക്കും? നോട്ടിഫൈ ചെയ്യാത്ത ഭൂമിയെന്ന് പറയുന്ന ഒരു പ്രത്യേക കാറ്റഗറിയുണ്ടാക്കി,..... ഈ നാട്ടിലെ 75 ശതമാനം ഭൂമിയും നോട്ടിഫൈ ചെയ്തിട്ടില്ല. എത്ര പഞ്ചായത്തുകളിലാണ് ഡാറ്റാബാങ്ക് വന്നിട്ടുള്ളത്? ഡാറ്റാ ബാങ്ക് വരാത്ത മുഴുവൻ ഭൂമിയും നോട്ടിഫൈ ചെയ്യപ്പെടാത്ത ഭൂമിയാണ്. അത് മുഴുവൻ നികത്തുന്നതിനുള്ള അനുമതി കൊടുത്തു. 2008-ൽ പാസ്സാക്കിയ നിയമം, ശ്രീ. വി. എസ്. അച്യുതാനന്ദൻ സർക്കാർ ജന്മംകൊടുത്ത ആ നെൽവയൽ നീർത്തട നിയമത്തിന്റെ ചരമക്കുറിപ്പാണ് ശ്രീ. പിണറായി വിജയൻ സർക്കാർ ഇവിടെ കുറിച്ചുകൊണ്ടിരിക്കുന്നത്. ഈ നിയമസഭാ ചരിത്രത്തിൽ അതുകൂടി റിക്കാർഡ് ചെയ്ത് വയ്ക്കേണ്ടതാണ്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, അൺ-നോട്ടിഫൈഡായിട്ടുള്ള ഭൂമിയെ സംബന്ധിച്ച് വളരെ കൃത്യമായി, 2008-ന് മുമ്പായി നികന്നതാണെന്ന് വിവക്ഷിച്ചിട്ടുണ്ട്. കേവലമായി നികന്നതാണെന്ന് മാത്രമല്ല, ഡാറ്റാബാങ്കിൽ ഉൾപ്പെടാത്ത ഭൂമി അത് തെളിയിക്കുന്നതിന് ഉപഗ്രഹ ചിത്രമുൾപ്പെടെ ഹാജരാക്കപ്പെടുന്നത്, അതിന്റെയൊക്കെ അടിസ്ഥാനത്തിൽ നടപ്പാക്കുമെന്ന്..

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അതിന് ഡാറ്റാബാങ്ക് ഇല്ലല്ലോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, നേരത്തെയുള്ള ഡാറ്റാബാങ്ക് തെറ്റായതുകൊണ്ടാണ്, ഡാറ്റാ ബാങ്കിന്റെ കാര്യങ്ങൾ നിർണ്ണയിക്കുന്നതിൽ അപാകതയുണ്ടെങ്കിൽ, ഡ്രാഫ്റ്റ് ഡാറ്റാ ബാങ്കിൽ ഏതെങ്കിലും തരത്തിലുള്ള അപാകതയുണ്ടെങ്കിൽ 'KSREC' -യുടെ ഭൂപട ചിത്രംകൂടി ഹാജരാക്കണമെന്ന് നിർദ്ദേശിക്കുന്നത് അതുകൊണ്ടാണ്. അതുകൊണ്ട് ഈ കാര്യത്തിൽ വളരെ വ്യക്തമായ ധാരണയാണ് അൺ-നോട്ടിഫൈഡ് ഭൂമിയെ സംബന്ധിച്ച് ചൂണ്ടിക്കാണിക്കാനുള്ളത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ പ്രധാന തീരുമാനങ്ങൾ ഉൾക്കൊള്ളുന്ന നിയമസഭതന്നെ ഇറക്കിയിട്ടുള്ള ഒരു പുസ്തകമാണിത്. (പുസ്തകം കാണിച്ചു.) തടസ്സവാദങ്ങൾ ബില്ലിന്റെ അവതരണവേളയിൽ കൊണ്ടു

വരണം. അതിന് കഴിയാതെവന്നാൽ വിയോജനക്കുറിപ്പിന്റെ ചർച്ചാവേളയിലോ വകുപ്പുതിരിച്ചുള്ള ചർച്ചാവേളയിലോ ഒരംഗത്തിന് കൊണ്ടുവരാൻ കഴിയുമെന്ന് ഇതേ നിയമസഭതന്നെ റൂൾ ചെയ്തിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി രണ്ടുതവണ ലീഗൽ ഒബ്ജക്ഷനും തടസ്സവാദത്തിനുമെതിരായി പറഞ്ഞ കാര്യം ഈ സ്പീക്കറുടെ മുൻകാല റൂളിംഗുകൾക്ക് വിരുദ്ധമാണ്. അദ്ദേഹത്തിന് കാര്യങ്ങൾ പറയുവാൻ അറിയില്ലെങ്കിൽ അത് പറഞ്ഞാൽ മതി. അല്ലാതെ ആവശ്യമില്ലാത്ത കാര്യങ്ങൾ പറയേണ്ടതില്ല. ഈ ബില്ലിന്റെ ഒബ്ജക്ഷനോ ലീഗൽ ഒബ്ജക്ഷനോ തടസ്സവാദമോ ഏത് ഘട്ടത്തിലും ഉന്നയിക്കാവുന്നതാണ്. വകുപ്പുതിരിച്ചുള്ള ചർച്ചാസമയത്തും ഉന്നയിക്കാൻ സാധിക്കും. Because we are doing a legislative process. അത് കുറ്റമറ്റതായിരിക്കണം. മന്ത്രി രണ്ടാമതും പറഞ്ഞു, ഇത് ശരിയാണോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ആവശ്യപ്പെടുന്നു.

<u>മി. സ്പീക്കർ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ ......

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, കഴിഞ്ഞ ദിവസം ബിൽ പാസ്സാക്കിയ സമയത്ത് ഇതേ വാദംതന്നെ തിരുവിതാംകൂർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട ഭേദഗതിയെ സംബന്ധിച്ച് ഞങ്ങളെല്ലാം 303 പ്രകാരം ക്രമപ്രശ്നം ഉന്നയിച്ച സമയത്ത് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി ഇതേ വാദഗതിതന്നെ ഇവിടെ ഉന്നയിച്ചതാണ്. പക്ഷെ ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് കൊടുത്ത സമയത്ത് അംഗങ്ങൾക്ക് ഈ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത ബിൽ വരുന്ന സമയത്തും ക്രമപ്രശ്നം ഉന്നയിക്കാനുള്ള അവകാശമുണ്ടെന്ന് വ്യക്തമാക്കിയതാണ്. അത് ഈ സഭയുടെ റൂളിംഗ് കൂടിയാണ്; സ്പീക്കറുടെ തീരുമാനവുമായിരുന്നു. എന്നിട്ട് ഇന്ന് ഉന്നയിച്ച രണ്ട് ഒബ്ജക്ഷനും രണ്ട് രീതിയിൽ മറുപടി പറഞ്ഞുകൊണ്ട് വീണ്ടും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ആവർത്തിച്ചിരിക്കുകയാണ്. ഓരോ മന്ത്രിമാർക്കും ഓരോ ദിവസം ഓരോ റൂളിംഗ് കൊടുക്കേണ്ടതുണ്ടോ? ഇത് സർക്കാരിന് മൊത്തമായും മന്ത്രിമാർക്കെല്ലാംകൂടി കൊടുക്കുന്ന റൂളിംഗല്ലേ. ഞാൻ പറയുന്നത് ലാ ഡിപ്പാർട്ട്മെന്റും പേഴ്സണൽ സ്റ്റാഫും ഈ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ഈ സഭയിൽ നടക്കുന്ന കാര്യങ്ങൾ, ഒരു ബിൽ പരിഗണിക്കുമ്പോൾ, സ്പീക്കർ നൽകുന്ന വളരെ പ്രധാനപ്പെട്ട ഒരു റൂളിംഗ് പിറ്റേ ദിവസം ബിൽ കൊണ്ടുവരുന്ന മന്ത്രിക്ക് ബാധകമല്ലാതെ അതേ മറുപടി മന്ത്രിമാർ സഭയിൽ ആവർത്തിക്കുന്നത് ഓർഡറിലാണോ.

2.00 PM]

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഇവിടെ മൂലനിയമത്തിന്റെ ഇന്റൻഷന് വിരുദ്ധമായിട്ടാണ് ഈ നിയമം കൊണ്ടു വരുന്നതെന്ന് ശ്രീ. വി. ഡി. സതീശൻ പറയുന്നത് തെറ്റാണ്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന് അനുസൃതമായിട്ടുള്ള ഡാറ്റാ ബാങ്ക് പബ്ലിഷ് ചെയ്തിട്ടില്ലെന്ന് ശ്രീ. അനിൽ അക്കര പറഞ്ഞതും തെറ്റാണ്. നമ്മൾ പാസ്സാക്കിയ നിലവിലുള്ള നിയമപ്രകാരം 804 പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് പബ്ലിഷ് ചെയ്തിട്ടുണ്ട്. ഡാറ്റാ ബാങ്ക് പബ്ലിഷ് ചെയ്യാത്ത 227 പഞ്ചായത്തുകളിൽ ഗവൺമെന്റ് നിശ്ചയിച്ചതുപ്രകാരം KESREC (Kerala State Remote Sensing and Environment Centre)-നെക്കൊണ്ട് ഉപഗ്രഹചിത്രം അനുസരിച്ചുള്ള അതിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അത് പബ്ലിക്കേഷന്റെ അന്തിമഘട്ടത്തിൽ നിൽക്കുകയാണ്. അന്തിമഘട്ടത്തിൽ നിൽക്കുന്നതോടുകൂടി ഇതിൽ പറയുന്നതനുസരിച്ചുള്ള 127 പഞ്ചായത്തുകളിലും KESREC-ന്റെ ഉപഗ്രഹ ചിത്രത്തിന്റെ അടിസ്ഥാനത്തിൽ കുറ്റമറ്റ രീതിയിലുള്ള ഡാറ്റാ ബാങ്കാണ് നിലവിൽ വരാൻ പോകുന്നത്. ഈ നിയമപ്രകാരം നേരത്തെ ഉണ്ടായിരുന്ന 804 ഡാറ്റാ ബാങ്കുകൾ നിലനിൽക്കുകയാണ്. 2008-നുശേഷമുള്ള നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുകയെന്നതാണ് മൂലനിയമത്തിന്റെ ഇന്റൻഷൻ. അക്കാര്യം ബഹുമാന്യരായ ശ്രീ. വി. ഡി. സതീശനും ശ്രീ. അനിൽ അക്കരയ്ക്കും അറിയാം. 2008-ന് മുൻപ് നികത്തപ്പെട്ട ഭൂമിയെയാണ് ഇവിടെ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി എന്നുപറയുന്നത്. 2008-ന് മുൻപ് നികത്തപ്പെട്ട, ബി.റ്റി.ആർ. രജിസ്റ്ററിൽ നിലം എന്ന് ചേർക്കപ്പെട്ടിരിക്കുന്ന ഭൂമിയെ സംബന്ധിച്ചാണ് നിങ്ങളുടെ ഭരണകാലത്ത് 3 എ നിയമം കൊണ്ടുവന്ന് ഫീസ് ഈടാക്കാൻ മണി ബില്ലിന്റെ അടിസ്ഥാനത്തിൽ തീരുമാനിച്ചത്. അന്ന് ഞങ്ങളതിനെ എതിർക്കാൻ കാരണം, അതിന്റെമേൽ ഒരു ഫീസ് ചുമത്തിയതിനെ ക്കുറിച്ചല്ല എതിർപ്പുണ്ടായത്. 2008-ന് മുൻപുള്ള ഭൂമി നികത്തപ്പെട്ടത് എങ്ങനെ ഇതിനകത്ത് നിശ്ചയിക്കപ്പെടുന്നു എന്നതുസംബന്ധിച്ച് അന്നത്തെ നിയമത്തിൽ വ്യക്തത ഉണ്ടാക്കിയിരുന്നില്ല. ഇതിൽ 2008-ന് മുൻപ് വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി എന്നുപറയുന്നത് അതിനുമുൻപ് ഈ പറയുന്ന രീതിയിൽ ഡാറ്റാ ബാങ്കിലുള്ള രേഖയുടെ അടിസ്ഥാനത്തിൽ മാത്രമല്ല, KESREC-ന്റെ ഉപഗ്രഹ ചിത്രത്തിന്റെ പിൻബലത്തോടുകൂടി ലോക്കൽ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി അതിന്റെ റിപ്പോർട്ടിൽ ഇത് 2008-ന് മുൻപാണ് നികത്തപ്പെട്ടതെന്ന് തെളിയിക്കുന്ന ഭൂമി മാത്രമാണ് വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി എന്നുവരുമ്പോൾ 2008-ന് ശേഷമുള്ള ഏതെങ്കിലും ഭൂമി നികത്താൻ ഈ നിയമത്തിൽ എവിടെയാണ് പറയുന്നത്? ഒരു കാര്യംകൂടി പറയാം, 2008-ന് മുൻപ് നികത്തപ്പെട്ട ഭൂമിക്കുമേൽ

നിർമ്മാണം നടത്തപ്പെടാൻ കഴിയാതെ ബുദ്ധിമുട്ടുന്നവർക്ക് മുഴുവൻ ഈ നിയമത്തിലൂടെ പ്രശ്നപരിഹാരം ഉണ്ടാക്കുകയെന്നതാണ് ഒരു കാര്യം. രണ്ടാമത്തെ കാര്യം, നിലവിലുള്ള മൂലനിയമത്തിൽ ഒരപാകത ഉണ്ടായിരുന്നു. അതായത് 2008-നുശേഷം നികത്തപ്പെടാതെ കിടക്കുന്ന ഭൂമിയും എന്നാൽ കൃഷി ചെയ്യാതെ കിടക്കുന്ന ഭൂമിയും ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിന് പരിമിതി ഉണ്ടായിരുന്നു. സ്ഥലമുടമസ്ഥന്റെ കൺസന്റ് വാങ്ങാതെ ആ ഭൂമിയിൽ കൃഷി ചെയ്യാൻ കഴിയില്ലെന്നായിരുന്നു അതിലുണ്ടായിരുന്ന നിയമമെങ്കിൽ പുതിയതായി കൊണ്ടുവരുന്ന നിയമത്തിൽ ഉടമസ്ഥന്റെ കൺസന്റ് ഇല്ലെങ്കിൽപ്പോലും 15 ദിവസത്തെ നോട്ടീസ് കൊടുത്തു കൊണ്ട് അതേറ്റെടുത്ത് കൃഷി ചെയ്യാം എന്നുപറയുമ്പോൾ നിലവിലുള്ള കൃഷിഭൂമിക്ക് പുറമെ തരിശുകിടക്കുന്ന എല്ലാ ഭൂമിയും കൃഷി ചെയ്യാനും ഇടതുപക്ഷ ജനാധിപത്യ മുന്നണി ആഗ്രഹിക്കുന്നതുപോലെ മൂന്ന് ലക്ഷം ഹെക്ടറിലേയ്ക്ക് നെൽവയൽ വിസ്തൃതി കൊണ്ടുവരാനും കഴിയുന്ന നിയമമാണ് ഇത്. ഇത് എങ്ങനെയാണ് ഇന്റൻഷനെ ലംഘിക്കുന്നത്. അക്കാര്യം അങ്ങ് വ്യക്തമാക്കണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചു എന്നുപറഞ്ഞു. ആ ഡാറ്റാ ബാങ്കിന്റെ procedure ലക്ഷക്കണക്കിന് പരാതികളുമായി കിടക്കുകയാണ്. ആ procedure പരിപൂർണ്ണമല്ല. ഫൈനൽ ഡാറ്റാ ബാങ്ക് ഇതുവരെ വന്നിട്ടില്ല. ഇപ്പോൾ നിങ്ങളൊരു പ്രത്യേക ക്ലാസ് ഉണ്ടാക്കിയിരിക്കുകയാണ്. നോട്ടിഫൈ ചെയ്യാത്ത ഭൂമി എന്നുപറഞ്ഞുകൊണ്ട് ഈ നാട്ടിലെ ഏത് ഭൂമിയും, ബേസിക് ടാക്സ് രജിസ്റ്ററിൽ നിലമായി കിടക്കുന്ന ഭൂമിയും അല്ലാത്ത ഭൂമിയും ഉൾപ്പെടെയുള്ള മുഴുവൻ ഭൂമിയും പണമടച്ച് നികത്തുന്നതിനുവേണ്ടിയുള്ള സൗകര്യം ഒരുക്കിക്കൊടുക്കുകയാണ്. സംസ്ഥാനത്തെ ഒരു കൃഷി വകുപ്പുമന്ത്രി ഈ സംസ്ഥാനത്തെ നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നതിനുവേണ്ടി പച്ചക്കൊടി കാണിക്കുന്നത് ഞങ്ങളെ ഞെട്ടിക്കുകയും വിസ്മയിപ്പിക്കുകയും ചെയ്യുന്നു എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഇവിടെ ഒരുകാര്യം ശ്രീ. വി. ഡി. സതീശനോട് പറയാം, അധികാരത്തിൽ വന്നശേഷം 1,96,000 ഹെക്ടർ ഉണ്ടായിരുന്ന കൃഷി ഭൂമി 2,20,000 ഹെക്ടറാക്കി വർദ്ധിപ്പിച്ച സർക്കാരാണിത്. ഒരുകാര്യംകൂടി പറയാം, ഇവിടെ നെൽവയലുകൾ നികത്താനോ സ്വകാര്യവ്യക്തികൾക്ക് ഇഷ്ടംപോലെ തരം മാറ്റാനോ കഴിയില്ല. KESREC-ന്റെ സാറ്റലൈറ്റ് പിക്ചറിന്റെ അടിസ്ഥാനത്തിലല്ലാതെ 2008-ന് മുൻപുള്ള ഒരിഞ്ചു ഭൂമിപോലും ഈ നിയമപ്രകാരം നികത്താൻ കഴിയില്ല. അതുകൊണ്ട് കൃഷി വകുപ്പുമന്ത്രി എന്ന നിലയിൽ, ഈ ഗവൺമെന്റ് നെൽവയൽ നികത്താൻവേണ്ടിയുള്ള പച്ചക്കൊടി കൊടുക്കുകയാണ് എന്നുപറയുന്നത് ആടിനെ പട്ടിയാക്കുന്ന പരിപാടിയാണ്. അതുകൊണ്ട് ആ

പരിപാടി ശരിയല്ല. (...ബഹളം...) പ്രതിപക്ഷത്തിന് പറയുവാനുള്ള ജനുവിൻ ആയിട്ടുള്ള കാരണങ്ങൾ ഉണ്ടെങ്കിൽ പറയട്ടെ. പ്രതിപക്ഷം പറയേണ്ട മൗലികമായ കാര്യങ്ങൾ പറയട്ടെ. അത് ചർച്ച ചെയ്യാം. പക്ഷേ ഇത് മൂലനിയമത്തിന്റെ ഇന്റൻഷന് വിരുദ്ധമാണെന്നുപറയുന്നത് അടിസ്ഥാനരഹിതമാണ്. അത് അംഗീകരിക്കേണ്ട കാര്യമില്ല.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരം സഭയിൽ വരുന്ന ബില്ലിനെ സംബന്ധിച്ചുള്ള വിശദമായ ചർച്ചയാണ് നമ്മൾ ആരംഭിക്കാൻ പോകുന്നത്. ആ ചർച്ച ചട്ടം 303 ഉന്നയിക്കുന്ന സമയത്ത് പാടില്ലെന്ന് അറിയാത്തവരല്ലല്ലോ നിങ്ങളാരും.

ശ്രീ. വി. ഡി. സതീശൻ: സർ, ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിമാരോട് പറയൂ. ഞങ്ങളോട് ചോദ്യം ചോദിക്കുമ്പോൾ ഞങ്ങൾക്ക് മറുപടി പറയണ്ടേ?

മി. സ്പീക്കർ: നിങ്ങൾ ലെജിസ്ലേച്ചർ ഇന്റൻഷനെക്കുറിച്ച് പറയുമ്പോൾ സ്വാഭാവികമായിട്ടും ഗവൺമെന്റ് അതിന്റെ വിശദീകരണം നൽകിയാലല്ലേ ചെയറിനുംകൂടി അത് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. ലെജിസ്ലേച്ചർ ഇന്റൻഷനെ സംബന്ധിച്ച് ആക്ഷേപം ഉന്നയിക്കുമ്പോൾ സ്വാഭാവികമായിട്ടും അതിനുള്ള ഗവൺമെന്റിന്റെ മറുപടികൂടി കേൾക്കണ്ടേ; (...ബഹളം...) ശ്രീ. വി. ഡി. സതീശൻ, ലെജിസ്ലേച്ചർ ഇന്റൻഷൻ എന്നുപറയുന്നത് തെറ്റാണെന്ന് പറയുമ്പോൾ സ്വാഭാവികമായും ഗവൺമെന്റിന് അതിനുള്ള വിശദീകരണം ഉണ്ടാകും. അത് ഒഴിവാക്കാൻ കഴിയില്ല. (...ബഹളം...) ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കു. ചട്ടം 303 പ്രകാരം ഏത് സന്ദർഭത്തിലും സഭയിലെ അംഗങ്ങൾക്ക് കാര്യങ്ങൾ ഉന്നയിക്കാനുള്ള അവകാശമുണ്ടെന്ന് നേരത്തെ തന്നെ റൂളിംഗ് നൽകിയതാണ്. അക്കാര്യത്തിൽ അവ്യക്തതയില്ല. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിന്റെ അവതരണത്തിനെതിരെ ശ്രീ. വി. ടി. ബൽറാം ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള റൂളിംഗ് നൽകുകയാണ്.

## റൂളിംഗ്

മി. സ്പീക്കർ: ബില്ലിൽ പുതിയതായി കൂട്ടിച്ചേർക്കുന്ന സെക്ഷൻ 27 (എ) യിൽ 3-ാം സബ്സെക്ഷനായി ചേർക്കുന്ന വ്യവസ്ഥ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ആ വ്യവസ്ഥകൾ ഉൾപ്പെടെയുള്ള ബിൽ ഇന്ന് സഭ പാസ്സാക്കുന്നത് ക്രമപ്രകാരമല്ലെന്നാണ് ശ്രീ. വി. ടി. ബൽറാം ഉന്നയിച്ച ക്രമപ്രശ്നം. എന്നാൽ അപ്രകാരം വ്യക്തമായ ഒരു സ്റ്റേ ഹൈക്കോടതിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇവിടെ

അസന്ദിഗ്ദ്ധമായി വിശദീകരിക്കുകയുണ്ടായി. ഹൈക്കോടതിയുടെ സ്റ്റേ എന്നു പറയുന്നത് ലീഗൽ പ്രോസസ്സിന്റെ ഭാഗമായി വരുന്നൊരു കാര്യമാണ് എന്നതാണ് ചെയറിന് ഇതുസംബന്ധിച്ച് സൂചിപ്പിക്കുവാനുള്ളത്. ലീഗൽ സ്ക്രൂട്ടിനിയുടെ ഭാഗമായിട്ടല്ല. ഒരു നടപടിക്രമം മാത്രമാണത്. അതൊരിക്കലും സഭയുടെ നിയമനിർമ്മാണ അധികാരത്തെ ബാധിക്കുന്നതല്ല. ഇനി അപ്രകാരം ഒരു സ്റ്റേ ഉണ്ടായിട്ടുണ്ടെങ്കിൽപ്പോലും ഈ നിയമനിർമ്മാണവുമായി മുന്നോട്ടുപോകുന്നതിൽ നിയമസഭ മുൻപാകെ നിയമപരമായ ഒരു തടസ്സവും ഇക്കാര്യത്തിൽ ഇല്ല എന്നുതന്നെയാണ് റൂളിംഗ് നൽകുവാനുള്ളത്. മാത്രമല്ല, വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിൽ ഇതിന്മേൽ ഭേദഗതി നിർദ്ദേശിച്ച് ഇടപെടാനും ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അവസരം ലഭിക്കുന്നുണ്ട്. അതുകൊണ്ട് ക്രമപ്രശ്നം നിലനിൽക്കു ന്നതല്ല.

നിയമത്തിൽ പുതിയതായി ചേർക്കുന്ന സെക്ഷൻ 27 (എ) (3) ഒരു പീനൽ പ്രൊവിഷനാണെന്നും അതിന് മുൻകൂർ പ്രാബല്യം നൽകുന്നത് ഭരണഘടനാ തത്വങ്ങൾക്ക് എതിരാണെന്നും ബില്ലിലെ മറ്റു വ്യവസ്ഥകൾ മുൻ ലെജിസ്ലേറ്റീവ് ഇന്റൻഷന് എതിരാണെന്നുമാണ് ശ്രീ. വി. ഡി. സതീശന്റെ ക്രമപ്രശ്നം. ലെജിസ്ലേറ്റീവ് ഇന്റൻഷനെ സംബന്ധിച്ചുള്ള അന്തിമമായ അഭിപ്രായ പ്രകടനം നടത്താൻ ചെയറിന് നിർവ്വാഹമില്ല. അത് സഭയാണ് തീരുമാനിക്കേണ്ടത്. സർക്കാരാണ് ആ നിലപാട് സ്വീകരിക്കേണ്ടത് എന്നുള്ളത് വ്യക്തമായിരിക്കെ, അക്കാര്യത്തിൽ ഒരു നിലപാട് സ്വീകരിക്കൽ സാദ്ധ്യമായ കാര്യമല്ല. നിയമത്തിൽ പുതിയതായി ചേർക്കുന്ന സെക്ഷൻ 27(എ)(3) ഒരു പീനൽ പ്രൊവിഷൻ അല്ലെന്നാണ് ഇവിടെ ലഭ്യമായിരിക്കുന്ന നിയമോപദേശം. അതുകൊണ്ടുതന്നെ ഉന്നയിച്ച ആശങ്ക നിലനിൽക്കുന്നതല്ല. അതൊരു ഫീസ് മാത്രമായിട്ട് കണക്കാക്കാവുന്നതാണ് എന്നാണ് നിയമോപദേശം. അദ്ദേഹം നാലോ അഞ്ചോ വകുപ്പുകളെക്കുറിച്ച് ഭേദഗതികൾ 2008-ലെ നിയമത്തിന്റെ ലെജിസ്ലേച്ചർ ഇന്റൻഷന് എതിരാണെന്ന് എഴുതി നൽകിയിട്ടുണ്ട്. ആ ലെജിസ്ലേച്ചർ ഇന്റൻഷനെ സംബന്ധിച്ച് അഭിപ്രായപ്രകടനം നടത്താനോ അന്തിമമായ അഭിപ്രായം പറയാനോ ചെയറിന് അധികാരമില്ല. അതിനെ സംബന്ധിച്ച് സർക്കാരാണ് നിലപാട് സ്വീകരിക്കേണ്ടത്. സർക്കാർ ആ നിലപാട് ഇവിടെ പറഞ്ഞുകഴിഞ്ഞു. അത് അംഗീകരിക്കുക. ഇനി ബില്ലുമായി ബന്ധപ്പെട്ട വിശദമായ ചർച്ചയ്ക്ക് അവസരമുണ്ട്. വകുപ്പ് തിരിച്ചുള്ള ഭേദഗതിയുടെ സന്ദർഭത്തിലും നമുക്ക് പരിഗണനയ്ക്ക് അർഹതയുണ്ട്.

ഇനി ബിൽ ചർച്ചയ്ക്കെടുക്കാം. ചർച്ചയുടെ സമയത്ത് ബഹുമാനപ്പെട്ട അംഗങ്ങൾക്കെല്ലാം ഇടപെട്ട് സംസാരിക്കാനുള്ള അവസരമുണ്ട്.

<u>മി. സ്പീക്കർ</u>: 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ സംബന്ധിച്ച വിയോജനക്കുറിപ്പ് ഇവിടെ അവതരിപ്പിക്കുകയാണ്. കർഷകരുടെ കനിവിൽ പൊന്നുവിളയിക്കുന്ന നെൽവയലുകൾ പ്രകൃതിയുടെ ഏറ്റവും ഉദാത്തമായ വരദാനമാണ്. വൈവിദ്ധ്യമാർന്ന അനേകം നെൽകൃഷി വ്യവസ്ഥകൾ കേരളത്തിൽ അങ്ങോളമിങ്ങോളം മുൻകാലങ്ങളിൽ ദർശിക്കാമായിരുന്നു. പാലക്കാടും കുട്ടനാടും കേരളത്തിന്റെ നെല്ലറകളാണ്. കോൾ നിലങ്ങൾ, പൊക്കാളി, കൈപ്പാട് നിലങ്ങൾ, വയനാടൻ വയലുകൾ കുട്ട്-മുണ്ടകപ്പാടങ്ങൾ അടങ്ങിയ തീരദേശവയലുകൾ, കര നെൽകൃഷി ചെയ്യുന്ന മോഡേൺ പറമ്പുകൾ, പള്ളിയാലുകൾ എന്നിവയെല്ലാം വൈവിദ്ധ്യമാർന്ന നെൽകൃഷി രീതികളാണ്. സമുദ്രനിരപ്പിൽനിന്നും രണ്ട് മീറ്റർ താഴെയുള്ള കുട്ടനാട്ടിലും 800 മീറ്റർ മുകളിലുള്ള വയനാട്ടിലും ഇടുക്കിയിലും ഉൾപ്പെടെ തുലോം വ്യത്യസ്തമായ സാഹചര്യങ്ങളിലാണ് നെൽകൃഷി ചെയ്യുന്നത്. നീരുറവകളും നീർച്ചാലുകളും നിർജ്ജീവമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ തണ്ണീർത്തടങ്ങളും അവയുടെ സംരക്ഷണവും ഏറെ പ്രസക്തമായൊരു വിഷയമാണ്. സമസ്ത ജീവ ജാലങ്ങളുടെയും ജൈവ വ്യവസ്ഥകളുടെയും താരാട്ട് തൊട്ടിലാണ് ചതുപ്പ് നിലങ്ങൾ. ആറു മീറ്ററിലധികം ആഴമില്ലാത്തതും വർഷത്തിൽ ഏറിയകാലവും വെള്ളം കെട്ടിനിൽക്കുന്ന ജലപൂരിതമായ മണ്ണുള്ള പ്രദേശങ്ങളെയും ചെറിയ ഒഴുക്കുള്ള പ്രദേശങ്ങളെയുമെല്ലാം തണ്ണീർത്തടത്തിന്റെ ഗണത്തിൽപ്പെടുത്താം. തണ്ണീർത്തടങ്ങളുടെ പാരിസ്ഥിതികവും സാമ്പത്തികവുമായ പ്രാധാന്യം കണക്കിലെടുത്ത് അവയുടെ സംരക്ഷണത്തിനും സുസ്ഥിര വിനിയോഗത്തിനുമായി പല പദ്ധതികളും കഴിഞ്ഞ കുറച്ച് ദശകങ്ങളായി ലോകമെമ്പാടും നടപ്പാക്കിവരുന്നുണ്ട്. ഐക്യരാഷ്ട്രസഭ 1971-ൽ 157 ലോകരാഷ്ട്ര പ്രതിനിധികളെ ഉൾക്കൊള്ളിച്ച് ഇറാനിലെ കാസ്പിയൻ കടൽത്തീരത്ത് നടന്ന റാംസർ സമ്മേളന ഉടമ്പടിയും 1972-ലെ ജൈവവൈവിദ്ധ്യ ഉടമ്പടിയും തണ്ണീർത്തട സംരക്ഷണത്തിനുള്ള സുപ്രധാനമായ ചുവടുവയ്പ്പുകളാണ്. 'ദൈവത്തിന്റെ സ്വന്തം നാട്' എന്നറിയപ്പെടുന്ന കേരളത്തിന്റെ വിസ്തൃതി 38864 ച. കിലോമീറ്റർ ആണ്. പടിഞ്ഞാറോട്ടൊഴുകുന്ന 41 നദികളും കിഴക്കോട്ടൊഴുകുന്ന 3 നദികളും അതിന്റെ കൈവഴികളും ഒട്ടനവധി കുളങ്ങളും കായലുകളുംകൊണ്ട് സമൃദ്ധമാണ് കേരളം. മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ തിരിച്ചിട്ടുള്ള കേരളം തണ്ണീർത്തടങ്ങളുടെ കാര്യത്തിലും സമ്പന്നമാണ്. 1952-53 കാലഘട്ടത്തിൽ കേരളത്തിൽ ഏകദേശം 8 ലക്ഷം ഹെക്ടർ നെൽവയൽ ഉണ്ടായിരുന്നതാണ്.

2016-17 ആയപ്പോൾ 171398 ഹെക്ടറായി കുറഞ്ഞു. ബഹുമാന്യനായ കൃഷി വകുപ്പ് മന്ത്രി ഇടപെട്ടുകൊണ്ട് പറഞ്ഞത് 220000-ത്തിലധികം ഹെക്ടർ സ്ഥലത്ത് ഇന്ന് നെൽകൃഷി നടക്കുന്നുണ്ടെന്നാണ്. സാമ്പത്തിക അവലോകനം 2017-ൽ 171398 ഹെക്ടർ സ്ഥലമാണെന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങയുടെ കൈവശം കണക്കുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ബി.ഡി. ദേവസ്സി)

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ശരിയാണ്. സാമ്പത്തിക സർവ്വേയുടെ കണക്കിനടിയിൽ ഒരു പാരഗ്രാഫിൽ എഴുതിവച്ചിട്ടുള്ളത് അങ്ങ് വായിച്ചിട്ടുണ്ടാവുമെന്ന് പ്രതീക്ഷിക്കുകയാണ്. 2016-17 വർഷത്തിൽ ഉണ്ടായിട്ടുള്ള രൂക്ഷമായ വരൾച്ചയെത്തുടർന്ന് അമ്പത്തിയാറായിരം ഹെക്ടർ സ്ഥലത്ത് കൃഷി ഇറക്കാൻ കഴിയാതെവന്ന സാഹചര്യത്തിലാണ് ഇതിന് കുറവുണ്ടായതെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് കണക്കെടുക്കുന്നത് ഓരോ വർഷവും വിത്തുവിതച്ചതും കൊയ്തതുമായ കണക്കുവച്ചുകൊണ്ടാണ്. അതുകൊണ്ടാണ് കഴിഞ്ഞവർഷം 220000 ഹെക്ടർ എന്ന് ഇവിടെ പറഞ്ഞത് (ലേറ്റസ്റ്റായിട്ടുള്ള) 2018-ലെ ഈ കഴിഞ്ഞമാസം വരെയുള്ള കൃഷി വകുപ്പുമായി ബന്ധപ്പെട്ട കണക്കാണ്. അതാണ് അടുത്ത വർഷത്തെ ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കായിട്ട് വരാൻ പോകുന്നത്.

ശ്രീ. അടൂർ പ്രകാശ്: സർ, സാമ്പത്തിക സർവ്വേ അനുസരിച്ച് 2017-ലെ റിക്കാർഡിക്കലായിട്ടുള്ള കാര്യമാണ് പറഞ്ഞത്. ഇതിന്റെ താഴെ കൊടുത്തിരിക്കുന്നത് സാമ്പത്തിക സ്ഥിതിവിവര വകുപ്പ് എന്നാണ്. ബഹുമാനപ്പെട്ട മന്ത്രി ഇങ്ങനെ പറഞ്ഞ് വിശ്വസിപ്പിക്കുന്നുവെങ്കിൽ ഞങ്ങളത് വിശ്വസിക്കാം. അതേ ഇപ്പോൾ പറയാൻ നിവൃത്തിയുള്ളൂ. കൃഷി വകുപ്പുമന്ത്രി പറയുന്നതെല്ലാം ലേറ്റസ്റ്റായ കാര്യമാണെന്നത് ശ്രീ. ചിറ്റയം ഗോപകുമാറിന് മനസ്സിലായില്ലെങ്കിൽ അത് ഞാൻ പറയാം. അതിനി വരുന്നേയുള്ളൂ. കേരളത്തിലെ നെൽവയലുകളും തണ്ണീർത്തടങ്ങളും അനിയന്ത്രിതമായും വിവേചനരഹിതമായും നികത്തപ്പെടുന്നതും രൂപപരിണാമം വരുത്തുന്നതും നിയന്ത്രിക്കുന്നതിന് ഫലപ്രദമായൊരു നിയമം നിലവിലില്ലായിരുന്നു. കേരളത്തിന്റെ കാർഷിക മേഖലയുടെ വളർച്ചയ്ക്കും ഭക്ഷ്യസുരക്ഷയ്ക്കും പാരിസ്ഥിതിക സന്തുലനം നിലനിർത്തുന്നതിനും പൊതുജന താൽപ്പര്യപ്രകാരം ഈ പ്രവണത നിയന്ത്രിക്കപ്പെടേണ്ടത് അനിവാര്യമാണെന്നുള്ളതുകൊണ്ടും 30 വകുപ്പുകൾ ചേർത്ത് നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 12-ാം കേരള നിയമസഭയുടെ 137-ാം നമ്പർ ബില്ലായി 2007 സെപ്റ്റംബർ 8-ന് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് എന്ന പേരിൽ

2008-ലെ 28-ാമത് ആക്ടായി നിയമസഭ പാസ്സാക്കുകയും ചെയ്തു. ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി, അങ്ങയുടെ മുൻഗാമിയായ ശ്രീ. കെ. പി. രാജേന്ദ്രൻ കൊണ്ടു വന്ന ബില്ലിനെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്. ആ മാതൃനിയമത്തിൽ പറഞ്ഞിട്ടുള്ളത് RDO-മാരുടെ പദവിയിൽ താഴെയല്ലാത്ത റവന്യൂ ഉദ്യോഗസ്ഥ രെയാണ്, ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ പ്രവൃത്തികൾ ചെയ്താൽ നടപടി കൈക്കൊള്ളുവാൻ അധികാരമുള്ള ഉദ്യോഗസ്ഥനായി നിയമിക്കുവാൻ വ്യവസ്ഥ ചെയ്തിരുന്നത്. സാധാരണയായി ഇത്തരം പ്രവൃത്തികൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത് വില്ലേജ് ഓഫീസറുടെ മുമ്പിലായിരുന്നു. വില്ലേജ് ഓഫീസർ, ഡെപ്യൂട്ടി തഹസിൽദാർ, തഹസിൽദാർ എന്നിവർക്ക് യാതൊരു നടപടിയും സ്വീകരിക്കാൻ നിയമത്തിൽ വ്യവസ്ഥയുണ്ടായിരുന്നില്ല. ആയത് വളരെ സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് വഴിവയ്ക്കുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് വില്ലേജ് ഓഫീസർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ പ്രവൃത്തികൾക്കെതിരെ നടപടി സ്വീകരിക്കുവാൻ അധികാരം നൽകിയത്. കൂടാതെ രൂപാന്തരപ്പെടുത്തിയ നെൽവയൽ പൂർവ്വസ്ഥിതിയിലാക്കാൻ ഉചിതമായ നടപടികൾ കൈക്കൊള്ളുവാനും ജില്ലാ കളക്ടറുടെ അധികാരം രൂപാന്തരപ്പെടുത്തിയ തണ്ണീർത്തടത്തിന്റെ കാര്യത്തിൽക്കൂടി നൽകിയാണ് 2011-ലെ 14-ാമത് ആക്ടിലൂടെ മൂലനിയമത്തിൽ ഭേദഗതി വരുത്തിയത്. 2015-ലെ കേരള ധനകാര്യ II ാം നമ്പർ ആക്ട് മുഖാന്തരം മാതൃനിയമത്തിൽ III-ാം വകുപ്പിനുശേഷം 3 (A) എന്ന ഒരു പുതിയ വകുപ്പ് ചേർക്കുകയുണ്ടായി. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിന്റെ പ്രാരംഭത്തിന് മുമ്പ് ഏതെങ്കിലും നെൽവയലിന്റെ ഉടമസ്ഥനോ അധിവാസിയോ കൈവശക്കാരനോ അന്ന് നിലവിലുണ്ടായിരുന്ന മറ്റേതെങ്കിലും ആക്ടിലെ വ്യവസ്ഥ കൾക്ക് അനുസൃതമല്ലാതെ പ്രസ്തുത നെൽവയൽ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ ജില്ലാ കളക്ടർക്ക് പ്രസ്തുത ഭൂമിയുടെ 1959-ലെ കേരള മുദ്രപ്പത്രം ആക്ടിന്റെ 28 (A) വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ന്യായവിലയുടെയോ ന്യായവില പ്രസിദ്ധപ്പെടുത്തിയിട്ടില്ലെങ്കിൽ സമീപ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള ഭൂമിയുടെ ന്യായവിലയുടെയോ 25%-ത്തിന് തുല്യമായ തുക ഫീസായി ഈടാക്കി അങ്ങനെയുള്ള രൂപാന്തരപ്പെടുത്തലുകളോ പരിവർത്തനപ്പെടുത്തലുകളോ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ക്രമവൽക്കരി ക്കുന്നതിനാണ് 3 (A)വകുപ്പ് പ്രസ്തുത ആക്ടിൽ കൂട്ടിച്ചേർത്തത്. എന്നാൽ പ്രസ്തുത ഭേദഗതി പിൻവലിക്കാൻ 2016 ജൂലൈ 8-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പ്രഖ്യാപിക്കുകയും അതിനനുസൃതമായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെ 3 (A) വകുപ്പ് ഒഴിവാക്കി 2016-ലെ 19-ാമത് ആക്ടിലൂടെ മാതൃനിയമത്തിൽ ഭേദഗതി വരുത്തുകയുമുണ്ടായി. നാളിതു

വരെയായി മൂന്ന് ഭേദഗതികൾ മൂലനിയമത്തിൽ വന്നിട്ടുണ്ട്. ഇപ്പോൾ വരുന്നത് നാലാമത്തെ ഭേദഗതിയാണ്. മാതൃനിയമത്തിൽ 30 വകുപ്പുകളാണ് ഉണ്ടായിരുന്നത്. ആയത് ഇപ്പോൾ ആകെ മാറ്റിമറിക്കുകയാണ്. 14 വകുപ്പുകളിൽ പുതിയതായി ഭേദഗതിയും അനേകം ഉപവകുപ്പുകളും അങ്ങ് പുതിയതായി കൂട്ടിച്ചേർക്കാൻ കൊണ്ടുവന്നിരിക്കുകയാണ്. മാതൃനിയമത്തിലെ 2, 5, 8, 9, 10, 12, 13, 14, 16, 19, 20, 23, 25, 27 എന്നീ വകുപ്പുകളിലാണ് ഭേദഗതി വരുത്തിയിരിക്കുന്നത്. ചില വകുപ്പുകൾ പാടെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തെ പാടെ ഇല്ലാതാക്കുന്ന 2018-ലെ ഭേദഗതി കേരളത്തിലെ നെൽവയലുകളെയും തണ്ണീർത്തടങ്ങളേയും ഇല്ലാതാക്കുന്നതാണ്. ഈ സാഹചര്യത്തിൽ മേൽപ്പടി ഭേദഗതികൾ അടിയന്തരമായി പിൻവലിക്കണമെന്ന ആവശ്യമാണ് എനിക്കിവിടെ ഉന്നയിക്കാനുള്ളത്.

സംസ്ഥാനത്തിന്റെ മൊത്തം വിസ്തൃതിയുടെ 5% മാത്രമാണ് നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും വിസ്തൃതി. പക്ഷേ ഈ അഞ്ച് ശതമാനമാണ് നമ്മുടെ നാടിന്റെ ഭക്ഷ്യോത്പാദനം, ജലസംരക്ഷണം, ജൈവവൈവിദ്ധ്യ സംരക്ഷണം എന്നിവയിൽ മുഖ്യപങ്ക് വഹിക്കുന്നത്. എൺപതുകളിൽ എട്ട് ലക്ഷം ഹെക്ടർ നെൽവയൽ ഉണ്ടായിരുന്നത് 2008 ആയപ്പോൾ രണ്ട് ലക്ഷം ഹെക്ടറായി കുറഞ്ഞു. ഈ സാഹചര്യത്തിലാണ് അന്നത്തെ സർക്കാർ നെൽവയൽ സംരക്ഷിക്കുന്നതിനായി നെൽവയൽ തണ്ണീർത്തട നിയമം കൊണ്ടുവന്നത്. എന്നാൽ സംസ്ഥാന പ്ലാനിംഗ് ബോർഡ് പുറത്തിറക്കിയ കഴിഞ്ഞ വർഷത്തെ സാമ്പത്തിക സർവ്വേ റിപ്പോർട്ടിൽ മുൻ വർഷത്തെ അപേക്ഷിച്ച് നെൽവയൽ വിസ്തൃതിയിൽ 13%-ഉം നെല്ലുല്പാദനത്തിൽ 20%-ഉം കുറവുണ്ടായതായ അതീവഗുരുതരമായ വസ്തുതയാണ് വെളിപ്പെടുത്തിയിരിക്കുന്നത്. റേഷൻ വിഹിതം വെട്ടിക്കുറച്ചത് പുനഃസ്ഥാപിക്കണമെന്ന ആവശ്യം ഉന്നയിക്കുന്നതിനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഡൽഹിയിൽ പോയത്, എന്നാൽ അദ്ദേഹത്തിന് പ്രധാനമന്ത്രിയെ കാണാൻ കഴിഞ്ഞില്ല. ഇന്ത്യ ഫെഡറൽ സംവിധാനത്തിൽ വിശ്വസിച്ചുപോകുന്ന രാജ്യമാണ്. ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കാണണമെന്ന് പറയുന്നത് തെറ്റാണെന്ന് ഞങ്ങളൊരിക്കലും പറയില്ല. ഒരിക്കലും പ്രധാനമന്ത്രി ചെയ്യാൻ പാടില്ലാത്തതാണ് മുഖ്യമന്ത്രി എന്ന നിലയിൽ ശ്രീ. പിണറായി വിജയനോട് കാണിച്ചത് എന്നുകൂടി ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. നമുക്ക് ഇവിടെ ഭക്ഷ്യോത്പാദനം കുറവാണ്. ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയാത്തതുകൊണ്ടും നമുക്ക് ആ ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരുവാൻ കഴിയാതെ പോകുന്നു എന്നതുകൊണ്ടുമാണ്, നമുക്ക് അനുവദിക്കപ്പെട്ട റേഷൻ വിഹിതത്തിൽ നിന്നും വെട്ടിക്കുറച്ചത് നിശ്ചയമായും ലഭിക്കണമെന്ന് പറയുന്നത്, അതിനുള്ള അവകാശം കേരളത്തിലെ മുഖ്യമന്ത്രിക്കും ഭക്ഷ്യ വകുപ്പ

മന്ത്രിക്കുമുണ്ട്. കഴിഞ്ഞ കാലഘട്ടത്തിലൊക്കെ അങ്ങനെ ചെയ്തിരുന്നു. ശ്രീ. ഉമ്മൻ ചാണ്ടി കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ പ്രധാനമന്ത്രിയെയും മറ്റു കേന്ദ്രമന്ത്രിമാരെയും കാണുവാൻ പോകുമ്പോൾ ഞങ്ങളെപ്പോലുള്ള മന്ത്രിമാരും അദ്ദേഹത്തോടൊപ്പം പോയിരുന്നു. അന്ന് യു.പി.എ.യുടെ പ്രധാനമന്ത്രിയായിരുന്ന ശ്രീ. മൻമോഹൻ സിംഗ് എത്ര മാന്യമായിട്ടാണ് പെരുമാറിയത്. കേരളത്തിന്റെ ആവശ്യങ്ങൾ അവിടെ ഉന്നയിക്കുമ്പോൾ, നേരത്തേ അറിയിക്കുന്നതിനനുസരിച്ച് ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ സോർട്ട്ഔട്ട് ചെയ്യുന്ന സ്ഥിതിയുണ്ടായിരുന്നു. ഇന്നത്തെ പ്രധാനമന്ത്രിയെ നമുക്ക് കാണാൻ കഴിയുന്നുണ്ടോ? നമുക്ക് ന്യായമായി ലഭ്യമാകേണ്ട റേഷൻ വിഹിതം വെട്ടിക്കുറച്ചത് തിരിച്ചുതരണം, അതിനുള്ള അനുമതി ഉണ്ടാകണമെന്നുള്ള ആവശ്യം പറയാനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോയത്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, പാർലമെന്റ് ആക്രമിക്കപ്പെട്ട സന്ദർഭത്തിൽ പ്രധാനമന്ത്രിയായിരുന്നത് എ. ബി. വാജ്പേയി ആയിരുന്നു. പാർലമെന്റ് ആക്രമിക്കപ്പെട്ട ദിവസം തന്നെയാണ് കേരള മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണിയെ കാണാൻ അദ്ദേഹം അപ്പോയിന്റ്മെന്റ് കൊടുത്തിരുന്നത്. എല്ലാവരുമായുള്ള അപ്പോയിന്റ്മെന്റ് ക്യാൻസൽ ചെയ്തിരുന്നെങ്കിലും കേരളത്തിന്റെ മുഖ്യമന്ത്രിക്ക് കാണാൻ നൽകിയിരുന്ന അവസരം നിഷേധിക്കാതെ മുഖ്യമന്ത്രിയെയും മന്ത്രിമാരെയും കാണാൻ ബി.ജെ.പി.-ക്കാരൻ തന്നെയായിരുന്ന എ. ബി. വാജ്പേയി തയ്യാറായെങ്കിൽ അദ്ദേഹത്തിനുള്ള ജനാധിപത്യ മര്യാദപോലും ഇന്നത്തെ പ്രധാനമന്ത്രിക്ക് ഇല്ലെന്ന വാദം അങ്ങേയ്ക്കുണ്ടോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ബഹുമാനപ്പെട്ട എ. ബി. വാജ്പേയി ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന കാലത്തും ഇന്ത്യയുടെ ഫെഡറൽ സംവിധാനം എന്ന നിലയിൽ മുഖ്യമന്ത്രിമാർ കാണണമെന്ന ആവശ്യം ഉന്നയിച്ചാൽ, അനുവദിക്കുക എന്നത് സാധാരണഗതിയിലുള്ളതാണ്. ശ്രീ. എ. കെ. ആന്റണി കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ പ്രധാനമന്ത്രിയായിരുന്ന വാജ്പേയിയെ കാണാൻ പോയപ്പോൾ അനുവാദം ലഭിച്ചതും സംസാരിച്ചതും അതിന്റെ ഭാഗമായാണ്. കഴിഞ്ഞ കാലങ്ങളിലൊക്കെ ഇത് അനുവർത്തിച്ച് പോന്നിരുന്നു. ജനാധിപത്യ ബോധത്തെക്കുറിച്ച് ബി.ജെ.പി.-യുടെ പ്രതിനിധി എന്ന നിലയിൽ ഇന്ത്യയുടെ പ്രധാനമന്ത്രിയെ നമുക്കാർക്കും പഠിപ്പിക്കാൻ കഴിയുന്നതല്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, നമ്മുടേത് ജനാധിപത്യ രാജ്യമാണ്, ഇവിടെയുള്ളത് ഫെഡറൽ സംവിധാനമാണ്. ജനാധിപത്യ രാജ്യത്തിൽ മഹാരാജാക്കന്മാരില്ല, ജനപ്രതിനിധികളേയുള്ളൂ. പ്രധാനമന്ത്രിയായാലും മുഖ്യമന്ത്രി യായാലും ഇന്ത്യൻ പ്രസിഡന്റായാലും ജനപ്രതിനിധികളാണ്. സംസ്ഥാനത്തിന്റെ

കാര്യം പറയുന്നതിന് ഒരു ജനപ്രതിനിധി ഡൽഹിയിൽ പോയി പ്രധാനമന്ത്രിയെ കാണണമെന്ന് പറഞ്ഞാൽ പ്രധാനമന്ത്രിയുടെ ഓഫീസ് അനുവദിക്കേണ്ടതാണ്. കേരളത്തിന് ഇത് രണ്ട് പ്രാവശ്യം നിഷേധിച്ചത് തെറ്റായിപ്പോയി. എന്നിട്ടും ആ പ്രധാനമന്ത്രിയുടെ പാർട്ടിയുമായി അഡ്ജസ്റ്റ് ചെയ്ത് പോകുന്നത് കേരളത്തിൽ നമ്മൾ കാണുകയാണ്. രണ്ടാമത്തെ പ്രശ്നം, കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയായ ശ്രീ. പീയുഷ് ഗോയൽ ഇതിനിടയ്ക്ക് ഇടങ്കോലിട്ട് വർത്തമാനം പറഞ്ഞു എന്നതാണ്. അങ്ങനെ കേരളത്തിലെ ഗവൺമെന്റിനെ വട്ടുതട്ടുന്നതിന് കൂട്ടുനിൽക്കുന്ന ഒരു ഗവൺമെന്റിന്റെ തലപ്പത്താണ് ഇവർ ഇരിക്കുന്നതെന്ന് അങ്ങേയ്ക്കറിയാമോ? വട്ടുതട്ടിയാലും ഇവർ പിന്നാലെ പോകുകയാണ്. ശ്രീ. പീയുഷ് ഗോയലിന് നമ്മുടെ പൊതുമരാമത്ത് വകുപ്പുമന്ത്രി ഒരു കത്ത് കൊടുത്തു. കത്തിന്റെ സാരാംശം പുറത്ത് വന്നിട്ടില്ല. ശ്രീ. പീയുഷ് ഗോയൽ ഒന്നും പറഞ്ഞിട്ടില്ല, പക്ഷേ നമ്മുടെ പൊതുമരാമത്ത് വകുപ്പുമന്ത്രി എന്തൊക്കെയോ പറഞ്ഞിട്ടുണ്ട്. കേരളത്തിന് തന്നെ അപമാനകരമായ സാഹചര്യത്തെ പ്രോപ്പറായി പ്രതിരോധിക്കാൻപോലും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ലെന്നുള്ളത് അങ്ങേയ്ക്കറിയില്ലേ?

ശ്രീ. അടൂർ പ്രകാശ്: സർ, ഇതിന്റെ ഒരു പ്രധാനപ്പെട്ട തെളിവാണ് ഇന്ന് മാധ്യമങ്ങളിൽ വന്നത്. ശ്രീ. പീയുഷ് ഗോയലുമായി ബഹുമാന്യനായ മുൻമുഖ്യമന്ത്രി വി. എസ്. അച്ചുതാനന്ദൻ കൂടിക്കാഴ്ച നടത്തുന്നതിനെക്കുറിച്ച് നമ്മൾ മാധ്യമങ്ങളിൽ വായിച്ചു. പക്ഷേ മുഖ്യമന്ത്രി എന്ന നിലയിൽ ശ്രീ. പിണറായി വിജയന് പ്രധാനമന്ത്രി അനുമതി നൽകിയില്ല. ഇത്തരത്തിൽ ഫെഡറൽ സംവിധാനത്തെ അട്ടിമറിക്കുന്ന സ്വഭാവത്തിലേയ്ക്ക് പോകുന്നത് ശരിയല്ലെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഞങ്ങൾ ഇവിടെനിന്നും അഭിപ്രായം പറയുമ്പോൾ അപ്പുറത്തുള്ള നിങ്ങളുടെയും അഭിപ്രായം അതുതന്നെയായിരിക്കുമെന്നാണ് ഞാൻ കരുതുന്നത്.

ശ്രീ. സജി ചെറിയാൻ: സർ, കേരളത്തിൽനിന്നുള്ള 8 കേന്ദ്രമന്ത്രിമാർ ഈ രാജ്യത്ത് നിങ്ങളുടെ പാർട്ടിയെ പ്രതിനിധീകരിച്ച് ഭരിക്കുന്ന സന്ദർഭത്തിൽ പാലക്കാട് കോച്ച് ഫാക്ടറി പ്രശ്നവും ഭക്ഷ്യസുരക്ഷാ പ്രശ്നവും റേഷൻ പ്രശ്നവും ചർച്ച ചെയ്ത് സമയബന്ധിതമായി ഒരു നിലപാട് സ്വീകരിച്ചിരുന്നുവെങ്കിൽ കേരളത്തിന് ഈ ഗതികേട് സംഭവിക്കില്ലായിരുന്നുവെന്ന കാര്യത്തിൽ അങ്ങേയ്ക്ക് സംശയമുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ കോച്ച് ഫാക്ടറിയും മറ്റുമല്ല പ്രധാനപ്പെട്ട പ്രശ്നം. ഒരു കോച്ച് ഫാക്ടറി നിറയെ സ്വർണ്ണം തരാമെന്ന് പറഞ്ഞാലും സംസ്ഥാനത്തിന്റെ അന്തസ്സാണ് പ്രധാനം. ആ അന്തസ്സ് കാത്തുസൂക്ഷിക്കാൻ നമുക്ക് സാധിക്കണം. ഇന്ത്യൻ ഭരണഘടനയെടുത്ത് നോക്കൂ. ഭരണഘടനയല്ലേ ഏറ്റവും പ്രധാനപ്പെട്ടത്. കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള ബന്ധമെന്താണെന്ന് ഭരണഘടനയുടെ ഷെഡ്യൂളിൽത്തന്നെ പറഞ്ഞിട്ടുണ്ട്. ആ ബന്ധത്തെ വിച്ഛേദിക്കുമ്പോൾ ഇവിടെ പിന്നെയും മറ്റ് കാര്യങ്ങൾ പറഞ്ഞ് നിസ്സാരവൽക്കരിക്കുന്നത് ഞങ്ങൾ അടിമപ്പണിക്ക് തയ്യാറാണെന്ന് പറയുന്നതിന് തുല്യമല്ലേ?

ശ്രീ. സജി ചെറിയാൻ: സർ, ഈ ഗതികേടിലേയ്ക്ക് കേരളത്തെ നയിച്ചത് കഴിഞ്ഞ അഞ്ചുവർഷത്തെ നിങ്ങളുടെ ഗവൺമെന്റിന്റെ പിടിപ്പുകേടാണ്. ശ്രീ. എ. കെ. ആന്റണിയും ശ്രീ. വയലാർ രവിയുമുൾപ്പെടെയുള്ള എട്ട് മന്ത്രിമാർ ക്യാബിനറ്റ് മന്ത്രിമാരായിരുന്ന സമയത്ത് കേരളത്തോട് നിങ്ങൾ ഏറ്റവും കൂടുതൽ അവഗണന കാണിച്ചതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും കേന്ദ്രത്തിൽ കാവൽ നിൽക്കേണ്ടിവരുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതൊരു പഴയ സ്വഭാവമാണ്. എന്ത് പറഞ്ഞാലും പഴംപുരാണംപറഞ്ഞ് തടിതപ്പിപ്പോകുന്നത് പഴയ ഏർപ്പാടാണ്. ഇവിടെ എന്തുകാര്യം പറഞ്ഞാലും ഉടനെ 1924, അല്ലെങ്കിൽ 1928 എന്നുള്ള പഴംപുരാണം പറയാതെ, നിങ്ങളെ തെരഞ്ഞെടുത്തത് കേരളത്തിലെ മൂന്നരക്കോടി ജനങ്ങളുടെ അന്തസ്സ് നിലനിർത്താൻ വേണ്ടിയാണ്. ആ അന്തസ്സ് പണയപ്പെടുത്തിയെന്നുള്ളതാണ് ഇവിടത്തെ പ്രധാന പ്രശ്നം. എന്നിട്ടും അതിനോട് പ്രതികരിക്കുന്നില്ലെന്നുള്ളതാണ് അതിനേക്കാൾ വലിയ പ്രശ്നം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ പ്രസംഗം തുടങ്ങിയിട്ട് 22 മിനിട്ടായ വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ധാരാളം ഭേദഗതികളുണ്ട്. ദയവായി സഹകരിക്കണം.

ശ്രീ. അടൂർ പ്രകാശ്: സർ, ഇത്ര സമയമല്ലേ ആയുള്ളൂ. ഇനിയും ആവശ്യം പോലെ സമയമുണ്ട്. നിങ്ങളുടെ പ്രധാനപ്പെട്ട എട്ട് മന്ത്രിമാരില്ലായിരുന്നോ എന്ന് ബഹുമാന്യനായ സജി ചെറിയാൻ ചോദിച്ചു. ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട എട്ട് മന്ത്രിമാർ ഉണ്ടായിരുന്നുവെന്നുള്ളത് സത്യാവസ്ഥയാണ്. അതുകൊണ്ട് കേരളത്തിന് എന്ത് നേട്ടമുണ്ടായെന്ന് ശ്രീ. സജി ചെറിയാൻ അങ്ങയുടെ നേതാവായ, ഇപ്പോൾ രാജ്യസഭാംഗമായി പോയിരിക്കുന്ന ശ്രീ. എളമരം കരീമിനോട് ചോദിച്ചാൽ ശ്രീ. എ. കെ. ആന്റണി മന്ത്രിയായിരുന്ന സമയത്ത് കേരളത്തിന് എന്തൊക്കെ കിട്ടിയിട്ടുണ്ടെന്ന് കൃത്യമായി പറഞ്ഞുതരും.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കുന്ന ശ്രീ. അടൂർ പ്രകാശും സൂചിപ്പിക്കുന്നത് വളരെ പ്രധാനപ്പെട്ട നമ്മുടെ സംസ്ഥാനത്തിന്റെ ഫെഡറലിസത്തിന്റെ അവകാശങ്ങളുടെ പ്രശ്നമാണ്. ഡൽഹി മുഖ്യമന്ത്രി ശ്രീ. അരവിന്ദ് കെജ്രിവാൾ, ഡൽഹി സംസ്ഥാന ഗവൺമെന്റിന്റെ അധികാരങ്ങളിൽ കടന്നുകയറുന്ന കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിനെതിരായി ഒരു സമരം നടത്തുകയുണ്ടായി. ആ സമരത്തെ ഇന്ത്യയിലെ കോൺഗ്രസ്സിതര പ്രതിപക്ഷ പാർട്ടികളെല്ലാം പിന്തുണച്ചു. ഇന്ത്യയിലെ കോൺഗ്രസ്സിതര

മുഖ്യമന്ത്രിമാർ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചു. പക്ഷേ കോൺഗ്രസ് അക്കാര്യത്തിൽ ഒരു നിലപാടും സ്വീകരിച്ചില്ല. ചില വിഷയങ്ങൾ വരുമ്പോൾ എന്തുകൊണ്ടാണ് ഇത്തരമൊരു നിലപാട് സ്വീകരിക്കുന്നത്?

ശ്രീ. അടൂർ പ്രകാശ്: സർ, ശ്രീ. അരവിന്ദ് കെജ്‌രിവാളുമായി ബന്ധപ്പെട്ട വിഷയം മാത്രം ഇവിടെ ചർച്ച ചെയ്തിട്ട് വല്ല കാര്യവുമുണ്ടോ; അങ്ങയുടെ നേതാവ് സമരത്തിന് പിന്തുണ പ്രഖ്യാപിക്കാൻ അവിടെ പോയിരുന്നു. ഇനി ഉണ്ടാകാൻ പോകുന്നതെന്താണെന്നുള്ളത് വരുംകാലങ്ങളിൽ നമുക്ക് നോക്കിക്കാണാം എന്നേ എനിക്ക് പറയാനുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെയുള്ള പ്രധാനപ്പെട്ട പ്രശ്നം, മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ രാജ്ഭവനിൽ ഗവർണറെ കാണാൻ ചെല്ലുന്നു. പക്ഷെ കാണാൻ കഴിഞ്ഞില്ല. അതിന് രാജ്ഭവന്റെ സിറ്റൗട്ടിൽ കയറി കിടക്കുന്നതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ; യോജിക്കുന്നുണ്ടെങ്കിൽ പറയൂ. സമരത്തിനും ബഹുജന പ്രക്ഷോഭത്തിനും ചില ഏർപ്പാടുകളൊക്കെയുണ്ട്. രാജ്ഭവന്റെ മുൻപിൽ എത്രയോ സമരങ്ങൾ നടത്തിയവരാണ് അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകൾ. നമ്മൾ രാജ്ഭവന്റെ അകത്തേയ്ക്ക് കയറാറില്ല. നിങ്ങൾ സെക്രട്ടേറിയറ്റ് മുഴുവൻ ചുറ്റിവളഞ്ഞ് സമരം നടത്തിയ ആളുകളാണ്. പക്ഷേ നിങ്ങൾ സെക്രട്ടേറിയറ്റിനകത്ത് കയറി ബഹളമുണ്ടാക്കാൻ ശ്രമിച്ചില്ല. അത് പല കാരണങ്ങൾ കൊണ്ടാണ്. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ജനാധിപത്യത്തെ മോക്കറിയാക്കിമാറ്റുന്ന ഒരു സമരത്തോടും ബഹുജനങ്ങൾക്ക് യോജിക്കാൻ സാധിക്കില്ല. അങ്ങ് അങ്ങയുടെ അഭിപ്രായത്തിൽനിന്ന് പിറകോട്ട് പോകണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഡൽഹി സർക്കാരിനെ അസ്ഥിരപ്പെടുത്താനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. അതിനെതിരെയാണ് സമരം നടത്തുന്നത്. അതാണ് വിഷയം.

ശ്രീ. അടൂർ പ്രകാശ്: സർ, ഏതായാലും ഈ സമരത്തെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ പറയുകയാണെങ്കിൽ അപ്പുറവും ഇപ്പുറവും ഇരിക്കുന്ന ആളുകൾ നിരവധി സമരങ്ങൾക്ക് നേതൃത്വം കൊടുത്തിട്ടുള്ളവരാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഫെഡറൽ സംവിധാനത്തെക്കുറിച്ച് ശ്രീ. റ്റി. വി. രാജേഷ് പറഞ്ഞു. ഞാൻ മറ്റൊരു കാര്യം ചോദിക്കാം. ഫെഡറൽ സംവിധാനത്തെക്കുറിച്ചും സ്റ്റേറ്റുകളുടെ കാര്യത്തെക്കുറിച്ചും ആലോചിക്കണമെന്നാണല്ലോ അങ്ങ് പറയുന്നത്. ആസിയാൻ കരാർ ഒപ്പിടുമ്പോൾ അന്ന് യു.പി.എ. ഗവൺമെന്റ് സ്റ്റേറ്റ് ഗവൺമെന്റുകളുമായി ഒരു കാര്യവും ആലോചിച്ചിരുന്നില്ല. ആർ.സി.പി. കരാർ നടപടിക്ക് തുടക്കംകുറിക്കുമ്പോഴും സ്റ്റേറ്റ് ഗവൺമെന്റുമായോ പാർലമെന്റിലോ അസംബ്ലിയിലോ ഒന്നുംതന്നെ ഇതിനെക്കുറിച്ച് ചർച്ച ചെയ്തില്ല. അന്ന് അത് യു.പി.എ. ഗവൺമെന്റ് ചെയ്യേണ്ടതായിരുന്നില്ലേ; അതിനോട് അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട അംഗം ആസിയാൻ കരാറുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ചോദിച്ചത്. ഇന്ന് രാജ്യത്തുണ്ടായിക്കൊണ്ടിരിക്കുന്ന പുരോഗതി, മാറ്റങ്ങൾ ഇതൊക്കെ ഉൾക്കൊള്ളാൻ തയ്യാറാകണ്ടേ; അതൊന്നും ഉൾക്കൊള്ളാതെ ഏത് കാര്യം പറഞ്ഞാലും ഒന്നുകിൽ ആസിയൻ കരാർ അല്ലെങ്കിൽ മറ്റേതെങ്കിലും കാര്യം പറയും. അങ്ങനെ പോയിട്ട് കാര്യമുണ്ടോ; നമ്മുടെ രാജ്യത്ത് എന്തൊക്കെ നേട്ടങ്ങൾ നമുക്ക് കൈവരിക്കാൻ കഴിഞ്ഞുവെന്നത് നമ്മൾ കാണണ്ടേ; പ്രായമായ ഒരാൾ എന്നുള്ള നിലയിൽ ഞാൻ ഏറ്റവും കൂടുതൽ ബഹുമാനിക്കുന്ന ഒരു വ്യക്തികൂടിയാണ് അദ്ദേഹം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. അടൂർ പ്രകാശും സംസാരിച്ചു കൊണ്ടിരുന്ന ഒരു കാര്യത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. അവർ സംസാരിച്ചിട്ട് ഒരു മിനിട്ടായില്ല. വളരെ മർമ്മപ്രധാനമായ ഒരു പ്രശ്നത്തിൽ കെജ്രിവാൾ വിരോധം, അദ്ദേഹവുമായി പല കാര്യങ്ങളിലും നമുക്ക് എതിർപ്പുണ്ട്. അങ്ങനെയാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അതിനെക്കുറിച്ച് പറഞ്ഞത്. അതിനോട് ശ്രീ. അടൂർ പ്രകാശും യോജിച്ചു. ആലോചിക്കാതെ ആയിരിക്കും യോജിച്ചത്. എന്തായാലും പാർട്ടി അഭിപ്രായം അതാണെന്ന് എനിക്ക് തോന്നിയില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെ വളരെ സീനിയറായ, ഇതുപോലെയുള്ള മർമ്മങ്ങൾ അറിയാവുന്ന ഒരാൾ, ലെഫ്റ്റനന്റ് ഗവർണ്ണർ കേന്ദ്രത്തിന്റെ പ്രതിനിധിയാണ്, ശ്രീ. നരേന്ദ്ര മോദിയുടെ പ്രതിനിധിയാണ്. അയാൾക്കെതിരായിട്ടാണ് സമരം ചെയ്തത്. അതാണ് ശ്രീ. റ്റി. വി. രാജേഷ് ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചത്. കേന്ദ്രത്തിന്റെ പ്രതിനിധിയായ ലെഫ്റ്റനന്റ് ഗവർണർ സംസ്ഥാനത്തിന്റെ അധികാരങ്ങളിൽ കൈകടത്തുകയാണ്. ആ കൈകടത്തലിനെതിരെ അദ്ദേഹം നടത്തിയ സമരം, അത് എവിടെയെങ്കിലും ആയിക്കോട്ടെ. ആ പ്രശ്നം നമ്മൾ എടുക്കുന്നതിനുപകരം, ഇതുതന്നെയാണ് ശ്രീ. നരേന്ദ്ര മോദിയും ശ്രീ. പീയുഷ് ഗോയലും കാണിച്ചിരിക്കുന്നത്. ഇവരെല്ലാവരും ഒരുപോലെതന്നെയാണ് പ്രവർത്തിക്കുന്നത്. അപ്പോൾ സ്റ്റേറ്റിന്റെ അധികാരങ്ങൾ ചവിട്ടിമെതിക്കുന്നതിനെതിരെ ആരെങ്കിലുമൊരു ചെറുവിരൽ അനക്കിയാലും അതിനോട് യോജിക്കുന്നതല്ലേ ഭാവി താൽപ്പര്യത്തിന് നല്ലത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇതിൽ ഇടപെട്ടത് നന്നായി. ഞാൻ ഇവിടെ നോക്കിയപ്പോൾ അങ്ങയെ കണ്ടില്ല. ഇക്കാര്യം അങ്ങയുടെ മുഖത്തുനോക്കി ചോദിക്കണമെന്ന് ഞാൻ കരുതിയതുമാണ്. ഇവിടെയുള്ള പ്രധാന പ്രശ്നം ഒരു ഇഷ്യൂ ഉണ്ടാകുമ്പോൾ അതിന്റെ സൊല്യൂഷനുവേണ്ടി എന്ത് സമരവും നടത്തിക്കോട്ടെ. യോജിച്ച സമരത്തിലേയ്ക്ക് പോകണമെങ്കിൽ ആ രീതിയിൽ പോകാം. പക്ഷേ മോഡ് ഓഫ് അജിറ്റേഷനാണ് പ്രധാനപ്പെട്ട പ്രശ്നം. ആ മോഡ്

ഓഫ് അജിറ്റേഷൻ, ഒരു മുഖ്യമന്ത്രി രാജ്ഭവനിൽ കയറി, അദ്ദേഹം ഒരു സെറ്റിയിൽ കിടക്കുന്നത് നമ്മളെല്ലാവരും കണ്ടതല്ലേ; അദ്ദേഹം ഷൂസ് അഴിച്ച് വച്ചതിനുശേഷം കാലെടുത്ത് മുകളിലേയ്ക്ക് വച്ച് ഒരു സെറ്റിയിൽ കിടക്കുന്നത് ജനാധിപത്യത്തിന് അപമാനമാണെന്നുള്ള വിശ്വാസക്കാരനാണ് ഞാൻ. അതേസമയം അവർ ഉന്നയിച്ച ആവശ്യമുണ്ട്. ഇന്ത്യാ ഗവൺമെന്റിനെ ഒപ്പോസ് ചെയ്തോട്ടെ. മറ്റാരെയെങ്കിലും ഒപ്പോസ് ചെയ്തോട്ടെ. അതിനൊക്കെ ഇന്ത്യയിലെ പ്രതിപക്ഷ രാഷ്ട്രീയ കക്ഷികളെ യോജിപ്പിച്ച് നിർത്തട്ടെ. അതിനാവശ്യമായ പബ്ലിക് ഒപ്പിനിയൻ ക്രിയേറ്റ് ചെയ്യട്ടെ. ആ പബ്ലിക് ഒപ്പിനിയന് വിരുദ്ധമായിട്ടാണ്, അതിന്റെ സാധ്യത ഇല്ലാതാക്കിക്കൊണ്ടാണ് ഒരു മുഖ്യമന്ത്രി രാജ്ഭവനിൽ പോയി ലെഫ്റ്റനന്റ് ഗവർണറുടെ ഓഫീസിന്റെ സിറ്റൗട്ടിലെ സെറ്റിയിൽ തലകീഴായി കിടന്നതെന്നുള്ള, ജനാധിപത്യത്തെ അപമാനിക്കുന്ന സമരമാർഗ്ഗത്തെയാണ് ഞാൻ എതിർത്തത്. അങ്ങും അതിനോട് യോജിക്കുമെന്ന വിശ്വാസമാണുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അദ്ദേഹം കാലിന്മേൽ കാൽ വച്ചിരുന്നതിനോട് ഞാൻ യോജിക്കുന്നില്ല. അതൊരു വ്യക്തിപരമായ വിമർശനമാണ്. എന്നാൽ ഭരണഘടനാപരമായും മൗലികമായും സംസ്ഥാനത്തെ അപമാനിക്കാൻ ലെഫ്റ്റനന്റ് ഗവർണറെ ഉപയോഗിക്കാൻ അദ്ദേഹം തെരഞ്ഞെടുത്ത ആളാണോ; അവിടെ എൻ.സി.സി. ഓഫീസറായി ഇരിക്കേണ്ട ആളാണ് അദ്ദേഹം. ഞാനും അത്രയേ ഉദ്ദേശിച്ചുള്ളു. ശ്രീ. അരവിന്ദ് കെജ്രിവാളിനെപ്പറ്റി പണ്ടും വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്. അതല്ല ഇവിടത്തെ പ്രശ്നം. കേന്ദ്ര ഗവൺമെന്റിനെതിരെ, ഈ രാജ്യത്ത് ഒരല്പം കോമിക്കായി ഒരാൾ സമരം ചെയ്താൽ ആ കോമിക്കിനെ പിടിക്കുന്നതിനുപകരം ആശയത്തെ പിടിക്കുന്നതാണോ നല്ലതെന്നാണ് ഞാൻ ചോദിച്ചത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് മുമ്പ് ഈ സഭയിൽ ശ്രീ. അരവിന്ദ് കെജ്രിവാളിനെ 'കൊഞ്ചിരവാൾ' എന്ന് വിളിച്ചിട്ടുള്ളത് ഞാൻ കേട്ടിട്ടുണ്ട്. അത് അങ്ങയുടെ മനസ്സിലുള്ള വികാരം കൊണ്ടും ആക്ഷേപിച്ചും വിളിച്ചതാണ്. കൂടെക്കിടക്കുന്നവർക്ക് രാപ്പനി അറിയുന്നതുപോലെ അങ്ങയുടെകൂടെ പഠിച്ച എനിക്ക് അതറിയാം. അങ്ങയുടെ മനസ് എങ്ങനെയാണ് സഞ്ചരിക്കുന്നതെന്ന് എനിക്കറിയാം. അത് കളിയാക്കാൻ തന്നെ വിളിച്ചതാണ്. ഇവിടത്തെ പ്രശ്നം, ഒരു മുഖ്യമന്ത്രി അവിടെച്ചെന്ന് ചാരക്കുട്ടിൽ പട്ടി കിടക്കുന്നതുപോലെ, കാല് മുകളിൽ വച്ച് കിടന്ന് ജനാധിപത്യത്തെ അപമാനിക്കരുത്, നമ്മുടെ കസേരയ്ക്ക് അപമാനമാണത്. അത് തന്നെയാണ് ഞാൻ ഇപ്പോഴും പറയുന്നത്, മോഡ് ഓഫ് അജിറ്റേഷ നെയാണ് ഞങ്ങൾ എതിർക്കുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഒരു വ്യക്തതയ്ക്ക് വേണ്ടി ചോദിക്കുകയാണ്. ഞാൻ പാലക്കാടുനിന്നും വരുന്ന ആളായതുകൊണ്ട് ഒരു സംശയം തീർക്കാൻ വേണ്ടിയാണ്. 2012-ൽ കേന്ദ്രം ഭരിച്ചിരുന്നത് യു.പി.എ. ഗവൺമെന്റാണ്. പാലക്കാട് കോട്ടമൈതാനിയിൽ കോച്ച് ഫാക്ടറി തുടങ്ങാൻ വേണ്ടി തറക്കല്ലിട്ടു. അത് ഏത് കോച്ച് ഫാക്ടറിക്ക് വേണ്ടിയായിരുന്നുവെന്ന് ശ്രീ. അടൂർ പ്രകാശിന് പറഞ്ഞുതരാൻ പറ്റുമോ? അന്ന് പിറവം ബൈഇലക്ഷൻ നടക്കുന്ന ഘട്ടം കൂടിയായിരുന്നു. അതുകൂടി ഞാൻ ഓർമ്മപ്പെടുത്താം.

ശ്രീ. ഇ. പി. ജയരാജൻ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ഈ മനോഭാവം മാറാത്തിടത്തോളംകാലം കോൺഗ്രസ് നന്നാകില്ല. എന്തുകൊണ്ടെന്നാൽ, ഡൽഹി മുഖ്യമന്ത്രി ശ്രീ. അരവിന്ദ് കെജ്രിവാൾ ഒരു ജനാധിപത്യ സംവിധാനത്തിന്റെ ഭാഗമായി തന്നെയാണ് സമരം നടത്തുന്നത്. നിങ്ങൾ അതിനെ പരിഹസിക്കുകയാണ്. നിങ്ങളുടെ പരിഹാസം ബി.ജെ.പി.-ക്ക് വേണ്ടിയിട്ടുള്ളതാക്കി. കോൺഗ്രസ്സിന്റെ മനോഭാവം തിരുത്തിക്കാൻ പ്രിയപ്പെട്ട ശ്രീ. അടൂർ പ്രകാശ് ശ്രമിക്കുമോ? ഇന്ത്യ ഭരിക്കുന്നത് ഫാസിസ്റ്റ് ശക്തികൾ, ആർ.എസ്.എസ്., ബി.ജെ.പി. എന്നിവരാണ്. ഫാസിസ്റ്റ് ശക്തികൾ രാജ്യത്തിന്റെ ഭരണം കയ്യടക്കിയിരിക്കുകയാണ്. ഇതിന്റെ ആപത്ത് മനസ്സിലാക്കണം. ഇലക്ട്രിക് പോസ്റ്റിൽ വെള്ളം ഒഴിച്ചിട്ട് കാര്യമുണ്ടോ; അത് കിളിർത്ത് വരുമോ? അതാണ് ഇന്നത്തെ അനുഭവം. അതുകൊണ്ട് ഇതിന്റെ ഗൗരവാവസ്ഥ മനസ്സിലാക്കാനുള്ള വിശാല മനസ്കത നിങ്ങൾക്കുണ്ടാകണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ അതിലെ പൊളിറ്റിക്സിനോട് യോജിക്കുന്നു. അവർ തീവ്രവാദികളാണ്, ഫാസിസ്റ്റുകളാണ്, ജനവിരുദ്ധരാണ് എല്ലാമാണ്. അവരെ താഴെയിറക്കാൻ നമുക്ക് ഒരുമിച്ച് നിൽക്കാൻ പറ്റില്ലെന്നല്ലേ നിങ്ങൾ പ്രമേയം പാസ്സാക്കിയത്. ബി.ജെ.പി. ഇതര കക്ഷികൾ ഒരുമിച്ചുനിന്ന് പോരാടണമെന്ന് പറഞ്ഞപ്പോൾ അതിനെ പുറകിൽനിന്ന് കുത്തിയത് അങ്ങയുടെ പാർട്ടിയാണെന്നുള്ള യാഥാർത്ഥ്യം അങ്ങ് മറക്കുകയാണോ; അവിടെയാണ് പ്രധാനപ്പെട്ട പ്രശ്നം.

ശ്രീ. കെ. സി. ജോസഫ്: ശ്രീ. എം. വിൻസെന്റ് ഉന്നയിച്ച പ്രധാനപ്പെട്ട കാര്യം, കേരള മുഖ്യമന്ത്രി അനുവാദം ചോദിച്ചപ്പോൾ പ്രധാനമന്ത്രി കാണാൻ സമ്മതിച്ചില്ല എന്നുള്ളതാണ്. ഒരു തവണയല്ല, മൂന്ന് തവണയാണ് അനുവാദം ചോദിച്ചത്. അക്കാര്യം ഉന്നയിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി മറ്റ് കാര്യങ്ങൾ പറഞ്ഞ് ഒഴിഞ്ഞുമാറുകയാണ്. എന്തിനുവേണ്ടിയെന്നുള്ളതല്ല പ്രശ്നം. സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി, നിങ്ങളുടെ പി.ബി. മെമ്പറും നമ്മുടെ മുഖ്യമന്ത്രിയുമാണ്. അദ്ദേഹം

അനുവാദം ചോദിച്ചിട്ടും പ്രധാനമന്ത്രി കാണാൻ തയ്യാറാകാത്തതിനെ അപലപി ക്കുമ്പോൾ നിങ്ങൾ ഞങ്ങളെ ദുർബലപ്പെടുത്താനല്ല ശ്രമിക്കേണ്ടത്; നമ്മുടെ കൂട്ടത്തിൽ നിൽക്കുകയാണ് വേണ്ടത്. നിങ്ങളുടെ നിലപാടാണ് ബി.ജെ.പി.യെ സഹായിക്കുന്നത്.

ശ്രീ. അടൂർ പ്രകാശ്: ശ്രീ. എ. കെ. ബാലൻ ചോദിച്ച പ്രധാനപ്പെട്ട ചോദ്യമുണ്ട്. ആ ചോദ്യത്തിനുള്ള മറുപടി അങ്ങയുടെ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനോട് അങ്ങ് രഹസ്യമായി ചോദിച്ചാൽ, എന്താണ് രഹസ്യ സംഭാഷ ണത്തിൽ പറഞ്ഞിട്ടുള്ളതെന്ന് അങ്ങേയ്ക്ക് അറിയാൻ കഴിയും. കോട്ടമൈതാനിയിൽ കല്ലിട്ടുവെങ്കിൽ അത് നടപ്പാക്കുമോ, പൂർത്തീകരിക്കുമോ എന്നുള്ള കാര്യമാണോ പറഞ്ഞതെന്ന് ചോദിച്ച് മനസ്സിലാക്കണമെന്നുള്ളതാണ് എനിക്ക് അങ്ങയോട് സൂചിപ്പിക്കാനുള്ളത്. ഞാൻ ബില്ലിലേയ്ക്ക് വരികയാണ്. നെൽവയലിന്റെ വിസ്തൃതി കുറഞ്ഞുവരുന്ന സാഹചര്യമാണുള്ളത്. നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ പ്രാധാന്യവും വർദ്ധിച്ചുവരികയാണ്.

ശ്രീ. കെ. രാജൻ: യു.ഡി.എഫ്. ഭരണകാലത്ത് 190000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടത്തിയെന്നാണ് പറയുന്നത്. കഴിഞ്ഞ 2 വർഷംകൊണ്ട് കേരളത്തിൽ നെൽവയൽ കൃഷി നടത്തുന്നത് 220000 ഹെക്ടർ സ്ഥലത്താണ്. അങ്ങനെ വരുമ്പോൾ നിങ്ങളുടെ കാലത്ത് തരിശിട്ടിരുന്ന 30000 ഹെക്ടർ ഭൂമിയിൽ കൃഷി നടത്തിയെന്ന ന്യായം അങ്ങേയ്ക്ക് മനസ്സിലായിട്ടുണ്ടോ; അതോ മനസ്സിലാകാതെ വെറുതെ പ്രതികരിക്കുന്നതാണോ?

ശ്രീ. അടൂർ പ്രകാശ്: സർ, ശ്രീ. കെ. രാജൻ ഒരു ചോദ്യം ചോദിക്കുമ്പോൾ ഞാൻ എന്തെങ്കിലും പറഞ്ഞില്ലെങ്കിൽ അത് മോശമായിപ്പോകും. 2014-15-ൽ 198159, 2015-16-ൽ 196870, 2016-17-ൽ 171398 ഹെക്ടർ സ്ഥലത്താണ് കൃഷി ചെയ്തിരുന്നത്. ഇത് 2016-17 സാമ്പത്തിക അവലോകനത്തിൽ വന്ന കണക്കാണ്; ഞാൻ കൊണ്ടുവന്നതല്ല. ശ്രീ. കെ. രാജന് മനസ്സിലാകുമെന്ന് തന്നെയാണ് ഞാൻ വിശ്വസിക്കുന്നത്. ശ്രീ. വി. എസ്. സുനിൽ കുമാർ തെറ്റായ പ്രസ്താവന നടത്തിയതുകൊണ്ട് അത് ശരിയാക്കുന്നതിനുവേണ്ടി അങ്ങ് ആവർത്തിച്ച് ചോദിക്കേണ്ട കാര്യമില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ ബില്ലിലേയ്ക്ക് കടക്കുകയാണ്. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തെ തന്നെ ഇല്ലാതാക്കുന്ന ഭേദഗതികളാണ് സർക്കാർ ഈ നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുന്നത്. 30 വകുപ്പുകളുള്ള മൂലനിയമത്തിൽ 14 വകുപ്പുകളും ഭേദഗതി ചെയ്തുകൊണ്ടാണ് ഈ പുതിയ നിയമം അവതരിപ്പിച്ചിരിക്കുന്നത്. ഇത് കേരള സംസ്ഥാനത്തെ മൊത്തമായി കുത്തക മുതലാളിമാർക്ക് തീറെഴുതുന്നതിന് പച്ചക്കൊടി കാണിക്കുന്ന ഒരു നിയമമായി മാറിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, നെൽവയലിന്റെ വിസ്തൃതി സംബന്ധിച്ച് അദ്ദേഹം കണക്ക് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു. 2016-17-ലെ കണക്കാണത്. 2018-ലെ കണക്കാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും ശ്രീ. കെ. രാജനും ഇവിടെ അവതരിപ്പിച്ചത്; കൃഷി വകുപ്പിന്റെ ലിസ്റ്റ് ബഹുമാനപ്പെട്ട മന്ത്രിയുടെ കയ്യിലുണ്ട്. തെറ്റിദ്ധരിപ്പിക്കുന്ന നിലയിലാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. അടൂർ പ്രകാശ്: ഞാൻ ആരെയും തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി പറഞ്ഞതല്ല. അങ്ങനെയാണെങ്കിൽ സാമ്പത്തിക അവലോകന റിപ്പോർട്ട് തെറ്റാണെന്ന് പറയാനുള്ള ചങ്കൂറ്റം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും ശ്രീ. ചിറ്റയം ഗോപകുമാറും കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കൃഷി വകുപ്പുമന്ത്രി പറഞ്ഞുവെന്നതുകൊണ്ട് അത് ശരിയാകണമെന്നില്ല. സാമ്പത്തിക അവലോകനത്തിൽ വന്നിട്ടുള്ളത് അടുത്ത സാമ്പത്തിക അവലോകനത്തിൽ വരുമ്പോൾ നമുക്ക് അതിനെക്കുറിച്ച് വാദിക്കാം. അതാണ് ചെയ്യാൻ പറ്റുന്നത്. അല്ലാതെ കൃഷി വകുപ്പുമന്ത്രി പറഞ്ഞതുകൊണ്ട് അതെല്ലാം ശരിയാണെന്ന് പറയാൻ ഞങ്ങളെ കിട്ടില്ലെന്ന് ഞാൻ ശ്രീ. കെ. രാജനോടും എന്റെ സുഹൃത്ത് ശ്രീ. ചിറ്റയം ഗോപകുമാറിനോടും പറയാൻ ആഗ്രഹിക്കുകയാണ്. ബില്ലിലെ രണ്ടാം വകുപ്പിൽ നെൽവയൽ, തണ്ണീർത്തടം, കരഭൂമി എന്നിവയ്ക്കുപുറമെ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി എന്നൊരു ഭൂപദവി സൃഷ്ടിച്ചിരിക്കുകയാണ്. ഒരു പുതിയ പദവിയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അതെന്താണെന്ന് വ്യക്തമാക്കണം. നമ്മൾ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ചകളൊക്കെ നടത്തിയതാണ്. പക്ഷെ ആ ചർച്ചകളെക്കുറിച്ച് നമുക്ക് രണ്ടുപേർക്കും അങ്ങോട്ടുമിങ്ങോട്ടുമറിയാം. നെൽവയൽ തണ്ണീർത്തടമായി വിജ്ഞാപനം ചെയ്യപ്പെടാത്തതും കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്ററിന്റെയോ പ്രാദേശികതല നിരീക്ഷണ സമിതിയുടെയോ റിപ്പോർട്ടുപ്രകാരം നെൽവയൽ അല്ലാത്ത ഭൂമിയാണ് ഈ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയെന്ന് ഇവിടെ നിർവ്വചനം വന്നിരിക്കുന്നത്. 2016-ലെ എൽ.ഡി.എഫ്.-ന്റെ തെരഞ്ഞെടുപ്പ് പ്രകടനപത്രിക നിങ്ങളുടെ കൈവശമില്ലെങ്കിൽ ഞാനത് തരാം. ശ്രീ. കെ. രാജൻ അത് മനസ്സിലാക്കാൻവേണ്ടിയാണ് പറയുന്നത്. അതിൽ പറഞ്ഞിരിക്കുന്നത്, ആറുമാസംകൊണ്ട് ഡാറ്റാ ബാങ്ക് പൂർത്തിയാക്കുമെന്നും നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുമെന്നുമുള്ള വാഗ്ദാനങ്ങളാണ് നൽകിയിട്ടുള്ളത്. രണ്ടുവർഷം കഴിഞ്ഞിട്ടും അത് നടപ്പാക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ? പകരം അതിനെ ദുർബ്ബലമാക്കിത്തീർക്കുന്നതിനുവേണ്ടിയുള്ള ഭേദഗതിയാണ് നമ്മുടെയൊക്കെ ശിരസ്സിൽവച്ച് തന്നിരിക്കുന്നത്. എന്നാൽ ഇത്തരമൊരു ഡാറ്റാ ബാങ്ക് സംസ്ഥാനത്തെ ഭൂരിഭാഗം പഞ്ചായത്തുകളും തയ്യാറാക്കി വിജ്ഞാപനം ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ നെൽവയലുകൾ യഥേഷ്ടം നികത്തുന്നതിനുള്ള ഒരു കുറുക്കുവഴിയാണ് ഈ ഭേദഗതിയിലൂടെ കൊണ്ടുവന്നിരിക്കുന്നത്.

941 പഞ്ചായത്തുകളിൽ 600-ലധികം പഞ്ചായത്തുകൾ ഡാറ്റാ ബാങ്ക് പൂർത്തീകരിച്ചിട്ടില്ല, അതാണ് ഇന്നത്തെ കണക്ക് പറയുന്നത്. ഇതാരെ കബളിപ്പിക്കുന്നതിനുവേണ്ടിയാണ്? ഡാറ്റാ ബാങ്കിന്റെ പേരും പറഞ്ഞുകൊണ്ട് ഇന്ന് രണ്ടുവർഷം പൂർത്തീകരിച്ചു കഴിഞ്ഞപ്പോൾ, അങ്ങ് നടത്തിയിട്ടുള്ള പ്രസ്താവന ഞാനും വായിച്ചിട്ടുണ്ട്. മാധ്യമങ്ങളിൽ വന്നിട്ടുള്ള വാർത്തകൾ, ഞങ്ങൾ ഡാറ്റാ ബാങ്ക് ഉടൻ പ്രസിദ്ധീകരിക്കുമെന്ന് അങ്ങ് പറഞ്ഞു. ആ ഡാറ്റാ ബാങ്ക് പ്രഖ്യാപിച്ചുകഴിഞ്ഞാൽ കേരളത്തിലെ എല്ലാ കാര്യങ്ങളും നന്നായി പോകുന്നതിനുവേണ്ടിയുള്ള ഏർപ്പാടുകൾ ഞങ്ങളുണ്ടാക്കുമെന്ന് പലവട്ടം അങ്ങ് ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. ഈ കാര്യങ്ങളൊന്നും അങ്ങ് മറന്നുപോകില്ലെന്ന് ഞാൻ കരുതുകയാണ്. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ നെൽവയൽ എന്നാൽ നെൽകൃഷി ചെയ്തിട്ടുള്ളതോ അതോ നെൽകൃഷിക്ക് അനുയോജ്യമായ സ്ഥലമോ എന്നുമാത്രമാണ് നിർവ്വചിച്ചിരിക്കുന്നത്. അതിൽ ഡാറ്റാ ബാങ്കിലോ ബേസിക് ടാക്സ് രജിസ്റ്ററിലോ ഉൾപ്പെടുത്തിയ സ്ഥലം എന്ന് പരാമർശിച്ചിട്ടില്ല. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ നെൽവയൽ തണ്ണീർത്തടങ്ങൾ നികത്തുന്നത് തടയാനായി കൃഷി ഓഫീസർ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, നെൽക്കർഷകരുടെ പ്രതിനിധികൾ എന്നിവരുൾപ്പെടുന്ന പ്രാദേശികതല നിരീക്ഷണ സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിന് ഈ സമിതിക്ക് ശിപാർശ ചെയ്യുവാനുള്ള അധികാരം 2008-ലെ നിയമത്തിൽത്തന്നെ കൊടുത്തിരുന്നു. എന്നാൽ ഈ പുതിയ ഭേദഗതിയിൽ പൊതു ആവശ്യങ്ങൾക്കുവേണ്ടി നെൽവയൽ പരിവർത്തനപ്പെടുത്തുന്ന കാര്യത്തിൽ പ്രാദേശിക നിരീക്ഷണ സമിതിക്കുണ്ടായിരുന്ന ശിപാർശ ചെയ്യുവാനുള്ള അധികാരം വെറും ജില്ലാതല സമിതിക്ക് റിപ്പോർട്ട് ചെയ്യലായി പരിമിതപ്പെടുത്തുകയാണ് ചെയ്തത്. റിപ്പോർട്ട് ചെയ്യാൻ മാത്രമാണ് അധികാരം കൊടുത്തിരിക്കുന്നത്. താഴെത്തട്ടിലുള്ള സമിതിയെ നിങ്ങൾ ഇല്ലായ്മ ചെയ്തിരിക്കുന്നു. താഴെത്തട്ടിലുള്ള സമിതിയെ ഇല്ലായ്മ ചെയ്തുകൊണ്ട് ആ സമിതിക്ക് കാര്യങ്ങൾ പറയാനുള്ള അവകാശമില്ലാത്ത ഒരു സ്ഥിതിയുണ്ടാക്കിയിരിക്കുകയാണ്.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, അങ്ങ് 2008-ലെ നിയമത്തിൽ വെള്ളം ചേർക്കപ്പെടുകയാണ് ഈ പുതിയ ഭേദഗതിയിലൂടെ ശ്രമിച്ചുകൊണ്ടിരിക്കുന്നത് എന്ന് പറഞ്ഞു. 2008-ലെ നിയമം നിലനിൽക്കെത്തന്നെ ആറന്മുളയിലെ കൃഷിയിടങ്ങൾ അങ്ങയുടെ ഭരണകാലത്ത് നികത്തപ്പെട്ടത് അങ്ങ് മറന്നുപോയോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ശ്രീ. ആർ. രാമചന്ദ്രൻ ചോദിച്ചത് ഒരു പ്രധാനപ്പെട്ട ചോദ്യമാണ്. ആറന്മുളയുടെ കാര്യം അങ്ങ് ചോദിച്ചത് ഏതായാലും നന്നായി. കാരണം, ഞാനത് പറയണമെന്ന് കരുതിയിരുന്നതല്ല. പക്ഷെ, പറയാനുള്ള ഒരവസരം ഉണ്ടാക്കിത്തന്നതിൽ അദ്ദേഹത്തിനുള്ള നന്ദി ഞാൻ ഈ

അവസരത്തിൽ അറിയിക്കുകയാണ്. അതിന്റെ കാരണമെന്താണെന്ന് ചോദിച്ചാൽ, ബഹുമാനപ്പെട്ട മെമ്പർ ആരാണ് ഇതിന്റെ അടിയിൽ ഒപ്പിട്ടിരിക്കുന്നതെന്നും ഉത്തരവിറക്കിയത് ആരാണെന്നും അന്വേഷിക്കണം. കേരളത്തിന്റെ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദനാണ്. 'ആ നിലം നികത്തുന്ന തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം' എന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷ കൊടുത്തത് ആരാണെന്ന് അങ്ങേയ്ക്കറിയില്ല, അന്നത്തെ ആറന്മുള എം.എൽ.എ. ശ്രീ. കെ. സി. രാജഗോപാലനാണ്. അദ്ദേഹം കൊടുത്ത ഒരപേക്ഷയുടെ മുകളിൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദനാണ് 'ഈ നിലം നികത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചതിനുശേഷം എന്നെ നേരിട്ട് അറിയിക്കണമെന്ന് ജില്ലാ കളക്ടറോട് നിർദ്ദേശിച്ചുകൊണ്ട് എഴുതിയത്. ആറന്മുള എയർപോർട്ടുമായി ബന്ധപ്പെട്ടുകൊണ്ട് അന്ന് നിങ്ങൾ ചെയ്തത് എന്താണ്? ആ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഗ്രീൻ ഫീൽഡ് എയർപോർട്ട് വരുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് അന്ന് ഇത്തരത്തിലുള്ള പ്രവർത്തനം നടത്തിയത്. ആ പ്രവർത്തനത്തിന്റെ ഭാഗമായി നെൽവയലെല്ലാം നികത്തി. ഞങ്ങൾ വന്നതിനുശേഷം ഒരു കുട്ട മണ്ണുപോലും അവിടെയിട്ട് നികത്തിയിട്ടില്ലെന്നത് നിങ്ങൾ അറിഞ്ഞിരിക്കണം. അന്നത്തെ മന്ത്രിസഭയിലെ ഒരംഗമായിരുന്ന ശ്രീ. മുല്ലക്കര രത്നാകരൻ, അദ്ദേഹം ഇപ്പോൾ ഇവിടെയില്ല. അന്ന് ശ്രീ. മുല്ലക്കര രത്നാകരന് കൃഷിവകുപ്പുമന്ത്രിയെന്നുള്ള നിലയിൽ പത്തനംതിട്ട ജില്ലയുടെകൂടി ചുമതല കൊടുത്തുകൊണ്ട് ആ ഗ്രീൻ ഫീൽഡ് എയർപോർട്ടിന്റെ പ്രവർത്തനങ്ങൾ, വരുന്ന ഒരു വർഷക്കാലത്തിനുള്ളിൽ ആരംഭി ക്കുന്നതിനുവേണ്ടിയുള്ള നടപടികളിലേയ്ക്ക് കടക്കണമെന്ന് ക്യാബിനറ്റിൽ തീരുമാന മെടുത്തതാണ്. കാര്യങ്ങൾ അറിയാതെ അങ്ങ് ചോദിച്ചാൽ എനിക്കറിയാവുന്ന കാര്യങ്ങൾ പറയേണ്ടതായി വരും. ഞാൻ പറഞ്ഞുവരുന്നതേയുള്ളൂ. ബാക്കിയുള്ളതു കൂടി പറയാം. നമ്മുടെ കൃഷി വകുപ്പുമന്ത്രി ഇവിടെ ഇരിക്കുന്നുണ്ട്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, അങ്ങ് തെറ്റിദ്ധാരണ പരത്തുംവിധം ഈ വിഷയം അവതരിപ്പിച്ചതുകൊണ്ടാണ് പറയേണ്ടിവന്നത്. അല്ലെങ്കിൽ അങ്ങയുടെ പ്രസംഗത്തെ തടസ്സപ്പെടുത്തണമെന്നാഗ്രഹിച്ചതല്ല. ആറന്മുള എയർപോർട്ടും ഞാനുമായി ബന്ധപ്പെട്ട് അങ്ങ് പറഞ്ഞ കാര്യങ്ങൾ ശരിയല്ല. ആ ക്യാബിനറ്റ് നോട്ടിന്റെ കാര്യം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പലതവണ ഇവിടെ ഉന്നയിച്ചതാണ്. ആറന്മുള വിമാനത്താവളത്തിന് അദ്ദേഹം പറഞ്ഞതുപോലെ അനുമതി നൽകിയിട്ടില്ല. വേണമെങ്കിൽ രേഖ പരിശോധിക്കാം. ആറന്മുള വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് നടപടികൾ പൂർത്തിയാക്കാൻ ആ ക്യാബിനറ്റ് എന്നെ ചുമതലപ്പെ ടുത്തിയിട്ടില്ല. ഇനി അത് ഉന്നയിക്കുകയാണെങ്കിൽ, അത് സത്യമാണെങ്കിൽ

ഞാനും അടൂർ പ്രകാശും തമ്മിലൊരു വെല്ലുവിളി നടത്തുന്നതിനുപോലും പ്രയാസമില്ല. ശ്രീ. അടൂർ പ്രകാശിന് പ്രസംഗിക്കുമ്പോൾ ഏത് കാര്യങ്ങളും പറയാം. പക്ഷെ ശ്രീ. അടൂർ പ്രകാശ് മന്ത്രിയായിരുന്ന ഒരാളാണ്. ഇതെല്ലാം പരിശോധിച്ച ആളാണ്. ആ സമയത്ത് ആറന്മുള വിമാനത്താവള നിർമ്മാണവുമായി യു.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ ഈ സഭയിൽ മൂന്ന് അടിയന്തരപ്രമേയങ്ങൾ കൊണ്ടുവന്നത് ഞാനാണ്. അന്ന് രേഖകൾ ഹാജരാക്കുകയും വ്യക്തത വരുത്തുകയും മുന്നോട്ടുപോകുകയും ചെയ്തതാണ്. അവിടെ ആ എയർപോർട്ടുമായി ബന്ധപ്പെട്ട സർവ്വകക്ഷി സമരത്തിന്, കോൺഗ്രസിന്റെ ആളുകളും ചിലരുണ്ടായിരുന്നു, പക്ഷെ ശ്രീ. അടൂർ പ്രകാശിന്റെ കൂടെയുള്ളവർ ആ സമരത്തിലുണ്ടായിരുന്നില്ല. ഹൈക്കോടതിയുടെയും കേന്ദ്രഗവൺമെന്റിന്റെയുംകൂടി ഓർഡറിന്റെ അടിസ്ഥാനത്തിലാണ് ആ സമരം ജയിച്ചത്. അങ്ങനെ ആ എയർപോർട്ട് എന്ന സംവിധാനമില്ലാതായി. അവിടെ കൃഷി ചെയ്യാനുള്ള സംവിധാനം ഈ ഗവൺമെന്റുണ്ടാക്കി. അവിടെ ഗവൺമെന്റ് എടുത്ത ഷെയർ പിൻവലിച്ചു. എയർപോർട്ടെന്ന ഭീഷണി ആറന്മുള പുഞ്ചയിൽ ഇല്ലാതാക്കിയത് ഈ എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനു ശേഷമാണ്. തെറ്റിദ്ധരിപ്പിക്കുംവിധം അങ്ങയുടെ പ്രസംഗം നീട്ടരുത്.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ റവന്യൂ വകുപ്പിന്റെ ചുമതല വഹിച്ചിരുന്നപ്പോൾ ഇക്കാര്യത്തിൽ വന്ന അടിയന്തര പ്രമേയത്തിന് മറുപടി....

3.00 PM]

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, അവിടെ കൃഷിയൊന്നും നടന്നിട്ടില്ല, പച്ചക്കള്ളം പറയുകയാണെന്ന് അങ്ങ് ആറന്മുളയുമായി ബന്ധപ്പെട്ട് പറഞ്ഞിരുന്നു. അങ്ങേയ്ക്ക് ഇപ്പോൾ ആ അഭിപ്രായമുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല. അന്ന് നിങ്ങൾ വിമാനത്താവളത്തിനായി നീക്കിവച്ച സ്ഥലങ്ങളെല്ലാം ഇന്ന് നെൽവയലായി മാറി. അവിടെ കൃഷി ചെയ്ത് ആറന്മുള ബ്രാന്റിൽ അരി ഇറക്കിയിരിക്കുകയാണ്. അന്ന് 100 ഹെക്ടറായിരുന്നെങ്കിൽ പിന്നീട് 300 ഹെക്ടറും ഇപ്പോൾ 600 ഹെക്ടറും നെൽകൃഷിയിലേയ്ക്ക് എത്തിയിരിക്കുകയാണ്. അങ്ങ് നേരത്തെതന്നെ ആറന്മുള വിമാനത്താവളവുമായി ബന്ധപ്പെട്ട് അടിസ്ഥാനരഹിതമായ കാര്യങ്ങളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അവലോകന റിപ്പോർട്ടിൽ നോക്കിയിട്ട് ഒന്നും കാണാനില്ലെന്ന് അങ്ങ് സൂചിപ്പിച്ചു. ഇതെല്ലാം അതിൽ കൃത്യമായിട്ടുണ്ട്. 2016-17-ൽ നെൽകൃഷിയുടെ വിസ്തൃതിയിലും നെല്ലുല്പാദനത്തിലും ഉല്പാദനക്ഷമതയിലും കാര്യമായ കുറവ് വന്നിട്ടുള്ളതിന്റെ പ്രധാനപ്പെട്ട കാരണം സംസ്ഥാനത്ത് അനുഭവപ്പെട്ട കടുത്ത വരൾച്ചയാണ്. കണക്കുകൾ പ്രകാരം സംസ്ഥാനത്ത് വിവിധ ജില്ലകളിലായി 39927.62 ഹെക്ടർ സ്ഥലത്ത് വിളനാശം സംഭവിച്ചതുൾപ്പെടെ മൊത്തം 50917 ഹെക്ടർ നെൽകൃഷിയെ വരൾച്ച ബാധിച്ചിട്ടുണ്ട്. ഞാൻ പറഞ്ഞത് തെറ്റല്ല. അങ്ങ് ഒന്നും കാണാനില്ലെന്ന് പറഞ്ഞതുകൊണ്ടാണ് പറയുന്നത്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി വായിച്ചത് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാര്യമാണ്. ഞാനുമത് വായിച്ചിട്ടുണ്ട്. 220000-ത്തിലധികം ഹെക്ടർ സ്ഥലത്ത് നിങ്ങൾ കൃഷി ഇറക്കുന്നുവെന്ന് അങ്ങ് പറഞ്ഞല്ലോ. ഈ ഡാറ്റാസ് ഞാൻ ഉണ്ടാക്കിക്കൊണ്ട് വന്നതല്ല. സാമ്പത്തിക അവലോകന റിപ്പോർട്ട് 2017-ലുള്ളതാണ്. 171398 ഹെക്ടർ സ്ഥലം എങ്ങനെയാണ് 220000 ആകുന്നത്? ആ കണക്ക് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. അതിന്റെ മെക്കാനിസം എന്താണെന്ന് പറഞ്ഞുതരാമെങ്കിൽ ഞാനത് സ്വീകരിച്ചുകൊള്ളാം. അങ്ങ് പറയുന്നത് സ്ഥാപിച്ചെടുക്കാൻ ഏത് തരത്തിലുള്ള മെക്കാനിസമാണ് ഉപയോഗിക്കേണ്ടതെന്ന് പറഞ്ഞുതന്നാൽ സ്വീകരിക്കാൻ ഞാൻ തയ്യാറാണ്. അതുകൊണ്ടാണ് അങ്ങ് തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലാണ് പറഞ്ഞതെന്ന് ഞാൻ പറഞ്ഞത്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് നെല്ലുല്പാദനത്തിന്റെ കാര്യമാണ്. 2016-17-ൽ നെൽകൃഷിയുടെ വിസ്തൃതിയിലും ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും കുറവ് വന്നിട്ടുണ്ട്. അങ്ങ് പറയുന്നത് ഉല്പാദനത്തിനല്ല, നെൽകൃഷി ചെയ്യുന്ന ഏരിയയിൽ കുറവ് വന്നിട്ടുണ്ടെന്നാണ്. വരൾച്ചമൂലമുള്ള നാശനഷ്ടംകൊണ്ട് കുറവുണ്ടായത് ഉല്പാദനത്തിനാണ്. പക്ഷെ ഏരിയ കുറയുമോ; ഏരിയ കുറയുകയില്ല. അങ്ങ് സഭയെ മിസ്‌ലീഡ് ചെയ്യുകയാണ്. സാമ്പത്തിക സർവ്വേയിൽ പറയുന്നത് ഓരോ വർഷം കഴിയുന്തോറും നമ്മൾ കൃഷി ചെയ്യുന്ന ഏരിയ കുറഞ്ഞുവരുന്നുവെന്നാണ്. അങ്ങ് പറയുന്നതുപോലെ വരൾച്ച കൊണ്ട് ഒരുപക്ഷെ ഉല്പാദനം കുറഞ്ഞുപോയിരിക്കാം, എന്നാൽ ഏരിയ കുറയുകയില്ല.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഞാൻ മിസ്‌ലീഡ് ചെയ്യുകയല്ല. ഒരുപക്ഷെ, അങ്ങ് കൃത്യമായി മനസ്സിലാക്കാത്തതുകൊണ്ടായിരിക്കാം. സാമ്പത്തിക അവലോകന റിപ്പോർട്ട് ഓരോ വർഷത്തെയും സാമ്പത്തിക അവലോകന റിപ്പോർട്ടാണ്. വിസ്തൃതി, ഉല്പാദനം, ഉല്പാദനക്ഷമത; വിസ്തൃതി വിശദമാക്കുന്നത് ആ വർഷം എത്ര സ്ഥലത്തുനിന്ന് ഹാർവെസ്റ്റ് ചെയ്തു എന്നത് കണക്കാക്കിയാണ്. തൊട്ടുമുമ്പത്തെ വർഷം ഹാർവെസ്റ്റ് ചെയ്ത ഏരിയയാണ് ആ വർഷത്തെ വിസ്തൃതി. അങ്ങനെ ഓരോ വർഷവും ക്രോണോളജിക്കലായി കുറഞ്ഞുവരികയായിരുന്നു. എന്നാൽ 2017-18-ൽ ആ ഗ്രാഫ് വർദ്ധിച്ച് 220000 ആയിരിക്കുന്നുവെന്നാണ് ഞാൻ പറഞ്ഞത്. കൃഷി വകുപ്പിന്റെ ഡോക്യുമെന്റ് പ്രകാരമാണ് ഞാൻ പറയുന്നത്. സാമ്പത്തിക അവലോകന റിപ്പോർട്ട് വരുന്നത് അവസാനമാണ്. അത് അടുത്ത കൊല്ലം ചർച്ച ചെയ്യാം.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി ഉള്ള കാര്യം ഇപ്പോൾ സമ്മതിച്ചല്ലോ. ഇത്രയും നേരം ഇതേക്കുറിച്ച് വാദിച്ചും ചർച്ച ചെയ്തും നമ്മളെല്ലാവരും അപ്പുറവും ഇപ്പുറവും ഇരിക്കുകയാണ്. അങ്ങ് ഏതായാലും ഇപ്പോഴെങ്കിലും

സമ്മതിച്ചല്ലോ. അങ്ങയോടുള്ള നന്ദി ഞാൻ അറിയിക്കുകയാണ്. അടുത്ത സാമ്പത്തിക വർഷം കണക്ക് അവതരിപ്പിക്കുമ്പോൾ 220000 ഹെക്ടറിൽ ഞങ്ങൾ കൃഷി ചെയ്തുവെന്ന് അങ്ങേയ്ക്ക് പറയാവുന്നതാണ്. 2016-17 സാമ്പത്തിക വർഷത്തിൽ ഉല്പാദനം എത്രയെന്ന് അറിയാമോ; 437112 ടൺ. ഞാൻ അങ്ങയെ കുറ്റപ്പെടുത്തുകയല്ല. ഉള്ള കാര്യങ്ങൾ ഉള്ളതുപോലെ പറയുമ്പോൾ അത് സമ്മതിക്കാനുള്ള ചങ്കൂറ്റം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി കാണിക്കണമെന്നാണ് എനിക്കിവിടെ സൂചിപ്പിക്കാനുള്ളത്. അത് മാത്രമല്ല, അങ്ങ് ആറന്മുള ബ്രാന്റ് അരിയുടെ കാര്യം പറഞ്ഞു. അത് നല്ല കാര്യമാണ്. ഞങ്ങൾക്കെല്ലാം ഓരോ ചാക്ക് അരി തന്നല്ലോ, കൊള്ളാം. നിങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കൊണ്ട് ആറന്മുളയിൽ വിത്ത് വിതയ്ക്കാൻ പോയി. അങ്ങനെ വിത്ത് വിതച്ചത് സംബന്ധിച്ച് ഞാൻ ചോദ്യം ചോദിച്ചപ്പോൾ അന്ന് അങ്ങ് പറഞ്ഞ മറുപടി എനിക്ക് നല്ല ബോധ്യമുണ്ട്. അന്ന് ആറന്മുള എയർപോർട്ടിനുവേണ്ടി എടുത്ത ഭൂമിയിൽ നിങ്ങൾ കൃഷിയിറക്കിയിട്ടില്ലെന്ന് ഞാൻ പറഞ്ഞപ്പോൾ അങ്ങ് പറഞ്ഞത് ഞങ്ങൾ കൃഷിയിറക്കിയെന്നാണ്. അതിനുശേഷം ഇത് ശരിയോ തെറ്റോയെന്ന് അറിയുന്നതിനുവേണ്ടി ഞങ്ങൾ വിവരാവകാശ നിയമപ്രകാരം രേഖയെടുത്തു. അതിൽ പറയുന്നത് എന്താണെന്ന റിയാമോ? അങ്ങയെ ഉദ്യോഗസ്ഥന്മാർ തെറ്റിദ്ധരിപ്പിച്ചോ എന്നെനിക്കറിയില്ല; അവിടെ ചുവന്ന പരവതാനി വിരിച്ച് ബഹുമാന്യനായ മുഖ്യമന്ത്രിയെക്കൊണ്ട് വിത്തുകൾ വിതച്ചു, അങ്ങും അവിടത്തെ എം.എൽ.എ.-യും മറ്റെല്ലാവരുമുണ്ടായിരുന്നു. നല്ല കാര്യം. അതിനെ മോശമായി ചിത്രീകരിക്കുകയല്ല. പക്ഷെ, ആറന്മുള എയർപോർട്ടിനുവേണ്ടി എടുത്ത ഒരിഞ്ച് ഭൂമിയിൽപ്പോലും അന്ന് നിങ്ങൾ കൃഷി ഇറക്കിയിരുന്നില്ലെന്നാണ് വിവരാവകാശ നിയമപ്രകാരം രേഖകളെടുത്തപ്പോൾ ഞങ്ങൾക്ക് കിട്ടിയ മറുപടി. ഇനിയിപ്പോൾ എന്തിനാണിത് ഇങ്ങനെ പറഞ്ഞു പറഞ്ഞ് പോകുന്നത്? ആറന്മുളയിൽ നിങ്ങൾ കൃഷിയിറക്കി, അത് എവിടെയാണ്? ആറന്മുളയിൽ നിങ്ങൾ കൃഷിയിറക്കിയത് തരിശ്ശായിക്കിടന്ന മറ്റ് പല സ്ഥലങ്ങളിലുമാണ്. ആ കൃഷിയിറക്കലിന് ഒരു ചരിത്രമുണ്ട്. ഞാൻ ആ ചരിത്രത്തിലേക്കൊന്നും പോകുന്നില്ല. അങ്ങനെ പോയാൽ കുറേ കുഴപ്പങ്ങളുമുണ്ട്. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. നമ്മുടെ ഉദ്യോഗസ്ഥന്മാരെല്ലാം കാണിച്ചത് അങ്ങേയ്ക്ക് നന്നായി അറിയാമല്ലോ. അതുകൊണ്ട് അത്തരം കാര്യങ്ങളിലേയ്ക്ക് ഇപ്പോൾ തൽക്കാലം പോകുന്നില്ല. എന്നോട് ചോദിച്ചാൽ ഞാൻ രഹസ്യമായി പറയാം. അങ്ങ് അറിഞ്ഞിരിക്കാൻവേണ്ടി ഞാനിത് സൂചിപ്പിക്കുന്നുവെന്ന് മാത്രമേയുള്ളൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അടൂർ പ്രകാശ് ആദ്യം പറഞ്ഞത് വിതച്ചതിനെ സംബന്ധിച്ചാണ്. ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത് ആറന്മുളയിലെ വിമാനത്താവളവും അനുബന്ധ പ്രദേശങ്ങളെയും സംബന്ധിച്ചാണ്.

ആ വിമാനത്താവളവുമായി ബന്ധപ്പെട്ട് നിങ്ങൾ തോടുകൾ മൂടിയതും അതിനെ ത്തുടർന്ന് വെള്ളത്തിന്റെ ലഭ്യതക്കുറവുമൂലം ആ ഭാഗത്തെ കൃഷി മുടങ്ങിയതുമെല്ലാം അങ്ങേയ്ക്ക് അറിയാവുന്നതാണ്. അങ്ങ് റവന്യൂ മന്ത്രിയായിരുന്നല്ലോ. ആ തോടുകളെല്ലാം റീ-ഇൻസ്റ്റേറ്റ് ചെയ്തുവെന്നുള്ളതും ആ തോടുകളിലൂടെ വെള്ളം വന്നതുകൊണ്ടാണ് ബാക്കി കൃഷി ചെയ്തതെന്നും അങ്ങേയ്ക്കറിയാമല്ലോ. അതടക്കമുള്ള 600-ലധികം ഹെക്ടർ സ്ഥലത്തും കൃഷി ചെയ്തത് ഈ രണ്ട് കൊല്ലം കൊണ്ടല്ലേ? എന്നുമാത്രമല്ല, ആറന്മുള വിമാനത്താവളത്തിനുവേണ്ടി അക്വയർ ചെയ്തിരിക്കുന്ന 300 ഏക്കറിൽ 70 ഹെക്ടർ സ്ഥലത്തും കഴിഞ്ഞ വർഷംതന്നെ കൃഷി ചെയ്തുവെന്നത് അങ്ങേയ്ക്ക് അറിയാത്ത കാര്യമാണോ? അങ്ങേയ്ക്ക് ചില വിമർശനങ്ങൾ ഉണ്ടാകാം, ഒരുപക്ഷേ അങ്ങേയ്ക്ക് ഇഷ്ടപ്പെടാത്ത കാര്യമാണോയെന്ന് എനിക്കറിയില്ല. അങ്ങ് മനസ്സിലാക്കേണ്ട ഒരു കാര്യം, ആറന്മുള വിമാനത്താവളവുമായി ബന്ധപ്പെട്ട് അവിടെ തടസ്സപ്പെട്ട് കിടന്നിരുന്ന കൃഷിഭൂമി പൂർണ്ണമായും കൃഷിയോഗ്യമാക്കിയിരിക്കുകയാണ് എന്നുള്ളതാണ്. കവിയൂരും ആറന്മുളയിലും അനുബന്ധ പ്രദേശങ്ങളിലും ഈ രണ്ട് കൊല്ലംകൊണ്ട് കൃഷിയിറക്കിയെന്നുള്ളത് കണ്ണുള്ളവർ കണ്ടുകൊണ്ടിരിക്കുകയാണ്. ചെയ്ത നല്ല കാര്യങ്ങളെ അങ്ങ് ദയവായി അംഗീകരിക്കണം.

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി, അങ്ങ് പറയുന്ന കാര്യങ്ങൾ ഞാൻ സമ്മതിക്കുന്നു. അങ്ങ് തെറ്റിദ്ധരിപ്പിക്കുന്നെങ്കിലും ഞാൻ തെറ്റിദ്ധരിപ്പിക്കാൻ തയ്യാറാകുന്നില്ല. തോടുകൾ നികത്തിയതിനെക്കുറിച്ച് അങ്ങ് പറഞ്ഞല്ലോ, പറയുന്നത് കേട്ടാൽ തോന്നും ഞങ്ങളാണ് നികത്തിയതെന്ന്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു മണിക്കൂർ കഴിഞ്ഞു.

ശ്രീ. അടൂർ പ്രകാശ്: ഇത് ബില്ലല്ലേ, ഇതൊക്കെ പറയേണ്ട കാര്യമല്ലേ? ഞങ്ങൾ നികത്തിയെന്ന് അങ്ങേയ്ക്ക് പറയാൻ സാധിക്കുമോ? ശ്രീ. വി. എസ്. സുനിൽ കുമാർ അന്ന് മന്ത്രിയല്ല. ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരൻ അന്ന് മന്ത്രിയായിരുന്നു. അദ്ദേഹം ആ മന്ത്രിസഭയിലെ അംഗമായിരുന്നു. അദ്ദേഹം അംഗമായിരിക്കുന്ന സമയത്താണ് ഇവിടെ തോടുകളെല്ലാം നികത്തിയത്. ഇപ്പോൾ നിങ്ങൾ തോടുകളിലെ മണ്ണ് നീക്കംചെയ്ത് നീരൊഴുക്ക് സുഗമമാക്കി. അത് തെറ്റാണെന്നല്ല പറഞ്ഞത്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ അത് പരിശോധിച്ചതാണ്. അവിടെ നികത്തിയതും നികത്തിയതുമായി ബന്ധപ്പെട്ട കേസുകളുണ്ടായതും 2003-04 ലാണ്. 2006-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വന്നശേഷം 2011 വരെയും അതിനുശേഷവും നികത്തലല്ല, നികത്തലുമായി ബന്ധപ്പെട്ട കേസുകളേ നടന്നിട്ടുള്ളൂ. 2005- ന് മുമ്പാണ് നികത്തൽ മുഴുവൻ നടന്നത്. 2006-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നശേഷം 2011 വരെ നികത്തിയിട്ടില്ല. വേണമെങ്കിൽ ഇതൊക്കെ രേഖവച്ച് പരിശോധിക്കാവുന്നതാണ്.

ശ്രീ. അനിൽ അക്കര: സർ, നെൽകൃഷി കൂടുതലായി വ്യാപിച്ചത് 2016-17-ലാണെന്ന് പറയുന്നത് ശരിയാണ്. അത് ആരംഭിച്ചതാരാണെന്ന് ഞാൻ പറയുന്നില്ല; ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി മുൻകയ്യെടുത്താണ് കരനെൽകൃഷി ആരംഭിച്ചത്. കരനെൽ കൃഷിക്കുവേണ്ടി ചെലവാക്കിയ സംഖ്യയുടെ 10 ശതമാനംപോലും നമുക്ക് ഉത്പാദന നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. 2016-17-ഓടുകൂടി കരനെൽകൃഷിയിൽ നിന്നും ആളുകൾ വലിയ രീതിയിൽ പിന്നോട്ടുപോയി. ഇത് സുസ്ഥിരമല്ലാത്ത, ആവേശപൂർവ്വമായ നടപടിയാണെന്ന് താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: ശ്രീ. അനിൽ അക്കര, ആളുകളെ തെറ്റിദ്ധരിപ്പിക്കാൻ പാടില്ല. അങ്ങ് നല്ലൊരു കൃഷിക്കാരനാണെന്ന് എനിക്കറിയാം. കാര്യങ്ങൾ വസ്തുതാപരമായി അങ്ങ് മനസ്സിലാക്കണം. അങ്ങ് നിയമസഭാ സാമാജികനാണല്ലോ. പ്രതിപക്ഷത്തിന്റെ വിമർശനമെല്ലാം ഉൾക്കൊള്ളാൻ കഴിയുന്ന ആളാണ് ഞാൻ. 2723 ഹെക്ടർ മാത്രമേ കരനെൽകൃഷിയുള്ളൂ. 2230 ഹെക്ടർ മാത്രമേ കരനെൽകൃഷി പുതുതായി വന്നിട്ടുള്ളൂ. 2500 ഹെക്ടറാണ് ഉദ്ദേശിച്ചിരുന്നത്. അത് 2700 ആയി. ഈ വർഷം അത് 3200 ആണ്. അതും ഇതുമായി കൂട്ടിക്കുഴയ്ക്കരുത്. കരനെൽ കൃഷി വേറെയാണ്. ശ്രീ. അനിൽ അക്കര ഒരുപക്ഷെ കരനെൽ കൃഷി മാത്രമേ കണ്ടുകാണുകയുള്ളൂ. കരനെൽ കൃഷി അഡീഷണലായി ചെയ്ത കാര്യമാണ്. എന്നാൽ പാടത്ത് കൃഷി ചെയ്തതിന്റെ കണക്കാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. തെറ്റിദ്ധരിപ്പിക്കാൻ പാടില്ല. മിനിസ്റ്ററെന്ന നിലയിൽ ഞാൻ ആധികാരികമായിത്തന്നെയാണ് പറയുന്നത്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, അങ്ങ് ആറന്മുള എയർപോർട്ടിനെ സംബന്ധിച്ചാണ് പറയുന്നത്. ആറന്മുള എയർപോർട്ട് വരുന്നതിനുവേണ്ടി അങ്ങയുടെ ഗവൺമെന്റിന്റെ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഗവൺമെന്റ് പദ്ധതിയാണെന്ന് വരുത്തിതീർക്കാൻ കാബിനറ്റ് കൂടി രണ്ട് ശതമാനം ഷെയറിടാൻ തീരുമാനിച്ചു. ഗവൺമെന്റിന്റെ എയർപോർട്ടാണെന്ന് വരുത്തിതീർക്കാൻ അങ്ങ് ചെയ്ത പദ്ധതിയാണ്. ആ പദ്ധതിയാണ് ഞങ്ങൾ തകർത്തത്. ശ്രീ. വി. എസ്. സുനിൽ കുമാർ കൃഷി വകുപ്പുമന്ത്രിയായി വന്നപ്പോൾ ഞങ്ങൾ അവിടെ കൃഷിയിറക്കി. അത് അങ്ങേയ്ക്ക് ഓർമ്മയുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട കോവൂർ കുഞ്ഞുമോൻ സബ്ജക്ട് കമ്മിറ്റി അംഗം കൂടിയാണ്. കഥയറിയാതെ ആട്ടം കണ്ടുകൊണ്ടിരിക്കുകയാണ്. ചില കാര്യങ്ങൾ പറയുമ്പോൾ എന്തെങ്കിലുമൊക്കെ പറയണമല്ലോ. കഴിഞ്ഞ പ്രാവശ്യം ഞങ്ങളുടെ കൂടെയായിരുന്നു ശ്രീ. കോവൂർ കുഞ്ഞുമോൻ. ഞങ്ങളെ വിട്ടുപോയത് അവസാന കാലഘട്ടത്തിലാണ്. അതുവരെ ഞങ്ങളോടൊപ്പം ഉണ്ടായിരുന്നു. എന്റെ അയൽവാസികൂടിയാണ് അദ്ദേഹം. അവസാനം ഞങ്ങളുടെ കയ്യിൽനിന്നും വിട്ടുപോയി. ഞങ്ങൾ അത് ഉപേക്ഷിച്ചു. ഞാൻ ഈ ബില്ലിലേയ്ക്ക് വരികയാണ്.

ശ്രീ. കെ. രാജൻ: സർ, പോയിന്റ് ഓഫ് ഓർഡർ. സഭയിലെ ബഹുമാനപ്പെട്ട ഒരംഗത്തോട് നിങ്ങൾക്ക് വിവരമില്ലാത്ത കാര്യത്തെക്കുറിച്ചാണ് അഭിപ്രായ പ്രകടനം രേഖപ്പെടുത്തിയതെന്ന വിഷയം രേഖയിൽനിന്നും നീക്കംചെയ്യണം. അംഗങ്ങൾ അഭിപ്രായ പ്രകടനം നടത്തുമ്പോൾ അവർ പറയുന്നത് തെറ്റായി എന്ന ഏതെങ്കിലും തരത്തിലുള്ള അഭിപ്രായപ്രകടനം നടത്തുന്നത് ശരിയല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പരിശോധിക്കാം.*

ശ്രീ. അടൂർ പ്രകാശ്: ബഹുമാനപ്പെട്ട കെ. രാജൻ എന്റെ ചെലവിൽ തന്നെ ശ്രീ. കുഞ്ഞുമോനെതിരെ ഇത് പറയേണ്ട വല്ല കാര്യവുമുണ്ടോ? ഞാൻ അങ്ങനെയൊരു കാര്യം പറഞ്ഞിട്ടില്ലല്ലോ. പറഞ്ഞത് ഇവിടെ രേഖകളിലുള്ള കാര്യമല്ലേ? ശ്രീ. കെ. രാജന് പറയണമായിരുന്നെങ്കിൽ നേരിട്ട് പറഞ്ഞാൽപ്പോരേ? എന്റെ ചെലവിൽ ത്തന്നെ വേണോ? അതിന്റെ ആവശ്യമില്ല. ഞാൻ ഈ ബില്ലിന്റെ പ്രസക്തമായ ഭാഗത്തേയ്ക്ക് വരികയാണ്. പൊതു ആവശ്യങ്ങൾക്കായി വയൽ നികത്താനുള്ള അവകാശം പൂർണ്ണമായും ഇപ്പോൾ ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത്? സംസ്ഥാന സർക്കാരിലേയ്ക്ക് കൊണ്ടുവന്നിരിക്കുകയാണ്. പൊതുആവശ്യങ്ങൾ എന്ന പേരിൽ യാതൊരു നിബന്ധനയും കൂടാതെ നെൽവയലുകൾ മുതലാളിമാർക്ക് പതിച്ച നൽകാനുള്ള നീക്കത്തിന്റെ ഭാഗമാണ് ഇതെന്ന് ഞാൻ പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രി അത് നിഷേധിക്കുമോയെന്ന് എനിക്ക് സംശയമുണ്ട്. പൊതുആവശ്യ ങ്ങൾക്കാണെങ്കിൽ ഈ ആക്ടിലെ വ്യവസ്ഥകൾതന്നെ ഒഴിവാക്കിക്കൊടുക്കാനും തീരുമാനിച്ചിട്ടുണ്ട്. പൊതുആവശ്യം എന്തെല്ലാമെന്ന് വ്യക്തമാക്കാത്തത് സ്വകാര്യ മുതലാളിമാരെ സംരക്ഷിക്കാനാണെന്ന് അനുമാനിക്കേണ്ടതായിവരും.

ശ്രീ. സജി ചെറിയാൻ: സർ, മുതലാളിമാർക്ക് സഹായം ചെയ്യാൻ വേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നതെന്ന് അങ്ങ് ഇപ്പോൾ പറയുകയുണ്ടായല്ലോ. വ്യക്തിപരമായ പരാമർശമായി തോന്നരുത്, അദ്ദേഹത്തിന്റെ അഫിഡവിറ്റിൽ എത്ര ഏക്കർ നെൽവയൽ ഉണ്ടായിരുന്നു; അതിൽ എത്ര എക്സസ് ഉണ്ടെന്ന് അദ്ദേഹത്തോട് വ്യക്തമാക്കാൻ പറയണം.

ശ്രീ. അടൂർ പ്രകാശ്: സർ, ഞങ്ങളുടെ ശ്രദ്ധയിൽ വന്ന എല്ലാ കാര്യങ്ങളും സഭയിൽ വിളിച്ചുപറയുന്നത് മാന്യതയ്ക്ക് യോജിക്കുന്നതല്ല എന്നുള്ളതുകൊണ്ട് ഞാൻ അക്കാര്യമൊന്നും പറയുന്നില്ല, പറയാൻ ഉദ്ദേശിക്കുന്നുമില്ല. അങ്ങ് എന്നെ എത്ര പ്രകോപിപ്പിച്ചാലും അത്തരം കാര്യങ്ങൾ ഞാൻ ഇവിടെ പറയാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ അങ്ങയുടെ കാര്യം ഇവിടെ പറയുന്നില്ല.

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 3835/ഇബി/2018/ നി.സെ തീയതി 29-6-2018) രേഖയിൽ നിലനിർത്താൻ തീരുമാനിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 2008-ലെ മൂലനിയമത്തെ ദുർബലപ്പെടുത്തുന്ന ഒരുപാട് വകുപ്പുകൾ ഇതിലുണ്ടെന്ന ആക്ഷേപത്തിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് ഇപ്പോൾ അദ്ദേഹം പറഞ്ഞുകൊണ്ടിരിക്കുന്നത്. പൊതുആവശ്യം എന്നതുകൊണ്ട് സാധാരണ ഉദ്ദേശിക്കുന്നത് ഗവൺമെന്റിന്റെ കാര്യം അല്ലെങ്കിൽ സർക്കാരുമായി ബന്ധപ്പെട്ട ഒരു പദ്ധതി വരുന്നതിനെയാണ്. പക്ഷെ ഈ നിയമത്തിൽ ഭേദഗതിയിലൂടെ വരുന്ന മാറ്റം, പൊതുആവശ്യമെന്താണെന്ന് ഗസറ്റിൽ വിജ്ഞാപനം ചെയ്താൽ മതിയെന്നതാണ്. ഗസറ്റിൽ വിജ്ഞാപനം ചെയ്താൽ ഏത് സ്വകാര്യ ആവശ്യത്തെയും പൊതുആവശ്യമാക്കി മാറ്റാം. അങ്ങനെ പൊതുആവശ്യമാക്കി മാറ്റുന്ന പ്രവൃത്തിക്ക് സർക്കാരിന് നേരിട്ട് വയലും തണ്ണീർത്തടവും നികത്താൻ അനുമതി നൽകാവുന്നതാണ്. യഥാർത്ഥത്തിൽ 2008-ലെ നിയമത്തെ ഇത്തരം ഭേദഗതികളിലൂടെയാണ് ദുർബലപ്പെടുത്തുന്നതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഞാൻ പറഞ്ഞുവന്ന വിഷയത്തിലേയ്ക്കാണ് അദ്ദേഹം വന്നത്. 2008-ലെ ബില്ലിലെ 10-ാം വകുപ്പ് പ്രകാരം പൊതുആവശ്യങ്ങൾക്കായി നെൽവയലോ തണ്ണീർത്തടമോ എറ്റെടുക്കുമ്പോൾ ചേർന്ന് കിടക്കുന്ന നെൽകൃഷിക്കോ പ്രദേശത്തെ പരിസ്ഥിതി വ്യവസ്ഥയ്ക്കോ ദോഷകരമായി ബാധിക്കില്ലെന്ന് സർക്കാരിന് ബോധ്യപ്പെടാതെ അനുവദിക്കാവുന്നതല്ലെന്ന് മൂലനിയമത്തിലുള്ളതാണ്. എന്നാൽ 2018-ലെ ബില്ലിലെ വ്യവസ്ഥ ഭേദഗതി ചെയ്ത് നെൽകൃഷിക്കോ അതിലേയ്ക്കുള്ള നീരൊഴുക്കിനെയോ ബാധിക്കില്ല എന്ന അഭിപ്രായമുള്ളപക്ഷം എന്നാക്കിയിരിക്കുകയാണ്. പ്രദേശത്തെ പരിസ്ഥിതി വ്യവസ്ഥയ്ക്ക് ദോഷകരമാകുമോ എന്ന വ്യവസ്ഥ എടുത്തുകളഞ്ഞിരിക്കുകയാണ്. അപ്പോൾ വളരെ എളുപ്പമുണ്ട്. ഈ ബില്ലിലൂടെ നിങ്ങൾക്കിഷ്ടമുള്ളതുപോലെ ചെയ്യാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുകയാണ്. നിലവും തണ്ണീർത്തടങ്ങളും പൊതുആവശ്യങ്ങൾക്കായി നികത്താൻ സർക്കാരിന് പൂർണ്ണമായ അധികാരം നൽകാനുള്ള ഗൂഢലക്ഷ്യത്തിന്റെ ഭാഗമായാണ് ഇത് കൊണ്ടുവന്നതെന്ന് പറഞ്ഞാൽ അങ്ങ് നിഷേധിക്കുമെന്ന് കരുതുന്നില്ല.

ശ്രീ. പി. ടി. തോമസ്: സർ, ഈ നിയമത്തിലുണ്ടായ ഏറ്റവും ഗുരുതരമായ ചില വീഴ്ചകളാണല്ലോ അങ്ങ് ചൂണ്ടിക്കാണിക്കുന്നത്. പരിസ്ഥിതി എന്നാൽ നീരൊഴുക്കും നെൽകൃഷിയും മാത്രമായി പാരിസ്ഥിതിക കാഴ്ചപ്പാടുകളെ ഈ ബില്ലിൽ ചുരുക്കിയിരിക്കുകയാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നീരൊഴുക്കും നെൽകൃഷിയും ഒഴികെ നെൽവയലുകളിലും തണ്ണീർത്തടങ്ങളിലുമൊക്കെയുള്ള ഞണ്ട്, തവള, കോടാനുകോടി സൂക്ഷ്മജീവികളടക്കമുള്ളവ ബി.ടി.ആർ.ഓ ഡാറ്റാ ബാങ്കോ നോക്കി ജീവിക്കുന്നവരല്ല. അവയെയെല്ലാം ഇവർ തള്ളിക്കളഞ്ഞിരിക്കുകയാണ് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അട്ടൂർ പ്രകാശ്: ഞാൻ അക്കാര്യങ്ങൾ തന്നെയാണ് ഇവിടെ പറഞ്ഞുവന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, ഇവിടെ അന്നത്തെ രണ്ട് മന്ത്രിമാർ ഇരിപ്പുണ്ട്, ശ്രീ. സി. ദിവാകരനും കൃഷി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. മുല്ലക്കര രത്നാകരനും. അന്നത്തെ നിയമത്തിന്റെ പത്താം വകുപ്പിൽ പറയുന്നത്, പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ പ്രാദേശികതല നിരീക്ഷണ സമിതി ശിപാർശ ചെയ്യുകയും സംസ്ഥാനതല സമിതി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പകരം മറ്റൊരു സ്ഥലം ലഭ്യമല്ലെന്നും അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ ചേർന്നുകിടക്കുന്ന നെൽകൃഷിയെ ബാധിക്കില്ലെന്ന് ബോധ്യമാകണമെന്നുമാണ്. ആ ഉറപ്പ് അങ്ങ് നീക്കംചെയ്തു. ഇപ്പോൾ എന്താണ് പറയുന്നത്? പ്രാദേശികതല സമിതിയുടെ ശിപാർശ ആവശ്യമില്ല. പത്താം വകുപ്പിന് പകരം പുതിയ വകുപ്പ് കൊണ്ടുവരികയാണ്. അതിൽ സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് പരിഗണിക്കാമെന്ന് പറയുന്നു. പ്രാദേശികതല സമിതിക്കുള്ള എല്ലാ അധികാരവും എടുത്തുകളഞ്ഞു. ഗവൺമെന്റിന്റെ ഇഷ്ടാനുസരണം സ്വകാര്യ വ്യക്തികളെ സഹായിക്കാൻവേണ്ടി സംസ്ഥാന സമിതിയുടെ റിപ്പോർട്ട് മാത്രം പരിഗണിച്ച് ഏത് ഭൂമിയും മാറ്റിക്കൊടുക്കാൻ സാധിക്കും. നിങ്ങൾ ഇത് കാണുന്നില്ലേ? നിങ്ങളുടെ കാലത്ത് പാസ്സാക്കിയ മൂലനിയമം ആകെപ്പാടെ മാറ്റിമറിച്ച് തണ്ണീർത്തടങ്ങളും നെൽത്തടങ്ങളും മുഴുവൻ അട്ടിമറിക്കുമ്പോൾ ദയവായി നിങ്ങൾ മൂകസാക്ഷിയായി ഇവിടെ ഇരിക്കരുത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ശ്രീ. കെ. സി. ജോസഫ് പറഞ്ഞതിനോട് അനുബന്ധമായി പറയുകയാണ്, പ്രാദേശികതല സമിതിയെ നോക്കുകുത്തിയാക്കിയെന്നുള്ളത് വേറെ കാര്യം. ഇനി ഈ മൂന്ന് സമിതികൾ എന്തുതന്നെ പറഞ്ഞാലും അവയെ ഓവർടേക്ക് ചെയ്ത് നിലം നികത്തലിന് അനുമതി കൊടുക്കാൻ സർക്കാരിന് അധികാരംകൂടി നൽകുന്നുണ്ട് ഈ ബിൽ. ഈ നിയമത്തിൽ എന്തുപറഞ്ഞാലും ശരി, അതിനെയെല്ലാം മറികടന്ന് പൊതുആവശ്യത്തിന് നിലം നികത്താൻ സർക്കാരിന് അനുമതി കൊടുക്കാം. 10-ാം വകുപ്പിന് പകരം ചേർക്കേണ്ടത്.

" 10. ഒഴിവാക്കിക്കൊടുക്കുന്നതിന് സർക്കാരിനുള്ള അധികാരം - 3-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാരിന് അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ, പൊതുആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ, ഈ ആക്ടിലെ വ്യവസ്ഥകളിൽനിന്നും ഒഴിവാക്കിക്കൊടുക്കാവുന്നതും, അത് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുമാണ്.

പൊതുആവശ്യം എന്നത് നിങ്ങളുടെ വ്യാഖ്യാനമാണ്, പ്രൈവറ്റ് ഹോട്ടൽ വരെ പൊതു ആവശ്യമാകും. അതുകൊണ്ട് ഈ വകുപ്പ് തന്നെ മാറ്റണമെന്ന് പറഞ്ഞ് ഞാൻ ഭേദഗതി കൊടുത്തിട്ടുണ്ട്.

ശ്രീ. അടൂർ പ്രകാശ്: മൂലനിയമത്തിലും പുതിയതായി കൊണ്ടുവന്നിട്ടുള്ള ഭേദഗതി നിയമത്തിലും വന്നിരിക്കുന്നത് വായിച്ചുനോക്കിയാൽ മൂലനിയമത്തെ അപ്പാടെ അട്ടിമറിച്ചിരിക്കുന്ന ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. അതുപോലെ 13-ാം വകുപ്പിൽ തുക ഫണ്ടിലേയ്ക്ക് അടപ്പിക്കേണ്ടതാണ് എന്ന് പറയുന്നു. ഇവിടെ ഫണ്ട് ഏതെന്ന് വ്യക്തമാകുന്നില്ല. ഏത് ഫണ്ടിലും അടയ്ക്കാം, എവിടെയും അടയ്ക്കാം. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ഇവിടെയിരിപ്പുണ്ട്. റവന്യൂ വകുപ്പിലുണ്ടായിരുന്ന ഫണ്ട് പല വിധത്തിലും അങ്ങ് വകമാറ്റി കൊണ്ടു പോയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ പല കാര്യങ്ങളും ചെയ്യുന്നതിന് ആ പാവത്തെ ഒന്ന് സഹായിക്കാൻ അങ്ങനെ വകമാറ്റി കൊണ്ടുപോയ ഫണ്ട് തിരിച്ചുകൊടുക്കണമെന്നുള്ളതാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കൂടി ഈ സഭയിലുള്ളപ്പോൾ എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. കെ. രാജൻ: സർ,.......

ശ്രീ. അടൂർ പ്രകാശ്: ശ്രീ. കെ. രാജൻ സബ്ജക്ട് കമ്മിറ്റിയിലുള്ള അംഗമല്ലേ, അങ്ങേയ്ക്ക് ചോദിച്ചാൽ പോരേ? ബഹുമാന്യനായ കെ. രാജൻ ഇതിനിടയ്ക്ക് ഇടപെടുമ്പോൾ ഞാൻ ഇവിടെ പറയാതിരിക്കുന്നത് എങ്ങനെയാണ്? സി.പി.ഐ.-ക്കാരുടെ വേവലാതി ശ്രീ. കെ. രാജനിലൂടെ പുറത്തുവരുന്നുവെന്ന് മാത്രമേയുള്ളൂ. ശ്രീ. കെ. രാജന് ഇത് പറയാതിരിക്കാൻ സാദ്ധ്യമല്ല. ശ്രീ. കെ. രാജൻ ഈ മൂലനിയമത്തോട് അല്പമെങ്കിലും ബന്ധമുള്ള ഒരു വ്യക്തിയാണെന്നുള്ളതുകൊണ്ട് തീർച്ചയായും അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അത് പറയാതിരിക്കാൻ പറ്റില്ല. അദ്ദേഹത്തിന് അവസരമുണ്ട്. അങ്ങ് പറഞ്ഞ എല്ലാ കാര്യത്തിനോടും ഞാൻ യോജിക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): അങ്ങ് മൂലനിയമത്തെപ്പറ്റി പറയുകയുണ്ടായി. പൊതു ആവശ്യത്തെപ്പറ്റി മൂലനിയമത്തിൽ പറയുന്നത് "കേന്ദ്ര സംസ്ഥാന സർക്കാരുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള നികായങ്ങൾ എന്നിവ നേരിട്ടുനടത്തുന്നതും സാമ്പത്തിക സഹായം നൽകുന്നതുമായ പദ്ധതികളുടെയും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പദ്ധതികളുടെയും ആവശ്യവും എന്നർത്ഥമാകുന്നു" എന്നാണ്. ഇതിനകത്ത് ആകെ ഭേദഗതി വരുത്തിയിട്ടുള്ളത് പ്രോജക്റ്റുകൾ എന്ന് മാത്രമേ കൂട്ടിച്ചേർത്തിട്ടുള്ളൂ, പൊതുആവശ്യത്തിന്. പക്ഷെ ഞാൻ അങ്ങയോട് ചോദിക്കുന്ന ഒരു ചോദ്യം, ഈ മൂലനിയമം നിലനിൽക്കുമ്പോഴാണ് കോട്ടയം മെത്രാൻ കായലിലെ ടൂറിസം പദ്ധതിക്ക് അനുമതി കൊടുത്തത്, എറണാകുളം ജില്ലയിലെ കടമക്കുടി 47 ഏക്കർ പാടം നികത്താൻ അനുമതി കൊടുത്തത്, മൾട്ടിസൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കാൻ നിലം

നികത്താൻവേണ്ടി അനുമതി കൊടുത്തതും അങ്ങ് റവന്യൂ മന്ത്രിയായിരിക്കുമ്പോഴാണ്. കോട്ടയം വൈക്കത്ത് ചെമ്പുവില്ലേജിൽ സ്മാർട്ട് ഠൗൺഷിപ്പിന് 150 ഏക്കർ വയൽ നികത്താൻ അനുമതി നൽകിയത് നിങ്ങളുടെ കാലത്താണ്. വിവാദ ഭൂസ്വാമി സന്തോഷ് മാധവന്റെ എറണാകുളം പുത്തൻവേലിക്കരയിൽ 95.44 ഏക്കർ ഭൂമിക്ക് ഇളവ് നൽകിയതും മാളയിലെ 32.41 ഏക്കർ സ്ഥലത്ത് ഐ.ടി. പദ്ധതി അനുവദിക്കുന്നതിന് പാടം നികത്താൻ അങ്ങ് അനുമതി കൊടുത്തതും ഈ നിയമമുള്ളപ്പോഴാണ്. ആ നിയമമുള്ളപ്പോൾ നിങ്ങൾ അനുമതി കൊടുത്തതെല്ലാം റദ്ദാക്കുകയും അവിടെയെല്ലാം നെൽകൃഷി ആരംഭിക്കുകയും ചെയ്ത സർക്കാരാണിത്.

ശ്രീ. അടൂർ പ്രകാശ്: ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി ചില കാര്യങ്ങളൊക്കെ ഇവിടെ പറഞ്ഞല്ലോ. പല വകുപ്പുകളിൽനിന്നും ചില ആവശ്യങ്ങൾ വന്നു. അതൊക്കെ തെറ്റാണെന്ന് ഉത്തമ ബോദ്ധ്യം വന്നപ്പോൾത്തന്നെ ഞങ്ങൾ അത് റദ്ദ് ചെയ്തു. അതിനെക്കുറിച്ച് ശ്രീ. വി. എസ്. സുനിൽ കുമാറിന് എന്തെങ്കിലും പറയാനുണ്ടോ? ഞങ്ങൾ ഈ കാര്യങ്ങളൊക്കെത്തന്നെ റദ്ദ് ചെയ്തു. ഇത് എടുക്കാൻ പാടില്ല എന്ന് റവന്യൂ വകുപ്പിൽ വന്നപ്പോൾത്തന്നെ അത് നോക്കിക്കണ്ടുകൊണ്ട്...., ഫയൽ എന്റെ മുമ്പിൽ വന്നിട്ടില്ല. നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. എന്റെ മുമ്പിൽ വരാത്ത ഒരു ഫയലിനെക്കുറിച്ച് അന്നത്തെ റവന്യൂ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ ഞാൻ മറുപടി പറയേണ്ട ആവശ്യം ഇപ്പോഴില്ല. പക്ഷെ അതിനകത്ത് ഞങ്ങൾ എടുത്ത ഒരു തീരുമാനം തെറ്റാണെന്ന് ഉത്തമബോധ്യം വന്നപ്പോൾ..., വിവിധ വകുപ്പുകളിൽനിന്ന് ആവശ്യം വന്നതിന്റെ അടിസ്ഥാനത്തിൽ അത് അപ്പോൾത്തന്നെ റദ്ദ് ചെയ്തു. അതിനെക്കുറിച്ച് അങ്ങ് പറഞ്ഞില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: ബഹുമാനപ്പെട്ട മുൻ റവന്യൂ വകുപ്പുമന്ത്രീ, അങ്ങ് വളരെ ഗുരുതരമായ ഒരു പ്രശ്നമാണ് ഉന്നയിച്ചിരിക്കുന്നത്. ഉത്തരവിടേണ്ട റവന്യൂ വകുപ്പുമന്ത്രി അറിയാതെയാണ് അഞ്ചാറ് പ്രധാനപ്പെട്ട പദ്ധതികൾക്ക് അംഗീകാരം കൊടുത്തതെന്ന വളരെ ഗുരുതരമായ വിഷയമാണ് അങ്ങ് ഉന്നയിച്ചിരിക്കുന്നത്. മൂലനിയമമുണ്ടായിട്ടും ഈ നിയമത്തെ നോക്കുകുത്തിയാക്കിയാണ് നിങ്ങൾ ഇതെല്ലാം ചെയ്തിരിക്കുന്നത്.

ശ്രീ. അടൂർ പ്രകാശ്: ഈ നിയമം വന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, മൂലനിയമത്തിൽ പറഞ്ഞിട്ടുള്ള പല കാര്യങ്ങൾക്കും വ്യത്യസ്തമായ തരത്തിൽ ഏതെങ്കിലുമൊക്കെ പുതിയ കാര്യങ്ങൾ വന്നിട്ടുണ്ട്, ഞങ്ങൾ ഉത്തമബോധ്യമത്തോടുകൂടി അതെല്ലാം റദ്ദ് ചെയ്തു. 3 (എ) റദ്ദ് ചെയ്തുവെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സഭയിൽ പറഞ്ഞതിനെക്കുറിച്ച് എനിക്ക് ചില കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. ഇത് പറഞ്ഞ് അവസാനിപ്പിച്ചശേഷം അതുപറയാം. പുതിയ ബില്ലിലെ ഏറ്റവും

രസകരമായ കാര്യം സങ്കട നികുതിയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി കൊണ്ടുവന്ന ഈ ഭേദഗതിയിൽ പറയുന്നത് ഒരു പരാതി കൊടുക്കണമെങ്കിൽ പരാതിക്കാരൻ 5,000 രൂപ അടയ്ക്കണം എന്നുള്ളതാണ്. പ്രസ്തുത വിഷയം സബ്ജക്ട് കമ്മിറ്റിയിൽ വന്നപ്പോൾ അത് ഒഴിവാക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടെങ്കിലും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും സാദ്ധ്യമല്ല എന്നുപറഞ്ഞു. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നതാണ് വിവരാവകാശ നിയമം. വിവരാവകാശ നിയമപ്രകാരം ഒരു പ്രശ്നത്തെക്കുറിച്ചുള്ള വിവരങ്ങൾ അറിയണമെങ്കിൽ, വെള്ള പേപ്പറിൽ പത്ത് രൂപയുടെ റവന്യൂ സ്റ്റാമ്പ് ഒട്ടിച്ച് അപേക്ഷ കൊടുത്താൽ മതി. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പുതിയ നിയമം കൊണ്ടുവന്നപ്പോൾ സങ്കടക്കാരൻ 5,000 രൂപ കണ്ടെത്തണം. ഞങ്ങളെല്ലാവരും അത് ഒഴിവാക്കണമെന്നുപറഞ്ഞപ്പോൾ ശ്രീ. കെ. രാജനും ശ്രീ. കോവൂർ കുഞ്ഞുമോനും ഉൾപ്പെടെയുള്ളവർ പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് 5,000 രൂപ എന്നത് അവസാനം 500 രൂപ എന്നാക്കിയത്. അത് ശരിയാണോ? ഇത് പൂർണ്ണമായും ഒഴിവാക്കണമെന്നാണ് എനിക്ക് ഈ ഡിസെന്റിലൂടെ പറയാനുള്ളത്. സങ്കടം അനുഭവിക്കുന്നവർക്ക് മാത്രമായി പരാതി നൽകാനുള്ള അധികാരം നിജപ്പെടുത്തിയിരിക്കുകയാണ്. പൊതുജനങ്ങളോടുള്ള കടുത്ത വെല്ലുവിളിയാണിത്. ഇന്ത്യയിലെ പരമോന്നത നീതിപീഠത്തിൽപോലും ഏതൊരു സാധാരണക്കാരനും സങ്കടം പറയാനുള്ള അവകാശം നൽകിയിട്ടുണ്ട്. ഈ ഭേദഗതി അഴിമതിക്ക് കൂട്ടുനിൽക്കുന്നതാണ് എന്നുതന്നെയാണ് എന്റെ വാദം. പുതിയ വകുപ്പിന്റെ 27(എ) പ്രകാരം ആർ.ഡി.ഒ.-ക്ക് റവന്യൂ രേഖകളിൽ മാറ്റം വരുത്തുവാൻ അധികാരം നൽകിയിരിക്കുന്നു. ഇത് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മാർച്ച് 2015-ലെ 'ജലജ ദിലീപ് v/s റവന്യൂ ഡിവിഷൻ ഓഫീസർ, കൊച്ചി' എന്ന കേസ്സിലെ വിധിക്ക് എതിരാണ്. ഈ വിധിപ്രകാരം ബേസിക് ടാക്സ് രജിസ്റ്ററിൽ മാറ്റം വരുത്താൻ അധികാരികൾക്ക് അവകാശമില്ല. 1967-ന് ശേഷം മൂന്ന് വർഷം കൃഷി ചെയ്തിരുന്ന നിലം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ ആർ.ഡി.ഒ.യിൽ നിന്ന് ഭൂവിനിയോഗ ഉത്തരവ് ആവശ്യമായിരുന്നു. എന്നാൽ കെട്ടിടങ്ങളും ഫ്ലാറ്റുകളും നിർമ്മിച്ച് ഇത് വ്യാപകമായി ലംഘിക്കപ്പെട്ടിരിക്കുകയാണ്. 27(എ) നിയമ ഭേദഗതിയിലൂടെ ഈ നിയമലംഘനങ്ങളെ മൊത്തമായി വെള്ളപൂശുകയാണ് ചെയ്യുന്നത്.

"മക്കളായ മനുഷ്യർക്ക് വയസ്സാകുമ്പോഴും

ഭൂമിയെന്ന മാതാവ് യൗവ്വനയുക്തയായി

നിലനിൽക്കുന്നുവെന്ന്.... "

ഈ വരികൾ സി.പി.ഐ.-യുടെ സഹയാത്രികനായ ഒ.എൻ.വി.കുറുപ്പ് 1964-ൽ "ഭൂമി" എന്ന കവിതയിൽ വിസ്മയംകുറിയിട്ടുള്ളതാണ്. കൃത്യം ഇരുപത് വർഷം കഴിഞ്ഞപ്പോൾ "ഭൂമിക്ക് ഒരു ചരമഗീതം" എന്ന കവിത അദ്ദേഹത്തെ കൊണ്ട് തന്നെ എഴുതിക്കേണ്ടി വന്നു. നിങ്ങളും ഇതാണ് ഇപ്പോൾ ചെയ്യുന്നത്. ഈ നിയമത്തിന്റെ പിറവിക്ക് കാർമ്മികത്വം വഹിച്ചത് അങ്ങയുടെ മുൻഗാമിയായിരുന്ന ശ്രീ. കെ. പി. രാജേന്ദ്രനാണ്. ഇന്ന് പത്തു വർഷം പൂർത്തീകരിക്കുമ്പോൾ, ഉദകക്രിയ നടത്തുന്നതും സി.പി.ഐ.-യിലെ മറ്റൊരു മന്ത്രിയായ ശ്രീ. ചന്ദ്രശേഖരനാണല്ലോയെന്ന് ഓർത്ത് ദു:ഖിക്കുകയാണ്. ഞങ്ങളുടെ കാലത്ത് കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് പ്രകാരം നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ മൂന്നാം വകുപ്പിൽ 3(എ) ചേർക്കുകയുണ്ടായി. 2008-ൽ നിയമം നിലവിൽ വരുന്നതിന് വളരെ വർഷങ്ങൾക്ക് മുമ്പ് രൂപാന്തരം പ്രാപിച്ച നെൽവയലുകളും തണ്ണീർത്തടങ്ങളും ഇപ്പോഴും റവന്യൂ രേഖകളിൽ നെൽവയലുകളും തണ്ണീർത്തടങ്ങളുമായി തുടരുന്നു. ഇത്തരം രൂപാന്തരങ്ങൾ ഒറ്റത്തവണ മാത്രം ക്രമപ്പെടുത്തുന്നതിനായി രൂപാന്തരം പ്രാപിച്ച തണ്ണീർത്തടങ്ങൾക്ക് ഫെയർ വാല്യുവിന്റെ 25 ശതമാനം ഫീസ് ഈടാക്കിക്കൊണ്ട് അനുമതി നൽകാമെന്നായിരുന്നു ഞങ്ങൾ കൊണ്ടുവന്ന നിയമം. അന്ന് സി.പി.ഐ.(എം.)-ന്റെ പാർട്ടി സെക്രട്ടറിയായിരുന്ന ഇന്നത്തെ മുഖ്യമന്ത്രി പറഞ്ഞ കാര്യം, "എൽ.ഡി.എഫ്. സർക്കാർ പാസ്സാക്കിയ 2008-ലെ നെൽവയൽ - തണ്ണീർത്തട നിയമം ഈ ഭേദഗതിയിലൂടെ അസാധുവാക്കപ്പെടും. റിയൽ എസ്റ്റേറ്റ് ലോബിയുമായുള്ള അവിശുദ്ധ ബന്ധമാണ് ഈ ഭേദഗതിയിലേയ്ക്ക് സർക്കാരിനെ നയിച്ചത്. പ്രമുഖ റിയൽ എസ്റ്റേറ്റ് ലോബികളിലൊന്നിന്റെ കുടുംബാംഗം മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഔദ്യോഗിക ഉപദേഷ്ടാവായിരിക്കുമ്പോൾ ഇത്തരമൊരു തീരുമാനമുണ്ടായതിൽ അത്ഭുതപ്പെടാനില്ല" എന്നാണ്. ഇന്ന് ആരെ തൃപ്തിപ്പെടുത്താനാണ് ഈ നിയമം ഇപ്പോൾ മാറ്റിമറിക്കുന്നത്. ഈയൊരു വകുപ്പിൽ ചെറിയ ഭേദഗതി കൊണ്ടുവന്നപ്പോൾ ഇത്രയും രൂക്ഷമായ ഭാഷയിൽ ശ്രീ. ഉമ്മൻ ചാണ്ടിയെ അപകീർത്തിപ്പെടുത്തുന്ന സംസാരം നടത്തിയത് ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണ്. അദ്ദേഹത്തിന് ഇതിലുള്ള താൽപ്പര്യം എന്താണ്? ആരോടുള്ള താൽപ്പര്യം കൊണ്ടാണ് ഈ നിയമത്തെ പാടെ അട്ടിമറിച്ചുകൊണ്ട് ഇത്തരത്തിലുള്ള ഭേദഗതിയുമായി വന്നിട്ടുള്ളതെന്ന് പറയേണ്ടതായിട്ടുണ്ട്. 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്ക് വന്നപ്പോൾ അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞത് " 2008-ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നിലം നികത്തൽ, തണ്ണീർത്തടം നികത്തൽ നിരോധന നിയമം ഏഴ് കൊല്ലം കഴിഞ്ഞ് നിങ്ങൾ അട്ടിമറിച്ചിരിക്കുകയാണ്" എന്നാണ്. അദ്ദേഹം ഇവിടെ ഇല്ലാത്തതുകൊണ്ട് ഇപ്പോഴത്തെ അഭിപ്രായം എന്താണെന്ന് അദ്ദേഹത്തിന് പറയാനും സാധിക്കുന്നില്ല. ഇത്തരം കാര്യങ്ങൾ നമ്മൾ നോക്കിക്കാണേണ്ടതുണ്ട്. 2015-ലെ 3(എ) ഭേദഗതി കൊണ്ടുവന്നപ്പോൾ അന്ന്

സി.പി.ഐ.-യുടെ പാർലമെന്ററി പാർട്ടി സെക്രട്ടറിയായിരുന്ന ശ്രീ. വി. എസ്. സുനിൽ കുമാർ. എന്റെ സുഹൃത്തും കൂടിയായ അദ്ദേഹം അന്ന് ഭേദഗതി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടു. അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്ന പല കാര്യങ്ങളും ഇന്ന് പറയാൻ സാധിക്കാത്ത അവസ്ഥയാണ്. ഇന്ന് അദ്ദേഹം പാടെ മാറിയിരിക്കുന്നു. വർഷങ്ങൾ കഴിയുന്തോറും ആളുകൾക്കും അഭിപ്രായങ്ങൾക്കും മാറ്റമുണ്ടാകും എന്ന് പറയുന്നതുപോലെ ബഹുമാന്യനായ വി. എസ്. സുനിൽ കുമാറിന്റെ അഭിപ്രായത്തിന് മാറ്റങ്ങൾ ഉണ്ടാകുന്നു എന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. യു.ഡി.എഫ്. സർക്കാർ 3(എ) ഭേദഗതി കൊണ്ടുവരാനുള്ള സാഹചര്യം ബഹുമാനപ്പെട്ട സഭകൂടി അറിഞ്ഞിരിക്കണം. 2010-11-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ നികുതിയേതര വരുമാനം എന്ന ശീർഷകത്തിൽ 245-ാം പാരഗ്രാഫിലാണ് ക്രമവത്കരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതുമൂലം വലിയ സാമ്പത്തികലാഭം ഖജനാവിലേയ്ക്ക് ഉണ്ടാക്കുവാൻ കഴിയും എന്ന് അന്നത്തെയും ഇന്നത്തെയും ധനകാര്യ വകുപ്പുമന്ത്രി ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത്. 2008-ന് മുമ്പ് പുരയിടമായി രൂപാന്തരപ്പെടുത്തിയ നിലങ്ങളെ റവന്യൂരേഖകളിൽ റെഗുലറൈസ് ചെയ്യുന്നതിന് ഫീസ് ചുമത്താമെന്ന് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശമാണ് 3 (എ) ഭേദഗതിയിലൂടെ നടപ്പിലാക്കിയതെന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുകയാണ്. ഡോ. ടി. എം. തോമസ് ഐസക് 2010-11-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കൊണ്ടുവന്ന ഈ ഭേദഗതിയാണ് 2016 ജൂലൈ 8-ാം തീയതിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പിൻവലിച്ചത്. 2007 സെപ്റ്റംബർ 19-ന് അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. പി. രാജേന്ദ്രൻ ബിൽ അവതരിപ്പിച്ചുകൊണ്ട് കേരളത്തിൽ ശേഷിക്കുന്ന വയലുകളെയും നീർത്തടങ്ങളെയും ശരിയായ രീതിയിൽ സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നതെന്നും ഇത് ഗൗരവതരമായ വിഷയമായതുകൊണ്ട് ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നും സഭയിൽ പറയുകയുണ്ടായി. ബിൽ സെലക്ട് കമ്മിറ്റിക്കുപോയി പബ്ലിക് ഒപ്പിനിയൻ എടുത്തു. ഏതാണ്ട് പതിനാറായിരത്തോളം ആളുകൾ പരാതികളുമായി അവിടെ വരികയും 25 സിറ്റിംഗുകൾ നടത്തിയതിനുശേഷവുമാണ് 2008 ജൂലൈ 24-ന് സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബിൽ സഭയിൽ കൊണ്ടുവന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ പിൻവലിക്കുക, അങ്ങേയ്ക്ക് പിൻവലിക്കുവാൻ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ സെലക്ട് കമ്മിറ്റിക്ക് വിടണം. ഈ ബില്ലിലെ പ്രധാനപ്പെട്ട വകുപ്പുകളെല്ലാം നിങ്ങൾ മാറ്റിയിരിക്കുന്നു. 30 വകുപ്പുകളുള്ളതിൽ പ്രധാനപ്പെട്ട 14 വകുപ്പുകളും അട്ടിമറിച്ച് അരിഞ്ഞ് വീഴ്ത്തിയിരിക്കുന്നു. അതുകൊണ്ട് ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് വിടണമെന്നാണ് ഇക്കാര്യത്തിൽ എനിക്ക് പറയാനുള്ളത്. ഇത്രയും വിശദമായ ഭേദഗതികൾ കൊണ്ടുവന്ന സ്ഥിതിക്ക് ഇത് ജനങ്ങളിലേയ്ക്ക് സർക്കുലേറ്റ് ചെയ്യുകയും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും വേണം.

ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിൽ കൃഷി എന്ന തലക്കെട്ടിൽ പറഞ്ഞിരുന്ന കാര്യം ബഹുമാന്യനായ വി. എസ്. സുനിൽ കുമാർ ഇവിടെയുള്ളതുകൊണ്ട് ഞാൻ ഓർമ്മിപ്പിക്കുകയാണ്. "നെൽകൃഷിയുടെ വിസ്തൃതി മൂന്ന് ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കും, ഉല്പാദനം പത്ത് ലക്ഷം ടൺ ആയി വർദ്ധിപ്പിക്കും, റിയൽ എസ്റ്റേറ്റുകൾ വാങ്ങി തരിശിടുന്ന പാടശേഖരങ്ങൾ ഏറ്റെടുക്കും, കർഷക ഗ്രൂപ്പുകൾ വഴി കൃഷി ചെയ്യാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകും, ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കും, നെൽകൃഷിയിൽ മൾട്ടി ലെവൽ പാർട്ടിസിപ്പേറ്ററി ഫാമിംഗ് സമ്പ്രദായം ഏർപ്പെടുത്തും, റൈസ് ബയോപാർക്ക് സ്ഥാപിക്കും." ഇതു പോലെ ധാരാളം കാര്യങ്ങൾ പ്രകടന പത്രികയിൽ പറഞ്ഞിട്ടുണ്ട്. കൂടാതെ പ്രകൃതിദത്ത ജലസംഭരണിയായ നെൽവയലുകൾ സംരക്ഷിക്കുന്നതിന് പ്രകൃതി ആവാസവ്യവസ്ഥ സംരക്ഷണമായി കണ്ട് വിസ്തൃതിക്കനുസരിച്ച് നിലം ഉടമസ്ഥർക്ക് റോയൽറ്റി നൽകുമെന്നും ഉടമകളുടെ അവകാശം സംരക്ഷിച്ചുകൊണ്ട് നെൽവയലുകൾ സംസ്ഥാനത്തെ സംരക്ഷിത നെൽ പ്രദേശമായി പ്രഖ്യാപിക്കുമെന്നുമാണ് പറഞ്ഞിട്ടുള്ളത്. അങ്ങേയ്ക്കത് ഓർമ്മയുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. തണ്ണീർത്തടങ്ങളെ സംരക്ഷിക്കുന്നതിന് കീഴാറ്റൂരിലെ വയൽക്കിളികൾ സമരം ചെയ്യേണ്ടിവന്നു. പുനലൂരിൽ പാട്ടത്തിനെടുത്ത ഭൂമി വയലാണെന്ന് ആരോപിച്ച് AIYF കൊടി കുത്തിയതിനെ തുടർന്ന് പ്രവാസിയായ സുഗതൻ എന്നയാൾ ആത്മഹത്യ ചെയ്യേണ്ടിവന്ന കാര്യം മറന്നുപോകരുതെന്ന് ഈ അവസരത്തിൽ രണ്ട് മന്ത്രിമാരെയും ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ചിന്തകനും മാർക്സിയൻ തത്വശാസ്ത്ര ശില്പിയുമായ കാറൽ മാർക്സ് പറഞ്ഞത്, "ഈ ഭൂമി ഒറ്റപ്പെട്ട വ്യക്തികളുടെയോ ഒരു സമൂഹത്തിന്റെയോ ഒരു രാഷ്ട്രത്തിന്റെയോ സ്വത്തല്ല. ഭൂമിയിലുള്ള എല്ലാ മനുഷ്യരുടെയും കൂട്ടുസ്വത്തുമല്ല. ഭൂമിയുടെ ഗുണഭോക്താക്കൾ മാത്രമാണ് നമ്മൾ. നമുക്ക് ലഭിച്ചതിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ വരുംതലമുറയ്ക്ക് അത് കൈമാറാൻ ബാദ്ധ്യതപ്പെട്ടവരാണ് നമ്മൾ" എന്നാണ്. അത് ഓർമ്മിപ്പിച്ചുകൊണ്ട് സഖാക്കളെ നിങ്ങളുടെ കൈകൾകൊണ്ട് ഈ കേരളത്തിലെ അവസാനത്തെ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഉദരക്രിയ ചെയ്യരുതേയെന്ന് ഒരിക്കൽക്കൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. സി.പി.ഐ.-ക്ക് പി. എസ്. ശ്രീനിവാസൻ, കെ. ടി. ജേക്കബ്, ശ്രീ. കെ. പി. രാജേന്ദ്രൻ അടക്കമുള്ള നിരവധി റവന്യൂ വകുപ്പമന്ത്രിമാർ ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ട്. ഇവരെല്ലാം അവരുടേതായ നല്ല സംഭാവനകൾ കേരള സമൂഹത്തിന് നൽകിയിട്ടുള്ളവരാണ്. അക്കാര്യത്തിൽ എന്നും അവർ ഓർമ്മിക്കപ്പെടും. പ്രത്യേകിച്ച് കെ. ടി. ജേക്കബ് ഏറ്റവും കൂടുതൽ പട്ടയം കൊടുത്ത് സാധാരണക്കാരിൽനിന്നും വന്ന ഒരു ജനകീയ

നേതാവെന്ന നിലയിൽ അദ്ദേഹം അറിയപ്പെടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സ്വഭാവഗുണംകൊണ്ടും നൈർമല്യം കൊണ്ടുമൊക്കെ അങ്ങും അവരോടൊപ്പം നിൽക്കുന്ന ഒരു നേതാവാണ്. പക്ഷേ ഇങ്ങനെയൊരു കടുംകൈ അങ്ങയെക്കൊണ്ട് ചെയ്യിപ്പിച്ചത് ആരാണെന്നാണ് എനിക്ക് അറിയേണ്ടത്. വളരെ പ്രയാസപ്പെട്ട് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ മുഴുവൻ സഞ്ചരിച്ച് എല്ലാ ജില്ലകളിലും പോയി സെലക്ട് കമ്മിറ്റിയിലെ വിവിധ അംഗങ്ങളുടെ അഭിപ്രായങ്ങൾ ഉൾക്കൊണ്ട് അങ്ങയുടെ മുൻഗാമി ശ്രീ. കെ. പി. രാജേന്ദ്രൻ കേരളത്തിലെ ജനങ്ങളുടെ മുഴുവൻ പ്രതീക്ഷയായിട്ടാണ് നെൽവയൽ-തണ്ണീർത്തട നിയമം പാസ്സാക്കിയത്. ഈ ഭേദഗതിയോടുകൂടി ഇത് വെറുമൊരു കണ്ണീർത്തടമായി മാറുകയാണ്. പാവപ്പെട്ട കർഷകരുടെയും പരിസ്ഥിതി സംരക്ഷിക്കണമെന്ന് ആഗ്രഹിക്കുന്നവരുടെയും കേരളത്തിന്റെ ആവാസവ്യവസ്ഥ നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നവരുടെയും കണ്ണീർത്തടമായി ഇത് അവശേഷിക്കുകയാണ്. ഇത്രമാത്രം വിമർശനങ്ങളുണ്ടായിട്ടും ഇതുപോലെയൊരു നിയമം ഈ സഭമുമ്പാകെ കൊണ്ടുവരാൻ അങ്ങയെ പ്രേരിപ്പിച്ച സംഗതിയെന്താണെന്ന് എനിക്കിപ്പോഴും മനസ്സിലാകുന്നില്ല. അഭിപ്രായവ്യത്യാസ മുള്ളവർ ഇപ്പുറത്തും അപ്പുറത്തുമുണ്ട്. പക്ഷേ സി.പി.ഐ.-ക്ക് ഒരു ആദർശത്തിന്റെ പരിവേഷമുണ്ടായിരുന്നു. ഈ ബിൽ വരുന്നതോടുകൂടി എല്ലാ ആദർശത്തിന്റെയും പരിവേഷം പൊളിയാൻ പോകുകയാണെന്നുള്ളതാണ് യാഥാർത്ഥ്യം.

മറ്റ് മന്ത്രിമാരുടെ പ്രസംഗത്തിലേയ്ക്കൊന്നും കടക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. 2011-2016 കാലഘട്ടത്തിൽ ഈ ബിൽ അവതരിപ്പിച്ചപ്പോൾ അങ്ങ് ഒരു ഭേദഗതി കൊണ്ടുവരികയുണ്ടായി. അന്ന് അങ്ങ് നടത്തിയ പ്രസംഗ ങ്ങളിലെ ചില വരികൾ ഞാൻ വായിച്ചുനോക്കി. വളരെയധികം പ്രതീക്ഷ നൽകു ന്നതായിരുന്നു അങ്ങയുടെ പ്രസംഗം. അതിൽ " 12-ാം കേരള നിയമസഭയാണ് നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം കൊണ്ടുവന്നത്. കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ട് 60 വർഷങ്ങൾ പൂർത്തിയാകുന്നവേളയിൽ, 60 വർഷംകൊണ്ട് സംസ്ഥാനത്ത് നഷ്ടപ്പെട്ട വയലുകളുടെ കണക്ക് ഞെട്ടിപ്പിക്കുന്നതാണ്. എന്നാൽ കഴിഞ്ഞ രണ്ട് ദശാബ്ദമായി കൃഷിഭൂമി ഉല്പാദനോപാധി എന്നതിൽനിന്നും മാറി ഒരു വില്പന ചരക്കാക്കിയതിന്റെ ഫലമായി അതിവേഗത്തിലാണ് നെൽവയലുകൾ നികത്തപ്പെട്ടുകൊണ്ടിരിക്കുന്നത്." അങ്ങയുടെ ആകുലത എനിക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നു. "വലിയ പാരിസ്ഥിതിക ദുരന്തത്തിലേയ്ക്കും കുടിവെള്ള ക്ഷാമത്തിലേയ്ക്കും ദൗർബല്യത്തിലേയ്ക്കും നാം പൊയ്ക്കൊണ്ടിരിക്കുകയാണ്" എന്നാണ്." കൃഷി ഭൂമിയുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന നിയമങ്ങളിലെ അപര്യാപ്തത പരിഹരിച്ചുകൊണ്ടാണ് പരിസ്ഥിതിയുടെയും കൃഷിയുടെയും സമഗ്ര സംരക്ഷണം ഉറപ്പാക്കിക്കൊണ്ട് 2008-ലെ നിയമം സഭ പാസ്സാക്കിയത്. എന്നാൽ കഴിഞ്ഞ

സർക്കാരിന്റെ കാലത്ത് ധനകാര്യ ബില്ലിന്റെ ഭാഗമായിവന്ന 3(എ) വകുപ്പ് 2008-ലെ നിയമത്തിന്റെ ലക്ഷ്യപ്രാപ്തിയെ അപകടപ്പെടുത്തുന്നതാണ്. 2008-നുമുമ്പ് നികത്തപ്പെട്ട ഭൂമിയുടെ ന്യായവിലയുടെ 25 ശതമാനം ഈടാക്കിക്കൊണ്ട് ക്രമവൽക്കരിച്ചു കൊടുക്കാനുള്ള വ്യവസ്ഥയാണ് ഇതിലൂടെ കൊണ്ടുവന്നത്" എന്നുതുടങ്ങി "ഇതിൽ 93088 അപേക്ഷകളാണ് യു.ഡി.എഫ്.-ന്റെ കാലത്ത് ലഭിച്ചതെങ്കിലും 86 അപേക്ഷകൾ മാത്രമേ ക്രമവൽക്കരിക്കപ്പെട്ടിട്ടുള്ളൂ. ഈ നിയമത്തെ അടിസ്ഥാനമാക്കി നിലവിലുണ്ടായിരുന്ന നിയമത്തെ ദുരുപയോഗം ചെയ്യുന്നതിലേയ്ക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. 2008-ന് മുമ്പുള്ളതാണെന്ന് പറയുന്നുണ്ടെങ്കിലും 2008-നുശേഷം നികത്തിയ സ്ഥലങ്ങൾ ഇതിൽ ഉൾപ്പെടില്ലായെന്ന് ഒരു ഉറപ്പുമില്ല". 2008-നുശേഷമുണ്ടായിരുന്നത് നികത്തപ്പെടുമോയെന്ന് അങ്ങേയ്ക്ക് വ്യാകുലതയുണ്ടായതു കൊണ്ടാണ് അങ്ങ് ഈ ഭേദഗതി കൊണ്ടുവന്നത്. ഈ സ്ഥിതി ഒരു നിമിഷംപോലും ഇവിടെ തുടരാൻ പാടില്ലായെന്ന് പറഞ്ഞാണ് അങ്ങ് ഈ ഭേദഗതി ബിൽ കൊണ്ടുവരുന്നത്. "സഭയിൽ കൊണ്ടുവരുന്ന വേളയിൽ ഇത് വളരെ അപകടകരമായൊരു സാഹചര്യത്തിലേയ്ക്കാണ് നയിക്കുന്നതെന്ന് ഭരണപക്ഷത്തുണ്ടായിരുന്നവർപോലും ചൂണ്ടിക്കാട്ടുന്നു". ഇപ്പോഴും അതിലേറെ അപകടത്തിലേയ്ക്കാണ് പോകുന്നതെന്ന് അങ്ങയുടെ കക്ഷിയിൽപ്പെട്ട നേതാക്കന്മാരുടെ ഭേദഗതിയെടുത്ത് പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയുമെന്നാണ് എനിക്ക് പറയാനുള്ളത്. "അവർ ഭയപ്പെട്ടതുപോലെ സംഭവിച്ചിരിക്കുകയാണ്. സഭയുടെയും സർക്കാരിന്റെയും സമൂഹത്തിന്റെയും പൊതുവികാരമാണ് സുശക്തമായ നെൽവയൽ-തണ്ണീർത്തട നിയമവും അതിന്റെ പരിപാലനവും. ആ ബാദ്ധ്യത നിറവേറ്റാനാണ് ഈ ബിൽ അവതരിപ്പിക്കുന്നതെന്ന്" അങ്ങ് പറയുകയുണ്ടായി. ആ ബാദ്ധ്യത നിറവേറ്റാനാണ് ഈ ഭേദഗതി കൊണ്ടുവന്നതെങ്കിൽ അന്ന് അങ്ങ് പറഞ്ഞ വാക്കുകളൊക്കെ അസ്ഥാനത്താകുകയല്ലേ? അന്ന് അങ്ങ് നടത്തിയ പ്രസ്താവനയിൽ അങ്ങേയ്ക്കും അങ്ങയുടെ പാർട്ടിക്കും ഇന്ന് ഉറച്ചുനിൽക്കാൻ കഴിയുന്നുണ്ടോ?

ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ, ഈ നിയമത്തിൽ ആകെ 30 ക്ലാസ്സാണുള്ളത്. 30 ക്ലോസിൽ 14 ക്ലോസുകളിലും ഭേദഗതി വരുത്തിക്കഴിഞ്ഞു. അതിനേക്കാൾ പുതിയൊരു ബിൽ കൊണ്ടുവരുന്നതല്ലേ നല്ലത്. ഇങ്ങനെയൊരു ഭേദഗതിയുണ്ടോ? യഥാർത്ഥത്തിൽ നെൽവയൽ- തണ്ണീർത്തട (ഭേദഗതി) ബിൽ എന്നുപറയുന്നതിൽത്തന്നെ അർത്ഥമില്ലാതായിരിക്കുകയാണ്. ആ ബിൽ തന്നെ നാമാവശേഷമാക്കി തകർത്തിരിക്കുകയാണ്. അങ്ങയുടെ മുൻഗാമികൾ പണിപ്പെട്ട് കൊണ്ടുവന്ന ഈ ബിൽ യഥാർത്ഥത്തിൽ ഇപ്പോൾ അതിന്റെ എല്ലാ കെട്ടും മട്ടും രൂപവും അർത്ഥവുമെല്ലാം പോയി വെറും പുറംതോട് മാത്രമാണ്. ഷെയ്പ്പ് നഷ്ടപ്പെട്ട ഒരു തൊപ്പി പോലെയായിരിക്കുകയാണ്. ഇതിനകത്ത് യാതൊന്നുമില്ല. ഈ

ഭേദഗതി ബില്ലിനെക്കുറിച്ച് സി.പി.ഐ.-യുടെ നിലപാട് എന്താണ്? സി.പി.ഐ.-യിലെ പതിമൂന്നോളം എം.എൽ.എ.-മാർ ഇതിൽ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. അതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. സി.പി.ഐ.-യിലെ എം.എൽ.എ.-മാർക്ക് ആ ഭേദഗതിയിൽ ഉറച്ചുനിൽക്കാൻ കഴിയുമോ? ആ ഭേദഗതികൾ അങ്ങേയ്ക്ക് സ്വീകരിക്കാൻ കഴിയുമോ? അഥവാ ആ ഭേദഗതി സ്വീകരിച്ചാൽ ഈ നിയമം നിലനിൽക്കുമോ? അങ്ങ് ഒഫിഷ്യൽ ഭേദഗതി കൊണ്ടുവരുമെന്നാണ് ഞാൻ വിചാരിച്ചത്. സി.പി.ഐ.-യിലെ ആർജ്ജവമുള്ള ജനപ്രതിനിധികൾ സബ്ജക്ട് കമ്മിറ്റിയിൽ ഘോരഘോരം പോരാടുന്നത് കണ്ടപ്പോൾ ഞങ്ങൾക്ക് അഭിമാനം തോന്നുകയുണ്ടായി. ഞങ്ങളും അവരോടൊപ്പം കൂടി. അവർ പറയുന്നത് കാര്യമാണ്. പക്ഷേ അതിൽ ഉറച്ചുനിന്ന് സംസാരിക്കാൻ അവർക്ക് കഴിയുമോയെന്ന് എനിക്ക് സംശയമാണ്. ബഹുമാനപ്പെട്ട മുല്ലക്കര രത്നാകരനെ കാണുന്നില്ല, എത്ര മനോഹരമായിട്ടാണ് അദ്ദേഹം പ്രസംഗിച്ചത്. ഒ.എൻ.വി.യുടെ കവിതകൾ, സുഗതകുമാരി ടീച്ചറിന്റെ വരികൾ, അയ്യപ്പപണിക്കരുടെ കവിതകൾ അതൊന്നും ഇപ്പോൾ എവിടെയും കേൾക്കാനില്ല. ഇപ്പോളത് ഭൂമിയുടെ ചരമഗീതം മാത്രമായി മാറിയിരിക്കുകയാണ്. ഇത് വളരെ നിർഭാഗ്യകരമാണ്. രണ്ടാം ഉപവകുപ്പിൽ 239 മുതൽ 248 വരെയുള്ള ഭേദഗതികൾ, സി.പി.ഐ.-യുടെ അംഗങ്ങൾ ഒരോരുത്തരും നൽകിയിട്ടുള്ളത് ഒരേ അർത്ഥത്തിലുള്ള ഭേദഗതികളാണ്. ആ ഭേദഗതികൾ ഐകകണ്ഠ്യേന സ്വീകരിക്കാൻ സാധിക്കുമോ? സി.പി.ഐ.-യുടെ അംഗങ്ങൾ കൊണ്ടുവന്ന ഭേദഗതികൾ ഞങ്ങൾ അംഗീകരിക്കാം. സ്വകാര്യ വ്യക്തികൾക്ക് വയൽ നികത്താൻ അനുമതി നൽകാൻ പാടില്ലെന്ന രീതിയിലുള്ള ഭേദഗതികളാണത്. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം ഏതാണ്ട് 10 മാസക്കാലമായി ഓർഡിനൻസ് മുഖേന ഇവിടെ നിലനിൽക്കുകയാണ്. ആ ഓർഡിനൻസ് കൊണ്ട് എന്ത് നേടാൻ കഴിഞ്ഞു? എത്ര തണ്ണീർത്തടങ്ങൾ നിങ്ങൾക്ക് സംരക്ഷിക്കാൻ കഴിഞ്ഞു? ഈ ഓർഡിനൻസിന്റെ അർജൻസി എന്തായിരുന്നു? ഏത് നെൽവയൽ സംരക്ഷിക്കുന്നതിനാണ് ഏത് ഭൂമി പിടിച്ചെടുക്കുന്നതിനുവേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നതെന്ന് അങ്ങ് പറയണ്ടേ? ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ ആറന്മുളയിലെ നെൽവയലിൽ വിത്തെറിഞ്ഞ ആളാണല്ലോ; ഈ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ഉണ്ണിക്കുളം വില്ലേജിലും പൂത്തൂർ വില്ലേജിലും ഭൂമി നികത്തിയിട്ടുണ്ട്. എറണാകുളം പുത്തൻകുരിശ് വില്ലേജിൽ 13 ഏക്കർ ഭൂമി നികത്തിയിട്ടുണ്ട്. ഗവൺമെന്റിന്റെ എന്ത് ആവശ്യത്തിനുവേണ്ടിയാണ് ഈ ഭൂമി നികത്തിയത്? തിരുവനന്തപുരം ആറ്റിപ്ര വില്ലേജിൽ 21 ഏക്കർ ഭൂമി നികത്തിയിട്ടുണ്ട്. എന്ത് നെൽകൃഷിയാണ് അവിടെ സംരക്ഷിക്കുന്നത്? മെഡിക്കൽ കോളേജ് വന്നോ; റെയിൽവേയ്ക്ക് ഭൂമി കൊടുത്തോ; ആശുപത്രി വന്നോ; വില്ലേജ് ഓഫീസ് ഉണ്ടാക്കിയോ; ഗവൺമെന്റിന്റെ എന്തെങ്കിലുമൊരു പ്രോപ്പർട്ടി അവിടെ

ഉണ്ടാക്കിയിട്ടുണ്ടോ? അതുതന്നെയല്ലേ ആറന്മുളയിലും ഉണ്ടായിട്ടുള്ളത്. അതിനപ്പുറം എന്ത് കാര്യമാണ് ഈ ഓർഡിനൻസുകൊണ്ട് നിങ്ങൾക്ക് നേടിയെടുക്കാൻ സാധിച്ചത്? അപ്പുറത്തിരിക്കുമ്പോഴും ഇപ്പുറത്തിരിക്കുമ്പോഴും വളരെ ആവേശത്തോടെ പ്രസംഗിച്ച ആളാണല്ലോ ശ്രീ. വി. എസ്. സുനിൽ കുമാർ. നാല് സ്ഥലങ്ങളിലെ കാര്യം ഞാൻ പറഞ്ഞു, ബാക്കികൂടി പറയാനുണ്ട്. ഇതിനപ്പുറം എന്താണ് ഈ ഓർഡിനൻസുകൊണ്ട് നേടിയെടുക്കാൻ കഴിഞ്ഞത്? ഇത് ആരെ തൃപ്തിപ്പെടു ത്താനാണ്; ഏത് കർഷക തൊഴിലാളിയെ, ഏത് പാവപ്പെട്ടവനെ സംരക്ഷിക്കാൻ വേണ്ടിയാണ്; ഒരു നെൽമണിയെങ്കിലും അവിടെ ഉണ്ടാകുമോ? എന്ത് ആവശ്യത്തിനു വേണ്ടിയാണ് നികത്തിയത്?

<u>ശ്രീ. പി. കെ. ബഷീർ:</u> സർ, മതസംഘടനയുടെ പ്രമുഖനായൊരു നേതാവിനുവേണ്ടിയാണ് കഴിഞ്ഞ ക്യാബിനറ്റിൽ ഈ നിയമപ്രകാരം മൂന്നര ഏക്കർ നിലം നികത്തുന്നതിന് അനുവാദം നൽകിയത്. ഇതാണോ ഓർഡിനൻസിന്റെ അർജൻസി?

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, അങ്ങ് ഈ നിയമവുമായി ബന്ധപ്പെട്ട് കവിതകളും അതുപോലെ കവികളുടെയും കവയത്രികളുടെയും പേര് പറഞ്ഞു. ശ്രീമതി സുഗതകുമാരി ടീച്ചർ നമ്മൾ ചർച്ച ചെയ്യുന്ന ഈ നിയമത്തെക്കുറിച്ച് പറഞ്ഞ വാക്കുകളുണ്ട്. 'സഖാക്കളെ, നിങ്ങളുടെ കൈകൾകൊണ്ട് കേരളത്തിലെ അവസാനത്തെ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഉദകക്രിയ ചെയ്യരുത് ദയവായി' എന്ന് ശ്രീമതി സുഗതകുമാരി ടീച്ചർ വിലപിക്കുന്നു. ഈ നിയമത്തെ ക്കുറിച്ച് പത്രങ്ങളിൽ വന്ന ചർച്ചകളിൽ ശ്രീമതി സുഗതകുമാരി ടീച്ചർ കൊടുത്ത കമന്റാണിത്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ നിയമത്തിൽ പ്രാദേശിക സമിതികളെയും മറ്റെല്ലാ സമിതികളെയും നോക്കുകുത്തിയാക്കി എന്ന കാര്യവും പറഞ്ഞു. വ്യാപകമായ നികത്തലിനുള്ള സൗകര്യം ഇതുവഴി ചെയ്യുകയാണ്. നിലവിലുള്ള നിയമത്തിലെ 5-ാം വകുപ്പിൽ നാലാം ഉപവകുപ്പിന്റെ നാലാം ഇനമായി സമിതിക്ക് അധികാരത്തിലുള്ള പ്രദേശത്ത് ഈ ആക്ട് പ്രാബല്യത്തിൽ വന്ന തീയതിക്കുമുമ്പ് തൽസമയം പ്രാബല്യത്തിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി രൂപാന്തരപ്പെടുത്തിയിട്ടുള്ള നെൽവയലുകളെ സംബന്ധിച്ച വിവരങ്ങൾ സമാഹരിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് റിപ്പോർട്ട് നൽകുകയെന്ന പ്രാദേശിക സമിതിയുടെ ചുമതല ഈ ഭേദഗതിയോടെ ഇല്ലാതായിരിക്കുകയാണ്. പ്രാദേശിക സമിതികൾ ഈ വക കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതില്ലെന്ന വ്യക്തമായ സന്ദേശമാണ് നൽകുന്നത്. 27 എ മുതൽ 27 സി വരെയുള്ള വകുപ്പിൽ നീരൊഴുക്ക് തടസ്സപ്പെടുത്തു ന്നില്ലെന്ന് ഉറപ്പുവരുത്തി പരിവർത്തനത്തിന് ആർ.ഡി.ഒ.യ്ക്ക് അനുമതി നൽകാമെന്നാണ് പറയുന്നത്. ഇതുപോലെ ഇനിയും നിരവധി കാര്യങ്ങൾ പറയാനുണ്ട്. ഈ നിയമം

കേരളീയ സമൂഹത്തിന് സ്വീകാര്യമല്ലെന്നും നമ്മുടെ സാംസ്കാരിക നായകന്മാരും രാഷ്ട്രീയ നേതാക്കളുമൊക്കെ എതിർക്കുന്നതാണെന്നും ഇത്തരം കാര്യങ്ങളിലൂടെ വ്യക്തമാണ്. അത് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

4.00 PM]

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, നിലവിലുള്ള നിയമം അനുസരിച്ച് ഇത് കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ലെന്ന് എഴുതിച്ചേർത്തിട്ടുണ്ട്. ആർട്ടിക്കിൾ 21 അനുസരിച്ച് ശുദ്ധവായുവും ശുദ്ധജലവും കിട്ടാനുള്ള അവകാശം അംഗീകരിച്ചുകിട്ടാൻ ഏതൊരു കോടതിയിലും എവിടെയും നിലവിലുള്ള നിയമമനുസരിച്ച് മുന്നോട്ട് പോകാം. ഇതിനെ ആരും ചോദ്യം ചെയ്യാൻ പാടില്ലെന്നുകൂടി പറഞ്ഞിട്ടുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. ഉമ്മർ: തീർച്ചയായും ഇപ്പറഞ്ഞ കാര്യങ്ങളൊക്കെ വളരെ പ്രസക്തമാണ്. നിയമപരമായ ഒന്നുരണ്ട് കാര്യങ്ങൾ മാത്രം പറയാം. ഇതിൽ 'മറ്റ് പദ്ധതികളുടെയും പ്രോജക്ടുകളുടെയും' എന്നീ വാക്കുകൾക്കുപകരം 'മറ്റ് സർക്കാർ പ്രോജക്ടുകളുടെയും പദ്ധതികളുടെയും' എന്നൊരു ഭേദഗതി ബഹുമാനപ്പെട്ട കെ. രാജൻ നൽകിയിട്ടുണ്ട്. ഇത് ശ്രീ. കെ. രാജന്റെ ഒറ്റപ്പെട്ടൊരു ഭേദഗതിയല്ല. ശ്രീ. എൽദോ എബ്രഹാം, ശ്രീ. കെ. രാജൻ, ശ്രീ. ചിറ്റയം ഗോപകുമാർ, ശ്രീ. ജി. എസ്. ജയലാൽ, ശ്രീ. ആർ. രാമചന്ദ്രൻ, ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, ശ്രീമതി ഇ. എസ്. ബിജിമോൾ, ശ്രീ. മുഹമ്മദ് മുഹസിൻ പി. തുടങ്ങി സി.പി.ഐ.-യുടെ മറ്റ് എം.എൽ.എ.-മാരും ഭേദഗതികൾ നൽകിയിട്ടുണ്ട്. സി.പി.ഐ.-യുടെ മന്ത്രിമാരാരും ഭേദഗതി നൽകിയിട്ടില്ല. സി.പി.ഐ.-യുടെ പാർലമെന്ററി പാർട്ടിയുടെ തീരുമാനമാണിത്. സി.പി.ഐ.-യുടെ പാർലമെന്ററി പാർട്ടി അംഗങ്ങൾ ഈ ഭേദഗതികൾ മൂവ് ചെയ്യുമോ? മൂവ് ചെയ്ത് ഞങ്ങളോടൊപ്പംനിന്ന് വോട്ട് ചെയ്യുമോ? അതല്ല ഇത് ജനങ്ങളെയും ഞങ്ങളെയും പറ്റിക്കാനുള്ള ഇടപാടാണെങ്കിൽ നേരത്തെ പറഞ്ഞ ആദർശത്തിന്റെ പൊയ്മുഖം നിങ്ങൾ ഇവിടെ അഴിച്ചുവയ്ക്കണം. ഇനി നിങ്ങൾ ആദർശം പറയരുത്. ഇതിൽ നിങ്ങൾ ഉറച്ചുനിൽക്കണം. ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിയിൽ നിന്നുള്ള ആളുകൾ ഇതേ അഭിപ്രായം സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞപ്പോൾ അങ്ങേയ്ക്ക് അത് സ്വീകരിക്കുന്നതിന് എന്താണ് തടസ്സമുണ്ടായത്? ആരെയാണ് അങ്ങ് പേടിക്കുന്നത്; സി.പി.ഐ.-യെക്കാൾ പേടിക്കാൻ വേറെ ആരെങ്കിലുമുണ്ടോ; അങ്ങ് ഒരുകാലത്തും ആരെയും പേടിച്ചിട്ടില്ലല്ലോ? ഈ ബിൽ വന്നപ്പോൾ എന്തുകൊണ്ട് അങ്ങ് പേടിച്ചുപോയിയെന്നാണ് അറിയേണ്ടത്? സി.പി.ഐ.-യുടെ പാർലമെന്ററി പാർട്ടി കൊണ്ടുവന്ന ഭേദഗതി സ്വീകരിക്കുമെന്നാണെങ്കിൽ പിന്നെ ഈ ബില്ലിൽ വീണ്ടും പ്രശ്നങ്ങളാണ്. '16. റദ്ദാക്കലും ഒഴിവാക്കലും

- (1) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് (2018-ലെ 30) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.' എന്നുപറഞ്ഞാൽ ഈ നിയമം പ്രാബല്യത്തിൽ വരുന്നതോടുകൂടി ഓർഡിനൻസ് ഇല്ലാതാകും. ക്ലോസ് (2)-ൽ 'അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്ടിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.' അതായത് ഞാൻ നേരത്തെ പറഞ്ഞതുപോലെ നികത്തപ്പെട്ട ഭൂമിയൊക്കെ ഹലാലാക്കിക്കൊടുത്തു. നിങ്ങളുടെ ഭേദഗതി സ്വീകരിച്ചാൽ നികത്തപ്പെട്ട ഭൂമികൾ വീണ്ടും പൂർവ്വസ്ഥിതിയിലാക്കാൻ, നെൽവയലാക്കാൻ സാധിക്കുമോ? എന്തായാലും സർക്കാരിന്റെ ആവശ്യത്തിനല്ല ഈ ഭൂമികൾ നികത്തപ്പെട്ടത്. ഈ ആക്ട് പ്രകാരം സി.പി.ഐ. അംഗങ്ങളുടെ ഭേദഗതി അംഗീകരിക്കുകയാണെങ്കിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലുള്ള സർക്കാരിന്റേതല്ലാത്ത ആവശ്യത്തിനായി തെരഞ്ഞെടുത്ത് നികത്തപ്പെട്ട ഭൂമി പൂർവ്വസ്ഥിതിയിലാക്കാൻ അങ്ങേയ്ക്കും ഈ നിയമത്തിനും സാധ്യമാകുമോ? ആറന്മുളയിൽ നെല്ല് വിതച്ചതുപോലെ ഇത് നിങ്ങൾക്ക് സാധ്യമാകുമോ എന്നതാണ് എന്റെ ചോദ്യം? ഇല്ലെങ്കിൽ റദ്ദാക്കലും ഒഴിവാക്കലും ക്ലോസ് ഒഴിവാക്കണം. അത് സാധ്യമാകും, ഇതിലെ സേവിംഗ് ക്ലോസ് ഒഴിവാക്കിയാൽ മതി. അതിന് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ? അതല്ല ജനങ്ങളെ പറ്റിക്കുന്ന ഏർപ്പാടാണെങ്കിൽ കേരള സമൂഹത്തിൽ ഇത് വളരെ ഗുരുതരമായ പ്രത്യാഘാതം ഉണ്ടാക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക്, 2016 ജൂലൈ 16-ലെ അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ, ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാറ്റാ ബാങ്ക് ഉണ്ടാക്കുന്നതിനുള്ള നടപടികൾ കഴിഞ്ഞ സർക്കാർ നിർത്തിവച്ചത് ഒരു വർഷംകൊണ്ട് ഏറ്റവും ആധുനികമായ ഐ.റ്റി. സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ട് പൂർത്തീകരിക്കുന്നതിന് ഒരു യജ്ഞം ആരംഭിക്കാൻ പോകുകയാണെന്നും ഇതിനായി 5 കോടി രൂപ അധികമായി വകയിരുത്തുന്നു എന്നും പറഞ്ഞിട്ടുണ്ട്. 2017-ഉം കഴിഞ്ഞ് 2018-ജൂലൈ മാസമായി. ശാസ്ത്രീയമായി എത്ര ഡാറ്റാ ബാങ്കാണ് നിങ്ങൾക്ക് പൂർത്തീകരിക്കാൻ കഴിഞ്ഞത്? ഡാറ്റാ ബാങ്ക് പൂർത്തീകരിക്കാൻ കഴിയാത്തതുകൊണ്ട്, നേരത്തെ കുഞ്ഞിമാളു എന്ന പേര് മാറ്റി കുട്ടിമാളു എന്നാക്കിയ മാതിരി, അതിന് 'വിജ്ഞാപനം ചെയ്യാത്ത ഭൂമിയെന്ന' പുതിയ പേരിട്ട് ഇറക്കിയിരിക്കുകയാണ്. അതുപോലെ പേരിൽ മാറ്റം വരുത്തിയെന്നല്ലാതെ മറ്റെന്താണ് അതിനകത്തുള്ളത്? ഇത് ജനങ്ങളോട് കാണിക്കുന്ന തട്ടിപ്പാണ്.

എന്തിനാണ് ഈ ഗവൺമെന്റ് ഇങ്ങനെ മുന്നോട്ടുവരുന്നത്. നിങ്ങളുടെ ആവശ്യമെന്താണെന്ന് ജനങ്ങളോട് തുറന്നുപറയണം. സർക്കാർ ആവശ്യത്തിനാണ് ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ അത് ഇന്നയിന്ന സർക്കാർ ആവശ്യങ്ങൾ ക്കാണെന്നുള്ളത് കൃത്യമായി നിർവ്വചിക്കണം. സർക്കാർ എന്നാൽ കേരള സർക്കാരാണ്. അതൊന്നും പറഞ്ഞുതരേണ്ട കാര്യമില്ലല്ലോ; നിയമ വകുപ്പിന്റെ ശക്തമായ പിൻബലം നിങ്ങൾക്കുണ്ടല്ലോ? നിങ്ങൾക്ക് ആവശ്യമില്ലാത്തതുകൊണ്ടാണ് നിയമ വകുപ്പ് ഡ്രാഫ്റ്റ് ചെയ്ത് തരാത്തത്. നിങ്ങൾ പറയുന്നതനുസരിച്ച് നിയമ വകുപ്പ് ഡ്രാഫ്റ്റ് ചെയ്ത് തരും. സർക്കാർ എന്നാൽ കേരള സർക്കാരാണ് എന്നുള്ളതും സർക്കാർ ആവശ്യത്തിനെന്ന് പറഞ്ഞാൽ ഇന്നയിന്ന ആവശ്യത്തിനാണെന്നുള്ളതും കൃത്യമായി നിർവ്വചിക്കാൻ നിങ്ങൾ ആവശ്യപ്പെട്ടാൽ നിയമ വകുപ്പ് ഡ്രാഫ്റ്റ് ചെയ്ത് തരും. രണ്ടിനും പറ്റാത്ത വിധത്തിൽ നിങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരി ക്കുന്നതിനുവേണ്ടി ഏത് ഭൂമിയും കാശുള്ളവർക്ക് നികത്തിക്കൊടുക്കുന്നതിനുവേണ്ടി ചെയ്ത ശുദ്ധമായ അഴിമതിക്ക് കൊടിപിടിക്കുന്ന ഒരു നിയമമാണ് ഉണ്ടാക്കി ക്കൊടുത്തത് എന്ന തിരിച്ചറിവ് സി.പി.ഐ.-യുടെ കുറച്ചംഗങ്ങൾക്കെങ്കിലുമുണ്ട്. കുറച്ചുപേരെ കുറച്ചുകാലത്തേയ്ക്ക് പറ്റിക്കാമെങ്കിലും എല്ലാവരേയും എല്ലാക്കാലത്തും പറ്റിക്കാമെന്ന് നിങ്ങൾ വിചാരിക്കണ്ട. എല്ലാവരേയും എല്ലാക്കാലത്തും പറ്റിക്കാൻ കഴിയില്ല എന്നുള്ള ആപ്തവാക്യം സി.പി.ഐ. ഓർത്തിരിക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സി.പി.ഐ.(എം.) അവരുടെ അജണ്ട നടപ്പിലാക്കി ക്കൊണ്ടിരിക്കുകയാണ്. അങ്ങനെ തന്നെയാണ് ചെയ്യേണ്ടത്. അല്ലാതെ ഇവർ പറയുന്നതനുസരിച്ച് ചെയ്തുകൊണ്ടിരിക്കുകയല്ല. അത് നിങ്ങൾ ചെയ്യിപ്പിച്ചോളൂ. അതിൽ എനിക്ക് അഭിപ്രായവ്യത്യാസമില്ല. പക്ഷേ ബില്ലിനെ സംബന്ധിച്ച് അഭിപ്രായവ്യത്യാസം വേറെയുണ്ടെന്നേയുള്ളൂ. ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് സുചിന്തിതമായി എടുത്ത അഭിപ്രായമാണ് ഞാൻ ഇവിടെ പറഞ്ഞത്. ഇനി യു.ഡി.എഫ്.-ന്റെ അഭിപ്രായം പ്രതിപക്ഷ നേതാവ് പറയും. പത്തുമിനിറ്റ് ഇരുന്നാൽ അതും കേൾക്കാം. എല്ലാ കാര്യങ്ങൾക്കും അഭിപ്രായം പറയുന്ന ആളല്ലേ ശ്രീ. സി. ദിവാകരൻ. ഇതിൽ ഭേദഗതി കൊണ്ടുവരാത്ത ആൾ എന്ന നിലയിൽ അങ്ങ് അഭിപ്രായം പറഞ്ഞാൽ നന്നായിരിക്കും. നിഷ്പക്ഷമായി ഒരഭിപ്രായം പറയാമല്ലോ? മുതിർന്ന നേതാവെന്ന നിലയ്ക്ക് അങ്ങയുടെ അഭിപ്രായം പറയണം. ശ്രീ. സി. ദിവാകരനെപ്പോലെയുള്ള പരിണിതപ്രജ്ഞനായ ഒരു കമ്മ്യൂണിസ്റ്റുകാരൻ ഇതിനെക്കുറിച്ച്, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അഭിപ്രായം ഇതല്ലായെന്ന് പറയണം. ലീഗിന്റെ അഭിപ്രായം ഞാൻ പറഞ്ഞു. ലീഗിന് പിന്നൊരു അഭിപ്രായമില്ലല്ലോ? ഇതല്ല ലീഗിന്റെ അഭിപ്രായമെന്ന് വേറെ ഒരാൾ പറഞ്ഞാലല്ലേ പ്രശ്നമുള്ളൂ.

ഡാറ്റാ ബാങ്കിന്റെ രൂപീകരണം - ഡാറ്റാ ബാങ്കിന്റെ രൂപീകരണം സർവ്വേ ചെയ്യാത്ത ഭൂമിയുടേത് പോലെയാണ്. ഒരിക്കലും തീർത്താൽ തീരാത്ത പ്രശ്നമാണ്. 300 പഞ്ചായത്തെന്ന് പറഞ്ഞു. ആ 300 പഞ്ചായത്ത് തീർത്തുകൂടേ? നേരത്തെ ബഹുമാനപ്പെട്ട സുനിൽ കുമാർ വളരെ ശാസ്ത്രീയമായി ഗൂഗിൾ മാപ്പ് ഉപയോഗപ്പെടുത്തി 300 എന്നുള്ളത് എടുത്താൽ പോരെ; അത് നോട്ടിഫൈ ചെയ്താൽ പോരെ എന്നുപറഞ്ഞു. അത് സാധ്യമല്ല. പഴയ സി.പി.ഐ. അല്ല, പഴയ സുനിൽ കുമാറല്ല ഇപ്പോഴത്തെ കൃഷി വകുപ്പുമന്ത്രിയായിരിക്കുന്നതെന്നതാണ് മാറ്റം. എന്തൊരു മാറ്റമാണ് അങ്ങേയ്ക്ക്. അതുമാത്രമല്ല, ബി.ടി.ആർ-ൽ കാതലായ മാറ്റം വരുത്താൻ നിങ്ങൾ വിചാരിച്ചതുപോലെ കഴിയില്ല. ജലജ ദിലീപ് Vs. ആർ.ഡി.ഒ. എറണാകുളം കേസ്സിൽ സുപ്രീംകോടതിയുടെ വിധി അങ്ങ് വായിച്ചുനോക്കണം. ആ വിധി കൃത്യമാണ്. നിങ്ങൾ ഉദ്ദേശിച്ചതുപോലെ വില്ലേജ് ഓഫീസറെക്കൊണ്ട് ബി.ടി.ആർ. മുഴുവനും തിരുത്തിക്കാമെന്ന് വിചാരിക്കണ്ട. അത് പാടില്ലെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി കൃത്യമായി പറഞ്ഞിട്ടുണ്ട്. അതുകൂടി വായിച്ചുനോക്കണം. ഒരു നിയമവും ഞങ്ങൾക്ക് ബാധകമല്ല, നിയമം പാസ്സാക്കിയാൽ മതിയെങ്കിൽ പാസ്സാക്കിക്കോളൂ. ഈ നിയമം പാസ്സാക്കിയാൽ പഴയ നിയമം പാസ്സാക്കിയതുപോലെ ആകില്ല. നിങ്ങൾ അനുഭവിക്കേണ്ടിവരും. അതിരപ്പിള്ളിയെക്കുറിച്ചുള്ള നിങ്ങളുടെ നിലപാട് ഈ മാറിയ സാഹചര്യത്തിലെന്താണ്? ഓരോന്നിനെ സംബന്ധിച്ചും സി.പി.ഐ. നിലപാട് മാറ്റിക്കൊണ്ടിരിക്കുകയാണ്; നല്ല കാര്യം. കാലത്തിനനുസരിച്ച് അഭിപ്രായം മാറുകയാണെങ്കിൽ കുഴപ്പമില്ല. ഞാൻ ഇവിടെ മുഴുവൻസമയവും ഉണ്ടാകും. ശ്രീ. എ. എം. ആരിഫിന് എപ്പോൾ വേണമെങ്കിലും ഇടപെടാം. എന്റെ പഴയ പ്രസംഗത്തെ കുറിച്ച് എനിക്ക് നല്ല ബോധ്യമുണ്ട്. ഞാൻ അത് വായിച്ചുനോക്കി. കൃഷിഭൂമി സംരക്ഷണമെന്ന രീതിയിൽ കർഷകരുടെ കണ്ണുനീരിനെക്കുറിച്ച് ഞാൻ പറഞ്ഞിട്ടുണ്ട്. ഒരു സംശയവുമില്ല. ശ്രീ. ആരിഫിന് വേണമെങ്കിൽ ഇപ്പോൾ ഇടപെടാം, സ്വാതന്ത്ര്യമുണ്ട്. സംസാരിക്കാൻ വെറും അഞ്ച് മിനിറ്റുള്ളപ്പോൾ നിങ്ങൾ ഇടപെടുന്നതുപോലെ ഒന്ന് ഇടപെട്ടുനോക്കൂ. ഇന്ന് ഇഷ്ടംപോലെ സമയമുണ്ട്. ഇന്ന് ഓണമാണ്, ആർക്കുവേണമെങ്കിലും ഇടപെടാം.

ഉദ്യോഗസ്ഥർക്ക് അമിതാധികാരം-പ്രാദേശിക വികസന സമിതിയെ എന്തിനാണ് നിഷ്ക്രിയമാക്കിയത്? നിങ്ങൾ വന്ന് രണ്ട് വർഷത്തിനുള്ളിൽ പ്രാദേശിക വികസന സമിതിയുടെ എന്തെങ്കിലും അഭിപ്രായം നിങ്ങൾ കേട്ടിട്ടുണ്ടോ; അത് നിങ്ങൾ പിരിച്ചുവിട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനെക്കാൾ ഇഫക്ടീവായ ഒരു സമിതി നിങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ? നിങ്ങൾക്ക് ആകെ വിശ്വാസമുള്ളത് വില്ലേജ് ഓഫീസർ, ആർ.ഡി.ഒ, കളക്ടർ എന്നിവരെയാണ്. വില്ലേജ് ഓഫീസർ വിട്ടാൽ നേരെ ആർ.ഡി.ഒ., പിന്നെ കളക്ടർ. ഈ മൂന്ന് പേരെയല്ലാതെ വേറെ ആരെയും

നിങ്ങൾക്ക് വിശ്വാസമില്ല. അങ്ങനെ കണ്ണടച്ച് വിശ്വസിക്കാൻ പറ്റുന്നവരാണോ നമ്മുടെ മുഴുവൻ ഉദ്യോഗസ്ഥരും. എന്നാൽ പിന്നെ ഞങ്ങൾ വേണ്ടല്ലോ; മുഴുവൻ ഉദ്യോഗസ്ഥരെ ഏൽപ്പിച്ചാൽ മതിയല്ലോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഉദ്യോഗസ്ഥർക്ക് അമിതാധികാരമാണെന്ന് അങ്ങ് പറഞ്ഞു. ഇപ്പോൾ കളക്ടർ എടുക്കുന്ന തീരുമാനത്തെ സിവിൽ കോടതിയിൽ പോലും ചോദ്യം ചെയ്യാൻ പാടില്ലെന്നുമാത്രമല്ല, അതിനെതിരെ അപ്പീൽ കൊടുക്കാനുള്ള അധികാരം പോലുമില്ല. സംസ്ഥാന സർക്കാർ ജനങ്ങൾ തെരഞ്ഞെടുത്ത ഒരു സമിതിയാണ്. സർക്കാരിലേയ്ക്ക് അപ്പീൽ കൊടുക്കാനുള്ള സംവിധാനംപോലും ഈ ബില്ലിൽ ഇല്ലെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, തീർച്ചയായും. അതാണ് ഞാൻ പറഞ്ഞുവരുന്നത്. ഉദ്യോഗസ്ഥരെ വിശ്വാസമാണ്, എന്നാൽ താഴെത്തട്ടിലുള്ള പഞ്ചായത്ത് പ്രസിഡന്റിനെയും മുനിസിപ്പാലിറ്റി ഉദ്യോഗസ്ഥരെയും വിശ്വാസമില്ല. ഞങ്ങൾ ഭരിക്കുന്ന പഞ്ചായത്തുകൾ വളരെ കുറച്ചേയുള്ളൂ. ബഹുഭൂരിപക്ഷം ഭരിക്കുന്നത് എൽ.ഡി.എഫ്. ആണ്. ബഹുഭൂരിപക്ഷം വരുന്ന എൽ.ഡി.എഫ്.-ന്റെ ചെയർപേഴ്സണോ പഞ്ചായത്ത് പ്രസിഡന്റോ ആയിരിക്കും അതിൽ ഒരംഗം. പിന്നീടുണ്ടാകുന്നത് കൃഷി വകുപ്പിലെ ഒരുദ്യോഗസ്ഥനാണ്. അത് ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാറിന്റെ വകുപ്പല്ലേ; രണ്ടാമത്തേത് വില്ലേജ് ഓഫീസറല്ലേ; യഥാർത്ഥത്തിൽ ജനപ്രതിനിധികളെ മുഴുവൻ നിങ്ങൾ പേടിക്കുകയാണോ?

ശ്രീ. പി. ടി. തോമസ്: സർ, ഈ നിയമത്തെ കീറിമുറിച്ച് വിശകലനം ചെയ്യുന്ന കൂട്ടത്തിൽ ഏറ്റവും അവസാനം അങ്ങ് പറഞ്ഞത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. ഈ കാര്യങ്ങൾ ഉദ്യോഗസ്ഥർക്ക് അതായത് വില്ലേജ് ഓഫീസർ, ആർ.ഡി.ഒ., കളക്ടർ തുടങ്ങിയവർക്ക് വിട്ടുകൊടുത്താൽ എന്താകുമെന്നുള്ളതാണ്. ഞാൻ ഒരു ചെറിയ ഉദാഹരണം പറയാം. ദയവായി ഭരണപക്ഷത്തിരിക്കുന്നവർ ബഹളമുണ്ടാക്കരുത്. ഇടുക്കിയിൽ ദേവികുളം ആർ.ഡി.ഒ. ഇടുക്കി എം.പി.-യുടെ ഭൂമി കയ്യേറ്റ പട്ടയം റദ്ദാക്കി. ആർ.ഡി.ഒ. റദ്ദാക്കിയ ആ ഫയൽ ഇടുക്കി കളക്ടർക്ക് കൊടുത്തു. കളക്ടർ കഴിഞ്ഞ 9 മാസമായി ഒരു തീരുമാനവുമെടുത്തിട്ടില്ല. കാരണം അനങ്ങാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്നും പറഞ്ഞിരിക്കുകയാണ്. ഈ നിയമത്തിന്റെ കാര്യത്തിലും ഇതുതന്നെ സംഭവിക്കുമെന്ന് അങ്ങേയ്ക്കറിയാമോ?

ശ്രീ. എം. ഉമ്മർ: സർ, ഉദ്യോഗസ്ഥർക്ക് അമിതമായി അധികാരം കൊടുക്കുന്ന............

ശ്രീ. എ. എൻ. ഷംസീർ: ............(മൈക്ക് ഓഫ്).........

<u>ശ്രീ. എം. ഉമ്മർ</u>: ശ്രീ. എ. എൻ. ഷംസീർ...........ഇവിടെ നടക്കുന്നത് ഒരു ഹെൽത്തി ഡിസ്കഷനാണ്. ഞാൻ സി.പി.ഐ.(എം)-നെ കുറ്റപ്പെടുത്തി പറയുന്നില്ല. സി.പി.ഐ.യെക്കുറിച്ച് ഈ നിയമത്തിൽ പറഞ്ഞ കാര്യങ്ങൾ മാത്രമേ പറയുന്നുള്ളൂ. അല്ലാതെ അവരുടെ രാഷ്ട്രീയമോ മറ്റ് കാര്യങ്ങളോ പറയുന്നില്ല. ഈ നിയമവുമായി ബന്ധപ്പെട്ട് അവർ കൊണ്ടുവന്ന ഭേദഗതിയെ സംബന്ധിച്ച് ഒരഭിപ്രായം പറഞ്ഞുവെന്നല്ലാതെ ഞാൻ ഈ നിയമത്തിന്റെ അപ്പുറവും ഇപ്പുറവും പോകുന്നില്ല. പക്ഷേ ഉദ്യോഗസ്ഥർക്ക് അമിതമായ അധികാരം കൊടുത്താലു ണ്ടാകുന്ന ഭവിഷ്യത്ത് എനിക്കും ബഹുമാനപ്പെട്ട മന്ത്രിക്കും നേരിട്ടറിയാവുന്നതാണ്. ബഹുമാന്യനായ പി. കെ. അബ്ദു റബ്ബ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോൾ മഞ്ചേരിയിൽ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ 15 ഏക്കറോളം വരുന്ന ഭൂമിയിൽനിന്നും 50 സെന്റ് വിട്ടുതരുന്നതിനുവേണ്ടി അവർ സമ്മതപത്രം എഴുതിക്കൊടുത്തു. ഭൂമി കൈമാറ്റത്തിന്റെ കൺക്ലൂസീവായ തീരുമാനമെടുക്കേണ്ടത് റവന്യൂ വകുപ്പാണ് എന്നുള്ളതുകൊണ്ട് അത് വേഗത്തിലാക്കുന്നതിനുവേണ്ടി മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ഉമ്മൻചാണ്ടി ഗവൺമെന്റ് 50 സെന്റ് സ്ഥലം ഫയർ സ്റ്റേഷനുവേണ്ടി വിട്ടുതന്നിട്ടുണ്ട്, വേറെ ഭൂമി ലഭ്യമാകാത്തതുകൊണ്ടാണ്. അതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സത്വരമായി ഫയർ സ്റ്റഷൻ അനുവദി ക്കുന്നതിനുവേണ്ടി അങ്ങ് പരിശ്രമിക്കണമെന്ന് പറഞ്ഞ് ഞാൻ ഇവിടെ ഒരു സബ്മിഷൻ കൊടുത്തു. ബഹുമാനപ്പെട്ട മന്ത്രിക്ക് ഉദ്യോഗസ്ഥർ എഴുതിക്കൊടുത്തത് അദ്ദേഹം അങ്ങനെ തന്നെ മറുപടി പറഞ്ഞു. അതിൽ പറഞ്ഞിരിക്കുന്നത് ഫയർ സ്റ്റേഷൻ എവിടെ കൊടുക്കണം, എവിടെ കൊടുക്കണ്ട, സ്ഥലം കൊടുക്കണോ കൊടുക്കണ്ടയോ എന്ന് തീരുമാനിക്കേണ്ടത് വിദ്യാഭ്യാസ വകുപ്പല്ല അത് കൊടുക്കേണ്ടത് റവന്യൂ വകുപ്പാണ്. അതുകൊണ്ട് ആ തീരുമാനത്തെ റദ്ദാക്കിയി രിക്കുന്നുവെന്ന്. എന്നെ സംബന്ധിച്ചിടത്തോളം മുൻഗവൺമെന്റ് പൊതു ആവശ്യത്തിനുവേണ്ടി, ഫയർ സ്റ്റേഷനുവേണ്ടി വിട്ടുതന്ന ഭൂമി ഉദ്യോഗസ്ഥരുടെ അമിതമായ ഈഗോ കാരണം, റവന്യൂ വകുപ്പാണ് അന്തിമതീരുമാനം എടുക്കേണ്ടത് എന്നുപറഞ്ഞ് സമ്മതപത്രം തന്നതുപോലും റദ്ദാക്കി തീരുമാനമെടുത്തിട്ടുണ്ട്. ഇപ്പോൾ ഭൂമിയില്ലാതായിരിക്കുകയാണ്. ഉദ്യോഗസ്ഥർക്ക് അമിതാധികാരം കൊടുത്താലു ണ്ടാകുന്ന പ്രശ്നമാണിത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ആ വിഷയം കൊണ്ടുവന്നപ്പോൾ നിങ്ങൾ രണ്ടാമത് ഒരു ഹർജി തയ്യാറാക്കി സമർപ്പിച്ചാൽ ശരിയാക്കിത്തരാമെന്ന് പറഞ്ഞിട്ടുണ്ട്. മന്ത്രിയെപ്പോലും തെറ്റിദ്ധരിപ്പിച്ച്, ചില ഉദ്യോഗസ്ഥർ കാണിക്കുന്ന അമിതാവേശം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ചാണ് ഞാൻ ഇവിടെ പറഞ്ഞത്.

കൃഷി ചെയ്യാൻ ഏൽപ്പിക്കുന്ന വ്യവസ്ഥകളിൽ പോരായ്മകളുണ്ട്. ഈ ബില്ലിന്റെ പത്താം ഉപവകുപ്പ് പ്രകാരം പാടശേഖര സമിതികളെ ഏൽപ്പിക്കുമെന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി എനിക്ക് ലഭ്യമാക്കിയ മറുപടിയിൽ, കൃഷി മുടങ്ങിയാൽ പാടശേഖര സമിതികൾക്ക് ഏൽപ്പിച്ചുകൊടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി എനിക്കുതന്ന ഉത്തരത്തിന്റെ അനുബന്ധത്തിൽ പറഞ്ഞിരിക്കുന്നത് പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 300 ലക്ഷം രൂപ 83,333.33 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാക്കാൻ വകയിരുത്തിയിട്ടുണ്ട് എന്നാണ്. എന്നുപറഞ്ഞാൽ ഒരു ഹെക്ടറിന് 360 രൂപയാണ് പാടശേഖര സമിതിക്ക് കൃഷി നടത്താൻ കൊടുക്കുന്നത്. അതിൽ ഒരേക്കറിന് കൊടുക്കുന്നത് 144 രൂപയാണ്. ഇങ്ങനെ വരുന്ന പാടശേഖര സമിതികൾക്ക് ബഹുമാനപ്പെട്ട ഗവൺമെന്റ് കൊടുക്കാൻ പോകുന്നത് 144 രൂപയുടെ സഹായമാണെന്നത് ആലോചിച്ച് നോക്കണം. പാടശേഖര സമിതിയെ ഏൽപ്പിച്ചാൽ അവർ എങ്ങനെയാണ് കൃഷി ചെയ്യുന്നത്; അതിൽനിന്നും കിട്ടുന്ന ലാഭവിഹിതം എങ്ങനെയാണ് കണക്കാക്കുക; ആ കൃഷിഭൂമിയിൽ പാടശേഖര സമിതിയോ കുടുംബശ്രീയോ ഏൽപ്പിച്ചുകൊടുക്കുന്ന മറ്റ് ഏജൻസിയോ ആണെങ്കിൽ അവർ ആദ്യം ആ ഭൂമിയുടെ കരം കൊടുക്കും, പിന്നീട് സർക്കാരിന് കൊടുക്കാനുള്ള മറ്റ് കുടിശ്ശികകൾ കൊടുക്കും, ആർ.ആർ. ഉണ്ടെങ്കിൽ അത് കൊടുക്കും, അത് കഴിഞ്ഞ് കൃഷിച്ചെലവ് ഒടുക്കും. ഇത് മൂന്നും കഴിഞ്ഞാൽ പിന്നെ അതിൽ എന്താണ് ബാക്കിയുണ്ടാകുന്നത്? രണ്ട് വർഷത്തേയ്ക്കാണ് ഇത് കൊടുക്കുന്നത്. ഇപ്പോൾ കൃഷിയോഗ്യമല്ലാതെ കിടക്കുന്ന പ്രദേശങ്ങളായിരിക്കും. അതെല്ലാം കാടുവെട്ടി ത്തെളിച്ച് കൃഷിഭൂമിയാക്കി കൊണ്ടുവന്നാൽ സർക്കാർ കൊടുക്കുന്നത് ഏക്കറിന് 144 രൂപ. അങ്ങ് എന്റെ ചോദ്യത്തിനുള്ള ഉത്തരത്തിൽ അനുബന്ധമായി തന്ന മറുപടിയാണിത്. അതിൽനിന്ന് പാടശേഖര സമിതിയോ കുടുംബശ്രീയോ ഭൂമിയുടെ കരം കൊടുക്കണം. സർക്കാരിന് നൽകാനുള്ള എന്തൊക്കെ കുടിശ്ശികയുണ്ടോ, അത് കൊടുക്കണം, കൃഷിച്ചെലവ് കഴിച്ച് ബാക്കിയുള്ള 75 ശതമാനം ഇവർക്കെടുക്കാം. ബാക്കിയുള്ള 25 ശതമാനം ഉടമയ്ക്ക് കൊടുക്കണം. ഇങ്ങനെയുള്ളവർക്ക് എത്ര നാൾ കൃഷി ചെയ്യാൻ കഴിയും? പരിവർത്തനം ചെയ്ത് രണ്ടുവർഷം കഴിഞ്ഞാൽ അത് തിരിച്ചുകൊടുക്കണം. ഇവിടെ മുരിക്കന്റെ ഭാഗത്തുനിന്ന് എടുത്ത ഭൂമിയുടെ സ്ഥിതി എന്താണെന്ന് നമുക്കൊക്കെ അറിയാമല്ലോ; ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. അതുപോലെതന്നെ ഇതാകുമെന്ന് ഞാൻ പറയുന്നില്ല. ഗവൺമെന്റ് ഒരു നല്ല കാര്യം ചെയ്യാൻ ഉദ്ദേശിക്കുമ്പോൾ ഞാൻ കരിനാക്ക് പറഞ്ഞ് അതിനെ മുടക്കി എന്നുപറയണ്ട. പക്ഷേ നമ്മൾ ചെയ്യാൻ ഉദ്ദേശിക്കുന്നത് ഇത്രയേയുള്ളൂ. ഇത്രയും ഉപയോഗപ്പെടുത്തി എങ്ങനെയാണ് അവിടെ കൃഷി നടത്താൻ സാധിക്കുന്നത്? കൃഷിഭൂമി പിടിച്ചെടുത്താൽ പോരല്ലോ; നമ്മൾ കൃഷി നടത്തണ്ടേ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പാടശേഖര സമിതിക്ക് കൊടുത്ത ഈ തുക എന്നുപറയുന്നത് പുതിയതായി ഏർപ്പെടുത്തിയ ഒരു പരിപാടിയാണ്. പാടശേഖര സമിതിയുടെ പ്രവർത്തനത്തിന് വേണ്ടിയുള്ളതാണ്, കൃഷി ചെയ്യാൻ വേണ്ടിയുള്ളതല്ല. പാടശേഖര സമിതിയുടെ ഓഫീസ് പ്രവർത്തനത്തിനുവേണ്ടി കൊടുക്കുന്ന ചെറിയ തുകയാണ് 300 രൂപ. പാടശേഖര സമിതി കൃഷിക്കാർക്ക് കൃഷി വകുപ്പ് കൊടുത്തുകൊണ്ടിരിക്കുന്ന സഹായങ്ങൾ വേറെയാണ്. ഇവിടെ ശ്രീ. എം. ഉമ്മർ പറഞ്ഞ ഈ നിയമത്തിൽ വന്നിരിക്കുന്ന പ്രധാനപ്പെട്ട കാര്യം, കൃഷി ചെയ്യാതെ കിടക്കുന്ന ഒരു ലക്ഷത്തിലധികം ഹെക്ടർ നെൽവയലുണ്ട്. ആ സ്ഥലത്ത് കൃഷി ചെയ്യാനുള്ള തടസ്സമെന്ന് പറയുന്നത് നിലവിലുള്ള മൂലനിയമത്തിനകത്ത് ഉടമസ്ഥന്റെ കൺസെന്റ് ഉണ്ടെങ്കിൽ മാത്രമേ കൃഷി ചെയ്യാൻ അനുവാദം കൊടുക്കാൻ സാധിക്കുകയുള്ളൂ എന്നതാണ്. നിലവിലുള്ള നിയമം അങ്ങനെയാണ്. പുതിയ നിയമത്തിൽ ഉടമസ്ഥന്റെ അനുവാദം കിട്ടുന്നതിന് അയാൾക്ക് നോട്ടീസ് കൊടുക്കാം. പതിനഞ്ച് ദിവസത്തിനകം അയാൾ മറുപടി തന്നാൽ അയാൾക്ക് ചെയ്യാം. അതല്ലെങ്കിൽ വേറെ ആരെയെങ്കിലും ഏൽപ്പിക്കാവുന്നതാണ്. അതിലൊരു വിഭാഗമാണ് പാടശേഖര സമിതി. നിലവിൽ പാടശേഖര സമിതിക്ക് വേറൊരാളുടെ ഭൂമിയെടുത്ത് കൃഷി ചെയ്തുകഴിഞ്ഞാൽ ഏക്കറേജിന് കൊടുക്കുന്ന തുകയോ സൗജന്യമായി വൈദ്യുതിയോ ലഭിക്കുന്നില്ല. എന്നാൽ ഈ നിയമ പ്രകാരം കൃഷിക്കാർക്ക് കിട്ടുന്ന അത്തരം എല്ലാ ആനുകൂല്യങ്ങളും ഏറ്റെടുക്കുന്ന പാടശേഖര സമിതിക്ക് കിട്ടുമെന്നുള്ളതാണ് പ്രത്യേകത. ഇത് പോസിറ്റീവായി കണ്ടാൽ മതി.

ശ്രീ. എം. ഉമ്മർ: സർ, അങ്ങനെയാണെങ്കിൽ വളരെ നല്ല കാര്യമാണ്. ഇതിൽ ചെലവിനുള്ള ധനസഹായം ഹെക്ടറിന് 360 രൂപ എന്ന് കണ്ടതുകൊണ്ട് ഞാൻ വായിച്ചുവെന്നേയുള്ളൂ. ഇത് മതിയായ രീതിയിൽ അവർക്ക് കൃഷി ചെയ്യണമെങ്കിൽ, അത്രമാത്രം സഹായമില്ലെങ്കിൽ രണ്ട് വർഷത്തിൽ കൂടുതൽ ഭൂമി കൊടുക്കുമ്പോൾ ഇന്ത്യൻ ഈസ്മെന്റ് ആക്ട് ഇതിന് ബാധകമാകും എന്ന അപകടകരമായ കാര്യം പറയുന്നുണ്ട്. 1957-ലെ ഗവൺമെന്റും അതിനുശേഷംവന്ന ഗവൺമെന്റുകളും കൊണ്ടുവന്ന നിയമം മുഴുവൻ ഇല്ലാതാകും. കൃഷി ഭൂമി കൃഷിക്കാരന് എന്നുപറഞ്ഞുകൊടുത്ത ഭൂമി ഇന്ത്യൻ ഈസ്മെന്റ് ആക്ട് അനുസരിച്ച് കൃഷി ചെയ്യുന്നവർക്ക് അവകാശം കൊടുത്താൽ, കേരളമാണ്, രണ്ട് വർഷമോ അതിൽ കൂടുതൽ വർഷമോ കൃഷി ചെയ്യുകയാണെങ്കിൽ അവരെല്ലാവരും സംഘടിക്കുമെന്ന് മാത്രമല്ല, കൃഷി ചെയ്യാൻ കഴിയാതെ പോയവർക്ക് കാലാകാലങ്ങളായി ഭൂമി നഷ്ടപ്പെടുകയും ചെയ്യും. ഇന്ത്യൻ ഈസ്മെന്റ് ആക്ട് ഇതിനകത്ത് ബാധകമാണെന്ന് പറഞ്ഞുകഴിഞ്ഞാൽ

interruption ഇല്ലാത്ത വിധത്തിൽ, objection ഇല്ലാത്ത വിധത്തിൽ കുറച്ചുകാലം കൃഷി ചെയ്താൽ, ഇവർക്ക് ഈ ഭൂമിയിൽ അവകാശം വന്നാൽ ഈ കൃഷിഭൂമി മുരിക്കന്റെ ഭൂമി പോയതുപോലെ ആകുകയില്ല. 50 സെന്റ് ഭൂമിയുള്ള ആളുകണ്ടാകും, ഒരേക്കർ ഭൂമിയുള്ള ആളുകളുണ്ടാകും, ഇതിനൊന്നും ഒരു പരിധിയും വച്ചിട്ടില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കൃഷിഭൂമി ഏറ്റെടുക്കാൻ സന്നദ്ധരാകുന്ന ആളുകളെ ഭയപ്പെടുത്തുന്ന രീതിയിലാണ് അങ്ങ് സംസാരിക്കുന്നത്. ഈ ബില്ലിൽ രണ്ട് വർഷമെന്ന് നിജപ്പെടുത്തിയിരിക്കുന്നതിനെക്കുറിച്ച് ഞാൻ മനസ്സിലാക്കുന്നത് കൃഷി ചെയ്തുകൊണ്ടിരിക്കുന്ന ഉടമസ്ഥരല്ലാത്തവർക്ക് കൃഷി ചെയ്യാൻ ഭൂമി കൊടുക്കാൻ മാനസികമായി താൽപ്പര്യം ഉണ്ടാക്കുന്നതിനുവേണ്ടിയാണ്. തുടർച്ചയായി അധികം നാൾ കൊടുക്കാതിരിക്കുന്നതിനുവേണ്ടിയാണ് രണ്ട് വർഷം എന്നുവച്ചിരിക്കുന്നത്. അതിനെക്കുറിച്ച് ചർച്ച ചെയ്ത് റൂളിൽ ഭേദഗതി വരുത്താവുന്നതാണ്. അങ്ങ് പറയുന്ന താൽപ്പര്യം എന്നുപറയുന്നത് തരിശ്ശിൽ കിടക്കുന്നത് തരിശ്ശിൽ കിടക്കാൻ പാടില്ല എന്നാണ്. അതിനെ ഒരു ഉദ്ദ്യേശ്യശുദ്ധിയിൽ കാണണം. മറ്റ് കാര്യങ്ങൾ പറയുന്നതുപോലെ ഈ ക്ലോസ്സിനെ കാണരുതെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എം. ഉമ്മർ: സർ, അവരെ ഭീതിപ്പെടുത്താൻവേണ്ടി പറഞ്ഞതല്ല. അതിനകത്ത് കൂട്ടിച്ചേർക്കണമെങ്കിൽ കൃഷിക്കാർക്ക് കൂടുതൽ സഹായം ചെയ്യണം. മാത്രമല്ല, ഇന്ത്യൻ ഈസ്മെന്റ് ആക്ടിന്റെ പരിധിയിൽ അവർ വരികയാണെങ്കിൽ പിന്നീട് അവർക്ക് ഭൂമിയിൽ അവകാശം നിൽക്കുകയും യഥാർത്ഥ കർഷകനായി തത്ക്കാലം, ഒന്നുകിൽ സാമ്പത്തിക പ്രയാസമുള്ളയാളോ, വിധവയായ ഒരു സ്ത്രീയോ അല്ലെങ്കിൽ ഒരു സ്ത്രീ മാത്രമോ ഉള്ള സ്ഥലമാണെങ്കിൽ കൃഷി ചെയ്യാൻ സഹായിക്കാൻ വേറെ ആരുമില്ലാത്ത സാഹചര്യമുണ്ടാകും. ഇങ്ങനെ പല കാരണങ്ങളാൽ 50 സെന്റ്, ഒരേക്കർ, ഒന്നര, രണ്ടര ഏക്കർ മാത്രം ഭൂമിയുള്ള ആൾക്കാർ കൃഷി ചെയ്യപ്പെടേണ്ട ഭൂമി തിരിച്ചെടുത്ത് മറ്റുള്ളവർക്ക് പാട്ടത്തിന് ഏൽപ്പിച്ചുകൊടുത്താൽ ഇങ്ങനെ കൊടുത്ത ഭൂമി പിന്നീട് ഒരിക്കലും യഥാർത്ഥ കർഷകന് അല്ലെങ്കിൽ ഉടമസ്ഥന് കിട്ടാത്ത ഒരു സാഹചര്യം ഉണ്ടാവുകയില്ല എന്ന് ഉറപ്പുവരുത്താൻ എന്താണ് ഈ ബില്ലിലുള്ളത്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നിലവിലുള്ള ഉടമസ്ഥൻമാരുടെ ഉടമസ്ഥാവകാശത്തെ ഒരു കാരണവശാലും ഇത് ഹനിക്കാൻ പോകുന്നില്ല. ഞാൻ മനസ്സിലാക്കുന്നത് ഇതിനകത്ത് വിള ഇൻഷ്വറൻസ് സ്കീം പോലുള്ള മറ്റാനുകൂല്യങ്ങൾ ലഭിക്കുമെന്നല്ലാതെ ഉടമസ്ഥാവകാശത്തിനുമുകളിൽ ഒരിക്കൽപ്പോലും ഇടപെടാവുന്ന രീതിയിലല്ല ഈ നിയമത്തിലെ ഭേദഗതി.

ശ്രീ. എം. ഉമ്മർ: സർ, ഇന്ത്യൻ ഈസ്മെന്റ് ആക്ടിനെക്കുറിച്ച് അതിൽ പറയുന്നുണ്ട്. അത് ഇതിന് ബാധകമാണ് എന്നുപറഞ്ഞുകഴിഞ്ഞാൽ തടസ്സമില്ലാതെ ഒരാളുടെ ഭൂമി കൈവശംവയ്ക്കുകയാണെങ്കിൽ അവർക്ക് ഭൂമിയിൽ അവകാശം ഉണ്ടാകും എന്നതാണ് ഈസ്മെന്റ് ആക്ടിന്റെ സ്പിരിറ്റ് എന്നാണ് ഞാൻ വിചാരിക്കുന്നത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇന്ത്യൻ ഈസ്മെന്റ് ആക്ടിൽ വിഭാവന ചെയ്യുന്ന ഒരു ലൈസൻസി ആയിരിക്കുമെന്നാണ് പറയുന്നത്. അതിനകത്ത് അവകാശത്തെപ്പറ്റിയല്ല പറയുന്നത്. ഇന്ത്യൻ ഈസ്മെന്റ് ആക്ട് ലൈസൻസിയുമായി ബന്ധപ്പെട്ട കാര്യത്തിലാണ്. അങ്ങ് പറയുന്നത് 10-ാം പേജിലെ കാര്യമല്ലേ; അത് അങ്ങ് തെറ്റിദ്ധരിച്ചിരിക്കുകയാണ്. ഒരു കാരണവശാലും ഉടമസ്ഥാവകാശം സംബന്ധിച്ച് ഒരു ചലഞ്ചും ചെയ്യാൻ കഴിയുന്നതല്ല.

ശ്രീ. എം. ഉമ്മർ: സർ, പൊതുതാൽപ്പര്യ ഹർജിക്ക് വിലക്ക്-ഈ നിയമത്തിനകത്ത് എന്തെങ്കിലും പ്രശ്നങ്ങളോ പ്രയാസങ്ങളോ ഉണ്ടാകുകയാണെങ്കിൽ അതിൽ aggrieved പാർട്ടിക്ക് മാത്രമേ പിന്നീട് പെറ്റീഷൻ കൊടുക്കാൻ പാടുള്ളുവെന്ന് പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇത് യഥാർത്ഥത്തിൽ ആർട്ടിക്കിൾ 51(ജി) - ഫണ്ടമെന്റൽ ഡ്യൂട്ടിക്കെതിരാണ്. ഒരു പൗരന്റെ പൗരാവകാശത്തിനും ധർമ്മത്തിനും എതിരായിട്ടാണ് ഈ വകുപ്പ് കൂട്ടിച്ചേർത്തിട്ടുള്ളത്. 15-ാം വകുപ്പിൽ രണ്ടാം ഉപവകുപ്പിലാണ് ഇത് പറയുന്നത്. വലിയതോതിൽ കൃഷിഭൂമി നികത്തപ്പെടുകയാണ് എന്ന് വിചാരിക്കുക. അങ്ങനെ നികത്തപ്പെടുമ്പോൾ അതിന് തൊട്ടടുത്തുള്ള ആളും നികത്തിയതിന്റെ ഗുണഭോക്താവാണെങ്കിൽ അഫക്റ്റഡ് പാർട്ടി എന്നുപറയുന്നത് തൊട്ടടുത്തുള്ള ആളായിരിക്കണമെന്നില്ല. അതുകൊണ്ട് അങ്ങനെയുള്ള ഒരു പൊതുആവശ്യത്തിന്റെ പേരിൽ കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ല എന്ന വകുപ്പ് വയ്ക്കുകയാണെങ്കിൽ ഇത് യഥാർത്ഥത്തിൽ ഭരണഘടനയുടെ മൗലികാവകാശധ്വംസനമായി നമ്മൾ കണക്കാക്കേണ്ടി വരും. നേരത്തേ ഇവിടെ പലരും സൂചിപ്പിച്ചതുപോലെ Right to Property-ക്ക് എതിരാണ് എന്നുള്ള കാര്യം കൂടി ഇതിനകത്ത് കാണേണ്ടതുണ്ട്. ഭൂമി നികത്തുന്നതിനുള്ള ഒരു സൂത്രപ്പണിയായി മാത്രമേ ഇതിനെ കാണാൻ സാധിക്കുകയുള്ളൂ. പൊതുആവശ്യത്തിന് എന്നുപറഞ്ഞ് ഭൂമി ഏറ്റെടുത്താൽ അതിന് പരിധി പറയുന്നില്ല. നോട്ടിഫിക്കേഷൻ വഴിയാണെങ്കിൽ ആ ഭാഗം മുഴുവനും നികത്തി ഒരിഞ്ചുപോലും ഭൂമിയില്ലാത്ത അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടെത്തിക്കുന്ന വളരെ അപകടകരമായ ഒരു സംഗതി ഇതിനകത്ത് ഒളിഞ്ഞുകിടക്കുന്നുണ്ട് എന്നുള്ള കാര്യം നമ്മൾ മനസ്സിലാക്കണം.

അതുപോലെതന്നെ സാമൂഹ്യമായ ഉത്തരവാദിത്വം -കൃഷി ചെയ്യുക എന്നുള്ള ഉത്തരവാദിത്വം കൃഷി ചെയ്യേണ്ട കർഷകനിൽ മാത്രമുള്ളതല്ലല്ലോ; ഇവിടത്തെ സന്തുലിതാവസ്ഥ സംരക്ഷിക്കുക, പാരിസ്ഥിതിക സ്ഥിതി സംരക്ഷിക്കുക എന്നത് 50 സെന്റോ ഒരേക്കറോ ഭൂമിയുണ്ട് എന്ന് പറയപ്പെടുന്ന ഒരു കർഷകന്റെ ഉത്തരവാദിത്വം മാത്രമല്ല. ആ ഉത്തരവാദിത്വം നിറവേറ്റാൻ ആ കൃഷിക്കാരനെ പ്രേരിപ്പിക്കുന്നതിനും സഹായിക്കുന്നതിനും ഒരുപാട് ഘടകങ്ങളുണ്ട്. അവിടെ കൃഷി ചെയ്യാത്തതിന് കാരണം എന്താണെന്ന് പരിശോധിക്കണം.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ബഹുമാനപ്പെട്ട എം. ഉമ്മർ ഈ ബില്ലിന്റെ മർമ്മപ്രധാനമായ പ്രത്യാഘാതങ്ങളെക്കുറിച്ചാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. അതിലെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം, ഇതിന് പാരിസ്ഥിതികമായ പ്രശ്നങ്ങളും ഭൂമി നികത്തലുമൊക്കെയായി വളരെ അഭേദ്യമായ ബന്ധമുണ്ടെന്നത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഭൂമി നികത്തലുമായി ബന്ധപ്പെട്ട് പാരിസ്ഥിതികമായ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുമോ ഇല്ലയോ അല്ലെങ്കിൽ ഭൂമി തരംമാറ്റുന്നതു കൊണ്ട് ഉണ്ടാകുമോ, തടയണ ഉണ്ടാക്കുന്നതുകൊണ്ട് സംഭവിക്കുമോ ഇല്ലയോ തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് അന്വേഷിക്കേണ്ടത് വാസ്തവത്തിൽ റവന്യൂ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരല്ല. അവർക്ക് പാരിസ്ഥിതിക വിഷയത്തിൽ എക്സ്പെർട്ടൈസ് ഇല്ലല്ലോ; ഇത്തരം കാര്യങ്ങളൊക്കെ വരുമ്പോൾ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരായ തഹസിൽദാർമാരും കളക്ടറും ഡെപ്യൂട്ടി കളക്ടറുമൊക്കെയാണ് പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നത്. അവർക്ക് എന്ത് പാരിസ്ഥിതിക പ്രത്യാഘാതമാണ്, അവർ എന്താണ് പഠിച്ചിട്ടുള്ളത്. സാധാരണഗതിയിൽ എഴുതാനും വായിക്കാനും അറിയാം, കുറച്ച് അനുഭവസമ്പത്തും ഉണ്ടെന്നുള്ളതല്ലാതെ പാരിസ്ഥിതികമായ എക്സ്പെർട്ടൈസ് അവർക്കാർക്കുമില്ല. അതുകൊണ്ട് പാരിസ്ഥിതിക വിഷയങ്ങളെക്കുറിച്ച് പഠനം നടത്താൻ യോഗ്യതയില്ലാത്ത റവന്യൂ ഉദ്യോഗസ്ഥന്മാർ ഉണ്ടാക്കുന്ന റിപ്പോർട്ടുകൾ അതുകൊണ്ടുതന്നെ അസ്വീകാര്യമാണെന്നുള്ളത് ഒരു കാര്യം. കേരളത്തിലെയും ഇന്ത്യയിലെയും ലോകത്തിലെയും ഏതൊരു പൗരനും ഭൂമിയ്ക്ക് ഒരു ദോഷം ഉണ്ടാക്കിയാൽ അതിന്റെ affected party എന്ന് പറഞ്ഞാൽ മുഴുവൻ ജീവജാലങ്ങളുമാണ്. ഒരു പ്രദേശത്തെയോ ഒരു താലൂക്കിലെയോ ഒരു ജില്ലയിലെയോ ഒരു സംസ്ഥാനത്തെയോ ആളുകൾ മാത്രമല്ല. അതുകൊണ്ട് affected party എന്ന് പറഞ്ഞാൽ ഈ ആവാസ വ്യവസ്ഥയിൽ ഉൾപ്പെടുന്ന സകല ജീവജാലങ്ങളുമാണ്. അങ്ങനെയുള്ള ഒരു വിഷയത്തെ ലഘൂകരിച്ച്, ഡയറക്ടായി അഫക്ട് ചെയ്യുന്ന പാർട്ടിക്കുപോലും കോടതിയിൽ പോകാൻ പാടില്ലെന്ന് പറയുന്നത് ഒരു ദീർഘവീക്ഷണമില്ലാത്ത നിയമനിർമ്മാണത്തിന്റെ ലക്ഷണമാണ്. മൂന്നാമത്തെ വിഷയം, കാർഷിക പ്രശ്നങ്ങൾക്ക് പാടശേഖര സമിതിക്ക് 144

രൂപയുടെ വിഷയം പറഞ്ഞു. എങ്ങനെയാണ് ആ 144 രൂപയിൽ എത്തിച്ചേർന്നതെന്ന് എനിക്ക് അറിയില്ല. 144 പാസ്സാക്കിയാൽ പിന്നെ ആളുകൂടാൻ പാടില്ലെന്നാണ്. സമിതിയുടെ പ്രവർത്തനത്തിനായാലും എങ്ങനെയാണ് 144 രൂപയിൽ ലിമിറ്റ് ചെയ്തതെന്ന് എനിക്ക് മനസ്സിലായില്ല. എന്റെ വിഷയം എന്താണെന്നുവച്ചാൽ കൃഷി നടക്കണമെങ്കിൽ, കാർഷികോൽപ്പന്നങ്ങൾക്ക് വില കിട്ടിയാൽ സ്വാഭാവികമായും സ്വന്തം ഇഷ്ടപ്രകാരം കൃഷിക്കാരൻ ഉള്ള സ്ഥലത്ത് മുഴുവൻ കൃഷി ചെയ്യും. ഏത് കൃഷിക്കാരനും നെല്ലായാലും റബ്ബറായാലും നാളികേരമായാലും പച്ചക്കറിയായാലും കൃഷി ചെയ്യണമെങ്കിൽ അവന്റെ ഉൽപ്പന്നത്തിന് വില ലഭിക്കണം. ഉൽപ്പന്നത്തിന് വില ലഭിക്കാതെ നിങ്ങൾ നൽകുന്ന സബ്സിഡിയും സഹായങ്ങളും പാടശേഖര സമിതിക്കുള്ള പൈസയുമൊക്കെ വേസ്റ്റാണ്. കൃഷി ചെയ്യണമെങ്കിൽ അവൻ ഉൽപ്പാദിപ്പിച്ച സാധനത്തിന് വില ലഭിക്കണം. അത് ഗ്യാരണ്ടി ചെയ്യാൻ സാധിക്കാത്ത ഒരു ഗവൺമെന്റിന്റെ സപ്പോർട്ടും സ്വീകാര്യമാകില്ല. ഇത്തരം വിഷയങ്ങളെക്കുറിച്ചൊക്കെ നന്നായി അറിയുന്ന ഒരാളാണ് ശ്രീ. എം. ഉമ്മർ എന്നുള്ള നിലയിലാണ് ഞാൻ പറഞ്ഞത്. അതുകൊണ്ട് ആ വിഷയങ്ങളിലേയ്ക്കുകൂടി അങ്ങയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്.

ശ്രീ. എം. ഉമ്മർ: സർ, ഇവിടെ ബഹുമാനപ്പെട്ട കെ. എൻ. എ. ഖാദർ പറഞ്ഞത് വളരെ പ്രസക്തമായ കാര്യങ്ങളാണ്. ഒരു കുട്ടി സ്കൂളിൽ പോകുന്നില്ലെന്ന് വിചാരിച്ച് കുട്ടിയുടെ പേരിൽ നിയമനടപടിയെടുക്കുകയല്ല വേണ്ടത്. ഒരു കുട്ടി സ്കൂളിൽ പോകാത്തതിന്റെ കാരണമെന്താണെന്ന് ചോദിക്കണം. സ്കൂളിൽ അയയ്ക്കാൻ രക്ഷിതാക്കളോ മറ്റ് ആളുകളോ ഉണ്ടാകില്ല, ഉടുക്കാൻ വസ്ത്രമുണ്ടാകില്ല, ഭക്ഷണം കഴിക്കാൻ സാഹചര്യമുണ്ടാകില്ല, കൊണ്ടുപോകാൻ ആളുണ്ടാകില്ല. ഒറ്റപ്പെട്ട ഒരു വീട്ടിൽ ഒരു കുട്ടി മാത്രം താമസിക്കുന്നുണ്ടെന്ന് വിചാരിക്കുക, അങ്ങനെയുള്ള കുഞ്ഞ് സ്കൂളിൽ പോകുന്നില്ലെന്ന് പറഞ്ഞ് നിർബന്ധിത വിദ്യാഭ്യാസമെന്ന് പറഞ്ഞിട്ട് കാര്യമില്ല. അതിനുവേണ്ട അടിസ്ഥാന സൗകര്യമുണ്ടാക്കി ആ കുട്ടിക്ക് പഠിക്കാനും വളരാനുമുള്ള സാഹചര്യമുണ്ടാക്കിക്കൊടുക്കുന്നത് പോലെതന്നെ കൃഷി ചെയ്യാതെ ഒറ്റപ്പെട്ടുകിടക്കുന്ന ഭൂമിയിൽ എന്തുകൊണ്ടാണ് കൃഷി ചെയ്യാത്തതെന്ന് അന്വേഷിക്കുകയും അതിന് ഇന്ന സഹായം ലഭിച്ചാൽ കൃഷി ചെയ്യാമെന്ന് പറഞ്ഞാൽ ആ സഹായം ചെയ്തുകൊടുക്കാൻ ഒരു സർക്കാരിന് ബാധ്യതയുണ്ട്. ആ ബാധ്യത നമ്മൾ നിറവേറ്റണം. കൃഷി ചെയ്യാത്ത ഒരാൾ ഏതൊരു കാരണവശാലും കൃഷി ചെയ്യാത്തത് കൃഷിവിരുദ്ധനായതുകൊണ്ടല്ല. ഉമ്മറത്ത് 50 സെന്റോ ഒരേക്കറോ ഭൂമിയുണ്ടെങ്കിൽ അതിൽ കൃഷി ഇറക്കുന്നതിന് ആവശ്യമായ കർഷകരെ കിട്ടുന്നുണ്ടാവില്ല. അല്ലെങ്കിൽ കർഷകർ ആവശ്യപ്പെടുന്ന വിലയ്ക്ക് കൃഷി ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടാകാം, വിത്ത് കിട്ടില്ല, വിത്ത് കിട്ടിയാലും അതിനുവേണ്ട മറ്റ് സൗകര്യങ്ങളുണ്ടാകില്ല, വളം വാങ്ങാനും മറ്റും ബുദ്ധിമുട്ടുന്ന

ആളുകൾക്ക് എല്ലാം കൊടുത്ത് ഗവൺമെന്റ് കൃഷി ചെയ്യുകയെന്നുള്ളതല്ല, അതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളും അവർക്കുവേണ്ട സാഹചര്യങ്ങളും മനസ്സിലാക്കി, അവർക്കുവേണ്ട പ്രൊട്ടക്ഷൻ കൊടുത്ത് കൃഷി ചെയ്യിപ്പിക്കാനും ലാഭകരമാക്കിത്തീർക്കുവാനുമുള്ള കാര്യങ്ങൾകൂടി കൊണ്ടുവരണം. അല്ലെങ്കിൽ ഇതിന് ഉപോൽബലകമായി കൃഷി വകുപ്പ് ഉണർന്നു പ്രവർത്തിച്ച് ഇതിന്റെകൂടെ കൃഷി വകുപ്പ് ഒരു സപ്പോർട്ടിംഗ് ബിൽ കൊണ്ടുവരുന്നുണ്ടെന്നും ഇങ്ങനെയുള്ള കൃഷി ഭൂമി മറ്റുള്ളവരെ ഏൽപ്പിച്ചുകൊടുക്കയല്ല ഉദ്ദേശിക്കുന്നതെന്നും കർഷകരെക്കൊണ്ടുതന്നെ കൃഷി ചെയ്യിപ്പിക്കാനും ആവശ്യമായ വളവും വിത്തും മറ്റുള്ള സാമ്പത്തിക സഹായങ്ങളും ചെയ്ത് കൃഷിക്ക് വേണ്ട സപ്പോർട്ട് നൽകുന്ന വിധത്തിൽ കൊണ്ടുപോകാൻ ശ്രമിക്കുമെന്ന രീതിയിൽ കുറെയേറെ കാര്യങ്ങൾ ചെയ്യുന്നുണ്ടെന്നും പറയണം. അതാണ് ഞാൻ നേരത്തെ പറഞ്ഞത് 144 രൂപ കണ്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടു പോയി എന്ന്. വേറെ കുറെ സഹായങ്ങളുണ്ടെന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അങ്ങനെ സഹായിച്ചാൽ മാത്രമേ കൃഷിയിലേയ്ക്ക് പുതുതായി ആളുകൾക്ക് വരാൻ കഴിയുകയുള്ളൂ. അതിനുള്ള നടപടികളുണ്ടാകണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഈ ഗവൺമെന്റ് ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന സാമ്പത്തിക സഹായം വളരെ പ്രധാനപ്പെട്ടതാണ്. അങ്ങ് പറഞ്ഞ 144 രൂപയുടെ കണക്കെന്ന് പറയുന്നത് പാടശേഖര സമിതിക്ക് നിശ്ചയിച്ച ഒരു ഹെക്ടറിന് 300 രൂപയിൽനിന്നും കണക്കുകൂട്ടി എടുത്തതാണ്. ആ കണക്ക് എനിക്കറിയില്ല. പക്ഷെ, അത് പുതിയതായി കൊണ്ടുവന്ന ഒരു സഹായമാണ്. അതിനുപുറമെ ഇപ്പോൾ കൃഷിക്കാർക്ക് 6,000 രൂപ ഹെക്ടറിന് കൊടുക്കുന്നുണ്ട്, സൗജന്യമായി വിത്തും വൈദ്യുതിയും കൊടുക്കുന്നുണ്ട്. ഒരു ഹെക്ടറിന് 17,500 രൂപ വരെ തദ്ദേശഭരണ സ്ഥാപനങ്ങൾ കൊടുക്കുന്നുണ്ട്. പ്രൊഡക്ഷൻ ഇൻസെന്റീവ് കൊടുക്കുന്നുണ്ട്. വെള്ളക്കരം എന്ന നിലയിൽ പണം കൊടുക്കുന്നുണ്ട്. ഇത്രയും സഹായം ഇപ്പോൾ നെൽവയലുകൾക്കുവേണ്ടി കൊടുക്കുന്നുണ്ട്. മറ്റെല്ലാ സ്റ്റേറ്റുകളിലും ഒരു കിലോഗ്രാം നെല്ലിന് 15.50 രൂപ കൊടുക്കുമ്പോൾ 7.50 രൂപ വീതം ഓരോ കിലോഗ്രാം നെല്ലിനും പ്രൊഡക്ഷൻ ഇൻസെന്റീവ് കൊടുക്കുന്നത് ഈ ഗവൺമെന്റാണ്. കാർഷിക മേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് ഈ ഗവൺമെന്റ് കൊടുക്കുന്ന സഹായത്തെപ്പറ്റി അങ്ങ് മനസ്സിലാക്കാതെ പറയുന്നുണ്ടോയെന്ന് തോന്നിയതുകൊണ്ടാണ് ഞാനിത് സൂചിപ്പിച്ചത്. ഈ സഹായങ്ങളെല്ലാം സ്വന്തമായി കൃഷി ഭൂമിയുള്ളവർക്ക് മാത്രം കിട്ടുന്നതാണ്. പാട്ടകൃഷി ചെയ്യുന്നവർക്ക് കിട്ടുന്നില്ല. അല്ലെങ്കിൽ മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്നവർക്ക് കിട്ടുന്നില്ല. ഈ നിയമപ്രകാരം കൊടുക്കുന്ന എല്ലാ സഹായങ്ങളും നെൽവയലുകൾ ഏറ്റെടുക്കാൻ പോകുന്ന പാടശേഖര സമിതികൾക്കോ വ്യക്തികൾക്കോ കർഷക സംഘടനകൾക്കോ കിട്ടുമെന്നുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത.

ശ്രീ. എം. ഉമ്മർ: അങ്ങ് നൽകിയ മറുപടിയിൽ കരകൃഷിയെ സംബന്ധിച്ചും പ്രത്യേക നെല്ലിനങ്ങൾക്കുള്ള പ്രോത്സാഹനങ്ങളും നെൽ വികസനവുമൊക്കെ പറയുന്നുണ്ട്. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനുള്ളത് സംബന്ധിച്ച് വരണമെന്നേയുള്ളൂ. ശ്രീ. ഇ. പി. ജയരാജൻ അവിടെയിരുന്ന് അങ്ങനെയൊന്നും പറയരുത്. രേഖ വച്ചുകൊണ്ടാണ് ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിച്ച ചോദ്യത്തിന്റെയും അതിനുതന്ന മറുപടിയുടെയും അടിസ്ഥാനത്തിലുള്ള കാര്യമാണ്. എന്തൊക്കെയോ പറയുകയല്ല. സമയം വൈകിയെന്ന് പറയുന്നതിൽ കാര്യമില്ല. തിരക്കുള്ളവർക്ക് പോകാം. ശ്രീ. മുല്ലക്കര രത്നാകരൻ, ശ്രീ. ചിറ്റയം ഗോപകുമാർ, ശ്രീ. മുഹമ്മദ് മുഹസിൻ പി., ശ്രീമതി സി. കെ. ആശ എന്നിവർ ചോദിച്ച ചോദ്യത്തിന് ലഭിച്ച മറുപടിയെക്കുറിച്ചാണ് ഞാൻ പറയുന്നത്. എന്തൊക്കെയോ പറയുന്നുവെന്ന് ശ്രീ. ഇ. പി. ജയരാജൻ അവിടിരുന്ന് പറയുന്നത് കേട്ടപ്പോൾ വിഷമം തോന്നി. അത്രയേയുള്ളൂ.

ഈ ഭൂമി ക്രയവിക്രയം നടത്താൻ കഴിയില്ലെന്നുള്ളതാണ് പിന്നീടുള്ളത്. ഏത് ആൾക്കും അവരുടെ ഭൂമി ഇഷ്ടംപോലെ ക്രയവിക്രയം നടത്താനും വിൽക്കാനും കഴിയും. പക്ഷേ കർഷകരെ സംബന്ധിച്ചിടത്തോളം 50 സെന്റ് ഭൂമി ഉണ്ടെങ്കിൽ എന്ത് കാരണത്തിനായാലും വിൽക്കാൻ സാധിക്കില്ല. വേറെ ഭൂമിയില്ലെങ്കിലും ഈ 50 സെന്റ് മാത്രമേയുള്ളൂവെങ്കിലും വിൽക്കാൻ കഴിയില്ല. അതിനൊരു പ്രൊട്ടക്ഷൻ കൊടുക്കണ്ടേ; നിയമം വരുമ്പോൾ affected പാർട്ടിയെയും കർഷകരെയും സംബന്ധിച്ചുകൂടി നമ്മൾ നോക്കണം. സർക്കാർ നാഷണൽ ഹൈവേയ്ക്കും മറ്റും ഭൂമി ഏറ്റെടുക്കുന്നുണ്ടല്ലോ; വളരെ പാവപ്പെട്ട, വേറെ സംഗതികളൊന്നുമില്ലാത്ത ആളാണെങ്കിലും വേറെ വിൽക്കാനും കഴിയില്ലെങ്കിൽ സർക്കാരിന് ആ ഭൂമി ഏറ്റെടുക്കാൻ കഴിയുമോയെന്ന് ആലോചിക്കണം. സമ്പന്ന രാജ്യങ്ങളിലൊക്കെ അങ്ങനെ ചെയ്യുന്നുണ്ട്. സാധിക്കുമെങ്കിൽ നമ്മുടെ രാജ്യത്തും ഇങ്ങനെയുള്ള പരിഷ്കാരങ്ങൾ നടപ്പിലാക്കണം. വൻകിട തോട്ടങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് വിൽപ്പനയ്ക്ക് യാതൊരു തടസ്സവുമില്ലല്ലോ; അവർക്ക് ഒരുപാട് പ്രൊട്ടക്ഷനുണ്ട്. കരനെൽകൃഷി നടത്തുന്നവർക്കും ഒരു പ്രയാസവുമില്ല. 50 സെന്റോ ഒരേക്കറോ കൃഷി ഭൂമിയുണ്ടെങ്കിൽ അതിനെ തരംമാറ്റാനോ അവിടെ താമസിച്ചു വരുന്ന ആളുകൾക്ക് വീട് വയ്ക്കാനോ പറ്റാത്ത സാഹചര്യമുണ്ട്. ഇപ്പോൾ അവിടെ 5 സെന്റിനും 10 സെന്റിനും ക്ലാരിറ്റി വന്നിട്ടുണ്ട്. എങ്കിൽപ്പോലും നിലവിലുള്ള പഞ്ചായത്ത് നിയമത്തിലും മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിലും മാറ്റം വരുത്താതെ ഈ നിയമം ഇന്നിവിടെ പാസ്സാക്കപ്പെട്ടാലും ആ ഭൂമിയിൽ വീട് വയ്ക്കാനുള്ള സാഹചര്യം ഉണ്ടാകുമോയെന്നുള്ളതുകൂടി വ്യക്തമാക്കേണ്ടതുണ്ട്. ഇതിനകത്ത് 'notwithstanding anything contained' എന്ന് പറയുന്നത് കൂട്ടിച്ചേർത്തിട്ടുണ്ടെങ്കിലും

പഞ്ചായത്ത് ആക്ടിന്റെയും മുനിസിപ്പാലിറ്റീസ് ബിൽഡിംഗ് റൂൾസിന്റെയും ഭേദഗതി കൊണ്ടുവരാതെ യഥാർത്ഥത്തിൽ 5 സെന്റിന്റെയും 10 സെന്റിന്റെയും ഉടമസ്ഥന്മാർക്ക് ആ സ്ഥലത്ത് വീട് വയ്ക്കാനുള്ള സൗകര്യം ഇല്ലാത്ത സാഹചര്യം ഉണ്ടാകുമോ എന്നുകൂടി പരിശോധിക്കണമെന്ന് പറഞ്ഞുകൊണ്ട് എന്റെ ഡിസെന്റ് രേഖപ്പെടുത്തിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ആൻസലനുവേണ്ടി ശ്രീ. എ. എം. ആരിഫ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് യു.ഡി.എഫ്-ൽ നിന്നുള്ള ഓരോ അംഗങ്ങളും നടത്തിയ പ്രസംഗം കേട്ടു. മൂലനിയമം പാസ്സാക്കാൻ 2008 ജൂലൈ 24-ാം തീയതി ഉച്ചയ്ക്ക് തുടങ്ങി പിറ്റേ ദിവസം വെളുപ്പിന് ഏതാണ്ട് നാലുനാലര മണിവരെ ചർച്ച ചെയ്ത ഒരു ബില്ലാണ്. ആ മൂലനിയമം പാസ്സാക്കാതിരിക്കാൻവേണ്ടി ഉണ്ടാക്കിയ തടസ്സവാദങ്ങളും തർക്കങ്ങളും വാദമുഖങ്ങളും സംബന്ധിച്ച പഴയ രേഖകൾ ഞാൻ പരിശോധിച്ചു. അതിൽ ഏറ്റവും കൂടുതൽ അഭിപ്രായം പറയാനുള്ളത് ഏറ്റവും അവസാനം ചർച്ച ചെയ്ത് നിർത്തിയ ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മറിന്റെ നിയമസഭാ പ്രസംഗത്തെക്കുറിച്ചാണ്. പക്ഷേ ഈ നിയമംകൊണ്ട് സംസ്ഥാനത്തെ നെൽ കർഷകരെ സംരക്ഷിക്കാൻ വി. എസ്. സർക്കാരിന് കഴിയുമെന്ന് കരുതുന്നുണ്ടോ? മാത്രമല്ല, കേരളത്തിലെ വിവിധ വിഭാഗങ്ങളിലുള്ള കർഷകരുമായി ആശയ വിനിമയം നടത്തിയപ്പോൾ അവരുടെ നൊമ്പരങ്ങളും പ്രയാസങ്ങളും നേരിട്ട് മനസ്സിലാക്കാൻ കഴിഞ്ഞതാണ്. ഇവിടെ നെൽകൃഷി മാത്രമല്ല മറ്റ് കൃഷികളും നടക്കുന്നുണ്ടല്ലോ. റബ്ബർ കൃഷിയായാലും തെങ്ങ് കൃഷിയായാലും അതൊന്നും കർഷകരുടെമേൽ അടിച്ചേൽപ്പിച്ചതല്ല. കർഷകരെ സംബന്ധിച്ച് അതൊക്കെ ലാഭകരമെന്ന് തോന്നുമ്പോൾ അവർ ഓരോ കൃഷിയായി തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. ഇന്ന് കേരളത്തിൽ കാണുന്ന കൃഷിഭൂമിതന്നെ സ്വാഭാവികമായുണ്ടായതല്ല. മലബാർ മേഖല പരിശോധിച്ചാൽ അവിടത്തെ കൃഷിഭൂമിയിൽ പലതും അന്നത്തെ കർഷകരുടെ സാമൂഹികാവശ്യമെന്ന നിലയ്ക്ക് കുന്നുകളെല്ലാം ഇടിച്ച് നിരപ്പാക്കി വയലുകളാക്കി തിരിച്ചതാണ് എന്ന് പറഞ്ഞാണ് തുടങ്ങുന്നതുതന്നെ. നെൽവയലുകൾ രൂപപ്പെട്ടത് അന്നത്തെ കുന്നുകൾ ഇടിച്ച് നിരപ്പാക്കിയതാണെന്നും അത് സംരക്ഷിക്കപ്പെടേണ്ടതില്ലെന്ന സൂചനയോടും കൂടി തുടങ്ങുന്ന പ്രസംഗത്തിന്റെ ഒരു ഘട്ടം കഴിഞ്ഞ് ഇങ്ങോട്ട് വരുന്നതെല്ലാം പറയുകയാണെങ്കിൽ ഒരുപാട് സമയമെടുക്കും. അങ്ങനെ ആ നിയമത്തെ ചോദ്യം ചെയ്തുകൊണ്ട് ഇപ്പോൾ ചോദിക്കുകയാണ്, "കർഷകരെ ജയിലിൽ അടയ്ക്കുന്ന ഒരു സർക്കാർ, വി. എസ്. സർക്കാർ എന്ന ഖ്യാതി ഈ സർക്കാരിനുണ്ടാകുമെന്ന് അങ്ങ്

ഓർക്കേണ്ടതുണ്ട്. മരണം സുനിശ്ചിതമായ നെൽകൃഷിയെ കൃത്രിമ ശ്വാസം നൽകി പുനഃരുജ്ജീവിപ്പിക്കാനുള്ള ശ്രമമാണ് ഈ നിയമമെന്നുവേണം കരുതാൻ. എന്നാൽ ഇത്തരമൊരു നിയമത്തിന് കേരളത്തിലെ കൃഷിക്കാരുടെ പിന്തുണയുണ്ടോ എന്ന കാര്യം പരിശോധിക്കേണ്ടതുണ്ട്" എന്നാണ്. ഇതൊക്കെ ശ്രീ. എം. ഉമ്മർ നടത്തിയ പ്രസംഗത്തിലെ ഭാഗങ്ങളാണ്. മൂലനിയമം പാസ്സാക്കാതിരിക്കാൻവേണ്ടി നടത്തിയ വാദഗതികളാണ് ഇതെല്ലാം. വീണ്ടും ഇപ്രകാരം തുടരുന്നു, "അവരാകട്ടെ ഇപ്പോൾ ഒറ്റയ്ക്കും കൂട്ടായും ആത്മഹത്യ ചെയ്യുകയാണ്. കൃഷി നശിക്കാനും കർഷകർ ആത്മഹത്യ ചെയ്യാനും ഇടയാക്കിയ സാഹചര്യമെന്താണെന്ന് നിശ്ചയിക്കാനും ആ സാഹചര്യം ഒഴിവാക്കാനുമുള്ള ഏതെങ്കിലും വകുപ്പുകൾ ഈ നിയമത്തിലുണ്ടോയെന്ന് പരിശോധിക്കണം. അതില്ലാത്തിടത്തോളം ഈ നിയമത്തിന് കർഷകരുടെ പിന്തുണ ലഭിക്കാൻ പോകുന്നില്ല" . ഇതെല്ലാം ഇവിടെ പറഞ്ഞ വാചകങ്ങളാണ്. അങ്ങനെ ആ നിയമം പാസ്സാക്കാതിരിക്കാൻ കർഷകരുടെ പിന്തുണയും പിൻബലവുമില്ലാത്ത ഒരു നിയമം കൊണ്ടുവന്നുവെന്ന് പറഞ്ഞ്, ആ നിയമം പാസ്സാക്കാതിരിക്കാനുള്ള വാദമുഖങ്ങളെല്ലാം പ്രസംഗിച്ചവർ ഇപ്പോൾ ഈ നിയമത്തിന്റെ സംരക്ഷകരായി രംഗത്ത് വരുന്നതുകാണുമ്പോൾ അത്ഭുതം തോന്നിപ്പോകുന്നു. അതുകൊണ്ട് ഇദ്ദേഹത്തിന്റെ വാക്കുകൾ കേട്ട് ആരെങ്കിലും ഇറങ്ങി പുറപ്പെട്ടാൽ വഴിയാധാരമായിത്തീരുമെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് കൂടുതലൊന്നും പറയുന്നില്ല. ഇതൊക്കെ പ്രകൃതി നിയമത്തിന്റെ ഒരു ശിക്ഷയാണെന്നാണ് എനിക്ക് തോന്നുന്നത്. ഉത്തരം മുട്ടുമ്പോൾ ഒരു മുൻമന്ത്രിയുടെ മുഖഭാവങ്ങളും ചലനങ്ങളുമൊക്കെ എങ്ങനെയായിരുന്നുവെന്നത് നമ്മുടെ വീഡിയോ റെക്കോർഡിൽ സൂക്ഷിച്ച് വയ്ക്കുന്നത് വളരെ നന്നായിരിക്കും. 'വാസവദത്തയുടെ ചാരിത്ര്യ പ്രസംഗ'മെന്ന ഒരു ഉപമാപ്രയോഗമാണ് അദ്ദേഹത്തെപ്പറ്റി പറയുമ്പോൾ ഓർമ്മ വരുന്നത്. അങ്ങയുടെ ആ പ്രസംഗത്തെ ആരെങ്കിലും അങ്ങനെ ഉപമിച്ചാൽ അവരെ ആർക്കും കുറ്റം പറയാൻ സാധിക്കില്ലെന്നാണ് എനിക്ക് തോന്നുന്നത്. നെൽവയൽ തണ്ണീർത്തട ബില്ലിനെ സംബന്ധിച്ച് ഈ നികത്തൽ വിവാദങ്ങൾ അന്നത്തെ പ്രതിപക്ഷം ഉയർത്തിക്കൊണ്ട് വന്നതിനോടൊപ്പംതന്നെ, പ്രതിപക്ഷത്ത് നിന്നും ശ്രീ. വി. എം. സുധീരനും ശ്രീ. വി. ഡി. സതീശനും വിവാദമുയർത്തിയില്ലേ? അതെല്ലാം അങ്ങ് മറന്നുപോയോ? വിവാദ സ്വാമിയായ സന്തോഷ് മാധവന്റെ ഭൂമി വിവാദം സംബന്ധിച്ച വിവരങ്ങൾ ഉയർത്തിക്കൊണ്ട് വന്നതിൽ പ്രതിപക്ഷത്തിനും ഒരു പങ്കുണ്ട്. ശ്രീ. വി. ഡി. സതീശനായിരുന്നു ആദ്യം കൊണ്ടുവന്നത്. ഇതെല്ലാം കാണുമ്പോൾ തോന്നുന്നത് പ്രകൃതിയുടെ ഒരു ശിക്ഷയായിട്ടാണ്. കടിച്ച പാമ്പിനെക്കൊണ്ട് വിഷമിറക്കിപ്പിക്കാൻവേണ്ടി അന്ന് അദ്ദേഹം നടത്തിയ ഇടപാടുകളെ പറ്റി, ഇപ്പോൾ ഒന്നര മണിക്കൂർ നീണ്ട പ്രസംഗത്തിനിടയിൽ ചോദ്യങ്ങൾ വന്നപ്പോൾ അദ്ദേഹത്തിന്റെ പരുങ്ങൽ കാണണമായിരുന്നു. അദ്ദേഹത്തിന്റെ

പരുങ്ങൽ കണ്ടപ്പോൾ സിനിമാതാരം ശ്രീ. സലിം കുമാർ പറഞ്ഞ ഒരു വാക്കാണ് എനിക്ക് ഓർമ്മ വരുന്നത്. 'തിരുപ്പതി ആയി സാർ എനിക്ക് തിരുപ്പതിയായി.' എന്തായാലും ഇത്തരത്തിലുള്ള ശിക്ഷ കൊടുക്കുന്നത് വളരെ നന്നായിരിക്കും. എനിക്ക് തൃപ്തിയായി എന്നുള്ളതാണ് അതിന്റെ അർത്ഥം.

ശ്രീ. കെ. ബാബു: സർ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് തോട്ടം മേഖലയിലെ അഞ്ച് ശതമാനത്തോളം വരുന്ന ഭൂമി നിർമ്മാണ മേഖലയിലേയ്ക്ക് മാറ്റാമെന്ന ഭേദഗതി കൊണ്ടുവന്നത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. എ. എം. ആരിഫ്: സർ, അങ്ങനെ എന്തെല്ലാം ഇടപാടുകൾ അവർ കൊണ്ടുവന്നു, അതിനെല്ലാംകൂടിയുള്ള ശിക്ഷ അവർക്ക് ജനം കൊടുത്തുകഴിഞ്ഞു. എപ്പോഴും ശവത്തിൽ കുത്തി മുറിവേൽപ്പിക്കുന്നത് ശരിയല്ല. അതുകൊണ്ട് അതിനെക്കുറിച്ച് പറയുന്നില്ല. എന്തുകൊണ്ടാണ് അന്ന് ആ നിയമം കൊണ്ടുവന്നത്?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, നെൽവയലുകൾ വ്യാപകമായുള്ള കുട്ടനാട്ടിൽ, 1980 കാലഘട്ടത്തിൽ നെൽവയൽ നികത്തുന്നതിനെതിരെ, നികത്തിയ നെൽവയലുകൾ വെട്ടി നിരത്തിയ ഞങ്ങളുടെ സമരത്തെ 'വെട്ടിനിരത്തലുകാർ' എന്നുപറഞ്ഞ് ആക്ഷേപിച്ചതും ലാത്തിച്ചാർജ് ചെയ്ത് ഞങ്ങളെയൊക്കെ ഗുരുതരാവസ്ഥയിലാക്കിയതും യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്തായിരുന്നു എന്ന കാര്യംകൂടി ഓർക്കുമ്പോൾ, നെൽകൃഷിയെ സംബന്ധിച്ച് ആധികാരികമായി പറയാൻ യു.ഡി.എഫ്.നെക്കാൾ, ഇപ്പുറത്തുള്ളവർക്ക് അവകാശമുണ്ടെന്ന് അവരെ ഓർമ്മിപ്പിക്കുമോ?

ശ്രീ. എ. എം. ആരിഫ്: സർ, തീർച്ചയായും. നെൽകൃഷിയുടെ സംരക്ഷണത്തിനുവേണ്ടി അന്ന് കർഷകത്തൊഴിലാളി പ്രസ്ഥാനങ്ങൾ ദീർഘമായ സമരങ്ങൾ നടത്തുകയും ആ സമരത്തെത്തുടർന്ന് നെൽവയലേലകൾ പരിവർത്തനപ്പെടുത്തി മറ്റാവശ്യങ്ങൾക്കായി വിനിയോഗിച്ചപ്പോൾ സമരത്തിലേർപ്പെട്ടിരുന്ന കർഷകത്തൊഴിലാളികളും കൃഷിക്കാരുമടങ്ങുന്നവർ ഏതോ തെങ്ങിന്റെ തലപ്പോ മറ്റോ വെട്ടിമുറിച്ചെന്ന് പറഞ്ഞാണ് അന്ന് ഈ വെട്ടിനിരത്തൽകാരെന്ന ഭാഷാപ്രയോഗം നടത്തിയത്. അന്നും ഇന്നും യു. ഡി. എഫ്.നോടൊപ്പം ഞങ്ങളെ അവഹേളിക്കാനും ചെളി വാരിയെറിയാനും ശ്രമിക്കുന്ന ചില മാധ്യമ സുഹൃത്തുക്കളുടെ പിൻബലത്തോടുകൂടി രൂപംകൊടുത്ത ഒരു പദപ്രയോഗമാണ് വെട്ടിനിരത്തലുകാർ. അങ്ങനെ വെട്ടിനിരത്തലുകാരെന്ന് വിളിച്ച് അന്ന് ആക്ഷേപിക്കാനും അവഹേളിക്കാനും ശ്രമിച്ചവരാണ്. അന്ന് ശ്രീ. കെ. എം. മാണിയെല്ലാം അവിടെ വന്ന് തൈ നടാൻവേണ്ടി നടത്തിയ വലിയ സമരങ്ങളെപ്പറ്റി ഞാനിപ്പോഴും ഓർക്കുന്നുണ്ട്. ഇത് ഇവരുടെ പൊതുനയമാണ്. ഇത് നെൽകൃഷിയോട് ഇവർക്കുള്ള ആറ്റിറ്റ്യൂഡാണ്

കാണിക്കുന്നത്. ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഇന്നൊരു ക്രമപ്രശ്നം ഉന്നയിച്ചിരുന്നു, ഇതേ ക്രമപ്രശ്നം 2008 ജൂലൈ 24-ന് അദ്ദേഹം ഇവിടെ ഉയർത്തിയിരുന്നു, ആ ക്രമപ്രശ്നം ഞാൻ വായിക്കാം, ഈ ബില്ലിലെ ക്ലോസ് 3-ലും ക്ലോസ് 5-ലും പറഞ്ഞിരിക്കുന്നത് നെൽവയലുകളും തണ്ണീർത്തടങ്ങളും പരിവർത്തന പ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള വിലക്കിനെക്കുറിച്ചാണ്. കാർഷികവൃത്തിയിലേർപ്പെടുന്ന ഒരു കർഷകന് അയാൾക്ക് ഇഷ്ടമുള്ള കൃഷി ചെയ്യുന്നതിൽനിന്നും വിലക്കേർപ്പെടുത്തിക്കൊണ്ടുള്ള ക്ലോസുകളാണ് ക്ലോസ് 3-ഉം ക്ലോസ് 5-ഉം. ഭരണഘടനയുടെ ആർട്ടിക്കിൾ 19(1)-ൽ പറയുന്നത് 'All citizens shall have the right', 19(1) (g) 'to practise any profession, or to carry on any occupation, trade or business'. കാർഷികവൃത്തി ഒരു ഒക്യുപ്പേഷനാണ്. കാർഷികവൃത്തി ചെയ്യാനുള്ള ഒരാളുടെ അവകാശം 'A farmer has got the right to cultivate on his own choice.' അയാളുടെ ചോയിസിന് അനുസരിച്ച് കൃഷി ചെയ്യാനുള്ള അയാളുടെ മൗലിക അവകാശത്തിന്മേലുള്ള കടന്നുകയറ്റമാണ് ക്ലാസ് 3-ഉം ക്ലാസ് 5-ഉം. അതുപോലെ ആർട്ടിക്കിൾ 14 അനുസരിച്ച് 'Equality before law'- എല്ലാപേർക്കും തുല്യതയുണ്ട്. കൃഷിക്കാർക്ക് മാത്രമാണ് ഇവിടെ നിയന്ത്രണം ഏർപ്പെടുത്തുന്നത്. ഇവിടെ കച്ചവടം നടത്തുന്നവന് അങ്ങനെയൊരു നിയന്ത്രണമുണ്ടോ? ഒരാളോട് അയാൾ തുണിക്കച്ചവടം മാത്രമേ നടത്താൻ പാടുള്ളൂവെന്നും നാളെ പണമുണ്ടായാലും അയാൾ ജ്വവലറി തുടങ്ങാൻ പാടില്ലെന്ന് പറയുന്നതും ആർട്ടിക്കിൾ 14-ന്റെ വയലേഷനാണ്. ബഹുമാനപ്പെട്ട കെ. എം. മാണി ആർട്ടിക്കിൾ 20-നെപ്പറ്റി ഇവിടെ പറഞ്ഞിരുന്നു. ഇതവരുടെ പൊതുസമീപനമാണ്. നെൽകൃഷിയോട് അവർക്കുള്ള ആറ്റിറ്റ്യൂഡ് എന്താണ്; അത് ചെയ്യാൻവേണ്ടി കൊണ്ടുവന്ന നിയമത്തിനുമേൽ നിന്നുകൊണ്ട് അതിവിടെ നടപ്പാക്കാതിരിക്കാൻവേണ്ടി ഉന്നയിച്ച തടസ്സവാദങ്ങളെല്ലാം സഭാരേഖകളിലുണ്ട്. ഇങ്ങനെ തുടർച്ചയായി നെൽവയലുകൾ നികത്തുന്നതിനെതിരെ ജാഗ്രത പാലിക്കാനും അത് പരിഹരിക്കാനുമുള്ള മൂലനിയമം കൊണ്ടുവന്നപ്പോൾ അതിനെ ഏതെല്ലാം തടസ്സവാദങ്ങളുണ്ടോ അതെല്ലാമുന്നയിച്ച് തടസ്സപ്പെടുത്താൻ ശ്രമിച്ചവരാണ്. എല്ലാപേരുടേയും പ്രസംഗം ഞാൻ പരിശോധിച്ചതാണ്. ഇന്നിവിടെ ശ്രീ. അടൂർ പ്രകാശ് ഒന്നേമുക്കാൽ മണിക്കൂറേ പ്രസംഗിച്ചിട്ടുള്ളൂവെങ്കിലും അന്ന് ഏറ്റവും കൂടുതൽ പ്രസംഗിച്ചത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനായിരുന്നു. അന്ന് ഞാൻ രാവിലെ ചായകുടിച്ചുകൊണ്ടിരുന്നപ്പോൾ തുടങ്ങിയതാണ് അദ്ദേഹത്തിന്റെ പ്രസംഗം, അത് കഴിഞ്ഞ് ഉച്ചയ്ക്ക് ഊണും കഴിഞ്ഞ് വൈകുന്നേരത്തെ ചായകുടിയും കഴിഞ്ഞ് ആറ് മണി കഴിഞ്ഞിട്ടും അദ്ദേഹത്തിന്റെ പ്രസംഗം അവസാനിപ്പിച്ചിട്ടില്ല. അന്ന് രണ്ട് രണ്ടര മണിക്കൂർ അദ്ദേഹം നടത്തിയ പ്രസംഗമാകമാനം ഞാനിവിടെ കരുതിവച്ചിട്ടുണ്ട്. അതൊന്നും ഞാനിവിടെ വായിക്കുന്നില്ല കാരണം എന്തെങ്കിലും പറഞ്ഞാൽ ഉടനെ ദേഷ്യം വരുന്ന ആളാണ്

അദ്ദേഹം എന്നതിനാൽ ഞാൻ വായിക്കുന്നില്ല. അന്ന് അദ്ദേഹം നടത്തിയ പ്രസംഗത്തിൽ ആ നിയമത്തിനെതിരായിട്ടാണ് സംസാരിച്ചത്. ആ നിയമം പാസ്സാക്കുന്നതിലുള്ള പ്രതികൂല വാദഗതികളായിരുന്ന രണ്ടുരണ്ടരമണിക്കൂർ നീണ്ട അദ്ദേഹത്തിന്റെ പ്രസംഗത്തിലുണ്ടായിരുന്നത്. ഇത് അവരുടെ പൊതു സമീപനത്തിന്റെ ഭാഗമായിരുന്നു. നെൽകൃഷിയെ സംരക്ഷിക്കുകയെന്ന് പറഞ്ഞാൽ, കർഷകരെ സംബന്ധിച്ച് അവർക്കാവശ്യമുള്ള എല്ലാ പ്രൊട്ടക്ഷനും നൽകി നെൽ കൃഷിയെ സംരക്ഷിക്കുകയെന്നതാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയധികം സമയമെടുത്ത്, തുടർച്ചയായി വെളുപ്പിന് നാല് നാലര വരെ നമ്മൾ ഒരുമിച്ചിരുന്ന് പാസ്സാക്കി യെടുത്ത നിയമമാണ്. വർഷങ്ങൾക്ക് മുൻപ് 1967-നും 2008-നും ഇടയ്ക്ക് വിവിധ തരത്തിൽ പരിവർത്തനം ചെയ്യപ്പെട്ട നികത്തലുകൾ ഉണ്ടായിട്ടുണ്ട്. 1967-ന് മുൻപ് നികത്തപ്പെട്ടതിനൊന്നും ഫീസ് ഈടാക്കുന്നില്ല. പക്ഷേ അതിനുശേഷം 2008-നുള്ളിൽ സംഭവിച്ച നികത്തലുകളുണ്ട്. അങ്ങനെ നികത്തപ്പെട്ട ഭൂമി പല തരത്തിൽ കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. കുടുംബപരമായിട്ടുള്ള വസ്തുക്കൾ മക്കൾക്ക് കൊടുത്തിട്ടുണ്ട്, സഹോദരങ്ങൾക്ക് കൊടുത്തിട്ടുണ്ട്. ഇത്തരത്തിലൊക്കെ പരിവർത്തനം ചെയ്യപ്പെട്ടു പോയ വസ്തുവിന്റെ ഉടമസ്ഥാവകാശം പിന്നീട് വന്നുചേർന്നിട്ടുള്ളവരുമുണ്ട്. അവരെല്ലാം അഭിമുഖീകരിക്കുന്ന പ്രയാസങ്ങളെ എങ്ങനെ പരിഹരിക്കണമെന്നത് സംബന്ധിച്ച് ചട്ടം രൂപീകരിക്കുമ്പോൾ അങ്ങ് ഇക്കാര്യത്തിൽ ഗൗരവമായ പരിശോധന നടത്തണമെന്നുള്ളതാണ് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ളത്.

സംസ്ഥാനത്തിന്റെ ഭക്ഷ്യസുരക്ഷയുടെ പ്രശ്നമാണ് നമ്മളിപ്പോൾ ചർച്ച ചെയ്യേണ്ടത്. നികത്തപ്പെട്ട ഭൂമിയെല്ലാം നികത്തപ്പെട്ടു. ഇനിയുള്ളവയെങ്കിലും നികത്താതിരിക്കാനുള്ള ജാഗ്രത പുലർത്തണം. പക്ഷേ ജാഗ്രത പുലർത്തുന്ന സന്ദർഭ ങ്ങളിൽത്തന്നെ നമുക്ക് എത്രത്തോളം നെൽകൃഷി ചെയ്യാനാകും; ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ മുൻകാലങ്ങളെ അപേക്ഷിച്ച് എത്രത്തോളം കൃഷിഭൂമി നെൽകൃഷി ചെയ്യാൻ ഉപയോഗിച്ചു എന്നുള്ള ഗവൺമെന്റിന്റെ പക്കലുള്ള കണക്ക് വായിച്ചു. നമ്മൾ ഓരോരുത്തരുടെയും മണ്ഡലങ്ങളിൽ പരിശോധിച്ചാൽ അത് കാണാൻ കഴിയും. എന്റെ മണ്ഡലത്തിൽ എന്തുമാത്രം നെൽകൃഷി വർദ്ധിച്ചുവെന്ന് എനിക്കറിയാം. അങ്ങനെ ഓരോ പ്രദേശത്തും വന്നിട്ടുള്ള മാറ്റം ചെറുതല്ല. ഉള്ളതിനെ ഉള്ളതായി കാണുകയും അംഗീകരിക്കുകയും വേണ്ടേ; നിങ്ങൾ അതിനെ സപ്പോർട്ട് ചെയ്യേണ്ടതല്ലേ; എല്ലാ പ്രദേശത്തും നെൽകൃഷിയുടെ കാര്യത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. മിനിഞ്ഞാന്ന്, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമനും ഞങ്ങളും ഉൾപ്പെടെ പങ്കെടുത്തതാണ്, ഒരു കോൺവെന്റിന്റെ കൈവശമിരുന്ന 20 ഹെക്ടർ ഭൂമി കൃഷി ചെയ്യാൻവേണ്ടി വിട്ടുതന്നു. പട്ടണക്കാട് സെന്റ് ജോസഫ് സ്കൂളാണ് 20 ഹെക്ടർ ഭൂമി വിട്ടുതന്നത്.

എത്രയോ വർഷമായി കൃഷി ചെയ്യാതെ തരിശായിക്കിടന്ന ഭൂമി പലതും കൃഷി ചെയ്യാൻവേണ്ടി തരികയാണ്. ആ തരത്തിൽ അവിടെയെല്ലാം കൃഷി ഉണ്ടാകുന്നു എന്നുള്ളതും ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അഭിമാനകരമാണ്. ഈ ഗവൺമെന്റിന്റെ ആറ്റിറ്റ്യൂഡ് മാത്രമല്ല ഈ നിയമം പാസ്സാക്കുന്നത്, ഈ ഗവൺമെന്റ് നിയമത്തെ സംരക്ഷിക്കാൻ മാത്രമല്ല, ഇതിൽ നടത്തുന്ന ഇടപെടൽകൂടി നിങ്ങൾ കാണണം; കാണാതിരിക്കരുത്. ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ ഇവിടെ ചോദിച്ചതാണ്, അന്ന് നമ്മുടെ കോട്ടിട്ട വലിയ ശാസ്ത്രജ്ഞരോ ബുദ്ധിജീവികളോ ഭരണാധികാരികളോ ഒക്കെ കോപ്പൻ ഹേഗനിലും ഓസ്ട്രേലിയയിലും കാനഡയിലും അവിടെയും ഇവിടെയുമൊക്കെ ഇരുന്ന് ഗ്ലോബൽ വാമിംഗിനെക്കുറിച്ചും പ്രകൃതി സംരക്ഷണത്തെക്കുറിച്ചുമൊക്കെ ചർച്ച ചെയ്യുന്നതിനും എത്രയോ മുൻപാണ് എഴുത്തും വായനയും അറിയാത്ത പാവപ്പെട്ട കർഷകത്തൊഴിലാളി നെൽവയലേലകൾ സംരക്ഷിക്കണമെന്ന് ഈ സമൂഹത്തെ ഉദ്ബുദ്ധരാക്കിയത്, ആവശ്യപ്പെട്ടത്. അവരെയാണ് നമ്മൾ അവഹേളിച്ചത്. അവരെയാണ് നമ്മൾ ആക്ഷേപിച്ചത്. അവരെയാണ് നമ്മൾ പുച്ഛിച്ച് തള്ളിയത്. പക്ഷേ അവർ പറഞ്ഞ വാക്കുകൾ നമ്മൾ കേട്ടിരുന്നുവെങ്കിൽ ഇന്ന് നമുക്ക് ഈ ദുരന്തങ്ങൾ ഉണ്ടാകുമായിരുന്നില്ല. വാസ്തവത്തിൽ പ്രകൃതിയേയും പ്രകൃതി പ്രതിഭാസങ്ങളെയും സംബന്ധിച്ച് നമ്മളേക്കാൾ എത്രയോ വലിയ കാഴ്ചപ്പാട് പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് ഉണ്ടായി എന്നതുകൊണ്ടാണ് നെൽവയൽ സംരക്ഷിക്കണമെന്ന് വർഷങ്ങൾക്ക് മുൻപ് അവർ നമ്മളെ ഉദ്ബുദ്ധരാക്കിയത്. അവരെ നമ്മൾ അംഗീകരിക്കണ്ടേ; അവരുടെ പ്രസ്ഥാനത്തെയാണ് നിങ്ങൾ വെട്ടിനിരത്തലുകാർ എന്നുപറഞ്ഞ് ആക്ഷേപിച്ചത്, തള്ളിപ്പറയുന്നത്. എന്തായാലും ശരി അതിന്റെ അന്ത:സത്ത ഉൾക്കൊണ്ടുകൊണ്ടുള്ള ഭേദഗതികളാണിത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

നെൽകൃഷിയുടെ കാര്യത്തിൽ നമുക്ക് നേരത്തെ ഉണ്ടായിരുന്ന മേൽക്കോയ്മ നഷ്ടപ്പെട്ടു. മറ്റ് കൃഷികളിലേയ്ക്കും മേഖലകളിലേയ്ക്കും നമ്മൾ പോയതിന്റെ ഫലമായുണ്ടായ ഭക്ഷ്യക്കമ്മി നികത്താമെന്ന് നേരത്തെ കേന്ദ്ര സർക്കാർ കേരളത്തിന് ഉറപ്പ് നൽകിയതാണ്. ഭക്ഷ്യ സുരക്ഷാ നിയമനിർമ്മാണം നടത്തിയപ്പോൾ കേരളത്തിനുള്ള ഈ ഉറപ്പ് നഷ്ടമായി. ബഹുമാനപ്പെട്ട നമ്മുടെ പുതിയ അംഗം ശ്രീ. സജി ചെറിയാൻ ഇവിടെ രണ്ട് ഫുള്ളും ആറ് ഹാഫും എന്ന് പറഞ്ഞു. ഇവിടെനിന്ന് പോയിട്ടുള്ള രണ്ട് ക്യാബിനറ്റ് മന്ത്രിമാരും ആറ് സഹമന്ത്രിമാരും അവിടെ ഉള്ളപ്പോൾ, വേറെ രീതിയിൽ തെറ്റിദ്ധരിക്കരുത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇത് ഓർഡറിലാണോ?

മി. സ്പീക്കർ: ശ്രീ. എ. എം. ആരിഫ്, അങ്ങ് എന്താണ് ഉദ്ദേശിച്ചത്?

ശ്രീ. എ. എം. ആരിഫ്: സർ, പൂർണ്ണ ചുമതലയില്ല എന്നുള്ളതാണ്. അല്ലാതെ വേറെ അർത്ഥത്തിലെടുക്കേണ്ട. പകുതി ചുമതല എന്നാണ് ഞാൻ ഉദ്ദേശിച്ചത്.

ശ്രീ. സജി ചെറിയാൻ: സർ, 2011 മുതൽ 2016 വരെയുള്ള കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലം തണ്ണീർത്തട നിയമം ഏറ്റവും വികലമായി നടപ്പാക്കിയ അഞ്ച് വർഷമാണ്. ഇവിടെ ശ്രീ. എ. എം. ആരിഫ് പറഞ്ഞതുപോലെ ഈ നിയമത്തിന്റെ മറവിൽ നിന്നുകൊണ്ട് ആ നിയമത്തെ ദുർബലപ്പെടുത്തി കേരളത്തിലെ നെൽകൃഷി മേഖലയെ പുറകോട്ടടിപ്പിച്ച ഒരു ഭരണസംവിധാനം മാറി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നു. ഞാൻ കാർഷിക മേഖലയിൽ കഴിഞ്ഞ കുറച്ചു നാളായി പ്രവർത്തിക്കുന്ന ഒരാളാണ്. ഇവർ നികത്തിയ മുഴുവൻ നെൽകൃഷി മേഖലയിലും ഇരുപത്തിയഞ്ച് മാസക്കാലംകൊണ്ട് ഈ ഗവൺമെന്റ് കൃഷിവകുപ്പിന്റെ സഹായത്തോടുകൂടി നെൽകൃഷിയും മറ്റുതരത്തിലുള്ള കൃഷിയും ആരംഭിച്ചിട്ടുണ്ട് എന്ന കാര്യം അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. എ. എം. ആരിഫ്: സർ, തീർച്ചയായും. ഞാൻ ചെങ്ങന്നൂർ തെരഞ്ഞെടുപ്പ് സമയത്ത് അവിടെ ഉണ്ടായിരുന്ന ആളാണ്. അങ്ങയുടെ നേതൃത്വത്തിൽത്തന്നെ നെൽകൃഷിയും പച്ചക്കറി കൃഷിയും നടത്തിയതിന് സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരം അങ്ങേയ്ക്ക് ലഭിച്ചിട്ടുള്ളത് ഞാൻ ഈ സന്ദർഭത്തിൽ വളരെ അഭിമാനപുരസ്സരം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കൃഷിക്കാർക്ക് ഈ ഗവൺമെന്റ് ഇന്ത്യയിലെ ഒരു സംസ്ഥാന ഗവൺമെന്റും കൊടുക്കാത്ത രീതിയിലുള്ള എം.എസ്.പി. ആണ് കൊടുത്തത്. 23.50 രൂപ കൊടുത്തിട്ടുണ്ട്. പക്ഷേ രണ്ട് ദിവസം മുൻപ് ഒരു വാർത്ത വന്നു. 10 ശതമാനത്തിൽ കൂടുതൽ ഭക്ഷ്യ ധാന്യങ്ങൾക്ക് സബ്സിഡി കൊടുക്കാൻ പാടില്ലെന്ന് പറഞ്ഞ് അമേരിക്ക WTO-യിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ കേന്ദ്രത്തിന് ഇന്ന് കൊടുക്കുന്ന സബ്സിഡിപോലും കൊടുക്കാൻ കഴിയാത്ത അവസ്ഥ വരുമെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. എം. ആരിഫ്: സർ, WTO കരാറുകളിലെല്ലാംകൂടി അവർക്ക് അങ്ങോട്ടുള്ള ഇറക്കുമതിയെ പ്രതിരോധിക്കുന്നതിനും അവരുടെ രാജ്യത്തിലേയ്ക്കുള്ള കയറ്റുമതിയെ പ്രതിരോധിക്കുന്നതിനുമാണ് ഇത്തരം നിബന്ധനകളൊക്കെ കൊണ്ടുവരുന്നത്. അതുതന്നെയാണല്ലോ, General Agreement of Trade and Tariff (GATT)-ന്റെ നിർദ്ദേശങ്ങൾ വന്നപ്പോൾ നമ്മൾ ചൂണ്ടിക്കാണിച്ചത്. ഇത്തരത്തിലുള്ള ഇറക്കുമതി ചുങ്കങ്ങൾ നമ്മുടെ രാജ്യത്തേയ്ക്ക് വരുന്നതിനെ ഇതിന്റെ

പരിധിക്കകത്ത് നമുക്ക് ഉപയോഗിക്കാൻ കഴിയും. പക്ഷേ ഇന്ത്യാ ഗവൺമെന്റ് അത് ചെയ്തുകൊടുക്കുന്നില്ല. വളരെ ലിബറലാണ്. അവർ ഇങ്ങോട്ട് എല്ലാ തരത്തിലും കച്ചവടക്കാരെ ആകർഷിക്കാൻവേണ്ടി വാൾമാർട്ട് ഉൾപ്പെടെയുള്ളവരെയെല്ലാം കൊണ്ടുവന്ന് ഇവിടത്തെ വ്യാപാരമേഖലയെ മുഴുവൻ നിയന്ത്രിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിലേയ്ക്ക് ഞാൻ പോകുന്നില്ല. കേന്ദ്രത്തിൽ രണ്ട് ക്യാബിനറ്റ് മന്ത്രിമാരും ആറ് സഹമന്ത്രിമാരും ഉള്ളപ്പോഴാണ് ഭക്ഷ്യസുരക്ഷാ നിയമം പാസ്സാക്കിയത്. നമുക്ക് ഒരു എക്സംപ്ഷണൽ ക്ലോസ്, കേരളത്തിന് നേരത്തെ ഇന്ത്യാ ഗവൺമെന്റ് കൊടുത്ത ഉറപ്പാണ്, ആ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യക്കമ്മി നേരിടുന്ന സംസ്ഥാനങ്ങൾക്ക് അവർ നേരത്തെ നൽകിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യത്തിന്റെ percentage wise ആയിട്ടുള്ള, അല്ലെങ്കിൽ അവർക്കുള്ള ആളോഹരി അനുസരിച്ചുള്ള വിഹിതം നിലനിർത്തുമെന്ന് ഒരു ക്ലോസ് ചേർക്കാൻ കഴിയും. ഒരാളെങ്കിലും ഇടപെട്ടോ; ഏത് ഗവൺമെന്റ് മാറിവന്നാലും ആ ഗവൺമെന്റുകൾക്ക് ആ നിയമം അനുസരിച്ചുള്ള ഉത്തരവാദിത്വം നിറവേറ്റാതിരിക്കാൻ കഴിയുമോ; ഇന്ന് ശ്രീ. നരേന്ദ്ര മോദി ഉപയോഗിക്കുന്നത് നിങ്ങൾ ആ നിയമത്തിൽ ഇതിന്റെ പരിരക്ഷ നൽകാതിരുന്നതുകൊണ്ടാണ്. ഈ സർക്കാരിന്റെ മുഖ്യമന്ത്രി കാണാൻ താൽപ്പര്യം പ്രകടിപ്പിച്ചിട്ട്, പല പ്രാവശ്യം പറഞ്ഞിട്ടും മൂന്ന് പ്രാവശ്യമാണ് അവസരം നിഷേധിക്കുന്നത്. എന്നാൽ ഏതെങ്കിലുമൊരു സന്ദർഭത്തിൽ അതിനെയൊക്കെ ന്യായീകരിച്ചുകൊണ്ട് ഈ സഭയിലെ ഒരു മെമ്പർ കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കാനാണോ പരസ്യ പ്രസ്താവന നടത്തുന്നത്. ശ്രീ. ഒ. രാജഗോപാൽ ഇവിടെ ഇല്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. മൂന്ന് പ്രാവശ്യം അനുവാദം ചോദിച്ചു. എന്നാൽപോട്ടെ, മൂന്ന് പ്രാവശ്യം ചോദിച്ചതല്ലേ, ഒരു ദിവസം തന്നേക്കാം. എനിക്ക് ഇന്ന സമയത്തേ കഴിയുകയുള്ളൂ എന്നുപറഞ്ഞ് ഒരു മറുപടി ഇങ്ങോട്ട് അയച്ചോ; അങ്ങനെപ്പോലും അയയ്ക്കാതിരുന്നത് എന്താണെന്നുള്ളത് വിശദീകരിക്കണ്ടേ; അദ്ദേഹം കേന്ദ്ര കമ്മിറ്റിക്ക് പോകുമ്പോൾ കാണണം എന്നുള്ള താൽപ്പര്യം പ്രകടിപ്പിച്ചപ്പോൾ, പോളിറ്റ് ബ്യൂറോയ്ക്ക് പോകുമ്പോൾ കാണാൻ താൽപ്പര്യം പ്രകടിപ്പിച്ചതുകൊണ്ടാണ് എന്നുപറഞ്ഞു. കേരളത്തിന്റെ ആവശ്യം പറയാൻ അവിടെ പോകുന്ന കൂട്ടത്തിൽ പറയാൻ പാടില്ലേ?

ശ്രീ. എം. വിൻസെന്റ്: സർ, ഇവിടെ പറഞ്ഞതുപോലെ മൂന്ന് തവണയാണ് സംസ്ഥാന മുഖ്യമന്ത്രിക്കും രണ്ട് തവണ സർവ്വകക്ഷി സംഘത്തിനും ഇന്ത്യയുടെ പ്രധാനമന്ത്രി സന്ദർശനാനുമതി നിഷേധിച്ചത്. പക്ഷേ ശ്രീ. അരവിന്ദ് കെജ്രിവാൾ ഡൽഹിയിൽ നടത്തിയ സമരത്തെ വളരെയധികം പിന്തുണച്ച ഇവർ എന്തുകൊണ്ടാണ് മൂന്ന് പ്രാവശ്യം സന്ദർശനാനുമതി നിഷേധിച്ചിട്ടും കേരളത്തിന്റെ മുഖ്യമന്ത്രി കേന്ദ്രത്തിനെതിരായി ഒരു സമരവുമായി രംഗത്തുവരാത്തത്?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഉന്നയിക്കാൻ വേണ്ടിയാണ് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കാണാൻ ശ്രമിച്ചത്. അക്കാര്യത്തിൽ ശക്തമായ ഒരു പ്രതിപക്ഷ പ്രതിഷേധം കേരളത്തിൽനിന്നുണ്ടായില്ല എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. എം. ആരിഫ്: സർ, അക്കാര്യങ്ങളെല്ലാം നമുക്കറിയാമല്ലോ, അവരുടെ ഭാഗത്തുനിന്നും അങ്ങനെയൊന്നും ഉണ്ടാകില്ല. നമ്മൾ കാര്യങ്ങൾ ചെയ്യുമ്പോൾ ഉണ്ടാകുന്ന പാളിച്ചകൾ ഉയർത്തിക്കാട്ടുകയും പോരായ്മകളെ പർവ്വതീകരിക്കുകയും ചെയ്യുകയാണ് അവരുടെ രീതി.

ശ്രീ. റ്റി. വി. രാജേഷ്: സർ, കോച്ച് ഫാക്ടറി അനുവദിക്കുന്നതിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന നിഷേധാത്മക നിലപാടിനെതിരെ കഴിഞ്ഞ ദിവസം നമ്മുടെ എം.പി.-മാർ ഡൽഹിയിൽ റെയിൽവേ ഭവന് മുമ്പിൽ നടത്തിയ സമരം ഉദ്ഘാടനം ചെയ്തത് കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രിയാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. എം. ആരിഫ്: സർ, അതെ, നമ്മൾ ധാരാളം സമരങ്ങൾ നടത്തിയിട്ടുണ്ട്. അന്ന് മുഖ്യമന്ത്രി ഉഗ്രൻ പ്രസംഗമാണ് നടത്തിയത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ വച്ചാണ് എന്നോട് ഇക്കാര്യം പറഞ്ഞത്. സർവ്വകക്ഷി സംഘം ഡൽഹിയിൽ പോകണമെന്നത് ഞങ്ങൾ കൂട്ടായി എടുത്ത തീരുമാനമായിരുന്നു. പ്രധാനമന്ത്രിയെക്കണ്ട് റേഷൻ സംവിധാനത്തിൽ എ.പി.എൽ. കാർഡുടമകൾക്ക് അരി നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പറയണമെന്നായിരുന്നു തീരുമാനിച്ചത്. ശ്രീ. രാജ്നാഥ് സിംഗിനെ കാണാൻ ആവശ്യപ്പെട്ടതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽവച്ച് എഴുതിത്തന്നിരുന്നു. ഞങ്ങൾ രണ്ടുപേരും കൂടി സംസാരിച്ചാണ് പോകേണ്ട എന്ന് തീരുമാനിച്ചത്. നമ്മൾ പ്രധാനമന്ത്രിയെ കണ്ട് കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കാൻ തീരുമാനിക്കുമ്പോൾ പ്രധാനമന്ത്രിക്ക് അതിന് സമയമില്ല, ശ്രീ. രാജ്നാഥ് സിംഗിനെ കണ്ടോളൂ എന്ന് പറഞ്ഞാൽ, രാജ്നാഥ് സിംഗിനെ കാണേണ്ട കാര്യം കേരളത്തിനോ കേരളത്തിലെ രാഷ്ട്രീയ കക്ഷികൾക്കോ ഇല്ല. കേരളത്തോടുള്ള കടുത്ത അവഗണനയാണിത്, ഇക്കാര്യം നമുക്ക് അംഗീകരിക്കാൻ കഴിയില്ല. ഇന്ത്യ ആര് ഭരിച്ചാലും, പ്രധാനമന്ത്രിക്ക് സംസ്ഥാനങ്ങളോട് ഉത്തരവാദിത്തമുണ്ട്, ഒരു പ്രധാനമന്ത്രിയും ഇങ്ങനെ ചെയ്യാൻ പാടില്ലാത്തതാണ്. ഈ വിഷയത്തിൽ ഞങ്ങൾ ശക്തമായി പ്രതിഷേധിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ശ്രീ. എ. എം. ആരിഫ് അങ്ങ് വിഷയത്തിലേയ്ക്ക് വരൂ.

ശ്രീ. എ. എം. ആരിഫ്: സർ, ഈ വിഷയം അങ്ങ് ശ്രീ. എം. വിൻസെന്റിനെക്കൂടി ബോദ്ധ്യപ്പെടുത്തണം. തീർച്ചയായും അങ്ങ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിച്ചതിനെയും പ്രതിഷേധിക്കണമെന്ന അങ്ങയുടെ നിലപാടിനെയും ഞാൻ അഭിനന്ദിക്കുകയാണ്. കുറച്ചുകൂടി പരസ്യമായ പ്രതികരണം വേണമായിരുന്നു എന്നാണ് ഞാൻ പറഞ്ഞത്. അങ്ങയുടെ സദുദ്ദേശ്യം സമസ്തജനവിഭാഗങ്ങളും അറിയണം എന്നതുകൊണ്ടാണ് ഞാൻ അങ്ങനെ പറഞ്ഞത്.

ശ്രീ. പി. ഉബൈദുള്ള: സർ, കഞ്ചിക്കോട് കോച്ച് ഫാക്ടറി നിർമ്മാണവുമായി ബന്ധപ്പെട്ട് ഇടതുപക്ഷ എം.പി.-മാർ ഡൽഹിയിൽ പ്രതിഷേധ പ്രകടനം നടത്തിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കേന്ദ്രത്തിലെ വകുപ്പ് മന്ത്രിയെപ്പോലും കാണാൻ കഴിഞ്ഞില്ല. എന്നാൽ അവിടെയുള്ള എം.എൽ.എ. ശ്രീ. വി. എസ്. അച്യുതാനന്ദൻ ഇതുമായി ബന്ധപ്പെട്ട് മന്ത്രിയെക്കണ്ട് നിവേദനം സമർപ്പിച്ചു. ഇതിലുള്ള കാര്യം എന്താണെന്ന് അങ്ങേയ്ക്കറിയാമോ?

ശ്രീ. എ. എം. ആരിഫ്: സർ, അവിടെയുള്ള എം.എൽ.എ. പോകരുതെന്ന് പറയാൻ കഴിയുമോ? ശ്രീ. പീയൂഷ് ഗോയലിന്റെ നിലപാടിനെ സംബന്ധിച്ച് യു.ഡി.എഫ്. എം.പി.-മാർ നേരത്തേ പറഞ്ഞത് നിങ്ങൾ കേട്ടില്ലേ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കാണാൻ ശ്രീ. നരേന്ദ്ര മോദി തയ്യാറാകാതിരുന്നതിനെ ശക്തമായി ഇവിടെ വിമർശിക്കുമ്പോൾ, അതിന്റെ പ്രസക്തി ഇല്ലാതാക്കുന്ന ചോദ്യമാണ് ശ്രീ. പി. ഉബൈദുള്ള ഇവിടെ ചോദിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പരസ്യമായി പ്രതികരിക്കണമെന്ന് ഞാൻ പറയാൻ കാരണം നേരത്തേ ഒരു പ്രശ്നം ഉണ്ടായതുകൊണ്ടാണ്. ആർ.എസ്.എസ്.-ന്റെ സർ സംഘ് ചാലക് മോഹൻ ഭഗവത് പാലക്കാട് വന്ന് പതാകയുയർത്തിയതുമായി ബന്ധപ്പെട്ട് ഒരു ദുഷ്ടലാക്കുണ്ടായിരുന്നു എന്നൊരു സംസാരമുണ്ട്. ആർ.എസ്.എസ്. സർ സംഘ് ചാലകിനെ കേരളത്തിൽ വച്ച് അറസ്റ്റ് ചെയ്താൽ ഇന്ത്യയൊട്ടാകെ അവർ കലാപമുണ്ടാക്കിക്കഴിഞ്ഞാൽ മലയാളികളെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വച്ച് അവർ ആക്രമിക്കും. കടകളും കമ്പോളങ്ങളുമെല്ലാം ആക്രമിക്കുകയും കൊള്ളയടിക്കുകയും ചെയ്യുന്ന വലിയ രൂപത്തിലേയ്ക്ക് അത് പോകും, ആ പേര് പറഞ്ഞ് കേരളത്തിലെ സർക്കാരിനെ പിരിച്ചുവിടും, അതിനുള്ള സാഹചര്യം ഒരുക്കുന്നതിനായിരുന്നു ആർ.എസ്.എസ്. മേധാവിയെ അറസ്റ്റ് ചെയ്യണമെന്ന് അങ്ങ് പറഞ്ഞതെന്ന ഒരു വർത്തമാനം നാട്ടിൻപുറങ്ങളിലുണ്ട്. അതുകൊണ്ടാണ് പരസ്യമായി പ്രതികരിക്കണം എന്ന് ഞാൻ പറഞ്ഞത്. ദുഷ്ടലാക്കുണ്ടായിരുന്നു എന്നുള്ള സംസാരം ഉണ്ടായിരുന്നു. എന്നാലും കേസെടുത്തു. പലപ്പോഴും ഇത്തരം കാര്യങ്ങളിൽ കേസെടുത്ത വിവരം അങ്ങേയ്ക്കുമറിയാം, ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഏതായാലും നമ്മുടെ ഭക്ഷ്യസുരക്ഷാ

പ്രശ്നം പരിഹരിക്കാൻ നെൽകൃഷി പ്രോത്സാഹിപ്പിക്കണം. നമുക്കിപ്പോഴുള്ള ഭക്ഷ്യകമ്മി നികത്താൻ പരമാവധി സ്ഥലങ്ങളിൽ കൃഷി നടത്തണം, ബഹുമാനപ്പെട്ട സജി ചെറിയാന്റെ നേതൃത്വത്തിൽ വലിയ ഇടപെടലാണ് ചെങ്ങന്നൂരുണ്ടായത്. അതിനുള്ള അംഗീകാരം ജനങ്ങൾ അദ്ദേഹത്തിന് നൽകുകയും ചെയ്തു. എന്തായാലും ഭക്ഷ്യക്ഷാമം പരിഹരിക്കാൻവേണ്ടി എത്രത്തോളം നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ കഴിയുമോ അത്രത്തോളം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിലപാടെടുക്കുന്നൊരു സർക്കാരാണ് ഇവിടെയുള്ളത്. ഇതിനകത്ത് പറഞ്ഞിട്ടുള്ള ഭേദഗതികളെല്ലാം നെൽകൃഷിയെ സംരക്ഷിച്ചുകൊണ്ട് നമ്മുടെ പൊതുവായ ആവശ്യങ്ങൾ സംരക്ഷിക്കപ്പെടാനുള്ളതാണ്. മൂലനിയമത്തിൽ നമുക്ക് പൊതുവായ ആവശ്യങ്ങൾക്കുവേണ്ടി നിലം നികത്താനുള്ള അനുവാദമുണ്ടായിരുന്നു. ആ പൊതുവായ ആവശ്യത്തിലേയ്ക്ക് ക്ലോസ് പ്രത്യേകം ചേർത്തുകൊണ്ടാണ് അതിനുശേഷവും ധാരാളം പൊതു ആവശ്യങ്ങൾക്കു വേണ്ടി നിലം നികത്തിയിട്ടുള്ളത്, നികത്താൻ അനുവാദം വാങ്ങിയിട്ടുള്ളത്. അതിന് പ്രാദേശിക കമ്മിറ്റികൾക്കുപുറമെ അവിടെ നിരാകരിച്ചതിന് ഇവിടെവന്ന് അപ്പീൽ കൊടുത്തിട്ടുണ്ട്. ഇവിടെ നമ്മുടെ കാർഷികോത്പാദന കമ്മീഷണറുടെ നേതൃത്വത്തിലുള്ള കമ്മിറ്റി നിരാകരിച്ചതിന് ഗവൺമെന്റിൽ അപ്പീൽ വാങ്ങിയിട്ടുണ്ട്. ഞാൻ എന്റെ പ്രദേശത്തെ പാലം പണിയുന്നതിനും അതുപോലെ വിവിധ ആവശ്യങ്ങൾക്കുംവേണ്ടി വിവിധ തരത്തിലുള്ള അനുവാദം വാങ്ങി പൊതുആവശ്യത്തിന് വിനിയോഗിച്ചിട്ടുള്ളതാണ്. ആ പൊതു ആവശ്യത്തിന് വിനിയോഗിച്ചിട്ടുള്ള തരത്തിൽ ഇനിയും വിനിയോഗിക്കപ്പെടുന്നതിനുള്ള ക്ലോസുകൾ മാത്രമേ ഈ ബില്ലിനകത്തുമുള്ളൂ. അതിനപ്പുറത്തേയ്ക്കൊന്നും ഇത് പോകുന്നില്ല. ജനനം 2008, മരണം 2018 എന്നൊക്കെ നേരത്തെ ശ്രീ. വി. ടി. ബൽറാമൊക്കെ പറയുന്നതുകേട്ടു. നെൽകൃഷിക്കുവേണ്ടി വല്ലാതെ നിൽക്കുന്നൊരു പ്രസ്ഥാനത്തിന്റെ പ്രതികരണമാണ് ഇതൊക്കെയെന്ന് കേട്ടാൽ തോന്നും. എല്ലാപേരും കൂടിച്ചേർന്ന് ആ മൂലനിയമം ഉണ്ടാക്കാതിരിക്കാൻ ശ്രമിച്ചതാണ്, ഇവരുടെ ഈ വിലാപം വാസ്തവത്തിൽ ആത്മാർത്ഥതയില്ലാത്തതാണ്. അവർ ഈ സർക്കാരിനോടുള്ള ആത്മാർത്ഥത തെളിയിച്ചുകൊണ്ടാണ് ഓരോ കാര്യങ്ങളിലും ഇടപെട്ടുകൊണ്ടിരിക്കുന്നത്. ഈ സർക്കാരിന്റെ സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച പ്രകാരമുള്ള ഭേദഗതികൾ അംഗീകരിച്ച ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

5.00 PM]

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2018-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതിരിപ്പിക്കുന്നു.

കേരളത്തിന്റെ ചരിത്രം നന്നായി അറിയാവുന്നവരാണ് നമ്മൾ. കേരളത്തിൽ നടന്ന കർഷക സമരത്തിന്റെ ഭാഗമായാണ് 1957-ൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരത്തിൽ വന്നത്. കേരളത്തിലെ കർഷകരുടെ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടും കർഷകത്തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടിയും ധീരമായ പോരാട്ടം നടത്തിയാണ് 1957-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ സഖാവ് ഇ.എം.എസ്. മുഖ്യമന്ത്രിയായി ലോകത്താദ്യമായി ബാലറ്റിലൂടെ കേരളത്തിൽ ഗവൺമെന്റ് അധികാരത്തിൽ വന്നത്. അന്നുമുതൽ ഇന്നുവരെയുള്ള ചരിത്രം പരിശോധിക്കുമ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റുകളും കേരളത്തിൽ അധികാരത്തിൽ വന്നിട്ടുള്ള കാലത്തെല്ലാം കേരളത്തിലെ കർഷകരെയും കർഷകത്തൊഴിലാളികളെയും ഇതരവിഭാഗം തൊഴിലാളികളെയും ജനങ്ങളെയും സംരക്ഷിക്കുന്ന നയങ്ങളും തീരുമാനങ്ങളുമായിട്ടാണ് മുന്നോട്ടുപോയിട്ടുള്ളത്. ഞാൻ അതിന്റെയെല്ലാം വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കഴിഞ്ഞ കാലങ്ങളിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റുകളുടെ നയങ്ങളും തീരുമാനങ്ങളും പരിശോധിച്ചാൽ കേരളത്തിലെ ജനങ്ങൾക്കത് ബോധ്യമാകും. കേരളത്തിൽ നെൽവയലുകൾ സംരക്ഷിക്കപ്പെടേണ്ടതാണ്. വയലെന്നാൽ നെല്ലുവിളയുന്നൊരു സ്ഥലം മാത്രമല്ല, അതിന്റെ ധർമ്മങ്ങൾ പലതാണ്. അന്നം വിളയിക്കുക, ഇടവേളകളിൽ മുതിരയും എള്ളും മറ്റും വിളയിക്കുക, പെയ്യുന്ന മഴവെള്ളത്തെ താങ്ങി നിർത്തി ഭൂഗർഭജലമാക്കി മാറ്റുക, പച്ചപ്പും ജലവും ചേർന്ന ഈ മംഗളകരമായ ആവാസവ്യവസ്ഥയിൽ നൂറുനൂറ് ജീവജാലങ്ങൾക്കും സസ്യജാലങ്ങൾക്കും ജീവിക്കാനും പെരുകാനും ഇടംനൽകുക, ശുദ്ധവായുവും സുഖകരമായ കാലാവസ്ഥയും പ്രദാനം ചെയ്യുക തുടങ്ങി ഒട്ടേറെ സേവനങ്ങളാണ് നമുക്ക് വയലേലകൾ സംഭാവന ചെയ്യുന്നത്. മനുഷ്യരുടെയും ജീവജാലങ്ങളുടെയും നിലനിൽപ്പിന് വയലേലകൾ സംരക്ഷിക്കപ്പെടണം. അതുകൊണ്ടാണ് കേരളത്തിൽ ക്രമരഹിതമായി, നിയമ വിരുദ്ധമായി വയലുകൾ നികത്തുകയും ചെളിയെടുത്തുമാറ്റുകയും കാർഷിക മേഖലയെ തകർക്കുകയും ചെയ്യുന്ന സമീപനമുണ്ടായപ്പോൾ 2008-ൽ കേരള തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമം കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പാസ്സാക്കിയത്. ആ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുൻപ് യു.ഡി.എഫ്. ഗവൺമെന്റ് ഇവിടെ ഉണ്ടായിരുന്നു. ശ്രീ. എ. കെ. ആന്റണി മുതൽ ശ്രീ. ഉമ്മൻ ചാണ്ടി വരെയുള്ള മുഖ്യമന്ത്രിമാരും ഉണ്ടായിരുന്നു. പക്ഷേ കേരളത്തിലെ കർഷകരുടെയും തൊഴിലാളികളുടെയും ജനങ്ങളുടെയും പ്രശ്നങ്ങൾ മനസ്സിലാക്കി, മനുഷ്യന് നല്ല ഭക്ഷണം കഴിക്കാനും നല്ല ആരോഗ്യത്തോടെ ജീവിക്കാനും മുൻതലമുറ നമുക്ക് കരുതിവച്ച ഈ ഭൂമിയെ വരുംതലമുറയ്ക്കുകൂടി ആരോഗ്യകരമായ ഒരു ജീവിതരീതി ഉയർത്തിക്കൊണ്ടുവരാൻ കഴിയത്തക്കരീതിയിൽ സംരക്ഷിക്കേണ്ട ബാദ്ധ്യത കേരളത്തിലെ കമ്മ്യൂണിസ്റ്റുകാർക്കും ഇടതുപക്ഷ പ്രസ്ഥാനത്തിനുമാണെന്ന്

മനസ്സിലാക്കിയാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പാസ്സാക്കിയത്. ബഹുമാന്യരായ തിരുവഞ്ചൂർ രാധാകൃഷ്ണനും അടൂർ പ്രകാശും എനിക്ക് വേണ്ടപ്പെട്ടവരാണ്. കാരണം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ 20 വർഷം അടൂർ നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആയിരുന്നു. അദ്ദേഹം ആ മണ്ഡലം സുരക്ഷിതമായി എന്നെ ഏൽപ്പിച്ചിട്ടാണ് പോയത്. അതുകൊണ്ട് ആ സ്നേഹവും ബന്ധവും ഇപ്പോഴുമുണ്ട്. ശ്രീ. അടൂർ പ്രകാശ് കോന്നി മണ്ഡലത്തിലെ എം.എൽ.എ. ആണെങ്കിലും അദ്ദേഹം അടൂരാണ് താമസിക്കുന്നത്. അങ്ങനെയാകുമ്പോൾ ഞാൻ അദ്ദേഹത്തിന്റെ എം.എൽ.എ. ആണ്. അതുകൊണ്ടുതന്നെ രണ്ടുപേരോടും എനിക്ക് വ്യക്തിപരമായ സ്നേഹവും കടപ്പാടുമുണ്ട്. പക്ഷേ ഈ രണ്ടുപേരും ഭേദഗതി നിയമവുമായി ബന്ധപ്പെട്ട്, മനസ്സിലായിട്ട് മനസ്സിലാകാതെ സംസാരിച്ചതാണോയെന്ന് എനിക്കറിയില്ല, 'കുരുടൻ ആനയെ കണ്ടതുപോലെയാണ്' ഇവിടെ സംസാരിച്ചത്. അവർ ഇതിലെ വസ്തുതകൾ മറച്ചുവച്ചു. മൂലനിയമത്തിൽ ഏതാണ്ട് ഭീകരമായ മാറ്റംവരുത്തി കേരളത്തിൽ അവശേഷിച്ച നെൽവയലുകളെല്ലാം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭൂമാഫിയകൾക്കുവേണ്ടി നികത്താനുള്ള അവസരം കൊടുക്കുന്നുവെന്നുള്ള നിലയിലാണ് അവർ രണ്ടുപേരും ഇവിടെ പ്രസംഗിച്ചത്. അതിനോട് യോജിച്ചുകൊണ്ടാണ് ശ്രീ. ഉമ്മർ സാഹിബും പ്രസംഗിച്ചത്. ഇവർ പ്രസംഗിച്ചപ്പോൾ സി.പി.ഐ-യോട് വലിയ സ്നേഹമാണ് പ്രകടിപ്പിച്ചത്. അത് നല്ലതുതന്നെയാണ്. സി.പി.ഐ.-യിലെ മന്ത്രിമാരെക്കുറിച്ച് നല്ല രീതിയിലാണ് അവർ സംസാരിച്ചത്. ഇപ്പോൾ എന്ത് സംഭവിച്ചുവെന്നാണ് അവർ ചോദിച്ചത്. ഇപ്പോൾ ഒന്നും സംഭവിച്ചില്ല. പരിശോധിച്ചാൽ നിങ്ങൾക്ക് കാണാം, ഇവിടെ സഖാവ് വി. വി. രാഘവൻ കൃഷി വകുപ്പുമന്ത്രി ആയിരുന്നപ്പോഴാണ് കേരളത്തിൽ ആദ്യമായി കർഷകർക്ക് അവരുടെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ, വയലേലകളിൽ കൃഷി ചെയ്യുന്നതിന് ഉദ്യോഗസ്ഥരുടെ സഹായം ലഭിക്കാൻ ഒരു കേന്ദ്രമുണ്ടാകണമെന്ന് തീരുമാനിക്കുകയും 'ഫയലിൽനിന്നും വയലിലേയ്ക്ക്'- ഉദ്യോഗസ്ഥർ ഓഫീസിൽ ഇരുന്നാൽപ്പോരാ അവർ കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്ന് കർഷകരെ സഹായിക്കണം, അതിനാവശ്യമായ കേന്ദ്രം വേണമെന്ന് തീരുമാനിച്ചുകൊണ്ടാണ് 1987 സെപ്റ്റംബർ 1-ാം തീയതി കേരളത്തിൽ ആദ്യമായി 'കൃഷി ഭവനുകൾ' സ്ഥാപിക്കപ്പെട്ടത്. കേരളത്തിലെ കൃഷിഭവനുകൾ കേന്ദ്രീകരിച്ച് ഓണക്കാലത്ത് കർഷകരെ ആദരിക്കുന്നുണ്ട്. ഏറ്റവും നല്ല കർഷകരെ ആദരിക്കാനും അവാർഡ് കൊടുക്കാനും അവരെ ബഹുമാനിക്കാനും തുടങ്ങിയത് അന്നുമുതൽക്കാണ്. അത് കേരളത്തിൽ നടപ്പാക്കിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് കമ്മ്യൂണിസ്റ്റുകാരനായ സഖാവ് വി. വി. രാഘവനായിരുന്നു. അതിനുശേഷം കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിൽ ശ്രീ. മുല്ലക്കര രത്നാകരൻ കൃഷി വകുപ്പുമന്ത്രി ആയിരുന്നപ്പോൾ ചെയ്ത കാര്യങ്ങളെ

ക്കുറിച്ച് ഇവിടെ പറഞ്ഞു. ഞാൻ അത് ആവർത്തിക്കുന്നില്ല. ഇതിൽനിന്നും എന്താണ് നിങ്ങൾ മനസ്സിലാക്കേണ്ടത്. എടുത്ത വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ കർഷകർ ആത്മഹത്യ ചെയ്യുന്ന കാലഘട്ടം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്നു. നിരവധി കർഷകർ ഭൂമി പണയപ്പെടുത്തി വായ്പയെടുത്ത് കൃഷി ചെയ്യുകയും പ്രകൃതി ക്ഷോഭംമൂലം കൃഷി നശിച്ച് അതിൽനിന്ന് വരുമാനം ലഭിക്കാതായപ്പോൾ വായ്പയെടുത്ത തുക തിരിച്ചടയ്ക്കാൻ കഴിയാതെ ആത്മഹത്യ ചെയ്ത ചരിത്രം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേരളത്തിലുണ്ടായി. അങ്ങനെയുള്ള കർഷകരെ സഹായിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴാണ് കേരളത്തിൽ ആദ്യമായി കാർഷിക കടാശ്വാസ കമ്മീഷൻ കൊണ്ടുവന്നത്. ശ്രീ. മുല്ലക്കര രത്നാകരൻ ആയിരുന്നു അന്നത്തെ കൃഷി വകുപ്പുമന്ത്രി. ഞാൻ തുടങ്ങിയതേയുള്ളൂ. സമയമുണ്ട്. ....... വഴങ്ങാം.

<u>മി. സ്പീക്കർ</u>: അങ്ങ് ആരേയും മാതൃകയാക്കണ്ട, അങ്ങ് ശാന്തമായി സംസാരിച്ച് അവസാനിപ്പിക്കൂ. ആരേയും മാതൃകയാക്കണ്ട.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, അതുമാത്രമല്ല, ആ ഗവൺമെന്റിന്റെ കാലത്ത് കർഷകർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും കൊയ്ത്ത് യന്ത്രം നൽകുകയും ചെയ്തു. ഹെക്ടറിന് പതിനായിരക്കണക്കിന് രൂപ നഷ്ടപരിഹാരം നൽകി. നെല്ലിന്റെ സംഭരണവില 7 രൂപയിൽനിന്നും 14 രൂപയായി വർദ്ധിപ്പിച്ചു. ഇതെല്ലാം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കിയതാണ്. നിങ്ങൾ കേരളം ഭരിച്ചിരുന്നു, യു.ഡി.എഫ്. ഇവിടെ ഭരിച്ചിരുന്നല്ലോ. ശ്രീ. എ. കെ. ആന്റണിയും ശ്രീ. ഉമ്മൻ ചാണ്ടിയും മുഖ്യമന്ത്രിമാരായിരുന്നു. നിങ്ങൾ കർഷകർക്കുവേണ്ടി എന്ത് ചെയ്തു; നിങ്ങൾ എന്ത് നടപടിയാണ് സ്വീകരിച്ചത്. നിങ്ങൾ ഒന്നും ചെയ്തില്ലെന്ന് കേരളത്തിലെ ജനങ്ങൾക്ക് അറിയാം. അതുകൊണ്ടാണല്ലോ ഇപ്പോൾ ഞങ്ങൾ ഇപ്പുറത്ത് ഇരിക്കുന്നത്. വമ്പിച്ച ഭൂരിപക്ഷത്തിലാണല്ലോ ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽ വന്നത്. ശ്രീ. വി. എസ്. സുനിൽ കുമാർ ഇവിടെ ഉണ്ടായിരുന്നു. ശ്രീ. അടൂർ പ്രകാശും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ചോദിച്ച കാര്യങ്ങൾക്ക് വളരെ വ്യക്തമായ മറുപടി പറഞ്ഞിട്ടാണ് അദ്ദേഹം പുറത്തുപോയത്. ശ്രീ. അടൂർ പ്രകാശ് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ നിയമസഭയിൽ ചില കാര്യങ്ങൾ ഉന്നയിച്ചപ്പോൾ വളരെ വ്യക്തമായ മറുപടി നൽകിയിട്ടാണ് അദ്ദേഹം പോയത്. ഈ ഗവൺമെന്റ് 21 വർഷങ്ങൾക്കുശേഷം 25 വിളകൾക്ക് കാർഷിക വിള ഇൻഷ്വറൻസ് പ്രഖ്യാപിച്ചു. അതുപോലെതന്നെ കൃഷിഭൂമിയുടെ അളവിനെക്കുറിച്ച് അദ്ദേഹം പറഞ്ഞു. നിങ്ങൾ അധികാരത്തിൽനിന്നും പോയിട്ട് ഇപ്പോൾ രണ്ടുവർഷം പിന്നിട്ടു. അക്കാര്യം നിങ്ങൾ മറന്നുപോയോ; 2018-ലെ കണക്കെടുക്കുമ്പോഴാണ് 2.20 ലക്ഷം ഹെക്ടർ

കൃഷിഭൂമി കേരളത്തിലുണ്ടായത്. ഞങ്ങൾ 3 ലക്ഷം ഹെക്ടർ ഭൂമിയിലേയ്ക്ക് നെൽകൃഷി വ്യാപിപ്പിക്കാൻ പോകുകയാണ്. കൃഷി ഡിപ്പാർട്ട്മെന്റിന്റെ കണക്കാണ്. അത് നിങ്ങൾ പരിശോധിക്കണം. നിങ്ങളുടെ കയ്യിലുള്ള രേഖകൾ മാത്രം പരിശോധിച്ചാൽ പോര.

ശ്രീ. ജി. എസ്. ജയലാൽ: സർ, കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉയർന്ന ആശങ്കകളാണ് ഇവിടെ പങ്കുവയ്ക്കുന്നത്. ആ ആശങ്കയകറ്റാൻ വേണ്ടിയാണ് ഈ നിയമത്തിലൂടെ ലക്ഷ്യമിടുന്നത്. അത് മനസ്സിലാക്കാതെയാണ് അവർ സംസാരിക്കുന്നത്. ഒരു ലക്ഷത്തിലധികം ഹെക്ടർ നെൽവയൽ കേരളത്തിൽ തരിശായി കിടക്കുകയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. അങ്ങനെ തരിശായി കിടക്കുന്ന ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യാനുള്ള ഈ ഗവൺമെന്റിന്റെ ഇച്ഛാ ശക്തിയാണ് ഈ നിയമനിർമ്മാണം എന്നത് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ; അങ്ങനെ ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രകടനപത്രികയിൽ പറഞ്ഞിരിക്കുന്നതുപോലെ കേരളത്തിൽ 3 ലക്ഷം ഹെക്ടർ നിലത്തിൽ കൃഷി ചെയ്യുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. ചിറ്റയം ഗോപകുമാർ: സർ,...

ഡോ. എൻ. ജയരാജ്: സർ, അങ്ങിവിടെ മഹാരഥന്മാരായ മന്ത്രിമാർ മുൻകാലങ്ങളിൽ ഭരിച്ചപ്പോൾ നടപ്പിലാക്കിയ കാര്യങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. വൈക്കം മുഹമ്മദ് ബഷീറിന്റെ 'ന്റുപ്പൂപ്പായ്ക്കൊരാനേണ്ടാർന്നു' എന്ന കഥാസന്ദർഭം പോലെയാണ്. പക്ഷേ അങ്ങ് ഇപ്പോൾ ഇവിടെ കൊണ്ടുവരാൻ പോകുന്ന ഈ ബിൽ രഹസ്യ ബാലറ്റിലൂടെയാണ് ഇവിടെ ചർച്ച ചെയ്ത് അവസാനിപ്പിക്കുന്നതെങ്കിൽ ഈ നിയമം പാസ്സാവുകയില്ലെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷേ ഇതിനെ അനുകൂലിക്കുന്നവർപോലും വളരെയധികം ഹൃദയവേദനയോടുകൂടിയായിരിക്കും വോട്ട് ചെയ്യുന്നത്. കാരണം, 2008-ൽ കാർഷിക മേഖലയ്ക്ക് ഒരു 'മാഗ്നാകാർട്ട' എന്ന നിലയിൽ അങ്ങയുടെതന്നെ പാർട്ടിയിലെ വളരെ പ്രഗത്ഭനായ നേതാവ് ശ്രീ. കെ. പി. രാജേന്ദ്രൻ കൊണ്ടുവന്നതാണ് ഈ നിയമം. ഇതുമായി ബന്ധപ്പെട്ട് ഒരു പ്രധാന കാര്യംകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മൂലനിയമത്തിൽ നെൽവയൽ എന്നത് ഡിഫൈൻ ചെയ്തിരിക്കുന്നതും ഇവിടെ കൊണ്ടുവന്ന ഭേദഗതിയുമായി യാതൊരു ബന്ധവുമില്ല. ശ്രീ. എം. ഉമ്മർ സൂചിപ്പിച്ചതുപോലെ ഇത് നാളെകളിൽ കോടതിയിൽ പോയിക്കഴിഞ്ഞാൽ ഈ നിയമവുമായി ബന്ധപ്പെട്ട് പരിരക്ഷ കിട്ടാനുള്ള സാദ്ധ്യതയില്ലെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ഞങ്ങൾക്കുള്ള ഏക ആശ്വാസം ഭൂരിപക്ഷംകൊണ്ട് നിങ്ങൾ പാസ്സാക്കിയാലും തീർച്ചയായും നിയമത്തിന് വിധേയമായി നാളെകളിൽ ഈ വിഷയം ചർച്ച ചെയ്യപ്പെടും എന്നുള്ളതാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: ഡോ. എൻ. ജയരാജ്, എം.എൽ.എ. സ്വപ്നലോകത്തെ ബാലഭാസ്കറിനെപ്പോലെയാണ് സംസാരിക്കുന്നത്. ശ്രീ. ജി. എസ്. ജയലാൽ പറഞ്ഞത്, വ്യക്തതയോടെയും സൂക്ഷ്മതയോടെയും ജാഗ്രതയോടെയുമാണ്. അത് കേൾക്കാൻ നിങ്ങൾക്ക് ചെവി ഇല്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. നെൽവയൽ സംരക്ഷണ നിയമവുമായി ബന്ധപ്പെട്ടാണ് ഞാൻ സംസാരിക്കുന്നത്. 2008-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ശ്രീ. കെ. പി. രാജേന്ദ്രൻ കൊണ്ടുവന്ന നിയമം എന്തിനായിരുന്നുവെന്ന് ഞാൻ ആമുഖത്തിൽ പറഞ്ഞു. യു.ഡി.എഫ്. അടക്കം കേരളത്തിലെ നെൽവയൽ സംരക്ഷിക്കാത്ത അവസ്ഥ വന്നപ്പോഴാണ് ഞങ്ങൾ അത്തരത്തിൽ ഒരു സമീപനം സ്വീകരിച്ചത്. അതിൽ ഒരു മാറ്റവും ഇപ്പോൾ ഉണ്ടായിട്ടില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കൃഷിയുടെ വികസനത്തെക്കുറിച്ചും മുന്നോട്ടുള്ള പോക്കിനെക്കുറിച്ചുമൊക്കെയാണ് പറയുന്നത്. 2008-ൽ നിയമം പാസ്സാക്കി, ഇപ്പോൾ 2018-ൽ എത്തിനിൽക്കുകയാണ്. ഈ 10 വർഷം ഇറിഗേഷൻ വകുപ്പിൽ എന്തൊക്കെയാണ് ഈ ഗവൺമെന്റ് ചെയ്തിട്ടുള്ളത്. വായുവിൽ കൃഷി ചെയ്യാൻ പറ്റില്ല. കൃഷി ചെയ്യണമെങ്കിൽ വെള്ളം വേണ്ടേ? അങ്ങ് പറയുന്നതൊക്കെ മണ്ണ് ഒരുക്കുന്നതിനെക്കുറിച്ചാണ്. അവിടെ കൃഷിയായി മാറണമെങ്കിൽ ഇറിഗേഷൻ വേണം. ഇന്നും ലിഫ്റ്റ് ഇറിഗേഷൻ കേടായി കിടക്കുകയാണ്. അതുസംബന്ധിച്ച് കണക്ക് വേണമെങ്കിൽ ഞാൻ പിന്നീട് തരാം. ഞാൻ അങ്ങയോട് വളരെ ഇഷ്ടമുള്ള ആളാണ്. ഇവിടെ കൃഷി നടക്കുന്നില്ലെന്നുള്ളതാണ് പ്രശ്നം. ആലപ്പുഴ ജില്ലയിൽ പോലീസിൽ ജോലിയുള്ള ആളുകൾ ഉൾപ്പെടെയുള്ളവർ ചെയ്യുന്ന പാട്ടകൃഷിയെ കുറിച്ചാണ് ഇവിടെ പറയുന്നത്. ഞാൻ ഇക്കാര്യം ശ്രീ. വി. എസ്. സുനിൽ കുമാറിനോട് വാത്വച്ച് ചോദിക്കുകയാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, അങ്ങ് കേരളത്തിന്റെ ഇറിഗേഷൻ വകുപ്പുമന്ത്രിയായിരുന്ന ആളാണ്. അന്ന് കേരളത്തിൽ എവിടെയാണ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കിയതെന്ന് പറഞ്ഞാൽക്കൊള്ളാം. കഴിഞ്ഞ 5 വർഷം കേരളത്തിൽ ഭരണം നടത്തി, അഴിമതി നടത്തി, ഖജനാവിൽ പണമില്ലാത്ത അവസ്ഥയിൽ, ഖജനാവിനെ സംരക്ഷിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മുൻകയ്യെടുത്ത് കഴിഞ്ഞ 2 വർഷമായി കേരളത്തിലെ ഭരണം നല്ലനിലയിൽ മുന്നോട്ടുകൊണ്ടുപോവുകയാണ്. അതിന്റെ ഭാഗമായി ഇറിഗേഷൻ, കൃഷി, പൊതുമരാമത്ത് മേഖലകളിൽ മാറ്റം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇതൊന്നും കാണാൻ നിങ്ങൾക്ക് കണ്ണില്ലാതെ പോയി എന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഇവിടെയിരിക്കുന്ന ശ്രീ. സജി ചെറിയാൻ. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്

കഴിഞ്ഞ രണ്ട് വർഷമായി കേരളത്തിലെ വിവിധ മേഖലകളിൽ നടപ്പാക്കിവരുന്ന വികസനപ്രവർത്തനങ്ങളുടെ ഏറ്റവും വലിയ ഉദാഹരണമാണ് വമ്പിച്ച ഭൂരിപക്ഷത്തിൽ ശ്രീ. സജി ചെറിയാൻ ജയിച്ചുവന്നത്. നിങ്ങൾക്ക് കണ്ണ് കാണാൻ വയ്യ. 2008-ലെ നിയമത്തിൽ ഒരു മാറ്റവുമില്ല. നിയമം നിങ്ങൾ മനസ്സിലാക്കാത്തതുകൊണ്ടാണ്.

ശ്രീ. സജി ചെറിയാൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം, ഞാൻ നിയമസഭാംഗമായതിനുശേഷം കഴിഞ്ഞ കുറച്ച് ദിവസങ്ങളായി ഞാൻ ചില കണക്കുകൾ പരിശോധിച്ചു. ഈ ഗവൺമെന്റിന്റെ കഴിഞ്ഞ 24-25 മാസത്തിനിടയിൽ ഇറിഗേഷൻ, കൃഷി, പൊതുമരാമത്ത് മേഖലകളിൽ ഏറ്റവും കൂടുതൽ വികസനം നടന്നത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ മണ്ഡലത്തിലാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താങ്കൾ എന്നെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾക്ക് നന്ദിയുണ്ടെങ്കിലും യാഥാർത്ഥ്യമതല്ല.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, എല്ലാം എനിക്ക് കിട്ടി; മറ്റുള്ളവർക്ക് കിട്ടിയോ എന്നാണ് അദ്ദേഹം ചോദിച്ചത്. യു.ഡി.എഫ്. നേതാക്കന്മാർ സംസാരിച്ചപ്പോൾ ആശങ്കപ്പെടുന്നതുപോലെയല്ല, ഈ നിയമം തീർച്ചയായും പഴയ നിയമത്തിന് കുറച്ചുകൂടി സംരക്ഷണവും ശക്തിയും ഉണ്ടാക്കുന്നതാണ്. ഭേദഗതിയിൽ പൊതു ആവശ്യം എന്ന് കാണിച്ചിരിക്കുന്നത് സ്വകാര്യ വ്യക്തികൾക്കും ഭൂമാഫിയകൾക്കും നിലം നികത്താനുള്ള അധികാരം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൊടുക്കുകയാണെന്നാണ് നിങ്ങൾ പറയുന്നത്. അവർക്ക് ഭൂമാഫിയകളുമായും റിയൽ എസ്റ്റേറ്റ് ബിസിനസ്സുകാരുമായാണ് ബന്ധം. കഴിഞ്ഞ 5 വർഷത്തെ കാര്യം നമുക്കറിയാം. ആറന്മുളയിലെ കാര്യം ശ്രീ. മുല്ലക്കര രത്നാകരൻ വ്യക്തമായി പറഞ്ഞു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ആറന്മുളയിൽ വിമാനത്താവളത്തിന് മണ്ണിട്ട് നികത്തുന്നത് നിർത്തലാക്കിയതും അവിടെ തോട് പുന:സ്ഥാപിച്ചതും കൃഷിയിറക്കിയതും. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയിരുന്നപ്പോഴാണ് ആറന്മുളയിൽ മണ്ണിട്ട് നിലം നികത്തിയതെന്ന് കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും പത്തനംതിട്ട ജില്ലയിലെയും ആറന്മുളയിലെയും ജനങ്ങൾക്കുമറിയാം. അതുകൊണ്ടാണ് ആറന്മുളയിൽ ശ്രീമതി വീണാ ജോർജ്ജ് വൻഭൂരിപക്ഷത്തിൽ വിജയിച്ചത്. ശ്രീ. അടൂർ പ്രകാശിനും അറിയാമെങ്കിലും അദ്ദേഹം അക്കാര്യങ്ങൾ മറന്നുകൊണ്ടാണ് സംസാരിക്കുന്നത്. യു.ഡി.എഫ്.-ന്റെ ഭാഗമായി ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കുമ്പോൾ അനുകൂലമായി പറയാൻ പറ്റില്ലല്ലോ. ഇവിടെ മൂലനിയമത്തിൽ എന്തെങ്കിലും മാറ്റം ഉണ്ടാക്കിയിട്ടുണ്ടോ; ഒരു മാറ്റവും വന്നിട്ടില്ല. ഒറ്റ കാര്യം മാത്രമാണ് പറഞ്ഞിട്ടുള്ളത്. നേരത്തെ

ഉള്ളതിനോടുകൂടി പ്രോജക്ടുകൾ ചേർത്തിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ പൊതു ആവശ്യങ്ങൾക്കുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ പലപ്പോഴും കാലതാമസം വരുന്നു. നേരത്തെയുള്ള കമ്മിറ്റികൾക്ക് ഒരു മാറ്റവുമില്ല. പ്രാദേശികതല സമിതികൾ അതുപോലെ നിലനിർത്തിയിട്ടുണ്ട്. ആ സമിതി കൂടുന്നതിനുള്ള തീരുമാനത്തിൽ യാതൊരു മാറ്റവുമില്ല. നന്നായി പരിശോധിക്കാത്തതുകൊണ്ടാണ് അങ്ങനെ പറയുന്നത്. പാവപ്പെട്ട ആളുകൾക്ക് വീട് വയ്ക്കുന്നതിന് യാതൊരു തടസ്സവുമില്ല. പഞ്ചായത്ത് പ്രദേശത്ത് 10 സെന്റ് ഭൂമിയും നഗരപ്രദേശങ്ങളിൽ 5 സെന്റ് ഭൂമിയും നികത്തുന്നതിന് പഴയ നിയമം അതുപോലെ നിർത്തിയിട്ടുണ്ട്. പ്രാദേശിക കമ്മിറ്റികൾ അതുപോലെ നിലനിർത്തിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ പൊതുവായ പദ്ധതി നടപ്പിലാക്കുമ്പോൾ പ്രാദേശികതല സമിതി കൂടാൻ ഏതെങ്കിലും കാരണവശാൽ കാലതാമസം നേരിട്ടാൽ സമയബന്ധിതമായി സർക്കാരിന്റെ പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ, സർക്കാർ പദ്ധതികൾ സമയബന്ധിതമായി തീർക്കാൻ കഴിയുന്ന തരത്തിൽ പ്രാദേശിക സമിതിയുടെ ഒരു റിപ്പോർട്ട് സംസ്ഥാനതല സമിതിക്ക് നൽകണമെന്ന് മാത്രമേയുള്ളൂ. അത് ഈ നിയമത്തിന് കുറച്ചുകൂടി ശക്തിനൽകുന്നതാണ്. അത് വ്യക്തമായി നിങ്ങൾ മനസ്സിലാക്കാത്തതുകൊണ്ടാണ്.

ശ്രീ. പി. ടി. തോമസ്: സർ, അങ്ങ് സംസ്ഥാനത്തും ഈ പ്രദേശത്തുമുള്ള പല കാര്യങ്ങളെക്കുറിച്ചും പറയുന്നുണ്ട്. എന്നാൽ തണ്ണീർത്തട നെൽവയൽ സംരക്ഷണത്തെക്കുറിച്ച് വളരെ ചുരുക്കം ചില കാര്യങ്ങളാണ് അങ്ങും ശ്രീ. എ. എം. ആരിഫും സംസാരിച്ചത്. കാരണം കാടുകയറി പറഞ്ഞുപോകുന്നത് ഈ നിയമത്തെക്കുറിച്ച് ഒന്നും പറയാനില്ലാത്തതുകൊണ്ടാണ്. അവസാനമായി പറഞ്ഞ കാര്യം, നേരത്തെ ഉണ്ടായിരുന്ന പ്രാദേശിക സമിതിക്ക് ശിപാർശ ചെയ്യാനുള്ള അധികാരമുണ്ടായിരുന്നു, ഇപ്പോൾ അത് റിപ്പോർട്ടിംഗ് എന്ന വാക്കാക്കി മാറ്റി. ഇത്രയും ഗുരുതരമായ മാറ്റം വരുത്തിയിട്ടും നിങ്ങൾക്കതിനെ എങ്ങനെ പിന്തുണയ്ക്കാൻ കഴിയുന്നു?

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, അതുസംബന്ധിച്ച് മനസ്സിലാകാത്തത് കൊണ്ടാണ് ഇങ്ങനെ പറയുന്നത്. പ്രാദേശികതല സമിതിയുടെ ഒരധികാരവും എടുത്തുകളഞ്ഞിട്ടില്ല. സമയബന്ധിതമായി പ്രോജക്ട് നടപ്പിലാക്കാൻ വേണ്ടിയുള്ള ഒരു തീരുമാനത്തിന്റെ ഭാഗമായിട്ടേയുള്ളൂ. അതിനെ ആ നിലയിൽത്തന്നെ കാണേണ്ടതാണ്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ, കൊണ്ടുവന്ന 3(A) ഈ ഗവൺമെന്റ് എടുത്തുകളഞ്ഞു. 2008-ന് മുമ്പ് നികത്തപ്പെട്ട ഭൂമി ഫെയർ വാല്യുവിന്റെ 25 ശതമാനം അടച്ച് ക്രമവൽക്കരിക്കുകയെന്നുള്ളതായിരുന്നു 3(A). 2008-ന് മുമ്പുള്ള ഭൂമി നികത്തപ്പെടണമെങ്കിൽ ശാസ്ത്രീയമായ

നിരീക്ഷണങ്ങളുടെയും പരിശോധനകളുടെയും അടിസ്ഥാനത്തിൽ റവന്യൂ ഉദ്യോഗസ്ഥന് അത് ബോദ്ധ്യപ്പെടുന്ന നിലയിൽ പരിശോധനയ്ക്ക് വിധേയമായി നികത്താൻ വേണ്ടിയുള്ള ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്. അതിന് ഫീസ് നിശ്ചയിച്ചിട്ടുണ്ട്. അങ്ങനെ ഫീസ് നിശ്ചയിക്കുമ്പോൾ സ്ലാബ് സമ്പ്രദായം വേണമെന്നാണ് സൂചിപ്പിക്കാനുള്ളത്. 1967-ന് മുമ്പുള്ളത് സൗജന്യമായും 1967-നും 2008-നും ഇടയ്ക്ക് ഭൂമി നികത്തുമ്പോൾ, ശ്രീ. എ. എം. ആരിഫ് സൂചിപ്പിച്ചതുപോലുള്ള വിഷയങ്ങളടക്കം വച്ചുകൊണ്ട് ഒരു സ്ലാബ് സംവിധാനം ഉണ്ടാക്കി, യഥാർത്ഥ അവകാശികൾക്ക് നിയമവിധേയമായി മാത്രം അത്തരം കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികളാണ് നമുക്കാവശ്യം. അത് മൂലനിയമത്തിന് കുറച്ചുകൂടി ശക്തി ഉണ്ടാക്കുന്നതാണെന്നാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. നേരത്തെ ഭൂമി നികത്തലുമായി ബന്ധപ്പെട്ട് ആരും കേസ് എടുക്കാറില്ലായിരുന്നു.

ശ്രീ. കെ. രാജൻ: സർ, നേരത്തെ ബഹുമാനപ്പെട്ട അടൂർ പ്രകാശ് ഇവിടെ സംസാരിച്ചപ്പോൾ തെറ്റിദ്ധരിപ്പിച്ച ചില പ്രധാനപ്പെട്ട പ്രശ്നങ്ങളുണ്ട്. ഒന്ന്, 'വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി' എന്നുള്ളത് നേരത്തെ ബില്ലിൽ നിശ്ചയിച്ചിരുന്നത് മാറ്റി 'വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി എന്നാൽ സമിതിയുടെ അധികാര പ്രദേശത്ത് സ്ഥിതിചെയ്യുന്നതും വില്ലേജ് ഓഫീസുകളിൽ സൂക്ഷിക്കുന്ന അടിസ്ഥാന നികുതി രജിസ്റ്ററിൽ നെൽവയലായോ തണ്ണീർത്തടമായോ ഉൾപ്പെടുത്തിയിട്ടുള്ളതും എന്നാൽ 5-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം നെൽവയലായോ തണ്ണീർത്തടമായോ വിജ്ഞാപനം ചെയ്യപ്പെടാത്തതുമായ ഭൂമി' എന്നുമാത്രമേ പറഞ്ഞിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ സബ്ജക്ട് കമ്മിറ്റിയിൽ അത് മാറ്റി 'ഭൂമിയോ അഞ്ചാം വകുപ്പ് 4-ാം ഉപവകുപ്പ് ഒന്നാം ഖണ്ഡത്തിലെ വ്യവസ്ഥകൾ പ്രകാരം ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ലാത്തിടത്ത് ഈ ആക്ടിന്റെ പ്രാരംഭ തീയതിയിൽ നികത്തപ്പെട്ട ഭൂമിയായി കിടക്കുന്നതും കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്ററിന്റെയോ പ്രാദേശികതല നിരീക്ഷണ സമിതിയുടെയോ റിപ്പോർട്ടുപ്രകാരം നെൽവയൽ അല്ലാത്തതുമായ ഭൂമി എന്ന് അർത്ഥമാക്കുന്നു' എന്ന് വളരെ വ്യക്തമായി സൂചിപ്പിച്ചിരിക്കുകയാണ്. അതുപോലെതന്നെ നേരത്തെ സൂചിപ്പിച്ചതാണ് ഈ ഫണ്ടിലെ പ്രശ്നം. ഫണ്ടുമായി ബന്ധപ്പെട്ട പ്രശ്നം അങ്ങനെയല്ല. 27 ഡി വകുപ്പ് ഭേദഗതി ചെയ്യുമ്പോൾ കാർഷിക അഭിവൃദ്ധി ഫണ്ടിന്റെ രൂപീകരണമെന്ന് വളരെ കൃത്യമായി സൂചിപ്പിച്ചിട്ടുണ്ട്. ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി 'ഫണ്ട് എന്ന് പരാമർശിക്കപ്പെടുന്ന 'കാർഷിക അഭിവൃദ്ധി ഫണ്ട് 'രൂപീകരിക്കേണ്ടതാണ്. 'ഫണ്ട് നടത്തിപ്പ് സർക്കാർ നിയോഗിക്കുന്ന സംസ്ഥാനതല ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കുന്നതും ലോക്കൽ ഫണ്ട് ആഡിറ്റിന് ആയത് വിധേയമാക്കേണ്ടതുമാണ്' എന്നാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ സ്വാഭാവികമായും ഇവിടെ രൂപീകരിക്കുന്ന ഫണ്ട്

കാർഷിക അഭിവൃദ്ധിയുടെ ഫണ്ട് തന്നെയായി നിലനിൽക്കുകയാണ്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ 23-ാം വകുപ്പിൽ ശിക്ഷ പുനർനിർണ്ണയിച്ച് മൂലനിയമത്തിൽ രണ്ടുവർഷമാണ് പറഞ്ഞതെങ്കിൽ പുതിയ നിയമത്തിൽ അത് മൂന്ന് വർഷമായി മാറ്റിയതായും കൂടുതൽ നെൽക്കൃഷി വ്യാപിപ്പിക്കുന്നതിനായി ഭൂമി തരിശിട്ടിരിക്കുന്നവരെ പിടിക്കുന്നതിനും വേണ്ടിയുള്ള സംവിധാനമുണ്ടായതായും അങ്ങയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

<u>മി. സ്പീക്കർ</u>: ശ്രീ. ചിറയം ഗോപകുമാർ, നമുക്ക് 800-ലധികം ഭേദഗതികളാണ് പരിഗണിക്കാനുള്ളത്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, രണ്ട് കാര്യങ്ങൾകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ബഹുമാന്യനായ കെ. രാജൻ എം.എൽ.എ. പറഞ്ഞത് പ്രധാനപ്പെട്ട വിഷയമാണ്. നേരത്തെ നെൽവയലുകൾ നികത്തുമ്പോൾ നികത്തുന്നവർക്കെതിരായി കാര്യമായ ശിക്ഷണ നടപടികൾ സ്വീകരിച്ചിരുന്നില്ല. ആരും കേസ്സെടുക്കാനില്ലാ യിരുന്നു. അന്ന് ശിക്ഷ രണ്ടുവർഷമായിരുന്നുവെങ്കിൽ ബഹുമാന്യനായ കെ. രാജൻ സൂചിപ്പിച്ചതുപോലെ ഇപ്പോൾ മൂന്നുവർഷമായി ഭേദഗതി വരുത്തിയിട്ടുണ്ട്. അതുമാത്രമല്ല, ക്രിമിനൽ കുറ്റമായി മാറ്റിയിട്ടുമുണ്ട്. ആർക്കും പരാതി നൽകാം. വയൽ നികത്തുന്നത് ആരെങ്കിലും കണ്ടാൽ ഒരു വെള്ള പേപ്പറിൽ അപേക്ഷ എഴുതി പോലീസ് സ്റ്റേഷനിൽ പരാതി നൽകിയാൽ പോലീസിന് കേസെടുത്ത് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് കോടതിയിൽ കൊടുക്കാനും അറസ്റ്റ് ചെയ്യാനും സാധിക്കും. ആ നിലയിലേയ്ക്ക് കൊണ്ടുവന്നു. അതിലെവിടെയാണ് അഴിമതിയും അനീതിയുമുള്ളത്; ഇത് പഴയ നിയമത്തിന് കുറച്ചുകൂടി ശക്തിപകരുന്നതല്ലേ? അതാണ് ഈ ഭേദഗതിയിലൂടെ ചെയ്തത്. മറ്റൊന്നുകൂടിയുണ്ട്, തരിശ് കിടക്കുന്ന ഭൂമി കാർഷിക മേഖലയ്ക്ക് ഉപയുക്തമാക്കാൻ കഴിയത്തക്ക നിലയിലുള്ള ഒരു തീരുമാനമാണ് ഇപ്പോൾ ഈ ഭേദഗതിയിലൂടെ വരുന്നത്. പലയിടത്തും കർഷകർ കൃഷി ചെയ്യാതെ ഭൂമി തരിശിടുകയാണ്. എന്നാൽ ഈ ഗവൺമെന്റ് വന്നതിനു ശേഷം ഈ ഭേദഗതി നിയമം വരുന്നതിനുമുമ്പുതന്നെ സംസ്ഥാന ഗവൺമെന്റിന്റെ തീരുമാനമനുസരിച്ച് പ്രാദേശികതല സമിതികൾ, പഞ്ചായത്തുകൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, കർഷകരുടെ കൂട്ടായ്മ, കുടുംബശ്രീ, തൊഴിലുറപ്പ്, ചെറുപ്പക്കാരുടെ കൂട്ടായ്മ എന്നിവയെല്ലാം സംഘടിപ്പിച്ചുകൊണ്ട് തരിശുഭൂമി ഏറ്റെടുത്ത് കൃഷി ചെയ്തു കൊണ്ടിരിക്കുകയാണ്. നേരത്തെ അങ്ങനെ ഏറ്റെടുക്കുമ്പോൾ ചില പ്രശ്നങ്ങളു ണ്ടായിരുന്നു. അവർക്ക് സിവിൽ കോടതിയിൽ പോകാമായിരുന്നു. ഇപ്പോൾ ആ തരിശുഭൂമി ഏറ്റെടുത്ത് അവിടെ കൃഷി ചെയ്യുന്നതിനും കൃഷി ചെയ്യുമ്പോൾ അവിടെയുണ്ടാകുന്ന ലാഭവിഹിതത്തിന്റെ 75 ശതമാനം കർഷകന് നൽകുന്നതിനും ആവശ്യമായ സംവിധാനം ഈ ഭേദഗതിയിലൂടെ കൊണ്ടുവരുന്നുണ്ട്. തരിശുഭൂമി

ഏറ്റെടുത്ത് കൃഷി ചെയ്യുമ്പോൾ കേരളത്തിൽ നിലനിൽക്കുന്ന കാർഷിക ഭൂമിയുടെ അളവ് കൂടുകയാണ്. അതാണ് കൃഷി വകുപ്പുമന്ത്രി നേരത്തെ ഇവിടെ പറഞ്ഞത്. ആറന്മുളയിലെ കാര്യം പറഞ്ഞു. ഏതാണ്ട് 34,000 ഹെക്ടർ ഭൂമി അധികമായി കൃഷി ചെയ്യാൻ കഴിഞ്ഞു. ഇപ്പോൾത്തന്നെ ശ്രീ. ആർ. രാജേഷിന്റെ മണ്ഡലമായ മാവേലിക്കരയിലും എന്റെ മണ്ഡലമായ അടൂരും 5 പഞ്ചായത്തുകളിൽ 1000 ഹെക്ടർ തരിശുഭൂമിയിൽ കൃഷി ആരംഭിച്ചു. അങ്ങനെ ഈ സംസ്ഥാനത്തെ 140 മണ്ഡല ങ്ങളിലും അത്തരം തരിശുഭൂമികൾ ഏറ്റെടുത്ത് കൃഷിചെയ്യുന്നതിനാവശ്യമായ ഒരു നിയമമാണ് ഈ ഭേദഗതിയിലൂടെ കൊണ്ടുവന്നിരിക്കുന്നത്. ഇതെല്ലാം 2008-ലെ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ മൂലനിയമത്തിന് ശക്തിപകരാനും കാതലായ തീരുമാനമെടുക്കുന്നതിലൂടെ നെൽവയലുകളെ സംരക്ഷിക്കാനും കഴിയത്തക്കനിലയിൽ കർശനമായ നടപടിക്ക് വിധേയമായി, അവശേഷിച്ച ഭൂമിയും സംരക്ഷിച്ചുകൊണ്ട് കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കുക എന്ന സമീപനത്തിന്റെ ഭാഗമായാണ് ഈ ഗവൺമെന്റ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. കഴിഞ്ഞ രണ്ടുവർഷമായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അത്തരത്തിൽ ജനങ്ങൾക്ക് ഗുണകരമായ തീരുമാനങ്ങളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. ക്ഷീരോത്പാദനരംഗത്ത് നമുക്ക് അവാർഡ് ലഭിച്ച കാര്യവും ഈ അവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദിപ്പിച്ചതിന് ബഹുമാനപ്പെട്ട മൃഗസംരക്ഷണ വകുപ്പുമന്ത്രി ഡൽഹിയിൽനിന്ന് അവാർഡ് ഏറ്റുവാങ്ങുന്ന ചിത്രം ഞാൻ പത്രത്തിൽ കണ്ടു. വളരെ മനോഹരമായ ചിരിക്കുന്ന മുഖവുമായിട്ടാണ് ബഹുമാന്യനായ മന്ത്രി ആ അവാർഡ് ഏറ്റുവാങ്ങുന്നത്. കഴിഞ്ഞ രണ്ടുവർഷമായി കേരളത്തിലെ ജനങ്ങൾക്കുവേണ്ടിയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നതെന്ന് മനസ്സിലാക്കുകയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ജനജീവിതത്തിന് ഏറ്റവും ഗുണകരമായ തീരുമാനങ്ങളു മായാണ് മുന്നോട്ടുപോകുന്നത്.

ശ്രീ. കെ. രാജൻ: സർ, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നിലവിലുള്ള ചരിത്രമനുസരിച്ച് 'പൊതു ആവശ്യം' എന്ന നിലയിലുള്ള പ്രശ്നം വളരെ ഗൗരവമായി മാത്രമേ ഗവൺമെന്റ് നോക്കിക്കാണു കയുള്ളൂവെന്ന് അങ്ങ് കരുതുന്നില്ലേ?

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, തീർച്ചയായും. മനുഷ്യനടക്കമുള്ള എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പ് ജൈവ വൈവിദ്ധ്യവുമായി ബന്ധപ്പെട്ടുകിടക്കുന്നു. പ്രകൃതിയെ രക്ഷിക്കാനും നശിപ്പിക്കാനും കഴിയുന്ന ഒരേയൊരു ജീവി മനുഷ്യൻ മാത്രമാണ്. നമുക്ക് സമ്പത്തും ഭക്ഷണവും ആരോഗ്യവും മരുന്നും ഇന്ധനവും സുഖകരമായ കാലാവസ്ഥയും ഉൾപ്പെടെ ജീവന്റെ നിലനിൽപ്പിന് ആശ്രയമായതെല്ലാം തരുന്ന

നമ്മുടെ പരിസ്ഥിതി സംരക്ഷിക്കുന്നതിന് നമുക്ക് ഓരോരുത്തർക്കും ഉത്തരവാദിത്തമുണ്ട്. അതിന് അനുയോജ്യമായ നിയമം ഉണ്ടാകേണ്ടത് തീർച്ചയായും ആവശ്യമാണ്. അതിനുതകുന്ന നിയമമാണ് ഇതെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭരണപക്ഷത്തും പ്രതിപക്ഷത്തും നിന്നും ബഹുമാന്യരായ ശ്രീ. അടൂർ പ്രകാശ്, ശ്രീ. എം. ഉമ്മർ, ശ്രീ. എ. എം. ആരിഫ്, ശ്രീ. ചിറ്റയം ഗോപകുമാർ എന്നീ 4 എം.എൽ.എ.-മാർ സംസാരിക്കുകയുണ്ടായി. പ്രതിപക്ഷത്തുനിന്നുള്ള രണ്ട് എം.എൽ.എ.-മാർ ഒട്ടേറെ കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. തീർച്ചയായും അവർ മുന്നോട്ടു വച്ചിട്ടുള്ള ശരിയായ നിലപാടുകൾ, നിലവിലുള്ള കേരള നെൽവയൽ തണ്ണീർത്തട നിയമത്തെ ശക്തിപ്പെടുത്താനുതകുന്ന വിധത്തിലുള്ള അവരുടെ നിർദ്ദേശങ്ങളെല്ലാം സ്വീകരിക്കാവുന്നതാണ്. അതേസമയം ഇപ്പോഴിവിടെ കൊണ്ടുവന്നിട്ടുള്ള ഭേദഗതികളെ സംബന്ധിച്ച്, ജനങ്ങളെ തെറ്റിദ്ധരിപ്പിക്കത്തക്കവിധത്തിൽ പൊതുസമൂഹത്തിനിടയിൽ ഒരു തെറ്റായ സന്ദേശം നൽകത്തക്കവിധത്തിലുള്ള ഒരു വലിയ പ്രസംഗമാണ് അവർ രണ്ടുപേരും നടത്തിയത്. ആ കൂട്ടത്തിൽ അവർ ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചത് ഞാൻ ഓർക്കുകയാണ്. 2008-ലെ നെൽവയൽ തണ്ണീർത്തട നിയമം കൊണ്ടുവന്ന ദിവസത്തെ സംഭവത്തെ സംബന്ധിച്ച് ബഹുമാന്യനായ എ. എം. ആരിഫ് ഇവിടെ ചൂണ്ടിക്കാണിച്ചു, അദ്ദേഹം അന്ന് സഭയിലുണ്ടായിരുന്നതുകൊണ്ട് അദ്ദേഹത്തിന് പറയാൻ കഴിഞ്ഞു. ഞാൻ ഈ ഭേദഗതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതിനിടയിൽ 2008 ജൂലൈ മാസം 24-ാം തീയതി ഈ മൂലനിയമം കൊണ്ടുവരുന്നതിന്റെ ഭാഗമായി, ആ നിയമത്തെ സംബന്ധിച്ച് നടന്നിട്ടുള്ള ചർച്ചകളും അതിൽ മുന്നോട്ടുവച്ചിട്ടുള്ള ഒട്ടേറെ അഭിപ്രായങ്ങളുമെല്ലാം നോക്കുകയുണ്ടായി. അതിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞൊരുകാര്യം അന്നും ഇവിടെ ബഹുമാന്യരായ ആര്യാടൻ മുഹമ്മദ്, കെ. എം. മാണി, വി. ഡി. സതീശൻ എന്നിവർ 2008-ൽ അവരുടേതായ തടസ്സവാദങ്ങളൊക്കെ ഉന്നയിച്ചിരുന്നു. അതുസംബന്ധമായ വിശദീകരണങ്ങൾക്കുശേഷമാണ് ഈ നിയമം അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയുമെല്ലാം ചെയ്തത്. ഒരുപാട് സമയമെടുത്ത്, നേരം പുലരുവോളം ചർച്ച ചെയ്താണ് അന്തിമമായ തീരുമാനമുണ്ടായതെന്നും ബഹുമാന്യനായ എ. എം. ആരിഫ്, എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിച്ചു. ഞാൻ ആ റിപ്പോർട്ട് നോക്കിയപ്പോൾ ജൂലൈ മാസം 24-ാം തീയതിയിലെ ഈ ചർച്ചയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അന്ന് ആ നിയമം വരുന്നതിനെതിരെയുള്ള വാദങ്ങൾ ഒട്ടേറെ നിരത്തിക്കൊണ്ടാണ് അന്നത്തെ പ്രതിപക്ഷം സംസാരിച്ചിട്ടുള്ളത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പ്രസംഗം 25

പേജാണ്. ആ പ്രസംഗത്തിലുടനീളം ഇടയ്ക്കുള്ള ഇടപെടലുകൾ ഉൾപ്പെടെ ഏതാണ്ട് 332-ാം പേജുമുതൽ 357-ാം പേജുവരെയുള്ളത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പ്രസംഗമാണെന്നത് എന്നെ അത്ഭുതപ്പെടുത്തി. എന്നുപറഞ്ഞാൽ നീണ്ട പ്രസംഗമാണ്. അപ്പോൾ ശ്രീ. അടൂർ പ്രകാശ് ഇന്ന് ഒന്നര മണിക്കൂർ എടുത്ത് പ്രസംഗിച്ചത് വലിയ അത്ഭുതമുള്ള കാര്യമല്ല. ഇത്തരമൊരു ഭേദഗതിയോ നിയമനിർമ്മാണമോ നടക്കുമെങ്കിൽ അതുമായി ബന്ധപ്പെട്ട് ഒട്ടേറെ കാര്യങ്ങളും അതിൽനിന്ന് അകന്നുനിന്നുകൊണ്ട് ഒട്ടേറെ വിഷയങ്ങളെല്ലാം സംസാരിച്ചുകൊണ്ട് ബില്ലിന്റെ അവതരണവേളയിലും ബില്ലിന്റെ ചർച്ചാവേളയിലും എങ്ങനെയൊക്കെ പങ്കെടുക്കാമെന്ന് അതൊക്കെ പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും. ഞാൻ വളരെ പഴയ കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ബഹുമാന്യനായ ചിറ്റയം ഗോപകുമാർ 1957-ലെ ഗവൺമെന്റ് കൊണ്ടുവന്ന കാര്യങ്ങളും 1957-ലെ ഗവൺമെന്റിനെത്തുടർന്ന് രാജ്യത്ത്, പ്രത്യേകിച്ച് കാർഷിക മേഖലയിലെ സാമൂഹിക പരിഷ്കരണരംഗത്ത് വന്നിട്ടുള്ള മാറ്റങ്ങളും ചൂണ്ടിക്കാണിച്ചതുകൊണ്ട് ഞാൻ ആ കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. 2008-ൽ അന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഇത്തരമൊരു നെൽവയൽ തണ്ണീർത്തട നിയമം കൊണ്ടുവരാനുണ്ടായ സാഹചര്യം 1950-നുശേഷം, കേരളപ്പിറവിയോടെ കേരളത്തിൽ നിലനിന്ന എട്ട് ലക്ഷം ഹെക്ടർ കൃഷി ചെയ്തുകൊണ്ടിരുന്ന നെൽകൃഷിഭൂമി ഏതാണ്ട് നാലിലൊന്നായി ചുരുങ്ങി താഴോട്ട് പോകുന്നുവെന്ന യാഥാർത്ഥ്യം അംഗീകരിച്ചു കൊണ്ട് അവശേഷിക്കുന്ന നെൽവയലുകളെങ്കിലും സംരക്ഷിക്കപ്പെടണം എന്നതിന്റെ അടിസ്ഥാനത്തിലാണ് എന്ന് എല്ലാവർക്കുമറിയാം. അതിനുശേഷമുള്ള പ്രവർത്തനങ്ങൾ പരിശോധിച്ചാൽ പ്രസ്തുത ഉദ്ദേശ്യം സഫലീകരിക്കുന്നതിന് ഒരു പരിധിവരെ ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ടെന്ന് കാണാം. ഒരു പരിധിവരെ എന്നാണ് ഞാൻ പറയുന്നത്. അതിനിടയിലുള്ള 10 വർഷത്തിൽ അഞ്ച് വർഷം യു.ഡി.എഫ്.-ഉം ഈ ബിൽ കൊണ്ടുവന്നതിനുശേഷമുള്ള മൂന്ന് വർഷവും ഇപ്പോഴുള്ള രണ്ട് വർഷവുമായാൽ അഞ്ച് വർഷം എൽ.ഡി.എഫ്.-ഉം ആണ് ഭരിച്ചത്. ഈ 10 വർഷക്കാലത്തിനിടയിൽ കൃഷിഭൂമി ശോഷണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ചാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം അതിൽ യാതൊരു സാധ്യതയുമുണ്ടാക്കിയിട്ടില്ല, നെൽവയൽ നികത്തുന്നതിനുള്ള ഒരു നടപടിയും സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകില്ല എന്ന് ഉറപ്പിച്ച് പറയാൻ കഴിയും. ഈ ഭേദഗതി നെൽവയൽ നികത്തുന്നതിനുവേണ്ടിയുള്ളതല്ലെന്ന് എല്ലാവർക്കുമറിയാം. ബഹുമാനപ്പെട്ട അടൂർ പ്രകാശ് അദ്ദേഹത്തിന്റെ വിയോജനക്കുറിപ്പിന്റെ അവസാന ഭാഗത്ത് പറയുന്നത്, ഈ ഭേദഗതി നടപ്പിലാക്കിയാൽ കേരളത്തിലുള്ള 1.9 ലക്ഷം ഹെക്ടർ നിലം നികന്നുപോകുമെന്നാണ്. എന്നുപറഞ്ഞാൽ നിലവിലുള്ള വയലുകളെല്ലാം നികത്താൻവേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവരുന്നതെന്ന വളരെ ബോധപൂർവ്വമായ

പ്രചരണം ആളുകളെ തെറ്റിദ്ധരിപ്പിക്കത്തക്ക രീതിയിൽ നടത്തുകയാണ്. യഥാർത്ഥത്തിൽ വസ്തുതകളെല്ലാം അതിൽനിന്നും വ്യത്യസ്തമാണ്. അദ്ദേഹം ചോദിക്കുന്നത് ഞങ്ങളുടെ കാലത്ത് കൊണ്ടുവന്ന 3 (എ) എന്തിനാണ് പിൻവലിച്ചത് എന്നാണ്. ശ്രീ. എം. ഉമ്മർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ എനിക്ക് നല്ല സർട്ടിഫിക്കറ്റ് തന്നു. 3 (എ) പിൻവലിക്കുന്ന സന്ദർഭത്തിൽ അത് പിൻവലിക്കേണ്ടത് എന്തുകൊണ്ടെന്നും എന്താണ് ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്നും ഞാൻ അന്നുപറഞ്ഞ കാര്യത്തെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. ഇപ്പോഴും ഞാൻ ആ നിലപാടിൽ ഉറച്ചുനിൽക്കുകയാണ്. കേരളത്തിലെ നെൽവയൽ നികത്തുന്ന നടപടി ഈ നിയമഭേദഗതിയിലൂടെ നടക്കില്ല. നിയമഭേദഗതി എന്ന് പറയുന്നതു കൊണ്ട് എന്താണ് ഉദ്ദേശിച്ചത് എന്ന് ഞാൻ പ്രത്യേകമായി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. 3 (എ) എന്തിനാണ് റദ്ദ് ചെയ്തത്; 3 (എ)-യും ഇതും തമ്മിൽ എന്താണ് ബന്ധം? അതൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. 3 (എ) റദ്ദ് ചെയ്ത അതേ ഗവൺമെന്റ് എങ്ങനെ ഇങ്ങനെയൊരു ഭേദഗതി കൊണ്ടുവരുന്നുവെന്ന് ചോദിക്കുന്നതിന് അടിസ്ഥാനമില്ല. 2008-ന് മുമ്പ് നികന്ന ഭൂമിയിൽ ഫെയർ വാല്യുവിന്റെ 25 ശതമാനം അടയ്ക്കുന്ന ആളുകൾക്ക് യഥേഷ്ടം നികത്താൻ കഴിയും. അത് 2008-നുശേഷം നികന്നതിനുകൂടി ഉപയോഗിക്കും എന്ന് ഞാൻ എന്റെ പ്രസംഗത്തിൽ അന്ന് സൂചിപ്പിച്ചിരുന്നു. അത് ഈ ഭേദഗതിയിൽ പറയുന്നതുപോലെ ശാസ്ത്രീയമായി KSREC-ന്റെ ഭൂപടമുൾപ്പെടെയുള്ള കാര്യങ്ങൾ കൊണ്ടുവരണമെന്ന കാര്യമൊന്നും അതിൽ പറയുന്നില്ല. നിരീക്ഷണ സമിതിയുടെ റിപ്പോർട്ടിനെക്കുറിച്ച് പറയുന്നില്ല. 2008-ന് മുമ്പ് നികന്ന ഭൂമിയാണെങ്കിൽ അപേക്ഷകന് ഒരുപാധിയുമില്ലാതെ അതിനാവശ്യമായ എല്ലാ തരത്തിലുമുള്ള തീരുമാനവും എടുക്കാനുള്ള അധികാരമാണ് അതിൽ പറഞ്ഞിരിക്കുന്നത്. അതുകൊണ്ടാണ് 93088 അപേക്ഷകൾ അന്ന് വളരെ പെട്ടെന്നുതന്നെ ആ ഗവൺമെന്റിന് മുന്നിൽ എത്തിയത്. അതിൽ 56 അപേക്ഷകളിന്മേലാണ് സർക്കാർ അന്ന് തീരുമാനമെടുത്തത്. എങ്കിൽപ്പോലും അത് കേരളത്തിൽ അന്നുണ്ടാക്കിയ പ്രയാസം കണക്കിലെടുത്ത് കേരള ഹൈക്കോടതി അത് റദ്ദ് ചെയ്യുകയായിരുന്നു. ആ നിലപാടിനെത്തന്നെ കേരള ഹൈക്കോടതി ചോദ്യം ചെയ്തു. അതല്ലെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിന് മുമ്പുതന്നെ എത്രയോ കൂടുതൽ ഭൂമി നികന്നുപോകുമായിരുന്നു. അതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് 3 (എ) നിലനിൽക്കേണ്ടതല്ലെന്ന് തീരുമാനിക്കുകയും ഇടതുപക്ഷ ജനാധിപത്യ മുന്നണി അതിന്റെ പ്രകടന പത്രികയിൽ ചൂണ്ടിക്കാണിച്ചതുപോലെ, ആദ്യ ബജറ്റിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി എടുത്തുപറഞ്ഞതു പോലെ, ആ ഗവൺമെന്റ് പിന്നീട് 3 (എ) പിൻവലിക്കുന്നതിനാവശ്യമായ തീരുമാനമെടുക്കുകയും അതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയും അത് യാഥാർത്ഥ്യമാക്കുകയും ചെയ്തത്. മുൻസർക്കാരിന്റെ കാലത്തുണ്ടായിരുന്നതിൽ

നിന്നും വ്യത്യസ്തമായ തീരുമാനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നത്. 2015-16 വർഷം സംസ്ഥാനത്ത് കൃഷി ചെയ്ത ഭൂമിയുടെ വിസ്തൃതിയെ സംബന്ധിച്ച് ഇവിടെ വലിയ വാദപ്രതിവാദങ്ങൾ നടക്കുകയുണ്ടായി. സാമ്പത്തിക അവലോകന റിപ്പോർട്ടിൽ പറയുന്ന സംഖ്യ 171000 ആണെന്നും എന്നാൽ 50000-ത്തിൽപ്പരം ഏക്കർ ഭൂമി അവിടെ അന്നത്തെ സാഹചര്യത്തിൽ പ്രകൃതിക്ഷോഭത്തെത്തുടർന്ന് കൃഷി ചെയ്യാൻ കഴിയാത്തതുമാണെന്നുമൊക്കെയുള്ള കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അന്ന് 196000-ത്തോളം ഹെക്ടർ ഭൂമി കൃഷി ചെയ്യാൻ ആരംഭിച്ചിടത്ത് ഇപ്പോൾ 223000 ഹെക്ടർ കൃഷി ചെയ്യാനുള്ള സാധ്യത കേരളത്തിലുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്നത് സത്യമാണ്. തരിശ് ഭൂമിയിലുൾപ്പെടെ കൃഷി ചെയ്യുന്നതിനായി സംസ്ഥാനത്തെ വിവിധ ഏജൻസികൾ അതായത്, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, പാടശേഖര സമിതി എന്നിവയെല്ലാം മുന്നോട്ടുവരികയും കൃഷിക്ക് പ്രോത്സാഹനം നൽകുന്ന സമീപനവുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയും ചെയ്ത സാഹചര്യത്തിൽ അതിൽ വർദ്ധനവുണ്ടായിട്ടുണ്ട് എന്നാണ് കാണാൻ കഴിയുന്നത്. അതോടൊപ്പം നെൽകൃഷി കൂടുതൽ വ്യാപിപ്പിക്കാൻ സഹായകരമായ വിധത്തിലുള്ള ഭേദഗതി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ടുതന്നെയാണ് ഒരു ലക്ഷത്തിൽപ്പരം വരുന്ന ഇപ്പോൾ തരിശ്ശായി കിടക്കുന്ന ഭൂമിയെക്കൂടി വലിയ തോതിലുള്ള ഇടപെടൽ നടത്തിയാൽ തീർച്ചയായും നെൽകൃഷി യോഗ്യമാക്കാൻ കഴിയുമെന്ന ലക്ഷ്യം വച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. നെൽകൃഷി വ്യാപിപ്പിക്കുന്നതിന് പല പദ്ധതികളും സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്. തരിശ്ശിട്ടിരിക്കുന്ന ഭൂമിയുടെ ഉടമയുടെ സമ്മതമില്ലെങ്കിലും അത് ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിനുതകുന്ന തരത്തിലുള്ള വ്യവസ്ഥ ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തിയത് അതിനുവേണ്ടിയാണ്. അതിന്റെ അർത്ഥം ഇവിടെ വയലുകൾ നികത്തപ്പെടുമെന്നല്ല, മറിച്ച് തരിശ്ശിട്ട് കിടക്കുന്ന ഭൂമിപോലും കൃഷി ചെയ്യാനാവശ്യമായ സംവിധാനമുണ്ടാക്കുമെന്നാണ്. നിലവിൽ നെൽകൃഷിക്ക് ഉപയുക്തമാക്കാൻ കഴിയുന്ന ഒരിഞ്ച് ഭൂമിപോലും നഷ്ടപ്പെടാതെ സംരക്ഷിച്ച് നെൽകൃഷിക്കായി ഉപയോഗിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം എന്ന് ആവർത്തിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിനുതകുന്ന തരത്തിലുള്ള വ്യവസ്ഥകളാണ് ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നിലം നികത്തുന്നതിനെതിരെയുള്ള നിയമം കൂടുതൽ കർശനമാക്കുകയായിരുന്നു. ഇവിടെ സംസാരിച്ച ശ്രീ. ചിറ്റയം ഗോപകുമാർ ഉൾപ്പെടെയുള്ള എം.എൽ.എ.-മാരും കൃഷി വകുപ്പുമന്ത്രിയും അക്കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. നിലം നികത്തുന്നവർക്കുള്ള ശിക്ഷ രണ്ട് വർഷത്തിൽനിന്നും മൂന്ന് വർഷമായി വർദ്ധിപ്പിക്കുന്നതിന് ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു എന്നുപറഞ്ഞാൽ നേരത്തേ നിലം നികത്തൽ നടപടിയുണ്ടായാൽ കൃഷി ഓഫീസറുടെ പരാതിയുടെ അടിസ്ഥാനത്തിലാണ്

ആർ.ഡി.ഒ.-യും പോലീസുമെല്ലാം കേസ് എടുത്തിരുന്നത്. ഇപ്പോൾ പോലീസ് സ്റ്റേഷനിൽ ആര് പരാതിപ്പെട്ടാലും നിലം നികത്തുന്നവരുടെ പേരിൽ കേസ്സെടുക്കാനാവശ്യമായ സാഹചര്യമുണ്ടായിരിക്കുകയാണ്. വികസനത്തിന് അത്യന്താപേക്ഷിതമായ ചില പദ്ധതികൾ വരുമ്പോൾ സ്വീകരിക്കേണ്ട നടപടികളാണ് ഭേദഗതിക്ക് ഒരു പ്രധാനപ്പെട്ട വിഷയമായി വന്നിട്ടുള്ളത്. ഇവിടെ സംസാരിച്ചവരാരും പറയാതിരുന്ന ഒരു കാര്യം, നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന GAIL പൈപ്പ് ലൈനുമായി ബന്ധപ്പെട്ട വിഷയമാണ്. GAIL പൈപ്പ്ലൈനുമായി ബന്ധപ്പെട്ട വിഷയത്തിൽ ചില സ്ഥലങ്ങളിൽ അതിന് തടസ്സം നേരിട്ടിരിക്കുകയായിരുന്നു. ശ്രീ. എം. ഉമ്മർ ഇവിടെ സംസാരിച്ചപ്പോൾ ഒന്നുരണ്ട് സ്ഥലങ്ങളുടെ പേരുകൾ പറഞ്ഞു. പക്ഷെ എന്തിനുവേണ്ടിയാണ് ആ ഭൂമി കൊടുത്തത് എന്നുള്ളത് അദ്ദേഹം ചൂണ്ടിക്കാണിച്ചില്ല. നിലവിലുള്ള മൂലനിയമത്തിൽ പറയുന്നത് "പൊതുആവശ്യമെന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള നികായങ്ങൾ എന്നിവ നേരിട്ട് നടത്തുന്നതോ സാമ്പത്തിക സഹായം നൽകുന്നതോ ആയ പദ്ധതികളുടെയും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പദ്ധതികളുടെയും ആവശ്യം എന്ന് അർത്ഥമാകുന്നു" എന്നാണ്. ഇതിപ്പോൾ പുതുതായി കൊണ്ടുവന്നതല്ല. എന്നാൽ അവിടെയുണ്ടായ ഒരു വിഷയം, GAIL പദ്ധതി ഒരു പ്രോജക്ടാണെന്ന സാങ്കേതികവാദം പറഞ്ഞുകൊണ്ട് ആ പ്രോജക്ടിന് ഇതനുവദിക്കാൻ കഴിയുമോയെന്ന സ്ഥിതി വന്നപ്പോഴാണ്.

30-12-2017-ന് ഓർഡിനൻസ് ഇറക്കാനുള്ള പ്രത്യേക സാഹചര്യം എന്ന് പറയുന്നത് കേരളത്തിന് ഏറ്റവും ആവശ്യമുള്ളതും ആരംഭിച്ചിട്ട് വളരെക്കാലമാകുകയും പലയിടങ്ങളിലും താൽക്കാലികമായെങ്കിലും തടസ്സപ്പെട്ടുകിടക്കുന്നതുമായ GAIL പദ്ധതിയുടെ പൂർത്തീകരണത്തിനുവേണ്ടി ഭൂമി നൽകുക എന്ന ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിന്റെ ഭാഗമായാണ് എന്ന് ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കുകയാണ്. GAIL പോലുള്ള പദ്ധതികൾ സംസ്ഥാനത്തിന് നഷ്ടപ്പെടുന്ന അവസ്ഥ ഒഴിവാക്കുന്നതിനുവേണ്ടി ചില ഭേദഗതികൾ പൊതുആവശ്യം എന്ന നിർവ്വചനത്തിൽ ആക്ടിലെ പത്താം വകുപ്പിൽ കൊണ്ടുവന്നിട്ടുണ്ട്. അത് എല്ലാവർക്കുമറിയാവുന്നതാണ്, മൂലനിയമത്തിലുള്ളതാണ്. ഇതൊന്നും പുതിയതായി ചേർത്തതല്ല. പദ്ധതിയും പ്രോജക്ടും എന്നതിനെ സംബന്ധിച്ച സാങ്കേതികമായ അഭിപ്രായവ്യത്യാസവും തർക്കവും നിലനിൽക്കുമ്പോൾ പ്രോജക്ട് എന്നതുകൂടി അതിൽ ഉൾപ്പെടുത്തി ഓർഡിനൻസ് പുറപ്പെടുവിക്കുകയും അതിന്റെ ഭാഗമായി പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയുകയും ചെയ്തതാണ്. പൊതുആവശ്യം എന്ന നിർവ്വചനത്തിൽ പദ്ധതികൾ എന്ന വാക്കിനോടൊപ്പം പ്രോജക്ടുകൾ എന്ന വാക്ക് കൂടി ചേർത്തു

എന്നതാണ് ഇതിൽ ഉണ്ടായിട്ടുള്ളത്. പൊതുആവശ്യത്തിനായാലും പ്രാദേശിക നിരീക്ഷണ സമിതിയുടെ ശിപാർശയുണ്ടെങ്കിൽ മാത്രമെ നെൽവയൽ തരംമാറ്റുന്നതിന് അനുമതി നൽകാൻ കഴിയുമായിരുന്നുള്ളൂ. അതുകൊണ്ടുതന്നെ പല പൊതുആവശ്യത്തിനുള്ള പദ്ധതികളും നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടായി. ഇതെല്ലാവർക്കും അറിയാവുന്നതാണ്. ആര് ഭരിച്ചാലും സംസ്ഥാനത്തിന്റെ പൊതുവായ താല്പര്യമെന്ന് പറയുന്നത് ജനതാല്പര്യമാണ്. എങ്ങനെയാണ് ഒരു നിയമനിർമ്മാണം ഉണ്ടാകുന്നത്? ഏതുകാലത്തും ആത്യന്തികമായി നിയമനിർമ്മാണത്തിന് ഇടവരുത്തുന്നത് ജനാഭിലാഷമാണെന്ന് കാണാൻ കഴിയും. ജനാഭിലാഷമെന്ന് പറയുന്നത് ആ ദേശത്തിന്റെ, ആ സംസ്ഥാനത്തിന്റെ താല്പര്യമാണ്. പൊതുആവശ്യത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് ഇത്തരമൊരു ഭേദഗതികൊണ്ടുവരാൻ ഇടയായതെന്ന് മനസ്സിലാകുമ്പോൾ ആ ആവശ്യത്തിന് അനുമതി നൽകണമെങ്കിൽ ഇത് അത്യാവശ്യമായി തീർന്നു. അതുകൊണ്ടുതന്നെ പൊതുആവശ്യത്തിനുള്ള പദ്ധതികൾ നടപ്പാക്കാൻ സാധിക്കാത്ത അവസ്ഥ നിലനിന്ന സാഹചര്യത്തിൽ ഇത് കൊണ്ടുവരികമാത്രമേ മാർഗ്ഗമുണ്ടായിരുന്നുള്ളൂ. അത് സംസ്ഥാനത്തിന്റെ വികസന കാഴ്ചപ്പാടിനെ പിന്നോട്ടടിക്കുന്നതിന് കാരണമാകുമെന്ന അവസ്ഥയ്ക്കിടയാക്കി എന്നതാണ് നേരത്തെയുണ്ടായിരുന്ന തടസ്സവാദം. അത് മാറ്റിയെടുക്കുന്നതിനുള്ള സാഹചര്യമാണ് ഇതിലൂടെ ഉണ്ടായിട്ടുള്ളത്. അത് ഈ സംസ്ഥാനത്തിന് വലിയ അബദ്ധം വരുത്തിവയ്ക്കുന്നതാണെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട പ്രോജക്ടായാണ് GAIL പദ്ധതി ഇവിടെ നടപ്പാക്കുന്നത്. അതിന് വേണ്ട തരത്തിൽ മാറ്റം വരുത്തി പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുകയാണ്. "പ്രാദേശികതല നിരീക്ഷണ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ" എന്നത് "സംസ്ഥാനതല സമിതി സർക്കാരിന് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ" എന്നുമാറ്റിയത് പ്രാദേശികതല നിരീക്ഷണ സമിതി പലപ്പോഴും സ്വീകരിക്കുന്ന നിലപാട് നമുക്ക് വ്യക്തമായി അറിയാവുന്നതുകൊണ്ടാണ്. വളരെ അത്യാവശ്യമായി പ്രാദേശികതല നിരീക്ഷണ സമിതി വേണമെന്ന് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നതാണ്. അതേസമയം സർക്കാരിന്റെ പൊതുആവശ്യത്തിനുവേണ്ടിപ്പോലും ഇത്തരം പദ്ധതികൾ നടപ്പാക്കാൻ ഏറെ കാലതാമസമെടുക്കുകയും പലപ്പോഴും തീരുമാനമെടുക്കാൻ കഴിയാത്ത അവസ്ഥയിൽ നീട്ടിക്കൊണ്ടുപോകുകയും ചെയ്യുന്ന സാഹചര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടുന്ന പൊതുആവശ്യങ്ങൾക്ക് വേണ്ടിയുള്ളത് സംസ്ഥാനതല സമിതിക്ക് നിരീക്ഷണ സമിതി റിപ്പോർട്ട് നൽകിയാൽ മതി എന്നുമാത്രമാണ് അതിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ആ നിരീക്ഷണ സമിതിയുടെ അവകാശം ഇതുവരെ മറ്റൊരുതരത്തിലും കുറച്ചിട്ടില്ലെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട മന്ത്രി പൊതുആവശ്യം എന്നതിന്റെ ഡെഫനിഷനാണ് ഇവിടെ പറഞ്ഞത്. മൂലനിയമത്തിൽ പൊതുആവശ്യം എന്താണ്? ".....എന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള നികായങ്ങൾ എന്നിവ നേരിട്ട് നടത്തുന്നതോ സാമ്പത്തിക സഹായം നൽകുന്നതോ ആയ പദ്ധതികളുടെയും" അത് അപകടകരമായ കാര്യമാണ്, "സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മറ്റ് പദ്ധതികളുടെയും ആവശ്യം" എന്നാണ്. മറ്റ് പദ്ധതികൾ എന്നത് ഈ ഗവൺമെന്റല്ല ഏത് ഗവൺമെന്റ് വന്നാലും അവർക്ക് വേണമെങ്കിൽ സ്വകാര്യവ്യക്തിയുടെ സ്ഥലം പ്രോജക്ടായി എടുക്കുകയാണെന്ന് വയ്ക്കാം. അങ്ങനെ വന്നാൽ ഈ ഭേദഗതിമൂലം സംസ്ഥാനത്തുള്ള നെൽവയലുകൾ നികത്താൻ ഒരു തടസ്സവുമുണ്ടാകില്ലെന്നതാണ് ഇവിടത്തെ ഏറ്റവും വലിയ പ്രതിസന്ധിയും ആശങ്കയും. അതിനെപ്പറ്റി അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യത്തിൽ "....രൂപീകരിച്ചിട്ടുള്ള നികായങ്ങൾ എന്നിവ നേരിട്ടുനടത്തുന്നതോ സാമ്പത്തിക സഹായം നൽകുന്നതോ ആയ പദ്ധതികളുടെയും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മറ്റ് പദ്ധതികളുടെയും ആവശ്യമെന്ന്" മൂലനിയമത്തിലുള്ളതാണ്. നമ്മളെല്ലാവരുംകൂടി പാസ്സാക്കിയ നിയമത്തിലുള്ളതാണ്. അതിൽ എന്തെങ്കിലും കുഴപ്പമുണ്ടെന്ന് പറയുന്നതിൽ അർത്ഥമില്ലല്ലോ; പ്രോജക്ടുകൾ എന്നുകൂടി ഇതിന്റെ ഭാഗമായാൽ എന്താണ് വരുന്നത്? ഏതെങ്കിലും സ്വകാര്യ പ്രോജക്ടുകൾക്കോ സ്വകാര്യ സ്ഥാപനങ്ങൾക്കോ കൊടുക്കില്ലെന്ന് ഉറപ്പുവരുത്തേണ്ടത് തീർച്ചയായും സർക്കാരാണ്. സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള പ്രോജക്ടുകൾക്ക് മാത്രമേ നൽകുവെന്നതാണ് ഈ ഗവൺമെന്റിന്റെ നിലപാട്. നിങ്ങൾ നാളെ മാറുമോയെന്ന് നമുക്ക് അറിഞ്ഞുകൂടാ..... മന്ത്രി പറഞ്ഞാൽപ്പോരല്ലോ എന്നുപറഞ്ഞാൽ ബിൽ ഇപ്പോൾ ഇവിടെ ആരാണ് കൊണ്ടുവന്നത്? അതുകൊണ്ട് ഉറപ്പിച്ച് പറയുകയാണ് ...

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ മന്ത്രിയുടെ ഉദ്ദേശശുദ്ധിക്ക് എതിരായി പറയുന്നില്ല. പക്ഷെ ഇങ്ങനെയൊരു നിയമം എഴുതിവച്ചാൽ, ഇങ്ങനെയൊരു ഡെഫനിഷൻ ഉണ്ടെങ്കിൽ നാളെ ഏത് ഗവൺമെന്റും വരാമല്ലോ, ജനാധിപത്യ സംവിധാനത്തിൽ ഏത് ഗവൺമെന്റും മാറിമാറി വരും. ഇതിൽ പ്രത്യേകമായി പ്രൊവിഷൻ ഇല്ലെങ്കിൽ നിങ്ങൾ അപകടം വരുത്തുകയാണ്. നാളെ സ്വകാര്യ ആവശ്യങ്ങൾക്കുവേണ്ടി കേരളത്തിലെ ഭൂമി നികത്താൻ ഒരു എക്സിക്യൂട്ടീവ് ഓർഡറിലൂടെ കഴിയുന്ന അപകടകരമായ ഒരു ക്ലോസാണ് നിങ്ങൾ വിശദീകരിച്ചുകൊണ്ടിരിക്കുന്നത്. അത് കേരളത്തിന്റെ പൊതുതാല്പര്യത്തിന്

വിരുദ്ധമായതാണ്. ഈ ഗവൺമെന്റ് ചെയ്യുന്നില്ലെന്ന് പറഞ്ഞാൽ നാളെ വേറൊരു ഗവൺമെന്റ് ചെയ്താൽ എന്ത് ചെയ്യും? നിയമം നിയമമാണ്. അതുകൊണ്ട് ഇതിനാവശ്യമായ സേഫ്ഗാർഡ് കൊടുക്കുകയെന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയെ ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ആശങ്കയും അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങളും മുഖവിലയ്ക്കെടുത്തുകൊണ്ട് പൂർണ്ണമായ അർത്ഥത്തിൽ അത് ഉൾക്കൊണ്ടുകൊണ്ട് പറയുകയാണ്, ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ പദ്ധതികൾ നടപ്പാക്കുന്നതിനപ്പുറമുള്ള ഒരു ആലോചനയും ഭേദഗതിയുടെ അടിസ്ഥാനത്തിലില്ല.

ശ്രീ. പി. കെ. ബഷീർ: സർ,....

ശ്രീ. ഇ. ചന്ദ്രശേഖരൻ: ഞാൻ ഇപ്പോൾ വഴങ്ങുന്നില്ല. ഞാൻ പ്രതിപക്ഷ നേതാവിന് വഴങ്ങിയല്ലോ. ഇത് പറഞ്ഞു കഴിഞ്ഞതിനുശേഷം വഴങ്ങാം. ശ്രീ. പി. കെ. ബഷീർ, ഞാൻ കാര്യങ്ങൾ ഒന്നു പറയട്ടെ, അതിനുശേഷം വഴങ്ങാം.

മി. സ്പീക്കർ: അദ്ദേഹം ചർച്ച മുഴുവനും കേട്ടിട്ടില്ല. ഇപ്പോൾ വന്നതേയുള്ളൂ.

ശ്രീ. ഇ. ചന്ദ്രശേഖരൻ: ഇവിടെ 30 വകുപ്പുകളിൽ 14 വകുപ്പുകളും ഭേദഗതി ചെയ്യുന്ന രീതിയിൽ വലിയ ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നതെന്നും അത് വലിയ അപകടമാണ് ചെയ്യാൻ പോകുന്നതെന്നുമുള്ള രീതിയിലുള്ള കാര്യങ്ങളാണ് ബഹുമാന്യരായ പ്രതിപക്ഷ എം.എൽ.എ.-മാരെല്ലാം പറഞ്ഞത്. ശ്രീ. അടൂർ പ്രകാശാണെങ്കിൽ ഈ ബിൽ കൊണ്ട് ഒരു ഫലവുമില്ലാതായിതീർന്നിരിക്കുന്നു, ഇതിന്റെ അന്ത്യംകുറിക്കുന്നുവെന്നാണ് പറഞ്ഞത്. ഇത് പുതുജീവൻ വയ്ക്കുന്നു എന്നാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. മറ്റൊരു തരത്തിലുള്ള ദോഷവും വരുന്നതല്ല. 16-ാം വകുപ്പിന്റെ ഭേദഗതിയിൽ തരിശ്ശിട്ടിരിക്കുന്ന നെൽവയലുകൾ ഉടമസ്ഥന്റെ അനുമതിയില്ലെങ്കിലും ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിനുള്ള കാര്യം ചൂണ്ടിക്കാണിക്കുന്നത് എന്തുകൊണ്ടാണ്? അതിന്റെ ഭാഗമായി കേരളത്തിൽ നെൽവയലും നെൽകൃഷിയും വ്യാപിപ്പിക്കാനുള്ള സാധ്യതയല്ലേ വർദ്ധിച്ചുവരുന്നത്? അതിന് അനുകൂലമായ നിലപാടാണ് നമ്മൾ സ്വീകരിച്ചുകാണുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ഭരണഘടനയ്ക്കെതിരായാണ് അദ്ദേഹം സംസാരിക്കുന്നത്. മനഃപൂർവ്വം സംസാരിക്കുന്നതാണെന്ന് ഞാൻ ആരോപിക്കുന്നില്ല. റൈറ്റ് ടു പ്രോപ്പർട്ടി എന്നത് ഒരാളിന്റെ ഭരണഘടനാപരമായ അവകാശമാണ്. അതിനെ ആർക്കും എതിർക്കാൻ കഴിയില്ല. ഉടമസ്ഥന്റെ അനുവാദമില്ലാതെ കൃഷിക്കുവേണ്ടി ഭൂമിയേറ്റെടുക്കുമെന്ന് പറയുന്നത് ഭരണഘടനാ വിരുദ്ധമാണ്.

മി. സ്പീക്കർ: അത് വകുപ്പ് തിരിച്ച് പരിശോധിക്കുന്ന വേളയിൽ അങ്ങേയ്ക്ക് ഉന്നയിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: റൈറ്റ് ടു പ്രോപ്പർട്ടി നമ്മുടെ മൗലികാവകാശ ത്തിൽപ്പെട്ടതാണ്. ലോക്സഭയ്ക്ക് മാത്രമായിട്ടുപോലും അത് മാറ്റാൻ കഴിയില്ല. അത് ഇവിടെ മാറ്റും എന്നതാണ് അങ്ങ് പറയുന്നതിന്റെ സാരാംശം. അങ്ങ് തിരുത്തിയാലും മതി. സമയമില്ലാത്തതുകൊണ്ട് ഞാൻ അങ്ങയെ കുഴയ്ക്കുന്നില്ല.

മി. സ്പീക്കർ: ഭരണഘടനയുടെ ഇന്റർപ്രെട്ടേഷനൊന്നും പോയിന്റ് ഓഫ് ഓർഡറിന്റെ ഭാഗമല്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ: അങ്ങയെ കുഴയ്ക്കാനല്ല ഞാൻ ഉദ്ദേശിച്ചതെന്ന് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ വളരെ വ്യക്തമായി പറഞ്ഞു. എന്നുപറഞ്ഞാൽ യഥാർത്ഥ ഉദ്ദേശം അതായിരുന്നു എന്ന് വ്യക്തമാണ്. ഞാൻ പറയുന്നത് ഒറ്റ കാര്യമേയുള്ളൂ. ഇത്തരം ഭൂമിയുടെ ഉടമസ്ഥർക്ക് നോട്ടീസ് കൊടുക്കുകയും തരിശ്ശിട്ടിരിക്കുന്ന ഭൂമിയിൽ അവർ കൃഷി ചെയ്യുകയാണെങ്കിൽ കൃഷി ചെയ്യണമെന്ന് പറയുകയും അല്ലെങ്കിൽ അത്തരം ഭൂമി നേരിട്ട് അവരുടെ പൂർണ്ണമായ ഉടമസ്ഥാവകാശം നിലനിർത്തിക്കൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അതല്ലെങ്കിൽ പാടശേഖര സമിതികളുടെ അതല്ലെങ്കിൽ അങ്കണവാടികളുടെയൊക്കെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തുന്നതിന് അദ്ദേഹത്തിന് സമയം നൽകി, ഒന്നുകിൽ കൃഷിയെടുക്കുക അല്ലെങ്കിൽ അനുവാദം നൽകുക എന്ന് ആവശ്യപ്പെട്ട് 15 ദിവസം കഴിഞ്ഞും അദ്ദേഹം മറുപടി നൽകുന്നില്ലെങ്കിൽ മറുപടി കിട്ടിയതായി കണക്കാക്കി അത്തരം ഭൂമിയിൽ കൃഷി ചെയ്യാനുള്ള തീരുമാനമാണ്. അത് ഭരണഘടനാ വിരുദ്ധമാകുന്ന ഒരു വിഷയമല്ല. അവരുടെ അവകാശവും അവർക്ക് പറയാനുള്ളത് കേൾക്കാനുമെല്ലാമുള്ള അവസരമുണ്ട്. നെൽകൃഷി സംരക്ഷിക്കുന്നതിന്റെ ഭാഗമായി ചെയ്യുന്ന കാര്യമാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നെൽവയലുകളെ അപകടത്തിലാക്കുന്നു എന്ന് ഒരുഭാഗത്ത് പറയുകയാണ്. നെൽവയലുകൾ തിരിച്ചുകൊണ്ടുവരാൻ ഒരു പ്രത്യേക നിയമം കൊണ്ടുവരികയാണ്. ആ നിയമത്തിൽ ഭരണഘടനാ വിരുദ്ധമായ ഒരു കാര്യവുമില്ല. ഒരു ഉടമസ്ഥന്റെയും ഉടമസ്ഥാവകാശം ഏറ്റെടുക്കുന്നില്ല. അവിടെ നെൽകൃഷി ചെയ്യാൻവേണ്ട നടപടി സ്വീകരിക്കുമ്പോൾ അങ്ങ് ദുർവ്യാഖ്യാനം ചെയ്യുന്നത് ശരിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങയുടെ ആഗ്രഹം നെൽവയൽ കൊണ്ടുവരാനാണെങ്കിൽ ഈ കൊണ്ടുവന്നിരിക്കുന്ന നിയമം ഏറ്റവും നല്ല നിയമമാണ്. പക്ഷെ അങ്ങയുടെ ഉള്ളിലിരിക്കുന്നത് എന്താണെന്ന് അറിയില്ല, അത് ദുർവ്യാഖ്യാനം ചെയ്യുന്നത് ശരിയല്ല. അങ്ങ് പറയുന്ന രീതിയനുസരിച്ച് ശരിയല്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ,......

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: ഞാൻ വഴങ്ങുന്നില്ല. ഭേദഗതി കൊണ്ടുദ്ദേശിച്ചത് എന്താണെന്ന് വ്യക്തമാക്കാനുള്ള ഒരു സാവകാശം തരാത്തവിധം ഇടപെടൽ നടത്തുകയും ഇത് നിങ്ങളെ കുഴയ്ക്കാനല്ല എന്നുപറഞ്ഞ് കുഴയ്ക്കാനുള്ള ശ്രമം നടത്തുകയും ചെയ്യുന്നത് ഒട്ടും ഉചിതമായ കാര്യമല്ല. അതുകൊണ്ട് ഇപ്പോൾ ഞാൻ വഴങ്ങുന്നില്ല.

ഇവിടെ പതിനാലോളം വകുപ്പുകൾ ഭേദഗതി ചെയ്തു, ഇതാകെ അവതാള ത്തിലാക്കി എന്നൊക്കെ പറയുന്നതിൽ ഒരർത്ഥവുമില്ല. കളക്ടർ എന്നത് ജില്ലാ കളക്ടർ എന്ന് മാറ്റിയതും അതിൽപ്പെടും. അതുപോലെ ഇത് വളരെ നാമമാത്രമായ കാര്യങ്ങൾ മാത്രം ഉൾപ്പെടുന്നതാണ്. യഥാർത്ഥത്തിൽ 2, 5, 10, 16, 27 എന്നീ അഞ്ച് വകുപ്പുകളിലാണ് ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ട് മുന്നോട്ടുവന്നത്. മറ്റ് വകുപ്പുകളിൽ വളരെ ചുരുങ്ങിയ ചില വാക്കുകളോ വാചകങ്ങളോ മാത്രമാണുണ്ടായിട്ടുള്ളത്. 27(A) വകുപ്പ് കൊണ്ടുവന്ന് 2008-ന് മുമ്പ് നികന്നുകിടക്കുന്നതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും റിക്കോർഡുകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതുമായ ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥ കൊണ്ടുവന്നു. ആ വ്യവസ്ഥകൾ വളരെ വ്യക്തമായി ഏത് സാഹചര്യത്തിലാണെന്ന് കൃത്യമായി പറഞ്ഞിട്ടാണ് കൊണ്ടുവന്നിട്ടുള്ളത്. അങ്ങനെ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി എന്നുപറയുന്നത് ഏത് ഭൂമിയാണെന്നുള്ളത് വളരെ വ്യക്തമായി പറഞ്ഞിരിക്കുകയാണ്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത് വന്നതിനുശേഷമുള്ള കുറിപ്പിൽ അത് കൃത്യമായി പറഞ്ഞിരിക്കുന്നു. "വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി എന്നാൽ സമിതിയുടെ അധികാരത്തിൻ പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും വില്ലേജ് ഓഫീസുകളിൽ സൂക്ഷിക്കുന്ന അടിസ്ഥാന നികുതി രജിസ്റ്റർ നെൽവയലായോ തണ്ണീർത്തടമായോ ഉൾപ്പെടുത്തിയിട്ടുള്ളതും" എന്നാൽ 5-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം "നെൽവയലായോ തണ്ണീർത്തടമായോ വിജ്ഞാപനം ചെയ്യപ്പെടാത്തതുമായ ഭൂമിയോ 5-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (i)-ാം ഖണ്ഡത്തിലെ വ്യവസ്ഥകൾ പ്രകാരം ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടില്ലാത്തിടത്ത്, ഈ ആക്ടിന്റെ പ്രാരംഭ തീയതിയിൽ നികത്തപ്പെട്ട ഭൂമിയായി കിടക്കുന്നതും കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്ററിന്റെയോ പ്രാദേശികതല നിരീക്ഷണ സമിതിയുടെയോ റിപ്പോർട്ട് പ്രകാരം നെൽവയൽ അല്ലാത്തതുമായ ഭൂമിയോ" എന്നർത്ഥമാകുന്നു. നേരത്തെ ഇതൊന്നും പറയാതെയാണ് 3 (A)-2008-ന് മുമ്പ് നികന്ന ഭൂമിയിൽ 25 ശതമാനം ഫെയർവാല്യു അടച്ചാൽ ഈ കാര്യങ്ങളെല്ലാം ചെയ്യാം എന്നുപറഞ്ഞത്. അതിൽനിന്നും തികച്ചും വ്യത്യസ്തമായ വ്യവസ്ഥകളോടെ പ്രത്യേകിച്ച് അത്തരം കാര്യങ്ങളിൽ തീരുമാന മെടുക്കുമ്പോൾ എന്തൊക്കെ നടപടിക്രമങ്ങൾ പാലിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട്

2008-ന് മുമ്പ് നികന്നുകിടക്കുന്ന ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ക്കാവശ്യമാണെങ്കിൽ ആ നിർമ്മാണ പ്രവർത്തനങ്ങൾ എങ്ങനെ വേണം, അവിടെ ഒരു വീട് വയ്ക്കുന്നതിന് ആ ഭൂമിയുടെ ഉടമസ്ഥന് ഇപ്പോഴുള്ള തടസ്സം....., 3 (A)- യിൽ പറഞ്ഞിരിക്കുന്ന ഒരു കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുകയാണ്; അവിടെ 5 സെന്റ് ഭൂമിയായാലും ഫെയർ വാല്യുവിന്റെ പണം അടയ്ക്കണമെന്നായിരുന്നു. ഇവിടെ 10 സെന്റ് ഭൂമി വരെ ഫെയർ വാല്യുവോ മറ്റൊരു കാര്യമോ ഇല്ലാതെ ആ ഭൂമിയുടെ ഉടമസ്ഥന് വീടുവയ്ക്കുന്നതിന് തടസ്സമില്ലാത്ത വിധമാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ 27 (A) വകുപ്പനുസരിച്ച് 2008-ന് മുമ്പ് നികന്ന് കിടക്കുന്നതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും റിക്കോർഡുകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതുമായ ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥ കൊണ്ടുവന്നു. ഈ വ്യവസ്ഥ കൊണ്ടുവന്നത് ഇവിടെ ഓർഡിനൻസ് വന്ന സന്ദർഭത്തിലും 3 (A) നിർത്തൽ ചെയ്തപ്പോഴും ഭരണ-പ്രതിപക്ഷ ഭാഗത്തുനിന്ന് ഉയർന്നുവന്നിട്ടുള്ള അഭിപ്രായങ്ങളുടെയും വെളിച്ചത്തിലാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, ……

ശ്രീ. ഇ. ചന്ദ്രശേഖരൻ: ഞാൻ വഴങ്ങുന്നില്ല.

മി. സ്പീക്കർ: ശ്രീ. അടൂർ പ്രകാശ്, അങ്ങ് ഒന്നര മണിക്കൂർ ദീർഘമായി സംസാരിച്ചതല്ലേ? ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ് അവസാനിപ്പിക്കട്ടെ.

ശ്രീ. ഇ. ചന്ദ്രശേഖരൻ: അതുകൊണ്ട് ഞാൻ പറയാൻ ഉദ്ദേശിക്കുന്നത് 3 (A) നിർത്തൽ ചെയ്യുന്ന സന്ദർഭത്തിൽ ഭരണ-പ്രതിപക്ഷ ബഞ്ചുകളിൽ നിന്നും പൊതുവെ ഉയർന്നുവന്ന ഒരഭിപ്രായം, 2008-ന് മുമ്പ് നികന്ന ഭൂമിയെ സംബന്ധിച്ച് നിർണ്ണയിക്കണമെന്നും അത്തരം ഭൂമിയിൽ വീട് വയ്ക്കുന്നതുപോലുള്ള തടസ്സങ്ങൾ നീക്കണമെന്നുമുള്ള ശക്തമായ അഭിപ്രായമായിരുന്നു. അതിന്റെ വെളിച്ചത്തിലാണ് ഇത്തരമൊരു 27 (A) ഇങ്ങനെ കൊണ്ടുവരാനുള്ള സാഹചര്യമുണ്ടായത്. പഞ്ചായത്ത്/ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ 4.04 ആർ ഭൂമിയിൽ 120 സ്ക്വയർ മീറ്റർ വരെയുള്ള വീട് നിർമ്മിക്കുന്നതിനും 2.02 ആർ ഭൂമിയിൽ 40 സ്ക്വയർ മീറ്റർ വരെയുള്ള കച്ചവട സ്ഥാപനം നിർമ്മിക്കുന്നതിനും യാതൊരു അനുമതിയും വേണ്ട. സെന്റ് അടിസ്ഥാനത്തിലാണെങ്കിൽ അഞ്ച് സെന്റും പത്ത് സെന്റും എന്നാണ്. മറ്റ് രീതിയിലുള്ള അളവുകൾ കാണിക്കണമെന്ന് രേഖപ്പെടുത്തി യതുകൊണ്ടാണ് ഈ 4.04 ആർ-ഉം 2.02 ആർ-ഉം രേഖപ്പെടുത്തിയിരിക്കുന്നത്. അഞ്ചും പത്തും സെന്റ് ഭൂമിയിൽ വീട് വയ്ക്കുന്നതിന് തടസ്സമില്ലാത്തവിധം നികന്നുപോയ, 2008-ന് മുമ്പാണ് നികന്നതെന്ന് ബോദ്ധ്യപ്പെടുത്താനുള്ള ഉത്തരവാദിത്വം അവർക്കുണ്ട്. ഒന്നുകിൽ KSREC ഇതിന്റെ ഭൂപടം കൊണ്ടുവരണം,

അല്ലെങ്കിൽ നിരീക്ഷണസമിതിയുടെ റിപ്പോർട്ട് വേണം. നിലം എന്ന സാങ്കേതിക വാദത്തിൽ തടയപ്പെടില്ല എന്നാണ് പറഞ്ഞതിന്റെ ചുരുക്കം. പത്ത് സെന്റിന് മുകളിൽ ആവശ്യമായി വരുന്ന മറ്റാവശ്യങ്ങൾ നിർവ്വഹിക്കണമെങ്കിൽ അത്തരം ആവശ്യങ്ങൾക്ക്, വാണിജ്യ ആവശ്യങ്ങൾ ഉൾപ്പെടെ ഈ നികന്നുപോയ ഭൂമിയിൽ, അത്തരം ഭൂമി ഇനി ഒരിക്കലും വയലായി നെൽകൃഷി യോഗ്യമാക്കി മാറ്റാൻ കഴിയാത്ത ഇടങ്ങളിൽ, അത്തരം ആവശ്യത്തിന് അനുവദിക്കണമെങ്കിൽ അത് സംബന്ധിച്ച് പിന്നീട് നിശ്ചയിക്കപ്പെടുന്നതാണ്. ചട്ടങ്ങൾ കൊണ്ടുവരുമ്പോൾ അതിൽ നിശ്ചയിക്കപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെടുന്ന ഫീസ് ഈടാക്കും എന്നതാണ് അതിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ചട്ടങ്ങൾ വരുമ്പോൾ ഇത്തരം കാര്യങ്ങളിൽ വിശദമായ പരിശോധന നടത്താൻ കഴിയുന്നതാണ്. അതിലധികം ഭൂമി തരംമാറ്റണമെങ്കിൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ഫീസും അടയ്ക്കണം എന്നതാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. കേരള ലാൻഡ് യൂട്ടിലൈസേഷൻ ഓർഡർ വന്നത് 1967-ലാണ്. ആ ഓർഡറിന് മുമ്പ് നികത്തപ്പെട്ട ഭൂമിയാണെന്ന് തെളിയിക്കാൻ കഴിഞ്ഞവരിൽനിന്നും ഒരു ഫീസും ഈടാക്കേണ്ടതില്ല എന്നാണ് തീരുമാനിച്ചിരിക്കുന്നത്. അതാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതിനുശേഷം വന്നിട്ടുള്ളതാണെങ്കിൽ, അതിന്റെ സാങ്കേതികമായ വാദമാണ് ബഹുമാനപ്പെട്ട അംഗം എ. എം. ആരിഫ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ചട്ടങ്ങൾ വരുമ്പോൾ അക്കാര്യം തീർച്ചയായും പരിശോധനയ്ക്ക് വിധേയമാക്കാം. പക്ഷെ ഏറ്റവും പ്രധാനപ്പെട്ട വിഷയം, 1967-ലെ കെ.എൽ.യു. ഓർഡർ വന്നതിനുശേഷം അതിന് വിധേയമായിട്ടല്ലാതെ നികത്തപ്പെട്ടിട്ടുണ്ടെങ്കിൽ അത് നിയമവിരുദ്ധമായ നികത്തലാണെന്ന ന്യായീകരണമുണ്ട്. അത്തരമൊരു വിഷയം കൂടിയുള്ളതുകൊണ്ടാണ് 1967-ന് ശേഷമുള്ളതിന് ഈ ആവശ്യത്തിലേയ്ക്ക് നിർണ്ണയിക്കപ്പെടുന്ന ഫീസ് നൽകണമെന്ന് തീരുമാനിക്കാനുള്ള സാഹചര്യമുണ്ടായത്. ഇത് ഉപാധികളോടെയാണ് അനുവദിക്കുന്നത്. ഇങ്ങനെ തരംമാറ്റുന്നതിനുവേണ്ടി ആവശ്യപ്പെടുന്ന ഭൂമി, അമ്പത് സെന്റ് വരെയുള്ളവരുടെ കാര്യത്തിൽ ഫെയർ വാല്യൂവിന്റെ അടിസ്ഥാനത്തിൽ അവർ നിർണ്ണയിക്കപ്പെടുന്ന ഫീസ് ചുമത്തണം, അമ്പത് സെന്റിൽ കൂടുതലാണെങ്കിൽ അനുവദിക്കപ്പെടുന്ന ഭൂമിയുടെ പത്ത് ശതമാനം ജലസംഭരണ സംവിധാനങ്ങൾ ഉൾപ്പെടെ ഉറപ്പു വരുത്തിയാൽ മാത്രമെ നൽകാൻ കഴിയുകയുള്ളൂ. അതോടൊപ്പംതന്നെ സമീപത്തുള്ള വയലുകളിൽ, നെൽ കൃഷിയിടങ്ങളിലേയ്ക്ക് ജലഗമന മാർഗ്ഗങ്ങൾ, ജലത്തിന്റെ നീരൊഴുക്ക് എന്നിവ തടസ്സപ്പെടുത്തുന്ന ഏതെങ്കിലും വിഷയമുണ്ടോയെന്ന് സൂക്ഷ്മമായ പരിശോധനക്കുശേഷം മാത്രമേ നൽകാൻ കഴിയൂ. ആ രീതിയിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിനുശേഷം മാത്രമാണ് അത്തരം കാര്യങ്ങളിൽ തീരുമാനമെടുക്കുക എന്നതും ഇതിൽ വ്യവസ്ഥ ചെയ്തിരിക്കുകയാണ്. അപ്രകാരം സ്വഭാവവ്യതിയാനം നടത്തുന്നത് അടുത്തുള്ള നെൽവയലുകളെ പ്രതികൂലമായി

ബാധിക്കുകയില്ലായെന്നും നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നില്ലായെന്നും ഉറപ്പാക്കേണ്ടതാണ്. സംസ്ഥാനത്തെ നെൽകൃഷി വികസനം മുന്നിൽക്കണ്ട് ഇതിന്റെ ഭാഗമായി കാർഷിക അഭിവൃദ്ധി ഫണ്ടുകൂടി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നേരത്തെ പല അംഗങ്ങളും ഫണ്ട് എന്താണെന്ന് ചോദിച്ചു. കാർഷിക അഭിവൃദ്ധിക്കും കൃഷിയെ പ്രോത്സാഹിപ്പിക്കാനും ശക്തിപ്പെടുത്താനും ഇത്തരത്തിൽ ചുമത്തുന്ന പണം ഉപയോഗിച്ചുകൊണ്ട് ഫണ്ട് രൂപീകരിക്കുക എന്ന ലക്ഷ്യമാണ് മുന്നോട്ട് വച്ചിരിക്കുന്നത്. കഴിഞ്ഞ സർക്കാർ ധനകാര്യ ബില്ലിൽ 3(എ) വകുപ്പ് കൊണ്ടുവന്ന് 2008-ൽ നികന്നുകിടക്കുന്ന ഭൂമിയിൽ യാതൊരു ഉപാധികളുമില്ലാതെയാണ് എല്ലാതരത്തിലുമുള്ള അനുമതി നൽകാൻ തീരുമാനിച്ചത്. അതിൽ നിന്ന് തികച്ചും വ്യത്യസ്തമായി തരംമാറ്റൽ അനുവദിക്കുന്ന ഭൂമിയെ സംബന്ധിച്ച് വില്ലേജ് റിക്കോർഡുകളിൽ മാറ്റംവരുത്തി നൽകുന്നതിനുള്ള വ്യവസ്ഥകൂടി ഇതിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ബഹുമാനപ്പെട്ട അടൂർ പ്രകാശും എം. ഉമ്മറും അവരുടെ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ച കാര്യം, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സ്വരൂപിക്കുന്ന എല്ലാ ഫണ്ടും ആ ഭേദഗതി ആക്ട് പ്രകാരം രൂപീകരിക്കുന്ന കാർഷിക അഭിവൃദ്ധി ഫണ്ടിലേയ്ക്ക് വരവുവയ്ക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നു എന്നാണ്. ബഹുമാന്യനായ എം. ഉമ്മറിന്റെ മറ്റൊരു സംശയം, 27 ബി വകുപ്പുപ്രകാരം അപ്പീൽ നൽകുന്നതിനുള്ള വ്യവസ്ഥ ചെയ്തിരിക്കുന്ന 27 എ വകുപ്പുപ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി സംബന്ധിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർ പുറപ്പെടുവിക്കുന്ന ഉത്തരവിന് എതിരെയുള്ള അപ്പീൽ എന്നാണ്. ജില്ലാ കളക്ടർക്ക് അപ്പീലുണ്ട്, റിട്ട് ഫയൽ ചെയ്യാൻ എല്ലാവർക്കും അധികാരമുണ്ട്. സിവിൽ കോടതികളിൽ കേസ്സുമായി പോയി ഇതിനെയൊക്കെ തടസ്സപ്പെടുത്തി കാലതാമസം ഉണ്ടാക്കുമെന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തിയാണ് അങ്ങനെയൊരു തീരുമാനം എടുത്തത്. നിലവിലുള്ള നിയമത്തിൽ ഡാറ്റാ ബാങ്ക് തയ്യാറായാൽ അപ്പീൽ സമർപ്പിക്കാൻ അനുവാദമില്ലാത്ത സ്ഥിതിയുണ്ടായിരുന്നു. എന്നാൽ ഡാറ്റാ ബാങ്ക് പൂർത്തീകരിക്കുന്നമുറയ്ക്കും അതിന് അപ്പീൽ നൽകാനുള്ള സംവിധാനം ഉൾപ്പെടെ ഉറപ്പുവരുത്തിയിട്ടുണ്ടെന്നുള്ള കാര്യവും ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഇക്കാര്യങ്ങളെല്ലാം സമഗ്രമായി പരിശോധിച്ചാൽ നിലവിലുള്ള കേരള നെൽവയൽ തണ്ണീർത്തട നിയമത്തിന് ഭംഗംവരുത്താത്ത വിധത്തിൽ, എന്നാൽ സംസ്ഥാനത്തിന്റെ പൊതുവായ താൽപ്പര്യങ്ങളും ജനതാൽപ്പര്യങ്ങളും വികസനത്തിന്റേതായ ലക്ഷ്യവുമെല്ലാം യാഥാർത്ഥ്യമാക്കാൻ കഴിയത്തക്കവിധത്തിലുള്ള മാറ്റങ്ങളാണ് ഇതിൽ വന്നിട്ടുള്ളതെന്ന് കാണാൻ കഴിയും. ഇത് നെൽകൃഷിയെ തകർക്കുകയല്ല കൂടുതൽ ശക്തിപ്പെടുത്താൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. വിപുലമായ പ്രദേശങ്ങളിൽ തരിശ് ഭൂമി കൃഷിയോഗ്യമാക്കി മാറ്റാൻ വേണ്ടിയുള്ള ശ്രമമാണ് നടത്തുന്നത്. 2008-ന്

മുമ്പ് നികന്നുപോയ ഭൂമിയിൽ ഒരു വീട് വച്ച് താമസിക്കാൻ കഴിയുന്നില്ലെന്ന വളരെ ചെറിയ വരുമാനമുള്ള ആളുകളുടെയടക്കം പരാതികൾക്ക് പരിഹാരമുണ്ടാക്കാൻ ഈ സന്ദർഭത്തിൽ കഴിയുന്നുവെന്ന പ്രത്യേകതകൂടി ചൂണ്ടിക്കാണിക്കുകയാണ്. മറ്റ് കൂടുതൽ കാര്യങ്ങളൊന്നും ഇതുമായി ബന്ധപ്പെട്ട് പറയാനില്ല.

ശ്രീ. എം. ഉമ്മർ : സർ,....

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ വളരെ ദീർഘമായ ചർച്ച ഇവിടെ നടത്തിയതല്ലേ, ഭേദഗതികൾ എടുക്കുമ്പോൾ ക്ലാസ് ബൈ ക്ലാസിൽ പറഞ്ഞാൽ പോരെ?

6.00 PM]

ശ്രീ. എം. ഉമ്മർ: സർ, ഒരു ചെറിയ ചോദ്യം മാത്രമേയുള്ളൂ. ബിൽ പൈലറ്റ് ചെയ്തപ്പോൾ, നികത്തപ്പെടുന്ന ഭൂമിക്ക് ഫെയർ വാല്യുവിന്റെ അൻപത് ശതമാനം ഈടാക്കാമെന്നാണ് അങ്ങ് പറഞ്ഞത്. എന്നാൽ അൻപത് ശതമാനം എന്നുള്ളത് നിയമസഭയ്ക്ക് കൊടുത്തിട്ടുള്ള അധികാരങ്ങൾ എന്നത് മാറ്റി പിന്നീട് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ എക്സിക്യൂട്ടീവിന് കൊടുത്തത് ശരിയാണോ; നിയമസഭയിലല്ലേ അത് തീർപ്പാക്കേണ്ടത്; നിയമസഭയ്ക്കല്ലേ അതിന് അധികാരം വേണ്ടത്; നിയമസഭയ്ക്ക് കൊടുക്കേണ്ട അധികാരം മാറ്റി പിന്നീട് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ എക്സിക്യൂട്ടീവിന് കൊടുത്തത് ശരിയാണോ? ഗവൺമെന്റ് ആവശ്യത്തിന് എന്ന് പറയുമ്പോൾ, ഗവൺമെന്റിന് പത്ത് ശതമാനം ഷെയറുള്ളതും മറ്റ് തരത്തിൽ എന്തെങ്കിലും കൊടുക്കാൻ പാടുണ്ടോ; ഗവൺമെന്റിന് അൻപത് ശതമാനത്തിലധികമെങ്കിലും ഷെയർ ഉണ്ടെങ്കിൽ മാത്രമല്ലേ ഗവൺമെന്റ് ആവശ്യത്തിന് ആവുകയുള്ളൂ എന്നുള്ളത് അങ്ങ് വ്യക്തമാക്കണം.

ശ്രീ. പി. കെ. ബഷീർ: സർ, ഒരാൾക്ക് 25 സെന്റ് സ്ഥലമുണ്ട്. അയാൾ 15 കൊല്ലം മുമ്പ് 5 സെന്റ് സ്ഥലത്ത് വീട് വയ്ക്കുകയും ബാക്കിയുള്ള 20 സെന്റ് സ്ഥലത്ത് കൃഷി ചെയ്തുകൊണ്ടിരിക്കുകയുമാണ്. അദ്ദേഹം കൃഷി ചെയ്തുകൊണ്ടിരിക്കുന്ന ഭൂമിയിൽ നിങ്ങൾ പറയുന്ന നിയമപ്രകാരം സർക്കാർ ഏറ്റെടുത്ത് പാട്ടത്തിന് പാടശേഖരസമിതിക്ക് കൊടുക്കുക എന്നുള്ളതല്ലേ? നിങ്ങൾ വിചാരിക്കുന്നത് പോലെയല്ല. നാട്ടിലേയ്ക്ക് പോയാൽ മാത്രമേ കാര്യങ്ങൾ അറിയാൻ സാധിക്കൂ. ഒരാളുടെ വാസയോഗ്യമായ വീടും അതിനോട് ചേർന്ന് പച്ചക്കറി കൃഷി ചെയ്തുകൊണ്ടിരിക്കുന്ന സ്ഥലവും ഗവൺമെന്റ് ഏറ്റെടുത്ത് നടത്താൻ സമ്മതിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ : സർ, ഇക്കാര്യം വളരെ വ്യക്തമായി ഞാൻ നേരത്തെ പറഞ്ഞതാണ്. തരിശിട്ട് കിടക്കുകയും അവിടെ വീട് വച്ച് ബാക്കി ഇരുപത് സെന്റിൽ കൃഷി ചെയ്യുന്ന ഒരാളെയും ഉപദ്രവിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയല്ല. ഇത് ശ്രീ. പി. കെ. ബഷീർ ദുഷ്ടലാക്കോടുകൂടി പറഞ്ഞതാണ്. ഏക്കർ കണക്കിന്

ഭൂമി തരിശിടുന്ന, വിശാലമായ പാടങ്ങളുടെ ഇടയ്ക്ക് അവശേഷിക്കുന്ന സ്ഥലത്തുള്ള നെൽവയൽ എടുക്കാൻ മാത്രമാണ് ഉദ്ദേശിക്കുന്നത്. ശ്രീ. എം. ഉമ്മർ ചൂണ്ടിക്കാണിച്ച കാര്യം, ചട്ടങ്ങളുടെ ഭാഗത്ത് കൊണ്ടുവന്നാൽ മതിയാകും എന്നത് തന്നെയാണ് എന്റെ അഭിപ്രായം. അതിൽ വേറെ തടസ്സങ്ങളൊന്നും ഉണ്ടാകാൻ പോകുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. എം. ആരിഫ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. എം. ആരിഫ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. എം. ആരിഫ് അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ചിറ്റയം ഗോപകുമാർ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ചിറ്റയം ഗോപകുമാർ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. ചിറ്റയം ഗോപകുമാർ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

**രണ്ടാം വകുപ്പ്**

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു :

ഭേദഗതി ബില്ലിലെ 2-ാം ഖണ്ഡം (v)-ാം ഉപഖണ്ഡപ്രകാരം പ്രധാന ആക്റ്റിലെ 2-ാം വകുപ്പിന്റെ (xvii എ) ഖണ്ഡത്തിൽ "കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്ററിന്റെയോ പ്രാദേശികതല നിരീക്ഷണ സമിതിയുടെയോ റിപ്പോർട്ട് പ്രകാരം നെൽവയൽ അല്ലാത്തതുമായ ഭൂമിയോ എന്നർത്ഥമാകുന്നു” എന്ന

വാക്കുകൾക്കുപകരം "കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്ററിന്റെയും പ്രാദേശികതല നിരീക്ഷണ സമിതിയുടെയും റിപ്പോർട്ട് പ്രകാരം നെൽവയൽ അല്ലാത്തതുമായ ഭൂമിയോ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്ററിന്റെ റിപ്പോർട്ട് ലഭ്യമല്ലാത്തിടത്ത് പ്രാദേശികതല നിരീക്ഷണ സമിതിയുടെ റിപ്പോർട്ട് പ്രകാരം നെൽവയൽ അല്ലാത്തതുമായ ഭൂമിയോ എന്നർത്ഥമാകുന്നു" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

142. ഖണ്ഡം 2 (i) ഒഴിവാക്കുക.

186. ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിലെ വകുപ്പ് 2(ii)-ൽ "നെൽവയലിലേക്കും" എന്ന വാക്കിന് ശേഷം " തണ്ണീർ തടത്തിലേക്കും" എന്ന് ചേർക്കുക.

188. പ്രധാന ആക്റ്റിലെ വകുപ്പ് 2(ii)-ൽ " നെൽവയലിലേക്കും " എന്ന വാക്കിന് ശേഷം " തണ്ണീർ തടത്തിലേക്കും വിജ്ഞാപനം ചെയ്തതും ചെയ്യപ്പെടാത്തതുമായ " എന്ന വാക്കുകൾ ചേർക്കുക.

194. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(vi എ)-ൽ,"അല്ലെങ്കിൽ ഭൂമിയുടെ ന്യായവില നിശ്ചയിച്ചി ട്ടില്ലാത്തിടത്ത്" എന്ന വാക്കുകൾക്കുശേഷം "ഈ പഞ്ചായത്തിലോ നഗരസഭയിലോ ഉള്ള"എന്ന വാക്കുകൾ ചേർക്കുക.

268. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (xvii എ)-ൽ "നികത്തപ്പെട്ട ഭൂമിയായികിടക്കുന്നതും" എന്ന വാക്കിനുശേഷം "എന്നാൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ" എന്ന വാക്ക് ചേർക്കുക.

272. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvii എ)-ൽ "പ്രാദേശികതല നിരീക്ഷണ സമിതിയുടെയോ റിപ്പോർട്ട് പ്രകാരം നെൽവയൽ അല്ലാത്തതുമായ ഭൂമിയോ" എന്നതിനുശേഷം "ഇനിയും തിരിച്ച് നെൽവയൽ തണ്ണീർത്തടമാക്കി പൂർവ്വസ്ഥിതിയിൽ എത്തിക്കാൻ സാധാരണ മാർഗ്ഗങ്ങൾ ഉപയോഗിച്ച് സാധ്യമല്ലാ എന്ന് സമിതിക്ക് പൂർണ്ണമായി ബോധ്യപ്പെടുന്നതും സമീപ ഭാഗങ്ങളിലെ ഇന്നത്തെ ഘടനയ്ക്കും ഉപയോഗത്തിനും ജലഗമന നിർഗമന സംഭരണ സംവിധാനത്തിന് കർഷകർക്കും

കാർഷിക യന്ത്രങ്ങൾ, വളം, വിളവ് എന്നിവ കൊണ്ടുപോകുന്നതിനും ഉള്ള മാർഗ്ഗങ്ങളെയും തടസ്സപ്പെടുത്തുകയില്ല എന്ന് ഉറപ്പുവരുത്തുന്നതും ആയ ഭൂമി" എന്ന് ചേർക്കുക.

296. ഖണ്ഡം 2(v) പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(xvii ബി)-ൽ " ജലമോ " എന്ന വാക്കിന് പകരം " ജലം " എന്ന വാക്ക് ചേർക്കുക.

303. പ്രധാന ആക്റ്റിലെ വകുപ്പ് 2(xix)-ൽ വർഷം എന്നാൽ " ഒരു മലയാള വർഷം " എന്ന വാക്കിനു പകരം " ഗ്രിഗോറിയൻ കലണ്ടർ പ്രകാരമുള്ള ഇംഗ്ലീഷ് വർഷം" എന്ന വാക്കുകൾ ചേർക്കുക.

ഞാൻ എന്റെ ഭേദഗതികൾ മൂവ് ചെയ്യുകയാണ്. പ്രാദേശിക നിരീക്ഷണ സമിതിയുടെ റിപ്പോർട്ടിന് പകരം ഒറിജിനൽ ആക്റ്റിലുള്ള ശിപാർശ തന്നെ ചേർക്കണം. പ്രാദേശിക നിരീക്ഷണ സമിതി ഗവൺമെന്റിന്റെ സമിതി ആയതിനാൽ ആ റിപ്പോർട്ടിൽ വെള്ളം ചേർക്കപ്പെടും. അതുകൊണ്ട് ശിപാർശ വേണം. അതിനകത്ത് മാറ്റം വരുത്തരുത്. ഈ ബില്ലിന്റെ ഉദ്ദേശശുദ്ധിയെ ദയവായി അങ്ങ് അട്ടിമറിക്കരുത്.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

143. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(i)-ൽ "വിജ്ഞാപനം ചെയ്യപ്പെടാത്ത"എന്ന വാക്കുകൾ വരുന്നിടത്തെല്ലാം അതിനുപകരം "വിജ്ഞാപനം ചെയ്യപ്പെട്ടിട്ടില്ലാത്ത" എന്ന് ചേർക്കുക.

165. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(i)-ൽ "വ്യതിയാനം വരുത്തുന്നതോ വ്യതിയാനം വരുത്തിയിട്ടുള്ളതോ ആയ" എന്ന വാക്കുകൾക്ക് പകരം "ഉദ്ദേശ ലക്ഷ്യങ്ങളോടെ വ്യതിയാനം സംഭവിപ്പിച്ചതായ" എന്ന വാക്കുകൾ ചേർക്കുക.

249. ഖണ്ഡം 2(iv)-ൽ "മറ്റു പദ്ധതികളുടെയും പ്രോജക്റ്റുകളുടെയും" എന്നീ വാക്കുകൾക്ക് പകരം "പൂർണ്ണജനോപകാര സർക്കാർ പ്രോജക്റ്റുകളും പദ്ധതികളും" എന്നീ വാക്കുകൾ ചേർക്കുക.

260. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്

2 (xvii എ)-ൽ "വിജ്ഞാപനം ചെയ്യപ്പെടാത്തതുമായ ഭൂമിയോ" എന്നത് "വിജ്ഞാപനം ചെയ്യപ്പെടാത്തതുമായ ഭൂമി" എന്നു മാറ്റുകയും ശേഷിക്കുന്നവ ഒഴിവാക്കുകയും ചെയ്യുക.

143 ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(i)-ൽ "വിജ്ഞാപനം ചെയ്യപ്പെടാത്ത"എന്ന വാക്കുകൾ വരുന്നിടത്തെല്ലാം അതിനുപകരം "വിജ്ഞാപനം ചെയ്യപ്പെട്ടിട്ടില്ലാത്ത" എന്ന് ചേർക്കുന്നതായിരിക്കും ഉചിതമാവുക.

ശ്രീ. ടി. വി. ഇബ്രാഹിം :സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

144. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(i)-ൽ "വിജ്ഞാപനം ചെയ്യപ്പെടാത്ത" എന്ന വാക്കുകൾ വരുന്നിടത്തെല്ലാം അതിനുപകരം "വിജ്ഞാപനത്തിൽപെട്ടിട്ടില്ലാത്ത" എന്ന വാക്കുകൾ ചേർക്കുക.

145. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(i)-ൽ "വിജ്ഞാപനം ചെയ്യപ്പെടാത്ത"എന്ന വാക്കുകൾ വരുന്നിടത്തെല്ലാം അതിനു പകരം "വിജ്ഞാപനത്തിൽ ഉൾപ്പെട്ടി ട്ടില്ലാത്ത"എന്ന വാക്കുകൾ ചേർക്കുക.

147. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(i)-ൽ "സ്വഭാവ"എന്ന വാക്കിനു പകരം "രൂപ"എന്ന് ചേർക്കുക.

199. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(vi എ)-ൽ, " സമാനമായതും, സമാനമായി സ്ഥിതി ചെയ്യുന്നതുമായ" എന്നതിന് പകരം "സമാനമായതും സമാനമായി കണക്കാക്കപ്പെടുന്നതുമായ" എന്ന് ചേർക്കുക.

225. ഖണ്ഡം 2 (iv)-ൽ " പദ്ധതികളുടെയും പ്രോജക്റ്റുകളുടെയും " എന്ന് വരുന്നിടത്തെല്ലാം അതിനു പകരം "പദ്ധതികളുടെയും പ്രോഗ്രാമുകളുടെയും" എന്നു മാറ്റുക.

235. ഖണ്ഡം 2(iv) പ്രകാരം പ്രധാന ആക്ടിലെ വകുപ്പ് 2(xiv)-ൽ ചേർക്കാനുദ്ദേശിക്കുന്ന " കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന " എന്ന വാക്കുകൾക്ക് പകരം " തീരുമാനിക്കുന്ന " എന്ന വാക്ക് ചേർക്കുക.

254. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (xvii എ)ൽ "വില്ലേജ് ഓഫീസുകളിൽ സൂക്ഷിക്കുന്ന അടിസ്ഥാന നികുതി രജിസ്റ്ററിൽ" "എന്നതിന് പകരം വില്ലേജ് ഓഫീസുകളിൽ സൂക്ഷിക്കുന്ന അടിസ്ഥാന രേഖകളിൽ" എന്നാക്കി മാറ്റുക.

286. ഖണ്ഡം 2 (v) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvii ബി)-യിൽ "കുളങ്ങൾ" എന്ന വാക്കിനുശേഷം "നീർച്ചാലുകൾ"എന്ന് ചേർക്കുക.

295. ഖണ്ഡം 2(v) പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 2(xvii ബി)-ൽ "വിജ്ഞാപനം ചെയ്യപ്പെടാത്ത" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

146. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(i)-ൽ "ചെയ്യപ്പെടാത്ത"എന്ന വാക്ക് വരുന്നിടത്തെല്ലാം അതിനു പകരം "ചെയ്തിട്ടില്ലാത്ത"എന്ന വാക്ക് ചേർക്കുക.

162. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (i)-ൽ "വ്യതിയാനം വരുത്തുന്നതോ" എന്ന വാക്കുകൾക്ക് പകരം "വ്യതിയാനം വന്നിട്ടുള്ളതോ" എന്നത് ചേർക്കുക.

184. ഖണ്ഡം 2(ii)-ൽ "അല്ലെങ്കിൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിലേക്കും " എന്ന വാക്കുകൾക്കുപകരം "അല്ലെങ്കിൽ വിജ്ഞാപനം ചെയ്തിട്ടില്ലാത്ത ഭൂമിയിലേക്കും " എന്ന വാക്കുകൾ ചേർക്കുക.

196. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(vi എ)-ൽ, "നിശ്ചയിച്ചിട്ടില്ലാത്തിടത്ത്" എന്നതിന് പകരം " നിശ്ചയിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ" എന്ന വാക്കുകൾ ചേർക്കുക.

204. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(vi എ)-ൽ "സമാനമായി സ്ഥിതി ചെയ്യുന്നതുമായ" എന്നതിനു പകരം "ആ ഭൂമിയുടെ സമീപം സ്ഥിതിചെയ്യുന്ന സമാന സ്വഭാവമുള്ളതുമായ" എന്ന വാക്കുകൾ ചേർക്കുക.

229. ഖണ്ഡം 2(iv)-ൽ "പ്രോജക്റ്റുകളുടെയും" എന്ന വാക്ക് വരുന്നിടത്തെല്ലാം നിന്ന് ഒഴിവാക്കുക.

262. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (xvii എ)-ൽ "പ്രസിദ്ധീകരിച്ചിട്ടില്ലാത്തിടത്ത്" എന്ന വാക്കിന് പകരം "പ്രസിദ്ധീകരിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ" എന്ന വാക്കുകൾ ചേർക്കുക.

270. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvii എ)-ൽ"കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്ററിന്റെയോ പ്രാദേശികതല നിരീക്ഷണ സമിതിയുടെയോ" എന്നതിനു പകരം "പ്രാദേശികതല നിരീക്ഷണ സമിതിയുടെ" എന്നു മാറ്റുക.

299. ഖണ്ഡം 2(v) പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 2(xvii ബി)-ൽ "ജലമോ സംഭരിക്കുന്നതിനുള്ള" എന്ന വാക്കുകൾക്ക് ശേഷം " പരിസ്ഥിതിക്ക് ദോഷം ഉണ്ടാക്കാത്ത " എന്ന വാക്കുകൾ ചേർക്കുക.

പദ്ധതികളുടെയും പ്രോജക്ടുകളുടെയും എന്ന് പറഞ്ഞിരിക്കുന്നത് എന്താണെന്ന് മനസ്സിലാകുന്നില്ല. പദ്ധതിയുടെ ഇംഗ്ലീഷ് വാക്കാണ് പ്രോജക്ട്. അതുകൊണ്ട് പദ്ധതികളുടെയും പ്രോജക്ടുകളുടെയും എന്ന് സെപ്പറേറ്റ് പറയേണ്ടതില്ല. പദ്ധതികളുടേത് എന്നുമാത്രം പറഞ്ഞാൽ മതിയെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

148. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(i)-ൽ "സ്വഭാവ വ്യതിയാനം"എന്നതിന് പകരം "രൂപാന്തരം"എന്ന് ചേർക്കുക.

150. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(i)-ൽ "സ്വഭാവം"എന്നതിന് പകരം "രൂപാന്തരം"എന്ന് ചേർക്കുക.

153. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(i)-ൽ "സ്ഥിരമായും" എന്നതിന് പകരം "സ്ഥിരമായതും, എന്നാൽ"എന്ന് ചേർക്കുക.

160. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(i)-ൽ "വ്യതിയാനം" എന്ന വാക്കിന് പകരം "രൂപാന്തരം"എന്ന വാക്ക് ചേർക്കുക.

189. പ്രധാന ആക്ടിലെ വകുപ്പ് 2(ii)-ൽ " അതിൽ നിന്ന് " എന്നതിന് പകരം " അവയിൽ നിന്നും" എന്ന് ചേർക്കുക.

266. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (xvii എ)-ൽ "നികത്തപ്പെട്ട" എന്ന വാക്കിന് പകരം " പരിവർത്തനം ചെയ്യപ്പെട്ട" എന്ന വാക്ക് ചേർക്കുക.

280. ഖണ്ഡം 2 (v) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 2(xvii ബി)-ൽ, "ടാങ്കുകൾ," എന്നത് ഒഴിവാക്കുക.

288. ഖണ്ഡം 2 (v) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvii ബി)യിൽ "ഭൂമിയുടെ" എന്ന വാക്ക് ഒഴിവാക്കുക.

292. ഖണ്ഡം 2 (v) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvii ബി)-യിൽ "നെൽവയലുകളിലേക്കും" എന്ന വാക്കിനു ശേഷം "തണ്ണീർത്തടങ്ങളിലേക്കും മറ്റു"എന്ന് ചേർക്കുക.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

149. ഖണ്ഡം 2(i) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 2(i)-ൽ

(i) "സ്വഭാവവ്യതിയാനം" എന്നതിന് പകരം "തരം" എന്ന് ചേർക്കുക.

(ii) "സ്വഭാവം"എന്നതിനു പകരം "തരം"എന്ന് ചേർക്കുക.

178. ഖണ്ഡം 2 (i) പ്രകാരം പുനരക്കമിടാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 2 (i എ)-ൽ, "കളക്ടർ" എന്നതിന് പകരം "ജില്ലാ കളക്ടർ" എന്ന് ചേർക്കുക.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

151. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(i)-ൽ "ഭൂമിയുടെ സ്വഭാവം, "എന്നതിനു ശേഷം "നെൽവയൽ, തണ്ണീർത്തടത്തിലെ സമീപ ഭാഗങ്ങളിലെ ഇന്നത്തെ ഘടനയും ഉപയോഗത്തിനും സുഗമമായ നീരൊഴുക്കിനും ആഗമന നിർഗ്ഗമന മാർഗ്ഗങ്ങൾക്കും തടസ്സമുണ്ടാകാത്ത തരത്തിൽ"എന്ന് ചേർക്കുക.

152. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(i)-ൽ "സ്ഥിരമായും"എന്ന വാക്കിനു പകരം "സ്ഥിരമായി"എന്ന വാക്ക് ചേർക്കുക.

"സ്ഥിരമായും"എന്ന വാക്കിനു പകരം "സ്ഥിരമായി"എന്ന വാക്ക് ചേർക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

155. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(i)-ൽ "സാധാരണ മാർഗ്ഗങ്ങളിലൂടെ പൂർവ്വസ്ഥിതിയിലാക്കാൻ സാദ്ധ്യമല്ലാത്തതുമായ വിധത്തിൽ വ്യതിയാനം വരുത്തുന്നതോ വരുത്തിയിട്ടുള്ളതോ ആയ "എന്നതിനു പകരം "ലാഭേച്ഛയോടെ വ്യതിയാനം വരുത്തിയിട്ടുള്ളതായ"എന്നു ചേർക്കുക.

168. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (i)-ൽ "പ്രവൃത്തിയോ" എന്നതിന് പകരം "പ്രവൃത്തികളോ" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

156. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(i)-ൽ "മാർഗ്ഗങ്ങളിലൂടെ"എന്ന വാക്കിനു പകരം "മാർഗ്ഗങ്ങളിലൂടെയും" എന്ന വാക്ക് ചേർക്കുക.

157. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(i)-ൽ "സാദ്ധ്യമല്ലാത്തതുമായ"എന്ന വാക്കിനു പകരം "സാദ്ധ്യമല്ലാത്ത" എന്ന വാക്ക് ചേർക്കുക.

233. ഖണ്ഡം 2 (xiv) ൽ " സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മറ്റു " എന്ന വാക്കുകൾക്കു ശേഷം " സർക്കാർ " എന്ന വാക്കു ചേർക്കുക.

255. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (xvii എ)-ൽ "ഓഫീസുകളിൽ സൂക്ഷിക്കുന്ന" എന്ന വാക്കുകൾക്ക് പകരം "ഓഫീസുകളിലെ" എന്ന വാക്ക് ചേർക്കുക.

256. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 ഖണ്ഡം (xvii എ)-ൽ "നെൽവയലായോ തണ്ണീർത്തടമായോ" എന്ന വാക്കുകൾക്ക് പകരം "നെൽവയലായോ, തണ്ണീർത്തടമായോ" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

264. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്റ്റിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (xvii എ) യിൽ " ആക്റ്റിന്റെ പ്രാരംഭതീയതിയിൽ' എന്ന വാക്കുകൾക്കു പകരം "ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിയിൽ" എന്ന വാക്കുകൾ ചേർക്കുക.

301. ഖണ്ഡം 2(v) പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 2(xvii ബി)-ൽ " ഏതെങ്കിലും " എന്ന വാക്കിന് പകരം " എന്തെങ്കിലും " എന്ന വാക്ക് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

159. ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(i)-ൽ "വിധത്തിൽ" എന്ന വാക്കിനു പകരം "വിധത്തിലും"എന്ന വാക്കു ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

163. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(i)-ൽ "വ്യതിയാനം വരുത്തുന്നതോ വ്യതിയാനം വരുത്തിയിട്ടുള്ളതോ" എന്ന വാക്കുകൾക്ക് പകരം "പരിവർത്തനം വരുത്തുന്നതോ രൂപാന്തരം വരുത്തിയിട്ടുള്ളതോ" എന്ന വാക്കുകൾ ചേർക്കുക.

187. പ്രധാന ആക്റ്റിലെ വകുപ്പ് 2(ii)-ൽ " നെൽവയലിലേക്കും " എന്ന വാക്കിന് ശേഷം "തണ്ണീർ തടത്തിലേക്കും അല്ലെങ്കിൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിലേക്കും" എന്ന വാക്കുകൾ ചേർക്കുക.

190. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ്(vi എ)-യിൽ,"നിശ്ചയിച്ചിട്ടുള്ള" എന്ന വാക്കിന് പകരം "നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ള" എന്ന വാക്കുകൾ ചേർക്കുക.

205. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(vi എ)-ൽ "സ്ഥിതിചെയ്യുന്നതുമായ ഭൂമിയുടെ" എന്നത് "സ്ഥിതി ചെയ്യുന്നതുമായ പ്രസ്തുത ഭൂമിയുടെ " എന്നാക്കുക.

267. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (xvii എ)-ൽ "നികത്തപ്പെട്ട ഭൂമിയായി" എന്ന വാക്കുകൾക്ക് പകരം " നികത്തപ്പെട്ട് കരഭൂമിയായി എന്ന വാക്കുകൾ ചേർക്കുക.

271. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (xvii എ)-ൽ "പ്രാദേശികതല നിരീക്ഷണസമിതിയുടെയോ" എന്നത് "പ്രാദേശിക നിരീക്ഷണ സമിതിയുടെയോ" എന്നാക്കുക.

279. ഖണ്ഡം 2 (v) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 2(xvii ബി) യിൽ " ജലസംരക്ഷണ നടപടികൾ" എന്ന വാക്കുകൾക്ക് പകരം "ജല സംരക്ഷണ നടപടികൾ" എന്ന വാക്കുകൾ ചേർക്കുക.

281. ഖണ്ഡം 2 (v) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvii ബി)-ൽ "ജലസംഭരണികൾ" എന്ന വാക്ക് "ജലസംഭരണികൾ"എന്നു മാറ്റുക.

291. ഖണ്ഡം 2 (v) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvii ബി)-യിൽ "നെൽവയലുകളിലേക്കും" എന്ന വാക്കിനു ശേഷം "തണ്ണീർത്തടങ്ങളിലേക്കും"എന്ന വാക്ക് ചേർക്കുക.

293. ഖണ്ഡം 2 (v) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvii ബി)യിൽ "ജലനിർഗ്ഗമന" എന്ന വാക്ക് "ജല നിർഗ്ഗമന"എന്നു മാറ്റുക.

294. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2(xvii ബി)-ൽ "നെൽവയലിലൂടെയോ" എന്ന വാക്കിന് ശേഷം " അല്ലെങ്കിൽ" എന്ന വാക്ക് ചേർക്കുക.

ഈ ഭേദഗതികളെല്ലാം മൂവ് ചെയ്യുകയാണ്. 267-ൽ 'നികത്തപ്പെട്ട ഭൂമിയായി' എന്ന വാക്കുകൾക്ക് പകരം 'കരഭൂമി' എന്ന് പറയുന്നതായിരിക്കും ഉചിതം. ഭൂമി നികത്തിക്കഴിഞ്ഞാൽ അത് കരഭൂമിയായി മാറുകയാണ്. 274- ൽ "റിപ്പോർട്ട് പ്രകാരം നെൽവയൽ" എന്നതിനുപകരം "റിപ്പോർട്ട് പ്രകാരം നെൽവയലോ തണ്ണീർത്തടമോ" എന്ന് മാറ്റുന്നതായിരിക്കും നല്ലത്. ഇതാണ് എന്റെ ഭേദഗതി.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

164. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (i)-ൽ "വ്യതിയാനം വരുത്തുന്നതോ വ്യതിയാനം വരുത്തിയിട്ടുള്ളതോ" എന്നതിന് പകരം "വ്യതിയാനം വരുത്തിയിട്ടുള്ളതോ ഇനി വ്യതിയാനം വരുത്തുന്നതോ ആയ" എന്ന വാക്കുകൾ ചേർക്കുക.

181. ഖണ്ഡം 2(ii)-ൽ " അല്ലെങ്കിൽ " എന്ന വാക്ക് ഒഴിവാക്കുക.

202. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(vi എ)-ൽ "സമാനമായതും സമാനമായി സ്ഥിതിചെയ്യുന്നതുമായ ഭൂമിയുടെ ന്യായവില" എന്ന വാക്കുകൾക്ക് പകരം "സമാനമായതും സമാനമായി സ്ഥിതി ചെയ്യുന്നതുമായ ഭൂമിയുടെ ന്യായവിലയുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്ന ന്യായ വില" എന്ന വാക്കുകൾ ചേർക്കുക.

238. ഖണ്ഡം 2(iv)-ൽ "നിശ്ചയിക്കുന്ന മറ്റു പദ്ധതികളുടെയും പ്രോജക്ടുകളുടെയും" എന്നതിനു പകരം "നിശ്ചയിക്കുന്ന പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കാത്ത മറ്റു പദ്ധതികളുടെ പ്രോജക്ടുകളുടെയും" എന്നാക്കുക.

269. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvii എ)യിൽ "കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്ററിന്റെയോ പ്രാദേശികതല നിരീക്ഷണ സമിതിയുടെയോ" എന്ന വാക്കുകൾക്ക് പകരം " കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്ററിന്റെയും പ്രാദേശികതല നിരീക്ഷണ സമിതിയുടെയും" എന്ന വാക്കുകൾ ചേർക്കുക.

284. ഖണ്ഡം 2 (v) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvii ബി)-ൽ "കുളങ്ങൾ" എന്നതിനുശേഷം "കനാലുകൾ, തോടുകൾ" എന്നത് ചേർക്കുക.

ഞാൻ ഈ ഭേദഗതികൾ മൂവ് ചെയ്യുകയാണ്. 181-ാം നമ്പർ ഭേദഗതിയിൽ 'അല്ലെങ്കിൽ' എന്ന വാക്ക് ഒഴിവാക്കണമെന്നുള്ളതാണ്.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

169. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (i)-ൽ, "പ്രവൃത്തിയോ തുടർപ്രവൃത്തികളോ" എന്ന വാക്കുകൾക്ക് പകരം "പ്രവൃത്തിയോ" എന്ന വാക്ക് ചേർക്കുക.

203. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(vi എ)-ൽ, "സമാനമായി സ്ഥിതിചെയ്യുന്നതുമായ" എന്ന വാക്കുകൾക്ക് പകരം "സമാന സ്വഭാവത്തോടുകൂടിയതുമായ" എന്ന വാക്കുകൾ ചേർക്കുക.

236. ഖണ്ഡം 2(iv)-ൽ "നിശ്ചയിക്കുന്ന" എന്ന വാക്കിന് പകരം "നടപ്പാക്കാൻ ഉദ്ദേശിക്കുന്ന" എന്ന വാക്കുകൾ ചേർക്കണം.

287. ഖണ്ഡം 2 (v) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvii ബി)യിൽ "കുളങ്ങൾ" എന്ന വാക്കിനു ശേഷം "കൈത്തോടുകൾ, ചിറ അഥവാ തടയണ"എന്നീ വാക്കുകൾ കൂടി ചേർക്കുക.

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

170. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (i)-ൽ "പ്രവൃത്തിയോ തുടർപ്രവൃത്തികളോ" എന്നതിനു പകരം "പ്രവൃത്തികൾ" എന്നു ചേർക്കുക.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

172. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (i) താഴെപറയും പ്രകാരം മാറ്റുക:

"(i) "വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം" എന്നാൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവത്തിൽ ഏതെങ്കിലും പ്രവൃത്തിയിലൂടെയോ തുടർപ്രവൃത്തിയിലൂടെയോ സ്ഥിരമായും സാധാരണ മാർഗ്ഗങ്ങളിലൂടെ പൂർവ്വസ്ഥിതിയിലാക്കുവാൻ സാദ്ധ്യമല്ലാത്തതുമായ വിധത്തിൽ വരുത്തുന്നതോ വരുത്തിയതോ ആയ വ്യതിയാനം എന്നർത്ഥമാകുന്നു;"

253. ഖണ്ഡം 2(v) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (xvii) ൽ "വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി" എന്നാൽ "സമിതിയുടെ അധികാരിത പ്രദേശത്ത്" എന്നതിനു പകരം "വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി" എന്നാൽ "സമിതിക്ക് അധികാരിതയുള്ള പ്രദേശത്ത്" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

173. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (i) താഴെപറയും പ്രകാരം മാറ്റുക:

"(i) "വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം" എന്നാൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവം, സ്ഥിരമായി ആധുനിക യന്ത്ര സാമഗ്രികളുടെ സഹായത്തോടെ പൂർവ്വസ്ഥിതിയിലാക്കുവാൻ സാദ്ധ്യമല്ലാത്ത വിധത്തിൽ വ്യതിയാനം വരുത്തിയിട്ടുള്ളതോ ആയ പ്രവൃത്തി എന്നർത്ഥമാകുന്നു;"

201. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(vi എ)-ൽ, "സമാനമായി സ്ഥിതിചെയ്യുന്നതുമായ ഭൂമിയുടെ" എന്നതിനു പകരം "പ്രസ്തുത ഭൂമിയുടെ തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന സമാന സ്വഭാവമുള്ള ഭൂമിയുടെ" എന്നു ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

174. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (i) താഴെപറയുന്ന രൂപത്തിൽ ഭേദഗതി ചെയ്യുക:

"(i) "വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം" എന്നാൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവം, സ്ഥിര മായോ, സാധാരണ മാർഗ്ഗങ്ങളിലൂടെ പൂർവ്വസ്ഥിതിയിൽ ആക്കുവാൻ സാദ്ധ്യമല്ലാത്ത വിധത്തിലോ വ്യതിയാനം വരുത്തിയിട്ടുള്ള പ്രവൃത്തി എന്നർത്ഥമാകുന്നു;"

വ്യതിയാനം വരുത്തുന്നതോ എന്നുള്ള വാക്ക് ഭേദഗതി ചെയ്യണമെന്നു ള്ളതാണ് എന്റെ ഭേദഗതി. അതായത് ഒരു കണ്ടിന്യൂയിംഗ് പ്രോസ്സസായി വരും.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

175. ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (i) താഴെപറയും പ്രകാരം മാറ്റുക:

"(i) "വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം" എന്നാൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവം, സാധാരണ മാർഗ്ഗങ്ങളിലൂടെ പൂർവ്വസ്ഥിതിയിലാക്കുവാൻ കഴിയാത്തവിധത്തിൽ വ്യതിയാനം വരുത്തുന്നതോ വ്യതിയാനം വരുത്തിയിട്ടുള്ളതോ ആയ പ്രവൃത്തി എന്നർത്ഥമാകുന്നു;"

210. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് (vi ബി )-ൽ "പ്രകാരം രൂപീകരിക്കുന്ന"എന്ന വാക്കുകൾക്ക് പകരം " പ്രകാരമുള്ള" വാക്കുകൾ ചേർക്കുക.

230. ഖണ്ഡം 2 (iv) ൽ " അല്ലെങ്കിൽ " എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

185. ഖണ്ഡം 2(ii)-ൽ "അല്ലെങ്കിൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിലേക്കും" എന്ന വാക്കുകൾക്കു പകരം "അല്ലെങ്കിൽ വിജ്ഞാപനത്തിൽ പെട്ടിട്ടില്ലാത്ത ഇടങ്ങളിലേക്കും " എന്ന വാക്കുകൾ ചേർക്കുക.

237. ഖണ്ഡം 2(iv)-ൽ "നിശ്ചയിക്കുന്ന മറ്റു" എന്നതിനു പകരം "പൊതുമേഖലയിലുള്ള" എന്നു ചേർക്കുക.

ശ്രീ. കെ. എം. ഷാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

197. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(vi എ)-ൽ, "സമാനമായതും സമാനമായി സ്ഥിതി ചെയ്യുന്നതുമായ" എന്ന വാക്കുകൾക്കു പകരം " ബന്ധപ്പെട്ട സബ് രജിസ്ട്രാർ നിശ്ചയിക്കുന്ന" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. അടൂർ പ്രകാശ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

208. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(vi എ) താഴെപ്പറയുന്ന രീതിയിൽ മാറ്റുക :

"vi(എ) " ന്യായവില" എന്നാൽ 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിന്റെ (1959-ലെ-17) 28 എ വകുപ്പ് പ്രകാരം നിശ്ചയിച്ചിട്ടുള്ള, ഭൂമിയുടെ ന്യായവില എന്നും അല്ലെങ്കിൽ ഭൂമിയുടെ ന്യായവില നിശ്ചയിച്ചിട്ടില്ലാത്തിടത്ത്, പ്രസ്തുത ഭൂമിയുടെ തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന സമാനമായ സ്ഥിതിയിലുള്ള ഭൂമിയുടെ ന്യായവില എന്നും അർത്ഥമാകുന്നു".

277. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvii എ) ചുവടെ ചേർത്തിരിക്കുംവിധം മാറ്റുക :

"(xvii എ) വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി എന്നാൽ സമിതിയുടെ അധികാരികതയിലുള്ള പ്രദേശത്തേക്ക് സ്ഥിതിചെയ്യുന്നതും വില്ലേജ് ഓഫീസുകളിൽ സൂക്ഷിക്കുന്ന അടിസ്ഥാന നികുതി രജിസ്റ്ററിൽ നെൽവയൽ ആയോ തണ്ണീർത്തടമായോ ഉൾപ്പെടുത്തിയിട്ടുള്ളതോ പ്രധാന നിയമത്തിലെ 2(xii) പ്രകാരം നെൽവയൽ/തണ്ണീർത്തടം എന്ന നിർവ്വചനത്തിൽ വരുന്നതോ അയതും എന്നാൽ 2008-ലെ നിയമം പ്രാബല്യത്തിൽ വന്ന തീയതിക്ക് മുൻപുതന്നെ അന്ന് പ്രാബല്യത്തിൽ ഉണ്ടായിരുന്ന നിയമ വ്യവസ്ഥകൾ പ്രകാരമുള്ള അനുമതി ഇല്ലാതെ രൂപാന്തരപ്പെടുത്തിട്ടുള്ളതാണെന്ന് സമിതിയുടെ പ്രാഥമിക നിരീക്ഷണത്തിലോ ഉപഗ്രഹ ചിത്രത്തിന്റെ അടിസ്ഥാനത്തിലോ ബോധ്യപ്പെടുന്നതും ഇനിയും തിരിച്ച് നെൽവയൽ തണ്ണീർത്തടം ആക്കി പൂർവ്വസ്ഥിതിയിൽ എത്തിക്കാൻ സാധാരണ മാർഗ്ഗങ്ങൾ ഉപയോഗിച്ച് സാധ്യമല്ലാത്തതാണെന്ന് പൂർണ്ണമായി ബോധ്യപ്പെടുന്നതും സമീപ ഭാഗങ്ങളിലെ ഇന്നത്തെ ഘടനയ്ക്കും ഉപയോഗത്തിനും ജലാഗമന നിർഗമന സംഭരണ സംവിധാനത്തിനു കർഷകർക്കും കാർഷിക യന്ത്രങ്ങൾ, വളം, വിളവ് എന്നിവ കൊണ്ടു പോകുന്നതിനും വരുന്നതിനും ഉള്ള മാർഗ്ഗങ്ങളേയും തടസ്സപ്പെടുത്തുകയില്ല എന്ന ഉറപ്പ് വരുത്തുന്നതും ആയ ഭൂമി എന്നർത്ഥമാക്കുന്നു".

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

209. ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(vi എ)യ്ക്ക് ശേഷം (vi ബി) ആയ താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നത് പുനരക്കം ചെയ്യുകയും ചെയ്യുക :

"vi(ബി) കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുന്ന ന്യായവില ബാധകമാക്കേണ്ടതാണ്".

215. പ്രധാന ആക്റ്റിലെ വകുപ്പ് 2(iv)ൽ " നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള നികായങ്ങൾ" എന്നതിനു ശേഷം "എല്ലാ വിഭാഗം ജനങ്ങൾക്കും ആവശ്യത്തിനും വികസനത്തിനും വേണ്ടി" എന്ന് ചേർക്കുക.

250. പ്രധാന ആക്റ്റിലെ വകുപ്പ് രണ്ട് ഖണ്ഡം (xiv)നു ശേഷം ഖണ്ഡം (xiv എ), (xiv ബി) എന്നിവയായി താഴെപ്പറയുന്നവ ചേർക്കുക:

"(xiv എ) ആവശ്യം എത്ര ഗൗരവമുള്ളതായാലും പുതിയതായി ഒരു പദ്ധതിയോ പ്രോജക്ടോ തണ്ണീർത്തടത്തിലോ നെൽപ്പാടത്തിലോ അനുവദനീയമല്ല. എന്നാൽ തണ്ണീർത്തടത്തിൽ മാത്രം നടപ്പാകുന്ന ഫിഷിംഗ് ഹാർബർ, ബോട്ട് ജട്ടി എന്നിവ അനുവദനീയമാണ്. എന്നാൽ ഒറിജിനൽ ആക്റ്റ് നിലവിൽ വരുന്നതിന് മുൻപ് അനുമതിയോടു കൂടി തുടങ്ങിയ പദ്ധതിയോ പ്രോജക്ടോ 25% എങ്കിലും നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ അത് പൂർത്തീകരിക്കുന്നതിനും ഒറിജിനൽ ആക്റ്റ് നിലവിൽ വന്നതിന് ശേഷം നിയമാനുസൃതം പൊതുതാല്പര്യ മനുസരിച്ച് നടപ്പിലാക്കുന്ന പദ്ധതികളും പ്രോജക്ടുകളും നിബന്ധനകൾക്കനുസൃതമായി പൂർത്തീകരിക്കാവുന്നതാണ്.

(xiv ബി) സ്വകാര്യ സ്ഥാപനങ്ങളോ, കോർപ്പറേറ്റുകളോ വ്യക്തികളോ അവരുടെ സ്വകാര്യ ലാഭത്തിനോ പ്രതിച്ഛായ മെച്ചപ്പെടുത്തുന്നതിനോ മറ്റ് പരിപാടികൾക്കോ ആവശ്യമായ ഭൂമി പൊതു ആവശ്യത്തിൽ ഉൾപ്പെടുത്താവുന്നതല്ല. ഇത്തരം ആവശ്യത്തിനായി മുൻകൂർ വാങ്ങിയ ഭൂമിയ്ക്ക് ഈ നിയമത്തിലൂടെ സാധൂകരണം നൽകാവുന്നതല്ല."

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

216. പ്രധാന ആക്റ്റിലെ വകുപ്പ് 2(Xiv)ൽ "സാമ്പത്തിക സഹായം നൽകുന്നതോ" എന്ന വാക്കുകൾ ഒഴിവാക്കുക.

243. ഖണ്ഡം 2(iv) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 2(xiv) വകുപ്പിൽ "മറ്റു പദ്ധതികളുടെയും പ്രോജക്റ്റുകളുടെയും" എന്നതിനു പകരം "മറ്റു സർക്കാർ പദ്ധതികളുടെയും സർക്കാർ പ്രോജക്റ്റുകളുടെയും " എന്ന് ചേർക്കുക.

245. ഖണ്ഡം 2(iv)-ൽ "മറ്റു പദ്ധതികളുടെയും പ്രോജക്റ്റുകളുടെയും" എന്നീ വാക്കുകൾക്ക് പകരം "മറ്റു സർക്കാർ പ്രോജക്റ്റുകളുടെയും പദ്ധതികളുടെയും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

232. ഖണ്ഡം 2 (iv) -ൽ " അല്ലെങ്കിൽ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മറ്റു പദ്ധതികളുടെയും പ്രോജക്റ്റുകളുടെയും" എന്നതിനു പകരം " അല്ലെങ്കിൽ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പാരിസ്ഥിതിക അനുമതി ലഭിച്ച മറ്റു പദ്ധതികളുടെയും പ്രോജക്റ്റുകളുടെയും " എന്നു ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

234. ഖണ്ഡം 2 (iv) പ്രകാരം പ്രധാന ആക്ടിലെ വകുപ്പ് 2(xiv)-ൽ ചേർക്കാനുദ്ദേശിക്കുന്ന " കാലാകാലങ്ങളിൽ "എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. വി. ഡി. സതീശനുവേണ്ടി ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

251. ഖണ്ഡം 2(v)പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (xvii എ) നീക്കംചെയ്യുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

258. ഖണ്ഡം 2 (v) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvii എ)-ൽ "എന്നാൽ 5-ാം വകുപ്പ്; (4)-ാം ഉപവകുപ്പ് പ്രകാരം നെൽവയലായോ തണ്ണീർത്തടമായോ വിജ്ഞാപനം ചെയ്യപ്പെടാത്തതുമായ ഭൂമിയോ" എന്നതിനു പകരം "2008 നെൽവയൽ തണ്ണീർത്തടം നിയമത്തിലെ 2(xii) എപ്രകാരം നെൽവയൽ/ തണ്ണീർത്തടം എന്ന നിർവ്വചനത്തിൽ വരുന്നതോ എന്നാൽ 2008-ലെ നിയമം പ്രാബല്യത്തിൽ വരുന്നതിനു മുൻപ് അന്ന് പ്രാബല്യത്തിൽ ഉണ്ടായിരുന്ന നിയമത്തിന് വിരുദ്ധമായ രൂപാന്തരപ്പെടുത്തിയിട്ടുള്ള ഭൂമിയോ " എന്നു ചേർക്കുക.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

278. ഖണ്ഡം 2 (v) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(xvii എ) താഴെ പറയും പ്രകാരം ചെയ്യുക :

" 2(xvii എ) വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയെന്നാൽ വിജ്ഞാപനം ചെയ്ത ഏതെങ്കിലും ഡാറ്റാ ബാങ്കിലോ കരട് ഡാറ്റാ ബാങ്കിലോ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്ററിന്റേയോ പ്രാദേശികതല നിരീക്ഷണ സമിതിയുടെയോ റിപ്പോർട്ടിലോ 2008-ലെ നിയമപ്രകാരം വയലായോ തണ്ണീർത്തടമായോ സംരക്ഷിക്കേണ്ട ഭൂമികളൊഴികെയുള്ള റവന്യൂ രേഖകളിൽ നിലമായി രേഖപ്പെട്ടതോ 5.4.4 പ്രകാരമുള്ള റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതോ ആയ ഭൂമികൾ എന്നർത്ഥമാകുന്നു.”

ശ്രീ. കെ. എസ്. ശബരീനാഥൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

300. ഖണ്ഡം 2(v) പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 2(xvii ബി)-ൽ " മറ്റ് ഏതെങ്കിലും " എന്ന വാക്കുകൾക്ക് ശേഷം " താൽക്കാലിക " എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ഞാൻ അവതരിപ്പിച്ച വാക്കാൽ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ 151-ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, എന്റെ 272-ാം നമ്പർ ഭേദഗതിയും ശ്രീ. ജി. എസ്. ജയലാലിന്റെ 245-ാം നമ്പർ ഭേദഗതിയും പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു. (.......ബഹളം....)

ശ്രീ. കെ. സി. ജോസഫ്: സർ, മൂവ് ചെയ്ത അമെന്റ്മെന്റ് ഹൗസിന്റെ പ്രോപ്പർട്ടിയാണ്. (.......ബഹളം....)

മി. സ്പീക്കർ: ശ്രീ. ജി. എസ്. ജയലാൽ മൂവ് ചെയ്തതില്ലേ?

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ മൂവ് ചെയ്തില്ല.

ശ്രീ. അടൂർ പ്രകാശ്: സർ, അദ്ദേഹം മൂവ് ചെയ്തതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, മൂവ് ചെയ്ത അമെന്റ്മെന്റ് ഹൗസിന്റെ പ്രോപ്പർട്ടിയാണ്. അതിന് പോൾ ചോദിക്കാൻ എനിക്ക് അവകാശമുണ്ട്.

മി. സ്പീക്കർ: ഞാൻ വിളിച്ചപ്പോൾ ശ്രീ. ജി. എസ്. ജയലാൽ മൂവ് ചെയ്യുന്നില്ലെന്ന് പറഞ്ഞോ?

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ മൂവ് ചെയ്തില്ല. (....ബഹളം....)

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് ഇങ്ങനെ ചെയ്യരുത്. ആരും മൂവ് ചെയ്യുന്നില്ലെന്ന് പറഞ്ഞില്ല. എല്ലാവരും തല കുലുക്കുകയാണ് ചെയ്തത്.

മി. സ്പീക്കർ: ശ്രീ. ജി. എസ്. ജയലാൽ മൂവ് ചെയ്യുന്നില്ലെന്ന് പറഞ്ഞത് എന്റെ ശ്രദ്ധയിൽപ്പെട്ടില്ല. (.......ബഹളം.....)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ 151-ാം നമ്പർ ഭേദഗതിയും ശ്രീ. ജി. എസ്. ജയലാലിന്റെ 245-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. സി. ജോസഫിന്റെ 272-ാം നമ്പർ ഭേദഗതിയും അംഗീകരിക്കണമെന്ന പ്രശ്നത്തെ,

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി) :

അനുകൂലിക്കുന്നവർ:

1. ശ്രീ. പി. കെ. അബ്ദു റബ്ബ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. അടൂർ പ്രകാശ്
4. ശ്രീ. അനിൽ അക്കര
5. ശ്രീ. അൻവർ സാദത്ത്
6. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
7. ശ്രീ. വി. ടി. ബൽറാം
8. ശ്രീ. പി. കെ. ബഷീർ
9. ശ്രീ. ടി. വി. ഇബ്രാഹിം
10. ഡോ. എൻ. ജയരാജ്

11. ശ്രീ. കെ. സി. ജോസഫ്
12. ശ്രീ. കെ. എൻ. എ. ഖാദർ
13. ശ്രീ. സി. മമ്മൂട്ടി
14. ഡോ. എം. കെ. മുനീർ
15. ശ്രീ. കെ. മുരളീധരൻ
16. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
17. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
18. ശ്രീ. രമേശ് ചെന്നിത്തല
19. ശ്രീ. കെ. എസ്. ശബരീനാഥൻ
20. ശ്രീ. വി. പി. സജീന്ദ്രൻ
21. ശ്രീ. എൻ. ഷംസുദ്ദീൻ
22. ശ്രീ. കെ. എം. ഷാജി
23. ശ്രീ. സണ്ണി ജോസഫ്
24. ശ്രീ. പി. ടി. തോമസ്
25. ശ്രീ. പി. ഉബൈദുള്ള
26. ശ്രീ. എം. ഉമ്മർ.

പ്രതികൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. ആന്റണി ജോൺ
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീ. എ. കെ. ബാലൻ

8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. സി. ദിവാകരൻ
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. സി. കെ. ഹരീന്ദ്രൻ
17. ഡോ. കെ. ടി. ജലീൽ
18. ശ്രീ. ജെയിംസ് മാത്യു
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. വി. കെ. സി. മമ്മത് കോയ
28. ശ്രീ. മാത്യു ടി. തോമസ്
29. ശ്രീ. എ. സി. മൊയ്തീൻ
30. ശ്രീ. മുഹമ്മദ് മുഹസിൻ പി.
31. ശ്രീ. ഡി. കെ. മുരളി

32. ശ്രീ. മുരളി പെരുനെല്ലി
33. ശ്രീ. എം. നൗഷാദ്
34. ശ്രീ. യു. ആർ. പ്രദീപ്
35. ശ്രീ. എ. പ്രദീപ്കുമാർ
36. ശ്രീ. കെ. ഡി. പ്രസേനൻ
37. ശ്രീമതി യു. പ്രതിഭ ഹരി
38. ശ്രീ. പുരുഷൻ കടലുണ്ടി
39. ശ്രീ. പി. ടി. എ. റഹീം
40. ശ്രീ. എം. രാജഗോപാലൻ
41. ശ്രീ. കെ. രാജൻ
42. ശ്രീ. എസ്. രാജേന്ദ്രൻ
43. ശ്രീ. ആർ. രാജേഷ്
44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. കെ. രാജു
46. ശ്രീ. ആർ. രാമചന്ദ്രൻ
47. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
48. ശ്രീ. മുല്ലക്കര രത്നാകരൻ
49. പ്രൊഫ. സി. രവീന്ദ്രനാഥ്
50. ശ്രീ. സജി ചെറിയാൻ
51. ശ്രീ. എസ്. ശർമ്മ
52. ശ്രീ. എ. കെ. ശശീന്ദ്രൻ
53. ശ്രീ. സി. കെ. ശശീന്ദ്രൻ
54. ശ്രീ. വി. ശശി
55. ശ്രീ. എ. എൻ. ഷംസീർ

56. ശ്രീ. വി. ആർ. സുനിൽ കുമാർ

57. ശ്രീ. വി. എസ്. സുനിൽ കുമാർ

58. ശ്രീ. കെ. സുരേഷ് കുറുപ്പ്

59. ശ്രീ. എം. സ്വരാജ്

60. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

61. ശ്രീ. പി. തിലോത്തമൻ

62. ശ്രീ. പി. ഉണ്ണി

63. ശ്രീ. കെ. വി. വിജയദാസ്

64. ശ്രീ. പിണറായി വിജയൻ

65. ശ്രീ. എൻ. വിജയൻ പിള്ള.

മി. സ്പീക്കർ: പോളിംഗ് സമയത്ത് അനാവശ്യമായ കമന്റുകൾ നടത്താൻ പാടില്ല. ഇക്കാര്യം രണ്ടോ മൂന്നോ പ്രാവശ്യം ചെയർ ഇവിടെ ഓർമ്മപ്പെടുത്തിയതാണ്. പോളിംഗ് സമയത്ത് കമന്റുകൾ പാടില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയണ്ടേ?

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 26 |
| പ്രതികൂലിക്കുന്നവർ | - | 65 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല. |

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ 151-ാം നമ്പർ ഭേദഗതിയും ശ്രീ. ജി. എസ്. ജയലാലിന്റെ 245-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. സി. ജോസഫിന്റെ 272-ാം നമ്പർ ഭേദഗതിയും സഭ നിരാകരിച്ചു.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 142, 186, 188, 194, 268, 296, 303 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 143, 165, 249, 260 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 144, 145, 147, 199, 225, 235, 254, 286, 295 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 146, 162, 184, 196, 204, 229, 262, 270, 299 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 148, 150, 153, 160, 189, 266, 280, 288, 292 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 149, 178 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 155, 168 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 156, 157, 233, 255, 256, 264, 301 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 163, 187, 190, 205, 267, 271, 279, 281, 291, 293, 294 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 164, 181, 202, 238, 269, 284 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 169, 203, 236, 287 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 172, 253 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 173, 201 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 174 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 175, 210, 230 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 185, 237 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 197-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 208, 277 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. കൃഷ്ണൻകുട്ടി അവതരിപ്പിച്ച 209, 215, 250 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ജി. എസ്. ജയലാൽ അവതരിപ്പിച്ച 216, 243 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 232-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 234-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 251-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 278-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 300-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മൂന്നാം വകുപ്പ്

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

305. ഖണ്ഡം 3 (1)-ൽ "പകരം" എന്ന വാക്കിനു പകരം "ഒപ്പം" എന്ന വാക്ക് ചേർക്കുക.

398. ഖണ്ഡം 3(1) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 5(3) വകുപ്പിൽ ഇനം (i സി) ആയി താഴെപ്പറയുന്നത് ചേർക്കുക :

" (i സി) നെൽവയലിന്റെ ഉടമസ്ഥന് സ്വന്തമായി വേറെ വീടോ വീടുവയ്ക്കാനുള്ള കരഭൂമിയോ ഇല്ലാത്ത പക്ഷം മാത്രം ഇത് പരിഗണിക്കാവുന്നതാണ് മറിച്ച് വിൽക്കുവാൻ അനുവദിക്കാവുന്നതല്ല."

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

306. ഖണ്ഡം 3 (1) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 (3)-ന്റെ ഇനം (i)-ൽ "വ്യവസ്ഥകൾക്ക് വിധേയമായി" എന്നത് "വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചു കൊണ്ട്" എന്നാക്കുക.

369. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i എ)-യുടെ ക്ലിപ്തനിബന്ധനയിൽ "നീരൊഴുക്ക് ഉറപ്പുവരുത്തുവാൻ" എന്നതിനു പകരം "നീരൊഴുക്ക് ഉറപ്പുവരുത്തുവാനും, കാർഷിക യന്ത്രങ്ങൾ, വളം, വിളവ് എന്നിവ കൊണ്ടുപോകുന്നതിനുമുള്ള സൗകര്യങ്ങൾ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

307. ഖണ്ഡം 3 (1) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 (3)-ന്റെ ഇനം (i)-ൽ "നെൽവയലിന്റെ" എന്ന വാക്കിന് പകരം "നെൽവയലിന്റെയോ തണ്ണീർത്തടത്തിന്റെയോ" എന്ന വാക്കുകൾ ചേർക്കുക.

318. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ, ഇനം (i)-ൽ, "നെൽവയൽ" എന്നതിന് പകരം "പ്രസ്തുത ഭൂമി" എന്ന് ചേർക്കുക.

319. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ, ഇനം (i)-ൽ, "രൂപാന്തരപ്പെടുത്തുന്നതിന്" എന്ന വാക്കിനു ശേഷം "അതത് സംഗതി പോലെ" എന്ന വാക്കുകൾ ചേർക്കുക.

327. ഖണ്ഡം 3 (1) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 5 (3) ഇനം (i)-ന്റെ ക്ലിപ്ത നിബന്ധനയിൽ " നെൽവയലിന്റെ "എന്ന വാക്കിന് പകരം "നെൽവയലിന്റെയോ തണ്ണീർത്തടത്തിന്റെയോ " എന്ന വാക്കുകൾ ചേർക്കുക.

343. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i എ)-ൽ "പൊതു ആവശ്യത്തിലേക്കായി നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിനായി" എന്നതിന് പകരം "പൊതു ആവശ്യങ്ങൾക്ക് നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന് അതത് സംഗതി പോലെ" എന്ന് ചേർക്കുക.

344. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i എ)-ൽ "രൂപാന്തരപ്പെടുത്തുന്നതിനായി" എന്ന വാക്കിന് ശേഷം "പ്രസ്തുത ഭൂമിയോട്" എന്ന് ചേർക്കുക.

358. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)ന്റെ ഇനം(i എ)ൽ, "റിപ്പോർട്ട് ചെയ്യുക" എന്നതിന് പകരം "ശിപാർശ നൽകുക" എന്ന് ചേർക്കുക.

362. ഖണ്ഡം 3(1)പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i എ)-യുടെ ക്ലിപ്തനിബന്ധനയിൽ "രൂപാന്തരപ്പെടുത്തൽ" എന്ന വാക്കിന് ശേഷം "പ്രസ്തുത ഭൂമിയോട് " എന്ന് ചേർക്കുക.

373. ഖണ്ഡം 3(1)പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)(i എ)യുടെ ക്ലിപ്തനിബന്ധനയിൽ "ആവശ്യമായി വരുന്നിടത്തെല്ലാം"എന്നതിന് ശേഷം"അപേക്ഷകൻ" എന്ന് ചേർക്കുക.

375. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം(i എ)യുടെ ക്ലിപ്തനിബന്ധനയിൽ "ജലസംരക്ഷണ നടപടികളും,"എന്നതിനുശേഷം "അപേക്ഷകൻ " എന്ന വാക്ക് ഒഴിവാക്കുക.

379. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i എ)-യുടെ ക്ലിപ്തനിബന്ധനയിൽ "പ്രസ്തുത റിപ്പോർട്ടിൽ" എന്നതിനു പകരം "പ്രസ്തുത ശിപാർശയിൽ" എന്ന് ചേർക്കുക.

385. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3) ന്റെ ഇനം (i ബി)-ൽ "യോഗ്യത നേടിയ സർവ്വേയറോ വില്ലേജ് ഓഫീസറോ" എന്ന വാക്കുകൾക്ക് പകരം "കേരള സർക്കാർ അംഗീകാരമുള്ള യോഗ്യത നേടിയ സർവ്വേയറോ അതത് വില്ലേജ് ഓഫീസറോ" എന്നീ വാക്കുകൾ ചേർക്കുക.

391. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i ബി)ൽ "സൂചിപ്പിച്ചുകൊണ്ടുള്ള രൂപാന്തര പ്പെടുത്താനുദ്ദേശിക്കുന്ന ഭൂമിയുടെ സ്കെച്ച് സഹിതം" എന്ന വാക്കുകൾക്ക് പകരം "സൂചിപ്പിച്ചുകൊണ്ടും വീട് വയ്ക്കുന്നതിനായി രൂപാന്തരപ്പെടു ത്താനുദ്ദേശിക്കുന്ന ഭൂമിയുടെ സ്കെച്ചും സഹിതം" എന്ന വാക്കുകൾ ചേർക്കുക.

418. ഖണ്ഡം 3(2)(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(4)(i)-ന്റെ ക്ലിപ്തനിബന്ധനയിൽ "നിലമായോ " എന്നതിന് പകരം " നെൽവയലായോ " എന്ന് ചേർക്കുക.

422. ഖണ്ഡം 3(2)(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(4)(i)-ന്റെ ക്ലിപ്തനിബന്ധനയിൽ, "കാണുന്നപക്ഷം" എന്നതിന് പകരം "കണ്ടെത്തുന്നപക്ഷം" എന്ന് ചേർക്കുക.

431. ഖണ്ഡം 3(2)(i) പ്രകാരം പ്രധാന ആക്റ്റിൻ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(4) ഇനം (i)-ന്റെ ക്ലിപ്തനിബന്ധനയിൽ " കരുതപ്പെടുന്നതുമാണ്" എന്നതിന് പകരം "കരുതപ്പെടേണ്ടതുമാണ്" എന്ന് ചേർക്കുക.

385-ാം ഭേദഗതിയിൽ "യോഗ്യത നേടിയ സർവ്വേയറോ വില്ലേജ് ഓഫീസറോ" എന്ന വാക്കുകൾക്ക് പകരം "കേരള സർക്കാർ അംഗീകാരമുള്ള യോഗ്യത നേടിയ സർവ്വേയറോ അതത് വില്ലേജ് ഓഫീസറോ" എന്നീ വാക്കുകൾ ചേർക്കുക എന്നുള്ളതാണ് എന്റെ ഭേദഗതി.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

308. ഖണ്ഡം 3 (1) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 (3)-ന്റെ ഇനം (i)-ൽ "നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിനു വേണ്ടി" എന്നതിന് പകരം "നെൽവയലിന്റെ ഉടമസ്ഥന് ഗാർഹിക ആവശ്യത്തിനു വേണ്ടി" എന്ന് മാറ്റുക.

347. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i എ)-ൽ "ഒരു മാസത്തിനകം" എന്നതിനു പകരം " പതിനഞ്ച് ദിവസങ്ങൾക്കകം" എന്ന് മാറ്റുക.

386. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i ബി)യിൽ "യോഗ്യത നേടിയ സർവ്വേയറോ വില്ലേജ് ഓഫീസറോ" എന്നതിനു പകരം "യോഗ്യത നേടിയ ഉദ്യോഗസ്ഥർ" എന്ന് മാറ്റുക.

ശ്രീ. പി. കെ. ബഷീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

309. ഖണ്ഡം 3 (1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 (3) ഇനം (i)-ൽ " നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിന് വേണ്ടി " എന്നതിനു ശേഷം "കേരളത്തിൽ എവിടെയും അപേക്ഷകനോ, ഭാര്യക്കോ/ഭർത്താവിനോ അല്ലെങ്കിൽ മക്കൾക്കോ വസ്തുവില്ലെന്ന് ഉറപ്പുവരുത്തിയതിനുശേഷം പഞ്ചായത്തിൽ 5 സെന്റ് വിസ്തൃതിയിലും, മുൻസിപ്പൽ/കോർപ്പറേഷൻ പരിധിയിൽ 3 സെന്റ് വിസ്തൃതിയിലും " എന്ന് ചേർക്കുക.

342. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i എ)-ൽ "ആവശ്യത്തിലേക്കായി" എന്നതിനുശേഷമുള്ള " ' " എന്ന ചിഹ്നം ഒഴിവാക്കുക.

364. ഖണ്ഡം 3(1)പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i എ)-യുടെ ക്ലിപ്തനിബന്ധനയിൽ "നെൽവയലുകൾ" എന്നത് "നെൽവയലുകളിലേക്ക്" എന്ന് മാറ്റുക.

367. ഖണ്ഡം 3(1) പ്രകാരം പ്രധാനം ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i എ)-യുടെ ക്ലിപ്ത നിബന്ധനയിൽ "ഏതെങ്കിലും ഉണ്ടെങ്കിൽ,അതിലേക്കുള്ള" എന്നീ വാക്കുകളും ചിഹ്നങ്ങളും ഒഴിവാക്കുക.

380. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i ബി)-ൽ "യോഗ്യത നേടിയ" എന്ന വാക്ക് ഒഴിവാക്കുക.

427. ഖണ്ഡം 3(2) (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(4) (i) -ന്റെ ക്ലിപ്തനിബന്ധനയിൽ "ഡാറ്റാബാങ്കിൽ നിന്നും" എന്നതിനുശേഷം "പഞ്ചായത്തിൽ അഞ്ച് സെന്റും, മുൻസിപ്പൽ/ കോർപ്പറേഷൻ പ്രദേശത്ത് മൂന്ന് സെന്റും കേരളത്തിൽ വേറൊരിടത്തും അപേക്ഷകനോ, ഭാര്യക്കോ, മക്കൾക്കോ ഗൃഹനിർമ്മാണത്തിന് ഇതല്ലാതെ വസ്തുവില്ലെന്ന് പ്രാഥമിക അന്വേഷണത്തിൽ ബോധ്യമായാൽ" എന്ന് ചേർക്കുക.

434. ഖണ്ഡം 3(2)(ii) ഒഴിവാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

310. ഖണ്ഡം 3 (1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 (3)-ന്റെ ഇനം (i)-ൽ "ഉടമസ്ഥന്" എന്ന വാക്കിനു ശേഷം "സ്വന്തം പേരിൽ വീട് ഇല്ലാത്ത സംഗതിയിൽ" എന്ന വാക്കുകൾ ചേർക്കുക.

365. ഖണ്ഡം 3(1)പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i എ)-യുടെ ക്ലിപ്തനിബന്ധനയിൽ "നെൽ വയലുകൾ" എന്നതിനുശേഷം "തണ്ണീർത്തടങ്ങൾ" എന്ന് ചേർക്കുക.

370. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i എ)-യുടെ ക്ലിപ്തനിബന്ധനയിൽ "നീരൊഴുക്ക് ഉറപ്പുവരുത്തുവാൻ" എന്നതിനു പകരം "നീരൊഴുക്കിന് തടസ്സം സൃഷ്ടിക്കാതിരിക്കുന്നതിന് " എന്നീ വാക്കുകൾ ചേർക്കുക.

377. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)ന്റെ ഇനം (i എ)-യുടെ ക്ലിപ്തനിബന്ധനയിൽ "പ്രദേശവും" എന്ന വാക്കിനുശേഷം "സമയപരിധിയും" എന്ന് ചേർക്കുക.

384. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3) ന്റെ ഇനം (i ബി)യിൽ "യോഗ്യത നേടിയ സർവ്വേയറോ വില്ലേജ് ഓഫീസറോ" എന്നതിനു പകരം "വില്ലേജ് ഓഫീസർ" എന്ന് ചേർക്കുക.

402. ഖണ്ഡം 3 (2) (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(4)(i)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഡാറ്റാബാങ്കിലെ" എന്ന വാക്കിനു പകരം "ഡേറ്റാ ബാങ്കിലെ"എന്നു ചേർക്കുക.

404. ഖണ്ഡം 3 (2) (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(4)(i)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഉള്ളടക്കങ്ങൾ പ്രകാരം സങ്കടമനുഭവിക്കുന്ന" എന്ന വാക്കുകൾക്ക് പകരം "ഉള്ളടക്കങ്ങളെ സംബന്ധിച്ച് പരാതിയുള്ള"എന്നു ചേർക്കുക.

407. ഖണ്ഡം 3 (2) (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(4)(i)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഓഫീസർക്ക്" എന്നതിന് പകരം "ആഫീസർക്ക്"എന്ന് ചേർക്കുക.

411. ഖണ്ഡം 3(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(4)(i)-ന്റെ ക്ലിപ്ത നിബന്ധനയിൽ " ഓഫീസർ " എന്ന് വരുന്നിടത്തെല്ലാം " ആഫീസർ" എന്ന് ചേർക്കുക.

417. ഖണ്ഡം 3(2)(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(4)(i)-ന്റെ ക്ലിപ്തനിബന്ധനയിൽ " പ്രസ്തുത ഡാറ്റാബാങ്കിൽ " എന്നീ വാക്കുകൾക്ക് പകരം " പ്രസ്തുത ഡേറ്റാ ബാങ്കിൽ" എന്ന് ചേർക്കുക.

426. ഖണ്ഡം 3(2) (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(4) (i) -ന്റെ ക്ലിപ്തനിബന്ധനയിൽ "ഡാറ്റാബാങ്കിൽ നിന്നും" എന്ന വാക്കിനു പകരം "ഡേറ്റാ ബാങ്കിൽനിന്നും " എന്ന് ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

311. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i)-ൽ, "ഉടമസ്ഥന്" എന്നതിനു ശേഷം "കരഭൂമി ഇല്ലാത്ത പക്ഷം" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

312. ഖണ്ഡം 3 (1) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 (3)-ന്റെ ഇനം (i)-ൽ "ഉടമസ്ഥന് വീട് വയ്ക്കുന്നതിനു വേണ്ടി" എന്ന വാക്കുകൾക്ക് പകരം "ഉടമസ്ഥന് വീട് നിർമ്മിക്കുന്നതിനു വേണ്ടി" എന്ന വാക്കുകൾ ചേർക്കുക.

316. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i)-ൽ, "വീട് വയ്ക്കുന്നതിനുവേണ്ടി" എന്ന വാക്കിന് പകരം " വീട് നിർമ്മിക്കുന്നതിനായി" എന്ന വാക്ക് ചേർക്കുക.

331. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3) ഇനം (i) -ന്റെ ക്ലിപ്തനിബന്ധനയിൽ " 4.04 ആർ" എന്നത് "6 സെന്റ്" എന്നാക്കി മാറ്റുക.

333. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3) ഇനം (i)-ന്റെ ക്ലിപ്തനിബന്ധനയിൽ " 2.02 ആർ" എന്ന അക്കങ്ങൾക്കും വാക്കിനും ചിഹ്നത്തിനും പകരം "4 സെന്റ്" എന്ന അക്കവും വാക്കും ചേർക്കുക.

346. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i എ)-ൽ "ഒരു മാസത്തിനകം" എന്ന വാക്കുകൾക്കുപകരം " പതിനഞ്ച് ദിവസങ്ങൾക്കകം" എന്ന വാക്കുകൾ ചേർക്കുക.

363. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i എ)-യുടെ ക്ലിപ്തനിബന്ധനയിൽ "ചേർന്നുകിടക്കുന്ന നെൽവയലുകൾ " എന്ന വാക്കുകൾക്ക് പകരം "ചേർന്നു കിടക്കുന്ന നെൽവയലുകളോ, തണ്ണീർത്തടങ്ങളോ" എന്ന വാക്കുകൾ ചേർക്കുക.

415. ഖണ്ഡം 3(2)(i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(4) ഇനം (i)-ന്റെ ക്ലിപ്ത നിബന്ധനയിൽ " അപ്രകാരമുള്ള തീരുമാനത്തിൽ പ്രസ്തുത ഡാറ്റാബാങ്കിൽ നിലമായോ തണ്ണീർത്തടമായോ ഉൾപ്പെടുത്തിയിട്ടുള്ള ഒരു ഭൂമി അപ്രകാരമുള്ള ഭൂമിയല്ല എന്ന് റവന്യൂ ഡിവിഷണൽ ഓഫീസർ കാണുന്നപക്ഷം, ആയത് ഡാറ്റാബാങ്കിൽ നിന്നും നീക്കം ചെയ്യതായി കരുതപ്പെടുന്നതുമാണ്" എന്നതിന് പകരം "നെൽവയലോ നിർമ്മാണമോ അല്ല എന്നു കാണുന്ന പക്ഷം ആയത് ഡാറ്റാ ബാങ്കിൽ നിന്നും നീക്കം ചെയ്യേണ്ടതാണ് " എന്നു ചേർക്കുക.

331-ൽ " 4.04 ആർ" എന്നത് "6 സെന്റ്" എന്നാക്കി മാറ്റുക. അതുപോലെ 333-ാം നമ്പർ ഭേദഗതിയിൽ " 2.02 ആർ" എന്ന അക്കങ്ങൾക്കും വാക്കിനും ചിഹ്നത്തിനും പകരം "4 സെന്റ്" എന്നാക്കുക എന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

313. ഖണ്ഡം 3 (1) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 (3)-ന്റെ ഇനം (i)-ൽ " ഉടമസ്ഥന് വീട് വയ്ക്കുന്നതിനു വേണ്ടി" എന്നതിനു പകരം "ഉടമസ്ഥന് വീട് വയ്ക്കുന്നതിനു വേണ്ടിയും അതിലേക്കുള്ള വഴി നിർമ്മിക്കുന്നതിന് വേണ്ടിയും" എന്ന് ചേർക്കുക.

ശ്രീ. വി. ടി. ബൽറാം : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

314. ഖണ്ഡം 3 (1) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 (3)-ന്റെ ഇനം (i)-ൽ " ഉടമസ്ഥന് വീട് വയ്ക്കുന്നതിനു വേണ്ടി, നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന്" എന്നതിനു പകരം "ഉടമസ്ഥന് വീട് വയ്ക്കുന്നതിനു വേണ്ടിയോ, പൊതു ആവശ്യങ്ങൾക്ക് വേണ്ടിയോ നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന്" എന്ന് ചേർക്കുക.

350. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i എ)-ൽ "ഒരു മാസത്തിനകം" എന്ന വാക്കുകൾക്കു പകരം " പതിനെട്ട് പ്രവൃത്തി ദിവസങ്ങൾക്കകം" എന്ന വാക്കുകൾ ചേർക്കുക.

353. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)ന്റെ ഇനം(i എ)ൽ, "ഒരു മാസത്തിനകം" എന്നത് "പരമാവധി നാൽപ്പത്തിയഞ്ച് പ്രവൃത്തി ദിവസങ്ങൾക്കകം" എന്ന് മാറ്റുക.

424. ഖണ്ഡം 3(2) (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(4) (i)-ന്റെ ക്ലിപ്തനിബന്ധനയിൽ "ആയത് ഡാറ്റാ ബാങ്കിൽ നിന്നും നീക്കം ചെയ്തതായി കരുതപ്പെടുന്നതുമാണ് " എന്ന വാക്കുകൾക്ക് പകരം "ആയത് മേൽ നടപടികൾക്കായി സമിതിക്ക് റിപ്പോർട്ട് ചെയ്യാവുന്നതുമാണ് " എന്ന വാക്കുകൾ ചേർക്കുക.

424-ൽ ഡാറ്റാ ബാങ്കിൽനിന്നും നീക്കം ചെയ്യാൻ വേണ്ടിയുള്ള പൂർണ്ണ അവകാശം ആർ.ഡി.ഒ.-യ്ക്ക് നൽകുകയാണ്. "ആയത് ഡാറ്റാ ബാങ്കിൽ നിന്നും നീക്കം ചെയ്തതായി കരുതപ്പെടുന്നതുമാണ് " എന്ന വാക്കുകൾക്ക് പകരം "ആയത് മേൽ നടപടികൾക്കായി സമിതിക്ക് റിപ്പോർട്ട് ചെയ്യാവുന്നതുമാണ് " എന്ന ഭേദഗതി നൽകിയില്ലെങ്കിൽ ആർ.ഡി.ഒ. തലത്തിൽ വലിയ അഴിമതികൾ നടക്കും.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

317. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i)-ൽ, "വീട് വയ്ക്കുന്നതിനുവേണ്ടി" എന്ന വാക്കുകൾക്കുശേഷം "സ്വന്തമായി മറ്റു കരഭൂമി ഇല്ലാത്ത പക്ഷം" എന്ന വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

320. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ, ഇനം (i)-ൽ, "രൂപാന്തരപ്പെടുത്തുന്നതിന്" എന്ന വാക്കിനുശേഷം "അപേക്ഷ ലഭിച്ച തീയതി മുതൽ ഒരു മാസത്തിനകം" എന്നു ചേർക്കുക.

366. ഖണ്ഡം 3(1)പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i എ)-യുടെ ക്ലിപ്തനിബന്ധനയിൽ "ചേർന്നു കിടക്കുന്ന നെൽവയലുകൾ, ഏതെങ്കിലും ഉണ്ടെങ്കിൽ," എന്ന ഭാഗം ഒഴിവാക്കുക.

390. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i ബി)-ൽ "സൂചിപ്പിച്ചുകൊണ്ടുള്ള" എന്ന വാക്കിനു പകരം "രേഖപ്പെടുത്തിയിട്ടുള്ള" എന്ന വാക്ക് ചേർക്കുക.

392. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i ബി)ൽ "സ്കെച്ച്" എന്ന വാക്കിനു പകരം " സ്കെച്ചും" എന്ന വാക്കും ചേർക്കുക.

399. ഖണ്ഡം 3 ഉപഖണ്ഡം (2)നീക്കംചെയ്യുക.

320-ൽ സമയം "അപേക്ഷ ലഭിച്ച തീയതി മുതൽ ഒരു മാസത്തിനകം" എന്നു ടൈം ലിമിറ്റ് കൂടി ചേർക്കണം.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

322. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ, ഇനം (i)-ൽ, "ശിപാർശ" എന്ന വാക്ക് വരുന്നിടത്തെല്ലാം പകരം "ശുപാർശ" എന്ന വാക്ക് ചേർക്കുക.

336. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ലെ ഇനം (i)-ന്റെ ക്ലിപ്തനിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക: " എന്നാൽ, നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിനുവേണ്ടി അതതു സംഗതി പോലെ, പഞ്ചായത്തിൽ 4.04 ആർ വിസ്തൃതിയിൽ കൂടുതലും മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് 2.02 ആർ വിസ്തൃതിയിൽ കൂടുതലും നെൽവയൽ നികത്തുന്നതിന് സമിതി ശിപാർശ ചെയ്യുവാൻ പാടുള്ളതല്ല" .

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

324. ഖണ്ഡം 3 (1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 (3)-ലെ ഇനം (i)-ന്റെ ക്ലിപ്തനിബന്ധന ഒഴിവാക്കുക.

351. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3) ഇനം(i എ)-ൽ, "ഒരു മാസത്തിനകം" എന്ന വാക്കുകൾക്ക് പകരം "മുപ്പത് പ്രവൃത്തി ദിവസങ്ങൾക്കകം" എന്ന വാക്കുകൾ ചേർക്കുക.

423. ഖണ്ഡം 3(2)(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(4)(i)-ന്റെ ക്ലിപ്തനിബന്ധനയിൽ, "കാണുന്നപക്ഷം " എന്ന വാക്കിനു പകരം "സാക്ഷ്യപ്പെടുത്തുന്നപക്ഷം" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

330. ഖണ്ഡം 3 (1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5 (3) ഇനം (i) -ന്റെ ക്ലിപ്തനിബന്ധനയിൽ " 4.04 " എന്നീ അക്കങ്ങൾക്കും ചിഹ്നത്തിനും പകരം " 4.05 " എന്നീ അക്കങ്ങളും ചിഹ്നവും ചേർക്കുക.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

334. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3) ഇനം (i)-ന്റെ ക്ലിപ്തനിബന്ധനയിൽ " ശിപാർശ ചെയ്യുവാൻ" എന്നതിനുപകരം "യാതൊരു കാരണവശാലും ശിപാർശ ചെയ്യുവാൻ" പാടുള്ളതല്ല എന്നാക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

335. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3) ഇനം (i)-ന്റെ ക്ലിപ്തനിബന്ധനയിൽ " ശിപാർശ ചെയ്യുവാൻ പാടുള്ളതല്ല" എന്ന വാക്കുകൾക്ക് പകരം "ശിപാർശ ചെയ്യുമ്പോൾ അപേക്ഷകന് സംസ്ഥാനത്ത് ഒരിടത്തും സ്വന്തമായി വീടില്ലായെന്ന് ഉറപ്പുവരുത്താതെ ശിപാർശ ചെയ്യാൻ പാടുള്ളതല്ല" എന്ന് ചേർക്കുക.

393. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i ബി)-ൽ "സ്കെച്ച് സഹിതം" എന്ന വാക്കുകൾക്ക് ശേഷം "ബന്ധപ്പെട്ട അപേക്ഷകൻ" എന്ന വാക്കുകൾ ചേർക്കുക.

396. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i ബി)-യ്ക്ക് ശേഷം (i സി) ആയി താഴെപറയും പ്രകാരം ചേർക്കുക.

" (i സി) അപ്രകാരം അനുവാദം ലഭിക്കുന്ന ഭൂമി അനുമതി ലഭിച്ച് പന്ത്രണ്ട് വർഷക്കാലത്തേക്ക് പിൻതുടർച്ചാവകാശപ്രകാരമല്ലാതെ കൈമാറ്റം ചെയ്യാനോ ക്രയവിക്രയം ചെയ്യാനോ പാടില്ല"

432. ഖണ്ഡം 3(2) (i) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 5(4)(i) -ൽ " കരുതപ്പെടുന്നതുമാണ്" എന്ന വാക്കിന് ശേഷം "പ്രസ്തുത ഒഴിവാക്കൽ ഡാറ്റാബാങ്കിൽ 90 ദിവസത്തിനകം പ്രദർശിപ്പിക്കേണ്ടതുമാണ് " എന്ന വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

337. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3) ഇനം (i)-ന്റെ ക്ലിപ്തനിബന്ധനക്കുശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

" എന്നാൽ ഒരു പ്രാവശ്യം വീട് വയ്ക്കുന്നതിനുവേണ്ടി സമിതി ശിപാർശ നൽകിയ നെൽവയലിന്റെ ഉടമസ്ഥന് വീണ്ടും നെൽവയൽ രൂപാന്തരപ്പെടുത്തി വീട് നിർമ്മിക്കുന്നതിന് യാതൊരു കാരണവശാലും ശിപാർശ നൽകുവാൻ പാടുള്ളതല്ല" .

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

338. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3) ഇനം (i)-ന്റെ ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

" എന്നാൽ ഒരു പ്രാവശ്യം വീട് വയ്ക്കുന്നതിനു സമിതി ശിപാർശ നൽകിയ നെൽവയലിന്റെ ഉടമസ്ഥനോ കുടുംബാംഗങ്ങൾക്കോ വീണ്ടും നെൽവയൽ രൂപാന്തരപ്പെടുത്തി വീട് നിർമ്മിക്കുന്നതിന് സമിതി യാതൊരു കാരണവശാലും ശിപാർശ നൽകുവാൻ പാടുള്ളതല്ല".

354. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം(i എ)-ൽ, "സംസ്ഥാനതല സമിതിക്ക് റിപ്പോർട്ട് ചെയ്യുക" എന്നതിനുപകരം "ജില്ലാതല അധികൃത സമിതി സംസ്ഥാന സമിതിക്ക് റിപ്പോർട്ട് ചെയ്യുക" എന്ന് ചേർക്കുക.

425. ഖണ്ഡം 3(2) (i) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(4) (i)-ന്റെ ക്ലിപ്തനിബന്ധനയിൽ "ആയത് ഡാറ്റാബാങ്കിൽ നിന്നും നീക്കം ചെയ്തതായി കരുതപ്പെടുന്നതുമാണ്" എന്ന വാക്കുകൾക്ക് പകരം "ആയത് ഡാറ്റാ ബാങ്കിൽ നിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ സമിതിക്ക് റിപ്പോർട്ട് ചെയ്യാവുന്നതുമാണ് " എന്ന വാക്കുകൾ ചേർക്കുക.

338-ൽ ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3) - അതിനൊരു ക്ലിപ്തനിബന്ധനയില്ലെങ്കിൽ വലിയ അപകടമുണ്ടാകും. " എന്നാൽ ഒരു പ്രാവശ്യം വീട് വയ്ക്കുന്നതിന് സമിതി ശിപാർശ നൽകിയ നെൽവയലിന്റെ ഉടമസ്ഥനോ കുടുംബാംഗങ്ങൾക്കോ വീണ്ടും നെൽവയൽ രൂപാന്തരപ്പെടുത്തി വീട് നിർമ്മിക്കുന്നതിന് സമിതി യാതൊരു കാരണവശാലും ശിപാർശ നൽകുവാൻ പാടുള്ളതല്ല". എന്നതാണ് എന്റെ ഭേദഗതി.

ശ്രീ. വി. ഡി. സതീശനുവേണ്ടി <u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

339. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3) ഇനം (i)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക:

" എന്നാൽ ഒരു പ്രാവശ്യം വീട് വയ്ക്കുന്നതിന് വേണ്ടി സമിതി ശിപാർശ നൽകിയ നെൽവയലിന്റെ ഉടമസ്ഥനോ, കുടുംബാംഗങ്ങൾക്കോ വീണ്ടും നെൽവയൽ രൂപാന്തരപ്പെടുത്തി വീട് നിർമ്മിക്കുന്നതിന് യാതൊരു കാരണവശാലും ശിപാർശ നൽകുവാൻ പാടുള്ളതല്ല" .

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

340. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i എ)-ൽ "പൊതു ആവശ്യത്തിലേക്കായി" എന്നതിന് മുമ്പ് "സർക്കാരിന്റെ" എന്ന വാക്ക് ചേർക്കുക.

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

349. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i എ)-ൽ "ഒരു മാസത്തിനകം" എന്നതിന് പകരം " ഇരുപതു ദിവസത്തിനകം" എന്ന് ചേർക്കുക.

ശ്രീ. അനിൽ അക്കര: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

371. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i എ)-യുടെ ക്ലിപ്തനിബന്ധനയിൽ "നീരൊഴുക്ക് ഉറപ്പുവരുത്തുവാൻ" എന്നതിനു പകരം "നീരൊഴുക്കും, ആഗമനവും നിർഗ്ഗമനവും തടസ്സപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുവാൻ" എന്ന് മാറ്റുക.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

376. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i എ)-ടെ ക്ലിപ്തനിബന്ധനയിൽ "അപേക്ഷകൻ അപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ട പ്രദേശവും"എന്നതിന് പകരം "അപേക്ഷകൻ സ്വീകരിക്കേണ്ട നടപടികളും " എന്ന് ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

382. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേ ശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i ബി)-ൽ "യോഗ്യത നേടിയ സർവ്വേയറോ" എന്നതിന് പകരം "സർവ്വേ വകുപ്പിലെ സർവ്വേയറോ" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

383. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)-ന്റെ ഇനം (i ബി)-ൽ "യോഗ്യത നേടിയ സർവ്വേയറോ" എന്നത് സർക്കാർ അംഗീകൃത കോഴ്സ് വിജയിച്ച സർവ്വേയറോ " എന്നാക്കുക.

403. ഖണ്ഡം 3 (2) (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(4)(i)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഉള്ളടക്കങ്ങൾ പ്രകാരം" എന്നത് "ഉള്ളടക്കങ്ങൾ സംബന്ധിച്ച്"എന്ന് മാറ്റുക.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

394. ഖണ്ഡം 3(1) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(3)ന്റെ ഇനം (i ബി)ൽ "ഈ ഉപവകുപ്പിന്റെ (i)-ാം ഇനമോ (i എ) ഇനമോ പ്രകാരമുള്ള ശിപാർശയോ റിപ്പോർട്ടോ നൽകുവാൻ പാടുള്ളതല്ല" എന്നതിന് പകരം "അപേക്ഷ പരിഗണിക്കാൻ പാടുള്ളതല്ല" എന്ന് ചേർക്കുക.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

412. ഖണ്ഡം 3(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(4)(i) ഇനത്തിന്റെ ക്ലിപ്തനിബന്ധനയിൽ "അപ്രകാരമുള്ള അപേക്ഷകൾ " എന്ന വാക്കിന് ശേഷം " ബന്ധപ്പെട്ട ജില്ലാതല സമിതിക്ക് അഭിപ്രായം തേടിയ ശേഷം" എന്ന് കൂടി ചേർക്കണം.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

416. ഖണ്ഡം 3(2)(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(4)(i)-ന്റെ ക്ലിപ്തനിബന്ധനയിൽ "പ്രസ്തുത ഡാറ്റാബാങ്കിൽ നിലമായോ തണ്ണീർത്തടമായോ" എന്നതിന് പകരം "പ്രസ്തുത ഡാറ്റാ ബാങ്കിൽ നെൽവയലായോ തണ്ണീർത്തടമായോ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

419. ഖണ്ഡം 3(2)(i) പ്രകാരം പ്രധാന ആക്റ്റിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(4)(i)-ന്റെ ക്ലിപ്തനിബന്ധനയിൽ, "ഒരു ഭൂമി അപ്രകാരമുള്ള ഭൂമിയല്ല എന്ന് " എന്നതിനുപകരം "ഒരു ഭൂമി അപ്രകാരമുള്ള ഭൂമിയല്ല എന്നോ ഉൾപ്പെടുത്താത്ത ഭൂമി ഉൾപ്പെടുത്തേണ്ടതാണോ" എന്ന് ചേർക്കുക.

428. ഖണ്ഡം 3(2) (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(4) (i) -ന്റെ ക്ലിപ്തനിബന്ധനയിൽ "നീക്കം ചെയ്തതായി" എന്നത് "നീക്കം ചെയ്തതായോ ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയതായോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 418-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റുഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 418-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. കൃഷ്ണൻകുട്ടി അവതരിപ്പിച്ച 305, 398 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 306, 369 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 307, 318, 319, 327, 343, 344, 358, 362, 373, 375, 379, 385, 391, 422, 431 നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 308, 347, 386 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 309, 342, 364, 367, 380, 427, 434 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 310, 365, 370, 377, 384, 402, 404, 407, 411, 417, 426 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 312, 316, 331, 333, 346, 363, 415 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 313-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 314, 350, 353, 424 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 317-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 320, 366, 390, 392, 399 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 322, 336 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 324, 351, 423 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 330-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 334-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 335, 393, 396, 432 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 337-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 338, 354, 425 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 339-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 340-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 349-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അനിൽ അക്കര അവതരിപ്പിച്ച 371-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 376-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 382-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 383, 403 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 394-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 412-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 419, 428 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. രാജേഷ് അവതരിപ്പിച്ച 416-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നാലാം വകുപ്പ്

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

437. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിലെ വകുപ്പ് 8 (3)-നു പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 (3)-ൽ " പൊതു ആവശ്യത്തിനായി നിലംനികത്തുന്നതിനോ " എന്നീ വാക്കുകൾക്ക് പകരം " പൊതു ആവശ്യത്തിനായി നെൽവയൽ നികത്തുന്നതിനോ "എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

440. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 (3)-ൽ " നിലം " എന്ന വാക്കിനു പകരം " നെൽവയൽ " എന്ന വാക്ക് ചേർക്കുക.

445. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)-ൽ "ഓരോ റിപ്പോർട്ടും" എന്നീ വാക്കുകൾക്ക് മുമ്പായി "ഓരോ ശിപാർശയും" എന്ന വാക്കുകൾ ചേർക്കുക.

453. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)ൽ "ജലം സുഗമമായി ഒഴുകി പോകുന്നത്" എന്നീ വാക്കുകൾക്കു പകരം "സുഗമമായ നീരൊഴുക്ക്" എന്നീ വാക്കുകൾ ചേർക്കുക.

464. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)-ൽ "സംബന്ധിച്ചുമുള്ള" എന്ന വാക്കിനു പകരം "സംബന്ധിച്ചും സമയപരിധി സംബന്ധിച്ചും" എന്ന വാക്കുകൾ ചേർക്കുക.

485. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ൽ "ഒരു സ്കെച്ച്" എന്നീ വാക്കുകൾക്ക് മുൻപിലായി "നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള " എന്ന വാക്ക് ചേർക്കുക.

486. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക :

" (5) പൊതു ആവശ്യത്തിനായി നികത്തിയ ഏതെങ്കിലും നെൽവയലിന് സർക്കാർ നഷ്ടപരിഹാരം നൽകേണ്ടി വരുന്ന സംഗതികളിൽ നെൽവയലിന് നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരതുക മാത്രമേ നൽകാൻ പാടുള്ളൂ".

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

442. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 (3)-ൽ " നിലംനികത്തുന്നതിനോ " എന്ന വാക്കുകൾക്കു പകരം " നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിനോ " എന്നത് ചേർക്കുക.

448. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിലെ വകുപ്പ് 8(3)നു പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)-ൽ "രൂപാന്തരപ്പെടുത്തുന്നത്" എന്ന വാക്കിന് ശേഷം "പ്രസ്തുത ഭൂമിയോട്" എന്ന വാക്കുകൾ ചേർക്കുക.

484. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(4) "ഭൂമിയുടെ ഒരു സ്കെച്ച്"എന്ന വാക്കിന് പകരം "ഭൂമിയുടെ ഒരു രൂപരേഖ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

443. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)-ൽ "സമിതി സമർപ്പിച്ച" എന്ന വാക്കുകൾക്കു മുമ്പായി "ജില്ലാ അധികൃത" എന്ന വാക്ക് ചേർക്കുക.

477. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ൽ " സ്വീകരിക്കേണ്ട " എന്ന വാക്കിനു പകരം "സ്വീകരിച്ച" എന്ന വാക്ക് ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

444. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)-ൽ "സമിതി സമർപ്പിച്ച " എന്ന വാക്കുകൾക്ക് മുമ്പായി "പ്രാദേശികതല നിരീക്ഷണ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

449. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിലെ വകുപ്പ് 8(3)ന പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)ൽ "കൃഷിയെ" എന്ന വാക്കിനു പകരം "കൃഷിയെയും നീരൊഴുക്കിനെയും" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

450. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)-ൽ "എപ്രകാരം" എന്ന വാക്കിന് പകരം "എങ്ങനെ" എന്ന വാക്ക് ചേർക്കുക.

471. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)-ൽ "മൂന്നു മാസങ്ങൾക്കകം" എന്നതിന് പകരം "ഒരു മാസത്തിനകം"എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

455. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിലെ വകുപ്പ് 8(3)ന പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)-ൽ "ഒഴുകി പോകുന്നത് ഉറപ്പു വരുത്തുന്നതിന്"എന്ന വാക്കുകൾക്ക് പകരം "ഒഴുകി പോകുന്നതും ഗമന നിർഗ്ഗമന മാർഗ്ഗങ്ങളുടെ സംരക്ഷണവും" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

456. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)ൽ "അപേക്ഷകൻ" എന്നതിനു മുമ്പായി "നെൽവയൽ അല്ലാത്ത മറ്റൊരു സ്ഥലം ലഭ്യമാണോ എന്നും നെൽവയൽ നികത്തുന്നത് മൂലം ഉണ്ടാകാവുന്ന പാരിസ്ഥിതിക വ്യതിയാനങ്ങളെ സംബന്ധിച്ചും വിശദമായ പരിശോധന നടത്തേണ്ടതും" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

457. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിലെ വകുപ്പ് 8(3)ന പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)-ൽ " ജലം സുഗമമായി ഒഴുകി പോകുന്നത് ഉറപ്പ് വരുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികളെ

സംബന്ധിച്ചും വിശദമായി പരിശോധിക്കേണ്ടതും "എന്ന വാക്കുകൾക്ക് ശേഷം "നെൽവയൽ അല്ലാത്ത മറ്റൊരു സ്ഥലം ആ പ്രദേശത്ത് ലഭ്യമാണോ എന്നും, നെൽവയൽ നികത്തുന്നതുമൂലം ഉണ്ടാകാവുന്ന പാരിസ്ഥിതിക വ്യതിയാനങ്ങളെ സംബന്ധിച്ചും വിശദമായ പരിശോധന നടത്തേണ്ടതും" എന്ന വാക്കുകൾ ചേർക്കുക.

476. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ൽ " ജലസംരക്ഷണ നടപടികൾ " എന്ന വാക്കുകൾക്ക് പകരം "ജലസംരക്ഷണ ഗമന നിർഗ്ഗമന സംരക്ഷണ നടപടികൾ" എന്ന വാക്കുകൾ ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

465. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)-ൽ "ശിപാർശ" എന്ന വാക്കിനു പകരം "ശുപാർശ"എന്ന വാക്ക് ചേർക്കുക.

470. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)-ൽ "മൂന്നു" എന്ന വാക്കിന് പകരം "രണ്ടു"എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

466. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിലെ വകുപ്പ് 8(3)നു പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)-ൽ "സഹിതം ഒരു റിപ്പോർട്ട്" എന്നതിനു പകരം "സഹിതമുള്ള റിപ്പോർട്ട്" എന്ന് ചേർക്കുക.

481. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ൽ "സൂചിപ്പിക്കേണ്ടതും" എന്ന വാക്കിനു പകരം "രേഖപ്പെടു ത്തേണ്ടതും" എന്ന വാക്ക് ചേർക്കുക.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

467. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിലെ വകുപ്പ് 8(3)നു പകരം ചേർക്കാ നുദ്ദേശിക്കുന്ന വകുപ്പ് 8(3)-ൽ "സമിതിയുടെ റിപ്പോർട്ട് ലഭിച്ച" എന്നീ വാക്കുകൾക്കു പകരം "സമിതിയുടെ ശിപാർശ ലഭിച്ച "എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

468. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)-ൽ " ശിപാർശ സഹിതം ഒരു റിപ്പോർട്ട്" എന്നതിനു ശേഷം "പ്രാദേശികതല നിരീക്ഷണ" എന്ന വാക്കുകൾകൂടി ചേർക്കുക.

468-ൽ പ്രാദേശികതല നിരീക്ഷണ സമിതിയുടെ റിപ്പോർട്ട് ലഭിച്ച തീയതി മുതൽ രണ്ട് മാസങ്ങൾക്കകം സർക്കാരിന് നൽകണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

473. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(3)-നു ശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കുക:

"(4) പ്രസ്തുത റിപ്പോർട്ട് സർക്കാർ തലത്തിൽ വിശദമായി പരിശോധിക്കേണ്ടതും അനുമൂലമുള്ള പരിസ്ഥിതി ആഘാതം പ്രത്യേകം വിലയിരുത്തേണ്ടതും അതിനുശേഷം അനുവാദം നൽകിക്കൊണ്ടോ, നിഷേധിച്ചുകൊണ്ടോ ഉള്ള ഉത്തരവ് മൂന്ന് മാസങ്ങൾക്കുള്ളിൽ പുറപ്പെടുവിക്കേണ്ടതുമാണ് "

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

482. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ൽ "സൂചിപ്പിച്ചുകൊണ്ടുള്ള" എന്ന വാക്കിനു പകരം "രേഖപ്പെടുത്തിയിട്ടുള്ള" എന്ന വാക്ക് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

483. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ൽ "അപ്രകാരമുള്ള" എന്ന വാക്ക് ഒഴിവാക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 437-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റു ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 437-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 440, 445, 453, 464, 485, 486 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 442, 448, 484 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 443, 477 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 444-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 449-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 450, 471 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 455-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 456-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 457, 476 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 465, 470 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 466, 481 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 467-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 468-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 473-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 482-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 483-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതിചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**അഞ്ചാം വകുപ്പ്**

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

487. ഖണ്ഡം 5 (1) നീക്കംചെയ്യുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

488. ഖണ്ഡം 5 (1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9(1) ന്റെ ക്ലിപ്തനിബന്ധനയിൽ "പഞ്ചായത്തിൽ പത്തും മുൻസിപാലിറ്റി/ കോർപ്പറേഷനിൽ അഞ്ചുംസെന്റിൽ" എന്നതിനു പകരം "പഞ്ചായത്തിൽ അഞ്ചും കോർപ്പറേഷനിൽ മൂന്നും സെന്റിൽ" എന്നു ചേർക്കുക.

504. ഖണ്ഡം 5 (2) പ്രകാരം പ്രധാന ആക്റ്റിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9 (9)-ൽ "സൂചിപ്പിക്കേണ്ടതും" എന്ന വാക്കിന് പകരം "രേഖപ്പെടുത്തേണ്ടതും" എന്ന വാക്ക് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

489. ഖണ്ഡം 5 (1) പ്രകാരം പ്രധാന ആക്റ്റിന്റെ വകുപ്പ് 9(1)-ന്റെ ക്ലിപ്തനിബന്ധനയിൽ ചേർക്കാനുദ്ദേശിക്കുന്ന "മുൻസിപാലിറ്റി" എന്ന വാക്കിനു പകരം "മുനിസിപ്പാലിറ്റി അല്ലെങ്കിൽ" എന്ന വാക്ക് ചേർക്കുക.

497. ഖണ്ഡം 5 (2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9 (9)-ൽ "ജില്ലാകളക്ടറോ" എന്ന വാക്കിനു പകരം "കളക്ടറോ" എന്ന് ചേർക്കുക.

503. ഖണ്ഡം 5 (2) പ്രകാരം പ്രധാന ആക്റ്റിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9 (9)-ൽ "വിസ്തീർണ്ണവും" എന്നതിനു ശേഷം "അപേക്ഷകൻ ജലസംരക്ഷണ നടപടികൾ സ്വീകരിക്കേണ്ട ഭൂമിയുടെ സർവ്വേ നമ്പരും വിസ്തീർണ്ണവും" എന്ന് ചേർക്കുക.

508. ഖണ്ഡം 5 (2) പ്രകാരം പ്രധാന ആക്റ്റിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9 (9)-ൽ "ഒരു സ്കെച്ച്" എന്നീ വാക്കുകൾക്കു മുൻപിലായി "നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

490. ഖണ്ഡം 5 (1) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "മുൻസിപ്പലിറ്റി/ കോർപ്പറേഷനിൽ" എന്നതിനു പകരം "മുനിസിപ്പാലിറ്റി/മുൻസിപ്പൽ കോർപ്പറേഷനിൽ" എന്ന് ചേർക്കുക.

511. ഖണ്ഡം 5 (2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9 (9) താഴെപ്പറയും പ്രകാരം മാറ്റുക:

"9 (5)-ാം ഉപവകുപ്പ് പ്രകാരം ജില്ലാതല അധികൃത സമിതിയോ (7-ാം ) ഉപവകുപ്പ് പ്രകാരം ജില്ലാകളക്ടറോ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്"

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

493. ഖണ്ഡം 5 (1) പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ '4.04' എന്ന അക്കങ്ങൾക്കും ചിഹ്നത്തിനും പകരം '4.05' എന്ന അക്കങ്ങൾ ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

494. ഖണ്ഡം 5 (1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9 (1)-ൽ "4.04 ആർ" എന്നതിനു പകരം "6 സെന്റ്" എന്ന് ചേർക്കുക.

496. ഖണ്ഡം 5 (1) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9 (1)-ൽ "2.02 ആർ" എന്നതിനു പകരം "4 സെന്റ്" എന്നു ചേർക്കുക.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

500. ഖണ്ഡം 5 (2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9 (9)-ൽ "നൽകപ്പെട്ട" എന്ന വാക്കിന് പകരം "നൽകിയിട്ടുള്ള" എന്ന വാക്ക് ചേർക്കുക.

509. ഖണ്ഡം 5 (2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9 (9)-ൽ "സ്കെച്ച്" എന്നതിന് പകരം "രൂപരേഖ" എന്ന് ചേർക്കുക.

510. ഖണ്ഡം 5 (2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9 (9)-ൽ "ഒരു സ്കെച്ച്" എന്നതിന് ശേഷം "പ്രസ്തുത" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

501. ഖണ്ഡം 5 (2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9 (9)-ൽ "വിസ്തീർണ്ണവും" എന്ന വാക്കിനു പകരം "വിസ്തൃതിയും" എന്ന് ചേർക്കുക.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

507. ഖണ്ഡം 5 (2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 9 (9)-ൽ "സൂചിപ്പിച്ചുകൊണ്ടുള്ള" എന്ന പദത്തിനുപകരം "രേഖപ്പെടുത്തിയിട്ടുള്ള" എന്ന പദം ചേർക്കുക.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 487-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 488, 504 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 489, 497, 503, 508 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 490, 511 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 493-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 494, 496 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 500, 509, 510 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 501-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 507-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ആറാം വകുപ്പ്**

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

514. ഖണ്ഡം 6 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 10(1) ഒഴിവാക്കുക.

ഇത് വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ്. ഇതിൽ പറയുന്നത് പ്രധാന ആക്ടിന്റെ 10(1)-ൽ "ഒഴിവാക്കിക്കൊടുക്കുന്നതിന് സർക്കാരിനുള്ള അധികാരം സംബന്ധിച്ചാണ്. 3-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാരിന് അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ പൊതുആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ, ഈ ആക്ടിലെ വ്യവസ്ഥകളിൽനിന്നും ഒഴിവാക്കി കൊടുക്കാവുന്നതും അത് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുമാണ്." ഈ വകുപ്പുതന്നെ Delete ചെയ്യണമെന്നമെന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

515. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1)-ൽ "സർക്കാരിന് അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ, പൊതു ആവശ്യത്തിന് അത്യന്താപേക്ഷിത മാണെങ്കിൽ" എന്നതിനുപകരം "നെൽവയൽ പരിവർത്തനപ്പെടുത്തുന്നതോ രൂപാന്തരപ്പെടുത്തുന്നതോ പൊതു ആവശ്യത്തിന് അത്യന്താപേക്ഷി തമാണെന്ന് സർക്കാർ കരുതുന്നപക്ഷം അങ്ങനെയുള്ള നെൽവയൽ, സർക്കാരിന്" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

550. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 10 (2)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ, "അനുവദിക്കപ്പെട്ട ഭൂമിയിൽ ആവശ്യമായ "എന്നതിനുപകരം " അനുവദിക്കപ്പെട്ട നെൽവയലിൽ ആവശ്യമായ " എന്നും "ഭൂമിയുടെ " എന്ന വാക്ക് വരുന്നിടത്തെല്ലാം "നെൽവയലിന്റെ" എന്നും ചേർക്കേണ്ടതാണ്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

516. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1)-ൽ "രൂപാന്തരപ്പെടുത്തലോ" എന്ന വാക്കിന് ശേഷം "ഏതെങ്കിലും" എന്ന വാക്ക് ചേർക്കുക.

525. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1)-ൽ " ഒഴിവാക്കിക്കൊടുക്കാവുന്നതും" എന്നതിന് പകരം "ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും" എന്ന വാക്കുകൾ ചേർക്കുക.

527. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1)-ൽ "അത്" എന്നത് "ആയത്" എന്നാക്കുക.

531. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ ചേർക്കുന്ന വകുപ്പ് 10(2)-ൽ "സംസ്ഥാനതല സമിതിയുടെ" എന്നതിന് ശേഷം "ശിപാർശ സഹിതമുള്ള" എന്ന വാക്ക് ചേർക്കുക.

545. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(2)-ൽ, " അഭിപ്രായമുള്ളപക്ഷം " എന്ന വാക്കിന് പകരം "ഉറപ്പുവരുത്തിയതിന് ശേഷം " എന്നത് ചേർക്കുക.

563. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(2)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "ഭൂമിയുടെ" എന്ന വാക്കിന് ശേഷം "ആകെ" എന്ന് ചേർക്കുക.

567. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് (10) (2)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "പത്ത് ശതമാനം" എന്ന വാക്കിനുശേഷം "അനുയോജ്യമായ" എന്ന വാക്ക് ചേർക്കുക.

582. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(3)-ൽ, "സർക്കാരിന്റെ തീരുമാനത്തിൽ" എന്ന വാക്കുകൾക്ക് പകരം "സർക്കാർ ഉത്തരവിൽ" എന്ന വാക്കുകൾ ചേർക്കുക.

585. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(3)-ൽ, "ഭൂമിയുടെ ഒരു സ്കെച്ച്" എന്നത് "ഭൂമിയുടെ ഒരു രൂപരേഖ" എന്നാക്കുക.

602. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(4)-ൽ " റിപ്പോർട്ട് ആവശ്യപ്പെടാവുന്നതും" എന്ന വാക്കുകൾക്ക് പകരം " പ്രസ്തുത റിപ്പോർട്ടിന്മേൽ" എന്ന വാക്കുകൾ ചേർക്കുക.

618. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(5)-ൽ "സ്വമേധയായോ അല്ലെങ്കിൽ" എന്നീ വാക്കുകൾക്ക് ശേഷം "ഉത്തരവ് പ്രകാരം" എന്ന വാക്ക് ചേർക്കുക.

639. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10 (6)-ൽ, "പറയുവാനുള്ളത് പറയുവാൻ" എന്ന വാക്കുകൾക്ക് ശേഷം "ന്യായമായ" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

517. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1)-ൽ "രൂപാന്തരപ്പെടുത്തലോ" എന്നതിനുശേഷം "സർക്കാരിന്റെ " എന്ന വാക്ക് ചേർക്കുക.

603. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(4)-ൽ " രേഖാമൂലം" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

518. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1)-ൽ, "പൊതു ആവശ്യത്തിന്" എന്ന വാക്കുകൾക്കു പകരം "കേന്ദ്ര സംസ്ഥാന സർക്കാരുകൾ, സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്ക്" എന്ന വാക്കുകൾ ചേർക്കുക.

535. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കുവാനുദ്ദേശിക്കുന്ന വകുപ്പ് 10(2)-ൽ "റിപ്പോർട്ട് പരിഗണിച്ചതിനു ശേഷം" എന്ന വാക്കിന് പകരം "ശുപാർശയനുസരിച്ച്" എന്ന് ചേർക്കുക.

541. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(2)-ൽ "ബാധിക്കുകയില്ല എന്ന് " എന്ന വാക്കിനു പകരം "ബാധിക്കുകയില്ലെന്നും ആ പ്രദേശത്തെ പരിസ്ഥിതി മേഖലയെ ദോഷകരമായി ബാധിക്കുകയില്ല എന്നും" എന്ന് ചേർക്കുക.

571. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് (10) (2)-ന്റെ രണ്ടാമത്തെ ക്ലിപ്ത നിബന്ധനയ്ക്കു ശേഷം മൂന്നാം ക്ലിപ്ത നിബന്ധനയായി താഴെപ്പറയുന്നവ കൂട്ടി ചേർക്കുക:

"എന്നാൽ യാതൊരു സാഹചര്യത്തിലും ഇപ്രകാരം ഒഴിവാക്കുന്ന ഭൂമിയുടെ വിസ്തൃതി 80.60 ആർ-ൽ കവിയാൻ പാടുള്ളതല്ല".

518-ാം നമ്പർ ഭേദഗതിയിൽ പൊതു ആവശ്യമെന്ന് പറഞ്ഞാൽ സ്വകാര്യ മേഖലയുടെ ആവശ്യങ്ങൾ അതിൽ വരും. അവിടെ ഒരു Ambiguity ഉണ്ട്. അതിനുപകരം "കേന്ദ്ര സംസ്ഥാന സർക്കാരുകൾ, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്ക്" എന്ന്

ചേർക്കണം. അങ്ങനെ ചേർത്തില്ലെങ്കിൽ ഭാവിയിൽ ഈ പ്രൊവിഷൻ കിടന്നാൽ സ്വകാര്യമേഖലയ്ക്ക് ഇതിന്റെ ആനുകൂല്യം കൊടുക്കേണ്ടിവരും. പ്രാദേശിക സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചതിനുശേഷം എന്ന് ചേർത്താൽ പോര. അവരുടെ ശിപാർശ തന്നെ വാങ്ങണം, റിപ്പോർട്ട് മാത്രം പോര. അതിനാണ് 535-ാം നമ്പർ ഭേദഗതി.

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

519. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1)-ൽ "പൊതു ആവശ്യത്തിന്" എന്ന വാക്കുകൾക്കു പകരം "സർക്കാർ പദ്ധതികൾക്ക് " എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

520. ഖണ്ഡം 6 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 10(1)-ൽ "പൊതു ആവശ്യത്തിന്" എന്ന വാക്കുകൾക്ക് പകരം "സർക്കാർ ആവശ്യത്തിന് " എന്ന വാക്കുകൾ ചേർക്കുക.

577. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(3)ൽ, "വിസ്തീർണ്ണവും" എന്ന വാക്കിന് ശേഷം "ജലസംരക്ഷണത്തിന് സ്വീകരിക്കേണ്ട നടപടികളും" എന്നീ വാക്കുകൾ ചേർക്കുക.

629. ഖണ്ഡം 6 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 10 (5)-ൽ "നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് " എന്നതിന് ശേഷം "മൂന്ന് മാസത്തിനകം" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

524. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1)-ൽ "അത്യന്താപേക്ഷിതമാണെങ്കിൽ" എന്ന വാക്കിനു ശേഷം "പരിസ്ഥിതിക്ക് യാതൊരു തരത്തിലും ആഘാതമില്ലെന്ന് ഉറപ്പ് വരുത്തിയ ശേഷം" എന്ന വാക്കുകൾ ചേർക്കുക.

വകുപ്പ് 10 (1)-ൽ ഒരു വ്യക്തത വേണമെന്നതാണ് എന്റെ അഭിപ്രായം. "പരിസ്ഥിതിക്ക് യാതൊരു തരത്തിലും ആഘാതമില്ലെന്ന് ഉറപ്പ് വരുത്തിയ ശേഷം" എന്നുപറഞ്ഞാൽ എൻവയോൺമെന്റ് ഇംപാക്ട് സ്റ്റഡി ഇക്കാര്യത്തിൽ വേണമെന്നാണ്. അതാണ് എന്റെ 524-ാം നമ്പർ ഭേദഗതി.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

526. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1)-ൽ "ഒഴിവാക്കിക്കൊടുക്കാവുന്നതും" എന്നതിനു പകരം "ഒഴിവാക്കിക്കൊടുക്കാവുന്നതാണ് " എന്ന് ചേർക്കുക.

528. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1)-ൽ "ചെയ്യേണ്ടതുമാണ്" എന്നതിനുപകരം "ചെയ്യേണ്ടതാണ് " എന്ന് ചേർക്കുക.

546. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10 (2)-ൽ, " അഭിപ്രായമുള്ളപക്ഷം " എന്ന വാക്കിനു പകരം "ഉറപ്പുണ്ടെങ്കിൽ " എന്ന വാക്ക് ചേർക്കുക.

549. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10 (2)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ, " ഒഴിവാക്കൽ " എന്ന വാക്കിനുപകരം " ഇത് " എന്ന വാക്ക് ചേർക്കുക.

559. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(2)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "വിസ്തീർണ്ണം" എന്ന വാക്കിന് പകരം "വിസ്തീർണം" എന്ന വാക്ക് ചേർക്കുക.

569. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് (10) (2)-ൽ "നീക്കിവെയ്ക്കേണ്ടതാണ്" എന്നതിനു പകരം "നീക്കി വയ്ക്കേണ്ടതാണ്" എന്ന് ചേർക്കുക.

570. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് (10) (2)-ന്റെ രണ്ടാമത്തെ ക്ലിപ്ത നിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക: "എന്നു മാത്രമല്ല, ഒഴിവാക്കൽ അനുവദിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം 20.2 ആർ ആയി നിജപ്പെടുത്തുകയും, അപ്രകാരമുള്ള ഭൂമിയുടെ പത്ത് ശതമാനം ജല സംരക്ഷണ നടപടികൾക്കായി നീക്കിവെയ്ക്കേണ്ടതാണ്".

576. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(3)-ൽ, "വിസ്തീർണ്ണവും" എന്ന വാക്കിനു പകരം "വിസ്തീർണവും" എന്നീ വാക്കുകൾ ചേർക്കുക.

583. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(3)-ൽ,"തീരുമാനത്തിൽ" എന്നതിനു പകരം "തീരുമാനങ്ങളിൽ" എന്ന് ചേർക്കുക.

586. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(3)-ൽ, "ഒരു സ്കെച്ച്" എന്നതിനു പകരം "സ്കെച്ചും" എന്ന് ചേർക്കുക.

624. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10 (5)-ൽ "അപേക്ഷയിൽമേലോ" എന്ന വാക്കിനു പകരം "അപേക്ഷയിൻമേലോ" എന്ന വാക്ക് ചേർക്കുക.

625. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10 (5)-ൽ "റദ്ദാക്കാവുന്നതും" എന്നതിനു പകരം "റദ്ദാക്കാവുന്നതാണ്" എന്ന് ചേർക്കുക.

628. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10 (5)-ൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്നതിനു പകരം "നിർണ്ണയിക്കപ്പെടുന്ന" എന്ന് ചേർക്കുക.

631. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10 (5)-ൽ, "ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്" എന്നതിനു പകരം "ഉടമ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്" എന്ന് ചേർക്കുക.

641. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10 (6) താഴെ പറയും പ്രകാരം മാറ്റുക.

"(6) (5)-ാം ഉപവകുപ്പ് പ്രകാരമുള്ള യാതൊരു റദ്ദാക്കൽ ഉത്തരവും ഈ ഉപവകുപ്പിൽ അപേക്ഷകന് പറയുവാനുള്ളതിന് അവസരം നൽകാതെ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല".

ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി <u>ശ്രീ. കെ.എൻ.എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

536. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കുവാനുദ്ദേശിക്കുന്ന വകുപ്പ് 10(2)-ൽ "നെൽക്കൃഷി" എന്നതിനുശേഷം "ഇടക്കാലവിള" എന്ന് ചേർക്കുക.

560. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(2)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "വിസ്തീർണ്ണം" എന്ന വാക്കിന് പകരം "വിസ്തൃതി" എന്ന വാക്ക് ചേർക്കുക.

564. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(2)-ന്റെ രണ്ടാമത്തെ ക്ലിപ്തനിബന്ധനയിൽ "ഭൂമിയുടെ" എന്ന വാക്കിനു ശേഷം "വിസ്തൃതിയുടെ" എന്ന വാക്ക് ചേർക്കുക.

606. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(4)-ന് ശേഷം താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക, "എന്നാൽ, സംസ്ഥാനതല സമിതിയോട് യഥാസമയം റിപ്പോർട്ട് സമർപ്പിക്കാത്തതിന് ആവശ്യമായ വിശദീകരണം സർക്കാർ വാങ്ങേണ്ടതും അത് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതുമാണ്."

616. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(5)-ൽ "പൂർണ്ണമായോ ഭാഗികമായോ പാലിച്ചിട്ടില്ലാത്തപക്ഷം"എന്നീ വാക്കുകൾക്കു പകരം "പൂർണ്ണമായും പാലിച്ചിട്ടില്ലാത്ത പക്ഷം" എന്ന് ചേർക്കുക.

626. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10 (5)-ൽ "ജില്ലാ കളക്ടർക്ക്" എന്നീ വാക്കുകളിൽ "ജില്ലാ" എന്ന വാക്ക് വിട്ടുകളയുക.

627. ഖണ്ഡം 6 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 10 (5)-ൽ "ജില്ലാ കളക്ടർ" എന്നതിൽ "ജില്ലാ" എന്ന വാക്ക് വിട്ടുകളയുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

538. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(2)-ൽ "നെൽക്കൃഷി, ഏതെങ്കിലും ഉണ്ടെങ്കിൽ, അതിനെയോ അതിലേക്കുള്ള സുഗമമായ നീരൊഴുക്കിനെയോ" എന്ന വാക്കുകൾക്കു പകരം "നെൽകൃഷിയെയോ, മറ്റു കൃഷികളെയോ, അതിലേക്കുള്ള സുഗമമായ നീരൊഴുക്കിനെയോ" എന്ന വാക്കുകൾ ചേർക്കുക.

601. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(4)-ൽ "അധികാര സ്ഥാനത്തുനിന്നും" എന്ന വാക്കുകൾക്ക് പകരം " അധികാരസ്ഥാനങ്ങളിൽ നിന്നും" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. വി. ഡി. സതീശനുവേണ്ടി ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

540. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(2)-ൽ "ബാധിക്കുകയില്ല എന്ന് അഭിപ്രായമുള്ള പക്ഷം" എന്നത് "ബാധിക്കുകയില്ല എന്ന് ഉത്തമ ബോധ്യമുള്ള പക്ഷം" എന്നാക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

542. ഖണ്ഡം 6 പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കുവാനുദ്ദേശിക്കുന്ന വകുപ്പ് 10(2)-ൽ "അഭിപ്രായമുള്ളപക്ഷം" എന്നതിനു പകരം "ഉറപ്പാക്കിയശേഷം" എന്ന് ചേർക്കുക.

600. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(4)-ൽ "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് അധികാര സ്ഥാനത്തുനിന്നും റിപ്പോർട്ട് ആവശ്യപ്പെടാവുന്നതും" എന്ന വാക്കുകൾക്ക് പകരം "വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ സംസ്ഥാന സമിതിയിൽ നിന്നും റിപ്പോർട്ട് ശേഖരിക്കേണ്ടതും" എന്ന വാക്കുകൾ ചേർക്കുക.

622. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(5)-ൽ " ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിൻമേലോ "എന്നീ വാക്കുകൾക്ക് ശേഷം "പൊതുതാല്പര്യത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന പരാതിയിന്മേലോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

543. ഖണ്ഡം 6 പ്രകാരം ചേർക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 10(2)-ൽ "അഭിപ്രായമുള്ളപക്ഷം"എന്ന വാക്കുകൾക്ക് പകരം "ഉറപ്പ് വരുത്തിയ ശേഷം" എന്ന വാക്കുകൾ ചേർക്കുക.

548. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(2)-ന്റെ ഒന്നാം ക്ലിപ്തനിബന്ധനയിൽ, " എന്നാൽ, ഒഴിവാക്കൽ അനുവദിക്കപ്പെട്ട " എന്നതിനു പകരം " എന്നാൽ, ഇപ്രകാരമുള്ള തീരുമാനം എടുക്കുന്നതിനു മുമ്പ് " എന്നത് ചേർക്കുക.

621. ഖണ്ഡം 6 പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 10(5)-ൽ "ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിൻമേലോ" എന്ന വാക്കുകൾക്ക് ശേഷം "പൊതുതാല്പര്യം മുൻനിർത്തി ലഭിക്കുന്ന അപേക്ഷയിന്മേലോ" എന്ന വാക്കുകൾ ചേർക്കുക.

പുതിയതായി ചേർക്കുന്ന 10(5) വകുപ്പിൽ "ഒഴിവാക്കൽ അനുവദിച്ചുകൊണ്ടുള്ള ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ള ഉപാധികൾ അപേക്ഷകൻ പൂർണ്ണമായോ ഭാഗികമായോ പാലിച്ചിട്ടില്ലാത്തപക്ഷം, സർക്കാരിന്, ഈ വകുപ്പുപ്രകാരമുള്ള ഏതൊരു ഉത്തരവും,

സ്വമേധയായോ അല്ലെങ്കിൽ സങ്കടമനുഭവിക്കുന്ന ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിന്മേലോ, റദ്ദാക്കാവുന്നതും..." എന്നാണ് പറയുന്നത്. അതിന്റെ കൂട്ടത്തിൽ "പൊതുതാല്പര്യം മുൻനിർത്തി ലഭിക്കുന്ന അപേക്ഷയിന്മേലോ" എന്നുകൂടി കൂട്ടിച്ചേർക്കണം. സങ്കടമനുഭവിക്കുന്ന ആളുകൾക്ക് മാത്രമേ പരാതിപ്പെടാൻ അർഹതയുള്ളൂവെന്ന് പറയുമ്പോൾ ഇതിന്റെ പരിധി വളരെ കുറയുകയാണ്. കൂടുതൽ ആളുകൾക്ക് locus standi കൊടുക്കാൻ വേണ്ടിയുള്ളതാണ് എന്റെ 621-ാം നമ്പർ ഭേദഗതി.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

562. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(2)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "20.2 ആറിൽ" എന്നതിനു പകരം "10.1 ആറിൽ" എന്നാക്കുക.

<u>ശ്രീ. അനിൽ അക്കര</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

565. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(2)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "പത്ത് ശതമാനം" എന്നത് പകരം "പതിനഞ്ച് ശതമാനം" എന്നാക്കുക.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

566. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് (10) (2)-ൽ രണ്ടാം ക്ലിപ്തനിബന്ധനയിൽ "പത്ത് ശതമാനം" എന്നത് "ഇരുപത് ശതമാനം" എന്നാക്കുക.

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

568. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് (10) (2)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "നീക്കിവെയ്ക്കേണ്ടതാണ്" എന്ന വാക്കിനു പകരം "നീക്കിവെയ്ക്കേണ്ടതും അത്തരം രൂപാന്തരപ്പെടുത്തലിന്റെ ആദ്യഘട്ടത്തിൽതന്നെ സംസ്ഥാനതല സമിതി നിർദ്ദേശിക്കുന്ന അത്തരം സംരക്ഷണ നടപടികൾ പൂർത്തീകരിക്കേണ്ടതുമാണ്" എന്ന വാക്കുകൾ ചേർക്കുക.

604. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(4)-ൽ "പുറപ്പെടുവിക്കാവുന്നതുമാണ്" എന്ന വാക്കിന് ശേഷം' എന്നാൽ അത്തരം സാഹചര്യം ഒഴിവാക്കാൻ സംസ്ഥാനതല സമിതി നാല് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതും നിർദേശങ്ങൾ സമർപ്പിക്കേണ്ടതുമാണ് എന്ന വാക്കുകൾ ചേർക്കുക.

605. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(4)-ൽ "പുറപ്പെടുവിക്കാവുന്നതുമാണ്" എന്ന വാക്കിന് ശേഷം 'എന്നാൽ അത്തരം സാഹചര്യം ഒഴിവാക്കാൻ സംസ്ഥാനതല സമിതി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതും നിർദേശങ്ങൾ സമർപ്പിക്കേണ്ടതുമാണ്' എന്ന വാക്കുകൾ ചേർക്കുക.

വകുപ്പ് 10(2)-ൽ 10 ശതമാനം ജലസംരക്ഷണ ആവശ്യങ്ങൾക്കുവേണ്ടി മാറ്റിവയ്ക്കണമെന്ന് പറയുന്നുണ്ട്. അങ്ങനെ മാറ്റിവയ്ക്കുന്നതോടൊപ്പംതന്നെ സംസ്ഥാനതല സമിതി നിർദ്ദേശിക്കുന്ന അത്തരം സംരക്ഷണ നടപടികൾ ആദ്യംതന്നെ പൂർത്തീകരിക്കേണ്ടതാണ് എന്നുകൂടി കൂട്ടിച്ചേർക്കണമെന്നതാണ് എന്റെ 568-ാം നമ്പർ ഭേദഗതി.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

572. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ 10(2)-നു ശേഷം 10(3) ആയി താഴെപ്പറയുന്നവ ചേർക്കുക:

"10(3) പൊതു ആവശ്യത്തിനായി നെൽപ്പാടമോ തണ്ണീർത്തടമോ എടുക്കുവാൻ പാടുള്ളതല്ല പകരം അത്തരം ആവശ്യങ്ങൾക്കായി കരഭൂമി എടുക്കാവുന്നതാണ്. അതിൽ മുൻഗണന കൊടുക്കേണ്ടത് മുമ്പ് സർക്കാർ ഏറ്റെടുത്തതും ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയ്ക്കായിരിയ്ക്കണം സർക്കാർ ഉദ്ദേശിക്കുന്ന പദ്ധതിയ്ക്ക് ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളതും ഉപയോഗിക്കാതെ കിടക്കുന്നതുമായ അനുയോജ്യമല്ലെങ്കിൽ അനുയോജ്യമായ ഭൂമി കരയിൽ ജൈവ വൈവിദ്ധ്യത്തിനും പരിസ്ഥിതിക്കും ഏറ്റവും കുറവ് ആഘാത മേൽക്കുന്ന ഇടം പരിശോധിച്ച് സമിതിയുടെയും സംസ്ഥാനതല സമിതി യുടെയും ശിപാർശയോടെ നിയമാനുസൃതമായി ഏറ്റെടുക്കാവുന്നതാണ്".

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

588. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(3)-ന് ചുവടെ ചേർക്കുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ 3-ാം ഉപവകുപ്പിൽ സൂചിപ്പിച്ച പ്രകാരമുള്ള ഭ്രമിയുടെ സ്കെച്ചിൽ ഉൾപ്പെടുത്തിയ ഭ്രമി മാത്രമേ പരിവർത്തനപ്പെടുത്തലിനു വിധേയമായിട്ടുള്ളു എന്ന് ഉറപ്പുവരുത്തേണ്ടതുമാകുന്നു."

596. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(4)-ൽ ചുവടെ ചേർക്കുന്ന വാക്കുകളും ചിഹ്നവും ഒഴിവാക്കുക.

"നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് അധികാര സ്ഥാനത്തുനിന്നും റിപ്പോർട്ട് ആവശ്യപ്പെടാവുന്നതും",

607. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(5)-ൽ "ഉപാധികൾ" എന്നതിനു പകരം "വ്യവസ്ഥകൾ"എന്ന് ചേർക്കുക.

615. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(5)-ൽ "പൂർണ്ണമായോ ഭാഗികമായോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

598. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(4)-ൽ "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് അധികാര സ്ഥാനത്തുനിന്നും റിപ്പോർട്ട് ആവശ്യപ്പെടാവുന്നതും" എന്നതിനു പകരം "പ്രാദേശിക തല നിരീക്ഷണ സമിതിയുടെ റിപ്പോർട്ട് പരിഗണിച്ച്" എന്നു ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

617. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(5)-ൽ "പൂർണ്ണമായോ ഭാഗികമായോ പാലിച്ചിട്ടില്ലാത്ത പക്ഷം" എന്നതിനു പകരം "ലംഘിക്കുന്ന പക്ഷം" എന്നു ചേർക്കുക.

ശ്രീ. കെ. ദാസൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

619. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(5)-ൽ "സ്വമേധയായോ"എന്നതിന് പകരം "സ്വന്തം നിലയിലോ"എന്ന് ചേർക്കുക.

623. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(5)-ൽ "അപേക്ഷയിൻമേലോ എന്നതിന് പകരം "പരാതിയുടെ അടിസ്ഥാനത്തിലോ"എന്ന് ചേർക്കുക.

630. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(5)-ൽ, "ചെയ്യുന്നതിന് ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്" എന്നതിന് പകരം "ചെയ്യേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

620. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(5)-ൽ "സ്വമേധയായോ അല്ലെങ്കിൽ സങ്കടമനുഭവിക്കുന്ന ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിൻമേലോ റദ്ദാക്കാവുന്നതും" എന്നീ വാക്കുകൾക്ക് പകരം "സ്വമേധയായോ അല്ലെങ്കിൽ സങ്കടമനുഭവിക്കുന്ന ഏതെങ്കിലും കക്ഷിയുടെ അപേക്ഷയിൻമേലോ" "പുനഃപരിശോധിക്കാവുന്നതും" എന്നു ചേർക്കുക.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

638. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(6)-ൽ, "അപേക്ഷകന്" എന്നതിന് പകരം "തരം മാറ്റുന്നതിന് അപേക്ഷിച്ചിട്ടുള്ള ആൾക്ക്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ശ്രീ. ഇ. കെ. വിജയന്റെ 521-ാം നമ്പർ ഭേദഗതി വാക്കാൻ ഭേദഗതിയായി അവതരിപ്പിക്കുന്നു.

521. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1)-ൽ, "പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ" എന്നീ വാക്കുകൾക്കു ശേഷം "മാത്രം" എന്ന വാക്ക് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 624-ാം നമ്പർ ഭേദഗതി സ്വീകരിക്കാവുന്നതാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 515-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 515-ാം നമ്പർ ഭേദഗതി പിൻവലിക്കാമോ എന്ന പ്രശ്നത്തെ........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഭേദഗതി അംഗീകരിക്കാമോ ഇല്ലയോ എന്നാണ് വേണ്ടത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സാധാരണഗതിയിൽ ആ അംഗത്തിന് ഭേദഗതി പിൻവലിക്കാം. അങ്ങനെ പിൻവലിക്കുന്നതിന് സഭയിൽ എതിർപ്പ് രേഖപ്പെടുത്താം. പിൻവലിക്കാൻ അവകാശമുണ്ടോ ഇല്ലയോ എന്ന പ്രശ്നമാണ് സഭയിൽ വോട്ടിനിടുന്നത്. മറ്റൊരാളുടെ ഭേദഗതി വേറൊരംഗത്തിന് പ്രസ് ചെയ്യ്ത് പോൾ ആവശ്യപ്പെടാൻ സാധിക്കില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ശ്രീ. റ്റി. വി. രാജേഷ്, ആ ഭേദഗതി പിൻവലിക്കാൻ അനുവാദം തരണമെന്ന് ചോദിച്ചാൽ മാത്രമേ ഈ പ്രശ്നം വരുന്നുള്ളൂ. ശ്രീ. റ്റി. വി. രാജേഷ് അത് ചോദിച്ചിട്ടില്ല.

മി. സ്പീക്കർ: സഭയുടെ മുമ്പാകെയുള്ള ചോദ്യം, പിൻവലിക്കണമോ വേണ്ടയോ എന്നുള്ളതാണ്. ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 515-ാം നമ്പർ ഭേദഗതി പിൻവലിക്കാമോ എന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. ആന്റണി ജോൺ
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി

11. ശ്രീ. സി. ദിവാകരൻ
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. സി. കെ. ഹരീന്ദ്രൻ
17. ഡോ. കെ. ടി. ജലീൽ
18. ശ്രീ. ജെയിംസ് മാത്യു
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. വി. കെ. സി. മമ്മത് കോയ
28. ശ്രീ. മാത്യു ടി. തോമസ്
29. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
30. ശ്രീ. എ. സി. മൊയ്തീൻ
31. ശ്രീ. മുഹമ്മദ് മുഹസിൻ പി.
32. ശ്രീ. ഡി. കെ. മുരളി
33. ശ്രീ. മുരളി പെരുനെല്ലി
34. ശ്രീ. എം. നൗഷാദ്

35. ശ്രീ. യു. ആർ. പ്രദീപ്
36. ശ്രീ. എ. പ്രദീപ്കുമാർ
37. ശ്രീ. കെ. ഡി. പ്രസേനൻ
38. ശ്രീമതി യു. പ്രതിഭ ഹരി
39. ശ്രീ. പുരുഷൻ കടലുണ്ടി
40. ശ്രീ. എം. രാജഗോപാലൻ
41. ശ്രീ. കെ. രാജൻ
42. ശ്രീ. എസ്. രാജേന്ദ്രൻ
43. ശ്രീ. ആർ. രാജേഷ്
44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. കെ. രാജു
46. ശ്രീ. ആർ. രാമചന്ദ്രൻ
47. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
48. ശ്രീ. മുല്ലക്കര രത്നാകരൻ
49. പ്രൊഫ. സി. രവീന്ദ്രനാഥ്
50. ശ്രീ. സജി ചെറിയാൻ
51. ശ്രീ. എസ്. ശർമ്മ
52. ശ്രീ. എ. കെ. ശശീന്ദ്രൻ
53. ശ്രീ. സി. കെ. ശശീന്ദ്രൻ
54. ശ്രീ. വി. ശശി
55. ശ്രീ. വി. ആർ. സുനിൽ കുമാർ
56. ശ്രീ. വി. എസ്. സുനിൽ കുമാർ
57. ശ്രീ. കെ. സുരേഷ് കുറുപ്പ്
58. ശ്രീ. എം. സ്വരാജ്

59. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
60. ശ്രീ. പി. തിലോത്തമൻ
61. ശ്രീ. പി. ഉണ്ണി
62. ശ്രീ. കെ. വി. വിജയദാസ്
63. ശ്രീ. പിണറായി വിജയൻ.

<u>പ്രതികൂലിക്കുന്നവർ:</u>

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. അടൂർ പ്രകാശ്
3. ശ്രീ. അനിൽ അക്കര
4. ശ്രീ. അൻവർ സാദത്ത്
5. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
6. ശ്രീ. വി. ടി. ബൽറാം
7. ശ്രീ. പി. കെ. ബഷീർ
8. ശ്രീ. ടി. വി. ഇബ്രാഹിം
9. ഡോ. എൻ. ജയരാജ്
10. ശ്രീ. കെ. സി. ജോസഫ്
11. ശ്രീ. കെ. എൻ. എ. ഖാദർ
12. ശ്രീ. സി. മമ്മൂട്ടി
13. ശ്രീ. കെ. മുരളീധരൻ
14. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
15. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
16. ശ്രീ. രമേശ് ചെന്നിത്തല
17. ശ്രീ. റോഷി അഗസ്റ്റിൻ
18. ശ്രീ. കെ. എസ്. ശബരീനാഥൻ

19. ശ്രീ. വി. പി. സജീന്ദ്രൻ
20. ശ്രീ. എൻ. ഷംസുദ്ദീൻ
21. ശ്രീ. പി. ടി. തോമസ്
22. ശ്രീ. പി. ഉബൈദുള്ള
23. ശ്രീ. എം. ഉമ്മർ.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 63

പ്രതികൂലിക്കുന്നവർ - 23

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 515-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ അവതരിപ്പിച്ച 524-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 524-ാം നമ്പർ ഭേദഗതി സ്വീകരിക്കണമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി) :

അനുകൂലിക്കുന്നവർ:

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. അടൂർ പ്രകാശ്
3. ശ്രീ. അനിൽ അക്കര
4. ശ്രീ. അൻവർ സാദത്ത്
5. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
6. ശ്രീ. വി. ടി. ബൽറാം
7. ശ്രീ. പി. കെ. ബഷീർ

8. ശ്രീ. ടി. വി. ഇബ്രാഹിം
9. ഡോ. എൻ. ജയരാജ്
10. ശ്രീ. കെ. സി. ജോസഫ്
11. ശ്രീ. കെ. എൻ. എ. ഖാദർ
12. ശ്രീ. സി. മമ്മൂട്ടി
13. ശ്രീ. കെ. മുരളീധരൻ
14. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
15. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
16. ശ്രീ. രമേശ് ചെന്നിത്തല
17. ശ്രീ. റോഷി അഗസ്റ്റിൻ
18. ശ്രീ. കെ. എസ്. ശബരീനാഥൻ
19. ശ്രീ. വി. പി. സജീന്ദ്രൻ
20. ശ്രീ. എൻ. ഷംസുദ്ദീൻ
21. ശ്രീ. പി. ടി. തോമസ്
22. ശ്രീ. പി. ഉബൈദുള്ള
23. ശ്രീ. എം. ഉമ്മർ.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. ആന്റണി ജോൺ
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീ. എ. കെ. ബാലൻ

8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. സി. ദിവാകരൻ
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. സി. കെ. ഹരീന്ദ്രൻ
17. ഡോ. കെ. ടി. ജലീൽ
18. ശ്രീ. ജെയിംസ് മാത്യു
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. വി. കെ. സി. മമ്മത് കോയ
28. ശ്രീ. മാത്യു ടി. തോമസ്
29. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
30. ശ്രീ. എ. സി. മൊയ്തീൻ
31. ശ്രീ. മുഹമ്മദ് മുഹസിൻ പി.

32. ശ്രീ. ഡി. കെ. മുരളി
33. ശ്രീ. മുരളി പെരുനെല്ലി
34. ശ്രീ. എം. നൗഷാദ്
35. ശ്രീ. യു. ആർ. പ്രദീപ്
36. ശ്രീ. എ. പ്രദീപ്കുമാർ
37. ശ്രീ. കെ. ഡി. പ്രസേനൻ
38. ശ്രീമതി യു. പ്രതിഭ ഹരി
39. ശ്രീ. പുരുഷൻ കടലുണ്ടി
40. ശ്രീ. എം. രാജഗോപാലൻ
41. ശ്രീ. കെ. രാജൻ
42. ശ്രീ. എസ്. രാജേന്ദ്രൻ
43. ശ്രീ. ആർ. രാജേഷ്
44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. കെ. രാജു
46. ശ്രീ. ആർ. രാമചന്ദ്രൻ
47. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
48. ശ്രീ. മുല്ലക്കര രത്നാകരൻ
49. പ്രൊഫ. സി. രവീന്ദ്രനാഥ്
50. ശ്രീ. സജി ചെറിയാൻ
51. ശ്രീ. എസ്. ശർമ്മ
52. ശ്രീ. എ. കെ. ശശീന്ദ്രൻ
53. ശ്രീ. സി. കെ. ശശീന്ദ്രൻ
54. ശ്രീ. വി. ശശി
55. ശ്രീ. വി. ആർ. സുനിൽ കുമാർ

56. ശ്രീ. വി. എസ്. സുനിൽ കുമാർ

57. ശ്രീ. കെ. സുരേഷ് കുറുപ്പ്

58. ശ്രീ. എം. സ്വരാജ്

59. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

60. ശ്രീ. പി. തിലോത്തമൻ

61. ശ്രീ. പി. ഉണ്ണി

62. ശ്രീ. കെ. വി. വിജയദാസ്

63. ശ്രീ. പിണറായി വിജയൻ.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 23

പ്രതികൂലിക്കുന്നവർ - 63

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 524-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ അവതരിപ്പിച്ച 514-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 514-ാം നമ്പർ ഭേദഗതി സ്വീകരിക്കണമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി) :

അനുകൂലിക്കുന്നവർ:

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

2. ശ്രീ. അടൂർ പ്രകാശ്

3. ശ്രീ. അനിൽ അക്കര

4. ശ്രീ. അൻവർ സാദത്ത്

5. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
6. ശ്രീ. വി. ടി. ബൽറാം
7. ശ്രീ. പി. കെ. ബഷീർ
8. ശ്രീ. ടി. വി. ഇബ്രാഹിം
9. ഡോ. എൻ. ജയരാജ്
10. ശ്രീ. കെ. സി. ജോസഫ്
11. ശ്രീ. കെ. എൻ. എ. ഖാദർ
12. ശ്രീ. സി. മമ്മൂട്ടി
13. ശ്രീ. കെ. മുരളീധരൻ
14. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
15. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
16. ശ്രീ. രമേശ് ചെന്നിത്തല
17. ശ്രീ. റോഷി അഗസ്റ്റിൻ
18. ശ്രീ. കെ. എസ്. ശബരീനാഥൻ
19. ശ്രീ. വി. പി. സജീന്ദ്രൻ
20. ശ്രീ. എൻ. ഷംസുദ്ദീൻ
21. ശ്രീ. പി. ടി. തോമസ്
22. ശ്രീ. പി. ഉബൈദുള്ള
23. ശ്രീ. എം. ഉമ്മർ.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. ആന്റണി ജോൺ
4. ശ്രീ. എ. എം. ആരിഫ്

5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. സി. ദിവാകരൻ
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. സി. കെ. ഹരീന്ദ്രൻ
17. ഡോ. കെ. ടി. ജലീൽ
18. ശ്രീ. ജെയിംസ് മാത്യു
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. വി. കെ. സി. മമ്മത് കോയ
28. ശ്രീ. മാത്യു ടി. തോമസ്

29. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

30. ശ്രീ. എ. സി. മൊയ്തീൻ

31. ശ്രീ. മുഹമ്മദ് മുഹസിൻ പി.

32. ശ്രീ. ഡി. കെ. മുരളി

33. ശ്രീ. മുരളി പെരുനെല്ലി

34. ശ്രീ. എം. നൗഷാദ്

35. ശ്രീ. യു. ആർ. പ്രദീപ്

36. ശ്രീ. എ. പ്രദീപ്കുമാർ

37. ശ്രീ. കെ. ഡി. പ്രസേനൻ

38. ശ്രീമതി യു. പ്രതിഭ ഹരി

39. ശ്രീ. പുരുഷൻ കടലുണ്ടി

40. ശ്രീ. എം. രാജഗോപാലൻ

41. ശ്രീ. കെ. രാജൻ

42. ശ്രീ. എസ്. രാജേന്ദ്രൻ

43. ശ്രീ. ആർ. രാജേഷ്

44. ശ്രീ. റ്റി. വി. രാജേഷ്

45. ശ്രീ. കെ. രാജു

46. ശ്രീ. ആർ. രാമചന്ദ്രൻ

47. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

48. ശ്രീ. മുല്ലക്കര രത്നാകരൻ

49. പ്രൊഫ. സി. രവീന്ദ്രനാഥ്

50. ശ്രീ. സജി ചെറിയാൻ

51. ശ്രീ. എസ്. ശർമ്മ

52. ശ്രീ. എ. കെ. ശശീന്ദ്രൻ

53. ശ്രീ. സി. കെ. ശശീന്ദ്രൻ

54. ശ്രീ. വി. ശശി

55. ശ്രീ. വി. ആർ. സുനിൽ കുമാർ

56. ശ്രീ. വി. എസ്. സുനിൽ കുമാർ

57. ശ്രീ. കെ. സുരേഷ് കുറുപ്പ്

58. ശ്രീ. എം. സ്വരാജ്

59. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

60. ശ്രീ. പി. തിലോത്തമൻ

61. ശ്രീ. പി. ഉണ്ണി

62. ശ്രീ. കെ. വി. വിജയദാസ്

63. ശ്രീ. പിണറായി വിജയൻ.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 23

പ്രതികൂലിക്കുന്നവർ - 63

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 514-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ അവതരിപ്പിച്ച 621-ാം നമ്പർ ഭേദഗതിക്ക് പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 621-ാം നമ്പർ ഭേദഗതി സ്വീകരിക്കണമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

2. ശ്രീ. അടൂർ പ്രകാശ്

3. ശ്രീ. അനിൽ അക്കര
4. ശ്രീ. അൻവർ സാദത്ത്
5. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
6. ശ്രീ. വി. ടി. ബൽറാം
7. ശ്രീ. പി. കെ. ബഷീർ
8. ശ്രീ. ടി. വി. ഇബ്രാഹിം
9. ഡോ. എൻ. ജയരാജ്
10. ശ്രീ. കെ. സി. ജോസഫ്
11. ശ്രീ. കെ. എൻ. എ. ഖാദർ
12. ശ്രീ. സി. മമ്മൂട്ടി
13. ശ്രീ. കെ. മുരളീധരൻ
14. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
15. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
16. ശ്രീ. രമേശ് ചെന്നിത്തല
17. ശ്രീ. റോഷി അഗസ്റ്റിൻ
18. ശ്രീ. കെ. എസ്. ശബരീനാഥൻ
19. ശ്രീ. വി. പി. സജീന്ദ്രൻ
20. ശ്രീ. എൻ. ഷംസുദ്ദീൻ
21. ശ്രീ. പി. ടി. തോമസ്
22. ശ്രീ. പി. ഉബൈദുള്ള
23. ശ്രീ. എം. ഉമ്മർ.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. കെ. ആൻസലൻ

3. ശ്രീ. ആന്റണി ജോൺ
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. സി. ദിവാകരൻ
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. ചിറ്റയം ഗോപകുമാർ
16. ശ്രീ. സി. കെ. ഹരീന്ദ്രൻ
17. ഡോ. കെ. ടി. ജലീൽ
18. ശ്രീ. ജെയിംസ് മാത്യു
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കോവൂർ കുഞ്ഞുമോൻ

27. ശ്രീ. വി. കെ. സി. മമ്മത് കോയ

28. ശ്രീ. മാത്യു ടി. തോമസ്

29. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ

30. ശ്രീ. എ. സി. മൊയ്തീൻ

31. ശ്രീ. മുഹമ്മദ് മുഹസിൻ പി.

32. ശ്രീ. ഡി. കെ. മുരളി

33. ശ്രീ. മുരളി പെരുനെല്ലി

34. ശ്രീ. എം. നൗഷാദ്

35. ശ്രീ. യു. ആർ. പ്രദീപ്

36. ശ്രീ. എ. പ്രദീപ്കുമാർ

37. ശ്രീ. കെ. ഡി. പ്രസേനൻ

38. ശ്രീമതി യു. പ്രതിഭ ഹരി

39. ശ്രീ. പുരുഷൻ കടലുണ്ടി

40. ശ്രീ. എം. രാജഗോപാലൻ

41. ശ്രീ. കെ. രാജൻ

42. ശ്രീ. എസ്. രാജേന്ദ്രൻ

43. ശ്രീ. ആർ. രാജേഷ്

44. ശ്രീ. റ്റി. വി. രാജേഷ്

45. ശ്രീ. കെ. രാജു

46. ശ്രീ. ആർ. രാമചന്ദ്രൻ

47. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

48. ശ്രീ. മുല്ലക്കര രത്നാകരൻ

49. പ്രൊഫ. സി. രവീന്ദ്രനാഥ്

50. ശ്രീ. സജി ചെറിയാൻ

51. ശ്രീ. എസ്. ശർമ്മ

52. ശ്രീ. എ. കെ. ശശീന്ദ്രൻ

53. ശ്രീ. സി. കെ. ശശീന്ദ്രൻ

54. ശ്രീ. വി. ശശി

55. ശ്രീ. വി. ആർ. സുനിൽ കുമാർ

56. ശ്രീ. വി. എസ്. സുനിൽ കുമാർ

57. ശ്രീ. കെ. സുരേഷ് കുറുപ്പ്

58. ശ്രീ. എം. സ്വരാജ്

59. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

60. ശ്രീ. പി. തിലോത്തമൻ

61. ശ്രീ. പി. ഉണ്ണി

62. ശ്രീ. കെ. വി. വിജയദാസ്

63. ശ്രീ. പിണറായി വിജയൻ.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 23

പ്രതികൂലിക്കുന്നവർ - 63

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 621-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 521-ാം നമ്പർ വാക്കാൽ ഭേദഗതിയും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 624-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 550-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 516, 525, 527, 531, 545, 563, 567, 582, 585, 602, 618, 639 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 517, 603 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 518, 535, 541, 571 എന്നീ നമ്പർ ദേദഗതികൾ സഭ നിരാകരിച്ചു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 519-ാം നമ്പർ ദേദഗതി സഭ നിരാകരിച്ചു.

ശ്രീ. റോഷി അഗസ്റ്റിൻ അവതരിപ്പിച്ച 520, 577, 629 എന്നീ നമ്പർ ദേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 526, 528, 546, 549, 559, 569, 570, 576, 583, 586, 625, 628, 631, 641 എന്നീ നമ്പർ ദേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 536, 560, 564, 606, 616, 626, 627 എന്നീ നമ്പർ ദേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 538, 601 എന്നീ നമ്പർ ദേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശനുവേണ്ടി ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 540-ാം നമ്പർ ദേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 542, 600, 622 എന്നീ നമ്പർ ദേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 543, 548 എന്നീ നമ്പർ ദേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 562-ാം നമ്പർ ദേദഗതി സഭ നിരാകരിച്ചു.

ശ്രീ അനിൽ അക്കര അവതരിപ്പിച്ച 565-ാം നമ്പർ ദേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 566-ാം നമ്പർ ദേദഗതി സഭ നിരാകരിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 568, 604, 605 എന്നീ നമ്പർ ദേദഗതികൾ സഭ നിരാകരിച്ചുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി അവതരിപ്പിച്ച 572-ാം നമ്പർ ദേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 588, 596, 607, 615 എന്നീ നമ്പർ ദേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 598-ാം നമ്പർ ദേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 617-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. ദാസൻ അവതരിപ്പിച്ച 619, 623, 630 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 620-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബി. ഡി. ദേവസ്സി അവതരിപ്പിച്ച 638-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ഏഴാം വകുപ്പ്**

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

643. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 (2) (സി)-ൽ "വ്യവസ്ഥകൾക്ക് വിരുദ്ധമായി" എന്നതിന് പകരം "വ്യവസ്ഥകൾ ലംഘിക്കുന്നതിന്" എന്ന് ചേർക്കുക.

644. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 (2) (സി)-ൽ "ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതോ" എന്ന വാക്കുകൾ ഒഴിവാക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

645. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 (2) (സി)-ൽ "യാനമോ" എന്ന വാക്കിനുശേഷം "അല്ലെങ്കിൽ" എന്ന വാക്ക് ചേർക്കുക.

647. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 (2) (സി)-ൽ "അല്ലെങ്കിൽ ഏതെങ്കിലും" എന്ന വാക്കുകൾക്ക് ശേഷം "യന്ത്രങ്ങളോ" എന്ന വാക്ക് ചേർക്കുക.

655. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 (2) (സി)-ൽ "കളക്ടർക്ക്" എന്നതിനുപകരം "ജില്ലാ കളക്ടർക്ക് " എന്ന വാക്ക് ചേർക്കുക.

"കളക്ടർക്ക്" എന്നതിനു പകരം "ജില്ലാ കളക്ടർക്ക്" എന്ന വാക്കാണ് ചേർക്കേണ്ടത് എന്നതാണ് എന്റെ 655-ാം നമ്പർ ഭേദഗതി.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

646. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 (2) (സി)-ൽ "അല്ലെങ്കിൽ ഏതെങ്കിലും" എന്നത് ഒഴിവാക്കുക.

650. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 (2) (സി)-ൽ "കളിമണ്ണോ മണലോ മണ്ണോ" എന്നതിനു പകരം "വസ്തുക്കളോ" എന്ന് ചേർക്കുക.

654. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 (2) (സി)-ൽ "പിടിച്ചെടുക്കാവുന്നതും" എന്നതിനു പകരം "പിടിച്ചെടുക്കാവുന്നതാണ് " എന്ന് ചേർക്കുക.

658. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 (2) (സി)-ൽ "കളക്ടർക്ക് " എന്നതിനു പകരം "ജില്ലാ കളക്ടർക്ക് " എന്ന് ചേർക്കുക.

660. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 (2) (സി)-ൽ "അയയ്ക്കേണ്ടതും" എന്നതിനുപകരം "അയക്കേണ്ടതാണ്" എന്ന് ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

648. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 (2) (സി)-ൽ "ഉപകരണങ്ങളോ" എന്നതിനുശേഷം "യന്ത്രവത്കൃത ഉപകരണങ്ങളോ" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ പറഞ്ഞത് കളക്ടർക്ക് ഫോർവേഡ് ചെയ്യണം എന്ന് പറയുന്നുണ്ട് എന്നാണ്. കളക്ടർ എന്നുപറഞ്ഞാൽ ജില്ലാ കളക്ടർ ആണ്. വേറൊരു ഇന്റർപ്രട്ടേഷനും ഇടകൊടുക്കേണ്ട. ഒരു ക്ലാരിറ്റി ഉണ്ടാകുന്നത് നല്ലതാണ്. ബിൽ കളക്ടറൊക്കെയില്ലേ?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

649. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 (2) (സി)-ൽ "കളിമണ്ണോ മണലോ മണ്ണോ," എന്ന വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "കളിമണ്ണോ, മണലോ, മണ്ണോ," എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

652. ഖണ്ഡം 7 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 12 (2) (സി)-ൽ "മണലോ മണ്ണോ" എന്ന വാക്കുകൾക്ക് ശേഷം "മാലിന്യങ്ങളോ, പാറമടയിൽ നിന്ന് ലഭിക്കുന്നതോ ആയ വസ്തുക്കളോ" എന്ന വാക്കുകൾ കൂടി ചേർക്കുക.

മണ്ണ് മാത്രമല്ല നികത്താനായി ഉപയോഗിക്കുന്നത്. മാലിന്യങ്ങളും പാറമടയിൽ നിന്നുള്ള വേസ്റ്റും ഉപയോഗിക്കുന്നുണ്ട്. അതുകൂടി പറഞ്ഞില്ലെങ്കിൽ ക്ലാരിറ്റി ഉണ്ടാകുകയില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 643, 644 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 645, 647, 655 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 646, 650, 654, 658, 660 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 648-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 649-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 652-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**എട്ടാംവകുപ്പ്**

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

662. ഖണ്ഡം 8 (i) താഴെ പറയും പ്രകാരം മാറ്റുക. "(i) നിലവിലുള്ള വ്യവസ്ഥ അതിന്റെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതാണ്".

ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കപ്പെടേണ്ട ഒരു കാര്യം, ഒറിജിനൽ ആക്ടിൽ 'കളക്ടർ' എന്നാൽ 'ജില്ലാകളക്ടർ' എന്ന് അർത്ഥമാകുന്നു എന്നുപറയുന്നുണ്ട്. അതിനാൽ ഈ അമെന്റ്മെന്റിന്റെ ആവശ്യമില്ല. അത് ശ്രദ്ധിക്കേണ്ടതായിരുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

663. ഖണ്ഡം 8 (i) താഴെ പറയും പ്രകാരം മാറ്റുക :

"നിലവിലുള്ള വ്യവസ്ഥ അതിന്റെ (1)-ാം ഉപവകുപ്പുമായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"ജില്ലാ കളക്ടർ" എന്ന വാക്കിനുപകരം "കളക്ടർ" എന്ന വാക്ക് ചേർക്കേണ്ടതാണ്" .

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

664. ഖണ്ഡം 8 (ii)) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 (2)-ൽ "തീരുമാനമെടുക്കുന്നിടത്ത്" എന്ന വാക്കിന് പകരം "തീരുമാനമെടുത്തു കഴിഞ്ഞാൽ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

670. ഖണ്ഡം 8 (ii)) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 13 (2)-വകുപ്പിൽ "കളിമണ്ണ്, മണൽ, മണ്ണ്" എന്നീ വാക്കുകൾക്ക് ശേഷം "ഇവ ഉപയോഗിച്ച് നിർമ്മിക്കുന്ന ഇഷ്ടിക, ഓട്" എന്ന് ചേർക്കുക.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

671. ഖണ്ഡം 8 (ii)) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 (2)-ൽ "മണൽ, മണ്ണ്" എന്നീ വാക്കുകൾക്ക് ശേഷം "മാലിന്യങ്ങൾ, പാറമടയിൽ നിന്ന് ലഭിക്കുന്നതോ ആയ വസ്തുക്കൾ" എന്നീ വാക്കുകൾ കൂടി ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

672. ഖണ്ഡം 8 (ii)) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13(2)-ൽ "കൈയ്യൊഴിക്കുന്നതിന്" എന്നതിന് പകരം "നീക്കുന്നതിന് " എന്ന് ചേർക്കുക.

685. ഖണ്ഡം 8(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 (2)-ൽ, "അടപ്പിക്കേണ്ടതുമാണ്" എന്നതിനുപകരം "അടയ്ക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി (ശ്രീ. കെ. എൻ. എ. ഖാദർ) : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

673. ഖണ്ഡം 8 (ii)) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13(2)-ൽ "കൈയ്യൊഴിക്കുന്നതിന്" എന്നതിന് പകരം "കൈയ്യൊഴിക്കുന്നതിനും ഇവയിൽ ഏതെങ്കിലുമോ എല്ലാമോ ഉപയോഗിച്ച് നിർമ്മിക്കുന്ന ഇഷ്ടിക, ടൈൽ മുതലായവ കൈയ്യൊഴിക്കുന്നതിനും" എന്ന് ചേർക്കുക.

688. പ്രധാന അക്റ്റിലെ വകുപ്പ് 13 താഴെ പറയും പ്രകാരം ചേർക്കുക. "13. നെൽവയലോ തണ്ണീർത്തടമോ പൂർവ്വസ്ഥിതിയിലാക്കുന്നതിനു വേണ്ടിയുള്ള തീരുമാനമെടുക്കുന്നിടത്ത്, ജില്ലാകളക്ടർക്ക്, അപ്രകാരം പൂർവ്വസ്ഥിതിയിലാക്കുന്ന പ്രക്രിയയിൽ, നെൽവയലിൽ നിന്നോ തണ്ണീർത്തടത്തിൽ നിന്നോ നീക്കംചെയ്യപ്പെട്ട കളിമണ്ണ്, മണൽ, മണ്ണ് മുതലായവ കൈയൊഴിക്കുന്നതിന്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഏതൊരു നടപടിയും സ്വീകരിക്കാവുന്നതും, അപ്രകാരം ലഭിക്കുന്ന തുക ഫണ്ടിലേക്ക് അടപ്പിക്കേണ്ടതുമാണ്".

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

674. ഖണ്ഡം 8 (ii)) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 (2)-ൽ "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഏതൊരു നടപടിയും" എന്നതിനു പകരം "സർക്കാരിന്റേതായ ആവശ്യത്തിനായി ഉപയോഗിക്കുവാനുള്ള ഏതൊരു നടപടിയും സ്വീകരിക്കാവുന്നതും, അത് ആവശ്യമില്ലാത്ത പക്ഷം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള നടപടിയും" എന്ന് ചേർക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

676. ഖണ്ഡം 8 (ii)) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 (2)-ൽ "പ്രകാരമുള്ള" എന്ന വാക്കിനു ശേഷം "നിയമപരമായ" എന്ന വാക്ക് ചേർക്കുക.

686. ഖണ്ഡം 8 (ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13(2)-ൽ, "അടപ്പിക്കേണ്ടതുമാണ്" എന്നതിനുപകരം "മുതൽക്കൂട്ടേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

680. ഖണ്ഡം 8 (ii) പ്രകാരം പ്രധാന ആക്റ്റിൽ പുതിയതായി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13(2)-ൽ "അപ്രകാരം ലഭിക്കുന്ന തുക" എന്നതിന് ശേഷം "സർക്കാർ" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

681. ഖണ്ഡം 8 (ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 (2)-ൽ "ഫണ്ടിലേക്ക്" എന്ന വാക്കിനു മുൻപായി "27 (ഡി) വകുപ്പ് പ്രകാരം രൂപീകരിച്ച" എന്ന് ചേർക്കുക.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

682. ഖണ്ഡം 8 (ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 (2)-ൽ "ഫണ്ടിലേക്ക് അടപ്പിക്കേണ്ടതുമാണ്" എന്നതിനു പകരം 24 മണിക്കൂറിനുള്ളിൽ ഫണ്ടിലേക്ക് അടപ്പിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

683. ഖണ്ഡം 8 (ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 (2)-ൽ "ഫണ്ടിലേക്ക്" എന്നത് കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക്" എന്ന് മാറ്റുക.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

684. ഖണ്ഡം 8 (ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 (2)-ൽ,- "ഫണ്ടിലേക്ക് അടപ്പിക്കേണ്ടതുമാണ്" എന്നതിന് പകരം "കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് നിക്ഷേപിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

687. ഖണ്ഡം 8 (ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 (2)-ൽ "അടപ്പിക്കേണ്ടതുമാണ്" എന്ന വാക്കിന് പകരം "അടപ്പിക്കേണ്ടതും പ്രസ്തുത തുക ആ പ്രദേശത്തെ ജലസംരക്ഷണത്തിന് ഉപയോഗിക്കേണ്ടതുമാണ്" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 673-ാം നമ്പർ ഭേദഗതി സ്വീകരിക്കാവുന്നതാണ്. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 673-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 662-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 663-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 664-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. കൃഷ്ണൻകുട്ടി അവതരിപ്പിച്ച 670-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. റോഷി അഗസ്റ്റിൻ അവതരിപ്പിച്ച 671-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 672, 685 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 688-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 674-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 676, 686 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 680-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 681-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 682-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 683-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബി. ഡി. ദേവസ്സി അവതരിപ്പിച്ച 684-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 687-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**ഒൻപതാം വകുപ്പ്**

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

689. ഖണ്ഡം 9-ൽ "ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി " എന്ന വാക്കുകൾ നീക്കം ചെയ്യുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

690. ഖണ്ഡം 9-ൽ "സ്വഭാവ വ്യതിയാനം" എന്നതിനുപകരം "രൂപാന്തരം" എന്ന് ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

693. ഖണ്ഡം 9-ൽ "വരുത്തിയിട്ടുള്ള" എന്ന വാക്കിനുപകരം "വരുത്തിയ" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 689-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 690-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 693-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**പത്താം വകുപ്പ്**

ശ്രീ. ജെയിംസ് മാത്യു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

694. ഖണ്ഡം 10 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 16-ൽ "നെൽവയലിന്റെ അനുഭവക്കാരൻ" എന്ന് വരുന്നിടത്തെല്ലാം" നെൽവയലിന്റെ ഉടമസ്ഥൻ അല്ലെങ്കിൽ കൈവശക്കാരൻ " എന്ന് ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

697. ഖണ്ഡം 10(1) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(2)-ൽ "പതിനഞ്ച് ദിവസങ്ങൾക്കകം" എന്നതിന് പകരം "പത്ത് ദിവസങ്ങൾക്കകം" എന്നാക്കി മാറ്റുക.

712. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്ടിൽ പുതുതായി കൂട്ടി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 എ)-ൽ "അല്ലെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്ത് മുഖേന" എന്ന വാക്കുകൾക്ക് പകരം "അല്ലെങ്കിൽ ബന്ധപ്പെട്ട സർക്കാർ സംവിധാനം മുഖേന" എന്ന വാക്കുകൾ ചേർക്കുക.

728. ഖണ്ഡം 10 (3) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (3 ഇ)-ൽ "സമിതി" എന്നതിന് ശേഷം "ബന്ധപ്പെട്ട" എന്ന വാക്കുകൂടി ചേർക്കുക.

782. ഖണ്ഡം 10(5) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 16(5) വകുപ്പിൽ ഇനം (iv) ആയി താഴെപ്പറയുന്നത് ചേർക്കുക.

" (iv) നെൽകൃഷി ചെയ്യാൻ തത്പരരായി വരുന്ന ആൾക്ക്;".

811. ഖണ്ഡം 10(8) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(10)-ന്റെ ഇനം (vi)-ന് ശേഷം താഴെപ്പറയുന്നത് (vii)-ാം ഇനമായി ചേർക്കുക:

"(vii). ഏജൻസിക്ക് ഏൽപ്പിക്കപ്പെട്ട കാലയളവിൽ നെൽവയൽ കൃഷിയുമായി ഉണ്ടാവുന്ന തർക്കങ്ങൾ, കേസ്സുകൾ എന്നിവയ്ക്ക് ഭൂ ഉടമസ്ഥന് ബാധ്യത അല്ലെങ്കിൽ ഉത്തരവാദിത്തം ഉണ്ടാവുന്നതല്ല".

കൃഷി ചെയ്യാൻ പോകുന്ന ഭൂമിയിൽ എടുപ്പുകളും മറ്റും നടത്താൻ പാടില്ല എന്ന് പറയുന്നു. അതിനടുത്തായി അഡീഷണലായി ഒരു കാര്യംകൂടി കൂട്ടിച്ചേർക്കണം. ഈ ഭൂമിയിൽ കൃഷിയുമായി ബന്ധപ്പെട്ട തർക്കങ്ങളും കേസ്സുകളും ഭൂ ഉടമസ്ഥന്റെ പേരിൽ ഉണ്ടാകാൻ പാടില്ല എന്നുകൂടി ചേർക്കണമെന്നതാണ് എന്റെ 811-ാം നമ്പർ ഭേദഗതി.

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

699. ഖണ്ഡം 10 (1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(2) -ൽ "പതിനഞ്ച് " എന്ന വാക്കിനുപകരം "മുപ്പത് " എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

700. ഖണ്ഡം 10 (1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(2) -ൽ "പതിനഞ്ച് ദിവസങ്ങൾക്കകം" എന്നതിനു പകരം "പതിനഞ്ച് പ്രവൃത്തി ദിവസങ്ങൾക്കകം " എന്ന് ചേർക്കുക.

706. ഖണ്ഡം 10 (2) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3)-ൽ "രണ്ടുവർഷത്തിൽ " എന്നതിനു പകരം "ഒരു വർഷത്തിൽ" എന്ന് ചേർക്കുക.

745. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 ജി)-ൽ, "രണ്ട് വർഷക്കാലയളവിലേക്ക്" എന്നതിനു പകരം "ഒരു വർഷക്കാലത്തേക്ക്" എന്ന് ചേർക്കുക.

747. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 ജി)-ൽ "രണ്ട് വർഷക്കാലയളവിലേക്ക്" എന്നതിനു പകരം "മൂന്ന് വർഷക്കാലയളവിലേക്ക്" എന്നാക്കുക.

775. ഖണ്ഡം 10(5) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(5)(i)-ൽ "പാടശേഖര സമിതികൾക്ക്" എന്നത് "അംഗീകൃത പാടശേഖര സമിതികൾക്ക്" എന്നാക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

702. ഖണ്ഡം 10(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(2)-ൽ "നിഷേധിച്ചുകൊണ്ടോ " എന്ന വാക്കിന് പകരം "നിരസിച്ചുകൊണ്ടോ " എന്ന വാക്ക് ചേർക്കുക.

729. ഖണ്ഡം 10 (3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (3 ഇ)-ൽ "റവന്യൂ ഡിവിഷണൽ ഓഫീസർക്ക്" എന്ന വാക്കുകൾക്ക് മുൻപ് "ബന്ധപ്പെട്ട" എന്ന വാക്ക് ചേർക്കുക.

732. ഖണ്ഡം 10 (3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (3 ഇ)-ൽ "റഫർ ചെയ്യേണ്ടതാണ്" എന്ന വാക്കുകൾക്ക് പകരം "തുടർനടപടിക്കായി കൈമാറേണ്ടതാണ്" എന്ന വാക്കുകൾ ചേർക്കുക.

734. ഖണ്ഡം 10 (3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 16 (3 എഫ്) വകുപ്പിൽ "അപ്രകാരം റഫർ ചെയ്ത് ലഭിക്കുന്നതിൻ മേൽ" എന്ന വാക്കുകൾക്ക് പകരം "അപ്രകാരം ലഭിക്കുന്ന വിഷയത്തിന്മേൽ" എന്ന വാക്കുകൾ ചേർക്കുക.

742. ഖണ്ഡം 10 (3) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16 (3 ജി)-ൽ "ഒരു പ്രാവശ്യം പരമാവധി രണ്ട് വർഷക്കാലയളവിലേയ്ക്ക്" എന്ന വാക്കുകൾക്ക് പകരം "രണ്ട് വർഷത്തിൽ കവിയാത്ത ഒരു കാലയളവിലേക്ക്" എന്ന വാക്കുകൾ ചേർക്കുക.

755. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 ജി)യുടെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "നീക്കിവെക്കേണ്ടതും ശേഷിക്കുന്ന" എന്ന വാക്കുകൾക്ക് ശേഷം "ഇരുപത്തിയഞ്ച് ശതമാനം" എന്ന വാക്കുകൾ ചേർക്കുക.

762. ഖണ്ഡം 10 (3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (3 ജി) യുടെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "നിയമപരമായ അവകാശികളോ "എന്നതിനു പകരം "നിയമാനുസൃത അവകാശികളോ" എന്ന് ചേർക്കുക.

764. ഖണ്ഡം 10 (3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (3 ജി) യുടെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "സെക്രട്ടറി സൂക്ഷിച്ചുവരുന്ന" എന്ന വാക്കുകൾക്ക് ശേഷം "പ്രത്യേക" എന്ന വാക്ക് ചേർക്കുക.

766. ഖണ്ഡം 10 (3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (3 എച്ച്)ൽ " അയാളുടെ നിയമപരമായ അവകാശികളോ" എന്ന വാക്കുകൾക്ക് പകരം "അയാളുടെ നിയമാനുസൃത അവകാശികളോ" എന്ന വാക്കുകൾ ചേർക്കുക.

767. ഖണ്ഡം 10 (3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (3 എച്ച്)-ൽ "സിവിൽ കോടതിയുടെ" എന്ന വാക്കിനുപകരം "അധികാരിതയുള്ള സിവിൽ കോടതിയുടെ" എന്ന വാക്കു ചേർക്കുക.

768. ഖണ്ഡം 10 (3) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16(3 ഐ)ലെ ക്ലിപ്തനിബന്ധനയിൽ "സമിതി" എന്ന വാക്കിന് ശേഷം " ബന്ധപ്പെട്ട" എന്ന വാക്കു ചേർക്കുക.

772. ഖണ്ഡം 10 (4) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (4)-ൽ "(3)-ാം ഉപവകുപ്പു പ്രകാരം" എന്നതിന് ശേഷം "ഇരുകക്ഷികളും" എന്ന വാക്ക് ചേർക്കുക.

790. ഖണ്ഡം 10 (6) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കുവാനുദ്ദേശിക്കുന്ന വകുപ്പ് 16 (7)-ൽ " കരാർ പ്രകാരമുള്ള പ്രതിഫലം " എന്ന വാക്കുകൾക്ക് ശേഷം " ഓരോ തവണയും " എന്ന വാക്കുകൾ ചേർക്കുക.

792. ഖണ്ഡം 10 (7) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കുവാനുദ്ദേശിക്കുന്ന വകുപ്പ് 16 (7) -ൽ "ഭാഗമായിരിക്കുന്നതുമാണ്" എന്ന വാക്കിന് പകരം "ഭാഗമായി കണക്കാക്കേണ്ടതുമാണ്" എന്ന വാക്കുകൾ ചേർക്കുക.

803. ഖണ്ഡം 10 (8) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (10) (v)-ൽ "മണലോ ഏതെങ്കിലും ധാതുക്കളോ" എന്നതിന് പകരം "മണലോ കളിമണ്ണോ മറ്റ് ഏതെങ്കിലും ധാതുക്കളോ" എന്ന് ചേർക്കുക.

806. ഖണ്ഡം 10(8) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 16(10)(vi) വകുപ്പിൽ "സ്ഥിരം നിർമ്മാണങ്ങളോ" എന്നത് "സ്ഥിരം കെട്ടിടങ്ങളോ" എന്നാക്കുക.

817. ഖണ്ഡം 10(8) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16(12)-ന്റെ ക്ലിപ്തനിബന്ധനയിൽ "പറയുവാനുള്ളത് പറയുവാൻ" എന്ന വാക്കുകൾക്ക് ശേഷം "ന്യായമായ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

703. ഖണ്ഡം 10 (2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3) -ൽ "ഒരു പ്രാവശ്യം" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

763. ഖണ്ഡം 10 (3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (3 ജി) യുടെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "സെക്രട്ടറി" എന്ന വാക്കിനു ശേഷം "ഇതിലേക്കായി പ്രത്യേകം" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി (<u>ശ്രീ. കെ. എൻ. എ. ഖാദർ</u>): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

704. ഖണ്ഡം 10(2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3)-ൽ "ഒരു പ്രാവശ്യം " എന്നീ വാക്കുകൾക്കു ശേഷം "ഏറ്റവും കുറഞ്ഞത് " എന്നീ വാക്കുകൾ ചേർക്കുക.

714. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 എ)-ൽ "നെൽവയൽ" എന്നതിനു പകരം" നെൽവയലിൽ " എന്ന് ചേർക്കുക.

730. ഖണ്ഡം 10 (3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (3 ഇ)-ൽ "ഓഫീസർക്ക്" എന്നതിനു പകരം "ആഫീസർക്ക്" എന്ന് ചേർക്കുക.

733. ഖണ്ഡം 10 (3) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16 (3 എഫ്)-ൽ "ഓഫീസർ" എന്ന് വരുന്നിടത്തെല്ലാം "ആഫീസർ" എന്ന് ചേർക്കുക.

737. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (3 എഫ്)-ൽ "പരിഗണിക്കേണ്ടതും" എന്നതിനു പകരം "പരിഗണിച്ച് തീരുമാനമെടുക്കേണ്ടതും" എന്നീ വാക്കുകൾ ചേർക്കുക.

740. ഖണ്ഡം 10 (3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (3 ജി)-ൽ "ഓഫീസർ" എന്ന വാക്കിനുപകരം "ആഫീസർ" എന്ന വാക്ക് ചേർക്കുക.

751. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 ജി)-ലെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "നികുതി കുടിശ്ശികയിലേക്കും" എന്നീ വാക്കുകൾക്കു പകരം "നികുതിയിലേക്കും" എന്ന് ചേർക്കുക.

774. ഖണ്ഡം 10 (4) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (4)-ൽ "രണ്ട് വർഷക്കാലയളവിലേക്ക്" എന്നതിനു പകരം "രണ്ട് വർഷക്കാലയളവിലേക്കോ വിളവെടുക്കുന്നതുവരെയോ ഏതാണോ രണ്ടാമത് വരുന്നത് അതുവരെ" എന്ന് ചേർക്കുക.

788. ഖണ്ഡം 10(5) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(5)-ന്റെ ക്ലിപ്തനിബന്ധനയിൽ " ഏതെങ്കിലും ഒന്നിന്" എന്നീ വാക്കുകൾക്ക് പകരം "ഏതിനും" എന്ന് ചേർക്കുക.

791. ഖണ്ഡം 10 (7) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കുവാനുദ്ദേശിക്കുന്ന വകുപ്പ് 16 (7)-ൽ " കൃഷി ചെയ്യുന്നതിനു വേണ്ടി വന്ന " എന്നീ വാക്കുകൾക്ക് പകരം "കൃഷി ചെയ്യുന്നതിനോ നികുതി ഒടുക്കുന്നതിനോ സർക്കാരിന് കിട്ടേണ്ടിയിരുന്ന മറ്റേതെങ്കിലും തുക ഒടുക്കുന്നതിനോ വേണ്ടിവന്ന " എന്ന് ചേർക്കുക.

794. ഖണ്ഡം 10 (8) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (9)-ൽ " ആവശ്യമായ ഭേദഗതികളോടെ " എന്നീ വാക്കുകൾക്കു പകരം "ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ഏത് രീതിയിൽ ബാധകമാകുന്നുവോ അതുപോലെ " എന്ന് ചേർക്കുക.

797. ഖണ്ഡം 10 (8) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16 (10) (ii)-ൽ താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക;

" എന്നാൽ, ലൈസൻസറിന് ഇപ്രകാരം ഏൽപ്പിച്ചു കൊടുക്കപ്പെട്ട ഭൂമിയിലല്ലാതെ മറ്റേതെങ്കിലും ഭൂമിയിൽ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള വിസ്തൃതിയിൽ കൃഷി ഉള്ളപക്ഷം ലൈസൻസറിന് ലഭിക്കേണ്ടതായ ഏതെങ്കിലും സർക്കാർ ആനുകൂല്യങ്ങളോ സൗകര്യങ്ങളോ ഇത് കാരണം നിഷേധിയ്ക്കാൻ പാടുള്ളതുമല്ല. "

800. ഖണ്ഡം 10 (8) പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16 (10) (iii)-ൽ " അനുഭവക്കാരന് " എന്ന വാക്കിനുശേഷം " സിവിൽ കോടതി നിശ്ചയിക്കുന്ന പ്രകാരമുള്ള നഷ്ടപരിഹാരം " എന്ന് ചേർക്കുക.

801. ഖണ്ഡം 10 (8) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (10) (iv)-ൽ "മാറ്റം വരുത്താൻ" എന്നീ വാക്കുകൾക്കു പകരം " മാറ്റം വരുത്താനോ നീക്കം ചെയ്യാനോ " എന്ന് ചേർക്കുക.

813. ഖണ്ഡം 10(8) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(12)-ൽ "കൃഷിയോ" എന്നതിനു പകരം "കൃഷി" എന്ന് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

708. ഖണ്ഡം 10 (2) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3)-ൽ "രണ്ടു " എന്നതിനു പകരം "അഞ്ച് " എന്ന് ചേർക്കുക.

722. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 ബി)-ൽ " പതിനഞ്ചു " എന്ന വാക്കിനു ശേഷം " പ്രവൃത്തി " എന്ന് ചേർക്കുക.

744. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 ജി)-ൽ "രണ്ട്" എന്നതിനു പകരം "അഞ്ച്" എന്ന് ചേർക്കുക.

752. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 ജി)യുടെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "സർക്കാരിന് കിട്ടേണ്ട മറ്റു തുക ഏതെങ്കിലുമുണ്ടെങ്കിൽ, അതിലേക്കും," എന്ന വാക്കുകൾ ഒഴിവാക്കുക.

765. ഖണ്ഡം 10 (3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (3 ജി) യിലെ രണ്ടാം ക്ലിപ്തനിബന്ധനക്കുശേഷം ചുവടെ ചേർക്കുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നിരുന്നാലും ഇപ്രകാരം സൂക്ഷിക്കുന്ന വിഹിതം 20 വർഷക്കാലയളവിനു ശേഷവും അനുഭവക്കാരനോ അയാളുടെ നിയമപരമായ അവകാശികളോ കൈപ്പറ്റിയില്ലായെങ്കിൽ ആയത് സർക്കാരിലേക്ക് മുതൽക്കൂട്ടാവുന്നതാണ് ".

787. ഖണ്ഡം 10(5) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(5)-ന്റെ ക്ലിപ്തനിബന്ധനയിലെ " ഏതെങ്കിലും ഒന്നിന്" എന്ന വാക്കുകൾ ഒഴിവാക്കുക.

799. ഖണ്ഡം 10 (8) പ്രകാരമുള്ള പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (10) (iii) ഒഴിവാക്കുക. ബാക്കിയുള്ളവ പുനഃക്രമീകരിക്കുക.

805. ഖണ്ഡം 10(8) പ്രകാരമുള്ള വകുപ്പ് 16(10)(vi) ഉം അതിന്റെ ക്ലിപ്ത നിബന്ധനയും നീക്കം ചെയ്യുക.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

710. ഖണ്ഡം 10 (3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 -ലെ (3 എ) (3 ബി) എന്നീ ഉപവകുപ്പുകൾ ഒഴിവാക്കുക.

726. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 സി) താഴെപറയുന്ന രീതിയിൽ മാറ്റുക:

"(3 സി) നെൽവയലിന്റെ അനുഭവക്കാരൻ (2)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിനുള്ളിൽ ഒരു മറുപടി നൽകാത്തിടത്ത് നെൽവയലിന്റെ അനുഭവക്കാരൻ അനുമതിനൽകിയതായി കരുത പ്പെടുന്നതും (3 എച്ച്) ഉപവകുപ്പിൻ കീഴിൽ സമിതി നടപടികൾ സ്വീകരിക്കേണ്ടതുമാണ്. "

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

711. ഖണ്ഡം 10(3) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16(3 എ)-ൽ " ആൾ " എന്ന വാക്കിന് പകരം " വ്യക്തി" എന്ന വാക്ക് ചേർക്കുക.

713. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 എ)-ൽ " ബന്ധപ്പെട്ട പഞ്ചായത്ത്" എന്നതിന് പകരം " ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ" എന്ന വാക്കുകൾ ചേർക്കുക.

715. ഖണ്ഡം 10(3) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16(3 എ) താഴെപ്പറയും പ്രകാരം മാറ്റുക:

"(3 എ) നെൽവയലിന്റെ അനുഭവക്കാരൻ പ്രസ്തുത നെൽവയൽ കൃഷിചെയ്യുന്നതിന് അനുമതി നൽകുന്നപക്ഷം, സമിതിക്ക് നിർണ്ണയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി, അപ്രകാരമുള്ള ഫോറത്തിൽ പഞ്ചായത്തും/മുനിസിപ്പാലിറ്റിയും/കോർപ്പറേഷനും നെൽവയലിന്റെ അനുഭവക്കാരനുമായി ഒരു കരാർ ഒപ്പിട്ടുവിച്ചശേഷം പ്രസ്തുത നെൽവയൽ കൃഷി ചെയ്യുന്നതിനോ, കൃഷി ചെയ്യിപ്പിക്കുന്നതിനോ വേണ്ടി ഒരു പ്രാവശ്യം രണ്ടു വർഷത്തിൽ കവിയാതെയുള്ള ഒരു കാലയളവിലേക്ക് പഞ്ചായത്തിനെ/മുനിസിപ്പാലിറ്റിയെ/ കോർപ്പറേഷനെ ഏൽപ്പിക്കാവുന്നതാണ് ".

725. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (3 സി)-ൽ "നൽകാത്തിടത്ത്" എന്നതിന് പകരം "നൽകാത്ത സാഹചര്യത്തിൽ" എന്നു ചേർക്കുക.

749. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 ജി)-ലെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "ഭൂമിയിന്മേലുള്ള നികുതി കുടിശ്ശികയിലേക്കും" എന്നത് "ഭൂനികുതി കുടിശ്ശികയി ലേക്കും" എന്ന് മാറ്റുക.

769. ഖണ്ഡം 10 (3) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16(3 ഐ)യിലെ ക്ലിപ്തനിബന്ധനയിൽ "കൃഷി ഓഫീസറിൽ നിന്നും" എന്നതിന് മുൻപ് "ബന്ധപ്പെട്ട" എന്ന വാക്ക് ചേർക്കുക.

783. ഖണ്ഡം 10(5) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16-ൽ ഉപവകുപ്പ് (5)(iv) ആയി "പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക്" എന്ന് ചേർക്കുക.

784. ഖണ്ഡം 10(5) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16-ൽ ഉപവകുപ്പ് (5)(iv) ആയി താഴെപറയുന്നത് ചേർക്കുക.

"സാധാരണ കർഷകർക്ക്;".

789. ഖണ്ഡം 10 (6) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കുവാനുദ്ദേശിക്കുന്ന വകുപ്പ് 16 (6)-ൽ "ഏജൻസി" എന്നതിന് പകരം "ആളോ, ഏജൻസിയോ" എന്ന വാക്കുകളും, ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. വി. ഡി. സതീശനുവേണ്ടി ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

716. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 ബി)-ൽ "ഒരു കത്ത് ലഭിക്കുന്നതിൻമേൽ" എന്നതിന് പകരം "ഒരു നോട്ടീസ് ലഭിക്കുന്നതിൻമേൽ" എന്നാക്കുക.

719. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 ബി)-ൽ "അപ്രകാരമുള്ള കത്ത് ലഭിച്ച" എന്നത് "അപ്രകാരമുള്ള നോട്ടീസ് ലഭിച്ച" എന്നാക്കുക.

816. ഖണ്ഡം 10(8) പ്രകാരമുള്ള പ്രധാന ആക്റ്റിലെ വകുപ്പ് 16(12)-ന്റെ ക്ലിപ്ത നിബന്ധനയിൽ "പറയുവാൻ ഒരവസരം" എന്നത് "പറയുവാൻ ന്യായമായ അവസരം" എന്നാക്കുക.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

717. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 ബി)-ൽ " രേഖാമൂലമുള്ള ഒരു മറുപടി, അപ്രകാരമുള്ള" എന്ന വാക്കുകൾക്ക് പകരം " രേഖാമൂലം മറുപടി, ആ" എന്ന വാക്കുകൾ ചേർക്കുക.

718. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 ബി)-ൽ "അപ്രകാരമുള്ള കത്ത്" എന്നതിനുശേഷം " അത്" എന്ന് ചേർക്കുക.

723. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 സി)-ൽ "നെൽവയലിന്റെ അനുഭവക്കാരൻ" എന്ന വാക്ക് വരുന്നിടത്തെല്ലാം "ടിയാൻ" എന്നാക്കുക.

731. ഖണ്ഡം 10 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (3 ഇ)-ൽ "വിഷയം റഫർ ചെയ്യേണ്ടതാണ്" എന്നതിനു പകരം "അറിയിപ്പ് നൽകേണ്ടതാണ്" എന്ന് ചേർക്കുക.

748. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 ജി)-യിലെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "അപ്രകാരം" എന്ന വാക്കിനു പകരം "ഇങ്ങനെ" എന്ന വാക്ക് ചേർക്കുക.

756. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 ജി)-യുടെ ഒന്നാം ക്ലിപ്തനിബന്ധനയുടെ അവസാന ഭാഗത്ത് താഴെപ്പറയും പ്രകാരം ചേർക്കുക:

"എന്തെങ്കിലും കാരണംകൊണ്ട് കൃഷി നഷ്ടത്തിലായാൽപോലും അനുഭവസ്ഥന് നിശ്ചയിച്ച തുക ലഭിക്കുമെന്ന് ഉറപ്പുവരുത്തുകയും കൃഷിലാഭത്തിലാണെങ്കിൽ മുൻ നിശ്ചയിച്ച തുകയെക്കാൾ കൂടുതൽ അനുഭവസ്ഥന് ലഭിക്കുവാൻ അർഹതയുണ്ടെങ്കിൽ അതും കൂടി ലഭിക്കുമെന്ന് ഉറപ്പുവരുത്തണം".

758. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 ജി)യുടെ രണ്ടാമത്തെ ക്ലിപ്തനിബന്ധനയിൽ "എന്നുമാത്രമല്ല" എന്ന വാക്കിനു പകരം "കൂടാതെ" എന്ന വാക്ക് ചേർക്കുക.

759. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 ജി)-യുടെ രണ്ടാമത്തെ ക്ലിപ്തനിബന്ധനയിൽ "സമ്മറിയായി" എന്ന വാക്കിനു പകരം "അന്തിമമായി" എന്ന വാക്ക് ചേർക്കുക.

761. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 ജി)-യുടെ രണ്ടാമത്തെ ക്ലിപ്തനിബന്ധനയിൽ "നെൽകൃഷിയുടെ അനുഭവക്കാരനോ" എന്നതിനു പകരം "അയാളോ" എന്ന് ചേർക്കുക.

770. ഖണ്ഡം 10 (3) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 16(3 ഐ) യിലെ ക്ലിപ്തനിബന്ധനയിൽ "തീരുമാനമെടുക്കേണ്ടതും" എന്നതിനു പകരം "തീരുമാനമെടുക്കേണ്ടതാണ്." എന്നും "അപ്രകാരമുള്ള" എന്നതിന് പകരം "ഈ" എന്നും ചേർക്കുക.

810. ഖണ്ഡം 10(8) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(10)ന്റെ ഇനം (vi)-ന്റെ ക്ലിപ്തനിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക:

" എന്നാൽ, സ്ഥിരം കെട്ടിടങ്ങളോ എടുപ്പുകളോ നിർമ്മിക്കുവാൻ അനുമതി നൽകിയാൽ പ്രസ്തുത ലൈസൻസ് റദ്ദായതായി കണക്കാക്കുന്നതാണ്."

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

727. ഖണ്ഡം 10 (3) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 16 (3 ഡി) ഉപവകുപ്പ് താഴെപ്പറയുന്ന പ്രകാരം മാറ്റുക:

"(3 ഡി) അനുഭവസ്ഥനും കൃഷിക്കാരനും തമ്മിലുള്ള ഉടമ്പടി മൂന്ന് വർഷത്തേക്ക് ആയിരിക്കേണ്ടതാണ്."

743. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 ജി)-ൽ "ലേലം വഴിയോ മറ്റു വിധത്തിലോ" എന്ന വാക്കുകൾക്ക് പകരം "യുക്തമായ രീതിയിൽ" എന്ന് ചേർക്കുക.

785. ഖണ്ഡം 10(5) പ്രകാരം ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 16(5) വകുപ്പിന്റെ ക്ലിപ്തനിബന്ധന ഒഴിവാക്കേണ്ടതാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

739. ഖണ്ഡം 10 (3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (3 എഫ്)-ൽ "പരിഗണിക്കേണ്ടതും അപ്രകാരമുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്" എന്നത് "പരിഗണിക്കേണ്ടതാണ്" എന്ന് മാറ്റുക.

773. ഖണ്ഡം 10 (4) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (4)-ൽ "രണ്ട് വർഷക്കാലയളവിലേക്ക്" എന്നത് "മൂന്ന് വർഷക്കാലയളവിലേക്ക്" എന്ന് മാറ്റുക.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

741. ഖണ്ഡം 10 (3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (3 ജി)-ൽ "ഒരു പ്രാവശ്യം പരമാവധി" എന്നത് ഒഴിവാക്കുക.

ശ്രീ. അനിൽ അക്കര: സർ, ഞാൻ താഴെപറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

753. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 ജി)യുടെ ഒന്നാം ക്ലിപ്തനിബന്ധനയിൽ "ചെലവിലേക്കും ആദ്യം തട്ടിക്കിഴിക്കേണ്ടതും" എന്നത് "ചെലവിലേക്കും വിള ഇൻഷ്വറൻസ് പ്രീമിയം തുകയായി ആദ്യം തട്ടിക്കിഴിക്കേണ്ടതും" എന്ന് മാറ്റുക.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

754. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(3 ജി)യുടെ ഒന്നാം ക്ലിപ്തനിബന്ധനയിൽ" തുകയിലെ എഴുപത്തിയഞ്ച്" എന്നത് "തുകയിലെ എൺപത്" എന്നാക്കുക.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

771. ഖണ്ഡം 10 (4)(3) ഉപവകുപ്പ് 3 ഡി ഉപവകുപ്പ് 3 ജി-ൽ ഐറ്റം നാലിൽ മറ്റേതെങ്കിലും ആൾക്ക് എന്നതിനു പകരം ആ പാടശേഖരത്തിലേയോ പഞ്ചായത്തിലേയോ കർഷകനോ കർഷകത്തൊഴിലാളിക്കോ തൊഴിൽ രഹിതരായ യുവാക്കൾക്കോ യുവതികൾക്കോ നൽകാവുന്നതാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

776. ഖണ്ഡം 10(5) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(5)(ii)-ൽ, "സ്വയം സഹായ സംഘങ്ങൾക്ക്" എന്നത് "രജിസ്റ്റർ ചെയ്ത സ്വയം സഹായ സംഘങ്ങൾക്ക്" എന്ന് മാറ്റുക.

807. ഖണ്ഡം 10(8) പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(10) (vi)-ന്റെ ക്ലിപ്ത നിബന്ധന നീക്കം ചെയ്യുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

777. ഖണ്ഡം 10(5) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 16(5)(iii)-ൽ, " കുടുംബശ്രീ യൂണിറ്റുകൾക്ക്" എന്ന വാക്കിന് ശേഷം "പ്രാദേശിക കാർഷിക സഹകരണസംഘങ്ങൾക്ക്, റസിഡന്റ്സ് അസോസിയേഷനുകൾക്ക്, സന്നദ്ധ സംഘടനകൾക്ക്" എന്നീ വാക്കുകൾ കൂടി ചേർക്കുക.

812. ഖണ്ഡം 10(8) പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 16(10)-ൽ ഇനം (vi)-നുശേഷം (vii)-ാം മത്തെ ഇനമായി "(vii). പ്രസ്തുത ഭൂമി നെൽകൃഷിക്കല്ലാതെ മറ്റൊന്നിനും ഉപയോഗിക്കാൻ പാടില്ലാത്തതുമാണ്" എന്ന് ചേർക്കണം:

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

778. ഖണ്ഡം 10 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 16(5)(iii)-ൽ, " കുടുംബശ്രീ യൂണിറ്റുകൾക്ക്" എന്ന വാക്കിന് ശേഷം "പ്രാദേശിക കാർഷിക സഹകരണസംഘങ്ങൾക്ക്, റസിഡന്റ്സ് അസോസിയേഷനുകൾക്ക്" എന്നീ വാക്കുകൾ കൂടി ചേർക്കുക.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

814. ഖണ്ഡം 10(8) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(12)-ൽ "നെൽവയലിന്റെ അനുഭവക്കാരന്റെയോ സമിതിയുടെയോ പഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റിയുടെയോ കോർപ്പറേഷന്റെയോ അപേക്ഷയിൻമേലോ" എന്നതിനുപകരം "നെൽവയലിന്റെ ഉടമസ്ഥ ന്റെയോ കൈവശക്കാരന്റെയോ മറ്റാരുടെയെങ്കിലുമോ പരാതിയിൻ മേലോ" എന്ന് ചേർക്കുക.

815. ഖണ്ഡം 10(8) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(12)-ൽ "സമ്മറിയായി" എന്നതിനു പകരം "എത്രയും വേഗം" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 702, 803 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 713-ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാം കുഴി അലിക്കുവേണ്ടി ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 788-ാം നമ്പർ ഭേദഗതിയും സ്വീകരിക്കാവുന്നതാണ്. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. എം. ഉമ്മർ: ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 771-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 771-ാം നമ്പർ ഭേദഗതി പിൻവലിക്കണമോ എന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ ഭേദഗതി വേണോ വേണ്ടയോ എന്നുള്ളതിനാണ് ശ്രീ. എം. ഉമ്മർ പോൾ ആവശ്യപ്പെട്ടത്. അതേ സമയം ശ്രീ. കോവൂർ കുഞ്ഞുമോന് ഞാൻ ഈ ഭേദഗതി പിൻവലിക്കണോ വേണ്ടയോ എന്ന് പറയാനുള്ള ചാൻസുണ്ടായിരുന്നു. അപ്പോൾ ഞങ്ങൾ പോൾ ഡിമാന്റ് ചെയ്താൽ പിൻവലിക്കണോ വേണ്ടയോ എന്നുള്ളതിനാണ് പോൾ. ഇപ്പോൾ ആ സാഹചര്യത്തിൽ നിന്നുമാറി ശ്രീ. കോവൂർ കുഞ്ഞുമോൻ ഇപ്പോഴും അതിൽ ഉറച്ചുനിൽക്കുകയാണ്. ശ്രീ. കോവൂർ കുഞ്ഞുമോനോടൊപ്പം ഞങ്ങളും ഉറച്ചുനിൽക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, അങ്ങനെയാണെങ്കിൽ ഓരോ ഭേദഗതിയും മൂവ് ചെയ്യുന്നോ ഇല്ലയോ എന്ന് ചോദിക്കണം. ആ പ്രോസസ്സിലേയ്ക്ക് പോകണമെന്ന് തീരുമാനിച്ചാൽ മതി.

മി. സ്പീക്കർ : ശ്രീ. കോവൂർ കുഞ്ഞുമോൻ ഭേദഗതി മൂവ് ചെയ്യുകയുണ്ടായി. അതുകൊണ്ട് സ്വീകരിക്കണോ വേണ്ടയോ എന്ന പ്രശ്നമാണ് സഭ പരിഗണിക്കേണ്ടത്.

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 771-ാം നമ്പർ ഭേദഗതി സ്വീകരിക്കണമോ എന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ........

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി) :

അനുകൂലിക്കുന്നവർ:

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
2. ശ്രീ. അടൂർ പ്രകാശ്
3. ശ്രീ. അനിൽ അക്കര
4. ശ്രീ. അൻവർ സാദത്ത്
5. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
6. ശ്രീ. വി. ടി. ബൽറാം
7. ശ്രീ. പി. കെ. ബഷീർ
8. ശ്രീ. ടി. വി. ഇബ്രാഹിം
9. ഡോ. എൻ. ജയരാജ്
10. ശ്രീ. കെ. സി. ജോസഫ്
11. ശ്രീ. കെ. എൻ. എ. ഖാദർ
12. ശ്രീ. സി. മമ്മൂട്ടി
13. ശ്രീ. കെ. മുരളീധരൻ
14. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

15. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
16. ശ്രീ. രമേശ് ചെന്നിത്തല
17. ശ്രീ. റോഷി അഗസ്റ്റിൻ
18. ശ്രീ. കെ. എസ്. ശബരീനാഥൻ
19. ശ്രീ. വി. പി. സജീന്ദ്രൻ
20. ശ്രീ. എൻ. ഷംസുദ്ദീൻ
21. ശ്രീ. പി. ടി. തോമസ്
22. ശ്രീ. പി. ഉബൈദുള്ള
23. ശ്രീ. എം. ഉമ്മർ.

പ്രതികൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. കെ. ആൻസലൻ
3. ശ്രീ. ആന്റണി ജോൺ
4. ശ്രീ. എ. എം. ആരിഫ്
5. ശ്രീമതി സി. കെ. ആശ
6. ശ്രീ. കെ. ബാബു
7. ശ്രീ. എ. കെ. ബാലൻ
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. സി. ദിവാകരൻ
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. ചിറ്റയം ഗോപകുമാർ

16. ശ്രീ. സി. കെ. ഹരീന്ദ്രൻ
17. ഡോ. കെ. ടി. ജലീൽ
18. ശ്രീ. ജെയിംസ് മാത്യു
19. ശ്രീ. ജി. എസ്. ജയലാൽ
20. ശ്രീ. ഇ. പി. ജയരാജൻ
21. ശ്രീ. ജോൺ ഫെർണാണ്ടസ്
22. ശ്രീ. വി. ജോയി
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കൃഷ്ണൻകുട്ടി
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. വി. കെ. സി. മമ്മത് കോയ
28. ശ്രീ. മാത്യു ടി. തോമസ്
29. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
30. ശ്രീ. എ. സി. മൊയ്തീൻ
31. ശ്രീ. മുഹമ്മദ് മുഹസിൻ പി.
32. ശ്രീ. ഡി. കെ. മുരളി
33. ശ്രീ. മുരളി പെരുനെല്ലി
34. ശ്രീ. എം. നൗഷാദ്
35. ശ്രീ. യു. ആർ. പ്രദീപ്
36. ശ്രീ. എ. പ്രദീപ്കുമാർ
37. ശ്രീ. കെ. ഡി. പ്രസേനൻ
38. ശ്രീമതി യു. പ്രതിഭ ഹരി
39. ശ്രീ. പുരുഷൻ കടലുണ്ടി
40. ശ്രീ. എം. രാജഗോപാലൻ

41. ശ്രീ. കെ. രാജൻ
42. ശ്രീ. എസ്. രാജേന്ദ്രൻ
43. ശ്രീ. ആർ. രാജേഷ്
44. ശ്രീ. റ്റി. വി. രാജേഷ്
45. ശ്രീ. കെ. രാജു
46. ശ്രീ. ആർ. രാമചന്ദ്രൻ
47. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
48. ശ്രീ. മുല്ലക്കര രത്നാകരൻ
49. പ്രൊഫ. സി. രവീന്ദ്രനാഥ്
50. ശ്രീ. സജി ചെറിയാൻ
51. ശ്രീ. എസ്. ശർമ്മ
52. ശ്രീ. എ. കെ. ശശീന്ദ്രൻ
53. ശ്രീ. സി. കെ. ശശീന്ദ്രൻ
54. ശ്രീ. വി. ശശി
55. ശ്രീ. വി. ആർ. സുനിൽ കുമാർ
56. ശ്രീ. വി. എസ്. സുനിൽ കുമാർ
57. ശ്രീ. കെ. സുരേഷ് കുറുപ്പ്
58. ശ്രീ. എം. സ്വരാജ്
59. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
60. ശ്രീ. പി. തിലോത്തമൻ
61. ശ്രീ. പി. ഉണ്ണി
62. ശ്രീ. കെ. വി. വിജയദാസ്
63. ശ്രീ. പിണറായി വിജയൻ.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 23

പ്രതികൂലിക്കുന്നവർ - 63

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ശ്രീ. കോവൂർ കുഞ്ഞുമോൻ അവതരിപ്പിച്ച 771-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 702, 803 എന്നീ നമ്പർ ഭേദഗതികളും ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 713-ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 788-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 694-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 697, 712, 728, 782, 811 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 699-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 700, 706, 745, 747, 775 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 729, 732, 734, 742, 755, 762, 764, 766, 767, 768, 772, 790, 792, 806, 817 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 703, 763 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 704, 714, 730, 733, 737, 740, 751, 774, 791, 794, 797, 800, 801, 813 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 708, 722, 744, 752, 765, 787, 799, 805 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 710, 726 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 711, 715, 725, 749, 769, 783, 784, 789 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശനുവേണ്ടി ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 716, 719, 816 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ അവതരിപ്പിച്ച 717, 718, 723, 731, 748, 756, 758, 759, 761, 770, 810 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. കൃഷ്ണൻകുട്ടി അവതരിപ്പിച്ച 727, 743, 785 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 739, 773 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. അബ്ദുറബ്ബ് അവതരിപ്പിച്ച 741-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അനിൽ അക്കര അവതരിപ്പിച്ച 753-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 754-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 776, 807 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 777, 812 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. റോഷി അഗസ്റ്റിൻ അവതരിപ്പിച്ച 778-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എ. പ്രദീപ്കുമാർ അവതരിപ്പിച്ച 814, 815 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**പതിനൊന്നാം വകുപ്പ്**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

818. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19(1)-ൽ "ഇഷ്ടിക, ടൈൽ" എന്നീ വാക്കുകൾക്കുശേഷം "തറയോട്" എന്ന വാക്ക് ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

819. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19(1)-ൽ "ഇഷ്ടിക, ടൈൽ തുടങ്ങിയവയോ" എന്നതിനുശേഷം "യന്ത്രമോ"എന്നു ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

820. ഖണ്ഡം 11 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 19(1)-ൽ "ചേർക്കേണ്ടതും" എന്ന വാക്കിന് പകരം "ചേർക്കേണ്ടതാണ്" എന്ന് ഭേദഗതി ചെയ്യുകയും ശേഷിക്കുന്ന ഭാഗം വിട്ടുകളയുകയും ചെയ്യുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 818-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 819-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 820-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**പന്ത്രണ്ടാം വകുപ്പ്**

ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി (ശ്രീ. കെ. എൻ. എ. ഖാദർ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

822. ഖണ്ഡം 12 (i) ഒഴിവാക്കുക.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

825. ഖണ്ഡം 12(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 20(1)-ൽ, "ജില്ലാകളക്ടർ" എന്നത് "ജില്ലാ കളക്ടർ" എന്നാക്കുക.

826. ഖണ്ഡം 12(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 20(1)-ലെ ക്ലിപ്തനിബന്ധനയിൽ, "ജില്ലാകളക്ടർക്ക്" എന്നത് "ജില്ലാ കളക്ടർക്ക്" എന്നാക്കുക.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

827. ഖണ്ഡം 12(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 20(1)-ലെ ക്ലിപ്തനിബന്ധനയിൽ, "മണൽ, മണ്ണ്" എന്നീ വാക്കുകൾക്ക് ശേഷം "മാലിന്യങ്ങൾ, പാറമടയിൽ നിന്ന് ലഭിക്കുന്ന വസ്തുക്കൾ" എന്നീ വാക്കുകൾ ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ഞാൻ താഴെപറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

828. ഖണ്ഡം 12(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 20(1)-ലെ ക്ലിപ്തനിബന്ധനയിൽ, "കയ്യൊഴിക്കുന്നതിന്" എന്നതിന് പകരം "വിറ്റൊഴിക്കുന്നതിന്" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

829. ഖണ്ഡം 12(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 20(1)-ലെ ക്ലിപ്തനിബന്ധനയിൽ, "അപ്രകാരം ലഭിക്കുന്ന തുക" എന്ന വാക്കുകൾക്ക് ശേഷം "കാർഷിക അഭിവൃദ്ധി" എന്നുകൂടി ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

831. ഖണ്ഡം 12(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 20(1)-ലെ ക്ലിപ്തനിബന്ധനയിൽ, "ഫണ്ടിലേക്ക് അടപ്പിക്കേണ്ടതുമാണ്" എന്ന വാക്കുകൾക്ക് പകരം "ഫണ്ടിലേക്ക് അടപ്പിക്കേണ്ടതും പ്രസ്തുത തുക ആ പ്രദേശത്തെ ജലസംരക്ഷണ ആവശ്യത്തിന് ഉപയോഗിക്കേണ്ടതുമാണ്" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

832. ഖണ്ഡം 12(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 20(1)-ലെ ക്ലിപ്തനിബന്ധനയിൽ, "അടപ്പിക്കേണ്ടതുമാണ്" എന്ന വാക്കിനുപകരം "അടപ്പിക്കാവുന്നതുമാണ്" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. സി. ജോസഫ്: സർ, 822, 823, 824 എന്നിവ ഒരേ ഭേദഗതികളാണ്. ബഹുമാനപ്പെട്ട മന്ത്രി നിയമം പരിശോധിക്കണം. കളക്ടർ എന്നാൽ ജില്ലയുടെ കളക്ടർ എന്ന് അർത്ഥമാകുന്നതും അതിൽ കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഉൾപ്പെടുന്നതാകുന്ന എന്നാണ് പേരന്റ് ആക്ടിൽ പറയുന്നത്. കളക്ടർ എന്നാൽ ജില്ലാ കളക്ടർ ആകുന്നുവെന്ന് വീണ്ടും ഇവിടെ പറയേണ്ട ആവശ്യമുണ്ടോ?

മി. സ്പീക്കർ: അത് മൂവ് ചെയ്യുന്ന സമയത്ത് പറയേണ്ടതായിരുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഒരു നിയമം നിർമ്മിക്കുമ്പോൾ അതിനകത്തുള്ള കുത്തും കോമയും പോലും കോടതിയിൽ വ്യാഖ്യാനിക്കപ്പെടും. ജില്ലാകളക്ടർ എന്നത് ജില്ലാ കളക്ടർ എന്ന രണ്ട് വാക്കുകൾ ആക്കണമെന്നതാണ് ഞാൻ അവതരിപ്പിച്ച 825, 826 എന്നീ നമ്പർ ഭേദഗതികൾ. അത് അംഗീകരിക്കേണ്ടതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 822-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 825, 826 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. റോഷി അഗസ്റ്റിൻ അവതരിപ്പിച്ച 827-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 828-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 829-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 831-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 832-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ.....................

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**പതിമൂന്നാം വകുപ്പ്**

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

833. ഖണ്ഡം 13 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23-ൽ, "മൂന്ന് വർഷം" എന്നത് "നാലു വർഷം" എന്നു മാറ്റുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

834. ഖണ്ഡം 13 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 23-ൽ, "മൂന്ന് വർഷം" എന്ന വാക്കുകൾക്കു പകരം "അഞ്ച് വർഷം" എന്ന വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 833-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 834-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**പതിനാലാം വകുപ്പ്**

(ഭേദഗതിയില്ല.)

മി. സ്പീക്കർ: പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**പതിനഞ്ചാം വകുപ്പ്**

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

836. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ(1)ൽ, "വീടുവയ്ക്കുന്നതിനുള്ള" എന്നത് "വീടുവെയ്ക്കുന്നതിന്" എന്നു മാറ്റുകയും "ആവശ്യത്തിനോ വാണിജ്യ ആവശ്യങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കുവാൻ" എന്നത് ഒഴിവാക്കുകയും ചെയ്യുക.

886. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (6)ന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "പാർപ്പിട സമുച്ചയങ്ങളോ" എന്നതിനു ശേഷം വരുന്ന "സമുച്ചയങ്ങളോ" എന്ന വാക്ക് ഒഴിവാക്കുക.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

837. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ(1)-ൽ, "ആവശ്യത്തിനോ വാണിജ്യ ആവശ്യങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോ" എന്നീ വാക്കുകൾക്ക് പകരം "ആവശ്യത്തിന്" എന്ന വാക്ക് ചേർക്കുക.

842. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ(2)ൽ, "റവന്യൂ ഡിവിഷണൽ ഓഫീസർക്ക്" എന്ന വാക്കുകൾക്കുശേഷം "ബന്ധപ്പെട്ട പ്രാദേശിക നിരീക്ഷണ സമിതിയുടെ റിപ്പോർട്ടും" എന്ന വാക്കുകൾ ചേർക്കുക.

860. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (2)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയായി താഴെ പറയുന്നവ ചേർക്കുക:

"എന്നാൽ, യാതൊരു സാഹചര്യത്തിലും ഇപ്രകാരം പരിഗണിക്കുന്ന ഭൂമിയുടെ വിസ്തീർണ്ണം 200 ആർ-ൽ ചെയ്യാൻ പാടുള്ളതല്ല".

861. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (2)-യുടെ രണ്ടാം ക്ലിപ്തനിബന്ധനയായി താഴെ പറയും പ്രകാരം ചേർക്കുക:

"എന്നാൽ, അനുവദിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം 20.2 ആർ-ൽ അധികരിക്കുന്നപക്ഷം ഇതുസംബന്ധിച്ച് പരിസ്ഥിതി ആഘാത പഠനം നടത്തി ആ റിപ്പോർട്ട് പരിഗണിച്ചശേഷം മാത്രമേ ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കാൻ പാടുള്ളൂ."

887. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (6)-ന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "സമുച്ചയങ്ങളോ ഫ്ലാറ്റുകളോ" എന്നീ വാക്കുകൾ നീക്കംചെയ്യുക.

891. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (7)-ന്റെ ക്ലിപ്തനിബന്ധനയിൽ, "പുതിയ നിർമ്മാണങ്ങൾ വഴി വർദ്ധിപ്പിച്ചിട്ടുള്ള പക്ഷം" എന്ന വാക്കുകൾക്ക് പകരം "പുതിയ നിർമ്മാണങ്ങളോ, കൂട്ടിച്ചേർക്കലുകളോ വഴി വർദ്ധിപ്പിക്കുന്ന പക്ഷം" എന്ന വാക്കുകൾ ചേർക്കുക.

896. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (8)-ൽ "ആവശ്യമാകുന്നിടത്ത് " എന്ന വാക്കിനു ശേഷം "ഇതു സംബന്ധിച്ച് പരിസ്ഥിതി ആഘാത പഠനം നടത്തി ആ റിപ്പോർട്ടും പ്രാദേശിക നിരീക്ഷണ സമിതി റിപ്പോർട്ടും പരിഗണിച്ച ശേഷം" എന്ന വാക്കുകൾകൂടി ചേർക്കുക.

902. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (8)-ന് ശേഷം താഴെ പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

" എന്നാൽ, പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ള ശിപാർശകൾ നടപ്പിലാക്കിയ ശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ അനുമതി ഉത്തരവ് നൽകാവൂ."

905. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (9)-ൽ "ലഭിക്കുന്നതിന്മേൽ" എന്ന വാക്കിനുപകരം "നടപ്പിലാക്കിയ ശേഷം" എന്ന വാക്കുകൾ ചേർക്കുക.

908. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (9)-ന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "20.2 ആറിൽ" എന്നത് "10.1 ആറിൽ" എന്ന് മാറ്റുക.

909. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (9)-ന്റെ രണ്ടാമത്തെ ക്ലിപ്ത നിബന്ധനയിൽ "കൂടുതലാകുന്നിടത്ത്" എന്ന വാക്കിന് ശേഷം "ഇതു സംബന്ധിച്ച പരിസ്ഥിതി ആഘാത പഠനം നടത്തി ആ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നിർദ്ദേശിക്കുകയും" എന്ന് മാറ്റുക.

912. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (9)-ന്റെ രണ്ടാമത്തെ ക്ലിപ്തനിബന്ധനയിൽ "നീക്കി വെക്കേണ്ട താണ് " എന്നത് "നീക്കി വെക്കാനും ഉള്ള വ്യവസ്ഥകൾ നടപ്പിലാക്കാൻ നിർദ്ദേശിക്കേണ്ടതാണ്" എന്ന് മാറ്റുക.

958. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ബി (4) ഒഴിവാക്കുക.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

838. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ(1)ൽ, "മറ്റ് ആവശ്യങ്ങൾക്കോ" എന്ന വാക്കുകൾ ഒഴിവാക്കുക.

893. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (7)-ന്റെ ക്ലിപ്തനിബന്ധനയിൽ, " ഫീസ്" എന്ന വാക്കിന് പകരം "ഫീസിന്റെ നാലിരട്ടി വരുന്ന തുക പിഴയായി" എന്ന വാക്കുകൾ ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

839. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (1) താഴെപ്പറയും പ്രകാരം മാറ്റുക:

"27 എ. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം.- (1) വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ ഏതെങ്കിലും ഉടമസ്ഥൻ, അപ്രകാരമുള്ളഭൂമി, വീടുവയ്ക്കുന്നതിനുള്ള ആവശ്യത്തിനോ വാണിജ്യ ആവശ്യങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കുവാൻ ആഗ്രഹി ക്കുന്നപക്ഷം, അയാൾ, റവന്യു ഡിവിഷണൽ ഓഫീസർക്ക് നിർണ്ണയി ക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ, പ്രാദേശിക നിരീക്ഷണ സമിതി വഴി അനുമതിക്കായി അപേക്ഷ നൽകേണ്ടതാണ്."

889. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (6)-ന്റെ ഒന്നാം ക്ലിപ്തനിബന്ധന താഴെപ്പറയുന്ന പ്രകാരം മാറ്റുക.

"എന്നാൽ, ഈ ഉപവകുപ്പിൽ വ്യക്തമായിട്ടുള്ള "വീട്" എന്നതിന്റെ അർത്ഥവ്യാപ്തിക്കുള്ളിൽ പാർപ്പിട സമുച്ചയങ്ങളോ ഫ്ളാറ്റുകളോ ബഹുനില പാർപ്പിട സമുച്ചയങ്ങളോ ഉൾപ്പെടുന്നതല്ല".

945. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ബി (2)-ൽ "അഞ്ഞൂറ്" എന്നതിന് പകരം "നൂറ്" എന്ന് ചേർക്കുക.

973. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ഡി (1)-ൽ "പരാമർശിക്കപ്പെടുന്ന" എന്ന വാക്കിനു പകരം "പരാമർശിക്കുന്ന" എന്ന വാക്ക് ചേർക്കുക.

977. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ഡി (1)-ൽ "കാർഷിക അഭിവൃദ്ധി ഫണ്ട്" എന്ന വാക്കുകൾക്കു പകരം "കർഷക ക്ഷേമ ഫണ്ട്" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

840. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ(2) ഒഴിവാക്കുക.

871. ഖണ്ഡം15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ(4)-ൽ "പ്രസ്തുത കൃഷി ഉറപ്പു വരുത്തുന്നതിന്" എന്ന വാക്കുകൾ നീക്കം ചെയ്യുക.

880. ഖണ്ഡം15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 27 എ (6) വകുപ്പ് ഒഴിവാക്കുക.

882. ഖണ്ഡം15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (6)-ൽ "4.04" എന്നതിനു പകരം "4.05" എന്ന് ചേർക്കുക.

895. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (8) ഒഴിവാക്കുക.

904. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 27 എ (9) വകുപ്പ് ഒഴിവാക്കുക.

914. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (10) ഒഴിവാക്കിയ ശേഷം ശേഷിക്കുന്നവ പുനരക്കം ചെയ്യുക.

956. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 27 ബി (4) വകുപ്പ് ഒഴിവാക്കുക.

983. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ഡി (2) -ൽ "ലോക്കൽ ഫണ്ടിന്റെ ആഡിറ്റിനു " എന്നതിനു പകരം "കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റിനു" എന്നു ചേർക്കുക.

984. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ഡി (2) -ൽ "ലോക്കൽ ഫണ്ടിന്റെ ആഡിറ്റിനു " എന്നതിനു പകരം "സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റിനു" എന്നാക്കിമാറ്റുക.

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

841. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ(2)-ൽ, "ഏതെങ്കിലും കോടതിയുടെയോ" എന്നത് "ഏതെങ്കിലും സിവിൽ കോടതിയുടേയോ" എന്ന് മാറ്റുക.

844. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ(2)ൽ, "ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ" എന്ന വാക്കുകൾക്ക് ശേഷം "ശിപാർശ സഹിതമുള്ള" എന്ന വാക്കുകൾ ചേർക്കുക.

845. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ(2)ൽ, "ആവശ്യമെന്ന് കരുതുന്ന" എന്ന വാക്കുകൾക്ക് ശേഷം "അനുയോജ്യമായ" എന്ന വാക്ക് ചേർക്കുക.

856. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (2)-ന്റെ ക്ലിപ്തനിബന്ധനയിൽ, "ഭൂമിയുടെ വിസ്തീർണ്ണം" എന്നത് "ഭൂമിയുടെ ആകെ വിസ്തീർണ്ണം"എന്നാക്കുക.

862. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (3)-ൽ, "നിരക്കിൽ ഒരു ഫീസ്" എന്നത് "നിരക്കിൽ ഒരു തുക ഫീസായി"എന്നാക്കുക.

865. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (3)-ന്റെ ക്ലിപ്തനിബന്ധനയിൽ "അപേക്ഷകൻ" എന്ന വാക്കിനു ശേഷം "അതത് സംഗതി പോലെ"എന്ന വാക്കുകൾ ചേർക്കുക.

866. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (3)-ന്റെ ക്ലിപ്തനിബന്ധനയിൽ "യാതൊരു ഫീസും" എന്ന വാക്കുകൾക്ക് ശേഷം "അപേക്ഷകനിൽ നിന്ന്" എന്ന വാക്കുകൾ ചേർക്കുക.

872. ഖണ്ഡം15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ(4)-ൽ "ആവശ്യമായ പ്രകാരമുള്ള" എന്നതിനുശേഷം "അനുയോജ്യ" എന്ന വാക്ക് ചേർക്കുക.

874. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (4)-ൽ "വ്യക്തമാക്കേണ്ടതുമാണ്" എന്നതിനു പകരം "നിർദ്ദേശിക്കേണ്ടതുമാണ് " എന്ന് ചേർക്കുക.

876. ഖണ്ഡം15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (4)-ന്റെ ക്ലിപ്തനിബന്ധനയിൽ, "പ്രദേശത്തിന്റെ" എന്നത് "ബന്ധപ്പെട്ട പ്രദേശത്തിന്റെ" എന്ന് മാറ്റുക.

884. ഖണ്ഡം15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (6)-ൽ "120" എന്നതിനു പകരം " നൂറ്റിഇരുപത്" എന്ന വാക്ക് ചേർക്കുക.

888. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (6)ന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ "സമുച്ചയങ്ങളോ ഫ്ലാറ്റുകളോ" എന്നതിന് പകരം "മറ്റ് സമുച്ചയങ്ങളോ ഫ്ലാറ്റുകളോ അപ്പാർട്ട്മെന്റുകളോ" എന്ന വാക്കുകൾ ചേർക്കുക.

892. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (7)-ന്റെ ക്ലിപ്തനിബന്ധനയിൽ, " നിർമ്മാണങ്ങൾ വഴി" എന്നതിനു പകരം "നിർമ്മാണങ്ങളോ, കൂട്ടിച്ചേർക്കലുകളോ വഴി" എന്ന് ചേർക്കുക.

899. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (8)-ൽ " സർക്കാരിന് " എന്ന വാക്കിനു ശേഷം "ശിപാർശ സഹിതം" എന്ന വാക്കുകൾ ചേർക്കുക.

901. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (8)-ൽ " ഉറപ്പുവരുത്തുന്നതിന് ആവശ്യമായ" എന്ന വാക്കുകൾക്ക് ശേഷം "അനുയോജ്യ" എന്ന് ചേർക്കുക.

910. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (9)-ന്റെ രണ്ടാമത്തെ ക്ലിപ്ത നിബന്ധനയിൽ "ജല സംരക്ഷണ നടപടികൾക്കായി" എന്ന വാക്കുകൾക്ക് പകരം "അനുയോജ്യ ജല സംരക്ഷണ നടപടികൾക്കായി" എന്ന വാക്കുകൾ ചേർക്കുക.

923. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ പുതിയതായി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (12)ൽ, "പറയുവാനുള്ളത് പറയുവാൻ" എന്ന വാക്കുകൾക്ക് ശേഷം "ന്യായമായ" എന്ന വാക്ക് ചേർക്കുക.

938. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ബി (1)-ൽ "ജില്ലാകളക്ടർക്ക്" എന്നത് "ജില്ലാ കളക്ടർക്ക്" എന്നാക്കുക.

951. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 (ബി) (3)-ൽ "പറയുവാനുള്ളത് പറയുവാൻ" എന്നതിന് ശേഷം "ന്യായമായ" എന്നത് ചേർക്കുക.

955. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ബി (3) താഴെപ്പറയും പ്രകാരം മാറ്റുക.

"(3) ജില്ലാ കളക്ടർ, അപ്പീൽവാദിക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരവസരം നൽകിയതിന് ശേഷം, അപ്പീൽ കഴിയുന്നത്ര വേഗം തീർപ്പാക്കേണ്ടതാണ്".

959. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ബി (4)-ൽ "അപ്പീലിലുള്ള" എന്ന വാക്കിന് പകരം "അപ്പീലിന്മേലുള്ള" എന്ന വാക്ക് ചേർക്കുക.

963. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 സി (1)-ൽ "ഏതെങ്കിലും കോടതിയുടേയോ" എന്ന വാക്കുകൾക്ക് പകരം "ഏതെങ്കിലും സിവിൽ കോടതിയുടേയോ" എന്ന് ചേർക്കുക.

964. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 സി (1)-ൽ "ഉത്തരവ് പുറപ്പെടുവിച്ച ഭൂമിക്ക്" എന്ന വാക്കുകൾക്ക് പകരം "ഉത്തരവ് പുറപ്പെടുവിച്ച ഭൂമിക്ക് വേണ്ടി" എന്ന വാക്കുകൾ ചേർക്കുക.

970. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 സി (5)-ൽ "രേഖകൾ പരിഷ്കരിക്കുന്നതിനോ" എന്ന വാക്കുകൾക്ക് ശേഷം "റവന്യൂ രേഖകളിൽ" എന്ന വാക്കുകൾ ചേർക്കുക.

972. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 സി (5)-ൽ "യാതൊരു ശ്രമവും" എന്ന വാക്കുകൾക്ക് ശേഷം "ബന്ധപ്പെട്ട ഉദ്യോഗസ്ഥർ" എന്ന വാക്കുകൾ ചേർക്കുക.

974. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ഡി (1)-ൽ "പരാമർശിക്കപ്പെടുന്ന" എന്ന വാക്കിനു ശേഷം "ഒരു" എന്ന വാക്ക് ചേർക്കുക.

979. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ഡി (2) -ൽ "സംസ്ഥാന തല ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കുന്നതും " എന്ന വാക്കുകൾക്ക് പകരം "ഒരു സംസ്ഥാനതല ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കേണ്ടതും" എന്ന വാക്കുകൾ ചേർക്കുക.

985. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ഡി (2) -ൽ "ലോക്കൽ ഫണ്ടിന്റെ ആഡിറ്റിനു ആയത് വിധേയമായിരിക്കേണ്ടതുമാണ് " എന്നതിനു പകരം "ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമായിരിക്കേണ്ടതുമാണ്" എന്നത് ചേർക്കുക.

988. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 27 ഡി (3) വകുപ്പിൽ "വിനിയോഗിക്കലും " എന്ന വാക്കിന് ശേഷം "അതത് സംഗതിപോലെ" എന്ന് ചേർക്കുക.

ഇത് സിവിൽ മാറ്ററാണ്, ക്രിമിനൽ കോടതിയിൽ പോകേണ്ടതല്ല. അതുകൊണ്ട് ഏതെങ്കിലും കോടതിയുടേയോ എന്നത് ഏതെങ്കിലും സിവിൽ കോടതിയുടേയോ എന്നാക്കി മാറ്റണമെന്നുള്ളതാണ് 841-ാം നമ്പർ ഭേദഗതി.

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

846. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ പുതുതായി ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ(2)-ൽ, "നടപടികളിലൂടെ" എന്ന വാക്കിനു പകരം "നടപടികൾ സ്വീകരിച്ച ശേഷം" എന്ന വാക്കുകൾ ചേർക്കുക.

855. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (2)-ന്റെ ക്ലിപ്തനിബന്ധനയിൽ, “ അപേക്ഷ അനുവദിക്കപ്പെട്ട " എന്ന വാക്കുകൾക്ക് പകരം "വിജ്ഞാപനം ചെയ്യപ്പെടാത്ത"എന്ന വാക്കുകൾ ചേർക്കുക.

864. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (3)-ന്റെ ക്ലിപ്തനിബന്ധനയിൽ "അപേക്ഷ അനുവദിക്കുന്ന" എന്ന വാക്കുകൾക്കു പകരം "വിജ്ഞാപനം ചെയ്യപ്പെടാത്ത" എന്ന വാക്കുകൾ ചേർക്കുക.

"അപേക്ഷ അനുവദിക്കുന്ന" എന്നീ വാക്കുകൾക്കു പകരം "വിജ്ഞാപനം ചെയ്യപ്പെടാത്ത" എന്ന് പറയുമ്പോൾ മാത്രമേ അത് ശരിയാകുകയുള്ളൂ. അതുകൊണ്ട് എന്റെ 864-ാം നമ്പർ ഭേദഗതി അംഗീകരിക്കേണ്ടതാണ്.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

848. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ(2)ൽ, "സമീപത്തെ നെൽവയൽ, ഏതെങ്കിലും ഉണ്ടെങ്കിൽ, അതിലേക്കുള്ള സുഗമമായ" എന്നതിനു പകരം "സമീപത്തെ നെൽവയൽ, ഏതെങ്കിലും ഉണ്ടെങ്കിൽ, അവിടത്തെ കൃഷിയേയും, അതിൻമേലുള്ള സുഗമമായ" എന്ന് ചേർക്കുക.

941. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ബി (2)-ൽ " പകർപ്പും അഞ്ഞൂറ് രൂപ ഫീസ് സഹിതം" എന്ന വാക്കുകൾക്ക് പകരം "പകർപ്പ് സഹിതം" എന്ന വാക്കുകൾ ചേർക്കുക.

953. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ബി (3)-ൽ "കഴിയുന്നത്രവേഗം" എന്നതിനു പകരം "നാൽപ്പത്തിയഞ്ച് ദിവസങ്ങൾക്കകം"എന്ന് ചേർക്കുക.

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

849. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ(2)-ൽ, "നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നില്ല" എന്നത് "നീരൊഴുക്കിനെയും, ഗമനനിർഗ്ഗമന മാർഗ്ഗങ്ങളെയും തടസ്സപ്പെടുത്തുന്നില്ല" എന്ന് മാറ്റുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

852. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (2)-ൽ, " ഉറപ്പുവരുത്തിക്കൊണ്ട് "എന്ന വാക്കിനു പകരം "ഉറപ്പുവരുത്തിക്കൊണ്ടും അത്തരം ഉറപ്പുകളിൽ സ്വീകരിക്കേണ്ട ജലസംരക്ഷണ നടപടികൾ വിശദമാക്കിക്കൊണ്ടും"എന്ന വാക്കുകൾ ചേർക്കുക.

926. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (13)ൽ, "പരിഗണിക്കേണ്ടതും" എന്ന വാക്കിനു ശേഷം "അത്തരം പരിഗണനകൾ ഈ ആവശ്യത്തിലേക്ക് മാത്രമായി പരിമിതപ്പെടുത്തി" എന്ന വാക്കുകൾ കൂടി ചേർക്കുക.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

853. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (2)-ൽ, "യുക്തമെന്നും, ശരിയായതെന്നും കരുതുന്ന പ്രകാരമുള്ള" എന്നതിനുപകരം "യുക്തമായ"എന്നു ചേർക്കുക.

854. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (2)-ൽ, "പ്രകാരമുള്ള ഉത്തരവുകൾ" എന്നതിനുശേഷം "കോടതി നിർദ്ദേശങ്ങൾ അല്ലെങ്കിൽ കോടതി ഉത്തരവുകൾ പാലിച്ചുകൊണ്ട് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് " എന്നു ചേർക്കുക.

903. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (8) നു പകരം താഴെ പറയുന്നത് ചേർക്കുക:

"ഏതെങ്കിലും പൊതു ആവശ്യത്തിലേക്കായി വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ പരിവർത്തനപ്പെടുത്തൽ ആവശ്യമാകുന്നിടത്ത് റവന്യൂ ഡിവിഷണൽ ഓഫീസർ, വില്ലേജ് ഓഫീസറിൽ നിന്നും റിപ്പോർട്ട് വാങ്ങി സമീപത്തെ നെൽവയൽ, ഏതെങ്കിലുമുണ്ടെങ്കിൽ, അതിലേക്കുള്ള സുഗമമായ നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ വിശദീകരിച്ചുകൊണ്ട് ജില്ലാകളക്ടർക്ക് ഒരു റിപ്പോർട്ട് നൽകേണ്ടതും ഇത് ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ ജലസംരക്ഷണ നടപടികൾ നിർദ്ദേശിക്കേണ്ടതുമാണ്."

906. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (9) ന്റെ ഒന്നാം ക്ലിപ്ത നിബന്ധന ഒഴിവാക്കുക.

913. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (9) താഴെപ്പറയും പ്രകാരം മാറ്റുക.

"(9) ജില്ലാ കളക്ടർ, (8)ാം ഉപ വകുപ്പ് പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസറിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്മേൽ, പൊതു ആവശ്യത്തിലേക്കായി വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ പരിവർത്തനപ്പെടുത്തൽ, ആവശ്യമാണെന്ന് ജില്ലാ കളക്ടർക്ക് ബോധ്യപ്പെടുന്ന പക്ഷം പൊതു ആവശ്യത്തിലേക്കായി വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി രൂപാന്തരപ്പെടുത്തുന്നതിന് അവശ്യം വേണ്ട ഭേദഗതികൾ വരുത്തി അനുമതി നൽകാവുന്നതാണ്.

ഇപ്രകാരം പൊതു ആവശ്യത്തിലേക്കായി വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി രൂപാന്തരപ്പെടുത്തുന്നതിന് അനുമതി നൽകുന്നതിന് ചില പ്രത്യേക സാഹചര്യത്തിൽ ജില്ലാ കളക്ടർ, സർക്കാരിൽനിന്നും അനുമതി തേടാവുന്നതാണ്".

921. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (11)-ൽ, "റദ്ദാക്കാവുന്നതാണ്" എന്നതിനു മുൻപിൽ "വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിനടിസ്ഥാനത്തിൽ" എന്ന് കൂട്ടിചേർക്കുക.

936. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ബി (1) ൽ "മുപ്പത്" എന്ന വാക്കിനു പകരം "തൊണ്ണൂറ്" എന്ന വാക്ക് ചേർക്കുക.

946. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ബി (2)-ൽ "അഞ്ഞൂറ്" എന്നതിനു പകരം "നൂറ്"എന്ന് ചേർക്കുക.

952. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ബി (3)-ൽ "കഴിയുന്നത്രവേഗം" എന്നതിനു പകരം "മുപ്പത് ദിവസത്തിനുള്ളിൽ" എന്ന് ചേർക്കുക.

960. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ബി (4)-നു പകരം താഴെപ്പറയുന്നവ ചേർക്കുക:

"(4) ഉപവകുപ്പ് (3)-ലെ ഉത്തരവിനെതിരെ അപ്പീൽ വാദിക്ക്, അപ്പീൽ ഉത്തരവ് വന്ന് തൊണ്ണൂറ് ദിവസത്തിനകം സർക്കാരിലേക്ക് രണ്ടാം അപ്പീൽ നൽകാവുന്നതാണ്. ഇതിൽ 27 എ വകുപ്പ്, (2)ാം ഉപവകുപ്പ് പ്രകാരമുള്ള റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും, 27 ബി. അപ്പീൽ (3) പ്രകാരം ജില്ലാകളക്ടറുടെ അപ്പീൽ ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും, ആയിരം രൂപ ഫീസും സഹിതം വാദിക്ക്, വാദി നേരിട്ടോ അല്ലെങ്കിൽ വാദി ചുമതലപ്പെടുത്തുന്ന ആൾക്കോ പറയാനുള്ളത് പറയാൻ ഒരവസരം നൽകി എത്രയും പെട്ടെന്ന് അപ്പീൽ തീർപ്പാക്കാവുന്നതാണ്.

(5) ഉപവകുപ്പ് (4) ലെ ഉത്തരവ് അന്തിമമായിരിക്കുന്നതും അത് യാതൊരു സിവിൽ കോടതിയിലും ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്".

969. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 സി (3)-ൽ "വ്യക്തമായി" എന്നതിനു മുന്നിൽ "രേഖപ്പെടുത്തുന്ന ആളിന്റെ പേരു സഹിതം" എന്ന് ചേർക്കുക.

27 എ (2) പ്രകാരം വീട് വയ്ക്കുന്നതിനുവേണ്ടി 5 സെന്റ് ഭൂമി നികത്തുന്നതിനായി അപേക്ഷ നൽകിയാൽ ആ അപേക്ഷയിന്മേൽ ആർ.ഡി.ഒ. തീരുമാനം എടുത്തുകഴിഞ്ഞാൽ "മുപ്പത്" ദിവസത്തിനകം ജില്ലാകളക്ടർക്ക്

അപ്പീൽ നൽകാവുന്നതാണെന്നാണ് ബില്ലിൽ പറയുന്നത്. ആർ.ഡി.ഒ.-യുടെ തീരുമാനം 30 ദിവസത്തിനകം പാവപ്പെട്ട ആളുകൾക്ക് മനസ്സിലാകണമെന്നില്ല. അതുകൊണ്ട് 30 ദിവസമെന്നത് 90 ദിവസമാക്കണമെന്നാണ് എന്റെ 936-ാം നമ്പർ ഭേദഗതി. കളക്ടർക്ക് അപ്പീൽ നൽകിയതിനുശേഷം ആ അപേക്ഷ 'കഴിയുന്നത്ര വേഗം' തീർപ്പാക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. കഴിയുന്നത്രവേഗം എന്നുപറഞ്ഞാൽ എത്ര വേണമെങ്കിലും നീട്ടിക്കൊണ്ടുപോകാം. കളക്ടർക്ക് ലഭിക്കുന്ന അപേക്ഷ '30 ദിവസം' കൊണ്ട് തീർപ്പാക്കണം. അതിനാണ് എന്റെ 952-ാം നമ്പർ ഭേദഗതി. അപ്പീലിലുള്ള ഉത്തരവ് അന്തിമമായിരിക്കുന്നതും യാതൊരു സിവിൽ കോടതിയിലും ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാകുന്നുവെന്നും ബില്ലിൽ പറയുന്നു. സിവിൽ കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ലാത്തതാകുന്നുവെന്നത് നിലനിൽക്കുമോ?

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

857. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (2)-ന്റെ ക്ലിപ്തനിബന്ധനയിൽ, " 20.2 " എന്നതിനു പകരം "4.05"എന്ന് ചേർക്കുക.

976. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ഡി (1)-ൽ " അഭിവൃദ്ധി " എന്നതിനു പകരം "വികസന" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ, അങ്ങയുടെ 868, 873, 894, 918, 925, 931, 971 എന്നീ നമ്പർ ഭേദഗതികൾ മൂവ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, ഒരു പോളിസിയിലുള്ള ഭേദഗതിയാണ് സ്വീകരിക്കാത്തതെങ്കിൽ മനസ്സിലാക്കാം. ഒരു കുത്തും കോമയും സ്പെല്ലിംഗ് മിസ്റ്റേക് പോലും സ്വീകരിക്കാത്തിടത്ത് ഭേദഗതികൾ മൂവ് ചെയ്തിട്ട് എന്ത് കാര്യമാണുള്ളത്? ഇങ്ങനെയുള്ള മന്ത്രിയുടെ സമീപനം വളരെ നിരാശാജനകമാണ്. അതുകൊണ്ട് എന്റെ ഭേദഗതികൾ മൂവ് ചെയ്യുന്നില്ല.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

869. ഖണ്ഡം15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (4)-ൽ "വിളകളുടെ" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

875. ഖണ്ഡം15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (4)-ന്റെ ക്ലിപ്തനിബന്ധനയിൽ "ജല സംരക്ഷണ നടപടികൾ" എന്നത് "നീരൊഴുക്ക് സംരക്ഷണം, ജല ആഗമന-നിർഗ്ഗമന മാർഗ്ഗങ്ങൾ സംരക്ഷണ നടപടികൾ"എന്നാക്കുക.

978. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ഡി (2)-ൽ "സംസ്ഥാന തല ഉദ്യോഗസ്ഥനിൽ" എന്നതിനു പകരം "ജില്ലാതല അധികാര സമിതിയിൽ " എന്നാക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

877. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ(4)-ന്റെ ക്ലിപ്തനിബന്ധനയിൽ, "പരിശോധിക്കാവുന്നതാണ്" എന്നതിനു പകരം "പരിശോധിക്കേണ്ടതാണ്" എന്ന് ചേർക്കുക.

981. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ഡി (2) -ൽ "ലോക്കൽ ഫണ്ടിന്റെ ആഡിറ്റിനു " എന്നതിനു പകരം "ലോക്കൽ ഫണ്ട് ഓഡിറ്റിനു" എന്നു മാറ്റുക.

ശ്രീ. അനിൽ അക്കര: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

878. ഖണ്ഡം15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (5)-ൽ "നെൽകൃഷിക്ക് വേണ്ടിയാണെങ്കിൽ" എന്നത് "നെൽകൃഷിക്ക് വേണ്ടിയാണെന്ന് പാടശേഖര സമിതിയും, കൃഷി ഓഫീസറും സാക്ഷ്യപ്പെടുത്തുന്ന സാഹചര്യത്തിൽ" എന്നാക്കുക.

ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

879. ഖണ്ഡം15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (5)-ൽ താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

" എന്നാൽ, നെൽകൃഷിയ്ക്കായി ഇത്തരത്തിൽ പരിവർത്തനപ്പെടുത്തൽ ആവശ്യമുണ്ടെന്ന് ബന്ധപ്പെട്ട കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തുന്ന സംഗതിയിലല്ലാതെ ഇപ്രകാരമുള്ള പരിവർത്തനപ്പെടുത്തൽ നടത്താൻ

പാടില്ലാത്തതും ഈ വകുപ്പ് പ്രകാരമുള്ള ഇളവ് ബാധകമല്ലാത്തതുമാണ്. മാത്രമല്ല പരിവർത്തനപ്പെടുത്തലിന് അനുമതി നൽകിയ സംഗതിയിൽ ഭൂമിയിൽ നെൽകൃഷി ചെയ്യുന്നുവെന്ന് കൃഷി ഓഫീസർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്."

881. ഖണ്ഡം15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (6)-ൽ "അടങ്ങിയിരുന്നാലും" എന്ന വാക്കിനു ശേഷം "പഞ്ചായത്തിൽ" എന്ന വാക്കും " അല്ലെങ്കിൽ" എന്ന വാക്കിനു ശേഷം "മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത്" എന്ന് ചേർക്കുകയും "ഒരു വാണിജ്യ കെട്ടിടം" എന്നതിന് പകരം "ഒരു വീടോ വാണിജ്യ കെട്ടിടമോ" എന്നും ചേർക്കുക.

916. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (10)-ൽ "വ്യക്തമായി" എന്ന വാക്കിന് മുൻപിലായി "സമയപരിധിയും" എന്ന് ചേർക്കുക.

920. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (11)-ൽ, "പൂർണ്ണമായോ ഭാഗികമായോ" എന്നീ വാക്കുകൾക്കു പകരം "പൂർണ്ണമായും" എന്ന് ചേർക്കുക.

968. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 സി (3)-ൽ "ഉറപ്പുവരുത്തിക്കൊണ്ട്" എന്നതിനു പകരം "ഉറപ്പുവരുത്തിക്കൊണ്ടും ഇപ്രകാരം മാറ്റം വരുത്തുന്ന ഉദ്യോഗസ്ഥന്റെ പേരും അധികാരസ്ഥാനവും തീയതിയും ഉൾപ്പെടെ" എന്ന് ചേർക്കുക.

986. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ഡി (2) -നു ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക; "എന്നാൽ, സംസ്ഥാനതല ഉദ്യോഗസ്ഥന് ഫണ്ടിന്റെ സ്വരൂപിക്കലും കൈകാര്യം ചെയ്യലും വിനിയോഗിക്കലും ജില്ലാതല ഉദ്യോഗസ്ഥർക്ക് കൈമാറി നൽകാവുന്നതും ഫണ്ടിനെ സംബന്ധിച്ച ക്രോഡീകരിച്ച വിവരം തയ്യാറാക്കി സൂക്ഷിക്കാവുന്നതുമാണ്. "

993. ഖണ്ഡം 15 പ്രകാരം ഭേദഗതി ചെയ്യുന്ന 27 ഡി വകുപ്പിനുശേഷം താഴെപറയുന്ന വകുപ്പ് പുതുതായി ചേർക്കുകയും ശേഷിക്കുന്നവ അതിനനുസരിച്ച് പുനരക്കം ചെയ്യുകയും ചെയ്യുക.

"28 പരിവർത്തനപ്പെട്ട ഭൂമി നെൽകൃഷിക്കായി വീണ്ടും പരിവർത്തനപ്പെടുത്തുന്നവർക്കുള്ള പ്രോത്സാഹനം.

ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥകൾ പ്രകാരം പരിവർത്തനപ്പെട്ടിട്ടുള്ളതോ സ്വഭാവവ്യതിയാനം വരുത്തിയിട്ടുള്ളതോ ഈ ആക്റ്റ് നിലവിൽവരുന്നതിന് മുൻപ് പരിവർത്തനപ്പെട്ടിട്ടുള്ളതോ സ്വഭാവ വ്യതിയാനം വരുത്തിയിട്ടുള്ളതോ ആയതും നിലവിൽ നെൽവയലല്ലാത്തതുമായ ഏതെങ്കിലും ഭൂമി നെൽകൃഷിക്കായി വീണ്ടും പരിവർത്തനം ചെയ്യുന്നതിന് ഭൂമിയുടെ ഉടമസ്ഥൻ തീരുമാനിക്കുന്നപക്ഷം തൊട്ടടുത്ത ഭൂമിയുടെ ഉടമസ്ഥർക്ക് ഇതുമൂലം യാതൊരു സങ്കടവും അനുഭവിക്കേണ്ടി വരുന്നില്ലെന്ന് ബോധ്യമാകുന്ന സംഗതിയിൽ ഇത്തരം പരിവർത്തനപ്പെടുത്തലിനും കൃഷിയ്ക്കും സർക്കാർ ആവശ്യമായ പ്രോത്സാഹനം നൽകേണ്ടതാണ്. മാത്രമല്ല ഇത്തരത്തിൽ കൃഷി ആരംഭിക്കേണ്ടിവന്നതിന് ചെലവായ തുകയുടെ ഒരു നിശ്ചിത ശതമാനം നിർണ്ണയിക്കപ്പെട്ട പ്രകാരം ഈ ആക്റ്റിലെ 27 ഡി വകുപ്പിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള കാർഷിക അഭിവൃദ്ധിഫണ്ടിൽ നിന്നും വിനിയോഗിക്കേണ്ടതാണ് ".

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

883. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (6)-ൽ " ഭൂമിയിൽ സ്ഥിതി ചെയ്യുന്ന 120" എന്നത് "ഭൂമിയിൽ 120" എന്നാക്കുക.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

885. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (6)-ൽ "ഭൂമിയിൽ സ്ഥിതി ചെയ്യുന്ന 40 ചതുരശ്രമീറ്റർ" എന്നത് "ഭൂമിയിൽ 40 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ള" എന്നാക്കുക.

962. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 സി ഒഴിവാക്കുക.

991. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ഡി (3)-നു ശേഷം (4) ആയി താഴെ പറയുന്ന ഉപവകുപ്പ് ചേർക്കുക. "(4) കാർഷിക ആവശ്യത്തിനല്ലാതെ, ഭരണപരമായ ചിലവുകൾക്കോ, വാഹനങ്ങൾ വാങ്ങുന്നതിനോ തുടങ്ങിയവക്ക് ഈ ഫണ്ട് ഉപയോഗിക്കാവുന്നതല്ല".

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

898. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (8)-ൽ "നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നില്ല" എന്നതിനു പകരം "നീരൊഴുക്കിനെയും, ആഗമനനിർഗ്ഗമനത്തെയും തടസ്സപ്പെടുത്തുന്നില്ല" എന്ന് ചേർക്കുക.

989. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന (27 ഡി) (3) നു ശേഷം (4) ആയി താഴെ പറയുന്നത് ചേർക്കുക. "(4) മൂല നിയമത്തിലെ 13-ാം വകുപ്പ് പ്രകാരം പരിവർത്തനം ചെയ്യപ്പെട്ട ഭൂമി പൂർവ്വ സ്ഥിതിയിൽ ആക്കുവാനുള്ള ജില്ലാ കളക്ടറുടെ ഉത്തരവ് ഉടമ – അനുഭവക്കാരൻ അനുവദിച്ച സമയത്തിനകം നടപ്പിലാക്കാത്ത പക്ഷം ആയത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് ആവശ്യമായ പണം കാർഷിക അഭിവൃദ്ധിഫണ്ടിൽ നിന്നും എടുക്കേണ്ടതും, ടി തുക റവന്യൂ റിക്കവറി നടപടിയിലൂടെ വസ്തു ഉടമ- അനുഭവക്കാരനിൽ നിന്നും വസൂലാക്കി പ്രസ്തുത ഫണ്ടിൽ തിരികെ നിക്ഷേപിക്കേണ്ടതുമാണ്".

ശ്രീ. വി. ഡി. സതീശനുവേണ്ടി ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

919. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 എ (11)-ൽ, "അപേക്ഷയിൻമേലോ" എന്നതിന് ശേഷം "മറ്റേതൊരാളുടേയും അപേക്ഷയിൻമേലോ" എന്ന വാക്ക് ചേർക്കുക.

929. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ബി (1)- ൽ "സങ്കടമനുഭവിക്കുന്ന" എന്ന വാക്ക് നീക്കം ചെയ്യുക.

933. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ബി (1)-ൽ " മുപ്പത് " എന്ന വാക്കിനു പകരം "നാൽപ്പത്തിയഞ്ച് " എന്ന വാക്ക് ചേർക്കുക.

937. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ബി (1)-ൽ " മുപ്പത് " എന്ന വാക്കിനു ശേഷം "പ്രവൃത്തി" എന്ന വാക്ക് ചേർക്കുക.

940. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ബി, (2)-ൽ "സാക്ഷ്യപ്പെടുത്തിയ" എന്ന വാക്ക് ഒഴിവാക്കുക.

944. ഖണ്ഡം 15 പ്രകാരം പ്രധാന അക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ബി. (2)-ൽ "അഞ്ഞൂറ്" എന്ന വാക്കിന് പകരം "നൂറ്" എന്ന വാക്ക് ചേർക്കുക.

982. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ഡി (2)-ൽ "ലോക്കൽ ഫണ്ടിന്റെ ആഡിറ്റിനു " എന്ന വാക്കുകൾക്ക് പകരം സംസ്ഥാന "ഓഡിറ്റ് വകുപ്പിന്റെ ആഡിറ്റിനും" എന്ന വാക്കുകൾ ചേർക്കുക.

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

948. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ബി (2)-ൽ "അഞ്ഞൂറ്" എന്നതിനുപകരം "ഇരുന്നൂറ്" എന്നു ചേർക്കുക.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

954. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 27 (ബി) (3)-ൽ "കഴിയുന്നത്ര വേഗം" എന്നതിനു പകരം "രണ്ടു മാസത്തിനകം" എന്ന് ചേർക്കുക.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

967. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 സി (3)-ൽ "ഉൾക്കുറിപ്പുകൾ" എന്നതിനു പകരം "വിശദീകരണം" എന്നു ചേർക്കുക.

ശ്രീ. എം. സ്വരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

992. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ഡി താഴെപ്പറയും പ്രകാരം മാറ്റുക.

"27 ഡി കാർഷിക അഭിവൃദ്ധി ഫണ്ടിന്റെ രൂപീകരണം - (1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി കാർഷിക അഭിവൃദ്ധി ഫണ്ട് എന്ന പേരിൽ ജില്ലാതലത്തിൽ ഒരു ഫണ്ട് സർക്കാർ രൂപീകരിക്കേണ്ടതാണ്. (2) ഫണ്ടിൽ 13-ാം വകുപ്പു പ്രകാരവും 20-ാം വകുപ്പു പ്രകാരവും വസൂലാക്കുന്ന തുകയും കാലാകാലങ്ങളിൽ സർക്കാർ അനുവദിക്കുന്ന തുകയും ഉൾപ്പെടുന്നതാണ്."

(3) ഫണ്ട് കൈകാര്യം ചെയ്യേണ്ടതിന്റെയും വ്യവസ്ഥാപിത രീതിയിൽ കണക്കു സൂക്ഷിക്കേണ്ടതിന്റെയും ഉത്തരവാദിത്തം ജില്ലാകളക്ടർക്ക് ആയിരിക്കുന്നതാണ്.

(4) ഫണ്ട് കംപ്ട്രോളർ ആന്റ് ഓഡിറ്റ് ജനറലിന്റെ ഓഡിറ്റിന് വിധേയമായിരിക്കുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

994. ഖണ്ഡം 15 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിൽ 27 ഡി' വകുപ്പിനു ശേഷമോ താഴെപ്പറയുന്ന 27 ഇ, 27 എഫ്, 27 ജി, 27 എച്ച് എന്നീ വകുപ്പുകൾ ചേർക്കേണ്ടതാണ്.

"27(ഇ) 2008 മുതൽ ഭേദഗതി ചെയ്ത ആക്റ്റ് പ്രാബല്യത്തിൽ വരുന്നത് വരെയോ അതിന് ശേഷമോ വിജ്ഞാപനം ചെയ്യാത്തിടത്ത് തണ്ണീർത്തടമായോ നെൽപ്പാടമായോ ഉപഗ്രഹ ചിത്രത്തിൽ കാണപ്പെട്ടാൽ അത്തരം സ്ഥലങ്ങൾ തണ്ണീർത്തടമായോ കണക്കാക്കേണ്ടതും അവിടെ യാതൊരു രൂപാന്തരപ്പെടുത്തലും നിർമ്മാണവും അനുവദിക്കാവുന്നതല്ല. നിയമാനുസൃതമായി താമസിക്കാൻ നിർമ്മിച്ച വീട് നിലനിർത്താവുന്നതാണ്. ഒരു കാരണവശാലും വ്യവസായ താല്പര്യത്തോടെ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് നിയമസാധുത നൽകാൻ പാടില്ലാത്തതാണ്.

27(എഫ്) ഇന്ന് നിലവിലുള്ള നെല്പാടം റിസർവ് ആയി പ്രഖ്യാപിക്കേണ്ടതാണ്. ഉടമസ്ഥാവകാശം പൂർണ്ണമായും കർഷകന് തന്നെയായിരിക്കുകയും ഇതിന് അർഹമായ ഇക്കോളജിക്കൽ ഇൻസെന്റീവ് നൽകേണ്ടതാണ്. കൃഷി ചെയ്താലും ഇല്ലെങ്കിലും പാരിസ്ഥിതിക മൂല്യങ്ങൾക്ക് ഇൻസെന്റീവ് നൽകണം

27(ജി) നെൽവയൽ പോലെതന്നെ മറ്റ് സ്വകാര്യതണ്ണീർത്തടങ്ങൾക്കും പാരിസ്ഥിതിക ഇൻസെന്റീവ് നൽകണം.

27(എച്ച്) പഞ്ചായത്തടിസ്ഥാനത്തിൽ ഒരു തണ്ണീർത്തട രജിസ്റ്റർ രൂപീകരിക്കേണ്ടതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 883-ാം നമ്പർ ഭേദഗതി സ്വീകരിക്കാവുന്നതാണ്. ശ്രീ. പി. സി. ജോർജിന്റെ 980-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു :

980. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ഡി(2)-ൽ "ലോക്കൽ ഫണ്ടിന്റെ" എന്ന വാക്കുകൾക്ക് പകരം "സംസ്ഥാന ആഡിറ്റ് വകുപ്പിന്റെ" എന്ന വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി അവതരിപ്പിച്ച 980-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 883-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 836, 886 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 837, 842, 860, 861, 887, 891, 896, 902, 905, 908, 909, 912, 958 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. റോഷി അഗസ്റ്റിൻ അവതരിപ്പിച്ച 838, 893 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 839, 889, 945, 973, 977 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 840, 871, 880, 882, 895, 904, 914, 956, 983, 984 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 841, 844, 845, 856, 862, 865, 866, 872, 874, 876, 884, 888, 892, 899, 901, 910, 923, 938, 951, 955, 959, 963, 964, 970, 972, 974, 979, 985, 988 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 846, 855, 864 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 848, 941, 953 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 849-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 852, 926 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 853, 854, 903, 906, 913, 921, 936, 946, 952, 960, 969 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 857, 976 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 869-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 875, 978 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 877, 981 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അനിൽ അക്കര അവതരിപ്പിച്ച 878-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 879, 881, 916, 920, 968, 986, 993 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 885, 962, 991 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 898, 989 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചുന്നു.

ശ്രീ. വി. ഡി. സതീശനുവേണ്ടി ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 919, 929, 933, 937, 940, 944, 982 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 948-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 954-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 967-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. സ്വരാജ് അവതരിപ്പിച്ച 992-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. കൃഷ്ണൻകുട്ടി അവതരിപ്പിച്ച 994-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**പതിനാറാം വകുപ്പ്**

ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

995. ഖണ്ഡം 16(2)-ൽ " കാര്യമോ " എന്നതിന് ശേഷം "കാര്യങ്ങളോ " എന്നും " നടപടിയോ " എന്നതിനു ശേഷം "നടപടികളോ " എന്നും ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 995-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**1-ാം വകുപ്പും പീഠികയും പേരും**

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

110. ശീർഷകത്തിൽ "2018-ലെ കേരള" എന്നതിനു ശേഷം "സംസ്ഥാന" എന്ന വാക്ക് ചേർക്കുക.

128. ഖണ്ഡം 1 (2)-ൽ "ഇത് 2017 ഡിസംബർ 30-ാം തീയതി" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "ഉടൻ" എന്ന വാക്ക് ചേർക്കുക.

139. ഖണ്ഡം 1 (2) താഴെപ്പറയും പ്രകാരം മാറ്റുക.

"(2) ഇത് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്".

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

111. ദീർഘശീർഷകത്തിൽ "2008-ലെ കേരള" എന്നതിനു ശേഷം "സംസ്ഥാന" എന്ന വാക്ക് ചേർക്കുക.

129. ഖണ്ഡം 1 (2)-ൽ "2017 ഡിസംബർ 30-ാം തീയതി " എന്നതിന് പകരം "ബിൽ നിയമസഭ പാസ്സാക്കുന്ന അന്നു മുതൽ" എന്ന് ചേർക്കുക.

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

112. ദീർഘശീർഷകത്തിൽ "വീണ്ടും " എന്ന വാക്ക് ഒഴിവാക്കുക.

113. ദീർഘശീർഷകത്തിൽ "വീണ്ടും " എന്നതിനു പകരം "തുടർന്നും" എന്ന് ചേർക്കുക.

ഓരോ ഭേദഗതികൾ വരുമ്പോഴും വീണ്ടും വീണ്ടും എന്ന് ആവർത്തിക്കുന്നുണ്ട്. അതുകൊണ്ട് "വീണ്ടും" എന്ന വാക്ക് ഒഴിവാക്കണമെന്നതാണ് 112, 113 എന്നീ നമ്പർ ഭേദഗതികൾ.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

114. പീഠികയിൽ "2008-ലെ കേരള" എന്നതിനു ശേഷം "സംസ്ഥാന" എന്ന് ചേർക്കുക.

121. പീഠികയിൽ "വീണ്ടും" എന്ന വാക്കിനു പകരം "തുടർന്നും" എന്ന വാക്ക് ചേർക്കുക

127. ഖണ്ഡം 1(1)-ൽ "കേരള" എന്ന വാക്കിനു പകരം "കേരള സംസ്ഥാന" എന്ന വാക്കുകൾ ചേർക്കുക

135. ഖണ്ഡം 1 (2) താഴെപ്പറയും പ്രകാരം മാറ്റുക.

"(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്".

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

115. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്നതിനു ശേഷം "ഇനിപ്പറയും പ്രകാരമുള്ള" എന്നാക്കി മാറ്റുക.

122. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്ന വാക്കിനു പകരം "ആവശ്യമായിരിക്കുകയാൽ" എന്ന വാക്ക് ചേർക്കുക.

125. പീഠികയിൽ തത്വപ്രഖ്യാപന വാക്യത്തിലെ "താഴെപ്പറയും" എന്നത് "താഴെപ്പറയുംപ്രകാരം" എന്നു മാറ്റുക.

138. ഖണ്ഡം 1 (2) താഴെപ്പറയും പ്രകാരം മാറ്റുക :

"(2) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്".

7.00 PM]

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

116. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്നതിനു പകരം "ചുവടെ ചേർക്കുന്ന " എന്ന് ചേർക്കുക.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

118. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്ന വാക്കുകൾക്ക് പകരം "താഴെപ്പറയുന്ന" എന്ന വാക്ക് ചേർക്കുക.

124. പീഠികയിലെ "യുക്തമായിരിക്കുകയാൽ" എന്നതിനു പകരം "ആവശ്യ മായിരിക്കയാൽ" എന്നു ചേർക്കുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

119. പീഠികയിൽ " വീണ്ടും" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

130. ഖണ്ഡം 1 (2)-ൽ "തീയതി " എന്ന വാക്കിനുശേഷം "മുതൽ" എന്ന വാക്ക് ചേർക്കുക.

2017 ഡിസംബർ 30-ാം തീയതി എന്നതിന് ശേഷം 30-ാം തീയതി "മുതൽ " പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്. എന്നതാണ് ഭേദഗതി.

ശ്രീ. അനിൽ അക്കര: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

132. ഖണ്ഡം 1 (2) താഴെപ്പറയും പ്രകാരം മാറ്റുക :

"(2) ഇത് 2018 ആഗസ്റ്റ് 1-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്".

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

136. ഖണ്ഡം 1 (2) താഴെപ്പറയുന്ന പ്രകാരം മാറ്റുക.

"(2) ഇത് ഉടൻ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്".

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു :

140. ഖണ്ഡം 1 (2) താഴെപ്പറയും പ്രകാരം മാറ്റുക.

"(2) ഇത് സംസ്ഥാനത്തെ ഡാറ്റാ ബാങ്കുകൾ പൂർണ്ണമായി പ്രസിദ്ധപ്പെടുത്തിയ ശേഷം സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്".

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. എ നെല്ലിക്കുന്ന് അവതരിപ്പിച്ച 116, 128, 139 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 111, 129 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 112, 113 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 114, 121, 127, 135 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 115, 122, 125, 138 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 118, 124 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അനിൽ അക്കര അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ, ഇത് കേരള നിയമസഭയുടെ ഒരു കറുത്ത അദ്ധ്യായമാണ്. മുൻ റവന്യൂ വകുപ്പുമന്ത്രി ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച ചരിത്ര പ്രാധാന്യമർഹിക്കുന്ന നെൽവയൽ

തണ്ണീർത്തട നിയമത്തിന് ഇന്നത്തെ റവന്യൂ വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ ചരമഗീതമെഴുതുകയാണ്. ശ്രീ. വെളിയം ഭാർഗ്ഗവൻ ഉണ്ടായിരുന്നുവെങ്കിൽ ഇതു പോലൊരു ഭേദഗതി ബിൽ ശ്രീ. ചന്ദ്രശേഖരൻ ഇവിടെ അവതരിപ്പിക്കുമായിരുന്നില്ലെന്ന് എനിക്ക് ഉറപ്പുണ്ട്. സി.പി.ഐ.-ക്ക് എന്തുപറ്റി? ശ്രീ. കെ. പി. രാജേന്ദ്രൻ വളരെ ഗൗരവത്തോടെ അന്ന് അവതരിപ്പിച്ച നിയമം ഇവിടെ കാലഗതി അടയുകയാണ്. സി.പി.എം.ന്റെ കെണിയിൽ നിങ്ങൾ വീണുപോയി എന്നുള്ളതാണ് യാഥാർത്ഥ്യം. കേരള ചരിത്രത്തിലെ ഏറ്റവും സുപ്രധാനമായ ഒരു നിയമമായിരുന്ന 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം. എൽ.ഡി.എഫ്. ഗവൺമെന്റ് കേരള ജനതയെ ചതിച്ച ഒരു ദിവസമായി 2018 ജൂൺ 25-നെ നാളെ ചരിത്രം വിധിയെഴുതും. വലിയ അഴിമതിക്കും സ്വജനപക്ഷപാതത്തിനും നമ്മുടെ പ്രകൃതിയുടെ നാശത്തിനും വഴിതെളിക്കുന്ന ഒരു നിയമമായി ഭാവിയിൽ ഇതിനെ രേഖപ്പെടുത്തുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ നിയമ ഭേദഗതി പാസ്സാകുന്നതോടുകൂടി കേരളത്തിൽ അവശേഷിക്കുന്ന അഞ്ചുശതമാനം നെൽവയലുകളും നീർത്തടങ്ങളുംകൂടി അപ്രത്യക്ഷമാകുകയാണ്. വൻ പാരിസ്ഥിതിക ദുരന്തമാണ് സൃഷ്ടിക്കപ്പെടുന്നത്. കേരളത്തിൽ അവശേഷിക്കുന്ന പച്ചപ്പിനെയും നശിപ്പിക്കുന്ന ഈ ബിൽ നെൽവയൽ നിർത്തട സംരക്ഷണ നിയമമല്ല; നെൽവയൽ നീർത്തട സംഹാര നിയമമാണ്. ഇപ്പോൾ അവശേഷിക്കുന്ന അഞ്ചുശതമാനം നെൽവയൽ മാത്രമാണ് നാടിന്റെ ഭക്ഷ്യോൽപ്പാദനം, ജല സംരക്ഷണം, ജൈവ വൈവിദ്ധ്യ സംരക്ഷണം എന്നിവയിൽ മുഖ്യമായ പങ്ക് വഹിക്കുന്നത്. 1980-കളിൽ 8 ലക്ഷം ഹെക്ടർ ആയിരുന്ന നെൽവയലുകൾ 2008-ആയപ്പോൾ 2 ലക്ഷം ഹെക്ടർ ആയി കുറഞ്ഞു. ഇപ്പോൾ അത് 1.71 ഹെക്ടർ ആയി കുറഞ്ഞു. എത്ര ഭീമമായ തോതിലാണ് നെൽവയലുകളും തണ്ണീർത്തടങ്ങളും നമ്മുടെ നാട്ടിൽനിന്നും അപ്രത്യക്ഷമാകുന്നതെന്നാണ് ഈ കണക്കുകൾ വ്യക്തമാക്കുന്നത്. ഇപ്പോഴും അത് കുറഞ്ഞുകൊണ്ടിരിക്കുന്നുവെന്നതാണ് ഞെട്ടിപ്പിക്കുന്ന വസ്തുത. ഈ ബിൽ പാസ്സാകുന്നതോടെ അത് ശരവേഗത്തിലാകുന്നുവെന്നതാണ് യാഥാർത്ഥ്യം. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കാൻ വലിയ രീതിയിലുള്ള ശ്രമങ്ങൾ നടത്തിയെന്നാണ് പറയുന്നത്. എന്റെ സുഹൃത്ത് ശ്രീ. വി. എസ്. സുനിൽകുമാർ ആ മേഖലയിൽ കുറെ കാര്യങ്ങൾ ചെയ്യുവാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷേ നെൽകൃഷിയുടെ വിസ്തൃതിയും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കുറയുകയാണ് ചെയ്തതെന്ന് 2018-ലെ ബഡ്ജറ്റിന് തൊട്ടുമുമ്പ് സർക്കാർ നൽകിയ ഇക്കണോമിക് റിവ്യൂവിൽ ചൂണ്ടിക്കാണിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2015-16-ൽ സംസ്ഥാനത്ത് 1.96 ലക്ഷം ഹെക്ടർ നെൽകൃഷിയുണ്ടായിരുന്നു. 2016-17-ൽ 1.71 ലക്ഷം ഹെക്ടർ ആയി കുറഞ്ഞു. നെല്ലുൽപ്പാദനം 5.4 ലക്ഷം മെട്രിക് ടണ്ണിൽനിന്നും 4.37 ലക്ഷം മെട്രിക് ടണ്ണായി കുത്തനെ കുറയുകയും ചെയ്തു. ഉൽപ്പാദനക്ഷമതയാകട്ടെ ഹെക്ടറിന് 2,790 കിലോഗ്രാമെന്നത് 2,550 കിലോഗ്രാമായി കുറഞ്ഞു. ഇതിന്റെ അർത്ഥം ഇടതു സർക്കാർ അധികാരത്തിൽ വന്നശേഷം നെൽവയൽ സംഹാരം

വളരെ വേഗതയിൽ നടന്നുകൊണ്ടിരിക്കുന്നുവെന്നുള്ളതാണ്. 2008-ൽ വി. എസ്. ഗവൺമെന്റാണ് ഈ നിയമം കൊണ്ടുവന്നത്. ഇന്ന് ചരിത്രത്തിന്റെ നിയോഗം പോലെ ശ്രീ. വി. എസ്. അച്യുതാനന്ദൻ ഈ വോട്ടിംഗിൽ പങ്കെടുക്കാനോ ബില്ലിന്റെ ചർച്ചാവേളയിലോ ഉണ്ടായിരുന്നില്ലായെന്ന കാര്യവും പ്രത്യേകമായി എടുത്തുപറയേണ്ടതാണ്. വി. എസ്. സർക്കാരിന്റെ പൊൻകുഞ്ഞിനെ പിണറായി സർക്കാർ കഴുത്ത് ഞെരിച്ച് കൊല്ലുന്നത് കാണാനുള്ള ത്രാണിയില്ലാത്തതു കൊണ്ടാകാം അദ്ദേഹം ഇവിടെ വരാതിരുന്നതെന്നാണ് ഞാൻ കരുതുന്നത്. മൂലനിയമത്തിലെ മുപ്പതു വകുപ്പുകളിൽ പതിനഞ്ച് വകുപ്പുകളിലും ഭേദഗതി കൊണ്ടു വന്നിരിക്കുന്നു. മൂലനിയമം സെലക്ട് കമ്മിറ്റിക്ക് അയച്ച് വിവിധ അഭിപ്രായങ്ങൾ തേടി, കേരളം അംഗീകരിച്ച ഒരു നിയമമാണ്. ഇന്ന് ഈ ഓർഡിനൻസിലൂടെയാണ് നിയമം മാറ്റി ഇപ്പോൾ പുതിയ ഭേദഗതി ഇവിടെ അംഗീകരിക്കുന്നത്. ഈ ബില്ലിലെ ഏറ്റവും മാരകമായ ഒരു ഭേദഗതി, രണ്ടാം വകുപ്പിൽ വിജ്ഞാപനം ചെയ്യാത്ത ഭൂമിയെന്ന പുതിയ ഭൂപദവി സൃഷ്ടിച്ച് യഥേഷ്ടം നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്താൻ കുറുക്കുവഴിയുണ്ടാക്കുകയാണ്. ഈ ഭേദഗതി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 'ജലജാ ദിലീപ് vs ദി റവന്യൂ ഡിവിഷണൽ ഓഫീസർ' എന്ന കേസിലെ വിധിക്ക് എതിരാണ്. റവന്യൂ വകുപ്പുമന്ത്രിതന്നെ 8-11-2016-ൽ മുൻസർക്കാർ കൊണ്ടുവന്ന 3 എ ഭേദഗതി പിൻവലിച്ചുകൊണ്ടുള്ള ചർച്ചയിൽ ഈ സഭയിൽ ഇക്കാര്യം പറഞ്ഞകാര്യം ഞാൻ ഓർക്കുകയാണ്. രണ്ടാം വകുപ്പായി കൊണ്ടുവന്നിട്ടുള്ള ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ റിമോട്ട് സെൻസിംഗ് സെന്ററോ പ്രാദേശിക നിരീക്ഷണ സമിതിയുടെയോ റിപ്പോർട്ട് പ്രകാരം നിർണ്ണയിക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. അതായത് ഇവിടെ നിലനിൽക്കുന്ന ആക്ടിനും സുപ്രീംകോടതി വിധിക്കും എതിരാണ് ഈ നിയമ നിർമ്മാണം. മൂലനിയമത്തിൽ നെൽവയലെന്നാൽ കൃഷി ചെയ്തു നെൽകൃഷിക്ക് അനുയോജ്യമായ സ്ഥലമെന്നാണ് നിർവ്വചിച്ചിട്ടുള്ളത്. അതിലും വെള്ളം ചേർത്തു. ഇപ്പോൾ നെൽവയലെന്ന വിജ്ഞാപനം ചെയ്യാത്ത ഭൂമിയെന്ന ഭൂപദവി സൃഷ്ടിക്കുകയും അത് റവന്യൂ രേഖകളുടെ അടിസ്ഥാനത്തിലാക്കുകയും ചെയ്തു. ബി.റ്റി.ആർ-ൽ ഉണ്ട്, ഡാറ്റാ ബാങ്കിൽ ഇല്ല, ഇല്ലെങ്കിൽ സാറ്റലൈറ്റ് വഴി എന്നൊക്കെ പറഞ്ഞ് കൺഫ്യൂഷനുണ്ടാക്കുകയാണ് ഈ നിയമഭേദഗതിയിലൂടെ വന്നിരിക്കുന്നത്. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി എന്നുപറഞ്ഞ് നിലവിലുള്ള നിലം മുഴുവൻ നികത്താനുള്ള പിൻവാതിലിലൂടെയുള്ള ശ്രമമാണ് നടക്കുന്നത്. മൂലനിയമത്തിൽ പൊതു ആവശ്യങ്ങൾക്ക് നികത്തുന്നതിന് പ്രാദേശിക സമിതികൾക്ക് ശിപാർശ ചെയ്യാൻ അധികാരമുണ്ടായിരുന്നു. Now it is only a recommendatory power. അപകടകരമായ ഒരു വ്യവസ്ഥയാണ് ഇതിലൂടെ വന്നുചേർന്നിരിക്കുന്നത്. പൊതു ആവശ്യമെന്നാൽ എന്താണ്; പൊതു ആവശ്യം മൂലനിയമത്തിൽ വിവക്ഷിച്ചിട്ടുണ്ട് എന്നുള്ളത് ഇവിടെ സൂചിപ്പിച്ചു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങ് പറഞ്ഞ ചില കാര്യങ്ങൾക്ക് എനിക്ക് മറുപടി പറയുവാനുണ്ട്. അത് അങ്ങ് കേൾക്കുമല്ലോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു കഴിഞ്ഞതാണ്. അങ്ങേയ്ക്ക് അധികാരമില്ല. നിയമത്തിലില്ലാത്ത കാര്യമാണ്. പൊതു ആവശ്യങ്ങൾക്ക് നികത്തുന്നതിന് പരിസ്ഥിതി ആഘാതമുണ്ടാക്കുമോ എന്ന കാര്യം നേരത്തെ പരിശോധിക്കണമായിരുന്നു. ആ വകുപ്പ് എടുത്തുകളഞ്ഞിരിക്കുന്നു. അതായത് പരിസ്ഥിതിക്ക് എന്ത് നശീകരണം ഉണ്ടായാലും സാരമില്ല എന്ന മനോഭാവമാണ് ഈ ഭേദഗതിയിലൂടെ കൊണ്ടുവന്നിരിക്കുന്നത്. ആർ.ഡി.ഒ.-യ്ക്ക് നിലം നികത്താൻ ഉത്തരവിടാം. അത് എവിടത്തെ നിയമമാണ്; വിവരാവകാശ നിയമംമൂലം ഒരു കാര്യം ചോദിക്കുന്നത് സങ്കടം അനുഭവിക്കുന്നവർ മാത്രമാണോ; എല്ലാവർക്കും ചോദിക്കാനുള്ള അധികാരമുണ്ടല്ലോ. അതെങ്ങനെയാണ് വ്യക്തിയുടെ സ്വാതന്ത്ര്യത്തെ ഇവിടെ പരിമിതപ്പെടുത്തിയിരിക്കുന്നത്; ഇതിനെ സംബന്ധിച്ചുള്ള പരാതികൾ പറയുന്ന പരിസ്ഥിതി പ്രവർത്തകരെ തടയുന്ന ഒരു കരിനിയമമാണ് ഈ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്നത് എന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. സങ്കടഹർജി നൽകുന്നതിന് 5,000 രൂപയാണ് ആദ്യം പറഞ്ഞത്. ഇപ്പോൾ 500 രൂപയായി കുറച്ചിരിക്കുന്നു. വിവരാവകാശനിയമംമൂലം 10 രൂപ അടച്ചാൽ മതി ഇന്ത്യയിലുള്ള ഏത് ഗവൺമെന്റ് ഉദ്യോഗസ്ഥനും മന്ത്രിയും ഇടുന്ന ഫയലിലെ വിവരങ്ങൾപോലും നമുക്ക് ലഭ്യമാണ്. ഏതായാലും എനിക്ക് പറയുവാനുള്ളത് ഇവിടെ 15-ാം വകുപ്പുപ്രകാരം ഭേദഗതി ചെയ്തിട്ടുള്ള 27 (c) പ്രകാരം ബി.റ്റി.ആർ.-ൽ മാറ്റം വരുത്താൻ തഹസിൽദാർക്ക് അധികാരം നൽകിയിരിക്കുകയാണ്. ബി.റ്റി.ആർ.-ൽ കൈവയ്ക്കാൻ ആർക്കും അധികാരമില്ലെന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി. ഇതോടെ വസ്തു സംബന്ധിച്ച അടിസ്ഥാന രേഖകളിൽ വ്യാപകമായ തിരിമറി ഉണ്ടാകാനുള്ള സാധ്യത വർദ്ധിക്കുകയാണ്. സുപ്രീം കോടതിയുടെ വിധികളെയെല്ലാം ഇവിടെ അട്ടിമറിക്കപ്പെട്ടിരിക്കുന്നു. ഭൂസംരക്ഷണത്തെക്കുറിച്ചും പാരിസ്ഥിതിക സംരക്ഷണത്തെക്കുറിച്ചും നെൽകൃഷിയെക്കുറിച്ചും തണ്ണീർത്തട ങ്ങളെക്കുറിച്ചും വികാരപരമായി സംസാരിക്കുന്ന ഇടതുപക്ഷ ബുദ്ധിജീവികൾ എവിടെ; ശാസ്ത്ര സാഹിത്യ പരിഷത്തുകാർ എവിടെ; ഈ നാട്ടിലെ ഡി.വൈ.എഫ്. ഐ.-യും എസ്.എഫ്.ഐ.-യും എവിടെ? കേരളത്തിന്റെ ഭാവിയെ തകർക്കുന്ന ഇത്രയും ഗുരുതരമായ ഒരു കരിനിയമം ഈ നിയമസഭയിൽ അവതരിപ്പിക്കുമ്പോൾ കേരളത്തിലെ പൊതുസമൂഹത്തിനെതിരെയുള്ള ഒരു കടുത്ത വെല്ലുവിളിയായി ഞാനിത് കാണാൻ ആഗ്രഹിക്കുകയാണ്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വന്നത് 2008-ലാണ്. അത് അട്ടിമറിക്കാൻ ഇടതുപക്ഷത്തിന് 10 വർഷമേ വേണ്ടിവന്നുള്ളൂ. ഏറ്റവും പ്രശസ്തമായ, 1953 ഒക്ടോബർ 16-ന് ഹവാനയുടെ

കോടതിയിൽ സ്വയം വാദിച്ച ഫിദൽ കാസ്ട്രോ പറഞ്ഞ ഒരു വാക്യം ലോകം മുഴുവൻ മുഴങ്ങിക്കേട്ടു. 'ചരിത്രം എന്നെ കുറ്റക്കാരനല്ലെന്ന് വിധിക്കും' എന്നാണ്. നെൽവയൽ നികത്തിയതിനെ വരുംതലമുറ ചോദ്യം ചെയ്യുമ്പോൾ ഈ പ്രതിപക്ഷത്തെ നാളെ ജനങ്ങൾ കുറ്റക്കാരല്ലാ എന്ന് വിധിക്കുമെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട. "History will absolve me" എന്ന കാസ്ട്രോയുടെ പ്രയോഗം ഞാനിവിടെ ഓർമ്മിപ്പിക്കുന്നു. നമ്മുടെ സംസ്ഥാന ചരിത്രത്തിലെ ഏറ്റവും വലിയ ഒരു കരിനിയമമായി ഇത് മാറാൻ പോകുന്നു. ഈ രക്തത്തിൽ ഞങ്ങൾക്ക് പങ്കില്ല. ഈ നിയമം പാസ്സാക്കുന്നതിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭ ബഹിഷ്കരിക്കുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ച് സഭ ബഹിഷ്കരിച്ചു.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇതാണ് ഞാൻ നേരത്തെ പറഞ്ഞത്. ഇവിടെ പറയുന്ന കാര്യങ്ങൾ സമൂഹം സ്വീകരിക്കാൻ ഇടയില്ലാത്തതാണ് എന്ന ഉത്തമബോധ്യമുള്ളതുകൊണ്ടാണ് സഭ ബഹിഷ്കരിച്ച് പോകുന്നത്. അദ്ദേഹം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ ഞാൻ അദ്ദേഹത്തോട് ചോദിച്ചു, അങ്ങ് പറയുന്ന കാര്യങ്ങൾക്ക് ഞാൻ പറയുന്നതുകൂടി കേൾക്കാൻ അങ്ങ് തയ്യാറാകണമെന്ന്. പക്ഷേ അദ്ദേഹം അത് കേൾക്കാൻ സന്നദ്ധനാകാതെ നിന്നത് സ്വയം പാപ്പരത്തം എത്രത്തോളമെന്നതാണ് വ്യക്തമാക്കുന്നത്. ഈ പ്രതിപക്ഷത്തെ ഓർത്ത് വലിയ സഹതാപം തോന്നുന്നു. നമ്മുടെ പ്രതിപക്ഷം സമൂഹത്തിന്റെ പൊതുവായ താൽപ്പര്യം എന്താണെന്ന് മനസ്സിലാക്കാൻ കഴിയാത്ത ഒരു വിഭാഗമായി അധഃപതിച്ചിരിക്കുകയാണ്. ഏതോ കാലത്തെ ചില കാര്യങ്ങൾ സ്വപ്നം കണ്ടുകൊണ്ട് നിൽക്കുകയാണ്. നമ്മുടെ സമൂഹത്തിന് എന്താണ് ആവശ്യമെന്നത് മനസ്സിലാക്കാൻ പ്രതിപക്ഷത്തിനും പ്രതിപക്ഷനേതാവിനും കഴിയുന്നില്ല എന്നതാണ് അവസ്ഥ. അതല്ലെങ്കിൽ ഇത്തരമൊരു നിയമത്തെ ഇങ്ങനെ കണ്ണടച്ച് എതിർക്കേണ്ട യാതൊരു കാര്യവുമില്ല. ഇവിടെ എന്തുകൊണ്ടാണ് ഇത്തരത്തിലൊരു നിലപാട് എടുക്കേണ്ടിവരുന്നത്; ഒറ്റ ഉദാഹരണം ഞാൻ ചൂണ്ടിക്കാണിക്കാം. തിരുവനന്തപുരത്ത് ടോറസ് എന്ന കമ്പനിക്ക് 20 ഏക്കർ സ്ഥലം നൽകാൻ തീരുമാനിച്ചു. ഇതിൽ 20 ലക്ഷം സ്ക്വയർ ഫീറ്റ് കെട്ടിടം നിർമ്മിച്ച് 15000 പേർക്ക് തൊഴിൽ നൽകലാണ് പദ്ധതി. ഇതിനുവേണ്ടിയാണ് 20 ഏക്കർ സ്ഥലം കൊടുത്തത്. അതിന് MoU വച്ചു. അഞ്ച് വർഷം പിന്നിട്ടിട്ടും പദ്ധതി മുന്നോട്ട് പോയില്ല. ഈ ഗവൺമെന്റ് അധികാരത്തിൽവന്നിട്ട് രണ്ട് വർഷമേ ആയിട്ടുള്ളൂ. അഞ്ച് വർഷം പിന്നിട്ടിട്ടും ആ പദ്ധതി മുന്നോട്ട് പോയില്ല. 15000 പേർക്ക് തൊഴിൽ ലഭിക്കേണ്ട പദ്ധതിയാണ്. അവിടെ ഉണ്ടായ പ്രശ്നം, 14 സെന്റ് ഭൂമി രേഖപ്രകാരം നെൽവയൽ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 25 വർഷമായി കൃഷി ചെയ്യാത്ത ഭൂമിയാണത്. 14 സെന്റ് ഭൂമി അതിനിടയ്ക്കുണ്ട്

എന്നതുകൊണ്ടാണ് ഈ പ്രശ്നം ഉടലെടുക്കുന്നത്. ഇപ്പോൾ ഈ ബില്ലിന് ആധാരമായ ഓർഡിനൻസ് വന്നതിനുശേഷമാണ് ആ പദ്ധതിക്ക് മുന്നോട്ടുപോകാൻ സാധിച്ചത്. ഓർഡിനൻസ് പുറപ്പെടുവിച്ചപ്പോൾ 14 സെന്റിന് ക്ലിയറൻസ് നൽകിയില്ലായിരുന്നുവെങ്കിൽ ഈ പദ്ധതി വരില്ല. പദ്ധതി നഷ്ടപ്പെട്ടു പോകും. ഇത് ഒരു ഉദാഹരണം മാത്രമാണ്. അപ്പോൾ ഇതുതന്നെ മതി ഇതിന്റെ സാമൂഹ്യ പ്രതിബദ്ധത എന്താണെന്ന് വെളിവാകാൻ. ഇവിടെ എൽ.ഡി.എഫ്. സർക്കാരാണ് അധികാരത്തിൽ ഇരിക്കുന്നത്. സർക്കാർ നിർദ്ദേശിക്കുന്ന പദ്ധതികൾ എന്ന് പ്രത്യേകം ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തങ്ങളെ വച്ചുകൊണ്ട് മറ്റുള്ളവരെ അളക്കരുത്. അതാണ് യു.ഡി.എഫ്.-ന് സംഭവിക്കുന്നത്. അവർ ഇത്തരം ഒരധികാരം ലഭിച്ചാൽ എന്താണ് ചെയ്യുക എന്ന് എല്ലാവർക്കും അറിയാം. അതല്ല ഈ സർക്കാരിന്റെ നയം. നെൽകൃഷി വ്യാപിപ്പിക്കാനും തരിശുഭൂമി കൃഷി ഭൂമിയാക്കാനുമുള്ള നടപടിയാണ് സർക്കാർ നല്ല രീതിയിൽ സ്വീകരിച്ചുവരുന്നത്. ഇവിടെ നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി നല്ലതുപോലെ വർദ്ധിപ്പിക്കുമെന്ന് നേരത്തെ വാഗ്ദത്തം ചെയ്തുകൊണ്ട് അധികാരത്തിലേറിയ ഗവൺമെന്റാണിത്. മൂന്ന് ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കും, ഉൽപ്പാദനം 10 ലക്ഷം ടൺ ആക്കും എന്ന് വാഗ്ദത്തം ചെയ്തതാണ് ഈ മുന്നണി. ഇവിടെ രണ്ട് വർഷത്തെ നില നോക്കിയാൽ 23,579 ഹെക്ടർ സ്ഥലത്ത് അധികമായി കൃഷി ഇറക്കിയതായി കാണാൻ സാധിക്കും. ഞാൻ ചില കണക്കുകൾ മാത്രം പറയുകയാണ്. 2017-18-ൽ 2,20,449 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തു. 2015-16-ൽ, യു.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന കാലത്ത് 1,96,870 ഹെക്ടർ സ്ഥലത്തായിരുന്നു നെൽകൃഷി. ഇവിടെ ഓർക്കേണ്ടത്, 1,96,870 ഹെക്ടർ സ്ഥലത്ത് 2015-16-ൽ നെൽകൃഷി ചെയ്യുമ്പോൾ യു.ഡി.എഫ്. അധികാരത്തിലേൽക്കുമ്പോൾ എത്ര സ്ഥലത്തായിരുന്നു നെൽകൃഷി; യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ 2,08,160 ഹെക്ടർ സ്ഥലത്തായിരുന്നു നെൽകൃഷി. അപ്പോൾ 2,08,160 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നതാണ് 2015-16 ആകുമ്പോഴേയ്ക്ക് യുഡി.എഫ്.-ന്റെ കാലത്ത് 1,96,870 ഹെക്ടറായിട്ട് കുറഞ്ഞത് ശ്രദ്ധിക്കേണ്ട കാര്യമാണ്. യു.ഡി.എഫ്. ഭരണത്തിന്റെ തുടക്കത്തിൽ ഉണ്ടായിരുന്നതിനേക്കാളും കൂടുതൽ സ്ഥലത്ത്, 2,20,449 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഇപ്പോൾ എൽ.ഡി.എഫ്. സർക്കാരിന്റെ രണ്ട് വർഷം പൂർത്തിയാകുമ്പോഴേയ്ക്ക് നടക്കുകയാണ്. 2007-08-ലാണ് ഈ നിയമം കൊണ്ടുവരുന്നത്. നിയമം കൊണ്ടുവരുന്ന സമയത്ത് 2,29,000 ഹെക്ടർ സ്ഥലത്തായിരുന്നു നെൽകൃഷി ഉണ്ടായിരുന്നത്. 2,29,000 ഹെക്ടർ സ്ഥലത്തുണ്ടായിരുന്ന നെൽകൃഷിയുടെ സ്ഥാനത്ത് ഇപ്പോൾ 2,20,449 ഹെക്ടർ സ്ഥലത്ത് നെൽകൃഷി എത്തിക്കാൻ നമുക്ക് കഴിഞ്ഞിരിക്കുന്നു. എന്നുപറഞ്ഞാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വിസ്തൃതി കുറഞ്ഞു

വരികയല്ല, ആ പ്രവണത അവസാനിപ്പിക്കാൻ കഴിഞ്ഞു. 10 വർഷം മുൻപത്തെ അവസ്ഥയിലേയ്ക്ക് എത്തിക്കാനും കഴിഞ്ഞിരിക്കുന്നു. ഇനി ഇത് കൂടുതൽ വർദ്ധിക്കാനാണ് പോകുന്നത്. എൽ.ഡി.എഫ്.-ന് ഇത്തരം കാര്യങ്ങളിൽ വ്യക്തമായ നയമുണ്ട്. ആ നയത്തിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് നീങ്ങിക്കൊണ്ടിരിക്കുന്നത്. പ്രതിപക്ഷം ഇപ്പോഴിവിടെ ഇല്ലാത്തതുകൊണ്ട് അവർ പറഞ്ഞ കാര്യങ്ങൾക്കെല്ലാം ഇപ്പോൾ മറുപടി പറയേണ്ടതില്ല എന്നാണ് തോന്നുന്നത്.

എന്നാൽ നമ്മൾ കാണേണ്ട ഒരു കാര്യമുണ്ട്, ആറന്മുള വിമാനത്താവള പദ്ധതിക്കായി നികത്തിയ ഭൂമിയിൽ കൃഷി ഇറക്കിയില്ലേ? ആറന്മുള മണ്ഡലത്തിൽ 2017-18-ൽ 629.524 ഹെക്ടർ സ്ഥലത്താണ് കൃഷി ചെയ്തിരുന്നത്. ഇതിൽ 355 ഹെക്ടർ തരിശ് നിലമായിരുന്നു, അത്രയും കൃഷി അവിടെ വ്യാപിച്ചിട്ടുണ്ട്. മറ്റൊരു കണക്ക് പറഞ്ഞാൽ അത് കൃഷിയുടെ നഷ്ടത്തിന്റേതാണ്. 2016-17-ൽ ഒരു കോടി പന്ത്രണ്ട് ലക്ഷം രൂപയാണ് അവിടെ കൃഷിക്കായി ചെലവഴിച്ചത്. മൂന്ന് കോടി പതിനൊന്ന് ലക്ഷം രൂപയുടെ നെല്ല് അവിടെ വിളയിച്ചു, അതാണ് നെൽകൃഷിയുടെ സ്ഥിതി. കുമരകം മെത്രാൻ കായലിലെ 404 ഏക്കറിലും കൃഷിയിറക്കിയിരുന്നു. 2016-17-ൽ 61 ലക്ഷം രൂപ നെൽകൃഷിക്കായി ചെലവഴിച്ചപ്പോൾ 81 ലക്ഷം രൂപയുടെ നെല്ല് കർഷകർക്ക് ലഭിച്ചു. ആവളപാണ്ടി, നാലുമണിക്കാറ്റ്, റാണിചിത്തിരക്കായൽ, മാളയിലെ വിവാദ സ്വാമിയുടെ ഭൂമി ഇവയിലെല്ലാം നെൽകൃഷി ഇറക്കിയിരുന്നു. പച്ചക്കറി കൃഷിയിലും വലിയ തോതിലുള്ള വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ഇത് കേരളത്തിന്റെ വികസനത്തിന് ഒഴിച്ചുകൂടാൻ കഴിയാത്ത ഒരിടപെടലാണ്. കേരള നിയമസഭയെ സംബന്ധിച്ച് ഏറ്റവും സുപ്രധാന ബില്ലായി ഇത് മാറും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ രീതിയിലുള്ള അശുഭ സൂചകമായ യാതൊന്നും ഇതിനകത്ത് കാണാനില്ല.

ഇവിടെ ശ്രീ. വി. എസ്. അച്യുതാനന്ദനെക്കുറിച്ച് അദ്ദേഹം പറഞ്ഞത്, ഇതിലുള്ള എന്തോ വിഷമം കൊണ്ടാണ് ഇന്ന് സഭയിൽ വരാത്തത് എന്നാണ്. ഞങ്ങൾ എല്ലാവരും ഇന്നലെ ഡൽഹിയിലായിരുന്നു, അദ്ദേഹം പനിപിടിച്ച് അവശനിലയിലാണ് ഇങ്ങോട്ട് വന്നത്. ഇന്ന് വരാതിരുന്നത് പനി മാറാതിരുന്നതുകൊണ്ടാണ്. അത് മനസ്സിലാക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് കഴിഞ്ഞില്ല, അതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് മനസ്സിലാകാത്ത കാര്യമാണ്, 2006-2011 കാലഘട്ടത്തിലും ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ് ഭരിച്ചത്. ഇപ്പോഴും ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ് ഭരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയമാണ് ഈ ഗവൺമെന്റുകളെല്ലാം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതെങ്കിലും മനസ്സിലാക്കാനുള്ള വിവേകം അദ്ദേഹത്തിന് ഉണ്ടാകേണ്ടതായിരുന്നു എന്നാണ് എനിക്ക് പറയാനുള്ളത്. അദ്ദേഹം ഒരു

മോഹവലയത്തിലാണ്. ഏതോ ഒരു ഘട്ടത്തിൽ സി.പി.ഐ. അവരുടെകൂടെ ഭരണത്തിലുണ്ടായിരുന്നു എന്ന് കരുതി സ്വപ്നം കണ്ട് നടക്കാൻ പാടില്ല. ഓരോരുത്തർക്കും രാഷ്ട്രീയ നിലപാടുണ്ട്, അതിന്റെ ഭാഗമായാണ് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്, അത് മനസ്സിലാക്കാനുള്ള രാഷ്ട്രീയ വിവേകം അദ്ദേഹത്തിന് വേണമായിരുന്നു. സി.പി.ഐ. എന്ത് രാഷ്ട്രീയക്കെണിയിലാണ് പെട്ടിരിക്കുന്നത്? ഞങ്ങളെല്ലാം പെട്ടിരിക്കുന്ന ഒരു കെണിയുണ്ട്, അത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്. അതിനപ്പുറം ഒരു കെണി ആർക്കുമില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രവർത്തനമാണ് ഈ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. അതിന്റെ ഭരണമാണ് ഇവിടെ നടക്കുന്നത്. അത് നല്ല രീതിയിൽ സമൂഹം സ്വീകരിക്കുന്നുമുണ്ട്. ഈ സമൂഹത്തിന് ആവശ്യമില്ലാത്ത ഒരു കാര്യവും ഇടതുപക്ഷ ജനാധിപത്യ മുന്നണി നടപ്പിലാക്കില്ല, സമൂഹത്തിന് ആവശ്യമായ കാര്യങ്ങൾ നടപ്പിലാക്കുകയും ചെയ്യും. അതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രത്യേകത. പ്രതിപക്ഷം ഇല്ലാത്തതുകൊണ്ട് കൂടുതലൊന്നും പറയുന്നില്ല.

മി. സ്പീക്കർ: 2018-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു, ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

## XIII അവകാശലംഘന പ്രശ്നങ്ങൾ

### (1) അനുമതി നിഷേധിച്ചവ

മി. സ്പീക്കർ: (i). കേരളത്തിലെ പനിമരണത്തെ സംബന്ധിച്ച് 10-8-2017-ന് അടിയന്തര പ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ട് നൽകിയ നോട്ടീസിന്മേലുള്ള ചർച്ചാവേളയിൽ ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി വാസ്തവവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമായ പ്രസ്താവന നടത്തിയെന്നാരോപിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ബഹുമാനപ്പെട്ട മന്ത്രിക്കെതിരെ ചട്ടം 155 പ്രകാരം അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രി നൽകിയ വിശദീകരണത്തിൽ, നിയമസഭാ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നത് അതത് സമ്മേളന കാലയളവിലെ വിവരങ്ങളെ അടിസ്ഥാനമാക്കിയാണെന്നും അതുകൊണ്ടുതന്നെ

ഒരേ വിഷയത്തിൽ വിവിധ ദിവസങ്ങളിലായി നൽകുന്ന മറുപടിയിൽ സ്ഥിതി വിവര കണക്കുകളുടെ കാര്യത്തിൽ വ്യത്യാസം ഉണ്ടാകാനിടയുണ്ടെന്നും മഴക്കാലത്ത് പൊട്ടിപ്പുറപ്പെടുന്ന വൈറൽപ്പനിക്കും മറ്റ് സാംക്രമിക രോഗങ്ങൾക്കും ചികിത്സ തേടി വരുന്നവരുടെ എണ്ണം കണക്കാക്കി പകർച്ചപ്പനിയുടെ തോത് നിശ്ചയിക്കുന്നത് ശാസ്ത്രീയമല്ലെന്നും ശരിയായ രോഗ നിർണ്ണയത്തിനുശേഷം ഡോക്ടർമാർ നൽകുന്ന ആധികാരിക രേഖകളുടെ അടിസ്ഥാനത്തിലാണ് താൻ പ്രതികരിച്ചതെന്നും സർക്കാർ-സ്വകാര്യ ആശുപത്രികളിലായി 20 ലക്ഷത്തിലേറെപ്പേർ ചികിത്സ തേടിയിട്ടുണ്ടെന്നറിയിച്ചത് വസ്തുനിഷ്ഠമായ കണക്കുകളുടെ അടിസ്ഥാനത്തിലാണെന്നും മറിച്ച് 50 ലക്ഷംപേർ എന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് യാതൊരടിസ്ഥാനവും ഇല്ലാതെയാണെന്നും സാമാജികൻ എന്ന നിലയിലോ വ്യക്തിപരമായോ അംഗത്തിന്റെ ഒരവകാശത്തെയും പദവിയേയും ഹനിക്കുന്നതിനോ ഇകഴ്ത്തികാണിക്കുന്നതിനോ ഉള്ള ശ്രമം തന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നും സംസ്ഥാനത്തെ പനിമരണങ്ങൾ സംബന്ധിച്ച് വകുപ്പുതലത്തിലുള്ള വിവരങ്ങൾ പ്രകാരം 420 ആണ് എന്നിരിക്കെ 700 പേർ മരിച്ചതായി ബഹുമാനപ്പെട്ട അംഗം സഭയിൽ ആരോപണം ഉന്നയിച്ചതിന്റെ നിരുത്തരവാദിത്വം സൂചിപ്പിക്കുക മാത്രമാണ് ചെയ്തിട്ടുള്ളതെന്നും അംഗത്തെ അവഹേളിക്കുന്ന തരത്തിലോ അവകാശങ്ങൾ ലംഘിക്കുന്ന തരത്തിലോ ഉള്ള ഒരു കാര്യവും ഉണ്ടായിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ അവസാനിപ്പിക്കണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു.

ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സമഗ്രമായി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ അവകാശലംഘന പ്രശ്നം നിലനിൽക്കുന്നതല്ലെന്ന് കാണുന്നു. അതിനാൽ ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

(ii) 19-10-2016-ലെ ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ച ഉപചോദ്യത്തിന് നൽകിയ ഉത്തരത്തിന് സമൂഹമാധ്യമത്തിലൂടെ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വിശദീകരണം നൽകിയെന്നും അത് സഭയിൽ ചോദ്യം ചോദിക്കാനും ഉത്തരം മനസ്സിലാക്കാനുമുള്ള അവകാശത്തിന്റെ ലംഘനമാണെന്നും ആരോപിച്ച് മന്ത്രിക്കെതിരെ അവകാശ ലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. ഹൈബി ഈഡൻ ചട്ടം 155 പ്രകാരം നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രി നൽകിയ വിശദീകരണത്തിൽ,

ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീന്റെ ഉപചോദ്യത്തിന് നൽകിയ മറുപടിയിലെ ചില വാക്കുകൾ അടർത്തിയെടുത്ത് അത് നവമാധ്യമങ്ങളിലും മുഖ്യധാരാമാധ്യമങ്ങളിലും വാർത്തയാക്കിയെന്നും ഇതുസംബന്ധിച്ച് 26-10-2016-ന് താൻ വ്യക്തിപരമായ വിശദീകരണം സഭയിൽ നൽകിയിട്ടുണ്ടെന്നും ഇതുസംബന്ധിച്ച് തന്നെക്കുറിച്ച് നവമാധ്യമങ്ങളിൽവന്ന പോസ്റ്റുകൾക്കും കമന്റുകൾക്കുമുള്ള വിശദീകരണം എന്ന നിലയിലാണ് "വിമർശിക്കാം, അപമാനിക്കരുത്" എന്ന തന്റെ ഫേസ്ബുക്ക് പോസ്റ്റെന്നും അല്ലാതെ നിയമസഭയ്ക്കോ അംഗങ്ങൾക്കോ ഉള്ള മറുപടിയോ വിശദീകരണമോ അല്ലായിരുന്നു അതെന്നും ആയതിനാൽ തന്റെ ഭാഗത്തുനിന്നും ഒരു തരത്തിലുമുള്ള അവകാശലംഘനവും ഉണ്ടായിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി വിശദമായി പരിശോധിച്ചതിന്റെ വെളിച്ചത്തിൽ അവകാശലംഘന പ്രശ്നം നിലനിൽക്കുന്നതല്ലെന്ന് വിലയിരുത്തുകയും ബഹുമാനപ്പെട്ട അംഗം ശ്രീ. ഹൈബി ഈഡന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുകയും ചെയ്യുന്നു.

(iii) അമ്പലമുകൾ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലം ഫാക്ടിൽനിന്നും വാങ്ങുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നിയമസഭാ മന്ദിരത്തിലെ ഓഫീസിൽ 18-5-2017-ൽ ചേർന്ന ആലോചനാ യോഗത്തിലേയ്ക്ക് സ്ഥലം എം.എൽ.എ.-യായ തന്നെ ക്ഷണിക്കാത്തത് അവകാശലംഘനമാണെന്ന് ആരോപിച്ചുകൊണ്ട് ശ്രീ. വി. പി. സജീന്ദ്രൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രി നൽകിയ വിശദീകരണത്തിൽ, 18-5-2017-ലെ യോഗം സംബന്ധിച്ച് അറിയിപ്പ് എറണാകുളം ഡി. ഡി. ഇ. ഫോൺ മുഖാന്തരമാണ് നൽകിയതെന്നും യോഗം സംബന്ധിച്ച വിവരം ആദ്യം നൽകിയത് എം.എൽ.എ.-ക്കാണെന്ന് ഡി.ഡി.ഇ. അറിയിച്ചിട്ടുണ്ടെന്നും എം.എൽ.എ.-യ്ക്ക് അറിയിപ്പ് നൽകിയ വിവരം യോഗം ആരംഭിക്കുന്നതിന് മുമ്പ് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ടായിരുന്നുവെന്നും ഭാവിയിൽ ഇത്തരം യോഗങ്ങളിൽ എം.എൽ.എ.-മാരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുവാൻ പരമാവധി ശ്രമിക്കുന്നതാണെന്നും പറഞ്ഞിരിക്കുന്നു.

ഇക്കാര്യം വിശദമായി പരിഗണിച്ചതിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. വി. പി. സജീന്ദ്രന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

(iv). സാമൂഹ്യസുരക്ഷാ മിഷനിൽ ദിവസവേതന കരാർ അടിസ്ഥാനത്തിൽ പ്രോഗ്രാം കോ-ഓർഡിനേറ്റർ തസ്തികയിലേയ്ക്കുള്ള നിയമനം സംബന്ധിച്ച് 14-ാം കേരള നിയമസഭയിലെ 2-ാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 1475-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരവും 10-ാം സമ്മേളത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 1824-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരവും വ്യത്യസ്തമാണെന്നും ഇത് സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും ആരോപിച്ച് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. വി. പി. സജീന്ദ്രൻ നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രി നൽകിയ വിശദീകരണത്തിൽ, സാമൂഹ്യ സുരക്ഷാ മിഷനിൽ പ്രോഗ്രാം കോ-ഓർഡിനേറ്റർമാരായി 2 പേരെ ഡെപ്യൂട്ടേഷൻ വഴി നിയമിച്ചിട്ടുണ്ടെന്നും പ്രോഗ്രാം കോ-ഓർഡിനേറ്ററായി ശ്രീ. എസ്. ഷാജിയെ മുൻസർക്കാരിന്റെ ഭരണകാലത്താണ് കരാർ അടിസ്ഥാനത്തിൽ നിയമിച്ചതെന്നും ഈ സർക്കാർ അദ്ദേഹത്തിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകുക മാത്രമാണ് ചെയ്തതെന്നും ആയതിനാൽ 2 മറുപടികളും തമ്മിൽ വൈരുദ്ധ്യമില്ലായെന്നും വ്യക്തമാക്കിയിരിക്കുന്നു.

ഇക്കാര്യം സമഗ്രമായി പരിശോധിച്ചതിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. വി. പി. സജീന്ദ്രന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

(v) പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളന കാലയളവിൽ 4-4-2018 -ന് നിലമ്പൂർ-നഞ്ചൻകോട് റെയിൽവേയുമായി ബന്ധപ്പെട്ട് സബ്മിഷന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടി വസ്തുതാവിരുദ്ധമാണെന്നും സഭയെയും അംഗങ്ങളെയും തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും യാഥാർത്ഥ്യം മറച്ചു വച്ചെന്നും ആരോപിച്ച് ശ്രീ. എം. ഉമ്മർ ബഹുമാനപ്പെട്ട പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കെതിരെ ചട്ടം 155 പ്രകാരം അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു.

ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം തേടിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രി നൽകിയ വിശദീകരണത്തിൽ, നിർദ്ദിഷ്ട നിലമ്പൂർ-നഞ്ചൻകോട് റെയിൽപാത കേരളത്തിന്റെയും കർണ്ണാടകത്തിന്റെയും സംരക്ഷിത വനമേഖല യിലൂടെയും കേന്ദ്രസർക്കാർ നിർമ്മാണം നിരോധിച്ച ബന്ദിപ്പൂർ ദേശീയോദ്യാന ത്തിലൂടെയും കടുവാ സങ്കേതത്തിലൂടെയുമാണെന്നും 17-3-2017-ലെ യോഗതീരുമാനം നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിവിധ തടസ്സങ്ങൾ കണക്കിലെടുത്ത്

പരിസ്ഥിതിലോല പ്രദേശങ്ങൾ, വന്യജീവി സംരക്ഷണ കേന്ദ്രം, ബന്ദിപ്പൂർ ദേശീയോദ്യാനം എന്നിവ ഒഴിവാക്കി പുതിയ അലൈൻമെന്റ് തയ്യാറാക്കുന്ന കാര്യം പരിശോധിക്കണമെന്നതാണെന്നും ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബദൽ അലൈൻമെന്റ് സംബന്ധിച്ച നിർദ്ദേശം സമർപ്പിക്കണമെന്ന് ശ്രീ. ഇ. ശ്രീധരനോട് ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിച്ചില്ലെന്നും സർവ്വേയ്ക്ക് അനുമതി തേടിക്കൊണ്ടുള്ള കേരള സർക്കാരിന്റെ കത്തിന് നാളിതുവരെ അനുകൂലമായോ പ്രതികൂലമായോ ഉള്ള മറുപടി കർണ്ണാടക സർക്കാരിൽനിന്നും ലഭിച്ചിട്ടില്ലെന്നും കർണ്ണാടക സർക്കാരിൽനിന്നും ബഹുമാനപ്പെട്ട അംഗം ശ്രീ. ഐ. സി. ബാലകൃഷ്ണന് ലഭിച്ച മറുപടിയിൽ, നിർദ്ദിഷ്ട റെയിൽപാത വനത്തിന് അടിയിലൂടെയുള്ള ടണലിലൂടെയാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നതെങ്കിൽ 1980-ലെ വന സംരക്ഷണ നിയമപ്രകാരം വിവിധ കേന്ദ്ര ഏജൻസികളുടെ അനുമതി ലഭ്യമാക്കേണ്ടതുണ്ടെന്നും ആയതിനായി നിർദ്ദേശിച്ച മാതൃകയിൽ അപേക്ഷ സമർപ്പിച്ചാൽ അത് പ്രോസസ് ചെയ്ത് വിവിധ മന്ത്രാലയങ്ങൾക്ക് അയച്ചുകൊടുക്കാമെന്ന കത്തിലെ പരാമർശത്തെ സർവ്വേയ്ക്കുള്ള അനുമതിയായിട്ട് തെറ്റായി വ്യാഖ്യാനിച്ചിരിക്കുന്നതായും പറഞ്ഞിരിക്കുന്നു.

രേഖകൾ പരിശോധിച്ചതിന്റെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മർ നോട്ടീസ് നൽകിയ അവകാശലംഘന പ്രശ്നം നിലനിൽക്കുന്നതല്ലെന്ന് മനസ്സിലാകുന്നു. അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന് അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

## II. ചെയറിന്റെ പരിഗണനയിലിരിക്കുന്ന അവകാശലംഘന പ്രശ്നങ്ങൾ

ആഭ്യന്തരവകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രിക്ക് ഐ.പി.എസ്. ഓഫീസർമാരുടെ വീടുകളിൽ ക്യാമ്പ് ഫോളോവർ തസ്തികയിലെ ജീവനക്കാർ ജോലി നോക്കുന്ന വിവരം വ്യക്തമായി അറിയാമെന്നിരിക്കെ 21-3-2018-ലെ നക്ഷത്രചിഹ്നമിടാത്ത 4403-ാം നമ്പർ ചോദ്യത്തിന് " ക്യാമ്പ് ഫോളോവർ തസ്തികയിലെ ജീവനക്കാരെ ഉന്നത ഉദ്യോഗസ്ഥരുടെ വീടുകളിൽ ജോലിക്ക് നിയോഗിക്കാറില്ല" എന്ന് ഉത്തരം നൽകിയത് മനഃപൂർവ്വവും സഭയെ തെറ്റിദ്ധരിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടും കൂടിയാണെന്ന് ആരോപിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് അനുമതി ചോദിച്ചുകൊണ്ട് ശ്രീ. വി. ഡി. സതീശൻ ഒരു നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

പത്തനാപുരത്ത് യുവാവിനെ മർദ്ദിച്ച സംഭവം സംബന്ധിച്ച് 19-6-2018-ന് താൻ ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയിൽ നടത്തിയ പ്രസ്താവനയിൽ സംസ്ഥാന പോലീസ് മേധാവിയുടെ 30-5-2018-ലെ ഉത്തരവിൻ

പ്രകാരം സ്ഥലം മാറ്റിയ സർക്കിൾ ഇൻസ്പെക്ടറെ പ്രസ്തുത സംഭവത്തിന്റെ പേരിലാണ് സ്ഥലം മാറ്റിയതെന്ന് പ്രസ്താവിച്ചത് സഭയെ മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കുന്നതാണെന്നും അതുവഴി സഭയുടെയും അംഗങ്ങളുടെയും അവകാശങ്ങൾ ലംഘിക്കുന്നതാണെന്നും ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. അനിൽ അക്കര നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത നോട്ടീസും ചെയറിന്റെ പരിഗണനയിലാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമ്മേളനം അവസാനിപ്പിക്കാനുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

## XIV പ്രമേയം

### സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭ മുമ്പാകെ തൽക്കാലം മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ.ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

## XV അവലോകനം

പതിനാലാം കേരള നിയമസഭയുടെ 12 ദിവസം നീണ്ടുനിന്ന പതിനൊന്നാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. 2018 ജൂൺ 4-ാം തീയതി ആരംഭിച്ച ഈ സമ്മേളനം പൂർണ്ണമായും നിയമനിർമ്മാണ കാര്യങ്ങൾക്കാണ് വിനിയോഗിച്ചത്. ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ വിജയിച്ച ശ്രീ. സജി ചെറിയാൻ ആദ്യ ദിവസംതന്നെ സഭാംഗമായി സത്യപ്രതിജ്ഞ ചെയ്യുകയുണ്ടായി.

പതിനൊന്നാം സമ്മേളന കാലയളവിൽ സഭ സമ്മേളിച്ച 12 ദിവസങ്ങളിൽ 10 ദിവസവും നിയമനിർമ്മാണത്തിനായാണ് വിനിയോഗിച്ചത്. ഒരു ദിവസം ഉപധനാഭ്യർത്ഥനയുടെ ചർച്ചയ്ക്കായും ഒരു ദിവസം അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായും നീക്കിവയ്ക്കുകയുണ്ടായി. നിയമനിർമ്മാണത്തിനായി മാറ്റിവയ്ക്കപ്പെട്ട ദിനങ്ങളിൽ ഓർഡിനൻസിന് പകരമുള്ള ബില്ലുകളായ 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2018-ലെ കേരള പഞ്ചായത്ത്‌രാജ് (ഭേദഗതി) ബിൽ, 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ, 2018-ലെ

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ, 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ, 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ, 2018-ലെ കേരള പഞ്ചായത്ത്‌രാജ് (രണ്ടാം ഭേദഗതി) ബിൽ, 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ, 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ, 2018-ലെ കേരള ഹൈക്കോടതി (ഭേദഗതി) ബിൽ, 2018-ലെ കേരള ജലസേചനവും ജലസംര ക്ഷണവും (ഭേദഗതി) ബിൽ, 2018-ലെ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല (ഭേദഗതി) ബിൽ, 2018-ലെ അബ്കാരി (ഭേദഗതി) ബിൽ, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ എന്നിവ വിശദമായ ചർച്ച നടത്തിയാണ് സഭ പാസ്സാക്കിയത്. കൂടാതെ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ധനവിനിയോഗ ബില്ലും സഭ പാസ്സാക്കുകയുണ്ടായി. അനൗദ്യോഗിക കാര്യങ്ങൾക്കായി നീക്കിവച്ച ദിവസത്തിൽ 4 സ്വകാര്യ ബില്ലുകളുടെ അവതരണാനുമതി തേടിക്കൊണ്ടുള്ള പ്രമേയങ്ങൾ സഭ പരിഗണിക്കുകയുണ്ടായി.

10 അടിയന്തരപ്രമേയങ്ങൾക്കുള്ള അവതരണാനുമതി നോട്ടീസുകളാണ് സമ്മേളന കാലയളവിൽ ലഭിച്ചത്. അതിൽ 'നിപ' വൈറസ് ബാധ സംബന്ധിച്ച് ഡോ. എം. കെ. മുനീർ ജൂൺ 5-ാം തീയതി നൽകിയ അടിയന്തര പ്രമേയ നോട്ടീസ് സഭ പരിഗണിക്കുകയും അതിന്മേൽ വിശദമായ ചർച്ച നടത്തുകയും ചെയ്തു.

ഈ സമ്മേളനവുമായി ബന്ധപ്പെട്ട് 360 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 4293 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിച്ചിരുന്നു. 43 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാക്കാൽ മറുപടി നൽകുകയുണ്ടായി. സഭാതലത്തിൽ 320 ഉപചോദ്യങ്ങൾ ഉന്നയിക്കുകയും ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി, തൊഴിലും എക്സൈസും വകുപ്പുമന്ത്രി എന്നിവർ അതതുദിവസംതന്നെ എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി, വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി, റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി എന്നിവർ പ്രസ്തുത വകുപ്പുകളുമായി ബന്ധപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി, വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്നിവർ നാമമാത്രമായ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ മാത്രമേ ഇനി നൽകുവാനുള്ളൂ. പ്രസ്തുത മന്ത്രിമാരെ അഭിനന്ദിക്കുന്നതോടൊപ്പം

നിയമസഭാ ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിൽ മേൽസൂചിപ്പിച്ച മന്ത്രിമാരുടെ മാതൃക എല്ലാ മന്ത്രിമാരും സ്വീകരിക്കേണ്ടതാണെന്ന് ചെയർ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

20 ശ്രദ്ധ ക്ഷണിക്കൽ നോട്ടീസുകളിലൂടെയും 129 സബ്മിഷനുകളിലൂടെയും ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കപ്പെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 300 അനുസരിച്ച് രണ്ട് പ്രസ്താവനകളും ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഒരു പ്രസ്താവനയും നടത്തുകയുണ്ടായി.

സഭയുടെ നടപടിച്ചട്ടങ്ങളിൽ മൗലികമായ ചില ഭേദഗതികൾ നിർദ്ദേശിച്ചു കൊണ്ട് ചട്ടങ്ങൾ സംബന്ധിച്ച സമിതി സഭയിൽ സമർപ്പിച്ച രണ്ടാമത് റിപ്പോർട്ട് ഈ സമ്മേളനത്തിൽ സഭ അംഗീകരിക്കുകയുണ്ടായി. അതനുസരിച്ച് 42 വർഷ ക്കാലമായി നാം പിന്തുടർന്നുവന്ന സഭയുടെ സമ്മേളന സമയക്രമമായ രാവിലെ 8.30 മുതൽ ഉച്ചയ്ക്കുശേഷം 1.30 വരെ എന്നത് രാവിലെ 9.00 മണി മുതൽ ഉച്ചയ്ക്കുശേഷം 2.00 മണിവരെ എന്നായി മാറുകയാണ്. അതുപോലെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പരിഗണനാവിഷയങ്ങളിൽ ഭിന്നലിംഗക്കാരുടെ പ്രശ്നങ്ങൾകൂടി ഉൾപ്പെടുത്തുകയും സമിതിയുടെ പേര് സ്ത്രീകളുടെയും ഭിന്നലിംഗക്കാരുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി എന്ന് മാറ്റുകയും ചെയ്തിട്ടുണ്ട്.

സഭയുടെ മേശപ്പുറത്തുവയ്ക്കുന്ന രേഖകൾ സംബന്ധിച്ച നടപടിക്രമങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സബ്ജക്ട് കമ്മിറ്റികൾ, ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ ശിപാർശകളും അതോടൊപ്പം നടപ്പാവുകയാണ്. കൂടാതെ സമ്പൂർണ്ണ 'ഇ-നിയമസഭ' എന്ന ആശയം നടപ്പാക്കുന്നതിനാവശ്യമായ മറ്റുചില ഭേദഗതികൾകൂടി നമ്മുടെ നടപടിച്ചട്ടത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞു.

പതിനാലാം കേരള നിയമസഭ നിലവിൽവന്നതിനുശേഷം പുറപ്പെടുവിക്കപ്പെട്ട മൊത്തം 35 ഓർഡിനൻസുകളിൽ മൂന്നെണ്ണം ഒഴികെ 32 ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ ഈ സമ്മേളനത്തോടുകൂടി നിയമമാവുകയാണ്. അതിൽത്തന്നെ 14 ഓർഡിനൻസുകൾക്ക് പകരമുള്ള ബില്ലുകൾ ഈ സമ്മേളനത്തിലാണ് പാസ്സായതെന്ന കാര്യം 12 ദിവസം നീണ്ടുനിന്ന ഈ സമ്മേളനത്തിന്റെ ഒരു പ്രധാന നേട്ടമായി കാണാവുന്നതാണ്. ഇനി അവശേഷിക്കുന്ന 3 ഓർഡിനൻസുകൾക്കുകൂടി പകരം ബില്ലുകൾ സമയബന്ധിതമായി പാസ്സാക്കേണ്ടതുണ്ട്. അതോടൊപ്പം നിലവിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സുപ്രധാനമായ നിരവധി ബില്ലുകൾ നിയമമാക്കാനുള്ള ഒരു തീവ്രയജ്ഞം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ടെന്നും ചെയർ

കരുതുന്നു. ഈ വർഷംതന്നെ ഒരു സമ്മേളനവുംകൂടി ചേർന്ന് നിയമനിർമ്മാണ പ്രക്രിയ കൂടുതൽ സജീവമാക്കണമെന്ന ഒരു നിർദ്ദേശം ചെയർ ഇക്കാര്യത്തിൽ മുന്നോട്ടുവയ്ക്കുകയാണ്.

## XVI അറിയിപ്പ്

### ഫെസ്റ്റിവൽ ഓൺ ഡെമോക്രസി

മി. സ്പീക്കർ : നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ സമാപനവുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ള "ഫെസ്റ്റിവൽ ഓൺ ഡെമോക്രസി" എന്ന വൈവിദ്ധ്യമാർന്ന പരിപാടികളുടെ ഔപചാരികമായ ഉദ്ഘാടനം 2018 ആഗസ്റ്റ് മാസം ആദ്യവാരം നിർവ്വഹിക്കാമെന്ന് ബഹുമാനപ്പെട്ട രാഷ്ട്രപതി സദയം സമ്മതിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനവും തുടർന്നുള്ള പരിപാടികളും വിജയിപ്പിക്കുന്നതിനാവശ്യമായ സഹകരണം ബന്ധപ്പെട്ട എല്ലാവരുടെയും ഭാഗത്തു നിന്നും ഉണ്ടാകണമെന്ന് ഇത്തരുണത്തിൽ ചെയർ അഭ്യർത്ഥിക്കുന്നു. പതിനൊന്നാം സമ്മേളനം വിജയകരമായി പൂർത്തീകരിക്കാൻ സഹകരിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷനേതാവ്, വിവിധ കക്ഷിനേതാക്കൾ, അംഗങ്ങൾ എന്നിവരോട് ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളന നടപടികളുമായി സഹകരിച്ച് പ്രവർത്തിച്ച നിയമസഭാ സെക്രട്ടേറിയറ്റിലേയും വിവിധ വകുപ്പുകളിലേയും എല്ലാ ഉദ്യോഗസ്ഥർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളനവുമായി സഹകരിച്ച എല്ലാ പത്ര-ദൃശ്യ മാധ്യമ പ്രവർത്തകർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു.

ഓർഡർ ........ ഓർഡർ ........സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(സഭ ദേശീയഗാനാലാപനത്തോടെ വൈകുന്നേരം 7.37-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

## SECRETARIAT OF THE KERALA LEGISLATURE

### NOTIFICATION

No. 2793/Table.1/2018/Leg. Dated, Thiruvananthapuram, 27th June, 2018

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Eleventh Session of the Fourteenth Kerala Legislative Assembly with effect from June 25, 2018 at the conclusion of its sitting.

ഇന്ത്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണർ പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം 2018 ജൂൺ 25-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതുമുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor,

V.K. BABU PRAKASH,

Secretary.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.